THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

The Speaker :

THE HONOURABLE SHRI V. GANGADHARAN.

The Deputy Speaker :

SHRI D. DAMODARAN POTTI.

Secretary :

SHRI V. KRISHNAMOORTHI.

Asst. Secretary :

SHRI D. THIRUMALAI.

GOVERNMENT OF TRAVANCORE-COCHIN STATE.

COUNCIL OF MINISTERS :

Chief Minister :

THE HONOURABLE SHRI PANAMPILLI GOVINDA MENON.

Home Minister :

THE HONOURABLE SHRI A. J. JOHN.

Minister for Local Self Government :

THE HONOURABLE SHRI K. KOCHUKUTTAN.

Minister for Health :

THE HONOURABLE SHRI A. A. RAHIM.

Minister for Works :

THE HONOURABLE SHRI K. I. VELAYUDHAN.

THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

List of Members showing their Constituencies.

1 Shri P. K. Abdul Khadir (*Cranganore*)
2 ,, K. C. Abraham (*Narakkal*)
3 ,, A. Achuthan (*Karthikapally*)
4 ,, V. K. Achutha Menon (*Wadakkancherry—General*)
5 ,, J. Alexander Parambithara (*Palliviruthy*)
6 ,, J. A. Bhatt (*Mattancherry*)
7 ,, D. Anantaraman (*Nagercoil*)
8 ,, M. A. Antony (*Kothakulangara*)
9 ,, P. V. Avira Tharakan (*Aroor*)
10 ,, C. C. Ayyappan (*Wadakkancherry—Reserved*)
11 ,, Baby John (*Chavara*)
12 ,, K. A. Balan (*Parur*)
13 ,, K. Balakrishnan (*Trivandrum-III*)
14 ,, K. K. Balakrishnan (*Irinjalakuda—Reserved*)
15 ,, R. Balakrishna Pillai (*Karakulam*)
16 ,, T. O. Bava (*Alwaye*)
17 ,, B. B. Pandarathil (*Kottarakkara*)
18 ,, Prakkulam Bhasi (*Thrikadavur*)
19 ,, M. Bhaskaran Nair (*Neyyattinkara*)
20 ,, P. Bhaskaran Nair (*Kottayam*)
21 ,, Thoppil Bhaskaran Pillai (*Bharanikavu—General*)
22 ,, N. G. Chacko (*Omallur*)
23 ,, A. C. Chacko (*Thodupuzha*)
24 ,, K. M. Chacko (*Kunnathunad—General*)
25 ,, N. Chandrasekharan Nair (*Palode*)
26 ,, M. P. Chandrasekhara Pillai (*Tiruvalla*)
27 ,, Chandrasekhara Sastri (*Eravipuram—Reserved*)
28 ,, K. M. Chandy (*Meenachil*)
29 ,, P. K. Chathan (*Irinjalakuda—General*)
30 ,, M. V. Cheriyan (*Muvattupuzha*)
31 ,, A. Chithambaranatha Nadar (*Neendakara*)
32 ,, O. R. Chummar (*Ernakulam*)
33 ,, D. Damodaran Potti (*Veliyam*)
34 ,, T. T. Daniel (*Colachel*)
35 ,, T. K. Divakaran (*Quilon*)
36 ,, V. Gangadharan (*Chadayamangalam*)
37 ,, K. C. George (*Alleppey I*)
38 ,, K. M. George (*Kaduthuruthy—General*)
39 ,, P. Gopalan (*Punalur*)

40 Shri K. P. Gopala Menon (*Alangad*)
41 Shrimathi K. R. Gouri (*Shertalai*)
42 Shri Panampilli Govinda Menon (*Chalakudy*)
43 ,, K. P. Hormis (*Perumbavoor*)
44 ,, Idiculla Idiculla (*Ranni*)
45 ,, A. J. John (*Poonjar*)
46 ,, V. J. Joseph (*Pallivasal*)
47 ,, Joseph Chazhikattu (*Ramapuram*)
48 ,, Joseph Mundassery (*Cherpu*)
49 ,, K. Karunakaran (*Manalur*)
50 ,, P. Kesava Menon (*Kodakara*)
51 ,, T. T. Kesavan Sastri (*Kaduthuruthy—Reserved*)
52 ,, C. Kochukunju (*Varkala—Reserved*)
53 ,, K. Kochukuttan (*Kunnathunad—Reserved*)
54 ,, K. M. Korah (*Manimala*)
55 ,, P. R. Krishnan (*Ollur*)
56 ,, Thalekkara K. Krishnan (*Kunnamkulam*)
57 ,, K. Krishna Pillai (*Kunnathukal*)
58 ,, K. S. Krishna Sastri (*Kunnathur—Reserved*)
59 Dr. N. K. Kumaran (*Kanayannur*)
60 Shri P. K. Kunjachan (*Chengannur—Reserved*)
61 ,, P. Kunjan (*Ullur—Reserved*)
62 ,, A Kunjan Nadar (*Parassala*)
63 ,, P. K. Kunju (*Krishnapuram*)
64 ,, Kuttappan Koickal (*Bharanikavu—Reserved*)
65 ,, P. R. Madhavan Pillai (*Kunnathur—General*)
66 ,, T. A. Majeed (*Varkala—General*)
67 ,, K. Manjanatha Prabhu (*Kothamangalam*)
68 ,, P. M. Markose (*Vijayapuram*)
69 ,, M. M. Mathai (*Kallooppara*)
70 ,, C. A. Mathew (*Kumaramangalam*)
71 ,, N. Narayana Kurup (*Thakazhi*)
72 ,, K. Narayana Kurup (*Vazhoor*)
73 ,, P. Narayanan Potti (*Ambalapuzha*)
74 ,, P. S. Nataraja Pillai (*Trivandrum-I*)
75 ,, U. Neelakantan (*Chirayinkil*)
76 ,, N. Neelakantaru Pandarathil (*Nedumangad*)
77 ,, N. A. Noor Mohammed (*Padmanabhapuram*)
78 ,, M. P. Menon (*Elamkulam*)
79 ,, V. P. Parameswaran Nambudiri (*Kadapra*)
80 ,, N. Parameswaran Pillai (*Changanacherry*)
81 ,, R. Ponnappa Nadar (*Killiyur*)
82 ,, R. Prakasam (*Attingal*)

83 Shri N. Raghava Kurup (*Tiruvarpu*)
84 ,, A. A. Rahim (*Karunagapalli*)
85 Dr. A. R. Menon (*Chittur*)
86 Shri C. K. Ramachandran Nair (*Chengannur—General*)
87 ,, P. Ramaswami Pillai (*Tiruvattar*)
88 ,, T. S. Ramaswami (*Thovala*)
89 ,, P. Ravindran (*Paravoor*)
90 ,, C. G. Sadasivan (*Thuravoor*)
91 ,, R. Sankaranarayanan Tampi (*Mavelikara*)
92 ,, K. Sattanatha Karayalar (*Shencotta*)
93 ,, P. J. Sebastian (*Kurichi*)
94 ,, V. V. Sebastian (*Ettumanoor*)
95 ,, S. Seshadrinatha Sarma (*Devicolam—General*)
96 ,, A. M. Simon (*Kollengode*)
97 ,, T. P. Sitaraman (*Puthukkad*)
98 ,, K. A. Sivarama Bharathy (*Nemmara*)
99 ,, V. Sridharan (*Ullur – General*)
100 ,, R. Sugathan (*Mararikulam*)
101 Dr. P. K. Sukumaran (*Eravipuram—General*)
102 Shri P. Thanulingom Nadar (*Agastisvaram*)
103 ,, A. Thanu Pillai (*Trivandrum—II*)
104 ,, A. Thankiah (*Devicolam—Reserved*)
105 ,, K. T. Thomas (*Kanjirapalli*)
106 Dr. P. T. Thomas (*Puthupalli*)
107 Shri T. V. Thomas (*Alleppey-II*)
108 ,, P. S. Vasudevan Pillai (*Pathanamthitta*)
109 ,, K. I. Velayudhan (*Viyyur*)
110 ,, Kalathil Velayudhan Nair (*Pathanapuram*)
111 ,, T. M. Varghese (*Ezhumattur*)
112 ,, P. Viswambaran (*Nemom*)
113 ,, C. K. Viswanathan (*Vaikom*)
114 ,, D. Vivekanandan (*Kottukal*)
115 ,, M. William (*Vilavancode*)
116 ,, P. K. Yasodharan (*Pattiyur*)
117 ,, A. A. D. Luiz (*Anglo-Indian—Nominated*)
118 Vacant (*Trichur*)

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

Second Session—1955

Friday, the 18th March 1955

Vol. XIII] OFFICIAL REPORT [No. I

The Assembly met in the Assembly Chamber at Eight of the Clock on Friday, the 18th March 1955, with Mr. Speaker in the Chair.

Point of Order re :

RAJ PRAMUKH'S ADDRESS.

Mr. Speaker : Order, order. We will proceed with Questions and Answers.

Shri K. Balakrishnan : Sir, I rise to a point of order. Under Article 176 of the Constitution read with Article 238, I submit the beginning of this session is *ultra vires* of the Constitution. Article 176 of the Constitution says that there will be an address by the Rajpramukh when the session begins every new year. New year need not necessarily mean calendar year. Ever since democracy came into operation in this State, there had always been an address by the Rajpramukh at the commencement of every Budget session. I presume that the address by the Rajpramukh is not intended to be a mere formality, because we usually get the policy of the Government through the Address by the Rajpramukh. Last time, when there was a session of the Legislature in March, the Rajpramukh, in due deference to this provision of the Constitution, gave an address to the Legislature and he enunciated certain policies. Those policies were the policies of the then Government. After that, in the last session there were certain changes in the administration itself, and the party that was in power was defeated and another party has come into office. Sir, we have reasons to believe that this party that has newly come into office has certain policies in mind that are not in tune with the policies pursued by the former Government. I can speak about that without fear of contradiction because after the present Government took office, the present

Chief Minister has been addressing us in a personal nature. There are indications in those communications to prove that the Government are contemplating something different from the policies pursued by the former Government.

Technically the administration of the country is carried on by the Rajpramukh and the Ministry is to operate on behalf of the Rajpramukh, because he is the Head of the State. It is not for the Chief Minister to assume on himself powers and give expression to an alteration in policy when certain specific policies enunciated by the Rajpramukh in the last session of the Legislature are before the House. Sir, this is a budget session and we are entitled to know what are the new policies of this Government and it will be presumptuous on the part of the Chief Minister to assume that he can declare policies not in tune or not completely in agreement with the policy that is declared before the House by the Rajpramukh. My submission is that there should have been an address by the Rajpramukh not only because the Constitution demands such an address but also because there is no precedent either in this Legislature or in any otherLegislature in India where the Head of a State has not addressed the Legislature when the Budget session commences. I take a very serious view of the situation because the party in powerhas set up a precedent that pays no respect to healthy democratic practices. To open a budget session without a policy statement from the Rajpramukh is a very bad precedent in the present context. If a healthy convention is not created, that will be a slur on our sense of democracy. If the Rajpramukh is not addressing this legislature as contemplated in Article 176 of the Constitution, a bad precedent will be created and we will be in the dark about the policy of the new Government. As far as my understanding of the matter goes, it will be presumptuous on the part of the Chief Minister to declare before the House a policy that is not in tune with the one already declared by the Rajpramukh. So I request the Chair to give a ruling on this matter.

Mr. Speaker : The point of order raised by the hon. Member is not irrelevant. But before I give a ruling on the point of order, I would like to hear the views of some more hon. Members of the House on this question. I will take up the question after the question hour.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, ഒരു പ്രായിൻറ് ആഫ് ആർഡർ. പ്രജാസോഷ്യലിസ്റ്റുപാർട്ടി ഭരണം വഹിച്ചിരുന്ന കാലത്ത് കാൺഗ്രസ്സ് പാർട്ടി ആപ്പോസിഷൻ പാർട്ടിയായിരുന്നു. അതേസമയത്ത് കമ്മ്യൂണിസ്റ്റു പാർട്ടി ഇഫ്ഫ്റ്റീവ് ആപ്പൊസിഷൻ പാർട്ടി ആണെന്നും പറഞ്ഞിരുന്നു. കാൺഗ്രസ്സ് ഭരണം നടത്തുന്ന ഇപ്പോൾ യഥാർത്ഥ ആപ്പൊസിഷൻ പാർട്ടി ആരാണെന്നു അറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: കാൺഗ്രസ്സ് ഒഴിച്ചുള്ള കക്ഷികളിൽവച്ച് ഏററവും ശക്തിപക്ഷബലമുള്ള കക്ഷിയായിരിക്കും ആപ്പൊസിഷൻ പാർട്ടി.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

അഭയാർത്ഥികൾ.

* 1. [1] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാകിസ്ഥാനിൽനിന്നു സ്വത്തുക്കൾ ഉപേക്ഷിച്ച് ഇവിടെ വന്നിട്ടുള്ള അഭയാർത്ഥികൾ എത്ര;

(ബി) അവർക്കു കാമ്പൻസേഷൻ കൊടുക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(സി) അതിന്മേൽ എന്തു നടപടി എടുത്തു ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) പാകിസ്ഥാനിൽ സ്വത്തുക്കൾ ഉപേക്ഷിച്ചുകൊണ്ട് ഇവിടെ വന്നിട്ടുള്ള അഭയാർത്ഥികൾ എട്ടു പേർ.

(ബി) അവർക്ക് "കാമ്പൻസേഷൻ" കൊടുക്കുന്നതിന് ആറ് അപേക്ഷകൾ ലഭിച്ചു.

(സി) അപേക്ഷകൾ സ്വീകരിക്കാനായി നിയോഗിക്കപ്പെട്ടിരുന്ന ഡെപ്യൂട്ടി കസ്റ്റോഡിയന്മാർ (കളക്ടറന്മാർ) ഈ അപേക്ഷകളെ ഇൻഡ്യാഗവണ്മെൻറു തന്നിരുന്ന നിർദ്ദേശങ്ങളനുസരിച്ച് ബോംബെയിലുള്ള റീജിണൽ സെററിൽമെൻറ് കമ്മീഷണർക്കും ഡെൽഹിയിലുള്ള ചീഫ് സെററിൽമെൻറ് കമ്മീഷണർക്കും ഓരോ പ്രതിവിധം അയച്ചുകൊടുത്തിട്ടുണ്ട്. കാമ്പൻസേഷൻ ഇത്രയെന്നും ഇന്നവിധത്തിലാണു നൽകേണ്ടതെന്നും തീരുമാനിച്ച് റീജിണൽ സെററിൽമെൻറ് കമ്മീഷണരും ചീഫ് സെററിമെൻറ് കമ്മീഷണരും ഗവണ്മെൻറിനെ അറിയിച്ചതിനുശേഷം കാമ്പൻസേഷൻ ഈ അഭയാർത്ഥികൾക്കു നൽകുന്നതാണ്.

ശ്രീ. പി. ഗോപാലൻ: പുനലൂർ റെയിൽവേസ്റ്റേഷനിലും അടുത്തുള്ള ചില പ്രദേശങ്ങളിലും മററും അഭയാർത്ഥികൾ താമസിക്കുന്നുണ്ട്. അവരെ സഹായിക്കണമെന്നും മററും കാണിച്ച് എന്തെങ്കിലും നിവേദനം ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടായിരിക്കാം. എന്നാൽ അഭയാർത്ഥികൾക്ക് കാമ്പൻസേഷൻ കൊടുക്കുന്നതു് കേന്ദ്രത്തിലെ ഡിസ്പ്ലേസ്ഡ് പേഴ്സൺഡ് ക്ലയിം ആക്ററ് അനുസരിച്ചാണ്. അതനുസരിച്ച് അപേക്ഷ വന്നിട്ടുള്ള കാര്യങ്ങളിൽ മാത്രമേ ഗവണ്മെൻറിന് എന്തെങ്കിലും ചെയ്യാൻ നിവൃത്തിയുള്ളൂ. അങ്ങനെ കിട്ടിയിട്ടുള്ള അപേക്ഷകൾക്കെല്ലാം മുമ്പ് പ്രസ്താവിച്ചതുപോലെയുള്ള നടപടികൾ എടുത്തിട്ടുണ്ട്.

ശ്രീ. കെ. സി. ജാർജ്ജ് : എന്നാണ് അപേക്ഷകൾ ലഭിച്ചിട്ടുള്ളതെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അപേക്ഷകൾ ലഭിച്ചിട്ടുള്ള വിവരം ഓർമ്മയില്ല. അക്കാര്യത്തിൽ മുൻപറഞ്ഞ വിധത്തിലല്ലാതെ ഗവണ്മെൻറിനു ചെയ്യാൻ നിവൃത്തിയില്ല.

ശ്രീ. പി. ഗോപാലൻ : അപേക്ഷകൾ അയച്ചിട്ടു കാലതാമസം ഉണ്ടായിട്ടുണ്ടോ ഇല്ലയോ എന്നറിയാനാണു ചോദ്യം ചോദിച്ചതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കാലതാമസം ഉണ്ടായിട്ടുണ്ടോ ഇല്ലയോ എന്നു പറയാൻ ഇപ്പോൾ ഡേററ് ഓർമ്മ ഇല്ല.

ശ്രീ. പി. ഗോപാലൻ : അതേപ്പററി അന്വേഷിച്ചറിയിക്കാൻ കഴിയുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പ്രത്യേകം ഒരു ചോദ്യം ചോദിച്ചാൽ അതിനുത്തരം പറയാം.

ശ്രീ. ടി. എ. മജീദ് : പാകിസ്ഥാനിൽ താമസം മതിയാക്കിപ്പോരുന്നവർക്ക് ഇൻഡ്യൻ പൗരത്വം നല്കുന്നതിൽ എന്തെങ്കിലും പ്രതിബന്ധം ഉണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനും വേറെ ചോദ്യം ചോദിക്കണം.

വോട്ടേഴ്സ് ലിസ്ററ്.

* 2. [2] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1955-ലേയ്ക്കുള്ള വോട്ടേഴ്സ് ലിസ്റ്റ് പുതുക്കിയാക്കുന്നതിൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഏതെല്ലാം താലൂക്കുകളിൽ അന്വേഷണം നടത്തി ലിസ്റ്റ് പുതുക്കിയിട്ടുണ്ട് ;

(സി) കൂടുതലായി എത്ര വോട്ടറന്മാരെ ഉൾപ്പെടുത്തിയിട്ടുണ്ട് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൻ):

(എ) 1955-ലേയ്ക്കുള്ള വോട്ടേഴ്സ് ലിസ്ററ് തയ്യാറാക്കുന്നതു സംബന്ധിച്ചുള്ള നിർദ്ദേശങ്ങളെല്ലാം എല്ലാ തഹശീൽദാർമാർക്കും കൊടുത്തിട്ടുണ്ട്. കൊല്ലം, പൊട്ടാരക്കര, പത്തനാപുരം, ചെങ്ങോട്ട, കുന്നത്തൂർ, ചിറയിൻകീഴ്, നെടുമങ്ങാട്, ദേവികുളം, പീരുമേട് ഈ താലൂക്കുകളിലാണ് വീടുകൾതോറും അന്വേഷണം നടത്തി ലിസ്ററ് പുതുക്കാൻ ഇക്കൊല്ലം ഉദ്ദേശിച്ചിരിക്കുന്നതു് ഏപ്രിൽ ഒന്നാംതീയതിമുതൽ. ഇതിന്റെ ജോലികൾ ഇതിലേയ്ക്കായി നിശ്ചയിക്കുന്ന അദ്ധ്യാപകന്മാർ തുടങ്ങുന്നതുണ്ട്. ഇലക്ഷൻ കമ്മീഷന്റെ നിർദ്ദേശപ്രകാരം കൊല്ലംതോറും സംസ്ഥാനത്തിന്റെ അഞ്ചിൽ ഒരുഭാഗത്തു പരിപൂർണ്ണമായ റോളുകൾ മേൽപ്പറഞ്ഞപ്രകാരം ഉണ്ടാക്കുന്നതും ബാക്കി ഭാഗങ്ങളിൽ മരണരജിസ്റ്റർ പേർ ചേർക്കുവാനുള്ള അപേക്ഷകൾ, നേരിൽ അറിയാവുന്ന വിവരങ്ങൾ ഇവയെ ആസ്പദമാക്കി സപ്ലിമെൻറ് ഉണ്ടാക്കുന്നതിനുമാണു നടപടികൾ സ്വീകരിച്ചിട്ടുള്ളതു്. ഈ ആവശ്യങ്ങൾക്ക് വേണ്ട എന്യൂമറേഷൻ പുസ്തക

കണ്ടും, ഫാറങ്ങളും മുതലായവ അച്ചടിച്ചു തുടങ്ങിയിട്ടുണ്ട്. എന്യൂമറേഷൻ ജോലിക്ക് അദ്ധ്യാപകന്മാരെ നിയമിക്കുവാൻ നടപടികൾ എടുത്തിട്ടുണ്ട്.

(ബി) എല്ലാ താലൂക്കുകളിലും നടപടികൾ ആരംഭിച്ചിട്ടുണ്ട്. ലിസ്റ്റ് പുതുക്കിക്കഴിഞ്ഞിട്ടില്ല.

(സി) ഇപ്പോൾ പുതുക്കുന്ന റോളുകൾ 1955 സെപ്റ്റംബർ 30-ാംതീയതിയേ നിയമമനുസരിച്ച് പൂർത്തിയാക്കുകയുള്ളൂ. അപ്പോൾ മാത്രമെ കൂടുതലായി എത്ര വോട്ടറന്മാരെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നു അറിയാൻ സാധിക്കുകയുള്ളൂ.

ശ്രീ. പി. ഗോപാലൻ : ഭാഗികമായി ഈ വോട്ടേഴ്സ് ലിസ്റ്റ് പൂർത്തിയാക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൻ : ഓരോ കൊല്ലവും ആകെയുള്ളതിന്റെ അഞ്ചിലൊരുഭാഗം പൂർത്തിയാക്കി അഞ്ചുകൊല്ലംകൊണ്ടു മുഴുവൻ ലിസ്റ്റും പൂർത്തിയാക്കണമെന്നാണു ഗവണ്മെന്റു ഉദ്ദേശിക്കുന്നതു്.

ശ്രീ. പി. ഗോപാലൻ : മററുള്ള താലൂക്കുകളിലെ വോട്ടേഴ്സ് ലിസ്റ്റ് ഏതു രീതിയിലാണ് തയ്യാറാക്കുന്നതു് ?

ശ്രീ. എ. ജെ. ജാൻ : ഈ രീതിയിൽത്തന്നെയാണ് അതും തയ്യാറാക്കുന്നതു്.

ശ്രീ. പി. ഭാസ്കരൻ നായർ : മുനിസിപ്പൽ ഏരിയായിലുള്ള വീടുകൾ ഓരോന്നോ ചേർത്തിരുന്നി വോട്ടേഴ്സ് ലിസ്റ്റ് എടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൻ : സംസ്ഥാനത്തെ അഞ്ചിലൊന്നു താലൂക്കുകളിൽ ഓരോന്നിലും വീടുതോറും ഉള്ള വോട്ടറന്മാരുടെ ലിസ്റ്റ് എടുക്കുവാനാണ് ഉദ്ദേശിക്കുന്നതു്. അതാതു താലൂക്കിൽ ഉൾപ്പെടുന്ന മുനിസിപ്പൽ ഏരിയാകളിലും ആ രീതിയിലുള്ള നടപടികൾ നടത്തുന്നതാണ്.

രാഷ്ട്രീയതടവുകാർ.

*3. [3] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തെക്കൻതിരുവിതാംകൂറിലും ദേവികുളം പീരുമേട് താലൂക്കുകളിലും ഐക്യകേരളപ്രക്ഷോഭണം സംബന്ധിച്ചു് എത്ര കേസുകൾ ചാർജ്ജു് ചെയ്തിട്ടുണ്ട്. പ്രതികൾ എത്ര; എത്രപേർ കസ്റ്റഡിയിലുണ്ട്; എത്രപേരെ പിടികിട്ടാനുണ്ട് ;

(ബി) ഈ കേസുകൾ പിൻവലിക്കുന്നതിനെപ്പററി ആലോചനയുണ്ടോ ;

(സി) ഗുരുനാട്, അന്തിക്കാട്, ഉല്ലല തുടങ്ങിയ കേസുകളിൽ ശിക്ഷിക്കപ്പെട്ടും ജയിലിലും ഒളിവിലുമായി എത്രപേർ ഇന്നു കഴിയുന്നുണ്ട്; അവരുടെ ശിക്ഷ ഇളവുചെയ്തു മോചിപ്പിക്കാനും, വാറണ്ടുകൾ പിൻവലിക്കാനും ഉദ്ദേശിക്കുന്നുണ്ടോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൻ):

(എ) (1) 41 കേസുകൾ.

(2) ആകെ 955 പേർ.

(3) ആരുമില്ല.

(4) ആരെയും പിടികിട്ടാനില്ല.

(ബി) ഇക്കാര്യത്തെപ്പററി ആലോചിച്ചിട്ടില്ല.

(സി) തൂത്തുക്കുടി കേസിലെ പത്തു പ്രതികൾ ശിക്ഷിക്കപ്പെട്ടതിൽ ഒൻപതുപേർ ഇപ്പോൾ ശിക്ഷയനുഭവിക്കുകയാണ്. ഒരാൾ കാലാവധി തീർന്നതനുസരിച്ച് മോചിക്കപ്പെട്ടിട്ടുണ്ട്. ഈ കേസിലെ ഏഴു പ്രതികൾ ഒളിവിലാണ്. അവരുടെ ശിക്ഷ ഇളവു ചെയ്യുന്നതിനും, ഒളിവിൽ നിൽക്കുന്നവരുടെ വാറണ്ട് പിൻവലിക്കുന്നതിനും ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. അന്തിക്കാട്, ഉല്ലല എന്നീ കേസുകളെ സംബന്ധിച്ചു ആരും ഇപ്പോൾ ശിക്ഷ അനുഭവിക്കുന്നില്ല. ഉല്ലല കേസിലെ ഏഴ് ആളുകൾ സറണ്ടർ ചെയ്തു. നാലുപേർ ഒളിവിലുണ്ട്. അന്തിക്കാട്ടു കേസിലെ പ്രതികളാരും ഒളിവിലില്ല.

ശ്രീ. പി. ആർ. മാധവൻപിള്ള : തെക്കൻ തിരുവിതാംകൂറിലെ കേസുകളിൽ ആരും ഒളിവിലില്ലെന്നു പറഞ്ഞു. ആ കേസുകൾ പിൻവലിക്കുന്നതിനു ഗവണ്മെൻറുദ്ദേശിക്കുന്നില്ലെന്നാണോ മനസ്സിലാക്കേണ്ടതു്?

ശ്രീ. എ. ജെ. ജാൻ : ഗവണ്മെൻറ് അതേപ്പററി ഒന്നും ആലോചിച്ചിട്ടില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഈ കേസുകൾ പിൻവലിക്കുന്ന കാര്യത്തെപ്പററി ആലോചിച്ചുവരികയാണെന്നു ഗവണ്മെൻറു വക്താക്കളിൽ ഒരാൾ പറഞ്ഞതായി അറിയാമോ?

ശ്രീ. എ. ജെ. ജാൻ : എനിക്കു അതേപ്പററി അറിഞ്ഞുകൂടാ.

ശ്രീ. കെ. സി. ജോർജ്ജ് : തെക്കൻതിരുവിതാംകൂറിലുള്ള കേസുകൾ പിൻവലിക്കാമെന്നുള്ള വ്യവസ്ഥയിന്മേലാണ് തമിഴ്നാടു കാൺഗ്രസ്സുകാർ ഗവണ്മെൻറുമായി ചേർന്നതു് എന്നു കേൾക്കുന്നതിൽ വല്ല വാസ്തവവുമുണ്ടോ?

ശ്രീ. എ. ജെ. ജാൻ : അങ്ങനെ ഒരു വ്യവസ്ഥയുള്ളതായി അറിവില്ല.

ശ്രീ. എ. കുഞ്ഞൻ നാടർ : തമിഴ്നാടു കാൺഗ്രസ്സിലെ അംഗങ്ങളുടെ പേരിൽ, മുമ്പിരുന്ന മന്ത്രിസഭ അധികാരത്തിൽ തുടരുവാൻ വേണ്ടി, അക്രമമായും കള്ളമായും കേസെടുത്തിരിക്കുകയാണെന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ?

ശ്രീ. എ. ജെ. ജാൻ : അതേപ്പററിയും ഗവണ്മെൻറിനറിവില്ല.

ശ്രീ. കെ. എം. ജോർജ്ജ് : ഈ കേസ്സുകൾ പിൻവലിക്കണമെന്നു് തമിഴ്നാട് കാൺഗ്രസ്സുകാർ ഗവണ്മെൻറിനോടാവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൻ : അങ്ങനെ ആവശ്യപ്പെട്ടിട്ടുള്ളതായി അറിവില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ : ഈ കേസ്സുകൊണ്ടു് ഇവിടത്തെ ജൂഡിഷ്യറിയുടെ നിലവാരം താണുപോയി എന്നു ഗവണ്മെൻറ് നറിയാമോ ?

ശ്രീ. എ. ജെ. ജാൺ : താണുപോയതായി ഗവണ്മെൻറ്നറിവില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ : ഈ കേസ്സിനെപ്പററി സുപ്രീംകോടതിയുടേയും ഹൈക്കോർട്ടിൻ കോടതിയുടേയും അഭിപ്രായം എന്താണെന്നു ഗവണ്മെൻറ് ആരാഞ്ഞിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : അവരുടെ അഭിപ്രായങ്ങൾ ഗവണ്മെൻറ് വായിച്ചിട്ടുണ്ടു്.

ശ്രീ. എ. കുഞ്ഞൻ നാടാർ : ഈ കേസ്സ് നിലവിലുള്ളതാണോ എന്നു നിയമമറിഞ്ഞിട്ടുള്ള ആരെക്കൊണ്ടെങ്കിലും ഗവണ്മെൻറ് പരിശോധിപ്പിച്ചിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഇല്ല.

ശ്രീ. മഞ്ജുനാഥപ്രഭു : ഈ കേസ്സുകൾ ശരിയായി നടത്തുവാൻ ഗവണ്മെൻറ്ദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : അതേപ്പററിയും ആലോചിച്ചിട്ടില്ല.

ശ്രീ. ടി. വി. തോമസ് : ഈ കേസുകൾ കൃത്രിമമായി ഉണ്ടാക്കിയിട്ടുള്ളതായി ഒരു തമിഴ്നാട്ടുകാൺഗ്രസ് മെംബർ തന്നെ പ്രസ്താവിച്ചിട്ടുള്ള നിലയ്ക്കു് ആ കേസ്സുകൾ പിൻവലിക്കാൻ ഗവണ്മെൻറ് തയാറാകുമോ ?

ശ്രീ. എ. ജെ. ജാൺ : ഏതെങ്കിലും മെംബർ അഭിപ്രായപ്പെടുന്നതു പോലെ ചെയ്തുകൊണ്ടിരിക്കാൻ ഗവണ്മെൻറിനു സാധിക്കുകയില്ല.

ശ്രീ. ടി. പി. സീതാരാമൻ : ഇതിനെ സംബന്ധിച്ചു് ഇൻഡ്യാ ഗവണ്മെൻറ് എന്തെങ്കിലും നിർദ്ദേശം ഈ ഗവണ്മെൻറിനു നൽകിയിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഇല്ല.

ശ്രീ. പി. ആർ. മാധവൻ പിള്ള: തമിഴ്നാട്ടു പ്രക്ഷോഭണം സംബന്ധിച്ചു ഇപ്പോഴും കേസ്സുകൾ എടുക്കുന്നുണ്ടോ ?

ശ്രീ. എ. ജെ ജാൺ : ഇല്ല.

ശ്രീ. കെ. എം. ജാർജ്ജ് : തൂത്തുക്കുടി കേസ്സിലെയും ഉല്ലല കേസ്സിലെയും പ്രതികളെ ഏതേതു കുററങ്ങൾക്കാണു ശിക്ഷിച്ചിട്ടുള്ളതെന്നു് പറയാമോ ?

ശ്രീ. എ. ജെ. ജാൺ : തൂത്തുക്കുടി കേസ്സിൽ ഒരു പോലീസ് ഇൻസ്പെക്ടറെയും 3 കാൺസ്റ്റബിൾമാരെയും കൊന്നതിനു് ആണു് ശിക്ഷിച്ചിട്ടുള്ളതു്. ഉല്ലല കേസ്സിലെ പ്രതികളെ ശിക്ഷിച്ചിട്ടുള്ളതും ഏകദേശം ഇതേ സ്വഭാവമുള്ള കുററങ്ങൾക്കായിട്ടാണു്. കൊല്ലാൻ ശ്രമിക്കുകയും കഠിനദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്തതിനാണു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : തമിഴ്നാട്ടുകേസ്സുകൾ പിൻവലിക്കുന്നതിനെപ്പററി അനുഭാവപൂർവ്വം ഗവണ്മെൻറ് പരിചിന്തിക്കുമോ ?

ശ്രീ. എ. ജെ. ജാൺ : അതെപ്പററി ഒന്നുംതന്നെ ഗവണ്മെൻറ് ഇതുവരെ ആലോചിച്ചിട്ടില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : അവരും ഒരു രാഷ്ട്രീയകക്ഷിയാണ് എന്നുള്ള നിലയ്ക്കു ഈ കേസ്സിനെ സംബന്ധിച്ചു ഗവണ്മെൻറിന്റെ മനോഭാവം എന്താണെന്നു പറയാമോ ?

ശ്രീ. എ. ജെ. ജാൺ : ഗവണ്മെൻറിനു അതെപ്പററി ഇപ്പോൾ ഒരു മനോഭാവവും ഇല്ല.

ശ്രീ. എ. കുഞ്ഞൻനാടാർ : തമിഴ്നാട്കേസ്സുകൾ തുടർന്നു നടത്തിക്കൊണ്ടുപോകുന്നതിനു ഗവണ്മെൻറിനു ഉദ്ദേശം എന്തു തുക ചെലവാകുമെന്നു പറയാമോ ?

ശ്രീ. എ. ജെ. ജാൺ : ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പ്രാക്കുളം ഭാസി : തമിഴ്നാട് കേസ്സുകളെ സംബന്ധിച്ച് സ്ഥാപിച്ച സ്പെഷ്യൽ മജിസ്ട്രേട്ടുകോടതി പിൻവലിച്ചു കാരണമെന്താണ് ?

ശ്രീ. എ. ജെ. ജാൺ : അതു സംബന്ധിച്ചുള്ള മിക്ക കേസ്സുകളും മൈസൂർ സ്പെഷ്യൽകോടതിയിലേയ്ക്കു മാററിയിരിക്കുന്നതുകൊണ്ട് ഇവിടെ ഒരു സ്പെഷ്യൽ മജിസ്ട്രേട്ടുകോടതി ആവശ്യമില്ല. അതുകൊണ്ടാണ് ആ കോടതി നിറുത്തലാക്കിയതു്.

കശുഅണ്ടിവ്യവസായം.

* 4. [4] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) കശുഅണ്ടി വ്യവസായരംഗത്തിലെ കുഴപ്പത്തിനു് കാരണം തിരുവിതാംകൂർ-കൊച്ചിയിലെ ഒരു കശുഅണ്ടി മുതലാളിയാണെന്നു കേന്ദ്ര മന്ത്രി ശ്രീ. ടി. ടി. കൃഷ്ണമാചാരി പാർലമെൻറിൽ ചെയ്ത പ്രസ്താവന ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആ കശുഅണ്ടി മുതലാളി ആരാണ് ; പ്രസ്തുത മുതലാളി വ്യവസായക്കുഴപ്പത്തിനു എങ്ങിനെ വഴിയൊരുക്കുന്നു എന്നു കൂടി വ്യക്തമാക്കുമോ ;

(ബി) ആ മുതലാളിയുടെ ശല്യം ഒഴിവാക്കി വ്യവസായത്തെ രക്ഷിക്കാൻ ഗവണ്മെൻറ് എന്തു നടപടി നടത്തിയെന്നു് പറയുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : (എ) കശുഅണ്ടി വ്യവസായരംഗത്തിലെ കുഴപ്പത്തിനു കാരണം തിരുവിതാംകൂർ-കൊച്ചിയിലെ ഒരു കശുഅണ്ടിമുതലാളിയാണെന്ന് കേന്ദ്രഗവണ്മെൻറിലെ മന്ത്രി ശ്രീ. ടി. ടി. കൃഷ്ണമാചാരി പാർലമെൻറിൽ ചെയ്ത പ്രസ്താവന ഈ ഗവണ്മെൻറിനു അറിവില്ല.

(ബി) എ-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. ആർ. മാധവൻപിള്ള : 1954 ഡിസംബർ 1-ാം തീയതിയുള്ള പാർലമെൻററി പ്രൊസീഡിംഗ്സിൽ ഇങ്ങനെ ഒരു പ്രസ്താവനയുണ്ടെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെയുള്ള ഒരു പ്രസ്താവന ഉണ്ടോയെന്ന് നോക്കി പറയാം.

ശ്രീ. പി. ആർ. മാധവൻപിള്ള : ഈ പ്രസ്താവനയെപ്പററി കേരളകൗമുദി പത്രം ഒരു മുഖപ്രസംഗം എഴുതിയിരുന്നതു ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ശ്രദ്ധയിൽ പെട്ടിട്ടുള്ളതായി ഓർമ്മയില്ല.

ശ്രീ. ടി. വി. തോമസ് : തിരുവിതാംകൂർ-കൊച്ചിയിലെ കശുഅണ്ടി വ്യവസായത്തിന് നേരിട്ടിട്ടുള്ള കഷ്ടപ്പാടുകൾ ഉണ്ടാക്കുന്നതു് ഇവിടുത്തെ ഒരു മുതലാളിയാണെന്ന് കേന്ദ്രത്തിലെ ഒരു മന്ത്രി പ്രസ്താവിക്കുകയാണെങ്കിൽ അതു ശരിയല്ലെന്നാണോ പറയുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ശരിയാണോ അല്ലയോ എന്നുള്ളതു തീർച്ചപ്പെടുത്തുന്നതിനു മുമ്പ് കേന്ദ്രമന്ത്രി ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ടോ ഇല്ലയോ എന്നു നോക്കേണ്ടതാണ്.

ശ്രീ. ടി. എ. മജീദ് : ബഹുമാനപ്പെട്ട മന്ത്രി പത്രങ്ങൾ വായിക്കാറില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പത്രങ്ങൾ പലതും വായിക്കാറുണ്ട്.

ശ്രീ. കെ. സി. ജാർജ്ജ് : കേരളകൗമുദി വായിക്കാറുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതും വായിക്കാറുണ്ട്.

ശ്രീ. കെ. സി. ജാർജ്ജ് : അങ്ങനെയാണെങ്കിൽ കേന്ദ്രമന്ത്രിയുടെ മേൽപ്പറഞ്ഞ പ്രസ്താവനയെപ്പററി എഴുതിയിട്ടുള്ള മുഖപ്രസംഗം മന്ത്രിയുടെ ദൃഷ്ടിയിൽ പെട്ടിട്ടില്ലായെന്നു പറഞ്ഞതു എന്തുകൊണ്ടാണ് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ദൃഷ്ടിയിൽ പെടാത്തതു കൊണ്ടുതന്നെയാണ്.

ശ്രീ. കെ. സി. ജാർജ്ജ് : കേന്ദ്രമന്ത്രി ഇപ്രകാരം ഒരു പ്രസ്താവന പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് അന്വേഷിക്കാൻ മടിയുണ്ടാകുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അന്വേഷിക്കാം.

ശ്രീ. പി. നാരായണൻപോററി : പാർലമെൻറിൽ നടക്കുന്ന ഔദ്യോഗിക നടപടികളെ സംബന്ധിച്ച് നമ്മുടെ ഗവണ്മെൻറിനെ ഔദ്യോഗികമായിത്തന്നെ അറിയിക്കുകയില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഔദ്യോഗികമായിത്തന്നെ അറിയിക്കും.

ശ്രീ. ടി. എം. വറുഗീസ് : കശുഅണ്ടി വ്യവസായത്തിൽ കഷ്ടപ്പാടും മാന്ദ്യവും നേരിടുന്നുണ്ടെന്നുള്ള വസ്തുത ഗവണ്മെൻറിനു ബോദ്ധ്യമായിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കുത്തകാണ്ടി വ്യവസായത്തിനെ സംബന്ധിച്ച് ചില്ലറ മാന്ദ്യവും കുഴപ്പവും നേരിട്ടുകൊണ്ടിരിക്കുന്നുവെന്നാണറിയുന്നതു്.

ശ്രീ. ടി. എം. വറുഗീസ് : അതിന്മേൽ എന്തു പരിഹാരമാർഗ്ഗമാണു് നിശ്ചയിച്ചിട്ടുള്ളതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ വ്യവസായത്തിന്റെ പരിപോഷണത്തിനുവേണ്ടി വിദഗ്ദ്ധന്മാരടങ്ങിയ ഒരു ബോർഡ് ഉണ്ടാക്കണമെന്നു് കേന്ദ്രഗവണ്മെന്റിനെ എഴുതി അറിയിച്ചിട്ടുണ്ടു്.

Vehicle tax in Municipalities.

* 5. [6] **Shri R. Prakasam:** Will the Minister for Local Self Government be pleased to state:

(a) the amount realised as vehicle-tax in all the Municipal towns of the State in the year 1953-54 and 1954-55;

(b) the amount of compensation paid to the Municipalities of the State in lieu of vehicle-tax; and

(c) the demand under vehicle-tax realised by the Government from the Municipal area in the year subsequent to the abolition of the toll tax ?

Minister for Local Self Government **(Shri K. Kochukuttan):** Answer is not ready. Information is being collected.

മുനിസിപ്പാലിറ്റികൾക്കു കടം അനുവദിക്കുന്ന മാനദണ്ഡം.

* 6. [7] ശ്രീ. ആർ. പ്രകാശം : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മുനിസിപ്പാലിറ്റികൾക്ക് ലോൺ നൽകുന്നതിൽ ഗവണ്മെന്റു പൊതുവായി അംഗീകരിക്കുന്ന മാനദണ്ഡം എന്താണു് ;

(ബി) 1951-52, 1952-53, 1953-54, 1954-55 എന്നീ വർഷങ്ങളിൽ ഏതെല്ലാം മുനിസിപ്പാലിറ്റികൾ ലോൺ കിട്ടുന്നതിനു വേണ്ടി അപേക്ഷകൾ അയച്ചിട്ടുണ്ടു് ; ഏതെല്ലാം മുനിസിപ്പാലിറ്റികൾക്കു് നൽകി, ഓരോ മുനിസിപ്പാലിറ്റിക്കും നൽകിയ ലോൺ തുക എത്ര ;

(സി) ലോൺ ലഭിച്ച മുനിസിപ്പാലിറ്റികൾ അവ ഏതു വിധത്തിൽ ചെലവാക്കി എന്നു് ഗവണ്മെന്റു് അന്വേഷിച്ചിട്ടുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ): (എ) മുനിസിപ്പാലിറ്റി കൂടെ പ്രത്യേകം ആവശ്യം, നിശ്ചിതപരിധിക്കുള്ളിൽ ലോൺ മടക്കികൊടുക്കുവാനുള്ള ധനശേഷി മുതലായവ പരിഗണിച്ചു് ലോൺ നൽകുന്നതാണു്. കൂടാതെ ലോണിനപേക്ഷിക്കുന്ന മുനിസിപ്പാലിറ്റികൾ ലോക്കൽ അതാറിട്ടീസ് ലോൺസ് ആക്ടിലെയും ലോക്കൽ അതാറിട്ടീസ് റൂളുകളിലെയും നിബന്ധനകൾ അനുസരിക്കേണ്ടതുമുണ്ടു്.

(ബി) തിരുവനന്തപുരം കാർപ്പറേഷനും, മട്ടാഞ്ചേരി, എറണാകുളം, തൃശ്ശൂർ, ചേർത്തല, പാലാ, പെരുമ്പാവൂർ, പറവൂർ, ആലുവാ,

കോട്ടയം, വൈക്കം, കുളച്ചൽ, നെയ്യാററിൻകര, ആററിങ്ങൽ എന്നീ മുനിസിപ്പാലിററികളും ലോൺ ആവശ്യപ്പെട്ടിട്ടുണ്ട്. കോട്ടയം മുനിസിപ്പാലിററിക്ക് 1,25,000 രൂപ ലോണായി നൽകിയിട്ടുണ്ട്.

(സി) ഏതു കാര്യത്തിനാണോ ലോൺ അനുവദിച്ചുകൊടുത്തിട്ടുള്ളതു് ആ കാര്യത്തിനു മാത്രമേ ആ ലോൺ ഉപയോഗിക്കാവൂ. ഇതിനു വ്യത്യാസം വരുത്തുന്നതായാൽ ആഡിററു ഡിപ്പാർട്ടുമെൻറു അതു കണ്ടുപിടിച്ചു ഗവണ്മെൻറിലേക്കു റിപ്പോർട്ടുചെയ്കയും അതിന്മേൽ ഗവണ്മെൻറു വേണ്ട നടപടി എടുക്കുകയും ചെയ്യുന്നതാണ്.

ശ്രീ. ആർ. പ്രകാശം: അപേക്ഷകൾക്ക് ലോൺ അനുവദിച്ചുകൊടുക്കുന്നതു് എന്തടിസ്ഥാനത്തിലാണ്, അല്ലെങ്കിൽ ഏതെല്ലാം തത്വങ്ങളനുസരിച്ചാണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ: ലോൺ ആവശ്യപ്പെടുമ്പോൾതന്നെ എന്തിനുവേണ്ടിയാണു തുക ചെലവാക്കുന്നതെന്നും, ലോണായി കൊടുക്കുന്ന തുക മടക്കികൊടുക്കാനുള്ള കഴിവ് ഉണ്ടോ എന്നും മററും വിശദമായിട്ട് പരിശോധിച്ചതിന്മേലാണ് അനുവദിക്കുന്നതു്.

ശ്രീ. ടി. വി. തോമസ്: ആലപ്പുഴമുനിസിപ്പാലിററിയിൽ നിന്നും അപേക്ഷിച്ചിട്ടുള്ള ലോൺ അനുവദിക്കാത്തതിൻെറ കാരണമെന്താണെന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതു പരിശോധിച്ചുനോക്കാം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ലോൺ കൊടുത്തിട്ടില്ലാത്ത അപേക്ഷകൾക്ക് അവസാനതീരുമാനം വല്ലതും ചെയ്തിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അവസാന തീരുമാനമൊന്നും ചെയ്തിട്ടില്ല.

ശ്രീ. പി. ഭാസ്കരൻനായർ: കോട്ടയം മുനിസിപ്പാലിററിക്ക് ഒരു ലക്ഷം രൂപ ലോൺ അനുവദിച്ചിട്ടുള്ളതു എന്തു കാര്യത്തിനുവേണ്ടിയാണെന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അവർക്ക് ഒരു ബസ്സ്സ്റ്റാൻറു ഉണ്ടാക്കുന്നതിനുവേണ്ടിയാണ്.

ശ്രീ. പി ഭാസ്കരൻനായർ: ഈ ആവശ്യം ശരിയാണെന്നുള്ളതു നേരിട്ടു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഉണ്ട്.

ശ്രീ. പി. ഭാസ്കരൻ നായർ: ബസ്സ്സ്റ്റാൻറു പണിയുന്നതു് കോട്ടയത്തു എവിടെയാണെന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: കോട്ടയം ടൗണിൽ ഉള്ള ട്രയിനിംഗ്സ്കൂളിരിക്കുന്നിടത്തു്.

കുട്ടനാട്ട് കർഷകത്തൊഴിലാളി യൂണിയൻ പ്രസിഡൻറ്.

* 7. [8] ശ്രീ. സി. ജി. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ട് കർഷക തൊഴിലാളിയൂണിയൻ പ്രസിഡൻറ് സഖാവ് വർഗ്ഗീസ് വൈദ്യനെ എന്തുകാരണത്താൽ അറസ്റ്റുചെയ്തു;

(ബി) ആ ദേഹത്തെ മർദ്ദിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൻ): (എ) ചങ്ങനാശ്ശേരി പോലീസുസ്റ്റേഷനിൽ ക്രൈംനമ്പർ 15/55-ൽ പ്രതിയായതുകൊണ്ട് അറസ്റ്റുചെയ്തു.

(ബി) ലഭിച്ചിട്ടുണ്ട്.

ശ്രീ. സി. ജി. സദാശിവൻ: അതിന്മേൽ വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൻ: ഐ. ജി. ഇതുസംബന്ധിച്ചു അന്വേഷണം നടത്തിയിട്ടുണ്ട്.

ശ്രീ. സി. ജി. സദാശിവൻ: ദേഹോപദ്രവം ഏററിട്ടുള്ളവർ കേസ്സ് കൊടുത്തിട്ടുള്ളതായി അറിയാമോ?

ശ്രീ. എ. ജെ. ജാൻ: രണ്ടുമൂന്നുപേർ ഇതു സംബന്ധിച്ചു കേസ്സ് ഫയൽ ചെയ്തിരിക്കയാണ്. അതായതു്, കല്യാണകൃഷ്ണൻനായർ, തങ്കപ്പൻനായർ, ശങ്കരൻ നംപൂതിരി ഇവർ അന്യായപ്പെട്ടിരിക്കുകയാണ്.

ശ്രീ. പ്രാക്കുളം ഭാസി: ഈ കേസ്സ് സംബന്ധിച്ചു അറസ്റ്റു ചെയ്തു ലാക്കപ്പിൽ കൊണ്ടുപോയ ആളുകളെ കാണാൻചെന്ന കുററംകൊണ്ടാണ് ഇവരെയും അറസ്റ്റു ചെയ്തിട്ടുള്ളതെന്നറിയാമോ?

ശ്രീ. എ. ജെ. ജാൻ: ആ അഭിപ്രായം ശരിയല്ല.

ശ്രീ. പ്രാക്കുളം ഭാസി: പിന്നെ എന്തുകാരണത്താലാണ് ഇവരെ അറസ്റ്റു ചെയ്തിട്ടുള്ളതു്?

ശ്രീ. എ. ജെ. ജാൻ: അന്വേഷിക്കാൻപോയ ഇവരും ഈ കേസ്സിൽ ഉൾപ്പെട്ടിട്ടുണ്ടെന്നു ബോദ്ധ്യമായതുകൊണ്ടാണ് അറസ്റ്റു ചെയ്തിട്ടുള്ളതു്.

ശ്രീ. ടി. വി. തോമസ്: കല്യാണകൃഷ്ണൻ നായർ പരാതിപ്പെട്ടിരിക്കുന്ന കേസ്സ് പാടത്തുവച്ചു് അടിച്ചുവെന്നല്ലേ?

ശ്രീ. എ. ജെ. ജാൻ: അതു് അന്യായം നോക്കിയാൽ മാത്രമെ പറയാൻ സാധിക്കുകയുള്ളു.

ശ്രീ. ടി. വി. തോമസ്: ഈ കേസ്സിനെ സംബന്ധിച്ചുള്ള വിവരങ്ങളൊന്നും മന്ത്രിക്കു അറിഞ്ഞുകൂടെന്നാണോ പറയുന്നതു്?

ശ്രീ. എ. ജെ. ജാൻ: ഒരു കോടതിയിൽ ബോധിപ്പിച്ചിരിക്കുന്ന അന്യായത്തിൽ വിവരിച്ചിട്ടുള്ള സംഗതികളൊന്നും പറയുന്നതിനുവേണ്ടിയുള്ള രേഖ എന്റെ കൈവശം ഇപ്പോൾ ഇല്ല.

ശ്രീ. ടി. വി. തോമസ്: ന്യായരഹിതമായി പോലീസുകാർ ആളുകളെ പരസ്യമായും ലാക്കപ്പിൽവച്ചും മർദ്ദിച്ചു എല്ലൊടിക്കുന്നതു് മന്ത്രിക്കു അറിയാമോ?

ശ്രീ. എ. ജെ. ജാൻ: ന്യായരഹിതമായി മർദ്ദിക്കാൻ പാടില്ലെന്നു കർശനമായ നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ടു്.

ശ്രീ. ടി. വി. തോമസ്: ബഹുമാനപ്പെട്ട മന്ത്രി ഈ പറയുന്നതു് ആത്മാർത്ഥതയോടുകൂടിയാണോ?

ശ്രീ. എ. ജെ. ജാൻ: അതെ.

ശ്രീ. ടി. വി. തോമസ്: ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രവൃത്തിയും പറച്ചിലുമായി വല്ല ബന്ധവുമുണ്ടോ?

ശ്രീ. എ. ജെ. ജാൻ: ബന്ധമുണ്ടെന്നുതന്നെയാണു് ഞാൻ വിചാരിക്കുന്നതു്.

ശ്രീ. പി. ഭാസ്കരൻ നായർ: പോലീസു മർദ്ദനം ഏററിട്ടുള്ള അഞ്ചാറു ആളുകളിൽ രണ്ടുപേർ മാത്രം കേസു കൊടുക്കുന്നതായാൽ മർദ്ദനമേററ ബാക്കിയുള്ളവരെക്കൂടി ഉൾപ്പെടുത്തേണ്ടതല്ലേ?

ശ്രീ. എ. ജെ. ജാൻ: അങ്ങനെ ഉൾപ്പെടുത്തീട്ടുണ്ടു്.

ശ്രീ. എൻ. പരമേശ്വരൻ പിള്ള: ഒരേ സ്വഭാവത്തിലുള്ള കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള ആളുകളിൽ കുറേപ്പേർ പരാതിപ്പെടുകയും മററുള്ളവർ പരാതിപ്പെടാതിരിക്കയും ചെയ്താൽ പരാതിപ്പെടാത്തവർക്കു പരാതിയില്ലെന്നല്ലെ തീരുമാനിക്കേണ്ടതു്?

ശ്രീ. എ. ജെ. ജാൻ: അതെ.

ശ്രീ. ടി. വി. തോമസ്: തലേദിവസം പാടത്തുവച്ചു അടിച്ചതും പിറേറദിവസം ലാക്കപ്പിൽവച്ചു് അടിച്ചതും ശരിയല്ലെ?

ശ്രീ. എ. ജെ. ജാൻ: ശരിയല്ല. എനിക്കു കിട്ടിയിട്ടുള്ള അറിവു വച്ചുകൊണ്ടാണു പറയുന്നതു്.

ശ്രീ. ടി. വി. തോമസ്: തലേദിവസവും പിറേറദിവസവും നടന്ന സംഭവങ്ങൾ ഒരു ദിവസമാണെന്നു പറയുന്നതു മന്ത്രിയുടെ വിവരക്കേടല്ലെ?

ശ്രീ. എ. ജെ. ജാൻ: വിവരമില്ലാത്തവർക്കെല്ലാം മററുള്ളവർ പറയുന്നതു് വിവരക്കേടാണെന്നു തോന്നും.

മി. സ്പീക്കർ: വർഗ്ഗീസ് വൈദ്യനെ ലാക്കപ്പിൽവച്ചു മർദ്ദിച്ചതും മററുള്ളവരെ പാടത്തുവച്ചു മർദ്ദിച്ചതും തമ്മിൽ ബന്ധമില്ലെന്നാണു് പറയുന്നതു്.

ശ്രീ. എ. ജെ. ജാൻ: സർ, അങ്ങയുടെ അനുവാദത്തോടുകൂടി അല്പം വിശദമാക്കാം. വർഗ്ഗീസ് വൈദ്യനും 100 അനുചരന്മാരും കൂടി 20-ാംനു- എട്ടര മണിക്കു് ശ്രീ. കോരയുടെ നിലത്തിൽ ചെന്നിറങ്ങുകയും ചെങ്കൊടി പറപ്പിക്കയും നിലത്തിൽ കൊയ്യുകയുണ്ടെന്നു് അവരിൽ നിന്നും മൂന്നു നാലു അരിവാൾ പിടിച്ചു പറിച്ചു് അവരെയെല്ലാം ഭയപ്പെടുത്തി ഓടിക്കുകയും ചെയ്തു. ഇത്രയും നടത്തിയശേഷം വർഗ്ഗീസ് വൈദ്യനും

മററെ നേതാക്കന്മാരും സ്ഥലം വിട്ടു. ഈ അനീതിയെ സംബന്ധിച്ചിടത്തോളം വർഗ്ഗീസുവൈദ്യനേയും കൂട്ടിച്ചേർത്തു കേസ്സെടുത്തിരിക്കുകയാണ്. 20-ാം നു- വർഗ്ഗീസു വൈദ്യനെ അറസ്റ്റു ചെയ്തു. 21-ാംനു- മജിസ്ട്രേട്ടിന്റെ മുൻപാകെ റിമാൻഡിനു വേണ്ടി പ്രതികളെ ഹാജരാക്കിയപ്പോൾ അവരെ തലേദിവസം ദേഹോപദ്രവം ഏൽപ്പിച്ചതായി യാതൊരു പരാതിയും അവർ മജിസ്ട്രേട്ടുകോടതിയിൽ ബോധിപ്പിച്ചില്ല. ആ സ്ഥിതിക്ക് ഇങ്ങനെ ഒരു സംഭവം ഉണ്ടായിട്ടില്ലെന്നു വേണം തീരുമാനിക്കാൻ. എന്നാൽ തലേദിവസം അവരെ ദേഹോപദ്രവം ചെയ്തു എന്നു പറഞ്ഞു പരത്തുന്നതു് ഒരു വെറും പ്രൊപ്പഗാൻഡായ്ക്കു വേണ്ടിമാത്രമാണ്.

ശ്രീ. ടി. വി. തോമസ്: പ്രോപ്പഗാൻഡായ്ക്കു് എല്ലൊടിയുമോ?

ശ്രീ. എ. ജെ. ജാൻ: പ്രൊപ്പഗാൻഡാ കൊണ്ടുമാത്രം എല്ലൊടിഞ്ഞെന്നു വരികയില്ല.

ശ്രീ. ടി. വി. തോമസ്: ആലപ്പുഴ ലാക്കപ്പിൽ വന്നതിൻശേഷം അയാളുടെ എല്ലൊടിയുന്നതു് പ്രോപ്പഗാൻഡായ്ക്കാണെന്നു പറയുന്നതു ശരിയാണോ?

ശ്രീ. എ. ജെ. ജാൻ: വർഗ്ഗീസ്വൈദ്യനെ ദേഹോപദ്രവം ഏൽപ്പിച്ചു എന്നുള്ളതാണ് വാദവിഷയം. വൈദ്യൻ ആലപ്പുഴ എത്തിയതായി അറിവില്ല.

തെക്കൻതിരുവിതാംകൂറിലെ പോലീസ് മർദ്ദനം.

* 8 [9] ശ്രീ. കെ. സി. ജാർജ്ജ്: താഴെ പറയുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ: തെക്കൻതിരുവിതാംകൂറിൽ ഐക്യതമിഴകത്തിനുവേണ്ടി നടന്ന സമരത്തിന്റെ നേരെ വെടിവയ്ക്കുകയും അതിനെത്തുടർന്ന് ഭീകരമായ പോലീസ് മർദ്ദനം അഴിച്ചുവിട്ടതായും ഗവണ്മെൻറിനു അറിയാമോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൻ): 11-8-54-ൽ തെക്കൻ തിരുവിതാംകൂറിൽ നിയമസമാധാനം പാലിക്കുന്നതിനുവേണ്ടി പോലീസിനു വെടിവയ്ക്കേണ്ടിവന്നു. അവിടെ ഭീകരമായ മർദ്ദനം അഴിച്ചുവിട്ടതായി അറിഞ്ഞുകൂടാ.

ശ്രീ. കെ. സി. ജാർജ്ജ്: ഇന്നും അവിടെ മർദ്ദനം നടക്കുന്നതായി അടുത്തകാലത്തു് ശ്രീ. കുഞ്ഞൻ നാടാർ ചെയ്ത പ്രസ്താവന ഗവണ്മെന്റു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൻ: ഇന്നും മർദ്ദനം നടക്കുന്നുവെന്ന് ശ്രീ. കുഞ്ഞൻ നാടാർ പ്രസ്താവിച്ചതായി അറിവില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ: അവിടെ വെടിവയ്പ്പു നടന്ന കാലത്തു പോലീസുകാർ സ്ത്രീകളെ മാനഭംഗപ്പെടുത്തിയതായി അറിയാമോ?

ശ്രീ. എ. ജെ. ജാൻ: അറിയാൻ പാടില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ : വളരെയധികം ആളുകളിൽനിന്നും പോലീസുകാർ പണം പിടിച്ചുവാങ്ങിയതായി അറിയാമോ?

ശ്രീ. എ. ജെ. ജാൻ : അറിയാൻ പാടില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ : ആഗസ്റ്റ് 11-ാംതീയതി കഴിഞ്ഞതിനുശേഷം മൂന്നുനാലു മാസങ്ങൾ അവിടത്തെ ചന്തകളിലും കടകളിലും ആളില്ലാതിരുന്നതായി അറിയാമോ?

ശ്രീ. എ. ജെ. ജാൻ : അറിയാൻ പാടില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ : ഐക്യതമിഴക പ്രക്ഷോഭണം നടന്ന കാലത്തു മലയാളികളെ തമിഴക്കെതിരായി ഇളക്കിവിടാൻ അന്നത്തെ പ്രധാനമന്ത്രി ശ്രമിച്ചു എന്നറിയാമോ?

ശ്രീ. എ. ജെ. ജാൻ : അതിനെപ്പററി അന്വേഷിച്ചിട്ടില്ല.

ശ്രീ. എ. താണുപിള്ള : ഇങ്ങനെ ഒരാരോപണം വന്ന സ്ഥിതിക്കു അതിനെക്കുറിച്ചു അന്വേഷണം നടത്തുമോ?

ശ്രീ. എ. ജെ. ജാൻ : അതിനെപ്പററി ആലോചിച്ചിട്ടില്ല.

ശ്രീ. കെ. സി. ജാർജ്ജ് : അതിനെക്കുറിച്ചാലോചിക്കാമോ?

ശ്രീ. എ. ജെ. ജാൻ : ആലോചിക്കാം.

ശ്രീ. ആർ. സുഗതൻ : പോലീസ് മർദ്ദനങ്ങൾ അനുഭവിച്ചവർ ഇവിടെവന്നു അതു മടക്കിത്തന്നാൽ സ്വീകരിക്കുമോ?

മി. സ്പീക്കർ : ചോദ്യം അനുവദിക്കുന്നില്ല.

ഐക്യതമിഴക പ്രക്ഷോഭണം.

* 9. [10] ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) ഐക്യതമിഴക പ്രക്ഷോഭണത്തെ തുടർന്ന് എടുത്തിട്ടുള്ള തെക്കൻ തിരുവിതാംകൂർ കേസുകൾ പിൻവലിക്കാൻ ഗവണ്മെൻറു തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഐക്യതമിഴക രൂപീകരണത്തെ സംബന്ധിച്ച് ഈ ഗവണ്മെൻറു നയം എന്താണ്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഐക്യതമിഴക പ്രക്ഷോഭണത്തെ തുടർന്ന് എടുത്തിട്ടുള്ള കേസുകൾ പിൻവലിക്കുന്ന കാര്യത്തെപ്പററി ഗവണ്മെൻറ് ആലോചിച്ചിട്ടില്ല.

(ബി) ഐക്യതമിഴക രൂപീകരണം സംബന്ധിച്ച് ഒരു നയം രൂപീകരിക്കേണ്ടതു് ഈ ഗവണ്മെൻറല്ല. ഭരണഘടനയനുസരിച്ചു ഭാഷാപ്രവിശ്യകളെ സംബന്ധിച്ചുള്ള തീരുമാനം എടുക്കേണ്ടതു് ഇൻഡ്യൻ പ്രസിഡൻറും അതിനുവേണ്ട നടപടികൾ കൈക്കൊള്ളേണ്ടതു ഇൻഡ്യൻ പാർലമെൻറുമാണ്. അതുകൊണ്ടു ഈ ഗവണ്മെൻറിനു ഇതിൽ എന്തു നയമാണുള്ളതു് എന്ന ചോദ്യത്തിനു പ്രസക്തിയില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഇതിനെ സംബന്ധിച്ചു യാതൊരു തീരുമാനവും എടുക്കാൻ ഈ നിയമസഭയ്ക്ക് അധികാരമില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഗവണ്മെൻറിനധികാരമില്ലെന്നാണു ഞാൻ പറഞ്ഞതു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : നിയമസഭയുടെ മുമ്പിൽ ഈ കാര്യങ്ങൾ വയ്ക്കുവാൻ സാധിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല. അതു തെററായ നടപടിയാണ്. പ്രസിഡൻറിൻെറ റെക്കമെൻഡേഷൻ അനുസരിച്ച് പാർലമെൻറിൽ ഒരു ബില്ല് അവതരിപ്പിച്ചു കഴിഞ്ഞതിനു ശേഷം ഇവിടെ അതായതു് സംസ്ഥാനനിയമസഭകളിൽ അതിനെക്കുറിച്ചു വാദപ്രതിവാദം നടത്തുവാൻ അവർ അനുവദിക്കുന്നതായിരിക്കും. അതിനു മുമ്പ് അതിനെക്കുറിച്ച് ഇവിടെ വാദപ്രതിവാദം നടത്തുന്നതു് ശരിയായിരിക്കുകയില്ല.

ശ്രീ. ടി. കെ. ദിവാകരൻ : മൈസൂറിലെപ്പോലെ ഇവിടെ അതിനെക്കുറിച്ചന്വേഷിക്കുന്നതിന് ഗവണ്മെൻറ് ഒരു കമ്മിററിയെ നിയമിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പ്രസിഡൻറുതന്നെ ഒരു കമ്മിററി നിയമിച്ചിട്ടുള്ളതുകൊണ്ടു് ഇവിടെ വേറൊരു കമ്മിററിവേണമെന്നു തോന്നുന്നില്ല.

ശ്രീ. ടി. കെ. ദിവാകരൻ : മദ്രാസ് ഗവണ്മെൻറ് ഐക്യതമിഴകത്തെക്കുറിച്ചു അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ളതുപോലെ തിരുവിതാംകൂർ ഗവണ്മെൻറും ഇതിനെക്കുറിച്ചു് ഒരഭിപ്രായം രേഖപ്പെടുത്തുവാൻ ആലോചിക്കുമോ?

Shri Panampilli Govinda Menon: Comparisons are odious.

ശ്രീ. ടി. കെ. ദിവാകരൻ : ഈ രണ്ടു ഗവണ്മെൻറുകളും ചെയ്തതുകൊണ്ടു് ഈ ഗവണ്മെൻറ് അങ്ങനെ ചെയ്യാത്തതെന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഒന്നാമതു് ഈ രണ്ടു ഗവണ്മെൻറുകളും എന്താണു ചെയ്തതെന്നു് അറിയുന്നില്ല. രണ്ടാമതു് ആ ഗവണ്മെൻറുകൾ ചെയ്തതുകൊണ്ടു ഈ ഗവണ്മെൻറും ചെയ്യണമെന്നില്ല. മറെറാന്നു് ഈ കാര്യങ്ങളിൽ ഔദ്യോഗികമായി കമ്മീഷൻെറ മുമ്പാകെ ഗവണ്മെൻറ് അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായിട്ടില്ലെന്നു് ശ്രീ. താണുപിള്ള തന്നെ പ്രസ്താവിച്ചിട്ടുണ്ടു്. അതുതന്നെയാണു് സ്വീകരിക്കേണ്ട മുറ എന്നു് ഗവണ്മെൻറു വിചാരിക്കുന്നു.

ശ്രീ. എ. താണുപിള്ള ; ഔദ്യോഗികമായി ഒരു മെമ്മോറാണ്ടം അയച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പററി അറിവില്ല.

ശ്രീ. ടി. കെ. ദിവാകരൻ : ഭാഷാപരപ്രവിശ്യാകമ്മീഷൻെറ അഭിപ്രായം അനുസരിച്ചു പ്രസിഡൻറ് എന്തെങ്കിലും തീരുമാനം എടുക്കുന്നതിനു മുമ്പ് ഈ നിയമസഭയുമായി ആലോചിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ഭരണഘടനയനുസരിച്ച് അതു് അനുപേക്ഷണീയമാണു്.

ശ്രീ. മഞ്ജുനാഥപ്രഭു : ഇപ്പോൾ കാൺഗ്രസ്സിൽ ചേർന്നിട്ടുള്ള പന്ത്രണ്ടു തമിഴനാട്ടു എം. എൽ. എ. മാരുടെ അഭിപ്രായം അനുസരിച്ചല്ലേ ഈ ഗവണ്മെൻറു ഈ കാര്യത്തിൽ എന്തെങ്കിലും ചെയ്യുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അല്ല.

ശ്രീ. എ. താണുപിള്ള : ഈ കാര്യത്തിൽ അവരുടെ അഭിപ്രായം അനുസരിച്ചു മാത്രമേ പ്രവർത്തിക്കുകയുള്ളു എന്നു് അവർക്കു് ഉറപ്പുകൊടുത്തിട്ടുണ്ടോ? അതായതു് അങ്ങനെ ഉറപ്പുകൊടുത്തിട്ടുണ്ടെന്നു് ശ്രീ. നേശമണി പറഞ്ഞതിട്ടുള്ള പ്രസ്താവന ശരിയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ശ്രീ. നേശമണി അങ്ങനെയൊരു പ്രസ്താവന ചെയ്തതായി അറിവില്ല.

ശ്രീ. എ. കുഞ്ഞൻനാടാർ : ഐക്യതമിഴകം എന്നു പറഞ്ഞാൽ വെടിവച്ചുകൊല്ലണമെന്നു് ഒരു തീരുമാനം ഗവണ്മെൻറു് എടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ലെന്നുതന്നെയല്ല സംസ്ഥാനപുനർവിഭജനം സംബന്ധിച്ചു് അവരവരുടെ അഭിപ്രായം കമ്മിഷനെ അറിയിക്കണമെന്നുമുണ്ടു്.

ശ്രീ. എ. കുഞ്ഞൻനാടാർ : ഐക്യതമിഴകം സംബന്ധിച്ചു പ്രക്ഷോഭണം നടത്തിയാൽ ചാലയിലെ തമിഴരെ ഉപദ്രവിക്കുമെന്നു് ഭീഷണിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

Mr. Speaker : That question is disallowed.

ശ്രീ. എ. കുഞ്ഞൻനാടാർ : കേസുകൾ നടത്തിയാൽ അഴിമതികൾ വെളിപ്പെടുത്തുവാൻ സാധിക്കുമെന്നു് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അഴിമതികൾ ഉണ്ടെങ്കിൽ വെളിപ്പെടും.

ശ്രീ. എ. താണുപിള്ള : സർ, ഞാൻ മുമ്പു പറഞ്ഞതുപോലെ ഇങ്ങനെയൊരു ആരോപണമുള്ള സ്ഥിതിക്കു് അതിനുവേണ്ടിയെങ്കിലും കേസു നടത്താൻ ആലോചിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കേസുനടത്തേണ്ട കാര്യത്തെപ്പററി ആലോചിക്കേണ്ട കാര്യമേയില്ല. പിൻവലിക്കേണ്ട കാര്യത്തെക്കുറിച്ചു മാത്രമേ ആലോചിക്കേണ്ടതുള്ളു.

ശ്രീ. കെ. സി. ജോർജ്ജ് : മർദ്ദനം ഏററവർക്കു് പരിഹാരം കൊടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : വെടിവയ്പിൽ മരിച്ചവരുടെ ബന്ധുക്കൾക്കു് നഷ്ടപരിഹാരം നൽകിയിട്ടുണ്ടു്.

ശ്രീ. കെ. സി. ജോർജ്ജ് : വെടി ഏററു മരിക്കാതെ മരിച്ചു ജീവിക്കുന്നവർക്കു് നഷ്ടപരിഹാരം കൊടുക്കുന്ന കാര്യത്തെക്കുറിച്ചാലോചിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആലോചിക്കാം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഈ ഗവണ്മെൻറിന് ഐ. ഡി. പി. യുമായി ഏകസംബന്ധ ച്ചുള്ള അഭിപ്രായമെന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഔദ്യോഗികമായി ഇതിനെ സംബന്ധ ച്ചുള്ള അഭിപ്രായം രേഖപ്പെടുത്തേണ്ടതു് ലജിസ്ലേച്ചറിന്റെ ജൂറിസ്ഡിക്ഷനിൽപ്പെട്ടതാണ്. അതിനാൽ ഗവണ്മെൻറ് എന്നുള്ള നിലയിൽ അതിനെക്കുറിച്ച് ഒരഭിപ്രായം രൂപീകരിക്കുവാൻ സാധ്യമല്ലാ എന്നു ഞാൻ പറഞ്ഞുകഴിഞ്ഞു.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : കാൺഗ്രസ്സ് പാർട്ടിക്കു് ഇക്കാര്യത്തിലുള്ള അഭിപ്രായം എന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് കാൺഗ്രസ്സ് പാർട്ടിയോടുതന്നെ ചോദിക്കണം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : കാൺഗ്രസ്സ് പാർട്ടിയുടെ ലീഡറല്ലേ ഇപ്പോഴത്തെ മുഖ്യമന്ത്രി?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു മുഖ്യമന്ത്രി ആകുന്നതിന്റെ Antecedent ആണ്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : കാൺഗ്രസ്സ് പാർട്ടിയുടെ നയപരിപാടിയല്ലേ ഇവിടെ നടപ്പിൽ വരുത്തുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് ഈ ചോദ്യത്തിൽ വരുമെന്നു തോന്നുന്നില്ല... ഏതായാലും നിവൃത്തിയുള്ളിടത്തോളം കാൺഗ്രസ്സിന്റെ നയപരിപാടികൾ നടപ്പിൽ വരുത്തുവാൻ ശ്രമിക്കുമെങ്കിലും എല്ലാ കാര്യങ്ങളിലും അതു സാദ്ധ്യമല്ല. ഉദാഹരണമായി ഭാഷാപരപ്രവിശ്യയെക്കുറിച്ചാണെങ്കിൽ ഈ ഗവണ്മെൻറിനു അതിൽ അധികാരമില്ല. കേന്ദ്രഗവണ്മെൻറാണു അതു ചെയ്യേണ്ടതു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഈ ഗവണ്മെൻറിന്റെ അഭിപ്രായം കേന്ദ്രഗവണ്മെൻറിനെ ധരിപ്പിക്കരുതോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ കാര്യത്തെക്കുറിച്ചന്വേഷിക്കുന്നതിന് കേന്ദ്രഗവണ്മെൻറിൽനിന്നും ഒരു ഉന്നതാധികാര കമ്മീഷനെ നിയമിച്ചിട്ടുണ്ടു്. ആ കമ്മീഷന്റെ മുമ്പാകെ കാൺഗ്രസ്സ് പാർട്ടിയുടെ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : കാൺഗ്രസ്സ് പാർട്ടിയുടെ ഇപ്പോഴത്തെ ലീഡർ ചീഫ് മിനിസ്റ്ററായി വന്നതിനുശേഷം അങ്ങനെ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. കെ. എം. ജോർജ്ജ് : സർ, ഈ ഗവണ്മെൻറിന് ഭാഷാപരപ്രവിശ്യയെ സംബന്ധിച്ചുള്ള നയം എന്തെന്നാണു ചോദ്യം. അതിനു പാർട്ടിയുടെ നയത്തെപ്പററി ചോദിക്കുന്നതു് സംഗതമാണോ?

മി. സ്പീക്കർ : കാൺഗ്രസ്സുപാർട്ടി ഗവണ്മെൻറായതുകൊണ്ടു് പാർട്ടിയുടെ ഇതു സംബന്ധിച്ചുള്ള അഭിപ്രായത്തെക്കുറിച്ചുകൂടി ചോദിക്കുന്നതു് അസംഗതമാവുകയില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : കാണ്ഗ്രസ്സ്പാർട്ടി എടുത്ത അഭിപ്രായം നടപ്പിലാക്കാൻ ശ്രമിക്കേണ്ടതല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ശ്രമിക്കേണ്ടതാണ്. പക്ഷെ ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം അങ്ങനെ ശ്രമിച്ചതുകൊണ്ട് വലിയ പ്രയോജനമൊന്നുമുണ്ടാകയില്ല. കാരണം അതു് ഈ ഗവണ്മെൻറിന്റെ അധികാരപരിധിയിൽപ്പെട്ടതല്ല. സംസ്ഥാന പുനർവിഭജന കമ്മിഷൻ ചെയ്യേണ്ട ഒരു കാര്യമാണ്. ഈ കാര്യത്തെ സംബന്ധിച്ച് ഭരണഘടന മൂന്നും, നാലും വകുപ്പുകളിൽ പറഞ്ഞിട്ടുണ്ട്. അതു പരിശോധിച്ചാൽ സ്റ്റേറ്റ് ഗവണ്മെൻറുകൾക്ക് ഈ കാര്യത്തിൽ യാതൊരു സ്ഥാനവുമില്ലെന്നു കാണാൻ കഴിയും.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള: ഭാഷാപ്രവിശ്യ കമ്മിഷന്റെ മുമ്പാകെ ഈ ഗവണ്മെൻറിന്റെ അഭിപ്രായം രേഖപ്പെടുത്തുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മുൻ മന്ത്രിസഭ ഭാഷാ സംസ്ഥാന കമ്മിഷൻ മുമ്പാകെ ഔദ്യോഗികമായി അഭിപ്രായം രേഖപ്പെടുത്തിയതായി ഞാൻ ധരിച്ചിട്ടില്ല. ശ്രീ. താണുപിള്ള അങ്ങനെ ഒന്നു ചെയ്തിട്ടുണ്ടെന്ന് പ്രസ്താവിച്ചതുകൊണ്ട് അതു പരിശോധിച്ചശേഷം കൂടുതലായി എന്തെങ്കിലും രേഖപ്പെടുത്തേണ്ടതുണ്ടോ എന്ന് ആലോചിക്കാവുന്നതാണ്.

ശ്രീ. എ. കുഞ്ഞൻ നാടാർ: മുൻ ഗവണ്മെൻറ് കമ്മിഷന്റെ മുമ്പാകെ കൊടുത്തിട്ടുള്ള അഭിപ്രായം ആരെ പ്രതിനിധീകരിച്ചാണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ കൊടുത്തു എന്നു തന്നെ ഇപ്പോഴാണു മനസ്സിലാക്കുന്നതു്. പിന്നെ എങ്ങനെയാണ് ഇതിനുത്തരം പറയുന്നതു്.

തമിഴ് ഭാഷാപ്രവിശ്യാ പ്രക്ഷോഭണം.

* 10. [11] ശ്രീ. കെ. സി. ജോർജ്ജ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവിതാംകൂർ–കൊച്ചിയിലെ തമിഴ് ഭൂരിപക്ഷപ്രദേശങ്ങളിലെ തമിഴ് ജനത ഭാഷാപ്രവിശ്യയ്ക്കുവേണ്ടി പ്രക്ഷോഭണം നടത്തുന്നതായി ഗവണ്മെൻറിന് അറിയാമോ;

(ബി) അവരുടെ ന്യായമായ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുന്നതിനാവശ്യമായ വല്ല നടപടികളും ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:)

(എ) തിരുവിതാംകൂർ–കൊച്ചിയിലെ തമിഴ് ഭൂരിപക്ഷപ്രദേശങ്ങളിലെ തമിഴ് ജനത ഭാഷാപ്രവിശ്യയ്ക്കുവേണ്ടി ആഗ്രഹിക്കുന്നുണ്ടെന്നറിയാം.

(ബി-സി) ഭാഷാപ്രവിശ്യയെപ്പററി അന്വേഷിച്ച് റിപ്പോർട്ട ചെയ്യുന്നതിന് ഒരു കമ്മീഷനെ നിശ്ചയിച്ചിട്ടുണ്ട്. ആ കമ്മീഷന്റെ റിപ്പോർട്ട് വരുന്നതുവരെ ഈ വിഷയത്തെപ്പററി ഒന്നും ചെയ്യുക സാദ്ധ്യമല്ല.

ശ്രീ. മഞ്ജുനാഥപ്രഭു: തമിഴ് ഭൂരിപക്ഷ പ്രദേശങ്ങൾ ഏതൊക്കെയാണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: അതിന്ന് നോട്ടീസ്സുവേണം. സെൻസസ്സ് റിപ്പോർട്ട് നോക്കണം.

ശ്രീ. മഞ്ജുനാഥപ്രഭു: തമിഴ് ഭൂരിപക്ഷപ്രദേശങ്ങൾ ഏതെന്നു തീരുമാനിക്കാതെ എങ്ങനെ ഉത്തരം നൽകി എന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒരുകൂട്ടം പൗരന്മാർ ഐക്യ തമിഴകം വേണം, ആ പ്രദേശങ്ങൾ മദ്രാസ് സംസ്ഥാനത്തോടു ചേർക്കണം എന്നു പറയുന്നുണ്ട്. അങ്ങനെ പറയുന്ന ഭൂരിപക്ഷം ജനങ്ങൾ തമിഴ് സംസാരിക്കുന്ന പ്രദേശങ്ങളിലുള്ളവരാണ്.

ശ്രീ. മഞ്ജുനാഥപ്രഭു: തമിഴ് ഭൂരിപക്ഷമുള്ളത് ഏതു താലൂക്കുകളാണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അത് നോക്കിയേ പറയാൻ സാധിക്കയുള്ളു. നോട്ടീസ് വേണം.

ശ്രീ. ടി. വി. ദിവാകരൻ: ഏതെല്ലാം താലൂക്കുകളിലാണ് തമിഴ് ജനത ഭൂരിപക്ഷമുള്ളതെന്ന് പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: അത് സെൻസസ്സ് റിപ്പോർട്ട് നോക്കാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഈ രാജ്യത്ത് ഐക്യകേരളം വേണമെന്ന് പ്രക്ഷോഭണം നടത്തുന്നവരോട് കാണിക്കുന്ന മനോഭാവം ഐക്യ തമിഴകം വേണമെന്നു പറയുന്നവരോട് കാണിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: അതായിരിക്കും ഗവണ്മെൻറിന്റെ നയം.

ശ്രീ. കെ. എ. ബാലൻ: തമിഴ്നാട് പ്രക്ഷോഭണം സംബന്ധിച്ച് അന്വേഷണം നടത്തിയശേഷം ശ്രീ. ഉദയഭാനു പുറപ്പെടുവിച്ചിട്ടുള്ള പ്രസ്താവന എന്തായിരുന്നു എന്നു അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അത് ഞാൻ നോക്കിയിട്ടില്ല.

ശ്രീ. കെ. എ. ബാലൻ: അതാണോ ഗവണ്മെൻറിന്റെ ഔദ്യോഗികനയം?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു കാണാതെ എങ്ങനെ പറയാൻ കഴിയും?

ശ്രീ. എ. കുഞ്ഞൻനാടാർ: മുൻ ഗവണ്മെൻറ് ഭാഷാപ്രവിശ്യാ കമ്മീഷന് കൊടുത്തിട്ടുള്ള വിവരം ഈ സഭയിലെ അംഗങ്ങൾക്ക് നൽകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് കാൺഫിഡൻഷ്യലാണോ എന്നു പരിശോധിക്കാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. കുഞ്ഞൻനാടാർ: പതിനെട്ടാം നൂററാണ്ടിലെ ഭൂവുടമസോഷ്യലിസ്റ്റാശയങ്ങൾ അതിൽ കൊള്ളിച്ചിട്ടുണ്ടെന്നു അറിയാമോ?

ശ്രീ. എ. താണുപിള്ള: സർ, ഈ സഭയുടെ അന്തസ്സ് അല്പമായിട്ടെങ്കിലും പരിപാലിക്കണമെന്നു് എനിക്ക് അപേക്ഷയുണ്ടു്.

ശ്രീ. കെ. എം. ജോർജ്ജ്; അല്പമായിട്ടല്ല മുഴുവനും പരിപാലിക്കുതന്നെ വേണം.

ശ്രീ. എ. കുഞ്ഞൻ നാടാർ: അന്തസ്സ് വെളിയിലും പരിപാലിക്കണം.

ശ്രീ. എ. താണുപിള്ള: ഈ ഗവണ്മെൻറിന് ഭാഷാപ്രവിശ്യാരൂപീകരണം സംബന്ധിച്ചു് ഒരു നില സ്വീകരിക്കേണ്ടിവന്നാൽ അതു് ടി. ടി. എൻ. സി. യുടെ നിലയായിരിക്കുമോ, കാൺഗ്രസ്സിൻെറ നിലയായിരിക്കുമോ എന്നു് അറിഞ്ഞാൽ കൊള്ളാം?

ശ്രീ. പനമ്പിള്ള, ഗോവിന്ദമേനോൻ: കാൺഗ്രസ്സിൻെറ നില അക്കാര്യത്തിൽ എന്താണെന്നറിയാമെന്നുണ്ടെങ്കിൽ ഈ ചോദ്യം കൂടാതെ തന്നെ ഗവണ്മെൻറിൻെറ നില അറിയാൻ കഴിയും. ഭാഷാപ്രവിശ്യകളെ സംബന്ധിച്ചിടത്തോളം ഓരോ പ്രദേശത്തുമുള്ള ജനങ്ങൾ അവരുടെ അഭിപ്രായങ്ങൾ രൂപീകരിക്കയും അതിനെപ്പററി ഒരു കപാസി ജുഡിഷ്യൽ എൻക്വയറി നടത്തി തീരുമാനം ചെയ്യുകയും ചെയ്യണമെന്നാണു് വച്ചിട്ടുള്ളതു്. അതുകൊണ്ടാണു് മദ്രാസ് സംസ്ഥാനം ഒരു കാമ്പോസിറ്റ് സ്റ്റേററായിരുന്നപ്പോൾ, ആന്ധ്ര സംസ്ഥാനം വേണമെന്നു് പ്രക്ഷോഭണം നടന്നപ്പോൾ മററു പ്രദേശത്തിലെ കാൺഗ്രസ്സുകാർ അതിനെപ്പററി അത്രതന്നെ അഭിപ്രായം പ്രകടിപ്പിക്കാതിരുന്നതു്. അതുകൊണ്ടു് ഗവണ്മെൻറിനെ സംബന്ധിച്ചിടത്തോളം അക്കാര്യത്തിൽ വിഷമമൊന്നുമില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ബൗണ്ടറി കമ്മീഷൻെറ റിപ്പോർട്ട് അതേപടി സ്വീകരിച്ചുകൊള്ളാമെന്നാണോ ഗവണ്മെൻറിൻെറ നയം?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ പ്രശ്നം ഉദിക്കുന്നില്ല. അതു് സ്വീകരിക്കേണ്ടതു് ഈ ഗവണ്മെൻറല്ല.

ശ്രീ. ടി. കെ. ദിവാകരൻ: സെൻട്രൽ പാർലമെൻറ് അക്കാര്യത്തിൽ ഒരു തീരുമാനമെടുക്കുന്നതിനുമുമ്പ് ഈ സഭയുടെ അഭിപ്രായം അറിയുന്നതിന് ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഭരണഘടന അനുസരിച്ചു് അതു് അനുപേക്ഷണീയമാണു്.

ശ്രീ. ടി. കെ. ദിവാകരൻ : അത്‌ നെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിന്റെ നില എന്തായിരിക്കും; സഭയുടെ അഭിപ്രായമാണോ ഗവണ്മെൻറിന്റെ അഭിപ്രായമാണോ അറിയിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവണ്മെൻറിന്റെ അഭിപ്രായമല്ല രേഖപ്പെടുത്തുന്നതു്. നിയമസഭയിൽ വാദപ്രതിവാദംചെയ്തു് അതിന്റെ റിപ്പോർട്ടു് കേന്ദ്രത്തിന്‌ അയച്ചുകൊടുക്കുമെന്നാണു് എന്റെ ധാരണ.

ശ്രീ. ടി. കെ. ദിവാകരൻ: ഇതു സംബന്ധിച്ചു് ഗവണ്മെൻറിന്റെ നയമെന്താണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവണ്മെൻറിന്‌ നടത്താൻ സാധിക്കുന്നതായിരിക്കും നയം.

മന്ത്രിമാരുടെ ശമ്പളം.

* 11. [12] ശ്രീ. പി. കുഞ്ഞൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സഭയിൽ മറുപടി പറയുമോ:

(എ) കാൺഗ്രസ്സു മന്ത്രിമാരുടേയും, പി. എസ്‌. പി. മന്ത്രിമാരുടേയും പ്രതിമാസശമ്പളം എത്ര വീതമായിരുന്നു;

(ബി) പി. എസ്‌. പി. മന്ത്രിമാരുടെ ശമ്പളത്തിൽ കുറവുവരുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര;

(ഡി) അതുമൂലം ഗവണ്മെൻറിന്‌ ലാഭമോ നഷ്ടമോ എത്ര?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) തിരുവിതാംകൂർ–കൊച്ചിയിലെ മന്ത്രിമാരുടെ Salaries and Allowances Act അനുസരിച്ചു് മന്ത്രിമാരുടെ ശമ്പളം പ്രതിമാസം 700 രൂപ വീതമാണു്.

(ബി) മുൻമന്ത്രിസഭയിലെ മന്ത്രിമാർ ഈ നിയമത്തിൽ വ്യത്യാസമൊന്നും വരുത്തിയിട്ടില്ല. 700 രൂപ ശമ്പളത്തിൽ നിന്നും 200 രൂപ വീതം സ്വജനന്യമായി ഗവണ്മെൻറിലേയ്ക്കു് വിട്ടുകൊടുത്തിട്ടുണ്ടു്.

(സി, ഡി) അങ്ങിനെ വിട്ടുകൊടുത്തതുമൂലം 8767 രൂപ 11 ആണ. ഗവണ്മെൻറിലേക്കു് കിട്ടിയിട്ടുണ്ടെന്നു വിചാരിക്കാം.

ശ്രീ. പി. കുഞ്ഞൻ : പി. എസ്‌. പി. മന്ത്രിമാരുടെ ശമ്പളം കുറയ്ക്കുകയും കാൺഗ്രസ്സു് മന്ത്രിമാരുടെ ശമ്പളം കുറയ്ക്കാതിരിക്കുകയും ചെയ്യുന്നതിൽ വല്ല പ്രത്യേകതയുമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പി. എസ്‌. പി. മന്ത്രിമാരുടെ ശമ്പളം കുറച്ചിട്ടില്ല.

ശ്രീ. എ. കുഞ്ഞൻനാടാർ : മന്ത്രിമാർക്കു് 700 രൂപ ശമ്പളം നിശ്ചയിച്ചതു പി. എസ്‌. പി. പാർട്ടിക്കുടി വോട്ടുചെയ്തല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ നിയമസഭയിലെ എല്ലാ മെമ്പറന്മാരും അധിനെ അനുകൂലിച്ചു് വോട്ടുചെയ്തു. എന്നാണു് എന്റെ ഓർമ്മ. അന്നു് പി. എസ്. പി. ഉണ്ടായിരുന്നോ എന്നെനിക്കു് ഓർമ്മയില്ല.

ശ്രീ. എ. കുഞ്ഞൻനാടാർ : ശമ്പളം കുറച്ചിട്ടു് അലവൻസിനത്തിൽ കൂടുതലായി തട്ടിയെടുത്തതു് എത്ര രൂപയാണെന്നു പറയാമോ?

Mr. Speaker : That question is disallowed.

ശ്രീ. പി. കുഞ്ഞൻ : 500 രൂപകൊണ്ടു് കാര്യം സാധിച്ചുകൂടേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എന്തു കാര്യം സാധിക്കാനാണു്?

ശ്രീ. പി. കുഞ്ഞൻ : പി. എസ്. പി. മന്ത്രിമാർ വാങ്ങിയിരുന്ന 500 രൂപ കാൺഗ്രസ്സു് മന്ത്രിമാക്കും വാങ്ങി കാര്യം നടത്താൻ സാധിക്കയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ മന്ത്രിമാക്കു് സാധിക്കയില്ല.

ഹരിജൻവിദ്യാർത്ഥികളും കാളേജു പ്രവേശനഫീസും.

* 12. [13] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) സ്കൂൾവർഷാരംഭസമയത്തു കാളേജു പ്രവേശനത്തിനുപോകുന്ന ഹരിജൻ വിദ്യാർത്ഥികളിൽ നിന്നു് പ്രൈവറ്റുകാളേജുകളിൽ പ്രവേശനഫീസും മറ്റും ആവശ്യപ്പെടുന്നതുകൊണ്ടു് സാധുക്കളായ കുട്ടികൾക്കു് വളരെവിഷമതകൾ നേരിട്ടിരുന്നു എന്നുള്ള വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വർഷത്തിൽ അതിനെ സംബന്ധിച്ചു എത്ര പരാതികൾ ഗവണ്മെന്റിനു് ലഭിച്ചിട്ടുണ്ടു്;

(സി) അടുത്ത വർഷത്തിൽ ആ ബുദ്ധിമുട്ടുകളെ ഒഴിവാക്കുവാൻ ഗവണ്മെന്റു എന്തു നടപടിയാണു് കൈക്കൊള്ളുവാൻ പോകുന്നതെന്നു പറയാമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ഇല്ല.

(ബി) ഒന്നും ലഭിച്ചിട്ടില്ല.

(സി) എന്തെങ്കിലും വിഷമതകൾ അടുത്തവർഷം നേരിടുന്നപക്ഷം അവ ഒഴിവാക്കാൻ വേണ്ട സത്വരനടപടികൾ സ്വീകരിക്കുന്നതാണു്.

ശ്രീ. ടി. ഒ. ബാവാ : പ്രൈവറ്റുകാളേജുകളിൽ പഠിക്കുന്ന ഹരിജനവിദ്യാർത്ഥികളുടെ ഫീസ് അതാതുസമയത്തു് കാളേജധികൃതർക്കു് നൽകാത്തതുകൊണ്ടു് വിദ്യാർത്ഥികളിൽ നിന്നും ഫൈൻ ഈടാക്കുന്നതായി ഖല്ലപ്പരാതിയുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഫൈൻ ഈടാക്കിവരുന്നതായി ഗവണ്മെൻറിന്റെ ദൃഷ്ടിയിൽപെട്ടിട്ടില്ല. സ്റ്റൈപ്പൻറ് കിട്ടാൻ താമസം വരുന്നുണ്ട്. അതു് കാളേജുകളിൽനിന്നും ബില്ലുകൾ വരുന്നതിനുള്ള താമസംകൊണ്ടാണ്. അതും പരിഹരിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

എൻ. ജി. ഓ. മാരുടെ ടൈംസ്കെയിൽ.

* 13. [14] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ടൈംസ്കെയിൽ എന്നാണ് ഗവണ്മെൻറ് നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നതു്;

(ബി) പി. എസ്. പി. ഗവണ്മെൻറ് തയ്യാറാക്കിയ ടൈംസ്കെയിൽ വ്യവസ്ഥയിൽ ഉണ്ടായിട്ടുള്ള പരാതികൾ ഏതെല്ലാം വിഭാഗത്തിൽപെട്ട ഉദ്യോഗസ്ഥന്മാരിൽ നിന്നാണ് കൂടുതൽ ലഭിച്ചിരിക്കുന്നതു്;

(സി) ആ പരാതികൾ ഇല്ലാതാക്കുന്നതിനുവേണ്ടി ഈ ഗവണ്മെൻറ് എന്തെങ്കിലും മാററങ്ങൾ വരുത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തെല്ലാം?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പുതിയ ശമ്പളസ്കെയിലുകൾ 1955 ഏപ്രിൽ 1-ാംതീയതി മുതൽ നടപ്പിൽവരുത്താനാണ് ഉദ്ദേശിക്കുന്നതു്.

(ബി) ഗവണ്മെൻറപ്രസ്സ് ജീവനക്കാർ, അദ്ധ്യാപകന്മാർ, വില്ലേജ് ഉദ്യോഗസ്ഥന്മാർ, ആയുർവേദവൈദ്യന്മാർ, കമ്പൗണ്ടർമാർ, സ്റ്റാക്കുമെൻ, സ്റ്റേഷനറിയിലേയും, ഇൻഷ്വറൻസ്സിലേയും, ലോക്കൽഫണ്ട് ആഡിററ് ഡിപ്പാർട്ടുമെൻറിലേയും ക്ലാർക്കന്മാർ തുടങ്ങി പല വിഭാഗക്കാരിൽനിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(സി, ഡി) ഇതിൽ പ്രധാനമായ മാററങ്ങൾ വരുത്തിയിരിക്കുന്നതു് അദ്ധ്യാപകന്മാരുടെ കാര്യത്തിലാണ്. എൻ. ജി. ഓ. യിൽ ഇല്ലാതിരുന്ന പ്രൈവററ് അദ്ധ്യാപകന്മാരുടെ കാര്യത്തിൽ പ്രത്യേകിച്ചും സാരമായ മാററങ്ങൾ വരുത്തിയിട്ടുണ്ട്. പിന്നെ നിലവിലുള്ള ആർഡറിലെ കുറവുകളും വന്നിട്ടുള്ള ആക്ഷേപങ്ങളും അന്വേഷിച്ച് റിപ്പോർട്ടുചെയ്യാൻ ഒരു പെയ് കമ്മീഷനെ നിയമിച്ചിട്ടുണ്ട്.

ശ്രീ. എൻ. ജി. ചാക്കോ : ടൈംസ്കെയിൽ അനുവദിച്ചപ്പോൾ വെയിറേറജ് നൽകിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ടൈംസ്കെയിൽ എന്നു പറയുന്നതു ശരിയല്ല. ഇതൊരു പെയ് റിവിഷനാണ്. വെയിറേറജ് നൽകണമെന്ന് തീരുമാനിച്ചിട്ടുണ്ട്. അതു് ഏതു വിധത്തിൽ വേണമെന്ന് തീരുമാനിച്ചിട്ടില്ല. ഇപ്പോഴുള്ള തീരുമാനമനുസരിച്ച് ഏപ്രിൽ ഒന്നാംതീയതിമുതൽ ശമ്പളം കൊടുത്തുതുടങ്ങും. പെയ് കമ്മീഷന്റെ റിപ്പോർട്ടിന്മേലുള്ള ഗുണാനുഭവങ്ങൾ ഏപ്രിൽ ഒന്നാംതീയതി മുതൽ കിട്ടത്തക്കവണ്ണമുള്ള ഏർപ്പാടുകളും ഉണ്ടാകും.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഗ്രാൻറസ്സും അദ്ധ്യാപകരുടെ കാര്യത്തിലെ എന്താണ് മാററം വരുത്തിയതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പ്രൈവററ പ്രൈമറി അദ്ധ്യാപകന്മാർക്ക് സർക്കാർ അദ്ധ്യാപകന്മാരുടെ നിരക്കിതു തന്നെ ശമ്പളസ്കെയിൽ നിശ്ചയിച്ചിട്ടുണ്ട്. അതനുസരിച്ച് ഗവണ്മെൻറിൽ നിന്നും ഗ്രാൻറുകൊടുക്കുന്നതിനും നിശ്ചയിച്ചിട്ടുണ്ട്. ഈ ഗ്രാൻറു കൊടുക്കുന്നതു് കൊച്ചിയിലെ നിലവിലിരുന്ന ഗ്രാൻറു ഇൻ എയിഡ് റൂളുകൾ അനുസരിച്ചായിരിക്കും.

ശ്രീ. എം. പി. ചന്ദ്രശേഖരപിള്ള : അവർക്കു ഡിയർനസ് അലവൻസ് ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്.

ശ്രീ. കെ. പി. ഹാർമിസ് : ഇലക്ട്രിക്കൽ ഡിപ്പാർട്ടുമെൻറിലെ അസിസ്റ്റൻറ് വെയർമാൻമാരിലിനിന്നും പരാതികൾ ലഭിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കിട്ടിയിട്ടുണ്ടാകാം.

ശ്രീ. ടി. ഒ. ബാവാ : കമ്പൗണ്ടർമാരുടേയും നെഴ്സുകളുടേയും ശമ്പളം നിശ്ചയിച്ചതി വളരെ ന്യൂനതകളുണ്ടെന്നു് പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ലഭിച്ചിട്ടുണ്ടെന്നാണ് ഓർമ്മ.

ശ്രീ. ടി. കെ. ദിവാകരൻ : പല വിഭാഗക്കാരിൽ നിന്നും പരാതികൾ ലഭിച്ചിട്ട് ഒരു വിഭാഗത്തിൻെറ കാര്യം മാത്രം പരിഹരിച്ച് മററെല്ലാം പെയ്യ് കമ്മീഷനു് വിട്ടതു് എന്തുകൊണ്ടാണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പരിഹരിച്ച വിഭാഗത്തിൻെറ കാര്യം കൂടുതൽ സ്പഷ്ടമായതും കൂടുതൽ ആലോചിക്കാതെ തീരുമാനിക്കത്തക്കതുമായിരുന്നു.

ശ്രീ. ടി. കെ. ദിവാകരൻ : ഗവണ്മെൻറപ്രസ്സ് ജീവനക്കാരുടെ പരാതികൾ ഗവണ്മെൻറു എന്തുകൊണ്ട് പരിഹരിച്ചില്ല?

2. These associations should meet regularly and be made attractive to the parents by providing (a) interesting discussions; (b) talks by eminent persons; (c) display of children's co-curricular activities like sports, festivals, dramatic performances etc., (d) film shows of educational interest ; (e) maintenance of a circulating library for the use of parents. Problems of school children can be solved effectively by means of collective or individual discussions with the parents.

3. In the constitution framed for the conduct of these associations, their functions should be defined to avoid the possibility of interference in the internal working of the school.

4. It should be one of the objects of these associations to co-operate with the school staff in improving educational facilities like better playgrounds, better appliances, and teaching aids.

Scouting Girl Guiding and other Youthful Organisations.

1. In schools where organisations such as (1) National Cadet Corps and Auxiliary Cadet Corps : (2) Bharat Scouts and Guides ; (3) Bharat Sevadal, for boys and girls ; (4) Red Cross Groups : (5) Young Farmers Clubs or Four-H-Clubs (6) Youth Hostel Movement ; (7) Social Service Clubs ; are not already functioning, steps should immediately be taken to organise them.

2. Scouting and Guiding, being a popular international organisation of proved value in character-building and leadership, should find a prominent place in schools. Trained Scouters and Girl Guiders are essential for their effective functioning. Scout training camps including camps for advanced training should therefore be a regular feature of our training institutions.

3. Bharat Sevadal activities may be introduced in schools side by side with scouting wherever there is a demand, with equal opportunities for their development.

4. Effective Red Cross activities including first aid, home nursing and inculcation of Road Sense may be introduced in all Schools.

5. The starting of Young Farmers Clubs wherever there are facilities, particularly in rural schools, is recommended.

6. The Youth Hostel Movement, still in its infancy, may be established and popularised.

7. All Youth Organisations should be under the proper control and guidance of teachers who have received special training in the respective organisations.

Manual Labour and Social Service.

1. In view of the high educational value of manual labour and social service in developing the character and discipline of students, participation in manual labour and social service activities during a specified period should be made a necessary condition for the issue of the S. S. L. Certificate.

2. Headmasters may be permitted to provide at least one afternoon every week (preferably on the last working day) for manual labour and social service activities, classes being assigned by turns.

3. With a view to focus public attention on the subject of manual labour and social service activities and to stress their educational value a labour and social service week should be organised in schools during a specified week throughout India as is done now in Travancore-Cochin State.

Guidance and Counselling in Secondary Schools.

1. The recommendation of the Secondary Education Commission that educational guidance should receive much greater attention on the part of educational authorities, is endorsed.

2. Training centres in different regions may be started by the Central Government as suggested by the Commission to train Guidance Officers and Career Masters needed by the different States, teachers being selected as candidates for such training.

3. Educational films showing the conditions of industrial, agricultural, technical and other vocations may be prepared and made available for use in schools to give pupils information and guidance in the choice of their professions.

4. Career conferences may be organised where students, parents, businessmen and industrialists meet to discuss the possibilities of absorbing students coming out of schools in the available industries and business and what training skill or aptitudes are required for the various jobs.

5. A Central Research Organisation may be established for educational and vocational guidance and for the preparation of tests with special reference to Indian conditions.

6. It would be advisable for every State to have a Bureau of Vocational and Educational Guidance to plan and co-ordinate the guidance activities of the State as suggested by the Secondary Education Commission.

The Teachers' Charter for India.

1. This Committee would like to express its high sense of gratitude to the All India Federation of Educational Association for having drawn up the Teachers' Charter for India.

2. This Committee is in full agreement with the rights and responsibilities laid down in the Charter and would like to request the Federation and other Teachers' Organisations to take the necessary steps to secure due recognition for the Charter from Central and State Governments.

3. This Committee desires to make a strong appeal to all the teachers of this country to endeavour to discharge faithfully all the responsibilities set forth in the Charter.

4. In order to focus public attention on the Teachers' Charter we would like to request the All India Federation of Educational Association to arrange for the observance of the Teachers' Charter Day annually throughout India.

Teachers' Constituency.

1. Education being a subject of paramount importance in national reconstruction, it is desirable that teachers be represented through Special Constituencies in the Legislature.

2. That only teachers be eligible to stand as candidates in such Special Constituencies.

3. That the franchise be extended to teachers of all grades, from the Primary to the University.

Convener,
Committee
9th Nov. 1954.

V. RAMANATHAN,
Director,
Headmasters' Seminar.

HEADMASTERS' SEMINAR, PEERMADE.

Resolution passed by the Special Committee, and approved by the General Conference.

Moral Instruction.

This Seminar of High School Headmasters is of the opinion that Moral Training is essential for the development of human Character and Personality. Head Masters and Head Mistresses who desire to have Moral Instruction in School, be accorded the necessary permission to have it for one period per week.

Convener.
Special Committee,
12th Nov. 1954.

V. RAMANATHAN,
Director,
Headmasters' Seminar.

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

SECOND SESSION—1955.

Saturday, the 19th March, 1955.

Vol. XIII] OFFICIAL REPORT [No. 2

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Saturday, the 19th March, 1955, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day)

ORAL ANSWERS

† കാർഷിക കലാശാല.

* 18. [1] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സ്റ്റേറ്റിൽ അടുത്ത വിദ്യാലയവർഷം മുതൽ ഒരു കാർഷികകലാശാല ആരംഭിക്കുവാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിനകം അതിനുവേണ്ട എന്തെല്ലാം പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട് ;

(സി) അതിന്റെ ആസ്ഥാനം എവിടെയായിരിക്കണമെന്നാണ് ഗവണ്മെൻറുദ്ദേശിക്കുന്നത് ;

(ഡി) അതിലേയ്ക്കു മൊത്തം എന്തു ചെലവുവരും ;

(ഈ) കേന്ദ്രഗവണ്മെറിൽ നിന്നും ഈ സ്ഥാപനത്തിന് എന്തെങ്കിലും സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ ;

† Question put by Shri P. Viswambaran with the permission of the Chair.

(എഫ്) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം): (എ) ഉണ്ട്.

(ബി) കെട്ടിടങ്ങളും സ്ഥലവും വാങ്ങിക്കുന്നതിനും, ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനും, പുസ്തകങ്ങൾ, സാമഗ്രികൾ മററു ചെലവുകൾ മുതലായവയ്ക്കുമായി അടുത്ത കൊല്ലത്തെ ബഡ്ജററിൽ വേണ്ട തുക കൊള്ളിക്കുന്നതിന് ഏർപ്പാടു ചെയ്തിട്ടുണ്ട്. കൂടാതെ കലാശാലാപദ്ധതി പൂർണ്ണമാക്കുന്നതിനുള്ള ചെലവു 2-ാം പഞ്ചവത്സരപദ്ധതിയിൽ ചേർക്കുന്നതിനും ഏർപ്പാടു ചെയ്തിട്ടുണ്ട്.

(സി) ഇൻഡ്യാഗവണ്മെൻറിലേയ്ക്കു യച്ച പദ്ധതിയിൽ തിരുവനന്തപുരത്തിനു 5 മൈൽ തെക്കുള്ള വെള്ളായണിയിൽ ആയിരിക്കുമെന്നാണു സൂചിപ്പിച്ചിട്ടുള്ളത്.

(ഡി) മൊത്തം 88.5 ലക്ഷം രൂപ ചെലവുവരുമെന്നുദ്ദേശിക്കുന്നു.

(ഇ, എഫ്) ഈ സ്ഥാപനത്തിനു കേന്ദ്രഗവണ്മെൻറിൽ നിന്നും സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രഗവണ്മെൻറിന്റെ തീരുമാനം ആയിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി: സർ, ഒരു പോയിൻറ് ആഫ് ആർഡർ. ഈ അസംബ്ലിയിലെ മെംബർ അല്ലാത്ത ഒരാൾ മന്ത്രിയുമായിട്ട് ഈ അവസരത്തിൽ സംസാരിക്കുന്നതു് അനുവദിക്കത്തക്കതാണോ ?

Mr. Speaker: Ministers can consult Officers.

ശ്രീ. എൻ. ജി. ചാക്കോ: വെള്ളായണിക്കായൽ തിരഞ്ഞെടുക്കുന്നതിനു വല്ല പ്രത്യേക കാരണവുമുണ്ടോ ?

ശ്രീ. എ. എ. റഹിം: ശുദ്ധജലതടാകം നെൽക്കൃഷിയ്ക്കു് ഏററവും പററിയതാണെന്നു കണ്ടതുകൊണ്ടാണ് തിരഞ്ഞെടുത്തതു്.

ശ്രീ. കെ. കരുണാകരൻ: ഈ പദ്ധതിയുടെ കൂട്ടത്തിൽ ഒല്ലൂർക്കര എന്ന സ്ഥലത്തെ സംബന്ധിച്ചിടത്തോളം ആലോചിക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. എ. എ. റഹിം: ആലോചിക്കാം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: സർ, അങ്ങനെ ഓരോ സ്ഥലത്തെപ്പററിയും ആലോചിക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. എ. എ. റഹിം: അതു സാധിക്കുകയില്ല.

ഡിസ്പെൻസറി.

* 19. [2] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954-55-ൽ എത്ര ഡിസ്പെൻസറികൾ ആശുപത്രികളായി ഉയർത്തിയിട്ടുണ്ട് ;

(ബി) എന്ത് ഉപാധിയിലാണ് ആശുപത്രികൾ സ്ഥാപിക്കുന്നത് ;

(സി) വ്യാവസായികമായും ജനസംഖ്യാപരമായും ഒരു ഉയർന്ന പട്ടണമായ പുനലൂരിൽ ഒരു നല്ല ആശുപത്രിയുടെ ആവശ്യമുണ്ടെന്നുള്ളതു ഗവണ്മെൻറ് അംഗീകരിക്കുന്നുണ്ടോ ;

(ഡി) ഇതേപ്പററി എന്തെങ്കിലും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(ഇ) അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം): (എ) ഒന്നും ഉയർത്തിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) മററ് സ്ഥലങ്ങളിലെപ്പോലെ പുനലൂരിലും ഒരു ആശുപത്രി ആവശ്യമാണ്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. ഗോപാലൻ : പുനലൂർ ഒരാശുപത്രിയുടെ ആവശ്യം ഉണ്ടെന്ന് ഗവണ്മെൻറിനു ബോദ്ധ്യമില്ലേ ?

ശ്രീ. എ. എ. റഹിം : ആവശ്യമുണ്ടെന്നു ഗവണ്മെൻറിനു ബോദ്ധ്യമുണ്ട്.

ശ്രീ. പി. ഗോപാലൻ : അങ്ങനെയാണെങ്കിൽ അവിടെ ആശുപത്രി സ്ഥാപിക്കാത്തതു് എന്തു കാരണത്താലാണെന്നു പറയാമോ ?

ശ്രീ. എ. എ. റഹിം : അതെപ്പററി ഗവണ്മെൻറ് ആലോചിക്കുന്നതാണ്.

ശ്രീ. പി. ഗോപാലൻ : ഗവണ്മെൻറ് ആലോചിക്കുന്നതാണ് എന്നു പറഞ്ഞാൽ എത്ര സമയം ആലോചനയ്ക്കു് വേണ്ടിവരുമെന്നു പറയാമോ ?

ശ്രീ. എ. എ. റഹിം : ആവശ്യമുള്ളിടത്തോളം സമയം വേണ്ടിവരും.

മിഡ്‌വൈഫറി കേന്ദ്രങ്ങൾ.

* 20. [3] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു് എത്ര മിഡ്‌വൈഫറി കേന്ദ്രങ്ങൾ പ്രവർത്തനം നടത്തിവരുന്നുണ്ട് ;

(ബി) കൂടുതലായി എത്ര കേന്ദ്രങ്ങൾ തുറക്കുന്നതിനു് ഉദ്ദേശിക്കുന്നുണ്ട് ;

(സി) പഞ്ചായത്തുകൾതോറും മിഡ്‌വൈഫറി കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനു് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം): (എ) 353

(ബി) 24.

(സി) ഈ കാര്യം ഗവണ്മെൻറിന്റെ പര്യാലോചനയിലിരിക്കുകയാണ്.

ശ്രീ. പി. ഗോപാലൻ: പഞ്ചായത്തുകൾതോറും മിഡ്‌വൈഫറി കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനു പഞ്ചായത്തുകൾക്കുണ്ടായിട്ടുള്ള സാമ്പത്തിക കഴിവുകേടുകൾ പരിഹരിക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടി ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം: ആവശ്യമായ നടപടികൾ എടുത്തിട്ടുണ്ട്.

ശ്രീ. പി. ഗോപാലൻ: അവക്കാവശ്യമായ ധനസഹായം ചെയ്യാൻ ഗവണ്മെൻറ് വിചാരിക്കുന്നുണ്ടോയെന്നാണ് ഞാൻ ചോദിക്കുന്നത്.

ശ്രീ. എ. എ. റഹിം: അതൊരു പ്രത്യേക ചോദ്യമായി ചോദിക്കണം.

ശ്രീ. എം. വി. ചെറിയാൻ: കഴിഞ്ഞ കൊല്ലം മിഡ്‌വൈഫറി കേന്ദ്രങ്ങളിൽ പരിശീലനം നൽകിയിട്ടില്ലേ?

ശ്രീ. എ. എ. റഹിം: ഉണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: സംസ്ഥാനത്തുള്ള പഞ്ചായത്തുകളിൽ മിഡ്‌വൈഫ്‌റി കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് എത്ര കൊല്ലം വേണ്ടിവരുമെന്നു പറയാമോ?

ശ്രീ. എ. എ. റഹിം: ഏകദേശം 5 കൊല്ലം വേണ്ടിവരുമെന്നാണു തോന്നുന്നത്.

ശ്രീമതി കെ. ആർ. ഗൗരി: സംസ്ഥാനത്തേയ്ക്ക് ആവശ്യമുള്ള മിഡ്‌വൈഫുകളെ 5 കൊല്ലം കൊണ്ട് പരിശീലനം നൽകി ശരിപ്പെടുത്താനുള്ള നടപടികൾ എടുക്കുന്നുണ്ടോ?

ശ്രീ. എ. എ. റഹിം: ഉണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: ഓരോ കൊല്ലവും എത്ര മിഡ്‌വൈഫുകളെ നിയമിക്കേണ്ടതാണെന്നുള്ളതിലേയ്ക്ക് വല്ല വ്യവസ്ഥയും ഉണ്ടോ?

ശ്രീ. എ. എ. റഹിം: ഇത്രപേരെ നിയമിക്കണമെന്ന് ഖണ്ഡിതമായ വ്യവസ്ഥയില്ല. ഇപ്പോൾ 100 ആളുകൾക്ക് രണ്ടുകൊല്ലത്തിലൊന്നിക്കൽ പരിശീലനം കൊടുക്കുന്നുണ്ട്. ഇങ്ങനെ പരിശീലനം നൽകുന്നതു നിമിത്തം അടുത്ത അഞ്ചുവർഷക്കാലംകൊണ്ട് എല്ലാ പഞ്ചായത്തുകളിലും മിഡ്‌വൈഫുകളെ നിയമിക്കാൻ സാധിക്കുമെന്നാണു ഗവണ്മെൻറ് വിചാരിക്കുന്നത്.

ശ്രീമതി. കെ. ആർ. ഗൗരി: ഇപ്പോൾ പരിശീലനം സിദ്ധിച്ചിട്ടുള്ളവർ എത്രപേരുണ്ടെന്നു പറയാമോ?

ശ്രീ. എ. എ. റഹിം: അതു പ്രത്യേകം ഒരു ചോദ്യമായി ചോദിച്ചാൽ പറയാം.

ശ്രീ. ടി. കെ. ദിവാകരൻ : പരിശീലനം സിദ്ധിച്ചിട്ടുള്ള മിഡ്‌വൈഫുകളെ ഏതേതു പഞ്ചായത്തുകളിലേയ്ക്കാണു നിയമിക്കാൻ പോകുന്നതെന്നു പറയാമോ ?

ശ്രീ. എ. എ. റഹിം : അത്യാവശ്യമായ പഞ്ചായത്തുകളിൽ നിയമിക്കണമെന്നാണ് ഉദ്ദേശിച്ചിരിക്കുന്നത്. അതായതു്, യാതൊരുവിധത്തിലുള്ള വൈദ്യസഹായവും ലഭിക്കാൻ ഇടയില്ലാത്ത സ്ഥലങ്ങളിലായിരിക്കും മിഡ്‌വൈഫുകളെ നിയമിക്കുന്നതിൽ മുൻഗണന നൽകുന്നതു്.

ശ്രീ. എൻ. ജി. ചാക്കോ : ഈ വർഷത്തിൽ പത്തൊൻപതു മിഡ്‌വൈഫറികേന്ദ്രങ്ങൾ പുതിയതായി ആരംഭിക്കുമെന്നു പ്രസ്താവന പുറപ്പെടുവിച്ചിട്ടുണ്ടു്. എവിടെയെങ്കിലും ആരംഭിച്ചിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : അതു പ്രത്യേകം ഒരു ചോദ്യമായിട്ടു ചോദിക്കണം.

മി. സ്പീക്കർ : ചോദ്യം 6.

ശ്രീ. പി. ആർ. മാധവൻപിള്ള : സർ, ചോദ്യം അഞ്ചിൽ (എ)-യ്ക്കുള്ള ഉത്തരം കിട്ടിയിട്ടില്ല.

മി. സ്പീക്കർ : ആ വകുപ്പിനുള്ള ഉത്തരം നൽകുന്നതായിരിക്കും.

ഐക്യകേരളം.

*21. [5] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) തമിഴ് ഭൂരിപക്ഷപ്രദേശങ്ങളൊഴിച്ചുള്ള തിരുവിതാംകൂർ-കൊച്ചി സംസ്ഥാനവും മലബാറും ചേർത്തു് ഐക്യകേരളം രൂപീകരിക്കുന്നതിനെപ്പററി ഗവണ്മെൻറിൻെറ മനോഭാവം എന്താണു് ;

(ബി) ഐക്യകേരള രൂപീകരണത്തിനു സഹായകമായ എന്തെങ്കിലും നടപടി അടുത്തകാലത്തു് എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു് ;

(സി) ഭാഷാസംസ്ഥാനങ്ങളെ സംബന്ധിച്ചു് അധികാരമേററെടുക്കുന്നതിനു മുമ്പുണ്ടായിരുന്ന മനോഭാവംതന്നെയാണോ ഇന്നും തുടർന്നുകൂടിക്കുള്ളതു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ, ബി, സി) ഐക്യകേരളമോ അതുപോലെയുള്ള പുതിയ സംസ്ഥാനങ്ങളോ ഉണ്ടാക്കേണ്ടതു് ഒരു സ്റ്റേററുഗവണ്മെൻറിൻെറ അഭിപ്രായം അനുസരിച്ചല്ല. അതുകൊണ്ടു് അതേപ്പററി ഈ ഗവണ്മെൻറ് ഒരഭിപ്രായം ഇതുവരെ രൂപീകരിച്ചിട്ടില്ല.

ശ്രീ. പി. ആർ. മാധവൻപിള്ള : ഉന്നതാധികാര കമ്മീഷൻ ഇവിടെ വന്ന അവസരത്തിൽ ഐക്യകേരളം വേണമെന്നുള്ളതിലേയ്ക്കു് ഒരു മെമ്മോറാണ്ടം കൊടുത്തിട്ടില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ കൊടുത്തിട്ടുണ്ടെന്നാണു് എൻെറ ഓർമ്മ. അങ്ങനെയാണെങ്കിൽത്തന്നെയും ഈ ഗവണ്മെൻറ് ഈ കാര്യത്തെപ്പററി ഒരഭിപ്രായരൂപീകരണം ചെയ്യുകയെന്നുള്ളതു്

നിയമപ്രകാരം സാദ്ധ്യമല്ല. ഇതു് subtle ആയിട്ടു വാദിക്കേണ്ട കാര്യമല്ല. അങ്ങനെ വാദിക്കുകയും അല്ല ചെയ്യുന്നതു്. ഇൻഡ്യാ ഗവണ്മെൻറാണു് ഈ കാര്യത്തിൽ ഒരു തീരുമാനം എടുക്കേണ്ടതു്. അതിനുവേണ്ടി പാർലമെൻറിൽ ഒരു ബിൽ അവതരിപ്പിക്കണം. അതിനുശേഷം ഈ നിയമസഭയിലെ അംഗങ്ങൾ ആ കാര്യത്തിൽ ചർച്ചകൾ നടത്തണം. ഇങ്ങനെയാണു് ഇതിൻെറ നടപടികൾ പോകുന്നതു്.

ശ്രീ. പി. ആർ. മാധവൻപിള്ള : ഐക്യകേരളവാദത്തെപ്പററി ഇതിനു മുമ്പുണ്ടായിരുന്ന അഭിപ്രായം തന്നെയാണോ ഇപ്പോഴും ഈ ഗവണ്മെൻറിനുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതുമാറിയിട്ടില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : സർ, മറുപടി വ്യക്തമല്ല. ഇപ്പോഴത്തെ ഭരണകക്ഷിയുടെ മനോഭാവം എന്താണെന്നാണു് ചോദിച്ചിട്ടുള്ളതു്?

മി. സ്പീക്കർ : ഭരണകക്ഷിയുടെ മനോഭാവം മാറിയിട്ടില്ലെന്നാണു് മുഖ്യമന്ത്രി പറയുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ : ഭാഷാസംസ്ഥാനത്തെപ്പററി ഒരു ബിൽ ഈ നിയമസഭയിൽ വരുമ്പോൾ ഈ ഗവണ്മെൻറിനും ഒരഭിപ്രായം ഉണ്ടാകുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടാകും.

ശ്രീ. പി. ആർ. മാധവൻപിള്ള : ഐക്യകേരളത്തിനെപ്പററി കാൺഗ്രസ്സ് കക്ഷി ഉന്നതാധികാരക്കമ്മീഷൻ മുമ്പാകെ വല്ല ശുപാർശയും ചെയ്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല.

ശ്രീ. ടി. കെ. ദിവാകരൻ : ഐക്യകേരളപ്രശ്നം നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളവും ഒരു പ്രധാനപ്രശ്നമായിത്തീരുകയില്ലായെന്നാണോ അഭിപ്രായം?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : 1950-ൽ തന്നെ ഭരണഘടനയിൽ ഈ കാര്യത്തെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ ചെയ്തിട്ടുണ്ടു്. അതുകൊണ്ടു് ഇപ്പോൾ ഈ ഗവണ്മെൻറിനു് ഒന്നും പറയാൻ നിവൃത്തിയില്ല

ശ്രീ. പി. ഭാസ്കരൻ നായർ : ഇൻഡ്യൻ പ്രസിഡൻറിനു് ഈ കാര്യത്തെപ്പററി അഭിപ്രായം രൂപീകരിക്കുന്നതിനു് സാഹായികമായി ഈ ഗവണ്മെൻറിനുള്ള അഭിപ്രായം എന്താണെന്നു് അറിയിച്ചുകൂടേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പ്രസിഡൻറിനു ഒരഭിപ്രായം രൂപീകരിക്കുന്നതിനാണു് ഉന്നതാധികാരക്കമ്മീഷനെ നിയമിച്ചിട്ടുള്ളതു്.

ശ്രീ. പി. ഭാസ്കരൻ നായർ : അങ്ങനെയായാൽ ഈ ഗവണ്മെൻറിൻെറ അഭിപ്രായം എങ്ങനെ അറിയിക്കാൻ സാധിക്കും?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നിയമപരമായി ഈ ഗവണ്മെൻറിനു് ഈ ഗവണ്മെൻറിൻെറ എക്സിക്യൂട്ടീവ് പൌവർ സംബന്ധിച്ചിടത്തോളം മാത്രമെ അഭിപ്രായം പറയാൻ സാധിക്കുകയുള്ളു.

അദ്ധ്യാപകന്മാരുടെ ശമ്പളത്തിലും അലവൻസിലുമുള്ള വ്യത്യാസം.

* 22. [6] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) തുല്യജോലിക്ക് തുല്യശമ്പളം എന്ന തത്വം അംഗീകരിച്ച് സർക്കാർസ്കൂളുകളിലും, പ്രൈവറ്റ സ്കൂളുകളിലും പണിയെടുക്കുന്ന അദ്ധ്യാപകന്മാരുടെ ശമ്പളക്രമത്തിൽ ഇന്നു നിലവിലുള്ള വ്യത്യാസം പരിഹരിക്കണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ ; അതിന്മേൽ എന്തു നടപടി സ്വീകരിച്ചു ;

(ബി) അദ്ധ്യാപികമാർക്ക് അനുവദിച്ചുകൊടുക്കാറുള്ള പ്രസവകാല അവധിക്ക് ഐകരൂപ്യം വരുത്താത്തതു് എന്തു കാരണത്താലാണ്;

(സി) പ്രൈവറ്റും ഗവണ്മെൻറും സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ അലവൻസിൽ ഇന്നുള്ള വ്യത്യാസം പരിഹരിക്കാൻ ആലോചിക്കുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ട്. പ്രൈവറ്റ പ്രൈമറിസ്കൂളിലെ അദ്ധ്യാപകന്മാർക്ക് സർക്കാർ പ്രൈമറി സ്കൂളിലെ അദ്ധ്യാപകന്മാർക്ക് നിശ്ചയിച്ചിട്ടുള്ള ശമ്പളസ്കെയിൽതന്നെ കൊടുക്കണമെന്നും അതിലുണ്ടാകുന്ന നഷ്ടത്തിനെ പരിഹരിക്കുന്നതിനുവേണ്ടി മാനേജ്മെൻകാറിന്ന് കൂടുതൽ ഗ്രാൻറ കൊടുക്കണമെന്നും തീരുമാനിച്ചിട്ടുണ്ട്.

(ബി) അദ്ധ്യാപികമാർക്ക് പ്രസവകാലാവധി അനുവദിച്ചുകൊടുക്കുന്നതിനെപ്പററി ഐക്യരൂപ്യം വരുത്തീട്ടില്ല. ആ കാര്യം ഗവണ്മെൻറിൻെറ ആലോചനയിലിരിക്കുകയാണ്.

(സി) ആലോചിച്ചുവരുന്നു.

ശ്രീ. ടി. എ. മജീദ് : പ്രൈവറ്റസ്കൂൾ അദ്ധ്യാപകന്മാർ ഉന്നയിച്ചിട്ടുള്ള അവകാശങ്ങളെപ്പററി വല്ല തീരുമാനവും എടുത്തിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എന്തു് അവകാശങ്ങളെപ്പററിയാണു ചോദിക്കുന്നതു്.

ശ്രീ. ടി. എ. മജീദ് : അവർ ഉന്നയിച്ചിട്ടുള്ള അവകാശങ്ങൾ.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അവർ പലതും ഉന്നയിച്ചിട്ടുണ്ട്.

ശ്രീ. ടി. എ. മജീദ് : അതിൽ എന്തിനെയെങ്കിലും പററി വല്ല തീരുമാനവും എടുത്തിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തീരുമാനിക്കേണ്ട കാര്യങ്ങൾ തീരുമാനിച്ചിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : പ്രസവ അവധിയിൽ പ്രവേശിക്കുന്ന സർക്കാർ സ്കൂളുകളിലെയും പ്രൈവറ്റ സ്കൂളുകളിലെയും അദ്ധ്യാപികമാർക്ക് ശമ്പളം കൊടുക്കുന്നതു് ഒരേ ക്രമത്തിലാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അല്ല.

ശ്രീമതി കെ. ആർ. ഗൗരി : പ്രസവകാലാവധിയിൽ പ്രസവിക്കുന്ന അദ്ധ്യാപികമാർക്ക് മുഴുവൻ ശമ്പളവും കൊടുക്കുന്നില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർക്കാർ സ്കൂളുകളുടെ കാര്യത്തിലാണെങ്കിൽ പകുതിശമ്പളം കൊടുക്കുന്നുവെന്നാണ് എന്റെ ഓർമ്മ.

ശ്രീമതി കെ. ആർ. ഗൗരി : പ്രൈവറ്റ് സ്കൂളുകളിൽ മുഴുവൻ ശമ്പളം കൊടുക്കാത്തതിനു പുറമെ ഗവണ്മെന്റ് സ്കൂളുകളിലും മുഴുവൻ ശമ്പളവും കൊടുക്കുന്നില്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : വെക്കേഷൻ അവധി ധാരാളമുള്ളതുകൊണ്ടു പ്രസവകാലാവധിയെ സംബന്ധിച്ചിടത്തോളം ചില വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : വെക്കേഷൻകാലത്തെ പ്രസവിക്കാവു എന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെയാണെങ്കിൽ കുറെക്കൂടി സൗകര്യമായിരിക്കും.

ശ്രീമതി കെ. ആർ. ഗൗരി : മുഴുവൻ ശമ്പളവും കൊടുക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആലോചിക്കാം.

ശ്രീ. പി. കെ. യശോധരൻ : (ബി)-യുടെ ചോദ്യമായ അദ്ധ്യാപികമാർക്ക് അനുവദിച്ചുകൊടുക്കാറുള്ള പ്രസവകാലാവധിക്ക് ഐകരൂപ്യം വരുത്താത്തതു് എന്തു കാരണത്താലാണെന്നുള്ളതിന്, അതു പ്രായോഗികമാക്കാൻ സാധിച്ചിട്ടില്ലെന്നാണു മറുപടി. അതു് എന്തു കാരണത്താലാണ് എന്നാണറിയേണ്ടതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആലോചിക്കുന്നുണ്ടെന്നാണു മറുപടി പറഞ്ഞതു്.

ശ്രീ. എ. കുഞ്ഞൻ നാടാർ : പ്രസവകാലാവധി സംബന്ധിച്ച് പ്രൈവറ്റ് സ്കൂളുകൾക്കും സർക്കാർ സ്കൂളുകൾക്കും തമ്മിലുള്ള വ്യത്യാസമെന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : വ്യത്യാസം ഉണ്ട്. കാരണം അടുത്തകാലംവരെ പ്രൈവറ്റുസ്കൂളുകളിലെ സർവ്വീസ് കണ്ടിഷൻസ് സംബന്ധിച്ചു ഗവണ്മെന്റിനു യാതൊരു കാര്യവുമില്ലെന്ന നിലയാണു സ്വീകരിച്ചിരുന്നതു്. അതിനാൽ ഈവക കാര്യങ്ങൾ അവിടെ ഇൻസിസ്റ്റ് ചെയ്യുന്നതിനു സാദ്ധ്യമായില്ല. 1950-ൽ ആണു തിരുവിതാംകൂർ വിഭാഗത്തെ സംബന്ധിച്ചിടത്തോളം പ്രൈവറ്റ് സെക്കണ്ടറിസ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ സർവ്വീസ് കണ്ടിഷൻസ് ആദ്യമായി തീരുമാനിച്ചതു്. അങ്ങനെ തീരുമാനിച്ചതുതന്നെയും വേണ്ടിടത്തോളം തൃപ്തികരമായിട്ടില്ലെന്നാണ് പരാതി. അതിനെപ്പററിയാണ് ആലോചിച്ചുവരുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ : പ്രൈവറ്റുസ്കൂളുകളിലെ അദ്ധ്യാപികമാർക്കു ഇത്രമാസം പ്രസവാവധി കൊടുക്കണമെന്നു നിയമമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഞാൻ പറഞ്ഞതു പ്രൈവറ്റ് സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെയും അദ്ധ്യാപികമാരുടെയും സർവ്വീസ് കണ്ടിഷൻസ് തീരുമാനിച്ചിരുന്നില്ല എന്നാണ്.

ശ്രീ. എ. താണുപിള്ള : ഇന്നു ഗവണ്മെൻറ് സ്കൂളുകളിലെപ്പോലെ ആക്കിയിട്ടുണ്ടെന്നാണോ മനസ്സിലാക്കേണ്ടതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഏറക്കുറെ.

ശ്രീ. എ. താണുപിള്ള : സർ, ഞാൻ സ്പെസിഫിക്കായ്ട്ടു ചോദിക്കുകയാണ്. ഏറെക്കുറെ എന്നല്ല. പ്രൈവറ്റ് സെക്കണ്ടറിസ്കൂളുകളെ സംബന്ധിച്ചിടത്തോളം സക്കാർ സെക്കണ്ടറിസ്കൂളുകളിലെപ്പോലെ സർവ്വീസ് കണ്ടിഷൻസ് ഏകീകരിക്കാൻ തീരുമാനിച്ചുകഴിഞ്ഞിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അടിസ്ഥാനതത്വത്തെ സംബന്ധിച്ചിടത്തോളം അങ്ങിനെ ചെയ്യണമെന്നാണു തീരുമാനിച്ചിട്ടുള്ളതു്. ഉദാഹരണമായി സക്കാർ സെക്കണ്ടറിസ്കൂളുകളിലെ ഗ്രാഡുവേറ്റ് ടീച്ചേഴ്സിനു 50–150 രൂപയാണ് കൊടുക്കുന്നതു്. ആ മിനിമം ഗ്രേഡ് പ്രൈവറ്റ് സെക്കണ്ടറിസ്കൂളുകളിലും കൊടുക്കണമെന്നു തീരുമാനിച്ചു കഴിഞ്ഞിട്ടുണ്ട്. എന്നാൽ സക്കാർ വിഭാഗത്തെ സംബന്ധിച്ചിടത്തോളം അതിൽനിന്നും ഒരു വലിയ ഗ്രേഡ് 50–150-ൽ ഉള്ള ടീച്ചേഴ്സിൽനിന്നും ഒരു ക്ഷാമബത്ത അനുപാതപ്രകാരം പ്രമോട്ടുചെയ്യുവാൻ മാററിവച്ചിട്ടുണ്ട്. എന്നാൽ പ്രൈവറ്റ് സെക്കണ്ടറിസ്കൂളുകളെ സംബന്ധിച്ചിടത്തോളമാണെങ്കിൽ ഈ നിയമം അതേപടി പ്രായോഗികമാക്കാൻ അല്പം വിഷമമുണ്ട്. അതായതു് പ്രൈവറ്റ് സെക്കണ്ടറിസ്കൂളുകളുടെ ഗ്രാഡുവേറ്റ് ടീച്ചേഴ്സിൻെറ ലിസ്റ്റ് എടുക്കുവാൻ സാധിച്ചിട്ടില്ല. ഏതായാലും അതേപ്പററിയും ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എ. താണുപിള്ള : പ്രൈവറ്റസ്കൂളുകളിലെ വാദ്ധ്യാന്മാരുടെ നിയമനം മുതലായവ സംബന്ധിച്ച് ഒരു ഐകരൂപ്യം വരുത്താൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് സാദ്ധ്യമാണെന്നു തോന്നുന്നില്ല. പക്ഷെ ആലോചിക്കാം.

ശ്രീ. എ. താണുപിള്ള : ശമ്പളം ഡിപ്പാർട്ടുമെൻറൽ സ്കൂളുകളിൽ നൽകുന്നതുപോലെ പ്രൈവറ്റ് സ്കൂളുകൾക്കും നൽകാനാണോ ഉദ്ദേശിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കോഡിൽ നിശ്ചയിക്കാൻ പോകുന്നതു സക്കാർ സ്കൂളുകളിൽ കൊടുക്കുന്നതുപോലെ കൊടുക്കണം എന്നാണ്. അതിനാവശ്യമുള്ള ഗ്രാൻറ് കൊടുക്കണമെന്നും വ്യവസ്ഥ ചെയ്യുവാൻ പോകയാണ്.

ശ്രീ. എ. താണുപിള്ള : ഡിയർനസ് അലവൻസിനെ സംബന്ധിച്ചിടത്തോളമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതും ഇതിൽ ഉൾപ്പെടും.

ശ്രീ. എ. താണുപിള്ള : കൊച്ചിയിലെ രീതി ഇവിടെയും ബാധകമാക്കുന്നുണ്ടല്ലോ; അവിടെ ചെറിയ തുകയാണോ ഗ്രാൻറായി കൊടുക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഒരു രൂപയ്ക്ക് പന്ത്രണ്ടണ മുതൽ പതിനാലു് അണ വരെയാണ് അവിടെ ഗ്രാൻറായി കൊടുക്കുന്നതു്. അതാണ് ഇവിടെയും കൊടുക്കുവാൻ പോകുന്നതു്. ബാക്കിയുള്ളതു മാനേജ്മെൻറ കൊടുത്തുകൊള്ളണം.

ശ്രീ. എ. താണുപിള്ള : ബാക്കിയുള്ളതു മാനേജ്മെൻറകാർ കൊടുത്തിട്ടില്ലെന്നു പരാതിയുള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെ പരാതിയുണ്ടെങ്കിൽ അതിനു വാദ്ധ്യാന്മാരാണു കുററക്കാർ. ശമ്പളം കിട്ടിക്കഴിഞ്ഞിട്ടാണു അകപിററൻസ് ഒപ്പിട്ടുകൊടുക്കേണ്ടതു്. അതിനുമുൻപ് ഒപ്പിട്ടു കൊടുക്കേണ്ട കാര്യമില്ല.

ശ്രീ. എ. താണുപിള്ള : അങ്ങനെയാണെങ്കിൽ ഒരു പക്ഷെ മാനേജ്മെൻറകാർ സ്കൂളുകൾ നിറുത്തുവാൻ ആലോചിക്കുന്നുവെങ്കിൽ അതേറ്റെടുക്കുവാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആലോചിക്കുന്നുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ : പ്രൈവററസ്കൂൾ ടീച്ചേഴ്സിനു പ്രോവിഡൻറ് ഫണ്ടു് മുതലായവ നിശ്ചയിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനുള്ള പദ്ധതി 1950-ൽത്തന്നെ പുത്തിയായി എങ്കിലും പിന്നീടു കംട്രോളറുടെ ഡിപ്പാർട്ടുമെൻറിൽ നിന്നുണ്ടായ വൈഷമ്യങ്ങൾമൂലം അതു പരിപൂർണ്ണമായി നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. എങ്കിലും ഉടൻതന്നെ പുത്തിയായി നടപ്പിൽവരുത്തുന്നതിനുള്ള നടപടി എടുത്തിട്ടുണ്ടു്.

ശ്രീ. എ. താണുപിള്ള : ഇതനുസരിച്ചു ചില അദ്ധ്യാപകന്മാർ മുമ്പു പററിയിട്ടുള്ള ശമ്പളം തിരിച്ചുകൊടുക്കേണ്ടതായി വന്നിട്ടുണ്ടു് എന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെക്കുറിച്ചും ആലോചിക്കാവുന്നതാണു്.

മരുന്നു് സപ്ലൈ ചെയ്യുന്ന ഏജൻസികൾ.

* 23. [8] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശുപത്രികൾക്കു് വേണ്ട മരുന്നു് ഗവണ്മെൻറിനു് സപ്ലൈ ചെയ്യുന്ന മെഡിക്കൽ ഏജൻസികൾ ഏതെല്ലാമാണു്;

(ബി) ആശുപത്രികളിൽ അവശ്യം വേണ്ട മരുന്നു ലഭിക്കാതെ വരുന്നതിനുള്ള കാരണം ഈ ഏജൻസികളുടെ അനാസ്ഥയാണോ; അല്ലെങ്കിൽ കാരണങ്ങളെന്തെല്ലാം;

(സി) സംസ്ഥാനത്തെ മിക്ക ആശുപത്രികളിലും വേണ്ട മരുന്നു ലഭിക്കുന്നില്ലയെന്ന പരാതികളെക്കുറിച്ചന്വേഷിക്കുവാൻ ഒരു കമ്മിററിയെ നിയമിക്കുവാൻ ഗവണ്മെൻറ് ശ്രദ്ധിക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) നിശ്ചിതമായ ഏതെങ്കിലും ഏജൻസികൾമുഖേനമാത്രമേ വാങ്ങിക്കുള്ളു എന്ന പതിവില്ല. ടെൻഡറുകൾ ക്ഷണിച്ച് അവയുടെ ഗുണദോഷങ്ങളെ പരിഗണിച്ച് സപ്ലൈ ചെയ്യാൻ ഉത്തരവു കൊടുക്കുകയാണ്.

(ബി) സ്റ്റോഴ്സ്പർച്ചേസ് സെക്ഷൻമുഖാന്തിരം ടെൻഡറുകൾ ക്ഷണിച്ച് ഉത്തരവു കൊടുക്കുന്നതിൽ സ്വാഭാവികമായി കുറെ കാലതാമസം വരാറുണ്ട്.

(സി) മരുന്നു വാങ്ങിക്കാൻ അനുവദിച്ചിട്ടുള്ള പണം മുഴുവനും ഉപയോഗിച്ച് മരുന്നുകൾ വാങ്ങി ആശുപത്രികളിൽ വിതരണം ചെയ്യുന്നുണ്ട്. വരുന്ന ബഡ്ജററിൽ ഇതിലേയ്ക്ക് കൂടുതൽ തുക കൊള്ളിച്ചിട്ടും ഉണ്ട്. അതുകൊണ്ട് ഒരു അന്വേഷണക്കമ്മിററിയുടെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ആശുപത്രികൾക്കാവശ്യമുള്ള ഇൻസുലിൻ.

* 24. [9] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ മെഡിക്കൽകോളേജ് ഹോസ്പിററലിൽ (ഉള്ളൂർ) ഇൻസുലിൻ എന്ന മരുന്ന് ലഭിക്കുന്നില്ലയെന്ന് പ്രസംഗിച്ച ഭാഗം ഈ മന്ത്രിസഭയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മരുന്ന് കൂടുതൽ വരുത്തുവാൻ ഗവണ്മെൻറ് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) ഇൻസുലിൻ എന്ന മരുന്ന് ഏതു മെഡിക്കൽ ഏജൻസിയിൽനിന്നാണ് ഗവണ്മെൻറ് വാങ്ങിവരുന്നതു് ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) : (എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) പ്രസ്തുത മരുന്ന് ഈ വർഷം ബ്രിട്ടീഷ് ഡ്രഗ് ഹൗസ്, ലണ്ടനിൽനിന്നാണ് വാങ്ങിച്ചതു്.

ആലപ്പുഴ-ചേർത്തല തോടുവെട്ട്.

* 25. [10] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ-ചേർത്തല തോടുവെട്ടുപണി എത്രനാൾകൊണ്ടു പൂർത്തിയാക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നു;

(ബി) തോടുവെട്ടുപണി പൂർത്തിയാക്കാനുള്ള സത്വരനടപടികൾ സ്വീകരിക്കുമോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) കഴിയുന്നത്ര വേഗം തീർക്കണമെന്നാണ് ഉദ്ദേശം.

(ബി) സ്വീകരിക്കാം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ചോദ്യത്തിന് മറുപടി പറഞ്ഞതു് മന്ത്രിമാരുടെ പുറകിലുള്ള ഒരു മെംബറാണ്, ഇതനുവദനീയമാണോ എന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ : മറുപടി പറഞ്ഞതു് മന്ത്രി തന്നെയാണ്.

ശ്രീ. ആർ. സുഗതൻ : ചേത്തലത്തോട്ട് കുറെ വെട്ടിയിട്ട് വളരെ കാലം നിറുത്തിവയ്ക്കുകയുണ്ടായി. അതുകൊണ്ട് കുറെ ആളുകൾക്കു വെള്ളം കിട്ടാതെ വിഷമിക്കുന്നതെന്നറിയാമോ ?

ശ്രീ. കെ. ഐ. വേലായുധൻ : തോട്ടുവെട്ടുജോലി വളരെ ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. ആർ. സുഗതൻ : ജോലി തുടങ്ങിയിട്ട് ഒന്നരമാസമല്ലേ ആയുള്ളൂ ?

ശ്രീ. കെ. ഐ. വേലായുധൻ : എങ്കിലും ജോലി വളരെ വേഗത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ആർ. സുഗതൻ : മുൻപു ചെയ്തതുപോലെ ഇനിയും ജോലി നിറുത്തിവയ്ക്കുമോ ?

ശ്രീ. കെ. ഐ. വേലായുധൻ : ഇല്ല.

ശ്രീമതി കെ. ആർ. ഗൗരി : ഈ ആവശ്യത്തിലേയ്ക്ക് എന്തു തുക കൊള്ളിച്ചിട്ടുണ്ട് ?

ശ്രീ. കെ. ഐ. വേലായുധൻ : ഒന്നേകാൽ ലക്ഷം രൂപ.

ശ്രീമതി കെ. ആർ. ഗൗരി : ഇത്രയും തുകകൊണ്ട് തോട്ടുപണി പൂർത്തിയാക്കുമോ ?

ശ്രീ. കെ. ഐ. വേലായുധൻ : പതിനേഴര ലക്ഷം രൂപകൂടി ചെലവുചെയ്താൽ പണി പൂർത്തിയാക്കുവാൻ സാധിക്കുമെന്നു തോന്നുന്നു.

പ്രൈവറ്റ് ട്രാൻസ്പോർട്ടറുട്ട്.

* 26. [11] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ട് എംപ്ലായീസ് യൂണിയൻ അംഗങ്ങൾക്കു് നിശ്ചയിക്കുമ്പോൾ, പക്ഷപാതപരമായി ട്രാൻസ്പോർട്ടുമേലധികാരികൾ പ്രവർത്തിച്ചുവരുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി എടുത്തു ?

ശ്രീ. ആർ. സുഗതൻ : സർ, ഞാൻ പ്രൈവറ്റ് ട്രാൻസ്പോർട്ടിനെസംബന്ധിച്ചു് ചില കാര്യങ്ങൾ മനസ്സിലാക്കുവാനാണ് ഈ ചോദ്യം കൊണ്ടു് ഉദ്ദേശിച്ചതു്. അതു് ഈ ചോദ്യത്തിൽ വരാത്തതിനാൽ ഞാൻ ചോദിക്കുന്നില്ല.

പി. എസ്. പി. ഗവണ്മെൻറ് ചെയ്തിട്ടുള്ള നടപടികൾ.

* 27. [12] ശ്രീ. കെ. സി. ജോർജ്ജ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) പി. എസ്. പി. ഗവണ്മെൻറിന്റെ ഏല്ലാ നടപടികളും ഈ ഗവണ്മെൻറ് റദ്ദാക്കുകയോ, മാററം വരുത്തുകയോ, നടപ്പിലാക്കാതിരിക്കുകയോ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) പി. എസ്. പി. ഗവണ്മെൻറിന്റെ ചില നടപടികൾ ഈ ഗവണ്മെൻറ് റദ്ദാക്കി. മററുചില നടപടികൾക്ക് അല്പം മാററം വരുത്തിയിട്ടുണ്ട്. ഇവയൊഴികെ ബാക്കിയുള്ളതു് മുഴുവൻ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം ബാർട്ടൺഹിൽ ഗേൾസ് ഹൈസ്കൂൾ മാററിക്കൊണ്ടുള്ള ഉത്തരവ് റദ്ദുചെയ്തിട്ടുണ്ട്. പഞ്ചവത്സരപദ്ധതി, ഡെവലപ്പ്മെൻറുകമ്മിററികൾ മുതലായവയിൽ ചില്ലറ മാററങ്ങൾ വരുത്തിയിട്ടുണ്ട്.

ശ്രീ. കെ. സി. ജോർജ്ജ് : കോട്ടയം പോലീസ്ഇൻസ്പെക്ററർ ആയിരുന്ന വേണുഗോപാലനെ പി. എസ്. പി. ഗവണ്മെൻറ് തിരുവനന്തപുരത്തു മാററിയ ഉത്തരവ് ഈ ഗവണ്മെൻറ് റദ്ദുചെയ്തിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കോട്ടയം പോലീസ് ഇൻസ്പെക്ററർ ശ്രീ. വേണുഗോപാലനെ തിരുവനന്തപുരത്തേയ്ക്കു മാററുവാൻ ഗവണ്മെൻറ് ഉത്തരവു പുറപ്പെടുവിച്ചതായി അറിയുന്നില്ല.

ശ്രീ. കെ. സി. ജോർജ്ജ് : ശ്രീ. വേണുഗോപാലൻ തിരുവനന്തപുരത്ത് ചാർജ്ജ് എടുക്കാനായി വരികയും അതു സാദ്ധ്യമാകാതെ തിരിയെ പോകുകയും ഉണ്ടായി എന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അറിയാൻപാടില്ല.

ശ്രീ. ഏ. കുഞ്ഞൻനാടാർ : അവിശ്വാസപ്രമേയം പാസ്സായതിനു ശേഷം പി. എസ്. പി. ഗവണ്മെൻറ് എന്തെങ്കിലും ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ചില ഉത്തരവുകൾ പുറപ്പെടുവിച്ചിരിക്കാം. അതിനധികാരവും ഉണ്ട്.

ശ്രീ. ഏ. താണുപിള്ള : ബാർട്ടൺ ഹിൽ ഗേൾസ് ഹൈസ്കൂൾ മാററണമെന്നുള്ള ഉത്തരവു മാററാനുണ്ടായ കാരണം എന്താണ് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അനേകം ആളുകൾ ഒപ്പിട്ടിട്ടുള്ള ഒരു പെററിഷൻ ഈ ഹൗസിലെതന്നെ ഒരു മെംബറായ ശ്രീ. കെ. ബാലകൃഷ്ണൻ തന്നിരുന്നു. അതിനും പുറമെ തിരുവനന്തപുരം കാൻറോൺമെൻറിലെ കൗൺസിലറന്മാർ നിവേദനം നടത്തിയിട്ടുണ്ടായിരുന്നു. അതോടുകൂടിത്തന്നെ ശ്രീ. ബാലകൃഷ്ണനു എതിരായി നിന്നു മത്സരിച്ചു തോററ ശ്രീ. ദാസ് അവർകളും ഒരു നിവേദനം നൽകി. മാത്രമല്ല

ആ പ്രദേശത്തുള്ള ജനങ്ങൾ സ്കൂൾ മാററുന്നതിൽ വൈഷമ്യങ്ങളുണ്ടെന്നും പറയുകയുണ്ടായി. ഏകദേശം ഒന്നര ലക്ഷത്തോളം രൂപ ഇതിനു ചെലവു വരുമെന്നു കണ്ടു. അനേകം സ്കൂളുകൾക്ക് ഓല മേയാതെയും വേലി ഇല്ലാതെയും മററു ഉപകരണങ്ങൾ ഇല്ലാതെയും കുട്ടികളും അദ്ധ്യാപകന്മാരും വൈഷമ്യങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ ഒന്നര ലക്ഷം രൂപ സ്കൂൾ മാററുന്നതിനുവേണ്ടി മാത്രം ചെലവു വരുത്തുകയും അങ്ങനെ മാററുന്നതുതന്നെ ആ പ്രദേശത്തുള്ള ജനങ്ങൾക്കു ഉപദ്രവമാണെന്നും കണ്ട സ്ഥിതിക്ക് ഈ സന്ദർഭത്തിൽ അതു ശരിയായിരിക്കുകയില്ലെന്നാണു തോന്നുന്നതു്.

ശ്രീ. എ. താണുപിള്ള : ആ സ്കൂൾ മന്ത്രി പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പരിശോധിച്ചിട്ടില്ല

എം. എൽ. എ. ആയ ശ്രീ. ബാലകൃഷ്ണൻ, മി. ദാസ് മുതലായ ആളുകൾ ഇതിനെക്കുറിച്ചു നിവേദനം തന്നതുകൊണ്ട് അതിനെ അവിശ്വസിക്കേണ്ട കാര്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. എ. താണുപിള്ള : സ്കൂൾ വളരെ അപായകരമായ നിലയിലാണു നില്ക്കുന്നതെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു സുരക്ഷിതമാക്കാൻ വേണ്ട ഏർപ്പാടു ചെയ്യുന്നുണ്ട്.

ശ്രീ. എ. താണുപിള്ള : അവിടെ കളിസ്ഥലമില്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതും ഉണ്ടാക്കാം.

ശ്രീ. എ. താണുപിള്ള : അതിനുള്ള സ്ഥലം അവിടെ ഇല്ലെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പററി ഫയലിൽ ഒന്നും കാണുന്നില്ല. അവിടെ കളിസ്ഥലമില്ലാത്തതുകൊണ്ടാണ് അതു് മാററാൻ ഉത്തരവിട്ടതെന്നു ഫയലിൽ കാണുന്നില്ല.

ശ്രീ. എ. താണുപിള്ള : വീതി കുറഞ്ഞ ചെറിയ ചെറിയ ഇലവലുകളിലാണു സ്കൂൾ കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നതെന്നറിയാമോ? അതായതു് അഞ്ചടി വീതിയുള്ള സ്ഥലത്തു ചില ക്ലാസ്സു കെട്ടിടങ്ങളും അതു കഴിഞ്ഞാൽ പിന്നെ 20 അടി താഴ്ചയുള്ള സ്ഥലത്തു മററു ക്ലാസ്സു കെട്ടിടങ്ങളും പിന്നെയും പത്തോ ഇരുപതോ അടി താഴ്ചയിൽ വേറെ ക്ലാസ്സു കെട്ടിടങ്ങളും സ്ഥിതി ചെയ്യുന്നതായിട്ടറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആയിരിക്കാം.

ശ്രീ. എ. താണുപിള്ള : പെൺകുട്ടികൾക്കുള്ള യൂറിനലുകളിലും ലാട്രിനുകളിലും അന്യ ആളുകൾ കേറിയിരിക്കുന്നതായി അറിയാമോ? അതായതു് ഒരു അടമാനമില്ലാതെ സ്കൂൾവക സാമഗ്രികൾ സൂക്ഷിക്കുന്നതിനും സ്കൂൾ കുട്ടികൾക്കു സുരക്ഷിതമായി കഴിയുവാനും നിവൃത്തിയില്ലാത്ത രീതിയിൽ ആണു കെട്ടിടം സ്ഥിതിചെയ്യുന്നതെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെയാണെങ്കിൽ തന്നെയും അവിടെയുള്ള ആളുകൾക്ക് ആ പ്രദേശത്തുതന്നെ സ്കൂൾ വേണമെന്നു നിർബന്ധമുണ്ടെന്നു പറഞ്ഞു.

ശ്രീ. എ. താണുപിള്ള : സ്കൂളിനടുത്തുള്ള ആരെങ്കിലും കെട്ടിടവാടക കുറഞ്ഞുപോകുമെന്നു കരുതി ഇങ്ങനെ ഒരു ഹജ്ജി ഹാജരാക്കിയതാണെന്ന് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെ ചെയ്യുന്നവർ കാണുമെങ്കിലും ശ്രീ. കെ. ബാലകൃഷ്ണനെപ്പോലെയുള്ള ഉത്തരവാദിത്വപ്പെട്ട ഒരു ജനപ്രതിനിധി അങ്ങിനെ ചെയ്യുമെന്ന് ഞാൻ കരുതിയിട്ടില്ല.

ശ്രീ. എ. താണുപിള്ള : വളരെക്കാലമായി മൂന്നു നാലു ഹെഡ്മിസ്ട്രസ്സുകൾ സ്കൂൾ അവിടെനിന്നും മാററണമെന്ന് ശുപാർശ ചെയ്തിട്ടുള്ള വിവരം മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല.

ശ്രീ. എ. താണുപിള്ള : ആ സ്കൂൾ മന്ത്രിതന്നെ നേരിട്ട് പരിശോധിച്ചശേഷം തീരുമാനം ചെയ്യുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തീരുമാനം ചെയ്തുകഴിഞ്ഞു. പരിശോധിക്കുന്നതിന് വിരോധമില്ല.

ശ്രീ. എ. താണുപിള്ള : സ്കൂൾ മാററണമെന്നുദ്ദേശിച്ച സ്ഥലവും ഇപ്പോഴിരിക്കുന്ന സ്ഥലവും തമ്മിൽ ഒരു ഫർലാംഗിൽ കൂടുതൽ അകലമില്ലെന്നു മന്ത്രിക്ക് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നാട്ടുകാരും പ്രത്യേകിച്ച് ആ സ്ഥലത്തുനിന്നും ജയിച്ച സ്ഥാനാർത്ഥിയും തോററ സ്ഥാനാർത്ഥിയും സ്കൂൾ അവിടെനിന്നും മാററേണ്ടതില്ലെന്ന് പറഞ്ഞതിനെ അടിസ്ഥാനപ്പെടുത്തിയും കുന്നരലക്ഷം രൂപയോളം ചെലവാക്കാതെ കഴിക്കാമെന്നു വിചാരിച്ചും സ്കൂൾ മാററേണ്ടെന്നു തീരുമാനിച്ചതാണ്.

ശ്രീ. ടി. കെ. ദിവാകരൻ : ഡെവലപ്പുമെൻറ കമ്മിററികളിൽ എന്തെല്ലാം മാററങ്ങൾ വരുത്തിയെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഡെവലപ്പുമെൻറ കമ്മിററികളിൽ പല പാർട്ടികളുടേയും പ്രാതിനിധ്യമുണ്ടെങ്കിലും കോൺഗ്രസ്സ് പാർട്ടിയുടെ അംഗസംഖ്യയും മററും പരിഗണിക്കുമ്പോൾ വേണ്ടിടത്തോളം പ്രാതിനിധ്യം ആ പാർട്ടിക്ക് നൽകിയിട്ടില്ലെന്ന് ഗവണ്മെൻറിന് അഭിപ്രായമുണ്ട്. അതിനാൽ മുൻ ഗവണ്മെൻറ് നാമിനേററു ചെയ്ത അംഗങ്ങളെ ആരെയും മാററാതെ ഓരോ കമ്മിററിയിലും ഒന്നും രണ്ടും അംഗങ്ങളെ കൂടുതലായി നാമിനേററു ചെയ്തിട്ടുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ : മുൻ ഗവണ്മെൻറ നാമിനേററു ചെയ്തതിൽ രാജിവച്ച ആളുകളെ വീണ്ടും നാമിനേററു ചെയ്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ : അങ്ങിനെ ചെയ്യാനുള്ള കാരണം എന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അവരെ ആദ്യം നാമിനേററു ചെയ്തിരുന്നതു് അവരോടു ചോദിച്ചല്ല. അന്നവർക്ക് ആ കമ്മിററിയിൽ സർവ്വ് ചെയ്യാൻ സമ്മതമില്ലായിരുന്നു. ഇന്നവർക്ക് സമ്മതമുണ്ട്.

ശ്രീ. ഏ. താണുപിള്ള : മുൻ ഗവണ്മെൻറ് നാമിനേററു ചെയ്തതു ഓരോ കക്ഷിയിൽനിന്നും എത്രപേരെ വീതമാണെന്നും കാൺഗ്രസ്സിന് പ്രാതിനിധ്യം കിട്ടിയിട്ടില്ലെന്നു് പറയുന്നതു എന്തുകൊണ്ടാണെന്നും പ്രസ്താവിക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഒൻപതു അംഗങ്ങളുള്ള സെൻട്രൽ കമ്മിററിയിൽ കാൺഗ്രസ്സ് പാർട്ടിയിൽനിന്നും രണ്ടുപേരെയാണു് എടുത്തിട്ടുള്ളതു്. പി. എസ്സ്. പി. യിൽ നിന്നും അതിലേയ്ക്കു് രണ്ടംഗങ്ങളെ എടുത്തിട്ടുണ്ടു്. അഞ്ചു് അംഗങ്ങൾ വീതമുള്ള തിരുവനന്തപുരം, കോട്ടയം കൊല്ലം എന്നീ ഡെവലപ്പുമെൻറ് കമ്മിററികളിലേയ്ക്കു് കാൺഗ്രസ്സ് പാർട്ടിയിൽനിന്നും ഓരോ അംഗത്തെയാണു് എടുത്തിട്ടുള്ളതു്. അഞ്ചു് അംഗങ്ങളുള്ള തൃശ്ശൂർ കമ്മിററിയിൽ കാൺഗ്രസ്സ് പാർട്ടിയിൽനിന്നും മൂന്നു് അംഗങ്ങളെ എടുക്കുകയുണ്ടായെങ്കിലും ആ സമയത്തു തന്നെ അതിൽ ഒരാൾ കിടക്കയിൽ നിന്നു് എഴുന്നേററ്ക്കാൻ വയ്യാതെ രോഗബാധിതനായി കിടക്കുകയായിരുന്നു.

ശ്രീ. ഏ. താണുപിള്ള : ആ ആൾ അതിനുശേഷം ഈ സഭയിൽ പങ്കെടുത്തിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഒരു വിപൽഘട്ടത്തിൽ ഇവിടെ അററൻറു ചെയ്തു.

ശ്രീ. ടി. കെ. ദിവാകരൻ : ഇപ്പോഴത്തെ കമ്മിററികളിലെ അംഗസംഖ്യ എത്രയാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഓരോ കമ്മിററിയിലേയും അംഗസംഖ്യയോടു് രണ്ടു് കൂട്ടുകയാണെങ്കിൽ ഇപ്പോഴത്തെ അംഗസംഖ്യയാകും.

ശ്രീ. ടി. കെ. ദിവാകരൻ : തിരുവനന്തപുരത്തു് എം. എൽ. എ. മാരുടെ എണ്ണമനുസരിച്ചാണോ കൂടുതലായി കാൺഗ്രസ്സിൽ നിന്നും കമ്മിററിയിലേയ്ക്കു് ആളെടുത്തതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : രണ്ടംഗങ്ങളെ കൂട്ടി നാമിനേററുചെയ്തു. അവർ കാൺഗ്രസ്സുകാരാണു്.

ശ്രീ. കെ. ബാലകൃഷ്ണൻ : തിരുവനന്തപുരത്തു രണ്ടംഗങ്ങളെക്കൂടി എടുത്തതു വളരെ അധികം കാൺഗ്രസ്സുകാർ തിരുവനന്തപുരത്തുള്ളതുകൊണ്ടാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടായാൽ കൊള്ളാമെന്നു തോന്നിയതുകൊണ്ടാണു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : കാൺഗ്രസ്സുപാർട്ടിയിൽ എത്ര എം. എൽ. എ. മാർ ഉണ്ടെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതെണ്ണി നോക്കണം.

ശ്രീ. കെ. ബാലകൃഷ്ണൻ : ഇത്തരം കമ്മിററിയുടെ സങ്കുചിതത്വം പാർട്ടിമനോഭാവംകൂടാതെ സംഘടിപ്പിക്കാൻ തയ്യാറാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെയാണു്.

ശ്രീ. ആർ. പ്രകാശം : തിരുവനന്തപുരത്തെ ഡെവലപ്പുമെൻറ്കമ്മിററിയിൽ എല്ലാ പാർട്ടിയിൽപ്പെട്ട അംഗങ്ങളുമുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനു നോട്ടീസ് വേണം.

ശ്രീ. ആർ. പ്രകാശം : കമ്മ്യൂണിസ്റ്റ് പാർട്ടിയിൽപ്പെട്ട ഒരംഗം പോലും ഇപ്പോഴത്തെ കമ്മിററിയിൽ ഇല്ലെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സ്റ്റേറ്റ് ആക്കൂടി എടുത്തു നോക്കുമ്പോൾ എല്ലാ പാർട്ടിയിൽപ്പെട്ട അംഗങ്ങളും ഉണ്ടാകും.

ശ്രീ. ആർ. പ്രകാശം : അങ്ങിനെയാണെങ്കിൽ എല്ലാ ദിക്കിലും കാൺഗ്രസ്സുകാർ വന്നതെന്താണ് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എല്ലാ ദിക്കിലുമുള്ള അംഗസംഖ്യകൂട്ടി. അതുപോലെ ഇവിടേയും കൂട്ടി.

ശ്രീ. കെ. സി. ജാർജ് : കാൺഗ്രസ്സിന് അഞ്ചിൽ എത്ര വേണമെന്നാണ് മന്ത്രിയുടെ അഭിപ്രായം ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇപ്പോൾ നീതിയനുസരിച്ചു ചെയ്തു.

ശ്രീ. എ. താണുപിള്ള : ഈ കമ്മിററികളിൽ കാൺഗ്രസ്സുകാരും കഷ്ടിച്ചുവന്നാൽ അപൂർവ്വം ചില പി. എസ്സ്. പി. ക്കാരും മാത്രമേ പാടുള്ളൂ എന്ന നയം ഇപ്പോൾ കാൺഗ്രസ്സു മാററിയിരിക്കുകയാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതൊരു ഡബിൾചോദ്യമാണ്. അതിനു മറുപടി പറയാൻ നിവൃത്തിയില്ല.

ശ്രീ. പോപ്പിൽ ഭാസ്കരൻപിള്ള : ശ്രീ. കൊടുകര കേശവമേനോനെ ഈ കമ്മിററിയിലേയ്ക്ക് എടുത്തിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്.

ശ്രീ. പി. വിശ്വംഭരൻ : തിരഞ്ഞെടുപ്പിൽ തോററ കാൺഗ്രസ്സ് സ്ഥാനാർത്ഥികളെ കമ്മിററിയിലേയ്ക്കെടുക്കുന്ന നയം സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മുൻഗവണ്മെൻറ് തുടർന്ന നയം സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. പി. വിശ്വംഭരൻ : മുൻഗവണ്മെൻറ് അങ്ങിനെ ആരെയാണ് എടുത്തിട്ടുള്ളതെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പേരിപ്പോൾ ഓർമ്മയില്ല.

ശ്രീ. പി. വിശ്വംഭരൻ : ഡിസ്ട്രിക്ട് ഡവലപ്പുമെൻറ് കമ്മിററിയിൽ പി. എസ്സ്. പി. ടിക്കററിൽ ഇലക്ഷനു നിന്നു തോററ ഒരംഗവുമില്ലെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടെന്നാണ് എൻെറ ഓർമ്മ.

അദ്ധ്യാപകന്മാരുടെ ശമ്പളം.

* 28. [13] ശ്രീ. എം. പി. ചന്ദ്രശേഖരൻപിള്ള : തഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈവററ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്ക് ഇന്നു നൽകിവരുന്ന പ്രതിമാസ ശമ്പളം എത്ര ;

(ബി) ഇപ്പോൾ കൊടുത്തുവരുന്ന ശമ്പളം അപര്യാപ്തമാണെന്നു ഗവണ്മെൻറ കരുതുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തു പ്രതിവിധി ചെയ്യുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നു ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 1–8–52–ന മുമ്പ് കൊച്ചിയിൽ നിയമിതരായവരും നിയമനം ഡിപ്പാർട്ടുമെൻറ് അംഗീകരിച്ചിട്ടുള്ളതുമായ പ്രൈവററ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്ക് കിട്ടിക്കൊണ്ടിരുന്ന ശമ്പളവും അലവൻസും ഇങ്ങനെയാണ്:

(1) ട്രെയിനിംഗ് കഴിഞ്ഞ അദ്ധ്യാപകർക്ക് ഒരു രൂപയ്ക്ക് 14 അണ 10 പൈസ ക്രമത്തിന് 30–50 സ്കെയിലിൽ ശമ്പളവും 20 രൂപ ക്ഷാമബത്തയും.

(2) ട്രെയിനിംഗ് കഴിയാത്തവർക്ക് 1 രൂപയ്ക്ക് 12 അണ 10 പൈസ ക്രമത്തിൽ 30–50 രൂപ സ്കെയിലിൽ ശമ്പളവും 20 രൂപ ക്ഷാമബത്തയും.

(3) ഹെഡ്മാസ്റ്ററന്മാർക്ക് ട്രെയിനിംഗ് അദ്ധ്യാപകന് കിട്ടുന്ന ശമ്പളത്തിനും ക്ഷാമബത്തയ്ക്കും പുറമെ 2 രൂപ 12 അണ പ്രത്യേക അലവൻസും. എന്നാൽ 1–8–52 കഴിഞ്ഞ് കൊച്ചിയിൽ നിയമിക്കപ്പെട്ട അദ്ധ്യാപകന്മാർക്കും തിരുവിതാംകൂർ വിഭാഗത്തിൽപ്പെട്ട എല്ലാ പ്രൈവററപ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്കും കിട്ടുന്ന ഗ്രാൻറ ഇപ്രകാരമാണ്. അദ്ധ്യാപകന് 30 രൂപ. ഹെഡ്മാസ്റ്റർക്ക് 35 രൂപ.

(ബി) ഗവണ്മെൻറ കൊടുക്കുന്നത് ഗ്രാൻറാണ്. അതു് അപര്യാപ്തമാണെന്നു കരുതുന്നുണ്ട്.

(സി) പ്രൈവററ പ്രൈമറിസ്കൂൾ അദ്ധ്യാപകന് പ്രതിമാസം സർക്കാർ സ്കൂൾ അദ്ധ്യാപകന്റെ ശമ്പളം കൊച്ചിയിലെ ഗ്രാൻറ ഇൻ എയിഡ് റൂൾസ്പ്രകാരം കൊടുക്കാൻ തീരുമാനിച്ചു.

ശ്രീ. എം. പി. ചന്ദ്രശേഖരൻപിള്ള : ഇപ്പോൾ അദ്ധ്യാപകന്മാർക്കു കിട്ടിവരുന്ന ശമ്പളം അപര്യാപ്തമാണെന്നു കരുതുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതുകൊണ്ടാണ് ശമ്പളസ്കെയിലുകൾ പരിഷ്കരിച്ചിരിക്കുന്നത്.

പണിമുടക്ക്.

* 29. [14] ശ്രീ. എം. പി. ചന്ദ്രശേഖരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിം മറുപടി നൽകുമോ :

(എ) പ്രൈവറ്റ് സെക്കണ്ടറിസ്കൂൾ അദ്ധ്യാപകർ 1955 ഫെബ്രുവരിയിൽ പണിമുടക്കുകയുണ്ടായോ ;

(ബി) ഉണ്ടെങ്കിൽ എന്ത് ആവശ്യത്തിലേയ്ക്കായിട്ടാണ് അവർ പണിമുടക്കിയത് ;

(സി) അവർ പണിമുടക്ക് പിൻവലിക്കുവാൻ കാരണമെന്താണ് ;

(ഡി) അവരുടെ ശമ്പളം കൂട്ടുന്നതിനു ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പ്രൈവറ്റ് സെക്കണ്ടറിസ്കൂൾ അദ്ധ്യാപകന്മാർ ചിലർ 1955 ഫെബ്രുവരിയിൽ പണിമുടക്കുകയുണ്ടായി.

(ബി) അവർ പണിമുടക്കിയത് താഴെ പറയുന്ന സങ്കടങ്ങൾക്ക് നിവൃത്തി സമ്പാദിക്കാനായിരുന്നു എന്നാണ് കാണുന്നത്.

ശമ്പളം, അലവൻസ്, അവധി എന്നിവയിൽ സർക്കാർസ്കൂൾ അദ്ധ്യാപകരുമായി സമാനതവേണം. എൻ. ജി. ഓ. മാരുടെ മക്കൾക്കുള്ള ഫീസിളവ് അവരുടെ മക്കൾക്കും അനുവദിക്കണം. എൻ. ജി. ഓ. മാർക്കുള്ള ചികിത്സാനുകൂല്യങ്ങൾ അവർക്കും കിട്ടണം. പ്രൊവിഡൻറ്ഫണ്ട് ഉടനെ സ്ഥാപിക്കണം. അവരും മാനേജരന്മാരും തമ്മിലുള്ള തർക്കങ്ങൾ തീർപ്പാൻ ഒരു ട്രിബ്യൂണൽ ഉടനെ സ്ഥാപിക്കണം. ഒരു അദ്ധ്യാപകൻെറ എല്ലാ സ്കൂളിലെ സർവ്വീസിനും പരിപൂർണ്ണ ഗണനകൊടുക്കണം. അവരുടെ സംഘടനയ്ക്ക് അംഗീകരണവും ഗ്രാൻറും കൊടുക്കണം.

(സി) അവരുടെ സങ്കടങ്ങൾ പരിഹരിക്കുന്ന കാര്യം ഗവണ്മെൻറിൻെറ അടിയന്തിര ആലോചനയിൽ ഇരിക്കുന്നു. ചിലതെല്ലാം പരിഹരിച്ചിട്ടുണ്ട്.

(ഡി) അവരുടെ ശമ്പളക്കാര്യത്തിൽ എന്തുചെയ്യാനുദ്ദേശിക്കുന്നു എന്ന് ഇന്നുതന്നെ സഭയിൽ പ്രസ്താവിച്ചു കഴിഞ്ഞു.

Social Welfare Advisory Board.

*30. [15] **Shri P. Kunjan**: Will the Chief Minister be pleased to state:

(*a*) how many members are there in the State Social Welfare Advisory Board in Travancore-Cochin ;

(*b*) who constituted the Board, this Government or the Central Government; and

(*c*) is there any representation for scheduled castes ?

Chief Minister (**Shri Panampilli Govinda Menon**) : (*a*) There are 9 members in the State Social Welfare Advisory Board in Travancore-Cochin ;

(b) the Board was constituted by the State Government with the concurrence of the Central Social Welfare Board.

(c) the representatives do not appear to have been selected on consideration of their caste.

Shri P. Kunjan: May I know the names of the Members of the Board ?

Shri Panampilli Govinda Menon: The names of the Members are these—

1. Sry. P. Thankamma, Secretary, Mahilamandiram, Trivandrum. (*Chairman*)
2. Miss. Sosa Mathew, Secretary, Y. W. C. A. Kerala Branch, Thiruvalla.
3. Mrs. Leela Damodara Menon, Ottappalam.
4. Mrs. Pattom Thanu Pillai.
5. Shri Cherian Thomas, District Organiser, Bhoodan Committee, Kottayam.
6. Mrs. Pavizham Madhavan Nair, Ernakulam.
7. Sry. P. Janaki Amma, Chairman, Municipal Council, Ernakulam.
8. Mrs. K. A. Mathew, Thiruvalla.
9. Secretary to Government, Education Department.

ശ്രീമതി കെ. ആർ. ഗൗരി: ഈ കമ്മിററികളിൽ ഇവക്കെല്ലാം പ്രതിനിദ്ധ്യം കൊടുത്തതു് എന്തടിസ്ഥാനത്തിലാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എന്തടിസ്ഥാനത്തിൽ ചെയ്തു എന്നു് ഫയലിൽ കാണുന്നില്ല. ഇതിൽ നാലുപേരെ സെൻട്രൽ ബോർഡിന്റെ നിർദ്ദേശമനുസരിച്ചു് നാമിനേററു ചെയ്തതാണു്. മിസ്സ്. ശോശാമ്മ മാത്യു, ലീലാ ദാമോദരമേനോൻ, മിസ്സസ്സ് പട്ടം താണുപിള്ള, ശ്രീ. ചെറിയാൻ തോമസ്സ് ഇവരാണു് നാലുപേർ. മററുള്ളവരെ ഈ ഗവണ്മെൻറിന്റെ അഭിപ്രായമനുസരിച്ചു് നാമിനേററുചെയ്തു എന്നാണു് കാണുന്നതു്.

ശ്രീമതി കെ. ആർ. ഗൗരി: ലീലാ ദാമോദരമേനോൻ തിരുവിതാംകൂർ—കൊച്ചിക്കാരിയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ശ്രീ. ദാമോദരമേനോൻ ഈ സ്റ്റേററുകാരനാണു്.

ശ്രീമതി കെ. ആർ. ഗൗരി; അദ്ദേഹം മലബാറിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട ഒരു എം. പി. ആണെന്നു പറഞ്ഞതാൽ വിശ്വസിക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മേൽവിലാസം കൊടുത്തിട്ടുള്ളതു് ഒററപ്പാലം എന്നാണല്ലോ.

ശ്രീമതി കെ. ആർ. ഗൗരി: തിരുവിതാംകൂർ-കൊച്ചിയിൽ വേറെ സ്ത്രീകൾ ഇല്ലാത്തതുകൊണ്ടാണോ മലബാറിൽനിന്നും എടുത്തതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെനിക്കും നിശ്ചയമില്ല.

ശ്രീമതി കെ. ആർ. ഗൗരി : തിരുവിതാംകൂർ-കൊച്ചിയിൽ ഒരു മഹിളാസംഘം ഉള്ളതിന് ഈ കമ്മിററിയിൽ പ്രാതിനിധ്യം കൊടുക്കുന്നതിന് ശ്രദ്ധിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിന്റെ ചെയർമാൻ തന്നെ ഇതിന്റെ സെക്രട്ടറിയാണ്.

ശ്രീമതി കെ. ആർ. ഗൗരി : അതു മഹിളാമന്ദിരമാണ്. അതു വെറും ഒരു ഇൻസ്റ്റിററ്യൂഷനാണെന്ന് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതൊരു ഇൻസ്റ്റിററ്യൂഷനായിരിക്കണം. വെറും ഇൻസ്റ്റിററ്യൂഷനാണെന്ന് അറിഞ്ഞുകൂടാ.

ശ്രീമതി കെ. ആർ. ഗൗരി : അതു പൂജപ്പുര നടത്തുന്നതാണെന്ന് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അറിയാം.

ശ്രീമതി കെ. ആർ. ഗൗരി : മഹിളാസംഘടനയ്ക്ക് പ്രാതിനിധ്യം കൊടുത്തിട്ടില്ലാത്തതുകൊണ്ട് ഇനിയെങ്കിലും അതിന പ്രാതിനിധ്യം കൊടുക്കുന്നതിന ശ്രമിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കൂടുതൽ അംഗങ്ങളെ ചേർക്കാൻ നിവൃത്തിയുണ്ടോ എന്നറിവില്ല. ഇതു് സെൻട്രൽ ഗവണ്മെൻറിന്റെ പ്ലാൻ അനുസരിച്ച് നടത്തുന്നതാണ്. കൂടുതൽ അംഗങ്ങളെ എടുക്കുമോ എന്ന് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീമതി കെ. ആർ. ഗൗരി : സ്ത്രീകളുടെ ഇടയിൽ സാമൂഹ്യപ്രവർത്തനം നടത്തുന്ന മഹിളാസംഘടനയുടെ പ്രതിനിധിയെ കോവാപ്ററ ചെയ്യേണ്ടതല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ ബോർഡിലേയ്ക്ക് ക്ഷണിച്ചുകൂട്ടിയിട്ടുള്ള ആളുകളെ എടുത്തുകഴിഞ്ഞു. അതുകൊണ്ട് വേറെ അർഹതയുള്ളവരാരും ഇല്ലെന്ന് അർത്ഥം വരുന്നില്ല.

ശ്രീമതി കെ. ആർ. ഗൗരി : ആ സ്ഥിതിക്ക് അവരെക്കൂടി എടുക്കുന്നതിന് സർക്കാരനടപടികൾ സ്വീകരിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കൂടുതൽ ആളുകളെ എടുക്കാമോ എന്നറിഞ്ഞതിന ശേഷമേ അതിന മറുപടി പറയുവാൻ നിവൃത്തിയുള്ളു.

ശ്രീമതി കെ. ആർ. ഗൗരി : അതിനേപ്പററി അന്വേഷിച്ച് സാദ്ധ്യതയുണ്ടെങ്കിൽ എടുക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു നോക്കാം.

ശ്രീ. എൻ. ജി. ചാക്കോ : ഈ സഭയിലെ ഏക വനിതാ മെംബറെക്കൂടി നോമിനേററു ചെയ്യുമോ?

Mr. Speaker: That is a very pertinent question.

Shri Panampilli Govinda Menon : And it is a good suggestion too (Laughter).

ശ്രീ. ടി. കെ. ദിവാകരൻ: സോഷ്യൽ വെൽഫയർ വർക്ക് സ്ത്രീകൾക്കു മാത്രമേ ആകാവൂ എന്ന് നിർബന്ധമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ ബോർഡിൽ ഒരു പുരുഷനുമുണ്ട്. ശ്രീ. ചെറിയാൻ തോമസ്സ് പുരുഷനാണ്. അദ്ദേഹം വെൽഫയർ പ്രവർത്തനം നടത്തുന്നുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: സോഷ്യൽ വെൽഫയർ പ്രവർത്തനം സ്ത്രീകളുടെ ഇടയിൽ മാത്രമേ ഉദ്ദേശിച്ചിട്ടുള്ളോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പ്രധാനമായി സ്ത്രീകളുടേയും കുട്ടികളുടേയും ഇടയിലാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ശ്രീ. ടി. കെ. ദിവാകരൻ; ശ്രീ. ചെറിയാൻ തോമസ്സ് എന്തു സാമൂഹ്യപ്രവർത്തനമാണ് നടത്തുന്നത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അദ്ദേഹം ശ്രീനാരായണകമ്മിററിയുടെ ഒരു അർഗനൈസറാണ്.

സാങ്കേതിക വിദ്യാലയങ്ങൾ.

* 31. [16] ശ്രീ. പി. കുഞ്ഞൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) സാങ്കേതികവിദ്യാലയങ്ങൾ ഉദ്ധരിക്കുന്നതിന് വേണ്ട മാർഗ്ഗങ്ങളെപ്പററി അന്വേഷിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഒരു കമ്മിററിയെ നിയമിച്ചിട്ട് എത്ര കാലമായി;

(ബി) റിപ്പോർട്ടു കിട്ടിയിട്ട് എത്ര കാലമായി;

(സി) അതിന്മേൽ ഗവണ്മെൻറ് വല്ല ഉത്തരവും പാസ്സാക്കിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണമെന്ത്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) സാങ്കേതികവിദ്യാലയങ്ങൾ ഉദ്ധരിക്കുന്നതിനു വേണ്ട മാർഗ്ഗങ്ങളെപ്പററി അന്വേഷിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ 26-6-1952-ൽ ഒരു കമ്മിററിയെ നിയമിച്ചു.

(ബി) 4-6-1954-ൽ ഈ കമ്മിററിയുടെ റിപ്പോർട്ടു കിട്ടി.

(സി) റിപ്പോർട്ടിൻെറ പല ഭാഗങ്ങളും ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുകയാണ്. ഈ കമ്മിററിയുടെ റിപ്പോർട്ട് അനുസരിച്ച് സാങ്കേതികവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാർക്ക് 13 രൂപ വീതം ഗ്രാൻറ് ഉണ്ടായിരുന്നത് 40 രൂപയായി വർദ്ധിപ്പിച്ച് രണ്ടു ദിവസത്തിനുമുമ്പ് ആർഡർ പാസ്സാക്കിയിട്ടുണ്ട്. വർദ്ധിപ്പിച്ച ഗ്രാൻറ് അടുത്ത ഏപ്രിൽ 1-ാംനു- മുതൽ അദ്ധ്യാപകന്മാർക്കു കിട്ടുന്നതാണ്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. കുഞ്ഞൻ: ഈ കമ്മിററിയുടെ പ്രവർത്തനത്തിനുവേണ്ടി എത്ര രൂപ ഗവണ്മെൻറിനു ചെലവു വന്നിട്ടുണ്ട്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനു നോട്ടീസ് വേണം.

ശ്രീ. പി. വിശ്വംഭരൻ : ഈ വർദ്ധിപ്പിച്ച ഗ്രാൻറ് അടുത്ത ഏപ്രിൽ 1-ാംതീയതിമുതൽ കിട്ടുന്നതാണ് എന്നു പറഞ്ഞു. ഏതു ഏപ്രിൽ മുതലാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അടുത്ത ഏപ്രിൽ 1-ാം തീയതി മുതൽ.

പ്രൈമറിസ്കൂൾ അദ്ധ്യാപകരുടെ ശമ്പളം.

* 32. [17] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) പ്രൈവററ് സെക്കണ്ടറി പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന ശമ്പളത്തിൽ എന്തു പരിഷ്കാരമാണ് ഗവണ്മെൻറ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) അതു് എന്നു നടപ്പിൽ വരുത്തും;

(സി) ഈയിനത്തിൽ ഗവണ്മെൻറിന് ഒരു വർഷത്തിൽ വരുന്ന ചെലവ് കണക്കാക്കപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

ഈ ചോദ്യത്തിന് ഇന്നു ഉത്തരം നൽകിക്കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ,സർ, പാർട്ട് (സി) യുടെ ഉത്തരം ലഭിച്ചാൽ കൊള്ളാം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഈ സംഗതികളെല്ലാം ബഡ്ജററിൽ വിവരമായി പ്രതിപാദിക്കുന്നുണ്ട്.

കയർ മിനിമം വേജസ്സ്.

* 33. [18] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954 ഡിസംബർ 1-ാംനു- മുതൽ കയർ മിനിമംവേജസ് നടപ്പിലാക്കുന്നതിനുവേണ്ടി ഗവണ്മെൻറ് കർശനനടപടികൾ എടുക്കണമെന്നാവശ്യപ്പെടുന്ന ഒരു പ്രമേയം കഴിഞ്ഞ നിയമസഭാസമ്മേളനം പാസ്സാക്കുകയുണ്ടായില്ലേ ;

(ബി) അതിന്മേൽ ഗവണ്മെൻറ് എന്തു നടപടികൾ എടുത്തു;

(സി) മിനിമംവേജസ് ഉൽപ്പാദകർ നൽകുന്നില്ല എന്ന് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(ഡി) മിനിമംവേജസ്, കൊടുക്കാത്ത ഉൽപ്പാദകരുടെമേൽ എന്തു് ശിക്ഷാനടപടികൾ എടുത്തിട്ടുണ്ട് ;

(ഇ) മിനിമംവേജസ് വാങ്ങാൻവേണ്ടി സമാധാനപരമായ ജാഥയും സത്യാഗ്രഹവും നടത്തിയ തൊഴിലാളികളുടെ മേൽ ഉൽപ്പാദകരും ഗുണ്ടാകളും ചേർന്ന് കയ്യേററം നടത്തിയതായി പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(എഫ്) അത്തരം പരാതികളിന്മേൽ എന്തു നടപടികൾ എടുത്തു ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) കയർതൊഴിലാളികളുടെ ദുരിതനിവാരണത്തിനായി 15 ലക്ഷം രൂപ അനുവദിക്കണമെന്നും, കയർ മിനിമംവേജസ് ഊർജ്ജിതമായി നടപ്പിലാക്കുന്നതിനു വേണ്ട നടപടികൾ എടുക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു പ്രമേയം കഴിഞ്ഞ നിയമസഭാ സമ്മേളനം പാസാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രമേയം പൂർണ്ണമായും നടപ്പിലാക്കുന്നതിനു വേണ്ട നടപടികൾ എടുത്തുവരികയാണ്. ഗവണ്മെൻറ് നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ കൂലിനിരക്ക് ലഭിക്കുന്നില്ലെന്നുള്ള പരാതികൾ കേട്ടു തീരുമാനിക്കുന്നതിനായി മിനിമംവേജസ് ആക്ററ് 20-ാം വകുപ്പ് അനുസരിച്ച് ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടന്മാരെ ക്ലെയിംസ് അതാറിററീസ് (Claims Authorities) ആയി നിയമിച്ചു. കൂടാതെ മിനിമംവേജസ് ഊർജ്ജിതമായി നടപ്പിലാക്കണമെന്നും, അതിനു വിപരീതമായി പ്രവർത്തിക്കുന്നവരുടെ പേരിൽ വേണ്ട നടപടികൾ എടുക്കണമെന്നും അസിസ്റ്റൻറ് ലേബർ കമ്മീഷണർമാർക്കും, കൺസീലിയേഷൻ ആഫീസർമാർക്കും ലേബർ ആഫീസറന്മാർക്കും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി) കൃത്യമായി പറയുവാൻ സാദ്ധ്യമല്ല.

(ഡി) ഗവണ്മെൻറ് തീർച്ചപ്പെടുത്തിയിട്ടുള്ള കുറഞ്ഞ കൂലി ലഭിക്കാത്തതു സംബന്ധിച്ചുള്ള പരാതികൾ കേട്ടു തീരുമാനിക്കുന്നതിനാണ് മിനിമംവേജസ് ആക്ററ് അനുസരിച്ച് ക്ലെയിംസ് അതാറിട്ടിസിനെ നിയമിച്ചിട്ടുള്ളത്.

(ഇ) മിനിമംവേജസ് വാങ്ങാൻവേണ്ടി സമാധാനപരമായ ജാഥയും സത്യാഗ്രഹവും നടത്തിയ തൊഴിലാളികളുടെ പേരിൽ കൈയേററം നടത്തിയതായി പരാതി ലഭിച്ചിട്ടുണ്ട്.

(എഫ്) ഈ തരം പരാതികളിന്മേൽ വേണ്ട നടപടി നടത്താൻ പോലീസ് ഡിപ്പാർട്ടുമെൻറിലേയ്ക്ക് അയച്ചിട്ടുണ്ട്.

ശ്രീ. ടി. എ. മജീദ് : ലേബർ ഉദ്യോഗസ്ഥന്മാർക്കും കൺസീലിയേഷൻ ആഫീസറന്മാർക്കും മററും നടപടികൾ എടുക്കാൻ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നു പറഞ്ഞു. അവരിൽ ഏതെങ്കിലും ഉദ്യോഗസ്ഥന്മാർ ഏതെങ്കിലും ഉൽപ്പാദകരുടെ പേരിൽ ഇതേവരെയായി നടപടി എടുത്തിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കയർ മിനിമംവേജസ് ഈ അടുത്തകാലത്താണു നടപ്പാക്കിയതു്. അതു് നടപ്പിൽ വരുത്തുമ്പോൾ ചില ചെറിയ വൈഷമ്യങ്ങൾ വന്നിട്ടുണ്ട്. അതു് ഊർജ്ജിതമായി നടപ്പിലാക്കണമെന്നുതന്നെയാണ് ഗവണ്മെൻറിൻെറ ഉദ്ദേശം. അതിന് അൽപ്പം സമയം ആവശ്യം വരുമെന്നേയുള്ളൂ. അതിലുള്ള പ്രായോഗികവൈഷമ്യങ്ങൾ പരിഹരിക്കാൻവേണ്ടി ഒരു കമ്മിററിയെയും നിയമിച്ചിട്ടുണ്ട്.

എനിക്കു ഇതിനെ സംബന്ധിച്ച് ഈ സഭയിൽ ഉറപ്പിച്ചു പറയുവാനുള്ളതു് മിനിമം വേജസ് ഗവണ്മെൻറു വളരെ ആത്മാർത്ഥമായി നടപ്പിൽ വരുത്താൻ വേണ്ട നടപടികൾ നടത്തും എന്നാണ്.

പബ്ളിക്കുവർക്സ് കമ്മിററിയിൽ ചെയ്തിട്ടുള്ള തീരുമാനങ്ങൾ.

* 34. [19] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു 1951-നു ശേഷം പബ്ളിക്കുവർക്സ് കമ്മിററികൾ ഇന്നുവരെ ചെയ്തിട്ടുള്ള തീരുമാനങ്ങൾ എത്ര ;

(ബി) അവയിൽ എത്രയെണ്ണം ഗവണ്മെൻറ് ഇതുവരെ നടപ്പിൽ വരുത്തിയിട്ടുണ്ട് ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) 1785 തീരുമാനങ്ങൾ. (മൂവാററുപുഴ സബ്ഡിവിഷൻ ഒഴികെ). മൂവാററുപുഴ സബ്ഡിവിഷനെ സംബന്ധിച്ചു വിവരങ്ങൾ ലഭിച്ചിട്ടില്ല.

(ബി) 547 എണ്ണം.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : 1785 തീരുമാനങ്ങളിൽ വളരെ കുറച്ചു മാത്രം നടപ്പിൽ വരുത്തിയിട്ടുള്ളതിനു പ്രത്യേക കാരണം വല്ലതുമുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : പണസംബന്ധമായി ഉള്ള വിഷമം മൂലമാണ് നടപ്പിൽവരുത്താൻ സാധിക്കാതെ വന്നിട്ടുള്ളതു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : അടുത്ത ബഡ്ജററിലെങ്കിലും ഇതിനാവശ്യമുള്ള തുക ഉൾപ്പെടുത്തുന്നകാര്യം ആലോചിക്കുമോ ?

ശ്രീ. കെ. ഐ. വേലായുധൻ : അതിനെപ്പററി ആലോചിക്കാം.

ശ്രീമതി കെ. ആർ. ഗൗരി: പബ്ലിക്കു വർക്സു കമ്മിററിയുടെ തീരുമാനങ്ങൾക്കു വിപരീതമായി ഉദ്യോഗസ്ഥന്മാർ പ്രവർത്തിക്കുന്നതായാൽ അതിനെ തിരുത്താൻ ഗവണ്മെൻറു ശ്രമിക്കുമോ ?

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങനെ പ്രവർത്തിച്ചിട്ടില്ലാ എന്നാണു ഗവണ്മെൻറിൻെറ വിശ്വാസം.

ശ്രീമതി കെ. ആർ. ഗൗരി : അങ്ങനെ പ്രവർത്തിച്ചിട്ടുള്ളതായ് ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയാൽ അതു് തിരുത്താൻ ശ്രമിക്കുമോ ?

ശ്രീ. കെ. ഐ. വേലായുധൻ : ആലോചിക്കാം.

ശ്രീ. എൻ. ജി. ചാക്കോ : വർക്ക്സ് ഡിവിഷൻ കമ്മിററികൾ ശുപാർശ ചെയ്തിട്ടുള്ള ജോലികൾ ഏതെങ്കിലും നടപ്പിലാക്കിയിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : അതാണ് ഞാൻ മുൻപു പറഞ്ഞ 547 എണ്ണം.

ശ്രീ. പ്രാക്കുളം ഭാസി : സർ, ഒരു പായിൻറ് ആഫ് ആർഡർ, പബ്ളിക്ക് വർക്ക്സ് മിനിസ്റ്റക്ക് മുൻവരിയിൽ സീറവമററി കൊടുത്താൽ കൊള്ളാം. അദ്ദേഹം സംസാരിക്കുന്നതു് ഒന്നുംതന്നെ ഞങ്ങൾക്കു കേൾക്കാൻ നിവൃത്തിയില്ല. ഈ സഭയിലെ ഒരു മെംബർ എന്ന നിലയിൽ ഞാൻ ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. സി. എ. മാത്യു : മൂവാററുപുഴ താലൂക്കുമാത്രം ഇതിൽനിന്നും ഒഴിവാക്കാൻ കാരണം വല്ലതും ഉണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : അതു ഒഴിവാക്കിയിട്ടില്ല. അവിടെനിന്നും ഉള്ള വിവരങ്ങൾ ഇതേവരെ ലഭിച്ചിട്ടില്ല.

ശ്രീ. സി. എ. മാത്യു : ആ വിവരങ്ങൾ അറിയിച്ചുതരുന്നതിനു അനാസ്ഥ കാണിച്ച ഉദ്യോഗസ്ഥന്മാരുടെ പേരിൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : അനാസ്ഥ കാണിച്ചു എന്നു പറയുവാൻ നിവൃത്തിയില്ല. അവിടെ നിന്നും മറുപടി കിട്ടിയിട്ടില്ല എന്നേയുള്ളു.

ശ്രീ. കെ. എം. ചാണ്ടി : 1954–55–ൽ സെൻട്രൽ വർക്ക്സ് കമ്മിററി വല്ല തീരുമാനങ്ങളും സമർപ്പിച്ചിട്ടുണ്ടോ ?

Some quarters have expressed their doubts with regard to the success of Estate Duty in view of the revised land tenures and maximum holdings of land for which Acts are on the anvil. I am of opinion that the Land Bills and the Estate Duty will bring about fragmentation of land. The results may be so very adverse that it might even bring about discard of land and may even reduce the revenues of the Government. Well, that is a development of the future and let us not bother ourselves at this stage with possibilities of fragmentation and loss of revenue. Let us now treat Death Duty as an effective weapon to reduce inequalities in the distribution of wealth. Let us primarily think and treat this enactment as something for the betterment of the people of India, and as such, let the resolution before the House have our support, our honest support and the levy of this duty our sincere co-operation.

[Deputy Speaker in the Chair.]

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: സർ, എസ്റ്റേറ്റ് ഡ്യൂട്ടി സംബന്ധിച്ചു ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ഇവിടെ അവതരിപ്പിച്ച റസല്യൂഷനും ആ റസല്യൂഷനെ വ്യാഖ്യാനിച്ചുകൊണ്ടു നടത്തിയ പ്രസംഗവും വളരെ ശ്രദ്ധാപൂർവ്വം ഞാൻ കേൾക്കുകയുണ്ടായി. കാൺഗ്രസുകാർ ഭരണം ഏറ്റെടുത്തു ഭരണം തുടങ്ങിയ സമയം മുതൽ ഭൂജ്ജകനങ്ങളാണു് ഞാൻ കാണുന്നതു്. അതിൽ ഒന്നാമത്തെ ഭൂജ്ജകനം, പി. എസ്. പി. ഗവണ്മെൻറ് ഭരിച്ചിരുന്ന അവസരത്തിൽ സർക്കാർ വക്കീലന്മാരുടെ ആഫീസുകളിലേയ്ക്കു അത്യാവശ്യമുള്ള പുസ്തകങ്ങൾ വാങ്ങുന്നതിനുവേണ്ടി ആറായിരം രൂപ അനുവദിച്ചുതരണമെന്നു അപേക്ഷിച്ചുകൊണ്ടു് ഹാജരാക്കിയ ഉപക്ഷേപത്തെ അന്നത്തെ കാൺഗ്രസുകക്ഷി ലീഡറും ഇന്നത്തെ പ്രധാനമന്ത്രിയും ആയ ശ്രീ. പനമ്പിള്ളി എതിർക്കുകയുണ്ടായതാണു്. എന്നാൽ ഇന്നലെ ഞങ്ങളാരും സഭയിലില്ലാത്ത അവസരം നോക്കി ആ തുക ശ്രീ. പനമ്പിള്ളിതന്നെ സഭയിൽ കൊണ്ടുവന്നു പാസാക്കി എടുക്കുകയും ചെയ്തു. അന്നു പി. എസ്. പി. ഗവണ്മെൻറ് കൊണ്ടുവന്നപ്പോൾ അനുവദിക്കാൻ പാടില്ലെന്നു വാദിച്ച കാൺഗ്രസ്കക്ഷി നേതാവു് നിയമസഭാഹാളിൻെറ വടക്കുവശത്തുനിന്നും തെക്കുവശത്തേയ്ക്കു മാറിയപ്പോൾ അനുവദിക്കേണ്ടതാണെന്നു് നിർബന്ധിക്കുകയാണു് ചെയ്തതു്. രണ്ടാമത്തെ സംഗതി പി. സി. പി. ഗവണ്മെൻറ് ഭരണപരമായി വലിയ ചെലവുകൾ ചെയ്യുന്നതുകൊണ്ടു് കൂടുതൽ നികുതി ജനങ്ങളിൽ ചുമത്തേണ്ടി വരുമെന്നു് അഭിപ്രായപ്പെട്ടവരാണു കാൺഗ്രസ്സുകാർ. എന്നാൽ യാതൊരു കൂടുതൽ നികുതിയും ജനങ്ങളിൽ ചുമത്താതെ തന്നെയാണു് ഏകദേശം ഒരു കൊല്ലം വരെ പി. എസ്. പി. ഇവിടെ ഭരണം നടത്തിയിട്ടുള്ളതു്. പുതിയ നികുതി ചുമത്തുന്നതു് ജനങ്ങൾക്കു് കൂടുതൽ വൈഷമ്യവും നഷ്ടവും ഉണ്ടാക്കുന്നതാണെന്നു് അഭിപ്രായപ്പെട്ട കാൺഗ്രസുകാർ ഭരണമേററപ്പോൾ തന്നെ പുതിയ ഒരു നികുതി സംപ്രദായം കൊണ്ടുവന്നിരിക്കുകയാണു്. നികുതി വർദ്ധിപ്പിക്കുക എന്നു പറഞ്ഞാൽ ജനങ്ങളിൽനിന്നും കൂടുതൽ കരം ഈടാക്കുക എന്നാണല്ലോ. കാൺഗ്രസുഗവണ്മെൻറിൻെറ അഭിപ്രായഗതികൾ മാറുന്നതിനെപ്പററിയുള്ള ഒരു ഉദാഹരണമാണിതു്. സർ, ഏതു ഗവണ്മെൻറായാലും കൂടുതൽ നികുതി ജനങ്ങളിൽ ചുമത്താതെ ശ്രമിക്കേണ്ടതാണു്. എന്നാൽ ഈ നികുതിസംപ്രദായം കേന്ദ്രപാർലമെൻറ് അംഗീകരിച്ചു പാസാക്കിയ സ്ഥിതിയ്ക്കു നാമും ഇവിടെ പാസാക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഏകകണ്ഠമായി ഇതു പാസാക്കണമെന്നും ഇതിലേയ്ക്കു ഏകകണ്ഠമായിതന്നെ അനുകൂലിക്കണമെന്നും മററുമാണു് ബഹുമാനപ്പെട്ട മന്ത്രിയുടേയും ഏതാനും ബഹുമാനപ്പെട്ട മെംബർമാരുടെയും അഭിപ്രായം. ആ അഭിപ്രായത്തിനെ ഞാൻ ചോദ്യം ചെയ്യുന്നില്ല.

പക്ഷെ ചില തത്വങ്ങൾ ഈ കാര്യത്തിൽ അംഗീകരിച്ചില്ലെങ്കിൽ അതു ജനങ്ങൾക്കു ഉപദ്രവകരമായി വന്നേക്കാൻ ഇടയുണ്ടു്. കാർഷികാദായനികുതി എന്നു് ഒരു ഭയങ്കര നികുതി ഇന്നു ഇവിടെ നിലവിലുണ്ടു്. വെളിയിൽ മററു പല രാജ്യങ്ങളിലും ഇല്ലാത്ത വിധത്തിൽ അതു വളരെ കൂടുതലാണു്, ഇവിടുത്തെ കാർഷികാദായനികുതി. കാർഷികാദായനികുതി പിരിച്ചെടുക്കുന്നതിൽ വലിയ വൈഷമ്യങ്ങൾ ഉള്ളതായി അനുഭവപ്പെട്ടിട്ടുണ്ടു്. നികുതി പിരിക്കുന്ന ഉദ്യോഗസ്ഥൻ വന്നു നിശ്ചയിക്കുന്ന ആദായം അനുസരിച്ചുള്ള നികുതി

10 A. M.]

കൊടുക്കേണ്ടതായിട്ടാണിരിക്കുന്നതു്. പരമാർത്ഥത്തിൽ ആദായം ഉണ്ടെങ്കിലും ഇല്ലെങ്കിലും ഉദ്യോഗസ്ഥൻ നിശ്ചയിക്കുന്നതുപോലുള്ള നികുതി കൊടുക്കണം. കൈക്കൂലി വാങ്ങിക്കുവാൻ വളരെ സൗകര്യമുള്ള ഒരു നിയമമാണു് ഇതു്. നിശ്ചയിച്ചു കഴിഞ്ഞതിനുശേഷം അതനുസരിച്ചുള്ള ആദായമില്ലെന്നു കാണിക്കണമെങ്കിൽ അതിനു കൈക്കൂലിയും ശുപാർശയും വേണം. അങ്ങനെ ഒരു ആർബിട്രറി ആയി നിശ്ചയിക്കുവാൻ ഉള്ള ഇടം കൊടുക്കാത്ത തരത്തിൽ ആയിരിക്കണം എസ്റ്റേറ്റു ഡ്യൂട്ടി നിശ്ചയിക്കേണ്ടതു്. ഈ കാർഷികഭൂമികളുടെ അവകാശികൾ, ഉദ്യോഗസ്ഥന്മാർ പറയുന്ന രീതിയിലുള്ള ആദായം ഇല്ലെന്നു പറഞ്ഞാൽ അതു അവർ കേൾക്കുകയില്ല. അതിനാൽ ഞാൻ പറയുന്നതു് എസ്റ്റേറ്റു ഡ്യൂട്ടി മനുഷ്യരെ വിഷമിപ്പിക്കുന്ന രീതിയിൽ അല്ലാത്ത തരത്തിൽ വ്യാപിപ്പിക്കണം. അതിനു വേണമെങ്കിൽ ഒരു നിയമം ഉണ്ടാക്കിയതിനുശേഷം മതിയായിരുന്നു ഈ റസല്യൂഷൻ കൊണ്ടുവരേണ്ടിയിരുന്നതു് എന്നു എനിക്കു് അഭിപ്രായമുണ്ടു്. ഇന്നയിന്ന ലക്ഷണങ്ങളുള്ള ഭൂമികൾക്കു ഇന്നയിന്ന വില നിശ്ചയിക്കണമെന്നു ഒരു മാനദണ്ഡം ഉൾക്കൊള്ളിച്ചിട്ടു ആയിരിക്കണം ഈ എസ്റ്റേറ്റുഡ്യൂട്ടി ഇവിടെ കൊണ്ടുവരേണ്ടതു്. ഇതെല്ലാം കേന്ദ്രത്തിൽനിന്നു ചെയ്തിരിക്കുന്നതുപോലെ ഇവിടെയും ചെയ്യുകയാണെങ്കിൽ ഒരു പക്ഷെ ഇവിടത്തെ ബില്ലിൽ എന്തെങ്കിലും കറക്ഷൻ വേണമെന്നു തോന്നിയാൽ അതിനും ഉത്തരഇൻഡ്യാക്കാരെ ശരണം പ്രാപിക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഉത്തരഇൻഡ്യയിലെ സ്ഥിതിഗതികളനുസരിച്ചു അവിടെ വില നിശ്ചയിക്കുമ്പോൾ അതനുസരിച്ചു ഇവിടെയും വില നിശ്ചയിച്ചേയ്ക്കുമോ എന്നെനിക്കു സംശയമുണ്ടു്. ഏതായാലും ഈ റസല്യൂഷൻ ഇതേപടി പാസാക്കിയാൽ കൈക്കൂലി മുതലായ അഴിമതികൾക്കു് വഴിതെളിക്കുന്നതാണു്. അതു പരിഹരിക്കുന്നതിനു് എന്തെങ്കിലും വഴി പ്രധാനമന്ത്രി ആലോചിച്ചിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. സ്വത്തു് ധാരാളം ഉള്ളവരുടെ പക്കൽനിന്നും നികുതി ഈടാക്കുന്നതുകൊണ്ടു് യാതൊരു തരക്കേടും വരാനില്ല. എന്നാൽ സ്വത്തു ഇല്ലാത്തവർക്കു ഉണ്ടെന്നു പറഞ്ഞു അതിൽ നികുതി ചുമത്തുന്നതു്, തീർച്ചയായും തെററായ നടപടിയാണു്. എന്റെ അനുഭവത്തിൽനിന്നുതന്നെ ഒരു സംഗതി പറയാം. ആകപ്പാടെ അഞ്ചേക്കർ സ്ഥലമുള്ള ഒരാൾക്കു പത്തേക്കർ സ്ഥലമുണ്ടെന്നു പറഞ്ഞു് അതനുസരിച്ചു നികുതി നിശ്ചയിച്ചു. ഈ അഞ്ചേക്കറിൽതന്നെ ഒരേക്കർ തെങ്ങിൻതോപ്പും നാലേക്കറിൽ റബ്ബറും ആണുണ്ടായിരുന്നതു്. അതു അഞ്ചേക്കർ ഭൂമിയിൽ തെങ്ങുള്ളതായും അഞ്ചേക്കർ ഭൂമിയിൽ റബ്ബർ ഉള്ളതായും അസ്സസ്സ് ചെയ്തു. ഒടുവിൽ അതിനു അപ്പീൽ കൊടുത്തു. ഇങ്ങനെ വളരെ വിഷമങ്ങൾ ഞാനുൾ അനുഭവിക്കുന്നുണ്ടു്. അതിനാൽ ഞാൻ പറയുന്നതു് ഇങ്ങനെ ആർബിട്രറിയായി നിശ്ചയിക്കാതിരിക്കത്തക്കവിധം നിയമങ്ങൾ ഉണ്ടാക്കിയിട്ടു ഈ റസല്യൂഷൻ ഇവിടെ അവതരിപ്പിക്കേണ്ടതായിരുന്നു. ഈവക കാര്യങ്ങൾക്കുകൂടി പരിഹാരം കാണണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ റസല്യൂഷനെ പിൻതാങ്ങിക്കൊള്ളുന്നു.

ശ്രീ. പി. ഭാസ്കരൻ നായർ : സർ, എസ്റ്റേറ്റു ഡ്യൂട്ടി കാർഷിക ഭൂമികളെ സംബന്ധിച്ചിടത്തോളവും വ്യാപിപ്പിക്കുന്നതിനുള്ള പ്രമേയത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. എന്നാൽ നമ്മുടെ ധനാഗമമാർഗ്ഗങ്ങൾ പോലും കേന്ദ്രഗവണ്മെൻറിന്റെ ശ്രീകോവിലിൽ തുപ്പടിദാനം ചെയ്യുന്ന പഴയ രീതിയിലുള്ള പാരമ്പര്യം പുലർത്തിക്കൊണ്ടുപോരുകയാണു ചെയ്യു

[ശ്രീ. പി. ഭാസ്കരൻനായർ]

ന്നതു്. ശ്രീ. എം. പി. മേനോൻ ഈ സഭയിൽ പ്രസ്താവിച്ചതുപോലെ നമുക്ക് ഈ സഭയിൽതന്നെ നിശ്ചയിക്കാവുന്ന രീതിയിൽ ആ നിയമങ്ങൾ കൊണ്ടുവരികയും അതു ഈ സ്റ്റേററിലെ ധനാഗമമാർഗ്ഗങ്ങളെ ശരിയായി വിനിയോഗിക്കുന്നതിനു സഹകര്യമുള്ള തരത്തിൽ ബാധകമാക്കുകയും ചെയ്യേണ്ടതായിരുന്നു. അങ്ങനെ നമുക്ക് സ്വന്തംകാലിൽ നിൽക്കാനുള്ള അവസരം കിട്ടുമ്പോൾ ആ അവസരം വേണ്ടതുപോലെ ഉപയോഗിക്കാതെ എപ്പോഴും കേന്ദ്രത്തിന്റെ ആശ്രിതത്വം പുലർത്തിക്കൊണ്ടു് നമ്മുടെ അഭിമാനത്തേയും നമ്മുടെ സ്വന്തം നിലനിൽപ്പിനേയും ചോദ്യം ചെയ്യത്തക്കവണ്ണമുള്ള ഈ മാതിരി പ്രവർത്തനം കാൺഗ്രസ്സുഗവണ്മെൻറ് ഇനിയും തുടരരുതെന്നു എനിക്കുനിർദ്ദേശിക്കുവാനുണ്ടു്. ഏതായാലും ഒരു പുരോഗമനസ്വഭാവമുള്ള ഒരു നിയമം എന്ന നിലയിൽ ഈ പ്രമേയം സ്വാഗതാർഹമാണു്. ഈ റസല്യൂഷന്റെ മുഴുവൻ പ്രയോജനവും കിട്ടത്തക്കവണ്ണം ഇന്നത്തെ രീതിയിൽ അല്ലാതെ അതിൽ അല്പം മാററം വരുത്തി പ്രവർത്തനത്തിലാക്കിക്കൊണ്ടുവരണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഇതിനെ പിൻതാങ്ങുന്നു.

ശ്രീ. കെ. ബാലകൃഷ്ണൻ : സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു. ഇവിടെ നടന്ന ചർച്ചകളിൽനിന്നു നമുക്കു മനസ്സിലാകുന്നതു് ഇതുമൂലം നമുക്കുണ്ടാക്കാൻ കഴിയുന്ന ധനാഗമമാർഗ്ഗങ്ങൾ ചോർന്നുപോകാൻ ഇടയുണ്ടെന്നാണു്. ഈ നിയമസഭയ്ക്കും ഇവിടത്തെ ഭരണകൂടത്തിനും ഈ നിയമംമൂലം പിരിക്കാനുള്ള തുകസംബന്ധിച്ചു അവസാനമായി തീരുമാനിക്കുവാനുള്ള അവകാശം കേന്ദ്രഗവണ്മെൻറിനു വിട്ടുകൊടുക്കുന്നതിനെപ്പററി ശക്തിയായ ആക്ഷേപം ഉണ്ടു്. അങ്ങനെയുള്ള ആക്ഷേപം ശരിയാണെന്നാണു് എനിക്കും തോന്നുന്നതു്. നമ്മുടെ ധനാഗമമാർഗ്ഗങ്ങൾ കേന്ദ്രത്തിൽ അടിയറവയ്ക്കുന്ന കാര്യത്തെ സംബന്ധിച്ചുള്ള എതിർപ്പുമാത്രമല്ല എനിക്കുള്ളതു്. ഈ ബില്ല് കാര്യക്ഷമമായിത്തീരണമെങ്കിൽ അതായതു നമ്മുടെ ധനാഗമമാർഗ്ഗങ്ങൾ ശരിയായി പ്രയോജനപ്പെടുത്തണമെങ്കിൽ നമ്മുടെ ഭൂസ്വത്തുകളുടെ പ്രാദേശികസ്വഭാവം നോക്കി ഓരോ പ്രദേശത്തുമുള്ള ഭൂമികൾക്ക് അതനുസരിച്ചുള്ള തോതു നിശ്ചയിച്ചു വില നിശ്ചയിക്കേണ്ടതാണു്. അല്ലാതെ ഇൻഡ്യയിലെ മൊത്തത്തിലുള്ള ഭൂസ്വത്തിന്റെ നിലപാടു നോക്കി ഇവിടെയും ആ നിയമം അതേ രീതിയിൽതന്നെ വരത്തക്കവണ്ണം കേന്ദ്രത്തിലേക്കു വിട്ടുകൊടുക്കുന്നതു് നമുക്കു ഇതുകൊണ്ടുണ്ടാകുന്ന ഫലം ഇല്ലാതെയാക്കുമെന്നു ഭയമുണ്ടു്. ഇവിടെ ഈ പ്രമേയം കൊണ്ടുവന്നതു് ഞങ്ങൾ സ്വാഗതം ചെയ്യുന്നതു് ഇതിനകത്തു സാമ്പത്തികസമീകരണം ഒന്നും വിഭാവന ചെയ്യുന്നില്ലെങ്കിലും തലമുറ തലമുറയായി യാതൊരു നിയന്ത്രണവുമില്ലാതെ ഭൂസ്വത്ത് അനുഭവിച്ചുകൊണ്ടിരിക്കുന്ന രീതിയ്ക്കു് ഒരു വിരാമം ഇടുവാനുള്ള നേരിയ സാദ്ധ്യത ഉണ്ടെന്നു് കാണുന്നതുകൊണ്ടാണു്. പരമ്പരാഗതമായ സ്വത്തവകാശംവച്ചുകൊണ്ടു് അതു ജീവിതമാർഗ്ഗമായി കരുതി കഴിയുന്ന സമൂഹവ്യവസ്ഥിതിക്കു ഒരു മാററം വരുത്തുന്ന വിപ്ലവാത്മകമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുവാൻ കഷ്ടിച്ചു ഒരു വഴികാട്ടി മാത്രമാണു് ഈ ബില്ലെന്നു ഞങ്ങൾ സമ്മതിക്കുന്നു. ഗവണ്മെൻറ് ഈ ബില്ലിലുണ്ടായിരിക്കുന്ന ആക്ഷേപങ്ങൾക്ക് പരിഹാരം കാണത്തക്ക നിലയിൽ ഈ ബില്ല് പുനഃപരിശോധന ചെയ്തു് നമ്മുടെ ധനാഗമമാർഗ്ഗങ്ങൾ നമുക്കു

തന്നെ ലഭിക്കത്തക്ക വിധത്തിൽ നടപ്പിൽ വരുത്തണമെന്നാണ് എനിക്കു അഭിപ്രായപ്പെടാനുള്ളതു്. പക്ഷെ അങ്ങനെ സാദ്ധ്യമല്ലെങ്കിൽ ഈ ബിൽ കൊണ്ടുവരേണ്ടതില്ലായിരുന്നു എന്നെനിക്കു അഭിപ്രായമില്ല. ഏതായാലും ഈ സ്റ്റേററിലെ കാർഷികഭൂമികളെ സംബന്ധിച്ചുകൂടി എസ്റ്റേറഡ്യൂട്ടി വ്യാപിപ്പിക്കുന്നതിനുള്ള ഈ റസല്യൂഷന്റെ അടിസ്ഥാന തത്വത്തെ സ്വാഗതം ചെയ്യുവാൻ എനിക്കു സന്തോഷമുണ്ടു്. ഈ പശ്ചാത്തലത്തിൽ അധികാരത്തിലിരിക്കുന്ന കക്ഷി ഈ കാര്യങ്ങളെക്കുറിച്ചു് ഗൗരവപൂർവ്വം ആലോചിക്കണമെന്നും കഴിയുമെങ്കിൽ മറെറാരു ബിൽ അവതരിപ്പിക്കണമെന്നും ഒരിക്കൽക്കൂടി അപേക്ഷിച്ചുകൊണ്ടു ഞാൻ വിരമിക്കുന്നു.

ശ്രീ. മഞ്ജുനാഥപ്രഭു : സർ, എസ്റ്റേറഡ്യൂട്ടി ഈ നാട്ടിലെ കാർഷികവസ്തുക്കളെ സംബന്ധിച്ചിടത്തോളവുംകൂടി വ്യാപിപ്പിക്കുന്നതിനു് ഭരണഘടന അനുസരിച്ചുള്ള ഒരു റസല്യൂഷനാണു് ഇവിടെ ആലോചനയിലിരിക്കുന്നതു്. ഇതിനു പ്രത്യേക നിയമം ഉണ്ടാക്കാനുള്ള അവകാശം നമുക്കുണ്ടെങ്കിലും ഞാനിപ്പോൾ സംസാരിക്കാൻ ആഗ്രഹിക്കുന്നതു് ഈ റസല്യൂഷൻ പാസ്സായാൽ ഉണ്ടാകാവുന്ന കാര്യങ്ങളെപ്പററിയാണു്. എസ്റ്റേറഡ്യൂട്ടിആക്ററു് 35-ാം വകുപ്പനുസരിച്ചു് കൃഷിഭൂമിയുടെ വിലകൂടി കൂട്ടിപ്പിടിച്ചു് ഡ്യൂട്ടി നിശ്ചയിക്കേണ്ടതു്. ഇപ്പോഴുള്ള ഇൻഡ്യൻ ഇൻകംടാക്സ് ആക്ററനുസരിച്ചുള്ള ജീവനക്കാർ എസ്റ്റേറഡ്യൂട്ടി കാർഷികേതരഭൂമികളിൽ തീരുമാനിക്കുമ്പോൾ കൃഷിഭൂമിയുടെ വിലകൂടി കണക്കാക്കേണ്ടിവരുന്നു. അതുകൊണ്ടു് ചിലവു കൂടുക എന്നുള്ളതാണു് നാം നിയമം പാസ്സാക്കിയാൽ വരുന്നതു്. അതുകൂടാതെതന്നെ 44-ം 45-ം വകുപ്പുകളിൽ ഒരാളുടെ മരണശേഷം ഡ്യൂട്ടി ചുമത്തുമ്പോൾ ചില ഒഴിവാക്കലുകൾ അനുവദിച്ചിട്ടുണ്ടു്. അങ്ങിനെ കാർഷികഭൂമികളിലായാലും കാർഷികേതരഭൂമികളിലായാലും ചില ചെലവുകൾ കുറച്ചുകിട്ടാനുള്ള അവകാശമുണ്ടു്. ഇതെല്ലാം ശരിയാകണമെന്നുവരികിൽ ഡ്യൂട്ടി പിരിക്കുന്നതിനുള്ള അവകാശം ഒരേജൻസിക്കു് നൽകുന്നതാണു് ഉത്തമം. നമ്മുടെ സ്റ്റേററിൽ ഒരു പ്രത്യേക നിയമം ഉണ്ടാക്കിയില്ലെങ്കിൽ ഈ റേററു് കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നതിനുള്ള സാദ്ധ്യത ഉണ്ടാകുമോ എന്നൊന്നും റസല്യൂഷൻ അവതരിപ്പിച്ച മുഖ്യമന്ത്രി പറയുകയുണ്ടായില്ല. നമുക്കു് ഒരു റസല്യൂഷൻ പാസ്സാക്കി എന്തെങ്കിലും വ്യത്യാസം വരുത്താൻ അവകാശമുണ്ടായിരിക്കുമോ, അതു് ഇൻഡ്യൻ ആക്ററിൽ ചേർക്കുമോ; എന്നെല്ലാം അറിയേണ്ടതുണ്ടു്. ഇതു് 1953-ൽ സെൻട്രലിൽ പാസ്സായിട്ടുള്ളതാണു്. അതിവിടെ കൊണ്ടുവരുന്നതിനുള്ള കാലതാമസത്തെപ്പററി യാതൊരു വിശദീകരണവും കിട്ടിയിട്ടില്ല. ഇനിയും ഒരു ആക്ററുണ്ടാക്കി ഈ അസംബ്ലിയിൽ കൊണ്ടുവന്നു് പാസ്സാക്കുകയാണെങ്കിൽ അതിനു വളരെ കാലതാമസം നേരിടും. ഈ റസല്യൂഷൻ ഇപ്പോൾതന്നെ പാസ്സാക്കുകയാണെങ്കിൽ ഇപ്പോൾമുതൽതന്നെ സ്റ്റേററിനു് ആദായം ഈ വഴിക്കു് കിട്ടും. ആ സ്ഥിതിക്കു് റസല്യൂഷൻ ഇപ്പോൾതന്നെ പാസ്സാക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി : ഇൻഡ്യൻ ഭരണഘടന അനുവദിക്കുന്നതും അനുശാസിക്കുന്നതുമായ ഒരു രീതി പ്രയോഗിച്ചു് 1953-ൽ കേന്ദ്രം പാസ്സാക്കിയ ഈ നിയമം ഈ സ്റ്റേററിനുകൂടി ബാധക

[ശ്രീ. ആർ. ശങ്കരനാരായണൻതമ്പി]

മാക്കാൻ പ്രധാനമന്ത്രി അവതരിപ്പിച്ച ഒരു പ്രമേയമാണ് ഈ സഭ മുമ്പാകെ ഇപ്പോൾ ആലോചനയിലിരിക്കുന്നത്. ഇതിനെപ്പററി വിവിധതരത്തിലുള്ള അഭിപ്രായഗതികൾ ഈ സഭാതലത്തിൽ പ്രകടിപ്പിക്കപ്പെട്ടുകഴിഞ്ഞു. പുരോഗമനപരമായ ഒരാശയഗതിയാണ് മരണനികുതി എന്നുള്ള വാദംതന്നെ ഒരു തർക്കവിഷയമായിട്ടാണ് ഞങ്ങൾ കണക്കാക്കുന്നത്. സ്വകാര്യസ്വത്തിന്മേൽ ഏതെങ്കിലും തരത്തിലുള്ള ഒരു വിലങ്ങ് ഈ മരണനികുതികൊണ്ട് സൃഷ്ടിക്കപ്പെടുമോ എന്നുള്ള കാര്യത്തിൽ ഞങ്ങൾ ഭിന്നാഭിപ്രായക്കാരാണ്. മൗലികമായി ഏതെങ്കിലും വിധത്തിലുള്ള ഒരു സാമ്പത്തികവ്യത്യാസം മരണനികുതി ഏർപ്പെടുത്തുന്നതുകൊണ്ട് സംഭവിക്കുമെന്നു തോന്നുന്നില്ല. ഇൻഡ്യയിൽ ഈ സമ്പ്രദായം നടപ്പിൽ വരുത്തിയതുതന്നെ പാശ്ചാത്യരീതിയിലുള്ള നികുതിയെ പകർത്തിയതാണ്. സ്വകാര്യസ്വത്ത് അനാശാസ്യമായ രീതിയിൽ വ്യക്തികളുടെ കയ്യിൽ കടന്നുകൂടുന്നതിനെ തടസ്സപ്പെടുത്താൻ മരണനികുതി കാരണമായി ഭവിക്കുമെങ്കിൽ ഏററവും കൂടുതൽ "ലവലിംഗ് ആഫ് പ്രാപ്പർട്ടി" വരേണ്ടത് അമേരിക്കയിലായിരുന്നു. ആദ്യമായി ഈ നികുതി ഏർപ്പെടുത്തിയത് അമേരിക്കയാണെന്നാണ് എന്റെ ഓർമ്മ. എന്നാൽ അമേരിക്കയിൽ ലക്ഷപ്രഭുക്കന്മാരും കോടീശ്വരന്മാരും വർദ്ധിച്ചുകൊണ്ടിരിക്കയാണെന്നുള്ളത് തർക്കമററ സംഗതിയാണ്. അങ്ങിനെയിരിക്കെ പാശ്ചാത്യരാജ്യങ്ങളിലെ സംസ്കാരം, സാമ്പത്തികസമ്പ്രദായം, ഭരണരീതി ഇതെല്ലാംതന്നെ അതേപടി പകർത്തുന്ന 1953-ലെ എസ്റ്റേററ ഡ്യൂട്ടിനിയമം നടപ്പിലാക്കിയപ്പോൾ അത് തൊഴിലാളികർഷകവർഗ്ഗത്തിന്റെ മുന്നേററത്തിനു ഒരു വിലങ്ങുതടിയായി മാത്രമേ വിഭാവനം ചെയ്തിരിക്കാൻ ഇടയുള്ളൂ എന്നാണ് ഞങ്ങൾ കരുതുന്നത്. അതേയവസരത്തിൽ ഇന്നു നിലവിലിരിക്കുന്ന സാഹചര്യത്തിൽ മരണനികുതിയെപ്പോലുള്ള ഒരു നികുതികൂടി ഏർപ്പെടുത്തി ഗവണ്മെൻറിന്റെ വരവു വർദ്ധിപ്പിക്കുക എന്നുള്ള ആദർശം സ്വാഗതാർഹമാണ്. അതിനെ ഞങ്ങൾ സ്വാഗതം ചെയ്യുകയും ചെയ്യുന്നു.

പിന്നീട് ഇവിടെ പ്രതിപാദിക്കപ്പെട്ടത് ഈ നികുതി ഈ സ്റ്റേററിനുകൂടി ബാധകമാക്കാൻ ഇന്നത്തെ ഗവണ്മെൻറ് അവലംബിച്ച രീതി ശരിയോ തെററോ എന്നുള്ളതാണ്. രണ്ടുതരത്തിൽ ഇതു പ്രായോഗികമാക്കാമായിരുന്നു എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറയുകയുണ്ടായി. ഈ രണ്ടു രീതിയിൽ കാര്യമായിട്ടുള്ളതും ശരിയായിട്ടുള്ളതും ഏതായിരുന്നു എന്ന് അദ്ദേഹം അവധാനപൂർവ്വം ചിന്തിച്ചിരുന്നുവെങ്കിൽ ഒരു ബില്ലിന്റെ രൂപത്തിൽ ഇതിവിടെ അവതരിപ്പിക്കാൻ അദ്ദേഹം ഒരുമ്പെടുമായിരുന്നു. പക്ഷെ അങ്ങനെ ചെയ്യാതിരുന്നതിനു കാരണം അദ്ദേഹംതന്നെ പറഞ്ഞു. ഇതു പ്ലാനിംഗിന്റെ കാലമാണ്, പ്ലാനിംഗിന്റെ ഒരു പ്രത്യേക ഘട്ടത്തിലാണ് നാം നിൽക്കുന്നത്, അടുത്തുതന്നെ അവതരിപ്പിക്കാൻ പോകുന്ന ബഡ്ജററിൽ അദ്ദേഹം എസ്റ്റേററ ഡ്യൂട്ടിയിനത്തിലുള്ള ഒരു തുകകൂടി ഉൾപ്പെടുത്തിയിട്ടുണ്ട് എന്നൊക്കെ പറഞ്ഞു.

അടുത്ത ബഡ്ജററവർഷത്തിൽ ചിലവാക്കാനുള്ള തുകയിൽ ഇതുകൂടി ഉൾപ്പെടുത്തിയിരിക്കേ ഈ റസല്യൂഷൻ ഉടൻ പാസാക്കാതിരിക്കുന്ന

പക്ഷം ബഡ്ജററ് സംബന്ധിച്ചുള്ള പ്രതീക്ഷകളെല്ലാം തകർന്നുപോകാനിട യുണ്ടെന്നാണ് അദ്ദേഹത്തിന്റെ വാദം. ഒരളവിൽ ആ വാദം ശരി യാണ്. പക്ഷെ അതുകൊണ്ട് അദ്ദേഹം അവലംബിച്ച രീതി ശരി യായിരുന്നു എന്ന് അർത്ഥമാകുന്നില്ല. ശ്രീ. എം. പി. മേനോൻ പറഞ്ഞതു പോലെ ഈ സ്റ്റേററ് എല്ലാകാര്യങ്ങളിലും കേന്ദ്രത്തിന്റെ മുമ്പിൽ ഭിക്ഷാംദേഹിയായി നിൽക്കുന്ന ദയനീയമായ കാഴ്ചയാണ് മിയ്ക്കപ്പോഴും കാണുന്നത്. ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങൾ ഗവണ്മെൻറിന്റെ മുമ്പിൽ അവതരിപ്പിക്കുമ്പോൾ അതിനു കേന്ദ്രം ഇന്നതിന്നതെല്ലാം ചെയ്യു, അല്ലെങ്കിൽ കേന്ദ്രമാണ് ഞങ്ങളുടെ പ്രവർത്തനങ്ങളെ പ്രതിബന്ധ പ്പെടുത്തിയത്, കേന്ദ്രത്തിൽ നിവേദനങ്ങൾ നടത്തി, അനുകൂലമായ മറു പടി കിട്ടുമെന്നു പ്രതീക്ഷിക്കുന്നു എന്നും മററുമാണ് മിക്കവാറും സന്ദർഭ ങ്ങളിൽ ഗവണ്മെൻറ് ഭാഗത്തുനിന്നും പറയാറുള്ള മറുപടികൾ. ഈ സ്റ്റേററിനെ ഒരു 'എ' സ്റ്റേററിന്റെ പദവിയിലേക്ക് ഉയർത്താനുള്ള പ്രക്ഷോ ഭണം ആവശ്യമാണെന്നുള്ള അഭിപ്രായം തിരുവിതാംകൂർ-കൊച്ചിയി ലുള്ള ജനങ്ങളുടെ ഇടയിൽ മുഴുവനുണ്ടായിരിക്കേ സ്വതന്ത്രമായ ഒരു ആസ്തിക്യം ഈ സ്റ്റേററിന് ഉണ്ടെന്നു ധരിപ്പിക്കാൻ വേണ്ടി അപൂർവ്വം ചില സന്ദർഭങ്ങളിലെങ്കിലും നമുക്ക് ഉപയോഗിക്കാവുന്ന അധികാരം ഉപയോഗിക്കുകയായിരുന്നു യുക്തം. അതു് ചെയ്യാതെ ഒരു റസല്യൂഷൻ മുഖേന ഈ നിയമം അംഗീകരിക്കാൻ ഒരുമ്പെട്ടതു് തെററായിപ്പോയി എന്നുള്ള അഭിപ്രായമാണ് ഞങ്ങൾക്കുള്ളതു്. അതുകൊണ്ട് അദ്ദേഹം പറയുന്ന ന്യായവാദം ശരിയാണെന്നു തോന്നുന്നില്ല. ഇന്നുതന്നെ കേന്ദ്ര ഗവണ്മെൻറ് എസ്റ്റേററ് ഡ്യൂട്ടിആക്ററപ്രകാരം കാർഷികേതര ആദായ ങ്ങളെ സംബന്ധിച്ചിടത്തോളമുള്ള നികുതിപിരിവു നടത്തുന്നുണ്ട്. അതിന് ഒരു മിഷ്യനറിയുണ്ട്. ഇപ്പോൾ പ്രധാനമന്ത്രി പറയുന്നതു് കാർഷികാ ദായത്തിൻകൂടി ബാധകമാകത്തക്കവണ്ണം ഈ റസല്യൂഷൻ മുഖാന്തിരം ആ നിയമത്തിനു പ്രാബല്യം നൽകണമെന്നാണ്. അങ്ങനെയാണെങ്കിൽ കുറച്ചു് അവധാനപൂർവ്വം ചിന്തിച്ചു മാത്രമെ അതു ചെയ്യാൻപാടുള്ളതായി രുന്നു. അതുകൊണ്ട് ഈ റസല്യൂഷൻ മുഖേനയല്ലാതെ മറെറാരു രൂപ ത്തിൽ കാർഷികാദായങ്ങൾക്കുകൂടി ബാധകമാകത്തക്കവിധത്തിൽ എസ്റ്റേ ററഡ്യൂട്ടി നിയമം തിരുവിതാംകൂർ-കൊച്ചിയിലേക്ക് പാസാക്കിയെടുക്ക ന്നതിനുള്ള പരിശ്രമം ചെയ്യുമെങ്കിൽ അതായിരിക്കും യുക്തി എന്നു പ്രസ്താവിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ஸ்ரீ. டி. எஸ். ராமஸ்வாமி : ஸர், நான் இந்தத் தீர்மானத்தை முழு மனதுடன் ஆதரிக்கிறேன். இந்த சபையிலே பல பகுதிகளிலி ருந்தும், இந்தத் தீர்மானத்தைப் பொறுத்தளவிலே, எங்கிருந்து இந் தத் தீர்மானம் வந்தபோதிலும் சரி, எல்லாக் கட்சியினரும் அதனு டைய தத்துவத்தை ஆதரிக்கிறார்கள் என்பதைப் பொறுத்தளவிலே சந்தேகமே கிடையாது. என்னுடைய நண்பர் ராமபுரம் அங்கத்தி னர் அவர்கள் மட்டும்தான் இதில் ஏதோ ஊழல்களுக்கும் லஞ்சத் திற்கும் இடம் இருக்கிறது என்று கூறினார்கள். ஆனால் அவர்களும் கூட இதன் தத்துவத்தை எதிர்க்கவில்லை. இந்தத் தீர்மானத்தைப் பொறுத்தளவிலே இது ஒரு முக்கியமான, சமூக முன்னேற்றத்திற் கான ஒரு தீர்மானத்தின் அறிகுறியாகத்தான் இருக்கிறது என்பது தான் எனது தாழ்மையான அபிப்பிராயம். சமூக மாற்றத்திற்

[ஸ்ரீ. டி. எஸ். ராமஸ்வாமி]

காக இரண்டு முறைகள் கையாளப்படவேண்டும். ஒன்று, பணமூட்டைகள், (Vested interests) என்று சொல்லக்கூடியவர்கள், அவர்களின் நிலைமையை மாற்றி அவர்கள் மீது கூடுதல் வரிகள் விதிக்கப்படவேண்டும். அது ஒரு முறை. Mal-distribution of wealth, இன்னொரு பக்கம். சாதாரண தொழிலாளர்கள், விவசாயிகள் போன்ற இல்லாத மக்களின் நிலையை உயர்த்த வேண்டும். இது தான் ஜனநாயக ரீதியில் சாதாரணமாகக் கையாளக்கூடிய முறை. இந்த நிலைமையிலே, சோஷியலிஸ்ட் கட்சியைப் பொறுத்தளவிலே, இதற்கு முன்னால் அது இந்தியன் சோஷியலிஸ்ட் பார்ட்டியாக இருந்தபோதும், அவர்களின் Election Manifesto-வில் உள்ள முக்கியமான திட்டங்களில், Policies of Social changes-ல் இந்த "டெத் டியூட்டி" அதாவது மரண வரியும் ஒன்றாக இருந்தது. சோஷியலிஸ்ட் பார்ட்டி எதிர்நோக்கியிருந்த மரண வரியிலே அவர்களும் இந்த ரேட்டைத் தான் குறிப்பிட்டார்கள். ஐந்து லட்சம் ரூபாய் வருமானம் வரை வரி கிடையாது. ஐந்து லட்சத்திற்குப் பின்னால் 20% வரி. 15-லட்சத்திற்கு அப்புறம் 50% வரி. 75-லட்சத்திற்கு அப்புறம் 80% வரி. ஒரு கோடிக்கு மேற்பட்டதற்கு 90% வரி என்று குறிப்பிட்டார்கள். ஆகவே சமதர்ம ரீதியில் சிந்திக்கக்கூடிய எல்லோரும், முற்போக்குப் பாதையில் சிந்திக்கக்கூடிய எல்லோரும் நிச்சயமாக இந்த மரண வரியை ஆதரித்தேயாகவேண்டும். அத்தகைய ஓர் தீர்மானத்தை முதன் முதலாக, இந்த அரசாங்கத்தினுடைய பிரதிநிதியாக இந்த சபையின் தலைவர் கொண்டுவந்தது பற்றி நான் அவர்களை பாராட்டுகிறேன். எத்தகைய அபிப்பிராய வேற்றுமைகள் நம்மிடையே இருந்தபோதிலும் சரி, முற்போக்கான திட்டம் ஒன்று நம் முன் வந்துள்ளது. கட்சி வேற்றுமையின்றி, எல்லோரும் ஒன்று சேர்ந்து சந்தோஷமாக ஒற்றுமையுடன் இதை ஆதரிக்க நாம் கடமைப்பட்டவர்களாவோம். ஆகவே, இதை நன்குணர்ந்து நாம் இதை ஆதரிக்கவேண்டுமென்று கேட்டுக் கொள்கிறேன்.

ശ്രീ. എൻ. നാരായണക്കുറുപ്പ്: സർ, ഈ പ്രമേയത്തെപ്പററി രണ്ടുവാക്ക് സംസാരിക്കാതെയിരിക്കുന്നതു് ഒരു കൃത്യവിലോപമായിരിക്കും. ഇവിടെ ഇപ്പോഴുള്ള കാർഷികാദായനികുതി പിരിക്കുന്നതുതന്നെ ചില ഉദ്യോഗസ്ഥന്മാരുടെ വിക്രിയകൾക്ക് വിധേയമായിട്ടാണ്. പല തരത്തിലുള്ള ബാദ്ധ്യതകൾ കൊണ്ടും കൃഷിക്കാർ വളരെ വിഷമിച്ചിരിക്കുന്ന ഒരു സന്ദർഭമാണ് ഇപ്പോൾ. ആ അവസരത്തിലാണ് ഒരു നികുതികൂടി അവരിൽ നിന്നും ഈടാക്കാനുള്ള ഈ നിയമം ഇവിടെ വന്നിരിക്കുന്നതു്. എസ്റ്റേറ്റ്ഡ്യൂട്ടി ഇൻഡ്യ-കട്ടാകെ ഈടാക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിൽ കാർഷികവസ്തുക്കൾകൂടി ഉൾപ്പെടുത്താത്തതു്; കൃഷിക്കാരനെ ഉദ്ധരിപ്പിക്കാനായിട്ടാണ്. കാർഷികത്തൊഴിലാളികൾകൂടി ഉൾപ്പെടുത്തി എന്നുള്ള പരാതി വരരുതെന്നു വിചാരിച്ചാണ് അതു് സംസ്ഥാന ഗവണ്മെൻറുകൾക്ക് വിട്ടുകൊടുത്തിട്ടുള്ളതു് എന്നു തോന്നുന്നു.

ഇനയബില്ല് നടപ്പിലായാൽ യാതൊരു വ്യക്തികളിൽ നിന്നും എസ്റ്റേറ്റ്ഡ്യൂട്ടി ഈടാക്കാൻ ഇടവരികയില്ല എന്നു ബഹുമാനപ്പെട്ട

മുഖ്യമന്ത്രി പ്രസ്താവിച്ചിട്ടുള്ള നിലയ്ക്ക് ഇവിടെ ആരും എസ്റ്റേറ്റഡ്യൂട്ടി കൊടുക്കേണ്ടിവരുകയില്ല എന്നു വിചാരിച്ചിരുന്നു. മുഖ്യമന്ത്രി നിയമസഭാമെംബറന്മാർക്ക് അയച്ചിട്ടുള്ള എഴുത്തിൽ ഇവിടെ അദ്ധ്യാപകന്മാർക്ക് ശമ്പളം കൂട്ടാൻ പോകുന്നു, പല പരിഷ്കാരങ്ങളും വരുത്താൻ പോകുന്നു, അതുകൊണ്ട് പണത്തിനു വലിയ അത്യാവശ്യമാണ് എന്നൊന്നും കാണുന്നില്ല.

[Mr. Speaker in the Chair]

സർ, സെൻട്രൽഗവണ്മെൻറിന് എസ്റ്റേറ്റഡ്യൂട്ടി വിട്ടുകൊടുക്കുന്ന ഈ പ്രമേയം പാസ്സാക്കുന്നതുകൊണ്ട് കർഷകന് എത്രെല്ലാം തരത്തിലുള്ള വിഷമങ്ങൾ ഉണ്ടാകാമെന്നുള്ളതു നാം ചിന്തിക്കാനുള്ളതാണ്. ഒരു ലക്ഷം രൂപയ്ക്കുമേൽ വിലവരുന്ന വ്യാവസായിക വസ്തുക്കൾ ഉള്ള ഒരാൾ ഒരു ലക്ഷം രൂപയ്ക്കുമേൽ വിലവരുന്ന കാർഷിക വസ്തുക്കൾക്കുംകൂടി രണ്ടു ലക്ഷം രൂപയ്ക്കുള്ള നികുതി കൊടുക്കേണ്ടിവരും. ഈ രണ്ടിനും വസ്തുക്കൾക്കുംകൂടി സ്വത്തിൻെറ ഇത്രശതമാനം നികുതി ഈടാക്കുക എന്നുള്ളതു് ശരിയായിട്ടുള്ള ഒരു നിഗമനമല്ല.

തിരുവിതാംകൂർ–കൊച്ചിയിൽ കാർഷികവസ്തുക്കൾക്ക് എസ്റ്റേറ്റഡ്യൂട്ടി ഈടാക്കുന്നതിനു വേണ്ടിയായിരുന്നെങ്കിൽ, പ്രത്യേകം ഒരു നിയമം ഉണ്ടാക്കാമായിരുന്നു. ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ മനഃപൂർവ്വമായി ഈ അധികാരം സെൻട്രൽ ഗവണ്മെൻറിനു വിട്ടുകൊടുത്തതല്ലേ എന്നു ഞാൻ സംശയിക്കുന്നു. തിരുവിതാംകൂർ–കൊച്ചിയിലുള്ള ജനങ്ങൾക്കു വേണ്ട സൗകര്യം ചെയ്തുകൊടുക്കണമെന്ന് താൽപര്യമുള്ള ആളാണ് അദ്ദേഹം എന്ന് എനിക്കറിയാം. കാർഷികവസ്തു ഉടമസ്ഥതയും വ്യാവസായിക വസ്തു ഉടമസ്ഥതയും ഉള്ള ഒരു വ്യക്തിക്കു കൂടുതൽ വൈഷമ്യം ഉണ്ടാക്കുന്ന ഒരു നിയമനിർമ്മാണം ചെയ്യാനാണ് ഈ പ്രമേയം പാസ്സാക്കുന്നതു് എന്നു ഞാൻ വിചാരിക്കുന്നു. ഇന്നത്തെ നിലയിൽ എത്രെല്ലാം വന്നാലും അനുഭവിക്കേണ്ട സ്വത്തുകാരൻെറ കുഴപ്പമാണെന്നേ പറയാനുള്ളൂ. സ്വത്തുകാരോട് അനുതാപം പ്രകടിപ്പിക്കാൻ സഹതാപമുള്ള ആളുകൾ ഈ നിയമസഭയിലും വെളിയിലും ഇല്ലാതെയായിപ്പോയി എന്നു പറയേണ്ടിയിരിക്കുന്നു. സ്വത്തുകാരൻെറ പേരിൽ അവരുടെ വോട്ടുകൾ വാങ്ങിച്ചതിൻെറ ശേഷം അവരുടെ കാര്യത്തിൽ യാതൊന്നുംതന്നെ പ്രവർത്തിക്കാതെയിരിക്കുന്നതു കഷ്ടമാണ്. ഇതു് പറയുന്നതു് എനിക്ക് സ്വത്തുകാരുടെ വക്കാലത്തുണ്ടായിട്ടല്ല. ഞാൻ ഒരു സ്വത്തുകാരനുമല്ല. എനിക്ക് സ്വത്ത് അരലക്ഷംപോലും ഇല്ല.

തിരുവിതാംകൂർ–കൊച്ചിയിൽതന്നെ കാർഷികവസ്തുക്കളിൽ എസ്റ്റേറ്റഡ്യൂട്ടി ഈടാക്കാനായി ഒരു പ്രത്യേക ബിൽ ഉണ്ടാക്കുന്നതു നന്നായിരിക്കും. കാർഷികാദായനികുതി ഈടാക്കുന്നതുപോലെ കൃഷിക്കാരന് ബുദ്ധിമുട്ട് ഇല്ലാത്തതരത്തിൽ നികുതി ഈടാക്കാൻ ശ്രമിക്കണം. ലാൻഡ്ടാക്സ് ഈടാക്കുന്നതിൻെറ ആറിരട്ടി ഈടാക്കുന്നതായാലും തരക്കേടില്ല. നമ്മുടെ സംസ്ഥാനത്തേക്കു മാത്രമായി ഒരു നിയമമുണ്ടാക്കാൻ പാടില്ലേ എന്നുംകൂടി ആലോചിക്കണം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർ, ഈ പ്രമേയത്തിന് സഭയുടെ എല്ലാ ഭാഗങ്ങളിൽ നിന്നും സ്വാഗതം ഉണ്ടായതിൽ സന്തോഷം ഉണ്ട്. ചില അഭിപ്രായവ്യത്യാസങ്ങൾ ഇതിന് സ്വീകരിക്കേണ്ടിയിരുന്ന നടപടികളെപ്പററിയും മററും ഉണ്ടായതു് ഞാൻ എൻെറ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ആദ്യത്തെ പ്രസംഗത്തിൽ ചെയ്ത ഒരു പ്രസ്താവനയെ തെററിദ്ധരിച്ചിട്ടായിരിക്കും. നമ്മുടെ രാജ്യത്തെ സ്ഥിതി ഓർത്തുനോക്കുകയാണെങ്കിൽ ഈ ഇനത്തിൽ നിന്നും വളരെ വലിയ വരുമാനം ഉണ്ടാകുമെന്ന് ഉദ്ദേശിക്കാൻ നിവൃത്തിയില്ല.

ശ്രീ. ചാഴിക്കാട്ടു ജോസഫ് : അടുത്ത ബഡ്ജററിൽ ഈ ഇനത്തിൽ എത്ര തുക ഉൾപ്പെടുത്തിയിട്ടുണ്ടെന്നു അറിഞ്ഞാൽ കൊള്ളാം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെ സംബന്ധിച്ചു ഇപ്പോൾ പറയുന്നതു ഉചിതമല്ല. രണ്ടു ദിവസംകൂടി ക്ഷമിച്ചിരുന്നാൽ അറിയാമല്ലോ.

ഏതായാലും വളരെ വലിയ ഒരു സംഖ്യ ഈ ഇനത്തിൽ നിന്നും ലഭിക്കാൻ ഇടയില്ലാ എന്നു ആലോചിച്ചാൽ അറിയാം. ഒരു ലക്ഷം രൂപയിൽ കൂടുതൽ കാർഷികസ്വത്തുള്ള എത്രപേർ ഉണ്ടെന്ന് നമുക്കു നോക്കാം; വളരെ കുറച്ചുപേർ മാത്രമേ ഉള്ളു. അതിൽ തന്നെ ചിലർ മരിച്ചുപോയി എന്നു വരാം, ചില കൊല്ലങ്ങളിൽ മരിച്ചില്ലെന്നും വരാം. അതിനാൽ ക്ഷുല്ലമായ ഒരു വരുമാനം ആണ്ടുതോറും ഈ ഇനത്തിൽ നിന്നും പ്രതീക്ഷിക്കാൻ നിവൃത്തിയില്ല. ഇൻഡ്യയെപ്പോലെയുള്ള ഒരു വിസ്തൃതമായ രാജ്യമാണെങ്കിൽ കൊല്ലംതോറും ഈ ഇനത്തിൽ എത്രമാത്രം വരുമാനമുണ്ടാകുമെന്ന് ഊഹിക്കാവുന്നതാണ്. പക്ഷെ, ഈ ചെറിയ രാജ്യത്ത് സ്ഥായിയായി നിലനിൽക്കുന്ന ഒരു വരുമാനം ഈ ഇനത്തിൽ നിന്നും ഉണ്ടാകുമെന്ന് വിചാരിക്കുന്നതു് ശരിയല്ല. ഈ പ്രമേയം ഇവിടെ അവതരിപ്പിക്കാൻ പ്രേരകമായിട്ടുള്ളതു് ഇൻഡ്യാഗവണ്മെൻറതന്നെ എസ്റ്റേററ ഡ്യൂട്ടി നിയമം കൊണ്ടുവന്നിട്ടുള്ളതുകൊണ്ടാണ്. കൂടാതെ ബഹുമാനപ്പെട്ട മെംബർ ശ്രീ രാമസ്വാമി പറഞ്ഞതുപോലെ സോഷ്യലിസ്റ്റ് വ്യവസ്ഥിതി അനുസരിച്ചു അധികം സ്വത്തുള്ള ആളുകൾ മരിക്കുകയാണെങ്കിൽ അതിൽ നിന്നും അതായതു് അവരുടെ മിച്ചമുള്ള സ്വത്തുക്കളിൽ നിന്നും ഒരു ഓഹരി സ്വത്തു് സർക്കാരിലേക്ക് ലഭിക്കുമെന്നുള്ളതുമാണ് ഈ പ്രമേയത്തിൻെറ പിന്നിലുള്ള തത്വം. ഈ തത്വം പല രാജ്യങ്ങളിലും സ്വീകരിച്ചിട്ടുണ്ട് എന്ന് ശ്രീ. ലൂയിസ്സിൻെറ പ്രസംഗത്തിൽ നിന്നും നമുക്കു മനസ്സിലാക്കാൻ കഴിഞ്ഞു. ഇതിൽ സോഷ്യലിസ്റ്റ് വ്യവസ്ഥിതി യാതൊന്നുംതന്നെ ഉൾക്കൊള്ളുന്നില്ലാ എന്ന് മാവേലിക്കരമെംബർ പ്രസ്താവിച്ചുകേട്ടു. സ്വത്തിൻെറ സമീകരണമാണ് ഇതുകൊണ്ടുദ്ദേശിക്കുന്നതെങ്കിൽ അതു്, എത്രത്തോളം പ്രയോജനപ്പെടുമെന്ന് അദ്ദേഹം സംശയിക്കുന്നതായും, ഉദാഹരണമായി വലിയ വലിയ മുതലാളിമാരും സ്വത്തുകാരും ഉള്ള അമേരിക്കയിൽപോലും സാമ്പത്തികസമീകരണം ഉണ്ടായിട്ടില്ലെന്നും അദ്ദേഹം സൂചിപ്പിച്ചു. അമേരിക്കയിലാണോ Estate duty ആദ്യമായി ഏർപ്പെടുത്തിയതു് എന്ന് എനിക്ക് നിശ്ചയമില്ല.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി : സർ, ഞാൻ അതു തിരുത്തുന്നു. അമേരിക്കയിലല്ലാ ഇംഗ്ലണ്ടിലാണ് ആദ്യമായി എസ്റ്റേററഡ്യൂട്ടി ഏർപ്പെടുത്തിയതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : വലിയ വലിയ മുതലാളിമാർ അമേരിക്കയിലുണ്ട്. വലിയ സ്വത്തുകാരും അവിടെയുണ്ട്. ആ സ്ഥിതിക്ക്, അവിടെപ്പോലും ഇതേവരെ സമീകരണം ഉണ്ടായിട്ടില്ലാത്ത സ്ഥിതിക്ക് അതു് ഇവിടെ എത്രമാത്രം പ്രയോജനപ്പെടുമെന്നു് അറിഞ്ഞുകൂടാ എന്നും അദ്ദേഹം പറയുന്നു.

അമേരിക്കയിലെ എസ്റ്റേറ്റഡ്യൂട്ടിയുടെ സ്വഭാവം എന്താണെന്നോ, അവിടത്തെ സ്വത്തുകാരായ വ്യക്തികളുടെ സ്ഥിതി എന്താണെന്നോ ഞാൻ ഇപ്പോൾ പറയണമെന്നു വിചാരിക്കുന്നില്ല. അതിവിടെപ്രസക്തമല്ല. ഇതിനെ സംബന്ധിച്ചുള്ള ഷെഡ്യൂൾ വായിച്ചുനോക്കിയാൽ ശ്രീ. രാമസ്വാമി പറഞ്ഞതുപോലെ ഈ നിയമംകൊണ്ടുണ്ടാകാവുന്ന effect എന്താണെന്നു മനസ്സിലാക്കാൻ വിഷമമില്ല. ഇരുപതു ലക്ഷത്തിൽ കൂടുതൽ സ്വത്തുള്ള ഒരു വ്യക്തിയുടെ മരണശേഷം, അധികമുള്ള സ്വത്തിന്റെ നാല്പതു ശതമാനം എസ്റ്റേറ്റഡ്യൂട്ടിയായി ഗവണ്മെന്റു വസൂലാക്കുന്നതാണെന്നു് ഷെഡ്യൂളിൽ നിന്നും കാണാം. ഇതിന്റെ പിന്നിലു വളരെ സ്വാഗതാർഹമായ, സാമൂഹ്യമായ ഒരു പൊതുനയം ഉണ്ടെന്നു് കാണാം.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി : ഈ ഇനത്തിൽ എന്തു തുകയാണു് ബഡ്ജററിൽ പ്രതീക്ഷിച്ചിട്ടുള്ളതെന്നു് പറയാൻ തയാറാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അക്കാര്യത്തെപ്പററി ഇപ്പോൾ പറയുന്നതു് ശരിയല്ലെന്നു ഞാൻ ഒന്നു രണ്ടു തവണ പറഞ്ഞുകഴിഞ്ഞല്ലൊ, എങ്ങനെയായാലും അതു് സാരമായ ഒരു സംഖ്യയായിരിക്കാൻ ഇടയില്ല എന്നു് നമുക്കു അറിയാം. സാരമായ ഒരു തുക ഒന്നോ രണ്ടോ കൊല്ലങ്ങൾക്കുമേൽ ലഭിക്കും എന്നാണു തോന്നുന്നതു്. നമ്മുടെ സംസ്ഥാനത്തിനു ഈ കരം അതാതു സമയത്തു കൂട്ടുകയും കുറയ്ക്കുകയും ചെയ്യാനുള്ള അധികാരം വിട്ടുകൊടുക്കുന്നതു് തെററാണെന്നു് തിരുവനന്തപുരം മെംബർ പറഞ്ഞു. ഈ സംസ്ഥാനത്തിനുള്ള അധികാരങ്ങൾ ഈ സംസ്ഥാനത്തിൽ തന്നെ നിക്ഷിപ്തമായി നിലനിറുത്തുന്നതിനു്, ഈ സഭയിലെ ഏതു ഭാഗത്തുള്ള അംഗങ്ങളോടൊപ്പംതന്നെ, ഞാനും, ഗവണ്മെന്റു് അംഗങ്ങളും കാൺഗ്രസ്സു് പാർട്ടിയിലുള്ള അംഗങ്ങളും ജാഗ്രതകതയുള്ളവരാണു്. പക്ഷെ നമ്മുടെ രാജ്യത്തു് ഒരു ഫെഡറൽ ഭരണഘടന അംഗീകരിച്ചുകഴിഞ്ഞ സ്ഥിതിക്കു്, ഒരു ഫെഡറൽ ഗവണ്മെന്റിനു് സ്വാഭാവികമായി ഉള്ള അധികാരത്തെ പരാമർശിച്ചുകൊണ്ടു്, ഈ സംസ്ഥാനത്തിനുള്ള അധികാരത്തെയും അവകാശങ്ങളെയും അടിയറ വയ്ക്കുന്നു എന്നും നമ്മുടെ എല്ലാ കാര്യങ്ങൾക്കും കേന്ദ്രഗവണ്മെന്റിനോടു നിവേദനം നടത്തുന്നതു് ശരിയല്ലാ എന്നും ചില ആക്ഷേപങ്ങൾ ഉണ്ടായി. ഇതു് അധികാരങ്ങൾ അടിയറവയ്ക്കുകയാണെന്നു് പറയുന്നതു് ശരിയല്ല. ഉദാഹരണമായി നമ്മുടെ സംസ്ഥാനത്തു ഒരു ഡി. ഡി. ററി. ഫാക്ടറി സ്ഥാപിച്ചുകിട്ടുന്നതിനു വേണ്ടി കേന്ദ്രഗവണ്മെന്റിനോടു ഗവണ്മെന്റു് നിവേദനം നടത്തിയിട്ടുണ്ടോ എന്നു് ഇന്നു കാലത്തുണ്ടായ ഒരു ചോദ്യത്തിനു, അപ്രകാരം നിവേദനം നടത്തിയിട്ടുണ്ടു്, എന്നും അതിനനുകൂലമായ ഒരു തീരുമാനം ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു എന്നും മറുപടി പറഞ്ഞു. ഡി. ഡി. ടി. ഫാക്ടറിക്കാവശ്യമുള്ള ഉപകരണങ്ങൾ, W. H. O. (World Health Organisation)-ൽ നിന്നാണു് ലഭിക്കാനു

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ള്ളതു്. അവരുമായിട്ടുള്ള കരാറുകളിൽ ഏർപ്പെടുന്നതു് ഇൻഡ്യാ ഗവണ്മെൻറ് മാത്രമാണു്. ഇൻഡ്യാഗവണ്മെൻറാണു് ഫാക്ടറികൾ സ്ഥാപിക്കേണ്ടതു്. ഒരു ഫാക്ടറി നമ്മുടെ നാട്ടിൽ സ്ഥാപിച്ചു കിട്ടണമെങ്കിൽ നാം ഇൻഡ്യാഗവണ്മെൻറിനോടു നിവേദനം നടത്താതെ നിവൃത്തിയില്ല. നിവേദനങ്ങളിൽ ചിലതു സഫലമായെന്നും, ചിലതു വിഫലമായെന്നും വരാം. ഇങ്ങനെയുള്ള ഒരു നിവേദനം നടത്തുന്നതു് സംസ്ഥാനത്തിൻെറ അധികാരങ്ങൾ അടിയറവയ്ക്കുകയാണു് എന്നു പറയുന്നതു ശരിയല്ല.

ഭരണഘടന 252 (1)-ാം വകുപ്പനുസരിച്ചു് ഈ നിയമം നമ്മുടെ സംസ്ഥാനത്തേയ്ക്കും ബാധകമാക്കാം. അതിനുള്ള അധികാരം നമുക്കുണ്ടെന്നും ഞാൻ സമ്മതിക്കുന്നു. ഇതിനെ സംബന്ധിച്ചു് ഒരു നിയമമുണ്ടാക്കാനുള്ള അവകാശം നമുക്കുണ്ടു്. നമ്മുടെ അവകാശങ്ങൾ കളയുന്നതു് തെററാണെന്നും എനിക്കറിയാം. ഈ നിയമനിർമ്മാണത്തിൻെറ ഉദ്ദേശം, സാമൂഹ്യമായ ഒന്നാണെങ്കിൽ, ഇന്നത്തെ പ്ലാനിംഗ് period-ൽ ഇൻഡ്യയൊട്ടുക്കു് ഏറെക്കുറെ ഐകരൂപ്യമുള്ള ഒരു നിയമമുണ്ടായിരിക്കുന്നതാണു് ശരി. അതുകൊണ്ടാണു് ഇൻഡ്യയിലുള്ള മററു പത്തോ പതിനൊന്നോ സംസ്ഥാനങ്ങൾ ഈ നില സ്വീകരിച്ചിട്ടുള്ളതു്. അല്ലാതെ, മാവേലിക്കര മെംബർ സൂചിപ്പിച്ചതുപോലെ, നമ്മുടെ സംസ്ഥാനം പാട്ടുബി. ആയതുകൊണ്ടല്ല, ഈ പ്രമേയം സ്വീകരിക്കുന്നതുകൊണ്ടു് ഏതെങ്കിലും വിധത്തിലുള്ള ഒരു ദോഷവും നമുക്കു വരുവാനില്ല. നമ്മുടെ സംസ്ഥാനത്തിൻെറ സാമ്പത്തികനിലയ്ക്കും യാതൊരു ദോഷവും ഉണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. നമ്മുടെ അധികാരങ്ങൾക്കും അവകാശങ്ങൾക്കും ഹാനികരമായി യാതൊന്നും ഉണ്ടാകുന്നുമില്ല. ഇവയെ എല്ലാംപററി വല്ല ശങ്കയും ഉണ്ടെങ്കിൽ അതു് വെറും ദുഃശങ്കയാണു് എന്നാണു് എനിക്കു പറയുവാനുള്ളതു്. അങ്ങനെയൊരു ആശങ്കയുണ്ടാകേണ്ട കാര്യമില്ല. പ്ലാനിംഗ്കമ്മീഷനും, ഇൻഡ്യാഗവണ്മെൻറും പഞ്ചവത്സരപദ്ധതിയിൽ ഉദ്ദേശിക്കുന്നമാതിരി, നമ്മുടെ രാജ്യത്തു് സമഗ്രമായ ഒരു ഭൂവുടമ പരിഷ്കരണം ഉണ്ടാകണമെങ്കിൽ, അഗ്രിക്കൾച്ചർ പ്രോപ്പർട്ടിയെ സംബന്ധിച്ചിടത്തോളം ഇങ്ങനെയൊരു നിയമനിർമ്മാണം ചുമത്തുക വളരെ ആവശ്യമായിട്ടുള്ളതാണു്. പക്ഷെ, ഇങ്ങനെയൊരു നിയമനിർമ്മാണം നടത്തുന്നതു അനുയോജ്യമായ ഒരു അന്തരീക്ഷം സൃഷ്ടിച്ചതിനുശേഷമായിരിക്കണം. നിയമനിർമ്മാണത്തിനു മുൻപു് അതിനു വേണ്ട ഒരു സാഹചര്യം സൃഷ്ടിക്കുകയാണു വേണ്ടതു്. ഏററവും ശാന്തവും, സമാധാനപരവുമായ രീതിയിൽ മാത്രമേ സാമൂഹ്യമായ ഇത്തരം പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ പാടുള്ളൂ. അക്രമപ്രയോഗം കൊണ്ടോ, മററു വിധത്തിലുള്ള അധികാരം പ്രയോഗിച്ചോ ഇത്തരം നിയമനിർമ്മാണം നടത്തുന്നതു ശരിയല്ല. അതു ഡമോക്രസിക്കു യോജിച്ചതല്ല. ആചാര്യവിനോബാ ഭാവെയുടെ ഭൂദാനപ്രസ്ഥാനം തന്നെനോക്കുക.

എസ്റ്റേറഡ്യൂട്ടി ചുമത്തുന്നതോടുകൂടി മരിക്കുന്നവരുടെ ഒരുവിഭാഗം സ്വത്തു ഗവണ്മെൻറിലേക്കു ലഭിക്കുന്നതാണു്. നമ്മുടെ രാജ്യത്തു ഭൂസ്വത്തു ആരുടെയെങ്കിലും കയ്യിൽ ആവശ്യത്തിൽ കൂടുതലായിട്ടുണ്ടെങ്കിൽ, അതു

ഇങ്ങനെയൊരു നിയമംമൂലം നിയന്ത്രിക്കുന്നതിൽ സാവ്വത്രികമായ സഹകരണം ഉണ്ടാകുമെന്നാണു വിശ്വാസം. ഒരു നിയമനിർമ്മാണം നടത്തുക വലിയ പ്രയാസം കൂടാതെ സാധിക്കുമെങ്കിലും, കേവലം ഭൂരിപക്ഷത്തിന്റെ അധികാരം ഉപയോഗിച്ചു, ഈ രാജ്യത്തെ ഒരു ന്യൂനപക്ഷത്തിന് വിഷമം ഉണ്ടാകുന്ന നിയമം നിർമ്മിക്കുന്നതു ഡെമോക്രസിക്കു യോജിച്ചതല്ല. അതെല്ലാം ക്രമാനുഗതമായി നടപ്പിലാക്കേണ്ടതാണ്.

ഇതു സംബന്ധിച്ചുണ്ടാകുന്ന ചില വൈഷമ്യങ്ങളെപ്പററി ബഹുമാനപ്പെട്ട തകഴി മെംബർ ഇവിടെ പ്രസ്താവിച്ചുകേട്ടു. ഏതുതരം നികുതിയായാലും ആരുംതന്നെ അത്ര സന്തോഷത്തോടുകൂടി സ്വീകരിക്കുകയോ, കൊടുക്കാൻ താൽപ്പര്യം കാണിക്കുകയൊ ചെയ്യാറില്ല. പുതിയ നികുതി ചുമത്തുന്നതു് എല്ലാവക്കും ഒരു അലോഹ്യമായിട്ടാണു തോന്നാറുള്ളതു്. എസ്റ്റേററു ഡ്യൂട്ടി സംബന്ധിച്ചും ഈ വൈഷമ്യം ഉണ്ടാകും. അതു ഓർക്കാതിരിക്കുന്നില്ല. പക്ഷെ, ഇന്നത്തെ നിലയിൽ നമ്മുടെ രാജ്യത്തു ഒരു സാമൂഹ്യപരിഷ്കാരം അനിവാര്യമായിരിക്കുന്നതിനാൽ ഈ നിയമം ഇവിടെ നടപ്പിലാക്കുന്നതിൽ തെററില്ലെന്നാണു വിശ്വസിക്കേണ്ടതു്. ഇൻഡ്യ മുഴുവൻ ഒരേ രീതിയിലുള്ള ഒരു നിയമം അംഗീകരിക്കുന്നതു കൂടുതൽ നന്നായിരിക്കും.

ഈ ബില്ലുമൂലം ഉണ്ടാകാവുന്ന ചില വൈഷമ്യങ്ങളെപ്പററി രാമപുരംമെംബറും, തകഴിമെംബറും പറയുകയുണ്ടായി. ആ വൈഷമ്യങ്ങളെപ്പററി ഈയവസരത്തിൽ വാദപ്രതിവാദം നടത്തേണ്ട ആവശ്യമില്ലെങ്കിലും, ബഹുമാനപ്പെട്ട രാമപുരം മെംബർ പറഞ്ഞ കാര്യം പരിഗണനാർഹമാണ്. അതിൽ ഞാൻ കൃതജ്ഞനാണ്. ഞാൻ തന്നെ ആദ്യം അതിനെപ്പററി പറയേണ്ടതായിരുന്നു. കാർഷികാദായനികുതി പിരിക്കുന്ന കാര്യത്തിൽ ക്രമക്കേടുകൾ ഉണ്ടാകുമെന്നും, നികുതിദായകന് ബുദ്ധിമുട്ടുകൾ ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു. അത്തരം ബുദ്ധിമുട്ടുകളെപ്പററി ഇവിടെ പറയേണ്ട ആവശ്യമില്ലെങ്കിലും അങ്ങനെയൊരു ആശങ്ക ഉണ്ടാകാവുന്നതാണ്. നികുതി പിരിക്കുന്ന ഉദ്യോഗസ്ഥന്മാരിൽ നിന്നും മനപ്പൂർവ്വമായ ദോഷം ഉണ്ടാകാതിരിക്കുന്നതിനു ആവശ്യമായ സംരക്ഷണ വ്യവസ്ഥകൾ ബില്ലിൽ തന്നെയുണ്ട്. 63–ാംവകുപ്പിൽ ഇതിനെപ്പററി പറയുന്നുണ്ട്. എസ്റ്റേററു ഡ്യൂട്ടി നിശ്ചയിക്കുന്നതിന് സ്വത്തുക്കളുടെ വില തിട്ടപ്പെടുത്തുമ്പോൾ അതിന്മേൽ അഭിപ്രായവ്യത്യാസം ഉണ്ടാകുകയാണെങ്കിൽ ഒരു ആർബിട്രേട്ടറെ നിയമിക്കാവുന്നതാണ്. ഇങ്ങനെ നികുതിദായകനും, ബോർഡിനും ആർബിട്രേട്ടറെ നിശ്ചയിക്കാനുള്ള അവകാശമുണ്ട്. എന്നാൽ സ്വത്തുക്കളുടെ വില നിശ്ചയിക്കുന്നതിൽ രണ്ടുകൂട്ടരും നിശ്ചയിക്കുന്ന ആർബിട്രേട്ടർമാർ തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടാകുന്നപക്ഷം സെൻട്രൽ ഗവണ്മെൻറു ഒരു മദ്ധ്യസ്ഥനെ നിശ്ചയിക്കുന്നതും ആ മദ്ധ്യസ്ഥന്റെ തീരുമാനം അംഗീകരിക്കപ്പെടേണ്ടതുമാകുന്നു. ഇങ്ങനെയുള്ള സംരക്ഷണ വ്യവസ്ഥ 63–ാംവകുപ്പിലുള്ളപ്പോൾ ഇവിടെ ഉന്നയിച്ച പരാതികൾ പരിഹരിക്കപ്പെടുമെന്നു ന്യായമായി വിശ്വസിക്കാവുന്നതാണ്. ഇങ്ങനെയുള്ള കേസുകൾ അഥവാ ഉണ്ടായാൽ തന്നെ കൈവിരലിൽ എണ്ണാവുന്നതേ ഉണ്ടാകാനിടയുള്ളു. ഒരു ലക്ഷം ഉറുപ്പിക വിലവരുന്ന സ്വത്തുക്കൾക്ക് രണ്ടുലക്ഷം ഉറുപ്പിക നിശ്ചയിക്കുക, എൺപതിനായിരം ഉറുപ്പിക വിലവരുന്ന വസ്തുക്കൾക്ക് നികുതിയുടെ പരിധിയിൽ പെടത്തക്കവണ്ണം ഒരു ലക്ഷം ഉറുപ്പിക നിശ്ചയിക്കുക. ഇങ്ങനെയുള്ള

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

വൈഷമ്യങ്ങൾ ഉണ്ടാകാതെ, ന്യായമായ നീതി ചുമത്തുന്നതിനും, നീതിദായകന് നീതി ലഭിക്കുന്നതിനുമാണ് ആർബിട്രേഷന് വിടുന്ന കാര്യംകൂടി 63-ാംവകുപ്പിൽ കൊള്ളിച്ചിരിക്കുന്നത്. ഏതായാലും വളരെ ഉപകാരപ്രദമായ വ്യവസ്ഥകൾ ഈ വകുപ്പിൽ ഉണ്ടെന്നു എല്ലാ അംഗങ്ങളും സമ്മതിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ആ വകുപ്പ് ഞാൻ ഇവിടെ വായിക്കാം.

CLAUSE 63.

Where the dispute pertains to any valuation of property, the Board may, and if the appellant so requires, shall, refer the question of disputed value to the arbitration of two valuers, one of whom shall be nominated by the Board and the other by the appellant, and the costs of any such arbitration shall be borne by the Board or the appellant, as the case may be, at whose instance the matter was referred to the valuers :

Provided that where the appellant has been wholly or partially successful in any reference made at his instance, the extent to which costs should be borne by the appellant shall be at the discretion of the Board :

Provided further that if there is difference of opinion between the two valuers, the matter shall be referred to a third valuer nominated by the agreement or failing agreement, by the Central Government, and his decision on the question of valuation shall be final.

നീതിദായകന് ആവശ്യമായ പരിരക്ഷയും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നു കാണാമല്ലോ.

ഇതുപോലെതന്നെ, 64-ാംവകുപ്പിൽ, ഇതു സംബന്ധിച്ച തർക്കം ഉണ്ടെങ്കിൽ, ഹൈക്കോടതിയിൽ റഫർ ചെയ്യാനുള്ള ഒരു വകുപ്പുകൂടിയുണ്ട്.

ഇങ്ങനെയൊരു എസ്റ്റേറ്റ്ഡ്യൂട്ടി ബിൽ പാസാകുന്നതായി കണ്ടാൽ, ഇതു പാസാകാൻപോകുന്നുവെന്നു കണ്ടാൽ, ഈ വലയിൽ നിന്നു രക്ഷ പ്രാപിക്കാൻവേണ്ടി പലരും വസ്തുക്കൾ ദാനമായും, ട്രസ്റ്റുകൾക്ക് ചാർത്തിയും, തീറെഴുതിയും മറ്റും കൊടുക്കാനിടയുണ്ട്. 9-ാംവകുപ്പിൽ പറയുന്നതു ഇതാണ്.

CLAUSE 9.

The property taken under the disposition made by the deceased purporting to operate as immediate gift, *inter vivos*, whether by way of transfer, delivery, declaration of trust, settlement, persons in succession, or otherwise, which shall not have been *bona fide* made two years or more before the death of the deceased shall be deemed to pass on the death :

Provided that in the case of gifts made for public charitable purposes, the period shall be six months.

ഒരാൾ മരിക്കുന്നതിന് രണ്ടുകൊല്ലം മുൻപാണ ഇങ്ങനെയൊരു ദാനം കൊടുത്തിട്ടുള്ളതെങ്കിൽ ആ ദാനം സ്വീകരിക്കുന്നയാളിന് അതിന്മേൽ സ്വാതന്ത്ര്യവും അവകാശവുമുണ്ടായിരിക്കും. ദാനമെഴുതി രണ്ടു കൊല്ലം കഴിയുന്നതിന്ന മുൻപാണ മരണം സംഭവിക്കുന്നതെങ്കിൽ ഡ്യൂട്ടിക്ക് അതിന്മേൽ അവകാശമില്ലെന്ന് 9-ാംവകുപ്പിൽ പറയുന്നു.

27-ാംവകുപ്പിൽ ഇങ്ങനെ പറയുന്നു.

Clause 27.

Disposition in favour of relatives. Any disposition made by the deceased in favour of a relative of his shall be treated for the purposes of Section 9 as a gift unless—

A disposition was made on the part of the deceased for full consideration in money or money's worth paid to him for his own use or benefit;

Or the deceased was concerned in fiduciary capacity imposed on him otherwise than by a disposition by him and in such a capacity only;

And reference to a gift in this Act shall be considered accordingly:

Provided that where the disposition was made on the part of the deceased for partial consideration in money or money's worth paid to him for his own use or benefit, the value of the consideration shall be allowed as a deduction from the value of the property for the purpose of estate duty.

ഞാൻ ചില വകുപ്പുകൾ എടുത്തുപറഞ്ഞുവെന്നേയുള്ളു. ഇതുപോലെ പല വകുപ്പുകളുമുണ്ട്. ഇങ്ങനെസ്വേച്ഛാധികാരം നടത്താൻ സാധിക്കാത്ത വിധത്തിൽ അതേപ്പററി ഹൈക്കോടതിക്കും സുപ്രീംകോടതിക്കും സങ്കടക്കാരന്റെ അപേക്ഷയനുസരിച്ച് തീരുമാനിക്കാൻ കഴിവുള്ളതായ വകുപ്പുകളും ഈ ബില്ലിൽ ഉണ്ട്. അതു് ബഹുമാനപ്പെട്ട മെംബറന്മാർക്കും കാണാൻ സാധിക്കും. ഈ നിയമംമൂലം നികുതികുറയ്ക്കാൻ സാധിക്കുമെന്നുള്ളതല്ലാതെ മററ് യാതൊരു ഉപദ്രവവും ഇല്ല. നികുതികൊടുക്കണമെന്നുള്ള തത്വം എല്ലാവരും സ്വീകരിക്കുമെന്നുള്ള സ്ഥിതിക്കു ഈ ബില്ല് യാതൊരു എതിർപ്പും കൂടാതെ പാസ്സാക്കണമെന്നു ഞാൻ വീണ്ടും അപേക്ഷിക്കുകയാണ്. ഒന്നുകൂടി ഞാൻ പറയുന്നു. എന്റെ സ്നേഹിതന്മാർ പറയുകയുണ്ടായി ഇതൊരു ബിൽമൂലം കൊണ്ടുവരേണ്ടതാണെന്ന്, ഇതിനെ എതിർക്കാൻവേണ്ടി അതു് പറഞ്ഞതല്ല, എന്നു ഞാൻ വിചാരിക്കുന്നു. ഇതേപ്പററിയെല്ലാം വളരെ ഗാഢമായി ചിന്തിച്ചതിന്നുശേഷം ഈ ബില്ലിന്റെ കാര്യത്തിൽ ഈ നയം തന്നെ സ്വീകരിക്കുന്നതായിരിക്കും, കൂടുതൽ ഇതു പ്രമേയമെന്നു കരുതുകൊണ്ടു് ഇങ്ങനെ ഒരു നടപടി സ്വീകരിച്ചതാണ്. അതുകൊണ്ടു് ഈ പ്രമേയം പാസ്സാക്കിത്തരാൻ ഞാൻ അപേക്ഷിക്കുന്നു.

11 A. M.]

Mr. Speaker : The question before the House is :

Whereas it is considered necessary to provide for the levy and collection of Estate Duty in respect of agricultural lands situate in the State of Travancore-Cochin,

[Mr. Speaker]

And whereas Parliament has passed the Estate Duty Act, 1953, providing for adoption by the States of that Act under Clause (1) of Article 252 of the Constitution of India in respect of estate duty also on agricultural lands situate in those States;

And whereas it is desirable that such duty should be regulated in the State of Travancore-Cochin by that Act;

Now, therefore, in pursuance of Clause (1) of Article 252 of the Constitution of India, this Assembly resolves that the Act aforesaid be adopted in the State of Travancore-Cochin and shall be applied to matters which fall within Entry 48 in list II (State List) of the Seventh Schedule to the Constitution of India.

The motion was put and carried.

LEGISLATIVE BUSINESS.

TRAVANCORE-COCHIN AGRICULTURAL INCOME TAX (AMENDMENT) BILL.

Chief Minister (**Shri Panampilli Govinda Menon**) : Sir, I beg to introduce the Travancore-Cochin Agricultural Income Tax (Amendment) Bill.

Home Minister (**Shri A. J. John**) : I second it.

Mr. Speaker : The bill stands introduced.

Shri Panampilli Govinda Menon: I move that the Travancore-Cochin Agricultural Income Tax (Amendment) Bill be taken into consideration.

Shri A. J. John : I second it.

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: സർ, ഈ ബില്ലിന്റെ ആവശ്യവും, അതു് ഒറിജിനൽ ബില്ലിൽ വരുത്തുന്ന വ്യത്യാസവും പറയാനുള്ള സന്ദർഭം ഇതാണു്. ഇതു് ഒരുവിധത്തിലും ഒരു പുതിയ നികുതി ചുമത്തുന്നതിനുവേണ്ടി കൊണ്ടുവരുന്ന ഒരു ബില്ലല്ല. അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് അമെൻഡ്മെൻറ് ബിൽ എന്നു കേട്ടതുകൊണ്ടു് ഇതു പുതിയ നികുതി ചുമത്താൻ വേണ്ടിയുള്ളതാണെന്നു് കരുതേണ്ട. ഇപ്പോൾ നിലവിലുള്ള ബില്ലിൽ വന്നുപോയിട്ടുള്ള ചില പിശകുകൾ തിരുത്താൻ വേണ്ടി അവതരിപ്പിച്ചിട്ടുള്ള ഒരു ബില്ലാണിതു്. ഇപ്പോഴുള്ള ബില്ലിലെ പിശകുകൾമൂലം ചില ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ടു്. അതുകൊണ്ടു് ഇതു് കൊണ്ടുവന്നിട്ടുള്ളതാണു്. അതു് ഇപ്പോൾ ഉള്ള ബില്ലിലെ മൂന്നു വകുപ്പുകൾ റെഫർ ചെയ്തുകൊണ്ടു് ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാം. ഒന്നാമതായി 46-ാം വകുപ്പിനെപ്പററി പറയാം. 46-ാം വകുപ്പിൽ പറയുന്നതു് ഒരു ലിമിററഡ് കമ്പനി കാഷ്വൽ ചാർജായ നികുതി കൊടുക്കുകയാണെങ്കിൽ അതു് ആ കമ്പനിയുടെ ഷെയർഹോൾഡേഴ്സ് കൊടുത്തതായി കണക്കാക്കുമെന്നാണു്.

"Incometax on Company's dividend deemed to have been paid by shareholders."

അതാണ് ആ വകുപ്പിന്റെ ഫലക്കെട്ട്. അപ്പോൾ 46-ാം വകുപ്പ് പ്രകാരം ഒരു കമ്പനി കാർഷികഗ്രൂസ്വത്തുടമസ്ഥനാണെങ്കിൽ, ആ കമ്പനി ഇൻകംടാക്സ് കൊടുക്കുന്നയാണെങ്കിൽ, ആ കമ്പനിയുടെ ഷെയർ ഹോൾഡേഴ്സ് ഇൻകംടാക്സ് കൊടുത്തതായി കണക്കാക്കുമെന്നാണ്.

44-ാം വകുപ്പിൽ പറയുന്നത് ഏതെങ്കിലും ഒരു വ്യക്തി ആദായ നികുതി കൊടുത്തതിനു ശേഷം കമ്പനിയിൽനിന്നും ലഭിക്കുന്ന ഡിവിഡൻറിനു ആദായനികുതി കൊടുക്കേണ്ട ചുമതല ഇല്ല എന്നാണ്. അങ്ങനെ കൊടുക്കേണ്ട ചുമതല ഇല്ല എന്നു വരികയാണെങ്കിൽ അയാൾക്ക് റീഫണ്ട് കിട്ടാൻ അവകാശമുണ്ടെന്നാണ് (അതായത് 10-ാം വകുപ്പ് ബി-യിൽ പറയുന്നത്)

> "Any dividend which he received as a shareholder out of the agricultural income of a Company which has certified that it has paid or will pay the tax under this Act in respect of the agricultural income of such Company;"

അപ്പോൾ കമ്പനികളെ അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് ചുമത്തിയിട്ടുണ്ടെങ്കിൽ അവയുടെ ഡിവിഡൻറിനെ ആദായനികുതിയിൽനിന്നും ഒഴിവാക്കിയിരിക്കുന്നു എന്നാണ്. അപ്പോൾ ഒരു വ്യക്തിയിൽനിന്നു ഡിവിഡൻറിന്മേലുള്ള ആദായം ഒഴിവാക്കിയിരിക്കുകയാണ്. ഈ മൂന്നു പ്രൊവിഷൻകൊണ്ട് ഒരു കമ്പനിയുടെ കൃഷിവസ്തുക്കളിൽ ആദായ നികുതി ചുമത്തുകയാണെങ്കിൽ ആ കമ്പനി കാർഷികാദായനികുതി കൊടുക്കണം. അങ്ങനെ കൊടുത്താൽ അതു് ഷെയർ ഹോൾഡേഴ്സ് കൊടുത്തതായി കണക്കാക്കും എന്ന ഫലമാണ് ഇതിനിന്നും ഉത്ഭവിക്കുന്നത്. ഇങ്ങനെ ഒരു ഫലം ഉണ്ടാകുമെന്നു ഈ ബില്ല് ആദ്യമായി ഉണ്ടാക്കിയപ്പോൾ ഉദ്ദേശിച്ചില്ല. ഇതു് പിശകുകൊണ്ട് പററിപ്പോയതാണ്. ആ പിശകു തിരുത്തുന്നതിനുവേണ്ടിയാണ് ഈ അമെൻഡ്മെൻറ്ബിൽ കൊണ്ടുവന്നിട്ടുള്ളതു്. ഇതുമൂലം ആദായനികുതി കൂട്ടിക്കൊടുക്കണമെന്നു വരുന്നില്ല. ഇന്നു നികുതി കൊടുക്കാത്തവർ കൊടുക്കുകയുംവേണം, ഇന്നു കൊടുക്കുന്നവർ കൂടുതൽ കൊടുക്കേണ്ടിവരുന്നതുമില്ല. ഈ ഭേദഗതി ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നതു് ഇന്നു മടക്കിക്കൊടുക്കണമെന്നു നിർബന്ധം ഇല്ലാതാക്കണമെന്നുള്ളതാണ്. എന്നാൽ, ഇതിനു പൂർവ്വകാല പ്രാബല്യമുണ്ട്. ഈ ബില്ല് 1951 മുതലോ മറേറാ ഇവിടെ കൊണ്ടുവന്നു. എന്നാ , ഈ നിയമത്തിന്റെ പിശകു മനസ്സിലായിത്തുടങ്ങിയ ഉടനെ അനേകം ആളുകൾ നികുതി കൊടുക്കാതെ അവർ ഷെയർഹോൾഡേഴ്സ് ആണെന്നുള്ള നിലയിൽ റീഫണ്ടിനുവേണ്ടി അപേക്ഷകൾ അയച്ചിട്ടുണ്ട്. ആ റീഫണ്ടുകൾ ഇങ്ങനെയുള്ള ഒരു നിയമനിർമ്മാണം കൊണ്ടു വരാം എന്നു് ഉദ്ദേശിച്ച് ഇതുവരെ നൽകിയിട്ടില്ല. അങ്ങനെ റീഫണ്ട് കൊടുക്കാനുള്ള ചില മൂപ്പ്ഹോൾസ് പഴയ ബില്ലിൽ ഉണ്ടായിരുന്നതു് ഇല്ലാതാക്കത്തക്കവിധത്തിൽ ഇതിനു പൂർവ്വകാലപ്രാബല്യം വേണമെന്നു വിചാരിച്ചു. ഇതാണ് ഈ ബില്ലിന്റെ ചുരുക്കം. അതു് ഈ സഭ സ്വീകരിക്കണമെന്നും ഇതു പാസ്സാക്കിത്തരണമെന്നും ഞാൻ അപേക്ഷിക്കുന്നു.

Sbri A. A. D. Luiz : Supposing the Company distributes a certain amount to share-holders after paying tax. Has the shareholder to pay again ?

Shri Panampilli Govinda Menon : No, he need not pay under the present Act. He can get some money without paying it.

Shri O. R. Chummar : I support the motion. The main object of this Bill is to delete from the existing Agricultural Income Tax Act all the provisions relating to dividends. The Hon. Chief Minister has stated that it is only to rectify a mistake. There is no doubt that there is a mistake, but I do not feel quite sure that the Bill, as now presented, can be passed without committing another mistake or effecting a major change of policy. For a proper appreciation of this proposition it is necessary to bear in mind the basic scheme underlying the taxation of Joint Stock Companies.

Under the Constitution the State has power to levy income tax only on agricultural income and the Supreme Court has held that when a Company gets agricultural income and distributes it amongst its shareholders the Company's income will change its character and will become non-agricultural income in the hands of the share-holders. The result is that this State has no power to tax the dividends in the hands of the share-holders. So the exemption in the existing Act in respect of dividends paid out of agricultural income is quite consistent with the Constitution and the ruling of the Supreme Court. But there is another provision which is contrary to the Constitution, and that is the definition of "total income." It says that dividends received out of agricultural income shall be included in the total income of the share-holders. That is a violation of the Constitution and has certainly to be modified. But the deletion of the other provisions, particularly the provisions relating to refunds, I am afraid, will go counter to the basic scheme underlying the taxation of Joint Stock Companies. It will be noted that all the ordinary tax payers are taxed at a graduated scale. But the Joint Stock Companies are assessed to income tax at a flat rate and that at the maximum rate. I lay particular stress on the fact that the rate is the maximum rate. That is so not only in our Agricultural Incom-tax Act but also in the Indian Income-tax Act, the Income-tax Acts of the United Kingdom and the Dominions and even in the repealed Income-tax Acts of our State. In all these Acts the Companies are taxed at the maximum rate. Along with the adoption of that rate there is also the provision for a refund. That provision for refund is not a mistake that has crept into our Act. That is a provision which is found in all the Income-tax Acts. It will be noted, in this connection, that super-tax on Companies is levied at a lower rate and not at the maximum rate and there is no provision for any refund of super-tax. The Government can thus retain all the amount collected by way of super-tax from Companies, but the amount the Government is entitled to retain out of income-tax is made to depend on the total income of the share-holder. That provision is inserted for the relief of the poor share-holders. The need for relief arises in this way. Suppose a share-holder's income is only 100 or 200 rupees. In that case it is unfair that he should be subjected to a levy of 6 As. in the rupee. Our

income-tax on Companies is 4 As. and super-tax 2 As. and the effect of this tax on Companies is that a poor share-holder who may have invested all that he had and who may be getting only Rs. 100 or Rs. 200 a year will have to suffer a loss of 6 As. in the rupee. Though he does not pay it, it is paid out of the income that has to be paid to him by the Company. He, therefore, loses that amount. The refund scheme is introduced to mitigate hardships of this kind and according to that scheme a share holder whose income is below the assessable minimum will get a refund of the entire tax paid by the company in respect of the dividend paid to him. If the share-holder's income is more than the assessable minimum, then he will get a refund of an amount equal to the difference between the tax paid by the company and the tax that would have been payable if the share holder was subjected to direct taxation. On the other hand, if the share-holder's income is very large, say Rs. 20,000 or Rs. 25,000, he will not get any refund and may have even to pay supertax. That is the scheme underlying all the Income-tax Acts and I believe that is the scheme, that is contemplated in our Act also, though by inadvertance certain mistakes have crept in. That is a provision that is necessary for the protection of the poor shareholders. The mistake will have to be corrected. But deleting the provision wholesale, would not be fair and just to the poor shareholders. In my view it is not only unfair but also against the accepted policy of all the States. If we deny the refund right totally, probably we will have the honour of being the only State that has denied this relief to the poor shareholders. I think that is a matter which requires serious consideration.

In this connection I would also like to place for the consideration of the Government the question of amending the Constitution regarding Agricultural Income-tax. As I have pointed out, the State has power to levy incometax only on agricultural income, and by the Supreme Court decision the dividend paid by a company out of agricultural income is to be treated as non-agricultural income. If half-a-dozen people form a partnership firm, purchase an estate, earn income and divide it among themselves, then what each partner gets will be agricultural income and the State can impose a tax on the share of each partner. But if the same half-a-dozen people form a company, acquire an estate, earn income and divide it among themselves, the share of each shareholder would be non-agricultural income. The Supreme Court decision is founded entirely on the legal conception that a joint stock company, under the Companies Act, is a juristic person. That is a fiction created by law and if that fiction is taken away, the shareholder's income also would be agricultural income on which the State can impose supertax. By the existing definition of agricultural income the State loses the right to levy supertax on dividends. That I am sure is a serious loss of revenue to the State. Though by this legal fiction, this dividend loses the character of agricultural income, as an economic conception, I feel no doubt, that the dividend received by the shareholder is agricultural income

[Shri O. R. Chummar]

Even the Indian Parliament has recognised that in a way. In the Indian Income-tax Act, there is a provision that when the dividend received from agricultural income is subjected to tax under the Indian Income-tax Act, the shareholder is entitled to get relief for the agricultural incometax paid by the company in respect of the dividend paid to the shareholder. It is the legal fiction created by the Company Law that has deprived us of this right to tax dividends. I think there is a fair case for the State to take up the question of amending the Constitution in order to include within the definition of 'Agricultural income' dividend distributed out of it.

There is another amendment, and that is about the formation of associations for the purpose of evading agricultural income-tax. A provision like that, is found in the Travancore Agricultural Income-tax Act. So far as I remember, there is no such provision in any other Income-tax Act. The Indian Income-tax Act contains very rigid provisions to prevent evasion of tax. But even the Indian Parliament has not thought of introducing a provision of this kind. However, I am not opposing this. I may even go to the extent of saying that it is necessary to have something of that kind. But we can make that provision much simpler, more effective and I should even say, more just. In the existing Act itself, there is a provision to prevent the evasion of tax by the formation of firms. That provision is that if the Income-tax Officer finds, on a mere arithmetical calculation that the tax the State would get by assessing the partners direct will be more than the tax that the Government will get by taxing the firm as a unit, then the officer is given the right to leave off the firm and tax the partners direct. No enquiry is necessary regarding the motive for the formation of the partnership. The bonafides of the partners are not questioned and the officer is authorised to make an assessment on the firm, or the partners according to the result of a mere arithmetical calculation. If the officer has power to tax the members of an association only if he is satisfied that the formation of the association was not bona fide and was not intended for the purpose of avoiding tax, then the officer will have to embark on an enquiry into the bonafides of the association. It would create unnecessary complications and annoyance. If the provision that is already in the Act regarding firms is adopted in respect of associations also the matter would become very simple. Government will get more revenue and the poor shareholders whose income is small will get a reduction in the tax liability. Even the rich members will benefit in so far as they can avoid a vexatious enquiry into the bonafides of the association. I would, therefore, suggest that a provision like the one regarding the firms might be adopted in the case of associations also.

With these remarks I support the motion.

ശ്രീ. കെ. മഞ്ജുനാഥപ്പള്ള: സർ, 56-ാം കുപ്രനുസരിച്ച് റിഫണ്ട് കൊടുക്കുമ്പോൾ അഗ്രിക്കൾച്ചറൽ ഡിവിഡൻറിനെ സംബന്ധിച്ചുള്ള ടാക്സ് കിട്ടുന്നില്ലെന്നാണ് എന്റെ ബഹുമാന്യസ്നേഹിതൻ പറഞ്ഞതു്. ഇതിന്റെ Objects and Reasons-ൽത്തന്നെ "It has been laid down by authorities in incometax that dividend from an Agricultural Company is not agricultural income in the hands of the shareholder and that it is no therefore liable to be assessed to agricultural income tax.' എന്നു പറയുന്നുണ്ട്. അഗ്രിക്കൾച്ചറൽ ഇൻകംടാക്സിന്റെ പരിധിയിൽ ഡിവിഡൻറ് പെടുന്നില്ല എന്നു പല അതോറിറ്റികളും തീരുമാനിച്ചിട്ടുണ്ടെന്നു പറയുന്നു. അങ്ങനെ തീരുമാനിച്ച സ്ഥിതിക്ക് അഗ്രിക്കൾച്ചറൽ ഇൻകംടാക്സിനെപ്പററിമാത്രം നിയമം ഉണ്ടാക്കാൻ അധികാരമുള്ള നമുക്ക് ഡിവിഡൻറിനെപ്പററി നിയമം ഉണ്ടാക്കുവാൻ സാധിക്കുമോയെന്നു സംശയമാണ്. മാത്രമല്ല, "Payment by a company for agricultural incometax cannot be regarded as payment of agricultural incometax on behalf of the shareholder എന്നും പറയുന്നു. ഇപ്പോൾ ഉള്ള നിയമം ആതാണ്. അതു് മാററുന്നപക്ഷം ടാക്സ് കൂട്ടണമെന്നു വന്നാൽ സാദ്ധ്യമാകാതെവരും. 21-ാം വകുപ്പ് അസോസിയേഷനെ സംബന്ധിച്ചുള്ളതാണ്. അസോസിയേഷനുകൾ ടാക്സ് കൊടുക്കുന്നതിനിന്നും ഒഴിവാക്കപ്പെടാനുള്ള കാരണം ശരിയായി കണക്കു വയ്ക്കുന്നു എന്നുള്ളതാണ്. സാധാരണ വ്യക്തികൾ ശരിയായി കണക്ക് സൂക്ഷിക്കാറില്ല. പത്തുപേർചേർന്ന് ഒരു കമ്പനി നടത്തിയാൽ അവർ ശരിയായി കണക്ക് സൂക്ഷിക്കുകയും ശരിയായ ആദായം കാണിക്കുകയും ചെയ്യും. ഇങ്ങനെയുള്ള വിഷമങ്ങൾ ഉള്ളതുകൊണ്ട് മുഖ്യമന്ത്രി ഇതു് ഒരു സെലക്ററുകമ്മിററിക്കയച്ച്, അവർ ഇതിനെപ്പററി ശരിയായി ഗ്രഹിച്ച് അഭിപ്രായം രേഖപ്പെടുത്തുന്നതു് നന്നായിരിക്കും.

Shri A. A. D. Luiz: I do not quite agree with the remarks made by hon. member Shri Chummar. The object of this bill is not to delete all provisions relating to dividend but it is directed to avoid all refunds of tax, specially to share holders of companies. I am afraid it is not a mere rectification of a mistake. Well, whatever be our attempt, we should always bear in mind that the State can only tax agricultural income and the recent ruling of the Supreme Court that the agricultural income distributed by a Company and in the hands of the share holders of that Company comes under the category of non-agricultural income. This House should bear in mind that the dividend received by a shareholder from an agricultural Company after the Company has paid tax is again added on to the income of the share holder and taxed again by the centrally administered income-tax authorities. This is unfair especially to those in the higher income grades. Let us not venture to bring in laws that do not exist in any other part of the world.

However, I do concede that if the responsibility to pay tax on agricultural income is shifted from the Company to the share holders of that Company, I am afraid that the Government will have no revenue whatsoever from that company. It will be

[Shri A. A. D. Luiz]

quite an ordinary phenomenon that the share holder's income even after including the income derived from the Company by dividend is below the taxable limit. Reliable source of revenue can only be maintained if the taxing is confined to the Company. However, to eliminate completely the possibility of a refund to share holders would be contrary to equity and justice and perhaps even contrary to conventions in other parts of India. Certain restrictions on refund may be created by law but a total denial of refund to the lower income groups—if that be the suggestion of Shri Chummar—involves great danger.

Shri O. R. Chummar: I am afraid he has misunderstood my remarks.

Shri A. A. D. Luiz: Apart from this, I would like to mention that the Act as in vogue permits officers to tax parties when it suits them ignoring the partnership in existence. Such a loophole should not exist in the Act. Let collection of tax be with fairness and by virtue of rigid provisions. I think we can tide over the legal fiction that encircles the word "Company".

It is the duty of the officers entrusted with the collection of tax to enlighten and assist the tax payer specially in a country like ours where we still have to develop tax-mindedness. Attached to the return form distributed by the Central Income-Tax Authorities, you have instructions. I personally think that these institutions are very valuable and of considerable assistance. Why not have such assistance given to the tax-payer of this State who comes within the purview of agricultural tax? I would also suggest that the presumptions against an assessor who has delayed or who has not presented accounts in a very modern form be mellow. Better results can be had with kindness.

Sir, the Agricultural Income-Tax Amending Bill now before the House involves very many serious and important issues and as such, I would request that the entire bill be referred to a Select Committee thereby giving everybody more time to think over issues in detail. I request the Chief Minister to accept my suggestion.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, കാഷ്വി കാദായ നികുതി നിയമം, അതിന്റെ പ്രായോഗികതയിൽ വളരെ വിഷമങ്ങൾ ഉള്ള ഒരു നിയമമാണ്. അതായതു്, വളരെ സാങ്കേതിക വശങ്ങളുള്ള ഒരു നിയമമാണിതു്. അതുകൊണ്ടു് ഗവണ്മെന്റ് കൊണ്ടു വന്ന ഭേദഗതിയിൽ എറണാകുളം മെംബർ സൂചിപ്പിച്ചതുപോലെയുള്ള വിഷമങ്ങൾ ഇല്ലായെന്നു് ധൈര്യമായിട്ടു ഞാൻ പറയുന്നില്ല. അതു കൊണ്ടു് ഈ ബിൽ കൂടുതൽ പരിശോധനയ്ക്കു വിധേയമാക്കുന്നതിനു സമ്മതമാണു്. ഇതു് ഒരു സെലക്റ്റ്കമ്മിറ്റിക്കു് റഫർചെയ്തു് ഇതിനു ഇനിയും വല്ല കുഴപ്പങ്ങളും മററും ഉണ്ടോയെന്നു് പരിശോധിക്കുന്നതു് നന്നായിരിക്കും. അങ്ങനെ ചെയ്യുന്നതിനുമുമ്പു് ബഹുമാനപ്പെട്ട കോതമംഗലം മെംബറും, എറണാകുളം മെംബറും ഇവിടെ ഉന്നയിച്ച ഒരു

സംശയത്തെപ്പററി പറയാമെന്നു വിചാരിക്കുന്നു. എന്ന്, ഒരു കമ്പനിയുടെ കാർഷികാദായം ആ കമ്പനിയുടെ കാർഷിക വസ്തുക്കളിൽ നിന്നും കിട്ടുന്ന കാർഷികാദായം അല്ലെന്ന് സുപ്രീംകോടതി പറഞ്ഞിട്ടില്ല.

Shri. O. R. Chummar: But the Supreme Court has held that income in the hands of the Agricultural company is agricultural income, but when it passes from the Company into the hands of the shareholders in the shape of dividend, it is not agricultural income.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അപ്പോൾ ഒരു കമ്പനി അതിന്റെ വകയായ കാർഷിക വസ്തുക്കളിൽ നിന്നും സമ്പാദിക്കുന്ന ആദായം കാർഷികാദായമാണെന്നാണ് പറഞ്ഞിരിക്കുന്നത്. അങ്ങനെ വരുമ്പോൾ അത്തരത്തിലുള്ള ഒരു കമ്പനിയുടെ പേരിൽ കാർഷികാദായ നികുതി ചുമത്താൻ ഒരു സ്റ്റേററിന് അധികാരമുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. സുപ്രീംകോടതി പറഞ്ഞിട്ടുള്ളതും, ബാംബെ ഹൈക്കോടതി മററൊരു കേസ്സിൽ പറഞ്ഞിട്ടുള്ളതും ഡിവിഡൻറ് കാർഷികാദായ നികുതി അല്ലെന്നാണ്. അങ്ങനെ സുപ്രീംകോടതിയും, മററു കോടതിയും ഒരേ അഭിപ്രായം പറഞ്ഞിട്ടുള്ളതുകൊണ്ട് ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഭേദഗതിക്ക് എന്തെങ്കിലുംവിധത്തിലുള്ള ന്യൂനതകളുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. ഭേദഗതിയിൽ പറയുന്നത് ഒരു കമ്പനിയിൽ നിന്നും ആദായനികുതി ഡിപ്പാർട്ടുമെൻറ് വാങ്ങിക്കുന്നുവെന്നാണ്. അതു കഴിഞ്ഞിട്ട് ആ കമ്പനിയുടെ ഓഹരിക്കാരൻ പറയുന്നു, തനിക്ക് റീഫണ്ടു തരണമെന്ന്. എന്നാൽ, സുപ്രീംകോടതിയും, ബാംബെ കോടതിയും റീഫണ്ട് ഇനത്തിന് അനുകൂലമായല്ല നിൽക്കുന്നത്. ആ ഭാഗത്തെപ്പററി കൂടുതലായി, അതായത്, സാങ്കേതികമായ വശങ്ങളെപ്പററി കൂടുതൽ വാദപ്രതിവാദം ചെയ്യണമെന്ന് ഞാനുദ്ദേശിക്കുന്നില്ല. എറണാകുളം മെംബറും മററും ബില്ലിലെ പ്രായോഗിക വൈഷമ്യങ്ങളെപ്പററി എടുത്തു പറഞ്ഞിരിക്കുന്നതുകൊണ്ട് ഈ ബിൽ ഒരു സെലക്ററ് കമ്മിററിക്ക് അയക്കേണ്ടതാണെന്ന് ബഹുമാനപ്പെട്ട ഹോം മിനിസ്റ്ററോട് ഞാൻ അപേക്ഷിക്കുന്നു.

Shri A. J. John: Sir, I move that the Bill be referred to a Select Committee consisting of:

Shri K. T. Thomas,
„ T. P. Sitaraman,
„ D. Anantharaman,
„ O. R. Chummar,
„ K. Narayana Kurup,
„ N. Raghava Kurup,
„ P. Ravindran,
„ Prakkulam Bhasi, and

the Mover; the quorum being four; and the Select Committee to report in ten days.

Shri Panampilli Govinda Menon: I second the motion.

Mr. Speaker: The question is that the Travancore-Cochin Agricultural Income-tax (Amendment) Bill, 1955 be referred to a Select Committee consisting of:

Shri K. T. Thomas,
„ T. P. Sitaraman,
„ D. Anantharaman,
„ O. R. Chummar,
„ K. Narayana Kurup,
„ N. Raghava Kurup,
„ P. Ravindran,
„ Prakkulam Bhasi, and
the Mover; the quorum being four. The report is to be submitted in ten days.

The motion was put and carried.

THE TRAVANCORE-COCHIN REQUISITIONING AND ACQUISITION OF PROPERTY BILL, 1955.

Home Minister **(Shri A. J. John)**: Sir, I beg to introduce the Travancore-Cochin Requisitioning and Acquisition of Property Bill, 1955.

Chief Minister **(Shri Panampilli Govinda Menon)**: I second it.

Mr. Speaker: The Bill stands introduced.

Shri A. J. John: Sir, I beg to move that the Bill may be referred to a Select Committee.

സർ, തിരുവിതാംകൂർ–കൊച്ചിയിലെ 'പബ്ലിക്ക സേഫ്റ്റി മെഷേഴ്സ് ആക്റ്റ്' എന്നൊരു ആക്റ്റ് നിലവിലുണ്ടായിരുന്നു. 1952–ൽ ഉണ്ടായ ഹൈക്കോടതിയുടെ ഒരു വിധിയനുസരിച്ച് ആ ആക്റ്ററിലെ 4, 5, 6, 14, 15 എന്നീ വകുപ്പുകൾ അസാധുവായിത്തീർന്നു. അതിനാൽ ഒരു പുതിയ നിയമം പാസ്സാക്കേണ്ട ആവശ്യം നേരിട്ടതുകൊണ്ടാണു ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. പഴയ പബ്ലിക്ക സേഫ്റ്റി മെഷേഴ്സ് ആക്റ്ററനുസരിച്ച് റിക്വസിഷൻചെയ്ത വസ്തുക്കൾ ഇപ്പോഴും ഉണ്ട്. ആ സ്ഥിതിക്കു ഒരു പുതിയ ബിൽ പാസാക്കിയില്ലെങ്കിൽ പല കുഴപ്പങ്ങളും ഉണ്ടാകും. ഈ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രധാനപ്പെട്ട വ്യവസ്ഥകൾ ഈ ബിൽ പാസാകുന്ന തീയതി മുതൽ 6 കൊല്ലത്തേയ്ക്കു ഈ ബില്ലിലെ വ്യവസ്ഥകൾ ഉദ്ദേശിതത്തിൽ ഇരിക്കും എന്നുള്ളതാണ്. ഈ ബിൽ അനുസരിച്ച് ഗവണ്മെൻറിന്റെ ആവശ്യത്തിലേക്ക്, അതായതു, പൊതു ആവശ്യത്തിലേക്കുവേണ്ടി ഏതെങ്കിലും സ്ഥാവരവസ്തുക്കളൊ ജംഗമവസ്തുക്കളൊ റിക്വസിഷൻ ചെയ്യേണ്ട ആവശ്യം നേരിടുമ്പോൾ വസ്തുവിന്റെ കൈവശക്കാരനു നോട്ടീസുകൊടുക്കണമെന്നും അതിന്മേൽ വല്ല ആക്ഷേപവും ഉണ്ടെങ്കിൽ 15 ദിവസത്തിനകം അയാൾ ഗവണ്മെൻറിനെ അറിയിക്കണമെന്നും വ്യവസ്ഥചെയ്തിട്ടുണ്ട്. എന്നാൽ റിക്വ

സിഷനെ സംബന്ധിച്ചിടത്തോളം ചില വസ്തുക്കളെ ഒഴിവാക്കാനുമെന്നും വ്യവസ്ഥയുണ്ട്. അതായതു്, ആളുകൾ താമസിക്കുന്ന വീടുകൾ, പള്ളിക്കൂടങ്ങൾ, അനാഥശാലകൾ, പൊതുജനങ്ങളുടെ ആരാധനസ്ഥലങ്ങൾ ഇവ റിക്വിസിഷൻ ചെയ്യാൻ പാടില്ലെന്നും പറഞ്ഞിട്ടുണ്ട്. മാത്രമല്ല, സ്ഥലം എടുക്കുന്നതിനു നോട്ടീസ്സയയ്ക്കുന്ന തീയതിക്കു രണ്ടുമാസത്തിനു മുൻപുമുതൽ ഒരാൾ ഒരു വീട്ടിൽ താമസിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ അയാൾക്കു് ആൾട്ടർനേററീവ് അക്കാമെഡേഷൻ കൊടുക്കുന്നതുമായിരിക്കും. വസ്തു എടുത്തശേഷവും റിക്വിസിഷൻചെയ്തശേഷവും വസ്തു ഉപയോഗമില്ലാതെവന്നാൽ ഏതു നിലയിൽ വസ്തു എടുത്തോ ആ നിലയിൽ തിരിച്ചു കൊടുക്കുന്നതായിരിക്കും. എന്നാൽ സ്ഥാവരവസ്തുവോ ജംഗമവസ്തുവോ ഗവണ്മെൻറു കൈവശപ്പെടുത്തിയശേഷം ആ വസ്തുവിൽ സാരമായ തുക ചെലവാക്കി ഏതെങ്കിലും പുതിയ ദേഹണ്ഡങ്ങളൊ മററോ ചെയ്യുകയാണെങ്കിൽ, ആ വസ്തുവിനെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിനു ആവശ്യമുണ്ടെന്നുതോന്നുന്നതായാൽ അപ്രകാരം ചെയ്യാനും വ്യവസ്ഥയുണ്ട്. റിക്വിസിഷൻ ചെയ്യുകയാണെങ്കിൽ, സ്ഥാവരവസ്തുക്കളെ സംബന്ധിച്ചിടത്തോളം അതിനു എന്തു പാട്ടം കിട്ടുമോ ആ പാട്ടം കൊടുക്കണമെന്നും അല്ലാത്ത പക്ഷം വിലകൊടുത്തു് എടുക്കണമെന്നുണ്ടെങ്കിൽ, ഗവണ്മെൻറും കക്ഷിയുമായിട്ടുള്ള ഒരു എഗ്രിമെൻറുപ്രകാരം വിലയ്ക്കു് എടുക്കുകയും അതിൽ വല്ല തർക്കങ്ങളോ മററോ ഉണ്ടായാൽ അതിലേയ്ക്കു ഒരു ആർബിട്രേററെ നിയമിച്ചു് വേണ്ടതു ചെയ്യുന്നതിനും ബില്ലിൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ടു്, ഈ ബിൽ ഒരു സെലക്ററുകമ്മിററിക്കു് അയച്ചു് റിപ്പോർട്ടുവരുത്തി പാസ്സാക്കണമെന്നു് അപേക്ഷിക്കുന്നു.

താഴെപ്പറയുന്ന അംഗങ്ങളടങ്ങിയ ഒരു സെലക്ററുകമ്മിററിക്കു് ഈ ബിൽ അയയ്ക്കണമെന്നു ഞാൻ ശുപാർശചെയ്യുന്നു.

ശ്രീ. കെ. എം. ജോർജ്ജ്.
,, പി. ആർ. കൃഷ്ണൻ.
,, ആർ. പൊന്നപ്പനാടാർ.
,, പി. എം. മാർക്കോസ്.
,, തലേക്കര കെ. കൃഷ്ണൻ.
,, ആർ. ശങ്കരനാരായണൻ തമ്പി.
,, ടി. കെ. ദിവാകരൻ.
,, എൻ. ചന്ദ്രശേഖരൻ നായർ.
വകുപ്പുമന്ത്രി.

ഇതിൻെറ കോറം 4 ആയിരിക്കുന്നതാണു്. സാധാരണഗതിയിൽ റിപ്പോർട്ടുചെയ്യേണ്ടതുമാണു്.

Shri Panampilli Govinda Menon : I second the motion.

Mr. Speaker. The question is that the Travancore-Cochin Requisitioning and Acquisition of Property Bill, 1955 be referred to a Select Committee consisting of :

Shri K. M. George,
,, P. R. Krishnan,
,, R. Ponnappa Nadar,
,, P. M. Markose,

Shri Thalekkara K. Krishnan,
„ R. Sankaranarayanan Tampi,
„ T. K. Divakaran,
„ N. Chandrasekharan Nair, and
the Minister in charge ;

the quorum being four and the report to be submitted in due course.

The motion was put and carried.

THE SPECIAL RIGHTS IN LANDS ABOLITION BILL.—(*Contd.*)

Mr. Speaker : The house will now resume discussion on the Special Rights in Lands Abolition Bill. Mr. R. Balakrishna Pillai.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, ഈ ബിൽ സെലക്റ്റ്കമ്മിററിക്ക് അയയ്ക്കുന്നതിനുമുൻപ് എനിക്കു ചില കാര്യങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതായിട്ടുണ്ട്. കഴിഞ്ഞ സെഷനിൽ ഈ ബില്ലിനെപ്പററിയുള്ള ചർച്ച ആരംഭിച്ച അവസരത്തിൽ ഈ ബില്ലിനെ സംബന്ധിച്ച് സാരമായ ചില വ്യതിയാനങ്ങൾ വരുത്തേണ്ടതാണെന്നും, ആയതിലേയ്ക്കു സെലക്റ്റ്കമ്മിററിയുടെ ഗാഢമായ ശ്രദ്ധയിൽ ഞാൻ ഉന്നയിച്ച ഭേദഗതികൾ ചെയ്തേണ്ടതാണെന്നും പ്രസ്താവിച്ചിട്ടുള്ളതാണ്. സർ, ഈ ബിൽ അനുസരിച്ച് ശ്രീപാദം കൊട്ടാരം, ശ്രീപത്മനാഭക്ഷേത്രം, പൂഞ്ഞാർ, വഞ്ചിപ്പുഴ, ഇടപ്പള്ളി മുതലായ ഇടവകകൾ, ഈ വക വസ്തുക്കളടങ്ങിയ ഏകദേശം 1,67,000 ഏക്കർ ഭൂമിക്കു നഷ്ടപരിഹാരം നിശ്ചയിക്കുകയും അതു് പാട്ടത്തിന്റെ 16⅔ ഇരട്ടിയെന്ന് ക്ണപ്പെടുത്തുകയും ചെയ്തിരുന്നു. വളരെയധികം സ്വത്തുള്ള മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ പ്രത്യേക കൈവശാവകാശം നിവൃത്തലാക്കണമെന്നുള്ള വാദം നാട്ടിലൊട്ടാകയും അതുപോലെതന്നെ ഭരണകക്ഷിയിലും ഉള്ളതുകൊണ്ടാണ് ഇങ്ങനെ ഒരു നിയമനിർമ്മാണം ഈ രാജ്യത്ത് ഉടലെടുത്തതു്. സാമൂഹ്യനീതിയെപ്പററി വളരെയധികം പ്രസംഗിക്കുകയും ഒച്ചപ്പാടുണ്ടാക്കുകയും ചെയ്യുന്ന ഭരണകക്ഷികൾ സാമൂഹ്യനീതിയുടെ പേരിൽ ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം എന്തു നിലപാടാണു കൈക്കൊള്ളാൻ പോകുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഒരാണ്ടിൽ ആറുലക്ഷം രൂപവരെ നിത്യനിദാനച്ചെലവിനു വേണ്ടി ശ്രീ പത്മനാഭസ്വാമിക്ഷേത്രത്തിലേയ്ക്ക് കൊടുക്കുന്നതുകൂടാതെ ഇനിയും ഒരു വമ്പിച്ച തുകകൂടി നഷ്ടപരിഹാരം ഇനത്തിൽ കൊടുക്കേണ്ടിവരുന്നതു് വളരെ കഷ്ടമാണ്.

ശ്രീപാദം, ശ്രീപത്മനാഭസ്വാമിക്ഷേത്രം ഇവയുടെ അധീനതയിലുള്ള ഭൂമിക്ക് ഒരു ഏക്കറിന് 75 രൂപ വീതം വളരെക്കൊല്ലങ്ങളായി പിരിച്ചതിനുശേഷം വലിയ ജന്മികളായ ഈ സ്ഥാപനങ്ങൾക്ക് ഇതിൽ പറഞ്ഞിരിക്കുന്നമാതിരി 16⅔ ഇരട്ടി നഷ്ടപരിഹാരം കൊടുക്കുന്നതു് ഒരു ശരിയായ നടപടിയല്ല. അതുപോലെതന്നെ ഒരു പറനിലത്തിനു എട്ടും പത്തും പറ നെല്ല് ഈടാക്കിക്കൊണ്ടിരുന്ന ചിറയിൻകീഴ് താലൂക്കിലുള്ള പതിനയ്യായിരം ഏക്കറോളം ഉള്ള ശ്രീപാദംവക നിലങ്ങളും പുരയിട

ണ്ടു കൃഷിചെയ്തുകൊണ്ടിരുന്ന കർഷകന്മാരെ തരിച്ചു പിഴിഞ്ഞു കരമായും പാട്ടമായും മററും വളരെ തുക ഈടാക്കിയതിനുശേഷം ഇങ്ങനെയുള്ള അനീതി അവസാനിപ്പിക്കണമെന്നു നിയമം കൊണ്ടുവരുമ്പോൾ ഇത്ര ഇരട്ടി നഷ്ടപരിഹാരം ഉൾക്കൊള്ളുന്ന വ്യവസ്ഥ നിശ്ചയിക്കുന്നതു തീർച്ചയായും കർഷകർക്ക് ഉപദ്രവകരമാണ്. ഇങ്ങനെ പാട്ടമായും കരമായും ധാരാളം തുകകൾ കൊടുത്തു കൊടുത്ത് കടബാദ്ധ്യതയിലും കുഴപ്പത്തിലും ആയിത്തീർന്നിട്ടുള്ള കർഷകരോട് ഇതു നീതിയായിരിക്കുകയില്ല എന്നു ഞാൻ ശക്തിയായി അഭിപ്രായപ്പെട്ടുകൊള്ളുന്നു. ഇങ്ങനെ മൂന്നരലക്ഷത്തോളം രൂപ പലയിനങ്ങളിലായി ഈ സ്ഥാപിതരായ ഉടമക്കാരായ ജന്മികൾക്കു കൊടുത്തതിനുശേഷം പതിനേഴുകൊല്ലം കഴിഞ്ഞിട്ടു പതിനെട്ടാമത്തെ കൊല്ലത്തിൽ ഇവർക്കു ലഭിക്കുന്നതു ഒരു ലക്ഷം രൂപയാണ്. അങ്ങനെ രണ്ടരലക്ഷം രൂപ ഈ കർഷകർ അവർക്കു കൊടുക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഇങ്ങനെയൊരു വ്യവസ്ഥ ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതു് ഈ രാജ്യത്തെ പാവപ്പെട്ട കർഷകരോടുള്ള നീതി ആയിരിക്കുകയില്ല. അതുകൊണ്ടു് ഇങ്ങനെയുള്ള നഷ്ടപരിഹാരം കൂടാതെതന്നെ ഈ ഭൂമികൾ സാധുകർഷകർക്കു കൊടുക്കുവാനുള്ള ഏർപ്പാടു ചെയ്യേണ്ടതാണ്. ഞാൻ ഇതു പറയുമ്പോൾ ഇൻഡ്യൻ കാൺസ്റ്റിററ്യൂഷനിലെ വകുപ്പുകൾ ഉദ്ധരിച്ചുകൊണ്ടു് ഭരണഘടനയിൽ നഷ്ടപരിഹാരം കൊടുക്കാതെ ഭൂമി എടുക്കുവാൻ സാദ്ധ്യമല്ലെന്നു വ്യവസ്ഥചെയ്തിട്ടുണ്ടെന്ന വാദം ഒരുപക്ഷേ ഉന്നയിക്കുമായിരിക്കാം. എന്നാൽപ്പോലും കാർഷികഭൂമിയെ സംബന്ധിച്ചിടത്തോളം ഇതിനെ അവസാനിപ്പിക്കേണ്ടതാണ്.

നഷ്ടപരിഹാരം ഇത്രയെന്നു ഭരണഘടനയിൽ വ്യവസ്ഥചെയ്തിട്ടില്ലാത്തിടത്തോളംകാലം ബേസിക്ക് ടാക്സുമാത്രം അതിനു ചുമത്തി, അതായതു നാമമാത്രമായ ഒരു തുകമാത്രം കൊടുക്കാനുള്ള വ്യവസ്ഥ ചെയ്യുകയാണെങ്കിൽ അതു ഭരണഘടനക്കെതിരായിരിക്കുകയില്ല. അങ്ങനെ ചെയ്യുകയാണെങ്കിൽ സാധു കർഷകരോടു ഗവണ്മെൻറിനു നന്മചെയ്യുവാൻ സാധിക്കും. അല്ലെങ്കിൽ ഇതു അവതരിപ്പിച്ച ആളുകൾക്കോ അതല്ല, ഇപ്പോൾ ഇതു് പരിഗണിക്കുന്ന ഗവണ്മെൻറിനോ ഈ കാര്യം നടപ്പിൽ വരുത്തുവാൻ എന്തെങ്കിലും ആത്മാർത്ഥതയുള്ളതായി വിശ്വസിക്കാൻ തരമില്ല. ഈ $16\frac{2}{3}$ എന്നുള്ളതിനെ $8\frac{1}{3}$ ആയി കുറക്കുക എങ്കിലും ചെയ്യാമായിരുന്നു. അതിനാൽ ഈ ഭാരിച്ച പ്രതിഫലം ഈ പട്ടക്കുറവൻ ജന്മിമാർക്കു കൊടുക്കുവാനുള്ള വ്യവസ്ഥ ബില്ലിൽനിന്നും എടുത്തുകളയേണ്ടതാണ്. അതുപോലെതന്നെ പ്രത്യേക അവകാശം അവസാനിപ്പിക്കുന്ന ഈ ബില്ലിലെ ഈമാതിരി വ്യവസ്ഥകളെ സംബന്ധിച്ചിടത്തോളം സെലക്ററുകമ്മിററി അവഗാഢമായി ചിന്തിക്കേണ്ടതാണ്. മററാരുകാര്യം പറയുവാനുള്ളതു് നെയ്യാററിൻകര മുതലായ താലൂക്കുകളിൽ ഗവണ്മെൻറിന്റെ ട്രസ്റ്റിഷിപ്പിലുള്ള അറുപതിനായിരം ഏക്കറോളമുള്ള കാണിപ്പുറവു ഭൂമിയെ സംബന്ധിച്ചാണ്. പതിനായിരക്കണക്കിനുള്ള കർഷകരുടെ അധികാരം കയ്യിൽ വച്ചുകൊണ്ടിരിക്കുന്ന സർക്കാരിനു് യഥാർത്ഥത്തിൽ ഇങ്ങനെയുള്ള പ്രത്യേക അവകാശം അവസാനിപ്പിക്കാനുള്ള മര്യാദ അല്ലെങ്കിൽ നീതി ഉണ്ടായില്ല. അതിനാൽ കാണിപ്പുറവു ഭൂമിയുംകൂടി ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരണം. സെലക്ററുകമ്മിററിയുടെ ശ്രദ്ധ ഇതിലും പതിയേണ്ടതാണ്. അതുപോലെതന്നെ

[ശ്രീ. ആർ. ബാലകൃഷ്ണപിള്ള]

മററു ജന്മംവക വസ്തുക്കളുമുണ്ട്. അതും ഈ ബില്ലിൻെറ പരിധിയിൽ പെടുത്തിയിട്ടില്ല. അതിനാൽ സ്ഥാപിതതാൽപ്പര്യക്കാരായ ആളുകൾക്കു പ്രതിഫലം കൊടുക്കാതെ ഭൂമി കർഷകർക്കു കൊടുക്കുവാനുള്ള വ്യവസ്ഥ ബില്ലിൽ ഉൾക്കൊള്ളിക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ടി. ഓ. ബാവ : ഭൂമിയിലുള്ള പ്രത്യേക അവകാശം നിരോധിച്ചുകൊണ്ടുള്ള ഈ ബില്ല് കർഷകർക്ക് ആശ്വാസം നൽകുന്ന ഒന്നായിരിക്കുമെന്ന് ഇതിൻെറ പേർകൊണ്ടുമാത്രമേ ഊഹിക്കുവാൻ സാധിക്കുന്നുള്ളൂ. ഇന്നും ഇടവക ഭൂമിയുടെ യഥാർത്ഥ അവകാശം അതിൻെറ പട്ടയദാരന്മാരായ കർഷകന്മാർക്കുതന്നെയാണ്. തിരുവിതാംകൂർ - കൊച്ചി സർക്കാർ പിരിച്ചുകൊണ്ടിരിക്കുന്ന കരം ഇടവക ഭൂമികളിൽ അന്യായമായവിധത്തിൽ ഈ നാട്ടുവാഴികൾ ഈടാക്കിക്കൊണ്ടിരിക്കുന്നു എന്നുള്ളതാണ് വസ്തുത. അങ്ങനെയുള്ള ആ സമ്പ്രദായത്തെ ഇല്ലായ്മചെയ്യത്തക്ക ഒരു വ്യവസ്ഥ ഈ ബില്ലിൽ വരുത്തിയിട്ടില്ല. തിരുവിതാംകൂർ-കൊച്ചിയിലെ സർക്കാർഭൂമികൾക്ക് ഒരു സെൻറിന് കാൽ അണവീതം കരം പിരിക്കുന്ന അവസരത്തിൽ ഇടവക ചീഫുകൾ അന്യായമായ കരം പിരിച്ചുകൊണ്ടിരിക്കുന്നതായി കാണുവാൻ സാധിക്കും. എൻെറ നിയോജകമണ്ഡലത്തിനടുത്തുള്ള ഇടപ്പള്ളി ചീഫ് ഇതുപോലെ വളരെ വൻപിച്ച തോതിലുള്ള ഒരു കരം പിരിച്ചുകൊണ്ടിരിക്കുന്നതായി എനിക്കു നേരിട്ടറിയാൻ കഴിഞ്ഞിട്ടുണ്ട്. ഈ ഭൂമിയിൽനിന്നും സർക്കാർ യാതൊരു കരവും ഈടാക്കുന്നില്ല. ബില്ലുകൊണ്ടു കാണുന്നത് ഈവക ഭൂമികൾ ഗവണ്മെൻറ് കൈവശത്തിൽ കൊണ്ടുവരുന്നു എന്നാണ്. പക്ഷെ അതല്ല ഇന്നു കർഷകന് ആവശ്യമായിട്ടുള്ളത്. അങ്ങനെ ചെയ്യുന്നതുകൊണ്ടു കർഷകന് യഥാർത്ഥമായ പ്രയോജനം ലഭിക്കണം. തിരുവിതാംകൂറിലെ പണ്ടാരവക വസ്തുക്കളിലെപ്പോലെ ഈ വസ്തുക്കൾക്കും ബേസിക്ടാക്സ് ഈടാക്കാനുള്ള നിയമം കാലാകാലങ്ങളിൽ കൊണ്ടുവരാതിരുന്നതാണ് ഈ കുഴപ്പങ്ങൾക്കു കാരണമായത്. 1121-ൽ അടിസ്ഥാനനികുതിമാത്രം കൊടുക്കേണ്ട പട്ടയദാരന്മാർതന്നെയാണ് ഈ ഇടവക ഭൂമികളിലെ വസ്തുഉടമസ്ഥന്മാരും. 1121-ൽ സർക്കാർവക ഭൂമികൾക്കുമാത്രം ബേസിക്ടാക്സ് ചുമത്തിക്കൊണ്ടും ഇടവക ഭൂമികളെ അതിൽനിന്നും ഒഴിവാക്കിക്കൊണ്ടുമാണ് നിയമം ഉണ്ടായത്. അതാണു കർഷകർക്ക് ഉപദ്രവകരമായിതീർന്നത്. ഇടവക ഇല്ലായ്മചെയ്യുകയും അതാതു ചീഫുകൾക്കു ഭൂമിയുടെ അവകാശം ഇല്ലെന്നു സ്ഥാപിക്കുകയും ചെയ്യുന്നതിന് ബേസിക്ടാക്സ് ഏർപ്പെടുത്തിയപ്പോൾ വ്യവസ്ഥ ചെയ്യാതിരുന്നതുകൊണ്ടുമാത്രമാണ് കൃഷിക്കാർക്കു വൈഷമ്യങ്ങൾ ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് ഇങ്ങനെ ധാരാളം കരം കൊടുത്തുകഴിഞ്ഞിരിക്കുന്ന കർഷകർ നഷ്ടപരിഹാരം കൊടുക്കാതെതന്നെ ഭൂമി അവരുടേതാണെന്ന വ്യവസ്ഥ ഉൾക്കൊള്ളിച്ചാൽ മാത്രമെ കർഷകർക്ക് ആശ്വാസം ഉണ്ടാവുകയുള്ളൂ. കർഷകർക്ക് ആശ്വാസം നൽകുന്ന ഒരു ബില്ലാണ് ഇതെന്ന് അന്നത്തെ മുഖ്യമന്ത്രി ഈ സഭയിലും വെളിയിലും പ്രസ്താവിച്ചു. പക്ഷെ ഈ വിധത്തിൽ ഉള്ള ആശ്വാസം നൽകാതിരിക്കുകയാണു ഭേദം. ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന രീതിയിൽ പതിനേഴ കൊല്ലം കരം

കൊടുക്കണമെന്നാണ് ബില്ലിന്റെ വ്യവസ്ഥ ചെയ്തിരിക്കുന്നത്. അങ്ങനെ നാടുവാഴികളെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നിയമം കൊണ്ടുവന്നിട്ടു പറയുകയാണ്, ഇതു് കർഷകർക്ക് ആശ്വാസം നൽകാനുള്ള ബില്ലാണെന്ന്. ഈ കാര്യം സെലക്ററ കമ്മിററി ഗാഢമായി പരിചിന്തിക്കേണ്ടതാണ്. ഇടപ്പള്ളി, കിളിമാനൂർ, വഞ്ഞിപ്പുഴ മുതലായ നാടുവാഴികൾക്ക നഷ്ടപരിഹാരം കൊടുക്കണമെന്നു പറയുന്നതു തീർച്ചയായും പരോക്ഷമനപരമല്ലെന്നാണ് എന്റെ അഭിപ്രായം. ചില ഭൂമികൾക്ക് ബേസിക്ടാക്സിനേക്കാൾ കുറഞ്ഞ നികുതിയും ഇന്നുണ്ട്. അവർക്ക് ബേസിക്ടാക്സ് ചുമത്തുന്നേരം ജന്മിയിൽനിന്നും ഒന്നും നഷ്ടപരിഹാരം കിട്ടാനുള്ള വ്യവസ്ഥയില്ല. കർഷകരെ സഹായിക്കാനുള്ള ഒരു ബില്ലാണിതെങ്കിൽ ഇന്നത്തെ രീതിയിലുള്ള കരം പതിനേഴ് കൊല്ലം കൊടുക്കണമെന്നു പറയുന്നതിന്റെ അർത്ഥം എന്താണെന്നു മനസ്സിലാകുന്നില്ല. ഇന്നു ഒരേക്കറിന്നു പരിനഞ്ചു പറ നെല്ലു പാട്ടം ഇടവക ചീഫുകൾ പിരിച്ചുകൊണ്ടിരിക്കുന്ന ചില വസ്തുക്കൾക്ക് കഴിഞ്ഞകാലത്ത് അര പറയാണ് നിശ്ചയിച്ചിരുന്നത്. കൂടാതെ ഇപ്പോൾ നെല്ലിന്റെ വില ഒന്നേകാൽ രൂപ ആയിരിക്കയും ഇനിയും കുറയാൻ വഴിയുണ്ടെന്നു പ്രതീക്ഷിക്കയും ചെയ്യുമ്പോൾ ബില്ലിന്റെ പ്രയോക്താക്കൾ ഒന്നേകാൽ രൂപ നെല്ലിന്നു വില കണക്കാക്കി പതിനേഴ് കൊല്ലം കരം കൊടുക്കണമെന്നു നിശ്ചയിക്കുന്നതു് അത്ഭുതകരമായിരിക്കുന്നു.

അതുകൊണ്ട് ഈ ചീഫുകൾക്ക നഷ്ടപരിഹാരം കൊടുക്കുന്ന പ്രശ്നം ഈ ബില്ലിൽ ഉൾപ്പെടുത്തേണ്ട ആവശ്യംതന്നെ ഇല്ല. നാടുവാഴിക്ക് എന്തെങ്കിലും നഷ്ടപരിഹാരം കൊടുക്കണമെന്നുണ്ടെങ്കിൽ ഗവണ്മെൻറ് അവരുമായി ആലോചന നടത്തി നിശ്ചയിക്കുകയാണ് വേണ്ടതു്. ഒരിക്കലും കൃഷിക്കാരിൽനിന്നും നഷ്ടപരിഹാരം ഈടാക്കുന്ന വ്യവസ്ഥ പാടില്ലാത്തതാണ്. കൃഷിക്കാർ വാസ്തവത്തിൽ നഷ്ടപരിഹാരം കൊടുക്കേണ്ട ആവശ്യമില്ല. കാരണം ഭൂമി ഉടമസ്ഥന്മാർക്കുതന്നെയാണ് ഇന്ന് ഭൂമി കൈവശം ഉള്ളതു്. ഇവിടത്തെ റിക്കാർഡുകൾ പരിശോധിച്ചാൽ അതു മനസ്സിലാകും. ഇടപ്പള്ളി ചീഫ് അദ്ദേഹത്തിന്റെ ഭൂമിയിൽനിന്നും സെൻറിന്നു കാലണ വീതം ബേസിക് ടാക്സ് ഈടാക്കാനുള്ള അവകാശം കൊടുത്താൽ മതിയെന്ന് സ്വയം സമ്മതിച്ച് ഗവണ്മെൻറിന് എഴുതിയിട്ടുണ്ടെന്നാണ് എന്റെ അറിവ്. അങ്ങനെ സ്വയം സമ്മതിച്ചിട്ടുള്ള ഒരു ചീഫിന് കൂടുതൽ സംഖ്യ കൊടുക്കുന്നതിന് ഒരു ബിൽ എഴുതി ഉണ്ടാക്കാൻ കഴിഞ്ഞതിൽ ഗവണ്മെൻറ് ധൈര്യപ്പെട്ടതിൽ ഞാൻ ആശ്ചര്യപ്പെടുന്നു. ഞങ്ങളുടെ പ്രദേശത്തുള്ള ആളുകളുടെ മേൽ കൂടുതൽ നികുതി അടിച്ചേല്പിക്കാൻ മാത്രമാണ് ഗവണ്മെൻറ് ഇതു കൊണ്ടുദ്ദേശിക്കുന്നതെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നതു്. ചീഫുകൾക്ക പാവപ്പെട്ടവരിൽനിന്നും കൂടുതൽ സംഖ്യ വാങ്ങിക്കൊടുക്കാൻ വ്യവസ്ഥ ചെയ്യുന്ന ഒരു ബില്ലാണിതു്. തിരുവിതാംകൂർ-കൊച്ചിയിലുള്ള എല്ലാ ഭൂമികളേയും ഒരേ വിധത്തിൽ കണക്കാക്കി നിയമനിർമ്മാണം നടത്തേണ്ടതാണെന്ന് ഞാൻ സെലക്ററകമ്മിററിയോടു് അഭ്യർത്ഥിച്ചുകൊള്ളുന്നു.

ശ്രീ. എൻ. ജി. ചാക്കോ : വസ്തുക്കളുടെ മേലുള്ള പ്രത്യേക അവകാശങ്ങൾ അവസാനിപ്പിക്കുന്നതിനുവേണ്ടിയുള്ള ബില്ലാണ് ഇതു്. ഭൂതിനെപ്പററി ചിന്തിക്കുമ്പോൾ ചില പ്രത്യേക തരത്തിലുള്ള അവകാശ

[ശ്രീ. എൻ. ജി. ചാക്കോ]

ങ്ങൾ നിറത്താൻ മാത്രമെ ഈ ബിൽ ഉപകരിക്കുന്നുള്ളു എന്നാണ് മനസ്സിലാകുന്നതു്. ഈ ബില്ലിന്റെ പരിധിയിൽപ്പെടാത്തതായ ഒട്ടുവളരെ പ്രത്യേക അവകാശങ്ങൾ ഇന്നു് ഈ സംസ്ഥാനത്തു നിലവിലിരിക്കുന്നുണ്ടു്. അതിൽ ഏററവും പ്രധാനമായിട്ടുള്ള ഒന്നാണ് തിരുപ്പുവാരപ്പിരിവുസമ്പ്രദായം. ഈ സമ്പ്രദായം വളരെ പഴക്കമുള്ള ഒന്നാണ്. ഏതോ ഭരണാധികാരിക്കു് ആരോടോ ചില പ്രത്യേകത ഉണ്ടായതിന്റെ ഫലമായി ഇങ്ങനെ ഒരേപ്പാടു് ഈ രാജ്യത്തു് നടപ്പിലാക്കിയതാണ്. ഈ തിരുപ്പുവാരപ്പിരിവുസമ്പ്രദായം മദ്ധ്യതിരുവിതാംകൂറിലെ തിരുവല്ലാതാലൂക്കിലും, പത്തനംതിട്ടതാലൂക്കിലെ ചില പകുതികളിലും, തിരുവനന്തപുരം ഡിസ്ട്രിക്ററിലും നിലവിലിരിക്കുന്നുണ്ടെന്നു് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടു്. ഈ സമ്പ്രദായം നിറത്തലാക്കുന്നതിനുവേണ്ടി ശ്രീ. ടി. കെ. നാരായണപിള്ള മുഖ്യമന്ത്രിയായിരുന്ന കാലത്തു് ഒരു കമ്മിററിയെ നിയമിക്കുകയും ആ കമ്മിററി അതുസംബന്ധമായി ചില അന്വേഷണങ്ങൾ നടത്തി ഒരു റിപ്പോർട്ട് ഗവണ്മെന്റിൽ സമർപ്പിക്കുകയും ചെയ്തിട്ടുള്ളതായി അറിയാൻ സാധിച്ചിട്ടുണ്ടു്. ആ കമ്മിററി ഏകാഭിപ്രായമായി ഈ തിരുപ്പുവാരപ്പിരിവുസമ്പ്രദായം എത്രയും വേഗം നിറത്തലാക്കേണ്ടതാണെന്നു് ശുപാർശ ചെയ്തിട്ടുണ്ടു്. കൃഷിക്കാർക്കു് വളരെ ഏറെ വിഷമങ്ങൾക്കും പ്രയാസങ്ങൾക്കും ഇടനൽകുന്ന ഈ തിരുപ്പുവാരപ്പിരിവുസമ്പ്രദായം നിറത്തലാക്കുന്നതിനുവേണ്ടി ഈ ബില്ലിൽ വേണ്ട വകുപ്പുകൾ ചേർക്കേണ്ടതു് വളരെ ആവശ്യമാണ്. ഇതുസംബന്ധമായി തോവാള മെംബർ ശ്രീ. രാമസ്വാമിയും, കല്ലുപ്പാറമെംബർ ശ്രീ. എം. എം. മത്തായിയും പ്രസ്താവിച്ചിട്ടുള്ളതിനോടു് ഞാൻ യോജിക്കുന്നു. സെലക്ററ കമ്മിററി ഈ തിരുപ്പുവാരപ്പിരിവുസമ്പ്രദായം വസ്തുക്കളുടെമേലുള്ള ഒരു പ്രത്യേക അവകാശമായതുകൊണ്ടു് നിറത്തലാക്കുന്നതിനു് വേണ്ട ഏർപ്പാടുകൾ ചെയ്യുമെന്നു് ഞാൻ പരിപൂർണ്ണമായി വിശ്വസിക്കുന്നു. അതോടുകൂടിത്തന്നെ നിലവിലിരിക്കുന്ന ജന്മിക്കരം ഏർപ്പാടിനെപ്പററിയും രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. അതും വസ്തുവിന്മേൽ അനുഭവിക്കുന്ന ഒരവകാശമാണ്. ഈ ജന്മിക്കരം പിരിവുസമ്പ്രദായവും നിറത്തലാക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ഈ ബില്ലിൽ വരുത്തുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇക്കാര്യങ്ങളിലേയ്ക്കു് സെലക്ററകമ്മിററിയുടെ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

Shri T. S. Ramaswami : Sir, I wish to say a few words about this Bill. It may not be a satisfying reason that it applies to the Sripandaravaka lands and that it is for the benefit of Sripadmanabhaswami temple. This is only a legacy of the old feudal sovereignty. At present it is out of date and it should be abolished. Centuries ago, little chieftains in the State and even Devaswoms exercised sovereignty over our people. It is only a replica of the old out-moded sovereignty. It has been long discussed by responsible people both in the Legislature and in the Committe stages. Three years back the Moniamkaram Enquiry Committee was appointed and they made a searching enquiry. They represented all sections concerned with Thirippuvaram. The Committee consisted of the representative of the Rajpramukh, and representatives

12 NOON

of all the parties in the Legislature. They have submitted to Government a unanimous report. Every party, including the affected party has agreed that it should be abolished, without compensation. Unfortunately this was not included in this Bill. I thought it would have been included in the Land Tax Bill, or in the Special Rights in Lands Abolition Bill. It ought to have been stopped earlier. It continues to be levied from the people of South Travancore. The position of persons who are holding one or two acres of Sripandaravaka lands can very well be imagined. On an acre of land about nine bags of paddy have to be paid yearly. That is the extent of tax. At the same time they are paying basic tax also. The Moniamkaram Enquiry Committee has expressed its opinion regarding the abolition of Thirippuvaram in its report:

> "It has been seen from the discussion in the preceeding Chapter that the general policy of Government in regard to Thiruppuvaram before the Land Tax Proclamation has been that the Thiruppuvaram in excess of the revenue due to Government from the tenant should be paid by the Government until the next Revenue Settlement.
>
> It has already been observed that the general Revenue Settlement as contempleted at that time has not been carried out. Even the enquiries into Thiruppuvaram cases suggested by Shri Nilacanta Pillai and Shri Parameswaran Pillai have not been conducted. At the same time it has been declared in the Land Tax Proclamation that the arrangements therein contemplated and enacted shall be deemed to be a general Revenue Settlement. In Section 8 of that Proclamation, Thiruppuvaram payable in respect of any land has been made payable by the tenants to those entitled to it as before in addition to the basic tax payable to Government. The said provision has to be considered to have been made for a transitional period as suggested in the report on the Scheme for the Introduction of the Basic Land Tax. On this assumption and for the reasons stated in paragraphs 1 and 2 of this Chapter, the Committee is of the view that it is inequitable and against the policy of Government to realise Thiruppuvaram in addition to Basic Tax from holders of Pandarapattom lands charged with Thiruppuvaram to Sree Pandaravaka. Therefore Thiruppuvaram due to Sree Pandaravaka should be paid by Government—Section 8 of the Land Tax Proclamation may be suitably amended."

This has been brought to the notice of the previous Government. The previous Minister for Land Revenue himself was a member of the Enquiry Cammittee which unanimously recommended the abolition of the Thirippuvaram. When he became Minister he got objections against this issue. When he was asked he gave some answer which was not at all helpful.

[Shri T. S. Ramaswami]

Unfortunately. that Minister who used to explain all matters even simple matters refrained from explaining this matter. That is a very sad thing. Again, I brought this matter to the notice of the Ministers concerned, in the present Ministry also. I don't know how they feel about it. But it is the duty of all right thinking men to see that this unanimous report is recognised and implemented.

Shri A. J. John: Will the Member be satisfied if Thiruppuvaram is also referred to the Select Committee ?

Shri T. S. Ramaswami: It will be only dilatory tactics. The Land Revenue Minister himself was there. He himself promised me that a G. O. will be issued. It is long over due. It can be abolished by a G. O. without making it go through all the stages of a Bill.

ശ്രീ. കെ. ടി. തോമസ്: ബില്ലിന്റെ തത്വത്തോട് ഞാൻ യോജിക്കുന്നു. അതേയവസരത്തിൽ സെലക്റ്റ്കമ്മിററിയുടെ പര്യാലോചനയ്ക്കുവേണ്ടി ഒന്നുരണ്ടു കാര്യങ്ങൾ പറയണമെന്ന് വിചാരിക്കുന്നു. പൂണിതാർ ഇടവക ഈ ബില്ലിന്റെ പരിധിയിൽപ്പെടുത്തിയിരിക്കയാണ്. എഴുപതിനായിരം ഏക്കറോളം ഭൂമി പല കൃഷിക്കാരുടെ കൈവശത്തിലായിരിപ്പുണ്ട്. അതിന് ഏകീകൃതമായ ഒരുപാട്ടം നിശ്ചയിച്ചിട്ടില്ല. ഓരോന്നിനും ഓരോ തരത്തിലുള്ള നിരക്കുകളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ഈ ബിൽ ഇങ്ങനെ പാസ്സാക്കുകയാണെങ്കിൽ തുടർന്ന് പതിനേഴ് കൊല്ലംകൂടി ഇപ്പോൾ കൊടുക്കുന്ന നിരക്കുതന്നെ കൊടുക്കേണ്ടിവരും. ഈ ബില്ലിൽ നഷ്ടപരിഹാരം കൊടുക്കേണ്ടതു് കൃഷിക്കാരനാണ് എന്നാണ് വച്ചിരിക്കുന്നതു്. നഷ്ടപരിഹാരം കൊടുക്കണമെന്നുണ്ടെങ്കിൽ അതു ഗവണ്മെൻറാണ് കൊടുക്കേണ്ടതു്. അതിനുപകരം കൃഷിക്കാരിൽനിന്നും അടിസ്ഥാനനികുതിമാത്രം ഈടാക്കണം. ഇതിനു വേണ്ട വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തേണ്ടതാണ്. നഷ്ടപരിഹാരം സംബന്ധിച്ച് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള നിരക്ക് വളരെ കൂടുതലാണ്. അതു് പുനഃപരിശോധനചെയ്യേണ്ടതു് ആവശ്യമാണ്. രാഷ്ട്രീയ പരിഗണനകൾ വച്ചുകൊണ്ടു് ജന്മിമാർക്ക് പതിനാറും മൂന്നിൽ രണ്ടും ഇരട്ടി നഷ്ടപരിഹാരം കൊടുക്കുന്നതു് ശരിയാണോ എന്നു് എനിക്ക് സംശയമുണ്ട്. ഇക്കാര്യം സെലക്റ്റ് കമ്മിററിയുടെ പ്രത്യേക പരിഗണനയ്ക്കു് വിഷയമാക്കണമെന്നു് അപേക്ഷിക്കുന്നു.

എന്റെ നിയോജകമണ്ഡലത്തിൽ ഏരുമേലിയും പശ്ചിമയും ദേവസ്വത്തിൽപ്പെട്ട വളരെയധികം ഭൂമികളുണ്ട്. വളരെ വളരെ കൊല്ലങ്ങൾക്കു മുമ്പുമുതൽതന്നെ കാടുകൾ വെട്ടിത്തെളിച്ച് സ്ഥിരഭേദഗണ്ഡങ്ങൾ ചെയ്ത് സ്ഥിരമായി ആളുകൾ അവിടെ താമസിച്ചുവരുന്നുണ്ട്. ഒരു നിശ്ചിത നിരക്ക് ദേവസ്വത്തിന് കൊടുത്തു പണ്ടാരപ്പാട്ടം വസ്തുപോലെ തന്നെ അനുഭവിച്ചുവരുന്ന ഒരിനം ഭൂമികളാണതു്. ഈ അടുത്തകാലത്തു ദേവസ്വത്തിൽനിന്നും കർശനമായ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തി അവിടത്തെ കുടിയാന്മാരുടെ അവകാശങ്ങൾ നശിപ്പിക്കുന്ന ചില വ്യവസ്ഥകൾ ചെയ്തുവരുന്നു. വസ്തുക്കളിൽ പുതിയ കെട്ടിടങ്ങൾ വച്ചുകൂടെന്നും വസ്തുക്കൾ ഭാഗിച്ചുകൂടെന്നും മററും വ്യവസ്ഥചെയ്തിരിക്കുന്നു. ഇപ്പോഴുള്ള

ബില്ലനുസരിച്ച് അവർ വെറംപാട്ട കുടിയാന്മാരായി തരംതാഴുന്നതാണ്. അതുകൊണ്ട് അങ്ങിനെയുള്ളവരേയും ഈ ബില്ലിന്റെ പരിധിയിൽ കൂട്ടുത്തണമെന്ന് ഞാൻ അപേക്ഷിക്കുന്നു. ഇതുംകൂടി സെലക്റ്റ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിഷയമാക്കിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. പരമേശ്വരൻപിള്ള : സർ, ഭൂനയബില്ലിന്റെ ഒരു അംശമായിട്ടാണ് ഇതിനെ പരിഗണിക്കേണ്ടതു്. ഇതു് ഒരു പ്രത്യേകാവകാശത്തിനെ നിരോധന ബിൽ ആണോ, പ്രത്യേകാവകാശ നിർമ്മാണ ബിൽ ആണോ എന്ന് എനിക്ക് സംശയമുണ്ട്. പ്രത്യേകാവകാശം നിരോധിക്കുന്ന ഒരു ബിൽ അല്ല ഇതു് എന്ന് ഇതു വായിച്ചാൽ മനസ്സിലാകുന്നതാണ്.

കൃഷിഭൂമി കൈവശംവച്ചു കൃഷിചെയ്യുന്ന കൃഷിക്കാരനെ സംബന്ധിച്ചിടത്തോളം, എന്തു പ്രയോജനമാണ് ഈ ബിൽ മൂലം ഉണ്ടാകുന്നതു് എന്ന് നോക്കിയാൽ, അവക്ക് ആനുകൂല്യം നൽകുന്ന വ്യവസ്ഥകൾ ഒന്നും തന്നെ ഈ ബില്ലിൽ ഇല്ലെന്നു കാണാൻ കഴിയും. അതേ സമയംതന്നെ ഈ ബില്ലിന്റെ പരിധിയിൽ വരുന്ന ജന്മികൾക്ക് കുറെ പണം കൂടുതൽ ലഭിക്കാനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരിക്കുന്നു എന്നും കാണാൻ കഴിയും. ഇതല്ലാതെ വേറെ യാതൊരു മെച്ചവും ഇതിൽ ഞാൻ കാണുന്നില്ല.

ബില്ലിന്റെ പേരിൽ കവിഞ്ഞു് പ്രത്യേകാവകാശം നിരോധിക്കുന്നതായി മറ്റൊന്നും ഞാൻ ഇതിൽ കാണുന്നില്ല. 17 കൊല്ലത്തിനു ശേഷം, ശ്രീപാദം വകയ്ക്കോ, ശ്രീ പത്മനാഭസ്വാമിക്ഷേത്രം വകയ്ക്കോ, ശ്രീപണ്ടാരവകയ്ക്കോ, ഇടവകയ്ക്കോ യാതൊരവകാശവും ഈ വകവസ്തുക്കളിൽ ഉണ്ടായിരിക്കുന്നതല്ല എന്നൊരു ഒററ വ്യവസ്ഥമാത്രം കൊണ്ട് ഒരു നിയമം നിർമ്മിച്ചാൽ മതിയായിരുന്നു. ഇപ്പോഴുള്ള നിയമമനുസരിച്ച് ബേസിക്ടാക്സ് കൂടുതലാണെങ്കിൽ ഭൂമി കൈവശമുള്ള ആൾ കൊടുക്കണം. ബേസിക് ടാക്സ് കുറവാണെങ്കിൽ ഇപ്പോഴുള്ള പാട്ടം തന്നെ 17 കൊല്ലം കൂടി ഗവണ്മെൻറിലേയ്ക്ക് കൊടുക്കണം. കൃഷിക്കാരന് ഇതുകൊണ്ട് എന്തു മെച്ചമാണുണ്ടാകാൻ പോകുന്നതു് എന്നാണ് ഞാൻ ചോദിക്കുന്നതു്. കൈവശാവകാശം കൃഷിക്കാരന് സ്ഥിരപ്പെടുത്തിക്കൊടുക്കുന്നു. അതേ സമയം അയാൾക്ക് കൂടുതൽ ഒന്നുംതന്നെ ലഭിക്കുന്നില്ല. 17 കൊല്ലം കഴിഞ്ഞശേഷം നടക്കാൻപോകുന്ന ഒരു കാര്യത്തിനുവേണ്ടിയാണ് ഇന്ന് ഒരു നിയമം നിർമ്മിക്കാൻപോകുന്നതു്. ശ്രീപാദം, ശ്രീപണ്ടാരവക ഇടവക മുതലായവയുടെ ഗുണത്തിനുവേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നതെന്നു തോന്നുന്നു. കണ്ടുകൃഷി വസ്തുക്കളെ സംബന്ധിച്ച്, ഇപ്പോഴുള്ള കൈവശാവകാശം സ്ഥിരപ്പെടുത്താൻവേണ്ടി എന്തോ ഒരു ആർഡർ ഉണ്ടാക്കാൻപോകുന്നതായി ചില്ലപ്പാറ മെംബറുടെ പ്രസംഗവേളയിൽ അന്നത്തെ ലാൻഡ് മിനിസ്റ്റർ പറയുകയുണ്ടായി. കണ്ടുകൃഷി വസ്തുവിൽ മഹാരാജാവിനുണ്ടായിരുന്ന അവകാശം 1124-ലെ വിളംബരം മൂലം ഗവണ്മെൻറിനു സിദ്ധിച്ചിട്ടുണ്ട്. ഒറ്റ്ഹമായ കണ്ടുകൃഷിക്കരമാണ് കർഷകൻ സർക്കാരിലേയ്ക്ക് കൊടുത്തു വരുന്നതു്. കൂടാതെ വസ്തുക്കൾ പൊന്നുംവിലയ്ക്ക് എടുക്കുന്ന അവസരത്തിൽ പൊന്നുംവില വസ്തുകൈവശക്കാരനു ലഭിക്കുന്നില്ല പണ്ടാരപ്പാട്ട

[ശ്രീ. എൻ. പരമേശ്വരൻപിള്ള]

വസ്തുക്കൾക്ക് തുല്യമായി കണ്ടുകൃഷിവസ്തുക്കളെ പരിഗണിക്കണം. അതും ഈ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തണം. ഈവക കാര്യങ്ങൾ എല്ലാം സെലക്ററുകമ്മിററിയിൽ പര്യാലോചിച്ച്, യഥാർത്ഥത്തിലുള്ള ഒരു പ്രത്യേകാവകാശനിരോധനബിൽ ആക്കിത്തീർക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. പി. വിശ്വംഭരൻ: സർ,ഈ ബിൽ സെലക്ററുകമ്മിററിക്ക് അയക്കണമെന്നുള്ള ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു. ഇതു് സെലക്ററുകമ്മിററിയിൽ പര്യാലോചിക്കുന്ന അവസരത്തിൽ, കാമ്പൻസേഷന്റെ കാര്യത്തെപ്പററി പ്രത്യേകം പരിഗണിക്കണമെന്ന് എനിക്ക് അഭിപ്രായമുണ്ട്. 16 $\frac{2}{3}$ ഇടട്ടി നഷ്ടപരിഹാരം കൊടുക്കണമെന്നു പറയുന്നതു് വളരെ കൂടുതലാണ്.

സെലക്ററു കമ്മിററിയുടെ പ്രവർത്തനത്തെക്കുറിച്ച് ഒരു വാക്കുകൂടി പറയണമെന്നാഗ്രഹിക്കുന്നു. ഇതിനുമുമ്പ്, അതായതു് കഴിഞ്ഞ സെഷനിൽ, രണ്ടു ഭൂനയബില്ലുകൾ സെലക്ററു കമ്മിററിക്ക് അയച്ചിട്ടുണ്ടായിരുന്നു. ഇപ്പോഴത്തെ രീതി അനുസരിച്ച് ഒരു ബിൽ സെലക്ററുകമ്മിററിക്ക് അയച്ചാൽ, അതു് അടുത്ത സെഷനിൽ റിപ്പോർട്ടു അവതരിപ്പിക്കേണ്ടതാണ്. അതനുസരിച്ച്, കഴിഞ്ഞ സെഷനിൽ അയച്ച രണ്ടു ബില്ലുകളുടെയും റിപ്പോർട്ട് ഇവിടെ ഇതേവരെ വന്നിട്ടില്ല. ഇക്കാര്യത്തിൽ ഞാൻ പ്രത്യേകം കുററം പറയുന്നില്ല. കഴിഞ്ഞ സെഷൻ കഴിഞ്ഞതിനുശേഷം വളരെ കുറച്ചു സമയം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇവിടെ പല മാററങ്ങളും വന്നു എന്നുള്ള കാര്യങ്ങൾ എനിക്കറിയാം. പക്ഷെ ആ സെലക്ററു കമ്മിററി ഇതേവരെ കൂടിയിട്ടുപോലുമില്ല എന്നു കാണുന്നതു് ഖേദകരമാണ്. ഇന്ന് അധികാരത്തിൽ ഇരിക്കുന്ന കക്ഷിക്കു ഈ ബില്ല് പാസ്സാക്കുന്നതിനു കാലവിളംബം വരുത്തണമെന്നുള്ള ഉദ്ദേശമാണുള്ളതെന്നാണ് എനിക്കു തോന്നുന്നതു്. ഈ ഭൂനയബില്ലുകൾ സെലക്ററുകമ്മിററികളിൽ പര്യാലോചിച്ച്, ഈ സെഷൻ കഴിഞ്ഞു് അടുത്ത സെഷൻ, അതായതു് ആറുമാസം കഴിഞ്ഞു്, കൂടുന്നതുവരെ കാത്തിരിക്കാതെ, ഈ സെഷനിൽത്തന്നെയോ അല്ലെങ്കിൽ ഒരു പ്രത്യേക സെഷൻ വിളിച്ചുകൂട്ടിയോ ഈ ബില്ലുകളുടെ റിപ്പോർട്ടുകൾ അവതരിപ്പിച്ച് പാസ്സാക്കുന്ന കാര്യത്തിൽ ശ്രദ്ധിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്.

[Deputy Speaker in the Chair]

ശ്രീ. എ. ജെ. ജാൺ: സർ, ഈ ബില്ലിനെ സംബന്ധിച്ച് സഭയുടെ എല്ലാ ഭാഗത്തുമുള്ള മെംബറന്മാർ സംസാരിക്കുകയുണ്ടായി. പ്രത്യേകിച്ചും പി. എസ്. പി. മെംബർ ശ്രീ. വിശ്വംഭരൻ, കാമ്പൻസേഷൻ തുകയെ സംബന്ധിച്ചുള്ള വ്യവസ്ഥ ഭേദഗതി ചെയ്യണമെന്ന് പ്രസ്താവിക്കുകയുണ്ടായി. ഈ സംഗതി സെലക്ററുകമ്മിററിയിൽ പര്യാലോചിക്കുന്നതാണ്. 16$\frac{2}{3}$ എന്നു വച്ചിരിക്കുന്ന തുകയെപ്പററി സെലക്ററു കമ്മിററി ശരിയായി പര്യാലോചിച്ച് കാമ്പൻസേഷൻ വ്യവസ്ഥ ഏതുവിധത്തിൽ വേണമെന്നു തീരുമാനിക്കാമെന്നുള്ളതാണ്. സ്പെഷ്യൽ റൈററ്സുള്ള ശ്രീപാദം, പണ്ടാരവക, ഇടവക, ഈ ഭൂമികളിൽ ബേസിക്ടാക്സ് മാത്രമേ

പാടുള്ളതു എന്നു് ഇവിടെ പലരു മെംബറന്മാരും അഭിപ്രായപ്പെട്ടു. ഇതു സംബന്ധിച്ചും സെലക്ററകമ്മിററിയിൽ പര്യാലോചിക്കാവുന്നതാണു്. ഇതിനെ സംബന്ധിച്ചു് ചില ഇടവക ചീഫുകളുമായിട്ടു് ഗവണ്മെൻറു് ആലോചനകൾ നടത്തിവരുന്നുണ്ടു്. അതുപോലെ ശ്രീപാദം വസ്തുക്കളെ സംബന്ധിച്ചും ഗവണ്മെൻറു് ആലോചനകൾ നടത്തുകയാണു്.

തിരുപ്പുവാരത്തെ സംബന്ധിച്ചു് ശ്രീ. ടി. എസ്. രാമസ്വാമി ഇവിടെ പ്രസ്താവിക്കുകയുണ്ടായി. തിരുപ്പുവാരത്തെ സംബന്ധിച്ചു് യാതൊരു വ്യവസ്ഥയും ഈ ബില്ലിൽ കൊള്ളിച്ചിട്ടില്ല. തിരുപ്പുവാരത്തിൻെറ ഉത്ഭവം എങ്ങിനെയാണെന്നു കൃത്യമായി മനസ്സിലാക്കാതെ അതിനെ സംബന്ധിച്ചു് ഒന്നും പ്രസ്താവിക്കാൻ നിവൃത്തിയില്ല. ഗവണ്മെൻറിലേയ്ക്കു് പണം കൂടം കൊടുത്തതിനുള്ള പലിശയാണെന്നു് ചില റിക്കാർഡുകളും കുടിയാനവന്മാർ അന്യംനിന്നതുകൊണ്ടു് വസ്തുക്കൾ ഗവണ്മെൻറിലേയ്ക്കു് എസ്ചിയാററ് ചെയ്തതിനാൽ കുടിയാനവൻ ജന്മികൾക്കു കൊടുക്കുവാനുള്ള പാട്ടം ഗവണ്മെൻറിനു കൊടുക്കുന്നതാണെന്നും വേറെ ചില റിക്കാർഡുകളിലും കാണുന്നുണ്ടു്. ഏതായാലും തിരുപ്പുവാരത്തെ സംബന്ധിച്ചു് കൃത്യമായി ഒന്നും പറഞ്ഞുകൂടാ. തിരുപ്പുവാരം പരിപൂർണ്ണമായി നിറുത്തൽ ചെയ്യുന്നതെന്നു പറയുന്നതു് ശരിയായിരിക്കുമെന്നു തോന്നുന്നില്ല. ഇതിനെ സംബന്ധിച്ചു് ഹൈക്കോടതിയിൽ ചില തീരുമാനങ്ങൾ ഉണ്ടായിട്ടുണ്ടു്. തിരുപ്പുവാരം കൊടുക്കുന്നതിനുള്ള ഉത്തരവാദിത്വം ഗവണ്മെൻറിനായിരിക്കുമെന്നാണു് വിധികളിൽ കാണുന്നതു്. തിരുപ്പുവാരം ഓരോ സ്ഥലത്തും ഓരോ സർവ്വീസുകൾ ചെയ്യുന്നതിലേയ്ക്കുവേണ്ടി പ്രതിഫലമായി നിശ്ചയിച്ചിട്ടുള്ളതാണെന്നും, ആ സർവ്വീസുകൾ ചെയ്യുന്നില്ലെങ്കിൽ അതു ഉപേക്ഷിക്കുന്നതു ശരിയായിരിക്കുമെന്നും ചില റിപ്പോർട്ടുകളിൽ കാണുന്നുണ്ടു്. ഏതായാലും ഈ സംഗതി ഒരു സെലക്ററകമ്മിററിയിൽ ഗാഢമായി ആലോചിച്ചു തീരുമാനം ചെയ്യാം. ശ്രീപണ്ടാരവക വസ്തുക്കളെ സംബന്ധിച്ചുള്ള തിരുപ്പുവാരത്തെ സംബന്ധിച്ചാണു് ശ്രീ. രാമസ്വാമി പറഞ്ഞതു്. ദേവസ്വങ്ങളിൽ ഓരോവക ആവശ്യങ്ങളും അടിയന്തിരങ്ങളും നടത്തുന്നതിലേയ്ക്കാണു് തിരുപ്പുവാരം നിശ്ചയിച്ചിട്ടുള്ളതു്. അതിനെ സംബന്ധിച്ചു്, ഗവണ്മെൻറിനിന്നും കൊടുക്കണമോ, കുടിയാനവന്മാർ കൊടുക്കണമോ എന്നുള്ള കാര്യവും ആലോചനയിലിരിക്കുകയാണു്. മണിയംകരം ഗവണ്മെൻറിനിന്നും പിരിച്ചുകൊടുക്കുന്ന കാര്യവും ആലോചനയിലിരിക്കുകയാണു്. ഈ കാര്യങ്ങൾ എല്ലാംതന്നെ സെലക്ററകമ്മിററിയിൽ ചർച്ചചെയ്തു തീരുമാനിക്കുന്നതായിരിക്കും ഉത്തമം. പക്ഷെ, ശ്രീ. രാമസ്വാമിക്കു അനുകൂലമുള്ളതായി കാണുന്നില്ല. സെലക്ററകമ്മിററിക്കയച്ചാൽ കാലതാമസം വരുമെന്നാണു പറയുന്നതു്. ഇപ്പോഴത്തെ റൂൾസ് അനുസരിച്ചു് അടുത്ത നിയമസഭ കൂടുന്നതിനു മുൻപു് സെലക്ററകമ്മിററി റിപ്പോർട്ടു് ഇവിടെ വരുന്നതാണു്. അടുത്ത നിയമസഭ കൂടുമ്പോൾതന്നെ ഇതിൻെറ റിപ്പോർട്ടു കിട്ടുന്നതിനുവേണ്ട നടപടികൾ ഗവണ്മെൻറു ഭാഗത്തുനിന്നും എടുക്കുന്നതാണെന്നു പ്രസ്താവിച്ചുകൊള്ളുന്നു.

മണിയംകരത്തെ സംബന്ധിച്ചുള്ള വിവരങ്ങളും സെലക്ററകമ്മിററിയുടെ പര്യാലോചനയ്ക്കു വയ്ക്കുന്നതിനെപ്പററി പ്രത്യേകിച്ചു് തെക്കൻ തിരുവിതാംകൂറിലെ മെംബറന്മാരുടെ അഭിപ്രായം അറിഞ്ഞതാക്കൊള്ളാമെന്നുണ്ടു്.

ശ്രീ. പി. രാമസ്വാമിപ്പിള്ള : ഈ വിഷയവും സെലക്റ്റകമ്മിററിയുടെ പര്യാലോചനയ്ക്കു വയ്ക്കുന്നതു് സമ്മതമാണ്.

ശ്രീമതി കെ. ആർ. ഗൗരി : തെക്കൻതിരുവിതാംകൂറിലെ തിരുപ്പുവാരം സംബന്ധിച്ച് പ്രത്യേകം പറയാൻ കാരണമെന്താണ്?

ശ്രീ. എ. ജെ. ജാൺ : തെക്കൻ തിരുവിതാംകൂറിലാണ് തിരിപ്പുവാരം ഭൂമി കൂടുതൽ അധികമുള്ളതു്. ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ബില്ലിൽ തിരുപ്പുവാരം സംബന്ധിച്ചു ആവശ്യമായ വ്യവസ്ഥകൾ കൊള്ളിച്ചിട്ടില്ലാത്തതിനാൽ സെലക്റ്റ കമ്മിററിയുടെ പര്യാലോചനയ്ക്കു് തിരുപ്പുവാരം സംബന്ധിച്ച കാര്യങ്ങൾകൂടി ഉൾപ്പെടുത്തണമെന്നു് ഒരു ഭേദഗതികൂടി അംഗീകരിക്കണമെന്നപേക്ഷിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി : ഈ സ്റ്റേററിലുള്ള മുഴുവൻ തിരുപ്പുവാരത്തെ സംബന്ധിച്ചും സെലക്റ്റകമ്മിററി പര്യാലോചിക്കുമല്ലോ?

ശ്രീ. എ. ജെ. ജാൺ : തിരുവിതാംകൂർ–കൊച്ചിയിലുള്ള എല്ലാ വിഭാഗങ്ങളിലുമുള്ള തിരുപ്പുവാരത്തെ സംബന്ധിച്ചും പര്യാലോചിക്കുന്നതാണ്. കണ്ടുകൃഷിഭൂമികളെ സംബന്ധിച്ചും ഇവിടെ പ്രസ്താവിച്ചുകേട്ടു. കണ്ടുകൃഷി സംബന്ധിച്ച് അടുത്തകാലത്തു് ഒരു ഗസററ നോട്ടിഫിക്കേഷൻ ഉണ്ടായിട്ടുണ്ടെന്നാണ് എന്റെ ഓർമ്മ. കണ്ടുകൃഷി തനതു വസ്തുവിന് ഇപ്പോൾ കൊടുക്കുന്ന പാട്ടത്തിന്റെ പതിനാറും മൂന്നിൽ രണ്ടിരട്ടിയും, പാട്ടംവസ്തുവിന് ഇപ്പോഴത്തെ പാട്ടത്തിന്റെ എട്ടും മൂന്നിലൊന്ന് ഇരട്ടിയും കൊടുത്താൽ പൂർണ്ണാവകാശം ലഭിക്കുമെന്നാണ് നോട്ടിഫിക്കേഷനിൽ വിവരിച്ചിരിക്കുന്നതു്. ഈ പ്രതിഫലത്തെപ്പററിയും സെലക്റ്റ കമ്മിററിക്ക് ആലോചിക്കാവുന്നതാണ്.

ശ്രീ. വിശ്വംഭരൻ രണ്ടു ബില്ലുകൾ, അതായതു്, ഭൂമി കൈവശാവകാശവും ഉടമയും നിയന്ത്രണബില്ലും, വെറംപാട്ടംഡാർസ് ബില്ലും സെലക്റ്റ കമ്മിററിക്കയച്ചതിന്റെ റിപ്പോർട്ടു വന്നുകാണാത്തതിനെപ്പററി പറയുകയുണ്ടായി. ചില പ്രത്യേക സാഹചര്യത്താലാണ്, അടുത്ത നിയമസഭയ്ക്കു മുൻപായി സെലക്റ്റ കമ്മിററി റിപ്പോർട്ട് ചെയ്യണമെന്നുള്ള നിയമം പാലിക്കാൻ സാധിക്കാതെപോയതെന്നു് അദ്ദേഹത്തിനു ബോദ്ധ്യമുണ്ടെന്നും വ്യക്തമാക്കി. എന്നാൽ ഇതിനകം ഒരു പ്രാവശ്യംപോലും സെലക്റ്റകമ്മിററി കൂടിയിട്ടില്ലെന്നുള്ള ആക്ഷേപവും അദ്ദേഹം ഉന്നയിച്ചു. കഴിഞ്ഞ 15-ാംനു- സെലക്റ്റകമ്മിററി കൂടുന്നതിനാണ് നിശ്ചയിച്ചിരുന്നതു്. അന്നു വന്നുചേരാൻ സാധിക്കുകയില്ലെന്നു് പ്രതിപക്ഷനേതാവു് ശ്രീ. ടി. വി. തോമസ് ബഹുമാനപ്പെട്ട സ്പീക്കറേയും, സെക്രട്ടറിയേയും അറിയിച്ചിരുന്നു. അതിനുംപുറമെ - സെലക്റ്റകമ്മിററി അംഗങ്ങളായ മുഖ്യമന്ത്രിയും, പൊതുമരാമത്തുവകുപ്പു മന്ത്രിയും അത്യാവശ്യമായ ഏതോ കാര്യം പ്രമാണിച്ചു് തൃശ്ശൂക്കു് പോയതിനാൽ അവർക്കും വന്നുചേരാൻ സാധിക്കാതെ വന്നു. അങ്ങനെ സെലക്റ്റകമ്മിററി കൂടാൻ സാധിക്കാതെ പോയതാണ്.

ശ്രീ. ടി. വി. തോമസ് : 15-ാംനു- ഹാജരാകാൻ നിവൃത്തിയില്ലെന്നും, 18-ാംനു- വൈകീട്ട് കമ്മിററി കൂടുന്നതിനുവേണ്ട ഏർപ്പാടു ചെയ്യുന്നമെന്നും അറിയിച്ചിരുന്നില്ലേ?

ശ്രീ. എ. ജെ. ജാൺ: 18-ാംനു അസംബ്ലി തുടങ്ങുന്ന ദിവസമാണ്. ഇത്ര പ്രാധാന്യമുള്ള ഒരു ബില്ല്, അസംബ്ലിയിൽ സംബന്ധിച്ചുശേഷം, വൈകിട്ടുകൂടി ചർച്ച ചെയ്യുന്നതു് അത്ര പ്രയോജനപ്രദമായിരിക്കുകയില്ലെന്നു കരുതി.

ശ്രീ. മഞ്ജുനാഥപ്രഭു: കമ്മിററിക്കു് കോറം നിശ്ചയിച്ചിട്ടില്ലേ, കോറം തികയാത്തതുകൊണ്ടു് മാററിവച്ചതാണോ?

ശ്രീ. എ. ജെ. ജാൺ: വളരെ പ്രാധാന്യമുള്ള ഒരു ബിൽ, നിവൃത്തിയുള്ളിടത്തോളം എല്ലാ അംഗങ്ങളേയും ഉൾപ്പെടുത്തി ചർച്ച ചെയ്യണമെന്നാണ് വിചാരിക്കുന്നതു്. നാലോ, അഞ്ചോ അംഗങ്ങളെക്കൊണ്ടു കോറം പൂർത്തിയാക്കി ചർച്ച ചെയ്യപ്പെടേണ്ട ഒരു പ്രശ്നമല്ലിതു്.

ശ്രീ. കെ. ടി. തോമസ്: എരുമേലി ദേവസ്വം വസ്തുക്കളെ സംബന്ധിച്ചു് ചില കാര്യങ്ങൾ പറയുകയുണ്ടായി. അതിനെ സംബന്ധിച്ചു് ഈ ബില്ലു് മുഖേന യാതൊന്നും ചെയ്യാൻ സാദ്ധ്യമല്ല.

ശ്രീ. എ. ജെ. ജാൺ: ഈ ബിൽ താഴെ പറയുന്ന ഒരു സെലക്ററ കമ്മിററിക്കു് അയക്കാൻ ബഹുമാനപ്പെട്ട അംഗങ്ങൾ അനുവദിക്കണമെന്നപേക്ഷ.

1. ശ്രീ. കെ. പി. ഗോപാല മേനോൻ.
2. ,, എം. എം. മത്തായി.
3. ,, എം. എ. ആൻറണി.
4. ,, പി. രാമസ്വാമിപ്പിള്ള.
5. ,, സി. കൊച്ചുകുഞ്ഞു്.
6. ,, ടി. എസ്. രാമസ്വാമി.
7. ,, ആർ. പ്രകാശം.
8. ,, തോപ്പിൽ ഭാസ്കരൻ പിള്ള.
9. ,, ബി. ബി. പണ്ടാരത്തി.
10. മുഖ്യമന്ത്രി.
11. അവതാരകൻ.

കോറം 5., സാധാരണ ഗതിയിൽ റിപ്പോർട്ടു ചെയ്യണം.

ശ്രീ. ടി. വി. തോമസ്: റിപ്പോർട്ടു് എന്ന വരുത്താനാണ് ആവശ്യപ്പെടുന്നതു്?

ശ്രീ. എ. ജെ. ജാൺ: അടുത്ത അസംബ്ലി കൂടുന്നതിനു മുൻപുതന്നെ റിപ്പോർട്ടു ചെയ്യണമെന്നാണ്.

ശ്രീ. ടി. വി. തോമസ്: ഈ ബില്ലുകളെല്ലാം ഒരേ സെലക്ററ കമ്മിററിക്കയയ്ക്കാൻ കഴിഞ്ഞ അസംബ്ലിയിൽ തീരുമാനിച്ചതാണ്. അതിനു ഇപ്പോൾ വ്യത്യാസം വരുത്താൻ പ്രത്യേകകാരണമെന്തു്?

ശ്രീ. എ. ജെ. ജാൻ : അതു വളരെ കൂടുതൽ അംഗങ്ങൾ ഉള്ള ഒരു കമ്മിററിയായിരുന്നു. സഭയ്ക്കുത്തെ ഉദ്ദേശിച്ചുമാത്രം ഇങ്ങനെയൊരു സെലക്ററുകമ്മിററി രൂപീകരിച്ചുവെന്നേയുള്ളൂ.

ശ്രീ. കെ. ബാലകൃഷ്ണൻ : ഇതു സംബന്ധിച്ച റിപ്പോർട്ട് ഈ സെഷനിൽത്തന്നെ വരുത്തുന്നതു നന്നായിരിക്കും.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഗവണ്മെൻറ് ഇടവക ഭൂമികളെ സംബന്ധിച്ചും മററും ചില ആലോചനകൾ നടത്തിവരികയാണ്. അതു സഫലമാകുകയാണെങ്കിൽ ഈ ബില്ലുകൂടാതെതന്നെ ഇതിലടങ്ങിയ കാര്യങ്ങൾ നിർവ്വഹിക്കപ്പെടുന്നതാണ്. ആലോചന സഫലമാകുമെന്നാണു വിശ്വാസം. അതുകൊണ്ട് ധൃതിയിൽ ഈ നിയമസഭയിൽത്തന്നെ റിപ്പോർട്ടുചെയ്യണമെന്നു നിർബ്ബന്ധം പിടിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

Mr. Deputy Speaker : The question before the House is that the Special Rights in Lands Abolition Bill be referred to a Select Committee consisting of :—

Shri K. P. Gopala Menon,
„ M. M. Mathai,
„ M. A. Antony,
„ P. Ramaswami Pillai,
„ C. Kochukunju,
„ T. S. Ramaswami Pillai,
„ R. Prakasam,
„ Thoppil Bhaskaran Pillai,
„ B. B. Pandarathil,
„ Panampilli Govinda Menon, and the Mover ;

the Quorum being five and the Report to be submitted in due course.

The motion was put and carried.

THE KANAM TENANCY BILL.

Home Minister (**Shri A. J. John**) : I move that the Travancore-Cochin Kanam Tenancy Bill be referred to a Select Committee.

Minister for Local Self Government (**Shri K. Kochukuttan**) : I second it.

Shri A. J. John : The Cochin Tenancy Act, 1113, confers irredeemability only on kanams created on or before 9-3-1090. According to that Act, renewal fee payable at the time of renewal is 27 1/2 per cent of the Kanam amount and 15 per cent of the Puramkadam, if any, except in cases where the michavaram is less than 12 1/2 per cent of the pattom. There has been a demand to make all kanams irredeemable. The question of the renewal fees payable has also been subjected to severe criticism. The fixation of the renewal fee as a percentage of the premium advanced is considered unsound

in that it has no relation to the profit which the tenant derives from the holding. At any rate, it works hardship in cases where the kanam and the puramkadam amounts are large.

Under the Travancore Jenmi and Kudian Act of 1071, the kanam tenants enjoy absolute fixity and they have been made full owners of land subject only to the payment of Jenmikaram which has been settled.

It was considered that as in the Travancore area, the Kanam tenant in Cochin also may be made the owner of the land subject only to the payment of the dues to the Jenmi. It was also considered that as recommended by the Land Policy Committee the renewal fee may be fixed as one year's michavaram or the renewal fee payable under the Cochin Tenancy Act whichever is less and the claims of the Jenmis may be settled as in the Travancore area and Government may undertake to collect the same for payment to the Jenmi after deducting the collection charges. With this object in view, this Bill is introduced.

I move that the Bill be referred to a Select Committee consisting of :—

1. Shri A. R. Menon,
2. „ M. V. Cherian,
3. „ P. K. Abdul Khader,
4. „ P. Thanulingam Nadar,
5. „ K. A. Sivarama Bharathi,
6. „ P. Narayanan Potti,
7. „ R. Sankaranarayanan Thampi,
8. Sry. K. R. Gouri, and
9. Shri A. J. John, (Mover);

the Quorum being 5 ; the Bill to be reported in due course.

Mr. Dy. Speaker : The question is, that the Kanam Tenancy Bill be referred to a Select Committee consisting of:—

1. Shri A. R. Menon,
2. „ M. V. Cherian,
3. „ P. K. Abdul Khader,
4. „ P. Thanulingam Nadar,
5. „ K. A. Sivarama Bharathi,
6. „ P. Narayanan Potti,
7. „ R. Sankaranarayanan Thampi,
8. Sry. K. R. Gouri and
9. the Mover;

the quorum being 5 ; the Bill to be reported in due course.

The motion was put and carried.

ശ്രീ. ടി. ഡി. തോമസ് : ഇതിന്റെ റിപ്പോർട്ട് ഈ സെഷനിൽത്തന്നെ സമർപ്പിക്കണമെന്നാണോ ?

Shri Panampilli Govinda Menon : If the Select Committee will find time to consider the Bill and report during this Session of the Legislature, it will be all right.

ശ്രീ. ടി. വി. തോമസ് : വകുപ്പുമന്ത്രിയല്ലേ അതു തീരുമാനിക്കേണ്ടതു?

ശ്രീ. എ. ജെ. ജാൺ : കഴിയുന്നതും ഈ സെഷനിത്തതന്നെ റിപ്പോർട്ടുവരുത്താം.

ശ്രീ. കെ. സി. ജാർജ്ജ് : കഴിയുന്നതും ശ്രമിച്ചാൽ പോരാ; അങ്ങനെ തന്നെ വേണമെന്നാണ് ഞങ്ങളുടെ അഭിപ്രായം.

Shri A. J. John : Very good. I accept that.

THE TRAVANCORE-COCHIN PREVENTION OF EVICTION OF KUDIKIDAPPUKARS BILL.

Home Minister **(Shri A. J. John) :** Sir, I move that the Travancore-Cochin Prevention of Eviction of Kudikidappukars Bill be referred to a Select Committee.

Minister for Local Self Government **(Shri K. Kochukuttan) :** I second it.

Shri A. J. John : With a view to having a uniform law applicable to the whole State relating to Kudikidappukars, the Travancore-Cochin Prevention of Eviction of Kudikidappukars Bill was introduced in the Legislative Assembly. The provisions of the Bill closely follow those of the Travancore Prevention of Eviction Act, 1124. This Bill was circulated by Government, along with the other Bills relating to Land Reforms, for eliciting public opinion. The public have offered valuable suggestions regarding the various provisions proposed in the Bill. These suggestions have been made available to the Members of the House.

It may be seen from the opinions received from the public, that some have suggested to enlarge the scope of the definition of 'Kudikidappukaran' so as to include Vadakacheettukaran and Koolicharthukaran also. Some others have suggested that a Kudikidappukaran should not be evicted in any event. There are also certain suggestions to the effect that no time limit should be fixed for registration and that registration within 6 months as provided in the Bill should not be made a condition precedent to get fixity.

[Mr. Speaker in the Chair.]

Besides the above, suggestions have been made with regard to certain other provisions also in the Bill. All these suggestions can be considered by the Select Committee to which the Bill is to be referred to.

The Select Committee will consist of the following Members :—

1. Shri M. Bhaskaran Nair,
2. „ K. K. Balakrishnan,
3. „ A. Kunjan Nadar,
4. „ T. T. Kesavan Sastry,
5. „ Idiculla Idiculla,

6. Shri A. Achuthan,
7. ,, K. Chandrasekhara Sastry.
8. ,, P. K. Chathan,
9. ,, P. R. Madhavan Pillai ; and
10. The Mover.

The Committee will report within 4 weeks and the quorum will be 5.

Shri K. Kochukuttan : I second it.

Mr. Speaker : The question is that the Travancore-Cochin Prevention of Eviction of Kudikidappukars Bill be referred to the Select Committee consisting of :—

1. Shri M. Bhaskaran Nair,
2. ,, K. K. Balakrishnan,
3. ,, A. Kunjan Nadar,
4. ,, T. T. Kesavan Sastry,
5. ,, Idiculla Idiculla,
6. ,, A. Achuthan,
7. ,, K. Chandrasekhara Sastry,
8. ,, P. K. Chathan,
9. ,, P. R. Madhavan Pillai, and
10. The Mover.

the quorum being 5 and the Committee to report within 4 weeks.

The motion was put and carried.

ശ്രീ തോപ്പിൽ ഭാസ്കരൻപിള്ള: സർ, ഈ ബില്ലിന്റെ പ്രാധാന്യത്തെ പരിഗണിച്ചുകൊണ്ട് ചില വിവരങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽ പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്നു ഒഴിപ്പിക്കൽ പ്രശ്നം ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം വളരെ സജീവമായ ഒരു പ്രശ്നമായി ത്തീർന്നിരിക്കുകയാണ്. പുതിയതായി ഈ ബില്ലിൽ മുമ്പ് നിലവിലിരുന്ന നിയമത്തിനു കൂടുതലായി ഒന്നും തന്നെയില്ല. ഈ ബില്ലിലുള്ള പോരായ്മകൾ ഏറെക്കുറെ നീക്കിക്കൊണ്ട് പി. എസ്. പി. സർക്കാർ എല്ലാവിധ ഒഴിപ്പിക്കലുകളെയും നിരോധിച്ചുകൊണ്ടുള്ള സംരംഭങ്ങളും കഴിഞ്ഞ അസംബ്ലിയിൽ നടത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ഈ പ്രശ്നത്തിന്റെ ഗൗരവം എന്താണെന്നു നിശ്ചയമായും ഈ സഭ മനസ്സിലാക്കുന്നുണ്ട്.

നമ്മുടെ രാജ്യത്തു അങ്ങോളമിങ്ങോളം ഇന്നു വൻതോതിൽ വസ്തു ഒഴിപ്പിക്കലും കുടി ഒഴിപ്പിക്കലും നടക്കുന്നുണ്ട്. ഇതിന്റെപേരിൽ നൂറു കണക്കിനു കേസ്സുകൾ ഉണ്ടായിട്ടുണ്ട്. കൂടുതൽ ഉണ്ടായിക്കൊണ്ടിരിക്കുകയുമാണ്. ഒരു യാഥാർത്ഥ്യം പറയുകയാണെങ്കിൽ ഈ സഭയിലെ ഒരു അംഗമായ ഞാൻതന്നെ ഇത്തരം ഒരു കുടിഒഴിപ്പിക്കൽ കേസിലെ പ്രതിയാണ്. ഈ ഭാഗത്തിരിക്കുന്ന എന്റെ സഖാക്കളിൽ പലരും തന്നെ ഇത്തരം കേസുകളിൽ പ്രതികളായിട്ടുണ്ട്. ഇന്നു കുടി ഒഴിപ്പിക്കൽ നിരോധിച്ചുകൊണ്ടുള്ള നിയമം ഉണ്ടെങ്കിലും ആ നിയമം തന്നെ നിഷേധിച്ചുകൊണ്ട് നാട്ടിൻപുറങ്ങളിൽ നാട്ടുപ്രമാണികളായ കാൺട്രാക്ടർ പ്രവർത്തകർ ഒഴിപ്പിക്കൽ നടത്തിക്കൊണ്ടിരിക്കുകയാണ്. ചില ഉദാഹരണങ്ങൾ ഞാൻ പറയുകയാണ്.

[ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള]

ഈ അടുത്ത കാലത്ത് എന്റെ നിയോജകമണ്ഡലമായ ഭരണിക്കാവു എന്നു പറയുന്ന സ്ഥലത്ത് ഒരു പാവപ്പെട്ട മാംകയററത്തൊഴിലാളി കുടുംബത്തെ ദീർഘകാലമായി അവർ താമസിച്ചുകൊണ്ടിരുന്ന പുരയിടത്തിൽ നിന്നും അവിടത്തെ കാൺഗ്രസ്സ് നേതാവായ ഒരു രാമൻപിള്ള ഗുണ്ടാകളുടെ സഹായത്തോടുകൂടി പുരുഷൻ അവിടെ ഇല്ലാതിരുന്ന അവസരത്തിൽ അവിടെ താമസിച്ചിരുന്ന സ്ത്രീയെ പിടിച്ച് നടുറോഡിൽകൊണ്ടുപോയി കളഞ്ഞിട്ട് അവരുടെ കുടി പൊളിച്ചുകളഞ്ഞു് ഇറക്കിവിട്ടു. പക്ഷേ നാട്ടുകാരും അവിടത്തെ കർഷകസംഘവും കർഷകതൊഴിലാളിയൂനിയനും ഇടപെട്ട് ആ കുടി അവിടത്തന്നെ വീണ്ടും കെട്ടിച്ചുകൊടുത്തു. അതേ സംബന്ധിച്ച് അവിടത്തെ മുൻസിഫ്കോടതിയിൽ കേസ് ഫയൽ ചെയ്തു. കോടതിയിൽ നിന്നും അവരെ അവിടെ താമസിക്കാൻ അനുവദിക്കുകയും ചെയ്തു. കുറെ ദിവസം കഴിഞ്ഞ് ആ കുടി വീണ്ടും നശിപ്പിക്കുകയുണ്ടായി. ഒരു രാഷ്ട്രീയപാർട്ടിയുടെ ഇങ്ങിനെയുള്ള പ്രവത്തനങ്ങൾ—പ്രത്യേകിച്ചും കാൺഗ്രസ്സുകാരുടെ പ്രവത്തനങ്ങൾ എത്ര നീചമാണ്. ഇതാണോ ആവഡിസോഷ്യലിസം! ആ കാൺഗ്രസ്സ് പ്രമാണി കുറെ ദിവസം കഴിഞ്ഞ് കുറെ ഗുണ്ടാകളെ കൊണ്ടുവന്ന് കുടി നശിപ്പിക്കുകയും അവിടെ നട്ടുപിടിപ്പിച്ചിരുന്ന വാഴ, മരച്ചീനി മുതലായവയെല്ലാം നശിപ്പിച്ചുകളയുകയും ഉണ്ടായി. പക്ഷേ വീണ്ടും അവിടെത്തന്നെ നാട്ടുകാർ എല്ലാംകൂടി ആ സാധുവിന് കുടി കെട്ടി കൊടുത്തു. അതേ സംബന്ധിച്ച് മജിസ്ട്രേട്ട് കോടതിയിൽ ഒരു കേസ്സും കൊടുത്തു. പക്ഷേ ആ കുടിയിൽ നിന്നും എടുത്തുകൊണ്ടുപോയ സാധനങ്ങൾ എല്ലാം പോലീസിനെ കാണിച്ചുകൊടുത്തിട്ടും ആ തൊണ്ടി എടുക്കുന്നതിനോ നിയമാനുസരണമുള്ള നടപടികൾ സ്വീകരിക്കുന്നതിനോ പോലീസ് തയ്യാറായില്ല. നേരെ മറിച്ച് ആദ്യം ഒരു നാൽപ്പതു പേരെ ചേർത്ത് മാവേലിക്കര പോലീസ് ഇൻസ്പെക്ടർ കേസ് എടുക്കുകയാണുണ്ടായത്. ഈ സംഭവങ്ങളെ തുടർന്ന് വേറെ അൻപതുപേരെ ചേർത്ത് ഒരു കേസ്സും എടുത്തു. അതിലെ ഒന്നാംപ്രതിയാണ് ഞാൻ. ആ കേസ്സ് എന്താണെന്നുകൂടി ഈ സഭ ഓർക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. എ. ജെ. ജോൺ : ആ കേസ് ഇപ്പോഴും നിലവിലിരിക്കുകയാണോ?

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : അതേ. ഞാൻ ഒരു എരുമയുടെ പുറം കുത്തിക്കീറി എന്നാണ് കേസ്. ഇങ്ങനെ ഒരു കേസ് കൊടുക്കുന്നതിൽ നല്ലതു് കാൺഗ്രസ്സുകാരനെ രണ്ടടിച്ചു എന്ന് പറഞ്ഞ് കേസ് എടുത്തെങ്കിൽ മനസ്സിലാക്കാമായിരുന്നു. ഈ അടുത്തദിവസം വീണ്ടും ആ പുര തീവച്ചു നശിപ്പിച്ചു. ഒരു അദ്ധ്യാപകനെ ഭരണിക്കാവിൽ വച്ചു തന്നെ കാൺഗ്രസ്സുകാരായ പ്രമാണികൾ ചേർന്ന് മർദ്ദിക്കുകയുമുണ്ടായി. എന്റെ അറിവ് ശരിയാണെങ്കിൽ ഈ സഭയിലെ ഒരു അംഗമായിരിക്കുന്ന ശ്രീ. ടി. എം. വർഗ്ഗീസിന് ഇതേ സംബന്ധിച്ച് പൂർണ്ണമായ വിവരങ്ങൾ അറിയാം. ഈ സംഭവം നടന്ന അവസരത്തിൽ അദ്ദേഹം അവിടെ ഉണ്ടായിരുന്നതായിട്ടാണ് എനിക്ക് അറിയാൻ കഴിഞ്ഞതു്. പിന്നീട് ഒരു ദിവസം വേറെ രണ്ടാളുകളെക്കൂടി മർദ്ദിക്കുകയുണ്ടായി. അതിൽ ഒരാൾ ആശുപത്രിയിൽനിന്ന് പുറത്ത് വന്നതേയുള്ളു.

മരണിക്കാവ് നിയോജകമണ്ഡലത്തിൽപ്പെട്ട പാലമേട് എന്ന സ്ഥലത്ത് മറ്റൊരു കാൺഗ്രസ് പ്രമാണി ഒരു റോഡ് വെട്ടുന്നതിന്റെ പേരിൽ—വഴിയില്ലാതിരുന്ന ഒരു സ്ഥലത്ത് കൂടി ഒരു വഴിവെട്ടുന്ന ഭാവത്തിൽ—അവിടെയുള്ള കുടിക്കിടപ്പുകാരെ ഇറക്കാൻ ശ്രമിച്ചു. അതു സംബന്ധിച്ചും അവിടത്തെ പോലീസ് ഇൻസ്പെക്ടർ ഈ അനീതിയെ എതിർത്തവരുടെപേരിൽ ഒരു കേസ് ചാർജ്ജ് ചെയ്തിട്ടുണ്ട്.

ശ്രീ. എൻ. ജി. ചാക്കോ : ഈ കേസുകൾ ഒക്കെ ചാർജ്ജ് ചെയ്തതു എന്നാണെന്നു പറയാമോ?

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : പറയാം. കാൺഗ്രസ് അധികാരത്തിൽ വന്നതിനുശേഷം ഈ കാൺഗ്രസ് പ്രമാണിമാക്കും പോലീസിനും ഇരട്ടച്ചങ്കു വച്ചിരിക്കുകയാണ്. അതൊക്കെ നമുക്കറിയാവുന്ന കാര്യമാണ്. ഇതുപോലെ ഇലിപ്പുകളുണ്ടാം. അവരെല്ലാം കാൺഗ്രസുകാരാണെന്നതാണതിശയം.

ശ്രീ. എം. എം. മത്തായി : ആരുടെ പേരിലും കേസ് പാടില്ലെന്നാണോ മെംബർ പറയുന്നത്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : അവിടെ ചെറുപ്പുരയ്ക്കു ഉത്തരം വച്ചു ഒരു പ്രമാണി കെട്ടിടം.....

ശ്രീ. ഇടിക്കുള ഇടിക്കുള : ഇതും ആ നിയോജകമണ്ഡലത്തിൽ തന്നെയാണോ?

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : എന്താ—ആവഡിയേ— (കൂട്ടച്ചിരി) സർ, ഇങ്ങനെ നാട്ടുപ്രമാണികൾ മാത്രമല്ല കുടിയിറക്കുസംരംഭങ്ങൾ നടത്തുന്നത്. ഗവണ്മെൻറുകൾ തന്നെ ഈ മാതിരി വൃത്തികേടുകൾക്ക് മാതൃക കാണിച്ചുകൊടുക്കുകയാണ്. അതിന്റെ ഏററവും നഗ്നമായ ഒരു ചിത്രമായിരുന്നു ശ്രീ. ശങ്കരനാരായണൻതമ്പി കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ മുഖ്യമന്ത്രി അവർകളെ കാണിച്ചുകൊണ്ട് പ്രസംഗിച്ചത്. ചുനക്കര എന്ന സ്ഥലത്ത് അഞ്ച് കുടുംബങ്ങൾ ഒരു പുറമ്പോക്കു സ്ഥലത്തു കുടി കിടന്നുവന്നിരുന്നു. അവിടത്തെ ചില പ്രമാണിമാരുടെ ആവശ്യപ്രകാരം മാവേലിക്കര ഇൻസ്പെക്ടറും വില്ലേജധികാരികളും കൂട്ടരുമായി വന്നു ആ സ്ഥലത്തു കാര്യക്കാരായി നിന്നിരുന്ന നാൽപ്പതിൽപരം പ്ലാവും, നാന്നൂറ്റിൽചില്വാനം വാഴയും അടയ്ക്കാമരവും മററു സാധനങ്ങളും വെട്ടിനശിപ്പിച്ചു. ഇതിന്റെ ഫോട്ടോയാണ് മുഖ്യമന്ത്രിയുടെ കയ്യിൽ ഏൽപ്പിച്ചുകൊണ്ടു സംസാരിച്ചത്.

23. The provision in the current year's budget for educational facilities to the backward communities is Rs. 10.43 lakhs. The advancement of backward communities is a programme of national development for which better provision has to be made and accordingly in the next year's budget Rs. 13.25 lakhs has been provided for educational concessions to backward communities and another sum of Rs. 1.2 lakhs for Adult Education activities among them. Funds have also been set apart for providing medical aid and for other schemes for the amelioration of the living conditions of this section of society.

PANCHAYATS & MUNICIPALITIES

24. It is proposed to constitute a Local Self Government Department for looking after the Municipalities and the Panchayats. A provision of Rs. 22.89 lakhs has been made in the budget for giving loans to the Municipalities which stand in need of funds. In the current budget the provision is only Rs. 1.89 lakhs. It is also proposed to give establishment grants to the Panchayats. They are languishing for funds and Government consider that it is necessary to help them with such grants. An amount of Rs. 3 lakhs has been provided in the budget for this purpose. Government's policy would be to give these Local Self Governing institutions more and more powers.

EDUCATION

25. The Education budget of the State is swelling from year to year. The budget grant under education that stood at Rs. 2.64 crores in 1950-51 rose to Rs. 3.81 crores in 1953-54 and crosses the five crore mark in 1955-56. Still it is proposed to make education free next year in Form III. The Secondary Education Commission has suggested a reorientation of the prevailing system of Secondary Education. A Special Officer has been appointed to implement the recommendations of the Commission. With the assistance of the Government of India, this Government propose to implement the recommendations of the Commission relating to the introduction of diversified courses of study in 20 schools during the course of the next year. For this a provision of Rs. 36.48 lakhs has been made in the budget. Government have accepted the policy of gradually converting the Primary Schools into the Basic Type. Steps are being taken to start three Basic Training Schools and to convert some of the Primary Schools into the Basic Type from the next

educational year. The target fixed for 1955-56 is 8 Training Schools and 24 Basic Schools. An amount of Rs. 3 lakhs has been provided in the budget for grants to libraries. This is about double the amount provided in the current year's budget.

I have referred above to some and not all of the programmes of activities for the next year. The governing consideration in framing the Budget has been, the completion of the First Five Year Plan according to the targets already fixed. This vigorous programme for expenditure resulting in a revenue deficit of Rs. 4.38 crores leads me to the question of ways and means.

Over and above the revenue deficit of Rs. 437.76 lakhs, funds have also to be found for capital programmes amounting to Rs. 621.55 lakhs. When these two items are set against the opening cash balance of Rs. 472.32 lakhs a gap in resources to the extent of Rs. 586.99 lakhs results. How to bridge this gap is the problem which confronts Government.

The Government of India have promised a loan assistance of Rs. 250 lakhs for financing the expenditure on the Five Year Plan in 1955-56. They have also been approached for a further loan of Rs. 100 lakhs to finance the rural electrification scheme. These amounts have been taken credit for in the budget. The transactions of the year under 'Loans and Advances' and 'Debt Heads' including the Government of India loan assistance of Rs. 350 lakhs are estimated to bring in a net receipt of Rs. 584.52 lakhs. These items will reduce the gap in resources to Rs. 2.47 lakhs. To provide a comfortable working balance, Government propose to borrow Rs. 200 lakhs in the open market. The year 1955-56 is thus expected to close with a cash balance of Rs. 197.53 lakhs.

Sir, although my statement is becoming rather long, I should not conclude without making a few observations on the Second Five Year Plan. Steps are in progress for the drawing up of this Plan. Eradication of unemployment by providing more jobs will be one of the major objectives of the Second Five Year Plan. Certain plans for major irrigation and power development have been drawn up and submitted to the Planning Commission. Investigation of almost all power schemes which are proposed to be included in the Second Plan is complete. A few more schemes are being investigated. A special team of Engineers under the leadership of a Deputy Chief Engineer is engaged in the investigation of major irrigation and water supply schemes. Plans for all development Departments of

Government have been drawn up and are under various stages of scrutiny.

CONCLUSION

26. Sir, let me now conclude. I have attempted to give the House a clear picture of the State's budgetary position and a broad outline of some of the plans and policies which we intend to pursue next year. We have great tasks ahead and I hope that with the co-operation which I believe would be forthcoming from all sections of the House it would be possible for Government to complete these tasks and bring about welfare and prosperity to the people of the State.

Mr. Speaker: Order, Order. The House will now adjourn and meet again at 8 a. m. on Thursday the 24th March 1955.

The House adjourned at 11-10 a. m. to meet again at 8 a. m. on Thursday the 24th March 1955.

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

SECOND SESSION—1955.

Thursday, the 24th March 1955.

Vol. XIII] OFFICIAL REPORT [No. 4

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Thursday, the 24th March 1955, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

മുനിസിപ്പാലിററികളുടെ ഗ്രാൻറ്.

* 47. [1] ശ്രീ. ആർ. പ്രകാശം: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഗ്രാൻറുകൾ വർദ്ധിപ്പിച്ചുകിട്ടുന്നതെന്ന കാണിച്ച് സംസ്ഥാനത്തെ ഏതെല്ലാം മുനിസിപ്പാലിററികളിൽ നിന്ന് ഗവണ്മെൻറിന് നിവേദനം ലഭിച്ചിട്ടുണ്ട്;

(ബി) നിവേദനങ്ങളിൽ ഉന്നയിച്ചിട്ടുള്ള കാരണങ്ങളുടെ സ്വഭാവമെന്താണ്;

(സി) ഗ്രാൻറുകൾ വർദ്ധിപ്പിക്കുന്നതിന് മതിയായ കാരണങ്ങൾ ഉന്നയിച്ചിട്ടുള്ള മുനിസിപ്പാലിററികൾക്കെങ്കിലും കൂടുതൽ ഗ്രാൻറ് നൽകുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) മിക്കവാറും എല്ലാ മുനിസിപ്പാലിററികളും ഗ്രാൻറ് കൂട്ടിക്കിട്ടുന്നതെന്ന അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) മുനിസിപ്പാലിററികളുടെ സാമ്പത്തികനില, പ്രത്യേകാവശ്യങ്ങൾ, മിനിമംവേജസ് ആർഡർമൂലം വഹിക്കേണ്ടിവന്നിട്ടുള്ള കൂടുതൽ ചെലവ് മുതലായ കാരണങ്ങളാണ് പ്രധാനമായി ഉന്നയിച്ചിട്ടുള്ളത്.

(സി) കഴിവുള്ളിടത്തോളം ധനസഹായം ചെയ്യണമെന്നുള്ള ഉദ്ദേശത്തിൽ ഗ്രാൻറ് കൂട്ടികൊടുത്തിട്ടുണ്ട്.

ശ്രീ. ആർ. പ്രകാശം: ഗ്രാൻറ് നൽകുന്നതിനെ സംബന്ധിച്ചിടത്തോളം ആററിങ്ങൽ മുനിസിപ്പാലിററിയിൽ നിന്നും എന്താണാവശ്യപ്പെട്ടിട്ടുള്ളത്?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇപ്പോഴുള്ളതിനെക്കാൾ ഗ്രാൻറ് കൂട്ടണമെന്ന്.

ശ്രീ. ആർ. പ്രകാശം: ഗ്രാൻറ് വർദ്ധിപ്പിക്കണമെന്നാണോ, അസെസ്മെൻറ് ആഫ് റവന്യൂ വിട്ടുകൊടുക്കണമെന്നാണോ ഗവണ്മെൻറ് ഉദ്ദേശിക്കുന്നത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട ചെയറിന്റെ അനുവാദത്തോടുകൂടി ഒരുകാര്യം വിശദമാക്കാൻ ആഗ്രഹിക്കുന്നു.

സ്റ്റേററ്ഗവണ്മെൻറുകളുടെയും, ലോക്കൽസെൽഫ് ഗവണ്മെൻറ് സ്ഥാപനങ്ങളുടെയും വരുമാനത്തെപ്പററിയും, നികുതിപിരിവുകളെപ്പററിയും മററും സമഗ്രമായ ഒരു റിപ്പോർട്ട് ടാക്സേഷൻ എൻക്വയറി കമ്മിററി സമർപ്പിച്ചിട്ടുണ്ട്. ബഡ്ജററ് തയ്യാറാക്കിയതിനു ശേഷമാണ് ആ റിപ്പോർട്ട് കിട്ടിയത്. അതുകൊണ്ട് അതുസംബന്ധിച്ച് പെട്ടെന്നൊരു തീരുമാനം എടുക്കുന്നതിനോ നയസംബന്ധമായ മറുപടി നൽകുന്നതിനോ നിവൃത്തിയില്ല.

ശ്രീ. ആർ. പ്രകാശം: മുനിസിപ്പാലിററികളുടെ ധനസ്ഥിതിയെപ്പററി അന്വേഷിച്ചു റിപ്പോർട്ടു ചെയ്യാൻ എം. എൽ. എ. മാർ ഉൾപ്പെട്ട ഒരു കമ്മിററിയെ നിശ്ചയിക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ വിധത്തിലുള്ള ഒരു കമ്മിററിയാണോ, വേറെ ഏതെങ്കിലും രീതിയിലുള്ള കമ്മിററിയാണോ വേണ്ടതെന്നു അറിവില്ല. വേണ്ടത് ആലോചിക്കാം.

ശ്രീ. പ്രാക്കുളം ഭാസി: കൊല്ലം മുനിസിപ്പാലിററിക്കു മൂന്നുലക്ഷം രൂപ മലംഡിപ്പോ മാററുന്നതിന് ലോൺ അനുവദിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: കൊല്ലം മുനിസിപ്പാലിററിക്കു 12,750 രൂപയാണ് അനുവദിച്ചിട്ടുള്ളത്.

ശ്രീ. പ്രാക്കുളം ഭാസി: കൊല്ലത്തെ മലംഡിപ്പോ ഇപ്പോൾ കിടക്കുന്ന സ്ഥലത്തു നിന്നും മാററുന്നതിന് മൂന്നുലക്ഷം രൂപ ലോൺ അനുവദിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: വരുന്നകൊല്ലത്തേയ്ക്ക് അതിൻ ബഡ്ജററിൽ പ്രൊവിഷനുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: മലംഡിപ്പോ അവിടെ നിന്നും മാററുന്നതിനാണോ, മറുതരത്തിൽ വേണ്ട സംരക്ഷണത്തിനാണോ ഈ ലോൺ അനുവദിക്കുന്നത്?

ശ്രീ. കെ. കൊച്ചുകുട്ടൻ: പ്രത്യേകം ഒരു ചോദ്യമായി ചോദിച്ചാൽ പറയാം.

പോലീസ് മർദ്ദനത്തെപ്പററിയുള്ള പരസ്യാന്വേഷണം.

* 48. [2] ശ്രീ. ആർ. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) ട്രാൻസ്പോർട്ടു സമരകാലത്ത് ബസ്സുകളുടെ മുമ്പിൽ പിക്കററുചെയ്ത സത്യാഗ്രഹികളുടെ മേൽ പോലീസ് നടത്തിയ മർദ്ദനത്തെപ്പററി ഒരു പരസ്യാന്വേഷണം നടത്തണമെന്നു ഗവണ്മെൻറിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) കടയ്ക്കൽ പോലീസ് ഇൻസ്പെക്ടർ ഹൃഷീകേശൻനായർ വെളിയം ഭാർഗ്ഗവൻ എന്ന സത്യാഗ്രഹിയുടെ മേൽമീശ വലിച്ചുപറിച്ചതായും കൊട്ടാരക്കര ടൗൺമദ്ധ്യത്തിലിട്ടു പട്ടാപ്പകൽ സത്യാഗ്രഹിയെ കഠിനമർദ്ദനം നടത്തിയതായും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) എം. എൽ. എ. പി. കുഞ്ഞച്ചനെ ചെങ്ങന്നൂർ വച്ച് മർദ്ദിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) മേൽപ്പറഞ്ഞ പോലീസ് ഉദ്യോഗസ്ഥന്മാരുടെ മേൽ ശിക്ഷണനടപടികളെന്തെങ്കിലും എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ആഭ്യന്തരകാര്യ മന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്. അന്വേഷണത്തിൽ പരാതി അടിസ്ഥാനരഹിതമാണെന്നു ബോദ്ധ്യമായി.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ആർ. സുഗതൻ: അറസ്ററു ചെയ്യപ്പെടുന്ന തടവുകാരെ ലാക്കപ്പിൽവച്ച് മർദ്ദിക്കുന്നതു നിയമവിരുദ്ധമല്ലേ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെ മർദ്ദിക്കുന്നതു നിയമാനുസൃതമല്ല.

ശ്രീ. ആർ. സുഗതൻ: നിയമാനുസൃതമല്ലാത്ത ഈ മർദ്ദനം ഇന്നു സ്റ്റേററിന്റെ പല ഭാഗത്തും തുടർന്നുവരുന്നതായി അറിയാമോ?

ശ്രീ. എ. ജെ. ജാൺ: അറിഞ്ഞുകൂടാ.

ശ്രീ. ആർ. സുഗതൻ: അങ്ങനെ നടക്കുന്നുണ്ടെന്ന് അറിയിച്ചാൽ വേണ്ട നടപടി നടത്തുമോ?

ശ്രീ. എ. ജെ. ജാൺ: ബോദ്ധ്യപ്പെട്ടാൽ വേണ്ട നടപടികൾ നടത്തും.

ശ്രീ. ആർ. പ്രകാശം: മെംബറന്മാർ പറഞ്ഞാൽ ബോദ്ധ്യമാകുകയില്ലേ?

ശ്രീ. എ. ജെ. ജാൺ: മെംബറന്മാർ പറയുന്നതെല്ലാം ശരിയാണെന്നു വിശ്വസിക്കുന്നതു ശരിയായിരിക്കുകയില്ലെന്നു ബോദ്ധ്യമായിട്ടുണ്ട്.

ശ്രീ സി. കെ. വിശ്വനാഥൻ : ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയതാരാണ്?

ശ്രീ. എ. ജെ. ജാൻ : ഐ. ജി

ശ്രീ. സി. കെ. വിശ്വനാഥൻ : പോലീസുമർദ്ദനത്തെപ്പററി പരാതിയുണ്ടാകുമ്പോൾ, അതിന്മേൽ അന്വേഷണം നടത്താൻ ഐ. ജി. യെ നിയമിക്കുന്നത് കാര്യത്തിന്റെ സൂക്ഷ്മസ്ഥിതി അറിയാൻ പര്യാപ്തമാണെന്നു കരുതുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൻ : കരുതുന്നുണ്ട്.

ശ്രീ. ആർ. പ്രകാശം : പോലീസുമർദ്ദനം ഏററതായി എം. എൽ. എ. തന്നെ പറഞ്ഞാൽ വിശ്വസിക്കുമോ?

ശ്രീ. എ. ജെ. ജാൻ : ബോദ്ധ്യപ്പെടുമെങ്കിൽ വിശ്വസിക്കാം.

ശ്രീ. പി. കെ. യശോധരൻ : ഇടിയുടെ പാടുകൾ കണ്ടാൽ വിശ്വസിക്കുമോ?

ശ്രീ. എ. ജെ. ജാൻ : ഇടിയുടെ പാടുകൾ കണ്ടാൽ ഇടി കൊണ്ടതായി വിശ്വസിക്കാം. ഇടിച്ചതാരാണെന്നു തീർച്ചപ്പെടുത്താൻ സാദ്ധ്യമല്ല.

ശ്രീ. സി. എ. മാത്യു : പിക്കററിംഗ് നടത്തുന്നതും സത്യഗ്രഹമാണോ?

ശ്രീ. എ. ജെ. ജാൻ : അതിനെപ്പററി ഒരു വിദഗ്ദ്ധാഭിപ്രായം പറയാൻ നിവൃത്തിയില്ല.

പോലീസ് മർദ്ദനം.

* 49. [3] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

"പനമ്പിള്ളി നഗരം മർദ്ദനഭരണമാണോടാ?" എന്നു ചോദിച്ചുകൊണ്ട്, ട്രേഡ്‌യൂണിയൻ പ്രവർത്തകരെ തിരുവിതാംകൂർ-കൊച്ചി പോലീസ് ലാക്കപ്പുകളിൽ കൊണ്ടുപോയി മർദ്ദിച്ചുവരുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു നടപടി നടത്തി?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : അങ്ങനെയൊരു പരാതി ലഭിച്ചിട്ടുണ്ട്.

ശ്രീ. ആർ. സുഗതൻ : അതിന്മേൽ നടപടി നടത്തുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പററി അന്വേഷിക്കുന്നുണ്ട്.

കാളനൈസേഷൻ പദ്ധതികൾ.

* 50. [4] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ നടപ്പുവർഷത്തിൽ പുതുതായി എത്രെല്ലാം കാളനൈസേഷൻ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്;

(ബി) ഓരോ പദ്ധതിയുടേയും ഇപ്പോഴത്തെ നില എന്താണ്;

(സി) ചിറയിൻകീഴ്-നെടുമങ്ങാട് എന്നീ താലൂക്കുകളിൽ സ്ഥിതിചെയ്യുന്ന മഞ്ഞപ്പാറ റിസർവ് പ്രദേശത്ത് ഇത്തരത്തിലൊരു പദ്ധതി യാരംഭിക്കാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കൊച്ചുകുട്ടൻ)

(എ) നടപ്പുവർഷത്തിൽ, ചിറയിൻകീഴ് താലൂക്കിൽ, അഴൂർഎന്ന സ്ഥലത്ത് 430 ഏക്കർ വിസ്തീർണ്ണമുള്ള ഒരു കാളനിയും, ദേവികുളം, പീരുമേട് സ്കീം അനുസരിച്ച് കല്ലാർ,മറയൂർ എന്നീ സ്ഥലങ്ങളിലായി, 1000 ഏക്കറും, 600 ഏക്കറും വീതം വിസ്തീർണ്ണമുള്ള കാളനികളും ആരംഭിച്ചിട്ടുണ്ട്.

(ബി) ആയൂർ—ശാസ്താവട്ടം, സഹകരണകാളനി നമ്പർ, 11 എന്ന പേരിൽ, ഒരു കാളനി രജിസ്റ്റർചെയ്തു. ആ സ്ഥലത്തെ സർവ്വെ പൂർത്തിയാക്കി. 138 കുടുംബക്കാർക്ക് സ്ഥലംകൊടുത്തു. കല്ലാർ കാളനിയിൽ 5 ഏക്കർ വീതം സർവ്വെ ചെയ്ത സ്ഥലം തിരിച്ച് 121 കുടുംബക്കാർക്കു വീട്ടുകൊടുത്തു; സ്ഥലത്തു പ്രവേശിച്ചിട്ടുണ്ട്. മറയൂരിൽ നാലു ഏക്കർ വീതം 149 കുടുംബക്കാർക്ക് ഭൂമി കൊടുത്തു. അവർ സ്ഥലത്തു പ്രവേശിച്ചു കൃഷിചെയ്യാനുള്ള പ്രാരംഭജോലികൾ തുടങ്ങിയിട്ടുണ്ട്.

(ഡി) ഇതേപ്പററി ആലോചിച്ചിട്ടില്ല.

ശ്രീ. ആർ. പ്രകാശം : കാളനൈസേഷൻ പദ്ധതിക്ക് കേന്ദ്രത്തിൽ നിന്നും എന്തു സംഖ്യ അനുവദിച്ചിട്ടുണ്ട്?

ശ്രീ. കെ. കൊച്ചുകുട്ടൻ : ദേവികുളം—പീരുമേട് കാളനി പദ്ധതിക്ക് 214 ലക്ഷം രൂപ ലോണായി തരാമെന്നു സമ്മതിച്ചിട്ടുണ്ട്.

ശ്രീ. ആർ. പ്രകാശം : ഇതുവരെ കിട്ടിയിട്ടില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇതുവരെ ഒന്നും കിട്ടിയിട്ടില്ല.

ശ്രീ. പി. കെ. യശോധരൻ : ദേവികുളം—പീരുമേട് കാളനൈസേഷൻ സ്കീം അനുസരിച്ച് എത്ര സ്ഥലത്താണു കാളനി സ്ഥാപിക്കുന്നത്?

ശ്രീ. കെ. കൊച്ചുകുട്ടൻ : രണ്ടു സ്ഥലത്ത്.

ശ്രീ. പി. കെ. യശോധരൻ : ഇതുവരെ ആളുകൾ എവിടെയെല്ലാം താമസമായിട്ടുണ്ട്?

ശ്രീ. കെ. കൊച്ചുകുട്ടൻ : കല്ലാർ കാളനിയിൽ 121 വീട്ടുകാരും, 150 കുടുംബക്കാർ അഞ്ചനാട്ടു കാളനിയിലും താമസമായിട്ടുണ്ട്.

ശ്രീ. സി. എ. മാത്യു : കാളനിയിൽ താമസിക്കുന്നവർക്ക് ആവശ്യമായ സഹായത്തിനു വേണ്ട സൗകര്യങ്ങൾ ചെയ്തിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിനുവേണ്ട എല്ലാ നടപടികളും എടുത്തിട്ടുണ്ട്.

ശ്രീ. സി. എ. മാത്യു: കാളനിയിൽ താമസത്തിനുപോയിട്ടുള്ളവർക്ക് പ്രാരംഭകൃഷിപ്രവർത്തനങ്ങൾക്കും മററും പണം ലഭിച്ചിട്ടില്ലെന്നു പറഞ്ഞു ചിലർ മടങ്ങിപ്പോന്നിട്ടുള്ളതായി അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: കാളനിയിൽ സ്ഥിരമായി കൃഷിചെയ്തു താമസിക്കുന്നവർക്ക് പ്രാരംഭമായി ധനസഹായം ചെയ്യും; സ്ഥിരമായി താമസിക്കാൻ വിചാരിക്കാത്തവരായിരിക്കും തിരിയെ പോകുന്നത്.

ശ്രീ. എം. എം. മത്തായി: വീടുകൾ കെട്ടുന്നതിനുള്ള ചെലവു് ഗവണ്മെൻറു വഹിക്കുമോ, സ്വന്തമായിട്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഓരോ വീട്ടിനും 500 രൂപ ചെലവാക്കി ഗവണ്മെൻറിനു വീടു കെട്ടിക്കൊടുക്കും; വില മടക്കികൊടുക്കണമെന്നുള്ള വ്യവസ്ഥയിൽ.

ശ്രീ. എം. എം. മത്തായി: എത്ര കൊല്ലംകൊണ്ടു ഏതു വ്യവസ്ഥയിൽ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ആദ്യത്തെ അഞ്ചു വർഷം യാതൊന്നും ഈടാക്കുകയില്ല. ആറാമത്തെ വർഷംമുതൽ, 25 കൊല്ലംകൊണ്ടു തുക തിരിയെ ഈടാക്കും.

നാഗരുകോവിൽ ടി. ബി. ആശുപത്രി.

* 51. [5] ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) 1954 ഡിസംബർ, 1955 ജനുവരി എന്നീ മാസങ്ങളിൽ നാഗരുകോവിൽ ടി. ബി. ആശുപത്രിയിൽനിന്ന് എത്രപേരെ ഡിസ്ചാർജ്ജുചെയ്തിട്ടുണ്ട്;

(ബി) 1955 ഫെബ്രുവരി മാസത്തിൽ എത്രപേരെ പ്രവേശിപ്പിച്ചിട്ടുണ്ട്;

(സി) "തെർക്കോപ്ലാസ്ററി" എന്ന ശസ്ത്രക്രിയ നടത്തിയതിൽ എത്ര രോഗികൾ ടി ആശുപത്രിയിൽ മൃതിയടഞ്ഞിട്ടുണ്ട്;

(ഡി) ടി ആശുപത്രി സൂപ്രണ്ട് മാരകമായ അവസ്ഥയിൽപ്പോലും രോഗികളെ ഡിസ്ചാർജ്ജു ചെയ്യുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) 1954 ഡിസംബറിൽ 31 പേരേയും, 1955 ജനുവരിയിൽ 62 പേരേയും ഡിസ്ചാർജ്ജു ചെയ്തിട്ടുണ്ട്.

(ബി) 20 പേരെ.

(സി) ഏതു തീയതി മുതൽ എന്നു വ്യക്തമല്ലാത്തതിനാൽ എത്ര രോഗികൾ എന്നു പറയാൻ നിവൃത്തിയില്ല. സെപ്ററംബർ 18-ാം തീയതിക്കു ശേഷം തെർക്കോപ്ലാസ്ററി ശസ്ത്രക്രിയമൂലം ഒരാൾ മരിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

ശ്രീ. തോപ്പിൽ ഭാസ്ക്കരൻപിള്ള. ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജുചെയ്യപ്പെട്ടവർക്കും, ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടവർക്കും തമ്മിൽ ഇത്രവലിയ വിടവുവരാൻ കാരണമെന്തു് ?

ശ്രീ. എ. എ. റഹിം : ഫെബ്രുവരിയിൽ ഇരുപതുപേരെ മാത്രമെ പ്രവേശിപ്പിച്ചിട്ടുള്ളു.

ശ്രീ. തോപ്പിൽ ഭാസ്ക്കരൻപിള്ള : ഡിസംബറിൽ, 31 പേരെയും ജനുവരിയിൽ, 62 പേരെയും ഡിസ്ചാർജ്ജ് ചെയ്തിട്ടു ഫെബ്രുവരിയിൽ 20 പേരെ മാത്രം പ്രവേശിപ്പിച്ചതെന്താണു് ?

ശ്രീ. എ. എ. റഹിം : ഡിസംബറിൽ 31 പേരെയും, ജനുവരിയിൽ 62 പേരെയും ഡിസ്ചാർജ്ജുചെയ്യുകയും, ഫെബ്രുവരിയിൽ 20 പേരെ പ്രവേശിപ്പിക്കുകയും ചെയ്തതായിട്ടേ കൈവശം വിവരമുള്ളു.

ശ്രീ. തോപ്പിൽ ഭാസ്ക്കരൻപിള്ള : അവിടെ കിടക്കകൾ ഒഴിവുണ്ടായിരുന്നിട്ടും പ്രവേശനം അനുവദിച്ചിട്ടില്ലെന്നു പരാതി കിട്ടിയിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : അങ്ങനെ പരാതിയുള്ളതായി അറിവില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഇപ്പോൾ ഇരിക്കുന്ന സൂപ്രണ്ടിനു് മുൻപിരുന്നയാൾ, ആശുപത്രിക്കു വെളിയിലും ആളുകളെ കിടത്തി ചികിത്സിച്ചിട്ടില്ലേ?

ശ്രീ. എ. എ. റഹിം : അറിഞ്ഞുകൂടാ.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ആപ്പറേഷൻ കഴിഞ്ഞ രോഗി അപകടകരമായ നിലയിൽ മരണംപ്രാപിച്ചതു കുത്തിവയ്ക്കാൻ ഗ്ളൂക്കോസു ഇല്ലാതിരുന്നതുകൊണ്ടല്ലേ ?

ശ്രീ. എ. എ. റഹിം : ഒരാൾ മരിച്ചതു ശരിയാണു്, പക്ഷെ അയാൾക്കു മററു രോഗംകൂടിയുണ്ടായിരുന്നു.

ശ്രീ. തോപ്പിൽ ഭാസ്ക്കരൻപിള്ള : ആപ്പറേഷൻ കഴിഞ്ഞ ശേഷം, ഗ്ളൂക്കോസിനുവേണ്ടി, ഡാക്ടർമാരെല്ലാം എല്ലാ രോഗികളുടെയും അടുത്തുചെന്നു അന്വേഷിച്ചതിൽ കിട്ടിയിട്ടില്ലെന്നുള്ള വിവരം അറിയാമോ ?

ശ്രീ. എ. എ. റഹിം : അങ്ങനെ അറിവില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: കുലശേഖരപുരത്തുകാരൻ ഒരു പി. എ. ഇബ്രാഹിംകുട്ടിയെ, രാഷ്ട്രീയ പകപോക്കലിനുവേണ്ടി ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജുചെയ്തതായി പരാതിയുണ്ടോ?

ശ്രീ. എ. എ. റഹിം : പരാതി ലഭിച്ചിട്ടില്ല.

ശ്രീ. തോപ്പിൽ ഭാസ്ക്കരൻപിള്ള : കഴിഞ്ഞ 21-10-1954-ൽ, പോസ്റ്റുവഴിയും, 3-11-1954-ൽ ബഹുമാനപ്പെട്ടമന്ത്രി ആശുപത്രി സന്ദർശിച്ചപ്പോൾ നേരിട്ടും പരാതിപ്പെട്ടിട്ടില്ലേ ?

ശ്രീ. എ. എ. റഹിം: മന്ത്രി ആശുപത്രി സന്ദർശിച്ച ദിയതി എന്താണ്?

ശ്രീ. തോപ്പിൽ ഭാസ്ക്കരൻപിള്ള: 3.11.1954.

ശ്രീ. എ. എ. റഹിം: അതു മുൻമന്ത്രിയായിരിക്കും.

ശ്രീ. തോപ്പിൽ ഭാസ്ക്കരൻപിള്ള: സെക്രട്ടറിയേറ്റിലെ ഫയൽ നോക്കിയല്ലേ മന്ത്രി മറുപടി പറയുന്നത്?

ശ്രീ. എ. എ. റഹിം: ഫയലിൽ ആ വിവരങ്ങളൊന്നും കാണുന്നില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ഗവണ്മെൻറ് സെക്രട്ടറിയേറ്റിൽ ഹെൽത്ത് സെക്ഷനിൽനിന്ന്, 17-11-54-ൽ ഇബ്രാഹിംകുട്ടിക്ക്, എച്ച്. എൽ. 9, 22747/54, ഡി. ഡി. നമ്പരായി, അപേക്ഷ, നടപടിക്ക് അയച്ചിരിക്കുന്നു എന്നു മറുപടി കൊടുത്തിട്ടില്ലേ?

ശ്രീ. എ. എ. റഹിം: നോക്കി പറയാം. അതുസംബന്ധിച്ച വിവരങ്ങൾ കയ്യിലില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെംബർ പറയുന്നതു ശരിയായിരിക്കാം; പക്ഷെ മറുപടി പറയാൻ നോട്ടീസുകൂടാതെ സാധിക്കുകയില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: സർ, ഈ ചോദ്യത്തിൽ, ആശുപത്രി സൂപ്രണ്ടു, മാരകമായ അവസ്ഥയിൽപോലും, രോഗികളെ ഡിസ്ചാർജ്ജുചെയ്യുന്നുണ്ടോ, അങ്ങനെ പരാതി ലഭിച്ചിട്ടുണ്ടോ എന്നു വളരെ വ്യക്തമായി ചോദിച്ചിരിക്കുകയാണ്. രാഷ്ട്രീയപകപോക്കലിനായി, ഒരു രോഗിയെ ആശുപത്രിയിൽനിന്നും ഡിസ്ചാർജ്ജുചെയ്തിട്ടുണ്ടോ എന്നു ചോദിച്ചപ്പോൾ, വ്യക്തമായ സമാധാനം തരാതെ, എന്തെങ്കിലും ഒക്കെപ്പറഞ്ഞു് ഇങ്ങനെയൊരു പ്രഹസനം നടത്തുന്നതെന്തിനാണ്?

ശ്രീ. എ. എ. റഹിം: രാഷ്ട്രീയ പകപോക്കലിനായി ആരെയും ഡിസ്ചാർജ്ജു ചെയ്തിട്ടില്ലെന്നു വളരെ വ്യക്തമായിത്തന്നെ മറുപടി പറഞ്ഞു.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ദീപികപത്രം വായിക്കണമെന്നു ആശുപത്രി സൂപ്രണ്ടു നിർബന്ധിക്കാറുണ്ടോ?

ശ്രീ. എ. എ. റഹിം: അറിവില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: വളരെ ഗുരുതരമായ ആരോപണങ്ങൾ നാഗർകോവിൽ ആശുപത്രിയിലെ നടപടികളെ സംബന്ധിച്ചുള്ളതിനാൽ അതേപ്പററി അന്വേഷിക്കുന്നതിന് ഒരു കമ്മിററി, ഈ സഭയിലെ എല്ലാ പാർട്ടികളിൽപ്പെട്ട അംഗങ്ങളെ ചേർത്തു രൂപീകരിക്കാൻ ഗവണ്മെൻറ് ശ്രദ്ധിക്കുമോ?

ശ്രീ. എ. എ. റഹിം: അങ്ങനെയൊരു കമ്മിററിയുടെ ആവശ്യം ഇപ്പോഴുണ്ടെന്നുതോന്നുന്നില്ല.

ശ്രീ. കെ. സി. ജാർജ്ജ് : അവിടെ എത്ര ബെഡ്ഡ് ഒഴിവുണ്ട്, എത്ര വാർഡുണ്ട്, ഓരോ വാർഡിലും എത്ര രോഗികൾ ഉണ്ട് എന്നെല്ലാം വിശദമായി മന്ത്രിക്കറിയാമോ ?

ശ്രീ. എ. എ. റഹിം : 237 ബെഡ്ഡുകളുണ്ടെന്നും, അതിലെല്ലാം രോഗികൾ ഉണ്ടെന്നും അറിയാം.

ശ്രീ. കെ. സി. ജാർജ്ജ് : അതേപ്പററി വിശദമായി പറയാൻ സാധിക്കുമോ ?

ശ്രീ. എ. എ. റഹിം : പ്രത്യേക ചോദ്യമായി ചോദിച്ചാൽ പറയാം.

മെമ്മോറാണ്ടം.

* 52. [6] ശ്രീ. കെ. സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഗർകോവിൽ ക്ഷയരോഗാശുപത്രിയിലെ രോഗികളിൽനിന്നും വല്ല മെമ്മോറാണ്ടവും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ;

(ബി) സുഖക്കേടു ഭേദമാകാത്തവരെ ഡിസ്ചാർജ്ജ് ചെയ്യുന്നതായി ഗവണ്മെൻറിനറിയാമോ ;

(സി) ജനുവരിമാസം ഒന്നാംതീയതി ഡിസ്ചാർജ്ജ്ചെയ്ത ഒരു രോഗി ആശുപത്രികിടക്കയിൽവച്ചു മരിച്ചുപോയതായി ഗവണ്മെൻറിന് അറിവു ലഭിച്ചിട്ടുണ്ടോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) : (എ) ഉണ്ട്.

(ബി) അറിവില്ല.

(സി) ഇല്ല.

ശ്രീ. കെ. സി. ജാർജ്ജ് : ആ മെമ്മോറാണ്ടത്തിൽ എന്തെല്ലാം ആവശ്യങ്ങളാണ് അവർ ഉന്നയിച്ചിരുന്നത് എന്നു പറയുവാൻ സാധിക്കുമോ ?

ശ്രീ. എ. എ. റഹിം : അവിടത്തെ ഡാക്ടറെക്കുറിച്ചുള്ള പരാതികളാണ്. അവിടത്തെ രോഗികൾക്കു ആഹാരം കിട്ടുന്നില്ല എന്നു തുടങ്ങിയുള്ള ചില പരാതികളാണ്.

ശ്രീ. കെ. സി. ജാർജ്ജ് : ഈ മെമ്മോറാണ്ഡം എന്നാണ് ലഭിച്ചിട്ടുള്ളതെന്നു പറയാമോ ?

ശ്രീ. എ. എ. റഹിം : ഏതാനും ദിവസങ്ങൾക്കു മുമ്പാണ്.

ശ്രീ. കെ. സി. ജാർജ്ജ് : അതേപ്പററി എന്തു നടപടിയാണ് സ്വീകരിച്ചത് ?

ശ്രീ. എ. എ. റഹിം : അതേപ്പററി വേണ്ട അന്വേഷണം നടത്തി.

ശ്രീ. കെ. സി. ജാർജ്ജ് : എന്തു നടപടിയാണ് നടത്തിയതെന്നു പറയാൻ സാധിക്കുമോ ?

ശ്രീ. എ. എ. റഹിം: സർജൻജനറലിനെക്കൊണ്ട് അതിൽ പറഞ്ഞിരിക്കുന്ന എല്ലാക്കാര്യങ്ങളെക്കുറിച്ചും അന്വേഷണം നടത്തുന്നതിനും എല്ലാക്കാര്യങ്ങളെപ്പററിയും വേണ്ട പരിഹാരം ഉണ്ടാക്കുവാനും നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. സി. ജാർജ്ജ്: നീണ്ടകര സ്വദേശിയായ ഒരു സദാനന്ദൻ എന്ന ഒരു രോഗി ഡിസ്ച്ചാർജ്ജുചെയ്തിട്ട് ആശുപത്രിയിൽ വച്ചുതന്നെ മരിയടഞ്ഞിരിക്കുന്നു എന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ?

ശ്രീ. എ. എ. റഹിം: അറിവില്ല.

ശ്രീ. കെ. സി. ജാർജ്ജ്: അതേപ്പററി വേണ്ട അന്വേഷണം നടത്തുമോ?

ശ്രീ. എ. എ. റഹിം: അങ്ങനെ ഒരു സംഭവം ഉണ്ടായതായി അറിവില്ല.

ശ്രീ. കെ. സി. ജാർജ്ജ്: അങ്ങനെ ഒരു രോഗി മരിച്ചിട്ടില്ല എന്നാണോ മന്ത്രി പറയുന്നത്?

ശ്രീ. എ. എ. റഹിം: അങ്ങനെ ആശുപത്രിയിൽ കിടന്നു മരിച്ചിട്ടില്ല.

ശ്രീ. കെ. സി. ജാർജ്ജ്: ആശുപത്രിയിൽ കിടന്നു മരിച്ചിട്ടില്ലെന്നാണോ മന്ത്രി പറയുന്നത്?

ശ്രീ. എ. എ. റഹിം: ആശുപത്രിയിൽ കിടന്നു മരിച്ചതായി അറിവില്ലെന്നാണ് മറുപടി.

ശ്രീ. കെ. സി. ജാർജ്ജ്: ലിററലായി ബെഡ്ഡിൽ കിടന്നു മരിച്ചിട്ടില്ലെന്നാണോ മന്ത്രി പറയുന്നത്?

ശ്രീ. എ. എ. റഹിം: ആശുപത്രിയിൽ കിടന്നു മരിച്ചിട്ടില്ല.

ശ്രീ. കെ. സി. ജാർജ്ജ്: സുഖക്കേട് ഭേദമാകാതെ ഡിസ്ചാർജ്ജ് ചെയ്തതുകൊണ്ട് പിറേറദിവസം ആ രോഗി മരിച്ചിട്ടില്ലെന്നാണോ മന്ത്രി പറയുന്നത്?

ശ്രീ. എ. എ. റഹിം: അങ്ങനെ ആശുപത്രിയിൽ കിടന്നു ആരും മരിച്ചിട്ടില്ല. സുഖക്കേട് ഭേദമായിട്ടാണു ഡിസ്ചാർജ്ജ് ചെയ്യുന്നത്.

ശ്രീ. കെ. സി. ജാർജ്ജ്: സുഖക്കേട് ഭേദമാകാതെ രോഗികളെ ഡിസ്ചാർജ്ജ് ചെയ്തുവരുന്നതായി അറിവുണ്ടോ?

ശ്രീ. എ. എ. റഹിം: അറിവില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: രോഗികളെ അവിടെനിന്നും ഡിസ്ചാർജ്ജുചെയ്തു പറഞ്ഞയയ്ക്കുന്നതിനു പോലീസിനെ ഏർപ്പെടുത്താറുണ്ടോ?

ശ്രീ. എ. എ. റഹിം: ഇല്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : മഹാദേവ്ക്കാട്ട് ദാമോദരൻ എന്നൊരാളെ അങ്ങനെ ഡിസ്ചാർജ്ജ് ചെയ്തതായി വല്ല പരാതികളും ലഭിച്ചിട്ടുണ്ടോ ?

ശ്രീ. എ. എ. റഹീം : അറിവില്ല.

ശ്രീ. കെ. കുട്ടപ്പൻ കോയിക്കൽ : ഏതാനും ദിവസങ്ങൾക്ക് മുൻപ് മെമ്മോറാണ്ടം ലഭിച്ചു എന്നു പറഞ്ഞു. അതു് എത്ര ദിവസങ്ങൾക്ക് മുമ്പാണ് എന്നു പറയാമോ ?

ശ്രീ. എ. എ. റഹിം : ഏതാനും ദിവസങ്ങൾക്കു മുമ്പാണ്.

ശ്രീ. കെ. കുട്ടപ്പൻ കോയിക്കൽ : ഏതാനും ദിവസം എന്നു പറഞ്ഞാൽ എത്ര ദിവസം എന്നു കൃത്യമായി പറയാമോ ?

ശ്രീ. എ. എ. റഹിം : ഏതാനും ദിവസം എന്നു പറഞ്ഞാൽ ഒന്നിൽ കൂടുതൽ ദിവസം എന്നാണ്.

ശ്രീ. ടി. കെ. ദിവാകരൻ : സർജൻജനറൽ അന്വേഷണം നടത്തി എന്നു പറഞ്ഞു. അതിന്റെ ഫലം എന്തായി എന്നു പറയാൻ ദയവുണ്ടാകുമോ ?

ശ്രീ. എ. എ. റഹിം : അതിന്റെ വിശദവിവരങ്ങൾ എന്റെ കൈവശം ഇല്ല.

ശ്രീ. ടി. കെ. ദിവാകരൻ : അന്വേഷണത്തിൽ ആ മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ അടിസ്ഥാനരഹിതങ്ങളാണോ, ഉള്ളതാണോ, എങ്ങനെയാണ് തെളിഞ്ഞിട്ടുള്ളത് ?

ശ്രീ. എ. എ. റഹിം : അടിസ്ഥാനരഹിതമാണെന്നാണ്.

ശ്രീ. ടി. കെ. ദിവാകരൻ : അവിടെ നടക്കുന്ന അക്രമമായ നടപടികളെക്കുറിച്ച് ഒന്നിലധികം മെമ്മോറാണ്ടങ്ങൾ ഗവണ്മെൻറിന് ലഭിച്ചിട്ടില്ലേ ?

ശ്രീ. എ. എ. റഹിം : ഒന്നിലധികം മെമ്മോറാണ്ടങ്ങൾ ലഭിച്ചിട്ടുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ : അതേപ്പററി എന്തു നടപടികളാണ് ഗവണ്മെൻറ് എടുത്തിട്ടുള്ളത് ?

ശ്രീ. എ. എ. റഹിം : അങ്ങനെയുള്ള പരാതികൾ ഇല്ലാതെയാക്കാൻ വേണ്ട നടപടികൾ എടുത്തിട്ടുണ്ട്.

ശ്രീ. കെ. സി. ജോർജ്ജ് : അവിടത്തെ ഡാക്ടർമാരെ സംബന്ധിച്ച് അതായതു് നാഗർകോവിൽ ക്ഷയരോഗാശുപത്രിയിലെ ഡാക്ടർ എം. സി. വർഗ്ഗീസിനെ സംബന്ധിച്ചും ആർ. എം. ഒ. യെ സംബന്ധിച്ചും പൊതുജനങ്ങളുടെ പരാതികൾ അടങ്ങിയ ഒരു ലഘുലേഖ ഗവണ്മെൻറിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ട്. അതിനുള്ള എല്ലാ നടപടികളും എടുത്തിട്ടുണ്ട്.

ശ്രീ കെ. സി. ജാർജ്ജ്: അതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് നടത്തിയത് എന്നു പറയാമോ?

ശ്രീ. എ. എ. റഹിം: ആവശ്യമായ എല്ലാ നടപടികളും എടുത്തിട്ടുണ്ട്.

ശ്രീ. കെ. സി. ജാർജ്ജ്: ആ ലഘുലേഖ എന്നാണ് കിട്ടിയത്?

ശ്രീ. എ. എ. റഹിം: മൂന്നു നാലു ദിവസത്തിൽ കൂടുതൽ ആയിട്ടില്ല.

ശ്രീ പി. വി. അവിരാത്തുരകൻ: മൂന്നു നാലു ദിവസം എന്നു പറയുന്നത് ഏതാനും ദിവസമെന്നാണോ ഞങ്ങൾ മനസ്സിലാക്കേണ്ടത്.

ശ്രീ. എ. എ റഹിം: അതല്ലാ ഞാൻ ഉദ്ദേശിച്ചത്. ഏതാനും ദിവസിക്ക് മുൻപ് അവിടെ കുറെ രോഗികൾ അവർക്കുള്ള കഞ്ഞി മുതലായ ആഹാരങ്ങൾ വാങ്ങിക്കാതെയിരുന്നു. അവർ പറയുന്ന സ്ഥാനത്തു വച്ച് കഞ്ഞി കൊടുക്കണമെന്ന് നിർബന്ധിച്ചു. അതനുസരിച്ച് വേണ്ടതു ചെയ്തുകൊടുക്കുകയും ഇപ്പോൾ അവർ എല്ലാവരും കഞ്ഞി വാങ്ങിക്കുന്നുമുണ്ട്.

ശ്രീ. പി. വി. അവിരാത്തുരകൻ: അവർ കഞ്ഞി വാങ്ങിക്കാത്തിരിക്കുന്നതിന് കാരണമെന്താണ്?

ശ്രീ. എ. എ. റഹിം: അവർക്ക് പ്രത്യേകമായ ഒരു സ്ഥലത്തുവച്ച് കഞ്ഞി കൊടുക്കണമെന്ന് ആവശ്യപ്പെട്ടു. അതനുസരിച്ച് ഇപ്പോൾ രോഗികളുടെ കിടക്കയിൽതന്നെ ആഹാരം കൊണ്ടുകൊടുക്കുന്നുണ്ട്. അതു കൊണ്ട് അവർ ആഹാരം കഴിക്കുന്നുമുണ്ട്.

രോഗികളുടെ പരാതി.

* 53. [7] ശ്രീ. കെ സി. ജാർജ്ജ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടി. ബി. ആശുപത്രിയിലെ രോഗികളുടെ പരാതികളെപ്പററി അന്വേഷിക്കാൻ നിയമസഭാസാമാജികന്മാരടങ്ങിയ ഒരു അന്വേഷണ കമ്മിററിയെ നിയമിക്കാൻ ഗവണ്മെൻറ് ശ്രദ്ധിക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം): ഈ ചോദ്യം ആൻസർ ചെയ്തിട്ടുണ്ട്. അങ്ങനെ ഒരു അന്വേഷണത്തിന്റെ ആവശ്യമുണ്ടെന്നു തോന്നിയില്ല.

ശ്രീ. കെ. സി. ജാർജ്ജ്: ജനപ്രതിനിധികൾ അന്വേഷിക്കുക എന്നു പറഞ്ഞാൽ ഇത്ര ഭയപ്പെടുന്നതെന്തിനാണ്?

ശ്രീ. എ. എ. റഹിം: ഭയപ്പെടേണ്ട ആവശ്യമൊന്നുമില്ല.

ശ്രീ. കെ. സി. ജാർജ്ജ്: ഈ പരാതികളുടെ അടിസ്ഥാനത്തിൽ അങ്ങനെ ഒരു അന്വേഷണം നടത്തുമോ?

ശ്രീ. എ. എ. റഹിം: ആവശ്യമുണ്ടെന്നു തോന്നിയാൽ അങ്ങനെ ചെയ്യാം.

ശ്രീ. കെ. സി. ജോർജ്ജ്: ആവശ്യമുണ്ടെന്നു കണ്ടാൽ ഗവണ്മെന്റ് അങ്ങനെ ഒരു തീരുമാനം ചെയ്യുമോ?

ശ്രീ. എ. എ. റഹീം: അതെപ്പററി ആലോചിക്കാം.

ശ്രീ. ടി. കെ. ദിവാകരൻ: ബഹുമാനപ്പെട്ട മന്ത്രി ഈ സന്ദർഭത്തിൽ ഈ നിയമസഭയിലെ വിവിധ കക്ഷികളിൽപ്പെട്ട അംഗങ്ങളുമായി ആ ആലോചന സന്ദർശിക്കുവാൻ തയ്യാറാകുമോ?

ശ്രീ. എ. എ. റഹീം: അതേപ്പററി ആലോചിക്കാം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: അവിടെയുള്ള ഡാക്ടറന്മാർ ലൈസൻസ്സുള്ള കൊലപാതകികളാണെന്നു പറഞ്ഞാൽ ഗവണ്മെന്റ് വിശ്വസിക്കുമോ?

Mr. Speaker: That question is disallowed.

ശ്രീ. സി. ജി. സദാശിവൻ: ഈ സംഗതിയെപ്പററി എന്താണ് അന്വേഷണം നടത്തിയതെന്നു പറയാമോ?

Mr. Speaker: That has been answered.

ഡിസ്ട്രിക്ററ് മുനിസിപ്പാലിററീസ് ആക്ററ്.

* 54. [8] ശ്രീ. എം. പി. ചന്ദ്രശേഖരൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഇപ്പോൾ നിലവിലിരിക്കുന്നതായ ഡിസ്ട്രിക്ററ് മുനിസിപ്പാലിററീസ് ആക്ററ് ഭേദഗതി ചെയ്യുന്നതിന് ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന് എന്തെല്ലാം നടപടി നടത്തിയിട്ടുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഇപ്പോൾ നിലവിലിരിക്കുന്ന ഡിസ്ട്രിക്ററ് മുനിസിപ്പാലിററീസ് ആക്ററ് അവശ്യംവേണ്ട ഭേദഗതികളോടുകൂടി ഒരു പുതിയ ആക്ററ് ഉണ്ടാക്കുന്നതിന് വേണ്ട നടപടി നടന്നുകൊണ്ടിരിക്കുകയാണ്.

(ബി) തിരുവിതാംകൂർ-കൊച്ചി ഡിസ്ട്രിക്ററ് മുനിസിപ്പാലിററീസ് ബില്ലിന്റെ നക്കൽ തയ്യാറാക്കി ഒരു സെലക്ററ് കമ്മററിക്കും, എല്ലാ മുനിസിപ്പൽ കൗൺസിലുകൾക്കും അയച്ചുകയും, അവരിൽനിന്നും ലഭിച്ച നിർദ്ദേശങ്ങൾ ഗവണ്മെന്റിന്റെ പരിഗണനയ്ക്ക് വിധേയമാക്കുകയും ചെയ്തിരിക്കുകയാണ്.

ശ്രീ. എം. പി. ചന്ദ്രശേഖരപിള്ള: പുതിയതായി ഒരു ബിൽ ഗാജരാക്കാനാണോ ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങനെയാണ്.

പോലീസ് കാൺസ്റ്റബിളിന്റെ ശമ്പളം.

* 55. [9] ശ്രീ. എം. പി. ചന്ദ്രശേഖരൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ: -

(എ) സംസ്ഥാനത്തെ ഒരു പോലീസ് കാൺസ്റ്റബിളിന് ഇന്നു കിട്ടിവരുന്ന ഏററവും കുറഞ്ഞ ശമ്പളം എത്ര; കൂടിയ ശമ്പളം എത്ര;

(ബി) ഈ ശമ്പളവ്യവസ്ഥ തൃപ്തികരമാണെന്ന് ഗവണ്മെന്റ് കരുതുന്നുണ്ടോ;

(സി) ഇപ്പോഴത്തെ ശമ്പളം പരിഷ്കരിക്കുന്നതിന് ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഏററവും കുറഞ്ഞതു് നാലാംക്ലാസ്സ് കാൺസ്റ്റബിൾ. ശമ്പളം 25 രൂപ, ഡിയർനസ്സ് അലവൻസ് 22 രൂപ, സ്മാട്ട്നസ് അലവൻസ് ഒരു രൂപ, ആകെ 48 രൂപ. ഏററവും കൂടിയതു് ഒന്നാംക്ലാസ്സ് കാൺസ്റ്റബിൾ. ശമ്പളം 35 രൂപ, ഡിയർനസ്സ് അലവൻസ് 27 രൂപ, സ്മാട്ട്നസ് അലവൻസ് ഒരു രൂപ, ആകെ 63 രൂപ.

(ബി) ഈ ശമ്പളവ്യവസ്ഥ തൃപ്തികരമാണെന്ന് ഗവണ്മെന്റ് കരുതുന്നില്ല.

(സി) ശമ്പളം പരിഷ്കരിക്കുന്നതു സംബന്ധിച്ച് പ്രൊസീഡിംഗ്സ് പാസ്സാക്കി പരസ്യം ചെയ്തിട്ടുണ്ട്.

ഉപരിപഠനം നടത്തുന്ന പട്ടികജാതിക്കാർ.

* 56. [10] ശ്രീ. പി. കുഞ്ഞൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഉപരിപഠനാർത്ഥം എത്ര പട്ടികജാതിക്കാർ സംസ്ഥാനത്തിനു വെളിയിൽ അദ്ധ്യയനം നടത്തുന്നുണ്ട്;

(ബി) അതിൽ ഇൻഡ്യയിൽ എത്ര;

(സി) ഇൻഡ്യയ്ക്കു വെളിയിൽ എത്ര?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഉപരിപഠനാർത്ഥം നാലു് വിദ്യാർത്ഥികൾ സംസ്ഥാനത്തിന് വെളിയിൽ അദ്ധ്യയനം നടത്തുന്നുണ്ട്.

(ബി) അവർ നാലുപേരും ഇൻഡ്യയിൽതന്നെയാണ്.

(സി) ഇൻഡ്യയ്ക്കു വെളിയിൽ ആരും ഇല്ല.

ശ്രീ. പി. കുഞ്ഞൻ: ഏതെല്ലാം കോഴ്സിനാണ് അവർ അദ്ധ്യയനം നടത്തുന്നതു് എന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഒരാൾ എം. ബി. ബി. എസ്സ്., ഒരാൾ എൽ. എൽ. ബി., ഒരാൾ എം. എ., ഒരാൾ ആട്ട്സ് ആൻഡ് ക്രാഫ്ററ്സ് സ്കൂൾ മദ്രാസ്.

ശ്രീ. പി. കുഞ്ഞൻ: അവർക്ക് വേതനം എത്ര രൂപ വീതമാണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ: [illegible] കോളേജ് ക്ലാസ്സുകൾക്ക് 45 രൂപാവീതം പ്രതിമാസവേതനം നൽകുന്നു. [illegible] കൂടുതൽ ഉണ്ടാകും. അതിന്റെ വിവരങ്ങൾ മുഴുവനും ഇപ്പോൾ കൈവശം ഇല്ല.

ശ്രീ. പി. കുഞ്ഞൻ: ഇപ്പോൾ കൊടുത്തുവരുന്ന തുക മതിയാകുന്നില്ലെന്ന് പരാതികൾ ലഭിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇല്ല.

ശ്രീ. പി. കുഞ്ഞൻ: അവരുടെ പേരുകൾ ഒന്നു പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: 1. ഡി. ചിന്നയ്യാ, ഗ്രാന്റ്സ് മെഡിക്കൽ കോളേജ്, എം. [illegible] ബി. എസ്സ്., ഫൈനൽ ഇയർ. 2. ടി. ജി. കൃഷ്ണൻ, എൽ. എൽ. ബി., ഒന്നാംകൊല്ലം. 3. കുട്ടി, എം. എ. ഫൈനൽ ഇയർ. 4. എം. എ. ശങ്കരൻ, School of arts and crafts, മദ്രാസ്.

ശ്രീ. ടി. കെ. ദിവാകരൻ: ഇവർ വെളിയിൽ പോയതിനുശേഷം ഗ്രാന്റ് കൊടുക്കുകയാണോ? അതോ അതിനു മുൻപ് ഗവണ്മെന്റ് ഗ്രാന്റ് കൊടുത്തു് അയയ്ക്കുകയാണോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പോയതിനുശേഷം ഗ്രാന്റ് കൊടുക്കുകയാണ്.

ശ്രീ. പി. കെ. ചാത്തൻ: അവർക്ക് എന്തു് ചെലവ് പ്രതിമാസം ഉണ്ടാകും എന്നു് അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇല്ല.

ശ്രീ. പി. കെ. ചാത്തൻ: ഇപ്പോൾ ചെലവിനു് മതിയാകുന്നില്ലെന്ന് പരാതികൾ ലഭിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പരാതി ലഭിച്ചിട്ടുള്ളതായി അറിവില്ല.

ശ്രീ. എൻ. നാരായണക്കുറുപ്പ്: നിയമ വിദ്യാഭ്യാസത്തിനുള്ള സൌകര്യം ഇവിടെയുള്ളപ്പോൾ ബാംബെയിൽ അയയ്ക്കാൻ പ്രത്യേകമായി കാരണങ്ങൾ വല്ലതുമുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അവരെ ഡിസ്കറേജ് ചെയ്യേണ്ട എന്നു വച്ച് സഹായധനം കൊടുക്കുകയാണ്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: അവർ ഏതെല്ലാം സമുദായത്തിൽപ്പെട്ടവരാണെന്ന് പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇന്ന ജാതിയിൽപ്പെട്ടവരാണെന്നുള്ള വിവരം എന്റെ കൈവശം ഇല്ല. അവർ പട്ടികജാതിയിൽ പെട്ടവരാണ്.

തമിഴ്നാട് വിമോചനപ്രക്ഷോഭണം.

* 57. [11] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട് വിമോചനപ്രക്ഷോഭണം സംബന്ധിച്ച് തെക്കൻതിരുവിതാംകൂറിൽ ആകെ എത്ര കേസുകൾ ചാർജ്ജുചെയ്തിട്ടുണ്ട്;

(ബി) എന്തെങ്കിലും കേസുകൾ ഇതിനകം പിൻവലിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൻ): (എ) കേസിന്റെ എണ്ണം 89; 27 ക്രൈം കേസുകളും 62 പെററി കേസുകളും.

(ബി) ഒരു കേസും പിൻവലിച്ചിട്ടില്ല. ഇതേപ്പററി ദീർഘമായി മറുപടി പറഞ്ഞിട്ടുള്ളതാണ്.

ശ്രീ എ. കുഞ്ഞൻനാടാർ: ചാർജ്ജു ചെയ്യാതെ എത്ര കേസുകൾ ഉണ്ട്.

ശ്രീ. എ. ജെ. ജാൻ: എല്ലാ കേസുകളും ചാർജ്ജ് ചെയ്തിട്ടുണ്ടെന്നാണ് തോന്നുന്നത്.

ശ്രീ. എ. കുഞ്ഞൻനാടാർ: എല്ലാ കേസുകൾക്കും എഫ്. ഐ. ആർ. എടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൻ: എഫ്. ഐ. ആർ. എടുത്തിട്ടുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: എഫ്, ഐ. ആർ. എടുത്ത കേസുകൾ എല്ലാം ചാർജ്ജ് ചെയ്തിട്ടില്ലേ?

ശ്രീ. എ. ജെ. ജാൻ: ഉണ്ടെന്നാണ് തോന്നുന്നത്.

ശ്രീ. ടി. കെ. ദിവാകരൻ: പെററികേസുകൾ എല്ലാം പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൻ: അതെപ്പററിയെല്ലാം വളരെ ദീർഘമായി മറുപടി പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. കെ. സി. ജാർജ്ജ്: അതിൽ പിന്നീട് വല്ല തീരുമാനവും ചെയ്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൻ: ഒന്നും ചെയ്തിട്ടില്ല.

ശ്രീ. എ. കുഞ്ഞൻനാടാർ: സർ, ഒരു പോയിന്റ് ആഫ് ആർഡർ, തമിഴ്നാടിൽ നിന്നുമുള്ള അംഗങ്ങൾ അയച്ചിട്ടുള്ള ചോദ്യങ്ങൾ എല്ലാം അൺസ്റ്റാർഡ് കപ്സ്റ്റ്യൻ ആയി പരിഗണിച്ചിട്ടുള്ളതായി കാണുന്നു, അതായത് ശ്രീ. പൊന്നപ്പനാടാർ, ശ്രീ. വില്യം ഇവർ അയച്ചിരുന്ന ചോദ്യങ്ങൾ. അതിന് വല്ല പ്രത്യേക കാരണവുമുണ്ടോ എന്ന് അറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: ആവക കാര്യങ്ങളെപ്പററി അറിയണമെങ്കിൽ സ്പീക്കറെ ചെയിംബറിൽ വന്നു കാണണം.

ശ്രീ. എ. കുഞ്ഞൻനാടാർ : [illegible] ആണ് എന്നു [illegible] വച്ചാണ്?

മി. സ്പീക്കർ : ചോദ്യത്തിലെ [illegible] എന്നു [illegible] പരിഗണന വച്ചാണെന്നുള്ളതിനെപ്പററിയും മറുപടിയായി [illegible] ചെയ്തിട്ടുള്ളതിൽ വന്നു കാണുമ്പോൾ ഞാൻ കാര്യം [illegible] മറുപടി നൽകാം.

ശ്രീ. സി. കെ. വിശ്വനാഥൻ : ഈ നിയമസഭയിൽ തമിഴ്നാട് കാൺഗ്രസ്സ് എന്നൊരു പാർട്ടി ഇപ്പോഴുണ്ടോ?

മി. സ്പീക്കർ : ഇല്ലെന്നാണ് [illegible] തോന്നുന്നത്.

ശ്രീ. ടി. എ. മജീദ് : ഈ [illegible] ചിൻവലിക്കണമെന്ന് തമിഴ്നാട് കാൺഗ്രസ്സുകാർ ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ : അങ്ങനെപ്പററി മുമ്പ് പറഞ്ഞിട്ടുള്ളതാണ്.

കോളനൈസേഷൻ ആൻഡ് റിസെററിൽമെൻറ്.

* 58. [12] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളനൈസേഷൻ ആൻഡ് റിസെററിൽമെൻറ് സ്കീം എന്നാണ് തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു ആരംഭിച്ചത്;

(ബി) ഈ പദ്ധതി ആരംഭിച്ചതിനു ശേഷം ആകെ ഇതുവരെ എത്ര സ്ഥലത്തു കോളനികൾ സ്ഥാപിച്ചിട്ടുണ്ട്;

(സി) സ്ഥാപിച്ചിട്ടുള്ള കോളനികളിലെല്ലാം കൂടി ഇപ്പോൾ വീട്ടുകാർ താമസിക്കുന്നുണ്ട്;

(ഡി) എല്ലാ കോളനികൾക്കുംകൂടി എത്ര ഏക്കർ ഭൂമി ഉപയോഗപ്പെടുത്തേണ്ടിവന്നിട്ടുണ്ട്;

(ഇ) എത്ര കോളനികളിൽ ഗവണ്മെൻറിൽ നിന്നും വീടുകൾ പണികഴിപ്പിച്ചുകൊടുത്തിട്ടുണ്ട്; പണികഴിപ്പിച്ചുകൊടുത്ത വീടുകളുടെ എണ്ണം എത്ര;

(എഫ്) ഇതിൽനിന്നും പട്ടികജാതിക്കാർക്കായി നൽകിയിട്ടുള്ള വീടുകൾ എത്ര?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ :)

(എ) 1951-52 സാമ്പത്തിക വർഷത്തിൽ കോളനൈസേഷൻ ആൻഡ് റിസെററിൽമെൻറ് സ്കീം ആരംഭിച്ചു.

(ബി) എട്ടു സ്ഥലങ്ങളിൽ.

(സി) 257 കുടുംബങ്ങൾ.

(ഡി) 2234·37 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ട്.

(ഇ) ഈ കോളനികളിൽ ഒന്നിലുംതന്നെ ഗവണ്മെൻറിൽനിന്നും വീടുകൾ പണി കഴിച്ചുകൊടുത്തിട്ടില്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

വെടിവയ്പ്പ് മൂന്നിടത്തവരുടെ മൃതദേഹങ്ങൾ.

* 59. [13] ശ്രീ. വി. ശ്രീധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ പി. എസ്. പി. മന്ത്രിസഭ അധികാരത്തിലിരുന്ന അവസരത്തിൽ തെക്കൻതിരുവിതാംകൂറിൽ പോലീസ് നടത്തിയ വെടിവയ്പിന്റെ ഫലമായ് മൃതിയടഞ്ഞവരുടെ മൃതദേഹങ്ങൾ അവരുടെ ബന്ധുക്കൾക്കു നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ മൃതദേഹങ്ങൾ എന്തുചെയ്തു;

(സി) മൃതിയടഞ്ഞവരുടെ ബന്ധുക്കൾക്ക് നഷ്ടപരിഹാരം നൽകുവാൻ ഈ ഗവണ്മെന്റു ഉദ്ദേശിക്കുന്നുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ, ബി) തെക്കൻതിരുവിതാംകൂറിലെ പോലീസ് നടത്തിയ വെടിവെയ്പിന്റെ ഫലമായി ഏഴുപേർ കൊലപ്പെട്ടിട്ടുണ്ട്. അതിൽ നാലുപേരെ മറവുചെയ്തു. ബാക്കിയുള്ള മൂന്നുപേരുടെ മൃതദേഹം ബന്ധുക്കളാൽ മറവുചെയ്യപ്പെട്ടു.

(സി) മൃതിപ്പെട്ടവരിൽ നാലുപേരുടെ അടുത്ത അവകാശികൾക്ക് 500 രൂപവീതം നഷ്ടപരിഹാരം കൊടുത്തിട്ടുണ്ട്. ബാക്കി മൂന്നുപേരുടെ കാര്യം ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

ശ്രീ. വി. ശ്രീധരൻ : ഈ നാലുപേരെ എന്നാണു മറവുചെയ്തതെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ : ഉടൻതന്നെ മറവുചെയ്തു.

ശ്രീ. വി. ശ്രീധരൻ : ഈ നാലുപേരുടെയും പ്രേതം എന്തുകൊണ്ടാണ് അവരുടെ ബന്ധുക്കൾക്കു കൊടുക്കാതിരുന്നതു്?

ശ്രീ. എ. ജെ. ജാൺ : അവരുടെ ബന്ധുക്കൾ ഒരുപക്ഷെ ആവശ്യപ്പെട്ടില്ലായിരിക്കും.

ശ്രീ. വി. ശ്രീധരൻ : എവിടെയാണ് മറവുചെയ്തതെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ : എവിടെയാണ് മറവുചെയ്തതെന്നു നിശ്ചയമില്ല.

ശ്രീ. എ. കുഞ്ഞൻനാടാർ : ഈ നാലുപേരിൽ ഒരാളിനെ കുഴിത്തുറ പോലീസ് സ്റ്റേഷനിൽ കൊണ്ടുവരുന്നിടംവരെ ജീവനുണ്ടായിരുന്നെന്നും തക്കസമയത്തു ശരിയായ വൈദ്യസഹായം ഇല്ലാത്തതുകൊണ്ടാണു മരിച്ചുപോയതെന്നും അറിയാമോ?

ശ്രീ. എ. ജെ. ജാൺ : നിശ്ചയമില്ല. അതേപ്പററി അന്വേഷിക്കാം.

ശ്രീ. എ. കുഞ്ഞൻനാടാർ : ഈ 500 രൂപ നഷ്ടപരിഹാരം കൊടുത്തിട്ടുള്ളതുതന്നെ തീരെ അപര്യാപ്തമാണെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ : എന്നു തോന്നുന്നില്ല.

ശ്രീ. ആർ. സുശീലൻ : ആരെയെങ്കിലും [illegible] കുഴിച്ചു മൂടിയതായി അറിയാമോ?

ശ്രീ. എ. ജെ. ജാൻ : അറിഞ്ഞുകൂടാ. സ്വന്തമായ ഉത്തരവാദിത്തം അങ്ങനെ ചെയ്യുകയില്ല.

ശ്രീ. ആർ. പ്രകാശം : ഒരു ജീവന് എന്തു വിലയാണെന്നു കല്പിച്ചിട്ടുള്ളതു?

ശ്രീ. എ. ജെ. ജാൻ : അതിന്റെ മാർക്കറ്റിനെപ്പററി അന്വേഷിച്ചിട്ടില്ല. ജീവന്റെ വിലയെപ്പററി എല്ലാവർക്കും അറിയാവുന്നതാണ്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : സർ, ഒരു [illegible] ആഫ് ആർഡർ. ഒരു ബഹുമാനപ്പെട്ട മെംബർ ജീവനുള്ള ആരെങ്കിലും കുഴിച്ചിട്ടിട്ടുണ്ടോയെന്നു ചോദിച്ചു. അതിനു പോലീസുമന്ത്രി പറഞ്ഞ മറുപടി സ്വബോധമുള്ളവരാരും ചെയ്യുകയില്ല എന്നാണ്. ഇങ്ങനെ മറുപടി പറഞ്ഞാൽ ഞങ്ങൾ എന്തുചെയ്യണം? സ്വബോധമുള്ളവർ ചെയ്യുകയില്ല എന്നു പറഞ്ഞാൽ ഞങ്ങൾ മനസ്സിലാക്കേണ്ടതെന്താണ്? പോലീസുകാർക്കു ബോധമില്ലെന്നാണോ, അദ്ദേഹം ചോദ്യം ചോദിച്ചവരാളിന് ബോധമില്ലായെന്നാണോ?

മി. സ്പീക്കർ : മന്ത്രിമാർ നൽകുന്ന ഉത്തരത്തിൽനിന്ന് എന്തു ഗ്രഹിക്കാൻ ഒക്കുമോ അതു ഗ്രഹിച്ചുകൊള്ളണമെന്നല്ലാതെ അതേപ്പററിയാതൊരു വാദപ്രതിവാദവും നടത്തുവാൻ അനുവദിക്കുന്നതല്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ഇങ്ങനെ ഉത്തരം പറഞ്ഞ പോലീസുമന്ത്രിക്ക് വാസ്തവത്തിൽ സ്വബോധമില്ലെന്നു ഞാൻ പറഞ്ഞാൽ അതിനോട് അങ്ങും യോജിക്കുമോ?

മി. സ്പീക്കർ : ഓരോരുത്തർക്ക് ഓരോന്നിനെപ്പററിയും സ്വന്തം അനുമാനങ്ങൾ ഉണ്ടാകാം. അത്തരം അനുമാനങ്ങൾ ഉണ്ടാകുന്നതിൽനിന്ന് ആർക്കും ആരെയും തടുത്തുനിറുത്താൻ അവകാശമില്ല.

ശ്രീ. കെ. സി. ജോർജ്ജ് : ഒരാളിന് വൈദ്യസഹായമില്ലാത്തതിനെപ്പററി അന്വേഷണം നടത്താമെന്നു പറഞ്ഞല്ലോ, പോലീസുകാരെ കൊണ്ടാണോ അന്വേഷണം നടത്താമെന്നു വിചാരിക്കുന്നത്?

ശ്രീ. എ. ജെ. ജാൻ : അതേപ്പററി ആലോചിച്ചിട്ടില്ല. അതിനാസ്പദമായ എല്ലാ കാര്യങ്ങളേയുംപററി ആലോചിച്ചശേഷം ഒരു തീരുമാനം ചെയ്യുന്നതായിരിക്കും.

ശ്രീ. കെ. സി. ജോർജ്ജ് : ഇനി മേലാലെങ്കിലും പോലീസുകാരെക്കൊണ്ട് അന്വേഷിപ്പിക്കാതിരിക്കാൻ ശ്രമിക്കുമോ?

ശ്രീ. എ. ജെ. ജാൻ : അതേപ്പററി ആലോചിച്ചു വേണ്ടതു ചെയ്യുന്നതാണ്.

ഗവണ്മെന്റ് സ്റ്റാക്കുചെയ്തിട്ടുള്ള അരി.

* 60. [14] ശ്രീ. വി. ശ്രീധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെന്റ് ഇപ്പോൾ എത്ര ടൺ അരി സ്റ്റാക്ക് ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ, ചീത്തയാവുകയും തൻമൂലം ഉപയോഗശൂന്യമാവുകയും ചെയ്തിട്ടുള്ള അരിയും ഉൾപ്പെടുമോ;

(സി) ഇല്ലെങ്കിൽ എത്ര ടൺ അരിയാണ് ചീത്തയായിട്ടുള്ളത്; അതു എന്തുചെയ്തു?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൻ):

(എ) ഗവണ്മെന്റ് ഇപ്പോൾ 75,000 ടൺ അരി സ്റ്റാക്കുചെയ്തിട്ടുണ്ട്.

(ബി) ഇതി ചീത്തയാകുകയും തൻമൂലം ഉപയോഗശൂന്യമാകുകയും ചെയ്തിട്ടുള്ള അരിയും ഉൾപ്പെടും.

(സ്) എത്ര അരി ചീത്തയായിട്ടുണ്ടെന്ന് ക്ലീനിംഗ് കഴിഞ്ഞതിനു ശേഷമേ അറിയുകയുള്ളൂ.

ശ്രീ. വി. ശ്രീധരൻ: ഗവണ്മെന്റ് സ്റ്റാക്കുചെയ്തിട്ടുള്ള അരിക്ക് കേടുവരാതെ സൂക്ഷിക്കുവാൻ ഏതെങ്കിലും ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൻ: അതിലേയ്ക്ക് പ്രത്യേകം ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തിയിട്ടില്ല എന്നാണു തോന്നുന്നതു്. എന്നാൽ കേടുവരാതെ സൂക്ഷിക്കുവാനുള്ള നടപടികൾ നടത്തിയിട്ടുണ്ട്.

ശ്രീ. വി. ശ്രീധരൻ: ഇപ്പോൾ അതിനുള്ള ചുമതല ആർക്കാണ്?

ശ്രീ. എ. ജെ. ജാൻ: ചില ഡിപ്പോ ആഫീസറന്മാർ ആ ചുമതല വഹിക്കുന്നു.

ശ്രീ. വി. ശ്രീധരൻ: എന്നിട്ടും ഇത്രയും അരി ചീത്തയായിപ്പോകാനുള്ള കാരണമെന്താണ്?

ശ്രീ. എ. ജെ. ജാൻ: നേരത്തെ സ്റ്റാക്കു ചെയ്തിരുന്ന ഉണക്കലരി 17,000 ടണ്ണോളം ഉണ്ട്. അതാണ് കൂടുതലായി മോശമായിപ്പോയതു്.

ശ്രീ. വി. ശ്രീധരൻ: ഈ അരി സ്റ്റാക്കുചെയ്തിരുന്നതു് എവിടെയാണ്?

ശ്രീ. എ. ജെ. ജാൻ: പല ഇടത്തുമായി സ്റ്റാക്കു ചെയ്തിരുന്നു.

ശ്രീ. വി. ശ്രീധരൻ: എവിടെ സ്റ്റാക്കുചെയ്തിരുന്ന അരിയാണു മോശമായിപ്പോയതു്?

ശ്രീ. എ. ജെ. ജാൻ: എല്ലായിടത്തും അരി മോശമായിപ്പോയിട്ടുണ്ട്. കൂടുതലുള്ളതു് ആലപ്പുഴയാണ്.

ശ്രീ. ടി. കെ. ദിവാകരൻ : ഗവണ്മെൻ[illegible] ഇൻഡ്യാഗവണ്മെൻറ് [illegible]ടുക്കുന്ന [illegible] ഗവണ്മെ[illegible] [illegible]ണ്ടിയിൽ പ്രസ്താവിക്കുകയുണ്ടായി. അതനുസരിച്ച് [illegible] നടപടിയും നടത്തിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൻ : ക്ലീനിംഗ് നടത്തിയശേഷം ഇൻഡ്യാഗവണ്മെൻറ് എടുത്തുകൊള്ളാമെന്നാണു പറഞ്ഞിട്ടുള്ളത്. തുടർന്നുള്ള നടപടിയെല്ലാം തുടങ്ങിയിട്ടുണ്ട്. ഇങ്ങനെ നാളെയോ മറ്റോ ജോലി ആരംഭിക്കും. ഇക്കാര്യത്തിന് ഇൻഡ്യാഗവണ്മെൻറിലെ ഒരു ഉദ്യോഗസ്ഥൻ ഇവിടെ വരുന്നതാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : [illegible]ക്കൊണ്ടു [illegible] നവെന്നും ക്ലീനിംഗ് നടത്തുവാനു [illegible] പ്രസ്താവന ഉണ്ടായതിനുശേഷം ഗോഡൗണിൽ കിടക്കുന്ന അരി കൂടുതൽ നഷ്ടപ്പെടുത്തുവാൻ അവിടത്തെ ഉദ്യോഗസ്ഥന്മാർ ശ്രമിച്ചുവരുന്നു എന്നുള്ള വിവരം തൊഴിലാളിപ്രതിനിധികൾ ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൻ : സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെൻറിന്റെ മേൽനോട്ടത്തിലായിരുന്നു ഇതുവരെ ഈ ഗോഡൗണുകൾ സൂക്ഷിച്ചുവന്നതു്. ഇനിമേൽ ഇത്രയും നഷ്ടങ്ങളോ നാശങ്ങളോ ഉണ്ടാകുമെന്നു തോന്നുന്നില്ല. ക്ലീനിംഗ് നടത്തുന്നതിനു മേൽനോട്ടം സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെൻറിലെ ഉദ്യോഗസ്ഥന്മാരോടു ചേർക്കണമെന്നാണ് ഉദ്ദേശിക്കുന്നതു്. അങ്ങനെ ഉണ്ടാകാതിരിക്കാൻ വേണ്ട നടപടികൾ ഗവണ്മെൻറ് എടുക്കുന്നതുമാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : അരി ക്ലീൻ ചെയ്തതനുശേഷമേ ഇൻഡ്യാഗവണ്മെൻറ് എടുക്കുകയുള്ളൂ എന്നു പറഞ്ഞല്ലോ, ആ സംബന്ധിച്ചുള്ള നടപടികൾ എങ്ങനെയിരിക്കുന്നു?

ശ്രീ. എ. ജെ. ജാൻ : അതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. കഴിയുന്നതും വേഗം ആ ജോലി പൂർത്തിയാക്കുന്നതാണ്.

ശ്രീ. എം. വി. ചെറിയാൻ : ഇവിടെ ചെലവില്ലാതെ വരുമെന്നറിഞ്ഞുകൊണ്ടു് ഇത്രയധികം അരി സ്റ്റാക്കുചെയ്യാനുള്ള കാരണം എന്താണ്?

ശ്രീ. എ. ജെ. ജാൻ : ഇവിടെ ആവശ്യമുണ്ടെന്നു കരുതി നേരത്തെ സ്റ്റാക്കുചെയ്തിരുന്ന അരിയാണിതു്. എന്നാൽ പാകിസ്ഥാനിൽനിന്നും വില കുറഞ്ഞ അരി വന്നതുകൊണ്ടു് ഈ അരി ചെലവാകാതെ വന്നതാണ്.

ശ്രീ. പ്രാക്കുളം മാസി : 75,000 ടൺ അരിയോളം സ്റ്റാക്കിരിപ്പുണ്ടെന്നു പറഞ്ഞു. അതിന് ഗവണ്മെൻറിന് എന്തു ചെലവുവന്നു?

ശ്രീ. എ. ജെ. ജാൻ : ഏകദേശം നാലഞ്ചുകോടി രൂപയോളം വരും.

ശ്രീ. കെ. എം. ജോർജ് : നിയന്ത്രണ നടപടികൾ പിൻവലിക്കുവാൻ തുടങ്ങിയതോടുകൂടി ഈ അരി ഇൻഡ്യാഗവണ്മെൻറിനെ ഏല്പിക്കുവാൻ തയ്യാറാകാഞ്ഞതു് എന്തുകൊണ്ടാണ്?

ശ്രീ. എ. ജെ. ജാൺ : അന്നുമുതൽ തന്നെ ഗവണ്മെൻറ് അതിനുള്ള നടപടികൾ നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. അടുത്ത കാലത്താണ് ഇൻഡ്യാ ഗവണ്മെൻറ് ആ അരി എടുത്തുകൊള്ളാമെന്നു സമ്മതിച്ചതു്.

ശ്രീ. ടി. കെ. ദിവാകരൻ : കഴിഞ്ഞ തവണ ഇതേപ്പററി ചോദ്യം ഉണ്ടായപ്പോൾ സമീപകാലത്തുതന്നെ അധികമുള്ള അരി ഇൻഡ്യാഗവണ്മെൻറ എടുത്തുകൊള്ളാമെന്നു സമ്മതിച്ചതായി പറഞ്ഞു. എന്നിട്ട് ഇതുവരെ എടുക്കാതിരുന്നതു് എന്തുകൊണ്ടാണ്?

ശ്രീ. എ. ജെ. ജാൺ : അതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ക്ലീൻ ചെയ്ത അരി മാത്രമെ ഇൻഡ്യാ ഗവണ്മെൻറ് എടുക്കുകയുള്ളു. അരി ക്ലീൻ ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. പ്രാക്കുളം ഭാസി : ഇവിടെ കിടപ്പുള്ള അരിക്ക് ഇൻഡ്യാ ഗവണ്മെൻറിൽനിന്നും സബ്സിഡി കിട്ടുകയില്ലേ?

ശ്രീ. എ. ജെ. ജാൺ : സബ്സിഡി തരേണ്ടയാവശ്യമില്ല. ഏതു വിലയ്ക്ക് ഇൻഡ്യാഗവണ്മെൻറ് അരി തന്നുവോ അതേ വിലയ്ക്കുതന്നെ എടുത്തുകൊള്ളുകയും ചെയ്യും.

ശ്രീ. പ്രാക്കുളം ഭാസി : അതുകൊണ്ട് ഇക്കാര്യത്തിൽ ഗവണ്മെൻറിന് ഒരു നഷ്ടവും ഇല്ലെന്നാണോ പറയുന്നതു്?

ശ്രീ. എ. ജെ. ജാൺ : അരി മോശമായിട്ടുണ്ടെങ്കിൽ അതു് നഷ്ടപ്പെടേണ്ടിവരും.

ശ്രീ. പ്രാക്കുളം ഭാസി : ഇങ്ങനെ അരി മോശമാക്കാനിടവരുത്തിയ ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടിയെടുക്കാൻ ഗവണ്മെൻറ് വിചാരിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ : അതു സാദ്ധ്യമാണെന്നു തോന്നുന്നില്ല. ഈ അരി ഇത്രയും കാലം വച്ചുകൊണ്ടിരുന്നതു് തിരുവിതാംകൂർ–കൊച്ചിയിലെ ജനങ്ങൾക്ക് അരി കിട്ടാതെ വരരുതു് എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്. അതിൽ ഇവിടത്തെ ഉദ്യോഗസ്ഥന്മാരെ കുററപ്പെടുത്താൻ സാദ്ധ്യമാണെന്നു തോന്നുന്നില്ല.

ശ്രീ. കെ. എം. ജാർജ്ജ് : ഇൻഡ്യാഗവണ്മെൻറ് ശേഖരിച്ചു സൂക്ഷിച്ചിട്ടുള്ള ഗോഡൗണുകളിലും അരിക്ക് കേടുവന്നിട്ടുള്ളതായി അറിയുമോ?

ശ്രീ. എ. ജെ. ജാൺ : ഉണ്ടായിരിക്കാം.

പഞ്ചായത്തുകൾക്കുള്ള ഗ്രാൻറ്.

* 61. [15] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954–55-ൽ തിരുവിതാംകൂർ–കൊച്ചിയിലെ പഞ്ചായത്തുകൾക്ക് സ്റ്റാററ്യൂട്ടറി ഗ്രാൻറിനത്തിൽ ആകെ എന്തു തുക നൽകിയിട്ടുണ്ട്;

(ബി) സ്പെഷ്യൽ ഗ്രാൻറിനത്തിൽ ആകെ എന്തു തുക നൽകിയിട്ടുണ്ട്?

തദ്ദേശസ്വയംഭര[illegible] വകുപ്പ[illegible] (ശ്രീ. [illegible] കൊച്ചുകുട്ടൻ):

(എ) സ്റ്റാറ്റ്യൂട്ടറി ഗ്രാന്റിനത്തിൽ 1,99,825 രൂ[illegible] നൽകിയിട്ടുണ്ട്.

(ബി) സ്പെഷ്യൽ ഗ്രാന്റിനത്തിൽ 5,98,000 രൂപ നൽകിയിട്ടുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഈ സ്റ്റാറ്റ്യൂട്ടറി ഗ്രാന്റ് ഏതു പഞ്ചായത്തുകൾക്കായിട്ടാണ് വിതരണം ചെയ്തതെന്ന്?

ശ്രീ കെ. കൊച്ചുകുട്ടൻ: അതിന്റെ വിവരം ഇപ്പോൾ എന്റെ കൈവശം ഇല്ല. ഇതിനു മുമ്പിലത്തെ [illegible] ഈ പഞ്ചായത്തുകൾ കളക്ടറെ ചെയ്തിട്ടുള്ള തുകയുടെ [illegible]ത്തിലാണ് ഈ തുക കൊടുത്തിട്ടുള്ളത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: 1953–54 ആ[illegible] വസാനത്തിൽ ആണ് ഈ തുകകൾ പിരിച്ചെടുക്കുന്നതിനുള്ള മെറ്റീരിയത്സ് ലഭിക്കുവാൻ ഇടയായതെന്നും അതിനാൽ തുകകൾ പിരിച്ചെടുക്കുവാനുള്ള സാദ്ധ്യമല്ലാതെ വന്നിട്ടുണ്ടെന്നും ഉള്ള പരാതി ഈ നിയമസഭയിൽ [illegible] ഉണ്ടായിട്ടുണ്ടെന്നുള്ള വിവരം അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: തുക പിരിച്ചിട്ടില്ലാത്ത പഞ്ചായത്തുകൾക്കും ഗ്രാന്റ് കൊടുത്തിട്ടുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഈ രാജ്യത്താകെ 548 പഞ്ചായത്തുകൾ ഉള്ളതിൽ ഭൂരിപക്ഷം പഞ്ചായത്തുകൾക്കും ഗ്രാന്റ് കിട്ടിയിട്ടില്ലെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഭൂരിപക്ഷം പഞ്ചായത്തുകൾക്കും സ്റ്റാറ്റ്യൂട്ടറി ഗ്രാന്റ് കിട്ടിയിട്ടുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സ്പെഷ്യൽ ഗ്രാന്റ് കൊടുക്കുന്നതിൽ വല്ല പ്രത്യേക പരിഗണനയും ഉണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: യാതൊരു പ്രത്യേക പരിഗണനയും ഇല്ല. എല്ലാ പഞ്ചായത്തുകൾക്കും ആയിരം രൂ[illegible] വീതം സ്പെഷ്യൽ ഗ്രാന്റ് കൊടുക്കുന്നുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: പഞ്ചായത്തുകൾക്ക് മറ്റെന്തെങ്കിലും ഗ്രാന്റ് നൽകാറുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: വേറെ ഗ്രാന്റൊന്നും കൊടുക്കാറില്ല. ചില പഞ്ചായത്തുകൾക്ക് ബിൽഡിംഗ് ഗ്രാന്റ് കൊടുത്തിട്ടുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഈ സ്പെഷ്യൽ ഗ്രാന്റ് ഏതു പഞ്ചായത്തുകൾക്കനുവദിക്കുമ്പോൾ അവയുടെ സാമ്പത്തിക സ്ഥിതിയെപ്പറ്റി അന്വേഷണം നടത്തിയാണോ അനുവദിക്കുന്നത്?

ശ്രീ. കെ. കൊച്ചുകുട്ടൻ: സാമ്പത്തിക സ്ഥിതിയെപ്പറ്റി അന്വേഷണം നടത്താറുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : എസ്റ്റാബ്ലിഷ്മെൻറ ചാർജ്ജുപോലും വഹിക്കുവാൻ നിവൃത്തിയില്ലാത്ത നിരവധി പഞ്ചായത്തുകൾ തിരുവിതാംകൂർ–കൊച്ചിയിലുണ്ടെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെ കുറെ പഞ്ചായത്തുകൾ ഉണ്ടെന്നറിയാം. അതു കണക്കിട്ടു 1955–56. ചില പഞ്ചായത്തുകൾക്ക് എസ്റ്റാബ്ലിഷ്മെൻറ് ചാർജ്ജുകൂടി സഹായധനമായി കൊടുക്കാമെന്നു തീരുമാനിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ ഇതിനു വക കൊള്ളിച്ചിട്ടുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഇവിടെയുള്ള പഞ്ചായത്തുകളുടെ ഒരു സാമ്പത്തികസർവ്വെ എടുക്കാൻ ഗവണ്മെൻറ തയ്യാറാകുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിൻെറ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഒരു സർവ്വെ നടത്താതെതന്നെ ഓരോ പഞ്ചായത്തിലേയും സാമ്പത്തികസ്ഥിതി മനസ്സിലാക്കുവാൻ കഴിയും.

ശ്രീ. ടി. കെ. ദിവാകരൻ : എസ്റ്റാബ്ലിഷ്മെൻറ ചാർജ്ജസ് ഗവണ്മെൻറ കൊടുക്കുമ്പോൾ ഗവണ്മെൻറ ജീവനക്കാരോട് തുല്യമായ ശമ്പളം പഞ്ചായത്തുജീവനക്കാർക്കും കൊടുക്കേണ്ടതാണെന്നു ഗവണ്മെൻറ് നിർദ്ദേശിക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതു പഞ്ചായത്തുകാരാണു തീരുമാനിക്കേണ്ടതു്.

ശ്രീ. ടി. കെ. ദിവാകരൻ : പ്രൈവറ്റ വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാർക്ക് ഗവണ്മെൻറ വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരോടു തുല്യമായ ശമ്പളം അനുവദിച്ചുകൊടുക്കുവാൻ തയ്യാറായ ഗവണ്മെൻറിനു, പഞ്ചായത്തുജീവനക്കാർക്ക് ഗവണ്മെൻറ ജീവനക്കാരോടു തുല്യം ശമ്പളം കൊടുക്കണമെന്നു് ആവശ്യപ്പെടുന്നതിൽ എന്താണു വിരോധം?

ശ്രീ. കെ. കൊച്ചുകുട്ടൻ : മിക്ക പഞ്ചായത്തുകൾക്കും ഏറ്റക്കുറവു ജീവനക്കാരുടെ ആവശ്യം ഉണ്ടാവുകയില്ല. അതുകൊണ്ടു പഞ്ചായത്തുകളുടെ സാമ്പത്തികസ്ഥിതിപോലെ മാത്രമെ ജീവനക്കാർക്കു ശമ്പളം കൊടുക്കാൻ തരപ്പെടുകയുള്ളു.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : സ്പെഷ്യൽ ഗ്രാൻറ് എന്നാണു കൊടുത്തതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ : 1–3–1955-ൽ.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : ഈ മാസം അവസാനിക്കുന്നതിനുമുമ്പ് ജോലികൾ തീർത്തില്ലെങ്കിൽ ഈ തുക ലാപ്സായിപ്പോവുകയില്ലേ?

ശ്രീ കെ. കൊച്ചുകുട്ടൻ : പല പഞ്ചായത്തുകളിലും വർക്കുകൾ നടത്തിക്കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടു് തുക മിക്കവാറും ലാപ്സാകുകയില്ല. ഈ മാസത്തിൽത്തന്നെ ജോലികളെല്ലാം ചെയ്തു തീർക്കാമെന്നും അവർ പറയുന്നുണ്ട്. അതിനാൽ തുക ലാപ്സാകാതെ സൂക്ഷിക്കുവാൻ കഴിയും.

ശ്രീ. തോപ്പിൽ മോഹൻ പിള്ള : [illegible] വിച്ചിട്ടുള്ള വർക്കിംഗ് [illegible] ഈ മാസത്തിനകം ജോലി അവസാനിപ്പിക്കുന്നതെങ്ങനെയാണെന്ന പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കാര്യങ്ങൾ നടക്കണമെന്നാഗ്രഹിക്കുന്ന പഞ്ചായത്തുകൾ [illegible] അതിന് വിഷമമില്ല.

ശ്രീ. തോപ്പിൽ മോഹൻ പിള്ള : അതു് സാദ്ധ്യമല്ലെന്ന് പ്രാദേശിക മായ അനുഭവത്തിൽ നിന്നും പറഞ്ഞാ ബഹുമാനപ്പെട്ട മന്ത്രി അതു വിശ്വസിക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പല സ്ഥലത്തും സാദ്ധ്യമായിട്ടുണ്ടെന്നു അറിയാം.

ശ്രീ. [illegible] : ബുദ്ധിയുള്ള പഞ്ചായത്ത് പ്രസിഡന്റന്മാർ ഉള്ള പഞ്ചായത്തുകളിൽ [illegible] നടക്കുന്നില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കാര്യം ഏതിനെയെങ്കിലും നടക്കണമെന്നാഗ്രഹമുണ്ടെങ്കിൽ ഈ മാസത്തിനകം തന്നെ പ [illegible] തീർക്കാൻ കഴിയും.

ശ്രീ. എം. എ. ആൻറണി : പബ്ലിക് ഹെൽത്ത് ആവശ്യങ്ങൾക്കായി ഈ പഞ്ചായത്തുകൾക്ക് ഏതെങ്കിലും തുക ഗ്രാൻറായി കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കൊടുത്തിട്ടുള്ളതായി അറിവില്ല.

കുടിയിറക്കലുകൾ.

*62. [16] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : [illegible] കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടിയിറക്കലുകൾ അവസാനിപ്പിക്കുന്നതിനു നിയമനിർമ്മാണപരിപാടി അടിയന്തിരമായി സ്വീകരിക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ സമ്മേളനത്തിൽ ബിൽ അവതരിപ്പിക്കുന്നുണ്ടോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) കുടികിടപ്പുകാരെ കുടിയിറക്കുന്നതു സംബന്ധിച്ചുള്ള ഒരു ബില്ല് ഈ നിയമസഭയുടെ പരിഗണനയിൽ ഇരിക്കുകയാണ്. അതിൽ ഉൾപ്പെടാത്ത കുടിയിറക്കലുകളെ സംബന്ധിച്ച് എന്തു വ്യവസ്ഥയാണു കൈക്കൊള്ളേണ്ടതു് എന്നുള്ളതു ഗവണ്മെൻറ് ആലോചിച്ചുവരുന്നു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : കുടിയിറക്കൽ നിരോധന ബില്ല് ഉൾപ്പെടെ മററു ഭൂനയബില്ലുകൾ [illegible] കുടിയിറക്കലുകൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു ഇരിക്കുന്നുവെന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ : കുടിയിറക്കലുകൾ വർദ്ധിച്ചുവരുന്നുവെന്ന് അറിഞ്ഞുകൂടാ.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഈ രാജ്യത്ത് കുടികെട്ടിക്കിടക്കുന്ന അനവധി സാധുക്കളുടെ കുടിലുകൾ പൊളിച്ചിറക്കി അവരെ അവിടെ നിന്നും ആട്ടിപ്പായിക്കുന്നുവെന്നറിയാമോ ?

ശ്രീ. എ. ജെ. ജാൺ : ഉടമസ്ഥന്മാരുടെ അനുവാദം കൂടാതെ വസ്തുവിൽ ബലമായി പ്രവേശിച്ച് കുടിയേ വയ്ക്കുകയാണെങ്കിൽ അതിനെ പൊളിച്ചുമാററുന്നതിനു ഉടമസ്ഥന്മാർക്ക് അവകാശം ഉണ്ടായിരിക്കുന്നതാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഇരുപത്തും മുപ്പത്തും വർഷങ്ങളായി കുടികെട്ടി താമസിക്കുന്ന ആളുകളെ ഇറക്കിവിടുന്നതായി ധാരാളം പരാതികൾ ഉണ്ടായിട്ടില്ലേ ?

ശ്രീ. എ. ജെ. ജാൺ : കുറെ അധികം വർഷങ്ങളായി കുടികെട്ടി താമസിക്കുന്നവർ അവരുടെ പേരുകൾ നേരത്തെ തന്നെ രജിസ്റ്റർ ചെയ്യണമെന്നു വ്യവസ്ഥയുണ്ട്. അങ്ങനെ അനവധിയാളുകൾ രജിസ്റ്റർ ചെയ്തിട്ടും ഉണ്ട്. അങ്ങനെയുള്ളവരെ ഇറക്കിവിടുന്നതായി അറിവില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ആവഡി കാൺഗ്രസ്സ് സമ്മേളനം സോഷ്യലിസം വേണമെന്നു പ്രഖ്യാപിച്ച സ്ഥിതിക്ക് ഈ രാജ്യത്തു കുടിയിറക്കു നിരോധിക്കണമെന്നുള്ള തത്വം കാൺഗ്രസ്സ് ഗവണ്മെൻറു മുറുകെ പിടിക്കേണ്ടതല്ലേ?

ശ്രീ. എ. ജെ. ജാൺ : നിയമാനുസരണമായ കുടിയിറക്കും ആവഡി സമ്മേളനവും തമ്മിൽ ഒരു ബന്ധവുമില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : കുടിയിറക്കിനെ സംബന്ധിച്ച് ഒരു ആർഡിനൻസ് പുറപ്പെടുവിക്കാൻ ഗവണ്മെൻറു തയ്യാറാകുമോ ?

ശ്രീ. എ. ജെ. ജാൺ : കുടിയിറക്കു നിരോധനബിൽ ഈ അസംബ്ലി സെഷനിൽത്തന്നെ പാസ്സാക്കാൻ സാധിക്കുമെന്നാണു ഗവണ്മെൻറു വിചാരിക്കുന്നതു്. പ്രത്യേകമായ ഒരു ആർഡിനൻസിൻെറ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. ടി. കെ. ദിവാകരൻ : പല സ്ഥലങ്ങളിലും കുടികെട്ടിതാമസിക്കുന്ന സാധുക്കളിൽ കുറെ അധികം പേർക്ക് തങ്ങളുടെ പേരു് രജിസ്റ്റർ ചെയ്യാൻ സൗകര്യം ലഭിക്കാത്തതുനിമിത്തം ഇറങ്ങിപോകേണ്ടതായിട്ടാണിരിക്കുന്നതു്. അതുകൊണ്ടു് രജിസ്റ്റർ ചെയ്യാനുള്ള കാലാവധി അല്പം കൂടി നീട്ടിക്കൊടുക്കാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ ?

ശ്രീ. എ. ജെ. ജാൺ : കുടികിടപ്പുകാരുടെ കുടിയിറക്കു നിരോധനബിൽ ഈ സഭയിൽ ചർച്ചാവിഷയമായിരിക്കുന്ന സ്ഥിതിക്ക് എത്രയും വേഗം ബിൽ പാസ്സാകുമെന്നുതന്നെയാണു വിചാരിക്കുന്നതു്. ആയതിനാൽ രജിസ്ട്രേഷൻെറ കാലാവധി നീട്ടേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. സി. കെ. വിശ്വനാഥൻ : കുടിയിറക്കുനിരോധനബിൽ പാസാകുമ്പോൾ അതിൻെറ പഴുതുകൾ ഉപയോഗിച്ചു ജന്മിമാർ സാധുക്കളെ ഉപദ്രവിക്കാതിരിക്കാൻ പ്രത്യേകം വ്യവസ്ഥകൾ ചെയ്യുമോ?

ശ്രീ. എ. ജെ. ജാൻ : ചട്ടപ്രകാരം ഉപയോഗിച്ചു ഇ ഇരിക്കുന്നതിക്കാൻ പ്രത്യേക വ്യവസ്ഥകൾ ഉണ്ടായിരിക്കും.

ശ്രീ. എൻ. പരമേശ്വരൻപിള്ള : ഒരു ബിൽ നിയമസഭയിൽ ചർച്ചയിൽ ഇരിക്കുമ്പോൾ അതെടുത്തിട്ട് ഒരു ഓർഡിനൻസ് പുറപ്പെടുവിക്കാമോ?

ശ്രീ. എ. ജെ. ജാൻ : പാടില്ല.

റൂറൽ ഡെവലപ്പ്മെന്റ്.

* 63. [17] ശ്രീ. എൻ. നീലകണ്ഠപ്പിള്ള പണ്ടാരത്തിൽ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954–55-ലെ ബഡ്ജറ്റിൽ റൂറൽ ഡെവലപ്പ്മെന്റ് വകുപ്പ് ബഡ്ജറ്റിൽ എന്തു തുക കൊള്ളിച്ചിട്ടുണ്ട്;

(ബി) ഈ ഇനത്തിൽ ഇതുവരെ എത്ര പണികൾ പൂർത്തിയാക്കിയിട്ടുണ്ട്; എത്ര രൂപയുടെ ജോലി;

(സി) എത്ര ജോലികൾ എന്തു തുകയ്ക്കുള്ളവയ്ക്ക് ടെൻഡർ കൊടുത്തുകഴിഞ്ഞു;

(ഡി) ഈ ഇനത്തിൽ കേന്ദ്രത്തിൽ നിന്ന് ലഭ്യമാകാനിടയുള്ള തുക എത്രയാണ്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) 1954–55-ലെ ബഡ്ജറ്റിൽ റൂറൽ ഡെവലപ്പ്മെന്റ് ജോലികൾക്കായി 30.85 ലക്ഷം രൂപ കൊള്ളിച്ചിട്ടുണ്ട്.

(ബി) 28 ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. പൂർത്തിയായ ജോലികൾക്കായി ആകെ ചെലവ് 42,200 രൂപ.

(സി) 5,97,149 രൂപ ആകെ ചെലവുവരുന്നതായ 251 ജോലികൾക്കു ഇതുവരെ ടെൻഡർ കൊടുത്തുകഴിഞ്ഞു.

(ഡി) ആകെ ചെലവാകുന്ന തുകയുടെ 50 ശതമാനം കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതാണ്.

ശ്രീ. എൻ. നീലകണ്ഠപ്പിള്ള പണ്ടാരത്തിൽ : ഇതുവരെ ചെലവായിട്ടുള്ള തുക കഴിച്ചു ബാക്കിയുള്ള തുക മുഴുവനും ലാപ്സാകുകയല്ലെ ചെയ്യുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ : മുഴുവനും ലാപ്സാകുകയില്ല.

ശ്രീ. എൻ. നീലകണ്ഠപ്പിള്ള പണ്ടാരത്തിൽ : 28 ജോലികൾക്ക് ടെൻഡർ കൊടുത്തുവെന്നു പറയുകയുണ്ടായി. അങ്ങനെ ടെൻഡർ കൊടുത്തതു് ഏതെങ്കിലും രാഷ്ട്രീയ പരിഗണനയുടെ പേരിലാണോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഒരു രാഷ്ട്രീയപരിഗണനയുടെയും പേരിലല്ല.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : നെടുമങ്ങാട്ടു താലൂക്കിൽ കാൺഗ്രസ്സിനുള്ളതു് 3 പഞ്ചായത്തുകൾ മാത്രമാണു്. ഈ മൂന്നു പഞ്ചായത്തുകൾക്കല്ലാതെ മററു വല്ല പഞ്ചായത്തുകൾക്കും ഇങ്ങനെയുള്ള ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കാൺഗ്രസ്സ് അല്ലാത്ത പഞ്ചായത്തുകളുടേയും കാര്യങ്ങൾ ഭംഗിയായി നടക്കുന്നുണ്ടു്.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : മററു ഏതെങ്കിലും പഞ്ചായത്തുകൾക്കു് ഏതെങ്കിലും പണി നടത്താനുള്ള സൗകര്യം ഗവണ്മെൻറു ചെയ്തുകൊടുത്തിട്ടുണ്ടോയെന്നാണു ഞാൻ ചോദിച്ചതു്.

ശ്രീ. കെ. കൊച്ചുകുട്ടൻ : ഉണ്ടെന്നാണു ഞാൻ പറയുന്നതു്. അതായതു ഈ അടുത്തകാലത്തു ഞാൻ തന്നെ നെടുമങ്ങാട്ടുള്ള പഞ്ചായത്തിലെ ഒരു ആശുപത്രിക്കുവേണ്ടി കല്ലിട്ടിട്ടുണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി : നാട്ടുകാർ അതാതു പഞ്ചായത്തുകൾക്കു കൊടുക്കാനുള്ള തുക ഈ 31-ാംതീയതിക്കു മുൻപു കൊടുത്തില്ലെങ്കിൽ അതുകളിലെ ജോലികൾക്കുള്ള ടെൻഡർ പുതുക്കി വിളിക്കണമെന്നു പ്രത്യേക വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : നാട്ടുകാർ അവരവരുടെ വീതം കൊടുക്കണമെന്നു പ്രത്യേകം വ്യവസ്ഥയുണ്ടു്. അങ്ങിനെ ചെയ്തില്ലെങ്കിൽ ജോലി നടത്താൻ സാധിക്കയില്ല.

ശ്രീമതി കെ. ആർ ഗൗരി : 31-ാംതീയതി എന്നുള്ള ഡേററ് അല്പം കൂടി നീട്ടിവയ്ക്കുന്നതിനു സാധിക്കയില്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതു് സാധിക്കും എന്നു തോന്നുന്നില്ല.

ശ്രീമതി കെ. ആർ. ഗൗരി : വരുന്ന ഏപ്രിൽ 15-ാംതീയതി വരെ നാട്ടുകാരിൽനിന്നും പണം പിരിക്കുന്നതിനുള്ള അവധി നീട്ടിക്കൊടുക്കുന്നതിനു ഗവണ്മെൻറിനു വല്ല അപ്രീതിയും ഉണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനെപ്പററി ആലോചിക്കാം.

ശ്രീമതി കെ. ആർ. ഗൗരി : അങ്ങനെ അല്പംകൂടി സമയം നീട്ടി കൊടുത്തില്ലെങ്കിൽ പല പഞ്ചായത്തുകളിലും നടത്താനുദ്ദേശിച്ചിരിക്കുന്ന പണി പൂർത്തിയാക്കുകയില്ലായെന്നുള്ള വിവരം ഗവണ്മെൻറിനു് അറിഞ്ഞുകൂടേ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇക്കൊല്ലം പണി പൂർത്തിയായില്ലെങ്കിൽ അടുത്തകൊല്ലം പണി പൂർത്തിയാക്കാവുന്നതാണു്.

ശ്രീമതി കെ. ആർ. ഗൗരി : ഈയാണ്ടിൽ പണി പൂർത്തിയാകാത്തതു നിമിത്തം ലാപ്സായിപോകുന്ന തുക അടുത്തകൊല്ലത്തേയ്ക്കു അനുവദിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനെപ്പററി ആലോചിക്കാം.

ശ്രീമതി കെ. ആർ. ഗൗരി : ടെൻഡർ വിളിച്ചതനുസരിച്ചു നാട്ടുകാർ തുക കൊടുത്തിട്ടുള്ള പഞ്ചായത്തുകൾ, അതുകൾ ജോലികൾ നടത്തുന്നതിനുവേണ്ടി ആ പഞ്ചായത്തുകൾ പണം കൊടുക്കാതിരുന്നാൽ ആ പണി ഇവ കൊല്ലം നടത്തുകയില്ലെന്നാണോ മനസ്സിലാക്കേണ്ടതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതെ.

ശ്രീ. ടി. കെ. ദിവാകരൻ : വളരെയധികം പഞ്ചായത്തുകൾ ഉള്ളതുകൊണ്ട് അവകളിലെ ജോലികൾക്കുവേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ വളരെ താമസം നേരിടുന്നുവെന്നുള്ളതു് അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെ വലിയ താമസം നേരിടുന്നതായി അറിവില്ല.

തിരുവനന്തപുരം പഴവങ്ങാടി മൈതാനത്തെ യോഗം.

* 64. [18] ശ്രീ. പി. വിശ്വംഭരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) 1955 ഫെബ്രുവരി 13-ാംതീയതി തിരുവനന്തപുരം പഴവങ്ങാടി മൈതാനത്തു നടന്ന ഒരു പൊതുയോഗത്തിൽ ശല്യമുണ്ടാക്കിയതിന്റെ പേരിൽ എന്തെങ്കിലും കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ആകെ എത്ര പ്രതികളുണ്ട്;

(ഡി) എന്തെല്ലാം കുറ്റങ്ങളാണ് അവരുടെ മേൽ ആരോപിച്ചിട്ടുള്ളതു്;

(ഇ) പൊതുയോഗത്തിൽ ബഹളമുണ്ടാക്കിയതിന്റെ അടിസ്ഥാനത്തിൽ മറ്റേതെങ്കിലും കേസുകൾ ഇന്നു സംസ്ഥാനത്തു നിലവിലുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അതിലെ പ്രതികളുടെ മേൽ എന്തെല്ലാം കുറ്റങ്ങളാണ് ആരോപിച്ചിട്ടുള്ളതു്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഉണ്ട്.

(ബി) ഒരു കേസ്.

(സി) അൻപതോളം പ്രതികൾ.

(ഡി) ഐ. പി. സി. 148, 149, 427, 341, 379, 395 വകുപ്പുകളനുസരിച്ചുള്ള കുറ്റങ്ങൾ.

(ഇ) ഉണ്ട്. ഒന്ന് കായങ്കുളത്തും, മറ്റൊന്ന് തൃശ്ശൂരും.

(എഫ്) (1) കായങ്കുളം:—ഐ. പി. സി. 133, 294, 34 ഈ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ.

(2) തൃശ്ശൂർ:—ഐ. പി. സി. 143, 146, 323 ഈ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ.

ശ്രീ. പി. വിശ്വംഭരൻ : തൃശ്ശൂരിൽ നടന്നിട്ടുള്ള ഏതു പൊതുയോഗത്തെ അടിസ്ഥാനമാക്കിയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതു്?

ശ്രീ. എ. ജെ. ജാൻ : ഒരു കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി യോഗത്തിലെ കമ്മ്യൂണിസ്റ്റുകാർ കുഴപ്പമുണ്ടാക്കിയതിനെ അടിസ്ഥാന പ്പെടുത്തിയാണ്.

ശ്രീ. പി. വിശ്വംഭരൻ : ഈ മാർച്ചുമാസം 13-ാംതീയതി തൃശ്ശൂർ വച്ചുനടന്ന ഒരു പൊതുയോഗത്തിൽ ശ്രീ. താണുപിള്ളയുടെ പ്രസംഗ മദ്ധ്യേ കുറെ ആളുകൾ ബഹളം ഉണ്ടാക്കിയതായി ഗവണ്മെൻറിന് അറി വുണ്ടോ?

ശ്രീ. എ. ജെ. ജാൻ : ഒരു ബഹളമുണ്ടായതായി പത്രത്തിൽ വായിച്ചു.

ശ്രീ. പി. വിശ്വംഭരൻ : അതിൻെറ അടിസ്ഥാനത്തിൽ എന്തെ ങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൻ : അന്വേഷിച്ചു പറയാം.

ശ്രീ. പി. വിശ്വംഭരൻ : പഴവങ്ങാടിയോഗത്തിൽ ഉണ്ടായ ബഹ ളത്തിനെ സംബന്ധിച്ചു നടപടികൾ എടുത്തതു് ആരാണ്?

ശ്രീ. എ. ജെ. ജാൻ : അധികാരമുള്ള ആളുകൾ.

ശ്രീ. പി. വിശ്വംഭരൻ : തൃശ്ശൂരിലെ യോഗത്തിൽ പോലീസുകാർ ഉടൻതന്നെ സ്ഥലത്തെത്താൻ വല്ല പ്രത്യേക കാരണവും ഉണ്ടോ?

ശ്രീ. എ. ജെ. ജാൻ : സമാധാനപാലനം നിർവഹിക്കുന്നതു് പോലീസാണ്. അതിനുവേണ്ടിയാണ് അവർ സ്ഥലത്തെത്തിയതു്.

ശ്രീ. പി. വിശ്വംഭരൻ : കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി യോഗ ത്തിലും, കൺഗ്രസ്സ് യോഗത്തിലും മാത്രം കുഴപ്പമുണ്ടായിയെങ്കിലേ കേസു എടുക്കുകയുള്ളോ?

ശ്രീ. എ. ജെ. ജാൻ : അങ്ങനെ നിർബന്ധമില്ല. നിയമവിരുദ്ധ മായി പ്രവർത്തിച്ചാൽ കേസ്സ് എടുക്കും.

ശ്രീ. പി. വിശ്വംഭരൻ : ഇതും രണ്ടുമല്ലാതെ മറേറതെങ്കിലും യോഗ ങ്ങളിൽ വല്ല ബഹളമോ കുഴപ്പമോ ഉണ്ടായാൽ കേസ് എടുക്കുമോ?

ശ്രീ. എ. ജെ. ജാൻ : കേസ്സെടുക്കുന്നതു് വിവരങ്ങൾ കിട്ടുന്നതനു സരിച്ചായിരിക്കും.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : തൃശ്ശൂരിൽ നടന്ന പി. എസ്സ്. പി യോഗത്തിൽ ബഹളമുണ്ടാക്കിയതു് തെററാണെന്നു ബഹുമാനപ്പെട്ട മുഖ്യ മന്ത്രിയും മി. കരുണാകരനും സമ്മതിച്ചു പ്രസംഗിച്ചിട്ടുള്ളതായി അറി യാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തൃശ്ശൂർ യോഗത്തിൽ ബഹള മുണ്ടാക്കിയതു് തെററാണെന്നു് ഞാൻ പ്രസ്താവിച്ചിട്ടുണ്ടു്. ബഹളം എന്നു പറയുന്നതു് എല്ലായ്പ്പോഴും കുററകരമായിരിക്കണമെന്നില്ല. പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ അവിടെ ശബ്ദം ഉണ്ടാക്കുക, പ്രാസം ഗികൻെറ ശബ്ദം മററുള്ളവർക്കു് കേൾക്കാൻ സാധിക്കാതെ വരിക, ഇങ്ങനെയൊക്കെ ചിലപ്പോൾ സംഭവിച്ചേയ്ക്കും. എന്നാൽ ഈ കാര്യ

ങ്ങൾക്കൊക്കെ നടപടി എടുക്കാൻ സാധ്യമോ എന്നുള്ളതു് എനിക്കു സംശയമാണു്. കുററകരമായ കാര്യങ്ങൾ നടത്തുന്നതായാൽ തീർച്ചയായും നടപടി എടുക്കുന്നതായിരിക്കും.

ശ്രീ. എ. കുഞ്ഞൻനാടാർ : പഴവങ്ങാടി യോഗത്തിൽ പോലീസുകാർ മഹ്ടിയിൽ വന്നു് ബഹളം ഉണ്ടാക്കിയതായിട്ടു് അറിയാമോ?

ശ്രീ. എ. ജെ. ജാൺ : അറിഞ്ഞുകൂടാ.

ശ്രീ കുട്ടപ്പൻ കോയിക്ക : കായങ്കുളത്തു് ഇതുപോലെ ഒരു കേസു് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നു പറയുകയുണ്ടായി. അതു് എപ്പോഴാണു്?

ശ്രീ. എ. ജെ. ജാൺ : 1953 നവംബർ 17-ാംതീയതി ഉണ്ടായ ഒരു സംഭവമാണു് അതു്. ആ സംഭവത്തിൽ മൂന്നു പ്രതികൾ ഉണ്ടു്. അതിൽ രണ്ടുപേരെ വിട്ടയച്ചു. ഒരാൾ ഒളിവിലാണു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : പ്രതികൾ ആരെല്ലാമാണെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ : പേരുകൾ പറയാൻ ഇപ്പോൾ രേഖ കൈവശമില്ല. എന്നാൽ കേസു് ഇപ്പോഴും പെൻഡിംഗ് ലിസ്റ്റിൽ ആണു്.

ശ്രീ. ടി. കെ. ദിവാകരൻ: ഏതെങ്കിലും യോഗത്തിൽ കത്തിക്കുത്തു നടന്നാൽ മാത്രമേ കേസെടുക്കുകയുള്ളു എന്നു നിർബന്ധമുണ്ടോ?

ശ്രീ. എ. ജെ. ജാൺ : അങ്ങനെ ഇല്ല. പീനൽ കോഡിനു് എതിരായിട്ടു് എന്തെങ്കിലും പ്രവർത്തിച്ചാൽ കേസെടുക്കുന്നതായിരിക്കും.

ശ്രീ. ടി. ഓ. ബാവാ : പൊതുയോഗങ്ങളിൽ നടക്കുന്ന പ്രസംഗമദ്ധ്യേ ശബ്ദം ഉണ്ടാക്കുന്ന ആളുകളെ കുറക്കന്മാർ എന്നു വിളിച്ചു് ആക്ഷേപിക്കുന്നതായറിയാമോ? (ഉത്തരമില്ല.)

ശ്രീ. പി. നാരായണൻപോററി : പൊതുയോഗങ്ങളിൽ ബഹളം ഉണ്ടാക്കുന്നതു് കുററകരമല്ലെന്നാണോ പറയുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇലക്ഷൻസംബന്ധിച്ചു് പ്രസംഗമദ്ധ്യേ ബഹളം ഉണ്ടാക്കുന്നതു് കുററകരം തന്നെയാണു്. അല്ലാത്ത യോഗസ്ഥലങ്ങളിൽ ബഹളം ഉണ്ടാക്കുന്നതു് കുററകരം അല്ലെന്നാണു് എനിക്കു തോന്നുന്നതു്. ഇംഗ്ലണ്ടിൽ അധികൃതമായ ഏതെങ്കിലും യോഗത്തിൽ ബഹളം ഉണ്ടാക്കിയാൽ അതു് കുററകരമാണെന്നു നിയമമുണ്ടു്. ആ നിയമം ഇവിടെയും നടപ്പിലാക്കുന്നതിനു് ബഹുമാനപ്പെട്ട മെംബറന്മാർക്കു് തടസ്സമില്ലെങ്കിൽ ഗവണ്മെൻറിനു സമ്മതമാണു്.

WRITTEN ANSWERS.

പിന്നാക്കസമുദായോദ്ധാരണം.

* 65. [21] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നാക്കസമുദായോദ്ധാരണത്തിന് 1951–52, 1952-53, എന്നീവർഷങ്ങളിൽ യഥാക്രമം ചെലവുചെയ്തതിൽ കൂടുതൽ സംഖ്യ 1952-53, 1953–54 ഈ വർഷങ്ങളിൽ ചെലവു ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കൂടുതൽ ചെലവു ചെയ്തിട്ടുള്ള രൂപയെത്ര ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ചെലവു ചെയ്തിട്ടുണ്ട്.

(ബി) 1953-54-ൽ 1952-53-ലെ ചെലവിനേക്കാൾ 1,81,509 രൂപയും 1952-53-ൽ 1951-52-ലെ ചെലവിനേക്കാൾ 2,67,509 രൂപയും, കൂടുതൽ ചെലവു ചെയ്തിട്ടുണ്ട്.

കപ്പക്കൃഷി.

* 66. [24] ശ്രീ. കെ. ടി. തോമസ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കപ്പയുടെ ഇപ്പോഴത്തെ വിലക്കുറവുമൂലം കർഷകർക്കുള്ള കഷ്ടനഷ്ടങ്ങളെ സംബന്ധിച്ച് എന്തെങ്കിലും നിവേദനം ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ;

(ബി) ഇതിനു വല്ല പരിഹാരവും ഉണ്ടാക്കുന്നതിന് ഗവണ്മെൻറിന് എന്തെങ്കിലും പദ്ധതിയുണ്ടോ;

(സി) ഉണ്ടെങ്കിൽ അതു് എന്താണ് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൻ) :

(എ) നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്.

(ബി, സി) ഇതിനെപ്പററി ഗവണ്മെൻറ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശമ്പളനിരക്ക്.

* 67. [25] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ്കാൻസ്റ്റബിൾമാരുടെ ശമ്പളനിരക്ക് എത്ര;

(ബി) ശമ്പളനിരക്ക് ഭേദഗതി ചെയ്യണമെന്നു വിചാരിക്കുന്നുണ്ടോ;

(സി) പോലീസ്കാൻസ്റ്റബിൾമാർക്ക് യാത്രപ്പടി കൊടുക്കുന്നതു് എന്തടിസ്ഥാനത്തിലാണ് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ)	ഒന്നാംക്ലാസുകാരന്	35	രൂപ.
	രണ്ടാം ,,	31	,,
	മൂന്നാം ,,	28	,,
	നാലാം ,,	25	,,

(ബി) ഉവ്വ്.

(സി) സർവ്വീസുറൂളുലേഷനിലെ നിയമമനുസരിച്ചാണ്.

പുറംപോക്കുഭൂമികൾ

*68. [34] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പഞ്ചായത്തുകളുടെ പരിധിയ്ക്കകത്തുള്ള പുറംപോക്കുഭൂമികൾ പഞ്ചായത്തുകൾക്ക് കൈവശപ്പെടുത്തിക്കൊടുക്കുവാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

ഇക്കാര്യം ഗവണ്മെൻറിൻെറ പര്യാലോചനയിലിരിക്കുകയാണ് അവസാനതീരുമാനമെടുത്തിട്ടില്ല.

Assessments.

*69. [42] **Shri V. V. Sebastian :** Will the Minister for Local Self Government be pleased to state :

(*a*) whether the Panchayats in the State have claimed for the inclusion of the money value of the cost of manual labour contributed by the public in the amount collected by them in 1953-54 for the purpose of determining the contributions payable by Government under Section 55 of the Panchayat Act.

(*b*) whether the money value of such contributions has, in any instance, been assessed by the Government;

(*c*) if so, for which Panchayats have such assessments been made ;

(*d*) will the Government be pleased to make such assessments for those panchayats whose claims on this account have not been satisfied ?

Minister for Local Self Government **(Shri K. Kochukuttan) :**

(*a*) Several Panchayats have put forth claims for the inclusion of the money value of manual labour contributed by the Public, in the amount collected by the Panchayats for the year 1953-54, for the purpose of determining the amount payable to the Panchayats as grants under Section 55 (1) and (2) of the Panchayats Act 1950 (II of 1950).

(*b*) and (*c*) The money value of manual labour rendered by the Public to the Kozhuvanal Panchayat has been accepted by Government.

(*d*) The assessment of the money value of manual labour will be made only in the case of works executed on the basis of previously prepared estimates. Since the claims of the Panchayats related to works which were not executed in accordance with the above principle, the money value of manual labour in respect of these cases could not be assessed.

Minimum Wages.

*70. [44] **Shri V. P. Parameswaran Nambudiri:** Will the Minister for Local-Self Government be pleased to state whether the Government have received any complaint within the last 2 months from Municipal employees or their unions that have not been paid the minimum wage prescribed by the Government?

Minister for Local Self Government (**Shri K. Kochukuttan**): Government have receivad complaints from the employees of the Changanacherry Municipality and from the employees of a few other Municipalities that the Minimum Wages Order has not been implemented.

Seniormost Municipal Commissioner.

*71. [48] **Shri T. S. Ramaswami**: Will the Minister for Local Self Government be pleased to state :

(*a*) whether the seniormost Municipal Commissioner of the State applied for the Commissioner's post in any of the Corporations in our State in 1954-55 ;

(*b*) whether his application was considered and the decisions of the Government ;

(*c*) the policy of the Government in the matter of appointment of Commissioners of Corporations ?

Minister for Local Self Government (**Shri K. Kochukuttan**):

(*a*) Yes. Shri N. Gopala Pillai, Commissioner, Quilon applied for the post.

(*b*) Yes. His application was considered. It was then decided that an officer with both executive and revenue experience should be posted as Corporation Commissioner for the time being.

(*c*) The policy of the Government in the matter of appointment of Commissioners to the Corporation is to select an experienced Officer suitable for the post.

Fishing Industry.

*72. [50] **Shri A. M. Simon**: Will the Minister for Health be pleased to state :

(*a*) what are the improvements or new methods so far made at Neendakara in the fishing industry with the aid of the Norwegian Personnel ;

(*b*) if any, when and where these new features will be introduced for the benefit of the fishing population next?

Chief Minister **(Shri Panampilly Govinda Menon)** :

(*a*) Mechanisation of local fishing boats, experiments with new model boats and trials with new type of fishing gear.

(*b*) The question of introducing these schemes at other places can be considered only after assessing the results of the experiments now carried on at Quilon.

UNSTARRED QUESTIONS AND ANSWERS

മരച്ചീനികൃഷി.

8. [3] ശ്രീ. എം. പി ചന്ദ്രശേഖരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഒരു പ്രധാന കൃഷിയായ മരച്ചീനികൃഷിയുടെ ഇന്നത്തെ നില വളരെ മോശമാണെന്നുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മരച്ചീനിയുടെ വിലയിടിവു തടയുവാൻ ഗവണ്മെൻറ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) മരച്ചീനിയുടെ കയററുമതി സംബന്ധിച്ച് എന്തെങ്കിലും നിയന്ത്രണം ഇപ്പോൾ നിലവിലുണ്ടോ ?

ഉത്തരം.

(എ) മരച്ചീനിയുടെ വില കുറഞ്ഞതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിലയിടിവു തടയുവാൻ സ്വീകരിക്കേണ്ട നടപടികളെപ്പററി ഗവണ്മെൻറ് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

(സി) തിരുവിതാംകൂർ-കൊച്ചിയിൽനിന്ന് ഇൻഡ്യയുടെ മററു ഭാഗങ്ങളിലേയ്ക്ക് മരച്ചീനി കയററി അയക്കുവാൻ ഇപ്പോൾ യാതൊരു നിയന്ത്രണവും ഇല്ല.

പോലീസ് സബ്ഇൻസ്പെക്ടർ.

9. [10] ശ്രീ. സി. ഏ. മാത്യു : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം കൺടോൺമെൻറ് പോലീസ് സബ്ഇൻസ്പെക്ടർ കർത്താകരക്കുറുപ്പിന്റെ പേരിൽ ഉണ്ടായ ആരോപണമെന്തായിരുന്നു, അന്വേഷണഫലമെന്തു് ?

ഉത്തരം.

3.12.1954-ൽ തമ്പാനൂർ പിള്ളവീട്ടിൽ മോട്ടോർ ഇഞ്ചിനീയർ ശ്രീ. കെ. മാധവൻനായരോട് മര്യാദകേടായി പെരുമാറിയെന്നും കയ്യേററംചെയ്തു എന്നും ആരോപണങ്ങൾ ഉണ്ടായി. അന്വേഷണത്തിൽ മേൽപ്പറഞ്ഞ ആരോപണങ്ങൾ അവാസ്തവങ്ങളെന്നു കണ്ടു.

മട്ടാഞ്ചേരി മുനിസിപ്പൽ കമ്മീഷണർ.

10. [11] ശ്രീ. ജെ. എ. ഭട്ട് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടാഞ്ചേരി മുനിസിപ്പൽ കമ്മീഷണർ ശ്രീ. കെ. എസ്സ്. കൃഷ്ണനെ തത്സംസ്ഥാനത്തുനിന്നും നീക്കം ചെയ്യണമെന്നാവശ്യപ്പെട്ട മട്ടാഞ്ചേരി മുനിസിപ്പൽ കൗൺസിൽ പാസ്സാക്കിയ പ്രമേയം ഗവണ്മെൻറ്സ് കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതു തീയതിയിലാണ്;

(സി) അക്കാര്യത്തിൽ ഗവണ്മെൻറ് എന്തു നടപടി എടുത്തു ?

ഉത്തരം.

(എ) ഉണ്ട്.

(ബി) 18.12.54-ൽ.

(സി) ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുന്നു.

ADJOURNMENT MOTIONS.

മി. സ്പീക്കർ : ഒരു അടിയന്തിരപ്രമേയത്തിനെ സംബന്ധിച്ച് നോട്ടീസ് ലഭിച്ചിരിക്കുന്നു. പ്രമേയം ഇതാണ്.

"റങ്കൂണിലേക്കു 'ചെമ്മീൻപരിപ്പ്' ഓപ്പൺ ജനറൽ ലൈസൻസ് പ്രകാരമാണു കയററുമതി ചെയ്തിരുന്നത്. എന്നാൽ
9 .A. M. യാതൊരു മുന്നറിയിപ്പും കൂടാതെ 10-3-55-ൽ ബർമ്മാ ഗവണ്മെൻറ് അവിടെ നിലവിലിരുന്നതായ ഓപ്പൺജനറൽ ലൈസൻസ് സമ്പ്രദായം നിറുത്തലാക്കിയിരിക്കുന്നതുകൊണ്ടും അവിടെ ഇറക്കുമതി ചെയ്യുവാനുള്ള ഇമ്പോർട്ടു ലൈസ്സൻസ് കൊടുക്കാത്തതുകൊണ്ടും ചെമ്മീൻപരിപ്പ് കയററി അയയ്ക്കുവാൻ നിവൃത്തിയില്ലാതെ ഈ വ്യവസായം സ്തംഭനാവസ്ഥയിൽ എത്തിയിരിക്കുന്നു. അതു് ഈ വ്യവസായംമൂലം ഉപജീവനം കഴിച്ചുപോരുന്ന അസംഖ്യം മത്സ്യത്തൊഴിലാളികൾക്കും ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന വ്യവസായികൾക്കും വളരെ കഷ്ടനഷ്ടങ്ങൾക്ക് ഇടയാക്കിട്ടുണ്ട്. ഇപ്പോൾ കൊച്ചി കമ്പോളത്തിൽത്തന്നെ 25,30 ലക്ഷം ഉറുപ്പിക വിലയുള്ള അനേകായിരം ചെമ്മീൻപരിപ്പു ചാക്കുകൾ കെട്ടിക്കിടപ്പുണ്ട്. ചെമ്മീൻ പരിപ്പ് വളരെ വേഗത്തിൽ ചീത്തയായിപ്പോകുന്ന ഒരു വസ്തുവുമാണ്"

ഇതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിപ്രായം അറിഞ്ഞാൽ കൊള്ളാം.

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : ബഹു: ഞാറക്കൽ മെമ്പർ അടിയന്തിരപ്രമേയത്തിന്റെ ഒരു പകർപ്പു എന്റെ അടുക്കൽ കൊണ്ടുവന്നപ്പോൾ അദ്ദേഹത്തോടു ഇതിനെപ്പററി അന്വേഷിച്ചു മനസ്സിലാക്കിയതു ബർമ്മാ ഗവണ്മെൻറ് ഈ കാര്യത്തിൽ ലൈസൻസ്സു കൊടുക്കേണ്ടതു സംബന്ധിച്ചു ചില നിയന്ത്രണങ്ങൾ വരുത്തിയിരിക്കുന്നു എന്നാണ്. ഓപ്പൺ ജനറൽ ലൈസൻസ്സ് കൊടുക്കേണ്ട കാര്യത്തിൽ ചില നിയന്ത്രണങ്ങൾ വരുത്തിയിട്ടുണ്ട്. അതുകൊണ്ടു പെട്ടെന്നു നമ്മുടെ രാജ്യത്തുള്ള

കമ്പോളങ്ങളിൽ ചെമ്മീൻ വ്യാപാരത്തിനു തടസ്സം വന്നിരിക്കുകയാണ്. എനിക്കു പറയുവാനുള്ളത് ഈ കാര്യത്തിൽ ഈ ഗവണ്മെൻറിനു നേരിട്ട് ഒന്നും ചെയ്യാൻ നിവൃത്തിയില്ല. ഇൻഡ്യാഗവണ്മെൻറിൻെറ ഇൻഡസ്ട്രീസ് ആൻഡ് കാമേഴ്സ് മിനിസ്ട്രിയിൽ അനേപക്ഷിച്ചു വേണ്ട നിവേദനം നടത്താവുന്നതാണ്.

Mr. Speaker: In the light of the Chief Minister's reply, I do not allow the motion.

അടുത്തതായി മി. കുഞ്ഞൻ നാടാർ ഒരു അടിയന്തിര പ്രമേയത്തിനു നോട്ടീസ് നൽകിയിട്ടുണ്ട്. അതു് പരിശോധിച്ചിട്ടു പറയാം.

ANNOUNCEMENT BY THE SPEAKER RE GENERAL DISCUSSION ON THE BUDGET.

ജനറൽ ഡിസ്കഷൻ ആൻഡ് വോട്ടിംഗിനെപ്പററി എനിക്കു പറയുവാനുള്ളതു സഭയിലെ ലീഡറോടും ആപ്പോസിഷൻ പാർട്ടി ലീഡറോടും ആലോചിച്ച് ഇന്നോ നാളെ കാലത്തോ അതിനെപ്പററി പ്രസ്താവിക്കുന്നതാണ്.

ശ്രീ. ടി. കെ. ദിവാകരൻ: സർ, ഒന്നാം പഞ്ചവത്സരപദ്ധതി അവസാനത്തിൽ എത്തിയിരിക്കുകയാണ്. രണ്ടാമത്തെ പഞ്ചവത്സര പദ്ധതി നടന്നുകൊണ്ടും ഇരിക്കുകയാണ്. ഈ അവസരത്തിൽ പ്ലാനിംഗിനെ സംബന്ധിച്ചു അതായതു ഇതുവരെ പൂത്തിയായിട്ടുള്ളതും ഇനി പൂത്തിയാക്കാനുള്ളതുമായ കാര്യങ്ങളെ സംബന്ധിച്ചു ഗവണ്മെൻറ് ഭാഗത്തുനിന്നും പ്രത്യേകമായ ഒരു പ്രസ്താവന ചെയ്യുകയും പ്ലാനിംഗിനെ സംബന്ധിച്ചുമാത്രം, പൊതുവിമർശനത്തെക്കൂടാതെ തന്നെ രണ്ടു ദിവസം ഡിസ്കഷനുവേണ്ടി മാററിവയ്ക്കുവാൻ ഗവണ്മെൻറ് തയാറാകണമെന്നും എനിക്കു നിർദ്ദേശിക്കുവാനുണ്ട്. ഈ കാര്യത്തിൽ മുഖ്യമന്ത്രിയുടെ അഭിപ്രായം അറിഞ്ഞാൽ കൊള്ളാം. അങ്ങനെയാണെങ്കിൽ പ്ലാനിംഗിനെപ്പററിയുള്ള ചർച്ചകൾ പൊതുവിമർശനത്തിൽനിന്നും ഒഴിവാക്കുകയും ചെയ്യാം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പഞ്ചവത്സരപദ്ധതിയെ പററി ജനറൽ ഡിസ്കഷനിൽതന്നെ ചർച്ച ചെയ്യാൻ സാധിക്കുന്നതാണ്. അതല്ലാ പ്രത്യേകമായി അതിനൊരു ചർച്ചവേണമെന്നുണ്ടെങ്കിൽ മററുള്ളവരുമായി ആലോചിച്ച് അതിനെപ്പററി തീരുമാനിക്കാവുന്നതാണ്.

GENERAL DISCUSSION OF THE BUDGET.

ശ്രീ. ഡി. ദാമോദരൻപോററി: സർ, കഴിഞ്ഞ തവണ ഞാൻ ഉൾപ്പെട്ട പി. എസ്. പി. ഗവണ്മെൻറ് ഇവിടെ ഒരു കമ്മിബഡ്ജററാണ് ഹാജരാക്കിയതു്. ആ ബഡ്ജററിനെപ്പററി പരാമർശിച്ചുകൊണ്ടു അന്നു എൻെറ സമീപത്തിരുന്ന അന്നത്തെ പ്രതിപക്ഷനേതാവായ ഇന്നത്തെ മുഖ്യമന്ത്രി പത്രപ്രതിനിധികളോടായിട്ടു ഒരു പ്രസ്താവന ചെയ്തതു് ഞാൻ വായിക്കുകയുണ്ടായി. വളരെ കമ്മിയുള്ള ഒരു ബഡ്ജററിനെ എങ്ങനെയാണു പിൻതാങ്ങുന്നതു എന്നു അദ്ദേഹം പ്രസ്താവിച്ചതായി ഞാൻ വായിച്ചു. ആ പ്രസ്താവനയെ പരാമർശിച്ചുകൊണ്ടു എൻെറ

[ശ്രീ. ഡി. ദാമോദരൻപോററി]

ബഡ്ജററ പ്രസംഗത്തിൽ ഞാൻ പറയുകയുണ്ടായി, കേവലം കമ്മി ആയി പോയതുകൊണ്ടുമാത്രം ഒരു ബഡ്ജററിനെ പിൻതാങ്ങാതിരിക്കുവാൻ പാടില്ലെന്ന്. അങ്ങനെയാണെങ്കിൽ ആ മനോഭാവം മാററണമെന്നും ഞാൻ അഭിപ്രായപ്പെടുകയുണ്ടായി. ആ അഭിപ്രായത്തെ സാധൂകരിക്കാനായി ചില പരിഷ്കൃത രാജ്യങ്ങളിൽ സമർപ്പിക്കുന്ന ബഡ്ജററിനെ ചൂണ്ടിക്കാണിച്ചു. ഉദാഹരണമായി അമേരിക്കാ മുതലായ രാജ്യങ്ങളിൽ വികസനപദ്ധതികൾക്കുവേണ്ടി കൂടുതൽ പണം ചെലവാക്കുന്ന പദ്ധതികളെപ്പററി ഞാൻ പരാമർശിച്ചു. ആ അഭിപ്രായംവച്ചുകൊണ്ടു അന്നത്തെ ബഡ്ജററ ഒരു ന്യൂ ഡീൽ ബഡ്ജററാണെന്നു ഞാൻ പറഞ്ഞപ്പോൾ എന്റെ സ്നേഹിതൻ പറയുകയുണ്ടായി അതു ന്യൂ ഡീൽ ബഡ്ജററല്ലെന്ന്. അദ്ദേഹം അന്നു പറഞ്ഞ സംഗതികൾ ഇന്നും ഞാൻ ഓർക്കുകയാണ്. അദ്ദേഹം പറഞ്ഞ അതേ വാക്കുകൾതന്നെ ഞാൻ ഇവിടെ ഉദ്ധരിക്കണമെന്നു വിചാരിക്കുന്നു. അസംബ്ലി പ്രൊസീഡിംഗ്സ് വാല്യം 11, നമ്പർ 6-ൽ 512-ാമത്തെ പേജിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞിട്ടുള്ളതായി കാണാൻ കഴിയും. "എതൊരു ബഡ്ജററിനും ഒരു സ്ഥായിയായ നിറവും ശബ്ദവുംകൂടി ഉണ്ടായിരിക്കണം. ഒരു കാവ്യത്തിനു സ്ഥായിയായ ഒരു സ്വരം ഉണ്ടായിരിക്കണം. അതുപോലെ ഒരു ബഡ്ജററിനും ഒരു സ്ഥായിയായ ഭാവമുണ്ടായിരിക്കണം. എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട ഡെപ്യൂട്ടി പ്രസിഡൻറ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ന്യൂ ഡീൽ ബഡ്ജററിനെപ്പററി പറയുകയുണ്ടായി. ന്യൂ ഡീൽ ബഡ്ജററ് എന്നദ്ദേഹം ഇവിടെ പറഞ്ഞതു കമ്മി ബഡ്ജററാകാം എന്നുള്ളതിനെക്കുറിച്ചാണ്. ബഡ്ജററിനെ സ്തുതിക്കുന്നതു് അതിൽ ഒരു ന്യൂ ഡീൽ ഉണ്ടാകുന്നതിനുവേണ്ട കമ്മിയാകുന്നതുകൊണ്ടും തെററില്ല. എന്നാൽ എന്റെ സ്നേഹിതന്റെ പ്രശംസാപാത്രമായ ബഡ്ജററിൽ കമ്മിയുണ്ട്, ഡീൽ ഇല്ല. ഇതിൽ പ്രധാനമായി ഒരു പപ്പ്സ് വരുത്തണം. സർ, ഭരണകാര്യങ്ങളിൽ വളരെ അധികം പരിചയമുള്ള ഒരാളാണു ഇന്നത്തെ മുഖ്യമന്ത്രി. ധാരാളം ബഡ്ജററുകൾ കൈകാര്യംചെയ്തു പഴക്കമുള്ള അദ്ദേഹത്തിന്റെ ആ അഭിപ്രായത്തെ അതേപടി സ്വീകരിക്കുവാൻതന്നെ ഞാൻ തയാറാണ്. ആ അഭിപ്രായത്തിന്റെ വെളിച്ചത്തിലും ആദർശത്തിലും ആയിരിക്കും ഞാൻ ഈ ബഡ്ജററിനെ സമീപിക്കുന്നതെന്നു അദ്ദേഹത്തെ അറിയിച്ചുകൊള്ളുന്നു.

ഒരു ബഡ്ജററിന് സ്ഥായിയായ പർപ്പസും നിറവും ഉണ്ടായിരിക്കണം. അതു വച്ചുകൊണ്ടു ഈ ബഡ്ജററിനെ പരിശോധിക്കുകയാണെങ്കിൽ ഇതിന്റെ സ്ഥായീഭാവം എന്താണെന്നു അദ്ദേഹം വ്യക്തമാക്കണമെന്നു ഞാൻ അദ്ദേഹത്തോടു അഭ്യർത്ഥിക്കുകയാണ്. ധാരാളം തുകകൾ കമ്മിയാക്കിയതുകൊണ്ടോ പല ഇനങ്ങൾക്കായി കൂടുതൽ തുകകൾ മാററിവച്ചതുകൊണ്ടോ ഒരു ബഡ്ജററിനു സ്ഥായീഭാവം ഉണ്ടാകുകയില്ലെന്നാണ് അദ്ദേഹം പറഞ്ഞതു്. പിന്നെ ഏതു രീതിയിലാണ് സ്ഥായീഭാവം ഉണ്ടാകുന്നതെന്നു അദ്ദേഹം പ്രസ്താവിക്കണം. അന്വേഷിച്ചു ഇന്നത്തെ ഗവണ്മെൻറിന്റെ എല്ലാ പ്രസ്താവനകളും പ്രവർത്തനങ്ങളും ഞാൻ പരിശോധിക്കുകയുണ്ടായി. അങ്ങനെ പരിശോധിച്ചാൽ ഈ ബഡ്ജററിനു എന്തെങ്കിലും സ്ഥായിയായ നിറമോ പർപ്പസോ ഉണ്ടെന്നു മനസ്സിലാക്കാൻ സാധിക്കുന്നില്ല. എനിക്കു തോന്നുന്നതു ഒരു ബഡ്ജററിനു സ്ഥായീഭാവമുണ്ടാകണമെങ്കിൽ ആ ബഡ്ജററിനു

വാർഷികമായ നയപരിപാടികൾ ഉണ്ടായിരിക്കണം. ആ പാളിസി സ്റ്റേറ്റുമെൻറു വച്ചുകൊണ്ടു അതിൽ പറയുന്ന കാര്യങ്ങൾ എത്രത്തോളം ഈ ബഡ്ജററിൽ നടപ്പാക്കാൻ ശ്രമിച്ചിട്ടുണ്ടു് എന്നു തട്ടിച്ചുനോക്കിയാൽ ഒരു ബഡ്ജററിൻെറ സ്ഥായീഭാവം മനസ്സിലാക്കുവാൻ സാധിക്കും. അങ്ങനെയാണെങ്കിൽ ഇന്നത്തെ ഗവണ്മെൻറിനു ഒരു പാളിസി സ്റ്റേറ്റുമെൻറുള്ളതായി കാണുവാൻ സാധിക്കുന്നില്ല. കഴിഞ്ഞ നിയമസഭയിൽ പ്രജാസോഷ്യലിസ്റ്റുപാർട്ടി വച്ച അതിൻെറ പാളിസിസ്റ്റേറ്റുമെൻറു പരിശോധിച്ചുനോക്കുന്നപക്ഷം ഈ ഗവണ്മെൻറിൻേറതായ ഒരു പാളിസി സ്റ്റേറ്റുമെൻറു ഇതുവരെ ഗവണ്മെൻറു വച്ചിട്ടില്ലെന്നു കാണുവാൻ സാധിക്കുന്നതാണു്. അതിനെ സംബന്ധിച്ചു മുഖ്യമന്ത്രി പറഞ്ഞതു ബഡ്ജററു അവതരിപ്പിക്കുന്ന സന്ദർഭത്തിൽ പാളിസി സ്റ്റേറ്റുമെൻറിനെപ്പററി പറയാമെന്നാണു്. അദ്ദേഹം നടത്തിയ ബഡ്ജററു പ്രസംഗം ഞാൻ വായിച്ചു. ആ പ്രസംഗത്തിൽ ഇവിടെയുള്ള ദ്വിവിധ പാർട്ടികളോടും ഇന്നത്തെ ഗവണ്മെൻറിനു സഹകരണം നൽകണമെന്നു അഭ്യർത്ഥിച്ചതൊഴിച്ചു കൂടുതൽ യാതൊന്നും നയത്തെ സംബന്ധിച്ചു പ്രഖ്യാപിച്ചിട്ടില്ലെന്നാണു എനിക്കു തോന്നുന്നതു്.

ഈ ബഡ്ജററിൻെറ സ്ഥായീഭാവം അന്വേഷിക്കുവാൻ മറെറാരു സ്ഥലം കൂടി ഉണ്ടെന്നു എനിക്കു തോന്നുന്നു. അതു ഒരു പക്ഷെ ശരിയായിരിക്കും. അതായതു് ബഡ്ജററവതരിപ്പിച്ചു ഗവണ്മെൻറിൻെറ പുറകെ ഒരു പാർട്ടിയുണ്ടു്. അതിനു അഖിലേൻഡ്യാവ്യാപകമായ നയപരിപാടികളുണ്ടു്. അതിൻെറ വെളിച്ചത്തിൽ ഈ ബഡ്ജററിനെ പരിശോധിക്കാം. അങ്ങനെയുള്ള നയപരിപാടികൾ എന്തെല്ലാമാണെന്നു എല്ലാ ബഹുമാനപ്പെട്ട സ്നേഹിതന്മാർക്കും അറിയാവുന്ന ഒരു കാര്യമാണു്. ഇടയിടെ അടുത്ത കാലത്തു ആവടിയിൽ പ്രഖ്യാപനം ചെയ്തു കഴിഞ്ഞിട്ടുള്ള കാൺഗ്രസിൻെറ സോഷ്യലിസമാണു അവരുടെ പരിപാടിയെന്നു ഞാൻ അറിയുന്നു. "സോഷ്യലിസ്റ്റിക്കു് പാറേറൺ ആഫ് സൊസൈററി" എന്നാണു അവർ അതിനു പറയുന്നതു്. പക്ഷെ സോഷ്യലിസത്തെപ്പററി അതിൽ ഒന്നും പരാമർശിച്ചിട്ടില്ല. സോഷ്യലിസ്റ്റിക്കു് പാറേറൺ ആഫ് സൊസൈററിക്കും സോഷ്യലിസത്തിനും തമ്മിലുള്ള ബന്ധം അല്ലെങ്കിൽ വ്യത്യാസം എന്താണെന്നു ബഹുമാനപ്പെട്ട ജവഹർലാൽ നെഹറു തന്നെ വിശദീകരിച്ചിട്ടില്ല. നെഹറുവിൻെറ തത്വസംഹിതയെ വിശദീകരിച്ചിട്ടുള്ളതു ശ്രീ. ടി. ടി. കൃഷ്ണമാചാരി, ദേശ്മുഖ് ഇവരാണു്. അവരുടെ വിശദീകരണം അനുസരിച്ചുള്ള ബഡ്ജററാണു ഇതെന്നു് എനിക്കു തോന്നുന്നില്ല. ഒരു സോഷ്യലിസ്റ്റിക്കു് സൊസൈററി എന്നുപറഞ്ഞാൽ നാം ഉദ്ദേശിക്കുന്നതു ജനങ്ങളുടെ ഇടയിൽ ഉച്ചനീചത്വം ഇല്ലാതാക്കി തീർക്കുന്നതിനുള്ള ഒരു സാമൂഹ്യവ്യവസ്ഥിതി എന്നാണു ഞാൻ മനസിലാക്കിയിരിക്കുന്നതു്. അതു വച്ചുകൊണ്ടു് ഈ ബഡ്ജററും ഇതിനുമുമ്പുള്ള ബഡ്ജററുകളും പരിശോധിച്ചുനോക്കുന്ന പക്ഷം അങ്ങനെയുള്ള ഉച്ചനീചത്വം അവസാനിപ്പിക്കുന്നതിനുള്ള പരിപാടികളോ ദേശവൽക്കരണ സാദ്ധ്യതയുള്ള മററു പരിപാടികളോ ഈ ബഡ്ജററിൽ ഉണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടു് സോഷ്യലിസമാണു ഈ ഗവണ്മെൻറിൻെറ ലക്ഷ്യമെന്നു പറയുകയാണെങ്കിൽ അതിൽ വലിയ കഴമ്പൊന്നുമുണ്ടെന്നു എനിക്കും എൻെറ സ്നേഹിതന്മാർക്കും തോന്നുന്നില്ല. ഒരുകോടി രൂപായുടെ ഒരു ഉപധനാഭ്യർത്ഥന കൊണ്ടുവന്നപ്പോൾ മുഖ്യമന്ത്രി ഇവിടെ

[ശ്രീ. ഡി. ദാമോദരൻപോററി]

പറയുകയുണ്ടായി. രാജ്യത്തിലെ ഏററവും പ്രധാനപ്രശ്നം തൊഴിലില്ലായ്മയാണെന്നും അതു മാറേറണ്ടതു അത്യന്താപേക്ഷിതമാണെന്നും അതിനു പുതിയ ഫാക്ടറികൾ ഉണ്ടാകണമെന്നും; ഇൻഡസ്ട്രിയലൈസേഷൻ നയം സ്വീകരിക്കണമെന്നും മററും. അതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ തുകകൾ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളതല്ലാതെ അതിനുള്ള പ്രായോഗികമായ പരിപാടികൾ ഒന്നുംതന്നെ ബഡ്ജററു പ്രസംഗത്തിൽ കാണുന്നില്ല. തൊഴിലില്ലായ്മ ഒരു ദേശീയാടിസ്ഥാനത്തിൽ കൈകാര്യം ചെയ്യേണ്ടതാണെന്നാണ് അദ്ദേഹം മുമ്പ് പറഞ്ഞിട്ടുള്ളതു്. താൽക്കാലികമായി കൂടുതൽ തുകകൾ വിനിയോഗിച്ചാൽ താൽക്കാലികമായി തൊഴിലില്ലായ്മക്ക് ഒരു നിവാരണം ഉണ്ടാകുമെന്നുള്ള നേരിയ ആശയുള്ളതല്ലാതെ കൂടുതൽ അദ്ദേഹം ഒന്നും പ്രസ്താവിച്ചിട്ടുള്ളതായി കാണുന്നില്ല. ഏതായാലും കൂടുതലായി ആ കാര്യത്തെപ്പററി ഞാനിപ്പോൾ ഒന്നും പറയുന്നില്ല.

ഒരു സോഷ്യലിസ്ററു വ്യവസ്ഥിതിയാണ് മുഖ്യമന്ത്രി പ്രതിനിധാനം ചെയ്യുന്നതെങ്കിൽ വലിയ വരുമാനങ്ങളും ചെറിയ വരുമാനങ്ങളും തമ്മിലുള്ള അന്തരം കുറയ്ക്കേണ്ടതാണ്. ഒരു സംഗതി അദ്ദേഹം പ്രഖ്യാപനം ചെയ്തതിൽ എനിക്ക് സന്തോഷമുണ്ട്. ഒരു ഉദ്യോഗത്തിന്റെ ഏററവും കൂടിയ വരുമാനം 1000 രൂപ ആയിരിക്കുമെന്നും അതു് ഏതാണ്ട് 1:20 റേഷ്യോ അനുസരിച്ചുള്ളതാണെന്നും അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. അതുകൊണ്ടുമാത്രം ഒരു സോഷ്യലിസ്ററു വ്യവസ്ഥിതിയാകുമെന്ന് ഞാൻ വിചാരിക്കുന്നില്ല. ഈ 1000 രൂപയിൽ കൂടുതൽ വരുമാനമുള്ളവരാരും ഉണ്ടായിരിക്കാൻ പാടില്ല എന്നു പറയുന്നതുതന്നെ ഒരു കൂടിയ ലവലല്ലേ എന്നു ഞാൻ സംശയിക്കുന്നു. അതുപോലെതന്നെ ഈ 1000 രൂപയെന്നുള്ളതു് ഉദ്യോഗമണ്ഡലത്തിൽ മാത്രം മതിയോ എന്നും ഞാൻ ചോദിക്കുന്നു. രാജ്യവ്യാപകമായ തോതിൽ ഇവിടത്തെ എല്ലാ വ്യക്തികളുടേയും വരുമാനത്തിന്റെ തോതു് 1000 രൂപയെന്ന ക്രമത്തിൽ തിട്ടപ്പെടുത്താൻ തയ്യാറുണ്ടെങ്കിൽ അതിനകത്ത് ഒരു തത്വം അടങ്ങിയിട്ടുണ്ടെന്നു ഞാൻ സമ്മതിക്കാം. അതു ചെയ്യാത്തിടത്തോളം സോഷ്യലിസം ഉണ്ടാകാൻ പോകുന്നില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

പത്തുകോടിയിൽ ചിലപ്പോൾ രൂപ വികസനപദ്ധതികൾക്കായി നീക്കിവച്ചിട്ടുണ്ടെന്നു അദ്ദേഹം അവകാശപ്പെടുന്നു. വളരെ ആശ്വാസപ്രദമായ ഒരു നിലയാണ് ഇതിൽ നിന്നുണ്ടാകുന്നതെന്ന് സമ്മതിക്കാം. ഈ ഗവണ്മെൻറു മാത്രമല്ല, ഇതിനുമുമ്പുള്ള ഗവണ്മെൻറുകളും ധാരാളം തുകകൾ വികസനപദ്ധതികൾക്കും മററുമായി മാററിവയ്ക്കുന്ന പതിവുണ്ട്. പക്ഷെ ഇങ്ങനെ മാററിവയ്ക്കുന്ന തുകകളെല്ലാം വർഷാവസാനത്തിൽ ലാപ്സായിപ്പോകുന്നതായിട്ടാണ് നാം കണ്ടുവരുന്നതു്. അതിൽ ആരേയും പ്രത്യേകമായി കുററപ്പെടുത്തുന്നതെന്ന് ഞാൻ വിചാരിക്കുന്നില്ല. എന്നാൽ എന്തുകൊണ്ടാണ് വികസനപദ്ധതികൾക്കും മററും മാററിവച്ചിരിക്കുന്ന തുകകൾ ലാപ്സായിപ്പോകുന്നതെന്ന് അന്വേഷിച്ചിട്ടുണ്ടോ? അങ്ങിനെ അന്വേഷിച്ച് ലാപ്സായിപ്പോകാതിരിക്കാനുള്ള പരിപാടികൾ വച്ചുകൊണ്ടാണോ ഈ തുകകൾ നീക്കിവച്ചിട്ടുള്ളതു് എന്ന് ഞാൻ ചോദിക്കുന്നു. അങ്ങിനെ ലാപ്സായിപ്പോകാതിരിക്കാനുള്ള നടപടികൾ കൂടി എടുത്തിട്ടുണ്ടെങ്കിൽ വികസനപദ്ധതികൾക്ക് രൂപ നീക്കി

വച്ചിട്ടുള്ളതു് ഒരു നല്ല കാര്യമാണെന്നു ഞാൻ സമ്മതിക്കാം. കഴിഞ്ഞ കൊല്ലങ്ങളിൽ നീക്കിവച്ചിട്ടുള്ള തുകകൾ ലാപ്സായിപ്പോയതു് അതു് ഇംപ്ലിമെൻറു ചെയ്യാനുള്ള മെഷ്യനറി ഈ രാജ്യത്തു ഇല്ലാത്തതുകൊണ്ടാണെന്നാണു് എനിക്കു തോന്നുന്നതു്. അങ്ങിനെ പദ്ധതികൾ ഇംപ്ലിമെൻറു ചെയ്യാനുള്ള മെഷ്യനറി ഇല്ലാതിരിക്കെ തുകകൾ കൊള്ളിക്കുന്നതിൽ വലിയ വിശേഷമുള്ളതായി ഞാൻ വിശ്വസിക്കുന്നില്ല. ഏതായാലും വളരെ അധികം തുകകൾ നല്ല കാര്യങ്ങൾക്കായി മാററി വച്ചിട്ടുണ്ടു്. അതെല്ലാം വിനിയോഗിക്കുമെന്നുതന്നെ ന്യായമായി വിശ്വസിക്കാം. ഈ തുകകൾ വിനിയോഗിക്കുന്നതിൽ ഇതിനുമുമ്പുണ്ടായിട്ടുള്ള ഗവണ്മെൻറുകളുടേയും ഉദ്യോഗസ്ഥന്മാരുടേയും ജനങ്ങളുടേയും ബുദ്ധിമുട്ടുകൾ എന്തെല്ലാമാണെന്നു മനസ്സിലാക്കി ആ ബുദ്ധിമുട്ടുകൾക്കു് നിവാരണം കണ്ടെത്താൻകൂടി ശ്രമിച്ചു് ഈ തുകകൾ മുഴുവൻ ചിലവു ചെയ്യുമെന്നു് ഞാൻ വിശ്വസിക്കുന്നു.

ഈ വികസനപദ്ധതികളിലും മററും പ്രാദേശികമായി കൊടുത്തിട്ടുള്ള മുൻഗണനകളെപ്പററിക്കൂടി എനിക്കു് രണ്ടുവാക്കു് പറയേണ്ടതുണ്ടു്. എൻെറ നിയോജകമണ്ഡലത്തിൽപ്പെട്ട പ്രാദേശികമായ കാര്യങ്ങളെപ്പററിയാണു് അല്പം ചിലതു എനിക്കു് പറയുവാനുള്ളതു്. പ്രാദേശികത്വം ഈ രാജ്യത്തു്, പ്രത്യേകിച്ചും സംയോജനം കഴിഞ്ഞതോടുകൂടി വളരെ അപകടം പിടിച്ച ഒരു പ്രശ്നമായിത്തീർന്നിരിക്കുകയാണു്. പ്രാദേശികത്വത്തിൻെറ അടിസ്ഥാനത്തിൽ വളരെ കുഴപ്പങ്ങൾ ഈ രാജ്യത്തുണ്ടായിട്ടുണ്ടു്. അതിനു കുററക്കാർ ആരാണെന്നോ, ഏതു രീതിയിലാണു് ആ തെററു സംഭവിച്ചതെന്നോ പ്രസ്താവിക്കണമെന്നു് ഞാൻ വിചാരിക്കുന്നില്ല. ഏതായാലും കൊട്ടാരക്കര, പത്തനാപുരം, കൊല്ലം തുടങ്ങിയ താലൂക്കുകൾക്കു് വികസനപദ്ധതികളെ സംബന്ധിച്ചിടത്തോളം മുൻഗണനകളൊന്നും നല്കിയിട്ടില്ല. ഒന്നാം പഞ്ചവത്സരപദ്ധതിയുടെ കാലം ഏതാണ്ടു് അവസാനിക്കാറായിട്ടും ഞങ്ങളുടെ താലൂക്കുകളിൽ പുതുതായി ഒരു പദ്ധതിയും തുടങ്ങിയിട്ടില്ലെന്നുള്ളതു് ദയനീയമായ ഒരു പുരമാർത്ഥമാണെന്നു് ഞാൻ മന്ത്രിസഭയെ അറിയിച്ചുകൊള്ളുന്നു. കൊട്ടാരക്കര എന്ന ഒരു താലൂക്കുതന്നെ ഉണ്ടെന്നു ഗവണ്മെൻറു മനസ്സിലാക്കാൻ തുടങ്ങിയതു് കഴിഞ്ഞതവണ പി. എസ്. പി. മന്ത്രിസഭ ചാർജ്ജെടുത്ത ശേഷമാണെന്നു പറയേണ്ടിയിരിക്കുന്നു. കഴിഞ്ഞ മന്ത്രിസഭ മദ്യനിരോധനം ഏർപ്പെടുത്തണമെന്നു് തീരുമാനിച്ചിരുന്നു. ഞങ്ങളുടെ താലൂക്കിലെ എല്ലാ ജനങ്ങളും ആ കാര്യത്തിൽ കഴിഞ്ഞ മന്ത്രിസഭയോടും ആ തീരുമാനത്തെ അതേപടി പാലിച്ചു ഇന്നത്തെ മന്ത്രിസഭയോടും വളരെയധികം കൃതജ്ഞതയുള്ളവരാണു്. പ്രത്യേകിച്ചും ആ താലൂക്കിലെ ഏതാണ്ടു് ഒന്നര ലക്ഷത്തോളം വരുന്ന അമ്മമാരും സഹോദരികളും വളരെയധികം കൃതജ്ഞതയുള്ളവരാണു്. അതുപോലെതന്നെ കഴിഞ്ഞ മന്ത്രിസഭ അവിടെ ഒരു എക്സ്റ്റൻഷൻ ട്രെയിനിംഗ് സെൻററും ഒരു എൻ. ഇ. എസ്. ബ്ലാക്കും അനുവദിച്ചുതന്നിട്ടുണ്ടു്. മററുരീതിയിലുള്ള പ്രവർത്തനങ്ങളും ആ താലൂക്കുകളിൽ വളരെയധികം അവഗണിച്ചുകിടക്കുകയാണു്. ഇന്നത്തെ ഗവണ്മെൻറിൻെറ അറിവിനുവേണ്ടി ഒരു ചെറിയ ഉദാഹരണം പറഞ്ഞുകൊള്ളട്ടെ. ഷൊർണ്ണൂർ മുതൽ കന്യാകുമാരിവരെ എം. സി. റോഡുണ്ടു്. കൊട്ടാരക്കര മുതൽ തിരുവനന്തപുരം വരെയുള്ള ഭാഗങ്ങൾ ഒഴിച്ചു് ബാക്കി മുഴുവൻ ടാറു ചെയ്യുകയോ കാൺക്രീററു ചെയ്യുകയോ ചെയ്തി

[ശ്രീ. ഡി. ദാമോദരൻ പോററി]

ട്ടുണ്ട്. ഇടയ്ക്കുള്ള ഈ 46 മൈൽ സ്ഥലത്ത് ജനങ്ങൾ അധിവസിക്കുന്നുണ്ടോ എന്ന് മന്ത്രിമാർ ധരിച്ചിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. ഇവിടത്തെ മന്ത്രിമാർ കോട്ടയത്തുനിന്നും കൊല്ലത്തുപോയി ആററിങ്ങൽ വഴിയാണ് തിരുവനന്തപുരത്തു വരുന്നത്. ഇതിനിടയ്ക്കുള്ള സ്ഥലം ബഹുമാനപ്പെട്ട മന്ത്രിമാർ കണ്ടിട്ടുണ്ടോ എന്നതന്നെ ഞാൻ സംശയിക്കുന്നു. അതുപോലെതന്നെ പബ്ലിക്ക് വർക്ക്സിൻെറ കാര്യത്തിലും വളരെ അധികം അവഗണിക്കപ്പെട്ട പ്രദേശങ്ങളാണ് അത്. അവിടെ ശ്രീ. കളത്തിൽ വേലായുധൻ നായർ പ്രസിഡൻറായി ഒരു വർക്ക്സ് കമ്മററിയുണ്ട് ചെങ്കോട്ടയും ഒരു വർക്ക്സ് കമ്മിററിയുണ്ട്. കഴിഞ്ഞതവണ ഞങ്ങൾ ആലോചിച്ച് റോഡുകളുടെ കാര്യത്തിൽ പല ശുപാർശകളും ചെയ്തിരുന്നു. അങ്ങിനെ ശുപാർശ ചെയ്തിരുന്ന റോഡുകളുടെ ഒന്നിൻെറയും പേര് ഇപ്പ ബഡ്ജററിൽ ഉൾപ്പെട്ടതായിക്കാണുന്നില്ലെന്നുള്ളത് ദയനീയമായ ഒരു പരമാർത്ഥമാണ്. കമ്മിററി കൂടിയശേഷം ഞങ്ങൾ നാട്ടിൽ ചെന്നു് ഇന്നയിന്ന റോഡുകൾ തുടങ്ങുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്, ആ റോഡുകളെല്ലാം കിട്ടും, എന്നൊക്കെ ഗ്രാമീണരായ സ്നേഹിതന്മാരോട് പറഞ്ഞിരുന്നു. ആ റോഡുകളുടെ കാര്യമൊന്നും ബഡ്ജററിൽ കാണാതെ ഞങ്ങൾക്ക് അങ്ങോട്ടു തിരിച്ചുപോകേണ്ടിവരുന്നത് വളരെ അധികം ദുസ്സഹമായ ഒരു കാര്യമാണ്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട വർക്ക്സ് മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് കമ്മിററി ചെയ്തിട്ടുള്ള ശുപാർശകളെല്ലാം അംഗീകരിച്ച് ഈ ബഡ്ജററിൽത്തന്നെ അവയെല്ലാം ഉൾപ്പെടുത്തുന്നതിനുള്ള നടപടികളെടുക്കണമെന്നാണ്. ഈ രീതിയിൽ പറഞ്ഞാൽ ഞങ്ങളുടെ താലൂക്കുകൾ വളരെയധികം വിഗണിച്ചിരിക്കുകയാണെന്ന് മനസ്സിലാക്കാം.

മരച്ചീനിയുടെ കാര്യം ബഡ്ജററ പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. വളരെ പ്രാധാന്യമുള്ളതും അടിയന്തിരമായി നടപടി എടുക്കേണ്ടതുമായ ഒരു കാര്യമാണ് മരച്ചീനിയുടെ കാര്യമെന്ന് പ്രസ്താവിച്ചിട്ടുണ്ട്. പക്ഷെ എന്തെല്ലാം ആണ് അതിനുവേണ്ടി നടത്താൻ പോകുന്നതെന്ന്.....

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മരച്ചീനി പ്രശ്നത്തെപ്പററി ഗവണ്മെൻറ് എടുക്കാൻപോകുന്ന നടപടികളുടെ ഒരു ഏകദേശസ്വരൂപം പൂർത്തിയാക്കിയിട്ടുണ്ട്. അങ്ങ് അനുവദിക്കുമെങ്കിൽ അതിൻെറ ഡ്രാഫ്ററ് ഈ നിയമസഭാംഗങ്ങളുടെ ഇടയിൽ സർക്കുലേററ ചെയ്ത് ഈ സെഷനിൽതന്നെ അതിനെപ്പററി ചർച്ച ചെയ്ത് അതിൻെറ അടിസ്ഥാനത്തിൽ ഒരു തീരുമാനമെടുക്കുന്നതിന് ഗവണ്മെൻറിനു സാധിക്കും. അതനുവദിക്കുന്നപക്ഷം ഉടൻതന്നെ ആയാൽ കൊള്ളാമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

മി. സ്പീക്കർ : അതിനെപ്പററി ഒരു പ്രത്യേക ചർച്ച നടത്താം.

ശ്രീ. ഡി. ദാമോദരൻ പോററി : മരച്ചീനിയുടെ കാര്യത്തിൽ അടിയന്തിരമായ പ്രാധാന്യം കൊടുത്ത് പരിഗണിക്കുമെന്ന് മുഖ്യമന്ത്രി പ്രസ്താവിച്ചതിൽ വളരെയധികം സന്തോഷമുണ്ട്. ഞങ്ങളുടെ താലൂക്ക് മരച്ചീനികൃഷിയിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ഈ രാജ്യത്തു മരച്ചീനി ഉണ്ടാകുന്ന താലൂക്കുകളിൽ രണ്ടാം സ്ഥാനമാണ്

കൊട്ടാരക്കര താലൂക്കിനുള്ളതു്. ആ നിലയിൽ അവിടെ ഒരു സ്റ്റാർച്ച് ഫാക്ററി സ്ഥാപിക്കണമെന്നു് ഞാൻ ആദ്യമായി അഭ്യർത്ഥിക്കുന്നു. പ്രാദേശികമായ ഈ മാതിരി കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്നു് അപേക്ഷിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി : സർ, മുഖ്യമന്ത്രി ഈ സഭമുൻപാകെ അവതരിപ്പിച്ച ബഡ്ജററിനെപ്പററി പൊതുവായ വിമർശനങ്ങൾ നടക്കുന്ന ഈ സന്ദർഭത്തിൽ, ബഡ്ജററിന്റെ വിശദാംശങ്ങളിലേക്കു കടക്കുന്നതിനുമുൻപു് ചില കാര്യങ്ങൾ പറയാൻ ഞാനാഗ്രഹിക്കുന്നു. മുഖ്യമന്ത്രി ബഡ്ജററ പ്രസംഗത്തിന്റെ ആരംഭത്തിൽതന്നെ ഈ സഭാതലത്തിലെ ഇതര പാർട്ടികളിലെ അംഗങ്ങളോടു സഹകരണം ആവശ്യപ്പെടുകയുണ്ടായി. അദ്ദേഹത്തിന്റെ ആ അഭ്യർത്ഥന കാര്യമായി പരിഗണിക്കുവാൻ ഈ സഭാതലത്തിലെ അംഗങ്ങൾ തയാറാകുമെന്നുള്ള ഒരു സൂചനയും അദ്ദേഹത്തിന്റെ അഭ്യർത്ഥനയിൽ ഉണ്ടായിരുന്നില്ലെ എന്നു ഞാൻ സംശയിക്കുന്നു. സഹായാഭ്യർത്ഥന നടത്തിയപ്പോൾ വളരെ പ്രസക്തമായി തന്നെ അദ്ദേഹം പറയുമെന്നു കരുതിയിരുന്ന, അവർ അധികാരത്തിലേക്കു കയറുവാൻ ഇടയാക്കിയ സാഹചര്യത്തെപ്പററി ബുദ്ധിപൂർവ്വം മൗനം അവലംബിക്കുകയാണുണ്ടായതു്.

സർ, ബഹുമാനപ്പെട്ട സഭയുടെ ശ്രദ്ധയെ, ഈ രാജ്യത്തെ രാഷ്ട്രീയ സംഭവവികാസങ്ങൾ ഉൾക്കൊള്ളുന്ന ഒന്നുരണ്ടുകൊല്ലം പുറകിലോട്ടു പിടിച്ചുകൊണ്ടുപോകുവാൻ ഞാനാഗ്രഹിക്കുന്നു. 1953-ൽ അന്നു അധികാരത്തിലിരുന്ന കാൺഗ്രസുമന്ത്രിസഭ ഈ സഭയുടെ ഭൂരിപക്ഷം മെംബറന്മാരുടെ അവിശ്വാസം ആർജിച്ചതിന്റെ ഫലമായി, രാജിവയ്ക്കാൻ സന്നദ്ധരാകേണ്ടതായിരുന്നുവെങ്കിലും, അതിനു് തയാറാകാതെ ചില പൊട്ടന്യായങ്ങൾ പറഞ്ഞു് അസംബ്ളി പിരിച്ചുവിടുകയാണുണ്ടായതു്. അന്നു ഇവർ പറഞ്ഞ ന്യായം, "ഞങ്ങൾക്കു ഈ സഭയിലെ ഭൂരിപക്ഷം അംഗങ്ങളുടെ വിശ്വാസം ഒരുപക്ഷെ നഷ്ടപ്പെട്ടാലും ഈ രാജ്യത്തെ ജനങ്ങളുടെ ഭൂരിപക്ഷവിശ്വാസവും പിൻതുണയുമുണ്ടു്; അതുകൊണ്ടു ഒരു പൊതുതിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കാൻ ഞങ്ങൾ തയാറാണു്" എന്നായിരുന്നു. അങ്ങനെയാണു അന്നു അസംബ്ളി പിരിച്ചുവിട്ടതു്. പാർലമെൻററി വഴക്കങ്ങളെ ലേശവും മാനിക്കാതെ, അധികാരത്തിലിരിക്കുന്നതിനുവേണ്ടിമാത്രം തങ്ങളുടെ അവകാശവാദം അവസാനം ഒരു കോടതിയുടെ മുൻപിൽ വയ്ക്കുന്നതിനും, ആ വിധിയനുസരിച്ചു വേണ്ടതു ചെയ്യുന്നതിനും തീരുമാനിച്ചു. എന്തായിരുന്നു സർ, ജനകീയകോടതിയുടെ വിധി? ചെലവുസഹിതം അവരുടെ അപ്പീൽ ഈ രാജ്യത്തെ പൊതുജനങ്ങൾ തള്ളി വിധിച്ചു. ചെലവുസഹിതം തള്ളപ്പെട്ട അപ്പീലിന്റെ വാദി വീണ്ടും അധികാരത്തിലേക്കു് കതിച്ചുകയറുവാൻ പശ്ചാത്തലം നോക്കിക്കൊണ്ടിരിക്കുകയായിരുന്നുവെന്നു പിന്നീടുള്ള സംഭവഗതികൾ തെളിയിച്ചിരിക്കുന്നു. സർ, ഇവർ ഈ മാർഗ്ഗം എന്തുകൊണ്ടു ആദ്യം തന്നെ അവലംബിച്ചില്ല? രാഷ്ട്രീയപ്രവർത്തനങ്ങളിൽ സത്യസന്ധതയും, ശുദ്ധതയും പാലിക്കേണ്ടതു ആവശ്യമാണെന്നു വിശ്വസിക്കുന്നവനാണു ഞാൻ. ഇവർ ചെയ്തതിൽ രാഷ്ട്രീയ സത്യസന്ധതയുണ്ടോ, ഇതാണോ ഡമോക്രസിയുടെ ആദർശം? മറെറാരു പാർട്ടിടിക്കററിൽ തിരഞ്ഞെടുപ്പിനു് നിന്നു മത്സരിച്ചു ജയിച്ചുവരുന്ന അംഗങ്ങളെ കേവലം അധികാരപ്രാപ്തിക്കുവേണ്ടി തങ്ങളുടെ പാർട്ടിയിലേക്കു സ്വീകരിക്കുക രാഷ്ട്രീയ സത്യസന്ധ

[ശ്രീ. ആർ. ശങ്കരനാരായണൻതമ്പി]

തയാണോ സർ? അങ്ങനെ ഉണ്ടാക്കിയ അംഗസംഖ്യയുടെ അടിസ്ഥാനത്തിൽ ഭരണം നടത്താമെന്നു കരുതുകയാണെങ്കിൽ ഇതാണോ ഡമോക്രസിയുടെ ആദർശശുദ്ധിയെന്നു ഞാൻ ചോദിക്കുന്നു. സർ, ഇന്നു പല പ്രലോഭനങ്ങൾക്കുശേഷം ഇങ്ങനെ മററു പാർട്ടിയിലെ അംഗങ്ങളെ സ്വീകരിച്ചു ഇവർ, എന്തുകൊണ്ടു ആദ്യംതന്നെ ഇതിനു ശ്രമിച്ചില്ല? അവർക്കറിയാമായിരുന്നു ആ പരിപ്പ് അന്നു വേവുകയില്ലെന്നു്. ഇന്നു അധികാരത്തിലേക്കു് ഉയരുവാനുള്ള അതിമോഹംകൊണ്ടു ആ പരിപ്പു വേവുമോ എന്നു ഒന്നു പരിശോധിച്ചുനോക്കി. സർ, ഒരുപക്ഷെ മുഖ്യമന്ത്രി അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ പറഞ്ഞേക്കാം, പാർലമെൻററി ഡെമോക്രസിയിൽ ഈ മാതിരിയുള്ള പ്രയോഗങ്ങൾ ആകാമെന്നു്. അതിനു് എനിക്കു പറയാനുള്ളതു് അതു പാർലമെൻററിയാണെന്നു് പറയാനാവുകയില്ല; തനി നെറികേടാണു് എന്നാണു് അതിനു് പറയേണ്ടതു്. Anything is just in parliamentary democracy just as anything is just in war. എന്നു അദ്ദേഹം പറഞ്ഞേക്കാം.

സർ, ഞാൻ ചോദിക്കട്ടെ, പാർലമെൻററി ഡെമോക്രസിയുടെ അംഗീകൃതമായ ഏതെങ്കിലും സിദ്ധാന്തങ്ങൾ നിലവിലിരിക്കുന്ന പാശ്ചാത്യരാജ്യങ്ങളിൽ എവിടെയെങ്കിലും ഇതുപോലെ ഒരു നടപടി ഉണ്ടായിട്ടുണ്ടോ? വിദേശരാജ്യങ്ങളിലെ ജനാധിപത്യ ഭരണസംപ്രദായത്തിന്റെ മാതൃക കാണുകയും, കുറെയൊക്കെ പഠിക്കുകയും ചെയ്തിട്ടുള്ള ഒരാളാണു താനെന്നു തീർച്ചയായിട്ടും മുഖ്യമന്ത്രി അഭിമാനിക്കുന്നുണ്ടായിരിക്കും. അദ്ദേഹം സന്ദർശിച്ചിട്ടുള്ള ഏതെങ്കിലും രാജ്യത്തു് ഇതുമാതിരിയുള്ള ഒരു സംപ്രദായം അവലംബിച്ചിട്ടുള്ളതായി അദ്ദേഹത്തിനു് ചൂണ്ടിക്കാണിക്കാൻ കഴിയുമോ എന്നു ഞാൻ അദ്ദേഹത്തോടു ചോദിക്കുന്നു. ഫ്രാൻസിൽ മന്ത്രിസഭ മാറിമാറി രൂപംപ്രാപിക്കുന്നുണ്ടു്. ഒരു പാർട്ടിയിൽനിന്നും, മറെറാരുപാർട്ടി അംഗങ്ങളെ ചാക്കിട്ടുപിടിക്കുന്ന സംപ്രദായം അവിടെ സ്വീകരിച്ചിട്ടുണ്ടെന്നു കാണുന്നില്ല. സാന്മാർഗ്ഗികബോധത്തോടുകൂടി, സാന്മാർഗ്ഗികവഴികളിൽക്കൂടി ഭരണഭാരം നടത്തേണ്ട ഇവർ, സന്മാർഗ്ഗത്തിന്റെ സംരക്ഷകരെന്നു അഭിമാനിക്കുന്ന ഇവർ, അധികാരപ്രാപ്തിക്കു വേണ്ടി മാത്രം പാർലമെൻററി ഡമോക്രസിയുടെ എല്ലാ സിദ്ധാന്തങ്ങളെയും ലംഘിക്കുകയാണു ചെയ്തിരിക്കുന്നതെന്നു ഞങ്ങൾക്കു ഉത്തമബോദ്ധ്യമുള്ളതിനാൽ, പ്രതിപക്ഷപാർട്ടികളിലെ സഹകരണം ആവശ്യപ്പെടുന്ന മുഖ്യമന്ത്രിയോടു എനിക്കു പറയുവാനുള്ളതു്, ഞങ്ങളുടെ സഹകരണം അങ്ങേയ്ക്കു ലഭിക്കുകയില്ല എന്നു മാത്രമാണു്. അതിൽ അദ്ദേഹം പരുഷം ഭാവിക്കയോ, പരിദേവനംചെയ്യുകയോ, രോഷംകൊള്ളുകയൊ ചെയ്തിട്ടു കാര്യമില്ല. തന്റെ ലക്ഷ്യം സാധിക്കാതെ വന്നാൽ, സൂത്രശാലികളായ ആളുകൾ പ്രതികാരബുദ്ധിയുള്ളവരായിത്തീരും. ഞങ്ങൾ ഭയപ്പെടുന്നു, മുഖ്യമന്ത്രി ആ ലക്ഷ്യത്തിലേക്കു പോകാനിടയുണ്ടു്. അങ്ങനെയാണെങ്കിലും ഞങ്ങൾക്കു സഹകരിക്കാൻ നിവൃത്തിയില്ലാത്തതിൽ ഖേദമുണ്ടു്. ഈ ബഡ്ജററു പാസാക്കിയെടുക്കാൻ കഴിഞ്ഞാലും, പ്രതികാരനടപടികൾ എടുക്കരുതെന്നു താക്കീതുനൽകാൻ ആഗ്രഹിക്കുന്നു.

സർ, ഈ ബഡ്ജററിനെ സംബന്ധിച്ചിടത്തോളം മറെറാരു വലിയ പോരായ്മകൂടി ചൂണ്ടിക്കാണിക്കാൻ ഈ അവസരം ഞാൻ വിനിയോഗിച്ചുകൊള്ളുന്നു. ഈ സഭയുടെ പ്രാരംഭദിവസത്തിൽ ബഹുമാനപ്പെട്ട

തിരുവനന്തപുരം മെംബർ ചൂണ്ടിക്കാണിക്കുകയുണ്ടായി, രാജപ്രമുഖന്റെ നയപ്രഖ്യാപനപ്രസംഗം ഈ നിയമസഭയിൽ ഇല്ലാതെപോയതു് ഒരു പോരായ്മയാകുന്നു്. ഞാൻ ആ അഭിപ്രായത്തോടു യോജിക്കുന്നതോടൊപ്പം, രാജപ്രമുഖനെ ഇവിടെ കൊണ്ടുവന്നു ഒരു പ്രസംഗം ചെയ്യിച്ചു കേൾക്കുന്നതിനുള്ള കൊതികൊണ്ടല്ല അങ്ങനെ പറയുന്നതെന്നുകൂടി വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. ഡെമോക്രസിയിൽ, ഇൻഡ്യൻ ഭരണഘടനതന്നെ അനുശാസിക്കുന്ന ചില സമ്പ്രദായങ്ങളുണ്ടു്. ഒരു ഗവണ്മെന്റു അധികാരത്തിലിരിക്കുമ്പോൾ, ആ ഗവണ്മെന്റു അവലംബിക്കുന്ന പരിപാടികൾ എന്താണു്, നയങ്ങൾ എന്തെല്ലാം, ഏതുസംഗതികൾ പ്രഖ്യാപനം നടത്താൻ ഭരണഘടനയനുസരിച്ചു പ്രത്യേകം അനുവദിക്കപ്പെട്ടിരിക്കുന്ന സന്ദർഭം ബഡ്ജറ്റു സമ്മേളനാവസരമാണു്. അതുകൊണ്ടാണു് രാജപ്രമുഖൻ നയപ്രഖ്യാപനപ്രസംഗം നടത്തണമെന്നു ഞങ്ങൾ ആവശ്യപ്പെടുന്നതു്. അങ്ങനെ നയപ്രഖ്യാപനപ്രസംഗം നടത്തണമെന്നു പറയാനുള്ള അവകാശവും, അതിന്മേൽ വിമർശനം നടത്താനുള്ള അവകാശവും ഞങ്ങൾക്കുള്ളതാണു്. ഇങ്ങനെയൊരു പുതിയ ഭരണം നടപ്പിലാക്കുമ്പോൾ, അധികാരത്തിലിരിക്കുന്ന പാർട്ടി, തങ്ങളുടെ ഭരണത്തിന്റെ നയപരിപാടികൾ പ്രഖ്യാപിക്കേണ്ടതു രാജപ്രമുഖന്റെ പ്രസംഗംമൂലമാണു്. അങ്ങനെ നയപരിപാടികളെപ്പററി വിമർശിക്കുന്നതിനുള്ള അവസരം പ്രതിപക്ഷകക്ഷികൾക്കുണ്ടാകുമെന്നുള്ള ധാരണയിലാണു ഞങ്ങൾ ഇവിടെ വന്നിട്ടുള്ളതു്. ആ ധാരണയ്ക്കു വിരുദ്ധമായി നയപ്രഖ്യാപനപ്രസംഗം നടത്താതെ ബഡ്ജറ്റു അവതരിപ്പിച്ചിരിക്കുന്നതു ഡെമോക്രസിയെ അവഹേളിക്കലാണു്.

സർ, മുഖ്യമന്ത്രിക്കും അദ്ദേഹത്തിന്റെ ആളുകൾക്കും തോന്നിയപോലെ വ്യാഖ്യാനിച്ചു്, സ്വന്തം ആവശ്യങ്ങൾക്കനുകൂലമായി തീരുമാനിക്കാനുള്ളതല്ല ഡെമോക്രസിയുടെ ആദർശങ്ങൾ എന്നു് അദ്ദേഹം മനസ്സിലാക്കുന്നതു നന്നായിരിക്കും. അദ്ദേഹത്തിനും, അദ്ദേഹത്തിന്റെ പാർട്ടിക്കും തോന്നുന്നതുപോലെ, ഇഷ്ടംപോലെ വ്യാഖ്യാനിച്ചു എല്ലാ അംഗീകൃത നിയമങ്ങളെയും ലംഘിച്ചുകൊണ്ടു പോലും കൈകാര്യം ചെയ്യാനുള്ളതല്ല ഭരണഘടനാനിയമങ്ങൾ. സർ, ഈ രാജ്യത്തിലെ ക്ഷേമൈശ്വര്യത്തെ കരുതുന്ന എല്ലാആളുകളുടെയും ആശയാഭിലാഷങ്ങൾ ചവുട്ടിത്തേച്ചുകൊണ്ടു തങ്ങൾക്കു അധികാരത്തിലിരിക്കാമെന്നു വിചാരിക്കുന്നതു ശരിയല്ല. എന്തായാലും ഇങ്ങനെ ജനാധിപത്യവിരുദ്ധമായ ഒരു ഭരണം നടത്താനാഗ്രഹിക്കുന്ന ഇന്നത്തെ ഭരണകക്ഷിയെ സഹകരണം നൽകി വാഴിക്കാൻ ഞങ്ങൾക്കു സാധിക്കുകയില്ല. അവർക്കു അങ്ങനെ സഹകരണം നൽകി, ഈ ഭരണം തുടരാൻ അനുവദിക്കുകയാണെങ്കിൽ അതുമൂലം ഉണ്ടാകുന്ന കുഴപ്പങ്ങൾക്കു ഞങ്ങൾകൂടി ഉത്തരവാദികളായിരിക്കും.

സർ, അടുത്തതായി എനിക്കു പറയുവാനുള്ളതു്, ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞതുപോലെതന്നെ, ഒരു ബഡ്ജറ്റിന്റെ നയപരമായ കാര്യങ്ങളെ വിമർശനവിഷയമാക്കുമ്പോൾ രണ്ടു കാര്യങ്ങളാണു ബഡ്ജറ്റിന്റെ പ്രവണതകളിൽനിന്നു മനസ്സിലാക്കേണ്ടതു്. ഒന്നു് ബഡ്ജറ്റിന്റെ സ്റ്റാറ്റിസ്റ്റിക്സ്; മറെറാന്നു്, ബഡ്ജറ്റു അവതരിപ്പിക്കുമ്പോൾ ഫൈനാൻസു മിനിസ്റ്റർ ചെയ്യുന്ന പ്രസംഗം. ഇതു രണ്ടും ചികഞ്ഞുനോക്കിയാൽ സൂക്ഷ്മമായി പരിശോധിച്ചാൽ കാര്യ

[ശ്രീ. ആർ. ശങ്കരനാരായണൻതമ്പി]

മായ യാതൊന്നും കൊണ്ടുത്താൻ സാധിക്കുന്നില്ലെന്നു കാണാം മററു സ്ഥലങ്ങളിലേക്കു ബഹുമാനപ്പെട്ട ഡപ്യൂട്ടി സ്പീക്കർ പറഞ്ഞതുപോലെ ഞാനും അനേപ്രഷിച്ചുപോയി. അദ്ദേഹത്തെ അധികാരത്തിൽ വാഴിച്ചിരിക്കുന്ന, അദ്ദേഹം ഉൾക്കൊള്ളുന്ന കാൺഗ്രസ്സുപാർട്ടിയുടെ ആവഡി സമ്മേളനത്തിലെ നയവും, പ്രഖ്യാപനവും ആണ് ഞാൻ ചികഞ്ഞുനോക്കിയതു്. സ്വാഭാവികമായി, നാട്ടിൽ ജനങ്ങൾക്കു വളരെയൊക്കെ പ്രതീക്ഷകൾ വളർത്തിയ ആവഡി സമ്മേളനത്തിനുശേഷം, എന്താണ് ആ സമ്മേളനം സംഭാവനചെയ്തതെന്നു പ്രതീക്ഷയോടും, ഉൽക്കണ്ഠയോടും കേന്ദ്ര ബഡ്ജററിലേക്കു നോക്കി നാട്ടിലെ ജനങ്ങൾ ഇരിക്കുകയായിരുന്നു. ധനകാര്യമന്ത്രി ദേശമുഖ്, അദ്ദേഹത്തിന്റെ സഹമന്ത്രിമാരും തങ്ങളുടെ ബഡ്ജററു കേന്ദ്രത്തിൽ അവതരിപ്പിച്ചു. ബഡ്ജററിൽ പ്രത്യേകിച്ചു സോഷ്യലിസത്തിന്റെ വല്ല ഗുണവും ഉണ്ടോ എന്നു ഞങ്ങൾ പരിശോധിച്ചു. സോഷ്യലിസം കാണ്മാനില്ലെങ്കിലും ഉണ്ടെന്നാണു ദേശമുഖ് പറയുന്നതു്. ആ സോഷ്യലിസത്തിനു ഒരു പ്രത്യേകതയുണ്ടു്. തങ്ങളുടെ സോഷ്യലിസം എന്തായിരിക്കുമെന്നു അവർ ആവഡി കാൺഗ്രസ്സിൽ പ്രസ്താവിച്ചതു ഇങ്ങനെയാണ്. പണ്ഡിററു നെഹ്റു ആവഡി കാൺഗ്രസ്സിന്റെ സെഷനിൽ അവതരിപ്പിച്ച ഒരു റിപ്പോർട്ടിലെ ഒരു ഭാഗമാണ് ഞാൻ വായിക്കുന്നതു്.

"In regard to industries we have moved forward to a socialistic pattern of society without breaking with those who represented the old order." ഈ ഒടുവിലത്തെ ഭാഗമാണ് വളരെ അർത്ഥവത്തു്. ഈ സോഷ്യലിസത്തിന്റെ മാതൃക നിങ്ങളുടെയൊക്കെ തലതൊട്ടപ്പനായ ബഹുമാനപ്പെട്ട ഇൻഡ്യൻ പ്രധാനമന്ത്രിയുടെ നാവിൽനിന്നും തന്നെ വരുമ്പോൾ ആ സോഷ്യലിസത്തിന്റെ ഉള്ളടക്കം എന്താണെന്നു് ഈ നാട്ടിലെ ജനങ്ങൾ സംശയബുദ്ധിയോടെ നോക്കിപ്പോകുന്നവെങ്കിൽ അതിൽ നിങ്ങൾ പരിഭവിക്കരുതു്. നിങ്ങൾ കലി തുള്ളരുതു്, വല്ല ആളുകളും ആവഡി സോഷ്യലിസത്തെപ്പററി എന്തെങ്കിലും പറയുകയാണെങ്കിൽ നിങ്ങൾ കലി തുള്ളുന്നതായ അനുഭവങ്ങൾ ഞങ്ങൾക്കുണ്ടായിട്ടുണ്ടു്. ആത്മസാക്ഷി എന്നൊന്നു് നിങ്ങൾക്കു് ഉണ്ടെങ്കിൽ, മനസ്സാക്ഷി എന്നൊന്നു് നിങ്ങൾക്കു് ഉണ്ടെങ്കിൽ, അതിനിയും നിങ്ങൾക്കു അവശേഷിക്കുന്നുണ്ടെങ്കിൽ, ഈ രാജ്യത്തെ ജനങ്ങളോടു് നിങ്ങൾക്കു് ഉത്തരവാദിത്വം ഉണ്ടെന്നു് ആവർത്തിച്ചാവർത്തിച്ചു് വായ്ത്താരി പാടുന്ന നിങ്ങളോടു് ഞങ്ങൾ അപേക്ഷിക്കുന്നു. ബഹുമാനപുരസ്സരം അപേക്ഷിക്കുന്നു—നിങ്ങൾ ബഹുമാനപ്പെട്ട ഇൻഡ്യാ പ്രധാനമന്ത്രി പണ്ഡിററു് ജവഹരിലാലിന്റെ പ്രസ്താവന ഒന്നു പരിശോധിച്ചുനോക്കുക, അപ്പോൾ നിങ്ങൾക്കുതന്നെ സംശയമാകും നിങ്ങൾക്കു് സത്യസന്ധതയും ആത്മാർത്ഥതയും ഉണ്ടോ എന്നു്.

സർ, ഞാൻ ചില വസ്തുതകൾ ഇവിടെ ഉദ്ധരിക്കാം. നിങ്ങളുടെ വാഗ്വാചസ്സായ പണ്ഡിററു് ജവഹരിലാലിന്റെ പ്രവൃത്തികൾകൊണ്ടും പ്രഖ്യാപനങ്ങൾകൊണ്ടും തെളിയിച്ചിട്ടുണ്ടു്. അദ്ദേഹം ഈ നാട്ടിലെ ജനങ്ങൾ വിഭാവന ചെയ്യുന്ന, ജനങ്ങൾക്കു് ആവശ്യമുള്ള സോഷ്യലിസമല്ല ഇവിടെ കൊണ്ടുവരാൻ പോകുന്നതു്. എന്നിരുന്നാൽ തന്നെയും അദ്ദേഹത്തിനു് ഈ നാട്ടിലെ ജനങ്ങളെ വളരെ ആകർഷിക്കുവാൻ സാധിച്ചിട്ടുണ്ടു്. അതിനുശേഷം സോഷ്യലിസത്തിന്റെ പേരുംപറഞ്ഞു

അതേപ്പററി വായ്താരികളും പാടി ഈ രാജ്യത്തെ ജനങ്ങളെ വഞ്ചിക്കാമെന്ന് വിചാരിക്കുകയാണെങ്കിൽ, ഈ രാജ്യത്തെ രാഷ്ട്രീയപ്രബുദ്ധരായ ജനങ്ങളെ വഞ്ചിക്കാമെന്ന് വിചാരിക്കുകയാണെങ്കിൽ നിങ്ങൾ അതുമൂലം വഞ്ചിതരാകുകയാണ് എന്നൊരു മുന്നറിയിപ്പുകൂടി സ്നേഹപൂരസ്സരം ഈ രാജ്യത്തെ പ്രധാനമന്ത്രിയെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

"Without breaking with those who represented the old order". എന്ന് ബഹുമാനപ്പെട്ട പണ്ഡിററ് ജവഹർലാൽ നെഹറു ആരെ ഉദ്ദേശിച്ചാണ് പറഞ്ഞതെന്ന് ഞാൻ ഉദ്ധരിക്കാൻ പോകുന്ന ചില സ്ഥിതിവിവരക്കണക്കുകൾകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ രാജ്യത്തെ സാമ്പത്തികഭദ്രതയെ ഏററവും കൂടുതൽ അപകടപ്പെടുത്തുന്നത് സാമ്രാജ്യത്വമാണെന്നുള്ള പരമസത്യത്തെ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടുള്ള മഹാനേതാവാണ് പണ്ഡിററ് ജവഹർലാൽ നെഹറു. അദ്ദേഹം 1947 ആഗസ്റ്റിനുശേഷം അധികാരത്തിൽ വന്നു. അതിനു മുമ്പ് പല സന്ദർഭങ്ങളിലും അദ്ദേഹം പറഞ്ഞിട്ടുള്ള വാക്യങ്ങളും ചെയ്തിട്ടുള്ള പ്രതിജ്ഞകളും ഈ നാട്ടിലെ ജനങ്ങളെ ആഹ്ലാദം ചെയ്തിട്ടുള്ളതും എല്ലാം ഇന്നും ഞങ്ങളുടെ കണ്ണുകളിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു. അദ്ദേഹമാണ് പല സന്ദർഭങ്ങളിലും ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടുള്ളത് ഈ രാജ്യത്തെ സാമ്പത്തികഭദ്രതയെ ഏററവും കൂടുതൽ അപകടപ്പെടുത്തുന്നത് സാമ്രാജ്യത്വചൂഷണമാണ് എന്ന്. പക്ഷെ ആ സാമ്രാജ്യത്വചൂഷണം ഏതെങ്കിലും തരത്തിൽ റിസ്ട്രിക്ട് ചെയ്യാൻ അദ്ദേഹം തയാറായിട്ടില്ല. എന്നു മാത്രമല്ല സാമ്രാജ്യത്വത്തെ ഇന്നു നില നിറുത്തുന്നതിനു ഇന്നും ശക്തികൊടുത്തുകൊണ്ടുള്ള പ്രസ്താവന അതായത് ആ ഓൾഡ് ആർഡർ ഇന്നും റെപ്രസെൻറ് ചെയ്യുന്നു. ആ പഴയസാമ്രാജ്യത്വത്തിനു എല്ലാ പരിരക്ഷയും ചെയ്തുകൊണ്ട്, Without breaking with the old order, ഇൻഡ്യ കാമൺവെൽത്തിൽ നന്നും പുറത്ത് അല്ല എന്നുള്ള ബോധം നിലനിർത്താൻ വേണ്ടി, വിക്ടോറിയാ രാജ്ഞിയുടെ കിരീടധാരണാവസരത്തിൽ അവരുടെ ഗൌണിൻെറ താഴത്തെ അററം താങ്ങിപ്പിടിച്ചുകൊണ്ടു നിന്ന സമ്പ്രദായം നിലനിർത്തുന്നതിൻെറ ഉത്തമലക്ഷ്യങ്ങളായി ഞങ്ങൾ കരുതുന്നു. ഇതെല്ലാം സത്യത്തിൽ വിശ്വസിക്കുന്ന മുഖ്യമന്ത്രി ഒന്നാലോചിച്ചുനോക്കിയാൽ മനസ്സിലാകും. എത്ര അപമാനകരമായ പ്രവൃത്തികളാണ്. ഇതിൽ ജനങ്ങൾ രോഷംകൊള്ളുന്നുണ്ടെന്നു ഞങ്ങൾ കരുതുന്നു. നിങ്ങൾക്കു യഥാർത്ഥത്തിൽ ലജ്ജ തോന്നുന്നില്ല; നിങ്ങൾക്കു നാണം തോന്നുന്നില്ല.

ഇവിടെ ബ്രിട്ടീഷുമൂലധനം ഞാൻ ഇൻഡ്യയിൽ മൊത്തത്തിലുള്ള കണക്കുകൾ ഉദ്ധരിക്കുവാൻ ഒരുങ്ങുന്നില്ല. അവർ എന്തെല്ലാം തരത്തിലാണ് കൊള്ള നടത്തുന്നതെന്നു ചില കണക്കുകൾ ഞാൻ പറയാം. ഗില്ലാണ്ടേഴ്സ് ആർബത്തനാട്ട് കമ്പനി 90 ലക്ഷം രൂപ മുതൽ മുടക്കി ആററിഅറുപത്തിആറ് ലക്ഷത്തിനു ശിഷ്ടം രൂപാ ഏഴുകൊല്ലക്കാലംകൊണ്ട് ലാഭമായി കൊണ്ടുപോയിക്കഴിഞ്ഞിട്ടുണ്ട്. ഇന്നും ആ കമ്പനികൾ

[ശ്രീ. ആർ. ശങ്കരനാരായണൻതമ്പി]

വളരെ ലാഭകരമായി പ്രവർത്തനം നടത്തുന്നു. അതുപോലെ പാരി ആൻഡ് കമ്പനി 36·58 ലക്ഷം രൂപാ മുടക്കി ഇതുവരെ ഏഴുകൊല്ലക്കാലമായി 119 ലക്ഷത്തിൽ ശിഷ്ടം രൂപാ ലാഭമെടുത്തുകഴിഞ്ഞിട്ടുണ്ട്. അതായതു് അവരുടെ ഷയർ ക്യാപ്പിറ്റലിൽ ഏതാണ്ടു് 350 ശതമാനം ലാഭം എടുത്തിട്ടുണ്ട്. അതുപോലെ ബിന്നി കമ്പനി 50 ലക്ഷം രൂപാ മുടക്കി 84 ലക്ഷം രൂപാ ലാഭമായിത്തന്നെ എടുത്തുകഴിഞ്ഞിട്ടുണ്ട്. അതുപോലെ "പാൽമർലാറി" കമ്പനി 40 ലക്ഷം രൂപാ മുടക്കി 89 ലക്ഷം രൂപാ ലാഭം എടുത്തു. അതായതു് 225 ശതമാനം. അതുപോലെ 'ഷോവാലസ്" കമ്പനി 109 ലക്ഷം രൂപാ മുടക്കി 111 ലക്ഷം രൂപാ നാലുകൊല്ലത്തിനകം ലാഭം എടുത്തു. ബ്രിട്ടീഷ് ഗവണ്മെൻറ് ഇവിടെനിന്നും പോയി എങ്കിലും ഈ ഓർഡ്ഡ് ആർഡറിനു ഏതൊരു തരത്തിലും പ്രതിബന്ധം ഉണ്ടാകാത്തതരത്തിലുള്ള ഒരു സോഷ്യലിസം ആണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതു് എന്നാണ് സോഷ്യലിസത്തിന്റെ പേരിൽ പണ്ഡിറ്റ് ജവഹരിലാൽ നെഹറു പറയുന്നതു്.

സർ, അതുപോലെ തന്നെ ഇൻഡ്യൻ ഗോട്ടം ഉടമകളുടെ കണക്കുകൂടി പറയാം. നിരവധി കണക്കുകൾ എന്റെ കൈവശം ഉണ്ട്. അതെല്ലാം ഉദ്ധരിച്ചു് ഈ സഭയുടെ സമയം നഷ്ടപ്പെടുത്തുവാൻ ഒരുങ്ങുന്നില്ല. ട്രാവൻകൂർ ടീ എസ്റ്റേറ്റ് എന്ന പേരിൽ .....

ശ്രീ. കെ. ബാലകൃഷ്ണൻ : ഈ കണക്കുകൾ ഏതിൽ നിന്നും വായിക്കുകയാണ്?

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി : ഇൻവെസ്റ്റേഴ്സ് എൻസൈക്ലോപീഡിയാ എന്ന പുസ്തകത്തിൽ നിന്നും. കോണ്ടാരി ആൻഡ് സൻസ് പ്രസിദ്ധം ചെയ്തിട്ടുള്ളതാണ്. കോണ്ടാരി ആൻഡ് സൺസ് കമ്മ്യൂണിസ്റ്റുകാരല്ല.

ശ്രീ. ജോസഫ് ചാഴികാട്ട്: കമ്മ്യൂണിസ്റ്റുകാർ തന്നെ ആയിരിക്കണമെന്നു് നിർബന്ധമുണ്ടോ, ഈ മാതിരി വിവരങ്ങൾ പ്രസിദ്ധം ചെയ്യുന്നതിനു്.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: സർ, ഞാൻ അതിനെ പക്ഷപാതപരമായ കണക്കുകൾ അല്ല എന്നു കാണിക്കുവാൻവേണ്ടി പറഞ്ഞതേയുള്ളൂ. ട്രാവൻകൂർ ടീ എസ്റ്റേറ്റ് കമ്പനിക്കു് 1.96 ലക്ഷം രൂപായെ ഷെയർ ക്യാപ്പിറ്റലുള്ളൂ. പക്ഷെ ലാഭം 1947 മുതൽ 53 വരെ 7.65 ലക്ഷവും അതായതു് 386 ശതമാനവും, അതുപോലെ തന്നെ പൊന്മുടി ടീ എസ്റ്റേറ്റ് 99000 രൂപ മുടക്കിയിട്ടു് 3.34 ലക്ഷം അതായതു് 300 ശതമാനത്തിനു കൂടുതലും കണ്ണൻദേവൻ കമ്പനിയിൽഷെയർക്യാപ്പിറ്റൽ 13 ലക്ഷവും അതിനു നാലു കൊല്ലത്തിനകം 14.32 ലക്ഷം അതായതു് 110 ശതമാനം ലാഭവും, ഈ തരത്തിലുള്ള സ്ഥാപിതതാല്പര്യങ്ങളെ പരിരക്ഷിച്ചുകൊണ്ടുള്ള ഒരു സോഷിലിസ്റ്റ് പ്രഖ്യാപനത്തിൽ എന്തെങ്കിലും സോഷിലിസം ഉണ്ടോ എന്നു് ഞങ്ങൾ സംശയിക്കുന്നതിൽ വലിയ അബദ്ധമുണ്ടെന്നു തോന്നുന്നില്ല. സോഷിലിസം എന്നു പറയുമ്പോൾ ഞങ്ങൾ ചില വസ്തുതകൾ വിഭാവനം ചെയ്യുന്നുണ്ട്. അതു് മറ്റൊന്നുമല്ല സർ,

ഈ രാജ്യത്തെ പൊതുജനങ്ങളുടെ വാങ്ങാനുള്ള കഴിവുകളെ വികസിപ്പിക്കുവാനുള്ള ഏതു നടപടിയേയും ഞങ്ങൾ സ്വാഗതം ചെയ്യും. അതിന് സോഷ്യലിസം എന്ന് ഒരുപക്ഷെ ഞങ്ങൾ പറഞ്ഞിട്ടില്ലെങ്കിലും അതിനുള്ള ഏതു നടപടിയും ഞങ്ങൾ സ്വാഗതം ചെയ്യും. അങ്ങനെ വാങ്ങാനുള്ള കഴിവുകൾ വികസിപ്പിക്കുവാൻ വേണ്ടിയുള്ള എന്തെങ്കിലും ചെലവിനങ്ങൾ ഈ ബഡ്ജറ്റിൽ ഉണ്ടായിരുന്നെങ്കിൽ ഞങ്ങളുടെ പിൻതുണ നിർല്ലോഭം നിങ്ങൾക്ക് ലഭിക്കുമായിരുന്നു.

അതുപോലെ തന്നെ ഈ രാജ്യത്തെ തൊഴിലില്ലായ്മ പരിഹരിക്കാൻ ക്രിയാത്മകമായ എന്തെങ്കിലും പദ്ധതികൾ നിങ്ങൾ ആസൂത്രണം ചെയ്തിരുന്നെങ്കിൽ ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുമായിരുന്നു. ഈ രാജ്യത്ത് പുരോഗമനപരമായ ഒരു ഭൂനയം നടപ്പിലാക്കി കർഷകന്റെ വരുമാനം വികസിപ്പിക്കുവാൻ ഉതകുന്നതായ ഒരു നടപടി കൊണ്ടുവന്നിരുന്നെങ്കിൽ ഞങ്ങൾ നിങ്ങളെ അനുകൂലിക്കുവാൻ തയ്യാറാകുമായിരുന്നു. തീർച്ചയായും അതിനേയും ഞങ്ങൾ സ്വാഗതം ചെയ്യുമായിരുന്നു. ഈ വക പ്രശ്നങ്ങൾ ഒന്നും നിങ്ങൾ തൊട്ടിട്ടില്ല. എന്നു മാത്രമല്ലാ തൊടുവാൻ ആഗ്രഹിക്കുന്നുമില്ല എന്ന് പരോക്ഷമായി സമ്മതിക്കുകൂടി ചെയ്യുന്നതായി ബഹു: മുഖ്യമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് സ്പീച്ചിൽ നിന്നും മനസ്സിലാക്കുന്നു. ന്യായമായും ഇതു ഞങ്ങളെ അപമാനിക്കത്തക്ക രീതിയിലാണ് അദ്ദേഹം അദ്ദേഹത്തിന്റെ ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചത്.

സർ, ഈ ബഡ്ജറ്റ് സാധാരണ ഗതിയിൽ രാജ്യത്തിന്റെ സാമ്പത്തികസ്ഥിതി പരിപാലനകരമായിരിക്കണമെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്. കൊല്ലംതോറും ഒരു ഡിഫിസിറ്റ്ബഡ്ജറ്റ് അവതരിപ്പിക്കുക, എന്നുള്ള സമ്പ്രദായം ഒരു പുരോഗമനപരമായ ബഡ്ജറ്റ് അവതരണ സമ്പ്രദായമാണെന്ന് ഞങ്ങൾ വിചാരിക്കുന്നില്ല. കാരണം ഒരു ജനാധിപത്യരാജ്യത്തിൽ നേഷൻ ബിൽഡിംഗ് പ്രസ്ഥാനങ്ങൾക്കു വേണ്ടി ഒരു ഡിഫിസിറ്റ് ബഡ്ജറ്റ് ആവശ്യമായി വരാം എന്നുള്ളത് ഞങ്ങളും സമ്മതിക്കുന്നു. കൊല്ലംതോറും ഇങ്ങനെ തുടർച്ചയായി ഡിഫിസിറ്റ് ബഡ്ജറ്റ് അവതരിപ്പിക്കുക, ബഡ്ജറ്റ് വർഷം കഴിയുമ്പോൾ വലിയ ഒരു മിച്ചവും വരിക ഇതാണ് ഇവിടെ കണ്ടുവരുന്നത്. അപ്പോൾ ഡിഫിസിറ്റ്ബഡ്ജറ്റ് അവതരണത്തിൽ വലിയ കള്ളത്തരമുണ്ട് എന്നു പറയേണ്ടതായിട്ടുണ്ട്. അതെന്താണ്? ഈ രാജ്യത്തെ ജനങ്ങളോട് ഈ ഗവണ്മെന്റ് വമ്പിച്ച ചില കാര്യങ്ങൾ ചെയ്യാൻ ആഗ്രഹിക്കുന്നു എന്നു പ്രഖ്യാപിക്കുക, ആ പ്രതീക്ഷയിൽ ബഡ്ജറ്റ് വർഷത്തിന്റെ അവസാനം വരെ ജനങ്ങളെ അങ്ങനെ നിലനിർത്തിക്കൊണ്ടു പോകുക ഒടുവിൽ ഒരു കാര്യവും ചെയ്യാതെ ബഡ്ജറ്റിൽ ഒരു വലിയ മിച്ചം ഉണ്ടാക്കുക, അടുത്ത വർഷവും ഇങ്ങനെ ഒരു ഡിഫിസിറ്റ്ബഡ്ജറ്റ് അവതരിപ്പിക്കുക ഇതാണ്.

സർ, ഡിഫിസിറ്റ് ബഡ്ജറ്റ് എന്നു പറയുകയാണെങ്കിൽ അതു് എല്ലാ സന്ദർഭങ്ങളിലും എല്ലാ കൊല്ലവും അംഗീകരിക്കാവുന്ന ഒരു ബഡ്ജറ്റ് അവതരണ സമ്പ്രദായമല്ല. ആ ബഡ്ജറ്റ് ശരിയല്ല, കാരണം ലോൺ ഫ്ളോട്ട് ചെയ്യുകയാണോ പുതിയ നികുതികൾ ഏർപ്പെടുത്തുകയാണോ നേഷൻബിൽഡിംഗ്സ്കീമിന് വേണ്ടി നിങ്ങൾ ഇഷ്ട

[ശ്രീ. ആർ. ശങ്കരനാരായണൻതമ്പി]

പ്പെടുന്നതു് എന്നുചോദിച്ചും പുതിയ നികുതികൾ ഏർപ്പെടുത്തുകയാണെങ്കിൽ പിൻതിരിപ്പനാണെന്നും പുതിയ നികുതികൾ ഏർപ്പെടുത്തുന്നില്ലെങ്കിൽ പുരോഗമനവാദികളാണെന്നും നിങ്ങൾ പറയുമെന്നു് പറഞ്ഞു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്നെ പിൻഡൌൺ ചെയ്യാൻ ശ്രമിച്ചേയ്ക്കും. പുതിയനികുതി ഏർപ്പെടുത്തുന്നതിൽ എല്ലായ്പ്പോഴും ഞങ്ങൾ എതിർക്കുന്നവരല്ല. പക്ഷേ ഏതു വിഭാഗത്തിനാണു് ഈ പുതിയ നികുതി ഏർപ്പെടുത്തുന്നതു് എന്നുള്ളതിനെ സംബന്ധിച്ചു് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞങ്ങളും തമ്മിൽ സാരമായ അഭിപ്രായവ്യത്യാസമുണ്ടു്. അദ്ദേഹം അദ്ദേഹത്തിന്റെ ബഡ്ജററ് പ്രസംഗത്തിൽ വളരെ കരുതലോടുകൂടി പറയുകയുണ്ടായി. ഈ രാജ്യത്തെ ജനങ്ങൾക്കു് ആശ്വാസം നൽകണമെന്നും (നൽകാമെന്നുള്ള പ്രതീക്ഷയോടുകൂടി ആയിരിക്കാം) പുതിയ നികുതി ഒന്നും ഏർപ്പെടുത്തുവാൻ ഈ ഗവണ്മെൻറ് ഉദ്ദേശിക്കുന്നില്ല എന്നും. പക്ഷേ അതുകൊണ്ടു് മാത്രം ഈ ബഡ്ജററ് പുരോഗമനപരമായ ബഡ്ജററായിത്തീരുമോ എന്നു് ഞാൻ അദ്ദേഹത്തോടുതന്നെ ചോദിക്കുകയാണു്. ടാക്സിനത്തിലാണെങ്കിൽ ഡയറക്ടു് ടാക്സ് എന്നും ഇൻഡയറക്ടു് ടാക്സ് എന്നും രണ്ടു തരത്തിലുണ്ടു്. അദ്ദേഹം അതിനെ നിഷേധിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നില്ല. ഇങ്ങനെ പ്രത്യക്ഷനികുതിയും പരോക്ഷനികുതിയും തമ്മിലുള്ള അകൽച്ച നോക്കുമ്പോൾ താരതമ്യേന ഇതൊരു പുരോഗമനപരമായ ബഡ്ജററല്ല. ഇതൊരു പഴഞ്ചൻ ബഡ്ജററ തന്നെയാണു് എന്നു് ഈ ബഡ്ജററ് ഒന്നു പരിശോധിച്ചു നോക്കിയാൽ കാണാൻ കഴിയും എന്നുള്ള സംഗതി ഞാൻ അദ്ദേഹത്തെ അനുസ്മരിപ്പിക്കുന്നു. ഡയറക്ടു് ടാക്സേഷൻ സംമ്പ്രദായത്തിൽ ഉന്നതതലത്തിലുള്ള ആളുകളെ ബാധിക്കുമ്പോൾ ഇൻഡയറക്ടു് ടാക്സേഷൻ സമ്പ്രദായത്തിൽ ഏററവും താഴ്ന്ന നിലയിലുള്ള ആളുകളെയാണു് ബാധിക്കുന്നതു്. നമ്മുടെ ബഡ്ജററ് ഒന്നു് എടുത്തു പരിശോധിച്ചാൽ കാണാൻ കഴിയുന്നതു, പ്രത്യക്ഷനികുതിയും പരോക്ഷനികുതിയും തമ്മിലുള്ള അകൽച്ച താരതമ്യേന വളരെ വമ്പിച്ചതാണു് എന്നു് ഇന്നു് താണ നിലവാരത്തിൽ ജീവിക്കുന്ന ആളുകൾക്കു് ഏററവും കൂടുതൽ നികുതി ഭാരം വഹിക്കേണ്ടിവരുന്നു. മൊത്തവരുമാനത്തിന്റെ ശതമാനം നോക്കുകയാണെങ്കിൽ അതാണു് ഏററവും കൂടുതൽ. ആ സംഗതികൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിഗണിക്കണമെന്നു് ഞാൻ അറിയിച്ചുകൊള്ളുന്നു.

ഇനി റിലാക്സേഷൻ ആഫ് ടാക്സിനെപ്പററി പറയുന്ന പക്ഷം സാധാരണക്കാരായ ജനങ്ങൾക്കു് നികുതിയിൽ ഇളവുതന്നെ ഉണ്ടാക്കണം. അതേസമയം മറെറാരു വിഭാഗത്തിന്റെ (ഉന്നതതലത്തിൽ നിൽക്കുന്ന ആളുകളുടെ) നികുതി വർദ്ധിപ്പിക്കുകയും വേണം. അതല്ലാതെ പുതിയ നികുതി ഒന്നും ഏർപ്പെടുത്തുന്നില്ല എന്നു പറഞ്ഞു് നിങ്ങൾ സാധാരണ ജനങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുന്നതിനുപകരം യഥാർത്ഥത്തിൽ, ഉന്നതതലത്തിലുള്ളവരെ സഹായിക്കുവാനാണു് ആഗ്രഹിക്കുന്നതു്. യഥാർത്ഥത്തിൽ ഇന്നു് പുതിയ നികുതി ഏർപ്പെടുത്തിയില്ലെങ്കിൽ തന്നെയും നികുതിഭാരംകൊണ്ടു് നട്ടെല്ലുവളഞ്ഞു് മുതുകു് കുനിഞ്ഞിരിക്കുന്ന ഒരുപരിതസ്ഥിതിയിലാണു് ഇവിടത്തെ സാധാരണ ജനങ്ങൾ കഴിഞ്ഞുകൂടുന്നതു്. ഇപ്പോൾ പുതിയ നികുതി ഒന്നും ഏർപ്പെടുത്തു

വാൻ ആഗ്രഹിക്കുന്നില്ല എന്നുള്ളതു് ഒരു പൊതുസത്യം മാത്രമാണു്. ഇതു് സത്യത്തെ മറച്ചുവയ്ക്കുവാനുള്ള വാചകങ്ങളാണു്. അങ്ങനെ പറഞ്ഞു് ഈ രാജ്യത്തെജനങ്ങളെ വഞ്ചിക്കാമെന്നു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിചാരിക്കുന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി, വശ്യവചസ്സുകൊണ്ടു് ഈ രാജ്യത്തെ ജനങ്ങളെ മുഴുവൻ പ്രസംഗത്തിൽ ആകർഷിക്കുവാൻ, മാത്രയും വലിയ നാക്കുള്ള മുഖ്യമന്ത്രി! അങ്ങയുടെ ഈ കണക്കുകൂട്ടലുകൾ പരാജയപ്പെടാൻ പോകുകയാണു്. പക്ഷെ ഇങ്ങനെ പുതിയ നികുതികൾ ഏർപ്പെടുത്തിയിട്ടില്ല എന്നു് അവകാശവാദം മററു ചിലർ പറയുമ്പോൾ ചില കാര്യങ്ങൾഅറിയിക്കുവാൻ ഞാനാഗ്രഹിക്കുന്നു.

സർ, നമ്മുടെ ബഡ്ജററിൽ പറഞ്ഞിട്ടില്ലേ ബെററർമെൻറ് ലവി, വാട്ടർ ടാക്സ് ഇവ ഇനിയും ഏർപ്പെടുത്തുവാൻ പോകുന്നു എന്നു്. ബെററർമെൻറ് ലവിയും വാട്ടർ ടാക്സും ഏർപ്പെടുത്തുക എന്നു പറയുന്നതുകൊണ്ടു് ജനങ്ങളുടെ നികുതിഭാരം ഒന്നുകൂടി വർദ്ധിപ്പിക്കുവാൻ ഇതൊരു ഒന്നാംതരം സൂത്രമല്ലേ എന്നു് ഞങ്ങൾ ഭയപ്പെടുന്നതുകൊണ്ടു് പറയുകയാണു്. ബെററർമെൻറ് ലവി ഈടാക്കുകയാണെങ്കിൽ അതിനു വേണ്ടത്ര ക്രഡിററഫെസിലിററീസ് ഗ്രാമപ്രദേശങ്ങളിൽ ഉണ്ടായിരിക്കണം. അങ്ങനെ ഗ്രാമപ്രദേശങ്ങളിൽ ജനങ്ങളുടെ വരുമാനം വർദ്ധിപ്പിച്ചതിനുശേഷം അവരുടെ ജീവിതനിലവാരം ഉയർത്തിയതിനു ശേഷം അവരുടെ മേൽ ഈ ബെററർമെൻറ് ലവി ചുമത്തിയിരുന്നെങ്കിൽ ഞങ്ങൾ അതിനെ എതിർക്കുമായിരുന്നില്ല. ഈ പശ്ചാത്തലത്തിലും സാഹചര്യത്തിലും ഇങ്ങനെയുള്ള നികുതിഭാരം വർദ്ധിപ്പിക്കുന്നതോർക്കുമ്പോൾ നിങ്ങളുടെ സോഷ്യലിസത്തെപ്പററി ബുദ്ധിമാനായ മുഖ്യമന്ത്രി അങ്ങു് ഒരക്ഷരംപോലും ബഡ്ജററ് പ്രസംഗത്തിൽ പറഞ്ഞിട്ടില്ല. ഇവിടെ സോഷ്യലിസത്തെപ്പററി നിങ്ങൾ വായ്താരി പാടിക്കൊണ്ടിരുന്നിട്ടും അങ്ങയുടെ ബഡ്ജററ് പ്രസംഗത്തിൽ സോഷ്യലിസം എന്ന ഒരു വാക്കു പോലും പറഞ്ഞു കാണാത്തതു് അതിനെ അനുമോദിക്കുന്നതിനു് പ്രയോജനമായ ഒരു വസ്തുതയാണു്. അതിനുള്ള സത്യസന്ധത അങ്ങു് ഒരിക്കലെങ്കിലും കാണിച്ചല്ലോ. അതിനു് അങ്ങയെ അനുമോദിക്കുകയാണു്. അങ്ങനെ ഈ രാജ്യത്തെ പാവപ്പെട്ട ജനങ്ങൾ ഏതെങ്കിലും തരത്തിൽ നികുതി കൊടുക്കാനുള്ള കഴിവുകൾ ഉണ്ടാക്കാതെ ഈ മാതിരി ബെററർമെൻറ് ലെവിയും, വാട്ടർടാക്സും ഏർപ്പെടുത്തുകയാൽ തീർച്ചയായും അതിനെ ഞങ്ങൾക്കു് സ്വാഗതം ചെയ്യാൻ നിവൃത്തിയില്ല.

അതുപോലെതന്നെ അങ്ങു് അങ്ങയുടെ പ്രസംഗത്തിൻെറ ഒരു ഭാഗത്തു് പറഞ്ഞു ഒരു പുതിയ സമ്പ്രദായം സെയിൽസ് ടാക്സിനെ സംബന്ധിച്ചിടത്തോളം അങ്ങു് അവലംബിച്ചു എന്നു്. അതായതു് മൾട്ടി പോയിൻറ് സെയിൽസ് ടാക്സ് അവസാനിപ്പിച്ചു് സിംഗിൾ പോയിൻറാക്കിയെന്നും അതിൽ നിന്നുള്ള കൂടുതൽ വരവു് 15 ലക്ഷം രൂപയാണെന്നും. മൾട്ടി പോയിൻറ് സെയിൽസ് ടാക്സ് അവസാനിപ്പിച്ചതിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. പക്ഷെ 15 ലക്ഷം രൂപ കൂടുതലാണു് ഈ മൾട്ടി പോയിൻറ് ടാക്സ് അണ്ടർഫ്ലോ ചെയ്തു് സിംഗിൾ പോയിൻറ് ആക്കുന്നതിൻെറ ഫലം. അപ്പോൾ ഈ ടാക്സ് മൾട്ടി പോയിൻറിൽ നിന്നും സിംഗിൾ പോയിൻറാക്കുന്നതിനു് എന്തെങ്കിലും ഗുണം ഇല്ലെന്നും അതു് ഉപഭോക്താക്കളെ ബാധിക്കുന്നതാണെന്നും നാം മനസ്സിലാക്കണം.

[ശ്രീ. ആർ. ശങ്കരനാരായണൻതമ്പി]

സർ, മറ്റൊരു കാര്യത്തെക്കുറിച്ച് എനിക്കു പറയുവാനുള്ളതു് നമ്മുടെ ഈ ബഡ്ജറ്റിൽ കണ്ട കാഴ്ചപ്പാടിനെ സംബന്ധിച്ചാണ്. അതായതു് ഉൽപ്പാദനം വർദ്ധിപ്പിക്കുക, ഇൻഡസ്ട്രിയലൈസ് ചെയ്യുക എന്നു് അങ്ങയുടെ സംഘടനയിൽപ്പെട്ടവരും വായ്ത്താരിപാടിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഒരു വാസ്തവം ഞാൻ ചൂണ്ടിക്കാണിച്ചു കൊള്ളുന്നു. ശ്രീ. ഗുൽസാരിലാൽ നന്ദാ അദ്ദേഹത്തിന്റെ ഒരു സ്റ്റേറ്റ്മെൻറിൽ പറയുകയാണ്:

"On the one hand there was the complaint that the country did not produce enough consumption goods. But when they increased production—and they took credit for it—they were suddenly faced with accumulation of stocks."

എന്താണ് ഈ പറയുന്നതിന്റെ അർത്ഥം? ഉൽപ്പാദനം വർദ്ധിപ്പിക്കണം എന്നു നിങ്ങൾ വായ്ത്താരി പാടുന്ന സന്ദർഭത്തിൽ കേന്ദ്രപ്ലാനിംഗ് മന്ത്രി പറയുന്നതെന്താണെന്നു നിങ്ങൾ മനസ്സിലാക്കണം. ഈ സ്റ്റാക്ക് അല്ലെ മുലേഷനു് ഒരു പോംവഴി കാണണമെങ്കിൽ ഇന്റേർണൽ മാർക്കറ്റുകൾ വികസിപ്പിക്കണം. അതിനു വേണ്ടത്ര പരിശ്രമങ്ങൾ ചെയ്യണം. ആ വഴികളിൽക്കൂടിയല്ലാതെ ഇവിടത്തെ സാമ്പത്തികഭദ്രത കൈവരുത്തുവാൻ സാധിക്കുമെന്നു ബുദ്ധിയുള്ള സാമ്പത്തികവിദഗ്ദ്ധന്മാർ ആരും തന്നെ വിശ്വസിക്കുമെന്നു എനിക്കു തോന്നുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അനുയായികളിൽ പലരും ബുദ്ധിമാന്മാരായ ആളുകൾ ഉണ്ടെന്നും അവർക്കു സൌജന്യങ്ങൾ കിട്ടുമെന്നും വിശ്വസിക്കുന്നവരാണ് ഞങ്ങൾ.

സർ, മറ്റൊരു വസ്തുത, ഇന്നു നാട്ടിൻപുറങ്ങളിലെ രംഗം എന്താണെന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി! അതൊന്നന്വേഷിക്കണം. അങ്ങ് ബഡ്ജറ്റു പ്രസംഗം ചെയ്യുന്ന സന്ദർഭമാണെങ്കിലും കൊള്ളാം, നിയമസഭാമെംബർമാർക്കു കത്തുകൾ എഴുതുമ്പോഴാണെങ്കിലും കൊള്ളാം മറ്റേതെങ്കിലും പ്രസ്താവനചെയ്യുമ്പോഴാണെങ്കിലും കൊള്ളാം. ഞാൻ അതേപ്പറ്റി പരിഹസിക്കുകയല്ല. പക്ഷെ അതിലെല്ലാം സത്യസന്ധത വേണമെന്നുമാത്രമേ ഞങ്ങൾ ആവശ്യപ്പെടുന്നുള്ളൂ. സർ, ഇന്നു നാട്ടിൻപുറത്തു സാമ്പത്തികത്തകർച്ചയുണ്ട്. മരച്ചീനിയുടെ വില ഇടിഞ്ഞു. അതിനു അടിയന്തിരമായി നടപടികൾ എടുത്തിട്ടുണ്ടെന്നു് അങ്ങ് അങ്ങയുടെ ബഡ്ജറ്റു പ്രസംഗത്തിലും എടുത്തു പറഞ്ഞിട്ടുണ്ട്. ബഡ്ജറ്റു പ്രസംഗത്തിൽ ഒരു ഭാഗത്തു പറഞ്ഞിട്ടുണ്ട്, ജീവിതച്ചെലവിന്റെ ഇൻഡക്സ് അല്പം താഴോട്ടുപോയിട്ടുണ്ട്, എന്നു്. അതു് ഈ നാട്ടിലെ ജനങ്ങൾക്കു ഒരു ആശ്വാസത്തിനു വേണ്ടി കാണിക്കുകയാണ്. ജീവിതച്ചെലവിന്റെ തോതു് ഇത്രത്തോളം താഴോട്ടുവരാനുള്ള കാരണം ഉൽപ്പാദനങ്ങളുടെ വിലിയിടിവുകൊണ്ടാണെന്നുംകൂടി അങ്ങ് പരിഗണനയിൽ എടുത്തിരുന്നു എങ്കിൽ ജീവിതച്ചെലവിന്റെ തോതിടിഞ്ഞതുകൊണ്ടു് യഥാർത്ഥത്തിൽ യാതൊരാശ്വാസവും പാവപ്പെട്ട ആളുകൾക്ക് സമ്പാദിച്ചുകൊടുത്തിട്ടില്ല എന്നുള്ള നിഗമനത്തിലാണ് ചെന്നെത്തുന്നതെന്നുമാണ് എനിക്കു പറയാനുള്ളതു്.

സർ, ഇത്തരത്തിൽ അങ്ങേയററം അധഃപതിച്ച ഒരവസ്ഥ നാട്ടിൻപുറങ്ങളിൽ ഉണ്ടെന്നുള്ള വസ്തുത മനസ്സിലാക്കി അവിടെയുള്ള കർഷകർക്ക് വേണ്ടത്ര ഫെസിലിററീസ് കൊടുത്തു് ഇന്നുള്ള ദുഃഖ ബാഹുല്യത്തിന് ആശ്വാസം ലഭിക്കത്തക്കവ്യവസ്ഥകളെല്ലാം ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചു

കൊണ്ടാണ് അങ്ങ് മുമ്പോട്ടു വന്നിരുന്നതെങ്കിൽ, നിശ്ചയമായും ബുദ്ധിമാനായ ഒരു ഫിനാൻസ് മിനിസ്റ്റർ എന്നുള്ള ഒരു പരിഗണന അങ്ങേയ്ക്കു ലഭിക്കുമായിരുന്നു. എന്നാൽ ബഡ്ജററിന്റെ നില അതല്ല. ഞങ്ങൾക്ക് ബുദ്ധിമാനും രാജ്യസ്നേഹിയുമായ ഒരു ഫിനാൻസു മിനിസ്റ്ററെയാണ് കിട്ടിയിരിക്കുന്നതെന്നാശ്വസിക്കുവാനും അഭിമാനിക്കുവാനും ഉള്ള യാതൊരു പഴുതും ഫിനാൻസു മിനിസ്റ്ററുടെ ബഡ്ജററു പ്രസംഗത്തിൽ കാണുന്നില്ല. അതിൽ ഞങ്ങൾക്ക് ഖേദമുണ്ട്; പരാതിയുണ്ട്.

സർ, ഫിനാൻസു മിനിസ്റ്റർ അവതരിപ്പിച്ചിരിക്കുന്ന ഈ ബഡ്ജററിൽ മുൻകൊല്ലങ്ങളിലെപ്പോലെ ചില സംഖ്യകൾ അങ്ങുനിന്നും ഇങ്ങുനിന്നും പെറുക്കിയെടുത്ത് കുറെ കള്ളികളിൽ ഇട്ടു എന്നല്ലാതെ പിന്നെ എന്താണുള്ളത്? ഒരു കള്ളിയിൽ ഉള്ള സംഖ്യ അവിടെ നിന്നും എടുത്തു മറെറാരു കള്ളിയിലേയ്ക്ക്. മാററിയും, മറിച്ചും, കൂട്ടിയും. കുറച്ചും ഇട്ടു കാണിച്ചതിനുശേഷം അവസാനം പഞ്ചവത്സര പദ്ധതിയെപ്പററി പറഞ്ഞുകൊണ്ട് അദ്ദേഹം പ്രസംഗം അവസാനിപ്പിക്കുകയാണു ചെയ്തിരിക്കുന്നത്. എല്ലാത്തിനും പഞ്ചവത്സരപദ്ധതിയുണ്ട്, പ്ലാനിംഗ് ഉണ്ട് എന്ന സമാധാനമല്ലാതെ അദ്ദേഹത്തിനു മറെറാന്നും പറയാനില്ല. ഞങ്ങൾക്കതിൽ പരാതിയില്ല. പക്ഷെ, അങ്ങയുടെ പ്ലാനിംഗ് എന്നു പറയുന്നതിന്റെ പ്രവണതകൾ കേന്ദ്രഗവണ്മെൻറിന്റെ ബഡ്ജററുമുതൽ ഈ സ്റ്റേററിന്റെ ബഡ്ജററുവരെ ഉള്ള പ്ലാനിംഗ് റിപ്പോർട്ടുകൾ മുഴുവൻ പരിശോധിച്ചാൽ മനസ്സിലാക്കുവാൻ കഴിയും. ആ റിപ്പോർട്ടുകളെപ്പററി അങ്ങു വിശ്വസിക്കുന്ന ആളുകളിൽത്തന്നെ പലരും പ്രസ്താവിച്ചിട്ടുണ്ട്. അവയിൽ ചിലതു് ഈ സഭാതലത്തിൽ കൊണ്ടുവരുവാൻ ഞാനാഗ്രഹിക്കുന്നു. അവയിലൊന്നാണ് ഗുൽസാരിലാൽ നന്ദായുടെ മുൻ ഉദ്ധമിച്ച പ്രസ്താവന.

കൂടാതെ, ഇന്ന് കേന്ദ്രത്തിലെ ലേബർമന്ത്രിയായിരിക്കുന്ന ശ്രീ. ഖന്ദുബായിദേശായി ചെയ്തിരിക്കുന്ന ഒരു പ്രസ്താവനയിൽ ഇങ്ങനെ പറയുന്നു. ടെക്സ്റ്റൈൽസിനെപ്പററിയാണ് അദ്ദേഹം പറയുന്നത്.

"The industry, in equity, morality, and even on economic grounds belongs to the nation which was made necessarily to pay much more than the total value of these 420 mills, which in fairness, should be now transferred to the State without compensation".

ഇതു് ഞങ്ങൾ, കമ്മ്യൂണിസ്ററുകാർ പറയുന്നതല്ല. പ്രൈവററ് പ്രോപ്പർട്ടി ഇല്ലാതാക്കണമെന്നു പറയുന്ന ഞങ്ങളല്ല ഈ പ്രസ്താവന ചെയ്തിരിക്കുന്നത്. നിങ്ങളുടെ കേന്ദ്രഗവണ്മെൻറിലെ ഒരു മന്ത്രി സാക്ഷാൽ കാൺഗ്രസ്സിന്റെ തലതൊട്ടപ്പനായ ഒരാളിന്റെ പ്രസ്താവനയാണ് ഇതു്.

ശ്രീ. എൻ. നാരായണക്കുറുപ്പ് : സർ, ഒരു പായിൻറ് ആഫ് ആർഡർ. ബഡ്ജററിനെപ്പററിയുള്ള ഈ വിമർശനപ്രസംഗം മൂന്നു ദിവസമായ്ക്കാണല്ലോ നടക്കുന്നത്. പ്രസംഗം ചെയ്യുവാൻ പല മെംബറന്മാരും ആഗ്രഹിക്കുന്നുണ്ട്. ഒരു മെംബർ ഇപ്പോൾതന്നെ 45 മിന്നിട്ട് എടുത്തിരിക്കുന്നു. അതുകൊണ്ട് ഓരോ വ്യക്തിക്കും ഇത്ര മിന്നിട്ട് എന്നാണോ അതോ ഓരോ പാർട്ടിക്കും ഇത്ര സമയമെന്നാണോ നിശ്ചയിച്ചിരിക്കുന്നതെന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ : ഞാൻ ഇക്കാര്യത്തെപ്പററി പാർട്ടിനേതാക്കന്മാരുമായി സംസാരിച്ചിട്ടുണ്ട്. ഓരോ പാർട്ടിക്കും ഇത്ര സമയം എന്നാണ്ണനുവദിച്ചിരിക്കുന്നത് ഒരു മെംബർ കൂടുതൽ സമയമെടുത്താൽ അത്രയും സമയം ആ പാർട്ടിക്കു നഷ്ടപ്പെടുന്നതാണ്.

ശ്രീ. എൻ. നാരായണക്കുറുപ്പ് : ഓരോ പാർട്ടിക്കും എത്ര സമയമാണ് അനുവദിച്ചുകൊടുത്തിട്ടുള്ളതെന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ : ഇന്ന് നാലു മണിക്കൂറാണ് ഇതിലേക്കുള്ളത്. രണ്ടു മണിക്കൂർ കാണ്ഗ്രസ്സുപാർട്ടിക്കും ബാക്കി രണ്ടു മണിക്കൂർ പ്രതിപക്ഷങ്ങൾക്കും ആയി അനുവദിക്കും.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി : സർ, ഫിനാൻസ് മിനിസ്റ്റരുടെ നയപ്രഖ്യാപനം എന്ന നിലയിൽ ബഡ്ജററപ്രസംഗം ചികഞ്ഞു നോക്കിയാൽ ഞാൻ മുമ്പു പറഞ്ഞ വസ്തുത തെളിഞ്ഞുകാണാൻ കഴിയും. ഇവിടെ തൊഴിലില്ലായ്മ വളരെ ഗുരുതരമായ ഒരു വസ്തുതയാണെന്നു പറഞ്ഞുകൊണ്ട് അദ്ദേഹം പറയുന്നത് ഇങ്ങനെയാണ്.

"A lasting solution to the problem of unemployment could be achieved only by a planned development of cottage and small scale industries. The team of experts sponsored by the Ford Foundation has declared that the future of India lies in the development of small scale industries. Government largely agree with this view".

സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഈ പ്രസ്താവന വായിച്ചപ്പോൾ, സത്യം പറഞ്ഞാൽ, എനിക്ക് വളരെ ഖേദമാണുണ്ടായത്. അവസരത്തിലും അനവസരത്തിലും സ്ഥാനത്തും അസ്ഥാനത്തും ഞങ്ങളെപ്പോലെയുള്ള ആളുകളെ വിദേശീയഏജൻറന്മാരെന്നു മുദ്രയടിക്കാൻ യാതൊരു മടിയും കാണിക്കാത്ത, (കമ്മ്യൂണിസ്ററുപാർട്ടിയും അനുയായികളും സോവിയററ് ഏജൻറന്മാരാണെന്നു പറയുന്നത് ഞങ്ങളുടെ ചെവികൊണ്ടു കേട്ടിട്ടുള്ളതാണ്), ഒരു പാർട്ടിയുടെ മുഖ്യമന്ത്രി പറയുകയാണ്, ഈ രാജ്യത്തു ബുദ്ധിയുള്ള മനുഷ്യരോട് പറയുകയാണ്, തൊഴിലില്ലായ്മ പരിഹരിക്കുവാൻ സ്ഥാനം സ്കെയിൽ കാട്ടേജ് ഇൻഡസ്ട്രീസിൻെറ വികസനമാണ് വേണ്ടതെന്ന്. ഫോർഡ് ഫൗണ്ടേഷൻ എക്സ്പെർട്ട് അങ്ങനെ പറഞ്ഞിട്ടുണ്ടുപോലും. അതിനോട് ഈ ഗവണ്മെൻറും മുഖ്യമന്ത്രിയും യോജിക്കുകയും ചെയ്യുന്നു. സർ, നമ്മുടെ മുഖ്യമന്ത്രി അദ്ദേഹത്തിൻെറ നേതാവായ പണ്ഡിററ് ജവഹരിലാൽ നെഹറുവിൻെറ ഒരു അനുയായിയാണോ എന്നു ഞാൻ ചോദിക്കുന്നു, പണ്ഡിററ് ജവഹരിലാൽ നെഹറു രണ്ടു ദിവസങ്ങൾക്കു മുൻപ് ചെയ്ത ഒരു പ്രസ്താവനയിൽ പറയുകയുണ്ടായി തൊഴിലില്ലായ്മയുടെ പരിഹാരത്തിനു മൗലികമായി ആശ്രയിക്കേണ്ടതു് ഹെവി ഇൻഡസ്ട്രീസിനെ ആണെന്ന്. എന്നിട്ടും തിരുവിതാംകൂർ-കൊച്ചിയിലെ മുഖ്യമന്ത്രി ലജ്ജയില്ലാതെ പറയുന്നത്, തൊഴിലില്ലായ്മയുടെ പരിഹാരത്തിനാവശ്യമായി വേണ്ടത് സ്ഥാനം സ്കെയിൽ കാട്ടേജ് ഇൻഡസ്ട്രിയുടെ വികസനം ആണെന്നാണ്. നമ്മുടെ മുഖ്യമന്ത്രി ഒരു തനി അമേരിക്കൻ ഏജൻറാണെന്നു പ്രഖ്യാപിക്കുവാൻ ഞാൻ മടിക്കുന്നില്ല. ഞങ്ങൾ സോവിയററ് ഏജൻറാണെന്നു പറയുമ്പോൾ അല്ലെന്നു പറയുകയും നേരെ മറിച്ച് മുഖ്യമന്ത്രിയും കൂട്ടരും തനി

അമേരിക്കൻ ഏജൻറന്മാരാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുവാൻ എന്നെപ്പോലെയുള്ളവർക്ക് ശങ്കിക്കേണ്ട കാര്യമില്ല.

പണ്ഡിററ് ജവഹരിലാൽ നെഹറുവിൻെറ സാമാന്യബുദ്ധിയും സമാധാനകാംക്ഷയും നമ്മുടെ മുഖ്യമന്ത്രിക്കില്ല. അതുകൊണ്ട് അദ്ദേഹത്തേയും അദ്ദേഹത്തിൻെറ അനുയായികളേയും തനി അമേരിക്കൻ ഏജൻറന്മാരെന്നു ഞങ്ങൾ വിളിക്കുന്നു. ഞങ്ങൾ സോവിയററ് ഏജൻറന്മാരല്ല. ആരെന്നു തെളിയിക്കാൻ ഞാൻ മുഖ്യമന്ത്രിയെ വെല്ലുവിളിക്കുന്നു. ഇതിലേക്ക് കൂടുതൽ കടക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. ഏതായാലും ഇന്നത്തെ സാമ്പത്തികനിലയെ അഭിവൃദ്ധിപ്പെടുത്തുവാൻ ക്രിയാത്മകമായ ഏതെങ്കിലും പദ്ധതികൾകൊണ്ടല്ലാതെ തൊഴിലില്ലായ്മയ്ക്കു പരിഹാരം ഉണ്ടാകുന്നതല്ല.

എന്തു പറഞ്ഞാലും ഒരു പഞ്ചവത്സരപദ്ധതിയുണ്ട്. ഈ പഞ്ചവത്സരപദ്ധതിയുടെ കഴിഞ്ഞ കൊല്ലത്തെ നേട്ടങ്ങൾ എന്തെല്ലാമായിരുന്നുവെന്നും അതിലേക്ക് കഴിഞ്ഞ കൊല്ലം എത്രമാത്രം സംഖ്യ ചെലവാക്കിയെന്നും അദ്ദേഹത്തിൻെറ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. അടുത്ത കൊല്ലം, ഇതുവരെ ചെലവാക്കിയിട്ടുള്ള തുകയേക്കാൾ ഭീമമായ ഒരു തുക, ഏകദേശം പത്തുകോടി രൂപയോളം ചെലവാക്കാൻ വിചാരിക്കുന്നതായും അതിൽ പറയുന്നുണ്ട്. സർ, ഈ പത്തുകോടി രൂപ നമ്മുടെ മുഖ്യമന്ത്രി ഈ ഒരു കൊല്ലംകൊണ്ട് എങ്ങനെ ചെലവാക്കാൻ പോകുന്നുവെന്ന്, അങ്ങ് അദ്ദേഹത്തോട് ചോദിച്ച് ഞങ്ങളെ അറിയിച്ചാൽ കൊള്ളാം. നാലു കൊല്ലം കഴിഞ്ഞതിനുശേഷം ചെലവാക്കാൻ കഴിഞ്ഞതു് പത്തൊൻപതു കോടി രൂപ മാത്രമാണ്. അതും മുക്കാൽ പങ്കും പലവിധത്തിലുള്ള മോഷണം നടന്നതിനുശേഷമാണ്. ആ നിലയ്ക്കു അടുത്ത കൊല്ലം പത്തുകോടി രൂപ ചെലവാക്കാനുദ്ദേശിക്കുന്നു എന്നു പറയുമ്പോൾ അതിൽ നിന്നും ഉദ്ദേശിക്കേണ്ടതു് അതിലെ ഒൻപതു കോടി രൂപയും മോഷ്ടിക്കാനുള്ള ഒരു പദ്ധതി ആസൂത്രണം ചെയ്തുകൊണ്ടു വരുന്നു എന്നല്ലേ? മററുള്ളവരുടെ അവകാശങ്ങളെ അവഗണിച്ചുകൊണ്ട് ഈ വിധത്തിൽ അധികാരത്തിൽ മുറുകെ പിടിച്ചുകൊണ്ടിരിക്കുവാൻ ആഗ്രഹിക്കുന്നതിൻെറ പിന്നിലുള്ള ഉദ്ദേശം ഇതല്ലേ എന്നും സംശയിക്കേണ്ടിയിരിക്കുന്നു.

ഇനിയും വളരെ കാര്യങ്ങൾ പറയാനുണ്ടെങ്കിലും ലാൻറ്പോളിസി, എഡ്യൂക്കേഷൻ, ലേബർ എന്നീ പ്രശ്നങ്ങളെപ്പററി അല്പം ചിലതു് പറയണമെന്നേ വിചാരിക്കുന്നുള്ളു. ലാൻറ്പോളിസിയെ സംബന്ധിച്ച്, നിലവിലുള്ള നിയമങ്ങൾക്ക് മൗലികമായി മാററങ്ങൾ വരുത്തി ചില നിയമങ്ങൾ നടപ്പിൽ വരുത്തുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ട്. വിദ്യാഭ്യാസത്തിൽ 50 രൂപ മുതൽ 150 രൂപവരെയും 35 രൂപ മുതൽ 80 രൂപവരെയും ഉള്ള സ്കൂളുകൾ ഏറ്റെടുത്തിരിക്കുന്നുവെന്നും അതു് വളരെ അഭിവൃദ്ധികരമായ ഒരു ഏർപ്പാടാണെന്നും പറയുന്നു. ലേബർരംഗത്തെപ്പററി പറയുമ്പോൾ ഒരുപക്ഷേ വികാരതീവ്രത കാണുന്നുവെങ്കിൽ സർ, അങ്ങു ക്ഷമിക്കണം. വളരെയധികം ഹൃദയവേദനയോടുകൂടി രോഷത്തോടുകൂടി മാത്രമേ ഗവണ്മെൻറിൻെറ ലേബർ പോളിസിയെപ്പററി പറയാൻ കഴിയുകയുള്ളു. ഇവിടത്തെ ലേബർ ഡിപ്പാർട്ടുമെൻറ് വളരെയധികം കാര്യങ്ങൾ, കൺസിലിയേഷനും മററുമായി ചെയ്തിട്ടുണ്ടെന്നു ഗവണ്മെൻറ് അവകാശപ്പെടുന്നു. അതു് തെററാണ്,

[ശ്രീ. ആർ. ശങ്കരനാരായണൻതമ്പി]

ഈ ഗവണ്മെൻറ് എന്നധികാരത്തിൽ വന്നോ, അന്നുമുതൽ തൊഴിലാളികളോടുള്ള നയം അങ്ങേയറററം പ്രതിഷേധാർഹവും മുതലാളിത്തപക്ഷപാതകരമായിട്ടുള്ളതുമാണ്. ഞങ്ങൾ ആരോടുമുള്ള വിരോധംകൊണ്ട് ഇതു പറയുന്നതല്ല. എന്നാൽ ഗവണ്മെൻറിൻെറ തൊഴിലാളിനയത്തിൽ ഉടനീളം കാണുന്നതു് മനുഷ്യത്വമില്ലായ്മയാണ്. ഫിനാൻസ് മിനിസ്റ്ററിൻെറ ബഡ്ജററപ്രസംഗത്തിലുള്ള ഒരു സ്റ്റേററമെൻറുതന്നെ ഇതിനു ഉദാഹരണമായി കാണിക്കാവുന്നതാണ്. ആ പ്രസംഗത്തിതന്നെ 13-ാം പേജിൽ ഒന്നാമത്തെ പാരഗ്രാഫിൻെറ അവസാന ഭാഗം ഞാൻ വായിക്കാം.

"May I Sir, avail myself of this occasion to make an earnest appeal to all sections of the House and through them to the people of the State to create within the State an atmosphere of industrial peace and harmony so that enterprising industrialists who might be interested in investing their capital within the State may not be frightened away by fear of frequent strikes and lock-outs. This is very necessary particularly today, on the eve of the inauguration of the Second Five Year Plan with greater emphasis on industries".

ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത്രയും പറഞ്ഞ കൂട്ടത്തിൽ മുതലാളിമാരെപ്പററി ഒരു വാക്കുപോലും പറഞ്ഞിട്ടില്ലെന്നുള്ളതു് പ്രത്യേകം ഓർക്കേണ്ടതാണ്. അനാവശ്യമായ പിരിച്ചുവിടലും ശാന്തിസേനയെക്കൊണ്ടു് തൊഴിലാളികളുടെ നേരെ ആക്രമണം ഈ വക കാര്യങ്ങളെപ്പററി ഒരക്ഷരംപോലും പറയുവാൻ മുഖ്യമന്ത്രി തുനിയുന്നില്ല. ഇങ്ങനെയൊന്നും നടക്കുന്നില്ലെന്നായിരിക്കാം മുഖ്യമന്ത്രിക്കും തൊഴിൽമന്ത്രിക്കും പറയുവാനുള്ളതു്.

പക്ഷെ ഈശ്വരനോടു ഒരുത്തരവാദിത്വം അങ്ങേക്കില്ലെ എന്നാണു ഞാൻ ചോദിക്കുന്നതു്?

(ഹാളിൽ ചിരി)

അങ്ങയുടെ കുഞ്ഞുകുട്ടികളോടും അങ്ങേയ്ക്കു ഉത്തരവാദിത്വമില്ലേ? ജാൻ സാറിനോടാണെങ്കിൽ കുഞ്ഞുകുട്ടികൾ എന്ന വാക്കു ഞാൻ ഉപയോഗിക്കുന്നില്ല. ഏതായാലും ഈ രാജ്യത്തെ തൊഴിലാളികൾ ഇങ്ങനെ ഇഞ്ചിഞ്ചായി മരിക്കുന്നതു അല്ലെങ്കിൽ മരിച്ചുജീവിക്കുന്നതു അങ്ങേയ്ക്കു അറിവില്ലെന്നാണോ അങ്ങു പറയുന്നതു്? മനസ്സാക്ഷി എന്നൊന്നു അങ്ങയിൽ അവശേഷിക്കുന്നുണ്ടെങ്കിൽ അങ്ങു് ഇതു പറയുകയില്ല. മുഖ്യമന്ത്രി, അങ്ങു് സത്യം പറയുകയാണെങ്കിൽ രക്തം പുരണ്ട കൈകളോടുകൂടിയല്ലേ അങ്ങു് ഇവിടെ ഇരിക്കുന്നതു് എന്നു ഞാൻ ചോദിക്കുന്നു. രക്തം പുരണ്ട കൈകളോടുകൂടിയാണു അങ്ങു് ഇവിടെ ഇരിക്കുന്നതു്. ജാൻ സാറും അതുപോലെതന്നെ. അല്ലെന്നു പറയുകയാണെങ്കിൽ അതു സത്യമല്ല. അങ്ങനെ ഈ രാജ്യത്തിലെ അവരവരുടെ അവകാശങ്ങൾക്കുവേണ്ടി വാദിക്കുന്ന കർഷകനേയും കർഷകതൊഴിലാളികളേയും ഉപദ്രവിക്കുന്നതു അല്ലെങ്കിൽ അവരുടെ എല്ലൊടിക്കുന്നതു് അങ്ങു് അറിയുന്നില്ലെന്നു പറയുന്നതോടുകൂടി ലാക്കെത്തില്ലാതാക്കണമെന്നു പറയുന്നതു് തൊഴിലാളികളോടായിട്ടാണ്. നേരെമറിച്ചു മുതലാളികളോടായി

എന്തെങ്കിലും ഒരു ഖംക്ക പറഞ്ഞിരുന്നുവെങ്കിൽ ഞങ്ങൾക്ക ഇത്ര അരിശം തോന്നുകയില്ലായിരുന്നു. മിനിമംവേജസ് നടപ്പാക്കാതിരിക്കുകയോ തൊഴിൽ ശാല അടച്ചിടുകയോ ചെയ്യാൻ ആവശ്യമുള്ള നടപടി സ്വീകരിക്കുമെന്നു അങ്ങ് അവരോടു പറഞ്ഞിരുന്നുവെങ്കിൽ അങ്ങയുടെ പ്രസ്താവനയിൽ അല്പം എങ്കിലും ആത്മാർത്ഥതയുണ്ടെന്നു ഞങ്ങൾക്ക വിശ്വസിക്കാമായിരുന്നു. പക്ഷെ അതൊന്നും കണ്ടില്ല. അതുപോലെതന്നെ മററു രംഗങ്ങളിലും അതായതു രാഷ്ട്രീയത്തടവുകാരെ വിടുന്ന കാര്യത്തിലും മററും ഒരു പിൻതിരിപ്പൻ മനോഭാവമാണു അങ്ങ് എടുത്തിരിക്കുന്നതു്. അതിനാൽ രാജ്യത്തിൽ സോഷ്യലിസം അവതരിപ്പിക്കുകയോ ഇപ്പോഴത്തെ വ്യവസ്ഥിതിക്ക വിപ്ലവകരമായ മറേറതെങ്കിലും വ്യതിയാനം വരുത്തുകയോ ചെയ്യുമെന്നു് അങ്ങ് ഉദ്ദേശിക്കുന്നതായി ഞങ്ങൾക്ക തോന്നുന്നില്ല. അങ്ങനെവേണമെങ്കിൽ അങ്ങേയ്ക്കു ചെയ്യാമായിരുന്നു. അതായതു ഈ രാജ്യത്തെ സാധാരണക്കാരന്റെ മൗലികമായ അവകാശങ്ങൾക്കുള്ളതും, ഭരണഘടന അനുശാസിക്കുന്നതും അനുവദിക്കുന്നതുമായ പ്രാഥമിക പൗരാവകാശങ്ങൾ അങ്ങ് സംരക്ഷിച്ചുകൊടുത്തെങ്കിലും മതിയായിരുന്നു. അതൊന്നും ചെയ്യുന്നില്ലെന്നു മാത്രമല്ല അങ്ങയുടെ ഈ കള്ളത്തരങ്ങൾ ഈ രാജ്യത്തെ ജനങ്ങൾ മനസ്സിലാക്കിയിട്ടില്ലെന്നുകൂടി അങ്ങു വിചാരിക്കുന്നു. ചരിത്രത്തിന്റെ വിധിയെഴുത്തിൽ മാററം വരുത്തുവാൻ അങ്ങേക്ക് സാദ്ധ്യമല്ല. അങ്ങ് സുന്ദരമായ ഒരു ലോകത്തിൽ ഉറങ്ങുകയായിരിക്കാം. അതിൽനിന്നും അങ്ങയെ ഒന്നു വിളിച്ചുണർത്താനാണു ഞങ്ങൾ ആഗ്രഹിക്കുന്നതു്. ജനവഞ്ചകന്മാർക്ക ഒരു ശിക്ഷ വിധിച്ചിട്ടുണ്ടു്. അതു ചരിത്രം പരിശോധിച്ചുനോക്കിയാൽ അങ്ങേക്കും മനസ്സിലാക്കുവാൻ സാധിക്കും. അതുകൊണ്ടു് ഇനിയും ജനവഞ്ചനക്ക് ഒരുമ്പെടാതെ നല്ല കാര്യങ്ങൾ ചെയ്യുവാൻ അങ്ങ് തയ്യാറാകുമെങ്കിൽ ഞങ്ങളുടെ പാർട്ടിയുടെ പൂർണ്ണമായ സഹകരണം അങ്ങേയ്ക്കു സുലഭമായി ലഭിക്കുന്നതാണു്.

ശ്രീ. എൻ. കെ. കുമാരൻ : സർ, ഒരു ദീർഘകാല ദൃഷ്ടിയോടുകൂടി, ചില ആദർശങ്ങളും, പദ്ധതികളും മുൻനിർത്തിക്കൊണ്ടു, കുറവാണെങ്കിലും ഭാവനയോടുകൂടി ഒരു ബഡ്ജററു അവതരിപ്പിച്ചതിൽ ഞാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയെ അനുമോദിക്കുന്നു. തന്റെ ബഡ്ജററ് പ്രസംഗത്തിൽ ഒന്നാം പഞ്ചവത്സരപദ്ധതിയെക്കുറിച്ചും അതിന്റെ അവസാനഘട്ടമായ അടുത്തകൊല്ലത്തോടുകൂടി പരിപൂർണ്ണമായും അതു നടപ്പാക്കണമെന്ന ഒരു ദൃഢനിശ്ചയവും ഉന്നയിച്ചുകാണുന്നുണ്ടു്. അതിനു നാളതുവരെ ചെലവാക്കിയിട്ടുള്ള പണത്തിന്റെ അതായതു കഴിഞ്ഞ നാലുകൊല്ലംകൊണ്ടു ചെലവാക്കിയിട്ടുള്ള തുകയുടെ ഏതാണ്ടു പകുതിയിലധികം വരുന്ന 10.20 കോടി ഉറപ്പിക്കയാണു് അടുത്തകൊല്ലത്തെയ്ക്കു വകയിരുത്തിയിട്ടുള്ളതു്. എന്നാൽ പ്രതിപക്ഷത്തുനിന്നും ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ പരിശോധിക്കുകയാണെങ്കിൽ കഴിഞ്ഞ നാലു കൊല്ലങ്ങളായി ചെലവാക്കിക്കൊണ്ടിരുന്ന പണത്തിന്റെ തോതനുസരിച്ചു നോക്കുമ്പോൾ അതിൽനിന്നും തീരെ വിഭിന്നമായ രീതിയിൽ എങ്ങനെയാണു് ബഡ്ജററു വർഷത്തിൽ ഇത്രയധികം പണം ചെലവാക്കുക എന്ന സംശയം ഉന്നയിച്ചതായി കാണാം. പഞ്ചവത്സരപദ്ധതി വിജയിപ്പിക്കേണ്ടതു ഈ ഗവണ്മെൻറിന്റെ കടമയാണു്. അതിന്റെ വിജയത്തിനായി എന്തു ത്യാഗവും സഹിക്കുന്നതിനു ഗവണ്മെൻറും ജനങ്ങളും തയ്യാറാവേണ്ടതാണെന്ന കാര്യത്തിലും സംശയമില്ല. ഈ പദ്ധതികൾക്കുവേണ്ടി ഉൾപ്പെടുത്തിയിട്ടുള്ള

[ശ്രീ. എൻ. കെ. കുമാരൻ]

ഇനങ്ങൾ ഒരു വർഷംകൊണ്ടുതന്നെ ചിലവുചെയ്തു തീർക്കുവാൻ സാധിക്കുമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ട്. അതായതു് അതിനു വേണ്ട സകല നടപടികളും കൈക്കൊള്ളുമെന്നു പറഞ്ഞിട്ടുണ്ട്. അതിനാവശ്യമുള്ള സകല സഹായസഹകരണങ്ങളും ചെയ്തുകൊടുക്കണമെന്നാണു എനിക്കു പറയുവാനുള്ളതു്.

മുഖ്യമന്ത്രിയുടെ പ്രസംഗത്തെ പരാമർശിച്ചുകൊണ്ടുള്ള ഒരു പ്രസംഗം ചെയ്യണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല എങ്കിലും ഈ പദ്ധതികളെപ്പററി സംസാരിക്കുന്നതോടൊപ്പംതന്നെ നാട്ടിൻപുറങ്ങളുടെകാര്യം അദ്ദേഹത്തിന്റെ ശ്രദ്ധയിൽനിന്നും വിട്ടുപോകരുതെന്നാണു എനിക്കദ്ദേഹത്തോടപേക്ഷിക്കുവാനുള്ളതു്. ഉദാഹരണമായി എന്റെ നിയോജകമണ്ഡലമായ കണയന്നൂർ താലൂക്കിൽ പത്തു പതിനാറു കൊല്ലമായി യാതൊരു വികസന പദ്ധതിയും അവിടെ കൊണ്ടുവന്നിട്ടില്ല. എന്നു മാത്രമല്ല. തുടങ്ങിയ പദ്ധതികൾതന്നെ പലതും പൂർത്തിയാകാതെയും പൂർത്തിയായതു ഉപകാരമില്ലാതെയും ഇരിക്കുകയാണു്. ഞങ്ങൾ എങ്ങനെയാണു ഞങ്ങളുടെ നിയോജകമണ്ഡലങ്ങളെ അഭിമുഖീകരിക്കേണ്ടതു് എന്നുപോലും സംശയിക്കുകയാണു്. സർ, തോട്ടറ പുഞ്ചകൃഷിയുടെ കാര്യത്തിൽ എനിക്കോർമ്മവച്ച കാലം മുതൽ അവിടെയുള്ള ജനങ്ങൾ മുറവിളികൂട്ടുന്നതായി ഓർക്കുന്നുണ്ട്. അനവധി മെമ്മോറാണ്ഡവും മെമ്മോറിയലുകളും കൊടുത്തിട്ടുണ്ട്. അതു തന്നെ ഏകദേശം ടൺകണക്കിനു കടലാസുവരും. അഗ്രിക്കൾച്ചറൽ സംബന്ധമായി വളരെ അത്യാവശ്യമുള്ള കാര്യം അവിടെ സാധിക്കുവാനുണ്ട്. 1122-ൽ ആണെന്നു തോന്നുന്നു അവിടെ ഈ മുറവിളിയുടെ ഫലമായി ഒരു ബണ്ടുകെട്ടുന്നതിനു കുറെ പണം ചിലവാക്കി. ആ ബണ്ടിന്റെ ഉയരം ഇപ്പോൾ നാലടിയാണു്. അതു പണികഴിഞ്ഞതിനുശേഷം യാതൊരു സംരക്ഷണ നടപടികളും നടത്തിയിട്ടില്ലെന്നുമാത്രമല്ല ഒരു ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻപോലും പിന്നീടു തിരിഞ്ഞുനോക്കിയിട്ടുമില്ല. അതു ഉപയോഗയോഗ്യമാക്കണമെങ്കിൽ ഫ്ളഡ് ലവലിൽ എത്തണം. ഫ്ളഡ് ലവൽ 9 അടിയാണു്. ഇതുകൊണ്ടു ഇപ്പോൾ യാതൊരു പ്രയോജനവുമില്ല. ബണ്ടുണ്ടാക്കിയാൽ മാത്രം പോരാ അതു ഉപയോഗയോഗ്യമായവിധത്തിൽ ഉണ്ടാക്കണമെന്നാണു എനിക്കു പറയാനുള്ളതു്. അവിടെ ഒരു പമ്പുസെററുവേണം. ഇതൊക്കെ ആവശ്യമുള്ള കാര്യങ്ങളാണു്. ഞാൻ എന്റെ നിയോജകമണ്ഡലത്തിൽനിന്നും ഇവിടെ വന്നതിനുശേഷം കഴിഞ്ഞ ഗവണ്മെൻറിനു ഈ കാര്യങ്ങളെക്കുറിച്ചു് നിവേദനങ്ങൾ നടത്തിയിട്ടുണ്ട്. അപ്പോൾ ഇതൊക്കെ ചെയ്യാമെന്നു ഏൾക്കുകയും ചെയ്തു. പക്ഷെ യാതൊന്നും ചെയ്തിട്ടില്ല. ഈ ബഡ്ജററിലും അതിനുള്ള തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നു തോന്നുന്നില്ല. അനേകം ത്രുപ ചിലവാക്കുകയും അതു ജനങ്ങൾക്കു ഉപകാരമില്ലാതെ വരികയും ചെയ്താൽ അതു വളരെ കഷ്ടമാണു്. ഈ വകകാര്യങ്ങളിൽ വേണ്ടത്ര നിഷ്കർഷ ചെലുത്തേണ്ടതാണു്.

അതുപോലെതന്നെ പാലങ്ങളുടേയും തോടുകളുടേയും കാര്യം. ഇത്തിപ്പുഴ പാലത്തിനു ബഡ്ജററിൽ പണം കൊള്ളിച്ചിട്ടുണ്ട്. ആ പാലം പണിഞ്ഞതുകൊണ്ടുമാത്രം കാര്യം ശരിയാകുകയില്ല. അതിനടുത്തു മുറിഞ്ഞപുഴ, പൂത്തോട്ട മുതലായ പാലങ്ങൾകൂടി പണിയിക്കുകയാണെങ്കിലെ ഇത്തിപ്പുഴ പാലം പണിഞ്ഞതുകൊണ്ടുള്ള ഫലം ലഭിക്കുകയുള്ളു. ഈ

മൂന്നു പാലങ്ങളും പണിയിക്കുകയാണെങ്കിൽ കോട്ടയം മുതൽ എറണാകുളംവരെയുള്ള ട്രാഫിക്കിന് വളരെ സൗകര്യമുണ്ടായിരിക്കും. അതു പോലെതന്നെയാണ് എത്രൂർ പാലം. അതു ഒടിഞ്ഞുവളഞ്ഞു നിൽക്കുകയാണ്. ഈ സ്ഥിതിവിശേഷം അധികാരികളുടെ ശ്രദ്ധയിൽപെടുത്തിയിട്ടുള്ളതാണ്. മെമ്മോറാണ്ടങ്ങളും ഭീമഹർജികളും സമർപ്പിച്ചിട്ടും യാതൊരു ഫലവും കാണുന്നില്ല. അതിൽക്കൂടെ പോകുന്ന ആളുകൾ ഒന്നു രണ്ടുപേർ മരിച്ചതിനുശേഷം മാത്രമേ അധികാരികൾ അതിനെക്കുറിച്ചു ശ്രദ്ധിക്കുകയുള്ളു എന്നു വരുന്നതു കഷ്ടമാണ്. ഇനി റോഡിന്റെ കാര്യം എടുക്കാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസംഗത്തിൽ പുതിയതും പഴയതുമായ റോഡുകൾക്കായി 21 ലക്ഷം രൂപ കൊള്ളിച്ചിരിക്കുന്നതായി സൂചിപ്പിച്ചിട്ടുണ്ട്. പുതിയതു എടുക്കുന്നതിനു മുൻപായി ഇപ്പോൾ ഉള്ളതിന്റെ സ്ഥിതികൾ ഒന്നു നന്നാക്കുവാൻ ശ്രമിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു. ഉദാഹരണമായി വൈയ്ക്കം–എറണാകുളം റോഡു ഒന്നു കാണേണ്ടതാണ്. അതിൽക്കൂടി സഞ്ചരിക്കുകയാണെങ്കിൽ മനുഷ്യന്റെ ആരോഗ്യം നശിക്കുമെന്നുള്ളതിനു സംശയമില്ല.

[Mr. Deputy Speaker in the Chair]

തൃപ്പൂണിത്തുറ–തിരുമറിയൂർ റോഡും ഇതുപോലെതന്നെയാണ്. അതിനുവേണ്ടി അനുവദിക്കുന്ന പണത്തിൽ അധികവും കൈക്കൂലിയായിട്ടാണ് പോകുന്നതു്. ഈ കാര്യങ്ങൾ ഞാൻ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ മുമ്പേതന്നെ കൊണ്ടുവന്നിട്ടുണ്ട്. ഉദയംപേരൂർ റോഡു നന്നാക്കുന്നതിനു ഒരു പദ്ധതി ഗവണ്മെൻറിനില്ലാതെയാണിരിക്കുന്നതു്.

അഗ്രിക്കൾച്ചറിനെ സംബന്ധിച്ചു ഒരു വാക്കുകൂടി പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിക്കാം. തൃപ്പൂണിത്തുറ തോടിന്റെ പണി ആരംഭിച്ചിട്ടു കുറെ നാളായി. ഇതു് രണ്ടു സ്റ്റേജിലായിട്ടാണ് നടത്തുവാൻ തീരുമാനിച്ചതു്. രണ്ടാമത്തെ സ്റ്റേജു തുടങ്ങിയിട്ടു മൂന്നുകൊല്ലമായി എങ്കിലും ഇതുവരെ ഒന്നുമായില്ല. ഇപ്പോഴാണെങ്കിൽ ആ തോട്ടിൽനിന്നും ഒരു ഫർലാങ്ങ് ദൂരത്തിലുള്ള സ്ഥലങ്ങളിൽ എങ്ങുംതന്നെ നല്ല കുളങ്ങളോ ഉള്ള കുളത്തിൽ വെള്ളമോ ഇല്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തോടിന്റെ പണി പൂർത്തിയാക്കണമെന്നോ അതോ വേണ്ടന്നോ?

ശ്രീ. എൻ. കെ. കുമാരൻ : പൂർത്തിയാക്കണമെന്നാണ്. പക്ഷെ ഈ ആണ്ടിലും അതു പൂർത്തിയാകുമോ എന്നു സംശയമാണ്.

അകത്തുപാടംതോട് നീട്ടുകയാണെങ്കിൽ മെച്ചംകിട്ടും. നടമ, തിരുവാങ്കുളം, തൃക്കാക്കര, തിരുവാണിയൂർ, പുത്തൻകുരിശു എന്നീ അഞ്ചു പഞ്ചായത്തുകളിൽപ്പെട്ട അനവധി ഏക്കർ കൃഷിഭൂമികൾക്ക് സൗകര്യമുണ്ടാകുന്നതാണ്. അതിന് ഇതുവരെ യാതൊന്നും ചെയ്തിട്ടില്ല. കഴിഞ്ഞ മന്ത്രിസഭയോട് ഇക്കാര്യം പറഞ്ഞപ്പോൾ ആലോചിക്കാം എന്നുള്ള മറുപടിയാണ് കിട്ടിയിട്ടുള്ളതു്. അഞ്ചു പഞ്ചായത്തുകളിലെ പ്രസിഡൻറന്മാരും പഞ്ചായത്തുകളുടെ ഐകകണ്ഠ്യേനയുള്ള സമ്മതത്തോടുകൂടി മെമ്മോറിയലുകൾ സമർപ്പിച്ചിട്ടുണ്ട്. അനേകായിരം ഏക്കർ നിലങ്ങൾക്ക് ഇതുകൊണ്ട് പ്രയോജനമുണ്ടാകും. അതുപോലും ചെയ്യുന്നതിന് ഗവണ്മെൻറു തയ്യാറായിട്ടില്ല.

[ശ്രീ. എൻ. കെ. കുമാരൻ]

അടുത്തതായി വെട്ടുവേലി ബണ്ടിനെപ്പററിയാണ് എനിക്കു പറയുവാനുള്ളതു്. ആ ബണ്ടു് കെട്ടുന്നതിനു് ഗവണ്മെൻറ് അനവധി പണം ചിലവുചെയ്തിട്ടുണ്ടു്. അവിടെ ഒരു ചെറിയ സ്ലൂസ് മാത്രമേ ഉള്ളു. അതു ശരിക്കു നിയന്ത്രണം ചെയ്യാത്തതുകൊണ്ടു് ഉപ്പുവെള്ളം കയറി കൃഷി നശിക്കുകയാണു്. ആ ബണ്ടിൽ ജനങ്ങൾക്കു് നടക്കത്തക്ക സൗകര്യം ചെയ്യാമെങ്കിൽ വളരെ ഉപയോഗമുണ്ടാകും. സ്ലൂസിൽ ആണ്ടുതോറും ചെളിയിട്ടുനിറക്കുന്നതിനു് വളരെ അധികം പണം ചിലവാകുന്നുണ്ടു്. ഇപ്പോഴും വെള്ളം കയറുന്നുണ്ടു്. കഴിഞ്ഞതവണ ഇതിനെപ്പററി വളരെ പരാതികൾ ഞാൻകൂടി ചേർന്നു് സമർപ്പിച്ചിട്ടുണ്ടു്. ഒരു പരിഹാരവും ഉണ്ടായിട്ടില്ല. വികസനപദ്ധതികൾക്കു് പണം ചെലവുചെയ്യുന്നകൂട്ടത്തിൽ ചെയ്ത ജോലികൾ പൂർത്തിയാക്കി ജനങ്ങൾക്കു് ഉപയോഗയോഗ്യമാക്കിതീർക്കണമെന്നാണു് എന്റെ വിനീതമായ അഭ്യർത്ഥന. പുതിയ പ്രസ്ഥാനങ്ങൾ തുടങ്ങുന്നതിനുമുമ്പു് തുടങ്ങിയ പ്രസ്ഥാനങ്ങൾ പൂർത്തിയാക്കി ജനങ്ങൾക്കു് ഉപയോഗപ്രദമാക്കി തീർക്കണം.

ഉദ്യോഗസ്ഥന്മാരുടെ ശമ്പളക്കാര്യത്തെപ്പററിയും എനിക്കു് അല്പം പറയാനുണ്ടു്. അദ്ധ്യാപകന്മാർക്കും മററുദ്യോഗസ്ഥന്മാർക്കും ശമ്പളം എത്ര വേണമെങ്കിലും കൊടുക്കാം. പണമില്ലെങ്കിൽ കടംവാങ്ങിച്ചും കൊടുക്കാം. പക്ഷെ ശമ്പളക്കൂടുതൽ കൊടുത്താൽമാത്രം പോരാ, അതോടുകൂടി അവരവർ ചെയ്യേണ്ടജോലി നിഷ്കർഷയോടുകൂടി ചെയ്യുകയും വേണം. ഒരു ഉദാഹരണം പറയാം. കൊല്ലവർഷം തുടങ്ങി സ്കൂൾ തുറന്നു എന്നു വിചാരിക്കാം. ഒന്നാം ക്ലാസ്സിൽ മാസ്റ്റർ വന്നു് കുട്ടികളുടെ അററൻറൻസ് എടുത്തശേഷം ബോർഡിൽ 'റ' എന്നെഴുതിയിട്ടു് വെളിയിലിറങ്ങി മററദ്ധ്യാപകന്മാരുമായി അവരുടെ അവകാശവാദങ്ങളെപ്പററിയെല്ലാം പറഞ്ഞു തുടങ്ങും. ആ ആഴ്ച അത്തരത്തിൽ പോകും. അടുത്ത ആഴ്ച 'റ'യെ 'ര' യാക്കി മാററിയിട്ടു് പഴയപടി വെളിയിലിറങ്ങി അവകാശവാദങ്ങളെപ്പററി സംസാരിക്കുകയും ഗവണ്മെൻറിനെ തെറി പറയുകയും ചെയ്യും. അടുത്ത ആഴ്ച 'ര'—യെ 'ത' യാക്കും. അടുത്ത ആഴ്ച ഒരു ദീർഘംകൂടി ചേർത്തു 'താ' യെന്നാക്കി മാസം തികച്ചു ശമ്പളത്തിനു കൈനീട്ടുകയായി. ഇങ്ങനെ ഒരു പ്രസ്ഥാനമാണു് നടക്കുന്നതു്. നമ്മുടെ കാളേജുകളിൽനിന്നും മററും ഇറങ്ങുന്ന കുട്ടികൾക്കുള്ള അജ്ഞത വളരെ ഭയങ്കരമാണു്. ശമ്പളം കൊടുക്കുകയാണെങ്കിൽ അവരുടെ ജോലി ശരിക്കു് നിർവ്വഹിക്കുന്നുണ്ടോ എന്നു് നോക്കേണ്ടതുണ്ടു്. അങ്ങിനെ ചെയ്യുന്നില്ലെങ്കിൽ ചെയ്യിപ്പിക്കുന്നതിനു് എന്തെങ്കിലും പദ്ധതി ഗവണ്മെൻറിനു ഉണ്ടെങ്കിൽ അതു നടത്തുന്നതിനു് ഗവണ്മെൻറിനു് ബാദ്ധ്യതയില്ലേ? അദ്ധ്യാപകന്മാരുടെ കാര്യം മാത്രമല്ല ഞാൻ പറയുന്നതു്. മററുദ്യോഗസ്ഥന്മാരുടെ കാര്യങ്ങളും ഇങ്ങനെതന്നെയാണു്. ഒരു കടലാസ്സയച്ചാൽ മറുപടി കിട്ടുകയില്ല. അവർക്കു് കഴിവനുസരിച്ചു് ശമ്പളം കൊടുക്കുന്നതോടൊപ്പം അവരവർ ചെയ്യേണ്ട ജോലി ശരിക്കു് ചെയ്യുന്നതിനുള്ള പ്രേരണയും നൽകേണ്ടതാണു്. അതു് ഗവണ്മെൻറിന്റെ ഒന്നാമത്തെ കടമയായി സ്വീകരിക്കണം.

ഒരു കാര്യംകൂടി പറയണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. ബഡ്ജററിൽ വൈദ്യസഹായത്തിനു് വളരെ വലിയ സംഖ്യയാണു് കൊള്ളിച്ചിട്ടുള്ളതു്,

ഈ സ്റ്റേററിൽ അലോപ്പതി, ആയുർവ്വേദം, ഹോമിയോപ്പതി എന്നീ മൂന്നു ചികിത്സാസംപ്രദായങ്ങൾ നിലവിലുണ്ട്. അതിനെ സംബന്ധിച്ച് ഒരു ആക്ററ് പാസ്സാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കൗൺസിലുകളും രൂപീകരിച്ചിട്ടുണ്ട്. ഹോമിയോപ്പതിയുടെ കാര്യത്തിൽ ബഡ്ജററിൽ യാതൊന്നും കാണുന്നില്ല. ഹോമിയോപ്പതി ചികിത്സാസമ്പ്രദായം ജനങ്ങൾ ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യുതിന്റെ ഫലമായിട്ടാണ് അതിന് പ്രത്യേകമായി ഒരു മെഡിക്കൽ കൗൺസിൽ കൊടുത്തിട്ടുള്ളതു്. എന്നിട്ടും അതിലേക്ക് ഒരു പൈപോലും ബഡ്ജററിൽ വകകൊള്ളിച്ചിട്ടില്ല. അതൊരു ഡയ്യിംഗ് സിസ്റ്റമാണെന്ന് ഉത്തരവാദപ്പെട്ട ആളുകൾ വിചാരിക്കുന്നു എന്നു തോന്നുന്നുണ്ട്. മുമ്പു ഗവണ്മെൻറുദ്യോഗത്തിരുന്ന ഉദ്യോഗസ്ഥന്മാർ ഈ സംപ്രദായം അശാസ്ത്രീയമാണെന്നു പറയാറുണ്ടായിരുന്നു. ഇപ്പോൾ ആ വിവരക്കേടു മാറിയിട്ടുണ്ട്. ഒരു കൗൺസിൽ ഉണ്ടാക്കിയിട്ട് അതിന്റെ റൂൾസ് ഉണ്ടാക്കുന്നതിന് ഗവണ്മെൻറിനു ഇതുവരെ സാധിച്ചിട്ടില്ല. അതിന്റെ പ്രവർത്തനം നയിക്കുന്നതിന് വിവരമുള്ള ആളുകൾ ഉണ്ടോ എന്നതന്നെ സംശയമാണ്. എന്തുവച്ചുകൊണ്ടാണ് കൗൺസിൽ കൂടുന്നതെന്നുകാര്യംതന്നെ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുള്ളതായി തോന്നുന്നില്ല. നാട്ടിൻപുറങ്ങളിൽ വേണ്ടത്ര വൈദ്യസഹായം ജനങ്ങൾക്കു ലഭിക്കുന്നില്ല. അതിലേക്ക് ഈ സിസ്റ്റംകൂടി അതിന്റെ കുററങ്ങളും കുറവുകളും മാററി വ്യാപിപ്പിക്കുന്നതിന് ഗവണ്മെൻറുതന്നെ മുൻകൈ എടുക്കേണ്ടതാണ്. അതിൽ ഏതെങ്കിലും കുറവുകളുണ്ടെങ്കിൽ അതു പരിഹരിക്കുന്നതിന് ഗവണ്മെൻറിനല്ലാതെ കഴിയുകയില്ല. അതിലേക്ക് പ്രാപ്തിയുള്ള ആളുകളെ ചേർത്ത് ഒരു കമ്മിററി രൂപീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എ. സി. ചാക്കോ : സർ, കഴിഞ്ഞ മൂന്നുനാലുകൊല്ലക്കാലത്തെ ബഡ്ജററുകൾ വച്ചുനോക്കുമ്പോൾ രാഷ്ട്രനിർമ്മാണത്തിനുവേണ്ടി വളരെ അധികം തുകകൾ കൊള്ളിച്ചിട്ടുള്ള ഒരു ബഡ്ജററാണ് ഇക്കൊല്ലം ധനകാര്യമന്ത്രി സഭയുടെ മുമ്പിൽ അവതരിപ്പിച്ചിട്ടുള്ളതെന്നു കാണുന്നതിൽ അദ്ദേഹത്തെ അഭിനന്ദിക്കേണ്ടിയിരിക്കുന്നു. ഏകദേശം നാലുകോടിയിൽപരം രൂപ കമ്മി വരുന്ന ഒരു ബഡ്ജററാണ് അവതരിപ്പിച്ചിട്ടുള്ളതു്. മുൻകൊല്ലങ്ങളിലെപ്പോലെ അവസാനത്തിൽ ഒരു മിച്ചബഡ്ജററായി ഇതും രൂപാന്തരപ്പെടാതിരുന്നാൽ കൊള്ളാമെന്ന് വളരെ ആഗ്രഹമുണ്ട്. ഈ രാജ്യത്തെ കഴിഞ്ഞ അഞ്ചാറുകൊല്ലക്കാലത്തെ ബഡ്ജററുകളെല്ലാംതന്നെ മിച്ചബഡ്ജററുകളായിട്ടാണ് അവസാനിച്ചിട്ടുള്ളതു്. നിർഭാഗ്യവശാൽ, പൊതുജനങ്ങളുടെ സഹകരണക്കുറവുകൊണ്ടോ, ഉദ്യോഗസ്ഥന്മാരുടെ സഹകരണക്കുറവുകൊണ്ടോ ബഡ്ജററിൽ കൊള്ളിക്കുന്ന പല സംഗതികളും ഇവിടെ ശരിയായി പ്രവർത്തിക്കാതെയാണ് കിടക്കുന്നതു്. കഴിഞ്ഞ മൂൻനാലുകൊല്ലക്കാലമായി ഈ രാജ്യത്തു സുശക്തമായ ഒരു ഭരണകൂടം ഇല്ലാതിരുന്നതുകൊണ്ട് ഇവിടത്തെ സിവിൾസർവ്വീസ് ഒരു വിധത്തിൽ അധഃപതിച്ചുകൊണ്ടിരിക്കുകയാണ്. ഏതു രാഷ്ട്രീയപാർട്ടിയെ സേവിച്ചാലാണ് ഉദ്യോഗസംബന്ധമായ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നതെന്നുള്ള ചിന്തയിൽ വ്യാപൃതരായി ഉത്തരവാദിത്വമില്ലാത്ത പ്രവർത്തനങ്ങൾമൂലം പലപ്പോഴും ഇന്നത്തെ സിവിൾസർവ്വീസ് പൊതുജനങ്ങളുടെയിടയിൽ അധഃപതിക്കാൻ ഇടയായിട്ടുണ്ട്. ശമ്പളക്കുറവാണ്, ഉദ്യോ

[ശ്രീ. എ. സി. ചാക്കോ]

ഗസ്ഥന്മാരുടെ ഇടയിൽ അസംതൃപ്തിയും കൈക്കൂലിയും വർദ്ധിക്കുന്നതിനുള്ള കാരണമെന്നു് ചിലർക്കു് അഭിപ്രായമുണ്ടു്. എന്നാൽ ഇപ്പോൾ ശമ്പളത്തിൽ കുറെ വ്യത്യാസം വരുത്തിയിരിക്കുന്ന സ്ഥിതിക്കു് അവരുടെ നിലപാടിലെ എന്തെങ്കിലും മാററം വരുമെന്നു് പ്രതീക്ഷിക്കാവുന്ന ഒരവസരമാണു് സംജാതമായിരിക്കുന്നതു്. സുശക്തമായ ഒരു ഭരണകൂടം സ്ഥാപിക്കാൻകഴിയാതെ ഇരുന്നതുകൊണ്ടു് അവരുടെ ഇടയിലുള്ള അഴിമതിയും കൈക്കൂലിയും അവസാനിപ്പിക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. ഈ രാജ്യത്തെ ജനങ്ങൾ എല്ലാം അതിൽ അസംതൃപ്തരായി കഴിഞ്ഞുകൂടുകയാണു്. നാട്ടിൻപുറങ്ങളിലുള്ള ഗ്രാമീണജനത സാധാരണയായി ഗവണ്മെൻറിനെപ്പററി അഭിപ്രായം രൂപീകരിക്കുന്നതു് വില്ലേജുആഫീസു് പോലീസു സ്റ്റേഷൻ മുതലായ തുറകളിൽക്കൂടിയാണു്.

മുൻ നടപടികളിലെന്നിന്നും കാര്യമായ വ്യത്യാസം ഉദ്യോഗസ്ഥന്മാരുടെ പെരുമാററത്തിൽ ഉണ്ടായതായി ഇതുവരെ അനുഭവപ്പെട്ടിട്ടില്ല. ഉദ്യോഗസ്ഥന്മാരെ ശരിയായി നിയന്ത്രിച്ചു് അവരുടെ സേവനം പൊതുജനങ്ങൾക്കു് നേടിക്കൊടുക്കാൻ സാധിച്ചാൽ മാത്രമേ ശോഭനമായ ഒരു ഭാവി നമ്മുടെ രാജ്യത്തു് ഉണ്ടാകാൻ പോകുന്നുള്ളു. ഉദ്യോഗസ്ഥന്മാരുടെ ഇടയിലുള്ള അസംതൃപ്തിയെ നീക്കി അവരെ സേവനോൽസുകരാക്കുന്നതിനു് ഇന്നത്തെ ഭരണകൂടം ആത്മാർത്ഥമായി പരിശ്രമിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു.

ഈ രാജ്യത്തു ജനകീയഭരണം നടപ്പിൽവന്നശേഷം ജനങ്ങളുടെ ഇടയിൽ വളരെ അധികം ചിന്താക്കുഴപ്പം ഉണ്ടാക്കിയിട്ടുള്ള ഇവിടത്തെ ഫാറസ്ററു ഡിപ്പാർട്ടുമെൻറിനെപ്പററി ചിലതു പറയാൻ ഞാൻ ആഗ്രഹിക്കുന്നുണ്ടു്. രാഷ്ട്രീയമായ യാതനയുടെ ഫലമായോ മററു പരിഗണനകളുടെ ഫലമായോ ഈ രാജ്യത്തുണ്ടായിരുന്ന ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി നമ്മുടെ വനവിഭാഗത്തിൽപ്പെട്ട അനേകം സ്ഥലങ്ങൾ പലർക്കും വിട്ടുകൊടുത്തു. അതിനു് യാതൊരുവിധ കണക്കുകളോ നിയന്ത്രണമോ ഇല്ലാതിരുന്നതിനാൽ ഇപ്പോൾ രാജ്യത്തുള്ള വനം മുഴുവൻ നശിപ്പിച്ചുകൊണ്ടിരിക്കയാണു്. ഈ സെക്കൻറിലും ഓരോരുത്തർ ഓരോ പ്രദേശത്തു പ്രവേശിച്ചു് വളരെ വില പിടിപ്പുള്ള മരങ്ങൾ വെട്ടി നശിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ടു്. എത്താണ്ടു് മുന്നിലൊന്നു് വനമായി സംരക്ഷിക്കപ്പെട്ടുവരുന്നു എന്നു് കണക്കുണ്ടെങ്കിലും ഇന്നു് അഞ്ചു് ശതമാനം വനം ശേഷിക്കുന്നുണ്ടോ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. ഈ കണക്കിൽ പോയാൽ ഒരു പത്തുകൊല്ലംകൂടി കഴിയുമ്പോൾ നമുക്കു് ഒരാദായമാർഗ്ഗം ഉണ്ടാക്കാനുള്ള സാദ്ധ്യതയുണ്ടു്. ഇങ്ങനെയാണെങ്കിൽ ഇവിടത്തെ വനം ഡിപ്പാർട്ടുമെൻറുതന്നെ നിന്നുപോകാനുള്ള സാദ്ധ്യതയുണ്ടു്. അത്ര ഭയങ്കരമായ നിലയിലാണു് വനം നശിപ്പിച്ചുകൊണ്ടിരിക്കുന്നതു്. ഇപ്പറയുന്നതിൽ യാതൊരു അതിശയോക്തിയുമില്ല. നമ്മുടെ വനഭാഗങ്ങളിൽ ചതുപ്പുകളായി കിടന്ന സ്ഥലങ്ങൾ കൃഷിക്കായി വിട്ടുകൊടുത്തു. ഗവണ്മെൻറു അറിവോടുകൂടിയും അല്ലാതെയും വനത്തിൽ പ്രവേശിച്ചവർ കൈവശം കിട്ടിയ സ്ഥലങ്ങളിലുള്ള തടികളെല്ലാം വെട്ടിനശിപ്പിച്ചു് കൃഷി ഭൂമികളായി അവിടം രൂപാന്തരപ്പെടുത്തിയിട്ടുണ്ടു്. നാട്ടിൻപുറങ്ങളിലെന്നിന്നും ആളുകൾ വനങ്ങളിൽ കയറിയപ്പോഴാണു കൃഷിചെയ്യാൻ സൗകര്യമുള്ള ഭൂമി വനത്തിലുണ്ടെന്നു മനസ്സിലാക്കി വനം കൂടി

യായി രൂപാന്തരപ്പെടുത്തിയതു്. അങ്ങിനെ പലരും വനത്തിനു പ്രവേശിച്ചു് വലിയൊരു ഭാഗം വനം കൃഷിഭൂമികളായി രൂപാന്തരപ്പെടുത്തിയിട്ടുണ്ടു്. വളരെയധികം ദൂരെ സ്ഥിതിചെയ്യുന്ന വനാന്തരങ്ങൾപോലും ഫാറസ്റ്റു് അധികാരികളുടെ അറിവോടുകൂടി ആളുകൾ കൃഷി ഭൂമികളായി രൂപാന്തരപ്പെടുത്തിയിട്ടുണ്ടു്. ഇങ്ങനെ നാനാതരത്തിൽ ഗവണ്മെൻറിന്റെ അറിവോടുകൂടിയും അല്ലാതെയും പലരും വനങ്ങളിൽ പ്രവേശിച്ചിട്ടുണ്ടു്. ഇന്നു് കേവലം കുറെ പാറകൾ മാത്രമേ വനമായി സംരക്ഷിച്ചുപോരുന്നുള്ളു.

ഇതിനെപ്പററി ഗവണ്മെൻറിനു ശരിയായ അറിവുണ്ടോ എന്നറിയാൻ നിവൃത്തിയില്ല. ഇവിടുത്തെ ഫാറസ്റ്റു് അധികാരികൾക്കും ശരിയായ രൂപമില്ലെന്നാണു ഞാൻ വിശ്വസിക്കുന്നതു്. ഇങ്ങനെ കൃഷിവികസനത്തിന്റെ പേരും പറഞ്ഞു വനനശീകരണം തുടന്നാൽ അതു വളരെ ഗൗരവതരമായ ഒരവസ്ഥയിലെത്തുമെന്നുള്ളതിനാൽ, ഗവണ്മെൻറു വളരെ അവധാനപൂവ്വം ചിന്തിച്ചു ഇതിനു വേണ്ട പരിഹാരം നേടണമെന്നാണു എനിക്കു് പറയാനുള്ളതു്. വനസംരക്ഷണകാര്യത്തിനു ഒരു വ്യക്തമായ നയം ഗവണ്മെൻറിനുണ്ടായിരിക്കണം. എത്രമാത്രം സ്ഥലം വനമായി സൂക്ഷിക്കണം, കൃഷിക്കായി എത്രമാത്രം വനം നശിക്കണം എന്നു സുനിശ്ചിതമായ ഒരു തീരുമാനം ചെയ്തു വനം സൎവ്വെ ചെയ്തു നിശ്ചയിക്കപ്പെടുന്ന സ്ഥലം വനമായിത്തന്നെ സൂക്ഷിക്കണമെന്നാണു് എന്റെ അഭിപ്രായം. അതിനു ആവശ്യമായ നടപടികൾ ഗവണ്മെൻറു സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

അനധികൃതമായി വനം കയ്യടക്കിവച്ചിരിക്കുന്നവർ പലരും ഇന്നുണ്ടു്. കുടികിടപ്പുകാരെ ഒഴിപ്പിക്കാൻ സാധിക്കുകയില്ലെന്നുള്ള ഒരു വിചാരം അവൎക്കുണ്ടു്. കൃഷിചെയ്യാൻ വേറെ ഭൂമിയില്ലാത്തവരും, യഥാൎത്ഥത്തിൽ അദ്ധ്വാനിക്കുന്നവരുമായ ആളുകളെമാത്രം അങ്ങനെയുള്ള സ്ഥലത്തു താമസിപ്പിക്കുന്നതിനും, അനധികൃതമായി കയ്യേറിയ്ക്കുള്ളവരെ ഇറക്കിവിടുന്നതിനും ഒരു തരത്തിലും ഗവണ്മെൻറു മടിക്കേണ്ട ആവശ്യമില്ല. വനം നശിപ്പിക്കുകയും, ഗവണ്മെൻറിനു ആദായമില്ലാതാക്കുകയും ചെയ്യുന്നവർ ഒരു നിയന്ത്രണവുമില്ലാതെ ഈ നശീകരണപദ്ധതി തുടന്നാൽ ഈ രാജ്യത്തിന്റെ ഭാവി എന്തായിരിക്കുമെന്നു നാം ഗൗരവമായി ചിന്തിക്കേണ്ടതാണു്. നമ്മുടെ പദ്ധതികളെല്ലാം വിജയിക്കണമെങ്കിൽ വിദ്യുച്ഛക്തി അത്യാവശ്യമാണു്. വിദ്യുച്ഛക്തി ലഭിക്കുന്നതിനു് മലകളിൽ നിന്നു ഒഴുകി വരുന്ന നദീജലം അത്യന്താപേക്ഷിതമാണു്. വനങ്ങളെല്ലാം നശിപ്പിക്കാൻ തുടങ്ങിയാൽ മണ്ണൊലിപ്പുണ്ടാകുകയും, തൻമൂലം നദികളിൽ വെള്ളം കുറഞ്ഞു വിദ്യുച്ഛക്തി പ്രവൎത്തനത്തിനുള്ള സാദ്ധ്യത കുറയുകയും ചെയ്യുന്നതാണു്. മണ്ണൊലിപ്പു തടയുന്നതിനുവേണ്ടി ഒരു പുതിയ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടു്. അതു വളരെയധികം ഗുണം ചെയ്യാൻ പോകുന്നില്ലെന്നും ഒരു പരാജയമാണെന്നും ഉദ്യോഗസ്ഥന്മാർതന്നെ അഭിപ്രായപ്പെട്ടിട്ടുണ്ടു്. വനങ്ങൾ സംരക്ഷിക്കേണ്ടതു ഭാവിയിൽ നമ്മുടെ പല വൻകിടപദ്ധതികളുടെയും വിജയത്തിനു ആവശ്യമാകയാൽ ഗവണ്മെൻറു വനസംരക്ഷണകാര്യത്തിൽ അടിയന്തിരമായ നടപടികൾ സ്വീകരിക്കേണ്ടതാണു്.

കാളിങ്ങസെഷൻ പദ്ധതിക്കു പല സ്ഥലത്തും വനഭൂമി എടുക്കുന്നതിനെപ്പററി അറിയാൻ കഴിയുന്നുണ്ടു്. ഈ സഭയിൽ തന്നെ പല ചോദ്യ

[ശ്രീ. എ. സി. ചാക്കോ]

ങ്ങൾക്കും മറുപടി പറയുകയുണ്ടായിട്ടുണ്ട്, കോളനൈസേഷൻ പദ്ധതിയനുസരിച്ചു സ്ഥലങ്ങൾ വിട്ടുകൊടുക്കുകയും ഭവനങ്ങൾ നിർമ്മിക്കുകയും ചെയ്യുവാൻ ശ്രമിക്കുന്നുണ്ടെന്നും മററും. അങ്ങനെ ഭവനങ്ങൾമാത്രം നിർമ്മിച്ചു കൊടുക്കുന്നതുകൊണ്ടു സാധുക്കളായ കർഷകർക്കു എന്തെങ്കിലും തൊഴിൽ, കൃഷി സംബന്ധമായ സഹായങ്ങൾ ലഭിക്കുകയില്ല. മൂലധനമില്ലാതെ അന്യദേശത്തു്, ഭൂതം വനപ്രദേശത്തുചെന്നു എത്രനാൾ കഴിക്കാനാണു? ഇങ്ങനെയുള്ള പദ്ധതികൾകൊണ്ടു എന്തെങ്കിലും ഗുണമുണ്ടാകണമെങ്കിൽ, കൃഷിചെയ്യുന്നതിനു്, ഒരു കൊല്ലക്കാലത്തേയ്ക്കെങ്കിലും ആവശ്യമായ ധനസഹായം അവർക്കു് നൽകിയേ മതിയാവൂ. ഒരുകൊല്ലത്തെ കൃഷിച്ചെലവിനുള്ള പണം കൊടുക്കുകയും 'വൈദ്യസഹായത്തിനും മററു അത്യാവശ്യങ്ങൾക്കും വേണ്ട സഹായവും ചെയ്തുകൊടുക്കുകയും ചെയ്താൽ മാത്രമേ കോളനൈസേഷൻ പദ്ധതി ഫലപ്രദമാകുകയുള്ളൂ. ഗവണ്മെൻറിനിന്നും അറിയിപ്പുണ്ടായപ്പോൾ കിടപ്പാടവും തൊഴിലുമില്ലാത്ത സാധുക്കൾ വളരെ പ്രതീക്ഷയോടുകൂടി കുടികിടപ്പിനുവേണ്ടി അപേക്ഷകൾ അയയ്ക്കുകയും പലർക്കും സ്ഥലം ലഭിക്കുകയും ചെയ്തു. സ്ഥലത്തു താമസത്തിനു ചെന്നപ്പോൾ യാതൊരു സഹായവും ലഭിക്കാതെ നിരാശരായി മടങ്ങിപ്പോരുകയാണു് ചെയ്തിട്ടുള്ളതു്.

ഈയവസരത്തിൽ മുൻഗവണ്മെൻറ് ഞങ്ങളുടെ നാട്ടിൽ ഉത്തരവാദിത്വമില്ലാതെ ചെയ്ത ഒന്നുരണ്ടുകാര്യംകൂടി പറയണമെന്നു വിചാരിക്കുന്നു. നമ്മുടെ നാട്ടിൽ ഒററയിഞ്ചു ഭൂമി പോലും വ്യക്തികൾക്കു കൃഷിക്കായി വിട്ടുകൊടുക്കയില്ലെന്നു മുൻഗവണ്മെൻറു മന്ത്രിമാർ പലടത്തും പ്രസംഗിച്ചു. അസംബ്ലിയിലും അതു സംബന്ധിച്ചു പ്രസ്താവനകൾ ഉണ്ടായിട്ടുണ്ടു്. കോളനൈസേഷൻ പദ്ധതിയനുസരിച്ചു മാത്രമേ വനഭൂമികൊടുക്കുകയുള്ളൂ എന്ന തത്വമനുസരിച്ചു മററു് അപേക്ഷകൾ എല്ലാം അവഗണിക്കുകയാണു് ചെയ്തിട്ടുള്ളതു്. ഈ രാജ്യത്തു പുരോഗമനപരമായ പല നിയമങ്ങളും, ഭൂനിയമപരിഷ്കാരവും നടപ്പിൽ വരുത്താൻ വ്യഗ്രത കാണിച്ചു മുൻ ഗവണ്മെൻറു, പത്തുപതിനൊന്നുമാസം ഭരണം നടത്തിയ ഗവണ്മെൻറ് സോഷ്യലിസം പ്രസംഗിക്കുകയും, അതനുസരിച്ചുള്ള പല പരിപാടികളും പ്രയോഗത്തിൽ വരുത്താൻ വ്യഗ്രതകാണിച്ചു. പി. എസ്സ്. പി. ഗവണ്മെൻറു അവസാനം അധികാരത്തിൽ നിന്നും ഇറങ്ങിപ്പോയ അവസരത്തിൽ നടത്തിയ മുപ്പിറക്കു നടപടികളിൽ ഒന്നിനെപ്പററി ഞാൻ സൂചിപ്പിക്കുകയാണു്. തൊടുപുഴതാലൂക്കിൽ വലിയ കണ്ടംകാനം എന്ന മനോഹരമായ വനസ്ഥലം കൃഷിക്കുവേണ്ടി പതിച്ചുകിട്ടാൻ പല നിവേദനങ്ങളും നടത്തിയിട്ടും കൊടുക്കുവാൻ തയ്യാറായില്ല. അടുത്ത ദിവസം ഏതോ വ്യക്തികൾക്കായി 30 ഏക്കർ വിട്ടുകൊടുക്കുവാൻ ഉത്തരവുണ്ടായതായി അറിയുന്നു. ഏതടിസ്ഥാനത്തിലാണു് ഇങ്ങനെചെയ്തതെന്നു മനസ്സിലായിട്ടില്ല. ഇതു ജനാധിപത്യമര്യാദയാണോ? സ്വന്തം പാർട്ടിയുടെ താത്പര്യത്തിനുവേണ്ടി ഇങ്ങനെ വളരെ നീതിരഹിതമായ ഒരു നടപടി സ്വീകരിച്ചതു നിർഭാഗ്യകരമായിപ്പോയി. തൊടുപുഴ താലൂക്കിലെ ജനങ്ങൾ ഈ കാര്യത്തിൽ വളരെ അസംതൃപ്തരായിത്തീർന്നിട്ടുണ്ടു്. പീച്ചു് അണക്കെട്ടിനുവേണ്ടി സ്ഥലം എടുത്തതിനു് ഒരു നല്ല സംഖ്യ കാമ്പൻസേഷൻ ലഭിച്ചു ഒരാളിനാണു ഇതിൽ 25 ഏക്കർസ്ഥലം പതിച്ചുകൊടുത്തിരിക്കുന്നതു്.

ശ്രീ. എ. ജെ. ജാൺ : എവിടെയാണ് ഇങ്ങനെ സ്ഥലം പതിച്ചു കൊടുത്തത്?

ശ്രീ. എ. സി. ചാക്കോ : തൊടുപുഴ താലൂക്കിൽ, വലിയകണ്ടം എന്ന സ്ഥലത്ത്.

ശ്രീ. കെ. ബാലകൃഷ്ണൻ : ആർക്കാണ് പതിച്ചുകൊടുത്തത്?

ശ്രീ. എ. സി. ചാക്കോ : ഒരു മി. ഫ്രാൻസിസിന്. വേറൊരു 5 ഏക്കർ സ്ഥലംകൂടി പതിച്ചുകൊടുത്തിട്ടുണ്ട്.

ശ്രീ. എ. ജെ. ജാൺ : എന്തിനായിട്ടാണ് പതിച്ചുകൊടുത്തത്?

ശ്രീ. എ. സി. ചാക്കോ : ഏതോ വ്യക്തിപരമായ താല്പര്യം കൊണ്ടാണെന്നാണ് പറയപ്പെടുന്നത്.

ശ്രീ. മങ്ങാനാഥപ്രഭു : മി. ഫ്രാൻസിസ് പി. എസ്. പി. ക്കാരനാണോ?

ശ്രീ. എ. സി. ചാക്കോ : അന്വേഷിച്ചിട്ടില്ല. പണക്കാരനായ ഒരു വ്യക്തിയാണ്. അദ്ദേഹത്തിന് വേറെ സ്ഥലം ഉണ്ടെന്നാണ് അറിയുന്നത്.

അങ്ങനെ ആവശ്യത്തിന് സ്ഥലമുള്ള ഒരു വ്യക്തിക്ക്, തേക്കുകൃഷിക്കു വേണ്ടി ഒരുക്കിയിട്ടുള്ള 60 ഏക്കർ സ്ഥലത്തിനിന്നും 30 ഏക്കർ പതിച്ചു കൊടുത്തതിന്റെ ഉദ്ദേശമെന്താണെന്നു ഗവണ്മെന്റ് ആരായേണ്ടതാണ്.

ശ്രീ. എ. ജെ. ജാൺ : മുപ്പതു ഏക്കറും ഒരാൾക്കു പതിച്ചുകൊടുത്ത താണോ?

ശ്രീ. എ. സി. ചാക്കോ : 25 ഏക്കർ ഒരു ഫ്രാൻസിസിനും, 5 ഏക്കർ ഒരു സി. കെ. സ്വാമിക്കുമാണ്.

വലിയകണ്ടം എന്ന സ്ഥലത്തു ഇപ്പോൾ, 950 ഏക്കറോളമുള്ള വനത്തിൽ 60 ഏക്കർ സ്ഥലത്തു തേക്കിൻതൈ വച്ചുപിടിപ്പിക്കുന്നതിനുള്ള ശ്രമം നടക്കുകയാണ്. അതിനുവേണ്ടി തടികൾ വെട്ടിക്കൊണ്ടിരിക്കുകയാണ്. മുന്നിലൊന്നു ഭാഗത്തോളം കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുണ്ട്. വലിയ ഒരു ഭാഗം വനം കുടികൾ തെളിച്ചു കൃഷി ഭൂമികളായി രൂപാന്തരപ്പെടുത്തിയിട്ടുണ്ട്. മറ്റൊരു വിഭാഗം പാറയും കല്ലുമായി കിടക്കുന്നു. 100 ഏക്കറോളമെ വനമായി സംരക്ഷിക്കപ്പെടുന്നുള്ളു. ഈ സ്ഥലംകൂടി യഥാർത്ഥത്തിൽ കൃഷിക്കാരായ, ഭൂമിയില്ലാത്തവർക്കുവേണ്ടി പതിച്ചുകൊടുക്കുന്നതു നന്നായിരിക്കും.

ഈയവസരത്തിൽ കാളനൈസേഷൻപദ്ധതിക്കു തിരഞ്ഞെടുക്കുന്ന വനഭാഗങ്ങളെപ്പററിക്കൂടി രണ്ടുവാക്കു പറയണമെന്നു വിചാരിക്കുന്നു. വനപ്രദേശത്തു, കാട്ടാനകളുടെ ഇടയിൽ, നാട്ടുമ്പുറത്തുനിന്നും വളരെ അകലെ ഇങ്ങനെയുള്ള സ്ഥലം തിരഞ്ഞെടുക്കുന്നതു ശരിയല്ല. കുടികിടപ്പുള്ള സ്ഥലത്തിനു സമീപം വലിയ വനമല്ലാതെ, രണ്ടും, മൂന്നും വശങ്ങളിൽ ജനങ്ങൾ തിങ്ങിപാർക്കുന്ന ചില പ്രദേശങ്ങൾ, ഉപവനഭാഗങ്ങൾ തൊടുപുഴ താലൂക്കിലുണ്ട്. ഈ പദ്ധതിക്കു വളരെ പററിയ സ്ഥലമാണതു്.

[ശ്രീ. എ. സി. ചാക്കോ]

സർ, നമ്മുടെ സംസ്ഥാനത്തു് ഒരു അഗ്രിക്കൾച്ചറൽ കാളേജ് സ്ഥാപിക്കുന്നതിനു വളരെയധികം വ്യഗ്രതയോടുകൂടി പരിശ്രമം നടക്കുകയാണ്. ഇങ്ങനെയുള്ള സ്ഥാപനങ്ങൾ വലിയ തുകകൾ ചെലവാക്കി തെക്കൻ താലൂക്കുകളിൽ മാത്രം സ്ഥാപിക്കുന്നതു് രാജ്യത്തിന്റെ പൊതുവെയുള്ള അഭിവൃദ്ധിക്കു പററിയതാണോ എന്നു ഞാൻ സംശയിക്കുന്നു. തിരുവിതാംകൂർ-കൊച്ചിയുടെ ചില വിഭാഗങ്ങളിൽ മാത്രം ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ നടന്നാൽ അതു നമ്മുടെ രാജ്യത്തിന്റെ മൊത്തം അഭിവൃദ്ധിക്കു് വലിയ വിഘാതമായിരിക്കുമെന്നാണ് എനിക്കു പറയുവാനുള്ളതു്. തൊഴിലില്ലായ്മയും മററു പ്രശ്നങ്ങളും നമ്മുടെ രാജ്യത്തു നാനാഭാഗങ്ങളിലും ഉള്ളതിനാൽ വികസനപരമായ പദ്ധതികൾ എല്ലാ ഭാഗത്തും നടത്തേണ്ടതാണ്. 700 ഏക്കർ ഭൂമി മൊത്തം കൃഷി ചെയ്യാനുള്ള സൗകര്യമുള്ള വടക്കൻ താലൂക്കുകളിൽ എവിടെയെങ്കിലും കാർഷികകാളേജ് സ്ഥാപിക്കുന്നതു് നന്നായിരിക്കുമെന്നു എനിക്കഭിപ്രായമുണ്ട്. സങ്കുചിതമായ പ്രാദേശിക മനോഭാവത്തോടുകൂടി മാത്രം കാര്യങ്ങൾ നോക്കാതെ ആവശ്യവും സൗകര്യങ്ങളും പരിഗണിച്ചു ഈ കാര്യം ഗവണ്മെൻറ് പരിഗണിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. കെ. കൃഷ്ണപിള്ള : വെള്ളായണിയിൽ ഒരു കാർഷികകാളേജ് സ്ഥാപിക്കാൻ പോകുന്നതിനെ, വടക്കോട്ടു കൊണ്ടുപോകുന്നതിനു ഒരു ഗൂഢാലോചന നടക്കുന്നതിന്റെ സൂചനയാണോ ഈ അഭിപ്രായം?

ശ്രീ. എ. സി. ചാക്കോ : രാജ്യത്തിന്റെ നാനാഭാഗത്തും മെത്തത്തിൽ പുരോഗതിയുണ്ടാകണമെന്നുള്ള അഭിപ്രായത്തിൽ ചില ആഗ്രഹങ്ങൾ പറയുന്നുവെന്നേയുള്ളൂ. വെള്ളായണിയിൽ സ്ഥാപിക്കുന്ന കാളേജിനെ ഇല്ലാതാക്കണമെന്നുള്ള വിചാരമൊന്നും എനിക്കില്ല.

സർ, വ്യാവസായികമായി വളരെയധികം പുരോഗമിക്കേണ്ട നമ്മുടെ രാജ്യത്തു് പ്രധാനമായി നമുക്കാവശ്യമുള്ളതു് വിദ്യുച്ഛക്തി ഉൽപ്പാദനമാണ്. നമ്മുടെ രാജ്യത്തു് ചെറിയ ചെറിയ പദ്ധതികൾകൊണ്ടു് കുറെയൊക്കെ വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കുന്നുണ്ട്. വ്യാവസായികമായ പുരോഗതിക്കു വേണ്ടി നമുക്കു വിദ്യുച്ഛക്തി വിപുലമായ തോതിൽ ഉൽപ്പാദിപ്പിക്കേണ്ടിയിരിക്കുന്നു. വലിയ തോതിൽ വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാദ്ധ്യതയുള്ള ഏററവും വലിയ ഒരു പദ്ധതി ഇടുക്കിയാണ്. വിദഗ്ദ്ധന്മാരായ പല എഞ്ചിനിയറന്മാരും ഈ സ്ഥലം സന്ദർശിക്കുകയും ഈ പദ്ധതി പൂർത്തിയാക്കുന്നതോടുകൂടി വിജയകരമായ വിധത്തിൽ വിദ്യുച്ഛക്തി വിതരണം സാദ്ധ്യമാകുന്നതാണെന്നു് അഭിപ്രായപ്പെടുകയുമുണ്ടായിട്ടുണ്ട്. നമ്മുടെ ഗവണ്മെൻറിനെക്കൊണ്ടു് ഇതിലേയ്ക്കു് വേണ്ടുന്ന ഭീമമായ സംഖ്യ ചെലവു ചെയ്യാൻ സാദ്ധ്യമല്ലാത്തതുകൊണ്ടാണ് രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഈ പദ്ധതി ഉൾപ്പെടുത്തണമെന്നു നിവേദനങ്ങൾ നടത്തിയിട്ടുള്ളതു്. നിർഭാഗ്യവശാൽ രണ്ടാംപഞ്ചവൽസരപദ്ധതിയിൽ ഇതു് ഉൾപ്പെടുത്തിയതായി അറിയുന്നില്ല. തെന്നിന്ത്യ ഒട്ടാകെ ആവശ്യമുള്ള വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കുവാൻ സാദ്ധ്യതയുള്ള ഈ പദ്ധതിക്കുവേണ്ടി തുക കൊള്ളിക്കാത്തതു് ഖേദകരമായിപ്പോയി. ഇതു് രാജ്യത്തേയ്ക്കു് ഒരു നഷ്ടമാണ്. വ്യാവ

സായികമായും കാർഷികമായും രാജ്യത്തെ ഉയർത്തുന്നതിനു പര്യാപ്തമായ ഈ വമ്പിച്ച പദ്ധതിയെക്കൂടി രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തണമെന്നു് ഗവണ്മെൻറിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു. രാജ്യം കാർഷികമായും വ്യാവസായികമായും ഉയരണമെങ്കിൽ അതിനു വേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണെന്നുള്ള ധനകാര്യമന്ത്രിയുടെ അഭിപ്രായത്തെ ഞാൻ അനുമോദിക്കുന്നു. മൂന്നു നാലു വെല്ലുവിളികളായി വടക്കൻ താലൂക്കുകളെ രാജ്യത്തെ പുരോഗമനോന്മുഖമായ കാര്യങ്ങളിൽ അവഗണിക്കുകയാണു് ചെയ്തിട്ടുള്ളതെന്നു പറയാൻ ഞാൻ ഈ അവസരം വിനിയോഗിച്ചു കൊള്ളട്ടെ. തൊടുപുഴ, മൂവാറ്റുപുഴ ഈ താലൂക്കുകളിൽ നിന്നും റവന്യൂ ഇനത്തിലും മററും ഭീമമായ സംഖ്യ ഗവണ്മെൻറിനു കിട്ടുന്നുണ്ടു്. അതേ അവസരത്തിൽ തന്നെ വ്യാവസായികമായ കാര്യങ്ങളിൽ അവരെ അവഗണിക്കുകയാണു് ചെയ്യുന്നതു്. ഗവണ്മെൻറിൽ നിന്നും പല കാര്യങ്ങളും ആ താലൂക്കുകളിൽ ചെയ്യേണ്ടതായിട്ടുണ്ടു്. വ്യാവസായികമായും മററും വൻകിട പദ്ധതികൾ ആസൂത്രണം ചെയ്യുന്ന അവസരത്തിൽ വടക്കൻ താലൂക്കുകളെക്കൂടി ഉൾപ്പെടുത്തിക്കാണുവാൻ വളരെ ആഗ്രഹിക്കുന്നു. അവസാനമായി എനിക്കു പറയുവാനുള്ളതു് വളരെയധികം സദുദ്ദേശത്തോടുകൂടി രാജ്യത്തുള്ള തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനായി രാഷ്ട്രനിർമ്മാണപരമായ പദ്ധതികൾക്കു വേണ്ടി ഈ ബഡ്ജററിൽ ഭീമമായ സംഖ്യ കൊള്ളിച്ചിട്ടുള്ളതു് മുഴുവൻ ചെലവഴിച്ചുകാണുവാനാഗ്രഹിക്കുന്നു. ഇത്രയും പുരോഗമനപരമായ ഒരു ബഡ്ജററു ഈ അവസരത്തിൽ അവതരിപ്പിക്കാൻ സാധിച്ച ധനകാര്യമന്ത്രിയെ ഞാൻ അഭിനന്ദിച്ചുകൊണ്ടു് എൻെറ പ്രസംഗം അവസാനിപ്പിക്കുന്നു.

Shri J. A. Bhatt: Sir, I congratulate the Hon. Chief Minister who is also the Finance Minister in placing before the House a well-planned Budget for the coming year. It has been pointed out on the floor of the House that the Budget is not on the socialistic pattern. It has been proved by the recent elections in the Andhra State that the success of the Congress there was mainly due to the socialistic policy and the Socialistic Avadi resolution sponsored by the Prime Minister.

With regard to the circumstances that lead to the formation of a Government by the Congress Party in the State, the Chief Minister has expressed in his speech the reasons for the same. Though the Budget figures show a deficit of 437·7 lakhs, the fact that huge amounts are going to be spent for capital and nation-building works shows that when such works are completed, the dividents that will be earned by the State will help to stabilise the finances of the State. So on that point nobody need feel anxious that the State's finances are in peril.

Sir, the main problem in our State is the problem of unemployment. It was also pointed out that the population is increasing in our State by 1·8 lakhs every year. When compared to other States in India it is really high and it is high time that the people and members of this Assembly consider this serious problem and find ways and means of putting a check on it. If I may express an opinion on that point, I would suggest Government will take steps to check the increase of population by

[Shri J. A. Bhatt]

making arrangements in Hospitals, Dispensaries etc. for giving proper and scientific advice to the people on family planning and birth control. This is a very serious problem because of the crippled economy of our State and the difficulty to give proper employment. I would suggest state-wide propaganda being organised to impress on the citizens the imperative need to check the increase of population.

ശ്രീ. ടി. കെ. ദിവാകരൻ : തൊഴിലില്ലായ്മയ്ക്കു പരിഹാരമായി ഇതു നിർദ്ദേശിക്കുടിയാണോ മെംബർ നൽകുന്നതു്?

Shri J. A. Bhatt : That is also one of the means. There are various other things also.

There is much talk now-a-days about social welfare work. This is left to non-official bodies. Under the Five Year Plan we find huge amounts are spent on Social Welfare Schemes and we are made to believe that we have to build a Welfare State in India. When that is so and when huge amounts are spent on social welfare schemes, I am of opinion that a department must be created in the State to tackle the problem and see that the money that is spent is properly spent and non-official organisations are given proper directions and necessary help in carrying on their activities. We find that during the last four years of the First Five Year Plan, the National Extension Service Blocks as well as Community Projects have not come to the mark we expected. I think that if we create a social welfare Department and give people proper direction as well as create the necessary enthusiasm in the locality, we will be able to attain our goal and complete these projects within the Five Year Period.

The hon. Chief Minister has Stated that the Government's policy towards the Municipalities in the State is to vest them with more and more powers. It is really a lamentable thing that even after the attainment of independence the Municipalities in our State are managed under the Act, which was passed during the days of British Raj. Today our Municipalities are reduced to the position of Literary and Debating Societies with all the executive functions vested in the Commissioners. I would therefore urge the Government to change the Act and make it up todate so that local self-government institutions are properly developed and can function in an effective way serving the needs of the citizens from whom they collect taxes. In this context I would like to bring to the notice of the Government the recommendations of the Taxation Enquiry Commission on this subject :

"Government control over Local Administration should not be so meticulous or minute as to destroy the autonomy and self-reliance of local bodies. The goal towards which Government should strive and the purpose for which control should be designed is to develop local self-governing institutions as efficient instruments of administration capable alike of formulating policies and executing them."

I would suggest to our Local Self Government Minister to keep these directions of the Taxation Enquiry Commission in view in framing the new draft Bill, which intention he had expressed during the question hour this morning.

ശ്രീ. ടി. വി. തോമസ് : മുനിസിപ്പൽ എക്സിക്യൂട്ടീവ് അതാട്ട് യെ നിയമിക്കാനുള്ള അധികാരം കൗൺസിലിന് വിട്ടുകൊടുക്കണമെന്നുള്ള അഭിപ്രായത്തോടു മെംബർ യോജിക്കുന്നുണ്ടോ ?

ശ്രീ. ജെ. എ. ഭട്ട് : ഞാൻ ആ അഭിപ്രായത്തോടു യോജിക്കുന്നു.

When we are at the verge of completing the first Five Year Plan, and formulating the Second Five Year Plan, the Municipalities and Panchayats have been asked whether they have any plans to be included. Already the Municipalities and Panchayats have submitted their plans. We are really not in the know of things as to how the Municipalities and Panchayats could carry out these plans. We know that as far as the country's finances are concerned, by the end of the First Five Year Plan, the Sterling Balances would be depleted and to carry out important works in our State as well as in other States in India, we have to find the necessary finance from within the country. One thing is sure. We are self sufficient on the food front and we are going to have excess food materials in our country. So we will have reserve money which we utilised for purchasing food. Such amounts the Centre may advance to the States and the State Governments can help the Municipalities and Panchayats to carry out the local schemes.

I may point out that we have got in the Travancore area the Town and Country Planning Act which has not been extended to the Cochin area and I would like to request the Government that an amended Town and Country Planning Act on better lines should be brought before the Assembly before the Second Five Year Plan is started so that it may help the Panchayats and Municipalities to organise local development Trusts on a co-operative basis and also create local enthusiasm in the people to improve their surroundings.

[Mr. Speaker in the Chair.]

Much is said in the Finance Minister's speech about the carrying out of water supply schemes in various parts of our state. Cochin port area including the towns of Mattancherry and Ernakulam are also included in the list and amounts are allotted in the budget year after year, but the works are not carried out. There is a complaint among the people in those parts that water which is a primary necessity for human beings is not adequately supplied. I would request the P. W. D. Minister to see that the allotments made in the budget for this purpose are well utilised and early steps are taken to see that the works are completed.

Sir, for the proper training of our young students in our State, there is a Scouting Department. After the integration of the two States I find that that Department is not properly attending to the training of the scouts and the amounts set apart are

[Shri J. A. Bhatt]

not properly utilised. Very meagre allotments are made and those made are not made available in time for carrying out the activities of the Scout movement. Being an important organisation which is engaged in training our young students on proper lines to become independent citizens of an independent country, I would suggest that proper steps should be taken to see that sufficient allotments are made for this Department and those allotments are properly utilised. With these words, I congratulate the Finance Minister for presenting us a budget tackling all the problems facing the State and request him to see that the works for which allotments are made are carried out.

ശ്രീ. പി. എം. മാത്തോസ് : സർ, പട്ടി കുരച്ചാൽ പടി തുറക്കുകയില്ല എന്നുള്ള ആപ്തവാക്യത്തോടുകൂടിയാണ് ഇന്ന് ചിലതു് പ്രസ്താവിക്കുവാൻ ഞാനാഗ്രഹിക്കുന്നതു്. കാരണം, കഴിഞ്ഞ ബഡ്ജററ സമ്മേളനത്തിൽ ഞാൻ ഈ സഭയിൽ പ്രസംഗിച്ച കാര്യങ്ങൾ തന്നെയാണ് എനിക്ക് ഇപ്പോഴും പറയുവാനുള്ളതു്. പത്തു നേഴത്തോടി മുതൽ ഇരുപത്തിരണ്ടരക്കോടി രൂപവരെ ചെലവുചെയ്തു ഭരണം നടത്തുന്ന ഈ രാജ്യത്തു പത്തുവർഷക്കാലമായി തുടരെ തുടരെ മുറവിളി കൂട്ടിക്കൊണ്ടിരിക്കുന്ന ഒരു കാര്യത്തെക്കുറിച്ചാണ് ഈ സഭയിൽ ഞാൻ ഇപ്പോഴും പറയുവാൻ ആഗ്രഹിക്കുന്നതു്.

ഈ രാജ്യത്തു് ജനസംഖ്യ 96 ലക്ഷമാണ്. ഇതിൽ ഭൂരിപക്ഷവും പാവപ്പെട്ടവരാണ്. അവരുടെ ഉദ്ധാരണത്തിനുവേണ്ടി വളരെ കൊല്ലങ്ങൾക്കുമുമ്പ് പിന്നാക്കസമുദായോദ്ധാരണ ഡിപ്പാർട്ടുമെൻറ് എന്ന പേരിൽ ഒരു ഡിപ്പാർട്ടുമെൻറ് ആരംഭിച്ചു. ആരംഭകാലത്തു് ആ ഡിപ്പാർട്ടുമെൻറിന് ഒരു കൊല്ലം പന്തീരായിരം രൂപ മാത്രമാണു ചെലവാക്കുവാനുണ്ടായിരുന്നതു്. എന്നാൽ കൊല്ലങ്ങൾ മുന്നോട്ടു പോകുംതോറും ഈ ഡിപ്പാർട്ടുമെൻറിനു കൂടുതൽ കൂടുതലായി തുക അനുവദിച്ചുവന്നു. അങ്ങനെ ഇന്നത്തെ നിലയിൽ എത്തിയിരിക്കുകയാണ്. അതിൽ ഞാൻ ഗവണ്മെൻറിനെ അഭിനന്ദിക്കുന്നു.

അതോടൊപ്പം ഒരു കാര്യം പ്രസ്താവിക്കാതെ തരമില്ല. സർ, ഈ രാജ്യത്തെ ഏകദേശം 25 ലക്ഷത്തോളം വരുന്ന പിന്നാക്ക സമുദായക്കാരിൽ, പത്തുലക്ഷത്തിൽപരം ആളുകളും ക്രിസ്ത്യാനികളാണ്. പാവപ്പെട്ട ജനങ്ങളുടെ ഉദ്ധാരണത്തിനായി പട്ടികജാതിക്കാർ എന്ന പേരിൽ ഒരു പ്രത്യേക വിഭാഗം സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെങ്കിലും ക്രിസ്ത്യാനികളായിപ്പോയി എന്ന കാരണത്താൽ അവരുടെ കൂട്ടത്തിൽ പെടേണ്ട ഒരു നല്ല വിഭാഗം ആളുകളെ മാററി നിർത്തിയിരിക്കുകയാണ്. അവരെ കൂടി പട്ടികജാതിയിൽപ്പെടുത്തണമെന്നും അങ്ങനെ പട്ടികജാതിക്കാർക്കു കിട്ടുന്ന സൗജന്യങ്ങൾ എല്ലാം അവർക്കും കൂടി ലഭിക്കുവാൻ ഇടവരുത്തണമെന്നും പത്തുവർഷക്കാലമായി മുറവിളി കൂട്ടിക്കൊണ്ടിരിക്കുകയാണ്. എന്നാൽ ആ കാര്യം ഇവിടത്തെ ഭരണം നടത്തുന്ന ഗവണ്മെൻറ് കേവലം വനരോദനമായി ഗണിച്ചു് തള്ളുകയിരിക്കുന്നു.

ശ്രീ. കെ. കൊച്ചുകുട്ടൻ : കഴിഞ്ഞ കൊല്ലത്തെ ബഡ്ജററിൽനിന്നു പിന്നോക്കസമുദായക്കാർക്കുവേണ്ടി കൂടുതൽ തുക കൊള്ളിച്ചിട്ടുള്ളതായി അറിയാമോ ?

ശ്രീ. പി. എം. മാക്കോസ്: അതെനിക്കറിയാം. അതിനു ഞാൻ ഗവണ്മെൻറിനെ അഭിനന്ദിക്കുകയും ചെയ്യുന്നു.

എന്നാൽ എന്റെ പരാതി അതല്ല. പട്ടികജാതിക്കാരിൽപ്പെട്ട ഒരു ജ്യേഷ്ഠനും അനുജനും ആണെങ്കിൽ തന്നെ, ഒരുവൻ ക്രിസ്ത്യാനിയായി മതം മാറിപ്പോയാൽ, ജ്യേഷ്ഠനു കിട്ടുന്ന സൗജന്യം മറ്റേയാളിനു (അനുജനു്) കിട്ടുന്നില്ല. മതം മാറി എന്നുള്ളതിൽ കവിഞ്ഞു് സാമ്പത്തികമായി ഒരു വ്യത്യാസവും അവർക്കു തമ്മിൽ ഇല്ല. സർ, സി. പി. രാമസ്വാമി അയ്യരുടെ കാലത്തു ഇവിടത്തെ ക്രിസ്ത്യാനികളോടു് അനുഭവത്തിച്ചുവന്ന നയത്തിൽ കൂടുതലായി ബാധിച്ചതു് ഈ പാവപ്പെട്ട സാധുക്കളായ ക്രിസ്ത്യാനികൾക്കാണു്. അന്നു അദ്ദേഹം പാവപ്പെട്ട ഹിന്ദുക്കൾക്കു് പല സൗജന്യങ്ങളും ചെയ്തുകൊടുത്തു. എന്നാൽ ആ സൗജന്യം പാവപ്പെട്ട ക്രിസ്ത്യാനികൾക്കു് ലഭിച്ചില്ല. ജനകീയഭരണം വന്നിട്ടു് ഏഴെട്ടു വർഷമായി. ഈ കാലത്തിനിടയിൽ ഇന്നത്തെ പുലയരേയും പറയരേയും പ്രത്യേകം അറിയാൻ കഴിയുന്ന ഇവിടത്തെ ഭരണാധികാരികൾക്കു് ക്രിസ്ത്യാനികളായ പുലയരേയും പറയരേയും കണ്ടുപിടിക്കുവാൻ കഴിയാതെ പോയതു് ഖേദകരമാണു്. അതുപോലെതന്നെ ഹൈന്ദവ വിദ്യാർത്ഥികൾക്കു കിട്ടുന്ന സൗജന്യങ്ങൾ പാവപ്പെട്ട ക്രിസ്ത്യൻ വിദ്യാർത്ഥികൾക്കു കിട്ടുന്നില്ല. നേരേമറിച്ചു് ഒരു ഹൈന്ദവവിദ്യാർത്ഥി ഒരു കൊല്ലം, ഒരു പക്ഷെ രണ്ടോ മൂന്നോ കൊല്ലം തോററാൽ പിന്നെ ഫീസുസൗജന്യവും മററു സൗജന്യങ്ങളും ലഭിക്കുന്നു. എന്നാൽ ഒരു ക്രിസ്ത്യൻ കുട്ടി ഒരു കൊല്ലം തോററാൽ പിന്നെ ഒരു സൗജന്യവും ലഭിക്കുകയില്ല. ഈ നില വച്ചു നോക്കുമ്പോൾ എല്ലാ പട്ടികജാതിവർഗ്ഗക്കാരേയും ക്രിസ്ത്യാനികളാക്കുവാനാണു ഗവണ്മെൻറു ശ്രമിക്കേണ്ടതു്. പിന്നെ പിന്നാക്കസമുദായ ഡിപ്പാർട്ടുമെൻറിന്റെ ആവശ്യമേ ഉദിക്കുന്നതല്ല. അങ്ങനെ ഗവണ്മെൻറിനു ഇരുപത്തിരണ്ടര ലക്ഷം രൂപ ലാഭിക്കുകയും ചെയ്യും.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: സാമ്പത്തിക അവശത അനുഭവിക്കുന്ന മുസ്ലീങ്ങളെ പട്ടികജാതിയിൽപ്പെടുത്തുന്നതിനെ അനുകൂലിക്കുന്നുണ്ടോ?

ശ്രീ. പി. എം. മാക്കോസ്: എനിക്കു് അതിനു വിരോധമില്ല. എന്നാൽ ഇവിടത്തെ മുസ്ലീങ്ങളുടെ ഇടയിൽ പറയനെന്നോ പുലയനെന്നോ ഉള്ള പരിഗണന ഉണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടു് ഇക്കാര്യത്തിൽ ഹിന്ദുക്കളേയും ക്രിസ്ത്യാനികളേയും രണ്ടായി കണക്കാക്കേണ്ട ആവശ്യമില്ല.

ശ്രീ. സി. സി. അയ്യപ്പൻ: മുസ്ലീം സമുദായത്തിൽ പട്ടികജാതിക്കാർ ഉണ്ടോ?

ശ്രീ. പി. എം. മാക്കോസ്: എനിക്കു് അതിനെപ്പററി നിശ്ചയമില്ല. ക്രിസ്ത്യാനിയായി എന്നുള്ളതുകൊണ്ടു് ക്രിസ്തുമതത്തിൽ ചേർന്ന പുലയക്കും, പറയക്കും, ചേരമക്കും, സാംബവക്കും, കുറവക്കും പട്ടികജാതിക്കാരുടെ സൗജന്യങ്ങൾ കൊടുക്കാൻ പാടില്ലെന്നാണു തീരുമാനിക്കുന്നതെങ്കിൽ ഹിന്ദുക്കളിൽ ബ്രാഹ്മണരും മററും ഉള്ളതുകൊണ്ടു് പട്ടികജാതിക്കാർ എന്നൊരു വിഭാഗത്തെ സൃഷ്ടിക്കേണ്ട ആവശ്യം ഇല്ലെന്നും വാദിക്കാവുന്നതാണു്. ഏതു മതത്തിൽപ്പെട്ടവരായാലും പാവപ്പെട്ടവർ പാവപ്പെട്ട

[ശ്രീ. പി. എം. മാക്കോസ്]

വർ തന്നെയാണ്. പണ്ടുകാലത്തായി ഇത്തിനുവേണ്ടി ഞങ്ങൾ വാദിച്ചുകൊണ്ടിരിക്കുന്നുണ്ടെങ്കിലും ഇതിനു യാതൊരു ഭരണാധിപന്മാരും ന്യായമായ സമാധാനം പറയുന്നില്ല.

ശ്രീ. മഞ്ജനാഥപ്രഭു : ക്രിസ്ത്യാനികളിൽ പുലയർ എന്നൊരു പ്രത്യേക ജാതിയുണ്ടോ?

ശ്രീ. പി. എം. മാക്കോസ് : ഹിന്ദുക്കളിൽ പുലയർ ഉള്ളതുപോലെ ക്രിസ്ത്യാനികളിലും പുലയർ ഉണ്ട്. ഇൻഡ്യൻ ഭരണഘടനയിൽ തന്നെ പറഞ്ഞിട്ടുണ്ട് ഒരുത്തരും തന്റെ മതത്തിന്റെ പേരിൽ അവശതയനുഭവിക്കാൻ പാടില്ലാ എന്ന്. ഹിന്ദുക്കൾക്ക് കിട്ടുന്ന സൗജന്യം ഞങ്ങൾക്കും കിട്ടാത്തതിനു ഞങ്ങൾ പാവപ്പെട്ടവരും മിണ്ടാപ്രാണികളും ആയതുകൊണ്ടാണ് ഇതുവരെ പ്രതിഷേധിക്കാൻ ഒരുങ്ങാത്തത്.

പാവപ്പെട്ടവരായ അവശക്രിസ്ത്യാനികൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും മുഴുവനുമില്ലെങ്കിലും, കുറെയൊക്കെ പരിഹരിക്കുന്നതിനുവേണ്ടി ഗവണ്മെന്റ് ഇനിയും വളരെ ശ്രമിക്കേണ്ടതായിട്ടുണ്ട്. അവരുടെ നന്മയെ അവഗണിക്കുന്ന ഒരു സമ്പ്രദായം ഒരിക്കലും ക്ഷന്തവ്യമല്ല. നമ്മുടെ സംസ്ഥാനത്ത് കൂടക്കൂടെ മന്ത്രിസഭകൾ മാറിക്കൊണ്ടിരിക്കുകയാണ്. ഒന്നോ രണ്ടോ വർഷത്തിനുള്ളിൽ രണ്ടും മൂന്നും മന്ത്രിസഭകൾ ഉണ്ടാകുന്ന പാരമ്പര്യമാണ് ഇവിടെയുള്ളത്. തന്നിമിത്തം രാജ്യത്തുള്ള അവശസമുദായക്കാർ, അവർ ക്രിസ്ത്യാനികളായാലും, ഹിന്ദുക്കളായാലും അവർക്ക് ജീവിക്കുവാനുള്ള പരിതഃസ്ഥിതി ഉണ്ടാക്കിക്കൊടുക്കുന്നതിൽ പക്ഷപാതം പ്രകടിപ്പിക്കുന്നത് വലിയ പാപമാണ്. അവശസമുദായത്തിൽപ്പെട്ടവൻ ക്രിസ്ത്യാനിയാണോ, ഹിന്ദുവാണോ എന്നു നോക്കേണ്ടതില്ല. മാത്രമല്ല, ക്രിസ്ത്യാനിയാണെങ്കിൽ അവനെ അവഗണിക്കുകയും, ഹിന്ദുവാണെങ്കിൽ അനുകൂലിക്കുകയും ചെയ്യുന്ന മനോഭാവം തുടർന്നുകൊണ്ടുപോകരുതെന്നാണ് എന്റെ വിനീതമായ അഭിപ്രായം. അതല്ലെങ്കിൽ, അവശത അനുഭവിക്കുന്ന ഒരു ക്രിസ്ത്യാനിക്ക് യാതൊരു ഗുണവും ചെയ്യുകയില്ലെന്ന് ഏററവും സമർത്ഥനായ ഇന്നത്തെ മുഖ്യമന്ത്രി നേരിട്ടു പറയട്ടെ, എനിക്കതിൽ മനസ്താപമില്ല. എന്നാൽ, അവശസമുദായങ്ങളുടെ പേരുപറഞ്ഞ് കുറേപേർമാത്രം ഗുണമനുഭവിക്കുന്നതു് ശരിയാണെന്നു തോന്നുന്നില്ല. ഇതാണ് മന്ത്രിസഭയുടെ കൂടക്കൂടെയുള്ള വീഴ്ചയ്ക്കു് കാരണമെന്ന് ഞാൻ വിശ്വസിക്കുന്നു.

ശ്രീ. ടി. ചന്ദ്രശേഖരൻശാസ്ത്രി : അവശക്രിസ്ത്യാനികളുടെ ഒരു സെൻസസ് അല്ലെങ്കിൽ അവർ എത്ര പേരുണ്ടെന്നു പറയാൻ സാധിക്കുമോ?

ശ്രീ. പി. എം. മാക്കോസ് : എത്രപേരുണ്ടെന്ന് പറയണമെങ്കിൽ ഒരു സെൻസസ് എടുക്കാതെ സാദ്ധ്യമല്ല. അവശക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളവും സെൻസസ് എടുക്കണമെന്നു വളരെ മുൻപു തന്നെ ഗവണ്മെന്റിനോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ, ഇതുവരെയും ആ കാര്യം സാധിച്ചിട്ടില്ല. സ്വാതന്ത്ര്യം കിട്ടി വർഷം ഏഴുകഴിഞ്ഞിട്ടും ഇത്ര സാധുക്കളുടെ കാര്യത്തിനു കാര്യമായി യാതൊന്നും

ജനകീയഗവണ്മെൻറും ചെയ്യുന്നില്ലായെന്നു പറയുമ്പോൾ ചെയ്തിട്ടുള്ള നന്മയെ അവഗണിച്ചുകൊണ്ടാണ് പറയുന്നതു് എന്നു് ധരിക്കേണ്ടാ. പിന്നാക്കസമുദായങ്ങളിലെ അംഗങ്ങളും ഈ രാജ്യത്തിലെ വാസികളാണ്. രാജ്യത്തിന് അവരെയും ആവശ്യമുണ്ട്. ഒരു കാരണവശാലും അവരെ രാജ്യത്തിന് വേണ്ടെന്നുവയ്ക്കാൻ സാദ്ധ്യമല്ല. അവർ, പുരാതനകാലം മുതൽ തന്നെ കൂലിവേലചെയ്തു് ഉപജീവനം കഴിക്കുന്ന സാധുക്കളാണ്. അവർക്കുണ്ടായിട്ടുള്ള ക്ലേശങ്ങളും, കഷ്ടതകളും ഒന്നിനൊന്നു വർദ്ധിക്കുകയല്ലാതെ അതിന് കുറവുകാണുന്നില്ല. വളരെ വർഷങ്ങളായി പള്ളിക്കൂടങ്ങളിൽ പ്രവേശിക്കാതെയും, റോഡിലൂടെ നടക്കാൻ സമ്മതിക്കാതെയും ഇരുന്ന ഒരവസ്ഥ മാറിയിട്ട് ഏറെ നാളായില്ല. അത്ര വളരെ ദുർഗ്ഗതിക്കു അനുഭവിച്ചുവരുന്ന ഈ കൂട്ടർ. അതുകൊണ്ട് അവശക്രിസ്ത്യാനികൾക്ക് ഗവണ്മെൻറിൽനിന്നും വളരെ ആനുകൂല്യങ്ങളും സഹായങ്ങളും കേണ്ടതായിട്ടാണിരിക്കുന്നതു്. അടുത്തതായി എനിക്ക് പറയാനുള്ളതു് കുടിയിറക്കിനെ സംബന്ധിച്ചാണ്. ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി, കുടിയിറക്കിനെ സംബന്ധിച്ചുള്ള പരാതികൾ പത്രങ്ങളിലും, നിയമസഭയിലും മാത്രമാണുള്ളതെന്ന്. വാസ്തവത്തിൽ രാജ്യത്തിൻെറ പല ഭാഗങ്ങളിലും കുടിയിറക്കുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. എന്താണ്ട് ഒരു ഒന്നരമാസക്കാലമായിട്ട് വളരെ കുറവുവന്നിട്ടുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: ഒന്നരമാസമായിട്ട് വളരെ കുറഞ്ഞിരിക്കുന്നുവെന്നാണോ പറയുന്നതു്?

ശ്രീ. പി. സി. മാർക്കോസ്: ഒന്നരമാസമായിട്ടു കുറവുണ്ടെന്നുതന്നെയാണ് ഞാൻ പറഞ്ഞതു്. കുടിയിറക്കാൻ പാടില്ലായെന്ന് ഗവണ്മെൻറ് നിരോധിച്ചിട്ടും പല സ്ഥലങ്ങളിലും ജന്മിമാർ അവരുടെ സ്ഥലങ്ങളിൽ കുടികെട്ടി താമസിക്കുന്ന സാധുക്കളെ നിർദ്ദയം ഇറക്കിവിട്ടുകൊണ്ടിരിക്കുന്നുണ്ട്. മററു ചില ജന്മിമാർ ഇറക്കിവിട്ടില്ലെങ്കിലും, സാധുക്കൾ കുടിലിൽ തന്നെ കഴിഞ്ഞുകൂടുന്നതിനും, പരിസരത്തിൽ ഒഴിഞ്ഞുപോലും സ്വാതന്ത്ര്യം കൊടുക്കാതെ കഷ്ടപ്പെടുത്തുകയുമാണ് ചെയ്യുന്നതു്. ബഹുമാനപ്പെട്ട മന്ത്രി പറയുന്നു, ഉടമസ്ഥൻെറ അനുവാദമില്ലാതെ ഒയ്യോറംചെയ്തു് കുടികെട്ടി താമസിക്കുന്നവരെ ബലമായി ഇറക്കുവാനുള്ള അധികാരം വസ്തുഉടമയ്ക്കുണ്ടെന്ന്. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവന ആപത്താണ്. നാളെ ആയിരക്കണക്കിന് വീടുകൾ പൊളിച്ചുകളയാൻ എളുപ്പമാണ്. വാസ്തവത്തിൽ അനവധി വർഷങ്ങളായി ജന്മിയുടെ വേലയുംചെയ്തു് പെറും അടിമകളെപ്പോലെ കുടിലിൽ താമസിക്കുന്ന സാധുക്കൾക്ക് താമസസ്ഥലത്തിന് പ്രമാണരേഖാമൂലം കാണുകയില്ല. കൃഷിചെയ്യാൻവേണ്ടി അഞ്ചോ, പത്തോ സെൻറ് സ്ഥലമെങ്കിലും കുടിയുടെ പരിസരങ്ങളിൽ കൊടുക്കേണ്ടതു് ജന്മിമാരുടെ കടമയാണ്. ചില ജന്മിമാർ അങ്ങനെ കൊടുക്കുന്നുമുണ്ട്. പാട്ടച്ചീട്ടോ, മററു പ്രമാണങ്ങളോ ഇല്ലാതെ പല സ്ഥലങ്ങളിലും ജന്മിമാരുടെ അടിമകളെപ്പോലെ കുടികെട്ടി താമസിക്കുന്ന സാധുക്കളുണ്ട്. ചില സാധുക്കൾക്ക് അവരുടെ സേവനത്തെ ആസ്പദമാക്കി സഹായംചെയ്യുന്ന ഉടമസ്ഥന്മാരുണ്ട്. ആനിക്കാട്ട് എന്ന സ്ഥലത്തെ ഒരു ജന്മിയുടെ വകയായ പത്തേക്കർ സ്ഥലത്തു് ഒരു സാധു കൃഷിചെയ്തു് ജീവിച്ചുവരികയായിരുന്നു. ഒരു പ്രമാണംപോലും ഇല്ല. ഒടുവിൽ ജന്മിയും ഞാനും കൃഷിക്കാരനുംകൂടി ഇടപെട്ടു് ജന്മിയുടെ

[ശ്രീ. പി. എം. മാക്കോസ്]

കയ്യിൽനിന്നും രണ്ടേക്കർസ്ഥലം ആ സാധു കൃഷിക്കാരന്ന് സ്വന്തമാക്കി കൊടുത്തു. വാസ്തവത്തിൽ ജന്മിയുടെ ഉദാരമായ മനോഭാവമാണ് പ്രകടമാക്കിയത്. ഇതുപോലെ യാതൊരു പ്രമാണവും രേഖയും ഇല്ലാതെ കുടിൽകെട്ടി താമസിക്കുന്ന പതിനായിരക്കണക്കിനുള്ള സാധുക്കളെ കുടിൽ പൊളിച്ച് ഇറക്കിവിടുന്നത് ന്യായത്തിന്റെയും, സത്യത്തിന്റെയും പേരിൽ എത്രത്തോളം നീതീകരിക്കാവുന്നതാണെന്ന് ഗവണ്മെന്റ് ചിന്തിക്കേണ്ടതാണ്. സർ, ഇതുപോലെതന്നെ കാളനികളെപ്പററിയും, അവയുടെ നിർമ്മാണത്തെപ്പററിയും എനിക്ക് ഗവണ്മെന്റിനെ അഭിനന്ദിക്കേണ്ടതായിട്ടുണ്ട്. പക്ഷെ, കാളനി നിർമ്മിച്ചതു കൊണ്ടായില്ല. ഏതു ഉദ്ദേശത്തോടുകൂടി കാളനി ഉണ്ടാക്കിയോ ആ ഉദ്ദേശം സാധിക്കുന്നതിന്നുവേണ്ടിയുള്ള സാഹചര്യം സൃഷ്ടിച്ചില്ലെങ്കിൽ കാളനിമൂലം വലിയ ദുഷ്യങ്ങളാണുണ്ടാകുന്നത്. മുനിസിപ്പൽ പട്ടണങ്ങളിൽ താമസിക്കുന്ന യാചകരെ ഒരു മൂലയിൽ മാററി താമസിപ്പിച്ച് പട്ടണങ്ങളിൽനിന്നും അവരുടെ ശല്യങ്ങളെ ഒഴിവാക്കുന്നതുപോലെ പാവപ്പെട്ടവരായ 10–ം, 300–ം കുടുംബങ്ങളെ റിസർവ്വ് വനങ്ങളിൽ ഇരുപതു സെൻറ് സ്ഥലം മാത്രം അനുവദിച്ച് താമസിപ്പിക്കുന്നത് ആപൽക്കരമാണ്. അവരുടെ ജീവിതാവശ്യത്തിന് കുടുംബം ഒന്നിന് ഒരു ഏക്കർ സ്ഥലമെങ്കിലും കുറഞ്ഞതു് കൊടുക്കേണ്ടതാണ്.

മറെറാരു കാര്യം, വനങ്ങളുടെ ഇടയ്ക്ക് ഒരു കാളനിയുണ്ടാക്കി പത്തും, അഞ്ഞൂറും ആളുകളെ അവിടെകൊണ്ടു് താമസിപ്പിച്ചാൽ ഏതു വിധത്തിലാണ് അവരുടെ ജീവിതം കഴിയുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. കൂലിവേലചെയ്തും മററും ഒരുവിധം ജീവിതം കഴിച്ചുകൊണ്ടിരുന്ന ആളുകളെ ഇങ്ങനെ കൂട്ടം കൂട്ടമായി ഓരോ സ്ഥലങ്ങളിൽക്കൊണ്ടിട്ടാൽ പട്ടിണി കിടന്ന് ചാകുകയല്ലാതെ മററ് ഗത്യന്തരം ഇല്ലതന്നെ. അതുകൊണ്ട് അവർക്ക് ജീവിക്കുവാനുള്ള സൗകര്യം അതായതു്, ഒരു വ്യക്തിക്ക് അല്ലെങ്കിൽ ഒരു കുടുംബത്തിന്നു കുറഞ്ഞതു് ഒരേക്കർ സ്ഥലമെങ്കിലും കൃഷി ചെയ്യുന്നതിന്നുവേണ്ടി അനുവദിച്ചുകൊടുക്കേണ്ടതാണ്. പട്ടണങ്ങളിൽ മരാമത്തു ഡിപ്പാർട്ടുമെൻറ് മുഖേന പല നന്മകളും ചെയ്യുന്നുണ്ട്. വലിയ തുകകൾ ആണ്ടുതോറും ബഡ്ജററിൽ കൊടുക്കുന്നതുതന്നെ മിക്കവാറും ചെലവാക്കുന്നതു് പട്ടണങ്ങളിലാണ്. ഗ്രാമപ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം നാമമാത്രമായ ചില ആനുകൂല്യങ്ങൾ ചെയ്യുന്നതല്ലാതെ കാര്യമായി യാതൊന്നുതന്നെ പ്രവർത്തിക്കുന്നില്ല. ബഹുമാനപ്പെട്ട മുൻ മരാമത്തുമന്ത്രി അവർകളോടു് ഈ കാര്യങ്ങളെ സംബന്ധിച്ച് ഞാൻ സംസാരിക്കുകയും, അദ്ദേഹം വിജയപുരത്ത് ഒന്നുവന്ന് സ്ഥലം സന്ദർശിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തതിന്റെ ഫലമായിട്ട് അദ്ദേഹം വരാമെന്നു പറഞ്ഞതല്ലാതെ വന്നില്ല. ഗ്രാമപ്രദേശങ്ങളിൽ സഞ്ചാരസൗകര്യത്തിന് പാലമോ, റോഡോ സൗകര്യമായിട്ടില്ലാത്തതു് കഷ്ടകരമായ ഒരു വസ്തുതയാണ്. എന്റെ നിയോജകമണ്ഡലത്തിൽ മററക്കര ഒരു പാലത്തിന്റെ പണി തുടങ്ങിയിട്ട് ആറേഴു വർഷമായി, പാലത്തിന്റെ ഇരുവശങ്ങളിലും ഓരോ കുഴികൾ കുഴിച്ച് ഒരു വിലങ്ങുതടി ഇട്ടിട്ടുണ്ട്. ആ പണി എത്രയും വേഗത്തിൽ തീർക്കുവാൻ അധികാരികളോടു് നിവേദനം ചെയ്തിട്ടുണ്ടെങ്കിലും പണി ത്വരിതപ്പെട്ടുകാണുന്നില്ല. അതുപോലെ തന്നെ. അരിപറമ്പ്—അകലക്കുന്നം റോഡ്, എരുത്തു

പുഴ ഒരു കലുങ്കുപാലമെങ്കിലും തീരാത്തതുകൊണ്ട് ആറു മൈൽ സ്ഥലത്തേയ്ക്കു് 13 മൈൽ ചുററിയാണു് ആളുകൾ പോകുന്നതു്. ഗ്രാമപ്രദേശങ്ങളിലെ സാധുക്കൾക്കുവേണ്ടി അയർക്കുന്നത്തു് ഒരാശുപത്രി ഉണ്ടാക്കണമെന്നുകാണിച്ചു് 240 പേർ ഒപ്പിട്ട ഒരു മെമ്മോറാണ്ഡം ഗവണ്മെൻറിനു് സമർപ്പിക്കുകയുണ്ടായി. നിർഭാഗ്യവശാൽ അന്നത്തെ മന്ത്രി നിഷ്കരുണം തള്ളിക്കളയുകയാണു ചെയ്തതു്. നിയമസഭയിൽ അതിനെപ്പററി പല വാദപ്രതിവാദങ്ങളും നടന്നിട്ടുണ്ടു്. ഇതുവരെയായിട്ടും യാതൊരു പരിഹാരവും ഉണ്ടായിട്ടില്ലെന്നുവേണം പറയേണ്ടതു്. സർ, അതുകൊണ്ടു് ഗ്രാമപ്രദേശങ്ങളിൽ അദ്ധ്വാനിച്ചു് ജീവിതം കഴിക്കുന്ന ആളുകൾക്കു് ചില സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ടതു് ഗവണ്മെൻറിന്റെ കടമയല്ലേയെന്നാണു് ഞാൻ ചോദിക്കുന്നതു്. മററൊരു കാര്യം എനിക്കു് പറയാനുള്ളതു് വനഭൂമിയിലുള്ള അനധികൃതമായ കയ്യേററത്തെപ്പററിയാണു്. ബഹുമാനപ്പെട്ട തൊടുപുഴ മെംബർ പറഞ്ഞതുപോലെ വനഭൂമി കയ്യേററം ചെയ്യുകയും അവയിലുള്ള വൃക്ഷങ്ങൾ നശിപ്പിക്കുകയും മററും ചെയ്യുന്നതു് ഇവിടത്തെ കുറെ ഉദ്യോഗസ്ഥന്മാരാണു്. ഒരു സെൻറു ഭൂമിയിൽപോലും ഫാറസ്ററുകാരുടെ അനുവാദംകൂടാതെ ഇതുവരെ ആർക്കും പ്രവേശിക്കാൻ സാധിച്ചിട്ടില്ല. കുത്തകപ്പാട്ട വ്യവസ്ഥയിലും മററും വനങ്ങളിൽ കടന്നുചെന്നു് കൃഷിചെയ്യുന്ന ആളുകളെ സംബന്ധിച്ചിടത്തോളവും ഉദ്യോഗസ്ഥന്മാർ വളരെ ചൂഷണം ചെയ്തുകൊണ്ടാണിരിക്കുന്നതു്. അതുകൊണ്ടു് ഉദ്യോഗസ്ഥന്മാരുടെ ഭീഷണിയിൽനിന്നും ഈ സാധുക്കളെ രക്ഷിക്കേണ്ടതു് ഗവണ്മെൻറിന്റെ കടമയാണു്. എന്നാൽ, ഇപ്പോഴും പല സ്ഥലങ്ങളിലും ഇവരെ ഉപദ്രവിച്ചുകൊണ്ടുതന്നെയാണിരിക്കുന്നതു്. അറക്കുളം, പൊട്ടൻകാട്ടു്, മണിമല മുതലായ സ്ഥലങ്ങളിൽ ഉൾപ്പെട്ട വനങ്ങളിൽ അനവധി സാധുക്കൾ ഈ കൃഷിചെയ്തു് ഉപജീവനം കഴിച്ചുകൊണ്ടിരുന്നവരെ സ്വാധീനശക്തിയുള്ള ആളുകളും ഉദ്യോഗസ്ഥന്മാരും ആട്ടിപ്പായിച്ചുകൊണ്ടാണിരിക്കുന്നതു്. ഈവിധമുള്ള അനീതികളിലും അക്രമങ്ങളിലുംനിന്നു ഇവരെ വിമുക്തമാക്കേണ്ടതു് ഏററവും ആവശ്യമായിട്ടുള്ളതാകുന്നു. ഇവിടത്തെ ഉദ്യോഗസ്ഥന്മാർ പറയുന്നതു് നിങ്ങൾ ഇപ്പോൾ മാറിക്കൊടുക്കണം, അതിനുശേഷം നിങ്ങൾക്കു് വേറെ സ്ഥലം പതിച്ചുതരാം എന്നൊക്കെയാണു്. അതനുസരിച്ചു അവർ മാറിക്കൊടുത്തപ്പോൾ അവർക്കു് മുമ്പുണ്ടായിരുന്ന സ്ഥലവും പോയി, പിന്നീടു ഗവണ്മെൻറിൽനിന്നു കിട്ടിയതുമില്ല എന്ന നിലയിലായി. ഇങ്ങനെ ഇവിടത്തെ പാവപ്പെട്ട ജനങ്ങൾ വളരെ കഷ്ടനഷ്ടങ്ങൾ അനുഭവിക്കുകയാണു്. ഒരു സംഗതിയല്ല പല സംഗതികളിലും അവർക്കു് കഷ്ടതയാണുള്ളതു്.

എനിക്കു ഒരു കാര്യംകൂടി പറയുവാനുള്ളതു് അവശസമുദായോദ്ധാരണത്തിനുവേണ്ടി ഗവണ്മെൻറു ചെലവാക്കുന്ന പണം അതർഹിക്കുന്ന തരത്തിൽ പ്രയോജനപ്പെടുന്നില്ല എന്നാണു്. ഈ പ്രാവശ്യവും ഞാൻ അതു പറയുന്നതു ഗവണ്മെൻറു ആ കാര്യത്തിൽ സത്വരശ്രദ്ധ പതിപ്പിക്കണം എന്നുള്ളതുകൊണ്ടുമാത്രമാണു്. ചൂഷണത്തിനു വിധേയമായി നാൾക്കുനാൾ അധഃപ്പതിച്ചുകൊണ്ടുവരുന്നവർക്കു വേണ്ടി ബഡ്ജററിൽ കൂടുതൽ പണം അനുവദിക്കുകയും അനുവദിച്ചിട്ടുള്ള പണം ശരിയായി വിനിയോഗിക്കുകയും, ഹിന്ദുവെന്നോ ക്രിസ്ത്യാനി എന്നോ ഉള്ള വ്യത്യാസംകൂടാതെ സാധുക്കളോടുചെയ്യുന്ന നീതി ഒരുപോലെ ആയിരിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ടു് ബഡ്ജററിനെ അനുകൂലിച്ചുകൊള്ളുന്നു.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഈ പ്രാവശ്യം പടി തുറക്കുമെന്നു വിശ്വാസമുണ്ടോ ?

ശ്രീ. പി. എം. മാർക്കോസ് : തുറക്കുമെന്നാണു വിശ്വസിക്കുന്നതു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : അങ്ങനെയാണെങ്കിൽ കുര നിവൃത്തി കടി തുടരട്ടെ ?

ശ്രീ. പി. നാരായണൻപോററി : സർ, ഇവിടെ ധനകാര്യമന്ത്രി അവതരിപ്പിച്ച ബഡ്ജററി പുതിയ പരിപാടികൾ വല്ലതും ഉൾക്കൊള്ളുന്നുണ്ടോ എന്നു ഞങ്ങൾ നോക്കിയിരിക്കയാണു്. ഇതിനുമുമ്പു പല സമ്മേളനങ്ങളിലും അവതരിപ്പിച്ചിട്ടുള്ള ബഡ്ജററുകളിൽ നിന്നു് ഈ ബഡ്ജററിൽ വിഭിന്നമായി ചില വസ്തുതകൾ, അതായതു് പുതുമയുള്ള ചില വസ്തുതകൾ അടങ്ങിയിരിക്കുമെന്നും ഇപ്പോൾ നമ്മെബ്ബാധിക്കുന്ന പലവിധ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കുന്ന തരത്തിലുള്ള പല നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്നതായിരിക്കുമെന്നും ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു. അതിന്റെ കാരണങ്ങൾ പലതാണു്. ഒന്നാമതു് സോഷ്യലിസം പ്രാണവായുപോലെ ശ്വസിച്ചിരുന്ന ഒരു പാർട്ടി ഭരണത്തിൽനിന്നു ഒഴിഞ്ഞതിനുശേഷം വന്നിട്ടുള്ള പാർട്ടിയാണു ഇന്നധികാരത്തിലിരിക്കുന്നതു്. രണ്ടാമതു ഏററവും അടുത്തകാലത്തു് കൂടിയ തങ്ങളുടെ വാർഷിക സമ്മേളനത്തിൽ സമൂഹത്തിന്റെ സോഷ്യലിസ്റ്റ് ചിത്രമാണു് തങ്ങളുടെ ലക്ഷ്യമെന്നു് പ്രഖ്യാപിച്ചിട്ടുള്ള ഒരു പാർട്ടിയുടെ ബഡ്ജററാണു ഇതു്. ഈ കാരണങ്ങൾ കൊണ്ടുനോക്കുമ്പോൾ ജനങ്ങളുടെ ശ്രദ്ധയെ കുറേയെല്ലാം ആകർഷിക്കത്തക്കവിധത്തിലും ജനങ്ങളുടെ എല്ലാവിധത്തിലുള്ള ആഗ്രഹങ്ങളേയും കുറെ ഏറെ നിറവേററത്തക്കവണ്ണവും, ഭരണമേറെറടുത്തിരിക്കുന്ന പാർട്ടി തങ്ങളുടെ ബഡ്ജററിൽ ജനങ്ങളുടെ പ്രത്യാശകൾക്കു് അനുയോജ്യമായ വിധത്തിലുള്ള പരിപാടികൾ വല്ലതും അടക്കം ചെയ്യേക്കാനിടയുള്ള ഒരു വ്യാമോഹം ഞങ്ങൾക്കുണ്ടായിരുന്നു. പക്ഷെ ഇന്നത്തെ വസ്തുനിഷ്ഠമായ യാഥാർത്ഥ്യത്തോടു് ഇണങ്ങുമാറോ അല്ലെങ്കിൽ നമ്മുടെ പ്രശ്നങ്ങൾ ശരിയായി കൈകാര്യം ചെയ്യുന്നതെന്നുള്ള ആത്മാർത്ഥതയോ ഇതിൽ സ്വൽപ്പം പോലും കാണുന്നില്ല, എന്നു് പറയേണ്ടി വന്നതിൽ ഞങ്ങൾക്കു ഖേദവുമില്ല. സോഷ്യലിസം പ്രഖ്യാപിച്ചതിനുശേഷം അതിന്റെ പുറകിൽ വരുന്ന സംഗതികൾ നന്നായിരിക്കാനിടയുണ്ടെന്നു ഞങ്ങളിൽ കുറേപ്പേർ തെററിദ്ധരിച്ചതാണു് സർ, അതു തെററിദ്ധാരണയാണെന്നു ഞങ്ങൾ സമ്മതിക്കുന്നു. എങ്കിലും സോഷ്യലിസ്റ്റ് സമൂഹത്തിന്റെ മോഹനമായ ഒരു ചിത്രം വരച്ചുകൊണ്ടു, അതിന്റെ പിന്നിൽ അവതരിപ്പിക്കുന്ന സംഭവനവ്യവസ്ഥകൾ കണക്കാക്കി ആ ലക്ഷ്യത്തിലേക്കു് രാജ്യത്തെ കുറച്ചുകൂടെങ്കിലും എത്തിച്ചേക്കുമെന്നു ഞങ്ങൾ തെററിദ്ധരിച്ചുപോയതിൽ ഞങ്ങളെ കുററപ്പെടുത്തരുതു്.

സോഷ്യലിസം എന്നു പറഞ്ഞാൽ എന്താണെന്നു പറയുവാൻ ഞാൻ ഇപ്പോൾ ഒരുങ്ങുന്നില്ല. ഇന്നത്തെ സാമ്പത്തിക മണ്ഡലത്തിൽ അത്യാവശ്യമായ ചില വ്യത്യാസങ്ങൾ എങ്കിലും വരുത്തുവാനുള്ള ചില പരിപാടികളും ഇന്നത്തെ പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തുന്നതിനുള്ള ചില നയവിശേഷങ്ങളും മുഖ്യമന്ത്രിക്കു ഉണ്ടെന്നു് ഞങ്ങൾ ധരിച്ചു. എസ്റ്റേറെടുത്തു, നഷ്ടപരിഹാരംകൂടാതെ ഭൂഉടമ നിർത്തലാക്കുക മുത

ലായ കാര്യങ്ങൾ കേന്ദ്രപാർലമെൻറ് മുതലായ നമ്മുടെ കൊച്ചുനിയമസഭയിൽവരെ വാദപ്രതിവാദത്തിനു വന്നുകൊണ്ടിരിക്കുന്ന കാലമാണ് ഇതു്. ഇതെല്ലാംകൂടി നോക്കുമ്പോൾ സോഷ്യലിസമെന്നു കാൺഗ്രസ്സ് പാർട്ടി കരുതുന്നതു് സമൂഹത്തിൻെറ ഉപരിതലത്തിൽ സാമ്പത്തിക ബന്ധങ്ങളിൽ നിയമനിർമ്മാണംമൂലം കൈവരുത്താൻ ശ്രമിക്കുന്ന നാമമാത്രമായ ചില വ്യതിയാനങ്ങളാണെന്നു് ഈ ഭാഗത്തിരിക്കുന്ന ഞങ്ങൾക്ക് തോന്നിപ്പോകുന്നു. എസ്റ്റേറ്റുഡ്യൂട്ടി എന്നു പറയുന്നതു പണമുള്ള ആളുകളുടെ പക്കൽനിന്നും അവർ കാലധർമ്മം പ്രാപിക്കുന്നതോടുകൂടി പിടിച്ചെടുക്കുവാനുള്ള ഒരു നിയമമാണ്. പക്ഷെ അതുകൊണ്ടു ജനങ്ങൾക്കു കൂടുതലായി എന്തു ഗുണമാണ് ഉണ്ടാകാൻ പോകുന്നതു എന്നു് ഞങ്ങൾക്കറിഞ്ഞുകൂടാ. ഞങ്ങൾ മരണനികുതിക്ക് എതിരായതുകൊണ്ടു് പറയുന്നതല്ല. ആയിരംരൂപയുള്ളവൻ മരിക്കുമ്പോൾ അവൻെറ സ്വത്തിൽനിന്നും സ്റ്റേററിലേക്ക് കിട്ടുന്ന അൻപതോ എഴുപത്തിയഞ്ചോ രൂപാ ഒരു പൈസായും സ്വത്തായിട്ടില്ലാത്ത മറെറാരുത്തനു് വിതരണം ചെയ്യുകയാണെങ്കിൽ, അതു് സോഷ്യലിസമില്ലെങ്കിലും, അതിൻെറ പ്രാധാന്യമെങ്കിലും കുറച്ചു് മനസ്സിലാക്കാമായിരുന്നേനെ. സോഷ്യലിസമെന്നതു് ഒരു ജീവിതചര്യാക്രമമാണ്. പണ്ടത്തെ പുരാണങ്ങളിൽ പറയുന്ന വർണാശ്രമധർമ്മം പോലെയുള്ള ഒന്നാണ് സോഷ്യലിസ്റ്റ് അടിസ്ഥാനത്തിലുള്ള ജീവിതരീതിയും! അല്ലാതെ നിയമനിർമ്മാണങ്ങളിലെ കസർത്തല്ല തന്നെ. മനുഷ്യജീവിതത്തിൽ പുതിയ സംവിധാനങ്ങളും പുതിയമൂല്യകല്പനകളും—ഏററവും ചുരുങ്ങിയ തോതിലെങ്കിലും ഉണ്ടാകാതെ ഒരു സോഷ്യലിസ്റ്റ് ചിത്രവും പൂർണ്ണമാകയില്ല. ഇന്നിവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററ് ആ ലക്ഷ്യത്തെ മനസ്സിൽ കണ്ടുകൊണ്ടു് സംവിധാനം ചെയ്തതാണെന്നു് മുഖ്യമന്ത്രി പറയുകയാണെങ്കിൽ, ഞങ്ങളും അതിനോടു യോജിക്കുന്നു. മെന്നാവശ്യപ്പെടുകതന്നേ എനിക്ക് അപേക്ഷയുള്ളു. ഇൻകംടാക്സു ഉദ്യോഗസ്ഥന്മാരെ കബളിപ്പിക്കുവാൻവേണ്ടി ഇണ്ടിയൽ കടക്കാർ സൂക്ഷിക്കുന്ന നാലുംവഴികണക്കുകളിൽ കാണിക്കുന്ന ഭാവനാശക്തിയെങ്കിലും ഈ ബഡ്ജററിൽ കണ്ടില്ല. പരസ്പരസഹകരണത്തിൽ അധിഷ്ഠിതമാകാതെ ഇന്നു് ആളുകൾക്കു ഒററതിരിഞ്ഞു ജീവിക്കുവാൻ സാദ്ധ്യമല്ലെന്നുള്ള സംഗതി നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. അങ്ങനെയുള്ള രീതിയിൽ ജനങ്ങളെ നയിക്കുന്നതിനു പാർട്ടിപരമായിട്ടുള്ള പരിപാടികൾ എന്തെങ്കിലും ഇതിൽ ഉണ്ടോ എന്നു നാം പരിശോധിക്കണം.

ഇവിടെത്തെ സാമ്പത്തികസ്ഥിതിഗതികളെക്കുറിച്ചു അവലോകനം ചെയ്തുയാണെങ്കിൽ ഈ രാജ്യത്തെ സ്ഥിതി ഒട്ടും ആശാജനകമല്ലെന്നുനമുക്കു കാണാൻ കഴിയുന്നതാണ്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ പറയുകയുണ്ടായി കഴുവണ്ടി ഒഴികെയുള്ള എല്ലാ ഉൽപ്പന്നങ്ങളുടേയും ഉൽപ്പാദനം ഈ രാജ്യത്തു വർദ്ധിച്ചിട്ടുണ്ടെന്നു. അതു നമ്മുടെ പ്ലാനിംഗിൻെറ വിശേഷംകൊണ്ടാണെന്നും അദ്ദേഹം പറയുകയുണ്ടായി. നെല്ല്, നാളികേരം, മുതലായ കാർഷികോല്പന്നങ്ങൾ വർദ്ധിച്ചിട്ടുണ്ടെന്നുള്ള കാര്യം ഞാനും സമ്മതിക്കുന്നുണ്ടെങ്കിലും ഈ ഉൽപ്പന്നങ്ങളുടെ വർദ്ധനവു് നമ്മുടെ പ്രശ്നങ്ങളെ പരിഹരിക്കുവാൻ സാദ്ധ്യമാണോ എന്നു് പരിശോധിക്കുമ്പോൾ ഗുണ്യയാഥാർത്ഥ്യങ്ങൾ ഓരോന്നോരോന്നായി വെളിപ്പെടുന്നു. നമ്മുടെ

[ശ്രീ. പി. നാരായണൻപോററി]

പ്രധാന പ്രശ്നങ്ങൾ ഭക്ഷണവും തൊഴിലില്ലായ്മയുമാണല്ലോ. ഇവ രണ്ടും പരിഹരിക്കുന്നതിനു ഇതുവരെ ഗവണ്മെൻറിനു സാധിച്ചിട്ടില്ല. നെൽകൃഷിയെക്കുറിച്ചാണെങ്കിൽ പ്രായോഗികജ്ഞാനമുള്ള ഒരാളെന്ന നിലയിൽ എനിക്കു പറയുവാനുള്ളതു് ഒരു പറ നെല്ലു് (ഗവണ്മെൻറ് സ്റ്റാൻഡാർഡ് പറയല്ല) കൃഷി ചെയ്തെടുക്കണമെങ്കിൽ കുറഞ്ഞതു ഒന്നര രൂപാ ചെലവുവരും. മി. കോരയെപോലെയുള്ള ആളുകൾക്കാണെങ്കിൽ പുഞ്ചപ്പാടത്തു വച്ചു പോലീസുകാരെക്കൊണ്ടു ആളുകളെ അടിപ്പിക്കുവാനുംമററുമായി കൂടുതൽ തുക ചിലവായെന്നു് വരുന്നതാണു്. എന്നാൽ എല്ലാവർക്കും അതു വേണ്ടിവരുകയില്ലല്ലോ. വേറൊരു കാര്യം ഇവിടെ പറഞ്ഞതു് ജനസംഖ്യയുടെ വർദ്ധനവുകൊണ്ടാണു് ഈ വിധ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സാധിക്കാത്തതു് എന്നാണു്. അതു അശാസ്ത്രീയമായ ഒരഭിപ്രായമാണെന്നു പറയാതിരിക്കാൻ തരമില്ല. ഡാക്ടർ ജട്ടും ഈ അഭിപ്രായംതന്നെ ഇവിടെ പറയുകയുണ്ടായി. പ്രശ്നങ്ങൾക്കു് പരിഹാരം കാണാൻ സാധിക്കാത്തതു് ജനസംഖ്യയുടെ വർദ്ധനവുകൊണ്ടാണെന്നുള്ളതു് ഒരു പഴഞ്ചൻ വാദമാണു്. മാൾത്തൂസിൻെറ കാലത്തുതന്നെ തിരസ്കരിക്കപ്പെട്ട ഈ വാദം ഇരുപതാംനൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ ഈ സ്റ്റേററിലെ മുഖ്യമന്ത്രി കൊണ്ടുവരുന്നതു് കാണുമ്പോൾ ചിരി വരുന്നു. ജനസംഖ്യവർദ്ധിക്കുന്നതു് ആണ്ടിൽ ഒരു ലക്ഷത്തിഎൺപതിനായിരം വീതമാണെന്നു പറയുന്നതു കേട്ടു. അങ്ങനെ ജനസംഖ്യവർദ്ധനവനുസരിച്ചു പരിപാടികൾ ആസൂത്രണംചെയ്തിട്ടാണു് രണ്ടാം പഞ്ചവത്സരപദ്ധതി തുടങ്ങിയിട്ടുള്ളതെന്നും പറയുകയുണ്ടായി. സർ, ഇവിടത്തെ പ്ലാനിംഗിനെക്കുറിച്ചോ മററോ ഞാൻ പറയാൻ ഉദ്ദേശിക്കുന്നില്ല. നമ്മുടെ പ്രശ്നപരിഹാരത്തിനുള്ള സംഗതികൾക്കു് ചില ലക്ഷ്യങ്ങൾ എല്ലാം ഉണ്ടായിരിക്കണം. അടുത്ത ആണ്ടു് ടാക്സ് ഇനങ്ങൾ കൂട്ടുന്നില്ലെന്നു ഒരു സൂചന ബഡ്ജററ പ്രസംഗത്തിൽ കണ്ടു. അതോടുകൂടി പറഞ്ഞതു്, ടാക്സേഷൻ എൻക്വയറി കമ്മീഷൻെറ റിപ്പോർട്ട് പഠിക്കാൻ മുഖ്യമന്ത്രിക്കു് സമയം കിട്ടിയില്ലെന്നാണു്. ആ കമ്മീഷൻെറ ശുപാർശകൾ പഠിക്കാൻ സമയം കിട്ടിയിരുന്നുവെങ്കിൽ പുതിയ നികുതികൾ ഏർപ്പെടുത്താൻ അദ്ദേഹം ഒരുങ്ങുമായിരുന്നു എന്നു ഒരു സൂചന അതിലുണ്ടെന്നാണു് ഈ പ്രസ്താവനയിൽനിന്നും ഞങ്ങൾ ധരിക്കുന്നതു്. എസ്റ്റേററ ഡ്യൂട്ടിയോ മറേറാ ചുമത്തിയതുകൊണ്ടു് നമ്മുടെ പ്രശ്നത്തിനു് പരിഹാരം കാണാൻ സാദ്ധ്യമല്ല. ഇങ്ങനെ കിട്ടുന്ന പണംകൊണ്ടു ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യമെന്താണെന്നു പരിശോധിക്കാം. 750 രൂപ ശമ്പളമുള്ളവർക്കു് 1000 രൂപ കൊടുക്കാനാണോ ഇങ്ങനെ ജനങ്ങളുടെ പക്കൽനിന്നും പണം ഈടാക്കുന്നതു എന്നാണു് ഞാൻ ചോദിക്കുന്നതു്. സാമ്പത്തികസംവിധാനം ശരിയായ രീതിയിൽ കൊണ്ടുപോകണമെങ്കിൽ ഇങ്ങനെയുള്ള കാര്യങ്ങൾക്കാണോ പണം ചെലവാക്കേണ്ടതു്? ഉയർന്ന വരുമാനമുള്ളവരുടെ വരുമാനത്തോതു് ഉയർത്തുന്നതാണോ സോഷ്യലിസം എന്നു് ഞങ്ങൾ സംശയിക്കുന്നു.

ധനികന്മാരുടെ കയ്യിൽനിന്നും പിടിച്ചെടുക്കുന്ന പണത്തിൻെറ പങ്കു് പാവപ്പെട്ടവനും ലഭിക്കത്തക്കവണ്ണം ചിലവിടേണ്ടതാണു്. ശമ്പളക്കൂടുതലിനെപ്പററി പറയുന്നിടത്തു അനുപാതക്രമം 1:20 എന്നു

കണ്ണുണ്ടു്. 750 രൂപ ശമ്പളക്കാരനു് 1000 രൂപ കിട്ടുമ്പോൾ 45 രൂപ ശമ്പളക്കാരനു് കിട്ടുന്നതു് 50 രൂപയാണു്. അതായതു് 45 രൂപക്കാരനു് കൂടുതൽ കിട്ടുന്നതു് അഞ്ചു രൂപ. ഈ അനുപാതക്രമം, വിഭാവനം ചെയ്യുന്ന സോഷ്യലിസ്റ്റ് ലക്ഷ്യത്തിൽ എത്താൻ സഹായകമാകയില്ലെന്നാണു് ഞങ്ങൾക്കു് പറയുവാനുള്ളതു്. 750 രൂപ ശമ്പളക്കാരനു് 1000 രൂപ കൊടുക്കേണ്ട ആവശ്യമുണ്ടോ എന്ന പ്രശ്നത്തിലേക്കു് കടക്കണമെന്നു് ഞാൻ വിചാരിക്കുന്നില്ല. ഈ അനുപാതക്രമം ലോകത്തു് ഒരിടത്തും സ്വീകരിച്ചിട്ടില്ലാത്ത ഒന്നാണു്. ഇങ്ങനെ ഒരു അനുപാതക്രമം ഇവിടെ മാത്രമേ സ്വീകരിച്ചിട്ടുള്ളതായി അറിയുന്നുള്ളു. ഐ. എ. എസ്സ്. കേഡറിലുള്ള ഉദ്യോഗസ്ഥന്മാരുടെ കാര്യം ഇതിനകത്തു് വരുന്നില്ലെങ്കിലും അവരെപ്പററി രണ്ടുവാക്കു് പറയേണ്ടിയിരിക്കുന്നു. അവരുടെ തെരഞ്ഞെടുപ്പു നടന്നകാലം മുതൽ അതിനെപ്പററി പല പരാതികളും ഉണ്ടായിട്ടുണ്ടു്. പല പല നിവേദനങ്ങളും മന്ത്രിമാരുടെ അടുക്കൽ സമർപ്പിച്ചിട്ടുണ്ടു്. ഞങ്ങൾക്കു് അറിയാവുന്നതിനെക്കാൾ കൂടുതൽ കാര്യങ്ങൾ അധികാരസ്ഥാനങ്ങളിലിരിക്കുന്നവർക്കു് അറിയാമായിരിക്കും. എന്നാൽ ചുമതലാബോധത്തോടുകൂടി ഏൾപ്പിക്കുന്ന ജോലി ശരിയായി നടത്തുന്ന പലരും അവർക്കുവേണ്ടി വാദിക്കാനോ വില പേശാനോ സംഘടനയോ, മററു് സ്വാധീനശക്തിയോ ഇല്ലാത്തതുകൊണ്ടു ഈ കേഡറിലേക്കു് തെരഞ്ഞെടുക്കപ്പെടാതെ തള്ളപ്പെട്ടിട്ടുണ്ടു്. ഇഷ്ടമുള്ള ആളുകൾക്കുമാത്രം ആനുകൂല്യം നൽകുന്ന ഒരു തത്വമാണോ ഉദ്യോഗസംബന്ധമായ പ്രമോഷൻ കാര്യത്തിൽ സ്വീകരിക്കുന്നതെന്നു് പ്രസ്താവിക്കേണ്ടതാണു്. ഇന്നു് നാട്ടിൻപുറങ്ങളിൽ ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും ഏതെങ്കിലും ഒരു മന്ത്രിയുടെ സ്വാധീനം വച്ചുകൊണ്ടു് എന്തു അനാവശ്യവും കാണിക്കാൻ തയ്യാറാവുന്നുണ്ടു്. ജനാധിപത്യം ആ രീതിയലല്ല നടക്കേണ്ടതു്. ഒരാളുടെ സ്വാധീനം വച്ചുകൊണ്ടു് എന്തും കാണിക്കാമെന്നുള്ള അഹങ്കാരത്തോടുകൂടിയാണു് പലരും നടക്കുന്നതു്. പല ആപത്തുകളും അതിൽനിന്നും സംഭവിക്കുന്നുണ്ടു്. അതിനെപ്പററി ഒന്നും ഞാൻ ഇവിടെ പറയുന്നില്ല. ഏതായാലും ഈ രീതി മാറണം. മൂന്നുനാലു കൊല്ലങ്ങളായി ഇതു മാറുമെന്നു് വിചാരിച്ചിരിക്കയാണു്. എന്നാൽ ഇന്നും അതിനു മാററമൊന്നും സംഭവിച്ചിട്ടില്ല. ഒരു ചോദ്യം ബഹുമാനപ്പെട്ട മന്ത്രിയോടു ചോദിച്ചാൽ ഒരു സ്റ്റാക്കു മറുപടി തന്നെ കാണും. പോലീസു മർദ്ദനത്തെപ്പററി ഏഴുകൊല്ലം മുമ്പുള്ള അസംബ്ലി പ്രൊസീഡിംഗ്സിൽ സ്ഥലം പിടിച്ച മറുപടി തന്നെയാണു് ഇന്നു രാവിലെയും നാം കേട്ടതു്. ഉദ്യോഗസ്ഥന്മാരുടെ അഴിമതികളെക്കുറിച്ചാണെങ്കിലും കൈക്കൂലിയെക്കുറിച്ചാണെങ്കിലും എല്ലാററിനെപ്പററിയും ഒരു സ്റ്റാക്കു മറുപടി തന്നെയാണു് എന്നും ഞങ്ങൾക്കു് കിട്ടുക. അങ്ങിനെയുള്ള മറുപടിയുടെ കാലമെല്ലാം കഴിഞ്ഞിരിക്കുന്നു. കാലങ്ങൾ മുന്നോട്ടു പോകുന്നുണ്ടു്. തിരുവിതാംകൂർ—കൊച്ചിക്കു വെളിയിൽ പല രാജ്യങ്ങളുമുണ്ടു്. അവിടെ എല്ലാം പല മാററങ്ങളും സംഭവിക്കുന്നുണ്ടു്. അതെല്ലാം മനസ്സിലാക്കുന്ന ആളുകൾ ഇവിടെയുമുണ്ടു്. പണ്ടത്തെ മറുപടികൾ കൊണ്ടു് അവരുടെ വായ് മൂടിക്കെട്ടാൻ ഒക്കുകയില്ലെന്നു് മന്ത്രിമാർ മനസ്സിലാക്കണം.

സെയിൽസ്ടാക്സ് മിൽ വസ്ത്രങ്ങൾക്കു് കൂടുതൽ ചുമത്താൻ ഉദ്ദേശിക്കുന്നതായി മുഖ്യമന്ത്രി തന്റെ ബഡ്ജററു പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടു്.

[ശ്രീ. പി. നാരായണൻപോററി]

അതിൻെറ താത്വികമായ വശത്തെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. എന്താണ് ടാക്സ് ചുമത്തുന്നതെന്നു പറഞ്ഞിട്ടില്ല എന്ന വസ്തുതയാണ് പ്രത്യേകം ശ്രദ്ധിക്കാനുള്ള ഭാഗം. ഇതിൽനിന്നും 270 ലക്ഷത്തിൽ ചിലപാനം രൂപ വരവുണ്ടാകുമെന്ന് ബഡ്ജററ് എസ്റ്റിമേററിൽ കാണിച്ചിരിക്കുന്നു. എന്നാൽ ചുമത്തുന്ന ടാക്സിനെപ്പററി ഒരു സൂചനയും നൽകിയിട്ടില്ല. അതിൻെറ ഫലമായി കുമ്പോളത്തിൽ വളരെ സ്പെക്കുലേഷൻസ് ഉണ്ടാകും. ചരക്ക് ഹോർഡ് ചെയ്യുന്നതിനും വില കൂട്ടുന്നതിനും എല്ലാം ഇടയാകും. ഇതായിരിക്കും ഈ പുതിയ നികുതി ചുമത്തലിൻെറ ഫലമായി ഉണ്ടാകുന്നതെന്ന് ഞങ്ങൾ ഭയപ്പെടുന്നു.

മോട്ടാർ വെഹിക്കിൾ-ടാക്സ് കാര്യത്തെപ്പററിയും ഒരു വാക്ക് പറയേണ്ടതുണ്ട്. മോട്ടാർ വെഹിക്കിൾസിന് ഇന്ന് ഈടാക്കിവരുന്ന നികുതി കുറച്ചതു ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുകൂട ഉൾപ്പെട്ട ഒരു കമ്മററിയുടെ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിലാണെന്ന് ഒരു അപ്പോളജിയുടെ രൂപത്തിൽ ശ്രീ. പനമ്പിള്ളി പറഞ്ഞിരിക്കുന്നു. മോട്ടാർ വെഹിക്കിൾ ഉടമസ്ഥന്മാർക്ക് ദുർവ്വഹമായ നികുതിയാണ് വഹിക്കേണ്ടിവരുന്നത്. ഒരു ബസ്സ് വാങ്ങിച്ച് അതു നടത്തി മുടിഞ്ഞുപോയിട്ടുള്ള ആളുകളേയും എനിക്കറിയാം. പക്ഷെ നികുതി കുറയ്ക്കാൻ കാരണമായത് പ്രതിപക്ഷനേതാവുകൂടി ഉൾപ്പെട്ട ഒരു കമ്മററി റിപ്പോർട്ടാണെന്ന് പറയുന്നതിലാണ് ഞങ്ങൾക്ക് അഭിപ്രായവ്യത്യാസമുള്ളത്. പ്രതിപക്ഷനേതാവ് ഇതിൽ മാത്രമല്ല, മററ് പല കമ്മിററികളിലും ഉണ്ട്. മോട്ടാർ വെഹിക്കിളിൻെറ കാര്യത്തിലുള്ള കമ്മററിയുടെ റിപ്പോർട്ടു മാത്രമേ അംഗീകരിക്കാൻ കഴിഞ്ഞുള്ളോ എന്നാണ് ഞാൻ ചോദിക്കുന്നത്. തൊഴിലാളികളുടെ കൂലി നിശ്ചയിക്കുന്ന മിനിമം വേജസ് കമ്മററിയിൽ അദ്ദേഹം ഉൾപ്പെട്ടിട്ടുണ്ട്. ആ റിപ്പോർട്ട് സ്വീകരിച്ചിട്ടുണ്ടോ? എന്നിട്ട് ഇതു മാത്രം പ്രത്യേകമായി പറയുന്നത് ഒരഹങ്കാരമാണെന്നാണ് എനിക്കു പറയുവാനുള്ളത്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ കമ്മിററിയുടെ റിപ്പോർട്ട് മുഴുവൻ നടപ്പിലാക്കിയിട്ടുണ്ടെന്ന് സ്പീച്ചിൽ പറഞ്ഞിട്ടുണ്ട്. മിനിമം വേജസ് സംബന്ധിച്ച റിപ്പോർട്ടിൽ അടങ്ങിയിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

ശ്രീ. പി. നാരായണൻ പോററി : നടപ്പിലാക്കിയിട്ടുണ്ടായിരിക്കും. അതിൽ പിന്നീട് ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ മനസ്സിലാക്കണം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ടാക്സ് കുറച്ചതു് ശരിയാണെന്നാണോ തെററാണെന്നാണോ പറയുന്നത്?

ശ്രീ. പി. നാരായണൻ പോററി : ചോദ്യം ചോദിക്കുന്നതിനു മുമ്പായിത്തന്നെ ഞാൻ അതിന് മറുപടി പറഞ്ഞുകഴിഞ്ഞിട്ടുണ്ട്. യുദ്ധകാലത്ത് വസ്തു പണയപ്പെടുത്തി മോട്ടാർ വാങ്ങി കടത്തിനുമേൽ കടമായി, ഒടുവിൽ വസ്തു തീറെഴുതേണ്ടിവന്നിട്ടുള്ള പലരേയും നേരിട്ട് എനിക്കറിയാം. ഞാൻ ആ ടാക്സിനെപ്പററിയല്ല പറഞ്ഞതു്. നികുതി കുറയ്ക്കാൻ ഉപോൽബലകമായതു പ്രതിപക്ഷനേതാവു കൂടി ഉൾപ്പെട്ട കമ്മററിയുടെ റിപ്പോർട്ടാണെന്നു പ്രസ്താവിച്ചിട്ടുള്ളതിനെപ്പററിയാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ചെയ്യുന്നു ശരി, പറഞ്ഞ കാരണം ഒന്നുകൊണ്ടാണോ പറയുന്നതു്?

ശ്രീ. പി. നാരായണൻ പോററി : മോട്ടാർ തൊഴിലാളികളുടെയും, മോട്ടാർ ടാക്സിന്റെയും കാര്യത്തിൽ മാത്രമല്ല, മററു പല വിഷയങ്ങളെ സംബന്ധിക്കുന്ന പ്രശ്നങ്ങളിലും, കമ്മററികളിലിരുന്നുകൊണ്ടും കമ്മററിക്കു വെളിയിൽ പ്രവർത്തിച്ചുകൊണ്ടും, ഈ സഭയിലും, പ്രതിപക്ഷനേതാക്കന്മാർ തന്നിട്ടുള്ള മറേറതെല്ലാം നിർദ്ദേശങ്ങൾ ഈ ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ടു് എന്ന കാര്യത്തെപ്പററിയാണു് ഞാൻ മുമ്പേ സൂചിപ്പിച്ചതു്. സർ, അതു പോകട്ടെ, തൊഴിലില്ലായ്മയെപ്പററി രണ്ടു വാക്കു് പറഞ്ഞുകൊള്ളട്ടെ. ഇപ്പോൾ ഉദ്ദേശിച്ചിരിക്കുന്ന പല വക്കുകളുടേയും നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞാൽ ധാരാളം ആളുകൾക്കു് തൊഴിൽ കിട്ടുമെന്നു് പറയുന്നുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ : ആ കമ്മററി റിപ്പോർട്ടിൽ നികുതി കുറയ്ക്കണമെന്നു് മാത്രമല്ല പറഞ്ഞിട്ടുള്ളതു്; ഫ്ളീററ് സിസ്റ്റം ഏർപ്പെടുത്തണമെന്നും പറഞ്ഞിട്ടുണ്ടു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു നടപ്പിലാക്കുന്നുണ്ടു്.

ശ്രീ. പി. നാരായണൻ പോററി : സർ, ഞാൻ ഒരു ചെറിയ ഉദാഹരണം പറയാം. തോട്ടപ്പള്ളി സ്പിൽവേ പൂർത്തിയാക്കി അതിന്റെ ഉത്ഘാടനവും കഴിഞ്ഞു. എന്നാൽ ഇതുവരെ കടലിലേക്കു് തുറന്നുവിട്ടിട്ടില്ല. സ്റ്റേററിനുള്ളിൽ മാത്രമല്ല, വെളിയിലും വളരെ പ്രചാരണം നേടിക്കൊടുത്ത ഒരു പദ്ധതിയാണു് തോട്ടപ്പള്ളി സ്പിൽവേ. അതു് ഉപയോഗപ്രദമാകണമെങ്കിൽ തണ്ണീർമുക്കം ബണ്ടിന്റെ പണികൂടി പൂർത്തിയാകണം. കൊച്ചി ഹാർബർ അധികാരികളുടെ വിസമ്മതംകൊണ്ടാണു് ആ പണി പൂർത്തിയാകാത്തതെന്നു് സൂചിപ്പിക്കുന്നുണ്ടു്. അതു് പൂർത്തിയാകാതെ ഈ സ്പിൽവേ കൊണ്ടു് ഉദ്ദേശിക്കുന്ന ഗുണം കിട്ടുകയില്ല. ഇപ്പോൾ ആ സ്പിൽവേ ആകെ നോക്കിയാൽ ഒരു ഭംഗിയുണ്ടു് എന്നു സമ്മതിക്കാം. ഇംഗ്ലണ്ടിൽനന്നോ, അമേരിക്കയിൽ നിന്നോ വരുന്ന ഒരാൾക്കു് അവിടം നല്ല ഒരു കാഴ്ചയാണു്. ഒരുവശത്തു കടലു്, മറുവശത്തു് പുഞ്ചപ്പാടം. ഓരോ തൂണിലും ഇലക്ട്രിക്കു് വിളക്കുകൾ! ഇതുകൊണ്ടു് കൃഷിക്കാർക്കു് എന്തെങ്കിലും പ്രയോജനമുണ്ടാകുന്നുണ്ടോ എന്നാണു് ഞാൻ ചോദിക്കുന്നതു്. ഇതിനോടു് അനുബന്ധിച്ചുള്ള പണികൾ കൂടി പൂർത്തിയാക്കിയില്ലെങ്കിൽ ഒരു വിശേഷവും ഉണ്ടാകുകയില്ല. കൊച്ചി ഹാർബർ അധികാരികൾക്കുള്ള തടസ്സം എന്താണെന്നു മനസ്സിലാക്കി അതിനുള്ള പരിഹാരം ഉണ്ടാക്കേണ്ടതു് വളരെ അത്യാവശ്യമാണു്.

പ്ലാനിംഗിനെപ്പററി ചില വസ്തുതകൾകൂടി എനിക്കു് പറയേണ്ടതുണ്ടു്. ഇവിടെ കമ്മ്യൂണിററി പ്രാജക്ററ് സെൻറേഴ്സും നാഷണൽ എക്സ്ററൻഷൻ സർവ്വീസ് ബ്ലാക്കു് സെൻറേഴ്സും ഉണ്ടു്. ഇതെല്ലാം അനുവദിക്കുന്നതു് രാജ്യത്തിന്റെ ആവശ്യങ്ങളും അതാതു സ്ഥലത്തെ പ്രത്യേകതകളും അറിഞ്ഞുകൊണ്ടാണോ എന്നു് ഞങ്ങൾക്കു് വളരെ സംശയമുണ്ടു്. അധികാരത്തിലിരിക്കുന്ന ഒരു കക്ഷിയോടു് ആനുകൂല്യം പ്രദർശിപ്പിക്കുന്ന ആളുകളുടെ ആവശ്യം അനുസരിച്ചു് അവിടെയും ഇവിടെയും ഓരോന്നു വീതിച്ചുകൊടുക്കുക എന്നുള്ളതിൽ കവിഞ്ഞു് ഒരു നയവും അതിൽ സ്വീകരിച്ചിട്ടില്ലെന്നാണു് കാണാൻ കഴിയുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഏതു് എൻ. ഇ. എസ്സ്. ബ്ലാക്ക്നെപ്പററിയാണു് അങ്ങിനെയുള്ള സംശയം?

ശ്രീ. പി. നാരായണൻപോററി : സർ, അതു് എന്തുകൊണ്ടു് ഇപ്പോൾ പറയിപ്പിക്കരുതു്. ഇതുവരെ ഉൾപ്പെടുത്താത്ത സ്ഥലങ്ങളെപ്പററിയാണു് എനിക്കു് പറയാനുള്ളതു്. ചേത്തലയെപ്പോലെ ഇത്രവളരെ പിന്നോക്കം കിടക്കുന്ന ഒരു സ്ഥലം തിരുവിതാംകൂർ-കൊച്ചിയിൽ വേറെ ഇല്ല. തൊഴിലില്ലാതെ ആളുകൾ പട്ടിണിയിൽ കഴിയുന്ന ആ സ്ഥലത്തെ ഉൾപ്പെടുത്തി ഒരു കമ്മ്യൂണിററി പ്രാജക്ററ് സെൻററോ ഒരു എൻ. ഇ. എസ്സ്. ബ്ലാക്കോ അനുവദിച്ചു കൊടുക്കേണ്ടതല്ലായിരുന്നോ എന്നാണു് ഞാൻ ചോദിക്കുന്നതു്. ചാലക്കുടി-കുന്നത്തുനാടു്, നെയ്യാററിൻകര-വിളവംകോടു്, എന്നിവിടങ്ങളിൽ കമ്മ്യൂണിററിപ്രാജക്ററ് സെൻറേഴ്സ് ഉണ്ടു്. രാജ്യത്തോടും ജനങ്ങളോടും സ്നേഹമുള്ള ഭരണാധികാരികളാണെങ്കിൽ ആദ്യമായി ഒരു സെൻറർ അനുവദിക്കേണ്ടതു് ആലപ്പുഴ മുതൽ എറണാകുളംവരെ കിടക്കുന്ന തരിശു സ്ഥലങ്ങളിലാണെന്നു് പറയേണ്ട ആവശ്യമില്ലല്ലോ. അങ്ങിനെയുള്ള സ്ഥലത്തു് ഒരു സെൻറർ അനുവദിക്കാതിരുന്നതു് രാഷ്ട്രീയമായ പരിഗണന കൊണ്ടുമാത്രമാണെന്നാണു് ഞങ്ങളിൽ പലരും വിശ്വസിക്കുന്നതു്.

വ്യാവസായികമായ പുനരുദ്ധാരണമാണു് തൊഴിലില്ലായ്മക്കുള്ള ഏക പരിഹാരമാർഗ്ഗം. എന്നാൽ അതിലേക്കു് വളരെ കുറച്ചു് തുക കൊള്ളിച്ചിട്ടുള്ളതായേ ബഡ്ജററിൽ കാണുന്നുള്ളു. കഴിഞ്ഞ കാലത്തെ ബഡ്ജററ് എസ്റ്റിമേററിൽ 5 ലക്ഷത്തിൽ ചില്വാനം രൂപ ആ ഇനത്തിൽ കൊള്ളിച്ചിട്ടുണ്ടായിരുന്നു. പക്ഷെ ഇവിടത്തെ സോഷ്യലിസ്ററ് മന്ത്രിമാർ ആയിരം രൂപയാണു് അതിൽനിന്നും ചെലവാക്കിയതു്. ഇക്കൊല്ലം ശ്രീ. പനമ്പിള്ളിയുടെ സോഷ്യലിസ്ററ് ബഡ്ജററിൽ വൻകിട വ്യവസായങ്ങൾക്കു്—Other industries-നു്—ഒരു പൈപോലും ഉൾപ്പെടുത്തിയിട്ടില്ല. സർ, സംശയമുള്ളവർ 1955-56-ലെ Five Year Plan-നുള്ള Explanatory Memorandum-വും Detailed Estimates for the year-ും വായിച്ചു നോക്കട്ടെ. ഇങ്ങനെയാണോ സർ, തൊഴിലില്ലായ്മ പരിഹരിക്കാൻ രാജ്യത്തെ വ്യവസായവൽകരിക്കുന്നതു്!

ബഡ്ജററ് പ്രസംഗത്തിൽ ഒരുഭാഗത്തു നിങ്ങളെല്ലാം നേതാക്കന്മാരല്ലേ, തൊഴിലാളികളെ സമരമനസ്ഥിതിയിൽനിന്നും പിന്തിരിപ്പിക്കണം എന്നൊക്കെ പറഞ്ഞിട്ടുണ്ടു്. നമ്മുടെ രാജ്യത്തെ തൊഴിലാളികൾ കുറെ വർഗ്ഗബോധമുള്ളവരും അവരുടെ ആവശ്യത്തെ ചങ്കൂറപ്പോടുകൂടി പറയുന്നവരുമാണെന്നു് ഈ രാജ്യവാസികൾക്കെല്ലാം അറിയാം. ഞാൻ ഒരു വലിയ തൊഴിലാളിപ്രവർത്തകനല്ല. എന്നുവരികിലും എനിക്കു് ചില കാര്യങ്ങൾ പറയാൻ കഴിയും. ഇന്നു് നിലവിലിരിക്കുന്ന തൊഴിലാളി നിയമത്തിനു് അതീതമായി ഒരു തൊഴിലാളിസമരം ഇവിടെ ഉണ്ടായിട്ടുള്ളതായി ഞാൻ വിശ്വസിക്കുന്നില്ല. നിയമങ്ങളിലൂടെ അവർക്കു് സിദ്ധിച്ചിട്ടുള്ള ആനുകൂല്യങ്ങൾ മാത്രമാണു് അവർ ആവശ്യപ്പെട്ടിട്ടുള്ളതു് എന്നിട്ടും തൊഴിലാളികൾ അഞ്ചുലക്ഷത്തോളം മാൻപവ്വർഡേസ് നഷ്ടപ്പെടുത്തിയിരിക്കുന്നു എന്നാണു് പറഞ്ഞിരിക്കുന്നതു്. ഇവിടെ ഒരു പെട്രോൾ റിഫൈനറി പ്ലാൻറ് സ്ഥാപിക്കാൻ വന്നവർ ബാംബയിൽപോയി പ്ലാൻറ് സ്ഥാപിച്ചു എന്നും അവരെ ഇവിടത്തെ തൊഴിലാളി പ്രവർത്തനം frighten ചെയ്തതു കൊണ്ടാണു് അങ്ങനെ സംഭവിച്ചതെന്നും ഭരണകക്ഷി

യിലെ ചില നേതാക്കന്മാർ പലപ്പോഴും പ്രസംഗിക്കുന്നതു് ഞങ്ങൾ കേട്ടിട്ടുണ്ടു്. അങ്ങനെ ബാംബെയിൽ കൊണ്ടുപോയി പ്ലാൻറ് സ്ഥാപിക്കാനുണ്ടായ കാരണങ്ങളും മററും ഞങ്ങളും കേട്ടിട്ടുണ്ടു്. ഉണ്ണാനിരിക്കുമ്പോഴും ഉറക്കത്തിലും രാജ്യം നന്നാക്കണമെന്നു് വളരെ താൽപ്പര്യമുണ്ടെന്നു് കൊട്ടിഘോഷിക്കുന്ന ആളുകൾക്കു് ഇങ്ങനെയുള്ള പൊള്ളിവാക്കുകൾ പറഞ്ഞു എന്നുവച്ചു് സോഷ്യലിസത്തിൻെറ അടുത്തുപോലും എത്താൻ സാധിക്കുമെന്നു് എനിക്കു തോന്നുന്നില്ല.

സർ, എനിക്കു വളരെ പ്രധാനമായി പറയാനുള്ളതു കൃഷിയുടെ കാര്യമാണു്. പഞ്ചവത്സരപദ്ധതിയിൽ കൃഷിക്കു ആകെ കൊള്ളിച്ചിരിക്കുന്നതു 545-ൽ ചില്വാനംലക്ഷം രൂപയാണു്. അടുത്ത സാമ്പത്തികവർഷത്തിലേക്കു് ഒരുകോടിപതിനാലു ലക്ഷത്തിൽ ചില്വാനം രൂപ കൃഷിക്കാര്യങ്ങൾക്കു ചെലവാക്കാൻ വക കൊള്ളിച്ചിരിക്കുന്നു. എട്ടുലക്ഷം ഏക്കർ സ്ഥലം നിലം കൃഷിചെയ്യുന്നതിനു് ഇവിടെ ഉണ്ടെന്നും, അങ്ങനെ നെൽകൃഷിയെ സംബന്ധിച്ചിടത്തോളം വിജയസാദ്ധ്യത വളരെയുണ്ടെന്നും നെൽകൃഷിയാണു് രാജ്യത്തിൻെറ ശ്രേയസ്സിനു് നിദാനമെന്നും പറയുന്ന ആളുകൾ എത്ര രൂപയാണു് അതിനുവേണ്ടി കൊള്ളിച്ചിരിക്കുന്നതെന്നു നോക്കുമ്പോൾ വളരെ കുറവാണെന്നു കാണാവുന്നതാണു്. ഇങ്ങനെ കൃഷിക്കുവേണ്ടി വളരെ കുറഞ്ഞ ഒരു തുക കൊള്ളിച്ചിരിക്കുന്നതിൻെറ കാരണം എന്താണെന്നു മനസ്സിലാകുന്നില്ല. രണ്ടുലക്ഷത്തിഎൺപത്തയ്യായിരം രൂപ നെൽക്കൃഷിയെ പ്രോത്സാഹിപ്പിക്കാൻ കൊള്ളിച്ചിരിക്കുന്നതിൽ പല ചെലവിനങ്ങളും ഉണ്ടു്. വളം, അണുനാശ. ദ്രവ്യങ്ങൾ സൗജന്യവിതരണം നടത്തുക, മുതലായ ഇനത്തിൽ ചെലവുണ്ടു്. ഇവിടെ നാലഞ്ചുവർഷം മുമ്പുമുതൽ കുട്ടനാട്ടു പുഞ്ചനിലക്കാർക്കു വളം കടമായി കൊടുത്തിരുന്നു. 1125 മുതൽ ഈ ഏർപ്പാടുണ്ടായിരുന്നു. 1955 മാർച്ചു് 31-നകം കുടിശ്ശിക മുഴുവനും ഈടാക്കിക്കൊള്ളുന്നതിനു് ഇപ്പോൾ നടപടിയെടുത്തു തുടങ്ങിയിരിക്കുകയാണു്. കാർത്തികപ്പള്ളി, അമ്പലപ്പുഴ തുടങ്ങിയ താലൂക്കുകളിൽ ഈ കുടിശ്ശിക പിരിക്കുന്നതിൻെറ പേരിൽ ഉദ്യോഗസ്ഥന്മാർ സാധുക്കളായ കർഷകരുടെ കന്നുകാലി, ചട്ടി, കലം മുതലായവ ജപ്തിചെയ്യുന്നതിരക്കിലാണിപ്പോൾ കഴിയുന്നതു്. സർ, നെൽകൃഷി നടത്തുക എന്നു പറയുന്നതു് ഇന്നു് കർഷകർക്കു് ഭീമമായ ഋണബാദ്ധ്യത വരുത്തുന്ന ഒരേർപ്പാടായി അധഃപതിച്ചിരിക്കുകയാണു്.

അദ്ധ്വാനച്ചെലവും, കൂലിച്ചെലവുകളും കഴിച്ചാൽ മിച്ചംവയ്ക്കാൻ യാതൊന്നും കാണുകയില്ല. അങ്ങനെയുള്ള കർഷകർ കടം വാങ്ങിയ വളത്തിനു് കുടിശ്ശികവന്നുപോയിട്ടുണ്ടെങ്കിൽ, അതു അവർ തരാൻ തയാറാണെങ്കിലും, ഒരു സൗജന്യ വ്യവസ്ഥയിൽ, അഞ്ചോ, ആറോ വർഷങ്ങളിലായി ഈടാക്കാൻ വേണ്ട വ്യവസ്ഥ ചെയ്താൽ വളരെ ഉപകാരമായിരിക്കും. ഇപ്പോൾ എടുത്തിരിക്കുന്ന ഈ ജപ്തിനടപടി മൂലം സാധുക്കളായ കർഷകർ വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണു്. കുടിശ്ശിക പിരിക്കുന്ന കാര്യത്തിൽ ഗവണ്മെൻറു കാണിക്കുന്ന സൗജന്യത്തിനു് അവർ ഗവണ്മെൻറിനോടു കൃതജ്ഞതയുള്ളവരായിരിക്കും, അവർക്കു വേണ്ടി ഞാനും കൃതജ്ഞനായിരിക്കും.

വിദ്യാഭ്യാസത്തെക്കുറിച്ചു എനിക്കു ചിലതു പറയാനുണ്ടു്. വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനത്തെക്കുറിച്ചു എല്ലാ വർഷവും

[ശ്രീ. പി. നാരായണൻപോററി]

വിമർശിക്കാറുണ്ട്. വിദ്യാഭ്യാസസംബന്ധമായി പല പ്രശ്നങ്ങളും പരിഹരിക്കേണ്ടതായി ഇന്നും ശേഷിക്കുന്നു. ആവക വിഷമപ്രശ്നങ്ങളെല്ലാം, സമചിത്തതയോടും, അവഗാഢമായും പര്യാലോചിച്ച് വേണ്ട പരിഹാരം നേടണമെന്നാണ് എനിക്കു പറയാനുള്ളത്. ഓരോ വിഭാഗത്തിനും ഇന്നു പലതരത്തിലുള്ള പ്രശ്നങ്ങളുണ്ട്. അദ്ധ്യാപകർക്കും, മാനേജർമാർക്കും, വിദ്യാർത്ഥികൾക്കും, രക്ഷാകർത്താക്കൾക്കും ഓരോരോ അവശതകൾ, ആവശ്യങ്ങളും ഉന്നയിക്കാനുണ്ട്. ഗവണ്മെൻറ്, അഥവാ മാനേജ്മെൻറ്, അദ്ധ്യാപകൻ, വിദ്യാർത്ഥി, രക്ഷകർത്താവു എന്നിങ്ങനെ നാലു ഘടകങ്ങൾ ഒന്നിച്ചു മുന്നോട്ടുപോകാതെ വിദ്യാഭ്യാസപ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയില്ല. വളരെ ജാഗ്രതകതയോടും, സമചിത്തതയോടുംകൂടി പ്രവർത്തിച്ചാൽ മാത്രമെ വിദ്യാഭ്യാസപ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്താൻ സാധിക്കുകയുള്ളൂ.

യൂണിവേഴ്സിററിയെക്കുറിച്ചുകൂടി ഒരുവാക്ക്. ബഡ്ജററവിമർശനവേളകളിലെല്ലാം യൂണിവേഴ്സിററി വൈസ്ചാൻസലറെപ്പററി പറയാറുണ്ട്. തിരുവിതാംകൂർ യൂണിവേഴ്സിററി വൈസ്ചാൻസലറുടെ നിയമനത്തെപ്പററി ഇനിയും പറയാതെ നിവൃത്തിയില്ല. ഈ യൂണിവേഴ്സിററിയിൽ വിദ്യാഭ്യാസംചെയ്യാനും, ഇവിടത്തെ യൂണിവേഴ്സിററിയിൽ ജോലിനോക്കാനും എനിക്കു അവസരം ഉണ്ടായിട്ടുണ്ട്. അതുകൊണ്ടു കുറെ കാര്യങ്ങളൊക്കെ നേരിട്ടറിയാൻ സാധിച്ചിട്ടുണ്ട്. കേരളസംസ്കാരവും കേരളീയ കലകളും പരിരക്ഷിക്കുന്നതിനും, അഭിവൃദ്ധിപ്പെടുത്തുന്നതിനുമാണ് നാം ഒരു യൂണിവേഴ്സിററി സ്ഥാപിച്ചതു്. രണ്ടുമൂന്നു കൊല്ലംമുൻപു ഇവിടെ ഒരു വൈസ്ചാൻസലറെ നിയമിച്ചു. അദ്ദേഹത്തിനു മററു പല ജോലികളുമുണ്ട്. മററു ജോലികളെല്ലാം തീരുന്ന അവസരംനോക്കി, ചിലപ്പോൾ വിമാനത്തിൽ തിരുവനന്തപുരത്തു വരും. ഈ യൂണിവേഴ്സിററിയുമായി യാതൊരു ബന്ധവുമില്ലാതെ, നമ്മുടെ കലകളെപ്പററി ആദരവോ, സ്നേഹമോ, കേരളീയസംസ്കാരവുമായി പരിചയമോ ഇല്ലാതെ വൈസ്ചാൻസലറായി തുടരുന്നതിന് അദ്ദേഹത്തെ അനുവദിക്കുന്നതു നമുക്കു ഒട്ടും അഭിമാനമല്ല. കേരളസംസ്കാരത്തെയും, കലകളെയും ബഹുമാനിക്കുന്ന ഒരു സ്വദേശിതന്നെയായിരിക്കണം നമ്മുടെ വൈസ്ചാൻസലർ എന്ന അഭിപ്രായമാണെനിക്കുള്ളതു്. സർ, നംപൂതിരിമാരുടെ ഇടയിൽ ഒരു ആചാരമുണ്ട്. ഭാര്യമാർ എത്രവേണമെങ്കിലും ആകാം. വിജാതീയ ഭാര്യമാരും, സജാതീയഭാര്യ ഒന്നും. നംപൂതിരിപ്പാട് രാത്രി അത്താഴമുണ്ടും കഴിഞ്ഞു മുറക്കി, വിജാതീയ ഭാര്യയുടെ ഭവനത്തിലേക്കു ചൂട്ടുംമിന്നിച്ചുകൊണ്ടു് ഒരു യാത്രയുണ്ട്. ആ പ്രതീതിയാണ് നമ്മുടെ വൈസ്ചാൻസലർ മററെല്ലാ ജോലികളും കഴിഞ്ഞു തിരുവനന്തപുരത്തേക്കു പുറപ്പെടുമ്പോൾ എനിക്കു തോന്നിയിട്ടുള്ളതു്. യു. എൻ. ഒ. മുതൽ ഈ രാജ്യത്തിലെ ഏററവും അപ്രധാനമായ പ്രാദേശിക പ്രശ്നങ്ങളിൽവരെ ഇടവിട്ടിടവിട്ട് പ്രവർത്തിക്കുന്ന അദ്ദേഹത്തിനു് പൊതുജീവിതത്തിൽ പ്രണയിനികൾ നിരവധിയാണ്. അവരുടെ മദ്ധ്യത്തിൽനിന്നും ഒരു വിനോദത്തിനു് വേണ്ടി ഒരു ദിനം രക്ഷപ്പെട്ടു് വെപ്പാട്ടിയുടെ വീട്ടു് സന്ദർശിക്കാൻ വരുന്ന ഭാവമാണ് സർ. മുതലിയാർക്കു് തിരുവനന്തപുരത്തേക്കു് വരുമ്പോളുള്ളതെന്നു് എനിക്കു തോന്നുന്നു. സർ. രാമസ്വാമി മുതലിയാരോടു വ്യക്തിപരമായ ദ്വേഷമോ, ഈ സ്ഥാന

ത്തിന് അദ്ദേഹം അയോഗ്യനാണെന്ന ആക്ഷേപമോ ഉണ്ടായിട്ടല്ല ഞാൻ ഇതു പറയുന്നതു്. നമ്മുടെ യൂണിവേഴ്സിററി വൈസ്ചാൻസലറായി, കേരളകലാബോധവും, നമ്മുടെ സംസ്കാരത്തോടു് ബഹുമാനവും, നമ്മുടെ ജനതയോടു കൂറും ഉള്ള ഒരു സ്വദേശിതന്നെയായിരിക്കണം വൈസ് ചാൻസലർ. അതു നമുക്കുതന്നെ അഭിമാനകരമായ ഒരു കാര്യമായിരിക്കും.

ബഡ്ജററിനെപ്പററി പൊതുവെ ഒന്നുരണ്ടുകാര്യംകൂടി പറഞ്ഞു ഞാൻ അവസാനിപ്പിക്കാം. പരിഹാരം കാണേണ്ടതായി പല പ്രശ്നങ്ങളും ഇന്നു നമ്മെ അഭിമുഖീകരിക്കുന്നുണ്ടു്. കഴിഞ്ഞ കാലങ്ങളിൽ ബഡ്ജററു അവതരിപ്പിച്ചിട്ടുള്ളപ്പോൾ, പരിഹാരം കാണാതെ ശേഷിച്ചിരുന്ന പ്രശ്നങ്ങളെല്ലാംതന്നെ ഇന്നും അതേനിലയിൽ അവശേഷിക്കുകയാണു്. ആവക പ്രശ്നങ്ങളുടെ ഒരു കോണുപോലും സ്പർശിക്കുന്നതിനുള്ള കഴിവു ഈ ബഡ്ജററിനില്ലെന്നു കാണുന്നതു ആശാസ്യമല്ല. ഈ ബഡ്ജററു തയ്യാറാക്കിയതിനു ഒരു ഭാവന കാണുന്നില്ല. ചിന്ത വളരെ കുറവായിട്ടാണു ഇതിൽ കാണുന്നതു്. അങ്ങനെ ഭാവനയുടെയും, ചിന്തയുടെയും പോരായ്മകൾക്കനുസരണമായി പല കുറവുകളും ഇതിൽ കാണാൻ കഴിയും. പ്രശ്നങ്ങൾ പരിഹരിക്കണമെന്നുള്ള ആഗ്രഹത്തോടുകൂടിയല്ല, ഫിനാൻസു മിനിസ്റ്ററുടെ ഒരു ജോലി നിർവ്വഹിക്കണമെന്നു മാത്രമെ ഇതുകൊണ്ടുദ്ദേശിച്ചിരുന്നുള്ളു എന്നു തോന്നിപ്പോകുന്നു. അങ്ങനെ ധനകാര്യമന്ത്രിയുടെ ഒരു ജോലി നിർവ്വഹിച്ചുവെന്നു അദ്ദേഹത്തിനു ന്യായമായും അഭിമാനിക്കാം. ദൈനംദിനമെന്നപോലെ നമ്മെ അഭിമുഖീകരിക്കുന്ന വിഷമപ്രശ്നങ്ങൾക്കു ഈ ബഡ്ജററിൽ നിവൃത്തിമാർഗ്ഗം കാണാത്തതിൽ ഞങ്ങൾക്കു ഖേദമില്ല. ഇതിൽ കൂടുതലൊന്നുംതന്നെ ഞങ്ങൾ ഈ ബഡ്ജററിനു പ്രതീക്ഷിച്ചിരുന്നതല്ല. അതുകൊണ്ടാണു അതിൽ ഖേദമില്ലെന്നു പറഞ്ഞതു്.

എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിനു്, എല്ലാവരും പാർട്ടിഭേദബുദ്ധികൂടാതെ സഹകരിച്ചാൽമാത്രമെ സാധിക്കുകയുള്ളു. പ്രതിപക്ഷപാർട്ടിയിൽനിന്നും ഏതെങ്കിലും ഒരു പ്രായം, സൃഷ്ടിപരമെ, രാജ്യസ്നേഹപരമോ ആയ ഒരഭിപ്രായം ഉണ്ടായാൽ അതു ആർ. എസ്സ്. പി. ക്കാരന്റെ അഭിപ്രായമാണു്, അല്ലെങ്കിൽ കമ്മ്യൂണിസ്ററുകാരന്റെ അഭിപ്രായമാണു് എന്നെല്ലാം ഭേദബുദ്ധിയോടുകൂടി പരിഗണിച്ചു വിലയിരുത്തരുതെന്നു ഭരണകക്ഷിയോടു എനിക്കൊരഭ്യർത്ഥനയുണ്ടു്. കേവലം പാർട്ടിയുടെ താൽപര്യങ്ങൾ മാത്രമല്ല, ഈ രാജ്യത്തെ ജനങ്ങളുടെയും, രാജ്യത്തിന്റെയും നന്മയും, താൽപര്യങ്ങളുമാണു എല്ലാ പാർട്ടികളുടെയും ലക്ഷ്യമെന്നും അതുകൊണ്ടു ഏതു പാർട്ടിയിൽപ്പെട്ടവരായാലും പറയുന്ന കാര്യങ്ങൾ കാര്യമായി പരിഗണിച്ചു രാജ്യത്തിന്റെ പൊതുനന്മയെ ലക്ഷ്യമാക്കി പ്രവർത്തിക്കണമെന്നും മാത്രമെ എനിക്കു പറയാനുള്ളു. ഇതിൽ കൂടുതലായൊന്നും പൊതുവിമർശനവേളയിൽ ഞാൻ പറയാനാഗ്രഹിക്കുന്നില്ല.

ശ്രീ. എം. എ. ആന്റണി: സർ, ധനകാര്യമന്ത്രി അവതരിപ്പിച്ച ബഡ്ജററിനെ വളരെ സന്തോഷത്തോടുകൂടി ഞാൻ പിൻതാങ്ങുകയാണു്. വിമർശനപരമായ വളരെയധികം പരാമർശനങ്ങൾ ഇവിടെ നടക്കുകയുണ്ടായി. കാൺഗ്രസ്സു് അധികാരത്തിൽവന്നതിനെ സംബന്ധിച്ചും, അധികാ

[ശ്രീ. എം. എ. ആൻറണി]

ത്തിൽ വരുന്നതിന് സ്വീകരിച്ച നടപടികളെപ്പററിയും വിമർശനങ്ങൾ നടക്കുകയുണ്ടായി. അസാന്മാർഗ്ഗികമായ ചില കൂട്ടുകെട്ടുകളുണ്ടാക്കിയിട്ടാണ്, മററു പാർട്ടികളിലെ അംഗങ്ങളെ ചേർത്ത് അംഗസംഖ്യ വർദ്ധിപ്പിച്ചിട്ടാണ കാൺഗ്രസ്സ് അധികാരത്തിൽ വന്നതെന്നാണ് പലരുടേയും ആക്ഷേപം.

സർ, ഇതിനെപ്പററി ചിലതു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു: പതിനൊന്നു മാസത്തെ, പി. എസ്സ്. പി. ഭരണത്തിനുശേഷം, കാൺഗ്രസ്സ് അധികാരത്തിൽ വന്നതു എങ്ങനെയെന്നു വിശേഷിച്ചു പറയണമെന്നില്ല. പി. എസ്സ്. പി. ഭരണം കൊണ്ട് ഈ രാജ്യത്തെ സാധാരണക്കാർക്ക്, യാതൊരു ഗുണവും, കാര്യമായ യാതൊരു രക്ഷയുമില്ലെന്ന് മനസ്സിലായതുകൊണ്ടാണ് കാൺഗ്രസ്സു നൽകികൊണ്ടിരുന്ന പിൻതുണ പിൻവലിച്ചതു്. അതിനുശേഷം അവിശ്വാസപ്രമേയം പാസ്സാക്കുകയും, കാൺഗ്രസ്സുകക്ഷിക്ക് മതിയായ ഭൂരിപക്ഷം ലഭിക്കുകയും ചെയ്യപ്പോൾ അധികാരം ഏറെറടുക്കുകയാണുണ്ടായതു്.

ഏതൊരു പാർട്ടിയിലെ അംഗമായിരുന്നാലും, പാർട്ടി അതിൻെറ ആദർശങ്ങൾക്കു വിരുദ്ധമായ നയപരിപാടികൾ അവലംബിച്ചാൽ, ആ പാർട്ടിയിൽ നിന്നും മാറി, തങ്ങൾക്കു കൂടുതൽ അഭിലഷണീയമെന്നു തോന്നുന്ന ഒരു പാർട്ടിയിൽ ചേരുന്നതു ഡമോക്രസിക്കു വിരുദ്ധമാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഇവിടെ ആദ്യം ജനകീയ ഭരണമാരംഭിച്ചപ്പോൾ, താൻ ഏതു പാർട്ടിയിൽ ആയിരുന്നോ, ആ പാർട്ടിയിൽ നിന്നും പിണങ്ങി പിരിഞ്ഞു്, രാജിവയ്ക്കാതെതന്നെ, ഒരു പ്രത്യേക പാർട്ടിയുണ്ടാക്കിയ ഒരു നേതാവാണ് ഇന്ന് കാൺഗ്രസുകാരെ അതേ കാരണംപറഞ്ഞു് ആക്ഷേപിക്കാൻ വ്യഗ്രത കാണിക്കുന്നതു്. സർ, രാജപ്രമുഖൻെറ പ്രസംഗസമയത്തു ഈ സഭയിൽ നിന്നും ഇറങ്ങിപ്പോയ ഒരു പാർട്ടിയാണ്, ഇന്ന് രാജപ്രമുഖൻെറ പ്രസംഗം നടക്കാത്തതിൽ പ്രതിഷേധിച്ച് ഈ സഭയിൽ നിന്നും ഇറങ്ങിപ്പോയതെന്നു കാണുന്നതു ഒരു വിരോധാഭാസമായിരിക്കുന്നു. ഇതിൻെറയെല്ലാം കാരണം സംസ്കാരസമ്പന്നരായ ഈ സഭസ്സിലെ അംഗങ്ങളെ ആരും പറഞ്ഞു ധരിപ്പിക്കേണ്ടതില്ല. കാൺഗ്രസ്സിനെ അധികാരത്തിലേക്കുയർത്താൻ അനുമതി നൽകിയ രാജപ്രമുഖൻെറ നയത്തിൽ പ്രതിഷേധിച്ചു പ്രക്ഷോഭണമുണ്ടാക്കാൻ സന്നദ്ധരായവർ, 40 പേരുടെമാത്രം പിന്തുണയുള്ള തങ്ങൾക്കു ഭരണാധികാരം ഏറെറടുക്കുന്നതിനുള്ള ഭൂരിപക്ഷമുണ്ടെന്ന് രാജപ്രമുഖനെ ധരിപ്പിച്ചിട്ടു നിരാശരായി മടങ്ങിപ്പോന്നവരാണ് അറുപതുപേർ ഉൾപ്പെട്ട കാൺഗ്രസ്സ് പാർട്ടി അധികാരത്തിൽ വന്നതിനെ അധിക്ഷേപിക്കുന്നതെന്നുള്ളതു് വളരെ വിചിത്രമാണ്.

കാൺഗ്രസുകാർ മററു പാർട്ടികളിൽനിന്നും ആളുകളെ ചാക്കിട്ടു പിടിച്ചതായി ഒരാരോപണം ഇവർ ഉന്നയിച്ചുകേട്ടു. തങ്ങളുടെ പാർട്ടിയിലേക്കു ചാക്കിട്ടു പിടിക്കാൻ ആളിനെ കിട്ടാതെ വന്നപ്പോൾ, അതിനുള്ള ശ്രമം ഫലിക്കുന്നില്ലെന്നു കണ്ടപ്പോൾ, കാൺഗ്രസിൻെറ നടപടി അസാന്മാർഗ്ഗികമാണെന്ന് ചിത്രീകരിക്കാൻ ഇവർ സാഹസപ്പെടുകയാണ്. ഇത്തരം ആക്ഷേപങ്ങളുടെ പൊള്ളത്തരം ഈ രാജ്യത്തെ സംസ്കാരസമ്പന്നരായ ജനങ്ങൾ മനസ്സിലാക്കി മറുപടി പറഞ്ഞുകൊള്ളുമെന്ന് എനിക്കു ബലമായ വിശ്വാസമുണ്ട്.

സർ, ചുരുങ്ങിയ സമയത്തിനുള്ളിൽ, തയ്യാറാക്കിയ ഈ ബഡ്ജററ് പുരോഗമനപരമായ വളരെയധികം കാര്യങ്ങൾ നിർവ്വഹിക്കാൻ പര്യാപ്തമാണെന്നു പറയാൻ എനിക്കു സന്തോഷമുണ്ട്. കാൺഗ്രസ്സു ഗവണ്മെൻറിനെയും, കാൺഗ്രസ്സു പാർട്ടിയേയും നിശിതമായി വിമർശിക്കുന്ന പത്രങ്ങൾപോലും ഈ ബഡ്ജററിനെ സാമാന്യമായി പിൻതാങ്ങുന്നുണ്ടെന്നു കാണുന്നതു്, ഈ ബഡ്ജററിന്റെ പുരോഗമനസ്വഭാവത്തിന് ഒരു ദൃഷ്ടാന്തമായി ഞാൻ പരിഗണിക്കുകയാണ്. ഈ രാജ്യത്തിന്റെ സുസ്ഥിതിക്കും, ജനങ്ങളുടെ ക്ഷേമത്തിനും ആവശ്യമായ വികസനപരിപാടികൾക്കുവേണ്ടി ഈ ഗവണ്മെൻറ് പത്തുകോടി ഉറുപ്പിക നീക്കിവച്ചിട്ടുണ്ടെന്നു കാണുന്നതു ഏററവും സ്വാഗതാർഹമായ ഒരു കാര്യമായിട്ടാണു എനിക്കു തോന്നുന്നതു്. ഒരുപക്ഷെ എന്റെ സ്നേഹിതന്മാർ പറഞ്ഞതുപോലെ ഈ സംഖ്യ മുഴുവൻ ചെലവാക്കാൻ ഗവണ്മെൻറിനു കഴിഞ്ഞില്ലെന്നു വന്നേക്കാം. അപ്രകാരമുള്ള കുററാരോപണങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് ഈ സംഖ്യ മുഴുവൻ ചെലവുചെയ്യുന്നതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്താൽ മാത്രം മതിയാകുകയില്ല. അവ പ്രാവർത്തികമാക്കാൻവേണ്ടി ഗവണ്മെൻറിന്റെ സത്വരശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

സർ, ഈ രാജ്യത്തെ തൊഴിലില്ലായ്മപ്രശ്നം വളരെ രൂക്ഷമാണ്. അതിനു പൊതുമരാമത്തുവേലകൾ രാജ്യത്തു ധാരാളമായും അടിയന്തിരമായും നടത്തി വളരെ അധികം ആളുകൾക്ക് ജോലി കൊടുക്കാവുന്നതാണ്. അതിലേക്കു കഴിഞ്ഞ ഒൊല്ലത്തേക്കാൾ ഇരട്ടി സംഖ്യ ഇക്കൊല്ലം ബഡ്ജററിൽ വച്ചിട്ടുണ്ട്. സർ, ഈ രാജ്യത്തെ പ്രധാന റോഡുകൾ എല്ലാം പൊടിയുടെ ശല്യമില്ലാതെ ഗതാഗതസൗകര്യമുള്ളതാക്കിത്തീർക്കുന്നതിനും അനവധി ലക്ഷം രൂപാ ഈ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം പുതിയതായി മരാമത്തുവേലകൾ ഒന്നുംതന്നെ നടപ്പിലാക്കിയിട്ടില്ല. സബ്ഡിവിഷൻകമ്മിററികളും അവയുടെ മുകളിലുള്ള സെൻട്രൽ കമ്മിററിയും ഉണ്ടായിരുന്നെങ്കിലും അവയുടെ പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടി ഗവണ്മെൻറ് ഒന്നും ചെയ്തിട്ടില്ല എന്നുള്ളതു് വ്യസനകരമായ സംഗതിയാണ്. ഇവിടെ ഇരുപത്തിയൊന്നു സബ്ഡിവിഷൻ കമ്മിററികൾ ഉണ്ട്. ഈ സബ്ഡിവിഷൻ കമ്മിററികൾ ഓരോന്നിനും ഓരോ ലക്ഷം രൂപാ വീതം ചെലവു ചെയ്യുന്നതിനു 21 ലക്ഷം രൂപ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട്. ഓരോ സബ്ഡിവിഷനും മൊത്തം 60,000 രൂപയുടെ വേലകൾ മാത്രം അനുവദിക്കുവാൻ അധികാരമുണ്ടായിരുന്നെങ്കിൽ ഇക്കൊല്ലം അതു് ഒരു ലക്ഷമായി വർദ്ധിപ്പിച്ചിരിക്കുന്നതു് അഭിനന്ദനാർഹമായ ഒരു സംഗതിയാണ്. എന്നാൽ ഇതുകൊണ്ടുമാത്രം രാജ്യത്തിനു ആവശ്യമായ എല്ലാ നടപടികളും നടക്കുമെന്നും ഞാൻ വിചാരിക്കുന്നില്ല. നേരെമറിച്ചു് അതിനു ചില പരിപാടികൾ ഉണ്ടാക്കണം. ആ പരിപാടികൾ നടപ്പിൽ വരുന്നതിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർക്കു ചില അധികാരങ്ങൾ നൽകേണ്ടതും ആവശ്യമാണ്. അങ്ങനെ ചില അധികാരങ്ങൾ ഗവണ്മെൻറ് നൽകണമെന്നു ഉദ്ദേശിക്കുന്നതു് വളരെ ചാരിതാർത്ഥ്യജനകമാണ്.

സർ, ഇന്നു പബ്ലിക്കു് വർക്സ് ഡിപ്പാർട്ടുമെൻറിൽ പദ്ധതികളുടെ നടത്തിപ്പിനെ സംബന്ധിച്ചിടത്തോളം വളരെയധികം കാലതാമസം ഉണ്ടാകുന്നു. ഒരു സ്ഥലത്തു് ഏതെങ്കിലും ജോലിയെ സംബന്ധിച്ചു് ഒരു

[ശ്രീ. എം. എ. ആന്റണി]

എസ്റ്റിമേററ് തയ്യാറാക്കാൻ മാത്രമെ അവിടത്തെ സെക്ഷനാഫീസക്കും സബ്ഡിവിഷൻ ആഫീസക്കും അധികാരമുള്ളു. അതനുവദിക്കുന്നതിനു ഗവണ്മെൻറിലേയ്ക്കു അയക്കണം. അതനുവദിച്ചുവരാൻ വളരെ കാലതാമസം ഉണ്ടാകുന്നതുകൊണ്ടു് ജനോപകാരപ്രദമായ യാതൊന്നും ചെയ്യുന്നതിനു സാധിച്ചു എന്നു വരികയില്ല. അതുകൊണ്ടു് സെക്ഷനാഫീസക്കും സബ്ഡിവിഷൻ ആഫീസക്കും ഡിവിഷൻ ആഫീസക്കും തുകകൾ അനുവദിക്കുന്നതിനും ചെലവു ചെയ്യുന്നതിനും അധികാരം നൽകേണ്ടതാണു്.

അതുപോലെതന്നെ ഗവണ്മെൻറ് ഏറെറടുത്തിട്ടുള്ള റോഡുകളെ സംബന്ധിച്ചാണെങ്കിൽ ലാൻറ് അക്വിസിഷൻെറ കാര്യത്തിൽ തിരുവിതാംകൂറിൽ വളരെ കാലതാമസം ഉണ്ടാകുന്നു എന്നുള്ളതു് വളരെക്കാലമായി നടന്നുവരുന്ന ഒരു സംഗതിയാണു്. അങ്ങനെ കാലതാമസം നേരിടുന്നതിനുള്ള പ്രധാനമായ ഒരു കാരണം ലാൻറ് അക്വിസിഷൻെറ ചുമതല മററനവധി ജോലികളുള്ള റവന്യൂ ഡിപ്പാർട്ടുമെൻറിനു വിട്ടുകൊടുത്തിരിക്കുന്നതുകൊണ്ടാണു്. അതുകൊണ്ടു് ആ റോഡുകളെ സംബന്ധിച്ചിടത്തോളം സ്ഥലം ലഭിക്കാത്തതുകൊണ്ടു് പബ്ലിക്കുവക്ക്സ് ഡിപ്പാർട്ടുമെൻറിനു സ്വന്തമായിജോലി ശരിയായി ചെയ്യാൻ സാധിക്കുന്നില്ല. അതുകൊണ്ടു് പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിൽ ലാൻറ് അക്വിസിഷനുവേണ്ടി ഓരോ ഡിവിഷനിലും ഒരു ആഫീസറേയും സ്റ്റാഫിനേയും നിയമിക്കുന്നതു് വളരെ സൌകര്യമായിരിക്കും.

ഇറിഗേഷൻ പദ്ധതികളെ സംബന്ധിച്ചിടത്തോളം ചാലക്കുടി നദീതടപദ്ധതിയും, പിച്ചി നദീതടപദ്ധതിയും മററും സ്ഥലം അക്വയർ ചെയ്യുന്നതിലേക്കു് ആവശ്യമുള്ള റവന്യൂ ഇൻസ്പെക്ററർമാരേയും ഉദ്യോഗസ്ഥന്മാരേയും ഗവണ്മെൻറ് നിയമിച്ചിട്ടുണ്ടു്. അതുപോലെ പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിൽ ആവശ്യമുള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയും അവക്കു കൂടുതലായി അധികാരങ്ങൾ നൽകുകയും ചെയ്താൽ ഗതാഗതസൌകര്യം വർദ്ധിപ്പിക്കുന്നതിലേയ്ക്കു റോഡുകൾ വെട്ടുന്നതിനും മററും വളരെയധികം കാലതാമസം വരികയില്ല. അതുകൊണ്ടു് ഇക്കാര്യത്തിൽ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള തുകകൾ യഥാകാലം വിനിയോഗിക്കുന്നതിലേയ്ക്കു് ആവശ്യമായ നടപടികൾ എടുക്കുമ്പോൾ ഈവക കാര്യങ്ങൾകൂടി പരിഗണിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

സർ, ഈ രാജ്യത്തു രോഗികൾക്കു മരുന്നു കിട്ടുന്നില്ല എന്നുള്ള പരാതി സർവ്വത്ര കേൾക്കുന്നുണ്ടു്. ഇന്നു ആശുപത്രിയിൽ ചെന്നാൽ മരുന്നു കിട്ടുന്നില്ല എന്നുള്ളതാണു് പലരുടേയും അനുഭവം. ഈ ഒരു അവശത പരിഹരിക്കുന്നതിനു പതിനൊന്നുലക്ഷം രൂപ കൂടുതൽ ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നു. ധനകാര്യമന്ത്രിയുടെ ബഡ്ജററ് പ്രസംഗത്തിൽ തന്നെ പറയുകയുണ്ടായി ഓരോ താലൂക്കിലും ഓരോ ആശുപത്രിയുണ്ടാക്കുന്നതിനായി ആലോചിക്കുന്നുണ്ടെന്നും അതിൻെറ മുന്നോടിയായി മൂന്നു താലൂക്കുകളിലെ ഡിസ്പെൻസറികൾ ആശുപത്രികളായി ഉയർത്തുന്നതിനുള്ള തുക ഈ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടു് എന്നും ഏററവും ശ്ലാഘനീയമായ ഈ നടപടിക്കു് പൊതുജനാരോഗ്യമന്ത്രിയെ ഞാൻ അനുമോദിക്കുന്നു. വൈദ്യസഹായത്തിനായി പബ്ലിക്കു് ഹെൽത്തു് ഡിപ്പാർട്ടുമെൻറിനും മെഡിക്കൽ ഡിപ്പാർട്ടുമെൻറിനും വളരെ അധികം നല്ല കാര്യങ്ങൾ ചെയ്യാൻ

ഉദ്ദേശിക്കുന്ന ഈ അവസരത്തിൽ, പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഈ സന്ദർഭത്തിൽതന്നെ ഒരു സംഗതി കൂടി ഗവണ്മെൻറിനെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ നിയോജകമണ്ഡലമായ പറവൂർതാലൂക്കിൽ ചെങ്ങമനാട്ട് എന്ന സ്ഥലത്ത്, ധാരാളം തൊഴിലാളികൾ താമസിക്കുന്നതും, 23,000-ത്തിലധികം ആളുകൾ താമസിക്കുന്നതും അഞ്ചുമൈലിനകത്ത് മറെറ വൈദ്യസഹായത്തിനായി യാതൊരു മാർഗ്ഗങ്ങളുമില്ലാത്തതുമായ ആ സ്ഥലത്ത് ഒരു ഡിസ്പെൻസറി അനുവദിച്ചുതരുന്നകാര്യം ഗവണ്മെൻറ് ശ്രദ്ധിക്കണമെന്നു ഞാൻ അറിയിച്ചുകൊള്ളുന്നു.

അതിനും പുറമെ കുടിൽവ്യവസായം പരിപോഷിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതായി ബഡ്ജററ് പ്രസംഗത്തിൽ പറയുകയുണ്ടായി. ഈ സന്ദർഭത്തിൽ എനിക്കു ഗവണ്മെൻറിനെ അറിയിക്കുവാനുള്ളത് ഞാൻ പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലത്തിൽ 50,000-ത്തിൽ അധികം ആളുകൾ ഏർപ്പെട്ടിരിക്കുന്ന ഒരു പനമ്പുവ്യവസായത്തെപ്പററിയാണ്. തിരുവിതാംകൂർ-കൊച്ചിയിൽ മാത്രമല്ല ഇൻഡ്യയിൽ ഒരു സ്ഥലത്തും ഇത്രയധികം ആളുകൾ ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നില്ല. ഈ വ്യവസായം മറെറല്ലാസ്ഥലങ്ങളേയും അപേക്ഷിച്ച് വളരെ കൂടുതലായി നടക്കുന്നത് ആ സ്ഥലങ്ങളിലാണ് എന്നുള്ളതു് ഒരു വാസ്തവമാണ്. അങ്ങനെ അനവധി ആയിരം ജനങ്ങൾ ഏർപ്പെട്ടിരിക്കുന്ന പനമ്പുവ്യവസായത്തിനു ഗവണ്മെൻറിൽനിന്നും യാതൊരു പ്രോത്സാഹനവും യാതൊരു ആനുകൂല്യവും ചെയ്തിട്ടില്ല എന്നുള്ളതു് ഗവണ്മെൻറിനെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതിനുമുമ്പ് പല അവസരങ്ങളിലും ഇതേസംബന്ധിച്ച് ഗവണ്മെൻറിനെ ആവർത്തിച്ചാവർത്തിച്ച് അനുസ്മരിപ്പിച്ചിട്ടുണ്ടെങ്കിലും കാര്യക്ഷമമായ യാതൊരു നടപടിയോ, യാതൊരു പദ്ധതിയോ അതിനുവേണ്ടി ആസൂത്രണം ചെയ്തിട്ടില്ല. അതുകൊണ്ട് അനവധി ആയിരം ജനങ്ങളുടെ ഉപജീവനമാർഗ്ഗമായ ഈ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുവാൻ ഗവണ്മെൻറ് ശ്രദ്ധിക്കണമെന്നും അതിനു ആവശ്യമായ ആനുകൂല്യങ്ങൾ ചെയ്തുതരണമെന്നും ഞാൻ ഗവണ്മെൻറിനോട് അപേക്ഷിച്ചുകൊള്ളുന്നു.

ഇനി പഞ്ചായത്തുഡിപ്പാർട്ടുമെൻറിനെപ്പററി ചില വസ്തുതകൾ കൂടി പ്രസ്താവിക്കാനുണ്ട്. പഞ്ചായത്തിനു കൂടുതൽ അധികാരങ്ങൾ കൊടുത്തു അങ്ങനെ പഞ്ചായത്തുമുഖേന ഗ്രാമസ്വരാജ് സ്ഥാപിക്കുക എന്നുള്ള ഒരു നയത്തിന്റെ പ്രാരംഭമായി അവയ്ക്കു കൂടുതൽ ആനുകൂല്യങ്ങൾ നൽകാൻ ആലോചിക്കുന്നുണ്ട് എന്നു പറഞ്ഞു. 1954-55-ൽ ഡവലപ്പുമെൻറ് ഇനത്തിൽ മുപ്പതുലക്ഷം രൂപ ചിലപ്പോൾ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടായിരുന്നു എങ്കിലും വെറും അഞ്ചുലക്ഷം രൂപ മാത്രമെ ചെലവാക്കാൻ സാധിച്ചിട്ടുള്ളുവെന്നു ഇന്നു ഈ സഭയിൽ മന്ത്രി പ്രസ്താവിക്കുകയുണ്ടായി. ബാക്കി 25 ലക്ഷം രൂപ ചെലവാക്കാൻ സാധിക്കാതെ വന്നു. പഞ്ചായത്തുകളിലേക്കു ആവശ്യമുള്ളതായ സ്റ്റാഫിനെ നിയമിച്ചതു് ഈ ജനുവരി മാസത്തിലായിരുന്നു. അതുകൊണ്ട് പഞ്ചായത്തുകൾക്കു ആവശ്യമായ ജോലി ചെയ്യിക്കുന്നതിനും അനുവദിച്ചിട്ടുള്ള പണം ചെലവാക്കുന്നതിനും സാദ്ധ്യമാകാതെ വന്നു. ഇക്കാരണത്താൽ ഡെവലപ്പുമെൻറ് കാര്യങ്ങളിൽ ആവശ്യമായ പദ്ധതികൾക്ക് എസ്റ്റിമേററ് ഉണ്ടാക്കുവാൻ സാധിച്ചില്ല. ഞാനും ഒരു പഞ്ചായത്തു പ്രസിഡൻറാണ്. അതുകൊണ്ട് ഞാൻ ഈ

[ശ്രീ. എം. എ. ആൻറണി]

വസ്തുതകൾ തുറന്നു പറയുകയാണ്. എൻെറ പഞ്ചായത്തു അവിത്തിയിൽ യാതൊരു പണിയും നടത്തുവാൻ സാധിച്ചിട്ടില്ല. അതിനുള്ള കാരണം ആവശ്യമുള്ള സ്റ്റാഫ് ഇല്ലാത്തതുകൊണ്ടാണ്. സാധാരണ ഏർപ്പാട് ഒരു പഞ്ചായത്തിൽ ആവശ്യമായ പണികൾക്കു എസ്റ്റിമേറവ് ഉണ്ടാക്കുവാൻ ഓവർസീയറന്മാരും സെക്ഷനാഫീസറുമാണ് ചുമതലപ്പെട്ടവർ. എന്നാൽ ഇന്ന് 27-30-ം പഞ്ചായത്തുകൾക്കു എസ്റ്റിമേറവ് എടുക്കുന്നതിനും മറവുമായി ഒന്നോ രണ്ടോ ഉദ്യോഗസ്ഥന്മാരാണുള്ളത്. ഓരോ പഞ്ചായത്തിലും 25-ം, 30-ം വേലകളുടെ എസ്റ്റിമേറവ് എടുക്കേണ്ടതായി വരും. അവർ ഇത്രയും പഞ്ചായത്തുകളിൽ എസ്റ്റിമേറവ് എടുക്കാൻ എത്രശ്രമിച്ചാലും സാധിക്കുകയില്ല. അവർക്കു അതേദിവസം ആ പഞ്ചായത്തുകളിൽ പത്തോ ഇരുപതോ വർക്കുകളുടെ എസ്റ്റിമേറവ് എടുക്കുവാൻ സാധിക്കും. അതുകൊണ്ട് പഞ്ചായത്തുകളിലെ സെക്ഷനാഫീസറന്മാരുടേയും, ഓവർസീയർന്മാരുടേയും, സംഖ്യ കൂട്ടേണ്ടതു് പഞ്ചായത്തുകളുടെ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമാണ്.

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇപ്പോൾ താലൂക്കിന് ഒരു സെക്ഷൻ ആഫീസറും ഒരു ഓവർസീയറുംവീതം നിയമിച്ചിട്ടുണ്ട്.

ശ്രീ. എം. എ. ആൻറണി : ഇരുപത്തിയെട്ടും മുപ്പതും പഞ്ചായത്തുകൾ ഉള്ള താലൂക്കുകളും, വെറും രണ്ടോ മൂന്നോ പഞ്ചായത്തുകൾ മാത്രമുള്ള താലൂക്കുകളും ഈ രാജ്യത്തുണ്ട്. അതിനാൽ താലൂക്കിന് ഒരു സെക്ഷൻ ആഫീസർ എന്ന തത്വം പൊതുവെ സ്വീകരിക്കുന്നതു് ശരിയല്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഈ സെക്ഷൻ ആഫീസറുടെ കുറവുകൊണ്ടാണോ, ബഹുമാനപ്പെട്ട മെംബറുടെ ബുദ്ധിയുടെ കുറവു കൊണ്ടാണോ പഞ്ചായത്തുകളിൽ ജോലികൾ നടക്കാത്തതു്?

ശ്രീ എം. എ. ആൻറണി : എൻെറ ബുദ്ധി എത്രത്തോളം ഉണ്ടെന്ന് എനിക്കറിയാം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ബഹുമാനപ്പെട്ട മെംബറുടെ പാർട്ടിയിലുള്ള ഒരാൾ ബുദ്ധിയില്ലായ്മയെപ്പററി പ്രസ്താവിച്ചതു കൊണ്ടാണ്.

ശ്രീ. എം. എ. ആൻറണി : ജനങ്ങളുടെ ബുദ്ധിയാണോ എൻെറ ബുദ്ധിയില്ലായ്മയാണോ എന്ന് ബഹുമാനപ്പെട്ട മെംബർക്ക് തീരുമാനിക്കാൻ സാധിക്കുന്നതാണ്. ഒരു മെംബർ എത്രമാത്രം ബുദ്ധിമാനായാലും പഞ്ചായത്തുകളിലെ വർക്കുകളെ സംബന്ധിച്ചിടത്തോളം സാങ്കേതിക പരിജ്ഞാനം ഉണ്ടെങ്കിൽ മാത്രമെ വർക്കുകളുടെ എസ്റ്റിമേറവ് തയ്യാറാക്കുന്നതിന് സാധിക്കുകയുള്ളൂ. അതിന് പരിജ്ഞാനമുള്ള ഓവർസീയറന്മാരും സെക്ഷനാഫീസറന്മാരും വേണം. അല്ലാതെ അക്കാര്യങ്ങൾ നടക്കുകയില്ല. അതുകൊണ്ട് പഞ്ചായത്തുകളിൽ വർക്കുകൾ ശരിയായി നടത്തുന്നതിന് പതിനഞ്ചു പഞ്ചായത്തുകൾ ഒരു സെക്ഷൻ ആഫീസരുടെ കീഴിൽ കൊണ്ടുവരികയും, അദ്ദേഹത്തിൻെറ കീഴിൽ രണ്ടു ഓവർസീയറന്മാരെയെങ്കിലും നിയമിക്കുകയും ചെയ്താൽമാത്രമേ ആ വർക്കുകൾ

എല്ലാം അതാതു വർഷത്തിൽ ചെയ്തുതീർക്കുവാൻ സാദ്ധ്യമാകുകയുള്ളൂ. ഇന്ന് അൻപതിനായിരം ജനസംഖ്യയുള്ള താലൂക്കുകളും അതേ സമയം മൂന്നു ലക്ഷവും മൂന്നര ലക്ഷവും ജനങ്ങൾ അധിവസിക്കുന്ന താലൂക്കുകളും ഈ സംസ്ഥാനത്തുണ്ട്. അതുകൊണ്ട് പഞ്ചായത്തുകളെ ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പിനും ഓരോ സെക്ഷനാഫീസറും സ്റ്റാഫും നിയമിച്ചാൽ ആ ജോലികൾ എല്ലാം ശരിയായി നടത്താൻ സാധിക്കും.

പഞ്ചായത്തുകളിലെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഗവണ്മെൻറിന് വേണ്ട നിർദ്ദേശങ്ങൾ നൽകുവാൻ ഒരു പഞ്ചായത്ത് അഡ്വൈസറിക്കമ്മിററി രൂപീകരിക്കുന്നത് വളരെ ഉപകാരപ്രദമായിരിക്കുമെന്നാണ് എൻെറ വിശ്വാസം.

ഇന്ന് പഞ്ചായത്തിന് വളരെ അധികാരങ്ങൾ കൊടുത്തിട്ടുണ്ടെന്നു പറയുന്നു. എന്നാൽ നേരെ മറിച്ച് പഞ്ചായത്തുകൾക്കല്ല, പഞ്ചായത്തു ഡിപ്പാർട്ടുമെൻറിനാണ് അധികാരങ്ങൾ കൊടുത്തിട്ടുള്ളത്. കുറെ അധികാരങ്ങൾ പഞ്ചായത്തിന് ഗവണ്മെൻറ് കൊടുത്തിട്ടുണ്ടെന്നുള്ളത് വാസ്തവമാണെങ്കിലും ഇരുന്നൂറു രൂപ വരെ ചെലവുകൾ ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം മാത്രമെ അവർക്കിന്നുള്ളൂ. പഞ്ചായത്തുകളുടെ പ്രവർത്തന പുരോഗതിക്ക് ഇന്ന് നിലവിലിരിക്കുന്ന ആക്ററിലും, റൂളുകളിലും ആവശ്യമായ ചില ഭേദഗതികൾ ചെയ്യേണ്ടതാണ്. ഇരുന്നൂറു രൂപ മാത്രം അനുവദിക്കുന്നതിനുള്ള സ്വാതന്ത്ര്യം പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾക്ക് മതിയാകാതിരിക്കുന്നതുകൊണ്ട് ചുരുങ്ങിയതു് 500 രൂപ വരെ അനുവദിക്കുന്നതിനുള്ള സ്വാതന്ത്ര്യം നൽകണം. ഇന്ന് പഞ്ചായത്തുകൾ ഹൗസ്ടാക്സും പ്രൊഫഷണൽടാക്സും മററും ഇനത്തിൽ പൊതുജനങ്ങളിൽ നിന്നും പണം പിരിക്കുന്നുണ്ടെങ്കിലും അവർക്ക് ഉപകാരപ്രദമായ വിധത്തിൽ എന്തെങ്കിലും പ്രവർത്തിക്കുന്നതിന് സാധിക്കാത്തതുകൊണ്ട് പഞ്ചായത്തുകളെ സംബന്ധിച്ച് വളരെ അധികം അതൃപ്തി ഉണ്ടായിട്ടുണ്ട്. ഇതു് പരിഹരിക്കുന്നതിന് വേണ്ട നടപടികൾ ഉടൻ എടുക്കേണ്ടതാണ്.

സർ, വേറെ ഒരു കാര്യം എനിക്കു പറയുവാനുള്ളതു് നമ്മുടെ രാജ്യത്തെ താലൂക്കുകളും പകുതികളും ഒരു പുനർവിഭജനം നടത്തേണ്ട കാര്യത്തെപ്പററിയാണ്. ഇന്ന് തിരുവിതാംകൂറിലേയും കൊച്ചിയിലേയും താലൂക്കുകളിലേയും, വില്ലേജുകളിലേയും വിസ്തീർണ്ണം, ജനസംഖ്യ ഇവ തമ്മിൽ യാതൊരു പൊരുത്തവുമില്ല. അഞ്ചു മൈൽ മുതൽ 90 മൈൽവരെ വിസ്തീർണ്ണമുള്ള റവന്യൂവില്ലേജുകളും അൻപതിനായിരം മുതൽ മൂന്നുമൂന്നരലക്ഷം ജനസംഖ്യ വരുന്ന താലൂക്കുകളും ഈ സംസ്ഥാനത്തുണ്ട്. അതുകൊണ്ട് ഇവയെപ്പററി അന്വേഷിച്ച് ശരിയായ അടി

[ശ്രീ. എം. എ. ആൻറണി]

സ്ഥാനത്തിൽ ഇവ പുനർവിഭജനം നടത്തുന്നതിന് ഒരു കമ്മിററിയേയോ, ഒരു സ്പെഷ്യൽ ആഫീസറേയോ പ്രത്യേകം നിയമിക്കണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു.

അതുപോലെതന്നെ വേറൊരു കാര്യം പറയാനുള്ളത് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് കർഷകന് ധനസഹായം ലഭിക്കുന്നതിനു ഇന്ന് സൗകര്യം വളരെ കുറവാണെന്നുള്ളതാണ്. അതുകൊണ്ട് താലൂക്കുതോറും ക്രെഡിററ് സൊസൈററികൾ രൂപീകരിച്ച് കർഷകന് പണം ലഭിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കണമെന്നാണ് എനിക്കു ഗവണ്മെൻറിനോട് അഭ്യർത്ഥിക്കുവാനുള്ളത്. അതുപോലെ കൊച്ചിയിലെ ലാൻഡ് മോർട്ട് ഗേജ്ബാങ്കിൻെറ അധികാരാതിർത്തി കുന്നത്തുനാട്—പറവൂർ താലൂക്കുകളിൽക്കൂടി ഉൾപ്പെടുത്തണമെന്ന് ഗവണ്മെൻറിനോട് അഭ്യർത്ഥിച്ചുകൊള്ളുന്നു. ഈ കാര്യങ്ങളിൽ എല്ലാം ഗവണ്മെൻറിൻെറ സത്വരമായ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ട് സമയം അതിക്രമിച്ചതിനാൽ ഞാൻ അവസാനിപ്പിക്കുന്നു.

Speaker: Before we rise, I request the Leader of the House and the Leader of the Opposition to meet me in my chamber so as to finalise the priority of Budget Demands and the programme of Budget discussions.

Order, order. The House will now adjourn and meet again at 8 A. M. on Friday, the 25th March 1955.

The Assembly adjourned at 1 P. M. to meet again at 8 A. M. on Friday the 25th March 1955.

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

SECOND SESSION—1955.

Friday, the 25th March 1955.

Vol. XIII] OFFICIAL REPORT [No. 5

The Assembly met in the Assembly Chamber, at Eight of the Clock on Friday, the 25th March 1955, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ശ്രീ. പ്രാക്കുളം ഭാസി : സർ, ഒരു പായിൻറ് ആഫ് ഓർഡർ. അൻസ്റ്റാർഡ് ക്വസ്റ്റ്യൻസിനകത്തു മൂന്നു സ്റ്റാർഡ് ക്വസ്റ്റ്യൻസ് വന്നിട്ടുണ്ട്. അതിൻെറ കാരണം അറിഞ്ഞാൽ കൊള്ളാം.

Mr. Speaker : If there are more than two starred questions from a member for the day to be answered, the rule is to transfer the excess to the list of questions for written answer.

ORAL ANSWERS

ഗവണ്മെൻറ് പരസ്യങ്ങൾ.

* 73. [2] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറ് പരസ്യങ്ങൾ പത്രങ്ങൾക്കു വിതരണം ചെയ്യുന്നതു് എന്തടിസ്ഥാനത്തിലാണ്;

(ബി) പരസ്യങ്ങൾക്കായി ഗവണ്മെൻറിന് 1954-55-ൽ എന്തു ചെലവായി;

(സി) ഇൻറിഗ്രേറ്റഡ് പബ്ലിസിറ്റി പദ്ധതി അനുസരിച്ചു എന്തെല്ലാം പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) പരസ്യത്തിനുവേണ്ടി മുടക്കുന്ന പൊതു മുതലിനു പരമാവധി പ്രയോജനം ലഭിക്കണമെന്നുള്ള തത്വത്തെ അടിസ്ഥാനമാക്കിയാണ് ഗവണ്മെൻറു പരസ്യത്തിനു പത്രങ്ങൾക്കു വിതരണം ചെയ്യുന്നത്. ഓരോ പത്രത്തിന്റെയും പ്രചാരം, അതു പ്രചരിക്കുന്ന പ്രദേശങ്ങൾ, ഏതു തരത്തിലുള്ള ആളുകളാണ് അതു പതിവായി വായിക്കുന്നത്, എന്നീ വസ്തുതകളേയാണ് മുഖ്യമായി പരിഗണിക്കുന്നത്.

(ബി) ഉദ്ദേശം 54000 രൂപ.

(സി) ഇൻറിഗ്രേറഡ് പബ്ലിസിറി പദ്ധതിയനുസരിച്ച് 1954 ജനുവരിമാസംമുതൽ ഇൻഡ്യാഗവണ്മെൻറിന്റെ പഞ്ചവത്സരപദ്ധതി പ്രചാരണവകുപ്പുമായി സഹകരിച്ച് സംസ്ഥാനത്തെ പ്രചാരണങ്ങളുടെ ചുമതല പബ്ലിക്ക് റിലേഷൻസ് വകുപ്പ് നിർവ്വഹിച്ചുകൊണ്ടിരിക്കുകയാണ്. പഞ്ചവത്സരപദ്ധതിപ്രകാരം, കേന്ദ്രഗവണ്മെൻറിന്റെയും സംസ്ഥാനഗവണ്മെൻറുകളുടേയും ചുമതലയിൽ നടത്തുന്ന വിവിധ പദ്ധതികളെ സംബന്ധിച്ചുള്ളതും വിദ്യാഭ്യാസപരമായും, സംസ്കാരപരമായും, പ്രാധാന്യമുള്ളവയുമായ ഫിലിമുകളും നാട്ടിന്റെ നാനാഭാഗങ്ങളിലും, ഗ്രാമപ്രദേശങ്ങളിൽ വിശേഷിച്ചും പ്രചരിപ്പിക്കുക, പഞ്ചവത്സരപദ്ധതിയേയും ദേശീയവായ്പയേയും സംബന്ധിച്ച ലഘുലേഖകളും പോസ്റ്ററുകളും പ്രചരിപ്പിക്കുക, വിവിധ സ്ഥലങ്ങളിലെ പ്രചരണങ്ങളിൽ പങ്കെടുത്ത് പഞ്ചവത്സരപദ്ധതിക്കുവേണ്ടി പ്രചരണം നടത്തുക എന്നീ പരിപാടികളാണ് നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. പി. ഗോപാലൻ : ഏതെല്ലാം പത്രങ്ങൾക്കാണ് ഇപ്പോൾ പരസ്യം കൊടുത്തുവരുന്നത് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് പ്രത്യേകം ഒരു ചോദ്യമായി ചോദിച്ചാൽ പറയാം.

ശ്രീ. പി. ഗോപാലൻ . ഏതെങ്കിലും രാഷ്ട്രീയപരിഗണനകൾ വച്ചുകൊണ്ടാണോ പരസ്യം കൊടുക്കേണ്ട പത്രങ്ങൾ ഏതെന്നു നിശ്ചയിക്കുന്നത് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പരിഗണനകൾ ഏതെല്ലാമാണെന്നു് ഞാൻ പറഞ്ഞുകഴിഞ്ഞു. അതിൽ കൂടുതലൊന്നും എനിക്ക് പറയാനില്ല.

ശ്രീ. പി. ആർ. മാധവൻപിള്ള : ഏതു തരത്തിലുള്ള ആളുകൾ വായിക്കുന്ന പത്രങ്ങൾക്കാണ് പരസ്യം കൊടുക്കുന്നത് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പരസ്യം എവിടെ പ്രചരിപ്പിക്കണമോ അതനുസരിച്ചിരിക്കും. ഉദാഹരണമായി, തെക്കൻതിരുവിതാംകൂറിൽനിന്നു് റെസ്പോൺസ് (response) ഉണ്ടാകേണ്ടിയിരിക്കുന്ന ഒരു കാര്യമാണെങ്കിൽ അതു് രാജ്യത്തിന്റെ വടക്കൻ പ്രദേശങ്ങളിൽ പ്രചാരമുള്ള ഒരു പത്രത്തിനു കൊടുക്കുന്നതല്ല.

ശ്രീ. കുട്ടൻ കോയിക്കൽ : ഏതെല്ലാം വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് എന്നാണ് ചോദ്യം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഏതു വിഭാഗത്തിലാണിന്നാണോ റെസ്പോൺസ് (response) ഉണ്ടാകേണ്ടതു്, ആ ഭാഗത്തുള്ളവർ വായിക്കുന്ന പത്രങ്ങൾക്കാണു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : അങ്ങനെയുള്ള ഏത്ര പത്രങ്ങൾക്ക് പരസ്യം കൊടുക്കുന്നുണ്ടു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനൊരു പ്രത്യേകം ചോദ്യം വേണം.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : പി. ടി. ഐ. വാർത്ത ഇല്ലാത്തവക്ക് പരസ്യം കൊടുക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പരസ്യം കൊടുക്കുന്ന കാര്യത്തിൽ P. T. I. വാർത്ത ഒരു പരിഗണന ആകുകയില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : സർക്കുലേഷന്റെ മാനദണ്ഡം ഒരു പരിഗണന ആകുകയില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പററി ഞാൻ പറഞ്ഞുകഴിഞ്ഞു.

ശ്രീ. എ. കുഞ്ഞൻനാടാർ : ഏതെല്ലാം തമിഴ്പത്രങ്ങൾക്കാണു് പരസ്യം നൽകുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനും നോട്ടീസ് വേണം.

ശ്രീ. എ. കുഞ്ഞൻനാടാർ : സർക്കുലേഷൻ കുറഞ്ഞ പത്രങ്ങൾക്ക് പരസ്യം കൊടുക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനും ചില പരിഗണനകൾ ഉണ്ടു്. അതിലധികം കുറഞ്ഞ സർക്കുലേഷനുള്ള പത്രങ്ങൾക്ക് പരസ്യം കൊടുക്കാൻ വഴിയില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : സർക്കുലേഷൻ പരമാവധി ഏത്ര വേണമെന്നാണു് വച്ചിരിക്കുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : 3000 എന്നാണെന്റെ ഓർമ്മ.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : 3000-ത്തിനു കൂടുതൽ സർക്കുലേഷനുള്ള ഏതെങ്കിലും പത്രത്തിനു പരസ്യം കൊടുക്കാതിരിക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു് നോട്ടീസു വേണം.

ശ്രീ. എ. കുഞ്ഞൻനാടാർ : തമിഴ്നാട്ടുസത്യാഗ്രഹകാലത്തു് മുമ്പു പരസ്യം കൊടുത്തുകൊണ്ടിരുന്ന പത്രങ്ങളിൽ ചിലതിനു പരസ്യം കൊടുക്കുന്നതു് നിറുത്തൽ ചെയ്തിട്ടുള്ളതായി അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനും നോട്ടീസ് വേണം.

ശ്രീ. എ. കുഞ്ഞൻനാടാർ : അങ്ങനെ നിറുത്തി ചെയ്തതു് അനാവശ്യമാണെന്നു ബോദ്ധ്യപ്പെട്ടാൽ അത്തരം പത്രങ്ങൾക്കു് വീണ്ടും പരസ്യം കൊടുക്കാൻ തയ്യാറാകുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇപ്പോൾ പരസ്യം കൊടുക്കുന്നുണ്ടോ ഇല്ലയോയെന്നു നോക്കാം.

ശ്രീ. ടി. എ. മജീദ് : ഒരു പത്രത്തിനു സർക്കുലേഷൻ ഇത്രയാണെന്നു നിശ്ചയിക്കുന്നതു് ആരാണു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനു ചില നടപടികളൊക്കെ ഉണ്ടു്.

ശ്രീ. ടി. എ. മജീദ് : സർക്കുലേഷനെപ്പററി പത്രമാഫീസിൽ അന്വേഷിച്ചു വിചാരം അറിയുകയില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതും ഉണ്ടാകും.

ശ്രീ. കെ. സി. ജോർജ്ജ് : ധാരാളം പ്രചാരമുള്ള ജനയുഗം എന്ന പത്രത്തിനു പരസ്യം കൊടുക്കുന്നതിനെപ്പററി ഗവണ്മെൻറ് ആലോചിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ജനയുഗം പത്രത്തിനു് പരസ്യം കൊടുക്കണമെന്നുള്ള അപേക്ഷ ഇപ്പോൾ ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണു്.

ശ്രീ. പി. ഗോപാലൻ : ജേർണ്ണലിസ്റ്റ് അസോസിയേഷൻ മുഖാന്തിരം പരസ്യം കൊടുക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പരസ്യം ചെയ്യുന്നതു് പരസ്യ ആപ്പീസിന്റെ തീരുമാനമനുസരിച്ചായിരിക്കും.

ശ്രീ. കെ. സി. ജോർജ്ജ് : ജനയുഗം പത്രത്തിനു പരസ്യം കൊടുക്കണമെന്നുള്ള അപേക്ഷ എന്നാണു ഗവണ്മെൻറിനു ലഭിച്ചതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : രണ്ടുമൂന്നു ദിവസങ്ങൾക്കു മുമ്പാണു് ഞാൻ ആ കടലാസ്സു് കണ്ടതു്.

സാംസ്കാരിക പ്രവർത്തനങ്ങൾ.

* 74. [3] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യയിലെ പരമ്പരാഗതങ്ങളായ സാംസ്കാരിക പ്രവർത്തനങ്ങളുടെ വിവിധവശങ്ങൾ ശേഖരിച്ചു ഒരു റഫറൻസ്ബുക്കു് തയ്യാർ ചെയ്യുവാൻ വയോജനവിദ്യാഭ്യാസ അസോസിയേഷൻ വേണ്ട വിവരങ്ങൾ ശേഖരിക്കുന്നതിനു ആരോടാണു് അവശ്യപ്പെട്ടിട്ടുള്ളതു് ;

(ബി) എന്തെല്ലാം വിവരങ്ങൾ ഈ കാര്യത്തിൽ ശേഖരിച്ചിട്ടുണ്ടു് ;

(സി) ഇവിടെ ചരിത്രപരമായ വിവരങ്ങൾ അറിയുന്നതിനു വല്ല അന്വേഷണവകുപ്പും പ്രവർത്തിക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : (എ.) ഇൻഡ്യയിലെ പരമ്പരാഗതങ്ങളായ സാംസ്കാരിക പ്രവർത്തനങ്ങളുടെ വിവിധവശങ്ങൾ ശേഖരിച്ച് ഒരു റെഫറൻസ്ബുക്ക് തയാർ ചെയ്യുവാൻ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൽ പ്പെട്ട വയോജന വിദ്യാഭ്യാസബോർഡ് നോട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) വിവരങ്ങൾ ശേഖരിച്ചു വരുന്നതേയുള്ളൂ.

(സി) ഉണ്ട്.

† അഖിലകേരള സാഹിത്യപരിഷത്ത്.

* 75. [4]. ശ്രീ. സി. ജി. സദാശിവൻ : താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

തിരുവനന്തപുരത്തു നടന്ന അഖിലകേരള സാഹിത്യപരിഷത്ത് സമ്മേളനത്തിന് സർക്കാർ എന്തുതുക നൽകി ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തിരുവനന്തപുരത്തുവച്ചു നടന്ന അഖിലകേരള സാഹിത്യപരിഷത്ത് സമ്മേളനത്തിന് സർക്കാരിൽ നിന്നും 5,000 രൂപാ ഗ്രാൻറു നൽകുകയുണ്ടായി.

ശ്രീ. ടി. എ. മജീദ് : എന്താവശ്യത്തിനുവേണ്ടിയാണ് ഈ ഗ്രാൻറ് നൽകിയത് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ സമ്മേളനം നടത്തേണ്ടയാവശ്യത്തിനു ഒരു ഗ്രാൻറു കിട്ടിയാൽ കൊള്ളാമെന്നു സമ്മേളന ഭാരവാഹികൾ ഗവണ്മെൻറിനോട് അപേക്ഷിച്ചു. അതിനനുകൂലമായ തീർപ്പു ചെയ്ത് 5,000 രൂപാ ഗ്രാൻറു കൊടുക്കുവാൻ ആർഡറായി.

ശ്രീ. ടി. എ. മജീദ് : സാഹിത്യപരിഷത്തിനു എന്തു ചെലവു വരുമെന്നു അന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സമ്മേളനം പൂർത്തിയാകുന്നതിനു മുമ്പാണ് ഗ്രാൻറു നൽകിയത്.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : എങ്ങനെയാണ് ഗ്രാൻറ് ചെലവാക്കിയത് എന്നു ഗവണ്മെൻറ് അന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കണ്ടിഷനോടു കൂടിയ ഒരു ഗ്രാൻറല്ല കൊടുത്തിട്ടുള്ളത്. അതു കേവലം ഒരു ദാനമാണ്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : സമ്മേളനത്തിൻെറ ഭാരവാഹികൾ ആരെല്ലാമാണ് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അഖിലകേരള സാഹിത്യപരിഷത്ത് എന്നു പറയുന്നതു രജിസ്റ്റർ ചെയ്ത ഒരു സംഘടനയാണ്. ആ സംഘടനയുടെ വാർഷികയോഗം ഓരോ സ്ഥലത്തുമുള്ള സാഹിത്യകാരന്മാരുടെ ഉത്സാഹത്തിൽ ഓരോ വെല്ലുവും നടക്കുകയാണു പതിവ്. അതാതു ഭാരവാഹികൾ ആവശ്യപ്പെടുന്നതനുസരിച്ച് അതാതു സാംസ്കാ

† As the Member was absent, the question was put by Shri T. A. Majeed with the permission of the Chair.

നികുതവണ്മെൻറുകൾ ധനസഹായം ചെയ്യാറുണ്ടു്. ഇക്കൊല്ലം ഈ സാഹിത്യ പരിഷത്തു സമ്മേളനം തിരുവനന്തപുരത്തുവച്ചു് നടത്താമെന്നേറ്റെടുത്തതു് തിരുവനന്തപുരത്തെ Dramatic bureau ആണു്. അതിൻെറ പ്രസിഡൻേറാ കാര്യദർശിയോ ആയ ശ്രീ. കൈനിക്കര പത്മനാഭപിള്ളയാണു് ഗ്രാൻറിനപേക്ഷിച്ചതു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : മുമ്പു് ഈ ഗവണ്മെൻറു് ഇതുപോലെ പരിഷത്തു് സമ്മേളനങ്ങൾക്കു് ഗ്രാൻറു നൽകിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനു നോട്ടീസ് വേണം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : പരിഷത്തു് സമ്മേളനം നടന്നതു് ബഹുമാനപ്പെട്ട മന്ത്രിമാരുടെ സാന്നിദ്ധ്യത്തിലാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മന്ത്രിമാരിൽ ചിലർ അവിടെ സന്നിഹിതരായിരുന്നു എന്നോർക്കുന്നു.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : സാഹിത്യപരിഷത്തു സമ്മേളനത്തെ സംബന്ധിച്ചു് സാഹിത്യകാരന്മാരുടെ ഇടയിൽ വിപരീതാഭിപ്രായം ഉണ്ടെന്നുള്ള വിവരം ഗവണ്മെൻറിൻെറ അറിവിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ ഗവണ്മെൻറിനു അറിവൊന്നുമില്ല. എന്നാൽ അവരുടെ ഇടയിൽ ചില അഭിപ്രായവ്യത്യാസമുണ്ടെന്നു എനിക്കു് അറിയാൻ കഴിഞ്ഞിട്ടുണ്ടു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : എന്താണു് അഭിപ്രായവ്യത്യാസം ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഏതു കാര്യത്തെപ്പററിയും അഭിപ്രായവ്യത്യാസം ഉണ്ടാകാം. വേറെ ചില പ്രാസംഗികന്മാരെ കൂടി ഉൾപ്പെടുത്താമായിരുന്നു, ഇപ്പോഴത്തെ പ്രവർത്തകന്മാർ മിക്കവാറും യാഥാസ്ഥിതികന്മാരാണു്, എന്നും മററും ആണു് അഭിപ്രായവ്യത്യാസമെന്നു തോന്നുന്നു.

ശ്രീ. കെ. സി. ജോർജ്ജ് : ഇങ്ങനെയുള്ള സംഘടനകൾക്കു് ഗ്രാൻറു കൊടുക്കുന്നതിനു പ്രത്യേകം വല്ല വ്യവസ്ഥയും ചെയ്തിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സാഹിത്യപരിഷത്തു കഴിഞ്ഞ 25 കൊല്ലങ്ങളായി ഇവിടെ പ്രവർത്തിച്ചുവരുന്ന സാഹിത്യകാരന്മാരുടെ ഒരു സംഘമാണു്. അതിൻെറ ഒരു സമ്മേളനം ഈ സംസ്ഥാനത്തുവച്ചു് നടത്തുന്നതിനായി തുച്ഛമായ 5,000 രൂപാ ഗ്രാൻറു കൊടുത്തു എന്നല്ലാതെ പ്രത്യേകത ഒന്നും നോക്കിയിട്ടില്ല.

ശ്രീ. കെ. സി. ജോർജ്ജ് : അപ്പോൾ പഴയ സംഘടനകൾക്കെല്ലാം കൊടുക്കുക, അല്ലാത്തതിനു ഒന്നും കൊടുക്കുകയില്ല എന്ന നയമാണോ ഗവണ്മെൻറു സ്വീകരിച്ചിരിക്കുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പഴയതിനോടു് ബഹുമാനം തോന്നുക സ്വാഭാവികമാണല്ലോ. എന്നുവച്ചു് പുതിയസംഘങ്ങൾക്കു് ഗ്രാൻറു കൊടുത്തുകൂടാ എന്നില്ല.

ശ്രീ. പി. വി അവിരാത്തരകൻ : പഴക്കമുള്ള എൻ. എസ്സ്. എസ്സിനും കത്തോലിക്കാ കാൺഗ്രസ്സിനും ഗവണ്മെൻറ് ഗ്രാൻറ കൊടുക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതുപോലെയല്ല സാഹിത്യപരിഷത്ത്.

ശ്രീ. കെ. സി. ജാർജ്ജ് : പുരോഗമനസാഹിത്യപരിഷത്തിനും ഗ്രാൻറ കൊടുക്കുന്നതിനു വിരോധമുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ സംഘടന അങ്ങനെ ഒരപേക്ഷ അയച്ചിട്ടുള്ളതായി കണ്ടില്ല.

† കേരള പുരോഗമന സാഹിത്യസംഘടന.

* 76. [5] ശ്രീ. സി. ജി. സദാശിവൻ : താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

കേരളപുരോഗമന സാഹിത്യസംഘടനക്ക് എന്തെങ്കിലും സംഭാവന നൽകിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെയൊരു സംഘടന ഗ്രാൻറിനു അപേക്ഷിച്ചിട്ടുള്ളതായി കാണുന്നില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : കോട്ടയത്തുവച്ചു കൂടിയ പുരോഗമന സാഹിത്യസമ്മേളനത്തിനു ധനസഹായം ചെയ്യണമെന്നു ശ്രീ. പൊൻകുന്നം വക്കി അപേക്ഷിച്ചിട്ടില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ അപേക്ഷിച്ചിട്ടുള്ളതായി കാണുന്നില്ല.

ശ്രീ. കെ. സി. ജാർജ്ജ് : ഇനി മേലാൽ അപേക്ഷിച്ചാൽ തടസ്സമില്ലെന്നാണോ ഇതിൽനിന്നും മനസ്സിലാക്കേണ്ടതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഗ്രാൻറ് അനുവദിക്കുന്നതു് അനേകം ഉപാധികളെ ആശ്രയിച്ചാണ്.

ശ്രീ. കെ. സി. ജാർജ്ജ് : ഇപ്പോൾ ഗ്രാൻറ് അനുവദിച്ചുകൊടുക്കുന്നതിനു വല്ല ഉപാധിയുമുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പറയത്തക്ക യാതൊരു ഉപാധിയുമില്ല. അതു് കേവലം ഒരു ഐസൊലേററഡ് ആക്ററാണ്.

ശ്രീ. കെ. സി. ജാർജ്ജ് : മുമ്പ് ഉപാധികൾ ഉണ്ടെന്നു പറഞ്ഞതോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ പ്രത്യേകിച്ചു് ഒരു നിയമവും അധികാരത്തിലേക്കില്ല എന്നേ അർത്ഥമാക്കാനുള്ളു.

† As the Member was absent, the question was put by Shri T. A. Majeed with the permission of the Chair.

സെൻട്രൽ ജയിൽ.

* 77. [6] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യത്തിന്നു ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ :

സെൻട്രൽ ജയിൽക്കാര്യങ്ങൾ വിശദമായി അന്വേഷിച്ചു റിപ്പോർട്ട് ചെയ്യുന്നതിന്ന് നിയമസഭാസാമാജികന്മാരടങ്ങിയ ഒരു കമ്മിററിയെ നിയമിക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൻ): ഒരു ജയിൽ പരിഷ്കരണകമ്മിററിയെ ഗവണ്മെൻറ് നിയമിക്കുകയും ആ കമ്മിററിയുടെ റിപ്പോർട്ട് ഗവണ്മെൻറിന്റെ പര്യാലോചനയിൽ ഇരിക്കുകയുമാണ്. അതുകൊണ്ട് തൽക്കാലം വേറൊരു കമ്മിററി നിയമിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. ആർ. സുഗതൻ : ആ റിപ്പോർട്ട് വന്നതിനുശേഷം ജയിൽ പുള്ളികൾക്കു യാതൊരാശ്വാസവും കൂടുതലായി കൂട്ടിയിട്ടില്ലെന്നു പരാതിയുള്ളതായി അറിയാമോ ?

ശ്രീ. എ. ജെ. ജാൻ : റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിനു വേണ്ട ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. പരാതികളൊന്നും ലഭിച്ചിട്ടില്ല.

ശ്രീ. കെ. സി. ജാർജ്ജ് : റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉത്തരവു പുറപ്പെടുവിച്ചതു് എന്നാണ് ?

ശ്രീ. എ. ജെ. ജാൻ : 1955 മാർച്ച് 23-ാം നു.

പാലങ്ങൾ.

* 78. [7] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്ത് ഇന്ന് കേടുപററിയ എത്ര പാലങ്ങൾ ഉണ്ടെന്ന് അറിയാമോ ;

(ബി) അടുത്ത പഞ്ചവത്സരപദ്ധതിയിൽ പുതിയ എത്ര പാലങ്ങൾ ഉൾപ്പെടും ;

(സി) എവിടെയെല്ലാം ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) ;

(എ) ബലപ്പെടുത്തേണ്ടതും കേടുപാടുകൾ തീർക്കേണ്ടതുമായ 70 പാലങ്ങൾ ഉണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

(ബി) അടുത്ത പഞ്ചവത്സരപദ്ധതിയിൽ പുതിയതായി 117 പാലങ്ങൾ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(സി) വിവരങ്ങളടങ്ങിയ ലിസ്റ്റ് മേശപ്പുറത്തു് വച്ചിട്ടുണ്ട്. †

ശ്രീ. ആർ. സുഗതൻ : ഓരോ പാലത്തിന്നും കേടുപററിയ്ക്കു എത്ര കൊല്ലമായെന്നു പറയാമോ ?

† Please see Appendix I

ശ്രീ. കെ. ഐ. വേലായുധൻ : 1954–1955–ൽ ആണ് കേട്ട പററിയിട്ടുള്ളത്.

ശ്രീ. ആർ. സുഗതൻ : കരുനാഗപ്പള്ളി താലൂക്കിലെ കണ്ണേററി പാലത്തിനു കേടുവന്നതു ഏതു കൊല്ലത്തിലാണെന്നു പറയാമോ ?

മി. സ്പീക്കർ : അതൊരു പ്രത്യേക ചോദ്യമായി ചോദിക്കേണ്ടതാണ്.

ഭൂമി പതിപ്പ്.

* 79. [8] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നല്കുമോ :

(എ) കോവാപ്പറേററീവ് സൊസൈററികൾക്ക് മാത്രമേ ഇനിമേലാൽ ഭൂമി പതിച്ചുകൊടുക്കുകയുള്ളു എന്ന് ഗവണ്മെൻറ് പ്രസ്സ്നോട്ട് വന്നതിനുശേഷം ഏത്ര സൊസൈററികൾ ഭൂമി പതിച്ചുകിട്ടുന്നതിനു അപേക്ഷകൾ അയച്ചിട്ടുണ്ട് ;

(ബി) ഏതെല്ലാം സൊസൈററികൾക്ക് എവിടെയെല്ലാം ഭൂമികൾ പതിച്ചുകൊടുത്തിട്ടുണ്ട് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൻ): (എ) 64 സൊസൈററികൾ അപേക്ഷകൾ അയച്ചിട്ടുണ്ട്.

(ബി) കുളത്തുപ്പുഴ കർഷകസംഘത്തിനു, അതായതു് ടി. എസ്. റോഡിൻെറ അടുത്തു് നാലാം നമ്പർ ക്ലൂപ്പിൻെറ ഒരംശം കാളനൈസേഷൻ പദ്ധതിപ്രകാരം പതിച്ചുകൊടുക്കാൻ ഉത്തരവായിട്ടുണ്ട്.

ശ്രീ. ആർ. പ്രകാശം : സൊസൈററിയിലെ അംഗമായ ഒരു വ്യക്തിക്കു സ്വന്തമായി ഭൂമിയുണ്ടോ ഇല്ലയോ എന്നു് അന്വേഷിക്കാറുണ്ടോ ?

ശ്രീ. എ. ജെ. ജാൻ : അന്വേഷിക്കാറുണ്ടെന്നാണ് തോന്നുന്നതു്.

ശ്രീ. സി. എ. മാത്യു : സൊസൈററികൾക്കു മാത്രമെ ഭൂമി പതിച്ചുകൊടുക്കുകയുള്ളുവെന്നു പ്രസ്സ്നോട്ട് ഇറക്കിയശേഷം ഏതെങ്കിലും വ്യക്തികൾക്കു ഭൂമി പതിച്ചുകൊടുത്തിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൻ : ചില പ്രത്യേക സാഹചര്യങ്ങളെ അടിസ്ഥാനപ്പെടുത്തി കൊടുത്തിട്ടുണ്ടായിരിക്കും.

ശ്രീ. സി. എ. മാത്യു : പ്രത്യേക സാഹചര്യമെന്നു വച്ചാൽ എന്താണ് ?

ശ്രീ. എ. ജെ. ജാൻ : പതിച്ചുകൊടുക്കുന്ന വസ്തുവിൻെറ ചുററും കിടക്കുന്ന ഭൂമി ചിലപ്പോൾ അപേക്ഷകൻെറ കൈവശത്തായിരിക്കും. അങ്ങനെ വരുമ്പോൾ ആ ഭൂമികൂടി കൊടുക്കേണ്ടി വന്നേയ്ക്കും.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ആ കാരണങ്ങൾ പറഞ്ഞു ഇനിയും ഭൂമി പതിച്ചുകൊടുക്കാൻ വിചാരിക്കുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൻ : ചില്ലപ്പോൾ കൊടുക്കേണ്ടതായും വരും.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: അപ്പോൾ ഭൂമിയുള്ളവർക്കു തന്നെ വീണ്ടും ഭൂമി പതിച്ചുകൊടുക്കുന്ന നയമാണോ ഗവണ്മെൻറ് സ്വീകരിച്ചിരിക്കുന്നത്?

ശ്രീ. എ. ജെ. ജാൻ: അങ്ങനെ ഒരു നയം ഗവണ്മെൻറ് സ്വീകരിച്ചിട്ടില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: സൊസൈറ്റികൾക്ക് ഭൂമി പതിച്ചുകൊടുക്കണമെന്നു പ്രസ്സ്നോട്ടിൽ പറഞ്ഞിരിക്കുന്നത് എന്നു മുതലാണ്?

ശ്രീ. എ. ജെ. ജാൻ: 1952 ജൂൺ 24-ാം നു- മുതൽ കൊടുക്കണമെന്നാണ്.

സോവിയററ ഫുട്ട്ബാൾ ടീം.

* 80. [9] ശ്രീ. ആർ. പ്രകാശം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോവിയററ ഫുട്ട്ബാൾ ടീം തിരുവനന്തപുരം സന്ദർശിച്ചവകയിൽ ഗവണ്മെൻറിനു എന്തു തുക ചെലവായിട്ടുണ്ട്;

(ബി) പ്രസ്തുത ടീം അംഗങ്ങളെ മുഖ്യമന്ത്രി സന്ദർശിക്കുകയുണ്ടായോ;

(സി) സോവിയററ റഷ്യയിൽ ഉള്ളതുപോലെ കായികവിനോദങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഒരു മന്ത്രിയെ തിരുവിതാംകൂർ-കൊച്ചിയിലും നിയമിക്കുവാൻ ശ്രദ്ധിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) സോവിയററ ഫുട്ട്ബാൾ ടീം തിരുവനന്തപുരം സന്ദർശിച്ചവകയിൽ ഗവണ്മെൻറിനു ഒന്നും ചെലവായിട്ടില്ല.

(ബി) പ്രസ്തുത ടീം അംഗങ്ങളെ മുഖ്യമന്ത്രി സന്ദർശിക്കുകയുണ്ടായില്ല.

(സി) സോവിയററ റഷ്യ കായികവിനോദത്തിനു വേണ്ടി ഒരു മന്ത്രിയെ നിയമിച്ചിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. ഉണ്ടെങ്കിൽ തന്നെയും ഇവിടെ അങ്ങനെ ഒരു മന്ത്രി വേണമെന്നു ഉദ്ദേശിക്കുന്നില്ല.

ശ്രീ. ആർ. പ്രകാശം: സോവിയററ റഷ്യാക്കാരുടെ ഫുട്ട്ബാൾ കളി ഇവിടെ നടത്തണമെന്ന് ആവശ്യപ്പെട്ടതു് ആരാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇവിടത്തെ ഫുട്ട്ബാൾ അസോസിയേഷൻ ആണെന്നാണ് എൻെറ ഓർമ്മ.

ശ്രീ. ആർ പ്രകാശം: ഇവിടത്തെ ഫുട്ട്ബാൾ അസോസിയേഷൻക്കാർ റഷ്യയിലെ കളിക്കാരോടുകൂടി മത്സരിക്കാൻ ഇൻഡ്യയിലെ പ്രധാനപ്പെട്ട കളിക്കാരെ ഉൾപ്പെടുത്താത്തതു നിമിത്തം കളി പരാജയപ്പെടുകയും തന്നിമിത്തം അതിനു പല തകരാറുകളും ഉണ്ടാകാൻ ഇടയാകുകയും ചെയ്തുഎന്നുള്ള വിവരം ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

Mr. Speaker: It is not a matter primarily concerning this Government.

ജയിൽ അന്വേഷണക്കമ്മിററി റിപ്പോർട്ട്.

* 81. [10] ശ്രീ. കെ. സി. ജാർജ്ജ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നരുകുമോ:

(എ) ജയിൽ അന്വേഷണക്കമ്മററിയുടെ താൽക്കാലിക റിപ്പോർട്ട് നടപ്പിലാക്കുന്നതിനു വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത്;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൻ): (എ) ജയിൽ അന്വേഷണ കമ്മററിയുടെ ശുപാർശകൾ ആകുന്നിടത്തോളവും നടപ്പിലാക്കാൻ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ആ ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്തു വച്ചിട്ടുണ്ട്. †

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. സി. ജാർജ്ജ്: പകർപ്പ് മേശപ്പുറത്തു വച്ചിട്ടുണ്ടെന്നു പറയുകയുണ്ടായി. അതിന്റെ ഉള്ളടക്കം സംക്ഷിപ്തമായിട്ടെങ്കിലും പറയാൻ ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജാൻ: കമ്മററിയുടെ ശുപാർശയനുസരിച്ച് കഴിയുന്നിടത്തോളം സ്ഥലങ്ങളിൽ സബ്ജയിലുകൾ ഉണ്ടാക്കണമെന്നാണ് ഗവണ്മെന്റു വിചാരിക്കുന്നത്. അതനുസരിച്ച് താഴെപറയുന്ന സ്ഥലങ്ങളിൽ 'എ' ക്ലാസ്സ് സബ്ജയിലുകൾ തുറക്കുന്നതാണ്.

നാഗർകോവിൽ	എറണാകുളം
തിരുവനന്തപുരം	ആലുവാ
കൊല്ലം	മീനച്ചിൽ
ആലപ്പുഴ	മട്ടാഞ്ചേരി
കോട്ടയം	ഇരിഞ്ഞാലക്കുട

ത്രിവത്സരപ്പാൻ അനുസരിച്ച് 'ബി' ക്ലാസ്സ് സബ്ജയിൽ ഉണ്ടാക്കുന്നതിനുവേണ്ടി പ്രത്യേക കെട്ടിടസൗകര്യം വേണ്ടിയിരിക്കുന്നതിനാൽ കുറെ താമസം നേരിടുന്നതാണ്.

'എ' ക്ലാസ്സ് സബ്ജയിലിൽ സെൽഫ് കുക്കിംഗ് നടത്താൻ അനുവാദം കൊടുത്തിട്ടുണ്ട്. ഇപ്പോൾ സെൻട്രൽ ജയിലിലും വിയ്യൂർ ജയിലിലും ഈ സൗകര്യം കൊടുത്തിട്ടുണ്ട്. ജോലിചെയ്യാൻ ത്രാണിയും ഉത്സാഹവുമുള്ളവർക്ക് തരാതരംപോലെയുള്ള ജോലികൾ, അരിയത്തു, നെയ്ത്തു, നൂൽനൂൽപ്പു, തോട്ടവേല മുതലായവ കൊടുക്കുന്നതിന് വകുപ്പുണ്ട്. ഇങ്ങനെ ജോലിചെയ്യുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനായിട്ടു ജോലിയുടെ രീതിയനുസരിച്ച് ഒരു ചെറിയ പ്രതിഫലം നൽകുന്നതിനും നിശ്ചയിച്ചിട്ടുണ്ട്. അണ്ടർ ട്രയൽ പ്രിസണേഴ്സിനു സ്വന്തമായി വസ്ത്രം ഉപയോഗിക്കാം. എന്നാൽ അപ്രകാരം സാദ്ധ്യത ഇല്ലാത്തവർക്ക് ഗവണ്മെന്റു ചിലവിൽ വസ്ത്രം വിതരണം ചെയ്യുന്നതാണ്. ഇവർക്കു കിടക്കുന്നതിനുള്ള ഉപകരണങ്ങളും സ്വന്തമായി ഉപയോഗിക്കാം.

† Please see Appendix II.

അതിനു നിവൃത്തിയില്ലാത്തവക്ക് ഗവണ്മെൻറ് കൊടുക്കുന്നതാണ്. പിന്നീട്, മോറലും റിലിജിയസുമായിട്ടുള്ള പഠനസൗകര്യം കൊടുക്കുന്നതാണ്. എല്ലാ സബ്ജയിലിലും ഓരോ ലൈബ്രറി ഉണ്ടായിരിക്കുന്നതാണ്. സന്ദർശകരുമായി സംഭാഷണംചെയ്യാനുള്ള കൂടുതൽ സൗകര്യവും, കത്തെഴുതാനുള്ള ഉപകരണങ്ങളും നൽകുന്നുണ്ട്. അവരുടെ സ്വന്തം ചെലവിൽ വേണമെങ്കിൽ കുറച്ചുമാത്രം പുകയിലയോ പുകയില സാധനങ്ങളോ ഉപയോഗിക്കാം. മുറുക്കാനും പുകവലിക്കാനും ഉള്ള അനുവാദം നിരോധിച്ചിട്ടില്ല. സ്ത്രീതടവുകാരികൾക്ക് ചീപ്പും കണ്ണാടിയും കൊടുക്കപ്പെടും. എല്ലാ തടവുകാർക്കും ആഴ്ചയിൽ ഒരു ദിവസം എണ്ണതേച്ചുകുളി അനുവദിക്കപ്പെടും. പുരുഷന്മാർക്ക് പ്രതിവാരം ഒരു ഷേവും രണ്ടുമാസത്തിലൊരിക്കൽ മുടിവെട്ടും അനുവദിക്കപ്പെടും. ഇങ്ങനെയുള്ള പല സൗകര്യങ്ങളും ഈ ഏപ്രിൽ 1-ാംനു- മുതൽ നടപ്പിലാക്കാൻ ഗവണ്മെൻറ് ഉദ്ദേശിച്ചിരിക്കുകയാണ്.

ശ്രീ. കെ. സി. ജാർജ്ജ് : ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിൽനിന്നും ഈ പരിഷ്കാരങ്ങൾ നടപ്പിലാകുന്നപക്ഷം ലാക്കപ്പുകളുടെ ആവശ്യം തന്നെ ഇല്ലെന്നല്ലേ അർത്ഥമാക്കേണ്ടതു് ?

ശ്രീ. എ. ജെ. ജാൺ : എന്നർത്ഥമാക്കേണ്ട. ജയിൽ പരിഷ്കരണ കമ്മിററിയുടെ ശുപാർശകളനുസരിച്ചു തടവുകാർക്ക് കൂടുതൽസൗകര്യങ്ങൾ നൽകുന്നുണ്ടെന്നു അർത്ഥമാക്കിയാൽ മതി.

ശ്രീ. കെ. സി. ജാർജ്ജ് : അങ്ങനെയാണെങ്കിൽ ഇപ്പോൾ, പല സ്ഥലത്തും ലാക്കപ്പുകൾ കൂടുതലായ് പണിയുന്നതു എന്തിനാണ് ?

ശ്രീ. എ. ജെ. ജാൺ : ലാക്കപ്പുകൾ തീരെ നിർത്തുന്നില്ല.

ശ്രീ. കെ സി. ജാർജ്ജ് : നെടുമങ്ങാട്ടു ഒരു ലാക്കപ്പു പുതിയതായി പണിയുന്നതു പുള്ളികളെ അടയ്ക്കുന്നതിനല്ലേ ?

ശ്രീ. എ. ജെ. ജാൺ : ദീർഘകാലത്തേക്കു പുള്ളികളെ അടയ്ക്കുന്നതിനല്ല. തൊണ്ടികൾ സൂക്ഷിക്കുന്നതിനുകൂടി ഉപയോഗിക്കാം.

ശ്രീ. ആർ. പ്രകാശം : സബ്ജയിലിനകത്തു കിടക്കുന്ന തടവുകാരുടെ വാരിയെല്ല് ഒടിക്കുന്നുവെന്നുള്ള വിവരം മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. തോപ്പിൽ രാസ്കരൻപിള്ള : സബ്ജയിൽ ഉള്ള സ്ഥലത്തും പുള്ളികളെ ലാക്കപ്പുകളിലല്ലേ ഇട്ടിരിക്കുന്നതു് ?

ശ്രീ. എ. ജെ. ജാൺ : ആയിരിക്കാം.

ശ്രീ. എൻ. ജി. ചാക്കോ : സബ്ജയിലുകൾ നടപ്പിലാക്കിയാൽ അവിടത്തെ സുഖസൗകര്യാദികളെ പരിഗണിച്ചു കൂടുതൽ ആളുകൾ പോകാൻ തയ്യാറാകുകയില്ലേ ? (ഉത്തരമില്ല)

ടെക്സ്റ്റുബുക്ക് കമ്മിററി.

* 82. [11] ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) ടെക്സ്റ്റുബുക്ക് കമ്മിററിയിൽ ഇന്നുള്ള അംഗങ്ങൾ ആരെല്ലാം ;

(ബി) ഇതിൽ അദ്ധ്യാപക പ്രതിനിധികൾ ആരാണ് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ ബി) ഇപ്പോൾ ടെക്സ്റ്റുബുക്ക് കമ്മിററി നിലവിലില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : എന്തുകൊണ്ടാണ് ഈ കമ്മിററി നിറുത്തലാക്കിയത് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ സ്കൂൾവർഷത്തിൽ പുതിയതായി ടെക്സ്റ്റുബുക്കുകൾ ഒന്നും നിശ്ചയിച്ചിട്ടില്ലാത്തതു കൊണ്ട്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : കഴിഞ്ഞകൊല്ലത്തെ പാഠപുസ്തകങ്ങൾ തന്നെയാണോ ഈ കൊല്ലത്തിലും തുടരാൻ നിശ്ചയിച്ചിരിക്കുന്നത്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതെ.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : കഴിഞ്ഞകൊല്ലത്തിൽ കമ്മിററിയിലുള്ള അംഗങ്ങൾ ആരെല്ലാമാണെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനു പ്രത്യേകം നോട്ടീസുവേണം.

ശ്രീമതി കെ. ആർ. ഗൗരി : ഈ കൊല്ലം സബ്ജക്ട് ബുക്കിനു മാററം വരുത്തിയിട്ടില്ലായെന്നാണോ പറയുന്നത് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സബ്ജക്ട് ബുക്കുകൾക്കു വേണ്ടി പുതിയതായി ഒന്നും പ്രിസ്ക്രൈബ് ചെയ്തിട്ടില്ല.

ശ്രീമതി കെ. ആർ. ഗൗരി : ഈ അദ്ധ്യയനവർഷത്തിൽ പുതിയതായി ഒരു പുസ്തകവും ഇനിയും എടുക്കുകയില്ലെന്നാണോ മനസ്സിലാക്കേണ്ടത് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതെ.

ശ്രീമതി കെ. ആർ. ഗൗരി : അങ്ങനെയാണെങ്കിൽ ടെക്സ്റ്റുബുക്ക് കമ്മിററി മുമ്പാകെ പുതിയ പുസ്തകങ്ങൾ ഉണ്ടെങ്കിൽ ഹാജരാക്കണമെന്ന് നോട്ടിഫിക്കേഷൻ ഉണ്ടാകാൻ കാരണമെന്താണ് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ ഉണ്ടായിട്ടുണ്ടെങ്കിൽ അതേപ്പററി പരിശോധിക്കാം.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : നിലവിലുള്ള കമ്മിററി പിരിച്ചുവിട്ടോ അതോ ഇപ്പോഴും ആ കമ്മിററി ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കമ്മിററി ഇപ്പോൾ നിലവിലില്ല.

ശ്രീ. കെ. കരുണാകരൻ : ടെക്സ്ററ ബുക്കിന്റെ എണ്ണത്തിൽ കുറവു വരുത്തണമെന്നു ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ കാര്യം ആലോചനയിലിരിക്കുകയാണ്.

ശ്രീ. എം. വി. ചെറിയാൻ: ടെക്സററുബുക്കു നിർമ്മാണത്തിൽ ചില അപാകതകൾ ഉണ്ടായിട്ടുള്ളതു ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് ഒരു ജനറൽ സ്റ്റേറ്റുമെൻറായതുകൊണ്ടു് ഇപ്പോൾ ഉത്തരം പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. വി. ചെറിയാൻ : പ്രത്യേകിച്ചു ലോവർ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിൽ ചിലതിന്റെ ഉള്ളടക്കത്തിൽ ചില കുഴപ്പങ്ങൾ ഉണ്ടായിട്ടുള്ളതു ഗവണ്മെൻറിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇതും ഒരു ജനറൽ സ്റ്റേറ്റുമെൻറാണ്.

ശ്രീ. എൻ. നാരായണക്കുറുപ്പ് : ലോവർ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ എണ്ണവും കുറവുചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ കാര്യവും ഗവണ്മെൻറിന്റെ ആലോചനയിലിരിക്കുകയാണ്.

ഗവണ്മെൻറു മുടക്കിയിട്ടുള്ള മൂലധനം.

*83. [12] ശ്രീ. എം.പി. ചന്ദ്രശേഖരപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറു മൊത്തം എത്ര ലക്ഷം രൂപ വിവിധ വ്യവസായപ്രവർത്തനങ്ങൾക്കായി മൂലധനം ഇനത്തിൽ മുടക്കിയിട്ടുണ്ടു്;

(ബി) ഏതെല്ലാം വ്യവസായശാലകൾ (ഗവണ്മെൻറിനു പണം മുടക്കുള്ളതു്) ഇന്നു ആദായകരമായി പ്രവർത്തനം നടത്തുന്നുണ്ടു്; ഏതെല്ലാം നഷ്ടത്തിൽ പ്രവർത്തനം നടത്തുന്നു;

(സി) പുതുതായി ഏതെങ്കിലും വ്യവസായശാലകൾ ഈ ധനവർഷത്തിൽ തുറക്കുന്നതിനു ആലോചനയുണ്ടോ;

(ഡി) ഗവണ്മെൻറിന്റെ പൂർണ്ണനിയന്ത്രണത്തിലും ഉടമയിലുമുള്ള വ്യവസായശാലകളുടെ ഭരണം നടത്തുന്നതിനു തൊഴിലാളികളുടെ (അതാതു വ്യവസായശാലകളിലെ) പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി കമ്മിററികളെ ഉണ്ടാക്കുവാൻ ഗവണ്മെൻറു ആലോചിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) മൊത്തം 742·87 ലക്ഷം രൂപ വിവിധ പ്രവർത്തനങ്ങൾക്കായി മൂലധനം ഇനത്തിൽ ഗവണ്മെൻറു് ഇറക്കിയിട്ടുണ്ടു്.

(ബി) ഗവണ്മെൻറ നേരിട്ടു നടത്തുന്ന ട്രാവൻകൂർ മിനറൽസ്, ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ്, ട്രാവൻകൂർ റബ്ബർ വർക്സ്, സിറാമിക് കണ്ടേസേഴ്, ഷാക്കല് വർ ഓയിൽ ഫാക്ററി, എസ്. കെ. വി. എ. ആയുർവ്വേദഫാർമസി എന്നു ആറു സ്ഥാപനങ്ങൾ പ്രവർത്തനം നടത്തുന്നതിൽ ട്രാവൻകൂർമിനറൽസ്, റബ്ബർ വർക്സ്, എസ്. കെ. വി. എ. ആയുർവ്വേദ ഡിസ്പെൻസറി ഇവയുടെ പ്രവർത്തനം 1953–54-ൽ ആദായകരമായിരുന്നു. ബാക്കി മൂന്നെണ്ണത്തിൻെറ പ്രവർത്തനം നഷ്ടത്തിലായിരുന്നു. ഷെയർ എടുത്തും ലോൺ കൊടുത്തും ഗവണ്മെൻറ സഹായിച്ചുവരുന്ന ഏകദേശം അറുപതോളം ഇത്ര സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെ വിവരം ശേഖരിച്ചുകൊണ്ടിരിക്കയാണ്.

(സി) ഉണ്ട്.

(ഡി) ആലോചിക്കുന്നതാണ്.

ശ്രീ. എം. പി. ചന്ദ്രശേഖരപിള്ള : ഇപ്പോൾ നഷ്ടമുള്ള വ്യവസായശാലകൾക്കു നഷ്ടമില്ലാതെ നോക്കാൻ ഗവണ്മെൻറ ആലോചിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആലോചിക്കാം.

ശ്രീ. എം. പി. ചന്ദ്രശേഖരപിള്ള : നഷ്ടത്തിൻെറ കാരണങ്ങളെപ്പററി അന്വേഷിക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നഷ്ടമുണ്ടാകുന്നതു സാധാരണ വരവിൽക്കൂടുതലും ചെലവു വരുന്നതുകൊണ്ടാണ്. അതിനുള്ള കാരണങ്ങളെപ്പററി പല റിപ്പോർട്ടുകളും വന്നിട്ടുണ്ട്. ഓരോ കാര്യത്തെപ്പററിയും പ്രത്യേകിച്ചു ചോദിക്കുകയാണെങ്കിൽ മറുപടി പറയാവുന്നതാണ്.

ശ്രീ. ടി. കെ. ദിവാകരൻ : ചാലക്കുടി പാട്ടറീസ് കമ്പനി ഗവണ്മെൻറ് ഏറെറടുക്കുന്നതിനെപ്പററി റിപ്പോർട്ടു വല്ലതുമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്. അതിനെപ്പററി ആലോചിക്കാവുന്നതാണ്.

ശ്രീ. കെ. കരുണാകരൻ : ആദായമുള്ള സ്ഥാപനങ്ങളിൽ ബോണസ്സു കൊടുക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടെന്നാണ് ഓർമ്മ.

ശ്രീ. എം. ഭാസ്കരൻ നായർ : പുതിയതായി ആരംഭിക്കുവാൻ പോകുന്ന വ്യവസായങ്ങൾ എന്തൊക്കെയാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പററി അവസാനതീരുമാനമെടുത്തിട്ടില്ല. ചില ആലോചനകൾ ഗവണ്മെൻറിലേക്കു വന്നിട്ടുണ്ട്. ഉദാഹരണമായി കോട്ടയം സിമൻറ ഫാക്ററിയിൽ വെള്ള സിമൻറുണ്ടാക്കുന്നതിനുവേണ്ടി ഒരു എക്സ്റ്റൻഷൻ ഉണ്ടാക്കാനുള്ള പ്രൊപ്പോസൽ വന്നിട്ടുണ്ട്. റബ്ബർ ടയർ ഉണ്ടാക്കുന്ന ഫാക്ററി തുടങ്ങാനുള്ള പ്രൊപ്പോസൽ വന്നിട്ടുണ്ട്. കപ്പക്കിഴങ്ങിൽനിന്നും സ്റ്റാർച്ച് ഉണ്ടാക്കുവാനും ഗ്ലൂക്കോസ് ഉണ്ടാക്കാനും ഉള്ള പ്രപ്പോസൽ വന്നിട്ടുണ്ട്.

ഏലക്ട്രിസിററി ഡിപ്പാർട്ട്മെൻറിലേക്കുള്ള കമ്പിക്കാലുകൾ ഇരുമ്പുകൊണ്ടുണ്ടാക്കുന്നതിനുള്ള പ്രപ്പോസൽസ് ഉണ്ട്. ഡി. ഡി. ടി. ഫാക്ററി രണ്ടാമത്തെ പഞ്ചവത്സരപദ്ധതിയനുസരിച്ചു സ്ഥാപിക്കുന്നതു നമ്മുടെ സ്റ്റേററിലായിരിക്കണമെന്നുള്ള ആലോചനയുണ്ട്.

ശ്രീ. എം. ഭാസ്കരൻ നായർ : റബ്ബർ ടയർ ഉണ്ടാക്കുന്ന ഫാക്ടറി ഇവിടെ തുടങ്ങുന്നപക്ഷം അതു ഇപ്പോഴത്തെ റബ്ബർ ഫാക്ററിയുടെ പ്രവർത്തനത്തെ ബാധിക്കുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇപ്പോഴത്തെ ഫാക്ടറി സൈക്കിൾടയർ, ജഡ്ക്കാടയർ മുതലായവ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. എന്നാൽ ഇനി സ്ഥാപിക്കുവാൻ ആലോചിക്കുന്ന ഫാക്ടറി മോട്ടാർ ടയറുകൾ ലോറി ടയറുകൾ മുതലായവ ഉണ്ടാക്കുന്നതിനാണ്, അഥവാ ഒരു പക്ഷെ ഇപ്പോഴത്തെ ഫാക്ടറിയുടെ പ്രവർത്തനത്തെ ബാധിക്കുന്ന പക്ഷം രണ്ടും കൂടി ഇൻറഗ്രേറ്റ് ചെയ്യാവുന്നതാണ്.

ശ്രീ. കെ. എം. ജോർജ്ജ് : കോട്ടയത്തിനും ആലുവാക്കും ഇടയ്ക്കു ഗവണ്മെൻറു തുടങ്ങിയിട്ടുള്ള ഫാക്ടറികൾ ഒന്നും ഇല്ലെന്നറിയാമോ?

Mr. Speaker : You may put a separate question for that.

ശ്രീ. എം ഭാസ്കരൻനായർ : ഗവണ്മെൻറുവക റബ്ബർ ഫാക്ടറിയിൽ മോട്ടാർ ടയർ ഉണ്ടാക്കുന്നതിനുള്ള ഒരു പ്ലാൻറ് വാങ്ങുന്നതിന് കഴിഞ്ഞ കൊല്ലത്തെ ബഡ്ജററിൽ 12 ലക്ഷം രൂപ ഉൾപ്പെടുത്തിയിരുന്നതായിട്ടറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അറിയാം.

ശ്രീ എം. ഭാസ്കരൻനായർ : അങ്ങനെയാണെങ്കിൽ അതു വാങ്ങിക്കുന്നതല്ലേ നല്ലതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെക്കുറിച്ചു നല്ലവണ്ണം ആലോചിക്കേണ്ടതാണ്. അതിനു സാങ്കേതികവൈദഗ്ദ്ധ്യം ഉള്ള ആളുകൾ വേണം. നമ്മുടെ നാട്ടിലെ ജനങ്ങൾക്കു ആ തരത്തിലുള്ള സംഗതിയിൽ സാങ്കേതിക പരിജ്ഞാനം നൽകിയിട്ടുവേണം പ്ലാൻറ് വരുത്തേണ്ടതു്. അതുകൊണ്ടു് അതിനെപ്പററി ഗാഢമായി ആലോചിക്കേണ്ടതുണ്ട്.

ശ്രീ. കെ. സി. എബ്രഹാം : ഷാക്ക് ലിവർ ആയിൽ കമ്പനി തുടങ്ങാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇപ്പോൾ തന്നെ അങ്ങിനെ ഒരു ഫാക്ടറിയുണ്ട്.

ശ്രീ. ടി. പി. സീതാരാമൻ : സീതാരാം മിൽസ് മേലത്തിൽ വച്ചിരിക്കുന്നസ്ഥിതിക്കു ഗവണ്മെൻറിനു അതിലുള്ള മുതൽ വാങ്ങിക്കുന്നതിനെപ്പററി ആലോചിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്.

ശ്രീ. സി. എ. മാത്യു : ഏതെല്ലാം ഫാക്ടറികൾ നഷ്ടത്തിൽ കലാശിച്ചിട്ടുണ്ട് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററി അന്വേഷണം നടത്തുന്നുണ്ട്.

ശ്രീ. കെ. സി. ജോർജ്ജ്: നഷ്ടം ഉള്ളതു പരിഹരിക്കാനാണോ അതോ ആ ഫാക്ടറികൾ പൂട്ടാനാണോ ഗവണ്മെൻറുദ്ദേശിക്കുന്നത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നഷ്ടം പരിഹരിക്കാനാണ് ഗവണ്മെൻറിന്റെ ഉദ്ദേശം.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: മുഖ്യമന്ത്രി ഇവിടെ മറുപടി പറയുകയുണ്ടായി, വരവിൽ കൂടുതൽ ചെലവുവരുന്നതു കൊണ്ടാണു നഷ്ടം വരുന്നതെന്ന്. അതു് ബുദ്ധിപൂർവ്വമായ ഒരു മറുപടിയാണ്. അങ്ങനെയാണെങ്കിൽ 1955-56.ലെ ബഡ്ജററ് നഷ്ടത്തിലല്ലേ കലാശിക്കുക.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെ. ഇപ്പോൾ തയാറാക്കിയിരിക്കുന്നതു് ഒരു കമ്മി ബഡ്ജററാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: അങ്ങനെയാണെങ്കിൽ അതൊരു നഷ്ടക്കച്ചവടമല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവണ്മെൻറ് അതൊരു കച്ചവടമായി കരുതുന്നില്ല.

ശ്രീ. പ്രാക്കുളം ഭാസി. ഇപ്പോൾ തുടങ്ങുന്ന ടയർ ഫാക്ടറിയിൽ ഗവണ്മെൻറ് ഷെയർ എടുക്കാനാണോ ഉദ്ദേശിക്കുന്നതു് അതോ കമ്പനികൾക്ക് വിട്ടു കൊടുക്കാനാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററി ആലോചിച്ചിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി: ശ്രീ. കൊട്ടുകാപ്പള്ളിക്കു ഇതിൽ എത്ര ഷെയർ ഉണ്ട്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൊട്ടുകാപ്പള്ളിയും ഇതും തമ്മിൽ യാതൊരു ബന്ധവുമില്ല.

ശ്രീ. പ്രാക്കുളം ഭാസി: നഷ്ടത്തിൽ കലാശിക്കുന്നതുകൊണ്ട് ഒപ്പ്രെഷറ് ഏജൻസികൾക്കു കൊടുക്കുന്നതു ശരിയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എല്ലാം നഷ്ടത്തിലല്ല കലാശിച്ചിരിക്കുന്നതു്. ചിലതു നഷ്ടത്തിലാണെന്നു കരുതി ആ വഴിക്കു മുമ്പോട്ടു പോകാതിരിക്കുന്നതു ശരിയല്ല.

ശ്രീ. പ്രാക്കുളം ഭാസി: ഫാക്ടറികളെ സംബന്ധിച്ച് വെളിയിൽ നിന്നും എക്സ്പെർട്ടിനെ വരുത്തി അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: അതിന്റെ അടിസ്ഥാനത്തിൽ ഈ കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു ഗൈഡൻസായി വച്ചുകൊണ്ട് ബാക്കി നടപടികൾ നടത്തുകയാണ്.

ശ്രീ. പ്രാക്കുളം ഭാസി : പുതുതായി ഒരു എക്സ്പെർട്ടിനെ കൊണ്ടു് അന്വേഷിപ്പിക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ആവശ്യമുണ്ടാകുന്നപക്ഷം അതിനെപ്പററി ആലോചിക്കാവുന്നതാണു്.

ശ്രീ. കെ. എ. ബാലൻ : കഴിഞ്ഞ നിയമസഭയിൽ നമ്മുടെ വ്യവസായശാലകളുടെ പ്രവർത്തനങ്ങളെപ്പററി അന്വേഷിച്ചു റിപ്പോർട്ടു ചെയ്യുന്നതിനു ഒരു അനുദ്യോഗസ്ഥകമ്മിററിയെ നിയമിച്ചതായിട്ടറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അറിഞ്ഞുകൂടാ.

ശ്രീ. കെ. എ. ബാലൻ : ശ്രീ. ടി. കെ. ദിവാകരന്റെ അദ്ധ്യക്ഷതയിൽ ഇങ്ങനെ ഒരു കമ്മിററി നിയമിച്ചതായിട്ടറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു എസ്റ്റിമേററു് കമ്മിററിയാണു്.

ശ്രീ. കെ. പി. ഹാർമിസ് : ഗവണ്മെൻറു് ഷെയർ എടുത്തിട്ടുള്ള ഏതെങ്കിലും കമ്പനികൾ ലാഭകരമായി പ്രവർത്തിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പലതും പ്രവർത്തിക്കുന്നുണ്ടു്.

ശ്രീ. ടി. വി. തോമസ് : ആ ലാഭം വെറും നോമിനി മാത്രമാണെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ പറയാനൊക്കുകയില്ല.

ശ്രീ. വി. പി. പരമേശ്വരൻ നമ്പൂതിരി : സ്റ്റാർച്ചും ഗ്ലൂക്കോസും ഫാക്ററികൾ തുടങ്ങുന്നതിനെപ്പററി നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാരാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഒന്നു് പ്യാരി ആൻറു് കമ്പനി. മറെറാന്നു് ഒരു ഗ്ലൂക്കോസു് കമ്പിനി.

ശ്രീ. വി. പി. പരമേശ്വരൻ നമ്പൂതിരി : ഈ ഫാക്ററികൾ എവിടെ തുടങ്ങണമെന്നാണു് നിർദ്ദേശിച്ചിരിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പ്യാരി ആൻറു് കമ്പനി പറയുന്നതു് അവരുടെ പഞ്ചസാരകമ്പനിയുടെ അനുബന്ധമായി തുടങ്ങണമെന്നാണു്.

ശ്രീ. വി. പി. പരമേശ്വരൻ നമ്പൂതിരി : ഈ നിർദ്ദേശങ്ങൾ എന്നു ലഭിച്ചു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പത്തുപതിനഞ്ചു ദിവസമായി.

ശ്രീ. പ്രാക്കുളം ഭാസി : ഇവിടെ ഒരു ഇൻഡസ്ട്രിയൽ സർവ്വെ നടത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ പൊതുവായി ഒന്നും നടത്തിയിട്ടില്ല. എന്നാൽ ഓരോ കാര്യം വരുമ്പോഴും അതിനെക്കുറിച്ചന്വേഷിച്ചാണ് നടപടി നടത്തുന്നത്. ഇപ്പോൾ രണ്ടാംപഞ്ചവത്സരപദ്ധതിയോടനുബന്ധിച്ച് ഇങ്ങനെ ഒരു സർവ്വേ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. പ്രാക്കുളം ഭാസി : അതിനുശേഷം അല്ലെ പുതിയ വ്യവസായങ്ങൾ ആരംഭിക്കേണ്ടത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : വേ .. മെന്നു തോന്നുന്നില്ല.

ശ്രീ കെ. സി. ജാർജ്ജ് : ഷെയർ എടുക്കുമ്പോൾ ഭൂരിഭാഗവും ഗവണ്മെൻറ് എടുക്കുന്നതല്ലേ ഇന്നത്തെ യുഗമനുസരിച്ചു ശരിയായിട്ടുള്ളത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഗവണ്മെൻറിന്റെ സാമ്പത്തികാവസ്ഥ അനുസരിച്ചു മാത്രമേ ഈ കാര്യത്തിൽ തീരുമാനം ചെയ്യുവാൻ നിവൃത്തിയുള്ളൂ.

ശ്രീ. കെ. എം. ജാർജ്ജ് : തൊഴിലാളികളുടെ സൈ്വര്യക്കുറവുമൂലം ഏതെങ്കിലും കമ്പനികൾക്കു നഷ്ടം വന്നിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. പി. കെ. യശോധരൻ : സ്വകാര്യ ഉടമകളെ പ്രോത്സാഹിപ്പിക്കുകയാണോ ഗവണ്മെൻറിന്റെ നയം?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതുംകൂടിയാണ്.

ശ്രീ. പ. കെ. യശോധരൻ : ആവടി സോഷ്യലിസവും ഇതും തമ്മിലെ ബന്ധമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആവടിസോഷ്യലിസവും ഇപ്പോൾ ചോദിച്ച ചോദ്യവുമായി യാതൊരു ബന്ധവുമില്ല.

ശ്രീ. കെ. എ. ബാലൻ : ഒരു വ്യാവസായിക സർവ്വേ ഏർപ്പെടുത്തുന്നതു സംബന്ധിച്ച് ഒരു അനദ്യോഗസ്ഥക്കമ്മിററിയെ നിയമിക്കുമോ?

Mr. Speaker : You can discuss about it when the Demand for Industries comes up.

ട്രാൻസ്പോർട്ട് ബസ്സുകൾ.

* 84. [13] ശ്രീ. എം. പി. ചന്ദ്രശേഖരപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്ത് എത്ര മൈൽ സ്ഥലത്ത് ഇപ്പോൾ ഗവണ്മെൻറ് ട്രാൻസ്പോർട്ട് ബസ്സുകൾ ഓടുന്നുണ്ട് ;

(ബി) ഏതെങ്കിലും ലൈനിൽ പുതിയതായി സർവ്വീസ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം ലൈനുകളിലാണ്?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഗവണ്മെൻവക ബസ്സുകൾ 620.5 മൈൽ സ്ഥലത്തോടുന്നു. അതിൽ 242.9 മൈൽ സ്ഥലത്തു പ്രൈവറവ് ബസ്സുകളും ഓടുന്നു.

(ബി) ഇക്കൊല്ലം ഉദ്ദേശിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

ശ്രീ. എം. പി. ചന്ദ്രശേഖരപിള്ള: പുതിയതായി സർവ്വീസ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നില്ലെന്നു പറഞ്ഞിട്ട് പുതിയ ബസ്സുകൾ വരുത്തുവാൻ തീരുമാനിച്ചതു് എന്തിനാണ്?

ശ്രീ. കെ. ഐ. വേലായുധൻ: ഇപ്പോൾ ഉള്ള ലൈനിൽതന്നെ വേണ്ടത്ര ബസ്സുകൾ ഇല്ലാത്തതുകൊണ്ട് അവിടെ കൂടുതൽ ബസ്സുകൾ കൊടുക്കണമെന്നുദ്ദേശിക്കുന്നു.

ശ്രീ. പ്രാക്കുളം ഭാസി: എറണാകുളം-മട്ടാഞ്ചേരി ലൈനിൽ സർവ്വീസ് ആരംഭിക്കുന്നതിനു കഴിഞ്ഞ ബഡ്ജറ്റിൽ പണം കൊള്ളിച്ചിട്ടുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ: അവിടെ സർവ്വീസ് തുടങ്ങുന്നതു സംബന്ധിച്ച് എൻക്വയറികമ്മീഷന്റെ റിപ്പോർട്ടു വന്നശേഷം ആലോചിക്കുന്നതാണ്.

ശ്രീ. പി. നാരായണൻ പോററി: ഗവണ്മെൻറ് ട്രാൻസ്പോർട്ടു ബസ്സുകൾ ഓടുന്ന ലൈനിൽ പ്രൈവറവബസ്സുകൾ എത്രമൈൽ ഓടുന്നുണ്ട്?

ശ്രീ. കെ. ഐ. വേലായുധൻ: 242.9 മൈൽ.

ശ്രീമതി കെ. ആർ. ഗൗരി: ഒന്നാംപഞ്ചവത്സരപദ്ധതിയിൽ ഇത്ര മൈൽ റോഡ് നാഷനലൈസ് ചെയ്യുന്നതെന്ന് ഒരു ടാർജററ് ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉള്ളതായി ഓർക്കുന്നില്ല.

ശ്രീമതി കെ. ആർ. ഗൗരി: കമ്മിററി റിപ്പോർട്ടു കിട്ടിയതിനു ശേഷമേ നാഷനലൈസ് ചെയ്യുന്ന കാര്യം ആലോചിക്കയുള്ളൂ എന്നു പറഞ്ഞതു് എന്തുകൊണ്ടാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നാഷനലൈസ് ചെയ്യുകയില്ല എന്നുള്ള നയം ഇല്ല. ഒരു പ്ലാനനുസരിച്ച് ആ വഴിക്ക് പോകുകതന്നെ ചെയ്യും. ഒന്നാംപഞ്ചവത്സരപദ്ധതിയിൽ നാഷനലൈസേഷൻ ഒരു ടാർജററുണ്ടെങ്കിൽ അതിൽ എത്തിച്ചേരാനുള്ള നടപടി എടുക്കും.

ശ്രീമതി കെ. ആർ. ഗൗരി: പഞ്ചവത്സരപദ്ധതിയുടെ കാലാവധി അടുത്ത കൊല്ലം അവസാനിക്കുമെന്ന് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പദ്ധതിയുടെ കാലാവധി കഴിഞ്ഞുതന്നെ നടത്തും.

ശ്രീ. പ്രാക്കുളം ഭാസി: കഴിഞ്ഞ മന്ത്രിസഭ ഏർപ്പെടുത്തിയ എക്സ്പ്രസ്സ് സർവീസ് പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതുവരെ ഉദ്ദേശിച്ചിട്ടില്ല.

അദ്ധ്യാപകന്മാരുടെ സ്ഥലംമാററം.

* 85. [14] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) തുച്ഛമായ ശമ്പളം ലഭിക്കുന്ന ഗവണ്മെൻറ് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരെ വളരെ ദൂരദിക്കിലേക്ക് സ്ഥലം മാററുന്ന ഏർപ്പാട് പാടെ നിറുത്തി അതതുപ്രദേശങ്ങളിലുള്ള സ്കൂളുകളിൽ പോസ്ററുചെയ്യുവാൻ ഗവണ്മെൻറ് തയ്യാറാകുമോ;

(ബി) അടുത്ത വിദ്യാഭ്യാസവർഷാരംഭത്തിനുമുമ്പ് ഈ ഏർപ്പാട് നടപ്പിൽ വരുത്തുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ–ബി) പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്ക് കഴിയുന്നതും അവരവരുടെ സ്വദേശത്തോ, സ്വദേശത്തിനടുത്തോ സ്ഥലംമാററം കൊടുക്കണമെന്നുള്ള പ്രമാണമാണ് വിദ്യാഭ്യാസഡിപ്പാർട്ടുമെൻറ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: ഇത് ഒരിക്കലും ശരിക്ക് പാലിക്കുന്നില്ലെന്ന് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അത് എല്ലായ്പ്പോഴും പാലിക്കുന്നതിന് പ്രായോഗികമായ തടസ്സങ്ങൾ നേരിടുന്നുണ്ടെന്നാണ് ഡിപ്പാർട്ടുമെൻറിൽനിന്നും റിപ്പോർട്ട് കിട്ടിയിട്ടുള്ളത്. ഉദാഹരണമായി ചില താലൂക്കുകളിൽനിന്ന് ആ താലൂക്കുകളിലെ സ്കൂളുകളിലേക്ക് ആവശ്യമുള്ളതിനെക്കാൾ കൂടുതൽ അദ്ധ്യാപകന്മാരെ റിക്രൂട്ടുചെയ്യുന്നുണ്ട്. ചില താലൂക്കുകളിൽ ആവശ്യമുള്ളിടത്തോളം അദ്ധ്യാപകന്മാർ ആ താലൂക്കിൽനിന്നുതന്നെ ഉണ്ടാകുന്നില്ല. എഡ്യൂക്കേഷൻ ഡയറക്ടറുടെ ഒരു റിപ്പോർട്ടിൽനിന്നും കാണുന്നത് മാവേലിക്കര, തിരുവല്ല, പത്തനംതിട്ട, നെയ്യാററിൻകര എന്നീ താലൂക്കുകളിൽനിന്നും ആ താലൂക്കുകളിലെ സ്കൂളുകളിൽ നിയമിക്കാൻ സാധിക്കുന്നതിനെക്കാൾ വളരെ അധികം അദ്ധ്യാപകന്മാരെ റിക്രൂട്ടുചെയ്തിട്ടുണ്ടെന്നാണ്. അതുകാരണം വേറെ താലൂക്കുകളിലേക്ക് ചിലരെ അയയ്ക്കേണ്ടിവരും.

ശ്രീ. ടി. പി. സീതാരാമൻ: പല സ്കൂളുകളിലുമുള്ള സ്ഥിരം ഒഴിവുകൾ ഫില്ലപ്പ് ചെയ്യുന്നില്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ഉണ്ടായിരിക്കാം.

ശ്രീ. ടി. പി. സീതാരാമൻ: അങ്ങനെയിരിക്കുമ്പോൾ ഗ്രേഡ്ഡിലുള്ളവരെ അവിടെനിന്നും സ്ഥലംമാററുന്നത് എന്തുകൊണ്ടാണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററി അന്വേഷിക്കാം.

ശ്രീ. സി. എ. മാത്യു: മററദ്യോഗസ്ഥന്മാരുടെ കാര്യത്തിലും ഇതു വ്യവസ്ഥ പാലിക്കുന്നതിന് ദയവുണ്ടാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അദ്ധ്യാപകന്മാരുടെ കാര്യം എടുത്തു പറയുന്നതു് എല്ലാ സ്ഥലത്തും അവർ. വേണ്ടതു കൊടുക്കാണ്. മററുള്ളവരുടെ കാര്യവും ആലോചിക്കാം.

ശ്രീ. മഞ്ജുനാഥപ്രഭു: തൃശ്ശൂരിന് വല്ല പ്രത്യേകതയും ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തൃശ്ശൂരിനെപ്പററി ഇവിടെ ഒന്നും പറഞ്ഞതില്ല.

ശ്രീ. മഞ്ജുനാഥപ്രഭു: തൃശ്ശൂരിലെ സ്ഥലംമാററത്തെപ്പററി ഇതിനു മുമ്പ് ഒരു ബഹുമാനപ്പെട്ട മെംബർ ചോദിച്ചല്ലോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ മെംബർ അവിടെ നിന്നും വരുന്ന ആളായതുകൊണ്ടാണ് ചോദിച്ചതു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ശുപാർശയുണ്ടെങ്കിൽ വീട്ടിനടുത്ത് സ്ഥലംമാററം കിട്ടുമെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിവില്ല.

ശ്രീ. പി. നാരായണൻപോററി: വളരെ ദൂരെ ജോലി നോക്കേണ്ടി വരുന്ന അദ്ധ്യാപകന്മാർക്ക് എന്തെങ്കിലും ഒരു അലവൻസ് കൊടുത്തില്ലെങ്കിൽ കഷ്ടമാണെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ചെയ്യാൻ സാധിക്കുമെന്ന് തോന്നുന്നില്ല.

ഒന്നാം പഞ്ചവത്സരപദ്ധതി.

* 86. [15] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നാംപഞ്ചവത്സരപദ്ധതിയുടെ ഇതുവരെയുള്ള പ്രവർത്തനഫലമായി തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്ത് എത്ര ഏക്കർ ഭൂമി പദ്ധതിയുടെ ആരംഭകാലത്തുള്ളതിൽനിന്ന് കൂടുതലായി കൃഷിചെയ്യുന്നതിന് സാധിച്ചിട്ടുണ്ട്;

(ബി) പദ്ധതിയുടെ ആരംഭകാലത്ത് സംസ്ഥാനത്തെ ഭക്ഷ്യോൽപ്പാദനം എത്രമാത്രമായിരുന്നു;

(സി) പദ്ധതിയുടെ പ്രവർത്തനഫലമായി എത്ര ടൺ ഭക്ഷണസാധനങ്ങൾ കൂടുതലായി നമ്മുടെ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞു;

(ഡി) വനം വെട്ടിത്തെളിച്ച് കൃഷിചെയ്തിട്ടുള്ളതിൽനിന്നുള്ള ഉൽപ്പാദനം എത്ര;

(ഇ) അല്ലാതെയുള്ള ഉൽപ്പാദനവർദ്ധനവ് എത്ര?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഒന്നാം പഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനഫലമായി 8,500 ഏക്കർ കരിഭൂമിയിൽ പുതുതായി കൃഷി തുടങ്ങിയിട്ടുണ്ട്.

(ബി) ഈ പദ്ധതിയുടെ ആരംഭകാലത്ത് 27,50,000 ടൺ അരിയും, 10,00,000 ടൺ കപ്പയുമായിരുന്നു ഇവിടത്തെ ഉൽപ്പാദനം എന്നാണ് കാണുന്നത്.

(സി) ഒരേക്കറിൽനിന്നുമുള്ള കപ്പവിളവ് 1,212 റാത്തലിൽ നിന്നു 1,543 റാത്തലായി വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടെന്ന് ഒരു റിപ്പോർട്ടുകൊണ്ട് കാണുന്നു.

(ഡി) വനം വെട്ടിത്തെളിച്ച് കൃഷിചെയ്തതുമൂലം ഉദ്ദേശം 23,31,837 പറ നെല്ലും, 2,25,638 ടൺ കപ്പയും, 24,927 പറ പയറു വർഗ്ഗങ്ങളും, 3,301 ടൺ മററ് കാർഷികവിഭവങ്ങളും ഉൽപ്പാദിപ്പിച്ചിട്ടുള്ളതായി കാണുന്നു.

(ഇ) കരിനിലത്തിൽനിന്ന് 35 ലക്ഷം പറ നെല്ല് ഉൽപ്പാദിപ്പിക്കുന്നുണ്ട്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഈ വർദ്ധനവ് മുഴുവൻ കൂടുതൽ വനം വെട്ടിത്തെളിച്ച് കൃഷിചെയ്തതിൽ ഉണ്ടായിട്ടുള്ളതല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാൻ നൽകിയ ഉത്തരത്തിൽ നിന്നും ആ നിഗമനത്തിലാണ് ബഹുമാനപ്പെട്ട മെംബർ എത്തിച്ചേരുന്നതെങ്കിൽ എനിക്ക് അതിനെപ്പററി ഒന്നും പറയാനില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ഉള്ള ഭൂമികളിൽ വിളവ് വർദ്ധിപ്പിച്ചതിൻെറ ഫലമായിട്ടാണോ, കൂടുതൽ ഭൂമിയിൽ വിളവിറക്കിയതിൻെറ ഫലമായിട്ടാണോ ഈ വർദ്ധനവുണ്ടായിട്ടുള്ളത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: രണ്ടുതരത്തിലുംകൂടി ഉള്ളതാണ്. 'കവ്' മേല്പോട്ടുപോകാൻ ഏതു ഫാക്ടറാണ് കൂടുതൽ ഉപകരിച്ചതെന്ന് നോക്കിയേ പറയാൻ കഴിയുള്ളു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഈ കണക്ക് എങ്ങനെയാണ് എടുത്തിട്ടുള്ളത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ കണക്കുകൾ ഡിപ്പാർട്ടുമെൻറ് റിപ്പോർട്ടിൽനിന്നും കിട്ടിയിട്ടുള്ളതാണ്. അതിന് സ്വീകരിച്ച മാർഗ്ഗം എന്താണെന്ന് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: പൂച്ചെടിച്ചട്ടിയിൽ നെല്ല് വളർത്തി അതിൻെറ കതിരെണ്ണിയാണ് കണക്കെടുത്തിട്ടുള്ളതെന്ന് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയാകാൻ വഴിയില്ല. അത്ര അബദ്ധമായ രീതി സ്വീകരിക്കുമെന്ന് തോന്നുന്നില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: മരച്ചീനിയുടെ ഉൽപ്പാദനത്തിൽ ഗണ്യമായ കുറവു വന്നിട്ടുണ്ടെന്ന് ബഡ്ജററ് പ്രസംഗത്തിൽ പറഞ്ഞിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയല്ല, ഉൽപ്പാദിപ്പിച്ച മരച്ചീനിയുടെ വിലയിൽ കുറവു വന്നു എന്നാണ് പറഞ്ഞിട്ടുള്ളത്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: വദ്ധനവിനുമുമ്പ് കിട്ടിയിരുന്ന വിലയും പിന്നീട് കിട്ടിയ വിലയും എത്രയായിരുന്നുവെന്ന് പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസ് വേണം.

Shri N. Raghava Kurup: On a point of order. Sir, in the Budget speech the Finance Minister has stated that tapioca produced in 1952-53 was 14,67,000 tons, in 1953-54 it was 17,54,000 tons, but in 1954-55 it was only 16,71,000 tons, i. e., nearly a hundred thousand tons less than in 1953-54. ടണ്ണെന്ന് പറയുന്നത് വിലയാണോ എന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പ്രസംഗം മുഴുവൻ വായിച്ചു നോക്കുകയാണെങ്കിൽ കത്തുഅണ്ടി ഒഴിച്ച് മററുള്ള കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിന്റെ അളവ് ക്രമമായി കഴിഞ്ഞ നാലഞ്ചുകൊല്ലമായി കൂടിയിട്ടുണ്ടെന്നു കാണാൻ കഴിയും. കപ്പയുടെ കാര്യത്തിൽ കുറച്ച് വ്യത്യാസമുണ്ടായിട്ടുള്ള കാര്യം ഞാൻ വിസ്തരിക്കുന്നില്ല. ആ വ്യത്യാസം കൂടുതൽ ഗണ്യമായ ഒന്നാണെന്ന് ഒരു വിശേഷപദം കൂട്ടിച്ചേർത്തു. ഗണ്യമായ കുറവ് ഉണ്ടായിട്ടില്ല. ഗണ്യമായ കുറവുണ്ടായതു് കപ്പയുടെ വിലയിലായിരുന്നു.

ശ്രീ. എൻ. രാഘവക്കുറുപ്പ്: നൂറു ടൺ എന്നു പറയുന്നതു് ഗണ്യമായതല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിന്റെ ആകെത്തുക നോക്കുമ്പോൾ അതു ഗണ്യമല്ല.

ശ്രീ. പി. നാരായണൻപോററി: ഈ കരിനിലം എന്നു പറഞ്ഞതു ഏതെല്ലാം താലൂക്കുകളിലുള്ളതാണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു നോട്ടീസ് വേണം.

ശ്രീ. പി. നാരായണൻപോററി: ഈ കൃഷി കാർത്തികപ്പള്ളി താലൂക്കിലും അമ്പലപ്പുഴ താലൂക്കിലും മാത്രമേ നടക്കുന്നുള്ളോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പ്രധാനമായി അവിടെയാണ് നടക്കുന്നതു്.

ശ്രീ. ടി. വി. തോമസ്: ഈ പദ്ധതിയുടെ പ്രവർത്തനഫലമായി എത്ര ടൺ അരി ഉൽപ്പാദിപ്പിച്ചു എന്നുള്ള കണക്ക് പറഞ്ഞിട്ടില്ല. (സി) യുടെ ഉത്തരത്തിൽ അതുകൂടി വരേണ്ടതുണ്ട്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിന്റെ കണക്ക് ഇന്ന് എന്റെ കൈവശമില്ല. അതു ഞാൻ തരാൻ ശ്രമിക്കാം.

പണിമുടക്ക്.

* 87. [16] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.

(എ) 1954 ആഗസ്റ്റിൽ നടന്ന സ്റ്റോറേ് ട്രാൻസ്പോർട്ടു പണിമുടക്കിനു മുൻപായി ലീവിൽനിന്ന എത്ര തൊഴിലാളികളോട് ലീവ് ക്യാൻസൽചെയ്തു ജോലിയിൽ പ്രവേശിക്കാൻ ഡിപ്പാർട്ടുമെൻറിൽനിന്നും ആവശ്യപ്പെടുകയുണ്ടായി;

(ബി) ലീവ് ക്യാൻസൽചെയ്ത് എത്രപേർ ജോലിക്കു ഹാജരായി;

(സി) ലീവ് ക്യാൻസൽചെയ്ത് ജോലിക്ക് ഹാജരായില്ല എന്ന കാരണത്താൽ ആരെയെങ്കിലും അതിനുശേഷം ഇതുവരെയായി ജോലിയിൽ പ്രവേശിപ്പിക്കാതെയിരുന്നിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്രപേർ; അവർ ആരെല്ലാം;

(ഇ) എന്തു കാരണത്താലാണു അവർ നേരത്തെ ലീവ് എടുത്തിരുന്നതു്;

(എഫ്) ഇനിയെങ്കിലും ഇങ്ങനെയുള്ളവരെ ജോലിയിൽ പ്രവേശിപ്പിക്കാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ആ സമയത്തു മെഡിക്കൽ ലീവ് ഒഴിച്ചു് മാറ് ലീവുകളിൽ ഇരുന്നവരെല്ലാം ജോലിക്ക് ഹാജരാകണമെന്ന് ആവശ്യപ്പെടുകയുണ്ടായി.

(ബി) നാലുപേരൊഴികെ ബാക്കി എല്ലാവരും ഹാജരാകുകയുണ്ടായി.

(സി) ഉണ്ട്.

(ഡി) നാലുപേർ.

(1) പി. കെ. രാമൻ.
(2) സത്യരാജപ്പണിക്കർ.
(3) കേരളവർമ്മ.
(4) ഈപ്പൻ.

(ഇ) ലീവ് അപേക്ഷിച്ചിരുന്നതു് ചികിത്സ മുതലായ തന്നതാവശ്യങ്ങൾ കാണിച്ചായിരുന്നു.

(എഫ്) അവരുടെ മേൽ എന്തുനടപടി സ്വീകരിക്കണമെന്നുള്ള കാര്യം ഗവണ്മെൻറിൻെറ ആലോചനയിലിരിക്കയാണ്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : മെഡിക്കൽ ഗ്രൗണ്ടിൽ ലീവെടുത്തിരുന്ന ആളുകൾ അവധി തീരുന്നതിനുമുമ്പായി ജോലിയിൽ പ്രവേശിക്കണമെന്ന് പറയുന്നതു് ശരിയാണോ?

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങനെയുള്ളവരോട് ജോലിയിൽ പ്രവേശിക്കണമെന്ന് ആവശ്യപ്പെട്ടിട്ടില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : അങ്ങിനെ ആവശ്യപ്പെട്ടിട്ടുള്ളതായി ഗവണ്മെൻറശ്രദ്ധയിൽപ്പെടുത്തിയാൽ ഗവണ്മെൻറ അതിനു വേണ്ട പരിഗണന നൽകുമോ?

ശ്രീ. കെ. ഐ. വേലായുധൻ : ചില വൈദ്യന്മാരുടെ സർട്ടിഫിക്കററുകൾ ഹാജരാക്കിയവർക്ക് അവധി അനുവദിക്കുകയുണ്ടായില്ല. ഡിസ്ട്രിക്ററ് മെഡിക്കലാഫീസറുടെ സർട്ടിഫിക്കററ വേണമെന്ന് മുമ്പു തന്നെ നോട്ടിഫിക്കേഷൻ ഉണ്ടായിരുന്നു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഡിസ്ട്രിക്ററ് മെഡിക്കലാഫീസറുടെ സർട്ടിഫിക്കററ മാത്രമേ പരിഗണിക്കുകയുള്ളോ?

ശ്രീ. കെ. ഐ. വേലായുധൻ : അതേ സ്വീകരിക്കുകയുള്ളൂ എന്ന് മുമ്പുതന്നെ നോട്ടിഫിക്കേഷൻ ഉണ്ടായിരുന്നു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : മററ പല സ്ഥലങ്ങളിലും ഡാക്ടറന്മാരുടെ സർട്ടിഫിക്കററ് സ്വീകരിക്കുന്ന സ്ഥിതിക്ക് ഇവിടെ മാത്രം ഡിസ്ട്രിക്ററ് മെഡിക്കലാഫീസറുടെ സർട്ടിഫിക്കററ വേണമെന്നു പറയുന്നതിൻെറ കാരണമെന്താണ്?

ശ്രീ. കെ. ഐ. വേലായുധൻ : നേരത്തെ തന്നെ ഡിസ്ട്രിക്ററ് മെഡിക്കലാഫീസറുടെ സർട്ടിഫിക്കററ വേണമെന്ന് പറഞ്ഞിരുന്നു.

ശ്രീ. കെ. സി. ജോർജ് : രോഗമുള്ളവർ ഡിസ്ട്രിക്ററ് മെഡിക്കലാഫീസറോട് ആവശ്യപ്പെട്ടാൽ സർട്ടിഫിക്കററ കൊടുക്കണമെന്ന് നിർബന്ധമുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ : സുഖക്കേടാണെങ്കിൽ അതിനു സർട്ടിഫിക്കററ കൊടുക്കാതിരിക്കയില്ല.

ശ്രീ. കെ. സി. ജോർജ് : അങ്ങിനെ സർട്ടിഫിക്കററ കൊടുക്കണമെന്ന് നിയമമുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ : സുഖക്കേടാണെങ്കിൽ സർട്ടിഫിക്കററ കൊടുക്കുന്ന പതിവുണ്ട്.

ശ്രീ. കെ. സി. ജോർജ് : സാധിക്കാത്ത സംഗതിയിൽ അങ്ങിനെ സർട്ടിഫിക്കററ ഹാജരാക്കണമെന്ന് പറയുന്നതു് പിശകല്ലേ? ഒരു രോഗിക്ക് ഡാക്ടറർ സർട്ടിഫിക്കററ് കൊടുത്തുകൊള്ളണമെന്ന് നിർബന്ധമില്ല.

ശ്രീ. കെ. ഐ. വേലായുധൻ : സുഖക്കേടുണ്ടെങ്കിൽ ഡാക്ടറന്മാർ സർട്ടിഫിക്കററുകൊടുക്കും. അങ്ങിനെയുള്ള സർട്ടിഫിക്കററുവേണമെന്ന് ഡിപ്പാർട്ടുമെൻറിനു നിർബന്ധമുണ്ട്.

ശ്രീ. കെ. സി. ജോർജ് : ഡിസ്ട്രിക്ററ് മെഡിക്കലാഫീസറുടെ സർട്ടിഫിക്കററ വേണമെന്നുള്ളതിന് പ്രത്യേകകാരണം വല്ലതും ഉണ്ടായിരുന്നോ?

ശ്രീ. കെ. ഐ. വേലായുധൻ : ഈ കാര്യത്തിലുണ്ടായിരുന്നു.

ശ്രീ. കെ. സി. ജോർജ് : അതിൻെറ കാരണം എന്താണ്?

ശ്രീ. കെ. ഐ. വേലായുധൻ : നോട്ടീസുവേണം.

ശ്രീ. പി. വി. അവിരാത്തരകൻ : മെഡിക്കൽ സർട്ടിഫിക്കററ ഡാക്ററർ കൊടുത്തില്ലെങ്കിൽ നടപടിയെടുക്കാൻ ഗവണ്മെൻറിന അധികാരമുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ ; നിയമപ്രകാരം പ്രവൃത്തിച്ചില്ലെങ്കിൽ നടപടിയെടുക്കും.

ശ്രീ. പി. വി. അവിരാത്തരകൻ : മെഡിക്കൽ സർട്ടിഫിക്കററ കൊടുക്കണമെന്ന് നിർബന്ധമുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ : സുഖക്കേടാണെങ്കിൽ കൊടുക്കും.

ശ്രീ. പി. വി. അവിരാത്തരകൻ : സർട്ടിഫിക്കററ കൊടുക്കണമെന്ന് നിയമമില്ലെന്നും ഫ്രീയായി കൊടുക്കണമെന്ന് ഗവണ്മെൻറ് അനുശാസിക്കുന്നില്ലെന്നും എനിക്കുതന്നെ ഒരു കത്തുകിട്ടിയിട്ടുണ്ട്. അതിൻെറ അടിസ്ഥാനത്തിലാണ് ഞാൻ ചോദ്യം ചോദിച്ചത് ആ കത്ത് ഞാൻ സഭ മുമ്പാകെ സമർപ്പിക്കാം.

WRITTEN ANSWERS

ടെമ്പററി സിനിമാശാലകൾ.

* 88. [17] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്ത് ആകെ എത്ര ടെമ്പററി സിനിമാശാലകളുണ്ട്;

(ബി) ഈ സിനിമാശാലകൾക്ക് സിനിമാപ്രദർശനം നടത്തുന്നതിനുള്ള അനുവാദം നിഷേധിച്ചിട്ട് ഇപ്പോൾ എത്ര നാളുകളായി;

(സി) ഈ സിനിമാശാലകളിൽ വീണ്ടും പ്രദർശനം തുടങ്ങുന്നതിനു അനുവാദം ആവശ്യപ്പെട്ടുകൊണ്ട് ഗവണ്മെൻറിനു വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഗവണ്മെൻറ് അതിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) 95.

(ബി) ഈ സിനിമാശാലകൾക്ക് സിനിമാപ്രദർശനം നടത്തുന്നതിനുള്ള അനുവാദം നിഷേധിച്ചിട്ടില്ല. സിനിമാറേറാഗ്രാഫ് ആക്ററും ചട്ടമനുസരിച്ച് ഇവയുടെ കാലാവധി ആണ്ടവസാനത്തോടുകൂടി മററു സ്ഥലങ്ങളിലേക്ക് മാറേറണ്ടതാകുന്നു.

(സി) ഉണ്ട്.

(ഡി) അത് ഗവണ്മെൻറിൻെറ ശ്രദ്ധയിലിരിക്കുകയാണ്.

കൈത്തറിനെയ്ത്തു സഹകരണസംഘങ്ങൾക്കു സഹായം.

* 89. [18] ശ്രീ. വി. ശ്രീധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറിനെയ്ത്തു വികസനപദ്ധതിയനുസരിച്ച് എത്ര കൈത്തറിനെയ്ത്തു സഹകരണസംഘങ്ങൾ രജിസ്റ്റർചെയ്തു പ്രവർത്തനം നടത്തുന്നുണ്ട്;

(ബി) ഇതിൽ എത്ര സംഘങ്ങൾ സെസ്ഫണ്ടിൽനിന്നു ലോൺ ആവശ്യപ്പെട്ടിട്ടുണ്ട്;

(സി) എത്ര സംഘങ്ങൾക്കു ലോൺ നൽകിയിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പുതുതായി 115 കൈത്തറിനെയ്ത്തു സഹകരണസംഘങ്ങൾ രജിസ്റ്റർചെയ്തു പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 29 പഴയസംഘങ്ങൾ ബൈലാ ഭേദഗതിചെയ്തു ഇപ്പോൾ കൈത്തറിനെയ്ത്തുസംഘങ്ങളായി പ്രവർത്തിക്കുന്നുണ്ട്.

(ബി) 95 സംഘങ്ങൾ വായ്പയ്ക്കപേക്ഷിച്ചിട്ടുണ്ട്.

(സി) 69 സംഘങ്ങൾക്ക് വായ്പ അനുവദിച്ചിട്ടുണ്ട്.

തൊഴിലില്ലായ്മ.

* 90. [20] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലില്ലായ്മ പരിഹരിക്കുന്നതു സംബന്ധിച്ച് ഗവൺമെൻറ് പുതുതായി വല്ല പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ട്.

(ബി) കുടിയേറിപ്പാർപ്പ് പദ്ധതി, മണ്ണൊലിപ്പുനിവാരണ പദ്ധതി ചെറുകിട വ്യവസായപദ്ധതി എന്നിവ.

മോട്ടാർ തൊഴിലാളികളുടെ കുറഞ്ഞകൂലി.

* 91. [22] ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടാർ തൊഴിലാളികളുടെ കുറഞ്ഞകൂലി നിശ്ചയിച്ചു കൊണ്ടുള്ള നിയമം എന്നുമുതൽക്കാണ് ഉൗർജ്ജിതത്തിൽ വന്നതു;

(ബി) ഈ വ്യവസായതൊഴിലാളികൾക്കു നിശ്ചയിച്ച കുറഞ്ഞ കൂലി നൽകിവരുന്നുണ്ടോ എന്നതിനെപ്പററി ഗവൺമെൻറ് വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ; ഈ കുറഞ്ഞകൂലി ലഭിക്കുന്നില്ലെന്നു തൊഴിലാളിയൂണിയനുകളുടെ പരാതി ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ;

(സി) ഈ കുറഞ്ഞക്കൂലി നിഷേധിച്ചുകാരണത്താൽ ഏതെങ്കിലും മുതലുടമയുടെ പേരിൽ ഗവണ്മെൻറ് നടപടി നടത്തിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 15-10-1954 മുതൽ.

(ബി) ഗവണ്മെൻറ വേണ്ട അന്വേഷണം നടത്തുന്നുണ്ട്. തൊഴിലാളിയൂണിയനുകളിൽ നിന്നും പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി) ലേബർ ഡിപ്പാർട്ടുമെൻറ് ഇടപെട്ട് വേണ്ട അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

തൊഴിലാളികളുടെ ദുരിതാശ്വാസ നടപടികൾ.

* 92. [23] ശ്രീ. പി. വിശ്വംഭരൻ : താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ പാസായ അനൗദ്യോഗിക പ്രമേയത്തിൻെറ അടിസ്ഥാനത്തിൽ കയർതൊഴിലാളികളുടെ ദുരിതാശ്വാസത്തിനായി എന്തെല്ലാം നടപടികൾ ഗവണ്മെൻറ് ഇതിനകം എടുക്കുകയുണ്ടായി?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

കയർവ്യവസായത്തിലെ തൊഴിലാളികൾക്ക ദുരിതാശ്വാസം നൽകുന്നതിനു പതിനഞ്ചുലക്ഷം രൂപ അനുവദിക്കണമെന്നു കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ ഒരു പ്രമേയം നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

Handloom Weavers.

*93. [24] **Shri K. Sattanatha Karayalar :** Will the Chief Minister be pleased to state :

(*a*) the steps this Government have taken to relieve the distress of handloom weavers in the past two years ;

(*b*) the names of the Handloom Co-operative Societies for which money has been lent and the amount lent to them ?

Chief Minister **(Shri Panampilly Govinda Menon) :**

(*a*) †A statement of the steps taken to afford relief to hanloom weavers in the past two years is placed on the table

(*b*)† A list containing the information is placed on the table.

ഷിഫ്റ്റ് സമ്പ്രദായം.

* 94. [25] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പുമറി സ്കൂളുകളിൽ ഇപ്പോൾ എത്രയെല്ലാം ക്ലാസുകളിൽ ഷിഫ്റ്റ് സമ്പ്രദായം നടപ്പിലുണ്ട്;

† Please see Appendices III and IV.

(ബി) ഷിഫ്റ്റ് സമ്പ്രദായം നിറുത്തലാക്കുന്നതിനു ഗവണ്മെൻറ് സത്വര നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പ്രൈമറി സ്കൂളുകളിൽ 1 മുതൽ 4 വരെ ക്ലാസ്സുകളിൽ ഷിഫ്റ്റ് സമ്പ്രദായം നടപ്പിലുണ്ട്.

(ബി) ഷിഫ്റ്റ് സമ്പ്രദായം നിറുത്തലാക്കുന്ന കാര്യം ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

പുതിയ ഹൈസ്കൂളുകൾ.

* 95. [26] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞവർഷം എത്ര ഗവണ്മെൻറ് ഹൈസ്കൂളുകളും എത്ര മാനേജ്മെൻറ് ഹൈസ്കൂളുകളും ഈ സംസ്ഥാനത്തു അനുവദിച്ചു;

(ബി) ഹൈസ്കൂളുകൾക്ക് അനുവാദം നൽകുന്നതിന് എന്തു തത്വം ആണ് ഗവണ്മെൻറ് സ്വീകരിച്ചിട്ടുള്ളത്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) രണ്ട് ഗവണ്മെൻറ് ഹൈസ്കൂളുകളും ഏഴ് പ്രൈവറ്റ് ഹൈസ്കൂളുകളും കഴിഞ്ഞവർഷം അനുവദിച്ചിട്ടുണ്ട്.

(ബി) സ്ഥലത്തു് ഹൈസ്കൂളിന്റെ ആവശ്യകത, ചുറ്റുപാടുമുള്ള സ്കൂളുകളുടെ ദൂരം, അപേക്ഷകരുടെ സാമ്പത്തികശേഷി മുതലായവ പരിഗണിച്ചാണ് പുതിയ സ്കൂളുകൾ അനുവദിക്കുന്നത്.

പാരിതോഷികം

* 6. [27] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകഥ, കവിത, നോവൽ, നാടകം എന്നീ ഇനങ്ങളിൽ ഓരോ കൊല്ലവും പുറത്തിറങ്ങുന്ന ഏററവും നല്ല മലയാള കൃതിക്ക് പാരിതോഷികം നൽകുന്നതിനു ആവശ്യമായ തീരുമാനമെടുക്കാൻ ഈ ഗവണ്മെൻറ് തയ്യാറാകുമോ;

(ബി) മലയാളത്തിൽ ശാസ്ത്രസംബന്ധമായ പുസ്തകങ്ങളുടെ കുറവു നികത്താൻ ഈ ഗവണ്മെൻറിനു എന്തെങ്കിലും നിർദ്ദേശങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ എന്തു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇതു സംബന്ധിച്ചു് ഗവണ്മെൻറിനു ഇപ്പോൾ പദ്ധതി ഒന്നും ഇല്ല.

(ബി) ഇല്ല.

പുതിയ വ്യവസായങ്ങൾ.

* 97 [28] ശ്രീ. ഡി. വിവേകാനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവണ്മെൻറ് അധികാരത്തിൽ വന്നതിനു ശേഷം ഇവിടെ ഏതെങ്കിലും പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ;

(സി) എവിടെയെല്ലാമാണ് അവ തുടങ്ങാൻ ഉദ്ദേശിക്കുന്നത്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനെ സംബന്ധിച്ച് പ്രാരംഭചർച്ചകൾ നടത്തിവരുന്നു. ഇതിലേയ്ക്കു കേന്ദ്രഗവണ്മെൻറിന്റെ അംഗീകാരം ലഭിക്കുന്നതിനു വേണ്ട നടപടികൾ നടത്തിവരികയാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

തമിഴ്നാടു കാൺഗ്രസ് എം. എൽ. എ മാരുടെ സഹകരണം

* 98. [30] ശ്രീ. യു. നീലകണ്ഠൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തമിഴ്നാടു കാൺഗ്രസ് എം. എ. എ. മാരുടെ സഹകരണം നേടുന്നതിനുവേണ്ടി തമിഴ്നാടുകാർക്ക് സർക്കാർ എന്തെങ്കിലും ഉറപ്പു നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ എന്തെല്ലാം?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഇല്ല.

(ബി) (എ) ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

മിഡിൽ സ്കൂൾ ഫീസ്.

* 99. (37) ശ്രീ. ടി. പി. സീതാരാമൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) മിഡിൽ സ്കൂൾ ഫീസ് ഇളവു ചെയ്തതിൽ സ്കൂൾ നടത്തിപ്പുകയിലേയ്ക്ക് മാനേജ്മെൻറിനു പ്രതിഫലം കൊടുത്തിട്ടുണ്ടോ ;

(ബി) എന്തു മാനദണ്ഡമാണ് ഇതിന് സ്വീകരിച്ചിരിക്കുന്നത് ;

(സി) കൊച്ചിയിലും തിരുവിതാംകൂറിലും ഫീസ്നിരക്ക് വ്യത്യസ്തങ്ങളായിരുന്നുവോ ;

(ഡി) പുതിയ പ്രതിഫലനിരക്ക് കൊച്ചിയിലെ സ്കൂൾ മാനേജ്മെൻറിലേക്ക് താരതമ്യേന പ്രതികൂലമായി ബാധിക്കാതിരിക്കുവാൻ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഈ വകയിൽ മാനേജ്മെൻറുകൾക്ക് ഗ്രാൻറു കൊടുത്തുകഴിഞ്ഞിട്ടില്ല. ഗ്രാൻറ് കൊടുക്കുവാൻ ഡയറക്ടർ വേണ്ട നടപടികൾ എടുക്കുന്നുണ്ട്.

(ബി) പി. എസ്. എസ്. സ്കീമിൽ ചേർന്നിട്ടുള്ള സ്കൂളുകളിൽ കുട്ടികൾക്ക് കൊല്ലത്തിൽ 1 ക. 15 ണ. വീതം കൊടുക്കാനാണ് തീരുമാനം ചെയ്തിരിക്കുന്നത്.

(സി) ഈ സ്കീം വർഷാരംഭംവരെ വ്യത്യസ്ഥമായിരുന്നു.

(ഡി) ഇല്ല. കൊച്ചിവിഭാഗത്തു് ഈ ഇനത്തിൽ ഒരു കൂടുതൽ നിരക്ക് ഗ്രാൻറ് കൊടുക്കുവാൻ നിവൃത്തിയില്ല.

Tourist Traffic.

*100 [39] **Shri N. A. Noor Muhammed:** Will the Chief Minister be pleased to state :

(*a*) whether Government have got any scheme to encourage tourist traffic in the State ;

(b) if so, the details thereof; and

(c) whether the Government have any scheme to develop Muthukuzhivayal in South Travancore, as a hill station to attract tourist traffic ?

Chief Minister **(Shri Panampilli Govinda Menon):**

(*a*) Yes.

(*b*) This Government have drawn up, in general, certain proposals for the improvement of tourist traffic in this State and the proposals are now under the consideration of the Government of India. Mainly the schemes fall under two heads *viz.* (1) the short range plan and (2) the long range plan.

The short range plan—Under this plan this Government have included those items which are to be executed urgently during the remaining period of the first Five Year Plan. The items of works given under this head are :—

(*a*) Construction of a six room hotel at Kovalam.

(*b*) Special surfacing of the road from Kumili to Thekady.

(*c*) Installation of modern sanitary fittings at the Cape Hotel.

The long range plan—The items of works under this plan are those which are to be included in the second Five Year Plan. The schemes under this Plan have not yet been finalised.

(c) No

കപ്പകയറ്റുമതി.

* 101. [41] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കപ്പയും, കപ്പപ്പൊടിയും കയറ്റുമതി ചെയ്യുന്നതിന് അനുമതി കൊടുത്തതിനുശേഷം 28–2–1955 വരെ എത്ര ടൺ കപ്പയും, കപ്പപ്പൊടിയും കയറ്റുമതി ചെയ്തിട്ടുണ്ട്;

(ബി) ഇവയിൽ കപ്പ ടണ്ണിന് എന്തുവിലക്കു കയറ്റി അയച്ചു;

(സി) പൊടി ടണ്ണിന വിലയെന്ത്;

(ഡി) ഏതു സംസ്ഥാനത്തേക്കാണ് കയറ്റി അയച്ചിട്ടുള്ളത്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൻ):

(എ) ഓരോരുത്തർക്കും കപ്പയും, കപ്പപ്പൊടിയും സ്വതന്ത്രമായി കയറ്റുമതിചെയ്യാവുന്നതിനാൽ ഈ വിവരങ്ങൾ ശേഖരിച്ചിട്ടില്ല.

(ബി, സി, ഡി) ഈ വിവരങ്ങളും ശേഖരിച്ചിട്ടില്ല.

കോടതികളിലെ പ്രവർത്തനസമയം.

* 102. [46] ശ്രീ. ബി. ബി. പണ്ടാരത്തിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ വിവിധകോടതികളിലെ പ്രവർത്തന സമയം ക്രിപ്തപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര മണിമുതൽ എപ്പോൾവരെയാണ്;

(സി) സമയക്രിപ്തം പാലിക്കാത്ത ഏതെങ്കിലും കോടതിയുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ട്.

(ബി) പകൽ 11 മണി മുതൽ 5 മണിവരെ.

(സി) ഇല്ല.

എൻ. ഇ. എസ്. ബ്ലോക്കുകൾ.

* 103. [47] ശ്രീ. ബി. ബി. പണ്ടാരത്തിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954–55 വർഷത്തിൽ ഈ സംസ്ഥാനത്തു എത്ര എൻ. ഇ. എസ്. ബ്ലോക്കുകൾ സ്ഥാപിച്ചിട്ടുണ്ട്;

(ബി) എവിടെയെല്ലാം;

(സി) എൻ. ഇ. എസ്. ബ്ലോക്കുകൾ സ്ഥാപിക്കുന്നതിനു സ്ഥലങ്ങൾ തിരഞ്ഞെടുക്കുന്നതു എന്തടിസ്ഥാനത്തിലാണ്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 5

(ബി) ചിറ്റൂർ, ഉഴവൂർ, മാവേലിക്കര, പുളിക്കീഴ്, തിരുവനന്തപുരം റൂറൽ.

(സി) (1) ഏകദേശം 66,000 മുതൽ 1 ലക്ഷംവരെ ജനങ്ങൾ അധിവസിക്കുന്നതും അന്യോന്യം ചേർന്ന് ഒററ ബ്ളാക്കായി കിടക്കുന്നതുമായിരിക്കണം.

(2) അഞ്ചോ ആറോ പഞ്ചായത്തുകൾ പൂർണ്ണമായി അടങ്ങിയിരിക്കുന്ന പ്രദേശമായിരിക്കണം.

(3) ബ്ളാക്ക സ്ഥാപിക്കുന്ന താലൂക്കിൽ ബാക്കിയുള്ള പ്രദേശങ്ങൾ മററു ബ്ളാക്കുകളായി തിരിക്കാൻ തടസ്സമില്ലാത്തവിധത്തിൽ സ്ഥിതിചെയ്യുന്നതായിരിക്കും.

(4) വികസനത്തിനു വേണ്ട സൗകര്യങ്ങൾ ഉണ്ടായിരിക്കണം.

(5) ജനങ്ങൾ സഹകരണമനസ്ഥിതിയുള്ളവരായിരിക്കണം.

(6) ഓരോ ഡിസ്ട്രിക്ടിനും കഴിയുന്നിടത്തോളം മുഖ്യപ്രാതിനിദ്ധ്യം ഉണ്ടായിരിക്കണം.

(7) ഭരണപരമായ സൗകര്യാർത്ഥം ഇപ്പോഴുള്ള ബ്ളാക്കുകൾക്കോ പ്രാജക്ടുകൾക്കോ അടുത്തായിരിക്കണം.

പമ്പാവാലി പദ്ധതി.

* 104. [53] ശ്രീ. ഇടിക്കുള ഇടിക്കുള : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പമ്പാവാലി പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏതുനിലയിലിരിക്കുന്നു എന്നു പറയുവാൻ ദയവുണ്ടാകുമോ ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. എ. വേലായുധൻ) :

പമ്പാവാലി പദ്ധതിയുടെ വിവിധവശങ്ങളെപ്പററി വിശദമായ അന്വേഷണം (അതായതു് Detailed investigation) നടത്തിക്കൊണ്ടിരിക്കുകയാണ്.

UNSTARRED QUESTIONS AND ANSWERS.

Grant to Tangasseri School.

11. [3] **Shri A. A. D. Luiz** : Will the Chief Minister be pleased to state :—

(*a*) the total amount paid to the Infant Jesus Boys High School, Tangasseri as Boarding and Teaching grants during the years 1951-52, 1952-53 and 1953-54.

(*b*) have any complaints been received from the Institution.

Answer.

	1951-52	1952-53.	1953-54
	Rs. As. P.	Rs. As. P.	Rs. As. P.
(*a*) Boarding grant.	Nil	6,398-12- 7	13,196-8
(*b*) Teaching grant.	Nil	7,119-9-4	13,792-4

No complaints have been received from the Institution regarding the payment of grant.

കർഷകത്തൊഴിലാളി പണിമുടക്ക്.

12. [5] ശ്രീ. സി. ജി. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാടശേഖരത്തിൽ ഈയിടെ നടന്ന കർഷകത്തൊഴിലാളി പണിമുടക്കിൽ കർഷകരെ തൊഴിലാളികൾ ഉന്നയിച്ച ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു ;

(ബി) ഈ ആവശ്യങ്ങൾ 1122-ൽ നടന്ന ത്രികക്ഷിസമ്മേളനത്തിലെ തീരുമാനങ്ങൾ ആയിരുന്നോ?

ഉത്തരം.

(എ) രണ്ടു ദിവസത്തെ കൊയ്ത്തിനു ഒരു തീർപ്പ് (കററ്) വീതം കൊടുക്കണമെന്നതു് ആയിരുന്നു കർഷകത്തൊഴിലാളികൾ ഉന്നയിച്ച ആവശ്യം.

(ബി) 1122-ൽ ത്രികക്ഷിസമ്മേളനം നടന്നിട്ടില്ല. 1123-ൽ ആയിരുന്നു നടന്നതു്. അതിലെ തീരുമാനം മൂന്നു ദിവസത്തേയ്ക്കു് ഒരു തീർപ്പ് തൊഴിലാളികൾക്ക് കൊടുക്കണമെന്നായിരുന്നു.

ട്രാൻസ്പോർട്ട് ദേശവൽക്കരണം.

13. [6] ശ്രീ. എം. പി. ചന്ദ്രശേഖരപിള്ള : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രാൻസ്പോർട്ട് ദേശവൽക്കരണത്തെപ്പററി ഗവണ്മെൻറിന്റെ നയം എന്താണ്?

ഉത്തരം.

ട്രാൻസ്പോർട്ട് ദേശവൽക്കരണം ഒരു നയമായി ഗവണ്മെൻറ് മുമ്പുതന്നെ സ്വീകരിച്ചിട്ടുള്ളതാണ്. സംസ്ഥാനത്തുള്ള ഏതാനും പ്രധാന റൂട്ടുകൾ ഇപ്പോൾ ദേശവൽക്കരിച്ചിട്ടുണ്ട്. കൂടുതൽ റൂട്ടുകൾ ദേശവൽക്കരിക്കുന്ന കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ ഇരിക്കുകയാണ്.

Accident caused by Transport vehicles.

14. [10] **Shri N. G. Chacko :** Will the Minister for Transport be pleased to state :

(*a*) how many accidents were caused by the Transport vehicles in 1954 ;

(b) how many accidents were caused by the private Transport vehicles in 1954 ;

(c) what action has been taken to prevent these accidents ?

Answer.

(a) 29.

(b) 278.

(c) (1) A high standard of inspection is maintained during the six monthly examination of vehicles. (2) Surprise inspection of motor vehicles is being conducted and if any defects are found in Transport vehicles, certificates of fitness are cancelled. In the case of other motor vehicles, certificates of registration are suspended, pending rectification of defects. (3) Speed traps are set up to check overspeed and the offenders are prosecuted for violation of speed limits. (4) Police Constables are posted at important junctions to control traffic. (5) Prosecutions are launched against drivers in cases of rush and negligent driving. Departmental action is taken against Drivers by the Transport Authority in outstanding cases of overloads. (6) Sharp and blind curves are being widened by the Public Works Department. (7) Strict instructions have been issued to the local and Traffic Police to check overloads and rash driving.

In the case of accidents which occurred due to the fault of the State Transport Departmental Drivers severe disciplinary action has been instituted against them so as to avoid a recurrence of such accidents.

മന്ത്രിമാരുടെ സന്ദർശനം.

15. [19] ബി. ബി. പണ്ടാരത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മന്ത്രിമാർ ഓരോ സ്ഥലവും സന്ദർശിക്കുന്നതു് എന്തുദ്ദേശത്തിലാണ്;

(ബി) ഓരോ സ്ഥലം സന്ദർശിക്കുമ്പോൾ അതതു സ്ഥലത്തെ ഉദ്യോഗസ്ഥന്മാരെയോ, ജനപ്രതിനിധികളെയോ ഔദ്യോഗികമായി മുൻകൂട്ടി അറിയിക്കണമെന്നു് നിർബന്ധമുണ്ടോ?

ഉത്തരം

(എ) അതാതുസ്ഥലത്തെ പ്രാദേശിക ആവശ്യങ്ങളും ഗവർണ്മെന്റ് പദ്ധതികളുടെ പുരോഗതിയും മററും നേരിട്ടറിയുന്നതിനു്.

(ബി) മന്ത്രിമാർ സംസ്ഥാനത്തെ ഓരോ സ്ഥലം സന്ദർശിക്കുമ്പോൾ ജനപ്രതിനിധികളെ ഔദ്യോഗികമായി മുൻകൂട്ടി അറിയിക്കാറുണ്ടു്. സ്ഥലത്തെ ഉദ്യോഗസ്ഥന്മാരെ അറിയിക്കണമെന്നു് നിർബന്ധമില്ല.

ADJOURNMENT MOTIONS

9 A. M.] **Mr. Speaker:** Order, order. Time for questions is over. Mr. Sivarama Bharati has given notice of an Adjournment Motion which runs as follows:

> "I hereby give notice of my intention to ask for leave to make a motion for the adjournment of the business of the Assembly for the purpose of discussing a definite matter of urgent public importance *viz*, the police excesses in the lock-up of Nemmara and the oppression of workers of Nelliampathy Estate."

> "On the 15th instant on the pretext of a criminal case, Nelliampathy Plantation Workers Union Secretary Mr. Xaviour and some of the Union workers were arrested and taken over to the lock-up of Nemmara. Thereafter they were brutally assaulted in the lock-up. Following this the police are terrorising the working population of the Estate including the womenfolk and children. These excesses of the police have made peaceful life impossible in the Estate area and the situation is grave."

The hon. Member may get an opportunity to discuss this matter when the Demand for the Police Department comes up for discussion. Moreover, this is not a matter of recent occurrence as it took place on the 15th instant. So, I am rejecting this motion.

GENERAL DISCUSSION ON THE BUDGET. (*Contd.*)

ശ്രീ. എം. പി. മോനോൻ: സർ, ഏകദേശം നാലു മണിക്കൂർ നേരം ഈ ബഡ്ജററിനെക്കുറിച്ചു ഇന്നലെ വാദപ്രതിവാദം നടക്കുകയുണ്ടായി. ആ വാദപ്രതിവാദത്തിനിടയിൽ, രണ്ടു തരത്തിലുള്ള അഭിപ്രായങ്ങൾ നമുക്കു കേൾക്കുവാൻ സാധിച്ചു. ബഡ്ജററിന്റെ പോരായ്മകളും ന്യൂനതകളും ചൂണ്ടിക്കാട്ടി, രാജ്യത്തിന്റെ ആവശ്യങ്ങളും അവയ്ക്കുവേണ്ടി ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്ന എർപ്പാടുകളും തമ്മിലുള്ള വിടവുകൾ എടുത്തുകാട്ടി, പ്രതിപക്ഷബഞ്ചിൽനിന്നു പലരും സംസാരിച്ചപ്പോൾ, ധനകാര്യമന്ത്രിയുടെ പ്രസംഗം കയ്യിലെടുത്തുവച്ച്, "സുന്ദരം", "കോമളം" "ബലേഷ്" എന്നിങ്ങനെ സർട്ടിഫിക്കററുകൾ മറുഭാഗത്തുനിന്നും നൽകുന്നതു കേട്ടു. ബഡ്ജററിനെസംബന്ധിച്ചു ഗവണ്മെന്റു ഭാഗത്തുനിന്നും മറുഭാഗത്തുനിന്നും രണ്ടുതരത്തിലുള്ള അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുവെങ്കിലും, മുഖ്യമന്ത്രിയുടെ പ്രസംഗം മുഴുവനും വായിച്ചാൽ ചില പോരായ്മകളും ന്യൂനതകളുമുള്ളതായി അദ്ദേഹംതന്നെ സമ്മതിച്ചിട്ടുണ്ടെന്നു കാണാൻ കഴിയും. ഈ പോരായ്മകൾ എന്തെല്ലാമാണെന്നു നമുക്കു നോക്കാം. നമ്മുടെ രാജ്യത്തു ജനസംഖ്യയുടെ പെരുപ്പംകൊണ്ടും, തൊഴിലില്ലായ്മയുടെ കൂടുതൽ കൊണ്ടും നികത്താൻ സാധിക്കാത്ത അനേകമനേകം പ്രശ്നങ്ങൾ ഗവണ്മെന്റിനെ നേരിട്ടിട്ടുണ്ട്. ഒരു ചെറിയ സംസ്ഥാനമാണെങ്കിലും ഈ

[ശ്രീ. എം. പി. മേനോൻ]

സ്റ്റേററിലെ പ്രശ്നങ്ങൾ ഇതുപോലെയുള്ള ഒരു ബഡ്ജററുകൊണ്ടോ മൂന്നോ നാലോ ബഡ്ജററുകൊണ്ടോ പരിഹരിക്കാൻ കഴിയാത്തവിധം അത്ര കൂടുതലാണ്. ആ കാര്യം ഞാനും സമ്മതിക്കുന്നു. എന്നാൽ അവയുടെ മുൻപിൽ നിസ്സഹായതാബോധത്തോടുകൂടി കൈകെട്ടിനിൽക്കാതെ, കഴിവനുസരിച്ചു ശരിയായമാർഗ്ഗത്തിൽക്കൂടി അവയെ നേരിടുന്നതിന് ചെറിയതോതിലെങ്കിലും ഒരു പരിശ്രമം നടത്താമായിരുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ വരുമാനം വളരെയേറെ വർദ്ധിക്കേണ്ടതുണ്ട്. അതിനു പ്രധാനമായി രണ്ടു മാർഗ്ഗങ്ങളെക്കുറിച്ചു നമുക്കു ആലോചിക്കാം. ഇവിടെ ഇന്നലെ സംസാരിച്ച ഒരു സ്നേഹിതൻ ഇതിൽ ഒരു മാർഗ്ഗത്തെക്കുറിച്ചു ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇന്നു നാം എല്ലാവരും ജീവിക്കുന്ന സാമൂഹ്യവ്യവസ്ഥിതിക്കു അടിസ്ഥാനപരമായ ഒരു മാററം വരുത്തി പരിഹാരം കാണണം. ഉദാഹരണമായി നിക്ഷിപ്തതാൽപര്യങ്ങളുന്മേൽ, സ്വകാര്യസ്വത്തുകളിന്മേൽ കൈവയ്ക്കുന്നതിനും ആ അടിസ്ഥാനത്തിൽ സാമൂഹ്യനീതി പുലർക്കുന്നതിനും കഴിയുമെങ്കിൽ ഇതിനു പരിഹാരം കാണാൻ സാധിക്കും. അതിനു കാൺഗ്രസ്സ് ഗവണ്മെൻറ് തയ്യാറാകുകയില്ല. ഇന്നു നിലവിലുള്ള ഭരണഘടനയുടെ അടിസ്ഥാനത്തിൽ ഒരു സ്റ്റേററുഗവണ്മെൻറിനു അതിനധികാരവുമില്ല. അങ്ങനെ നിലവിലുള്ള ഭരണഘടനയുടെ അടിസ്ഥാനത്തിൽ ഇന്നത്തെ സാമൂഹ്യവ്യവസ്ഥിതിക്കു് അടിസ്ഥാനപരമായി ഒരു മാററം വരുത്തുവാൻ, കാൺഗ്രസ്സ് മന്ത്രിസഭയ്ക്കു്, സ്റ്റേററിലുള്ളതായാലും കേന്ദ്രത്തിലേതായാലും, സാദ്ധ്യമല്ല, അതിനാൽ അതിനവർ ആഗ്രഹിക്കുന്നില്ല എന്നു നമുക്കറിയാം. എന്നിക്കോന്നുയുണ്ട്, ആവഡിയിൽക്കൂടിയ കാൺഗ്രസ്സ് സമ്മേളനത്തിൽ സോഷ്യലിസം പ്രഖ്യാപിച്ചുകൊണ്ടു ഒരു പ്രമേയം പാസാക്കിയിട്ടുണ്ടെന്നു്. ഈ രാജ്യത്തിന്റെ ഭാവിഭാഗധേയത്തിനു മുഴുവനും അവർ ആവഡിയുടെ ചേവടിയിൽ കാഴ്ചവച്ചിരിക്കുകയാണ്. കുപ്പിയുടെ നിറം അനുസരിച്ചു് വെള്ളത്തിന്റെ നിറം മാറി മാറി വരുന്നതുപോലെയാണ് ആവഡി പ്രമേയത്തിനെപ്പററി വ്യാഖ്യാനങ്ങൾ ഉണ്ടാകുന്നതു്. രാജഗോപാലാചാരിയുടെ വ്യാഖ്യാനം ഒരുവിധത്തിൽ, പണ്ഡിററു നെഹ്റുവിന്റെ വ്യാഖ്യാനം ഇനിയൊരുവിധത്തിൽ, എതിരാളികളുടെ ശരങ്ങളെ നേരിടുന്നതിനു അനുസരണമായി അവർ അനുകൂലമായ വ്യാഖ്യാനങ്ങൾ നൽകിവരികയാണ്. ആന്ധ്രായിലെ തിരഞ്ഞെടുപ്പു യോഗത്തിൽ കാൺഗ്രസ്സ് നേതാക്കന്മാരുടെ വ്യാഖ്യാനങ്ങൾ ഇതിനെല്ലാം വിപരീതമായിരുന്നു. സയൻസുപഠിക്കുന്ന ഹൈസ്കൂൾ ക്ലാസു വിദ്യാർത്ഥികളുടെ ഭാഷയിൽ പറഞ്ഞാൽ, Colourless, tasteless and odourless gas, നിറമില്ലാത്ത, മണമില്ലാത്ത, ഗുണമില്ലാത്ത പുക മാത്രമാണ് ആവഡി പ്രമേയം.

കാൺഗ്രസ്സ് ഗവണ്മെൻറ് നിലവിലുള്ളിടത്തോളംകാലം, നമ്മുടെ സാമ്പത്തിക നില തെല്ലെങ്കിലും നന്നാക്കാൻ വേറെ എന്തെങ്കിലും വഴിയുണ്ടോ എന്നു അന്വേഷിക്കണം. ഇന്നുള്ള സാമൂഹ്യവ്യവസ്ഥിതിക്കകത്തു നിന്നുകൊണ്ടു നമ്മുടെ സംസ്ഥാനത്തിന്റെ ധനാഗമമാർഗ്ഗം വർദ്ധിപ്പിക്കുവാൻ സാദ്ധ്യമാണോ എന്നു നാം ആലോചിക്കണം. കഴിഞ്ഞ ബഡ്ജററു അവതരിപ്പിച്ച സന്ദർഭത്തിൽ അന്നത്തെ ധനകാര്യവകുപ്പുമന്ത്രിയായിരുന്ന ശ്രീ. പി. എസ്സ് നടരാജപിള്ള ഫെഡറൽ ഫൈനാൻഷ്യൽ ഇൻറിഗ്രേ

ഷൻ കൊണ്ടുണ്ടായിട്ടുള്ള ദോഷങ്ങളുടെ ചില യാഥാർത്ഥ്യങ്ങൾ തുറന്നു സമ്മതിച്ചിരുന്നു. തളർവാതം പിടിപെട്ടതുപോലെ, നമ്മുടെ സാമ്പത്തികകാര്യത്തിന് തളർച്ച സംഭവിച്ചിരിക്കുകയാണെന്നു അദ്ദേഹം പറഞ്ഞതായി എനിക്കോർമ്മയുണ്ട്. അതൊരു പരമാർത്ഥമാണ്. കേന്ദ്രവുമായുള്ള ബന്ധത്തിൽ മാററംവരുത്താതെ നമുക്കു രക്ഷയില്ല. ആ പരമാർത്ഥംപോലും തുറന്നു സമ്മതിക്കാൻ ഇന്നത്തെ ധനകാര്യമന്ത്രി തയ്യാറില്ലാത്തതാ ണ്ദുഃഖം.

കഴിഞ്ഞ വർഷത്തിൽ ഫെഡറൽ ഇൻറിഗ്രേഷൻ കർാറനുസരിച്ചു കേന്ദ്രത്തിൽനിന്നു 2.6 കോടിരൂപ നമുക്കു കിട്ടിയതിനു പകരം, ഇക്കൊല്ലം 2.8 കോടിരൂപ തരും എന്നു പറയുന്നതുപോലും, അതായതു് ഏതാനും ചില്ലറ തരുമെന്നു പറയുന്നതുപോലും, നമ്മുടെ ഒരു വലിയ നേട്ടമായി, കേന്ദ്രഗവണ്മെൻറിൻെറ വലിയ ഒരു ഔദാര്യമായി വ്യാഖ്യാനിക്കാനുള്ള ഒരു മനോഭാവമാണു അദ്ദേഹത്തിനുള്ളതു്. സംയോജനത്തിനു മുൻപു്, അതായതു്, കൊച്ചി കൊച്ചിയും, തിരുവിതാംകൂർ തിരുവിതാംകൂറുമായിരുന്ന കാലത്തു്, ഇന്നത്തെക്കാൾ കൂടുതൽ സാമ്പത്തിക ശേഷി രണ്ടു സംസ്ഥാനങ്ങൾക്കുമുണ്ടായിരുന്നു. ഭരണഘടനയിലെ ഏഴാം ഷെഡ്യൂൾ പരിശോധിച്ചു നോക്കിയാൽ നമ്മുടെ സംസ്ഥാനത്തെ ധനാഗമമാർഗ്ഗങ്ങളായ പല ഇനങ്ങളും കേന്ദ്രത്തിൻെറ കീഴിലായിട്ടുണ്ടെന്നു കാണാൻ കഴിയും. സെയിൽസ്ടാക്സ് പോലെയുള്ള ഇനങ്ങൾ, അതായതു് സാധാരണ ജനങ്ങളെ പിഴിഞ്ഞെടുക്കുന്ന ചില നികുതിയിനങ്ങൾ മാത്രമാണ് സ്റ്റേറഗവണ്മെൻറിന് വരവിനമായി ശേഷിച്ചിരിക്കുന്നതു്. ഇന്നത്തെ ഭരണഘടനയനുസരിച്ചു് കൂടുതൽ ആദായമാർഗ്ഗത്തിനുള്ള സാദ്ധ്യതയില്ല, അതുകൊണ്ടു് പ്രശ്നങ്ങൾ പരിഹരിക്കാൻ നിവൃത്തിയില്ല എന്നു സത്യം തുറന്നു പറഞ്ഞിരുന്നെങ്കിൽ ഞങ്ങൾ അദ്ദേഹത്തിൻെറ ആത്മാർത്ഥതയെ മാനിക്കുമായിരുന്നു. യാഥാർത്ഥ്യങ്ങൾ എന്തിനു ഒളിച്ചുവയ്ക്കണം? കേന്ദ്രവും നാമും തമ്മിലുള്ള ബന്ധത്തിനു് ഗുണമായ വ്യത്യാസം വരുത്തുവാൻ ഈ ഗവണ്മെൻറിനു സാധിക്കുമെങ്കിൽ, ഈ ഗവണ്മെൻറിനെ ഞങ്ങൾ അനുമോദിക്കുമായിരുന്നു. ഇന്നു സാമ്പത്തികമായ നിസ്സഹായതയും തോർവിയും ബഡ്ജററിൽ ഉടനീളം നോക്കിയാൽ കാണാവുന്നതാണ്. ഈ നാട്ടിലെ സാരമായ പ്രശ്നം തൊഴിലില്ലായ്മയാണ്. ആ കാര്യം ഭൂഷാറി ബഞ്ചിൽ ഇരിക്കുന്നവർ പോലും സമ്മതിക്കും. ഈ കാര്യങ്ങൾക്കെല്ലാം ധനകാര്യമന്ത്രി ഒരു വാചകത്തിൽ സമാധാനം പറഞ്ഞുകൊണ്ടു കടന്നു പോകുകയാണ്. കേന്ദ്രത്തിൽ ഒരു പ്ലാനിംഗ് കമ്മീഷനുണ്ടു, അവർ ഈ കാര്യങ്ങൾ നോക്കികൊള്ളും എന്നാണ് ഇതിനെല്ലാം അദ്ദേഹം സമാധാനം പറയുന്നതു്. സർ, ഇവിടത്തെ തൊഴിലില്ലായ്മയ്ക്കു ഒരു പരിഹാരം ഉണ്ടാക്കേണ്ടതു് ഈ ഗവണ്മെൻറിൻെറ ചുമതലയല്ലേ? ഇന്നലെ ഭാഷാപ്രവശ്യയെപ്പററി അരമണിക്കൂർനേരം ചോദ്യങ്ങൾ ചോദിച്ചിട്ടു് ഉത്തരം പറയാതെ എല്ലാം കേന്ദ്രത്തിൻെറ കാര്യമാണെന്നു പറഞ്ഞു് ഒഴിഞ്ഞു മാറുകയാണ് ചെയ്തതു്. ഇങ്ങനെ അടിയന്തിരങ്ങളായ പല കാര്യങ്ങളും കേന്ദ്രത്തിനു വിട്ടുകൊടുത്തിട്ടു്, നമ്മുടെ പ്രശ്നങ്ങൾക്കൊന്നും പരിഹാരം കാണാൻ നിവ്വാഹമില്ലാതെ ഒരിക്കാനാണെങ്കിൽ ഇങ്ങനെയൊരു സ്റ്റേറഗവണ്മെൻറിൻെറ ആവശ്യംതന്നെ എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല... ഈ ബഡ്ജററിൽ പല പോരായ്മകളും ഉണ്ടു്. ഇതു ഫ്ററെയിം ചെയ്തിരിയ്ക്കുന്നതു് എന്തുദ്ദേശത്തോടുകൂടിയാണ്?

[ശ്രീ. എം. പി. മേനോൻ]

"The governing consideration in framing the budget has been the completion of the First Five-Year Plan according to the targets already fixed"

ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ, ഈ ബഡ്ജററ അംഗീകരിപ്പിക്കുവാൻ അദ്ദേഹം പറഞ്ഞിരിക്കുന്ന ഒരു വാചകമാണിതു്. പഞ്ചവത്സരപദ്ധതി വളരെ കാര്യമായ ഒന്നാണു്. അതു നടപ്പിലാക്കാനാണു ഗവണ്മെൻറിൻെറ ശ്രമം. പഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനം കൊണ്ടു ഈ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമെങ്കിൽ അതിനെ സ്വാഗതം ചെയ്യാൻ പ്രതിപക്ഷ കക്ഷിയിലുള്ളവർക്കു സന്തോഷമാണു്. പക്ഷെ, പഞ്ചവത്സരപദ്ധതിയുടെ നാലു കൊല്ലത്തെ പുരോഗമനം വളരെ അവേഷണം ചെയ്തു നോക്കീട്ടും എന്താണെന്നു ഞങ്ങൾക്കു മനസ്സിലാക്കുവാൻ സാധിച്ചില്ല. ശ്രീ. ടി കെ. ദിവാകരൻ പറഞ്ഞതു പോലെ പഞ്ചവത്സരപദ്ധതിമൂലം ഇവിടെ ഉണ്ടായിട്ടുള്ള പുരോഗതിയെന്താണു്, അതിൻെറ പ്രവർത്തനം ഇപ്പോൾ എവിടെച്ചെന്നു അവസാനിച്ചിരിക്കുന്നു എന്നു ധനകാര്യമന്ത്രിയുടെ ബഡ്ജററപ്രസംഗത്തിൽ പറയേണ്ടതായിരുന്നു. പഞ്ചവത്സരപദ്ധതിയുടെ പുരോഗതിയെപ്പററി ഒരു പുസ്തകം ഗവണ്മെൻറ അച്ചടിച്ചു വിതരണം ചെയ്തിട്ടുണ്ടെന്നറിയാം. പക്ഷെ, അതിലെ നിഗമനങ്ങളെല്ലാം അവ്യക്തങ്ങളാണു്. കഷായത്തിനു് മരുന്നു കുറിക്കുന്ന കുറിപ്പടി കൾ പോലെ അതു ഈ സഭയിലെ അംഗങ്ങൾക്കു വിതരണം ചെയ്തിട്ടുണ്ടു്. ഒരു ചെറിയ ചോദ്യത്തിനുപോലും അതിൽ മറുപടി കാണുവാൻ സാധിച്ചില്ല. ഈ നാലുകൊല്ലക്കാലം കൊണ്ടു ഈ പദ്ധതിയുടെ പേരിൽ എത്ര പേർക്കു കൂടുതലായി തൊഴിൽ ഉണ്ടാക്കി കൊടുത്തിട്ടുണ്ടു്. ഇനിയും കൂടുതൽ തുക ഈ ബഡ്ജററിൽ പാസ്സാക്കുകയാണെങ്കിൽ എത്ര പേർക്കു അതുകൊണ്ടു തൊഴിൽ ലഭിക്കുമെന്നു അറിഞ്ഞാൽ കൊള്ളാം. മുപ്പതുകോടി രൂപ അഞ്ചുവർഷംകൊണ്ടു ചെലവാക്കിയതുകൊണ്ടു എത്ര തൊഴിലാളികൾക്കു തൊഴിൽ ഉണ്ടായിട്ടുണ്ടെന്നാണു് ഞാൻ ചോദിക്കുന്നതു്. ഈ പഞ്ചവത്സരപദ്ധതി ഈ നാട്ടിലെ തൊഴിലില്ലായ്മ പ്രശ്നത്തെ എങ്ങനെ ബാധിക്കുമെന്നു ഈ സഭയിൽ പ്രസ്താവിക്കാൻ സാധിച്ചിട്ടില്ല. പഞ്ചവത്സരപദ്ധതി എന്താണെന്നു പുസ്തകത്തിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നില്ല. പൊരിങ്ങൽ കുത്തു, വാഴാനി ചാലക്കുടി മുതലായ പല പദ്ധതികളും ഇവിടെ നടത്തുന്നുണ്ടെന്നു പറഞ്ഞേക്കും. ഇതു അത്ര മഹത്തായ കാര്യമാണെന്നു പറയാനില്ല. സാമ്പത്തികമായി ഈ പദ്ധതി നമ്മുടെ നാട്ടിനു് എങ്ങനെ ബാധിക്കുമെന്നു പറഞ്ഞു കാണുന്നില്ല. പഞ്ചവത്സരപദ്ധതി തുടങ്ങിയതിൻെറ തലേകൊല്ലം 1951-52 ൽ കേന്ദ്രഗവണ്മെൻറ 220 കോടി രൂപ ഡവലപ്പുമെൻറ ഇനങ്ങൾക്കുവേണ്ടി നീക്കിവെയ്ക്കുകയും അതു ചെലവു ചെയ്യുകയും ചെയ്തിട്ടുണ്ടു്. അടുത്ത വർഷത്തിൽ, അതായതു പഞ്ചവത്സരപദ്ധതി തുടങ്ങിയ ആദ്യത്തെ കൊല്ലം, 260 കോടി രൂപായാണു ഇതിലേയ്ക്കു നീക്കിവെച്ചതു്.

രണ്ടാമതുവർഷം ഈ ചെലവിലേയ്ക്കു 270 കോടി രൂപ നീക്കിവച്ചു. അതിനടുത്തവർഷം, 1954-55-ൽ, ഇതിലേയ്ക്കു തയ്യാറാക്കിയ ബഡ്ജററനുസരിച്ചു 413 കോടി രൂപ നീക്കിവയ്ക്കാൻ കേന്ദ്രഗവണ്മെൻറ പാർലമെൻറിൽ തീരുമാനിച്ചെങ്കിലും യഥാർത്ഥത്തിൽ 300 കോടി രൂപയെ ചെലവാക്കാൻ സാധിച്ചിട്ടുള്ളുവെന്നു റിവൈസ്ഡ് എസ്റ്റിമേററ പരിശോധി

ച്ചാലറിയാം. ആ വിവരം കേന്ദ്രധനകാര്യമന്ത്രി ദേശ്മുഖ് സമ്മതിച്ചിട്ടുണ്ട്. പഞ്ചവത്സരപദ്ധതി നടപ്പിൽ വരുന്നതിന് മുൻപുപോലും കേന്ദ്ര ഗവണ്മെൻറ ഈ വക ചെലവുകൾക്കായി 250-ം, 290-ം, 300-ം കോടി രൂപവീതം കൊള്ളിച്ചിരുന്നതായി നമുക്കു കാണാൻ കഴിയും. ഇപ്പോൾ പഞ്ചവത്സരപദ്ധതി നടപ്പിലായതിനുശേഷവും ആ തുകയിൽ കൂടുതൽ ചെലവഴിക്കാൻ സാധിച്ചിട്ടില്ല. പിന്നെ എന്തിന് പദ്ധതിയെപ്പററി ഇത്ര വലിയ ഘോഷം?

കഴിഞ്ഞകൊല്ലം ഇവിടെ ബഡ്ജററ അവതരിപ്പിച്ച സന്ദർഭത്തിൽ, ഡെവലപ്പ്മെൻറ പദ്ധതികൾക്കു നീക്കിവച്ചിരുന്ന തുക മതിയാകയില്ലെന്നു പറഞ്ഞു അന്നു പ്രതിപക്ഷനേതാവായിരുന്ന ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ശക്തിയുക്തം പ്രതിഷേധിക്കുകയും, ഒരു കോടി രൂപ കൂടി ആയിനത്തിൽ ഉൾപ്പെടുത്തണമെന്നുള്ള ഒരു കട്മോഷൻ അവതരിപ്പിക്കുകയും, ചില രാഷ്ട്രീയ സമ്മർദ്ദങ്ങൾക്കുശേഷം അതു പിൻവലിക്കുകയും ചെയ്തതായി നമുക്കറിയാം, അന്ന് ധനകാര്യമന്ത്രിയായിരുന്ന ശ്രീ. നടരാജപിള്ള അതു സംബന്ധിച്ചു സംസാരിച്ചപ്പോൾ പണം കൂടുതലുണ്ടെങ്കിൽ അതു 'അബ്സാർബ്' ചെയ്യാനുള്ള കഴിവു നമ്മുടെ പ്രാജക്ററുകൾക്കുണ്ടോ എന്നു സംശയിക്കുകയുണ്ടായി. ആ സംശയം ശരിയായിരുന്നുവെന്നു റിവൈസ്ഡ് എസ്റ്റിമേററ പരിശോധിച്ചാൽ മനസ്സിലാകുന്നതാണ്. അതുപോലെ ഇന്നു കൊള്ളിച്ചിരിക്കുന്ന പത്തുകോടി രൂപയും ചെലവുചെയ്യുവാൻ സാധിക്കുമോ എന്നു ഞാൻ സംശയിക്കുന്നു.

ഇന്നു സംസ്ഥാനത്തെ സാമ്പത്തികനില ദയനീയമായ ഒരവസ്ഥയിലെത്തിച്ചേർന്നിരിക്കുന്നതു കാർഷികവിഭവങ്ങളുടെ വിലയിടിവുമൂലമാണ്. സാധനങ്ങളുടെ വിലയിടിവു സാധാരണജനങ്ങൾക്ക് ആശ്വാസകരമാണെന്നു ധനകാര്യമന്ത്രി പറഞ്ഞതു ശരിയല്ല. ഉൽപ്പാദനത്തിൻെറ വർദ്ധനവുമൂലമാണ് ഈ വിലയിടിവുണ്ടായിട്ടുള്ളതെന്നു പറയുന്നതും സാധുകരിക്കാവുന്നതല്ല. നാട്ടിലെ ജനങ്ങൾക്ക് ഇന്നു ക്രയശക്തി കുറഞ്ഞതു് മാത്രമാണ് ഈ വിലയിടിവിനു കാരണമെന്നു നാം മനസ്സിലാക്കേണ്ടതുണ്ട്. ഇക്കാര്യം ഈയിടെ മദ്രാസ് നിയമസഭയിൽ വാദപ്രതിവാദം നടത്തുകയും സ്റ്റേററിലെ കാർഷികവിഭവങ്ങളുടെ വിലക്കുറവിന് നേരിടുന്നതിനു സത്വരനടപടികൾ സ്വീകരിക്കാൻ അവർ തീരുമാനിക്കുകയുമുണ്ടായി. നാട്ടിൻപുറങ്ങളിലെ ജനങ്ങൾക്കു ക്രാപ്പ്ലോൺ നൽകുന്നതിന് റിസർവ് ബാങ്കിനെ സമീപിക്കുന്നതാണെന്ന് ധനകാര്യമന്ത്രി സുബ്രഹ്മണ്യം പറയുകയുണ്ടായി. ആ മാതൃകയെങ്കിലും ഇവിടെ അനുകരിക്കാമായിരുന്നു. കാർഷികവിലയിടിവ് ആവഡിസമ്മേളനത്തിൽപോലും വലിയ ചർച്ചാവിഷയമായിരുന്നു. റൂറൽ ക്രെഡിററിനുള്ള സൌകര്യങ്ങൾ വർദ്ധിപ്പിച്ചും, ഗവണ്മെൻറതന്നെ നേരിട്ടു വിഭവങ്ങൾ വാങ്ങിയും, വിലനിലവാരം തകരാതെ നോക്കണമെന്നുമാണ് എനിക്കു പറയാനുള്ളതു്.

ആ വിധത്തിലുള്ള അടിയന്തിര പ്രവർത്തനങ്ങളെപ്പററിയൊന്നും നമ്മുടെ ധനകാര്യമന്ത്രി ബഡ്ജററ പ്രസംഗംമൂലം നമ്മെ മനസ്സിലാക്കിയിട്ടില്ല. ഇവിടത്തെ സ്ഥിതിയെന്താണ്? കാർഷികോൽപ്പാദനം ഇരുപതുശതമാനം വർദ്ധിച്ചു; അതേ സമയം മുപ്പതുശതമാനം വർദ്ധനവുണ്ടായി വ്യവസായോൽപ്പന്നങ്ങൾക്ക്. കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവു അതിലുമൊക്കെ എത്രയോ വലിയ തോതിലാണ്. ഇതിനു കാരണം ജനങ്ങളുടെ ക്രയശക്തി കുറഞ്ഞതാണെന്നു മനസ്സിലാക്കാൻ

[ശ്രീ. എം. പി. മേനോൻ]

വലിയ പ്രയാസമൊന്നുമില്ല. കേന്ദ്രസർക്കാർ കൊല്ലംതോറും 200–300 കോടി രൂപയ്ക്ക് deficit financing നടത്തുന്നുണ്ട്. അതിന്റെ inflationary pressure കവച്ചുവച്ചും സാധനങ്ങളുടെ വില താഴുന്നതു്, ക്രയശക്തിയുടെ കുറവുകൊണ്ടു മാത്രമായിരിക്കണം. രാജ്യത്തുള്ള സാമ്പത്തിക പ്രശ്നങ്ങളെ തെററിദ്ധരിപ്പിക്കാതെ അവയുടെ യാഥാർത്ഥ്യങ്ങൾ തുറന്നുപറയാൻ ധനകാര്യമന്ത്രി ശ്രമിക്കേണ്ടതായിരുന്നു. നമ്മുടെ നാട്ടിലെ ജനങ്ങളുടെ ക്രയശക്തി ഉടനടി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ സമയം വളരെ വൈകിയിരിക്കുകയാണ്. കോടിക്കണക്കിന് തുകകൾ പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുന്നതുകൊണ്ടു മാത്രം നമ്മുടെ പ്രവർത്തനങ്ങൾ പരിഹരിക്കപ്പെടുകയില്ല. സാധാരണ ജനങ്ങളുടെ ക്രയശക്തി വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഗവണ്മെന്റു സത്വരമായ നടപടികൾ എടുക്കുന്നതിനു അമാന്തിക്കരുതെന്ന് ഏനിക്കു പ്രത്യേകം അഭ്യർത്ഥനയുണ്ട്.

സാധാരണ ജനങ്ങളുടെ ക്ഷേമത്തെയും സാമ്പത്തികസുസ്ഥിതിയെയുമല്ല ഗവണ്മെന്റു പ്രധാനമായി ലക്ഷീകരിക്കുന്നതെന്നു ഈ ബഡ്ജററിൽ നിന്നും നമുക്കു മനസ്സിലാക്കുവാൻ കഴിയും. ഉദാഹരണമായി മോട്ടാർ വെഹിക്കിൾടാക്സ് കുറച്ചതുകൊണ്ടുള്ള പ്രയോജനം ഈ രാജ്യത്തു ആർക്കാണെന്നു നോക്കുക! പ്രൈവററു മോട്ടാർ ഉടമകൾക്കല്ലാതെ അതുകൊണ്ടു സാധാരണക്കാർക്ക് എന്തെങ്കിലും പ്രയോജനമുണ്ടാകുന്നുണ്ടോ? ബസ്സുമുതലാളിമാർക്കു ഇപ്പോൾ വലിയ നഷ്ടം വരുന്നുണ്ടെന്നും, അതു പരിഹരിക്കാനാണ് ടാക്സ് കുറവുചെയ്യുന്നതെന്നുമാണ് ധനകാര്യമന്ത്രി പറയുന്നതു്. മാത്രമല്ല, പ്രതിപക്ഷനേതാവുകൂടി ഉൾപ്പെട്ട മിനിമം വേജസ് കമ്മിററിയുടെ ശുപാർശയും ഈ കാര്യത്തിലുള്ളതായി പറയുന്നു. പ്രതിപക്ഷനേതാവിന്റെ ശുപാർശകൂടിയുള്ളതുകൊണ്ടു ഇതിൽ ഒരു തീരുമാനമെടുത്തുവെന്നു പറഞ്ഞാൽ കൂടുതൽ വിമർശനം ഉണ്ടാകുകയില്ലെന്നായിരിക്കും ധനകാര്യമന്ത്രിയുടെ വിചാരം. അനാവശ്യമായ ഒരു നടപടിയാണിതെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. പി. എസ്. പി. ഗവണ്മെന്റു അധികാരത്തിലിരുന്നപ്പോൾ എന്താണും ബസ്സുടമകൾ ദേശസാൽക്കരിക്കാൻ ആലോചന നടന്നു. അതിനെപ്പററി കേട്ടറിഞ്ഞയുടൻ എന്തെല്ലാം പരാക്രമങ്ങളാണു സർ ഇവർ കാട്ടിക്കൂട്ടിയതു്? ഹൈക്കോടതിയിൽ റിട്ട്, കേന്ദ്രത്തിനു നിവേദനം, നിലവിലിരുന്ന ഗവണ്മെന്റിനെ മറിച്ചിടാൻ ഗൂഢാലോചനകൾ. അങ്ങനെ എന്തെല്ലാം ബഹളങ്ങൾ ഇവർ ഉണ്ടാക്കി? തൊഴിലാളികൾക്കു മിനിമം വേജസ് നിശ്ചയിച്ചപ്പോൾ നഷ്ടമാണെന്നു പറഞ്ഞ ഇവർക്ക് എന്തുകൊണ്ടാണു ബസ്സുടമകൾ നാഷണലൈസ് ചെയ്യാൻ ആരംഭിച്ചപ്പോൾ ഈ വെപ്രാളമുണ്ടായതു്? ഇതിൽ നിന്നും എന്താണു മനസ്സിലാക്കേണ്ടതു്? ബസ്സുടമകൾക്കു യാതൊരു നഷ്ടവുമില്ല. നഷ്ടമുണ്ടാകുമായിരുന്നെങ്കിൽ അവർ ഈ പണി ഉപേക്ഷിക്കുമായിരുന്നു. പിന്നെ ഇപ്പോൾ നഷ്ടമുണ്ടെന്നു പറയുന്നതു് മിനിമം വേജസ് നടപ്പിലാക്കുന്നതുമൂലമുള്ള അധികച്ചെലവിനെ നേരിടാൻമാത്രം. മോട്ടാർ വാഹനനികുതി കുറച്ചതു്, ബസ്സ് മുതലാളിമാർക്കുള്ള സൌജന്യമായതുകൊണ്ട് ഞാനതിനെ ശക്തിയായി എതിർക്കുന്നു.

ബഡ്ജററിൽ വേറെ എന്തെല്ലാം കാര്യങ്ങളാണ് പറഞ്ഞിരിക്കുന്നതെന്നു നോക്കുക! ഒരു ആഞ്ഞുപത്രിയിൽ മുപ്പത്തിരണ്ടു കിടക്കകൾ കൂടുത

ല്ലായി ഉണ്ടാക്കിയിരിക്കുന്നുവത്രെ. 128 കട്ടി കാലുകൾ ഉണ്ടാക്കിയെന്നു പറഞ്ഞിരുന്നുവെങ്കിൽ എണ്ണത്തിന്റെ വലിപ്പത്തിൽ അത്ഭുതപ്പെടാമായിരുന്നു. ഇതുപോലെ അനേകം പഴയതും പുതിയതുമായ കാര്യങ്ങൾ ഇതിൽ നോക്കിയാൽ കാണാം. വാഴാനിപദ്ധതി, പീച്ചി പദ്ധതി തുടങ്ങി പല പദ്ധതികളുടെയും പേരുവിവരം ഈ ബഡ്ജററിലും കാണുന്നു. കൊല്ലംതോറും പല ധനകാര്യമന്ത്രിമാരും ഈ പദ്ധതികളുടെ പേരിൽ അഭിമാനം കൊള്ളാറുണ്ട്. ഇനിയും അവയുടെ പേരിൽ മെച്ചം കാണിക്കാൻ മുതിരുന്നതു സാഹസമല്ലേ ?

മററാന്ന് ചവറയിലെ പാലം നിർമ്മിച്ചതാണ്. എന്റെ ഓർമ്മ ശരിയാണെങ്കിൽ, 1951-ൽ ആണെന്നു തോന്നുന്നു, ശ്രീ. സി. കേശവൻ ഇവിടെ മുഖ്യമന്ത്രിയായിരുന്ന കാലത്താണ് ചവറ പാലം പണിതീർത്തത്. കാലം പിന്നെയും കഴിഞ്ഞിട്ടും, പാലത്തിന്റെ താഴെക്കൂടി ധാരാളം ബോട്ടുകൾ കടന്നുപോകുകയും, മുകളിൽ കൂടി ഒട്ടധികം ബസ്സുകൾ കടന്നുപോകുകയും ചെയ്തിട്ടും, 1955-ൽ നമ്മുടെ ധനകാര്യമന്ത്രി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ അഭിമാനിക്കുകയാണു ചവറയിൽ ഒരു പാലം നിർമ്മിച്ചുവെന്ന്.

ബഡ്ജററ പ്രസംഗത്തിൽ കാൺഗ്രസ്സ് ഗവണ്മെന്റ അധികാരത്തിൽ വന്ന സാഹചര്യത്തെപ്പററി ഒരു സൂചന നൽകുന്നുണ്ട്. അങ്ങനെയൊരു സൂചനയുടെ ആവശ്യമില്ലായിരുന്നു. അത്രയും സൂചിപ്പിച്ചു സ്ഥിതിക്ക് ചില എം. എൽ. എ. മാരെ എന്തുവില നൽകിയാണു വാങ്ങിയതെന്നു കൂടി പറഞ്ഞിരുന്നെങ്കിൽ നന്നായിരുന്നേനെ എന്നുള്ള അഭിപ്രായത്തോടു കൂടി ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. കെ. എം. ചാക്കോ : സർ, ഈ ഗവണ്മെന്റ അധികാരത്തിൽ വന്നിട്ട് കഷ്ടിച്ച് ഒരു മാസത്തിനുമേലേ ആയിട്ടുള്ളു. ഇത്ര ചുരുങ്ങിയ ഒരു കാലത്തിനുള്ളിൽ ഇത്രയും നന്നായിട്ടുള്ള ഒരു ബഡ്ജററ അവതരിപ്പിച്ചതിൽ, ധനകാര്യമന്ത്രിയും, മുഖ്യമന്ത്രിയും കൂടി ആയ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോനെ അഭിനന്ദിക്കുകയും, ബഡ്ജററിനെ പിൻതാങ്ങുകയും, ചെയ്യുകൊള്ളുന്നു. ഈ ബഡ്ജററിൽ പല നല്ല കാര്യങ്ങളും ഉണ്ട്. രാജ്യക്ഷേമകരങ്ങളായ പല നല്ല കാര്യങ്ങൾക്കായി അനേകം കോടി രൂപ ഈ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളതായി പരിശോധിച്ചാൽ കാണാവുന്നതാണ്. നാലുകോടിയിൽ പരം രൂപവരുന്ന ഒരു കമ്മി ബഡ്ജററാണിവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഇതൊരു കമ്മി ബഡ്ജററായതുകൊണ്ടു മാത്രമല്ല, ഞാൻ ഇതിനെ അനുകൂലിക്കുന്നത്; ഇതിൽ പല നല്ല പദ്ധതികൾക്കും ധാരാളം സംഖ്യകൊള്ളിച്ചിരിക്കുന്നതുകൊണ്ടും കൂടിയാണ്. അധികാരത്തിൽ നിന്നും ഒഴിഞ്ഞ ഗവണ്മെന്റ കഴിഞ്ഞ തവണ അവതരിപ്പിച്ചതായ ബഡ്ജററിൽ 1954 ജൂലൈമാസത്തിൽ പാസ്സാക്കിയെടുത്ത സപ്ലിമെൻററിഗ്രാൻറുകൾ കൂടെ ഏകദേശം ഒരു കോടിയിൽപ്പരം രൂപയുടെ കമ്മിയാണു കാണിച്ചിരുന്നത്. എന്നാൽ, ആണ്ടവസാനത്തിൽ ഏകദേശം 18 ലക്ഷത്തോളം രൂപയുടെ മിച്ചംവരികയാണുണ്ടായത്. സർ; ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നത് നാലുകോടിയിൽ പ്പരം രൂപയുടെ ഒരു കമ്മി ബഡ്ജററാണെന്ന് ഞാൻ പറഞ്ഞുവല്ലോ. മുൻ ചരിത്രം നോക്കുകയാണെങ്കിൽ കമ്മി ബഡ്ജററ് ആണ്ടവസാനത്തിൽ മിച്ച ബഡ്ജററായി മാറുകയാണു പതിവ്. എന്നാൽ ഈ ബഡ്ജററിന്റെ അവസ്ഥ അങ്ങനെയാകാതിരിക്കണമെന്നും മു

[ശ്രീ. കെ. എം. ചാക്കോ]

വൻ തുകയും പ്രയോജനകരമായിത്തന്നെ ചെലവഴിക്കണമെന്നും ധനകാര്യമന്ത്രിയോടു് എനിക്കു പ്രത്യേകം ഒരു അഭ്യർത്ഥനയുണ്ടു്. കഴിഞ്ഞ തവണ പി. എസ്സ്. പി ഗവണ്മെൻറു ബഡ്ജററു അവതരിപ്പിച്ചപ്പോൾ മുഖ്യമായി ഞങ്ങൾ അതിനെ എതിർത്തതു രണ്ടു പ്രധാന കാരണങ്ങൾ കൊണ്ടാണു്. ഒന്നു്, പഞ്ചവത്സരപദ്ധതിയിൽ കാര്യമായിട്ടുള്ള തുക കൊള്ളിച്ചിരുന്നില്ല. മററതു് തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു് കാര്യമായ തുക ബഡ്ജററിൽ ഇല്ലായിരുന്നു എന്നുള്ളതുമാണു്. എന്നാൽ ഈ ബഡ്ജററിൽ അങ്ങനെയുള്ള കാര്യങ്ങൾക്കു വളരെയധികം സംഖ്യകൾ കൊള്ളിച്ചിട്ടുണ്ടെന്നു കാണുന്നതു വളരെ സ്വാഗതാർഹമാണു്. ഏകദേശം പത്തുകോടിയിൽപ്പരം രൂപയാണു് അടുത്ത വർഷത്തേയ്ക്കു് അതായതു് ആദ്യപഞ്ചവത്സരപദ്ധതിയുടെ അവസാനവർഷത്തേയ്ക്കു് ഈ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളതു്. അതു കഴിഞ്ഞ ബഡ്ജററുവച്ചുനോക്കുമ്പോൾ അതിൻെറ ഇരട്ടിയാണെന്നു് നമുക്കു് കാണാവുന്നതാണു്.

സർ, അങ്ങനെ ഉപയോഗപ്രദമായ പല കാര്യങ്ങളും ഈ ബഡ്ജററിൽ ഉണ്ടെന്നു ഞാൻ പറഞ്ഞു. പഞ്ചവത്സരപദ്ധതിക്കുതന്നെ കോടിക്കണക്കിനു് സംഖ്യ കൊള്ളിച്ചിട്ടുണ്ടെന്നും ഞാൻ പറഞ്ഞു. അതേ സമയത്തു് ഒരു കാര്യം ഈ സഭയുടെ മുൻപിൽ വയ്ക്കാൻ ആഗ്രഹിക്കുന്നുണ്ടു്. അതു് പ്രാദേശികമായ സങ്കുചിതമനോഭാവത്തോടുകൂടിയാണെന്നു് ആരും തെററിദ്ധരിക്കരുതെന്നു് എനിക്കു് ഒരു അപേക്ഷയുണ്ടു്. ഈ പഞ്ചവത്സരപദ്ധതികൊണ്ടു് വളരെയധികം ഗുണം നമ്മുടെ രാജ്യത്തിനു് പൊതുവെ ഉണ്ടായിട്ടുണ്ടെന്നുള്ളതിനു് യാതൊരു സംശയവുമില്ല. എന്നാൽ വടക്കൻ താലൂക്കുകളെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ചു് എൻെറ നിയോജകമണ്ഡലമായ കുന്നത്തുനാടിനെ സംബന്ധിച്ചിടത്തോളം ഈ പഞ്ചവത്സരപദ്ധതികൊണ്ടു് കാര്യമായ ഗുണമൊന്നും ഉണ്ടായിട്ടില്ല എന്നു പറയുന്നതിൽ എനിക്കു് ഖേദമുണ്ടു്. രാജഭരണകാലത്തു് അതായതു്, രാജാക്കന്മാരുടെ കീഴിൽ ദിവാൻജിമാർ ഭരിച്ചിരുന്ന കാലത്തു് ആ താലൂക്കു് തിരുവിതാംകൂറിൻെറ വടക്കേ അററത്തു് സ്ഥിതിചെയ്തിരുന്നതാണു്. അന്നത്തെ രാജാക്കന്മാരും അവരുടെ കീഴിൽ ഭരിച്ചിരുന്ന ദിവാൻജിമാരും ആ സ്ഥലങ്ങളോടു് അത്ര താല്പര്യം പ്രദർശിപ്പിച്ചിരുന്നില്ല. എന്നാൽ ഇപ്പോൾ സ്വാതന്ത്ര്യലബ്ധിയോടുകൂടി ജനകീയഭരണം വരികയും സംയോജനം ഉണ്ടാകുകയും ചെയ്തു. അതിൻെറ ഫലമായി ആ താലൂക്കു് തൃശ്ശൂർ ഡിസ്ട്രിക്ടിനോടു് ചേർക്കയുണ്ടായി. എന്നിട്ടും ആ താലൂക്കിനെ സംബന്ധിച്ചിടത്തോളം ഫലം അതുതന്നെയാണു്. ഇപ്പോൾ ഞങ്ങൾ തിരുവിതാംകൂറിൻെറ വടക്കേ അററത്തും കൊച്ചിയുടെ തെക്കു കിഴക്കേ അററത്തുമായി സ്ഥിതിചെയ്യുന്നു. എന്നാൽ വവ്വാലിൻെറ മാതിരി ഞങ്ങളെ കൊച്ചിക്കാർക്കും വേണ്ടാ, തിരുവിതാംകൂറുകാർക്കും വേണ്ടാ എന്ന സ്ഥിതിയിലാണു്. പഞ്ചവത്സരപദ്ധതിയും മററു് വികസനപദ്ധതികളും നടപ്പിൽ വന്നു. കുന്നത്തുനാടു്—ചാലക്കുടി കമ്മ്യൂണിററി പ്രാജക്ററിൽ കുന്നത്തുനാടു് താലൂക്കിൻെറ ഒരു നേരിയ ഭാഗം മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളു. വളരെയധികം ഭാഗങ്ങൾ അതിൽപ്പെടാതെ നില്ക്കുകയാണു്. കൂടാതെ എൻ. ഇ. എസ്സ്. ബ്ലാക്കുകളിൽപ്പോലും ആ പ്രദേശങ്ങളെ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല. സർ, എല്ലാ പ്രദേശങ്ങളും ഒരേ സമയത്തു് എൻ. ഇ. എസ്സ്. ബ്ലാക്കുകളിൽ ഉൾപ്പെടുത്താൻ സാധിക്കുക

യില്ലെന്നു ഞങ്ങൾക്കറിയാം. എന്നിരുന്നാലും വളരെയധികം പിന്നിൽ നില്ക്കുന്ന ഗ്രാമപ്രദേശങ്ങൾക്ക് മുൻഗണന കൊടുക്കേണ്ടതാണ്.

അവിടത്തെ റോഡുകൾ വളരെ മോശമാണ്. വേങ്ങൂർ വില്ലേജ് ബസ്സ് സർവ്വീസ് തുടങ്ങീട്ട് വളരെ നാളുകളായി. എന്നാൽ ഇന്നും ആ ബസ്സുകൾ ഓടുന്ന റോഡ് മെററൽ ചെയ്യാതെ വളരെ മോശമായ രീതിയിൽ ഇട്ടിരിക്കുകയാണ്. അതുപോലെതന്നെ വളരെയധികം പ്രാധാന്യമുള്ള ചിത്രപ്പുഴപാലത്തിന്റെ കാര്യവും ഗവണ്മെൻറ് ശ്രദ്ധിക്കേണ്ടതാണ്. ഈ പാലം തീർന്നാൽ എറണാകുളം, മൂവാററുപുഴ, ആലുവാ, പെരുമ്പാവൂർ മുതലായ സ്ഥലങ്ങളിലേക്കു എളുപ്പത്തിൽ പോകാവുന്നതാണ്. ഇങ്ങനെ ആ ഭാഗങ്ങളെക്കുറിച്ച് പറയുകയാണെങ്കിൽ വളരെയധികം പറയാനുണ്ട്. ഇനി അവിടെയുള്ള പൊതു സ്ഥാപനങ്ങളെപ്പററി പറയുകയാണെങ്കിൽ ഏതാനും വീഴാറായ പള്ളിക്കൂടങ്ങളും പ്രാവത്തിക്കച്ചേരികളും മാത്രമാണ് അവിടെയുള്ളത്.

സർ, ഈ അവസരത്തിൽ ഒരു കാര്യം ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു. ഇന്ന് അധികാരം ഒഴിഞ്ഞ അന്നത്തെ മുഖ്യമന്ത്രി ശ്രീ. പട്ടം താണുപിള്ള അധികാരത്തിലിരിക്കുമ്പോൾ ഈ തിരുവനന്തപുരത്തു ഒരു ഗേൾസ് ഹൈസ്കൂൾ മാററുന്നതിനായി ഒന്നര ലക്ഷം രൂപ കൊള്ളിച്ചിരുന്നു. പക്ഷെ ഈ ഗവണ്മെൻറ് അതു് റദ്ദ് ചെയ്തിരിക്കുകയാണ്. ഈ സംഖ്യകൊണ്ട് ഞങ്ങളുടെ സ്ഥലത്താണെങ്കിൽ മൂന്നോ നാലോ ഹൈസ്കൂളുകൾ പണിയിപ്പിക്കാം. ജനങ്ങളുടെ പണം ഇങ്ങനെ അനാവശ്യമായി പട്ടണപ്രദേശങ്ങളിൽ മാത്രം ചെലവാക്കുന്നതും ഞങ്ങളെ അവഗണിക്കുന്നതും വളരെ ഖേദകരമായ ഒന്നാണ്. ഇപ്പോൾ ഗ്രാമപ്രദേശങ്ങളിൽ ആശുപത്രികളോ സ്കൂളുകളോ മററ് പൊതു സ്ഥാപനങ്ങളോ സ്ഥാപിക്കണമെന്നുണ്ടെങ്കിൽ സ്ഥലവും കെട്ടിടവും നാട്ടുകാർ ഉണ്ടാക്കിക്കൊടുക്കണമെന്നാണ് നിബന്ധന. എന്നാൽ പട്ടണപ്രദേശങ്ങളിൽ എത്ര ആയിരം വേണമെങ്കിലും ചെലവാക്കുന്നതിനു യാതൊരു തടസ്സവുമില്ല. എന്നാൽ വാസ്തവത്തിനു നേരേമറിച്ചാണ് വേണ്ടത്. പട്ടണപ്രദേശങ്ങളിൽ സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനു സ്ഥലവാസികളിൽ നിന്നും പണം പിരിച്ചു സൌകര്യങ്ങൾ വർദ്ധിപ്പിക്കണം. ഗ്രാമപ്രദേശങ്ങളിൽ ഗവണ്മെൻറിൽനിന്നും തന്നെ വേണ്ടതു് ചെയ്തുകൊടുക്കണം. അടുത്ത പഞ്ചവത്സരപദ്ധതിയിലെങ്കിലും അതേക്കുറിച്ചു ആലോചിച്ചു് ഇങ്ങനെയുള്ള കാര്യങ്ങൾക്ക് പരിഗണന നൽകണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ബഡ്ജററ് പൊതു വിമർശനവേളയിൽ ഇത്രയും പറയുവാൻ ഇടയായതു്.

അതുപോലെതന്നെ വെള്ളം കിട്ടുന്നതിനു വളരെ പ്രയാസമുള്ള ഒരു പ്രദേശമാണ് കുന്നത്തുനാട്. അവിടത്തെ പ്രധാന കൃഷി നെൽക്കൃഷിയാണ്. കാലാകാലമുള്ള മഴയെ ആശ്രയിച്ചാണ് കൃഷി നടത്തുന്നതു്. ചില കൃഷിക്കാർ വളരെ അദ്ധ്വാനിച്ചു് വളരെ അഗാധമുള്ള കിണറുകളിൽ നിന്ന് ഹാൻഡ് ലിഫ്ററ് ഇറിഗേഷൻ വഴിയായിട്ടാണ് ജലസേചനം നടത്തുന്നതു്. അതായതു് നിലാവുകൊണ്ട് വെള്ളം കോരിയാണ് കൃഷി ചെയ്യുന്നതു്. ഇത്ര ക്ലേശകരമായ ഈ ജോലിക്ക് സ്ത്രീകളും കൂടി പങ്കെടുക്കുന്നു എന്നു കേൾക്കുമ്പോൾ ഈ സഭയിലെ ബഹുമാനപ്പെട്ട പല മെംബറന്മാർക്കും അത്ഭുതം തോന്നിയേയ്ക്കാം. 1920-ൽ ജലസേചനത്തെക്കുറിച്ചു് ഒരു റിപ്പോർട്ട് തയ്യാറാക്കുന്നതിനു തിരുവിതാംകൂറിൽ നിന്നും

[ശ്രീ. കെ. എം. ചാക്കോ]

ഒരു കമ്മിഷനെ നിയമിച്ചിട്ടുണ്ടായിരുന്നു. മേനോൻ കമ്മിററി എന്നറിയപ്പെടുന്ന ആ കമ്മിഷന്റെ റിപ്പോർട്ടനുസരിച്ച് കുന്നത്തുനാടിന്ന് ഇറിഗേഷനെ സംബന്ധിച്ചിടത്തോളം മുൻഗണന കൊടുക്കേണ്ടതാണെന്നു പറഞ്ഞിരുന്നു. വടക്കൻ പ്രദേശങ്ങൾക്കെല്ലാംതന്നെ ഒരു മുൻഗണന കൊടുക്കണമെന്നും ആ റിപ്പോർട്ടിൽ പറഞ്ഞിരുന്നു. ഏകദേശം ഏഴ് വർഷം മുമ്പാണ് അവിടെ മേജർ ജലസേചനപദ്ധതികൾ ഉണ്ടാക്കുന്നതിനായി പ്രാരംഭാന്വേഷണങ്ങൾ നടത്തിയത്. അതിലേയ്ക്കു ശ്രീതത്താൻ കെട്ട് അണ എന്ന പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനായി ഗവണ്മെൻറിന്നിന്നും 70,000 രൂപ ചെലവു ചെയ്തിട്ടുണ്ട്. എന്നിട്ടും ആ പദ്ധതി ആദ്യത്തെ പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഏഴ് വർഷത്തിനുമുൻപ് തയ്യാറാക്കിയ ആ പദ്ധതി ആദ്യത്തെ പഞ്ചവത്സരപദ്ധതിയിൽത്തന്നെ ഉൾപ്പെടുത്തേണ്ടതായിരുന്നു. അങ്ങനെ ചെയ്യാത്തതിൽ വളരെ ഖേദമുണ്ട്. അതിനുശേഷം പല അസംബ്ലി മെംബറന്മാരുടെയും നിവേദനത്തിന്റെ ഫലമായി 1953 അക്ടോബർ മാസത്തിൽ അന്നത്തെ ധനകാര്യമന്ത്രിയും ഇന്നത്തെ ചീഫ് മിനിസ്റ്ററുമായ ശ്രീ. പനമ്പള്ളി ഗോവിന്ദമേനോൻ ഇതു് രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്താം എന്ന് അസംബ്ലിയിൽ വച്ച് പ്രസ്താവിക്കുകയുണ്ടായി. കഴിഞ്ഞ പി. എസ്സ്. പി. ഗവണ്മെൻറ് അധികാരത്തിലിരുന്നപ്പോൾ ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്ററുൾപ്പടെ ഈ അസംബ്ലിയിലെ ബഹുമാന്യ മെംബറന്മാരും എക്സ് എം. എൽ. എ. മാരും ഒപ്പിട്ട ഒരു മെമ്മോറാണ്ടം തയ്യാറാക്കി അന്നത്തെ ചീഫ് മിനിസ്റ്റക്ക് സമർപ്പിക്കയുണ്ടായിട്ടുണ്ട്. എന്നാൽ ഇപ്പോഴും ആ പദ്ധതിയുടെ സ്ഥിതി എന്താണെന്ന് എനിക്കു നല്ല നിശ്ചയമില്ല. അതു രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുമെന്നുള്ള പ്രതീക്ഷയോടുകൂടിയാണിരിക്കുന്നതു്. ഈ പദ്ധതിക്കു കാലതാമസം നേരിട്ടുന്ന പക്ഷം മൈനർ ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കുന്നതു് സൌകര്യപ്രദമായിരിക്കും. നമ്മുടെ നാട്ടിലെ വലിയ നദികളായ പെരിയാർ, മൂവാററുപുഴയാർ എന്നീ നദികളുടെ ഇരുവശങ്ങളിലും എലക്ട്രിസിററി വിതരണം ചെയ്ത് അങ്ങനെ ലിഫ്ററ് ഇറിഗേഷൻ നടപ്പിലാക്കാവുന്നതാണ്. ഇപ്പോൾ ചില സ്കീമുകൾ നടപ്പിലുണ്ടെങ്കിലും ഇനിയും ചില ഇറിഗേഷൻ സ്കീമുകൾ അതായതു് പെരിയാറിന്നിന്നും കോട്ടയം ജില്ലയിൽ ലിഫ്ററ് ഇറിഗേഷൻ, മൂവാററുപുഴ ആറിൽനിന്നും കുറുപ്പിള്ളി, കടാതി, രാമപുരം മുതലായ ലിഫ്ററ് ഇറിഗേഷൻ സ്കീമുകളും നടപ്പിലാക്കുന്നതാണ്. മേജർ സ്കീമുകൾ താൽക്കാലം നടപ്പിലാക്കുവാൻ താമസം നേരിട്ടുന്നപക്ഷം മൈനർ സ്കീമുകൾ എങ്കിലും നടപ്പിലാക്കി വരുത്തി ആ പ്രദേശത്തുകാരെ സഹായിക്കണമെന്നു ഞാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനെ ഉത്ബോധിപ്പിച്ചുകൊള്ളുന്നു.

വേറെ ഒരു കാര്യം ഈ അസംബ്ലിയുടെയും ബഹുമാനപ്പെട്ട ഗവണ്മെൻറിന്റെയും ശ്രദ്ധയിൽ കൊണ്ടുവരാനുള്ളതു പബ്ലിക്ക് സർവ്വീസ് ലേയ്ക്കുള്ള നിയമനകാര്യത്തിലും അവിടത്തെ ആളുകളുടെ കാര്യത്തിലും ഗവണ്മെൻറ് മൌനം അവലംബിച്ചിരിക്കുകയാണ് എന്നുള്ളതാണ്. ആ ഭാഗത്തുള്ള ആളുകൾക്ക് ആദ്യമേ വിദ്യാഭ്യാസസൌകര്യം കുറവായിരുന്നു. അതുകൊണ്ട് ആ ഭാഗത്തെ ആളുകളിൽനിന്നു ഗസററഡ് ഉദ്യോഗസ്ഥന്മാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥന്മാർ വളരെ ചുരുക്കം മാത്രമേ സർവ്വീസിലുള്ളു എന്ന

കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പിന്നോക്കസമുദായങ്ങളെ ഉദ്ധരിക്കുന്നതുപോലെ പ്രാദേശികപ്രാതിനിധ്യവുംകൂടി ഗവണ്മെൻറ് നിയമനകാര്യത്തിൽ പരിഗണിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ പബ്ലിക്ക് സർവ്വീസ് കമ്മിഷനു കൊടുക്കണമെന്നും ഗവണ്മെൻറിനോടഭ്യർത്ഥിച്ചുകൊള്ളുന്നു.

മെഡിക്കൽ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചും എനിക്കു ചില കാര്യങ്ങൾ പറയാനുണ്ട്. കഴിഞ്ഞ കൊല്ലത്തെക്കാൾ വളരെ അധികം തുകകൾ ഈ ബഡ്ജറ്റിൽ അതിലേയ്ക്കു കൊള്ളിച്ചിട്ടുണ്ട്. മരുന്നിനത്തിനു കഴിഞ്ഞ കൊല്ലത്തിൽ 19 ലക്ഷം രൂപ കൊള്ളിച്ചിരുന്നതു് ഈ കൊല്ലത്തിൽ 30 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. അതുകൊണ്ടു് വളരെ അധികം ഗുണം സാധുക്കളായ രോഗികൾക്ക് സിദ്ധിക്കും. ക്ലോറോ-മൈസെറ്റിൻ പോലെ വളരെയധികം വിലപിടിച്ച മരുന്നുകൾ സാധുക്കളായവർക്കു വാങ്ങാൻ സാധിക്കാത്തതു് അവർക്കു ലഭിക്കുന്നതിനു സൌകര്യമുണ്ടാകും. വിലപിടിപ്പുള്ള മരുന്നുകൾ വാങ്ങുവാൻ സാധുക്കളായ രോഗികൾക്ക് സാധിക്കാതെ വരുന്നതുകൊണ്ടു് പലരും മരിച്ചുപോകാറുണ്ട്. അങ്ങനെ വിലപിടിച്ച മരുന്നുകൾ സാധുക്കൾക്കു ലഭിക്കത്തക്കവണ്ണം വേണ്ടതു് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു. രോഗികളുടെ ഭക്ഷണത്തിനും മററുമായി കഴിഞ്ഞ കൊല്ലത്തേക്കാൾ വളരെക്കൂടുതൽ സംഖ്യ കൊള്ളിച്ചിട്ടുണ്ട്. അതുകൊണ്ടു് രോഗികൾക്ക് കുറേക്കൂടി മെച്ചമായ ഭക്ഷണം ഇക്കൊല്ലം കിട്ടുമെന്നു പ്രതീക്ഷിക്കുന്നു.

വേറൊരു കാര്യം എനിക്കു പറയുവാനുള്ളതു് ആശുപത്രികളെ സംബന്ധിച്ചാണ്. താലൂക്കു തോറും ഓരോ ആശുപത്രി വീതമെങ്കിലും സ്ഥാപിക്കണമെന്നാണല്ലോ ഗവണ്മെൻറുദ്ദേശിക്കുന്നതു്. അതു് നല്ലൊരു കാര്യമാണ്. എക്സ്റേ, ലാബറട്ടറി, ഓപ്പറേഷൻ തീയേററർ ആധുനിക സജ്ജീകരണങ്ങളോടുകൂടി ഓരോ താലൂക്കിലുംഓരോ ആശുപത്രിവീതമെങ്കിലും ഉണ്ടാകേണ്ടതു് അത്യാവശ്യമാണ്. അതുപോലെ തന്നെ ഓരോ പഞ്ചായത്തിലും കുറഞ്ഞ പക്ഷം ഓരോ ഡിസ്പെൻസറിയും ഉണ്ടാകേണ്ടതാണ്. നിവൃത്തിയുണ്ടെങ്കിൽ ഈ ഡിസ്പെൻസറികൾതോറും ഓരോ ആംബുലൻസ് കാറും ഉണ്ടായിരിക്കുന്നതു കൊള്ളാം. അതിനു സാദ്ധ്യമല്ലാത്തപക്ഷം ഓരോ ആശുപത്രിതോറുമെങ്കിലും ഓരോ ആംബുലൻസ് കാറോ വാനോ വേണ്ടതാണ്. അങ്ങനെയായാൽ പെട്ടെന്നു രോഗികളെ ആശുപത്രികളിൽ കൊണ്ടുപോകുവാനും മററും ഉപകരിക്കും. മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ ഔഷധസൂക്ഷിയേററർസ് എന്നൊരു വിഭാഗം മെഡിക്കൽ ആഫീസറന്മാർ ഉണ്ട്. അവരോടു് വളരെ നിസ്സാരമായ തർത്തിലാണ് അധികൃതർ പെരുമാറുന്നതു്. തുല്യ ജോലിക്കു് തുല്യ വേതനം എന്ന നിലയിൽ അവരുടെ ശമ്പളവും ഗ്രേഡും കണക്കാക്കേണ്ടതാണ്.

സർ, പിന്നോക്കസമുദായക്കാരുടെ ഉന്നമനത്തിനു് ബഡ്ജറ്റിൽ വളരെയധികം സംഖ്യ കൊള്ളിച്ചിട്ടുണ്ട്. ഹിന്ദുസമുദായത്തിൽ നിന്നും മതം മാറിയ പിന്നോക്കസമുദായക്കാർക്കു് ലഭിക്കുന്ന ഗവണ്മെൻറ് സഹായത്തെപ്പററി പരാതിയുണ്ട്. മതപരിവർത്തനം ചെയ്തു എന്നുള്ളതുകൊണ്ടു മാത്രം അവരുടെ ശോചനീയമായ നില മാറുന്നില്ല. അതുകൊണ്ടു് അവരെക്കൂടി പിന്നോക്കസമുദായക്കാരായി ഗണിച്ചു് വേണ്ടത്ര ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കണമെന്നും എനിക്കഭിപ്രായമുണ്ട്.

[ശ്രീ. കെ. എം. ചാക്കോ]

മറ്റൊരു കാര്യം പറയുവാനുള്ളതു് യാചകരെപ്പററ്യാണ്. കവലകളിലും ചന്തസ്ഥലങ്ങളിലും ദേവാലയപരിസരങ്ങളിലും ഇവരെ ധാരാളം കാണാം. ഇവരിൽ അധികം പേരും യഥാർത്ഥയാചകരല്ലാത്തവരെ യാചന ഒരു തൊഴിലായി സ്വീകരിച്ചിരിക്കുന്നവരെ ആണ്. ഇവരിൽ ചിലർ പകർച്ചരോഗമുള്ളവരുമാണ്. യാഥാർത്ഥയാചകരെ പ്രത്യേകം താമസിപ്പിക്കുകയും യാചന ഒരു തൊഴിലായികൊണ്ടു നടക്കുന്നവർക്കു പ്രത്യേകം തൊഴിൽ കൊടുത്തു് അവരെ സംരക്ഷിക്കുകയും ചെയ്യേണ്ടതാണ്. യാചന നിയമം മൂലം നിരോധിക്കേണ്ടതും ആവശ്യമാണ്. അതിനു വേണ്ടിവരുന്ന ചെലവു് ജനങ്ങളിൽ നിന്നുതന്നെ പിരിച്ചെടുക്കാവുന്നതാണ്. എന്തെന്നാൽ ഇപ്പോൾതന്നെ വളരെയധികം സംഖ്യ ജനങ്ങൾ യാചകർക്കായി കൊടുത്തുപോരുന്നുണ്ട്. അക്കാര്യത്തിൽ ഗവണ്മെൻറ് ശ്രദ്ധിച്ചു് വേണ്ടതു് ചെയ്യുകയും സോഷ്യൽ വർക്കേഴ്സിനേയും മററും ചുമതലപ്പെടുത്തുകയും ചെയ്താൽ ഇവിടത്തെ യാചകപ്രശ്നത്തെ ഫലപ്രദമായി നേരിടാവുന്നതാണ്. അടുത്ത പഞ്ചവത്സരപദ്ധതിയെപ്പററി ആലോചിക്കുവാൻ പോകുന്ന ഈ അവസരത്തിൽ ഗവണ്മെൻറ് പ്രാമുഖ്യവും പ്രാധാന്യവും കൊടുക്കേണ്ട ചില കാര്യങ്ങളെപ്പററി മാത്രമാണ് ഞാൻ ഇവിടെ പറഞ്ഞതു്. ഈ ബഡ്ജററ് അവതരിപ്പിച്ചതിൽ ധനകാര്യമന്ത്രിയെ ഒന്നുകൂടി അനുമോദിച്ചുകൊണ്ടും ബഡ്ജററിനെ പിൻതാങ്ങിക്കൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : സർ, വളരെ ഉത്കണ്ഠയോടുകൂടിയാണ് ഇത്തവണത്തെ ബഡ്ജററ് ഞാൻ നോക്കിക്കൊണ്ടിരുന്നതു്. കഴിഞ്ഞ അഞ്ചാറു കൊല്ലങ്ങളായി ഏററവും നിർഭാഗ്യകരമായ വിധത്തിൽ പഴയ ചട്ടക്കൂട്ടിൽ തന്നെ വാർത്തെടുത്തുകൊണ്ടിരുന്ന ബഡ്ജററാണ് എനിക്കു് കാണുവാൻ ഇടയായതു്. ഒരു പുതിയ സമീപന സംപ്രദായത്തോടുകൂടി ഒരു ബഡ്ജററ് അവതരിപ്പിക്കുമെന്നു ഞാൻ പ്രതീക്ഷിച്ചു. പുതുമ ഒരു രസമാണ്. അതിനു പ്രയോജനംകൂടി ഉണ്ടായാൽ പിന്നെ പറയേണ്ടതുമില്ലല്ലോ. എന്നാൽ എനിക്കു് നിരാശയാണുണ്ടായതു്. ഇവിടെ കാക്കത്തൊള്ളായിരം ഡിപ്പാർട്ട്മെൻറുകളും ഒരു സെക്രട്ടറിയേററും ഉണ്ട്. അതാതു ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ അതാതു കൊല്ലത്തെ ആവശ്യമനുസരിച്ചുള്ള വിവരങ്ങൾ കൊള്ളിച്ചു ഒരു ലിസ്റ്റയയ്ക്കും. നമ്മുടെ ഫിനാൻസ് ഡിപ്പാർട്ടുമെൻറ് അതെല്ലാം കൺസോളിഡേററ് ചെയ്തു ഒരു ബഡ്ജററ് തയാറാക്കും. ആ ബഡ്ജററ് അതാതുകാലത്തവതരിപ്പിക്കുകയും ചെയ്യും. ജനകീയഭരണം വന്നതിനുശേഷവും ഉണ്ടായതിതാണ്. കഴിഞ്ഞ തവണ ശ്രീ. നടരാജപിള്ള ബഡ്ജററ് അവതരിപ്പിച്ചപ്പോൾ ആ പഴയ 'നാല്പത്തും കോലേൽ എട്ടു'തന്നെയാണ്, പണിതു വച്ചതു്. പക്ഷെ അതിൽ ഒരു മുഖപ്പുകൂടി ഉണ്ടാക്കി. ചില കണക്കുകൾ വച്ചുകൊണ്ടു് അദ്ദേഹം ചില നിഗമനങ്ങളിൽ എത്തുകയുണ്ടായി. ഇത്തവണ എന്റെ സ്നേഹിതൻ മുഖ്യമന്ത്രി ഇരിക്കട്ടെ ഒരു മുഖപ്പുകൂടി എന്നു തീരുമാനിച്ചു. പണി തുടങ്ങി. പക്ഷെ കോട്ടിപ്പുരയിൽ എത്തിയപ്പോൾ അതു പററിയില്ല എന്നുകണ്ടു് അവിടെയിട്ടു. അങ്ങനെ എങ്ങോ ണിപ്പോടുകൂടിയ ഒരു മുഖപ്പുമായിട്ടാണ് നമ്മുടെ ധനകാര്യമന്ത്രി ഇപ്പോൾ വന്നിരിക്കുന്നതു്. അദ്ദേഹവും ചില കണക്കുകൾ വച്ചുകൊണ്ടു് മുമ്പോട്ടു പോയി. പക്ഷെ നിഗമനത്തിൽ ഒന്നും എത്തിച്ചേരാൻ കഴി

ഞ്ഞില്ല. ഭൂനയത്തിൽ ചില പരിഷ്കാരങ്ങൾ വരുത്തി ആളുകൾക്ക് കൂടുതൽ നല്ല നില കൈവരുത്താമെന്ന് പറഞ്ഞു തൃപ്തിപ്പെടാനെ അദ്ദേഹത്തിനു കഴിഞ്ഞുള്ളൂ. കഴിഞ്ഞ ബഡ്ജററ് അവതരിപ്പിച്ചു കൊണ്ട് ചെയ്ത പ്രസംഗത്തിൽ ചില കാര്യങ്ങൾ രണ്ടു മൂന്നു കൊല്ലങ്ങൾക്കകം ചെയ്തു തീർക്കാൻ പ്രയാസമായിരിക്കും, പക്ഷേ, ഇതു അടിയന്തിരമായി ചെയ്യാവുന്നതാണ്, എന്നുള്ള നിഗമനത്തിൽ എത്തിയതിന്റെ ഫലമായിട്ടാണ് ഏതാനും ഭൂനയബില്ലുകൾ മുൻമന്ത്രിസഭ ഇവിടെ ഹാജരാക്കിയത്. ഇന്നത്തെ മുഖ്യമന്ത്രിയുടെ വാഗ്ദാനമനുസരിച്ച് ഭൂനയബില്ലുകൾ ഇവിടെ പാസ്സാക്കി എടുക്കുമോ എന്നും അഥവാ എടുത്താൽതന്നെ അതിന്റെ സ്വഭാവമെന്തായിരിക്കുമെന്നും ഉള്ളതിനെപ്പററി ഇപ്പോൾ ഞാനൊന്നും പറയുന്നില്ല. ഏതായാലും മുഖ്യമന്ത്രി താനും ഒരു നിഗമനത്തിൽ എത്തുന്നു എന്ന് ഭാവിച്ചുകൊണ്ട് വാലുമാത്രം ചിത്രീകരിച്ചു കാണിക്കുകയും ബാക്കിയുള്ളതെല്ലാം ഭിത്തിക്കപ്പുറത്ത് എന്ന് പറഞ്ഞു ഒഴിയുകയുമാണ് ചെയ്യുന്നത്. കണക്കുകൾകൊണ്ടുള്ള കസർത്തുകൾക്ക് പ്രാവീണ്യത്വം നേടാനല്ല ബഡ്ജററവതരിപ്പിക്കുന്നത്. എന്റെ സ്നേഹിതൻ ഇങ്ങനെയൊരു ബഡ്ജററ് അവതരിപ്പിച്ച് നിലം പതിക്കേണ്ടിയിരുന്നില്ല. ഒരു മനുഷ്യൻ ഏതൊരു കാര്യത്തിനു ഭാവിക്കുമ്പോഴും കുറെയൊക്കെ വിനയം കാണിക്കേണ്ടതാണ്. ഈ ബഡ്ജററിലൊ ബഡ്ജററ പ്രസംഗത്തിലൊ അതു കണ്ടില്ല. ഏതു കൊല കൊമ്പന്മാർ വന്നാലും ഈ രാജ്യം നന്നാകാൻപോകുന്നില്ലെന്ന് എനിക്കറിയാം. എന്നാലും ഇരുന്നതിനെക്കാൾ കൂടുതൽ വിശേഷവിധിയായിട്ട് എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്ന് നോക്കേണ്ടതല്ലേ? സർ, ഇവിടെ മുദ്രാവാക്യങ്ങൾക്ക് യാതൊരു ലോഭവുമില്ല. എന്റെ ഓർമ്മ ശരിയാണെങ്കിൽ കൊച്ചിയിൽ ശ്രീ. ഇക്കണ്ടവാര്യർ മുഖ്യമന്ത്രിയായി വന്ന കാലത്ത് ഒരു മുദ്രാവാക്യം വിളിച്ചുപറയുകയുണ്ടായി. സഹകരണ യോഗക്ഷേമം ഇതാ വന്നു എന്ന് അന്നു പറഞ്ഞു. ശ്രീ. പ്രകാശം മദ്രാസിലെ മുഖ്യമന്ത്രിയായി വന്ന ഉടനെ പറഞ്ഞ മുദ്രാവാക്യവും ഇതുതന്നെയാണ്. അതനുസരിച്ച് കുറെ സഹകരണസംഘങ്ങൾ ഏർപ്പെടുത്താൻ ശ്രമം തുടങ്ങി. പ്രത്യേകിച്ചും ലൈസൻസിംഗ് ഷാപ്പുകൾ സംഘങ്ങൾ മുഖേന നടത്താമെന്നു തീരുമാനിച്ചു. അതിലേക്ക് കുറെ സംഘങ്ങളും ഏർപ്പെടുത്തി. കുറെ കഴിഞ്ഞതിനുശേഷം അതാ വന്നുകഴിഞ്ഞു മറെറാരു മുദ്രാവാക്യം. സഹകരണസംഘങ്ങൾ കുറെ നാൾ കൂടി കഴിഞ്ഞാൽ പരിപുഷ്ടിയെ പ്രാപിച്ചുവരുമെന്ന് വിചാരിച്ചുകൊണ്ടിരിക്കുമ്പോഴാണ് പുതിയ മുദ്രാവാക്യത്തിന്റെ പുറപ്പാട്. വെൽഫെയർ സ്റ്റേററ വേണം. ഒരു യോഗക്ഷേമരാഷ്ട്രം വേണം. ആവട്ടെ, ഇനി നമുക്കു വെൽഫെയർ സ്റ്റേററ മതി എന്നു വിചാരിച്ചിരിക്കുമ്പോൾ ഇപ്പോൾ പറയുന്നു, പ്ലാനിംഗ് സ്കീമുണ്ട്; സോഷ്യലിസ്റ്റ് സ്കീമുണ്ട് എന്നെല്ലാം.

സർ, ഞാൻ ഇതു് ഒരാരോപണമായിട്ടു പറയുന്നതല്ല. പക്ഷേ, ഈ വക മുദ്രാവാക്യങ്ങളും മററും പൊക്കിക്കാട്ടിക്കൊണ്ട് മനുഷ്യരെ വഞ്ചിച്ചുകളയാം എന്നാരും വിചാരിക്കരുത്. മുഖ്യമന്ത്രിയുടെ ബഡ്ജററ് പ്രസംഗ ിൽ അങ്ങനെ ഒരു ധിക്കാരം അദ്ദേഹം കാണിച്ചതായി മനസ്സിലാക്കാവുന്നതാണ്. ശരി, മററ ജനാധിപത്യ രാജ്യങ്ങളിൽ, ഇംഗ്ലണ്ടിലും മററും ഇതുപോലെ മുദ്രാവാക്യങ്ങൾ ഉപയോഗിക്കുന്നില്ലേ എന്നു ചോദിക്കുമായിരിക്കും. ഉണ്ട്, പക്ഷേ ഏതെങ്കിലും ഒരു മുദ്രാവാക്യം

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

ഉപയോഗിച്ചാൽ, വെൽഫെയർ സ്റ്റേറ്റാണെന്നുതന്നെ വയ്ക്കുക, അതിന്റെ പ്രായോഗികതയ്ക്കു ആവശ്യമായുള്ള അടിസ്ഥാനപരമായ പരിഷ്കാരങ്ങൾ നടപ്പാക്കി ഏറെക്കുറെ ജനങ്ങൾക്ക് അതു സമ്മതമായിത്തീർന്നതിനു ശേഷമല്ലാതെ മറ്റൊരു മുദ്രാവാക്യം ബലിനായാലും ചർച്ചിലായാലും ആറ്റ്ലിയായാലും പുറപ്പെടുവിക്കുകയില്ല. ഇവിടെയാകട്ടെ ഒരു മുദ്രാവാക്യത്തെപ്പററി നാട്ടുകാർ ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ മറ്റൊരു മുദ്രാവാക്യം വരുകയായി, ഇതിൽ വാസ്തവത്തിൽ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോനാണ് കുററക്കാരൻ. അദ്ദേഹമാണ് ഇവിടെ സോഷ്യലിസ്റ്റ് ക്ഷേമരാഷ്ട്രത്തെപ്പററി പറഞ്ഞുകൊണ്ടു നടക്കുന്നത്. അദ്ദേഹത്തിന്റെ അടുത്തിരിക്കുന്ന ആ മഹാൻ പനമ്പിള്ളിയേക്കാൾ സത്യവാനാണ്. ഇവിടെ ഒരു മണ്ണാങ്കട്ടിയും നടക്കുകയില്ല. എന്നു അദ്ദേഹം പറഞ്ഞു. ഇവിടെ ഒരു ചോദ്യം ചോദിക്കുകയുണ്ടായി, കുടിയിറക്കുമോയെന്ന്. കുടിയിറക്കുമെന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹം കൂടുതൽ സത്യവാനല്ലേ? പിന്നെ ടെയിഡ് യൂനിയൻ മേഖലകളിൽ ചില അവകാശങ്ങൾക്കുവേണ്ടി തൊഴിലാളികൾ സമരം നടത്തിയപ്പോൾ പോലീസുകാർ അവരെ അടിച്ചതിനെപ്പററി ചോദിച്ചപ്പോൾ അവരല്ലാ അടിച്ചത്, തൊഴിലാളികൾ തമ്മിൽ തമ്മിൽ അടിക്കുകയാണ് ചെയ്തതെന്ന് അദ്ദേഹം പറഞ്ഞു. പരിശുദ്ധമായ എല്ലാ മതസംഘടനകളോടും ആദരവു കാട്ടിക്കൊണ്ട് അനുഗ്രഹീതമായ സ്വർഗ്ഗത്തിലേക്ക് പോകുവാൻ വെമ്പൽ കൊള്ളുന്നവർക്ക് ടിക്കററായി ആ പഴയ മുതലാളിത്തസമ്പ്രദായത്തെ കഴുകുന്നിടത്തോളം തട്ടുകൂടി ഉരുട്ടി ഏടുക്കാതെ നിവൃത്തിയില്ല. അതുകൊണ്ട് അദ്ദേഹമാണ് ശരിയായ സത്യവാൻ. പക്ഷെ, അദ്ദേഹത്തിന്റെ അടുത്തിരിക്കുന്ന എന്റെ ബഹുമാന്യസ്നേഹിതൻ ഇത്തരം വാഗ്ദാനങ്ങൾ കൊണ്ടും മുദ്രാവാക്യങ്ങൾകൊണ്ടും രാഷ്ട്രീയ ഉപജാപക വിദ്യകൾകൊണ്ടും ഞങ്ങളെ വഞ്ചിക്കാൻ നോക്കേണ്ട കാര്യമില്ല. ആ വഴിക്കുള്ള അദ്ദേഹത്തിന്റെ ശ്രമം കൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാകാൻ പോകുന്നില്ല. അദ്ദേഹത്തിനു മി. ജാണിന്റെ വിശ്വാസമില്ലെന്നു എനിക്കറിയാം. വെറും യാഥാസ്ഥിതിക ചട്ടക്കൂട്ടുതന്നെ മുറുകെ പിടിച്ചുകൊണ്ടിരിക്കണമെന്നുള്ള നിർബന്ധബുദ്ധി ശ്രീ. പനമ്പിള്ളിക്കില്ലായിരിക്കാം. കുറെ കൂടി മുന്നോട്ടു പോയി നാട്ടുകാർക്ക് പ്രയോജനപ്പെടുന്ന ചില കാര്യങ്ങളൊക്കെ ചെയ്യാൻ കൊള്ളാമെന്ന് എന്റെ സ്നേഹിതൻ ആഗ്രഹിക്കുന്നുണ്ടായിരിക്കാം. പക്ഷെ, അതൊരു കൃഷിയായികൊണ്ടുനടക്കാമെന്നദ്ദേഹം കരുതുന്നതു് മൗഢ്യമായിരിക്കും.

ആവഡിസോഷ്യലിസമല്ല, മറെറന്തു സോഷ്യലിസം വന്നാലും അതു ഇവിടെ നടപ്പാക്കാൻ സാധിക്കുമോയെന്നുള്ളതു എനിയ്ക്കു സംശയമാണ്. സോഷ്യലിസത്തെപ്പററിയും, ദേശവത്ക്കരണത്തെപ്പററിയും, സാമൂഹ്യവികസനപദ്ധതിയെപ്പററിയും മററും ദേശമുഖ്, കൃഷ്ണമാചാരി മുതലായ മന്ത്രിമാർ എന്തൊക്കെ പ്രസംഗിച്ചാലും അവയൊന്നും പ്രായോഗികതയിൽ കൊണ്ടുവരാൻ സാധിക്കുകയില്ലെന്നു നമുക്കെല്ലാവർക്കും അറിയാം. അതേസമയം ഓരോരിക്കൽ ഓരോരോ മുദ്രാവാക്യം വിളിച്ചു പറഞ്ഞു പൊതുജനങ്ങളെ തട്ടിപ്പൊത്തി നിറുത്താമെന്നു വിചാരിക്കുന്നതു മൗഢ്യമാണ്. ഈ രാജ്യത്തെ ജനങ്ങളെ അധികാരത്തിന്റെ പേരിൽ ധൈര്യമായിട്ടു എന്തും ചെയ്യാമെന്നു വിചാരിക്കുന്നുവെങ്കിൽ അതും അതി

ലേറെ മൗഢ്യമാണ്. പക്ഷെ ശ്രീ. പനമ്പിള്ളിയും അദ്ദേഹത്തെപ്പോലെ കാര്യവിവരമുള്ള ആളുകളും ഭരണപരമായ കാര്യങ്ങളിൽ സൂക്ഷിച്ചു പ്രവർത്തിക്കേണ്ടതായിട്ടാണിരിക്കുന്നത്. രാജ്യത്തെ സാമ്പത്തികമായി ഉയർത്താൻ യഥാർത്ഥമായി ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതിലേക്കു വേണ്ടിയുള്ള നടപടികൾ എന്തൊക്കെയാണെന്നും, അതു് എപ്രകാരമാണു നടപ്പിൽ വരുത്താനുള്ള സാദ്ധ്യതയെന്നും, അവകൊണ്ടു് നാട്ടുകാർക്കുണ്ടാകുന്ന നന്മകൾ എന്തെല്ലാമാണെന്നും മററും ഭംഗിയായി ചിന്തിച്ചതിനുമേൽ ഒരു ബഡ്ജററു കൊണ്ടുവന്നിരുന്നുവെങ്കിൽ എനിക്കെന്നല്ല എല്ലാപേർക്കും സ്വാഗതാർഹമായിരിക്കുമായിരുന്നു. ശ്രീ. പനമ്പിള്ളി ഇത്തരത്തിലുള്ള ഒരു ബഡ്ജററു ഇവിടെ അവതരിപ്പിച്ചതിൽ താൻ അഭിമാനകരമായ ഒരു കാര്യമാണു പ്രവർത്തിച്ചിട്ടുള്ളതെന്നു സ്വയം അഭിമാനിക്കുന്നുണ്ടാവാം. പക്ഷെ, അദ്ദേഹം അങ്ങനെ അഭിമാനിക്കുന്നുവെന്നല്ലാതെ എന്നെപ്പോലെയുള്ളവർക്ക് ഇതൊരു അഭിമാനകരമാണെന്നു തോന്നുന്നില്ല. വളരെ കൊല്ലങ്ങളായി ഭാഗ്യക്കേടു് ഈ രാജ്യത്തുണ്ടായിക്കൊണ്ടിരിക്കുകയാണ്. അതു ഈ കൊല്ലവും ഉണ്ടായിയെന്നേയുള്ളൂ. സർ, ഈ ഗവണ്മെൻറിന്റെ കീഴിലുള്ള ഡിപ്പാർട്ടുമെൻറുകളെ ഭരണപരമായി രണ്ടായിട്ടു തരംതിരിക്കാം. അതിലൊന്നാമത്തേതു് സാമൂഹ്യസേവനങ്ങളായ വിദ്യാഭ്യാസം, വൈദ്യസഹായം, പൊതുജനാരോഗ്യം ഇങ്ങനെയുള്ള പബ്ളിക് യൂട്ടിലിട്ടി സർവ്വീസാണ്. മററുഭാഗം അഡ്മിനിസ്ട്രേഷൻ ആണ്. മുൻപറഞ്ഞ പബ്ളിക് യൂട്ടിലിട്ടി സർവ്വീസ് ഉൾക്കൊള്ളുന്ന ഡിപ്പാർട്ടുമെൻറുകളിലേയ്ക്കു അവശ്യം ഉണ്ടാകുന്ന നിയമനങ്ങൾ നടത്തുന്നതിനു ഗവണ്മെൻറിനു വളരെ വിസമ്മതമാണെന്നു തോന്നുന്നു. അല്ലെങ്കിൽ വളരെ ഭയമാണെന്നാണു എനിക്കു തോന്നുന്നതു്. അതായതു്, ഒരാശുപത്രിയിൽ ഒരു ഡാക്ടറെ നിയമിക്കുകയൊ അല്ലെങ്കിൽ ഒരു എൻജിനീയരെ നിയമിക്കുകയോ അതല്ലെങ്കിൽ അതുപോലെ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ഏതെങ്കിലും നിയമനം നടത്തുന്നതിലോ ഗവണ്മെൻറു വളരെ വിമുഖതയാണു പ്രകടിപ്പിക്കുന്നതു്. ഒരാശുപത്രി വേണമെന്നു മുറവിളി കൂട്ടുകയും, നാട്ടുകാർ സ്ഥലവും കെട്ടിടത്തിനുള്ള ധനവും കൊടുക്കുകയും ചെയ്യാമെന്നു പറഞ്ഞാൽതന്നെയുംമന്ത്രിമാർ പറയുന്നതു അതേപ്പററി ആലോചിക്കാം എന്നാണ്. പൊതുജനാരോഗ്യത്തിന്റെ പേരിൽ ഗവണ്മെൻറു ഒരലസമനോഭാവമാണു കാണിക്കുന്നതു്. തൻമൂലം ദൈനന്ദിനം പൊതുജനങ്ങളുടെ ആരോഗ്യം നശിച്ചുകൊണ്ടാണിരിക്കുന്നതു്. മുൻകാലങ്ങളെ അപേക്ഷിച്ചു പൊതുജനാരോഗ്യവകുപ്പിനു അതർഹിക്കുന്ന പ്രോത്സാഹനം കൊടുക്കുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. എന്നാൽ രണ്ടാമത്തെ ഇനത്തിൽ ഉൾപ്പെട്ട അഡ്മിനിസ്ട്രേററീവ് വകുപ്പിലേയ്ക്കു ആളുകളെ നിയമിക്കുന്നതിനു ഗവണ്മെൻറു എപ്പോഴും തൽപ്പരത്വം പ്രകടിപ്പിക്കുന്നതായി കാണാം. അതായതു്, പോലീസ് ഉദ്യോഗസ്ഥന്മാരെയോ മജിസ്ട്രേട്ടന്മാരെയോ സംബന്ധിച്ചുള്ള നിയമനങ്ങൾ എത്ര വേണമെങ്കിലും ഗവണ്മെൻറു റിക്രൂട്ടുചെയ്യുന്നതാണ്. അത്തരം നിയമനങ്ങളിൽ പ്രകടിപ്പിക്കുന്ന ഉത്സാഹവും തന്ടേടവും പബ്ളിക്ക് യൂട്ടിലിട്ടി സർവ്വീസിൽ പ്രയോഗിച്ചിരുന്നുവെങ്കിൽ കുറെക്കൂടി നന്നായിരിക്കുമായിരുന്നു. നേരെമറിച്ചു നിലവിലുള്ള ചില താൽപ്പര്യങ്ങളും, ആ താൽപ്പര്യങ്ങൾക്ക് അടിസ്ഥാനമായിട്ടുള്ള സാമ്പത്തികവ്യവസ്ഥയും അതിനെ വീണ്ടും വീണ്ടും ഉറപ്പിച്ചുകൊണ്ടുവരുവാനുള്ള വ്യഗ്രതയും ആണു നമ്മുടെ മന്ത്രി

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

മാക്കുള്ളതു്. ഈ ഗവണ്മെൻറ നെ കുററം പറയുകയല്ല, ഇതിനു മുമ്പുള്ള ഗവണ്മെൻറും ഈ നിലപാടുതന്നെയാണു സ്വീകരിച്ചിരുന്നതു്.

ഇന്നു് ഭരണകൂടംതന്നെ നിലനിന്നുകൊണ്ടുപോകുന്നതിനു പ്രധാനമായ്ട്ടുള്ള ചില ഉപാധികളുണ്ടു്. അതായതു്, കളക്ഷൻ ആഫ് ടാക്സസ്, ഈ ഇനത്തിൽ ഒരു വമ്പിച്ച തുകയാണു ഗവണ്മെൻറിനു കിട്ടിക്കൊണ്ടിരിക്കുന്നതു്. പലയിനംനികുതികളും ഇതിൽ പെടുന്നതാണു്. എന്നാൽ ഈ ടാക്സ് പിരിക്കുന്നതിനെ സംബന്ധിച്ചു യാതൊരു ശ്രദ്ധയും ഗവണ്മെൻറു കാണിക്കുന്നില്ല. കർശനമായ നടപടികൾ ഗവണ്മെൻറു സ്വീകരിച്ചിരുന്നുവെങ്കിൽ നമ്മുടെ പ്രതീക്ഷയിൽ കവിഞ്ഞ തുകകൾ കൂടി ഗ്രീക്കയായി കിടക്കുന്ന ടാക്സ് ഇനത്തിൽ നിന്നും ലഭിക്കുമായിരുന്നു. രണ്ടാമത്തെഭാഗം ഇവേഷൻ ആഫ് ടാക്സ് ആണു്. കരം കൊടുക്കാതെ പല ധനവാന്മാരും ഒഴിഞ്ഞുമാറുന്നതായ ഒരവസ്ഥയാണു ഇന്നു നിലവിലുള്ളതു്. അങ്ങനെ ടാക്സ് കൊടുക്കാതെ മനഃപൂർവ്വം ഒഴിഞ്ഞുമാറുന്ന ആളുകളിൽ നിന്നും ടാക്സ് ഈടാക്കേണ്ടതാണു്. മറെറാരുഭാഗം റ്റാക്സ്പെൻഡിച്ചർ ഇൻകർ ചെയ്യുന്നതിനെപ്പററിയാണു്. അനുവദിച്ചിട്ടുള്ള തുകകൾ അതാതു വർഷം ചെലവാക്കുന്നോയെന്നും, അവ ശരിയായി തന്നെ വിനിയോഗിക്കുന്നുണ്ടോയെന്നും മററും വേണ്ടതുപോലെ ശ്രദ്ധിക്കുന്നില്ല. യാതൊരു ഉത്തരവാദിത്വബോധവുമില്ലാതെയാണു ഈ തുകകൾ ചെലവാക്കിക്കൊണ്ടിരിക്കുന്നതു്. ഉദാഹരണം പറയുകയാണെങ്കിൽ സംസ്ഥാനത്തുള്ള വ്യവസായശാലകൾക്കു്, (ഗവണ്മെൻറു ഏറെറടുത്തു നടത്തുന്നതും അല്ലാതെയുമുള്ള) മുതൽ മുടക്കിയിട്ടുള്ള സംഖ്യയ്ക്കു ഏകദേശം ഒരു ലക്ഷത്തിൽ ചില്വാനം രൂപ വരെ ആണ്ടിനാൽ പലിശതന്നെ കിട്ടുന്നതാണു്. ഒന്നുകൂടി പറയുകയാണെങ്കിൽ ഒരുലക്ഷം രൂപ പലിശകിട്ടുന്ന ഒരു വൻ തുകയാണു വ്യവസായസ്ഥാപനങ്ങളിൽ ഗവണ്മെൻറു കൊടുത്തിരിക്കുന്നതു്. ഇത്രയും വമ്പിച്ച തുക ഇൻവെസ്ററു ചെയ്തിരിക്കുന്ന ഫാക്ടറികളിൽ നിന്നും കിട്ടിക്കൊണ്ടിരിക്കുന്ന ആദായം വളരെ തുച്ഛമാണു്. യാതൊരു ഉത്തരവാദിത്വവുമില്ലാതെ നടത്തുന്ന പല വ്യവസായങ്ങൾക്കും ഗവണ്മെൻറു പണം വാരിക്കൊടുത്തിട്ടുണ്ടു്. ഇങ്ങനെയുള്ള വ്യവസായങ്ങളെ പുനഃസംഘടിപ്പിച്ചു പ്രോത്സാഹപ്പെടുത്തി വല്ല മെച്ചവും ഉണ്ടാകത്തക്കവണ്ണം വല്ല പരിപാടിയും ഉണ്ടോയെന്നാണു ഞാൻ ചോദിക്കുന്നതു്. 50 ലക്ഷവും 60 ലക്ഷവും ഷെയർ എടുത്തിട്ടുള്ള ഈ വ്യവസായങ്ങളിൽ മദ്ധ്യവർത്തികൾ കടന്നുകൂടി ചൂഷണംചെയ്യുന്നുവെന്നല്ലാതെ അതിൽ കവിഞ്ഞ യാതൊരു മേന്മയും ഉണ്ടായിട്ടില്ല. ഞാൻ നിയമസഭയിൽ മെംബർ ആകാൻ തുടങ്ങിയ കാലംമുതൽ ഈ ഫാക്ടറികളെ സംബന്ധിച്ചു ഗവണ്മെൻറിനു നിന്നും ഇൻവെസ്ററു ചെയ്തിട്ടുള്ള തുകകളെയും അവയിൽനിന്നും ഉണ്ടായിട്ടുള്ള ലാഭത്തെ അല്ലെങ്കിൽ നഷ്ടത്തെപ്പററിയും അന്വേഷണം നടത്തി ശരിയായ ഒരു വിവരം സമ്പാദിക്കണമെന്നു നിർദ്ദേശിക്കുകയുണ്ടായിട്ടുണ്ടു്. നിർഭാഗ്യവശാൽ ആ ഭാഗത്തേയ്ക്കു ഒരു ഗവണ്മെൻറിൻെറയും നോട്ടം ചെന്നിട്ടില്ല. അതിലേയ്ക്കു യാതൊരു പരിപാടിയും ഇതുവരെ ആവിഷ്കരിച്ചിട്ടുമില്ല. ഇന്നു നാം പുതിയ നയത്തോടുകൂടിയ ഓവർ ക്യാപ്പിററൽ സേഷനുമായിട്ടാണു മുമ്പോട്ടുപോകുന്നതു്. അങ്ങനെ മുമ്പോട്ടുപോകുമ്പോൾ അവയ്ക്കുവേണ്ടിയുള്ള പരിപാടികൾ എന്തെല്ലാമാണെന്നു അത്ര വ്യക്തവുമല്ല. വിശേഷിച്ചും പബ്ളിക്കു് യൂട്ടിലിട്ടി

സർവ്വീസിൻെറ പേരിൽ അനവധി ധനവ്യയം ചെയ്യുന്ന ഈ ഗവണ്മെൻറ് മുമ്പ് ദിവാൻഭരണം നിലനിന്നുകൊണ്ടിരുന്ന കാലത്തുണ്ടായിരുന്ന നന്മയെ അപേക്ഷിച്ചു വിശേഷവിധിയായിട്ടു കൂടുതലായി കുറെ സംഖ്യ കൊള്ളിക്കുന്നുവെന്നല്ലാതെ പ്രത്യുത പൊതുജനങ്ങൾക്കു ഉപകാരപ്രദമാക്കാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുന്നോയെന്നുകൂടി നോക്കേണ്ടതാണ്. ആണ്ടുതോറും ഓരോ ഇനത്തിലും ഇഷ്ടംപോലെയുള്ള തുകകൊള്ളിക്കുക എന്നുള്ള ഒരു ചടങ്ങുമാത്രമാണു നിർവ്വഹിച്ചുവരുന്നതു്. ലാൻറ് റീഫാംസിനെപ്പററിയാണെങ്കിൽ അതിൻെറ സ്വഭാവവും തത്വവും എത്രത്തോളം ഉണ്ടെന്നുള്ളതു ഏറക്കുറെ ഊഹിക്കാൻ സാധിക്കും. ഭൂപാളിസി ബില്ലുകളിൽതന്നെ പല വകുപ്പുകളും മനുഷ്യർക്ക് ഉപകാരപ്രദമാകണമെങ്കിൽ ഭേദഗതിചെയ്യേണ്ടതായിട്ടാണിരിക്കുന്നതു്. ബഡ്ജററിൽ തന്നെ ഇതുസംബന്ധിച്ചു യാതൊന്നും പറഞ്ഞിട്ടില്ല. അതങ്ങനെ ഇരിക്കട്ടെ, മറെറാരുകാര്യം ഇറിഗേഷൻ, ഇലക്ട്രിഫിക്കേഷൻ, അതുപോലെ പാലംപണി തുടങ്ങി പല വികസനപദ്ധതികൾക്കും വേണ്ടി 10 ലക്ഷത്തിനു ചിലപാനം രൂപവരെ ബഡ്ജററിൽകൊള്ളിച്ചിട്ടുണ്ടു്. സ്ഥിതിയിൽ ഇതു് ഒരു ക്യാപ്പിററൽ ഇൻവെസ്ററുമെൻറായിട്ടു കണക്കാക്കാൻ നിവൃത്തിയില്ല. പക്ഷെ, പബ്ളിക്ക് യൂട്ടിലിട്ടി സർവ്വീസിൽ ഉൾപ്പെടുത്താം. ഈ കൊല്ലത്തിൽതന്നെ പഞ്ചവത്സരപദ്ധതിക്കു വേണ്ടി ഒരു വൻതുക ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടെങ്കിലും ആ തുക മുഴുവൻ ചിലവാക്കുമോയെന്നുള്ള കാര്യം സംശയമാണ്. ഒടുവിൽ ഈ ബഡ്ജററു, അനുവദിക്കപ്പെട്ടിട്ടുള്ള തുകകൾ ചെലവാക്കാതെ മിച്ചംപിടിച്ചു ഒരു ക്യാഷ് ബാലൻസ് ബഡ്ജററായി തീരുമെന്നാണു എനിക്കു തോന്നുന്നതു്. ഒരു പുതുമയും ഇല്ലാത്ത ഒരു ബഡ്ജററാണു ഇതെന്നു പറയുന്നതിൽ എനിക്കു മടിയില്ല. പഴയ കാളവണ്ടി പുതിയ ചാട്ടകൊണ്ടടിക്കുന്നതെയുള്ളു. ഇവിടെയിരിക്കുന്ന എൻെറ പല സ്നേഹിതന്മാരും ധനകാര്യമന്ത്രിയെ ഇത്തരം ഒരു ബഡ്ജററു അവതരിപ്പിച്ചതിനു അഭിനന്ദിക്കുകയുണ്ടായി. പക്ഷെ, അഭിനന്ദനാർഹമായി ബഡ്ജററിൽ ഒന്നും തന്നെ ഞാൻ കാണുന്നില്ല. ഇനി എനിക്കു മറെറാരുകാര്യം പറയാനുള്ളതു വിദ്യാഭ്യാസത്തിനുവേണ്ടി ചെയ്തിട്ടുള്ള പ്രോത്സാഹനങ്ങളെപ്പററിയാണ്. ഇടക്കാലത്തു് ഒരു ശമ്പള പരിഷ്കാരം നടപ്പാക്കി. ആ പരിഷ്കാരം അനുസരിച്ചു സർക്കാർ സർവ്വീസിലിരിക്കുന്ന ഗ്രാഡുവേററു അല്ലാത്ത ക്ലാർക്കന്മാർക്കെല്ലാം 40–120 രൂപ ശമ്പളമായി നിശ്ചയിച്ചിട്ടുണ്ടു്. ഈ ശമ്പളം സർക്കാർസർവ്വീസിലിരിക്കുന്ന വാദ്ധ്യാന്മാർക്കുകൂടി കിട്ടണമെന്നുകരുതിച്ചു പരാതിപ്പെട്ടിരിക്കുകയാണു്. സർക്കാർ സർവ്വീസിൽ മാത്രമല്ല പ്രൈവററുസ്കൂളുകളിലിരിക്കുന്ന അദ്ധ്യാപകന്മാരും ഈ ശമ്പളത്തിനർഹരാണ്. അവർ ചെയ്യുന്ന ജോലി ഗുമസ്തജോലിയല്ലെന്നു വാദിക്കാൻ സാധിക്കുകയില്ല. ആ സ്ഥിതിക്കു തുല്യജോലിക്കു തുല്യശമ്പളം എന്ന വ്യവസ്ഥ സ്വീകരിക്കേണ്ടതാണ്. ഗവണ്മെൻറ് സെക്കണ്ടറിസ്കൂൾ അദ്ധ്യാപകർക്ക് പരിഷ്കാരം അനുസരിച്ചു 50–150 വരെ ശമ്പളം നിശ്ചയിച്ചിരിക്കുകയാണ്. അവിടെയും ഹെഡ്മാസ്റ്റർമാരുടെ കാര്യത്തിൽ വളരെ അമാന്തമാണു ഗവണ്മെൻറ് കാണിച്ചിരിക്കുന്നതു്. ഇന്നു് ഈ ശമ്പളപരിഷ്കാരത്തിൻെറ ഫലമായി ഒരു ലോവർഗ്രേഡ് ക്ലാർക്കിൻെറ ശമ്പളം ഒരു ഗ്രാഡുവേററു അദ്ധ്യാപകനു കിട്ടുന്നില്ല. ഇപ്പോൾ ശമ്പളപരിഷ്കാരം സംബന്ധിച്ചു ഉണ്ടായിട്ടുള്ള കുഴപ്പങ്ങൾ തീർക്കുന്നതിനുവേണ്ടി ഒരു പെയ് കമ്മീഷനെ നിയമിച്ചിരിക്കുകയാണ്. ഇതിൻെറ ആവശ്യം എന്താണെന്നു ചോദിച്ചപ്പോൾ സയിൻറിഫിക്കു

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

യിട്ടു ശരിപ്പെടുത്താനാണു ഇവരെ നിയമിച്ചിരിക്കുന്നതെന്നാണു പറഞ്ഞതു്. ഇതിന്റെ അർത്ഥം എന്താണെന്നുതന്നെ എനിക്കു മനസ്സിലാകുന്നില്ല.

ഇതിനെല്ലാം ഏതെങ്കിലും ഒരു അടിസ്ഥാനമുണ്ടായിരിക്കണം. ഇവിടെ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം കൂട്ടി എന്നു പറഞ്ഞു. ഒരാക്കൽ 25, പിന്നൊരിക്കൽ 35 ഇങ്ങനെ അപ്പോഴപ്പോൾ തോന്നിയതുപോലെ കൊടുക്കാതെ ഏതെങ്കിലും ഒരടിസ്ഥാനത്തിൽ അവരുടെ ശമ്പളം നിശ്ചയിക്കേണ്ടതാണു്. ശമ്പളപരിഷ്കാരം സംബന്ധിച്ചു മുഖ്യമന്ത്രി പറയുകയുണ്ടായി, ഇവിടത്തെ ഏററവും കുറഞ്ഞ ശമ്പളത്തിന്റെയും ഏററവും കൂടിയ ശമ്പളത്തിന്റെയും അനുപാതം 20 ആണു്. അതു ശരിയാണോ എന്നാണു് ഞാൻ ചോദിക്കുന്നതു്. ഒരു ശിപായിക്കു് 20 രൂപയും 25 രൂപയും മററും ലഭിക്കുമ്പോൾ മറെറാരുദ്യോഗസ്ഥനു 1000 രൂപ ലഭിച്ചാൽ അനുപാതക്രമം ഒന്നിനു് നാല്പതാകുകയില്ലേ? ഇവിടത്തെ തന്നെ ഉദ്യോഗസ്ഥൻ 25 രൂപ വാങ്ങിച്ചുകൊണ്ടിരിക്കുമ്പോൾ അതായതു് വെറും 25 രൂപ കൊണ്ടു അവനും അവന്റെ കുടുംബവും അരിഷ്ടിച്ചു ജീവിക്കുമ്പോൾ മറെറാരാൾക്കു് 1000 രൂപ വാങ്ങിക്കുവാനുള്ള അവകാശം എന്താണെന്നാണു് ഞാൻ ചോദിക്കുന്നതു്, ഇങ്ങനെ 25-ും 1000-വും ആയി വ്യത്യാസമുണ്ടായിരിക്കുമ്പോൾ ഈ ഗ്യാപ്പു് എങ്ങനെ നികത്തുമെന്നുള്ളതാലോചിക്കാതെ അനുപാതം 20 എന്നു പറയുന്നതുകൊണ്ടു് വലിയ അർത്ഥമൊന്നുമുണ്ടെന്നു തോന്നുന്നില്ല. നിങ്ങളാണെങ്കിൽ ഫ്രാൻസ്, ഇംഗ്ലണ്ടു് മുതലായ രാജ്യങ്ങളിൽ പോയി അവിടത്തെ കാര്യങ്ങൾ കണ്ടിട്ടുള്ളവരാണു്. അവിടെ സർക്കാർ ഉദ്യോഗത്തിൽ ഇത്ര വലിയ ഗ്യാപ്പുണ്ടോ എന്നു പരിശോധിക്കേണ്ടതായിരുന്നു. എന്നിട്ടു് ആ മാതിരി വലിയ ഗ്യാപ്പുകൾ ഒന്നും വരാത്ത രീതിയിൽ ശമ്പളം പരിഷ്കരിച്ചു നാം തന്നെ ഒരു മാതൃക കാണിച്ചു കൊടുക്കേണ്ടതാണു്. പ്രൈവററു് മാനേജുമെൻറിന്റെ കാര്യം പറയുമ്പോൾ പ്രൈവററു മേഖലയിൽ ഗവണ്മെൻറിനു പൂർണ്ണമായ അധികാരമില്ലെന്നു ഒരുപക്ഷെ പറയുമായിരിക്കാം. ആ വാദം ശരിയോ തെററോ എന്നു ഞാൻ പറയുന്നില്ല. എന്നാൽ ഗവണ്മെൻറു സർവീസിൽ തന്നെയുള്ള ഉദ്യോഗസ്ഥന്മാരുടെ ഗ്യാപ്പു് ഇത്ര വളരെ അകന്നുപോകാതിരിക്കാനെങ്കിലും നോക്കേണ്ടതാണു്. പ്രത്യേകിച്ചും പ്രൈവററുമേഖലയിൽ ഇത്ര വളരെ ശമ്പളം കൊടുക്കാൻ നിശ്ചയിച്ചിരിക്കുന്ന സ്ഥിതിക്കു് മദ്രാസിൽ ഈ കാര്യത്തിലുള്ള ഗവണ്മെൻറിന്റെ നയം എന്താണെന്നുള്ളതിനെക്കുറിച്ചു് ഒന്നന്വേഷിക്കാമായിരുന്നു. അവിടെ പ്രൈവററുസ്കൂൾ ടീച്ചേഴ്സിനു ഗവണ്മെൻറു നേരിട്ടാണു് ശമ്പളം കൊടുക്കുന്നതു്. അതു് രാജാജിയുടെ കാലത്തു അംഗീകരിച്ചു ഒരു നയമാണു്. ആ നയം എന്തുകൊണ്ടു് ഇവിടെ അംഗീകരിക്കുന്നില്ല? ഇവിടെയാണെങ്കിൽ അവർക്കു കൊടുക്കേണ്ട ശമ്പളത്തിൽ രണ്ടണയും നാലണയും വെട്ടിക്കുറച്ചിട്ടാണു് ഗവണ്മെൻറു ഗ്രാൻറായി കൊടുക്കുന്നതു്. ഇതിനെന്താണു് അവരുടെ ശമ്പളത്തിൽ കുറവു വരുത്തുന്നതു്? ഈ ശമ്പളം തന്നെ പ്രൈവററുസ്കൂൾ ടീച്ചേഴ്സിനു കിട്ടണമെങ്കിൽ മാനേജരുടെ ഹിതാഹിതംപോലെ പ്രവർത്തിക്കേണ്ടതായിട്ടാണിരിക്കുന്നതു്. നിങ്ങൾ ആവാടി സോഷ്യലിസം പ്രഖ്യാപിച്ചിരിക്കുന്ന സ്ഥിതിക്കു് ഇങ്ങനെയുള്ള വലിയ അകൽച്ചകൾ ഇല്ലാതാ

ക്കേണ്ടതു നിങ്ങളുടെ കടമയല്ലേ? അവർ ശമ്പളം കിട്ടുന്നതിനെ സംബന്ധിച്ച് ആരോടാണ് പരാതി പറയേണ്ടതു്? മാനേജർമാക്കാണെങ്കിൽ 20 ശതമാനം കണ്ടിജൻസിക്കായി കൊടുക്കുന്നു എന്നു പറയുന്നു. അതിൽ 20 ശതമാനം എന്നു ക്ലിപ്തപ്പെടുത്തുന്നതെന്തിനാണ്? അവരുടെ കണ്ടിജൻസി ചെലവുകൾ മുഴുവനും കൊടുക്കരുതോ? 20 ശതമാനം എന്നു ക്ലിപ്തപ്പെടുത്തുന്നതിനു് ഇതു് ഒരു ബിസിനസാണോ എന്നു ഞാൻ ചോദിക്കുന്നു. ബിസിനസ് ആണെന്നു അവർ കരുതുന്നുവെങ്കിൽ അതു് അവർ സമ്മതിക്കണം. ഈയിടെ പ്രൈവറ്റസ്കൂൾ അദ്ധ്യാപകന്മാക്ക് അവരുടെ ശമ്പളത്തിന്റെ നാലിൽ ഒന്നു പെൻഷൻ കൊടുത്തുകൊള്ളണമെന്നു മദ്രാസ് ഗവണ്മെന്റ് ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളതു് ഒന്നു പരിശോധിക്കരുതോ? ഇങ്ങനെയുള്ള പ്രഖ്യാപനം ചെയ്തുകൊണ്ടു് മിസ്റ്റർ സുബ്രഹ്മണ്യം ഈ കാര്യത്തിൽ അംഗീകരിച്ചു നടപടി നിങ്ങൾ എന്തുകൊണ്ടു് അനുകരിക്കുന്നില്ല? നിങ്ങളുടെ സാഹോദര്യമുള്ള മററു ഗവണ്മെൻറുകൾ ഇങ്ങനെ പുരോഗമനപരമായ നടപടികൾ സ്വീകരിക്കുമ്പോൾ നിങ്ങൾ ഇവിടത്തെ ശമ്പളക്കാര്യത്തിൽ അകൽച്ച വരുത്തിക്കുന്നതായാൽ നിങ്ങൾ നിങ്ങൾ പ്രഖ്യാപിക്കുന്ന സോഷ്യലിസത്തിന്നുമായി എന്തു ബന്ധമാണുള്ളതു് എന്നു ഞാൻ ചോദിക്കുന്നു. ഈ രാജ്യത്തെ താണ ഉദ്യോഗസ്ഥന്മാരായ പോലീസുകാരും ശിപായിമാരും മററും ഈ വിധം അവശത അനുഭവിക്കുമ്പോൾ വലിയ ശമ്പളം ആയിരമാക്കി വർദ്ധിപ്പിച്ചതു് ഏതടിസ്ഥാനത്തിലാണെന്നു ഒന്നറിഞ്ഞാൽ കൊള്ളാം. ഈ രാജ്യത്തെ ഉദ്യോഗസ്ഥന്മാരിൽ കൈക്കൂലിയുണ്ടെങ്കിൽ, അവരിൽ ഉത്തരവാദിത്വബോധം ഇല്ലാത്തവരുണ്ടെങ്കിൽ, അവരിൽ ആൻറിസോഷ്യലിസം ഉണ്ടെങ്കിൽ നിങ്ങളും ഇതിൽ നിന്നു് ഒട്ടും ഭിന്നമല്ലെന്നു ഞാൻ പറയുകയാണ്. അതു് ആകപ്പാടെ മാറിയല്ലാതെ ശരിയാകയില്ല. ഒരു അദ്ധ്യാപകൻ മാനേജക്ക് രസിക്കാത്ത ഒരഭിപ്രായം പറഞ്ഞാൽ മതി ഉടൻ അവനെ അവിടെനിന്നു പിരിച്ചുവിടും. ആ നിലവരെ എത്തിയിട്ടുണ്ടു്. കഴിഞ്ഞ നിയമസഭയിൽ അടിസ്ഥാനവിദ്യാഭ്യാസത്തെ സംബന്ധിച്ചു് ഒരു പ്രമേയം പാസ്സാക്കി. ആ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ കുറെ സ്കൂളുകൾ തുടങ്ങി. പിന്നീടു സെക്കൻറററിസ്കൂൾ അനുസരിച്ചു് കുറെ അദ്ധ്യാപകന്മാരെ നിയമിച്ചു. ഇങ്ങനെ പുതിയ സ്കീമുകളും മററുമായി പോകുന്നതല്ലാതെ ഒന്നും ശരിയായ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നില്ല എന്നു് എനിക്ക് ധൈര്യമായി പറയുവാൻ കഴിയും. വിദ്യാഭ്യാസത്തിന്റെ അഭിവൃദ്ധിയെ സംബന്ധിച്ചു് ശാസ്ത്രീയമായ വിധത്തിൽ പരിശോധിച്ചു ചില അടിസ്ഥാനതത്വങ്ങൾ അംഗീകരിച്ചു പത്തുകൊല്ലം കഴിഞ്ഞു് നമ്മുടെ വിദ്യാഭ്യാസരീതി ഏതു നിലയിൽ എത്തുമെന്നു ദീർഘമായി ചർച്ചചെയ്തു് അതനുസരിച്ചു് ഒരു നിശ്ചിത പരിപാടിയോടുകൂടി മുൻപോട്ടുപോയെങ്കിലല്ലാതെ വിദ്യാഭ്യാസരംഗത്തു അഭിവൃദ്ധി ഉണ്ടാകുകയില്ല. വിദ്യാഭ്യാസത്തെ സംബന്ധിച്ചു് എനിക്ക് നേരിട്ടുള്ള അനുഭവംകൊണ്ടു ഞാൻ ഇതു പറയുകയാണ്. സാമൂഹ്യമനോഭാവത്തോടുകൂടി ഇതിൽ എന്തെങ്കിലും പ്രവർത്തിക്കുകയാണ് വേണ്ടതു്. നമ്മുടെ വിദ്യാഭ്യാസംകൊണ്ടു് നമുക്ക് പ്രയോജനമുണ്ടാകണം. അതിനു ഒരു വല്ല പരിപാടിയും ഗവണ്മെൻറിനുണ്ടോ എന്നാണു ഞാൻ ചോദിക്കുന്നതു്. അദ്ധ്യാപകന്മാരുടെ കാര്യത്തെ സംബന്ധിച്ചാണെങ്കിൽ അവരുടെ ശമ്പളത്തിന്റേയും അദ്ധ്യയനരീതിയുടേയും കാര്യങ്ങളെപ്പററി അന്വേഷിച്ചു വേണ്ടവിധത്തിലുള്ള പരിപാടി

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

കളോടുകൂടി മുമ്പോട്ടുപോകേണ്ടതാണ്. കുട്ടികളെ സംബന്ധിച്ചാണെങ്കിൽ അവരുടെ പരിരക്ഷണം ഗവണ്മെൻറ് ഏറ്റെടുത്ത് അതിനനുസരണമായി പ്രവർത്തിക്കേണ്ടതാണ്. ഈ കാര്യങ്ങളൊന്നും ഉടനെ ചെയ്തില്ലെങ്കിലും അതിൻെറ ഉപക്രമമായി ചിലതെങ്കിലും ചെയ്തിരുന്നുവെങ്കിൽ അനുമോദിക്കാമായിരുന്നു. മാഘവൻെറ ശിശുപാലവധത്തിലുള്ളപോലെ പിഴിഞ്ഞിട്ടുപോലുംനീതി കൊടുക്കാത്ത നിലയിൽ ചെയ്യുന്നതു ശരിയാണെന്നു തോന്നുന്നില്ല. അതു് ഒരു ഗവണ്മെൻറിനും അഭിമാനകരമല്ല. ഇന്നു് മിസ്റ്റർ ജാണും പനമ്പിള്ളിയും ഒത്തുതീർപ്പിലെത്തിയിട്ടുണ്ട്. അവരുടെ ആ ഒത്തുതീർപ്പുമൂലം ഈ പാവപ്പെട്ട അദ്ധ്യാപകന്മാരുടെ സ്ഥിതി അഭിവൃദ്ധിപ്പെടുത്തരുതോ?

വിദ്യാഭ്യാസരംഗത്തു് അദ്ധ്യാപകന്മാരെക്കൂടാതെ ക്ലാർക്കന്മാർ ഉണ്ട്. അവരെപ്പററി ഒന്നുരണ്ടു് വാക്കുകൂടി പറഞ്ഞുകൊണ്ട് ഞാൻ ഉപസംഹരിച്ചുകൊള്ളാം. ഈ ക്ലാർക്കന്മാർക്ക് ഗവണ്മെൻറ് എന്തെങ്കിലും പരിഗണന നൽകിയിട്ടുണ്ടോ? നമ്മുടെ രാജ്യത്തു വിവിധ സ്കൂളുകളിലെ ക്ലാർക്കന്മാരായി ഏകദേശം പത്തുപതിനായിരത്തോളം ആളുകൾ ഉണ്ട്. ടീച്ചേഴ്സിൻെറ ശമ്പളക്കാര്യത്തിലും മററും അൽപ്പം ദൃഷ്ടി പതിപ്പിച്ചതുപോലെ ഇവരുടെ കാര്യത്തിലും ശ്രദ്ധിക്കേണ്ടതായിരുന്നു. സർവ്വീസും യോഗ്യതയും സേവനസന്നദ്ധതയുമുള്ള ഈ ക്ലാർക്കന്മാർക്ക് അതായതു് പ്രൈവററു സ്കൂളുകളിലെ ക്ലാർക്കന്മാർക്കും ഗവണ്മെൻറു വല്ലതും ചെയ്തുകൊടുക്കേണ്ടതാണ്. ഇവരുടെ ഇപ്പോഴത്തെ സ്ഥിതിയാണെങ്കിൽ ഒന്നു സംഘടിച്ചുപോയാൽ പിരിച്ചുവിടും, എന്ന നിലയിലാണ് ഇരിക്കുന്നതു്. മാനേജരുടെ വീട്ടിൽ ഇവർ വെള്ളം കോരണമെന്ന സ്ഥിതിവരെ ആയിട്ടുണ്ട്. ഈയിടെ ഒരാൾ ഒരു ക്രിസ്ത്യാനിയെ കല്യാണം കഴിച്ചു എന്ന കാരണംകൊണ്ട് അയാളെ പിരിച്ചുവിട്ടതായി എനിക്കറിയാം. ഞാൻ പറയുന്നതു് ഈമാതിരി നക്കാപ്പിച്ച കാര്യങ്ങൾ അവസാനിപ്പിക്കണം. ഈയിടെ ഇങ്ങനെ വിദ്യാഭ്യാസഡയറക്ററർ ഒരു ചെറിയ കാര്യത്തിൽ ഒരാളെ പിരിച്ചുവിടുവാൻ ഉത്തരവു പാസ്സാക്കിയതായി എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സോഷ്യലിസം നടപ്പാക്കിയില്ലെങ്കിലും തരക്കേടില്ല; ജനാധിപത്യമുറയെങ്കിലും സ്വീകരിക്കേണ്ടതാണെന്നാണ് എനിക്കു തോന്നുന്നതു്. ഈ അഭിപ്രായങ്ങളോടുകൂടി ഞാൻ വിരമിച്ചുകൊള്ളുന്നു.

ശ്രീ. എ. കുഞ്ഞൻനാടാർ : സർ, ബഡ്ജററിനെപ്പററി എന്തെങ്കിലും പറയുന്നതിനുമുൻപ് ഈ ബഡ്ജററ് അവതരിപ്പിച്ച ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോനെ ഞാൻ അനുമോദിക്കയാണ് ചെയ്യുന്നതു്. അതേയവസരത്തിൽ എൻെറ അനുമോദനം ഒരു ഉപാധികഅനുമോദനമാണെന്നുകൂടി അറിയിച്ചുകൊള്ളട്ടെ. ഡവലപ്പുമെൻറ് സ്കീമുകൾ നടപ്പിൽ വരുത്തുന്നതിനും പഞ്ചവത്സരപദ്ധതിയുടെ ശേഷിച്ച മൂന്നിലൊന്നു ഭാഗം ഈ വർഷംകൊണ്ടുതന്നെ ചെയ്തു തീർക്കുന്നതിനും മററവകുപ്പുകൾക്കു കൊള്ളിച്ചിട്ടുള്ള തുകകൾ ലാപ്സാക്കാതെ ചിലവാക്കുന്നതിനുമുള്ള ഒരു നിർബന്ധം അദ്ദേഹത്തിൻെറ ബഡ്ജററ് പ്രസംഗത്തിൽ ഞാൻ കാണുകയുണ്ടായി. ആ നിർബന്ധം അനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ നിശ്ചയമായും അദ്ദേഹം അനുമോദനാർഹനാണ്. ഇതിനു മുൻകൊല്ലങ്ങളിൽ

കാൺഗ്രസ്സ് ബഡ്ജററുകളിലും സോഷ്യലിസ്ററുബഡ്ജററിലും തുകകൾ കൊള്ളിച്ചശേഷം ലാപ്സാക്കിക്കളയുന്ന സമ്പ്രദായം ഇക്കൊല്ലവും തുടരുകയാണെങ്കിൽ അനുമോദനത്തിനുള്ള ഒരു കാര്യവും ഇല്ലെന്നുകൂടി പറയാൻ ഞാനാഗ്രഹിക്കുന്നു.

ഇവിടെ നടന്ന ബഡ്ജററു പ്രസംഗങ്ങൾ, വിശേഷിച്ചും പ്രതിപക്ഷ പാർട്ടികളിൽ നിന്നും നടത്തിയ പ്രസംഗങ്ങൾ വളരെ നിരാശാജനകമായിട്ടാണ് എനിക്ക് കാണാൻ കഴിഞ്ഞതു്. ഒരു ബഡ്ജററെന്നു പറഞ്ഞാൽ എന്താണ്? പ്രതിപക്ഷങ്ങളുടെ ബഡ്ജററു പ്രസംഗങ്ങളിൽ ബഡ്ജററിനെപ്പററിയുള്ള വിമർശനമല്ല ഉണ്ടായതു്. ബഡ്ജററിൽ ഇന്നയിന്ന തുകകൾ കൊള്ളിച്ചിട്ടുള്ളതു് തെററാണ്, അതു് കുറവാണ് അല്ലെങ്കിൽ കൂടുതലാണ്, ഇന്ന ഐററം കൂടുതലായി ചേർക്കണം, എന്നീ നിലകളിലുള്ള ഒരു വിമർശനവും ഇവിടെ നടത്തിയതായി കാണാൻ കഴിഞ്ഞില്ല. നേരെമറിച്ച് എഴുതാത്ത ചില പുറങ്ങൾ വായിക്കുകയാണ് ഉണ്ടായതു്. ശ്രീ. ശങ്കരനാരായണൻതമ്പി പാർലമെൻറിൽ ചെയ്യേണ്ട ഒരു പ്രസംഗമാണ് ഇവിടെ ചെയ്തതു്. പാരി ആൻഡ് കമ്പനിക്കാരുടെയും മററു കമ്പനിക്കാരുടെയും ഒക്കെ ലാഭത്തിനെപ്പററി അദ്ദേഹം പ്രസ്താവിക്കയുണ്ടായി. അതു പറയേണ്ടതു് സെൻട്രൽ പാർലമെൻറിലാണെന്നാണ് എനിക്കു അദ്ദേഹത്തെ അനുസ്മരിപ്പിക്കാനുള്ളതു്. അതുപോലെതന്നെ മററു ചില വിമർശകന്മാർ പറയുകയുണ്ടായി ബെററർമെൻറു ലെവിയും മററും നടപ്പിൽ വരുത്തുന്നതിനുമുമ്പ് സാധാരണക്കാരുടെ ക്രെഡിററ് ഫെസിലിററീസ് കൂട്ടണമെന്നു്. കൂടാതെ കമ്മ്യൂണിററി പ്രോജക്ററുകളും എക്സ്റ്റൻഷൻ ബ്ലാക്കുകളും മററു ചില സ്ഥലങ്ങളിലായിരുന്നു സ്ഥാപിക്കേണ്ടതെന്നും ചിലർ പ്രസ്താവിച്ചു. ഇതല്ലാതെ ബഡ്ജററിനെപ്പററി കാര്യമായി എന്തെങ്കിലും വിമർശനം നടത്തിയതായി കാണുന്നില്ല. ഈ നാട്ടുകാരെ സംബന്ധിച്ചിടത്തോളം ആവഡീ സോഷ്യലിസം വേണമോ ആന്ധ്രാ കമ്മ്യൂണിസം വേണമോ ദളവാ സോഷ്യലിസം വേണമോ എന്നുള്ളതല്ല പ്രശ്നം. ഈനാട്ടുകാരുടെ മുമ്പിൽ പലപല നീറുന്ന പ്രശ്നങ്ങളുണ്ടു്. അതിനു പരിഹാരം കാണാൻ രാജ്യത്തിൻെറ സാമ്പത്തികകഴിവു് എത്രത്തോളമുണ്ടോ അതു് നെവച്ചുകൊണ്ടു് ഭരണഘടനയ്ക്കു് വിധേയമായി എന്തെല്ലാം ചെയ്യാൻ കഴിയുമോ അതെല്ലാം ചെയ്യണമെന്നാണ് നാട്ടുകാർ ആഗ്രഹിക്കുന്നതു്. ആ നിർബന്ധമാണ് നാട്ടുകാർക്കുള്ളതു്. ഒരു സംഗതി ശ്രീ. മുണ്ടശ്ശേരി പറഞ്ഞതുകൂടി ഞാൻ യോജിക്കുന്നു. വാചകം അടികളും, പ്രാറഫാറം പ്രസംഗങ്ങളും മുദ്രാവാക്യങ്ങളുംകൊണ്ടു് നാട്ടുകാർ തൃപ്തിപ്പെടുന്നതല്ല. കൺഗ്രസ്സുകാർക്കായാലും ശരി, കമ്മ്യൂണിസ്ററുകാർക്കായാലും ശരി, സോഷ്യലിസ്ററുകാർക്കായാലും ശരി നാട്ടുകാരെ ആ രീതിയിൽ തെററിധരിപ്പിക്കാൻ സാധിക്കയില്ല. ആരുടേയും മുദ്രാവാക്യങ്ങൾ അവർ വിശ്വസിക്കാൻ തയ്യാറില്ല. ഇന്നത്തെ ധനാഗമമാർഗ്ഗങ്ങൾ വച്ചുകൊണ്ടു് ഇതിലും നല്ലതായ ഒരു ബഡ്ജററു അവതരിപ്പിക്കാൻ സാധിക്കയില്ലെന്നാണ് എനിക്കുള്ള ദൃഢമായ അഭിപ്രായം. ശ്രീ. പനമ്പിള്ളി പരിപൂർണ്ണനാണെന്നോ, മഹാപണ്ഡിതനാണെന്നോ അദ്ദേഹത്തെ ജയിക്കാൻ ആളില്ലെന്നോ ഞാൻ പറയുകയല്ല. അദ്ദേഹത്തിനു് തെററുകൾ വരും, ആ തെററുകൾ തിരുത്താനും കൂടുതൽ നല്ലകാര്യങ്ങൾ കാണിച്ചുകൊടുക്കാനും പ്രതിപക്ഷത്തിനു് ശേഷിയുണ്ടെന്നു് കരുതിയിരുന്നതു് നിരാശയിൽ അവസാനിക്കയാണ് ചെയ്തതു്. ഇന്നത്തെ ധനാഗമമാർഗ്ഗങ്ങൾ

[ശ്രീ. എ. കുഞ്ഞൻ നാടാർ]

വച്ചുകൊണ്ടു് ഇതിലും നല്ല ഒരു ബഡ്ജററു ഉണ്ടാക്കാൻ കഴിയുമെങ്കിൽ അതു് ഇന്നയിന്ന തരത്തിലു വേണമെന്നു ചൂണ്ടിക്കാണിക്കണമെന്നു് പ്രതിപക്ഷത്തിരിക്കുന്നവരോടു് ഞാനപേക്ഷിക്കുന്നു. കഴിഞ്ഞ തവണ ഇവിടെ സോഷ്യലിസ്ററുബഡ്ജററു് എന്ന പേരിലാണു് ഒരു ബഡ്ജററു അവതരിപ്പിച്ചതു്. ആ ബഡ്ജററിനെക്കാൾ ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിൽ നാട്ടുകാർക്കു് ആവശ്യമായ പല കാര്യങ്ങളും ഉൾപ്പെടുത്തുന്നതിൽ കൂടുതലായ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ടെന്നും അങ്ങനെയുള്ള കാര്യങ്ങൾക്കു് കൂടുതൽ പണം കൊള്ളിച്ചിട്ടുണ്ടെന്നും നിഷ്പക്ഷമായി നോക്കിയാൽ കാണാൻ കഴിയും. കഴിഞ്ഞ പി. എസ്സു്. പി. മന്ത്രിസഭാംഗങ്ങൾ, ഞങ്ങൾ അതുചെയ്തു, ഇതുചെയ്തു, അധികാരത്തിൽ തുടരാൻ അനുവദിച്ചിരുന്നെങ്കിൽ ഇന്നതെല്ലാം ചെയ്യുമായിരുന്നു എന്നൊക്കെ പ്രസംഗിച്ചു നടക്കുന്നുണ്ടു്. മന്ത്രിമാരുടെ ശമ്പളം 700 രൂപയിൽ നിന്നും 500 രൂപയായി കുറച്ചു എന്നു് ശ്രീ. താണുപിള്ളയും, ശ്രീ. പി. കെ. കുഞ്ഞും മററും പ്രസംഗിച്ചു നടക്കുന്നു. ഇവരെപ്പോലുള്ള മന്ത്രിമാരാണെങ്കിൽ ഒരു ശമ്പളവും വാങ്ങാതെതന്നെ ഭരിക്കുന്നതിനു് തയ്യാറുള്ള ധാരാളം ആളുകൾ ഈ രാജ്യത്തുണ്ടായിരിക്കും. അതല്ല (ക്രൈറ്റേറിയൻ)—അളവുകോൽ. ഒരു നല്ല കാര്യം ചെയ്തിട്ടുണ്ടു്. നാഗരുകോവിൽ ററി. ബി. ആശുപത്രിയിൽ 48 കിടക്കകൾകൂടി കൂട്ടിയിട്ടുണ്ടു്. തമിഴ് നാട്ടിൽ മാത്രം 500 ഓളം വിദ്യാഭ്യാസമുള്ള യുവാക്കന്മാരെ അവർ ക്ഷയരോഗികൾ ആക്കുകയും ചെയ്തിട്ടുണ്ടു്. അവരിൽ 48 പേർക്കെങ്കിലും ചികിത്സനടത്താനുള്ള സൗകര്യം ഉണ്ടാക്കിയതിൽ കൃതജ്ഞതയുണ്ടു്.

ഈ അവസരത്തിൽ പോലീസുകാരുടെ പ്രവർത്തനത്തെപ്പററി ഒരു സംഗതി ഇന്നത്തെ ഗവണ്മെൻറിനോടു് എനിക്കു് പറയാനുണ്ടു്. പോലീസുകാരുടെ മനോഭാവം മാറുകതന്നെ വേണം. (ഹീയർ, ഹീയർ) ഇതു ഞാൻ കാൺഗ്രസുകാരെ ആക്ഷേപിച്ചു പറയുകയല്ല. അതുപോലെതന്നെ കമ്മ്യൂണിസ്ററുകാരെ അനുകൂലിച്ചുമല്ല പറയുന്നതു്. ഒരു അസംബ്ലി മെംബറെ പോലീസുകാർ അടിച്ചു എന്ന പരാതിക്കു് മറുപടിയായി അടിച്ചില്ല എന്നു് പോലീസുമന്ത്രി ഇന്നലെ പറയുകയുണ്ടായി. ഈ മന്ത്രിസഭ ഭരണഭാരം കയ്യേററതിനു ശേഷമുള്ള ചുരുങ്ങിയ കാലത്തിനിടയ്ക്കു് ഒന്നും ചെയ്യാൻ സാധിക്കാത്തതുകൊണ്ടായിരിക്കാം ആ മറുപടി പറഞ്ഞതു്. സർ, ഏതു പാർട്ടിയിൽപ്പെട്ടവരായാലും, എന്തു കാരണവശാലായാലും, ജനങ്ങൾ തെരഞ്ഞെടുത്തയയ്ക്കുന്ന ഒരു ജനപ്രതിനിധിയെ പോലീസുകാർ അടിക്കുക എന്നു വരുന്നതു് ഒരു ജനകീയഭരണകാലത്തു് അനുവദിക്കത്തക്കതല്ല. എന്നെ സംബന്ധിച്ചാണെങ്കിൽ കഴിഞ്ഞ ആഗസ്ററുമാസം 12-ാം തീയതി 8 മണിമുതൽ 9 മണിവരെ പോലീസുവാനിൽവച്ചു് കോട്ടാർ ഇൻസ്പെക്ടർ ലോപ്പസും ഇടലാക്കുടി ഇൻസ്പെക്ടർ തോമസ്സും വാനിൽ ഇരിക്കവേ ഇവിടത്തെ പോലീസ് തോക്കിൻെറയും ലാത്തിയുടെയും മൂടുവച്ചു് ക്രൂരമായി ഇടിക്കയും അടിക്കയും ചെയ്ത അനുഭവം എനിക്കുണ്ടു്. അതിനെപ്പററി ഞാൻ ഈ ഗവണ്മെൻറിനോടു് പരാതി പറഞ്ഞിട്ടില്ല. പരാതി പറയാൻ നിശ്ചയിച്ചിട്ടുമില്ല. പക്ഷെ, ഇത്തരം സംഭവങ്ങൾ ആവർത്തിക്കരുതു്, അതു നിർബന്ധമാണു്.

ശ്രീ. കെ. സി. ജോർജ്ജ് : ഈ അടുത്തകാലത്ത് പോലീസുമർദ്ദനം തുടരുന്നുണ്ട്. പനമ്പിള്ളിയുടെ വകയായി ഒരടിഎന്നു പറഞ്ഞു് പോലീസുകാരൻ അടിച്ചു എന്നു ബഹുമാനപ്പെട്ട മെംബറുടെ ഒരു സ്റ്റേറ്റുമെൻറ് ഉണ്ടായിരുന്നോ?

ശ്രീ. എ. കുഞ്ഞൻനാടാർ : പോലീസുകാർ ചില ഭാഗങ്ങളിൽ കൊള്ളരുതായ്മകൾ കാണിക്കുന്നു എന്നു പറഞ്ഞു് ഒരു സ്റ്റേറ്റുമെൻറ് കൊടുത്തിട്ടുണ്ട്. കാൺഗ്രസ് മന്ത്രിമാരും പോലീസുകാർ യോഗ്യന്മാരാണെന്നു പറയുമെന്നു് എനിക്കു് വിശ്വാസമില്ല.

തമിഴനാടു കാൺഗ്രസ്സിൽനിന്നും രാജിവച്ചു് ഇപ്പോൾ കാൺഗ്രസ്സിൽ ചേർന്നിട്ടുള്ള അംഗങ്ങളെപ്പററി ചില വിമർശനങ്ങൾ ഇവിടെ കേൾക്കുകയുണ്ടായി. 'ചാക്കിട്ടുപിടി' എന്നതു് ഒരു പുതിയ പദപ്രയോഗമാണ്. ആ പദപ്രയോഗം ഞങ്ങളെ സംബന്ധിച്ചാണെന്നു ഞാൻ കരുതുന്നില്ല. എന്നാൽ ആരെ ഉദ്ദേശിച്ചായിരുന്നാലും അതു പ്രയോഗിക്കുന്ന ആളിനെ വളരെ താഴ്ത്തുന്ന ഒരു പദപ്രയോഗമാണതു്. തമിഴനാടു കാൺഗ്രസ്സ് പാർലമെൻററി പാർട്ടിയിൽ അംഗങ്ങളായിരുന്ന 12 പേർ തമിഴനാടുകാൺഗ്രസ്സിലെ അംഗത്വം രാജിവച്ചു് കാൺഗ്രസ്സിൽ ചേർന്ന പരിതഃസ്ഥിതിയിലാണ് ഇവിടെ ഒരു മന്ത്രിസഭ രൂപീകരിക്കാൻ ഇടയായതു്. അതു സംബന്ധിച്ചു് നാട്ടുകാരുടെ മുമ്പിൽ ഒരു വിശദീകരണം നൽകേണ്ട ആവശ്യവും അവകാശവും ഞങ്ങൾക്കു് ഉണ്ടു്. സർ, എന്തിനാണ് ഞങ്ങൾ കാൺഗ്രസ്സിൽ ചേർന്നതു്? ഞങ്ങളെ ചാക്കിട്ടു പിടിക്കാൻ സാധിക്കുകയില്ലെന്നു് ശ്രീ. ടി. വി. തോമസ്സിനും ശ്രീ. താണുപിള്ളയ്ക്കും പനമ്പിള്ളിയേക്കാൾ കൂടുതൽ അറിയാവുന്നതാണ്. (ഹീയർ, ഹീയർ). കാരണം വലിയ വലിയ ചാക്കുകളുംകൊണ്ടു് അവർ ഞങ്ങളുടെ പുറകെ നടന്നു. ഞങ്ങളെ പിടിക്കത്തക്കവണ്ണമുള്ള ചാക്കു് ഇവിടെ ഉണ്ടെന്നു തോന്നുന്നില്ല. അതിനെപ്പററിയുള്ള കൂടുതൽ വിവരങ്ങൾ പറഞ്ഞു് ഈ സഭയുടെ സമയം അപഹരിക്കണമെന്നു് ഞാൻ ഉദ്ദേശിക്കുന്നില്ല. തമിഴനാടുകാൺഗ്രസ്സ് എന്നു പറയുന്നതു് സ്വഭാവത്തിലും പ്രകൃതിയിലും ലക്ഷ്യത്തിലും കാൺഗ്രസ്സുതന്നെയാണ്. അതു് അഭിമാനത്തോടുകൂടിത്തന്നെ ഞാൻ പറയുന്നു. തിരുവിതാംകൂർ തമിഴനാട്ടിലെ ജനങ്ങളും അതിൽ അഭിമാനം കൊള്ളുന്നുണ്ട്. പിന്നെ എന്താണ് ഞങ്ങൾക്കുള്ള പിണക്കം. അതു സംബന്ധിച്ചു് ആർക്കും ഒരു തെററിദ്ധാരണയും വേണ്ട. ഞങ്ങൾ അന്നും ഇന്നും കാൺഗ്രസ്സുകാരാണ്. തമിഴനാടുകാൺഗ്രസ്സ് ആരംഭിച്ചിട്ടു് 8 കൊല്ലമായി. ഈ എട്ടു വർഷത്തിനിടയിൽ അതിന്റെ പൊതുകമ്മിററിയും പ്രവർത്തകകമ്മിററിയും കാൺഫറൻസുകളും പാസ്സാക്കിയിട്ടുള്ള തീരുമാനങ്ങൾ എടുത്തു നോക്കുകയാണെങ്കിൽ അതെല്ലാം കാൺഗ്രസ്സ് തീരുമാനങ്ങളാണെന്നു കാണാൻ കഴിയും. തമിഴനാടുകാൺഗ്രസ്സിന്റെ ഭരണഘടനപോലും കാൺഗ്രസ്സിന്റെ ഭരണഘടനയാണ്. പ്രകൃതി കമ്മിററികളും, താലൂക്കുകമ്മിററികളും എല്ലാം കാൺഗ്രസ്സുഘടനപോലെയാണ്. പിന്നെ എന്താണ് വ്യത്യാസം? ഞങ്ങൾ ഇവിടത്തെ കാൺഗ്രസ്സും കമ്മ്യൂണിസ്ററുപാർട്ടിയും ആകെ ഇൻഡ്യാ സോഷ്യലിസ്ററു പാർട്ടിയും അംഗീകരിച്ചിട്ടുള്ള ഭാഷാപ്രവിശ്യയ്ക്കുവേണ്ടി, ആ തത്വം ഞങ്ങൾക്കു് ഉപയോഗപ്പെടണമെന്നുള്ള ഉദ്ദേശത്തോടുകൂടി നിലകൊള്ളുകയാണ്.

ശ്രീ. കെ. കൃഷ്ണപിള്ള : സർ, ഒരു പോയിൻറ് ആഫ് ആർഡർ. ഈ സഭയിൽ പ്രാതിനിദ്ധ്യമില്ലാത്ത ഒരു പാർട്ടിയുടെ കാര്യം പറയുന്നതിന് സമയം ഉപയോഗിക്കാമോ?

മി. സ്പീക്കർ : പൊതുവിമർശനസമയത്ത് എല്ലാ പാർട്ടികളുടേയും കാര്യത്തെപ്പററി പറയാം.

ശ്രീ. കെ. കൃഷ്ണപിള്ള : ഈ സഭയിൽ പ്രാതിനിദ്ധ്യമില്ലാത്ത ഒരു പാർട്ടിയെപ്പററി പറയാമോ?

മി. സ്പീക്കർ : അതെങ്ങിനെയാണ് ഇപ്പോൾ തീരുമാനിക്കുന്നത്? അതിനെപ്പററിയുള്ള പരാമർശനങ്ങൾ കേട്ടശേഷമാണ് തീരുമാനിക്കുന്നത്.

ശ്രീ. കെ. കൃഷ്ണപിള്ള : ഈ സഭയിൽ എത്ര തമിഴനാടുകാൺഗ്രസ്സ് അംഗങ്ങളുണ്ടെന്നറിഞ്ഞാൽ കൊള്ളാം?

മി. സ്പീക്കർ : അത് ശ്രീ. കുഞ്ഞൻനാടാരുടെ പ്രസംഗം കഴിയുമ്പോൾ മനസ്സിലാകും.

Shri N. Raghava Kurup: Is not the Speaker expected to know the parties which are represented here?

Mr. Speaker : So far as the Speaker knows there is no Tamil Nad Congress Party in the Legislature now.

ശ്രീ. എ. കുഞ്ഞൻ നാടാർ : സർ, എന്റെ പ്രസംഗം കഴിയുമ്പോൾ ഇതു മാത്രമല്ല പല സംഗതികളും മനസ്സിലാകുന്നതാണ് (ചിരി) ശ്രീമാൻ കൃഷ്ണപിള്ള ഈ ചോദ്യം ചോദിച്ചതിൽ എനിക്ക് അതിശയമില്ല. കാരണം, അദ്ദേഹത്തിന്റെ നേതാവ് ഇതിലും അധഃപതിച്ച പല ചോദ്യങ്ങളും ചോദിച്ച അനുഭവം ഞങ്ങൾക്കുണ്ട്. മന്ത്രിസഭാരൂപീകരണത്തെപ്പററിയാണ് ഞാൻ പറഞ്ഞതു്. ഞങ്ങളുടെ മാത്താണ്ഡം തീരുമാനമാണ് ഇന്നു നിലവിലുള്ള തമിഴ്നാടുകാൺഗ്രസ്സിന്റെ ഔദ്യോഗികതീരുമാനം. മാത്താണ്ഡം തീരുമാനമെന്നു പറഞ്ഞാൽ അതു് ഒടുവിലത്തെ കാൺഫറൻസ് സ്വീകരിച്ച തീരുമാനമാണ്. ഒരു പ്രൊവിൻഷ്യൽ കാൺഗ്രസ്സുകമ്മിററി അനുവദിച്ചു തരികയോ അല്ലെങ്കിൽ കാൺഗ്രസ്സ് വിഷയങ്ങൾക്ക് മദ്രാസ് സംസ്ഥാനത്തോടു് ചേരാൻ അനുവദിക്കയോ ചെയ്യണമെന്നുള്ളതാണ് ആ തീരുമാനം. ഞങ്ങൾ കാൺഗ്രസ്സിൽ ചേർന്നതിൽ ഒരപാകതയുമില്ല. ബംഗാൾ പ്രവിശ്യയിൽ അഫിഷ്യൽ കാൺഗ്രസ്സും ബോസിന്റെ നേതൃത്വത്തിലുള്ള ഒരു കാൺഗ്രസ്സും വളരെക്കാലം പ്രവർത്തിച്ചിട്ടുണ്ട്. ആ നിലമാത്രമെ ഇവിടത്തെ കാൺഗ്രസ്സിനും തമിഴ്നാടു കാൺഗ്രസ്സിനുമുള്ളു. ഞങ്ങൾ ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സിൽ ചേർന്നതിനെപ്പററി ഒരു വാക്ക് പറയേണ്ടതുണ്ട്. ഈ സഭ ആരംഭിച്ച ദിവസം ഒരു പത്രലേഖകൻ എന്നോടു ഒരു ചോദ്യം ചോദിക്കയുണ്ടായി. അതായതു്, നിങ്ങളെ നിയന്ത്രിക്കുന്നതു് ആരാണെന്ന്? ഞാൻ അദ്ദേഹത്തോടു പറഞ്ഞ മറുപടിയാണ് ഇപ്പോൾ ഈ സഭയിലും പറയാനുള്ളതു്. ഞങ്ങളെ നിയന്ത്രിക്കുന്നതു് ഞങ്ങളെ വോട്ടുചെയ്തു് ഇവിടെ അയച്ച ആളുകളാണ്. ഞങ്ങൾ കാൺഗ്രസ്സിൽ ചേർന്നതു തെററാണോ, പുരോഗമനപരമാണോ, അല്ലെങ്കിൽ

പിന്തിരിപ്പനാണോം എന്നെല്ലാം തീരുമാനിക്കേണ്ടതു് ശ്രീ. ടി. വി. തോമസും പട്ടം താണുപിള്ളയുമല്ല, ഞങ്ങളെ വോട്ടുചെയ്തയച്ച ആളുകളാണു്. അവരോടുമാത്രമേ ഞങ്ങൾ സമാധാനം പറയേണ്ടതുള്ളു. ആ ആളുകൾ മുഴുവനും ഒന്നടക്കം ഞങ്ങളുടെ പിറകിലുണ്ടെന്നു് അറിയിക്കാൻ ഞാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു. ആക്കെങ്കിലും സമയമുണ്ടെങ്കിൽ ഒരു വെല്ലുവ ളിക്കൂടി നടത്താൻ ഞാൻ ആഗ്രഹിക്കുന്നു. ഏതെങ്കിലും മെംബർ എതിർക്കാൻ തയ്യാറുണ്ടെങ്കിൽ ഞങ്ങളുടെ 12 സീറ്റുകളിൽ ഏതെങ്കിലും ഒന്നു് രാജിവച്ചു് ഈ പ്രശ്നത്തെ പരീക്ഷിക്കാൻ ഞങ്ങൾ തയ്യാറാണു്. ഈ എതിർക്കുന്ന ആരെങ്കിലും അതിനു തയ്യാറുണ്ടോ ? നിശ്ചയമായും.....

ശ്രീ. കെ. സി. ജാർജ്ജ് : ആ ചലഞ്ചു് സ്വീകരിച്ചാൽ രാജി വയ്ക്കാമോ ?

ശ്രീ. എ. കുഞ്ഞൻനാടർ : തീർച്ചയായും.

ശ്രീ. കെ. സി. ജോർജ്ജ് : ഞാൻ ചലഞ്ചു സ്വീകരിക്കുന്നു. രാജി വയ്ക്കണം.

ശ്രീ. എ. കുഞ്ഞൻനാടാർ : ശ്രീ. ജോർജ്ജും രാജിവച്ചവിടെ മത്സരിക്കണം. അതിനു തയ്യാറുണ്ടോ ?

ശ്രീ. കെ. സി. ജാർജ്ജ് : അതിന്റെ ആവശ്യമില്ലല്ലോ ?

ശ്രീ. കുഞ്ഞൻനാടാർ : ഇനി എനിക്കു ഒരു കാര്യം ഇവിടെ പറയാനുള്ളതു് തമിഴ്നാടു കേസുകളെപ്പററിയാണു്. അരിതിന്നതുംപോര, ആശാരിയെ കടിച്ചതും പോരാ, പിന്നെയും പട്ടിയ്ക്കാണു് മുറുമുറുപ്പു്. എന്നു പറഞ്ഞതുപോലെയാണു് ശ്രീ. താണുപിള്ളയുടെ നിലയെപ്പററി എനിക്കു പറയാനുള്ളതു്. തമിഴ്നാടു കേസുകൾ എങ്ങിനെയുണ്ടായി, എന്തു ആണു് അവിടെ നടന്നതു് എന്നും മററുമുള്ള വിവരങ്ങൾ ഈ സഭയിൽ ഉള്ള എല്ലാവർക്കും അറിയാമെന്നുള്ളതാണു്. ഈ കേസുകളെപ്പററി ഒരു കുരിശുയുദ്ധം നടത്താൻ ശ്രീ. താണുപിള്ള ഇപ്പോൾ ഇറങ്ങിയിരിക്കുകയാണു്.

ശ്രീ. പി. കെ. യശോധരൻ : സർ, ഒരുപായിന്റെ് ആഫ് ആർഡർ. തമിഴ്നാടു കേസുകളെപ്പററി, കോടതിയിൽകേസുകൾ നടക്കുന്ന സ്ഥിതിക്കു് ഇവിടെ സംസാരിക്കാമോ ? അതു് സബ്ജുഡീസല്ലേ ?

മി. സ്പീക്കർ : സബ്ജുഡീസ് ആണെങ്കിൽ അനുവദിക്കുകയില്ല.

ശ്രീ. എ. കുഞ്ഞൻനാടാർ : സർ, ഞാൻ കേസുകളുടെ ഉള്ളിലേയ്ക്കു പ്രവേശിക്കുന്നില്ല. ഈ കേസുകൾ എങ്ങിനെ ഉണ്ടായി എന്നുള്ളതാണു് പ്രശ്നം. എങ്ങനെയുണ്ടായിട്ടുള്ളതായാലും, ഉണ്ടാക്കിയതായാലും ഞങ്ങൾ ആ കേസുകളെപ്പററി വലിയ കാര്യമായിട്ടു കരുതുന്നില്ല. കാരണം ഞങ്ങൾക്കു് ആ കേസുകളുടെ ഉള്ളുകള്ളികൾ അറിയാമെന്നുള്ളതാണു്. ഞങ്ങൾ പന്ത്രണ്ടുപേർ ഇതിലുള്ളതിൽ പത്തുപേർ വക്കീലന്മാരാണു്. ഞങ്ങൾക്കറിയാം ഈ കേസുകൾ എവിടെ അവസാനിക്കുമെന്നു്. ഈ കേസുകൾ

[ശ്രീ. എ. കുഞ്ഞൻനാടാർ]

നടത്തിയാൽ എവിടെ എങ്ങനെ, ചെന്നുനില്ക്കുമെന്നും ഞങ്ങൾക്കറിയാം. ഈ കേസുകളിൽ ഞങ്ങൾക്കു ന്യായം ലഭിക്കുമെന്നുള്ളതും തീർച്ചയാണ്. ജനകീയഭരണം നടക്കുന്ന ഈ രാജ്യത്തിനു ഈ കേസുകൾ നാണക്കേടുണ്ടാക്കിയിട്ടുണ്ട്. ഒരപമാനമാണ്. ജനകീയഭരണത്തിനുതന്നെ ഒരപമാനമാണ്. ഇതു് ഈ നാട്ടിനു് ഒരപമാനമാണ്. ഡൽഹിയിലേയും ബാംഗ്ളൂരിലേയും കോടതികളിൽ ഈ കേസുകളെപ്പററി നടന്ന നടപടികൾ നോക്കിയാലറിയാം. "തമ്പ്ഴം അമൈത്തേ ത്രീരുവോം." "Down with Pattom Ministry" എന്നും മററും തമ്പ്ഴ്നാട്ടുകാർ വിളിച്ചു എന്നും ബോർഡു് എഴുതിവച്ചു എന്നും മററുമാണ് ഇവിടത്തെ അഡ്വക്കേററ് ജനറൽ സുപ്രീംകോടതിയിൽ വാദിച്ചതു്. അതിനെപ്പററി സുപ്രീംകോടതിയിൽ ചോദിച്ച ചില ചോദ്യങ്ങൾക്കു്, ഇവിടത്തെ സർക്കാർവക്കീലന്, അതായതു് ശ്രീ. പട്ടം താണുപിള്ളയുടെ പ്രതിനിധിക്കു്, യാതൊന്നും മറുപടി പറയുവാൻ ഉണ്ടായിരുന്നില്ല. രാജാവിനെതിരായി യുദ്ധം ചെയ്തു എന്ന വകുപ്പുകൾചേർത്ത ഒരൊററ കേസുപോലും 1946-നു് ശേഷം ഇൻഡ്യയിൽ ഉണ്ടായിട്ടില്ല. ആ വകുപ്പുകൾ ഇന്നു് ഊർജ്ജിതത്തിലല്ല. തമ്പ്ഴ്നാട്ടു് കേസുകൾ സാധാരണ. സി. സി. കേസുകൾ ആയിട്ടാണ് ആദ്യം ആരംഭിച്ചതു്. ഓരോ ദിവസം കഴിയുന്തോറും കേസുകളുടെ ചാർജ്ജു് മാറിമാറിവന്നു. 121-ാംവകുപ്പ്, ഒടുവിലായി ചേർത്തിട്ടുള്ളതാണ്. ഇങ്ങനെ പടിപടിയായി വളരുകയും വികസിക്കയും ചെയ്യുന്ന നടപടിയാണു പോലീസുകാർ സ്വീകരിച്ചിട്ടുള്ളതു്.

Shri A. Thanu Pillai: This should not be allowed Sir. His statement is casting an aspersion on the judiciary of the State. Then the whole thing may be discussed and there should not be any objection. Will you allow it, Mr. Speaker? Then it is alright.

മി. സ്പീക്കർ: മിസ്റ്റർ നാടാർ കേസിനെപ്പററി, സബ്ജുഡീസ് ആകുന്ന തരത്തിൽ സംസാരിക്കാൻ പാടില്ല. കേസു് പിൻവലിക്കണമെം, പാടില്ലയോ എന്നുള്ള കാര്യങ്ങളെപ്പററി മാത്രമെ സംസാരിക്കാൻ പാടുള്ളൂ.

Shri Panmpilli Govinda Menon: Sir, it is not proper that any Member should cast any reflection on the judiciary, not only on Mr. Thanu Pillai but more so on the judiciary. It should not be allowed.

Mr. Speaker: Yes.

ശ്രീ. എ. കുഞ്ഞൻനാടാർ: അതിനോടു ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. ജുഡീഷ്യറിയെപററി പറയുന്നില്ല. പറഞ്ഞുമില്ല. പ്രധാനമന്ത്രിയുടെ ഉദ്ദേശത്തെപ്പററി മാത്രമെ പറയുന്നുള്ളൂ. ഈ കേസുകളെ സംബന്ധിച്ചിടത്തോളം തമിഴ്നാട്ടിലെ ജനങ്ങളിൽ ഒരു നല്ല വിഭാഗത്തിന്റെ അഭിപ്രായം ഈ കേസ്സു് നടത്തിക്കാണണമെന്നാണ്. അവിടെ നടന്ന അനീതികൾക്കും അക്രമങ്ങൾക്കും ഉത്തരവാദികളായ ശ്രീ. പട്ടം താണുപിള്ളയേയും ഉദ്യോഗസ്ഥന്മാരെയും കൂട്ടിൽ കയററിനിറുത്തി സത്യാവസ്ഥകൾ തെളിയിച്ചു് എല്ലാവരെയും മനസ്സിലാക്കിക്കണമെ

ന്നാണ് വിചാരിക്കുന്നതു്. എല്ലാ അക്രമങ്ങൾക്കും ശ്രീ. പട്ടവും ആ ഉദ്യോഗസ്ഥന്മാരും ഉത്തരം പറയണം, അവരെക്കൊണ്ടു് പറയിക്കണം എന്നാണ് ഞങ്ങളുടെ നാട്ടിലെ അഭിപ്രായം. ഈ കേസുകൾ ഉണ്ടാക്കാൻ ഇടയായ സാഹചര്യങ്ങൾ എന്താണ് സർ, അവിടെ ഒരു ഒററ ഗവണ്മെൻറ ദ്യോഗസ്ഥൻെറയെങ്കിലും, ഒരു ഒററ പോലിസുകാരൻെറയെങ്കിലും, ഒരു ചെറവിരലിനുപോലും ക്ഷതം സംഭവിച്ചിട്ടുണ്ടോ സർ. ഇല്ല, നേരെമറിച്ചു അനേകം സാധുക്കളായ നാട്ടുകാർക്കു് ജീവഹാനിയും, അംഗഭംഗവും സംഭവിച്ചിട്ടുണ്ടു്. ഗവണ്മെൻറ സാധനങ്ങൾക്കു് നഷ്ടം വരുത്തിയെന്നു പറയുന്നു. അതാരു വരുത്തി എന്നുള്ളതിലേക്കു് ഞാൻ കടക്കുന്നില്ല. കേസിൻെറ അവസാനത്തിൽ അതിൻെറ കാര്യവും മനസ്സിലാകും. ബർലാ എസ്റ്റേററിൽ പി. എസ്. പി. തൊഴിലാളി യൂനിയൻ കാണിച്ചിട്ടുള്ള നശീകരണങ്ങൾപോലെ യാതൊന്നുംതന്നെ അവിടെ നടന്നിട്ടില്ല. അതിൻെറ ഒരംശംപോലും നടന്നിട്ടില്ല. ബർലാ എസ്റ്റേററിൽ നടന്ന അക്രമങ്ങളുടേയും, നശീകരണങ്ങളുടേയും, മററും ഫോട്ടോകൾ എൻെറ കൈവശം ഉണ്ടു്.

ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ : സർ, ബർലാ എസ്റ്റേററിലെ കേസുകൾ കോടതിയിൽ വിചാരണയിലിരിക്കുകയാണ്. അതുകൊണ്ടു് ഇവിടെ അതിനെക്കുറിച്ചുള്ള പരാമർശനങ്ങൾ ആകാമോ ?

മി. സ്പീക്കർ : സബ്ജുഡീസ് ആണെങ്കിൽ അതിനെപ്പററി പരാമർശനം നടത്താൻ പാടില്ല.

ശ്രീ. മഞ്ജുനാഥപ്രഭു : സർ, അസംബ്ലി റൂൾസ് 147-ാംവകുപ്പിൽ പറഞ്ഞിരിക്കുന്നതു്.

Rule 147,

> "The Assembly shall be at liberty to discuss the Budget as a whole or any question of principle involved therein....."

എന്നാണ്. തമിഴ്നാട്ടു് പ്രശ്നങ്ങളെപ്പററിയാണ് പ്രസംഗിക്കുന്നതെങ്കിൽ, ഞങ്ങൾക്കും അതിനെപ്പററി എല്ലാം പഠിച്ചു്, അതിലേയ്ക്കു് തയാറായിവരണം. തമിഴ്നാട്ടു കേസുകളെപ്പററിയുള്ള പ്രസംഗമാണ് ഇവിടെ നടക്കുന്നതു് എന്നു കാണുന്നു.

മി. സ്പീക്കർ : ബഡ്ജററിനെപ്പററിയുള്ള ജനറൽ ഡിസ്ക്കഷൻ നടക്കുന്ന സന്ദർഭത്തിൽ, ഗവണ്മെൻറിൻെറ ജനറൽ പാളിസിയെപ്പററി സംസാരിക്കുന്ന കൂട്ടത്തിൽ, തമിഴ്നാട്ടുകാര്യങ്ങളെപ്പററിയും സ്വാഭാവികമായി പറഞ്ഞുപോകുന്നതാണ്. അങ്ങിനെയുള്ള കാര്യങ്ങൾ അനുവദിക്കുകയാണ് ചെയ്യുന്നതു്.

ശ്രീ. എ. കുഞ്ഞൻനാടാർ : പി. എസ്. പി. ഭരണകാലത്ത് 27,000 രൂപ, അന്നത്തെ പ്രധാനമന്ത്രിയുടെ ഒരു ബന്ധുവിന് സ്പെഷ്യൽ കോടതികളുടെ പേരിൽ സംഭാവന ചെയ്യുന്നതിന് ഞങ്ങളുംകൂടി വോട്ടു ചെയ്തവരാണ്. അതു തമിഴ്നാട് കേസുകളുടെ പേരിലായിരുന്നു. അതുകൊണ്ട് ഈ വക സംഗതിയും ഇവിടെ സംഗതമാണ്. അതു പറയുവാനുള്ള അവകാശവുമുണ്ട്. ഞങ്ങൾക്ക് കാൺഗ്രസ്സിൽ ചേരുവാൻ, ഞങ്ങളുടെ അവകാശങ്ങൾ അനുവദിച്ചുകിട്ടുന്നതിനുമുമ്പ്, കാൺഗ്രസ്സുമായുള്ള അഭിപ്രായവ്യത്യാസം തീരുന്നതിനുമുമ്പ് കാൺഗ്രസ്സിൽ ചേരുവാൻ ഒരു കാരണമുണ്ട്. സോഷ്യലിസ്റ്റ് മന്ത്രിസഭ തമിഴർ, മലയാളി വൈരം ഇളക്കിവിടുവാൻ അങ്ങേ അറ്റം പരിശ്രമിച്ചു. തമിഴ്നാട്ടുകാൺഗ്രസ്സ് ഒരു മലയാളിവിരുദ്ധസംഘടനയാണെന്നു ദുഷ്പ്രചാരം ചെയ്തു. അങ്ങനെ മലയാളികളെ മുഴുവനും സംഘടിപ്പിച്ചു മന്ത്രിസഭ തുടർന്നുകൊണ്ടുപോകാൻ സാധിക്കുമെന്നാണ് അവർ കരുതിയതു്. പക്ഷേ അവർക്ക് അതിൽ പരാജയമാണുണ്ടായതു്. തമിഴ്വിരുദ്ധ മുദ്രാവാക്യം മുഴക്കിയാൽ മലയാളിവിഭാഗത്തിന്റെ വികാരങ്ങൾ ഇളക്കിവിടാമെന്നു് ശ്രീ. പട്ടം കരുതി. തമിഴ്നാട്ടുകാൺഗ്രസ്സ് ഒരു മലയാളിവിരുദ്ധസംഘടനയല്ല. ആയിരക്കണക്കിനുള്ള മലയാളികൾ അതിലുണ്ട്. പക്ഷേ പട്ടം ഭരണം തുടരുന്നപക്ഷം ഒരു തമിഴ് മലയാളി സംഘട്ടം അദ്ദേഹം ഉണ്ടാക്കിവയ്ക്കുമെന്നു് ഞങ്ങൾക്കു് മനസ്സിലായി. എന്തു ത്യാഗം സഹിച്ചും അതൊഴിവാക്കണമെന്നു ഞങ്ങൾ തീരുമാനിച്ചു. അങ്ങനെ ഒരു സംഘട്ടനം ഉണ്ടാക്കുന്നതിനുള്ള ശ്രമത്തെ പരാജയപ്പെടുത്തുന്നതിനു വേണ്ടിയാണ് സർ, ഞങ്ങൾ കാൺഗ്രസ്സിൽ ചേർന്നതു്.

സർ, തെക്കൻതിരുവിതാംകൂറിൽ നടന്ന സകല അക്രമങ്ങൾക്കും കൊലയ്ക്കും ഭീകരമായ മർദ്ദനങ്ങൾക്കും കാരണക്കാരൻ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. പട്ടം താണുപിള്ളയാണ്. അദ്ദേഹം അന്ന് ഞങ്ങളുടെയും മുഖ്യമന്ത്രിയായിരുന്നു. പക്ഷേ അദ്ദേഹം തമിഴക്കെതിരായി പടയിളക്കം നടത്തി പ്രസംഗിച്ചു. ശ്രീ. പട്ടം താണുപിള്ള പഴവങ്ങാടിയിൽ പ്രസംഗിച്ചപ്പോൾ, ചാലയിലെ തമിഴരെ ഭീഷണിപ്പെടുത്തിയപ്പോൾ അദ്ദേഹത്തിന്റെ അനുയായികൾ മൈതാനത്തു നിന്നു നേശമണിയെ തൂക്കിലിടുക, കുഞ്ഞൻനാടാരെ നാടുകടത്തുക' എന്നിങ്ങനെയുള്ള മുദ്രാവാക്യങ്ങൾ മുഴക്കുകയായിരുന്നു. മാത്രമല്ല, തമിഴനാട്ടു സമരത്തെയും, നേതാക്കളെയും അധിക്ഷേപിക്കുന്ന ഒത്തിയെഴുത്തുകളും, ചിത്രങ്ങളും അവിടം മുഴുവൻ കാണാമായിരുന്നു. അന്ന് ശ്രീ. പട്ടം ചാലയിലെ തമിഴരെ ഭീഷണിപ്പെടുത്തുന്ന ഒരു പ്രസംഗമായിരുന്നു നടത്തിയതു്. സർ, കാൺഗ്രസ്സ് സമരകാലത്തു വളരെക്കാലം തുടർച്ചയായി പ്രസിഡണ്ടായിരുന്ന, ഈ രാജ്യത്തെ ബഹുജനങ്ങളുടെ അനിഷേദ്ധ്യ നേതാവായിരുന്ന ശ്രീ. പട്ടം തണുപിള്ള ഇത്രമാത്രം അധഃപതിച്ചുപോയല്ലോ എന്നോർത്ത് ഞാൻ ഖേദിക്കുകയാണ്. സർ, തമിഴനാട്ടിൽ യഥാർത്ഥത്തിൽ നടന്നതെന്തായിരുന്നു? അവിടെ തമിഴരും മലയാളികളും തമ്മിലുള്ളതൊരു എതിർ മനോഭാവവുമില്ലാതെ കഴിഞ്ഞുകൂടുകയാണ്. മനഃപൂർവ്വം ഒരു തമിഴ് വൈരമനോഭാവം വളർത്തി തമിഴ് മലയാള സംഘട്ടനം ഉണ്ടാക്കി ഭിന്നിപ്പിച്ചു ഭരണം നടത്താമെന്ന വ്യാമോഹത്താലാണ് ഈ ബഹളങ്ങളെല്ലാം പി. എസ്. പി. ഗവണ്മെന്റ് അവിടെ കാട്ടിക്കൂട്ടിയതു്. ഭാഷാപ്രവിശ്യാവാദം ഒരു ആൻറി മലയാളി പ്രക്ഷോ

ണം ആണെന്നും, തമിഴർ മലയാളികളുമായി ഒത്തൊരുമിച്ചു പോകാൻ ഇഷ്ടപ്പെടുന്നില്ലെന്നും ദുഷ്പ്രചരണം നടത്തി, മലയാളികളുടെ വികാരങ്ങളെ ഇളക്കിവിട്ട് അതിന്റെ അടിസ്ഥാനത്തിൽ പിൻബലമുണ്ടാക്കി തങ്ങളുടെ അഭിലാഷാനുസരണം ഭരിക്കണമെന്നായിരുന്നു പട്ടം മുഖ്യമായും ഉദ്ദേശിച്ചിരുന്നത്. തെക്കൻതിരുവിതാംകൂറിലെ ദല്ലാളികളായ ചില മലയാളികളും, ഏതാനും പോലീസുദ്യോഗസ്ഥന്മാരും, റൗഡികളും ഈ ദുഷ്പ്രചരണത്തിൽ അദ്ദേഹത്തിന് സഹായികളായിരുന്നു. അതല്ലാതെ അവിടത്തെ മലയാളികളായ സാമാന്യജനങ്ങൾ പട്ടത്തെ അനുകൂലിച്ചില്ല. ഐക്യതമിഴകംമൂലം തെക്കൻതിരുവിതാംകൂറിലെ മലയാളികളുടെ താൽപ്പര്യങ്ങൾ അവരുടെ ജീവനും വസ്തുവും പോലും കുഴപ്പത്തിലാകുമെന്നും അങ്ങനെ ഒട്ടധികം മലയാളികൾക്കു ബഹുവിധങ്ങളായ കഷ്ടതകൾ അനുഭവിക്കേണ്ടിവരുമെന്നും ആണ് ശ്രീ. പട്ടത്തിന്റെ പ്രചരണം. സർ, ഈ സമരംമൂലം തെക്കൻതിരുവിതാംകൂറിലെ ഏതെങ്കിലും ഒരു മലയാളിക്കു എന്തെങ്കിലും ഒരു ദോഷം സംഭവിച്ചതായി പറയാൻ സാധിക്കുമോ എന്നു ഞാൻ ചെല്ലുവിളിക്കുകയാണ്. തെക്കൻതിരുവിതാംകൂറിലെ മലയാളികളുടെ അംഗസംഖ്യ വളരെ പരിമിതമാണ്. അഗസ്തീശ്വരത്തു മലയാളികൾ രണ്ടുശതമാനവും, തോവാളത്താലൂക്കിൽ ഒരു ശതമാനവും, കൽക്കുളത്തു പത്തുശതമാനവുമാണുള്ളത്. ഇന്നും മുൻകാലങ്ങളിലും മലയാളികളും തമിഴരും ഏകയോഗക്ഷേമമായി കഴിഞ്ഞുവന്നിരുന്നുവെന്നുള്ളത് ഏവർക്കും അറിവുള്ളതാണ്. സർ, അവിടത്തെ വകതിരുവുള്ള മലയാളികൾ ഒന്നടങ്കം ശ്രീ. പട്ടം നടത്തിയ ഈ അക്രമങ്ങളെ പ്രതിഷേധിക്കുന്നതായി എനിക്കറിയാം. ഇന്ന് ശ്രീ. പട്ടത്തിന്റെ കുതന്ത്രങ്ങൾ പ്രയോഗിച്ച് അവിടെ തമിഴ് മലയാളി വൈരം വളർത്താൻ ശ്രമിച്ചാൽ അതു് വിലപ്പോകുകയില്ല.

1948-ൽ തെരഞ്ഞെടുപ്പ് സമയത്ത് ഇങ്ങനെയൊരു തമിഴ് മലയാളി വൈരം ഇളക്കിവിട്ടു മുതലെടുക്കാൻ ശ്രീ. പട്ടം ശ്രമിച്ചു. അന്നത്തെ ആ ശ്രമം ഏതാണ്ട് ഫലിക്കുകയുണ്ടായി. ഈ രാജ്യം ഭരിച്ചിരുന്നതു് ഏററവും ക്രിരാതനെന്നു മുദ്രയടിക്കപ്പെട്ടിരുന്ന സർ. സി. പി. രാമസ്വാമി അയ്യരായിരുന്നു. പോലീസു മേധാവി കരിംസാഹിബ്ബും. കള്ളക്കേസുകൾ സൃഷ്ടിക്കുന്നതിനും, മർദ്ദനത്തിനും വിദഗ്ദ്ധനായിരുന്ന കരിംസാഹിബ്ബിന്റെയും സർ. സി. പി. യുടെയും കാലത്തു ശ്രീ. പട്ടവും അനുയായികളും ഓടിയൊളിച്ചു കാലത്ത് സമരത്തിന്റെ മുന്നണിയിൽ ഭീകരമായ മർദ്ദനങ്ങളെ നേരിട്ടുകൊണ്ടു നിന്നിരുന്ന ഞാൻ പറയുന്നു സർ. സി. പി. യും കരിംസാഹിബ്ബും ഇന്നത്തെ നിലയെ അപേക്ഷിച്ച് വളരെ വളരെ നല്ലവരായിരുന്നു എന്ന്. ആയിരംമടങ്ങു നല്ലവരായിരുന്നു.

തമിഴ്നാട്ടുകാരെയും, മലയാളികളെയും തമ്മിൽ തല്ലിച്ചു പോലീസിന്റെയും സഹമന്ത്രിമാരായ മുന്നുനാലു ചോട്ടാമന്ത്രിമാരുടെയും സ്വാധീനത്തിലുള്ള ചില ഉദ്യോഗസ്ഥന്മാരുടെയും പിൻബലത്തോടുകൂടി ഇഷ്ടാനുസരണം ഒരു സ്വേച്ഛാഭരണം നടത്താമെന്നു വ്യാമോഹിച്ചു തമിഴരുടെ നേക്ക് ഇങ്ങനെ അക്രമങ്ങൾ നടത്തിയതാണ്. എന്തുവന്നാലും തരക്കേടില്ല. ഒരു തമിഴ് മലയാളി സംഘട്ടനം ഒഴിവാക്കണമെന്നും അതു് ഈ മനുഷ്യനെ അധികാരത്തിൽ നിന്നു താഴത്തിറക്കിയാലെ സാധിക്കയുള്ളു എന്നും ബോധ്യംവന്നതുകൊണ്ട് അതിലേക്ക

[ശ്രീ. എ. കുഞ്ഞൻനാടാർ]

വേണ്ടിയാണ് ഞങ്ങൾ ടി. ടി. എൻ. സി. യിൽ നിന്നും രാജിവച്ച് കാൺഗ്രസ്സിൽ ചേരാനിടയായതു്.

തമിഴ്നാട് സമരത്തിന്റെ പേരിൽ പട്ടം താണുപിള്ള തമിഴ്നാട് എം. എൽ. എ. മാരെ അറസ്റ്റുചെയ്തതു്, 18 അംഗങ്ങൾ മാത്രമുള്ള തങ്ങളുടെ പാർട്ടിക്കു ഭരിക്കാനുള്ള ഒരു പിൻതുണ കാൺഗ്രസ്സിൽനിന്നുണ്ടായിരുന്നതു് ദീർഘിച്ചുപോവുകയില്ലെന്നു പട്ടത്തിനറിയാമായിരുന്നതുകൊണ്ടാണ് കാൺഗ്രസ്സിന്റെ സഹായം പിൻവലിക്കുന്നപക്ഷം കമ്മ്യൂണിസ്റ്റുകളെ കൂട്ടുപിടിച്ചു് ഭരണംനടത്താൻ വേണ്ടി മാത്രമാണ് ഈ എം. എൽ. എ. മാരെ അറസ്റ്റു ചെയ്തതു്. ഇങ്ങനെ തമിഴനാട് എം. എൽ. എ. മാരെ ഭീകരത്താക്കിക്കൊണ്ടു് എന്തായാലും ഭരണം നടത്താമെന്നു സ്വപ്നം കണ്ട ശ്രീ. പട്ടത്തിന് ഞങ്ങളുടെ നിലപാടു് വലിയ ഒരു പ്രഹരമായിരുന്നു. പി. എസ്. പി. ഭരണത്തെപ്പററി പട്ടത്തിന്റെ അനുയായികൾ ഇപ്പോൾ പറയുന്നുണ്ടു്, ശ്രീ. പട്ടം നല്ലയാളാണ്, പക്ഷെ അദ്ദേഹത്തെ വഴിതെററിച്ചതു് ചില സഹമന്ത്രിമാരാണെന്നു്,

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : സർ, 1955–56-ലെ ബഡ്ജററു പ്രസംഗം നടത്തുമ്പോൾ കഴിഞ്ഞ മന്ത്രിസഭയെയും 1954–55-ലെ ബഡ്ജററു കാര്യങ്ങളെയും പരാമർശിക്കാമോ?

മി. സ്പീക്കർ : പി. എസ്. പി. യുടെ നയപരിപാടികളെ വിമർശിക്കേണ്ട ആവശ്യമില്ല.

ശ്രീ. കുഞ്ഞൻ നാടാർ : സർ, ഞങ്ങൾ കാൺഗ്രസ്സിൽ ചേരാനിടയായ സാഹചര്യത്തെപ്പററി പറയുകയായിരുന്നു.

സർ, കുരങ്ങു പ്രകൃത്യാ ചപലസ്വഭാവത്തോടുകൂടിയതാണ്. അതു് കുറെ കള്ളുകൂടി കുടിക്കുകയും, അതോടുകൂടി അതിന്റെ വാലിൽ ഒരു തേളു കടിക്കുകയും ചെയ്താലത്തെ അവസ്ഥയെന്തായിരിക്കും. അതിൽ പിന്നെ അതിനെ ഒരു ഭൂതം പിടിച്ചാൽ പിന്നെ പറയാനുമില്ല. അങ്ങിനെയൊരു സ്ഥിതിയാണ് പി. എസ്. പി. ഭരണകാലത്തിവിടെ നടന്നതു്. അദ്ദേഹം സ്വതേ ഒരു സ്വേച്ഛാധികാരിയാണ്. തമിഴനാട് വിദ്വേഷമാകുന്ന ലഹരിപിടിച്ച ആ സ്വേച്ഛാധികാരി കുറെ അധികാരകള്ളുംകൂടിച്ചു. തമിഴ്നാട് സത്യഗ്രഹമാകുന്ന തേളും കടിച്ചു് ഒരു ഭൂതാവേശവും കൂടിയുണ്ടായി. ഭൂതം പേരൂക്കട നിന്നാണോ, കായംകുളത്തു നിന്നാണോ വന്നതെന്ന തർക്കമെ ഇപ്പോൾ പട്ടത്തിന്റെ അനുയായികൾക്കുള്ളു. അങ്ങനെയാണ് ഇവ കുഴപ്പങ്ങളിലെല്ലാം ശ്രീ പട്ടം അകപ്പെട്ടുപോയതെന്നാണ് അദ്ദേഹത്തെപ്പററി സ്തുതിക്കുന്ന ചിലർ പറയുന്നതു്.

സർ, അദ്ദേഹത്തിന്റെ തമിഴ്നാട് വൈരംമൂലം ഉണ്ടായ അതി ഭയങ്കരമായ അവസ്ഥ നേരിട്ടു കണ്ടവർക്കല്ലാതെ വിവരിച്ചാലും മനസ്സിലാക്കാൻ പ്രയാസമാണ്. തെക്കൻതിരുവിതാംകൂറിലെ നാലു താലൂക്കുകളിലെ സ്ത്രീകൾക്കു് രാത്രികാലങ്ങളിൽ വീട്ടിൽ കിടന്നുറങ്ങാൻ നിവൃത്തിയില്ലാത്ത ഒരു ഭീകരാവസ്ഥയായിരുന്നു അന്നുണ്ടായിരുന്നതു്. ആ നാട്ടിലെ പാവപ്പെട്ട ആളുകൾ റഫ്യൂജികളെപ്പോലെ, അഗതികളെ

പ്പോലെ, പോലീസുമർദ്ദനവും, അഭിമാനഭയവും ഓർത്തു കാടും മേടും കടന്ന് അയൽരാജ്യത്തേക്ക് വീടുവിട്ടു പോകുകയായിരുന്നു. ആരുവാമൊഴിവഴി പോകാൻ അവർക്ക് പ്രയാസം നേരിട്ടിരുന്നു. അവിടെ ഒരു പോലീസ്സ്റ്റേഷൻ ഉണ്ട്. അങ്ങനെ നേർവഴിവിട്ട്, കാട്ടുവഴികൾ മാത്രം നാടുവിട്ടുപോയ മൂവായിരം കുടുംബങ്ങളിലെ ആളുകൾ ഒളിവിലായിരുന്നു. സർ, സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും രാത്രികാലങ്ങളിൽ അനുഭവിക്കേണ്ടിവന്ന ദുരിതങ്ങൾ പറഞ്ഞാലൊടുങ്ങുകയില്ല. രാത്രിയിൽ ഏതു സമയത്തും പോലീസുകാർ കതകു ചവിട്ടി തുറന്നു സ്ത്രീകളെ മാനഭംഗപ്പെടുത്താനും കൊള്ളയടിക്കാനും തയ്യാറായി ചുററി നടന്നു. പല സ്ത്രീകളെയും മാനഭംഗപ്പെടുത്തി. അതെ ഭയന്ന് സ്ത്രീകളും കുഞ്ഞുങ്ങളും രാത്രികാലങ്ങളിൽ വയൽകരകളിലും തെങ്ങിൻതോപ്പിലും മരച്ചീനിക്കൃഷിക്കിടയിലുമാണ് ഏതാനുംമാസം ഉറങ്ങിയിരുന്നത്.

ഇതുകൂടാതെ, 'കണ്ടാലറിയാവുന്നവരെ'കൂടി കേസിൽ ഉൾപ്പെടുത്താൻ ഒരു സൗകര്യം പോലീസുകാർക്കു നൽകിയിരുന്നു. ധനസ്ഥിതിയും കരം തീരുവയും നോക്കി കണ്ടാലറിയാവുന്നവരെ പോലീസുകാർ ലിസ്റ്റിൽ പെടുത്താൻ തുടങ്ങി. കേസിൽ നിന്നും വിടുതൽ ചെയ്യുന്നതിന് ഇരുന്നൂറും, മുന്നൂറും, ആയിരവും, രണ്ടായിരവും ചോദിക്കും. ഏതോടുകൂടി ലാക്കപ്പിൽ കിടന്ന ഒരാൾ; പാവപ്പെട്ട ഒരാൾ പറയുകയുണ്ടായി, എരുമവിററ മുന്നൂറുരൂപ സർക്കിൾ ഇൻസ്പെക്ടർ ശ്രീ. ഗണപതി അയ്യക്ക് കൊടുത്തുവെന്ന്. ഇങ്ങനെ 2000 രൂപവരെ കൊടുത്ത കേസ് എനിക്കറിയാം. ലക്ഷക്കണക്കിനുള്ള രൂപ പോലീസുകാർ പിരിച്ചെടുത്തു.

ശ്രീ. കെ. സി. ജോർജ്ജ്: അങ്ങനെ കൊടുത്തിട്ടുള്ള രൂപ ഇപ്പോഴത്തെ ഗവണ്മെൻറിനെക്കൊണ്ട് മടക്കിക്കൊടുപ്പിക്കരുതോ?

Shri A. R. Menon: On a point of order. Sir, does the privilege of this House enable us to make charges of corruption and bribery? Does this kind of reference extend to the limit that we can frame charges of corruption and blame a person by name? I want a ruling on that. I will make myself clear. Is this House competent to frame charges of corruption against a person who is named?

Mr. Speaker: If there is sufficient proof, charges can be framed.

Shri A. R. Menon: Sir, I ask, is this a judicial tribunal or a Legislative Assembly. Charges are being framed against people and we are not in a position to decide because the relevant papers are not before the House. We have to depend upon statements made here. I am asking again whether this is a judicial tribunal or a Legislative Assembly, because I heard the name of the person charged against.

മി. സ്പീക്കർ: ഈ സഭയിലെ ബഹുമാനപ്പെട്ട മെംബർമാർ പറപ്പെടുവിക്കുന്ന സ്റ്റേറ്റുമെൻറുകളുടെ പൂർണ്ണഉത്തരവാദിത്വം അവരവർക്കു തന്നെ ആയിരിക്കും. അങ്ങനെ ഉത്തരവാദിത്വത്തോടുകൂടി കൊണ്ടുവരപ്പെടുന്ന ചാർജ്ജുകൾ ഈ സഭയുടെ അവഗാഹമായ പരിഗണനയ്ക്കു വിഷയമാകേണ്ടതാണ്.

ശ്രീ. എ. കുഞ്ഞൻ നാടാർ : സർ, ഞാൻ പറഞ്ഞതിനെല്ലാം തെളിവുകൊടുക്കാൻ തയാറാണ്. ഇനി കേസുകൾ പിൻവലിക്കുന്നതിനെ സംബന്ധിച്ച മുൻഗവണ്മെൻറ് എടുത്തിട്ടുള്ള നയം എന്താണെന്നും ഈ സഭയെ അറിയിക്കാൻ ഞാനാഗ്രഹിക്കുന്നു. ശ്രീ. പട്ടം ഇതെസംബന്ധിച്ച് ഇപ്പോൾ ഒരു കുരിശുയുദ്ധത്തിനിറങ്ങിയ രിക്കയാണ്. ഈ കേസു പിൻവലിക്കുന്നതിന് പി. എസ്. പി. ഗവണ്മെൻറ് ഭഗീരഥപ്രയത്നം തന്നെ നടത്തുകയുണ്ടായി. എങ്ങനെയെങ്കിലും ഗവണ്മെൻറ് കാണിച്ച ക്രൂരതകൾ തേച്ചുമാച്ചു കളയുന്നതിനു ശ്രമിച്ചെങ്കിലും ജനങ്ങളുടെ നിർബന്ധപൂർവ്വമായ സംഘടിതാഭിപ്രായംനിമിത്തം നിവൃത്തിയില്ലാതെ ഒരു എൻക്വയറി നടത്താമെന്നായി. എൻക്വയറി നടത്താൻ ആദ്യം ചുമതലപ്പെടുത്തിയതു് ഡിസ്ട്രിക്ട് കളക്ടരെയായിരുന്നു. വെടിവയ്പിനും, ഈ മർദ്ദനങ്ങൾക്കും നേരിട്ടു ഉത്തരവാദിത്വം വഹിച്ച ഡിസ്ട്രിക്ടറെ കളക്ടരെക്കൊണ്ടു തങ്ങൾക്കു ഇഷ്ടാനുസരണം ഒരു എൻക്വയറി നടത്തി ഇതു ഇല്ലാതാക്കാമെന്നായിരുന്നു വിചാരം. അതൊരു ജുഡീഷ്യൽ എൻക്വയറിയാണെന്നു പെരുമ്പറയടിച്ചു. അതിലും ജനങ്ങൾ സംതൃപ്തരായില്ല ഒടുവിൽ ഒരു ജുഡീഷ്യൽ എൻക്വയറി ആകാമെന്നു നിശ്ചയിക്കുകയും, ഒരു ഹൈക്കോടതി ജഡ്ജിയെ നിയമിക്കുകയും ചെയ്തു. അങ്ങനെ നടന്ന എൻക്വയറിയും തമിഴനാട്ടു ജനതയുടെ അഭിലാഷത്തിനും താൽപ്പര്യത്തിനും എതിരായിരുന്നു. അവരുടെ പരാതി ഇനിയും അവശേഷിക്കുകയാണ്. എൻക്വയറി കമ്മീഷനെ നിയമിച്ചപ്പോൾ ഗവണ്മെൻറ് രാജിആലോചനയുമായി മുമ്പോട്ടുവന്നു. പോലീസുചെയ്ത കൃത്യത്തെ നീതീകരിച്ചും, തമിഴനാട്ടിലെ അസ്വസ്ഥതകൾ നീങ്ങിയിരിക്കുന്നുവെന്നും മററും കാണിച്ചു ഒരു ഫാർമുലാ തയാറാക്കി അതു ഒപ്പിട്ടുകൊടുത്താൽ എല്ലാം ശരിയാക്കാമെന്നും പറഞ്ഞു് ശ്രീ. പി. കെ. കുഞ്ഞു ശ്രീ. നേശമണിയെ സമീപിച്ചു. ആ ഫാർമൂലാ എൻെറ കൈവശമുണ്ടു്. ശ്രീ. പി. കെ കുഞ്ഞിൻെറ കയ്യിലും കാണും.

"We regret the incident that happened on the 11th. The situation came out of our control and so the Police had to resort to firing....."

ഇതായിരുന്നു അതിലെ താൽപ്പര്യം. അതുകഴിഞ്ഞു് സുപ്രീംകോടതിയിൽ പോകാൻ തീരുമാനിച്ചപ്പോൾ വീണ്ടും രാജിആലോചനയാരംഭിച്ചു. അതിലും ലഘുവായ ഒരു ഫാർമുലയുമായി ഗവണ്മെൻറ് മുമ്പോട്ടു വന്നു. ശ്രീ. പി കെ. കുഞ്ഞു വരുന്നവഴി എറണാകുളത്തുനിന്നു് ഫോൺ വിളിച്ചു ശ്രീ. നേശമണിയെ വിളിച്ചു, സുപ്രീംകോടതിയിൽ അപേക്ഷകൊടുക്കരുതേ, കാര്യമെല്ലാം ഒരു ഒത്തുതീർപ്പിൽ വരുത്താം, ഉടൻ കനകക്കുന്നു കൊട്ടാരത്തിൽ വരണം എന്നറിയിച്ചു. കനകക്കുന്നിൽ വച്ചു് അർദ്ധരാത്രി ആലോചന നടത്തി. പക്ഷെ വശീകരണങ്ങൾക്കൊന്നും ഞങ്ങൾ വഴിപ്പെട്ടില്ല. സുപ്രീംകോടതിയിലേക്കു കൊടുക്കാനുള്ള പെററിഷൻ തയാറാക്കി, ഈ സഭയിലെ ഒരു മെംബറായ ശ്രീ. സൈമൻെറ പ്രസ്സിൽ പ്രിൻറുചെയ്തിച്ചു. അന്നു രാത്രിതന്നെ പോലീസു അവിടെ കടന്നു അതിൻെറ കാപ്പികളെല്ലാം കൈവശപ്പെടുത്തുകയും, പിറെറദിവസം ശ്രീ. സൈമനെ അറസ്ററുചെയ്യുകയും ചെയ്തു. നാഗർകോവിൽ മുനിസിപ്പൽ ചെയർമാനായ ശ്രീ. അനന്തരാമൻെറ അദ്ധ്യക്ഷതയിൽ മുനിസിപ്പൽ കൗൺസിലിൻെറ ഒരു യോഗത്തിൽ തമിഴനാട്ടുസമരത്തെ അനുകൂ

ലിച്ചും പോലീസുമർദ്ദനത്തെ പ്രതിഷേധിച്ചും തീരുമാനമെടുത്തതിന്ന് ശ്രീ. അനന്തരാമനെ അറസ്റ്റുചെയ്തു.

സുപ്രീംകോടതി എന്നു കേട്ടപ്പോൾ സ്വൽപ്പം ഒരു ഭയം ആരംഭിച്ചു. അപ്പോൾ അവിടെ കൊടുക്കരുത്, അതൊക്കെ ശരിപ്പെടുത്തിക്കൊള്ളാം എന്നു പറഞ്ഞുതുടങ്ങി. പെററീഷൻ ഒപ്പിടീക്കാൻ കുഴിത്തുറ മജിസ്ട്രേട്ട് കോടതിയിൽ അനുവാദം വാങ്ങുവാൻ പോയിട്ട് മൂന്ന് ദിവസം റിക്കാർഡുകൾ അവിടെ സൂക്ഷിച്ചു.

Shri P. K. Kunju : Sir, a word of personal explanation. I deny that statement.

Shri A. Kunjan Nadar : I do not yield.

എന്തിനാണ് രാത്രിയിൽ വിളിക്കുന്നത്? വല്ല മോഷണത്തിനോ മറേറാ ആണോ? ശ്രീ. കുഞ്ഞു നിഷേധിക്കുന്നു. സർ, കൈരളി പത്രാധിപർ ശ്രീ. കെ. സുകുമാരൻ ഇതിനെല്ലാം സാക്ഷിയാണ്. അപ്പോഴേയ്ക്കും കാൺഗ്രസ്സ് പിൻതുണ അങ്ങു പിൻവലിച്ചു. അപ്പോൾ ചോദിച്ചു കേസുകൾ നിരുപാധികം പിൻവലിക്കാം, നിങ്ങൾ ഒന്ന് സപ്പോർട്ട് ചെയ്യുമോ എന്ന്. പി. എസ്. പി. മന്ത്രിസഭയെ പിൻതാങ്ങണമെന്ന്. അതു് എന്റെ കഴുത്തുപോയാലും സാദ്ധ്യമല്ല എന്ന് ശ്രീമാൻ നേശമണി പറഞ്ഞിട്ടിറങ്ങിപ്പോയി. ഈ സംരംഭങ്ങളെപ്പററിയെല്ലാം അപ്പോഴപ്പോൾ കുഴിത്തുറ ലാക്കപ്പിൽ എന്നെ അറിയിക്കുകയുണ്ടായി. ഞങ്ങൾ ഇവിടെ കിടക്കുന്നവർ മുഴുവൻ ഇവിടെ കിടന്ന് മരിക്കുന്നതായാലും ശരി അക്രമത്തിനും അനീതിക്കും തലകുനിഞ്ഞു് രാജി സ്വീകരിക്കരുതെന്നു മറുപടിയും അറിയിച്ചിട്ടുണ്ട്. അതിനുശേഷം മന്ത്രിസഭ താഴെ വീണു. അവിശ്വാസപ്രമേയം ചർച്ചക്കെടുത്ത ദിവസം കാലുമ്പ്രതിപക്ഷനേതാവായ ശ്രീമാൻ ടി. വി. തോമസ് എന്നോടു പറയുകയുണ്ടായി, കേസുകൾ എല്ലാം പിൻവലിക്കാൻ തീരുമാനിച്ചിരിക്കുകയാണെന്ന്. അദ്ദേഹം ഇവിടെയുണ്ട് അതിനു സാക്ഷിയാണ്. ശ്രീമാൻ പട്ടംതാണുപിള്ളയുടെ പ്രസംഗത്തിൽ ആ വിവരം പറയുന്നതാണ് എന്നും ശ്രീ. ടി. വി. പറയുകയുണ്ടായി. പക്ഷെ ഒടുവിൽ കൊണ്ടുവന്ന ഒരു പററിപ്പ്. പട്ടത്തിന്റെ പ്രസംഗത്തിൽ അദ്ദേഹം ഒന്നും പറഞ്ഞില്ല. അപ്പോൾ മി. നടരാജപിള്ള ഒരു ചിറ്റ് എഴുതിക്കൊടുത്തു കേസ് പിൻവലിക്കുന്ന കാര്യത്തെപ്പററി പറയണമെന്ന്. ശ്രീ. വയലാ ഇടിക്കുള ഒരു ചോദ്യം ചോദിച്ചു. ശ്രീ. കെ. സി. ജഡ്ജ് തുടരെ തുടരെ ചോദ്യം ചോദിച്ചു.

Shri P. S. Nataraja Pillai: Sir, a word of personal explanation. Under the Rules I am entitled to do it. When the hon. Member makes personal references about me, I request him to do so with responsibility and subject himself to an enquiry by a Committee for which I will move in this House.

ശ്രീ. എ. കുഞ്ഞൻനാടാർ : ഞാൻ പറഞ്ഞതു് തെററാണെന്ന് അദ്ദേഹം പറഞ്ഞാൽ അതു് സ്വീകരിക്കാൻ ഞാൻ തയ്യാറാണ്. അതു് സമ്മതിക്കുന്നു.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : കൊള്ളാവുന്ന ആളുകളെപ്പററി എന്തെങ്കിലും പറഞ്ഞിട്ട് അതു് പിൻവലിക്കുന്നതു് ശരിയാണോ?

മി. സ്പീക്കർ : മി. നാടാരും അതു സമ്മതിക്കുകയാണ്.

ശ്രീ. എ. കുഞ്ഞൻനാടാർ : ഇവിടെവച്ച് അതു് സമ്മതിക്കാം. വെളിയിൽവച്ച് അതു് സ്വീകരിക്കാൻ തയ്യാറില്ല.

ശ്രീ. മഞ്ജുനാഥപ്രഭു : സർ, ഒരു പോയിൻറ് ആഫ് ആർഡർ. ഈ സഭയിലെ പ്രൊസീഡിംഗ്സ് എല്ലാം അച്ചടിച്ച് മെമ്പറന്മാർക്കു നൽകുമ്പോൾ ഇന്നത്തെ പ്രൊസീഡിംഗ്സ് മുഴുവനും ശരിയായി അതിൽ ഉണ്ടായിരിക്കുമോ, എന്നുള്ളതിനെക്കുറിച്ച് ഒരു റൂളിംഗ് ഇപ്പോൾ തന്നെ കിട്ടേണ്ടതാണ്. ഈ മെംബറന്മാരുടെ പ്രസംഗം ഇവിടത്തെ അസംബ്ലി പ്രൊസീഡിംഗ്സിൽ അച്ചടിച്ച് ഞങ്ങൾക്ക് തരുമ്പോൾ ഇപ്പോൾ ഈ പ്രസ്താവിച്ച വിവരങ്ങൾ ഇല്ലാതെ വരുമോ എന്നുള്ളതു് സംശയമുള്ളതുകൊണ്ട് അതിനെക്കുറിച്ച് ഒരു റൂളിംഗ് വേണം.

മി. സ്പീക്കർ : കഴിഞ്ഞ വർഷത്തെ ഭരണത്തെപ്പററിയും ഭാവി കാര്യങ്ങളെപ്പററിയും ഉള്ള ഒരു പൊതുചർച്ചയാണ് ഇവിടെ നടക്കുന്നതു്. അതു് മുഴുവനും പ്രൊസീഡിംഗ്സിൽ വരികയും ചെയ്യും.

ശ്രീ. എ. കുഞ്ഞൻനാടാർ : എനിക്കു പൊതുവിൽ പറയുവാനുള്ളതു്.....

ശ്രീ. പി. വി. അവിരാത്തരകൻ : സർ, ഒരു പോയിൻറ് ആഫ് ഇൻഫർമേഷൻ: ശ്രീ. നടരാജപിള്ളയെപ്പററി ഇപ്പോൾ പറഞ്ഞിട്ടുള്ള ഭാഗം അദ്ദേഹം പിൻവലിക്കുകയാണോ അല്ലയോ എന്നു് അറിയേണ്ടതാണ്.

ശ്രീ. എ. കുഞ്ഞൻനാടാർ : എങ്ങിനെ വേണമെങ്കിലും വിചാരിച്ചുകൊള്ളുക.

Shri K. Balakrishnan : We want to know whether the hon. member sticks on to the allegation. It is a serious allegation. Is the hon. member withdrawing it or not.

ശ്രീ. എ. കുഞ്ഞൻനാടാർ : ശ്രീ. നടരാജപിള്ള പറഞ്ഞതു സ്വീകരിക്കാൻ ഞാൻ തയ്യാറാണ്. പിൻവലിക്കുന്ന പ്രശ്നമേ ഉദിക്കുന്നില്ല. അദ്ദേഹത്തിൻെറ പാർട്ടിയിൽപ്പെട്ടിരുന്ന ആളായ ശ്രീമാൻ ഇടിക്കുളയും ആ കേസ് നിങ്ങൾ പിൻവലിക്കരുതേ എന്നു് ആവർത്തിച്ചാവർത്തിച്ചു ചോദിച്ചു. എന്നാൽ ഒടുവിൽ പറഞ്ഞതു് നമുക്ക് ഒക്കെക്കൂടി ആലോചിച്ച് തീരുമാനം ചെയ്യാമെന്നാണ്. ഇതെല്ലാം ഞാൻ പറയുന്നതു് പി. എസ്. പി. ഗവണ്മെൻറ കേസുകൾ പിൻവലിക്കാൻ തീരുമാനം ചെയ്തുവെന്നുള്ളതു തെളിയിക്കാനാണ്. അങ്ങിനെയിരിക്കുമ്പോഴാണ് അധികാരത്തിൽനിന്നും ഇളകിയതു്. ആഫ്ററർ മീ ദി ഡെല്യൂജ് (After me the deluge), എന്നതുപോലെ ഇപ്പോൾ രാജപ്രമുഖനെപിടിക്കട്ടോ തമിഴനാട്ടുകാരെ പിടിക്കട്ടോ എന്താണ് ചെയ്യേണ്ടതെന്നു് അദ്ദേഹം പർജ്ജിക്കുകയാണ്. ബഹളം കൂട്ടുകയാണ്. ഈ വയസുകാലത്തു ഇതുമാതിരി പ്രവർത്തനങ്ങളിൽനിന്നു് വിരമിക്കണമെന്നു് വിനയപൂർവ്വം ഞാൻ അദ്ദേഹത്തോടു് അപേക്ഷിക്കുകയാണ്.

സർ, അദ്ദേഹം ഇവിടത്തെ ഒരു ദേശീയനേതാവാണ്. അദ്ദേഹം ഇങ്ങനെ ജാതിയുടെപേരിൽ കുറെ ആളുകളെ ഇളക്കിവിട്ട് ഒരു ക്രൂസേഡ് നടത്താൻ ശ്രമിക്കുന്നു എന്നുള്ളതു് വളരെ വിഷമത്തോടുകൂടി ഞാൻ പറയുകയാണ്. അദ്ദേഹത്തിനിത്ര തമിഴ് വിരോധം എന്തിനായിട്ടെന്നു മനസ്സിലാകുന്നില്ല. അദ്ദേഹത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ അദ്ദേഹംതന്നെ ഒരു തമിഴനാണെന്ന് ഞാൻ ഈ സഭയിൽ പറയുന്നു. അദ്ദേഹം അതു നിഷേധിക്കുവാൻ തയ്യാറുണ്ടോ എന്നു ഞാൻ ചോദിക്കുകയാണ്. ശ്രീ. പട്ടവും ഞങ്ങളും തമ്മിലുള്ള വഴക്ക് തമിഴ് മലയാളി വഴക്കല്ല. തമിഴനും തമിഴനുമായുള്ള വഴക്കാണ്. അതുകൊണ്ട് ഈ മലയാളി, തമിഴ് വഴക്കുകൾ ഇനിയും ഉണ്ടാക്കിവയ്ക്കരുതു് എന്നു ഞാൻ അദ്ദേഹത്തോടപേക്ഷിക്കുന്നു. രാഷ്ട്രീയമായ അഭിപ്രായവ്യത്യാസങ്ങൾ നമുക്ക് ഉണ്ട്. പക്ഷേ..... (വെള്ളംകുടിക്കുന്നു.)

ശ്രീ. ആർ. സുഗതൻ : മി. കുഞ്ഞൻനാടാക്ക് കൊണ്ടുവന്നതു് വെള്ളമാണോ മറവ വല്ലതുമാണോ എന്നറിഞ്ഞതാൽ കൊള്ളാം. (ചിരി)

ശ്രീ. പ്രാക്കുളം ഭാസി : സർ, ഒരു പോയിൻറ് ആഫ് ആർഡർ. ഈ സഭയിൽ ഇങ്ങനെ വെള്ളം കുടിക്കുകയോ മറവവല്ലതും കഴിക്കുകയോ ആകാമോ?

മി. സ്പീക്കർ : അതു് ചെയറിൻെറ അനുവാദത്തോടുകൂടിയാണ്.

ശ്രീ. എ. കുഞ്ഞൻ നാടാർ : ഈ കേസുകൾ പിൻവലിച്ചാലും ശരി, പിൻവലിച്ചില്ലെങ്കിലും ശരി, ഞങ്ങൾക്ക് പരിഭ്രമം ഒന്നും ഇല്ല. അതിന് ഞങ്ങൾ ആവശ്യപ്പെട്ടിട്ടും ഇല്ല; ആവശ്യപ്പെടുകയും ഇല്ല; എന്ന് ഈ സഭയ്ക്ക് ഉറപ്പ് പറയുകയാണ്. ഈ നാട്ടിലെ കീഴിമതി ചെയ്ത ഉദ്യോഗസ്ഥന്മാരുടെ മേൽ, അവിടത്തെ ജനങ്ങളുടെ അഭിമാനത്തെ രക്ഷിക്കണമെങ്കിൽ എന്തു നടപടി സ്വീകരിക്കണമെന്ന് ഈ ഗവർണ്മെൻറ് തീരുമാനിക്കേണ്ടതാണ്.

ഈ സഭയിലെ അംഗങ്ങളിൽ ഒൻപതുപേർ കസ്റ്റടിയിലായിരുന്നു. അവക്ക് ഇവിടത്തെ ഹൈക്കോടതി ജാമ്യം അനുവദിച്ചില്ല. അതിന് ബാംഗ്ളൂർ ഹൈക്കോടതിയിൽ പോയി. അവക്ക് ജാമ്യം അനുവദിച്ചു. ഇന്ന് ഇൻഡ്യയിലെ ഒന്നാംകിട ജഡ്ജിമാരിൽ ഒരാളാണ് അവിടത്തെ ജഡ്ജി. അദ്ദേഹം വാദിഭാഗം കേൾക്കാതെതന്നെ തല്ക്കാലജാമ്യം അനുവദിച്ചു. എത്ര നിസ്സാരമാണ് ഈ കേസുകൾ എന്നു നോക്കുക. ഈ കേസ്സിൻെറ പേരിൽ ഇവിടത്തെ പാവപ്പെട്ട ജനങ്ങളുടെ അനവധി പണം ചിലവുചെയ്തിട്ടുണ്ട്. ലക്ഷക്കണക്കിനു ചിലവഴിച്ചു. തിരുവിതാംകൂറിൽ സ്റ്റേറ്റിൻെറവക ബിൽഡിംഗുകൾ ധാരാളമുണ്ട്. ഈ സ്റ്റേറ്റിലെപ്പോലെ ഇത്രയും ഗവണ്മെൻറവക കെട്ടിടങ്ങൾ ഇൻഡ്യയിൽ എവിടെയും ഇല്ല. രാജ്യത്തിൻെറ മൂലയിലും മുടുക്കിലും പബ്ലിക് ബിൽഡിംഗുകൾ ഉണ്ട്. ഒരു സ്പെഷ്യൽ കോടതി വേണം എന്നുണ്ടെങ്കിൽ അവിടെതന്നെ ഗവണ്മെൻറ കെട്ടിടങ്ങൾ ഉണ്ട്. ടി. ബി. യുണ്ട്. പത്മനാഭപുരം കൊട്ടാരമുണ്ട്. വാടകയ്ക്കുതന്നെ ഒന്നാംതരം കെട്ടിടങ്ങൾ ഉണ്ട്. ഇരുപത്തി ഏഴായിരം രൂപ ചെലവുചെയ്ത് പത്തു ദിവസം

[ശ്രീ. എ. കുഞ്ഞൻ നാടാർ]

കൊണ്ടു് ടെൻഡർപോലും വിളിക്കാതെ അവിടത്തെ മർദ്ദനത്തിനു് സഹായിച്ച ഒരു സി. ഐ. ഡി. ഇൻസ്പെക്ടറുടെ ഭാര്യയുടെ അച്ഛനു് കാൺട്രാക്ടറെ കൊടുത്തു് ഒരു കെട്ടിടം ഉണ്ടാക്കി. അദ്ദേഹം മുഖ്യമന്ത്രി പട്ടത്തിന്റെ ഒരു ബന്ധുവാണു്.

സർ, ഈ അടുത്തകാലത്തു് മന്ത്രിമാരായ ശ്രീ. എ. ജെ. ജാണം, ശ്രീമാൻ റഹീമും ആ കെട്ടിടം വന്നു കാണുന്നതിനു് ഇടയായി. അവർ ഒന്നും ചെയ്തില്ലെങ്കിൽ തന്നെയും അത്രയും അവിടെവന്നു കണ്ടതിൽ വളരെ സന്തോഷമുണ്ടു്. ഇന്നു് ആ കെട്ടിടം നമ്മുടെ നാട്ടിൽ ചെയ്തു തീർക്കുന്നതിനു് അയ്യായിരമോ ആറായിരമോ രൂപ ചെലവാകും. നിശ്ചയമായും അവിടത്തെ എക്സിക്യൂട്ടീവു് ഇൻജിനിയറോ ചീഫ് ഇൻജിനിയറോ അവിടെപ്പോയി ടെൻഡർ വിളിച്ചുകൊടുത്തിരുന്നെങ്കിൽ ഇത്രയും രൂപ അതിലേക്കു് ചിലവാകുമായിരുന്നില്ലായിരുന്നു. ഈ മാതിരി കാര്യങ്ങൾ മൂടിവച്ചുകൊണ്ടു് കാൺഗ്രസ് ഗവണ്മെന്റു് മുന്നോട്ടുപോകാൻ ഉദ്ദേശിക്കുന്നതു് ശരിയല്ല. അതിനെ കോടതി കെട്ടി. ഇനിയും ലക്ഷക്കണക്കിനു് രൂപ ചെലവാക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഈ കേസ്സിൽ ആയിരത്തോളം സാക്ഷികൾ ഉണ്ടു്. ആയിരത്തിൽ ചിലപാനം പ്രതികളുമുണ്ടു് ഇവരെയെല്ലാം ഈ ഗവണ്മെന്റിന്റെ ചെലവിൽ ബാംഗ്ളൂർ കോടതിയിൽ കൊണ്ടുപോകണം. ഒരു പൈസപോലും മൈസൂർസ്റ്റേറ്റു ചെലവാക്കുകയില്ല. ഇതിനും ലക്ഷക്കണക്കിനു രൂപ ചിലവഴിക്കണം. ഇതു് ഈ സഭയ്ക്കു സമ്മതമാണെങ്കിൽ ഈ കേസ്സു് നടത്തുകതന്നെവേണം. സർ, എനിക്കു വളരെ അധികം സംഗതികൾ പറയാനുണ്ടു്. പക്ഷെ സമയച്ചുരുക്കത്താൽ പറയുന്നില്ല. ഞാൻ ഈ ബഡ്ജറ്റിനെ മനപൂർവ്വമായി പിൻതാങ്ങിക്കൊണ്ടു് അവസാനിപ്പിക്കുന്നു.

ശ്രീ. ടി. വി. തോമസ് : ഈ സഭയുടെ അനുവാദമുണ്ടെങ്കിൽ കേസുനടത്താം എന്നു പറഞ്ഞു. അപ്പോൾ ഞങ്ങളുടെ അനുവാദപ്രകാരം ഈ കേസു നടത്തണമെന്നോ പിൻവലിക്കണമെന്നോ മെംബറുടെ അഭിപ്രായം.

ശ്രീ. എ. കുഞ്ഞൻനാടർ : വ്യക്തിപരമായി പറയുന്നപക്ഷം കേസ്സു് നടത്തിക്കണ്ടാൽ കൊള്ളാം. ഇതിൽ കൂടുതലായി ഒന്നും പറയാനില്ല. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയെ ഒന്നുകൂടി അനുമോദിച്ചുകൊണ്ടു്.....

ശ്രീ. പി. കെ. കുഞ്ഞു് : എന്നെ സ്പർശിച്ചു ചില പ്രസ്താവനകൾ ഇവിടെ ചെയ്തു. അതു മുഴുവൻ ഞാൻ നിഷേധിച്ചിട്ടുമുണ്ടു്. അതു മുഴുവൻ ഇന്നത്തെ പ്രൊസീഡിംഗ്സിൽ വന്നാൽ കൊള്ളാം.

മി. സ്പീക്കർ : അതെല്ലാം പ്രൊസീഡിംഗ്സിൽ കാണും.

Shri P. S. Nataraja Pillai: Sir, before proceeding with the duty I have to perform to-day, let me first of all thank my friend Mr. Kunjan Nadar for the courtesy and good taste he had to characterise me as a devil coming from Perurkada.

Shri A. Kunjan Nadar: I did not.

Shri P. S. Nataraja Pillai: I heard so. At any rate good taste and good manners spring from traditional culture and breeding. I congratulate him on the characteristics he exhibited here.

Sir, another remark also I am forced to make. This House has absolute liberty or freedom of speech. It is not limited except by the good sense of the members themselves. Can this House make wild defamatory allegations against persons who are not here to answer them? Is it not against the first principles of natural justice? Very often members forget their responsibility and indulge in them. We had an example of that to-day from the member who spoke before me. What is the remedy? It is for this House to think about it and find a way out. We have absolute freedom or privilege. Are we exercising that privilege if we make unwarranted and wild allegations, against persons who are not in this House to reply to them? The Judiciary has no right to call a member to order for his statements made on the floor of this House. That privilege exists by law. This privilege exists, because it is assumed that it will not be abused and will be preserved and protected by the good sense of the members here and by the high authority of the Speaker and by the rules of the House itself. If this House allows flagrant breaches of parliamentary etigaette, are we doing justice to the people of the country? This is a matter that has to be seriously thought of, and I earnestly plead before you Sir, and the Leader of the House and the Leader of the Opposition, to take this matter into consideration and decide how the accepted principles of parliamentary debate can be enforced here. There is a possible course, which is to constitute a committee of the House to go into the defamatory allegations made by any hon. Member of this House against individuals who are not in the House and ask him to prove it. If he fails to do so the House should take disciplinary action against him to preserve its prestige and dignity. I think it is a code of procedure that this House to adopt. I leave it, Sir, for your kind consideration and the consideration of the Leader of the House and the Leader of the Opposition.

Sir, when I went through the budget speech and the budget, one or two distinctive features struck me. One apparent point of distinction which attracted my attention and which was referred to several times during the discussions in this House, is that this is a budget with the largest deficit so far budgeted for this State. No budget that this State has so far presented showed such a huge deficit. That is one aspect which attracted my attention—we are budgeting a revenue deficit of Rs. 437·76 lakhs for next year. It is not exactly a justification, though it was an argument that was adopted in the speech, that during the last 4 years this State was able to accumulate a surplus of Rs. 7 crores and more and so a budget for a deficit of 4 crores in one year is not a matter for serious anxiety. Sir, the accumulated surplus grew out of four years' transactions and if we take an average, it is 1·75 crores per year. But now in one year, we are budgeting for a deficit of Rs. 4·75 crores.

[Shri P. S. Nataraja Pillai]

Apart from that, another aspect which struck me was the deficit expected under capital expenditure that is being provided as apart from the expenditure under revenue. Under revenue expenditure we are facing a deficit of Rs. 4 crores and under capital expenditure another deficit of Rs. 621·55 lakhs. The Finance Minister was trying to draw the attention of this House to that fact on page 21 of his speech.

> "Over and above the revenue deficit of Rs. 437·76 lakhs, funds have also to be found for capital programmes amounting to Rs. 621·55 lakhs."

(4) For organising sales depots a grant of Rs. 29,450 has been so far sanctioned.

(5) Rs. 2,680 has been sanctioned as grant for publicity and propaganda.

Thus under the various items the State Government has sanctioned a sum of Rs. 7,62,069 so far.

APPENDIX IV.

[Please see answer to Question No. 93 (24)].

List of Handloom Co-operative Societies for which money has been lent and the amount paid.

Serial No.	Name of the Society.			Working capital.	Share capital.
				Rs.	Rs.
1	Balaramapuram Town Handloom Weavers' co-operative society Ltd.,	No.	3364	3,920	1,470
2	Vadakkavila	do.	3346	10,360	3,885
3	Paravoor	do.	3347	4,360	1,635
4	Puthen Theruvu	do.	3400	4,040	1,515
5	Olathanni	do.	3328	2,440	915
6	Thalayil	do.	3366	2,600	975
7	Poomangalam	do.	3383	1,920	720
8	Pazhayakadai	do.	3344	3,280	1,230
9	Gandhiji Smaraka (Chittoor)	do.	3409	4,760	1,785
10	Meenachel Taluk	do.	3376	3,040	1,140
11	Parur	do.	3428	3,920	1,470
12	Palliyadi National	do.	2900	2,720	1,020
13	Aluvila	do.	3365	2,760	1,035
14	Chirayinkil	do.	3404	4,120	1,545
15	Ayathil	do.	3345	5,000	1,935
16	Karingannoor	do.	3384	4,000	1,500
17	Puliyila	do.	3337	4,120	1,545
18	Vellarapilly	do.	3410	1,280	324
19	Kunnamkulam	do.	3389	1,840	686
20	Pallikkara	do.	3427	3,200	1,200
21	Mayyanad	do.	3356	6,080	2,280
22	Puthichal Plavila	do.	3417	2,880	1,080
23	Kattakada	do.	3411	3,920	1,470
24	Puthanambalam	do.	3442	4,000	1,500
25	Pattomdesasevini	do.	3426	2,480	930
26	Thittamelkonam	do.	3306	2,720	1,005
27	Venkulam	do.	3371	3,560	1,335
28	Paruthiyara Janatha	do.	3360	7,120	2,670
29	Irumbily	do.	2649	1,880	705
30	Varinjam	do.	3378	3,680	1,380
31	Mudapuram	do.	3425	3,800	1,425
32	Elankadai	do.	3330	7,120	2,670
33	Avanavancherry	do.	3462	2,880	1,080
34	Othara Kshemodhesa	do.	3381	2,040	765
35	Payattuvila	do.	3397	3,000	1,125
36	Vannanpottavila	do.	3130	2,840	1,065
37	The Attipra	do.	3334	3,840	1,440
38	Crangannor Pothujana	do.	3379	1,920	720
39	Balaramapuram village	do.	3402	2,640	990
40	Vattiyoorkavu	do.	3399	1,840	690
41	Balaramapuram	do.	3396	2,000	750

APPENDIX IV.—(*contd.*)

Serial No.	Name of the Society.			Working capital.	Share capital.
				Rs.	Rs.
42	Thiruvella Handloom Weavers' co-operative Society Ltd., No.		3367	3,000	1,125
43	Kaduthuruthi Yogakshema	do.	3463	4,400	1,650
44	Anthicad	do.	3458	2,480	930
45	Mangalathukonam	do	3375	4,000	1,500
46	Oroottambalam	do.	3437	3,280	1,230
47	Vadasery Pothujana	do.	3439	3,800	1,425
48	Chathanoor Thazham	do.	3455	7,800	2,925
49	Kuriapilly	do.	3476	3,200	1,200
50	Kamukincode	do.	3433	2,400	900
51	Manavalakurichi	do.	2863	1,360	510
52	Mylode National	do.	3452	4,040	1,515
53	Pulinkudi Chowara	do.	3415	3,880	1,445
54	Amaravila Nesavalar	do.	3388	1,920	720
55	Muthukulam Gramaseva	do.	3447	4,120	1,545
56	Narimammoodu	do.	3326	5,000	1,875
57	Pettah	do.	3321	2,040	765
58	Nellivila	do.	3419	3,000	1,125
59	Vadakkavila (Balaramapuram)	do.	3403	2,680	1,005
60	Kuttaninnathil	do.	3386	2,680	1,005
61	Kundara	do.	3382	4,040	1,515
62	Sambavarvadakarai	do.	3471	3,560	1,335
63	Poovachal	do.	3473	5,200	1,950
64	Peroor South	do.	3470	5,720	2,145
65	Kottiyam	do.	3350	6,040	2,265
66	Periya Rasinghanstreet	do.	3461	2,280	855
67	Maravanthuruthu	do.	3504	3,760	1,410
68	Kodengavila	do.	3339	3,040	1,140
69	Azhinchicode (Karingal)	do.	2735	3,520	1,320
70	Peroor North	do.	3467	4,320	1,620
	Total			2,44,280	94,555
	Grand Total			3,38,835	...

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

SECOND SESSION—1955.

Saturday, the 26th March 1955.

Vol. XIII] OFFICIAL REPORT [No. 6

The Assembly met in the Assembly Chamber at Eight of the Clock on Saturday, the 26th March 1955, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS

മുനിസിപ്പൽ സ്റ്റാവഞ്ചേഴ്സ്.

* 105. [1] ശ്രീ. ആർ. പ്രകാശം: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) മുനിസിപ്പൽ സ്വീപ്പേഴ്സിനും സ്റ്റാവഞ്ചേഴ്സിനും മിനിമംവേജസ് നൽകേണ്ടിവരുന്നതുമൂലമുള്ള അധികച്ചെലവു നികത്തുന്നതിന് ഗവണ്മെന്റ് മുനിസിപ്പാലിറ്റികൾക്ക് ഗ്രാന്റ് നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഗ്രാന്റ് കിട്ടാതെ വരികയാണെങ്കിൽ പ്രവർത്തനം തീരെ സ്തംഭിക്കുമെന്നു കാണിച്ച് മുനിസിപ്പൽ കൗൺസിലുകൾ നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടോ;

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) തൊഴിലാളികൾക്ക്, മിനിമംവേജസ് നൽകേണ്ടിവരുന്നതുമൂലം നേരിടുന്ന അധികച്ചെലവിനെ പരിഗണിച്ചു മുനിസിപ്പാലിറ്റികൾക്ക് ഗ്രാന്റ് കൂട്ടിക്കൊടുത്തിട്ടുണ്ട്.

(ബി) മുനിസിപ്പാലിറ്റികളിൽനിന്നും നിവേദനം കിട്ടിയിട്ടുണ്ട്. അതിനെയും പരിഗണിച്ചാണ് 1954–55-ലെ ഗ്രാന്റ് കൂട്ടിക്കൊടുത്തിട്ടുള്ളത്.

ശ്രീ. ആർ. പ്രകാശം : ഏതെല്ലാം മുനിസിപ്പാലിററികൾക്കാണ് ഇങ്ങനെ ഗ്രാൻറ കൂട്ടിയിട്ടുള്ളത്?

ശ്രീ. കെ. കൊച്ചുകുട്ടൻ : എല്ലാ മുനിസിപ്പാലിററികൾക്കും കാർപ്പറേഷനും.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : തുല്യജോലിക്ക തുല്യശമ്പളം എന്ന തത്വം മുനിസിപ്പാലിററികളിലെ ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചും പാലിക്കപ്പെടേണ്ടതല്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഏതാണ്ട് അങ്ങിനെതന്നെയാണ് പാലിച്ചുവരുന്നത്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ഗ്രാൻറ കൂട്ടിക്കൊടുത്തത് എന്നാണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഗ്രാൻറ കൂട്ടിക്കൊടുക്കാൻ ആർഡർ ആയിട്ടുള്ളത് 1954 മാർച്ച് 16-ാംതീയതിയാണ്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ആ ആർഡർ അനുസരിച്ച് എല്ലാ മുനിസിപ്പാലിററികളും തൊഴിലാളികൾക്ക മിനിമംവേജസ് കൊടുത്തിട്ടുള്ളതായി അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അറിയാം.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : തിരുവല്ലാ മുനിസിപ്പാലിററിയിൽ മിനിമംവേജസ് കൊടുത്തിട്ടില്ലെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെ അറിവില്ല.

ശ്രീ. എൻ. പരമേശ്വരൻ പിള്ള : ചങ്ങനാശ്ശേരി മുനിസിപ്പാലിററിയിലെ തൊഴിലാളികൾക്ക മിനിമംവേജസ് നൽകാത്തതുമൂലം അവർ ശമ്പളം വാങ്ങിയിട്ടില്ലെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ശമ്പളം വാങ്ങാത്തതായി അറിഞ്ഞുകൂടാ; എന്നാൽ മിനിമംവേജസ് മുനിസിപ്പാലിററി കൊടുത്തിട്ടില്ലെന്ന പരാതിപ്പെട്ടിട്ടുണ്ട്.

ശ്രീ. എൻ. പരമേശ്വരൻ പിള്ള : അതുകൊണ്ടു മററുള്ള ജോലിക്കാരും ശമ്പളം വാങ്ങിയിട്ടില്ലെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : മററു ജോലിക്കാർ ശമ്പളം വാങ്ങാത്തത് അറിവില്ല. മുനിസിപ്പാലിററിക്ക് ഗ്രാൻറ നൽകിയിട്ടുണ്ട്.

ആശുപത്രികളിൽ മരുന്നു ലഭിക്കുന്നില്ലെന്നുള്ള പരാതി.

* 106. [2] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശുപത്രികളിൽ മരുന്നു ലഭിക്കുന്നില്ലെന്നു കാണിച്ചുകൊണ്ട് 1954-55-ൽ ഗവണ്മെൻറിലേക്ക് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(ബി) അവയുടെ മേൽ എന്തു നടപടികൾ സ്വീകരിച്ചു?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഏതാനും പരാതികൾ ലഭിച്ചിട്ടുണ്ട്; എണ്ണം പറയാൻ നിവൃത്തിയില്ല.

(ബി) മരുന്നു വാങ്ങുന്നതിന് ബഡ്ജററിൽ കൂടുതൽ തുക കൊള്ളിച്ചിട്ടുണ്ട്. ആവശ്യമുള്ള മരുന്നുകൾ വരുത്തുന്നതിനും യഥാസമയങ്ങളിലും എത്തിച്ചുകൊടുക്കുന്നതിനും വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

ശ്രീ. എൻ. ജി. ചാക്കോ: ആശുപത്രികളിൽ മരുന്നില്ലാതെ വരുന്നതിനു കാരണം, ഗവണ്മെൻറിൽനിന്നും സപ്ലൈ ചെയ്യുന്ന മരുന്ന ഡാക്ടർമാർ പ്രൈവററ കച്ചവടക്കാർക്ക് കൊടുക്കുന്നതുകൊണ്ടാണെന്നു ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം: ഇല്ല.

ശ്രീ. കെ. സി. ജോർജ്ജ്: ബഡ്ജററിൽ മരുന്നിനു കൂടുതൽ തുക കൊള്ളിച്ചിട്ടുണ്ടെന്നുപറഞ്ഞു. അതു മരുന്നിനും ഇൻസ്ട്രുമെൻറ്സിനും കൂടിയല്ലേ?

ശ്രീ. എ. എ. റഹിം: രണ്ടിനുംകൂടിയുള്ള തുകയാണു കൊള്ളിച്ചിരിക്കുന്നത്. കഴിഞ്ഞ വർഷത്തെക്കാളും കൂടുതൽ തുക കൊള്ളിച്ചിട്ടുണ്ട്.

ശ്രീ. കെ. സി. ജോർജ്ജ്: മരുന്നിന് പ്രത്യേകം എത്ര തുകയാണു കൊള്ളിച്ചിരിക്കുന്നതെന്നു പറയാമോ?

ശ്രീ. എ. എ. റഹിം: കൂടുതൽ ഭാഗവും മരുന്നിനാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഡ്ജററ ക്ലാസിഫിക്കേഷനിൽ മെഡിസിൻസ് ആൻഡ് എക്വിപ്മെൻറ്സ് എന്ന് ഐററമാണ് ഒന്നായി കൊള്ളിച്ചിരിക്കുന്നത്. രണ്ടിനുംകൂടി കഴിഞ്ഞകൊല്ലത്തേക്കാൾ കൂടുതൽതുക കൊള്ളിച്ചിട്ടുണ്ട്. ഇനി മരുന്നിന് ക്ഷാമം ഉണ്ടാകയില്ലെന്നാണു കരുതുന്നത്.

ശ്രീ. പി. ആർ. മാധവൻപിള്ള: ചിററകൊടുത്തു ചികിത്സിക്കുന്ന പതിവു തുടരുകയില്ലെന്നു പ്രതീക്ഷിക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ ഉദ്ദേശത്തിലാണു കൂടുതൽ തുക കൊള്ളിച്ചിരിക്കുന്നത്.

ശ്രീ. പി. എസ്. നടരാജപിള്ള: ചില സ്പെഷ്യൽ മെഡിസിൻസിന് ചിലപ്പോൾ ചിററകൊടുക്കേണ്ടതായി വരികയില്ലേ?

ശ്രീ. എ. എ. റഹിം: ചിലപ്പോൾ അങ്ങനെ ചെയ്യേണ്ടിവരും.

ശ്രീ പ്രാക്കുളം ഭാസി: മെഡിക്കൽ ഡിപ്പാർട്ടുമെൻറിനു ആവശ്യമുള്ള മരുന്നുവാങ്ങാൻ പര്യാപ്തമാണ് ഈ തുകയെന്നാണോ പറയുന്നത്?

ശ്രീ. എ. എ. റഹിം: അതെ.

ശ്രീ. എം. വി. ചെറിയാൻ: പ്രത്യേക കമ്പോളത്തിലാണോ ആശുപത്രികളിൽ മരുന്നു വാങ്ങുന്നത്?

ശ്രീ. എ. എ. റഹിം: അല്ല, ആവശ്യം അനുസരിച്ചു താത്കാലത്തു സപ്ലൈചെയ്യും.

ശ്രീ. എം. വി. ചെറിയാൻ: ആവശ്യാനുസരണം, ഡാക്ടർമാർ ഇൻഡന്റ് അയച്ചാലും സമയത്തിനു മരുന്നു കിട്ടുന്നില്ലെന്നു പരാതി ഉണ്ടോ?

ശ്രീ. എ. എ. റഹിം: അങ്ങനെ പരാതിയുണ്ടായിട്ടുണ്ട്.

ശ്രീ. എം. വി. ചെറിയാൻ: പല ആശുപത്രികളിലും സമയത്തിന് മരുന്നെത്തിക്കാൻ ലോറികൾ കിട്ടുന്നില്ലെന്നുള്ള കാരണത്താൽ മരുന്നുകിട്ടാതെ പരാതിയുണ്ടായിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം: ഇപ്പോൾ അങ്ങനെ പരാതിയില്ല.

ആയുർവ്വേദമെഡിക്കൽകാളേജ് ആശുപത്രി.

* 107. [3] ശ്രീ. കെ. സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദമെഡിക്കൽ കാളേജ് ആശുപത്രിയിൽ രോഗികൾക്ക് ആവശ്യമുള്ള ചികിത്സാസൗകര്യങ്ങൾപോലും ഇല്ലെന്നുള്ള പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ന്, ആരിൽ നിന്ന്;

(സി) അതിന്മേൽ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) പരാതികൾ ഗവണ്മെൻറിനു ലഭിച്ചിട്ടില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. സി. ജോർജ്ജ്: പരാതി, ഗവണ്മെൻറിന് ലഭിച്ചിട്ടില്ല എന്നു പറഞ്ഞതു വല്ല പ്രത്യേകാർത്ഥത്തിലുമാണോ?

ശ്രീ. എ. എ. റഹിം: ഒഫീഷ്യലായി പരാതി കിട്ടിയിട്ടില്ല ആയുർവ്വേദ മെഡിക്കൽ കാളേജാശുപത്രിയിൽ ചില അസൗകര്യങ്ങൾ ഉണ്ടെന്നറിയാം.

ശ്രീ. കെ. സി. ജോർജ്ജ്: എന്തെല്ലാം അസൗകര്യങ്ങളാണെന്നു പറയാമോ?

ശ്രീ. എ. എ. റഹിം: അവിടെ 500 മുതൽ 1000 വരെ രോഗികൾ മരുന്നു വാങ്ങുന്നതിനായി വരുന്നുണ്ട്. അവർക്കു ആവശ്യമുള്ള സ്ഥലസൗകര്യങ്ങൾ ഇപ്പോഴില്ല. ഇപ്പോൾ അവിടെ 50 ബെഡ്ഡുമാത്രമെയുള്ളൂ. അതും പര്യാപ്തമല്ല എന്നറിയാം. വരുന്ന രോഗികൾക്കു സൗകര്യമായി മരുന്നുവാങ്ങുന്നതിൻ കൂടുതൽ കിടക്കകൾ സജ്ജീകരിക്കുന്നതിനും സ്ഥലസൗകര്യമുണ്ടാക്കുന്നതിനും, ആശുപത്രിയിലെ രോഗികൾക്കു ആഹാരസംബന്ധമായുള്ള കുഴപ്പങ്ങൾ പരിഹരിക്കുന്നതിനും പ്രവർത്തനങ്ങൾ ആരംഭിക്കുന്നുണ്ട്.

ശ്രീ. എം. വി. ചെറിയാൻ : ഒലോപ്പുഴി ആശുപത്രികളിലും, ആയുർവ്വേദാശുപത്രികളിലും ഒരേതരത്തിലുള്ള ഭക്ഷണമാണോ കൊടുക്കുന്നത് ?

ശ്രീ. എ. എ. റഹിം : അല്ല.

ശ്രീ. എം. വി. ചെറിയാൻ : പ്രത്യേകതരത്തിലുള്ള ആഹാരം നൽകാനുള്ള കാരണമെന്ത് ?

ശ്രീ. എ. എ. റഹിം : ചികിത്സയിലുള്ള വ്യത്യാസം തന്നെ കാരണം.

ശ്രീ. എം. ഭാസ്കരൻ നായർ : ആയുർവ്വേദാശുപത്രിയിൽ ഇന്നുള്ള വൈഷമ്യങ്ങൾ ഉടനടി പരിഹരിക്കുന്നതിനുവേണ്ട നടപടികൾ നടത്തുമോ ?

ശ്രീ. എ. എ. റഹിം: ആയുർവ്വേദകാളേജിനോടു ചേർത്തു ഒരു ആശുപത്രികെട്ടിടംകൂടി പണിയിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ പണി പൂർത്തിയായാൽ മുന്നൂറോളം രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ലഭിക്കും. മൂന്നുനിലയിലുള്ള ഒരു കെട്ടിടമാണു അവിടെ കെട്ടാൻ നിശ്ചയിച്ചിരിക്കുന്നത്.

ശ്രീ. കെ. സി. ജോർജ്ജ് : ശുചീകരണത്തിനു ആവശ്യമായ നടപടികൾ എടുക്കുമോ ?

ശ്രീ. എ. എ. റഹിം : ശുചീകരണത്തിനും വേണ്ട ഏർപ്പാടുകളുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : ആയുർവ്വേദാശുപത്രിയിൽ കിടക്കുന്ന രോഗികൾക്കു ആഹാരത്തിന് ദിവസം എത്ര അണയാണു നിശ്ചയിച്ചിരിക്കുന്നത് ?

ശ്രീ. എ. എ. റഹിം : ആറണയിൽ ചില്ലാനമായിരുന്നു നിശ്ചയിച്ചിരുന്നത്. ഇപ്പോൾ അതു 12 അണയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

Co-operative Societies.

*108. [4]. **Shri P. Kunjan :** Will the Minister for Local Self Government be pleased to state :

(*a*) how many Co-operative societies function in this State with a majority of the scheduled castes ;

(*b*) whether any amount is given as rectification grant to any society ; and

(*c*) if so, the amount and the names of the societies ?

Minister for Local Self Government **(Shri K. Kochukuttan) :**

(*a*) 184 ; these societies are working among scheduled castes and scheduled tribes and other backward classes.

(*b*) Yes ; three were given rectification grants in the year 53-54.

(*c*) No. 671 was given a grant of Rs. 200.

No. 230 was allowed a grant of Rs. 300,

No. 647 was given a grant of Rs. 350.

Shri P. Kunjan : May I know the number of applications rejected by Government ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഒരു പ്രത്യേക ചോദ്യമായി ചോദിച്ചാൽ അന്വേഷിച്ചു പറയാം.

Shri P. Kunjan: May I know what are the main objections for rejecting the applications ?

ശ്രീ. കെ. കൊച്ചുകുട്ടൻ : റിജക്റ്റ ചെയ്ത അപ്ലിക്കേഷൻസ് എത്രയെന്നും, അതിനു കാരണമെന്തെന്നും ഇപ്പോൾ പറയാൻ ആവശ്യമുള്ള വിവരങ്ങൾ കൈവശമില്ല.

Shri P. Kunjan : May I know whether the Government intend appointing paid secretaries to these societies ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പെയിഡ് സെക്രട്ടറിമാരെ ഏതാനും സംഘങ്ങളിൽ നിയമിക്കുന്നതിനുള്ള നടപടികൾ എടുത്തുകഴിഞ്ഞു.

Shri P. Kunjan : May I know what amount the Government propose to fix for secretaries ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതു അതാതു സൊസൈറ്റിയെ ആശ്രയിച്ചിരിക്കും.

ശ്രീ. എൻ. പരമേശ്വരൻപിള്ള : സചിവോത്തമപുരത്തു ഒരു കോവാപ്പറേറ്റീവ് സൊസൈറ്റി ഉള്ളതറിയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അറിയാം.

ശ്രീ. എൻ. പരമേശ്വരൻപിള്ള : അതിനു ഗ്രാൻറ് വല്ലതും കൊടുക്കുന്നുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അടുത്തകാലത്തു ഗ്രാൻറ് കൊടുക്കുന്നതായി അറിവില്ല. രണ്ടോ മൂന്നോകൊല്ലം മുൻപു കൊടുത്തിരുന്നു.

ശ്രീ. എൻ. പരമേശ്വരൻപിള്ള : ഗ്രാൻറ് കൊടുക്കാതിരിക്കാൻ കാരണമെന്തു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പ്രവർത്തനം തൃപ്തികരമല്ലാത്തതുകൊണ്ടു്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : ആ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ലെന്നു റിപ്പോർട്ടു കിട്ടിയിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പ്രവർത്തനം തൃപ്തികരമല്ലെന്നു റിപ്പോർട്ട് കിട്ടിയിട്ടുണ്ടു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ആ റിപ്പോർട്ടിലെ വിവരം വ്യക്തമാക്കുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : റിപ്പോർട്ടു കൈവശമില്ല.

പൊതുക്കാര്യപ്രവർത്തനങ്ങളിൽ ഇടപെടുന്ന ഗവണ്മെൻറ ഉദ്യോഗസ്ഥന്മാർ.

* 109. (5) ശ്രീ. പി. കുഞ്ഞൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഗവണ്മെൻറ് ഉദ്യോഗസ്ഥന്മാർ പൊതുക്കാര്യ പ്രവർത്തനങ്ങളിൽ ഇടപെടുന്നതിന് പ്രത്യേകം അനുവാദം വേണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടോ;

(ബി) എത്ര പേർക്ക് അങ്ങനെ അനുമതി നൽകിയിട്ടുണ്ട്;

(സി) അനുമതി നേടാതെ പ്രവർത്തിക്കുന്നവരുടെ പേർ ഗവണ്മെൻറ ശ്രദ്ധയിൽപ്പെടുത്തിയിട്ടും നടപടികളെടുക്കാത്തതിനു വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ?

മുഖ്യമന്ത്രി (ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) സർക്കാർ ഉദ്യോഗസ്ഥന്മാർ, അവരുടെ ഉദ്യോഗസംബന്ധമായ പ്രവർത്തനങ്ങൾവിട്ട്, മററു പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതുസംബന്ധിച്ച്, ഗവണ്മെൻറ സർവ്വൻറ്സ് കാൺഡക്ററസ് റൂൾസിൽ 50, 61, 76 എന്നീ വകുപ്പുകളിൽ പറയുന്നുണ്ട്. ആ വകുപ്പുകൾ ഇങ്ങനെയാണ്.

SECTION 50 PRIVATE TRADE OR EMPLOYMENT.

No Government servant shall engage in any trade or undertake any employment other than his official duties:

Provided that the Government servant may undertake honorary work of a social or charitable nature or occasional work of a literary or artistic character, subject to the condition that his official duties do not suffer thereby; but he shall not undertake, or shall discontinue such work if so directed by Government:

Provided further that nothing contained in this rule shall be deemed to require a Government servant nominated by Government as a member of an official or non-official body or organisation to obtain the previous sanction of Government for undertaking and discharging his duties as such member.

SECTION 61. CONNECTION WITH PRESS.

No Government servant shall, except with and during the continuance of previous sanction of Government own wholly or in part, or conduct or participate in the editing or management of any newspaper or other periodical publication. Such sanction will only be given in the case of newspapers or publications mainly devoted to the discussion of topics not of a political character, such for instance as art, science or literature. The sanction is liable to be withdrawn at the discretion of Government. This rule applies to the Advocate General, Government Pleaders, Public Prosecutors and other part-time Government servants.

SECTION 76.

Any officer proposing to take part in a non-official conference or meeting held in any place in the Travancore-Cochin State must obtain the prior sanction of Goverment.

The rules regarding taking part in politics and elections apply to part-time Government servants also, such as the Advocate General etc.

ഇതിനുംപുറമെ, കേരളാ ടൂറേറിഷ്ം സൊസൈറ്റികളിൽ അംഗങ്ങളായി ചേരുന്നതിനും, വേണ്ട പ്രവർത്തനങ്ങൾ നടത്തുന്നതിനും എല്ലാ ഗവണ്മെൻറ ഉദ്യോഗസ്ഥന്മാരെയും അനുവദിക്കുന്ന ഒരു ജനറ ആർഡർ ഇഷ്യു ചെയ്തിട്ടുണ്ട്.

(ബി) ആർക്കും അനുമതി നൽകിയിട്ടില്ല.

(സി) അനുമതിയില്ലാതെ പൊതുപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെമേൽ പരാതിയിന്മേൽ അന്വേഷണം നടത്തി ആവശ്യമായ നടപടികൾ നടത്തിയിട്ടുണ്ട്.

ശ്രീ. കെ. സി. ജോർജ്ജ് : ആർ. എസ്. എസ്. സംഘടന ഒരു രാഷ്ട്രീയ സംഘടനയാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പററി ആലോചിച്ചിട്ടില്ല. ഇപ്പോഴത്തെ പ്രവർത്തനങ്ങൾ രാഷ്ട്രീയസംഘടന എന്ന നിലയിലാണെന്നാണ് വിചാരിക്കേണ്ടതു്.

ശ്രീ. കെ. സി. ജോർജ്ജ് : ആർ. എസ്. എസ്. സംഘടനയിൽ പ്രവർത്തിക്കുന്ന ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി എടുക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതേപ്പററി അന്വേഷിച്ചിട്ടില്ല, ആലോചിക്കാം.

ശ്രീ. ടി. പി. സീതാരാമൻ : ഭാരതസേവാസംഘത്തിൽ ചേരാൻ ഗവണ്മെൻറുദ്യോഗസ്ഥന്മാരെ അനുവദിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ചേരാൻ അനുവദിച്ചിട്ടുണ്ട്.

ശ്രീ. ടി. പി. സീതാരാമൻ : എത്ര പേർ ഭാരതസേവാസംഘത്തിൽ ചേർന്നിട്ടുണ്ടെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നോട്ടീസു വേണം.

ശ്രീ. പി. കെ. യശോധരൻ : സഹകരണസംഘങ്ങളിലെ ഔദ്യോഗികസ്ഥാനങ്ങളിൽ പ്രവേശിച്ചു പൊതുമുതൽ അപഹരിച്ചുവരുന്നതായി ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെ പേരിൽ പരാതിയുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സഹകരണസംഘങ്ങളിലെ പൊതുമുതൽ ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാർ അപഹരിക്കുന്നതായി പറയാറുണ്ട്. ഗവണ്മെൻറുദ്യോഗസ്ഥന്മാർ അങ്ങനെ ചെയ്യുന്നതായി പ്രത്യേകം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. പി. കെ. യശോധരൻ : ശ്രമയിൽ പെടുത്തിയാൽ വേണ്ട നടപടി നടത്തുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തീർച്ചയായിട്ടും.

ശ്രീ. ടി. എ. മജീദ് : ചില ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെ മേൽ നടപടി എടുത്തിട്ടുണ്ടെന്നു പറഞ്ഞു. ഏതു തരം പൊതുപ്രവർത്തനത്തിൽ ഇടപെട്ടതിനാണ് നടപടി എടുത്തത് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പൊതുതെരഞ്ഞെടുപ്പിൽ പങ്കെടുത്തുവെന്നു ഒന്നിലധികം ആക്ഷേപങ്ങൾ ഉണ്ടായതിനെ പരിഗണിച്ചു നടപടി എടുത്തു.

ശ്രീ. പി. നാരായണൻ പോററി : പൊതുപ്രവർത്തനം എന്നു പറയുന്നതിൻെറ നിർവ്വചനം നൽകാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പൊതുപ്രവർത്തനം എന്ന വാക്ക് ചോദ്യത്തിൽ ഉപയോഗിച്ചിരിക്കുന്നത് അവ്യക്തമായതുകൊണ്ടാണെന്നു വായിച്ചത്. പൊതുപ്രവർത്തനം എന്നതിന് നിഷ്ക്കൃഷ്ടമായ ഒരു നിർവ്വചനം പറയാൻ നിവൃത്തിയില്ല. അവരവർ ഏറ്റെടുത്തിരിക്കുന്ന ഉദ്യോഗങ്ങൾക്ക് തടസ്സം വരുന്ന മററു പ്രവർത്തനങ്ങളെയാണു ഉദ്ദേശിക്കുന്നത്.

ശ്രീ. പി. നാരായണൻ പോററി : റിപ്പബ്ലിക്കൻ ദിനത്തിലും, ഇൻഡിപ്പെൻഡൻഡു ഡേയിലും ഗവണ്മെൻറുദ്യോഗസ്ഥന്മാർ ഭാരവാഹിത്വം വഹിക്കുന്നതു അനുവദനീയമാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതെ.

ശ്രീ. പി. നാരായണൻ പോററി : അങ്ങനെയുള്ള ആഘോഷദിവസങ്ങളിൽ റോഡുകൾ അലങ്കരിക്കുന്നതിനും മററും പോലീസുദ്യോഗസ്ഥന്മാർ പണം പിരിക്കുന്നതും മററും ശരിയാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : റിപ്പബ്ലിക്കൻദിനത്തിലും, സ്വാതന്ത്ര്യദിനത്തിലും ആഘോഷപരമായ ചടങ്ങുകളിൽ പങ്കെടുക്കുന്നതും മററും ഗവണ്മെറുദ്യോഗസ്ഥന്മാരുടെ ചുമതല കൂടിയാണ്.

ശ്രീ. പി. നാരായണൻ പോററി : ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെ ആഭിമുഖ്യത്തിലും, നേതൃത്വത്തിലും അമ്പലങ്ങളിലും, ദേവാലങ്ങളിലും ഉത്സവങ്ങൾക്കും മററും പണം പിരിക്കുന്നതു ശരിയാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അമ്പലങ്ങളിലും മററും ചില പ്രത്യേകകാലങ്ങളിൽ ഉണ്ടാകാറുള്ള ഉത്സവങ്ങൾക്ക്, നാട്ടുകാരുടെ ഒരു ദേശീയാഘോഷമെന്നനിലയിൽ പണപ്പിരിവുകളും മററും നടത്താറുണ്ട്.

ശ്രീ. പി. നാരായണൻ പോററി : ഔദ്യോഗികാധികാരം പ്രയോഗിച്ചും മററും ഇങ്ങനെ പണംപിരിച്ചു സാധാരണജനങ്ങളെ കഷ്ടപ്പെടുത്തുന്നതു ശരിയാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പണംപിരിച്ചു ജനങ്ങളെ കഷ്ടപ്പെടുത്തുന്നതു ഒരിക്കലും അനുവദനീയമല്ല.

ശ്രീ. തോട്ടപ്പിൽ ഭാസ്കരൻ പിള്ള : കമ്മ്യൂണിസ്റ്റ് വിരുദ്ധ സംഘടന ഒരു രാഷ്ട്രീയസംഘടനയാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിന്റെ റൂൾസും, ലൈബലാസും വായിച്ചുനോക്കിയേ മറുപടി പറയാൻ നിവൃത്തിയുള്ളു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : അതിലെ പ്രവൃത്തി രായ ഉദ്യോഗസ്ഥന്മാരെ ആരെയെങ്കിലും നടപടികൾക്കു വിധേയരാക്കിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല.

ശ്രീ. കെ. സി. ജോർജ്ജ് : കാൺഗ്രസ്സ് വിരുദ്ധസംഘടന. ഒരു രാഷ്ട്രീയ സംഘടനയ്ക്കു ഉപയുക്തമിതിക്കു്, കമ്മ്യൂണിസ്റ്റ് വിരുദ്ധസംഘടനയും രാഷ്ട്രീയ സംഘടന ആകുകയില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഓരോ സംഘടനയുടെ പ്രവൃത്തനസ്വഭാവത്തെ ആശ്രയിച്ചിരിക്കും ആ പരിഗണന.

ഹരിജൻ കാളനികൾ.

* 110. [6] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സ്റ്റേററിലുള്ള ഹരിജൻ കാളനികൾ എത്ര ;

(ബി) അവകളിൽനിന്നും ഗവണ്മെൻറിന് ഒരു വർഷത്തിൽ ലഭിക്കുന്ന ആദായത്തിന്റെ മൊത്തം തുക എന്ത് ; ഏതെല്ലാം ഇനത്തിൽ;

(സി) കാളനിവാസികൾ വച്ചുപിടിപ്പിച്ച് കാത്തു സംരക്ഷിച്ച് ഉണ്ടാക്കുന്ന വൃക്ഷങ്ങളിൽനിന്നുള്ള അനുഭവം അവർക്കുതന്നെ വിട്ടുകൊടുക്കുന്നകാര്യത്തിൽ ഗവണ്മെൻറ് സന്മനസ്സുകാണിക്കുമോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) 187 ഹരിജൻകാളനികൾ ഉണ്ട്.

(ബി) അവകളിൽ നിന്നും ഗവണ്മെൻറിനു 2500 രൂപാ ആദായം ലഭിക്കും. വൃക്ഷങ്ങൾ മറിഞ്ഞു് വീണതും ഉണങ്ങിയതുമെല്ലാം ലേലം ചെയ്തുകിട്ടുന്നതിൽ നിന്നുമാണ് ഇതു് കിട്ടുന്നതു്.

(സി) കാളനികളിൽ വച്ചുപിടിപ്പിക്കുന്ന വൃക്ഷങ്ങളുടെ അനുഭവം അവർതന്നെയാണ് എടുക്കുന്നതു്. കാളനി അനുവദിക്കുന്നതിനു മുമ്പ് ആ സ്ഥലത്തുണ്ടായിരുന്ന അനുഭവങ്ങൾ ഗവണ്മെൻറ് തന്നെ എടുക്കുകയായിരുന്നു.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : കാളനികളിലെ നിവാസികൾക്കു തന്നെ അതു സ്വന്തമായി കൊടുക്കുവാൻ ഗവണ്മെൻറ് ആലോചിക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അവർക്കു വിൽക്കുന്നതിനും കടം വരുത്തുന്നതിനും മററും പാടില്ലാത്തവ്യവസ്ഥയിലും സന്താനങ്ങൾക്കു് പരമ്പരയായ അവകാശമുള്ളനിലയിലും ഉപയോഗിക്കത്തക്കഅടിസ്ഥാനത്തിൽ പതിച്ചുകൊടുക്കുന്നതിനുള്ള തീരുമാനമാണ് ഗവണ്മെൻറ് എടുത്തിട്ടുള്ളതു്. അതിന്റെ അടിസ്ഥാനത്തിൽ ഗവണ്മെൻറ് വേണ്ടതു് ചെയ്യുന്നതാണ്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : അതു് സംബന്ധിച്ചുള്ള കൽപ്പന പുറപ്പെടുവിച്ചിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഉണ്ടു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : അതെന്നാണു്.

ശ്രീ. കെ. കൊച്ചുകുട്ടൻ : 1953–54–ൽ ആണെന്നുതോന്നുന്നു.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ഈ കാളനികളിൽ എത്ര എണ്ണം കൊച്ചിയിലും എത്രയെണ്ണം തിരുവിതാംകൂറിലും ഉണ്ടെന്നു പറയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഭൂരിഭാഗവും കൊച്ചിയിലാണു്. കുറച്ചു മാത്രമേ തിരുവിതാംകൂറിലുള്ളു.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ഈ കാളനികൾ ജനകീയഭരണം വരുന്നതിനുമുമ്പാണോ അതിനുശേഷമാണോ ആരംഭിച്ചിട്ടുള്ളതെന്നു പറയാമോ ? ജനകീയഭരണം വരുന്നതിനുമുമ്പു് ആരംഭിച്ചിട്ടുള്ളതെത്ര, അതിനുശേഷം സ്ഥാപിച്ചതെത്ര എന്നു പറയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനു പ്രത്യേകകണക്കു വച്ചിട്ടില്ല.

ശ്രീ. പി. കുഞ്ഞൻ : ആ കാളനികളിൽ വാർഡന്മാരെ വച്ചിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : എല്ലാകാളനികളിലും വച്ചിട്ടില്ല.

ശ്രീ. പി. കുഞ്ഞൻ : അതിനെന്താണു് കാരണം ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനു പ്രത്യേകകാരണങ്ങൾ ഒന്നുമില്ല. അതിന്റെ ആവശ്യമില്ല. ചില കാളനികൾ ഗ്രൂപ്പായിതിരിച്ചു് അവയിൽ വാർഡന്മാരെ നിയമിച്ചിട്ടുണ്ടു്.

ശ്രീ. കെ. പി. ഹാർമിസ് : ഈ വാർഡന്മാരെ നിയമിച്ചിട്ടുള്ള കാളനികളിൽ അവർ അവിടെതന്നെ താമസിക്കണമെന്നു നിർബന്ധമുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ചില ഗ്രൂപ്പുകാളനികൾക്കേ വാർഡന്മാരുള്ളു. അങ്ങനെയുള്ള ഒരു വാർഡനു് ഏതെങ്കിലും ഒരു കാളനിയിലെ താമസിക്കാൻ കഴിയും.

ശ്രീ. കെ. പി. ഹാർമിസ് : എല്ലാം ഗ്രൂപ്പ് ആഫ് കാളനീസ് ആണോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഗ്രൂപ്പ് ആഫ് കാളനീസുമുണ്ടു്, അല്ലാതെയുമുണ്ടു്.

ശ്രീ. പി. കുഞ്ഞച്ചൻ : വാർഡന്മാരെ നിയമിക്കുന്നതു് ഏതെല്ലാം പരിഗണനകൾ വച്ചാണു്. ഏതെല്ലാം കാളനികളിൽ വാർഡന്മാർ ഉണ്ടു്.

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിന്റെ വിശദവിവരങ്ങൾ എന്റെ കൈവശമില്ല.

ശ്രീ. എൻ. നാരായണക്കുറുപ്പ്: കുട്ടനാട്ടുപ്രദേശത്തു ഒരു കാളനി പോലും സ്ഥാപിച്ചിട്ടില്ല. അതേപ്പററി ഗവണ്മെൻറ് വേണ്ട നടപടി എടുക്കുവാൻ ആലോചിക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതേപ്പററി ആലോചിക്കാം.

ശ്രീ. പി. കെ. ചാത്തൻ: ഈ വാർഡന്മാർക്ക് ഗവണ്മെൻറിൽ നിന്നും വല്ല വേതനവും കൊടുക്കുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഗവണ്മെൻറിൽനിന്നും അവർക്ക് ഒരു അലവൻസ് കൊടുക്കുന്നുണ്ട്.

ശ്രീ. കെ. ബാലകൃഷ്ണൻ: ഈ വാർഡന്മാരുടെ വേതനം എന്താണെന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അവരുടെ വേതനം പല തരത്തിലാണ്

ശ്രീ. എം. എം. മത്തായി: അവരുടെ ജോലി ... എന്തെല്ലാമാണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഈ കാളനികളിൽ വല്ല വഴക്കുകളോ മറേറാ ഉണ്ടെങ്കിൽ അതു് തീർക്കുക; കോളനിവാസികളുടെ ആവശ്യങ്ങൾ മനസ്സിലാക്കി ഗവണ്മെൻറിനെ അറിയിക്കുക; ഇങ്ങനെ ചില കാര്യങ്ങളാണ്.

ശുദ്ധജലദൗർലഭ്യം.

*111. [7] ശ്രീ. വി. ശ്രീധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനലിൻെറ ആരംഭമായതോടുകൂടി ഈ സംസ്ഥാനത്തു് പല സ്ഥലങ്ങളിലും കുടിക്കുന്നതിനുള്ള ശുദ്ധജലദൗർലഭ്യം ഉള്ളതായി ഗവണ്മെൻറിനു് അറിവുണ്ടോ;

(ബി) തിരുവനന്തപുരത്തു് മെഡിക്കൽ കാളേജു് പരിസരങ്ങളിലും, ശ്രീകാര്യത്തും, പാറശ്ശാലയിലും ശുദ്ധജലം ലഭിക്കുന്നതിനുള്ള പ്രയാസങ്ങൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഗവണ്മെൻറ് അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ടി. വേലായുധൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉള്ളൂർ, ശ്രീകാര്യം ഈ സ്ഥലങ്ങളിൽ 1500 ഗ്യാലൻ വെള്ളവും, പാറശ്ശാല ആയിരം ഗ്യാലൻ വെള്ളവും വീതം നൽകുന്നുണ്ട്. സ്ഥിരമായ ചില ശുദ്ധജലവിതരണപദ്ധതികൾ രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം ഗവണ്മെൻറിൻെറ ആലോചനയിലിരിക്കുകയാണ്. ഉള്ളൂരിൽ നാലു് ടാങ്കുകൾ സ്ഥാപിക്കുവാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്.

ശ്രീ. വി. ശ്രീധരൻ : ശ്രീകാര്യം പഞ്ചായത്തതിർത്തിയിൽ ശുദ്ധജലം ലഭിക്കുന്നില്ലെന്നുള്ള കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ : ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. വി. ശ്രീധരൻ : ആ സ്ഥലങ്ങളിൽക്കൂടി വിതരണം നടത്താൻ നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ : ശ്രീകാര്യത്തു് 1000 ഗ്യാലൻ വെള്ളം വിതരണം ചെയ്യുന്നുണ്ട്.

ശ്രീ. വി. ശ്രീധരൻ : ശ്രീകാര്യം പഞ്ചായത്തതിർത്തികളിൽക്കൂടി ശുദ്ധജലം ലഭിക്കുന്നതിന് വേണ്ട നടപടികൾ എടുക്കുമോ?

ശ്രീ. കെ. ഐ. വേലായുധൻ : ഇപ്പോൾ വെള്ളത്തിന്റെ ദുർലഭ്യംകൊണ്ട് 1000 ഗ്യാലൻവീതം കൊടുക്കുന്നുണ്ട്.

ശ്രീ. വി. ശ്രീധരൻ : ഗവണ്മെൻറ് എന്തു നഷ്ടം സഹിച്ചും ജനങ്ങൾക്ക് കുടിക്കുവാൻ ശുദ്ധജലം ഈ ജലദുർലഭ്യമുള്ള അവസരത്തിൽ കൊടുക്കേണ്ടതല്ലേ?

ശ്രീ. കെ. ഐ. വേലായുധൻ : ചെയ്യേണ്ടതാണ്.

ശ്രീ. എൻ. നാരായണക്കുറുപ്പ് : കുട്ടനാട്ടിൽ ശുദ്ധജലദുർലഭ്യം....

മി. സ്പീക്കർ : അതു് പ്രാദേശികമായ കാര്യമാണ്, അടുത്ത ചോദ്യം.

ശ്രീ. എൻ. നാരായണക്കുറുപ്പ് : സർ, ഒരു പോയിൻറ് ആഫ് ആർഡർ. വേനലിന്റെ ആരംഭമായതോടുകൂടി ഈ സംസ്ഥാനത്തു് പല സ്ഥലങ്ങളിലും കുടിക്കുന്നതിനുള്ള ശുദ്ധജലദുർലഭ്യം ഉള്ളതായി ഗവണ്മെൻറിന് അറിവുണ്ടോ എന്നാണ് എന്റെ ചോദ്യം. As that is not a local matter, I may be allowed to put a supplementary question.

Mr. Speaker : Yes, the question deals with a purely local matter.

ശ്രീ. എൻ. നാരായണക്കുറുപ്പ് : എല്ലാ സ്ഥലങ്ങളിലേയുംപോലെ ജലദുർലഭ്യമുള്ള കുട്ടനാട്ടിലും ശുദ്ധജലം ലഭിക്കുന്നതിന് വേണ്ട നടപടി എടുക്കാൻ ഗവണ്മെൻറ് ആലോചിക്കുമോ?

ശ്രീ. കെ. ഐ. വേലായുധൻ : അതേപ്പററി ആലോചിക്കുന്നതാണ്.

പഞ്ചായത്തു് ആഫീസുകളിൽ പോലീസ് കയ്യേററം.

* 112. [8] ശ്രീ. വി. ശ്രീധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തു് ആഫീസുകളിൽ പോലീസുകാർ കയറി പഞ്ചായത്തു പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തി വരുന്ന വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 1955 ഫെബ്രുവരി 23-ാംതീയതി കഴക്കൂട്ടം പോലീസ് സബ്ഇൻസ്പെക്ടർ ഉള്ളൂർ പഞ്ചായത്ത് ആഫീസിൽ കയറി പഞ്ചായത്തുപ്രസിഡന്റിനെ അസഭ്യം പറയുകയും ക്ലാർക്കിനെ ആഫീസിൽ നിന്നും പിടിച്ചിറക്കി ഭീഷണിപ്പെടുത്തുകയും ചെയ്തതായി ഗവണ്മെന്റിനറിവുണ്ടോ;

(സി) ഉണ്ടെങ്കിൽ ഗവണ്മെന്റ് അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) പഞ്ചായത്ത് ആഫീസുകളിൽ പോലീസുകാർ കയറി പഞ്ചായത്തുപ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്ന വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടില്ല.

(ബി) 1955 ഫെബ്രുവരി 23-ാംതീയതി കഴക്കൂട്ടം പോലീസ് സബ്ഇൻസ്പെക്ടർ ഉള്ളൂർ പഞ്ചായത്ത് ആഫീസിൽ കയറി പഞ്ചായത്തുപ്രസിഡന്റിനെ അസഭ്യം പറയുകയും ക്ലാർക്കിനെ ഭീഷണിപ്പെടുത്തുകയും ചെയ്തതായി ഗവണ്മെന്റിന് പരാതി ലഭിച്ചിട്ടുണ്ട്.

(സി) ആ പരാതി അന്വേഷണത്തിലിരിക്കുന്നു.

ശ്രീ. വി. ശ്രീധരൻ: പരാതി അന്വേഷണത്തിൽ ഇരിക്കുന്നു എന്നു പറഞ്ഞു. ഇപ്പോഴും അന്വേഷണം നടത്തുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അന്വേഷണം നടത്തുന്നുണ്ട്.

ശ്രീ. വി. ശ്രീധരൻ: ആരാണ് അന്വേഷണം നടത്തുന്നത്?

ശ്രീ. കെ. കൊച്ചുകുട്ടൻ: എ. എസ്. പി. യാണ് അന്വേഷണം നടത്തുന്നത്.

ശ്രീ. വി. ശ്രീധരൻ: അതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പൂർണ്ണമായ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

ശ്രീ. വി. ശ്രീധരൻ: ഇതിനു മുൻപും അവിടെയുള്ള പോലീസ് ഇൻസ്പെക്ടർ പഞ്ചായത്ത് ആഫീസിൽ കയറി പഞ്ചായത്തു പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തിയതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇതിനുമുമ്പും പഞ്ചായത്ത് ഇൻസ്പെക്ടർ ഈ പഞ്ചായത്താഫീസിൽ കടന്ന് തടസ്സമുണ്ടാക്കിയതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. വി. ശ്രീധരൻ: പഞ്ചായത്ത് ഇൻസ്പെക്ടറല്ല പോലീസ് ഇൻസ്പെക്ടറുടെ കാര്യമാണ് പറഞ്ഞത്.

ശ്രീ. കെ. കൊച്ചുകുട്ടൻ: അതു തെററിപ്പോയി, പഞ്ചായത്ത് ഇൻസ്പെക്ടറല്ല, പോലീസ് ഇൻസ്പെക്ടർ എന്നാണ് ഞാൻ ഉദ്ദേശിച്ചത്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: പരാതി ഗവണ്മെന്റിൽ കിട്ടിയതു് എന്നാണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഫെബ്രുവരി 23-ാംതീയതി.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ഇപ്പോഴും അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിന്റെ റിപ്പോർട്ട് ഗവണ്മെന്റിനു കിട്ടിയില്ല.

ശ്രീ. കെ. എ. ബാലൻ : എ. എസ്. പി. അന്വേഷണം നടത്തിയതു് എന്നാണെന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പരാതി ഗവണ്മെന്റിനു ലഭിച്ചതിനു ശേഷമാണ്.

ശ്രീ. പി. കുഞ്ഞച്ചൻ : പഞ്ചായത്തു് ഡയറക്ടർ ഇതേസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. എ. ബാലൻ : ഇന്നും അതേപ്പററി അന്വേഷണം തുടർന്നുവരുന്നുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഉണ്ട്. അധികൃതമായ റിപ്പോർട്ടു കിട്ടീട്ടില്ല.

ശ്രീ. സി. കെ. വിശ്വനാഥൻ : പഞ്ചായത്തുപ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുന്നതു് കുററകരമാണെന്നു ഗവണ്മെന്റ് മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : മനസ്സിലാക്കിയിട്ടുണ്ട്.

ശ്രീ. സി. കെ. വിശ്വനാഥൻ : പോലീസുകാർ പല പഞ്ചായത്തുകളിലും ആവശ്യമില്ലാതെ കയറി അവരുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതായി അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പോലീസുകാർ ആവശ്യമില്ലാത്ത അവസരങ്ങളിൽ അവിടെ പ്രവേശിക്കുകയില്ല.

ശ്രീ. കെ. സി. ജോർജ്: ഇതിനുമുമ്പ് ഇങ്ങനെ പോലീസ് പ്രവർത്തിച്ചിട്ടുള്ളതായി അന്നുണ്ടായിരുന്ന മന്ത്രിയുടെ അടുത്തു് ഞാൻ പരാതി കൊടുത്തിട്ടുള്ളതു് അറിവില്ലെങ്കിൽ ആ ഫയൽ ഒന്നു പരിശോധിച്ചു നോക്കാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അന്വേഷിക്കാം.

ശ്രീ. തേക്കിൽ ഭാസ്കരൻപിള്ള: ആ ഇൻസ്പെക്ടറുടെ പേരിൽ വല്ല നടപടിയും എടുത്തിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ആ സംഭവത്തെപ്പററി റിപ്പോർട്ടു് കിട്ടാതെ എന്തു നടപടി നടത്താനാണ്?

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: മേലാൽ ഈ പഞ്ചായത്താഫീസുകളിൽ അവരുടെ പ്രവത്തനങ്ങൾ തടസ്സപ്പെടുത്താൻ പോലീസ് ഇടപെടുന്നതിനെ തടസ്സംചെയ്യാൻ ഗവണ്മെൻറ് ശ്രദ്ധിക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: കഴക്കൂട്ടം പോലീസ് ഇൻസ്പെക്ടറർ യാതൊരു കുററവും ചെയ്തിട്ടില്ല. പരാതിയിൽ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ അടിസ്ഥാനരഹിതങ്ങളാണ്.

ശ്രീ. കെ. ബാലകൃഷ്ണൻ: ഇത്തരം ആക്ഷേപങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് ഈമാതിരി പരാതികൾ പൊതുജനപ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി ഒരന്വേഷണം നടത്താൻ ദയവുണ്ടാകുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതേപ്പററി ആലോചിക്കാം.

ശ്രീ. പി. വി. അവിരാതരകൻ: എ. എസ്. പി. അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണെന്നു പറഞ്ഞു. അതിനിടയിൽ അങ്ങനെ ഒന്നും നടന്നിട്ടില്ലായെന്നും പറഞ്ഞു. ഈ വിവരം എങ്ങനെ മന്ത്രിക്കു പറയാൻ സാധിച്ചു?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: സർ, ഒരു പായിൻറ് ആഫ് ആർഡർ. പോലീസ് ഇടപെട്ടതായി പരാതി ലഭിച്ചിട്ടുണ്ടെന്നു പറഞ്ഞു. പിന്നെ പറഞ്ഞു, പോലീസ് പഞ്ചായത്താഫീസിൽ കയറി പ്രവത്തനങ്ങൾക്ക് തടസ്സമുണ്ടാക്കി എന്നു പറയുന്നതു് അടിസ്ഥാനരഹിതമാണെന്ന്. പിന്നെ പറയുന്നു, പരാതിയെപ്പററി അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു എന്നും അധികൃതറിപ്പോർട്ട് ഇതുവരെ ഗവണ്മെൻറിന് കിട്ടീട്ടില്ലെന്നും. പിന്നെ എങ്ങനെയാണ് ഈ സംഭവം അടിസ്ഥാനരഹിതമാണെന്ന് ഖണ്ഡിച്ചു പറയുന്നതു്? ഈ പരാതിയെ സംബന്ധിച്ചാണെങ്കിൽ ഇപ്പറഞ്ഞതു തമ്മിൽ പൊരുത്തമില്ലാത്തതായ കാര്യങ്ങളാണ് ഇവിടെ പറഞ്ഞതു്. അതെന്താണെന്ന് അറിഞ്ഞാൽ കൊള്ളാം.

ശ്രീ. കെ. കൊച്ചുകുട്ടൻ: ഈ ചോദ്യത്തിൽ ആദ്യം പറഞ്ഞതിരിക്കുന്നതു് പഞ്ചായത്താഫീസ് പ്രവത്തനങ്ങളിൽ പോലീസ് ഇടപെട്ട് തടസ്സപ്പെടുത്തിവരുന്നതായി അറിയാമോ എന്നാണ്. അപ്പോൾ ഈ സ്റ്റേററിലുള്ള 548 പഞ്ചായത്തുകളിലും പോലീസുകാർ ഇടപെടുന്നു എന്ന് തോന്നിപ്പോകും.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഈ പരാതിയെ സംബന്ധിച്ചിടത്തോളമുള്ള ചോദ്യത്തിന് അങ്ങനെ ഉണ്ടായിട്ടില്ല എന്നാണോ, അറിവില്ല, എന്നാണോ ഞങ്ങൾ മനസ്സിലാക്കേണ്ടതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങനെ ഒരു സംഭവം ഉണ്ടായിട്ടില്ല. കഴക്കൂട്ടം പോലീസിനെപ്പററി പരാതി ലഭിച്ചിട്ടുണ്ടോ എന്നുള്ള ചോദ്യത്തിന്, ലഭിച്ചിട്ടുണ്ട് എന്നു മറുപടി പറഞ്ഞു.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അധികൃതമായി റിപ്പോർട്ട് കിട്ടിയിട്ടില്ലെന്ന് പറയുന്നതിനോടൊപ്പംതന്നെ ഈ പരാതിയിൽ ഉന്നയിച്ചിട്ടുള്ള കാര്യങ്ങൾ അടിസ്ഥാനരഹിതമാണെന്നും പറയുന്നതെങ്ങനെയാണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ: അധികൃതമായ റിപ്പോർട്ട് കിട്ടിയിട്ടില്ലെങ്കിലും ഇതേ സംബന്ധിച്ച് അല്ലാതുള്ള മാർഗ്ഗത്തിൽ കിട്ടിയ അറിവ് വച്ചുകൊണ്ട് പറഞ്ഞതാണ്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ഈ അല്ലാതെ കിട്ടിയ വിവരം എങ്ങനെയാണ് കിട്ടിയതെന്നു പറയുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥനിൽനിന്നു മാത്രമല്ല, വേറെയും പല സോഴ്സുകളുണ്ട്.

ശ്രീ. കെ. എം. ജോർജ്ജ്: മിസ്റ്റർ മുണ്ടഗ്ഗേരി ഒരു പായിൻറ് ആഫ് ആർഡർ ഉന്നയിച്ചു. അതിന് മറുപടിയും ലഭിച്ചു. അതേപ്പററി ഒരു ഡിസ്കഷൻ അനുവദിക്കാമോ?

മി. സ്പീക്കർ: മി. മുണ്ടഗ്ഗേരി ഉന്നയിച്ചത് ഒരു പായിൻറ് ആഫ് ആർഡർ അല്ല.

ശ്രീ. പി. എം. മാക്കോസ്: മേലാൽ ഇത്തരം അനധികൃതമായ കയ്യേററങ്ങൾ അനുവദിക്കാതിരിക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങനെയുള്ള സംഗതികൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ വന്നാൽ അതിന് വേണ്ട നടപടി നടത്തുന്നതാണ്.

ശ്രീ. എ. എ. ഡി. ജയിസ്: പഞ്ചായത്താഫീസുകൾ രാഷ്ട്രീയ പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചുവരുന്നതായി അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അറിവില്ല.

ശ്രീ. എം. വി. ചെറിയാൻ: ഈമാതിരി കാര്യങ്ങളിൽ പഞ്ചായത്ത് ഡയറക്ററക്ക് വല്ല അധികാരങ്ങളും കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പഞ്ചായത്ത് ഡയറക്ററക്ക് വേണ്ടുവോളം അധികാരമുണ്ട്.

പുതിയ പാലങ്ങൾ.

* 113. [9]. ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) 1954–55-ൽ പുതിയ പാലങ്ങൾ പണിയുന്നതിന് ബഡ്ജററിലെ ചെയ്തിട്ടുണ്ടായിരുന്ന ആകെ തുകയെന്താണ്; പാലങ്ങൾ എത്രയാണ്;

(ബി) ചെലവഴിച്ച തുകയെന്താണ്; പണിയാരംഭിച്ച പാലങ്ങൾ എത്രയാണ്;

(സി) മാർച്ച് 31-നുമുൻപ് പണിയാരംഭിക്കാൻ കഴിയുന്ന പാലങ്ങൾ എത്രയാണ്?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) 14,19,000 രൂപ, 54 പാലങ്ങൾ.

(ബി) 1955 അവസാനംവരെ 5,45,251 രൂപ. 47 പാലങ്ങൾ.

(സി) ഒന്ന്.

പിരിച്ചുവിടപ്പെട്ട പട്ടാളക്കാർ.

* 114. [10] ശ്രീ. എൻ. നീലകണ്ഠൻ പണ്ടാരത്തിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർമി ഇൻറഗ്രേഷനെ തുടർന്ന് നിർബന്ധിതമായി പിരിച്ചുവിടപ്പെട്ട തിരുവിതാംകൂർ-കൊച്ചി പട്ടാളക്കാർക്ക് പിരിച്ചുവിടൽ സമയത്ത് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്;

(ബി) ഇവർക്ക് തിരുവിതാംകൂർ-കൊച്ചിയിൽ പുനരധിവാസത്തിനുവേണ്ടി ഭൂമി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേർക്ക്; എത്ര ഏക്കർ;

(സി) ഈ ഭൂമികൾ കൃഷി ചെയ്യുന്നതിനും ഭവനങ്ങൾ നിർമ്മിക്കുന്നതിനുംവേണ്ടി എന്താനുകൂല്യങ്ങൾ സാമ്പത്തികമായി ഗവണ്മെൻറിൽ നിന്നും നൽകിയിട്ടുണ്ട്;

(ഡി) നെടുമങ്ങാട്ടുതാലൂക്കിൽ കല്ലാർ എന്ന സ്ഥലത്തും നെയ്യാററിൻകര താലൂക്കിൽ പുതുവീട്ടുമുറി എന്ന സ്ഥലത്തും രണ്ടു സെറ്റിൽമെൻറുകൾക്കായി 550 ഏക്കർ ഭൂമി നൽകാമെന്നു ഗവണ്മെൻറ് സമ്മതിച്ചിട്ടുണ്ടോ;

(ഈ) ഈ ഭൂമി ഏതടിസ്ഥാനത്തിലാണ് നൽകാമെന്നു സമ്മതിച്ചിട്ടുള്ളത്. പ്രസ്തുത ഭൂമി കൈമാററം ചെയ്തുകൊടുത്തു കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ആർമി ഇൻറഗ്രേഷനെ തുടർന്ന് നിർബന്ധിതമായി പിരിച്ചുവിടപ്പെട്ട തിരുവിതാംകൂർ-കൊച്ചി പട്ടാളക്കാർക്ക് താഴെ പറയുന്ന ആനുകൂല്യങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ട്.

അവരിൽ തിരുവിതാംകൂർ സ്റ്റേറ്റ് ഫോഴ്സിൽ ഉള്ളവരെ മററ് പബ്ലിക്ക് സർവ്വീസ് സംബന്ധിച്ചിടത്തോളം വയസ്സിൻെറ പരിഗണനയിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്. ശരിയായ പരീക്ഷായോഗ്യതയുള്ള ആളുകളെ മററ് ഗവണ്മെൻറ് ചട്ടങ്ങൾ അനുസരിച്ച് മററ് ഉദ്യോഗാർത്ഥികളെക്കാൾ മുൻഗണന കൊടുക്കുന്നതും പബ്ലിക്ക് സർവ്വീസിൽ മററാളുകളെപ്പോലെ അവർക്കു അപേക്ഷിക്കാവുന്നതുമാണ്.

(ബി) കാളനൈസേഷൻ പദ്ധതി അനുസരിച്ച് ആദ്യമായി 1500 ഏക്കർ സ്ഥലം റാന്നിയിലും വെററിലപ്പാറ എന്ന സ്ഥലത്ത് 950 ഏക്കറും അനുവദിച്ചിട്ടുണ്ട്. അവയിൽ റാന്നി കോളനിയിലെ പട്ടാളത്തിൽ നിന്നും പിരിച്ചുവിടപ്പെട്ട 87-പേർക്കും 49-ഇൻഡ്യൻ ആർമിയിൽ നിന്നും വന്നിട്ടുള്ളവർക്കുമായി 4-ഏക്കർ സ്ഥലം വീതം പതിച്ചുകൊടുത്തിട്ടുണ്ട്. കാളനൈസേഷൻ പദ്ധതിയനുസരിച്ച് ഇൻഡ്യൻ ആർമിയിൽ നിന്നും വന്നിട്ടുള്ളവർക്ക് പ്രത്യേകപരിഗണനകൾ ഒന്നും ഇല്ല. വെററിലപ്പാറയിൽ 23-സ്റ്റേറ്റ് ഫോഴ്സിലുള്ളവർക്കും 177-ഇൻഡ്യൻ ആർമിയിൽനിന്നും വന്നവർക്കുമായി നാലേക്കർവീതം പതിച്ചുകൊടുത്തിട്ടുണ്ട്.

(സി) ഈ ഭൂമികൾ കൃഷിചെയ്യുന്നതിനും ഭവനങ്ങൾ നിർമ്മിക്കുന്നതിനുമായി കേന്ദ്രഗവണ്മെൻറിൽനിന്നും സെററിലേഴ്സിന് 750 രൂപ

വീതം ഗ്രാൻറായും എസ്. പി. ഡബ്ലിയു. ആർ. ഫണ്ടിൽനിന്ന് 1000 രൂപാ ലോനായും കൊടുക്കുന്നുണ്ട്. ഗവണ്മെൻറിൽനിന്നും കോളനികൾക്ക് അർഹതയുള്ള ഭൂമികൾ കൊടുത്തിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഈ) താഴെ പറയുന്ന അടിസ്ഥാനത്തിലാണ് ഭൂമി നൽകാമെന്ന് സമ്മതിച്ചിട്ടുള്ളത്.

1. കോളനൈസേഷൻ സ്കീമനുസരിച്ച് പ്രവർത്തിക്കുന്നതിനു ഇതിലെ അംഗങ്ങൾ രണ്ടു സംഘങ്ങൾ രൂപീകരിക്കുക.

2. ഓരോ അംഗത്തിനും 3 ഏക്കർസ്ഥലം വീതം നൽകുക, അതിൽ 50 സെൻറ് വീട്ടിനും ബാക്കി മുഴുവൻ കൃഷി ചെയ്യുന്നതിനും ഉപയോഗിക്കുക.

3. ഗവണ്മെൻറ് ധനസഹായം ചെയ്യുക.

4. 5 കൊല്ലം കഴിഞ്ഞിട്ട് ഈ വ്യവസ്ഥകൾ പുതുക്കുന്നതാണ്.

കോളനൈസേഷൻ പദ്ധതിയനുസരിച്ച് പ്രസ്തുത ഭൂമിയിൽ കല്ലാറിലുള്ള 300 ഏക്കർ റവന്യൂഡിപ്പാർട്ടുമെൻറിനു കൈമാറം ചെയ്തിട്ടുണ്ട്. പുതുവീട്ടുമുറിയിലുള്ള 250 ഏക്കർ ഭൂമിയിൽ അപേക്ഷകർ അനധികൃതമായി കയ്യേറം ചെയ്തു കൃഷി ചെയ്തതിനാലും, അതിന്മേലുള്ള അസസ്റ്റുമെൻറ് നടപടി പൂർത്തിയാകാത്തതിനാലും സ്ഥലം സർവെ ചെയ്തു തിട്ടപ്പെടുത്താത്തതിനാലും കൈമാറം ചെയ്തിട്ടില്ല.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: കല്ലാർ, പുതുവീട്ടുമുറി എന്നീ സ്ഥലങ്ങൾ വിമുക്തഭടന്മാർക്ക് കൈവശം കൊടുക്കുന്നതെന്നാണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിൽ ഒരു വിഭാഗം റവന്യൂ ഡിപ്പാർട്ടുമെൻറിൻെറ അധീനതയിലാണ്. ആ സ്ഥലം കൈമാറം ചെയ്തു കഴിഞ്ഞാൽ ഉടൻതന്നെ ഈ കാര്യം പരിഗണിക്കുന്നതാണ്.

ശ്രീ. പി. നാരായണൻപോററി: കോളനിക്കുവേണ്ടി ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന ഈ സ്ഥലങ്ങളിൽ ഇപ്പോൾ വിമുക്തഭടന്മാർ താമസിക്കുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇപ്പോൾ താമസിക്കുന്നില്ല.

ശ്രീ. പി. നാരായണൻപോററി: കോളനിയിൽ വിമുക്തഭടന്മാർക്കുവേണ്ടി കുറെസ്ഥലം പതിച്ചുകൊടുക്കാൻ പോകുന്നുവെന്നു പറഞ്ഞു. കോന്നിയിൽ എവിടെയാണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ: കോന്നിയിൽ അല്ല, റാന്നിയിലാണ്. വിമുക്തഭടന്മാരുടെ സംഘത്തിനാണ്.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: അപേക്ഷകൾ ബോധിപ്പിച്ചിട്ടും ഇതുവരെ ഭൂമി കൊടുക്കാത്ത വല്ല അപേക്ഷകളും ഗവണ്മെൻറിൻെറ കൈവശമുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഉണ്ട്.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: അങ്ങനെയുണ്ടെങ്കിൽ അതിനു എന്തു പരിഹാരമാർഗ്ഗമാണ് ഗവണ്മെൻറിനുള്ളത്?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇതിലേയ്ക്കുവേണ്ടി ഒരു കമ്മിററിയെ നിയമിച്ചിട്ടുണ്ട്. ആ കമ്മിററിയുടെ തീരുമാനമനുസരിച്ചായിരിക്കും പ്രവർത്തിക്കുന്നതു്.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി : കഴിയുന്നതും വേഗം കമ്മിററി തീരുമാനം ചെയ്യുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ കൊടുക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെ ചെയ്യാം.

ശ്രീ. എം. ഭാസ്കരൻനായർ : വിമുക്തഭടന്മാർക്ക് അവരുടെ പരീക്ഷയോഗ്യതയനുസരിച്ചു ഉദ്യോഗം കൊടുക്കണമെന്നു ഗവണ്മെൻറ് ആർഡർ ഉണ്ടായിട്ടില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെ ഒരു ആർഡർ ഉണ്ടായിട്ടുണ്ട്.

ട്രാൻസ്പോർട്ടു ദേശവൽക്കരണം.

* 115. [11] ശ്രീ. പി. കെ. യശോധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ട്രാൻസ്പോർട്ടു ദേശവൽക്കരണത്തിനായി ഏതെങ്കിലും ബില്ല കൊണ്ടുവരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇന്ത് എക്സ്പ്രസ്സ് സർവ്വീസുമാത്രമായി ഓടിച്ചു വരുന്ന റൂട്ടുകളിൽ എന്തെങ്കിലും വ്യത്യാസം വരുത്തുമോ;

(സി) ഈ സാമ്പത്തികവർഷത്തിൽ ഏതെങ്കിലും റൂട്ടു ദേശവൽക്കരിക്കുമോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ, ബി) ഈ സംഗതി ഗവണ്മെൻറിന്റെ ആലോചനയിലിരിക്കുകയാണ്.

(സി) ഇല്ല.

ശ്രീ. പി. കെ. യശോധരൻ : ട്രാൻസ്പോർട്ടു ദേശവൽക്കരണം സംബന്ധിച്ചു് ഈ സമ്മേളനത്തിൽവച്ചു് ഒരു തീരുമാനം ഉണ്ടാക്കാൻ സാധിക്കുകയില്ലേ?

ശ്രീ. കെ. ഐ. വേലായുധൻ : ഈ വർഷത്തിൽ അതിനെപ്പററി സാദ്ധ്യമല്ലായെന്നു പറഞ്ഞുകഴിഞ്ഞു.

ശ്രീ. കെ. രാഘവക്കുറുപ്പ് : ദേശവൽക്കരണംകൂടി നടത്തുന്നതിന്നു സംബന്ധിച്ചു കമ്മിഷനു നിർദ്ദേശം കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ : കമ്മിഷന്റെ ജോലിയുടെ പരിധിയിൽ ഇവകൂടി ഉൾപ്പെടും.

ശ്രീ. കെ. രാഘവക്കുറുപ്പ് : ട്രാൻസ്പോർട്ടു ദേശവൽക്കരിക്കണമെന്നു പല നിവേദനങ്ങളും പരാതികളും ഉണ്ടായിട്ടില്ലേ?

ശ്രീ. കെ. ഐ. വേലായുധൻ : അതുകൊണ്ടും കൂടിയാണല്ലോ ഒരു കമ്മിഷനെ നിയമിച്ചിരിക്കുന്നതു്.

ട്രാൻസ്പോർട്ട് പ്രക്ഷോഭണം.

* 116 [12] ശ്രീ പി. കെ. യശോധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ട്രാൻസ്പോർട്ട് പ്രക്ഷോഭണകാലത്തു എമർജൻസിയായി എടുത്തിട്ടുള്ള ഡ്രൈവറന്മാർ എത്ര; കൺഡക്ടറന്മാർ എത്ര;

(ബി) അവർ എത്രപേർ സർവ്വീസിൽ തുടരുന്നു?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) എമർജൻസി പീരിയഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഡ്രൈവർമാർ 181. കൺഡക്ടറർമാർ 271.

(ബി) ഇവരിൽ ആരും ഇപ്പോൾ സർവ്വീസിലില്ല.

ശ്രീ. പി. കെ. യശോധരൻ: എമർജൻസി സമയത്തു പബ്ലിക്ക് സർവീസ് കമ്മീഷണർ ഇവരെ ഇൻറർവ്യൂ നടത്തിയില്ലേ?

ശ്രീ. കെ. ഐ. വേലായുധൻ: ഇൻറർവ്യൂ നടത്തി.

ശ്രീ. കെ. രാഘവക്കുറുപ്പ്: ഇൻറർവ്യൂ നടത്തിയതിൽ എല്ലാപേരെയും നിയമിച്ചിട്ടുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ: എല്ലാവരെയും നിയമിച്ചിട്ടില്ല.

ശ്രീ. ടി. എ. മജീദ്: എമർജൻസിയായിട്ടു നിയമനം കിട്ടിയിട്ടുള്ളവർ കരിങ്കാലികളല്ലേ?

ശ്രീ. കെ. ഐ. വേലായുധൻ: കരിങ്കാലിയെന്ന പദത്തിന്റെ നിർവചനം എന്താണെന്നു അറിഞ്ഞുകൂടാ.

പ്രൊഹിബിഷൻ ലംഘിച്ച കേസുകൾ.

* 117. [13] ശ്രീ. യു. നീലകണ്ഠൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954 മാർച്ചു മുതൽ 1955 ഫെബ്രുവരി വരെ പ്രൊഹിബിഷൻ ലംഘിച്ചുപേരിൽ ഉണ്ടായിട്ടുള്ള കേസുകൾ എത്ര;

(ബി) എത്ര കേസുകൾ ശിക്ഷിച്ചു; ശിക്ഷ മുഖാന്തിരം സർക്കാരിനു പിരിഞ്ഞുകിട്ടിയിട്ടുള്ള തുകയെത്ര;

(സി) ഏററവും കൂടുതൽ പ്രാവശ്യം നിരോധനം ലംഘിച്ചിട്ടുള്ള വ്യക്തി ആര്: എത്ര പ്രാവശ്യം ലംഘിച്ചു?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹീം):

(എ) 2676 കേസുകൾ,

(ബി) 1752 കേസുകൾ ശിക്ഷിച്ചു. ശിക്ഷ മുഖാന്തിരം ഗവണ്മെൻറിന കിട്ടിയിട്ടുള്ള രൂപ 59481 ആണ്.

(സി) ഏററവും കൂടുതൽ നിരോധനം ലംഘിച്ച വ്യക്തി കൊച്ചുപപ്പു വിശ്വനാഥൻ, പുത്തൻവീട്ടിൽ വീട്, വക്കം കടയ്ക്കാവൂർ. ഏഴ പ്രാവശ്യം നിരോധനം ലംഘിച്ചു.

ശ്രീ. യു. നീലകണ്ഠൻ : നെയ്യാററിൻകര താലൂക്കിൽ ഒരു സ്ത്രീ 29 പ്രാവശ്യം മദ്യനിരോധനനിയമം ലംഘിച്ചുവെന്നറിയാമോ?

ശ്രീ. എ. എ. റഹീം : എനിക്ക് അറിവില്ല.

ശ്രീ. യു. നീലകണ്ഠൻ : മദ്യനിരോധനം വിജയകരമായി നടത്തുന്നതിന ഈ ഗവണ്മെൻറിന എന്തെങ്കിലും പ്ലാനുണ്ടോ?

ശ്രീ. എ. എ. റഹീം : ചോദ്യം മനസ്സിലായില്ല.

ശ്രീ. യു. നീലകണ്ഠൻ : മദ്യനിരോധനം നടപ്പിൽ വരുത്തിയ സ്ഥലങ്ങളിൽ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. എ. എ. റഹീം : ഉണ്ട്. ഒരു ഫ്ളയിംഗ് സ്ക്വാഡിനെതന്നെയും നിയമിച്ചിട്ടുണ്ട്. അവർ ധാരാളം കേസുകൾ കണ്ടുപിടിക്കുന്നുണ്ട്.

മദ്യനിരോധനം.

* 118. [14] ശ്രീ. യു. നീലകണ്ഠൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യനിരോധനം പിൻവലിക്കണമെന്ന് കാൺഗ്രസ്സുകാരിൽ നിന്നും സർക്കാരിന നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) അതിന്മേൽ എന്തു നടപടി നടത്തി?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹീം) :

(എ) മദ്യനിരോധനം പിൻവലിക്കണമെന്ന കാൺഗ്രസ്സുകാരിൽ നിന്നും ഗവണ്മെൻറിന ഇതുവരെ നിവേദനം ലഭിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. യു. നീലകണ്ഠൻ : കോട്ടയം ഡി. സി. സി. മദ്യനിരോധനം പിൻവലിക്കണമെന്ന ഒരു പ്രമേയം പാസ്സാക്കിയതായി അറിയാമോ?

ശ്രീ. എ. എ. റഹീം : അറിഞ്ഞുകൂടാ.

ശ്രീ. യു. നീലകണ്ഠൻ : യാതൊരു കാൺഗ്രസ് മണ്ഡലങ്ങളിൽ നിന്നും ഇപ്രകാരം ഒരു പ്രമേയം പാസ്സാക്കിയിട്ടില്ലെന്നാണോ പറയുന്നത്?

ശ്രീ. എ. എ. റഹീം : ഗവണ്മെൻറിന്റെ അറിവിൽപ്പെട്ടിട്ടില്ല.

വിദ്യുച്ഛക്തി വിതരണം.

* 119. [15] ശ്രീ. സി. എ. മാത്യു. താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു 1954–55-ൽ ഏതെല്ലാം സ്ഥലങ്ങളിൽ വിദ്യുച്ഛക്തി വിതരണം ചെയ്തിട്ടുണ്ട്;

(ബി) തൊടുപുഴത്താലൂക്കിൽ കല്ലൂർക്കാട് എന്ന സ്ഥലത്ത് വിദ്യുച്ഛക്തി വിതരണം ആവശ്യമെന്നു കാണിച്ച് അപേക്ഷ ലഭിച്ചിരുന്നോ; അതിന്മേൽ എന്തു നടപടി നടത്തി?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) സംസ്ഥാനത്ത് 1954–55–ൽ (1–4–54 മുതൽ 31–1–55 വരെ) 92 സ്ഥലങ്ങളിൽ വിദ്യുച്ഛക്തി വിതരണം നടത്തിയിട്ടുണ്ട്. അതിന്റെ ഒരു ലിസ്റ്റ് * മേശപ്പുറത്തു വച്ചിട്ടുണ്ട്.

(ബി) അപേക്ഷ ലഭിച്ചിരുന്നു. പ്രസ്തുത സ്ഥലത്തേയ്ക്ക് വിദ്യുച്ഛക്തിവിതരണം നടത്തുന്നതിനു ഒരു എസ്റ്റിമേറ്റ് ഗവണ്മെൻറിൽനിന്നും അനുവദിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള നടപടികൾ ഉടനെ ആരംഭിക്കുന്നതാണ്.

ശ്രീ. സി. എ. മാത്യു: 954–ൽ വിദ്യുച്ഛക്തി വിതരണത്തിനായി ബഡ്ജററിൽ തുക കൊള്ളിക്കുകയും എന്നാൽ പണി പൂർത്തിയാകാതെ ഇട്ടിരിക്കുന്നതുമായ സ്ഥലങ്ങൾ എത്രയുണ്ടെന്നു പറയാമോ?

ശ്രീ. കെ. ഐ. വേലായുധൻ: അതിനു പ്രത്യേകം നോട്ടീസു വേണം.

ശ്രീ. സി. എ. മാത്യു: തൊടുപുഴ താലൂക്കിൽ ഇതുവരെയായിട്ടു ഇതുസംബന്ധിച്ചു പണം ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടായിരുന്നിട്ടും യാതൊരുപണിയും ആരംഭിച്ചിട്ടില്ലായെന്നുള്ളതു കാണിച്ചു ഗവണ്മെൻറിനു പരാതി ബോധിപ്പിച്ചിട്ടില്ലേ?

ശ്രീ. കെ. ഐ. വേലായുധൻ: പരാതി ബോധിപ്പിച്ചിട്ടുണ്ടെങ്കിൽ അതെപ്പററി അന്വേഷിക്കാം.

വിദ്യുച്ഛക്തി ഉൽപ്പാദനം.

* 120. [16] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം കേന്ദ്രങ്ങളിൽനിന്നും, എന്തുമാത്രം വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട്;

(ബി) ഏതെങ്കിലും പുതിയ പദ്ധതികൾ പുതുതായി ആരംഭിക്കുന്നുണ്ടോ;

(സി) സംസ്ഥാനത്ത് എല്ലാ ഗ്രാമങ്ങളിലും വിദ്യുച്ഛക്തി എത്തിക്കുന്നതിന് എത്ര കാലതാമസം വേണ്ടിവരും; അതിനുള്ള ഏതെങ്കിലും പദ്ധതി ഇപ്പോൾ നിലവിലുണ്ടോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) പള്ളിവാസൽ ഹൈഡ്രോ ഇലക്ട്രിക്ക് സ്റ്റേഷനിൽനിന്നും 37500 കിലോ വാട്ട്സും, ചെംകുളം ഹൈഡ്രോ ഇലക്ട്രിക് സ്റ്റേഷനിൽനിന്നും 48.000 കിലോവാട്ട്സും, നെന്മാറാ, തെർമൽ സ്റ്റേഷനിൽനിന്നും 77 കിലോവാട്ട്സും വീതം വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട്.

* Please see Appendix I.

(ബി) ഉണ്ട്.

(സി) രണ്ടാം പഞ്ചവത്സരപദ്ധതിയുടെ അവസാനത്തോടുകൂടി (1961) സംസ്ഥാനത്തു് അധിവസിക്കുന്ന ജനങ്ങളിൽ 80 ശതമാനത്തിനും വിദ്യുച്ഛക്തി ലഭിക്കുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

ശ്രീ. സി. എ. മാത്യു: പുതിയതായി ആരംഭിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നു പറയാമോ?

ശ്രീ. കെ. ഐ. വേലായുധൻ: പറയാം. (1) പെരിങ്ങൽകുത്തു് ലെഫ്ട്ട് ബാങ്ക് സ്റ്റേഷൻ നാലാമത്തു് ജനറേറിംഗ്സെറ്റ്. (2) നേരിയമംഗലം. (3) ഷോളയാർസ്കീം. (4) പെരിങ്ങൽകുത്തു റൈറ്റ ബാങ്ക്. (5) പന്നിയാർസ്കീം. (6) പമ്പാസ്കീം. (7) ലക്ഷ്മിഹൈഡ്രോ ഇലക്ട്രിക്ക് പ്രോജക്റ്റസ്കീം. ഇവകളാണു രണ്ടാംപഞ്ചവത്സരപദ്ധതിയിലെ പുതിയ സ്കീമുകൾ.

ശ്രീ. എം. വി. ചെറിയാൻ: വിദ്യുച്ഛക്തിവിതരണത്തിനുവേണ്ടി പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനുമുൻപു് തിരുവിതാംകൂർ-കൊച്ചിയിൽ എത്രത്തോളം സ്ഥലങ്ങളിലാണു ഇതിനു സ്കോപ്പു ഉള്ളതെന്നു ശരിയായ വിധം പഠനം നടത്തിയിട്ടുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ: ഉണ്ട്.

ശ്രീ. എം. വി. ചെറിയാൻ: വളരെയധികം സാദ്ധ്യതയുള്ള ഇടുക്കി സ്കീമിനെസംബന്ധിച്ചു് ഇത്ര വളരെ അലസമനോഭാവം ഗവണ്മെൻറിനുണ്ടാകുന്നതു് എന്തുകൊണ്ടാണു്?

ശ്രീ. കെ. ഐ. വേലായുധൻ: ഇടുക്കി സ്കീമിനെസംബന്ധിച്ചു അലസമനോഭാവമോ വിമുഖതയോ ഗവണ്മെൻറിനില്ല.

ശ്രീ. എം. വി. ചെറിയാൻ: ഇടുക്കി സ്കീമിൻെറ പണി പൂർത്തിയാക്കുന്ന പക്ഷം തെക്കേ ഇൻഡ്യ മുഴുവനും വിദ്യുച്ഛക്തിവിതരണം സാദ്ധ്യമാകുമെന്നു അറിയാമോ?

ശ്രീ. കെ. ഐ. വേലായുധൻ: ഇടുക്കി സ്കീം വലിയ സാദ്ധ്യതയുള്ള ഒരു പദ്ധതിയാണെന്നു് ഗവണ്മെൻറിനറിയാം.

ശ്രീ. കെ. എം. ജാർജ്ജ്: ചെറിയ ചെറിയ പദ്ധതികൾ രാജ്യത്തു അവിടവിടെ തുടങ്ങുന്നതിനേക്കാൾ എവിടെയെങ്കിലും ഒരു വലിയ പദ്ധതി ആരംഭിക്കുന്നതല്ലേ എന്തുകൊണ്ടും നല്ലതു്?

ശ്രീ. കെ. ഐ. വേലായുധൻ: വലിയ പദ്ധതികളും തുടങ്ങണമെന്നു് ഗവണ്മെൻറിനു് ഉദ്ദേശമുണ്ട്.

ശ്രീ. എം. വി. ചെറിയാൻ: പമ്പാ സ്കീം ഒരു വലിയ പദ്ധതിയാണെന്നല്ലേ ഗവണ്മെൻറു വിചാരിക്കുന്നതു്?

ശ്രീ. കെ. ഐ. വേലായുധൻ: അതെ.

ശ്രീ. എം. വി. ചെറിയാൻ: അങ്ങനെയാണെങ്കിൽ എന്തുകൊണ്ടാണു് അതിൻെറ പണി ആരംഭിക്കാത്തതു്?

ശ്രീ. കെ ഐ. വേലായുധൻ: അതിലേയ്ക്കു വേണ്ടിവരുന്ന ചെലവു് വഹിക്കുന്നതിനുള്ള സാദ്ധ്യത ഇപ്പോൾ ഗവൺമെൻറിനില്ല.

ശ്രീ. എം. വി. ചെറിയാൻ : ഈ സ്കീം സംബന്ധിച്ച ഇൻഡ്യാ ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയാൽ അവിടംമുഖേന ഇതു സാധിക്കുകയില്ലേ ?

ശ്രീ. കെ. എ. വേലായുധൻ : അങ്ങനെയും സാധിക്കും.

ശ്രീ. ഇടിക്കുള ഇടിക്കുള : നമ്മുടെ സംസ്ഥാനത്തേയ്ക്കു ആവശ്യമുള്ള വിദഗ്ദ്ധന്മാരെ പമ്പാ സ്കീമിൽനിന്നും ലഭിക്കുമെന്നുള്ള വിവരം അറിയാമോ ?

ശ്രീ. കെ. എ. വേലായുധൻ : ഒരുപക്ഷെ, അങ്ങനെയും വരാം.

ആയുർവ്വേദ കാളേജ്.

* 121. [17] ശ്രീ. ജെ. എ. ഭട്ട് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ;

(എ) തിരുവനന്തപുരം ആയുർവ്വേദ കാളേജിൽ വിദ്യാർത്ഥികളെ പഠിപ്പിക്കുവാനുള്ള ഉപകരണങ്ങൾ വേണ്ടത്രയില്ലെന്നു ഗവണ്മെൻറിന് അവിടത്തെ വിദ്യാർത്ഥികളിൽനിന്നും ആവലാതികൾ ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ കാര്യത്തിൽ എന്തു നടപടി എടുത്തു;

(സി) മൂന്നാമത്തേയും നാലാമത്തേയും കൊല്ലങ്ങളിൽ എത്തിയിട്ടുള്ള ആയുർവ്വേദ കാളേജിലെ വിദ്യാർത്ഥികളെ പഠിപ്പിക്കുവാൻ തക്കതായ വൈദ്യന്മാരെ നിയമിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആവക വൈദ്യന്മാരുടെ ശമ്പളത്തോതു് എന്തു് ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹീം) :

(എ) ഉണ്ടു്.

(ബി) 1954–55-ലെ ബഡ്ജററിൽ കൂടുതൽ തുക അനുവദിച്ചിട്ടുണ്ടു്.

(സി) ഉണ്ടു്. നിലവിലുണ്ടായിരുന്ന സ്റ്റാഫിനു പുറമേ കൂടുതൽ അദ്ധ്യാപകന്മാരെ നിയമിച്ചിട്ടുണ്ടു്. ഇനിയും സ്റ്റാഫംഗങ്ങളുടെ എണ്ണം കൂട്ടുന്ന കാര്യം ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുകയാണു്.

(ഡി)

(1)	ഫാർമോക്കോളജി പ്രൊഫസർ I	225—275 രൂപ
(2)	ആയുർവ്വേദ പ്രൊഫസർ I	225—275 ,,
(3)	ലക്ചറർ	125—175 ,,
(4)	പണ്ഡിററ് I	60—100 ,,
(5)	പാർട്ടൈം ആണററി പ്രൊഫസർ I (പതോളജി, ബാക്ററീരിയോളജി മുതലായവ) അലവൻസ്	100 രൂപ
(6)	ടി (മിഡ്വൈഫറി ഗൈനക്കോളജി മുതലായവ)	100 ,,
(7)	ടി (സർജറി, ജൂറിസ്പ്രൂഡൻസ്)	100 ,,

ശ്രീ. ജെ. എ. ഭട്ട് : ഈ കൊല്ലത്തിൽ തന്നെ ഈ ഉപകരണങ്ങൾ വാങ്ങിക്കാൻ ദയവുണ്ടാകുമോ ;

ശ്രീ. എ. എ. റഹിം : ഉടൻതന്നെ വാങ്ങിക്കാൻ ഏർപ്പാടു ചെയ്യാം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ആധുനികമായ വിഷയങ്ങൾ പഠിപ്പിക്കുന്നതിന് അലോപ്പതിക്കും ആയുർവ്വേദത്തിനുമുള്ള സിലബസ്സ് ഒന്നുപോലെ അല്ലേ?

ശ്രീ. എ. എ. റഹിം : സിലബസ്സിന് വ്യത്യാസം ഉണ്ട്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : രണ്ടു സിലബസ്സും ഒരുപോലെയാണെങ്കിൽ ഇവരെ രണ്ടുകൂട്ടരേയും ഒരു കാളേജിൽതന്നെ ചേർത്തു പഠിപ്പിക്കാൻ പാടില്ലേ?

ശ്രീ. എ. എ. റഹിം : വിദഗ്ദ്ധന്മാരിൽനിന്നും അഭിപ്രായം അറിഞ്ഞതിനുശേഷമേ അതിനെപ്പററി അഭിപ്രായം പറയുവാൻ നിവൃത്തിയുള്ളൂ.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഗവണ്മെൻറിന് ലാഭത്തെ ഉദ്ദേശിച്ചെങ്കിലും പ്രത്യേക കാളേജുകളിൽ ഉള്ള വിദ്യാർത്ഥികളെ ഒരുമിച്ചു ചേർത്തു പഠിപ്പിക്കാൻ പാടില്ലേ ?

ശ്രീ. എ. എ. റഹിം : അക്കാര്യത്തെപ്പററി വിദഗ്ദ്ധന്മാരുടെ അഭിപ്രായം അറിഞ്ഞതിനു ശേഷമേ മറുപടി പറയുവാൻ നിവൃത്തിയുള്ളൂ. സിലബസ്സിൻെറ കാര്യം മാത്രമായിരിക്കുകയില്ല ഇതിനു കാരണം.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : ഇപ്പോൾ വാങ്ങുവാൻ ഏർപ്പാടു ചെയ്തിരിക്കുന്ന ഉപകരണങ്ങൾ എന്തെല്ലാമാണെന്നു പറയാമോ?

ശ്രീ. എ. എ. റഹിം : അതൊരു വലിയ ലിസ്റ്റാണ്. ഇവിടെ കൊണ്ടുവന്നിട്ടുമില്ല.

ആയുർവ്വേദ ഗവേഷണകേന്ദ്രം.

*122 [18] ശ്രീ. ജെ. എ. ഭട്ട് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തിരുവനന്തപുരത്തുള്ള ആയുർവ്വേദ കാളേജിൽ ഒരു ആയുർവ്വേദ ഗവേഷണകേന്ദ്രം സ്ഥാപിക്കുവാൻ വല്ല സംഖ്യയും 1954–55-ലെ ബഡ്ജററിൽ വകകൊള്ളിച്ചിരുന്നുവോ;

(ബി) ഒരു ആയുർവ്വേദ ഗവേഷണകേന്ദ്രം ആ കാളേജിൽ സ്ഥാപിച്ചുവോ ;

(സി) മേൽ പ്രസ്താവിച്ച ഗവേഷണകേന്ദ്രം സ്ഥാപിക്കുവാൻ കേന്ദ്രഗവണ്മെൻറിൽനിന്നും വല്ല ധനസഹായവും ലഭിച്ചിട്ടുണ്ടോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) 34,000 രൂപ കൊള്ളിച്ചിരുന്നു.

(ബി) അതിനുവേണ്ട പ്രാരംഭപ്രവൃത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) പഞ്ചവത്സരപദ്ധതി പ്രകാരമാണ് ഇതു നടത്തുന്നത്. പഞ്ചവത്സരപദ്ധതിപ്രകാരമുള്ള കേന്ദ്രഗവണ്മെന്റിന്റെ ധനസഹായമല്ലാതെ ഗവേഷണത്തിന് പ്രത്യേകം ധനസഹായം ലഭിച്ചിട്ടില്ല.

ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിലേക്ക് വാങ്ങിയ ബസ്സുകൾ.

* 123. [19] ശ്രീ. പ്രാക്കുളം ഭാസി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിലേയ്ക്ക് കഴിഞ്ഞ കാലങ്ങളിൽ ബസ്സ് വാങ്ങിയ വകയിലും ഗവണ്മെന്റിനു എന്തെങ്കിലും നഷ്ടം ഉണ്ടായിട്ടുള്ളതായി അറിയിച്ചുകൊണ്ട് പരാതികൾ കിട്ടിയിട്ടുണ്ടോ ;

(ബി) ആ പരാതിയെക്കുറിച്ച്, അന്വേഷിക്കുന്നതിലേയ്ക്ക് ഈ സംസ്ഥാനത്തിലെ ഒരു ഉദ്യോഗസ്ഥനെ ഗവണ്മെന്റു വെളിയിൽ അയച്ചിരുന്നോ ;

(സി) അന്വേഷണം നടത്തിയതിനുശേഷം അദ്ദേഹം ഗവണ്മെന്റിലേയ്ക്ക് റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്നാണ് സമർപ്പിച്ചത്?

(ഡി) എന്തു നടപടികൾ നടത്തി ; ഇല്ലെങ്കിൽ എന്താണു കാരണം?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : സർ, ഈ ചോദ്യത്തിനു ഉത്തരം പറയുവാൻ എന്നെ അനുവദിക്കണം.

(എ, ബി, സി, ഡി.) സ്റ്റേറ്റ് ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെന്റിലേയ്ക്ക് ബസ്സ് വാങ്ങിയ വകയിൽ ഗവണ്മെന്റിന് നഷ്ടം വന്നിട്ടുള്ളതായി പരാതി കിട്ടിയതായി കാണുന്നില്ല. എന്നാൽ ആന്റിക്കറപ്ഷൻ ഡിപ്പാർട്ടുമെന്റിൽനിന്നും ഈ വിഷയത്തെപ്പററി അന്വേഷണം നടത്തിയതായി കാണുന്നുണ്ട്. ആ അന്വേഷണം കാൺഫിഡൻഷ്യൽ ആയിരുന്നു. അതിനെപ്പററി രണ്ടു റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. അതിൽ ആദ്യത്തെ റിപ്പോർട്ടു കിട്ടിയതു 1954 സെപ്ററംബർ മാസത്തിലാണ്. രണ്ടാമത്തേതു 1954 ഡിസംബർമാസം ആദ്യമാണ്. ഈ രണ്ടു റിപ്പോർട്ടുകളിന്മേലും സെക്രട്ടേറിയററിൽനിന്നും നടപടികൾ നടത്താതെ മുൻ മുഖ്യമന്ത്രിയുടെ കൈവശത്തിൽ ഇരിക്കുകയായിരുന്നു. അതിന്മേൽ നടപടി ഒന്നും നടത്തിക്കാണുന്നില്ല. മുൻ മുഖ്യമന്ത്രി അധികാരം ഒഴിഞ്ഞു പോയ അവസരത്തിൽ, ഈ റിപ്പോർട്ടുകൾ എന്റെ കൈവശം വന്നു. ഈ ചോദ്യത്തിനു സമാധാനം പറയുവാൻ ഇടകിട്ടുന്നതിനുമുമ്പ് ദീർഘമായ ഈ റിപ്പോർട്ടു പരിശോധിച്ചുനോക്കാൻ എനിക്ക് സൗകര്യവും ഉണ്ടായിട്ടില്ല. ചെക്കിംഗുസംബന്ധമായ ജോലികൾ ഉണ്ടായിരുന്നു. ഇന്നലെയാണ് ഇതു ഞാൻ നോക്കിയതു്. അതുകൊണ്ടു് ഇതിന്മേൽ എന്തു നടപടിയാണെടുക്കുന്നതു് എന്ന് ഈ സഭ തീരുന്നതിനു മുൻപു മറുപടി പറഞ്ഞുകൊള്ളാം.

ശ്രീ. പ്രാക്കുളം ഭാസി : ഈ രണ്ടു റിപ്പോർട്ടുകളും ഒരു ഉദ്യോഗസ്ഥനാണോ സമർപ്പിച്ചതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ വിഷയം കാൺഫി ഡൻഷ്യൽ ആയതുകൊണ്ട് ഇപ്പോൾ മറുപടി പറയണമെന്നു വിചാരിക്കുന്നില്ല. ഈ സെഷനിൽതന്നെ മറുപടി പറഞ്ഞുകൊള്ളാം.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : അന്നത്തെ ട്രാൻസ്പോർട്ട് ഡയറക്ടർ ആരായിരുന്നു?

Mr. Speaker: All supplementaries can be asked when Government furnishes information regarding this question.

Shri N. Ragahava Kurup: Will the Chief Minister say as to when we should be ready in regard to the question.

Shri Panampilli Govinda Menon : I would request the Member to be ready for any day.

ട്രാൻസ്പോർട്ടിലെ നിയമനം.

*124. [20] ശ്രീ. ടി. പി. സീതാരാമൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) റീജിയണൽ ട്രാൻസ്പോർട്ട് ബോർഡിലെ അംഗങ്ങളെ നിയമിക്കുന്നതിൽ പുതിയ വ്യവസ്ഥകൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു സ്വീകരിച്ചു;

(ബി) പുതിയ വ്യവസ്ഥകൾ എന്തെല്ലാം;

(സി) പുതിയ അംഗങ്ങളെ നിയമിച്ചതു് എന്നു്;

(ഡി) 1954-ൽ സ്റ്റേറ്റ് ട്രാൻസ്പോർട്ടുവക തൃശ്ശൂർ-എറണാകുളം, തൃശ്ശൂർ-കുന്നംകുളം ലൈനുകളിൽ എത്ര ബസ്സുകൾ ഓടിച്ചുതുടങ്ങി; ഏതുമുതൽക്കാണു് ആരംഭിച്ചതു്;

(ഇ) ഫെബ്രുവരി 15-ാംനു-വരെ ഈ ബസ്സുകളെ നടത്തിപ്പിനു് എന്തു ചെലവു വന്നിട്ടുണ്ടു്;

(എഫ്) ഈ കാലങ്ങളിൽ ഈ ബസ്സുകളിൽ എന്തു പിരിവുണ്ടു്?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ, ബി) പുതിയ വ്യവസ്ഥകൾ ഒന്നും സ്വീകരിച്ചിട്ടില്ല.

(സി) 7-2-1955.

(ഡി) തൃശ്ശൂർ-എറണാകുളം 2.
തൃശ്ശൂർ-കുന്നംകുളം 1.
1-12-1954 മുതൽ.

(ഇ) ഓരോ വട്ടിലും ഓടുന്ന ബസ്സുകളുടെ നടത്തിപ്പിന് ചെലവാകുന്ന കണക്കുകൾ പ്രത്യേകമായി സൂക്ഷിക്കാറില്ല.

(എഫ്) 14,507 ക. 7 ണ.

ശ്രീ. ടി. പി. സീതാരാമൻ : (സി) എന്നു നിയമിച്ചു എന്നു് അറിഞ്ഞാൽ കൊള്ളാം.

ശ്രീ. കെ. ഐ. വേലായുധൻ : 7-2-1955-ൽ.

ശ്രീ. ടി. പി. സീതാരാമൻ : അവിശ്വാസപ്രമേയം പാസ്സാകുന്നതിന്റെ തലേദിവസമാണോ?

ശ്രീ. കെ. ഐ. വേലായുധൻ : 7–2–1955 -ൽ ആണ്.

ശ്രീ. ടി. പി. സീതാരാമൻ : പുതിയ അംഗങ്ങളെ നിയമിക്കാൻ കാരണം എന്താണ്?

ശ്രീ. കെ. ഐ. വേലായുധൻ : ഒരു അംഗത്തെ ഒരു വർഷത്തേക്കാണ് നിയമിക്കുന്നത്. ആ കാലാവധി കഴിഞ്ഞതിൽ ഉടൻതന്നെ വേറെ ഒരംഗത്തെ നിയമിക്കുമെന്നാണ് വ്യവസ്ഥ.

ശ്രീ. ടി. പി. സീതാരാമൻ : ആ വ്യവസ്ഥ മുന്നുകൊല്ലത്തേയ്ക്ക് എന്നല്ലേ വച്ചിരിക്കുന്നത്?

ശ്രീ. കെ. ഐ. വേലായുധൻ : അല്ല. ഒരു കൊല്ലത്തേയ്ക്ക് ആണ്.

ശ്രീ. ടി. പി. സീതാരാമൻ : ഇതിന്റെ കാലാവധി കഴിയുന്നത് മാർച്ച് മാസം 31-ാംതീയതിയല്ലേ?

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങനെ പ്രത്യേക മാസം എന്നു വച്ചിട്ടില്ല. അവരെ നിയമിക്കുന്നതു മുതൽ ഒരു കൊല്ലം എന്നാണ്. അതു് ഗസററ് നോട്ടിഫിക്കേഷൻ അനുസരിച്ചായിരിക്കും. അല്ലെങ്കിൽ വേറെ ഒരു മെംബറെ നിയമിക്കുന്ന ദിവസംവരെയും ആകാം.

ശ്രീ. ടി. പി. സീതാരാമൻ : മുൻപുണ്ടായിരുന്ന അംഗങ്ങളെ നിയമിച്ച തീയതി എന്നാണ്?

ശ്രീ. കെ. ഐ. വേലായുധൻ : അതിനു നോട്ടീസ് വേണം.

ശ്രീ. ടി. പി. സീതാരാമൻ : പുതിയ അംഗങ്ങൾ ആരെല്ലാമാണ്?

ശ്രീ. കെ. ഐ. വേലായുധൻ : അതൊരു നീണ്ട ലിസ്റ്റ് ആണ്.

ശ്രീ. ടി. പി. സീതാരാമൻ : തൃശ്ശൂർ ഡിസ്ട്രിക്ററിൽ ഉള്ള അംഗങ്ങൾ ആരെല്ലാമാണ്?

ശ്രീ. കെ. ഐ. വേലായുധൻ : (1) ശ്രീ. പള്ളർ അച്ചുതമേനോൻ, അഡ്വക്കേററ്, ഇരിങ്ങാലക്കുട. (2) ശ്രീ. അഹമ്മദുണ്ണി, എക്സ്: എം. പി.

ശ്രീ. സി. എ. മാത്യു : കൊല്ലം ഡിസ്ട്രിക്ററിലേതുകൂടി പറഞ്ഞാൽ കൊള്ളാം.

ശ്രീ. കെ. ഐ. വേലായുധൻ : (1) ശ്രീ. ടി. ജെ. ജോസഫ്, റിട്ടയാർഡ് ഡിസ്ട്രിക്ററ് ജഡ്ജി, പുനലൂർ. (2) ശ്രീ. സദാനന്ദൻ, അഡ്വക്കേററ്, കൊല്ലം.

വേമ്പനാട് സ്കീം.

* 125. [21] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വേമ്പനാട്ടുസ്കീം സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ ഏതു തുണ്ടുകൊണ്ടു പൂർത്തിയാകുമെന്നാണ് ഗവണ്മെന്റ് കരുതുന്നത്;

(ബി) വേമ്പനാട്ടുസ്കീം പൂർത്തിയാകുമ്പോൾ അതുകൊണ്ട് എന്തെല്ലാം പ്രയോജനങ്ങൾ ഉണ്ടാകുമെന്നാണ് കരുതപ്പെടുന്നത് ?

മരാമത്തുവകുപ്പ് മന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) 1959 മാർച്ചുമാസം.

(ബി) 1. കുട്ടനാട്ടിലെ വെള്ളപ്പൊക്കനിവാരണം.

2. ഓരുകയറ്റം തടയുക.

3. കുട്ടനാട്ടിലെ ജലാശയങ്ങളിൽ ശുദ്ധജലം ലഭ്യമാക്കുക.

4. ഗതാഗതസൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

ശ്രീ. സി. കെ. വിശ്വനാഥൻ : ഈ സ്കീമിന് എത്ര രൂപ ചെലവു വരും ?

ശ്രീ. കെ. ഐ. വേലായുധൻ : ഇതിനു കുട്ടനാട്ടു ഡെവലപ്പ്മെൻറ് സ്കീം എന്നാണ് പേരു പറയുന്നതു്. തോട്ടപ്പള്ളി സ്പിൽവേയുടെ പണിക്ക് 57,23,000 രൂപ ചെലവു വന്നിട്ടുണ്ട്.

ശ്രീ. സി. കെ. വിശ്വനാഥൻ : വേമ്പനാട്ടുസ്കീമിനു മാത്രം എത്ര രൂപ ചെലവായിട്ടുണ്ട് ? അതിൽ മിച്ചം വല്ലതുമുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : കുട്ടനാട് ഡെവലപ്പ്മെൻറ് സ്കീം മൂന്നു തരത്തിൽ തിരിച്ചിരിക്കുകയാണ്. അതായതു്, തോട്ടപ്പള്ളി സ്പിൽവേ, തണ്ണീർമുക്കത്തു സാൾട്ട് വാട്ടർ ബാരിയർ, ആലപ്പുഴ—ചങ്ങനാശ്ശേരി റോഡ്—തോട് പണികൾ എന്നിവയാണ്. വേമ്പനാട്ടു സ്കീമിൽ ആദ്യത്തെ രണ്ട് ഐറ്റങ്ങൾ മാത്രമെ ഉണ്ടായിരുന്നുള്ളു.

ശ്രീ. സി. കെ. വിശ്വനാഥൻ : ഇതു് ഒന്നാംപഞ്ചവത്സരപദ്ധതിയിൽപെട്ട സ്കീം ആണോ ?

ശ്രീ. കെ. ഐ. വേലായുധൻ : അതെ.

ശ്രീ. സി. കെ. വിശ്വനാഥൻ : ഈ സ്കീം പൂർത്തിയായിക്കഴിയുമ്പോൾ മത്സ്യത്തൊഴിലാളികൾക്കു തൊഴിലില്ലാതെയാവുകയില്ലേ ?

ശ്രീ. കെ. ഐ. വേലായുധൻ : അതിപ്പോൾ അറിഞ്ഞുകൂടാ.

ശ്രീ. എൻ. പരമേശ്വരൻപിള്ള : ആലപ്പുഴ റോഡു പണി വരുന്ന കൊല്ലത്തിൽ തന്നെ പൂർത്തിയാകുമോ ?

ശ്രീ. കെ. ഐ. വേലായുധൻ : കഴിയുന്നത്രവേഗം പൂർത്തിയാക്കും. പതിനഞ്ചു മൈൽ ഉള്ള ഒരു ജോലിയാണ് അതു്.

ശ്രീ. സി. കെ. വിശ്വനാഥൻ : തണ്ണീർമുക്കത്തുള്ള പണികൾ നിറുത്തിവച്ചിരിക്കുന്നതു് എന്താണ് ?

ശ്രീ. കെ. ഐ. വേലായുധൻ : കൊച്ചി ഹാർബറിൽ ഉള്ള ചില തടസ്സങ്ങൾ മൂലം മാററി വച്ചിരിക്കുകയാണ്.

ശ്രീ. സി. കെ. വിശ്വനാഥൻ : എത്രയും വേഗം ആ തടസ്സങ്ങൾ പരിഹരിച്ചു് പണി തുടങ്ങുമോ ?

ശ്രീ. കെ. ഐ. വേലായുധൻ : ശ്രമിക്കാം.

ശ്രീ. കെ. സി. ജാജ്ജ് : ആലപ്പുഴ—ചങ്ങനാശേരി റോഡ്ന്റെ പ ി പുത്തിയാകുമ്പോൾ രണ്ടു വശങ്ങളിലും കാളനക്കൾ പണികഴിപ്പിക്കുമോ ?

ശ്രീ. കെ. ഐ. വേലായുധൻ : നോട്ടീസ് വേണം.

കള്ളുഷാപ്പ് കൺട്രാക്റ്ററന്മാരിൽനിന്നു കിസ്സ്.

* 126. [22] ശ്രീ. സ്. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷംവരെ കള്ളുഷാപ്പ് കൺട്രാക്റ്ററന്മാരിൽനിന്ന് കിസ്സ് ഇനത്തിൽ എത്ര സംഖ്യ ഈടാക്കുവാനുണ്ട്;

(ബി) കുടിശ്ശിക ഈടാക്കുന്നതിന് ഗവണ്മെന്റ് സ്വീകരിച്ചിട്ടുള്ള നടപടികളെന്തു്;

(സി) സാമ്പത്തികവൈഷമ്യങ്ങൾ ഉള്ള കൺട്രാക്റ്റർമാർക്ക് സൗജന്യങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഗവണ്മെന്റിലേയ്ക്ക് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) 1954 ഏപ്രിൽ മാസം 1-ാംനു-വരെ 55,09,756-രൂപ. 1955 ജനുവരിവരെ (തന്നാണ്ടത്തേതു്) ഇരുപത്താറുലക്ഷംരൂപ.

(ബി) റവന്യൂ റിക്കവറി ആക്റ്റ് അനുസരിച്ച് കുടിശ്ശിക ഈടാക്കാൻ നടപടി എടുത്തിട്ടുണ്ട്.

(സി) നിവേദനം ലഭിച്ചിട്ടുണ്ട്.

ശ്രീ. സി. കെ. വിശ്വനാഥൻ: കുടിശ്ശിക വരുത്തിയിട്ടുള്ള കൺട്രാക്റ്ററന്മാർക്ക് ആർക്കെങ്കിലും ഇപ്പോഴും കൺട്രാക്റ്റ് കൊടുത്തിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം: നോട്ടീസ് വേണം.

ശ്രീ. സി. കെ. വിശ്വനാഥൻ: അങ്ങനെ കൊടുത്തിട്ടുണ്ടോ എന്നു അന്വേഷിക്കാമോ?

ശ്രീ. എ. എ. റഹിം: അന്വേഷിക്കാം.

ആയുർവ്വേദവൈദ്യന്മാരുടെ നിയമനം.

* 127. [23] ശ്രീ. കുട്ടപ്പൻ കോയിക്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദ ആശുപത്രികളിലും ഡിസ്പെൻസറികളിലും വൈദ്യന്മാരായി നിയമിക്കുന്നവരിൽനിന്നും വൈദ്യശാസ്ത്രപരീക്ഷ പാസ്സായ എ—ക്ലാസ്സ് മെഡിക്കൽ പ്രാക്റ്റീഷണറന്മാരെ ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്തു്;

(ബി) വൈദ്യന്മാരുടെ നിയമനയോഗ്യതകൾ എന്തെല്ലാം?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) വൈദ്യശാസ്ത്രിപരീക്ഷമാത്രം പാസ്സായിട്ടുള്ളവരെ ഒഴിവാക്കിയിട്ടുണ്ട്. അവക്ക്, ഒരു കൊല്ലം ഒരു ഗവണ്മെൻറാശുപത്രിയിൽ പ്രായോഗികപരിശീലനം സിദ്ധിച്ചിട്ടുണ്ടെങ്കിൽ വൈദ്യന്മാരായി നിയമിക്കപ്പെടുന്നതിന് അപേക്ഷിക്കാവുന്നതാണ്.

വൈദ്യശാസ്ത്രി പരീക്ഷ പാസ്സായിട്ടുള്ളവക്ക് യോഗ്യത പോരെന്നു തോന്നുന്നതുകൊണ്ടാണ് നിയമിക്കാത്തത്.

(ബി) 1. വൈദ്യകലാനിധി
2. വൈദ്യഭൂഷണം
3. വൈദ്യശാസ്ത്രി
4. ആയുർവ്വേദഭൂഷണം.

ഒടുവിൽ പറഞ്ഞ മൂന്നു വിഭാഗത്തിലുമുള്ളവർ പ്രായോഗിക പരിശീലനം നടത്തിയിട്ടുള്ളവരായിരിക്കണം.

ശ്രീ. കുട്ടപ്പൻ ചോയിക്കൽ: വൈദ്യശാസ്ത്രിപരീക്ഷ പാസ്സായിട്ടുള്ളവക്ക് പ്രായോഗിക പരിശീലനം നടക്കുന്നില്ല എന്നറിയാമോ?

ശ്രീ. എ. എ. റഹിം: അറിഞ്ഞുകൂടാ.

ശ്രീ. ടി. പി. സീതാരാമൻ: വൈദ്യശാസ്ത്രിപരീക്ഷ പാസ്സായിട്ടുള്ള ആളുകൾക്ക് ഉദ്യോഗത്തിന് യോഗ്യതയില്ലെന്ന് നോട്ടിഫിക്കേഷൻ ഉണ്ടായിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം: നോട്ടീസ് വേണം.

ശ്രീ. ടി. പി. സീതാരാമൻ: പാരമ്പര്യമായി ആയുർവ്വേദവൈദ്യന്മാരായിരിക്കുന്നവരെ സംബന്ധിച്ചിടത്തോളം, നിയമനക്രമത്തിൽ പരീക്ഷയോഗ്യതയിൽനിന്നും ഒഴിച്ചുകൂടേ?

ശ്രീ. എ. എ. റഹിം: അതിനെപ്പററി അന്വേഷിക്കാം.

WRITTEN ANSWERS.

Road Transport.

*128. [27] **Shri V. V. Sebastian:** Will the Minister for Works be pleased to state:

(a) whether the Government have prepared phased programmes of their schemes of road transport as per the directions given by the Planning Commission;

(b) if so, will the Government be pleased to publish the programmes;

(c) if answer to (a) above is in the negative, will the Government be pleased to prepare such programmes without delay?

Minister for Works **(Shri K. I. Velayudhan):** (a) A phased programme of nationalised road transport for inclusion in the Second Five Year Plan is under consideration of Government.

(b) The programme will be published, if considered necessary, after it is finalised.

(c) Does not arise.

UNSTARRED QUESTIONS AND ANSWERS

വിദ്യുച്ഛക്തി വിതരണം.

16. [1] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമരവിള–ആനപ്പാറ റോഡിലേക്ക് വൈദ്യുതലൈൻ നീട്ടിക്കിട്ടണമെന്നു കാണിച്ച് എന്തെങ്കിലും നിവേദനങ്ങൾ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(സി) പ്രസ്തുത ലൈനിലേക്ക് വൈദ്യുതവിതരണം ചെയ്യുവാനുതകുന്ന നടപടികൾ ഉടനടി സ്വീകരിക്കുവാൻ ഗവണ്മെൻറ് തയ്യാറാകുമോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) വൈദ്യുതലൈൻ നീട്ടുന്നതിലേക്ക് ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(സി) അടുത്തയാണ്ടിലെ ബഡ്ജറ്റിലെ തുകകൾക്കനുസരണമായി പ്രസ്തുത ജോലി നിർവ്വഹിക്കാവുന്നതാണ്.

പഞ്ചായത്തു സ്പെഷ്യൽ ഗ്രാൻറ്

17. [5] ശ്രീ. വി. ശ്രീധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തു ഡയറക്ടർ 8939-ാംനമ്പരായി ഒരു ജനറൽ സർക്കുലർ എല്ലാ പഞ്ചായത്തുകൾക്കും അയച്ചിട്ടുള്ള വസ്തുത ഈ ഗവണ്മെൻറിനു് അറിവുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സർക്കുലറിൽ ആവശ്യപ്പെട്ടിരുന്നതനുസരിച്ച് ആയിരം രൂപ സ്പെഷ്യൽ ഗ്രാൻറിന്റെ മരാമത്തു ജോലികൾ എത്ര പഞ്ചായത്തുകൾ ചെയ്തുതീർത്തിട്ടുണ്ട്;

(സി) ഈ ജോലി ചെയ്തുതീർത്തിട്ടുള്ള എല്ലാ പഞ്ചായത്തുകൾക്കും ആയിരം രൂപാ വീതമുള്ള സ്പെഷ്യൽ ഗ്രാൻറ് അനുവദിച്ചുകൊടുത്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ആകെ എത്ര പഞ്ചായത്തുകൾക്ക് ഈ സ്പെഷ്യൽ ഗ്രാൻറ് അനുവദിച്ചുകൊടുത്തിട്ടുണ്ട്;

(ഇ) അതിൽ കൊച്ചി വിഭാഗത്തിൽ എത്ര പഞ്ചായത്തുകൾക്കാണ് ഈ സ്പെഷ്യൽ ഗ്രാൻറ് നൽകിയിട്ടുള്ളത്;

(എഫ്) തിരുവിതാംകൂർ വിഭാഗത്തിൽ എത്ര പഞ്ചായത്തുകൾക്കാണ് ഈ സ്പെഷ്യൽ ഗ്രാൻറ് നൽകിയിട്ടുള്ളത്?

ഉത്തരം.

(എ) ജനറൽ സർക്കുലർ അയച്ചതായി അറിവുണ്ട്.

(ബി) 80 പഞ്ചായത്തുകൾ മരാമത്തു പണികൾ ചെയ്തുതീർത്തിട്ടുണ്ട്.

(സി) തിരുവിതാംകൂർ-കൊച്ചിയിലെ എല്ലാ പഞ്ചായത്തുകൾക്കും 1000 രൂപാ വീതം ഗ്രാൻറ് നൽകിയിട്ടുണ്ട്.

(ഡി, ഇ, എഫ്) സി-യുടെ ഉത്തരത്തിൻെറ വെളിച്ചത്തിൽ ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

സഹകരണസംഘം.

18. [10] ശ്രീ. എം. ഗ്ം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണപ്രകൂപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഗവണ്മെൻറിൽനിന്നും സംസ്ഥാനത്തുള്ള ഏത്ര സഹകരണ സംഘങ്ങളിൽ ഓഹരി എടുത്തിട്ടുണ്ട്;

(ബി) ഏതെല്ലാം;

(സി) എത്ര രൂപയുടെ ഓഹരി എടുത്തിട്ടുണ്ട്?

ഉത്തരം.

(എ) ഗവണ്മെൻറിൽനിന്നും സംസ്ഥാനത്തുള്ള ഒരു സഹകരണ സംഘത്തിൽ ഓഹരി എടുത്തിട്ടുണ്ട്.

(ബി) തിരുവിതാംകൂർ-കൊച്ചി സംസ്ഥാന സഹകരണബാങ്ക് (ക്ണപ്പം) തിരുവനന്തപുരം.

(സി) അഞ്ചുലക്ഷം രൂപയുടെ ഓഹരി എടുത്തിട്ടുണ്ട്.

9 A. M.

LEGISLATIVE BUSINESS.

THE TRAVANCORE-COCHIN AGRICULTURAL INCOME TAX (AMENDMENT) BILL, 1955.

Chief Minister **(Shri Panampilli Govinda Menon)** : Sir, I, the Chairman of the Select Committee appointed to consider the Travancore-Cochin Agricultural Income Tax (Amendment) Bill, beg to present the report of the Committee on this Bill to the House.

Motion *re* extension of time for presentation of the Report of the Committee of Privilegas.

Shri D. Damodaran Potti : Sir, I move that the time for the presentation of the Report by the Committee on the question of alleged breach of privilege referred to it, be extended till the end of October 1955.

The Speaker had, under Rule 174 of the Rules of Procedure, referred to the Committee of Privileges a question of alleged breach of privilege contained in the editorials of the "Malayali" dated the 2nd January 1955 and the 6th February

1955. The reference was made on the 28th February 1955, and the same was intimated to the hon. Members in the Legislature Secretariat Bulletin No. 118, issued on the 19th March 1955.

Rule 169 of the Rules of Procedure requires that, where the Assembly has not fixed any time for the presentation of the Report, the Report shall be presented within one month of the date on which reference to the Committee was made.

It was not possible for the Committee to meet till date and present a report to the House.

I, therefore, move under Rule 169 (1) of the Rules of Procedure that the time for the presentation of the Report by the Committee may be extended till the end of October 1955.

Mr. Speaker : I think the House agrees to grant the request for extending the time for the presentation of the Report till the end of October 1955.

The House signified its assent.

The motion was adopted.

GENERAL DISCUSSION OF THE BUDGET—(*contd.*)

Mr. Speaker : Mr. Sastri can now continue. I can give him only 5 minutes.

ശ്രീ. കെ. എസ്സ്. കൃഷ്ണശാസ്ത്രി : സർ, ഇന്നലെ ഞാൻ സംസാരിച്ചുകൊണ്ടിരുന്നതു് വിദ്യാഭ്യാസസംബന്ധമായ കാര്യങ്ങളെക്കുറിച്ചായിരുന്നു. സ്വന്തം മാതാവിനെ ഉപേക്ഷിച്ചു് അന്യസ്ത്രീകളെ അമ്മ എന്നു വിളിക്കുന്ന സമ്പ്രദായമാണു് ഇന്നത്തെ ഭരണകൂടം വിദ്യാഭ്യാസവിഷയത്തിൽ കാണിക്കുന്നതു്. ഈ രാജ്യത്തെ മാതൃഭാഷയേയും പൗരസ്ത്യഭാഷകളേയും അവഗണിച്ചുകൊണ്ടു് വിദേശീയ ഭാഷയിൽ അതീവതാല്പര്യം പ്രദർശിപ്പിക്കുന്നതു് ഈ രാജ്യത്തോടും ഈ രാജ്യത്തിന്റെ സംസ്കാരത്തോടും ചെയ്യുന്ന ഒരു മഹാപരാധംതന്നെയാണു്. ആ നയം എത്രയും വേഗം മാററി പൗരസ്ത്യഭാഷകൾക്കും അവയുടെ മൂലസ്ഥാനമർഹിക്കുന്ന സംസ്കൃതഭാഷയ്ക്കും പ്രോത്സാഹനം നൽകത്തക്കവണ്ണം വേണ്ട നടപടികളെടുക്കുവാൻ മടിക്കുകയില്ലെന്നു വിശ്വസിക്കുന്നു. ഇവിടത്തെ യൂനിവേഴ്സിററി മററു പരീക്ഷാബിരുദങ്ങൾ സമ്പാദിച്ചിട്ടുള്ളവർക്കു് കൊടുത്തുവരുന്ന പ്രോത്സാഹനം പൗരസ്ത്യഭാഷാബിരുദം സമ്പാദിച്ചിട്ടുള്ളവർക്കു് കൊടുത്തു കാണുന്നില്ല. അവർക്കു് ഉദ്യോഗനിയമനകാര്യത്തിലും മററു പല കാര്യങ്ങളിലും പ്രാധാന്യം നൽകേണ്ടതാണു്. മഹോപാദ്ധ്യായപരീക്ഷ പാസ്സായിട്ടുള്ളവരെ സംബന്ധിച്ചിടത്തോളം ഒരു ചിററമ്മ നയം ആണു് ഗവണ്മെൻറു് അനുവർത്തിച്ചുവരുന്നതു്. സംസ്കൃത ഹൈസ്കൂളിൽ ശാസ്ത്രിപരീക്ഷ പാസ്സായതിനുശേഷം ഗവണ്മെൻറു കാളേജിൽ ചേൎന്നു സുദീൎഘമായ അഞ്ചു സംവത്സരങ്ങൾ ഗഹനമായ ശാസ്ത്രങ്ങളും മററും പഠിച്ചു് മൂന്നു പബ്ലിക് പരീക്ഷകൾ പാസ്സായിവരുന്ന ആളുകളാണു് മഹോപാദ്ധ്യായന്മാർ. മഹോപാദ്ധ്യായന്മാരെ സംബന്ധിച്ചുള്ള അവശ്യതകൾ പരിഹരിക്കുന്നതിനെപ്പററി വിദ്യാഭ്യാസമന്ത്രിയുമായി സംസാരിച്ചപ്പോൾ അദ്ദേഹം നൽകിയ വിവരണത്തിൽനിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞതു് വാസ്തവത്തിൽ പ്രോത്സാഹനം അർഹിക്കുന്നതു് മഹോപാദ്ധ്യായന്മാൎക്കല്ല, മറിച്ചു് ശാസ്ത്രി

[ശ്രീ. കെ. എസ്. കൃഷ്ണശാസ്ത്രി]

മാക്കാണ് എന്നാണ്. ശാസ്ത്രിയും മഹോപാദ്ധ്യായനും തിരിച്ചറിയുവാൻ അറിവില്ലാത്ത മന്ത്രിമാരാണ് വിദ്യാഭ്യാസം കൈകാര്യം ചെയ്തിട്ടുള്ളത്. സർ, അതു് തെററായ ഒരു നിഗമനമാണ്. അതുകൊണ്ട് മഹോപാദ്ധ്യായ പാസ്സായിട്ടുള്ളവർക്കും അതിനെത്തുടർന്ന ബി. എ. പാസ്സായിട്ടുള്ളവർക്കും പ്രാധാന്യം നൽകണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

സർ, എനിക്ക് നൽകിയിട്ടുള്ള സമയം വളരെ പരിമിതമാണെങ്കിലും ഒരു കാര്യംകൂടി പറയുവാൻ അനുവദിക്കണമെന്നഭ്യർത്ഥിക്കുന്നു.

Mr. Speaker: Order, order. I want to be very strict today in regard to the allocation of time for discussion of the Budget, because today is the last day. The hon. Minister has to reply and some Party Leaders also have to speak. So, I cannot allow more time than what I have already announced.

Shri A. A. D. Luiz:

Sir,

It is my duty to speak of a few of the major difficulties that is now being experienced by the Other Backward Communities at large. Thirty-two small groups of people have been declared as included in the list of the Other Backward Communities by the Government exercising powers under Article 16 (4) of the Constitution of India. The narrations I have to make may rightly be described as deadlocks confronting all of them and even the Scheduled Castes and Tribes in this State. I would in particular request Minister Shri Kochukuttan to give me a patient ear.

The first and the most conspicuous of difficulties that the Backward Communities experience is the negligent treatment they are receiving at the hands of private educational institutions. You are all aware that these backward groups are entitled to free of fee education. Well, are you aware of the fact that most of the educational institutions insist that fees be paid and that too just as usual. However, they do make a promise—namely, that a refund shall be effected as and when reimbursements are received from the Government. Does the Government of this State realise that this behaviour on the part of private educational institutions is just an out and out violation of the directive given to the institutions by the Government. Sir, the backward communities are experiencing these diffiulties both in colleges and schools and we have to bear in mind that almost all schools depend on the Government funds for their being conducted as such. I can give you scores of instances when students have neither received the concession nor the refund.

In colleges the story is indeed sadder. The authorities insist that fees be paid in time and assure that a re-fund shall be made when reimbursements are received from the

Government. The indifference of private colleges is today a very conspicuous matter. Well, I do understand that the Government and the University of our State have very little control over colleges. That should be the very reason that the University Act is enacted as expeditiously as possible to give the Government control over colleges. I would request the Government to give this matter their early attention.

The difficulties or rather deadlocks experienced by the Other Backward Communities could be eliminated if Government reimbursements are effected with promptness. Reduce the Red Tape and that shall be to the advantage of all.

I would like to caution the educational institutions against negligent treatment and also to bring to the attention of the Government that a citizen of India who has certain benefits to be availed of, by virtue of the declarations made under provisions of Article 16(4) of the Constitution of India can, *vide* provisions of Article 14, move the High Court of the State, if he has been denied the privilege of equal protection. If the gentlemen of the Treasury Benches feel doubtful about what I have stated, I would refer them to the eminent commentators of the Constitution of India.

The next very serious matter I have to bring to the attention of the Government is the limit of income under which a guardian can avail of educational concessions for his children. Many a member in this House will be surprised to hear that a guardian whose income is below Rs. 900 per annum, namely Rs. 75 per month, alone can avail of concessions for his children in the schools and the limit for colleges is Rs. 1080 per annum, namely Rs. 90 per mensem. No one having an income above Rs. 75 per mensem can have educational concessions in schools and no one having an income above Rs. 90 per mensem can have educational concessions in colleges. Do you gentlemen realise that these limits are very low indeed? Interesting indeed the number of children a parent has, does not come in for consideration at any stage. The number of children should be the criterion and adequate relief granted accordingly. Compare these limits and the existing minimum wages. May I also inform you that the ceiling income decided on is arrived at after taking into account dearness allowances as well. All this needs revision forthwith. Let me give you comparative figures. I am not quoting the figures in the other States because I am not in possession of authoritative documents. In most of the States, the ceiling of income is higher. I can give you the ceiling fixed by the Government of India. The same is Rs. 500 per mensem. Just imagine the glaring contrast—where is Rs. 500 per mensem and Rs. 75 per mensem? I am not trying to disillusion this House. The limit of Rs. 500 is clearly stated in the Government of India Proceedings No. F. 13-1|54-S,4. dated the 26th July 1954 (New Delhi). I do concede that a sudden raising of the limit from Rs. 75 to Rs. 500 may not be possible forthwith but an immediate increase from Rs. 75 to Rs. 250 would be quite possible and equitable.

[Shri A. A. D. Luiz]

There is a third matter that I would like to bring to the attention of this House. A declaration under the provisions of Article 16 (4) entitles the members of the community to have preferential treatment in the State Services. Sir, let this House be conversant with the fact that though minority communities have been declared as Backward Communities as early as the 2nd December 1953, till now no directive has been issued to the Public Service Commission. Two years have lapsed and nothing has happened. This House will agree that this conspicuous indifference should not be tolerated. Several times I have brought to the attention of the past Ministry that the Public Service Commission had not received the directives but all that cry fell on deaf ears.

It is with great satisfaction that we who are members of the minor Backward Communities have heard the Budget Speech announcing an additional allotment of Rs. 2·82 lakhs for the advancement of backward communities. Well hon. Chief Minister Shri Panampilli Govinda Menon rightly reiterates that the advancement of backward communities is part and parcel of the National Development Scheme. I hope that it will be treated with that consideration at all times.

Mr. Speaker: You may please cut short your speech. Your time is up.

Shri A. A. D. Luiz: When working out democracy for the betterment of the people, some method should be found by which the backward minorities are not ignored or harrassed. It is not so much on the written words of the printed Constitution and typed Government Orders that will ultimately depend whether we reach our full status, but it is the spirit in which the Leaders and Administrators of the country in this State, implement the Sacred Constitution of ours, the spirit with which our Leaders implement directives and the spirit in which they approach the vast problems that confront India and in particular the backward people of this State.

ശ്രീ. ഇടിക്കുള ഇടിക്കുള: സർ, വളരെ പ്രതീക്ഷയോടുകൂടിയാണ് ഈ വർഷത്തെ ബഡ്ജററ് ഞങ്ങൾ നോക്കിക്കൊണ്ടിരുന്നതു്. എന്താണ്ടു രണ്ടു കൊല്ലങ്ങൾക്കു മുൻപു ഇന്നത്തെ ധനകാര്യമന്ത്രി കൊണ്ടുവന്ന ബഡ്ജററിനേക്കാൾ ഈ ബഡ്ജററിൽ പുരോഗമനം കാണുന്നുണ്ടെന്നുള്ളതിൽ എനിക്കു് സന്തോഷമുണ്ടു്. ആദ്യം സ്വാതന്ത്ര്യം നേടിയ അവസരത്തിൽ കാൺഗ്രസ്സു് അധികാരത്തിൽ വന്നു. അന്നത്തെ അവരുടെ മനോഭാവം അത്രവളരെ പുരോഗമനാത്മകമായിരുന്നില്ല. എന്നാൽ ഇന്നു് കാൺഗ്രസ്സ്, ആവടിയിൽ കൂടിയ സമ്മേളനത്തിൽ സ്വീകരിച്ച ആ തീരുമാനങ്ങളുടെ വെളിച്ചത്തിൽ വളരെ പുരോഗമനപരമായ കാര്യങ്ങൾ ഇന്നത്തെ ബഡ്ജററിൽ ഉൾക്കൊള്ളിക്കുവാൻ ധനകാര്യമന്ത്രി ശ്രമിച്ചിട്ടുണ്ടു്. അതിൽ അദ്ദേഹത്തെ അനുമോദിക്കേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസകാര്യത്തിൽ

മുമ്പുള്ളതിനെ അപേക്ഷിച്ച് വളരെ കൂടുതൽ തുക ഇക്കൊല്ലത്തെ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പൊതുജനക്ഷേമപ്രദമായ മററു പല കാര്യങ്ങളിലും കൂടുതൽ തുക കൊള്ളിച്ചിട്ടുണ്ടെന്നു കാണുന്നതും സന്തോഷകരംതന്നെ.

ഇങ്ങനെ പൊതുവെ നോക്കുമ്പോൾ ബഡ്ജററ് തൃപ്തികരമാണെങ്കിലും, തിരുവിതാംകൂർ-കൊച്ചിയിലെ ഒരു പൗരൻ എന്നുള്ള നിലയിൽ ബഡ്ജററിനെ സ്വാഗതം ചെയ്യേണ്ടതാണെങ്കിലും റാന്നിയിലെ വോട്ടറന്മാരുടെ പ്രതിനിധി എന്ന നിലയിൽ നോക്കുമ്പോൾ എനിക്ക് ബഡ്ജററിനെപ്പററി അനല്പമായ കുണ്ഠിതം തോന്നുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിലെ താമസക്കാരായ കർഷകർക്ക്, അവരുടെ നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം വരുത്തത്തക്ക പലതും ഈ ബഡ്ജററിൽക്കൂടി ചെയ്യാമായിരുന്നു. റാന്നിയെ സംബന്ധിച്ചിടത്തോളം അക്കാര്യത്തിൽ വലിയ നിരാശയാണുള്ളത്. താലൂക്കടിസ്ഥാനത്തിൽ ഓരോ ആശുപത്രിയുണ്ടായിരിക്കണമെന്നു ധനകാര്യമന്ത്രി പ്രസ്താവിച്ചിരിക്കുന്നതു് സന്തോഷകരംതന്നെ. എന്നാൽ ചില പകുതികളിൽക്കൂടി ആശുപത്രികൾ സ്ഥാപിക്കേണ്ടതായുണ്ട്. വിസ്തീർണ്ണവും ജനസംഖ്യയും കൂടുതലുള്ള പകുതികൾ ഉൾക്കൊള്ളുന്ന താലൂക്കുകളിൽ ഒന്നിലധികം ആശുപത്രികൾ സ്ഥാപിക്കേണ്ടതായുണ്ട്.

കഴിഞ്ഞ തിരെഞ്ഞെടുപ്പുകാലത്ത് ഇന്നത്തെ മുഖ്യമന്ത്രി റാന്നി സന്ദർശിച്ചിട്ടുണ്ട്.....

ശ്രീ. കെ. സി. ജോർജ്ജ് : അടുത്തകാലത്തും മുഖ്യമന്ത്രി റാന്നി സന്ദർശിച്ചിട്ടില്ലേ?

ശ്രീ. ഇടിക്കുള ഇടിക്കുള : ഉണ്ട്. അവിടെ നാറാട്, കന്നം, പെരുനാട് മുതലായ സ്ഥലങ്ങളിൽ ആശുപത്രികൾ ഇല്ലാത്തതുകൊണ്ട് ജനങ്ങൾ വളരെ വിഷമിക്കുന്നുണ്ട്. ഇപ്പോൾ കേവലം ശുഷ്കിച്ച ഒരു ഡിസ്പെൻസറിമാത്രമെ അവിടെയുള്ളൂ. വളരെ വിദൂരമായ സ്ഥലത്തു സ്ഥിതിചെയ്യുന്ന കോഴഞ്ചേരിയിലുള്ള ആശുപത്രിയിൽ വേണം അവർക്കു പോകാൻ. പ്രത്യേകിച്ച് ഗതാഗതസൗകര്യമില്ലാത്ത റാന്നിപോലെയുള്ള പ്രദേശത്ത് ആശുപത്രിയില്ലാത്തതുകൊണ്ട് വളരെ കഷ്ടതകൾ അനുഭവിക്കേണ്ടതായി വരുന്നു. അതിനാൽ റാന്നി പകുതിയിലെ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തണമെന്ന് അപേക്ഷിക്കുന്നു.

പമ്പാ റിവറിൻെപ്പററി ഒരു വാക്ക് പറയുവാനുണ്ട്. ഈ നദി മൂലം, രാജ്യത്തിനുണ്ടാകാവുന്ന പ്രയോജനം അളവററതാണ്.

ഇതിൻെറ ഉൽപ്പത്തിസ്ഥാനത്തിനടുത്തുള്ള ഒരു ഏരിയായിരിന്നിനുമുക്ക് ഇവിടെ ആവശ്യമുള്ള വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കുവാൻ സൗകര്യമുള്ളതാണ്. സർ, എൻെറ സ്നേഹിതന്മാർ ഈ വശത്തുനിന്നും കാൺഗ്രസ്സിൻെറ നയത്തെ വാനോളം പുകഴ്ത്തുകയുണ്ടായി ; മറുവശത്തുനിന്നും അതുപോലെതന്നെ വളരെ നിശിതമായി വിമർശിക്കയും ചെയ്തു. എൻെറ ചില സ്നേഹിതന്മാർ ഇവിടെ അധികാരത്തിൽ വരുന്നതിനു കാൺഗ്രസ്സ് ഉപയോഗിച്ച നയത്തെപ്പററിയും ഇവിടെ പറയുകയുണ്ടായി. സർ, ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥിതിക്കുവേണ്ടി നിലകൊള്ളുന്നവനാണു ഞാൻ. പ്രജാസോഷ്യലിസ്ററുപാർട്ടി എണ്ണത്തിൽ കുറവായിരുന്നാലും അവർ സോഷ്യലിസ്ററു വ്യവസ്ഥിതിയിൽ ആഗ്രഹമുള്ളവരാണെന്നു കണ്ട

[ശ്രീ. ഇടിക്കുള ഇടിക്കുള]

തുകൊണ്ടാണ് ഞാൻ ആ ഭാഗത്തു ചേരുവാൻ ഇടയായതു്. എന്നാൽ ഇന്നു രാജ്യത്തു സോഷ്യലിസം കെട്ടിപ്പടുക്കുവാൻ ആവടിയിൽ നടന്ന കാൺഗ്രസ്സിന്റെ വാർഷികസമ്മേളനം തീരുമാനിച്ചതിനെ തുടർന്ന് ഞാൻ കാൺഗ്രസ്സ് സംഘടനയിൽ ചേരുവാൻ ഇടയായി. അതിനെപ്പററി ഉണ്ടായ വിമർശനങ്ങളെക്കുറിച്ചു് എനിക്കു വിശേഷിച്ചൊന്നും പറയുവാനില്ല. നമ്മുടെ രാജ്യം ഒരു ക്ഷേമരാഷ്ട്രമാക്കണമെന്നും ഒരു സോഷ്യലിസ്ററു വ്യവസ്ഥിതി ഇവിടെ ഉണ്ടാക്കണമെന്നും ഉള്ള ആഗ്രഹം ഇൻഡ്യയിലെ ഓരോ പൗരനും ഉണ്ടാകേണ്ടതാണ്. പരിശുദ്ധമായ മനസാക്ഷിയും ഉത്തമവിശ്വാസവും ഉള്ള ഏതൊരു പൗരനും ഇതുണ്ടാകേണ്ടതാണ്, ഇത്രയും പറഞ്ഞുംകൊണ്ടു് ഞാൻ ബഡ്ജററിനെ പിൻതാങ്ങുന്നു.

ശ്രീ. ടി. എ. മജീദ് : അങ്ങനെയാണെങ്കിൽ രാജിവച്ചു് ഇലക്ഷനു നില്ക്കുന്നതല്ലേ ശരി ?

Mr. Speaker : No, I am not going to allow any more discussion.

ശ്രീ. മഞ്ജുനാഥപ്രഭു : ബഹുമാനപ്പെട്ട ഫൈനാൻസ് മന്ത്രിയുടെ ബഡ്ജററു പ്രസംഗത്തിന്റെ ഒന്നാംപേജിൽ രണ്ടാംഖണ്ഡികയിൽ ഇങ്ങനെ പറയുന്നു:

"It is perhaps natural that this should have generated some amount of bitterness in the minds of those who had to give up power and to move to the opposition benches."

ഇതിന്റെ അർത്ഥം എന്താണെന്നു മനസ്സിലാകുന്നില്ല. 1123 മുതൽ ഇവിടെ കാൺഗ്രസ്സ് ഭരിച്ചു. കഴിഞ്ഞ പ്രാവശ്യം 11 മാസം പ്രജാസോഷ്യലിസ്ററു പാർട്ടിയും ഇവിടെ ഭരിക്കുകയുണ്ടായി. ഇവിടെ ഭരണകക്ഷിയായി മാറുന്നതിനാവശ്യമുള്ള അംഗസംഖ്യയൊന്നും ഉണ്ടായിരുന്നില്ലെങ്കിലും 45 അംഗങ്ങൾ ഉള്ള കാൺഗ്രസ്സ് സഹായവാഗ്ദാനം നല്കി. പി. എസ്സ്. പി. ഇവിടെ ഭരണഭാരം ഏൽക്കാനുണ്ടായ സാഹചര്യം ഒന്നുവേറെയാണ്. തമിഴനാട്ടുകാരുമായി യോജിക്കുവാൻ നിവൃത്തിയില്ലെന്നുള്ള കാരണത്താൽ അവരുമായി പിരിഞ്ഞു ഭരണം മാറിയതിനു ശേഷം ഇപ്പോഴും ആ തമിഴ്നാട്ടുകാരുമായി യോജിച്ചു ഭരണം നടത്താം എന്നു വിചാരിക്കുന്നതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. മാത്രമല്ല തമിഴ്നാടു പ്രക്ഷോഭണം നടന്നകാലത്തു് തമിഴ്നാട്ടിലുണ്ടായ വെടിവയ്പിനു ഉത്തരവാദിത്വം പി. എസ്സ്. പി.ക്കു മാത്രമല്ല പ്രജാസോഷ്യലിസ്ററുപാർട്ടിയെ സപ്പോർട്ടുചെയ്തുനിന്നിട്ടുള്ള കാൺഗ്രസ്സുകാർക്കും ഉള്ളതാണ്. ദേവികുളത്തു് 144 പ്രഖ്യാപിച്ചിരുന്ന സമയത്തു് തമിഴ്നാട്ടിൽ നേശമണിരാശാ എന്നറിയപ്പെടുന്ന ഒരു എം. പി. ആയ ശ്രീ. നേശമണി ദേവികുളത്തു ചെന്നു നിയമലംഘനം നടത്തുകയുണ്ടായി. അങ്ങനെയുള്ള ഡയറക്ട് ആക്ഷനെ ചെറുത്തുനില്ക്കണമെന്നു കാൺഗ്രസ്സുകാർ ഏകകണ്ഠമായി അഭിപ്രായപ്പെടുകയുണ്ടായി. പട്ടം താണുപിള്ളയുടെ ഗവമ്മെൻറിനു ആ കാര്യത്തിൽ സകല സപ്പോർട്ടും നല്കിയ കാൺഗ്രസ്സിനു തമിഴ്നാട്ടിലെ കുഴപ്പത്തിനു പി. എസ്സ്. പി.ക്കാരെപ്പോലെതന്നെ ഉത്തരവാദിത്വമുണ്ട്. ആഗസ്റ്റ് 11-ാംനു ഡയറക്ട് ആക്ഷൻ തുടങ്ങാൻ പോകുന്നു എന്നറിഞ്ഞപ്പോൾ കാൺഗ്രസ്സ് നേതാവായ നെഹ്റു, അതു

പാടില്ലെന്നു തമിഴ്നാട്ടു കാൺഗ്രസ്സ് പ്രസിഡൻറായ ശ്രീ. പി. രാമസ്വാമിപിള്ളയ്ക്കു് ലററർ എഴുതി. എന്നിട്ടും അവർ അതു് അനുസരിച്ചില്ല. ഇവിടത്തെ നാലോ അഞ്ചോ താലൂക്കുകൾ മദ്രാസിൽ ലയിക്കുന്നതിനെപ്പററി ആർക്കും സങ്കടമില്ല. എന്നാൽ അതിനു് അഖിലേൻഡ്യാ അടിസ്ഥാനത്തിൽ ഒരു ബൗണ്ടറി കമ്മീഷൻ ഉള്ളപ്പോൾ അവരുടെ അഭിപ്രായം അറിയുന്നതിനുമുമ്പു് ഇങ്ങനെയുള്ള കുഴപ്പങ്ങൾ ഉണ്ടാക്കാതിരിക്കണമെന്നു് ശ്രീ. നെഹറു പറഞ്ഞിട്ടും കേൾക്കാതെ ഇവിടെ കുഴപ്പം ഉണ്ടാക്കി. അങ്ങിനെയുള്ള തമിഴ്നാട്ടുകാരെ ചേർത്തുകൊണ്ടാണു് ഇപ്പോൾ കാൺഗ്രസ്സ് ഭരണം ആരംഭിച്ചിരിക്കുന്നതു്. ഇതു് തെററായ നടപടിയാണെന്നു പറയാൻ ഞാൻ മടിക്കുന്നില്ല.

സർ, ബഡ്ജററിൽ കാണുന്ന ഒന്നു രണ്ടു വിഷയങ്ങളെക്കുറിച്ചുകൂടി ഞാൻ പറഞ്ഞുകൊള്ളട്ടെ. ബഡ്ജററു പ്രസംഗത്തിൽ സാധനങ്ങൾക്കു വില കുറഞ്ഞുപോയതായി പ്രസ്താവിച്ചിട്ടുണ്ടു്. അങ്ങിനെയാണെങ്കിൽ ഇവിടത്തെ റവന്യൂബഡ്ജററിൽ പ്രതീക്ഷിക്കുന്നതുപോലെ എങ്ങനെയാണു വരവുണ്ടാകുക? സാധനങ്ങൾക്കു വില ഇപ്പോഴും കുറഞ്ഞു കുറഞ്ഞാണു് വരുന്നതു്. അതിനാൽ സെയിൽടാക്സ് ഇനത്തിലുംമററും ഉദ്ദേശിക്കുന്നവരവുണ്ടാകയില്ല. അവസാനത്തെ പേജിൽ പറഞ്ഞിട്ടുണ്ടു് ഇൻഡ്യാ ഗവണ്മെൻറിനോടു് രണ്ടരകോടി രൂപ കടം ചോദിച്ചിട്ടുണ്ടെന്നു്. കടം ചോദിച്ചതുവച്ചുകൊണ്ടു മാത്രം ഒരു ബഡ്ജററു രൂപീകരിക്കുന്നതു് ശരിയാണെന്നു എനിക്കു തോന്നുന്നില്ല; ചിലപ്പോൾ കിട്ടിയെന്നും വരും, ഇല്ലെന്നും വരും. അതോടുകൂടിത്തന്നെ 200 ലക്ഷം രൂപ ജനങ്ങളുടെ പക്കൽനിന്നും കടം എടുക്കുവാൻ ഉദ്ദേശിക്കുന്നതായി പറയുന്നു. അതു പിരിയെ കൊടുക്കുവാനുള്ള പദ്ധതിയെപ്പററി ഒന്നും തന്നെ പറയുന്നില്ല. ആളുകളുടെ ആദായം കുറഞ്ഞു കുറഞ്ഞു വരുമ്പോൾ ജനങ്ങളുടെ പക്കൽനിന്നും എങ്ങനെ പണം ലഭിക്കുമെന്നു് എനിക്കു നിശ്ചയമില്ല. ഇന്നത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള യാതൊരു വകയും ബഡ്ജററിൽ കൊള്ളിച്ചിട്ടില്ല. 150 ലക്ഷം രൂപ ഇലക്ട്രിസിററിക്കു വച്ചിട്ടുണ്ടു്. മിനിമം ചാർജ്ജിലാണു് ഇപ്പോൾ കറൻറു കൊടുക്കുന്നു എങ്കിലും അതിലും അഞ്ചു ശതമാനം കുറച്ചാണു് ഇനി കൊടുക്കുവാൻ പോകുന്നതു് എന്നു പറയുന്നു. ആകപ്പാടെ ബഡ്ജററു നോക്കിയാൽ 1954—55-ലെ ആദായം 1955—56-ൽ കിട്ടാൻ ഇടയുള്ളതായി തോന്നുന്നില്ല. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായാലുംശരി, മറെറന്തിനായാലും ശരി, ഇൻഡ്യാ ഗവണ്മെൻറിൻെറ പ്ലാനിംഗ് കമ്മീഷനെയാണു് നമ്മുടെ ഗവണ്മെൻറു് ആശ്രയിക്കുന്നതു്. പ്ലാനിംഗിൻെറ അടിസ്ഥാനത്തിൽ കാര്യങ്ങൾ നടക്കുമ്പോൾ നമ്മുടെ രാജ്യത്തെ വിഭവങ്ങൾ വേണ്ടവണ്ണം ഉപയോഗിക്കുന്നതിനു ശ്രമിക്കുന്നതായി യാതൊരു പദ്ധതിയും ഉള്ളതായി തോന്നുന്നില്ല. നമ്മുടെ രാജ്യത്തിൻെറ മൂന്നിൽ ഒരു ഭാഗം വനങ്ങളാണു്. ലോകത്തെങ്ങുംഉണ്ടാകാത്തതായ ഏലം മുതലായ വിഭവങ്ങൾ നമ്മുടെ നാട്ടിൽ സമൃദ്ധമായുണ്ടാകുന്നതു് വേണ്ടതുപോലെ ഉപയോഗിക്കേണ്ടതാണു്. ഇങ്ങനെ ഏതു വിധത്തിൽ നോക്കിയാലും വളരെ പോരായ്മയുള്ള ഒരു ബഡ്ജററാണു് ഇന്നത്തെ ധനകാര്യമന്ത്രി ഹാജരാക്കിയിരിക്കുന്നതു്. അതിനാൽ ഞാൻ ഈ ബഡ്ജററിനെ എതിർക്കുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ചിട്ടുള്ള ബഡ്ജററിനെ ഞാൻ വളരെ താല്പര്യപൂർവ്വം പഠിക്കുകയുണ്ടായി. ഈ രാജ്യത്തിന്റെ ഭാവിയെ നിയന്ത്രിക്കുന്നതിനുള്ള എല്ലാ കാര്യങ്ങളും കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിനുള്ള അധികാരം ഇന്നത്തെ മുഖ്യമന്ത്രിക്കു ലഭിച്ചിട്ടുണ്ട്. സർ, അദ്ദേഹം ഇതിനുമുൻപ് പല തവണയും മന്ത്രിസഭയിൽ അംഗമായിരുന്നപ്പോൾ അദ്ദേഹത്തിന്റെ തായ് ഒരു നയപരിപാടി നടപ്പിൽ വരുത്തുന്നതിനു അദ്ദേഹത്തിനു പൂർണ്ണമായ അധികാരം ഇല്ലാതിരുന്നു എന്നും, ആ കാര്യത്തിൽ ചില പരാധീനതകൾ അദ്ദേഹത്തിനുണ്ടെന്നും പലപ്പോഴും സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇന്ന് അദ്ദേഹം ഈ രാജ്യത്തെ മുഖ്യമന്ത്രിയാണ്; തൊഴിൽ വകുപ്പു മന്ത്രിയാണ്; ഇവിടത്തെ ധനകാര്യമന്ത്രിയാണ്; വ്യവസായവകുപ്പു മന്ത്രിയുമാണ്. അതുകൊണ്ട് അദ്ദേഹത്തിന് ആ മാതിരിയുള്ള പരാധീനതകൾക്ക് അവകാശമില്ല. പ്രജാസോഷ്യലിസ്റ്റുപാർട്ടിയെ തള്ളിമാററിക്കൊണ്ട് വീണ്ടും കാൺഗ്രസ്സ് അധികാരത്തിൽ വന്ന അവസരത്തിൽ ജനങ്ങളുടെ സഹകരണം കൂടുതൽ പ്രതീക്ഷിക്കുന്ന ഒരു ബഡ്ജററ് —അദ്ദേഹം പറഞ്ഞമാതിരിയുള്ള നയപരിപാടികൾ ഉൾക്കൊള്ളുന്ന ഒരു ബഡ്ജററ്—എല്ലാവരും പ്രതീക്ഷിച്ചിരുന്നു. എന്നാൽ അദ്ദേഹം എന്തുകൊണ്ടാണെന്നറിയുന്നില്ല—ചുരുങ്ങിയ കാലയളവ് മാത്രമാണ് അദ്ദേഹം മന്ത്രിപദത്തിൽ പ്രവേശിച്ചതിനുശേഷം ലഭിച്ചതു് എന്നുള്ളതുകൊണ്ടായിരിക്കാം—ഫൈനാൻസ് സെക്രട്ടറിയേററിനു് ചില നിർദ്ദേശങ്ങൾ കൊടുത്തതായി മാത്രമാണ് ഇവിടെ വായിച്ചു അദ്ദേഹത്തിന്റെ പ്രസംഗത്തിൽ നിന്നും മനസ്സിലാകുന്നതു്. പഞ്ചവത്സരപദ്ധതിയിൽ ഇതുവരെ എന്തു തുക ചെലവായിട്ടുണ്ടെന്നും, അതിലേക്കു നിശ്ചയിച്ചിരുന്ന തുകയിൽ ബാക്കി എല്ലാം തന്നെ ഇക്കൊല്ലത്തെ ബഡ്ജററിൽ കൊള്ളിക്കണമെന്നുമുള്ള നിർദ്ദേശം കൊടുക്കുകയും അതോടുകൂടി സിവിൽ വർക്സിനുവേണ്ടി ചെലവാക്കുന്ന തുകകൾ കൂടുതൽ കൊച്ചിയിലും തെക്കൻ തിരുവിതാംകൂറിലും ചിലവാക്കണമെന്നുള്ള കൂടുതലായ ഒരു നിർദ്ദേശം കൊടുക്കുകയും ചെയ്തതിൽ കവിഞ്ഞു് എന്തു കാര്യമായ നയപരിപാടികളാണ് അദ്ദേഹത്തിന്റെ പ്രസംഗത്തിലൊ ഈ ബഡ്ജററിലൊ ഉൾക്കൊള്ളുന്നതു് എന്നു എനിക്കു മനസ്സിലാകുന്നില്ല. സർ, അദ്ദേഹം ഇവിടെ ഒരു കമ്മിബഡ്ജററ് അവതരിപ്പിച്ചിരിക്കുകയാണ്. ഈ നിയമസഭയിൽ കമ്മിബഡ്ജററ് അവതരിപ്പിക്കുകയും അവസാനം അതു മിച്ചബഡ്ജററായി രൂപം പ്രാപിക്കുകയും ചെയ്തിട്ടുള്ള സന്ദർഭങ്ങൾ വളരെയുണ്ട്. 53-54-ൽ 14 ലക്ഷം രൂപയുടെ കമ്മിയായിരുന്ന ബഡ്ജററ്, അവസാനം 2 കോടി 30 ലക്ഷം മിച്ചബഡ്ജററായി മാറുകയാണു ചെയ്തതു്. കഴിഞ്ഞതവണത്തെ ബഡ്ജററ് നോക്കിയാലും ഈ കാര്യങ്ങൾതന്നെ വെളിപ്പെടുന്നുണ്ട്. ഇപ്പോൾ പ്രതീക്ഷിക്കുന്ന റിവൈസ്ഡ് എസ്റ്റിമേററനുസരിച്ചുള്ളതിലും കവിഞ്ഞ മിച്ചം യാഥാർത്ഥകണക്കുകൾ വരുമ്പോൾ ബോദ്ധ്യപ്പെടുന്നതാണ്. ഈ വർഷത്തെ കഥയും അവസാനമിതുതന്നെയായിരിക്കും. മുഖ്യമന്ത്രി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ കൂടുതൽ പ്രാധാന്യം നല്കിയിരിക്കുന്നതു പഞ്ചവത്സരപദ്ധതിക്കാണ്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു സിവിൽ വർക്സിനു പഞ്ചവത്സരപദ്ധതിയിൽ പണം കൊള്ളിച്ചിട്ടുണ്ടെന്നാണു പറയുന്നതു്. വ്യവസായീകരണംകൊണ്ടു മാത്രമെ ഈ രാജ്യത്തെ തൊഴിലില്ലായ്മ പരിഹരിക്കുവാൻ സാദ്ധ്യമാവുകയുള്ളൂ. കഴിഞ്ഞ കൊല്ലങ്ങളിൽ

വ്യവസായീകരണത്തിനായി വച്ചിരുന്ന മൂലധനച്ചെലവിന്റെ നല്ല ഒരു തുക ലാപ്സായിപ്പോയതായി മുൻ ധനകാര്യമന്ത്രി കഴിഞ്ഞ കൊല്ലത്തെ ബഡ്ജററ് പ്രസംഗത്തിൽ പറയുകയുണ്ടായി. ഇന്നു ഈ രാജ്യത്തെ വ്യവസായീകരണത്തിനു പ്രതിബന്ധമായി നില്ക്കുന്നതു ഈ രാജ്യത്തെ തൊഴിൽ കുഴപ്പങ്ങളാണെന്നു അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഒരു സൂചനയുണ്ടായിട്ടുണ്ട്.

ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഈ രാജ്യത്തെ വ്യവസായപുരോഗതിയ്ക്ക് ചെയ്യാവുന്ന ഒരു വലിയ ദ്രോഹമാണ് ഈ സൂചനമൂലം നല്കിയിരിക്കുന്നതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അടുത്ത പഞ്ചവത്സരപദ്ധതി വ്യവസായീകരണത്തെ ഉദ്ദേശിച്ചുകൊണ്ടുള്ളതാണെന്ന് കേന്ദ്രമന്ത്രിമാരും പ്ലാനിംഗ് കമ്മീഷനും പറയുന്ന അവസരത്തിൽ, ആ പദ്ധതിയുടെ പടിക്കൽ നിൽക്കുന്ന നമ്മുടെ നേരെയും അതുപോലെതന്നെ ഈ രാജ്യത്തു ധനം മുടക്കാൻ തയ്യാറുള്ള മററാളുകളുടെ നേരെയും ഈ നാട്ടിൽ തൊഴിൽ കുഴപ്പമുണ്ടെന്ന് അദ്ദേഹം എടുത്തു വിളംബരം ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. ഈ തൊഴിൽ കുഴപ്പങ്ങളുടെ ആകെ സംഖ്യ എടുത്തു കാണിച്ച് തൊഴിലാളികൾ വ്യവസായപുരോഗതിക്ക് തടസ്സമായി നിൽക്കുന്നു എന്നുള്ള ഒരു സൂചന ഈ സഭയ്ക്കും ബഹുജനങ്ങൾക്കും നല്കുന്ന അവസരത്തിൽ അദ്ദേഹം ശാന്തമായി ഒരു കാര്യം ആലോചിക്കേണ്ടിയിരുന്നു. ഈ കുഴപ്പങ്ങളുടെ സ്ഥിതിവിവരക്കണക്കുകൾകൂടി ഈ സഭയെ ബോദ്ധ്യപ്പെടുത്തേണ്ടിയിരുന്നു. കഴിഞ്ഞകൊല്ലം തൊഴിലാളികളുടെ അവകാശങ്ങളിന്മേൽ മുതലാളികൾ നടത്തിയിട്ടുള്ള കയ്യേററങ്ങളെ ചെറുത്തുനിൽക്കുന്നതിനുണ്ടായിട്ടുള്ള തൊഴിൽകുഴപ്പങ്ങളാണ് തിരുവിതാംകൂർ-കൊച്ചിയിൽ പല രംഗങ്ങളിലും നടന്നിട്ടുള്ളത്. മുതലാളികളുടെ അക്രമങ്ങളെ ചെറുത്തു നിൽക്കുന്നതിന് തൊഴിൽദിവസം നഷ്ടപ്പെടുത്തിയിട്ടുണ്ടെന്ന് ഞാൻ സമ്മതിക്കുന്നു. ഇപ്പോൾതന്നെ കൊല്ലത്ത് രണ്ടായിരത്തോളം ഓട്ടുകമ്പനി തൊഴിലാളികൾ കഴിഞ്ഞ 20 ദിവസമായി ഒരു പണിമുടക്ക നടത്തുന്നുണ്ട്. അടുത്ത ദിവസം കണക്ക് അവതരിപ്പിക്കുന്ന അവസരത്തിൽ നാല്പതിനായിരമോ അമ്പതിനായിരമോ തൊഴിൽ ദിവസം നഷ്ടപ്പെട്ടതായി അദ്ദേഹത്തെ സ്ററാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെൻറ് ബോദ്ധ്യപ്പെടുത്തും. അവിടത്തെ ഓട്ടുകമ്പനി തൊഴിലാളികൾ പ്രാഥമികമായ ഒരു അവകാശമാണ് ഉന്നയിച്ചിട്ടുള്ളത്. ഗവണ്മെൻറിന് 24 മണിക്കൂറിനുള്ളിൽ ആ പണിമുടക്ക് അവസാനിപ്പിക്കാൻ കഴിയും. തൊഴിലില്ലായ്മവേതനം കൊടുക്കണമെന്നുള്ള ഒരു നിയമം ഈ രാജ്യത്തു നടപ്പിലായിട്ട് ഇപ്പോൾ ഏതാണ്ട് ഒന്നരക്കൊല്ലം കഴിഞ്ഞിട്ടുണ്ട്. ഓട്ടു വ്യവസായത്തെ സംബന്ധിച്ചിടത്തോളം തൊഴിലില്ലായ്മവേതനം ബാധകമാണോ അല്ലയോ എന്നു തീരുമാനിക്കുന്നതിനുള്ള അധികാരം കേന്ദ്രീകരിച്ചിരിക്കുന്നതു ഗവണ്മെൻറിലാണ്. ഗവണ്മെൻറ് ചെയ്യേണ്ട ഒരു തീരുമാനം ചെയ്യാതെ ഒഴിഞ്ഞു നിൽക്കുന്നതിനാലാണ് തൊഴിൽ ദിവസം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. ഈമാതിരിയാണ് തൊഴിൽ ദിവസം നഷ്ടപ്പെടുന്നതെന്നാണ് എനിക്കു പറയാനുള്ളത്. അങ്ങനെയിരിക്കെ ഈ രാജ്യത്തിന്റേയും സഭയുടേയും മുമ്പാകെ ഈ നാട്ടിലെ മുതലാളികളുടെ കുഴപ്പംമൂലമുണ്ടായ തൊഴിൽകുഴപ്പങ്ങളുടെ നേരെ കണ്ണടച്ചുകൊണ്ടാണ് തൊഴിലാളികളെ കുഴപ്പക്കാരാക്കി കാണിച്ചിട്ടുള്ളത്. ഈ നാട്ടിലെ എസ്റ്റേററിലും മററുമുള്ള മുതലാളിമാ

[ശ്രീ. ടി. കെ. ദിവാകരൻ]

രിൽനിന്ന് ഉണ്ടായിട്ടുള്ള വെടിവയ്പും കുത്തിക്കുത്തും എല്ലാം ബഹുമാനപ്പെട്ട എല്ലാ മെമ്പറന്മാർക്കും രാജ്യവാസികൾക്കും അറിവുള്ളതാണ്. എരുമേലി എസ്റ്റേററിൽ കുന്തുക്കുട്ടി എന്ന തൊഴിലാളിയെ സംഭാഷണത്തിന് വിളിച്ചശേഷം കുത്തിക്കൊല്ലുകയുണ്ടായി. ചെറുവള്ളി എസ്റ്റേററിലും മെർച്ചിസ്റ്റൻ എസ്റ്റേററിലും നടന്ന സംഭവം നമുക്കറിയാം. ഇങ്ങനെ മുതലാളികളുടെ മർക്കടമുഷ്ടി മൂലം ഉണ്ടായിട്ടുള്ള തൊഴിൽകുഴപ്പമാണ് പലതുമെന്ന് അദ്ദേഹം സമ്മതിച്ചിട്ടില്ലെങ്കിലും സാക്ഷാൽ ഐ. എൻ. ടി. യു. സി. യുടെ പ്രസിഡന്റായ ഷണ്ഡനായിട്ടുള്ളതായി **Recalcitrant employers** മൂലം തൊഴിൽ കുഴപ്പങ്ങൾ ഉണ്ടാകുന്നുണ്ടെന്ന് സമ്മതിച്ചിട്ടുണ്ട്. ആ നയത്തിന്റെ നേരെ കണ്ണടച്ചുകൊണ്ട് തൊഴിലാളി പ്രസ്ഥാനത്തോടു ചെയ്തിട്ടുള്ള ഏററവും വലിയ ദ്രോഹമാണ് നമ്മുടെ മുഖ്യമന്ത്രി ചെയ്തിട്ടുള്ളതെന്ന് പറയാൻ ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു. തൊഴിൽനഷ്ടം സംഭവിച്ചിട്ടുള്ളത് യഥാർത്ഥമാണെന്നിരുന്നാൽതന്നെയും ഇന്ന് അതിനു പ്രാധാന്യം നൽകി ആ കാര്യം പ്രസിദ്ധീകരിച്ച് മററാളുകളുടെയിടയിൽ അമ്പരപ്പുണ്ടാക്കുകയാണോ ചെയ്യേണ്ടിയിരുന്നതെന്ന് അദ്ദേഹം ശാന്തമായി ആലോചിച്ചു നോക്കേണ്ടതാണ്.

അടുത്തതായി പഞ്ചവത്സരപദ്ധതി തൊഴിലില്ലായ്മ പ്രശ്നത്തിനു പരിഹാരം കാണുന്നതിൽ എത്രമാത്രം പര്യാപ്തമായിട്ടുണ്ടെന്ന് നോക്കേണ്ടതുണ്ട്. വികാരത്തള്ളിച്ചയ്ക്കു ഇളക്കിവിട്ടശേഷം അതിനെ ശമിപ്പിക്കാൻ കഴിയാത്ത ഷണ്ഡനെപ്പോലെയാണ് ഈ ഗവണ്മെൻറിന്റെ അവസ്ഥ. അദ്ദേഹം പറയുന്നു, സിവിൾവർക്സ്മൂലം പലർക്കും തൊഴിൽ കിട്ടുമെന്ന്. ഗവണ്മെൻറിന്റെ ഭക്ഷ്യോൽപ്പാദനനയം മാററിയതുമൂലം തൊഴലില്ലാതെ നടക്കുന്ന അനേകമാളുകളെ നമുക്ക് കാണാൻ കഴിയും. കൊല്ലത്തും തിരുവനന്തപുരത്തും ആലപ്പുഴയുമുള്ള ഫുഡ്ഡിപ്പോകളിൽ ജോലിചെയ്തിരുന്ന ഹെഡ്ലോഡ്വർക്കേഴ്സ്, നാവികതൊഴിലാളികൾ, തുടങ്ങിയവർ തൊഴിലില്ലാതെ അലയുകയാണ്. ആ രംഗത്തിലുള്ള തൊഴിലാളികൾക്കെങ്കിലും തൊഴിൽ നൽകുന്നതിന് ഗവണ്മെൻറിനു കഴിയുന്നില്ല. പഞ്ചവത്സരപദ്ധതിയെപ്പററി വളരെ അധികം ശബ്ദമുണ്ടാകുന്ന അവസരത്തിൽ അവസാനിക്കാറായ ആദ്യത്തെ പഞ്ചവത്സരപദ്ധതിയിൽ വ്യവസായങ്ങൾക്കുവേണ്ടി ഉൾക്കൊള്ളിച്ചിരുന്ന തുകയും അടുത്തവർഷത്തിൽ എത്തുന്ന തുകയുംതമ്മിൽ എങ്ങിനെ നിൽക്കുമെന്ന് നോക്കേണ്ടതുണ്ട്. കാട്ടേജ് ഇൻഡസ്ട്രീസിനുവേണ്ടി ടാർജററുചെയ്തിരുന്നത് 89 ലക്ഷം രൂപയാണ്. ഈ വർഷത്തേതുകൂടിച്ചേർത്താൽ ചിലവുചെയ്യുന്നത് 41.67 രൂപ മാത്രമാണ്. അതുപോലെതന്നെ മററ് വ്യവസായങ്ങൾക്ക് (Other Industries) ടാർജററുചെയ്തിരുന്നത് 22.80 ആയിരത്തിക്കു ചിലവുചെയ്യുന്നത് 18.59 മാത്രമാണ്. ഈ അദർ ഇൻഡസ്ട്രീസ് എന്നു പറഞ്ഞിരിക്കുന്നത് കുന്ദറ സിറാമിക്ഫാക്ടറിയിലെ ഒററ ചൂളയ്ക്കുവേണ്ടിയാണ് ചിലവാക്കുന്നത്. ഈ ചൂളയുടെ ചിലവ് 26 ലക്ഷം രൂപയുടെ എസ്റ്റിമേററിൽ തുടങ്ങി ഇപ്പോൾ 30 ലക്ഷത്തിൽ ചെന്നു നിൽക്കുകയാണ്. അവിടെ എത്രപേർക്ക് ജോലികൊടുക്കാമെന്ന് എന്നെപ്പോലെതന്നെ ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രിക്കും അറിയാമെന്ന് ഞാൻ കരു

തുന്നു. ഇപ്പോഴത്തെ ഫാക്ടറിയിലുള്ളവർക്കും അവിടെനിന്നും പിരിച്ചുവിട്ടവർക്കുംപോലും അതിൽ തൊഴിൽകൊടുക്കാൻ സാധിക്കുമെന്നു് തോന്നുന്നില്ല.

ഒന്നാം പഞ്ചവത്സരപദ്ധതി കാർഷികവിഭവങ്ങൾ വർദ്ധിപ്പിക്കുന്നതിനു് നമ്മുടെ കാർഷികപദ്ധതികൾക്കു് പ്രാധാന്യം നൽകുന്നതിനാണു് നിശ്ചയിച്ചിട്ടുള്ളതെന്നു് മുഖ്യമന്ത്രി പല സ്ഥലങ്ങളിലും പ്രസംഗിച്ചിരുന്നു. ആ ഭാഗത്തേക്കു് അദ്ദേഹത്തിന്റെ ശ്രദ്ധയെ ഞാൻ ക്ഷണിക്കുന്നു. ആഗ്രിക്കൾച്ചറിനു് 545.10 ലക്ഷം രൂപ ആണു് ടാർജറവു്. ഇക്കൊല്ലം ചിലവാക്കുന്നതുൾപ്പെടെ ചിലവുവരുന്നതു് 259.52 ലക്ഷം രൂപ മാത്രമാണു്. ആഗ്രിക്കൾച്ചറിനും റൂറൽ ഡവലപ്പുമെൻറിനും എന്നയിനത്തിലുള്ള മൊത്തം ടാർജറവു് 570.60 ലക്ഷം രൂപയാകുന്നു. അതിൽ ആകെ ചിലവാക്കുന്നതു് 301.51 ലക്ഷം മാത്രമാണു്. 545 ലക്ഷത്തിൽ ചിലപാനം രൂപ കാർഷികാഭിവൃദ്ധിക്കുവേണ്ടി കൊള്ളിച്ചിരുന്നതിൽ ഏതാണ്ടു് പകുതിമാത്രം ചിലവാക്കിക്കൊണ്ടു് ഈ രാജ്യത്തെ ഭക്ഷ്യക്ഷാമം പരിഹരിക്കാൻ കഴിഞ്ഞു എന്നു് അദ്ദേഹം അഹംഭാവം കൊള്ളുന്നുണ്ടു്. ഇന്നു് ജനങ്ങൾക്കു് സുലഭമായി ഭക്ഷ്യസാധനം ലഭിക്കുന്നുണ്ടോ ഇല്ലയോ എന്നുള്ളതല്ല പ്രശ്നം. 60 ശതമാനമാണു് ഈ രാജ്യത്തെ ഭക്ഷ്യകമ്മി. കണക്കെടുത്തുനോക്കിയാൽ വെറും 18 ശതമാനം കമ്മിയാണു് ഇതുവരെ പരിഹരിക്കാൻ കഴിഞ്ഞിട്ടുള്ളതെന്നു് കാണാം. നമ്മുടെ രാജ്യത്തുള്ള കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവുമൂലവും തൊഴിലില്ലായ്മമൂലവും ജീവിതത്തോതു് അധഃപതിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ ഭക്ഷ്യസാധനങ്ങൾക്കായി ഈ രാജ്യത്തുനിന്നു വമ്പിച്ച തുകകൾ സംസ്ഥാനത്തിനു വെളിയിലേക്കും ബർമ്മ, പാകിസ്ഥാൻ തുടങ്ങിയ വിദേശരാജ്യങ്ങളിലേയ്ക്കും പൊയ്ക്കൊണ്ടിരിക്കയാണു്. ആ നിലയിൽ ഭക്ഷ്യപ്രശ്നം പരിഹരിച്ചു എന്നു് അഹംഭാവംകൊള്ളുന്നതിൽ യാതൊരു അർത്ഥവുമില്ല എന്നാണു് എനിക്കു് പറയുവാനുള്ളതു്. ഒന്നാം പഞ്ചവത്സരപദ്ധതിയിൽ ടാർജറവുചെയ്തിരുന്ന തുക ഏറെക്കുറെ ചെലവാക്കിയിട്ടുള്ളതു് മേജർ ഇറിഗേഷൻ ആൻഡ് പവ്വർ പ്രാജക്ട്സിനാണു്. എന്നാൽ അവയിൽ നിന്നുണ്ടായിട്ടുള്ള നേട്ടങ്ങളെപ്പററി സ്ഥിതിവിവരക്കണക്കുകൾ ഒന്നുംതന്നെ നമ്മുടെ മുമ്പിലില്ല.

ട്രാൻസ്പോർട്ടിനത്തിലാണു് ഏററവും അധികം തുക ചെലവാക്കുന്നതു്. 247 ലക്ഷം രൂപ ടാർജറവായി കൊള്ളിച്ചിട്ടു് 401 ലക്ഷം രൂപ ചെലവാക്കുന്നുണ്ടു്. ഏതാണ്ടു് ഇരട്ടിത്തുകതന്നെ ആയിനത്തിൽ ചെലവുചെയ്തിട്ടുണ്ടു്. എന്നാൽ ട്രാൻസ്പോർട്ട് ദേശീകരണത്തിൽ നിന്നും അദ്ദേഹം കാലുമാറിയതായി കണക്കുകൾകൊണ്ടു് കാണാൻ കഴിയും. ട്രാൻസ്പോർട്ടിനത്തിൽ കൊള്ളിച്ചിരുന്ന ടാർജറവിൽ പ്രത്യുത്പാദനപരമായി ഉണ്ടായിരുന്ന ഒരു പരിപാടി ട്രാൻസ്പോർട്ടു ദേശീകരണം ഒന്നുമാത്രമാണു്. എന്നിട്ടു് അതിൽ നിന്നും കാലുമാറി മററിനങ്ങളിലാണു് കൂടുതൽ തുക ചെലവാക്കിയിട്ടുള്ളതു്. ഇത്രയും ചെലവാക്കിയ ശേഷവും നാം നിൽക്കുന്നതെവിടെയെന്നു് അദ്ദേഹം നൽകിയിട്ടുള്ള സ്റ്റേററമെൻറു നോക്കിയാൽ ഇന്നും നാം 1409 മൈൽ സ്റ്റേററ ഹൈവേസും മററു് റോഡുകൾ 789 മൈലും ടാർജറവുചെയ്തിട്ടുള്ളതിൽ പുറകിൽ നിൽക്കുകയാണെന്നു് കാണാൻ കഴിയും. ടാർജറവുചെയ്തുകൊണ്ടിരുന്നതിനെക്കാൾ കൂടുതൽ തുകകൾ ചെലവാക്കി ലക്ഷ്യംചെയ്തിരുന്നതിൽ വളരെ

[ശ്രീ. ടി. കെ. ദിവാകരൻ]

പുറകോട്ടു നിൽക്കുന്ന ഒരവസ്ഥയാണ് വന്നിരിക്കുന്നതു്. അതിനെപ്പററി അന്വേഷിക്കുന്നതിന് ഈ സഭയിൽനിന്നുതന്നെ ഒരു കമ്മിററിയെ രൂപീകരിക്കണമെന്നാണ് ഞാൻ പറയുന്നതു്. റോഡുകളുടേയും പാലങ്ങളുടേയും മററും കാര്യത്തിൽ ഇരട്ടി തുകകൾ ചെലവാക്കിയിട്ടും ടാർജററിന് പുറകിൽ നിൽക്കുന്നതുകൊണ്ടു് അതിൽ ചില കുംഭകോണങ്ങൾ നടന്നിട്ടുള്ളതായി അനുമാനിക്കാം. പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിനെപ്പററി കഴിഞ്ഞ പല കൊല്ലങ്ങളായി ആക്ഷേപങ്ങൾ നാം കേൾക്കുന്നുണ്ടു്. കൺട്രാക്ററ് സമ്പ്രദായംവഴിയായാലും മററു വഴികളിലായാലും വലുതായ ചോർച്ച നടക്കുന്ന ലക്ഷണമാണ് ഇതിൽനിന്നൊക്കെ കാണുന്നതു്.

സോഷ്യൽസർവ്വീസിനത്തിൽ 300 ലക്ഷം രൂപ കൊള്ളിച്ചിരുന്നതു് 400 ലക്ഷത്തിൽ ശിഷ്ടമായി ചെലവു വർദ്ധിച്ചിട്ടുണ്ടു്. കെട്ടിടങ്ങൾക്കുവേണ്ടി മാത്രമാണ് ഈ തുകയിൽ ഭൂരിഭാഗവും ചെലവായിട്ടുള്ളതു് മെഡിക്കൽ കാളേജു മുതലായ കെട്ടിടങ്ങൾ ഉയർന്നിട്ടുണ്ടെന്നല്ലാതെ ജനങ്ങൾക്ക് ആരോഗ്യകരമായി എന്തെങ്കിലും ഉയർച്ച നൽകുന്നതിന് സാധിച്ചിട്ടില്ല. ഹൗസിംഗിനുവേണ്ടി 10 ലക്ഷം രൂപ ടാർജററുചെയ്തിരിക്കെ 30ലക്ഷം രൂപ ചെലവാക്കിയതായി പറയുന്നു. അതിലും നല്ലൊരു തുക എസ്റ്റാബ്ലിഷ്മെൻറു ചാർജിനായിരിക്കുമെന്നു് ഉറപ്പിച്ചുപറയാം. പ്ലാനിംഗിൽ കൊള്ളിച്ചിരുന്ന ഓരോ ഭാഗത്തിനും മുൻപുള്ളതിച്ചിരുന്നതിലും എന്തു് എസ്റ്റാബ്ലിഷ്മെൻറുചാർജ് കൂടുതൽ വന്നിട്ടുണ്ടെന്നു് അവസാനമായി പരിശോധിച്ചുനോക്കുമ്പോൾ നമുക്കതു ബോദ്ധ്യപ്പെടും. ഈ കൊള്ളിച്ചിട്ടുള്ള തുകകളിൽ നല്ലൊരുഭാഗം ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിനുംമററുമാണ് പോയിട്ടുള്ളതു്. കമ്യൂണിററി പ്രാജക്ടു് എന്നുപറഞ്ഞു് ഒരുകൂട്ടം ഉദ്യോഗസ്ഥന്മാർ ജീപ്പുകളിൽ കയറി തെക്കോട്ടും വടക്കോട്ടും നടക്കുന്നു എന്നുള്ളതിരിക്കുവിഞ്ഞു് ഈ നാട്ടിലെ ജനങ്ങൾക്ക് ഒരു ഉപയോഗവും ഉണ്ടായിട്ടുള്ളതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. കമ്യൂണിററി പ്രാജക്ടുകൾക്കും എക്സ്റ്റൻഷൻ ബ്ലോക്കുകൾക്കും ചെലവാകുന്ന തുകകളിൽ എത്രമാത്രം അവിടത്തെ ജനങ്ങൾക്ക് ക്ഷേമകരമായ പ്രവർത്തനങ്ങൾ നടത്തുന്നതിനായി വിനിയോഗിച്ചിട്ടുണ്ടെന്നു് സമഗ്രമായ ഒരു പരിശോധന നടത്തേണ്ടതാണെന്നാണ് എനിക്കു പറയാനുള്ളതു്.

സർവ്വീസിൻെറ കാര്യത്തിൽ പേകമ്മിഷനെ നിയമിക്കുകയും ഇന്നു് സർവീസ് സംതൃപ്തിയായി കഴിയുകയാണെന്നും പറയുകയുണ്ടായി. സർവീസ് സംതൃപ്തമെന്നു പറയുമ്പോൾ സർവീസിലെ അവശസമുദായക്കാരായി അറിയപ്പെടുന്ന കണ്ടിജൻസിക്കാരുടേയും വർക്കു് എസ്റ്റാബ്ലിഷ്മെൻറുകാരുടേയും കാര്യത്തിൽ എന്തു പരിഹാരം ഉണ്ടാക്കാനാണ് അദ്ദേഹം തീരുമാനിച്ചിരിക്കുന്നതെന്നു് വ്യക്തമാക്കേണ്ടതാണ്. പി. ഡബ്ലിയു. ഡി. യിലെ വർക്കു് എസ്റ്റാബ്ലിഷ്മെൻറുകാരെ സ്ഥിരപ്പെടുത്തുന്നതിനായി ഒരു സ്പെഷ്യലാഫീസറേയും നിയമിച്ചിട്ടു് ഒരു കൊല്ലത്തിലധികമായി. ഇനിയും അതു പൂർത്തിയായിട്ടില്ല. കണ്ടിജൻസിക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടികളൊന്നും എടുത്തിട്ടില്ല. സാഹിത്യരംഗത്തു് സാഹിത്യതമ്പുരാനും സാഹിത്യപാറയനും ഉണ്ടെന്നു പറയുന്നതുപോലെ ഉദ്യോഗരംഗത്തു് പാറയന്മാരായി ഗണിച്ചുവരുന്നവരാണ് കണ്ടിജൻസിക്കാരും വർക്കു് എസ്റ്റാബ്ലിഷ്മെൻറുകാരും. അവരുടെ നില ഉയർത്തുന്നതിന് അടിയന്തിരമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പേകമ്മിഷനെ നിയമിച്ചിരിക്കു

ന്നതു് മൂന്നുമാസത്തേക്കാണെന്നു പറയുന്നുണ്ടു്. മൂന്നുമാസത്തേക്കു് 3000 രൂപവീതം പ്രതിമാസം ചെലവാക്കി ഈ കമ്മീഷനെ നിയമിക്കേണ്ടിയിരുന്നോ എന്നു് അദ്ദേഹം പുനഃപരിശോധന ചെയ്യേണ്ടതാണു്. മൂന്നുമാസത്തെ ജോലിയുടെ ഒന്നും കാര്യമില്ല. ഒരൊററ ആളിരുന്നാൽ രണ്ടാഴ്ചകൊണ്ടു് തീർക്കാവുന്നതിന് കൂടുതൽ ജോലിയൊന്നും ഇതിനകത്തുണ്ടെന്നു് എനിക്കു് തോന്നുന്നില്ല. എങ്കിലും ഞാൻ ഉറപ്പിച്ചുപറയുന്നു, മൂന്നുമാസം കൊണ്ടു ഈ കമ്മീഷന്റെ ജോലി തീരാൻപോകുന്നില്ലെന്നു്. കഴിഞ്ഞ കാലത്തുള്ളിലെപ്പോലെതന്നെ വീണ്ടും കാലാവധി നീട്ടിക്കൊണ്ടു പോവുക എന്നുള്ളതാണു് സ്വാഭാവികമായി ഉണ്ടാവുന്നതു്. ഏതായാലും പേകമ്മീഷനെ നിയമിച്ചുഴിഞ്ഞ സ്ഥിതിക്കു് ടേംസ് ആഫ് റിഫറൻസ്കൂടി വിശദമായി നൽകേണ്ടതാണു്.

വെയിറേറജ് പ്രൊപ്പോഷനും നിശ്ചയിക്കുന്ന കാര്യം പേകമ്മീഷനു വിട്ടുകൊടുക്കുന്നുണ്ടോ എന്നുള്ള കാര്യം ഇപ്പോഴും അഭ്യൂഹത്തിൽ ഇരിക്കുകയാണു്. ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെ അംഗീകൃതസംഘടനകളുടെ പ്രതിനിധികളെ വിളിച്ചുവരുത്തി അവരുമായി ആലോചിച്ചു് പേകമ്മീഷന്റെ ആലോചനയ്ക്കു വിടേണ്ട പ്രശ്നങ്ങളെപ്പററി ചർച്ച ചെയ്യുകയും, ടേംസ് ആഫ് റഫറൻസ് നിശ്ചയിക്കുകയും ചെയ്യേണ്ടതാണു്. പഞ്ചവത്സരപദ്ധതിയിൽ അടുത്തകൊല്ലത്തേക്കു സിവിൾവർക്സിനു കൊള്ളിച്ചിരിക്കുന്ന തുക മുഴുവനും ചെലവു ചെയ്യുമോ എന്ന സംശയം സഭയുടെ പല ഭാഗത്തുനിന്നും ഉണ്ടായി. വർക്ക്സ് മുഴുവനും നടപ്പിൽ വരുത്തുമെന്നു ധനകാര്യമന്ത്രി ഉറപ്പു തരുന്നുണ്ടു്. അതേ അവസരത്തിൽ ഈ സംഖ്യ ചെലവാക്കുകയാണെങ്കിൽ മുൻകൂട്ടി ആലോചിക്കേണ്ട ചില കാര്യങ്ങൾ കൂടിയുണ്ടു്. ഇപ്പോൾ ലമ്പ്സം പ്രൊവിഷൻ ആണു കൊള്ളിച്ചിട്ടുള്ളതു്. പണികൾ നടത്തുന്നതിനു ഒരു അഡമിനിസ്ട്രേററീവ് ആർഡർ സെക്രട്ടേറിയററിൽ നിന്നും വെളിയിലുള്ള ഡിപ്പാർട്ട്മെൻറുകളിലേക്കു ലഭിക്കണമെങ്കിൽ കാലതാമസം വളരെയുണ്ടാകും. അതുപോലെതന്നെ ഈ രാജ്യത്തെ സകല പുരോഗതികൾക്കും മുൻപിൽ വിലങ്ങുതടിയായി നിൽക്കുന്ന ഒരു കംപ്ട്രോളർ ഉണ്ടെന്നും അറിയാൻ കഴിഞ്ഞിട്ടുണ്ടു്. ഏതെങ്കിലും തുകകൾ ചെലവു ചെയ്യണമെങ്കിൽ അതിനു അദ്ദേഹം പല തടസ്സങ്ങളും ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു എന്നാണു് ഈ വക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതു്. അങ്ങിനെ ഒരു സൂപ്പർ ഗവണ്മെൻറു നമുക്കു ആവശ്യമില്ല. ഈ കാര്യം അടിയന്തിരമായി സെൻട്രൽ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ഇന്നു് അദ്ദേഹത്തിനുള്ള പരമാധികാരം നമുക്കു സ്വതന്ത്രമായി വിനിയോഗിക്കാനുള്ള സൗകര്യം ഉണ്ടാക്കുകയും ചെയ്യേണ്ടതാണു്. സർ, അവിടെയുള്ള ക്ലാർക്കന്മാർക്കു പ്രമോഷൻ കൊടുക്കുന്നതുതന്നെ അവർ എത്ര ബില്ലുകൾ അബ്ജക്ററു ചെയ്തു എന്നുള്ള അടിസ്ഥാനത്തിലാണെന്നാണു കേട്ടിട്ടുള്ളതു്. അങ്ങിനെയാണെങ്കിൽ ഇക്കാര്യത്തിൽ തീർച്ചയായും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണു്.

കാട്ടേജ് ഇൻഡസ്ട്രീസിനുള്ളതിൽനിന്നും ഒരു ലക്ഷത്തി ഇരുപത്തീരായിരത്തി ഇരുന്നൂറു രൂപ സെൻട്രൽ ഇൻസ്ട്രമെൻറു വർക്ക്സ് ഷാപ്പിനുവേണ്ടി ചെലവാക്കുന്നു എന്നു കാണുന്നുണ്ടു്. നമുക്കു ഇവിടെ ചാക്കയിലുള്ള ഡി. ഡബ്ളു. ഡി. വർക്ക് ഷാപ്പിൽ നിന്നും തക്കതായ ആദായം ലഭിക്കുന്നില്ല. അങ്ങിനെയിരിക്കെ തിരുവനന്തപുരത്തുതന്നെ മററൊരു വർക്ക്ഷാപ്പു തുടങ്ങുന്ന

[ശ്രീ. ടി. കെ. ദിവാകരൻ]

കാര്യം ധനകാര്യമന്ത്രി പുനഃപരിശോധന ചെയ്യേണ്ടതാണ്. ചാക്കയിലെ വർക്കഷാപ്പിനോട് അനുബന്ധിച്ചു നടത്തിയാൽ എസ്റ്റാബ്ളിഷ്മെൻറ് ചെലവുകൾ കുറയ്ക്കാവുന്നതാണ്.

ഇനി എനിക്കു ഇൻലാൻഡ് നാവിഗേഷനെപ്പററിയാണു പറയുവാനുള്ളത്. വേനൽക്കാലമായാൽ നാവികതൊഴിലാളികൾക്ക് വള്ളം ഊന്നാൻ സാധിക്കുകയില്ല. തോടുകളും കൈനാലുകളുമെല്ലാം വെട്ടി നന്നാക്കേണ്ടതുണ്ട് അവരുടെ ആവശ്യമാണ്. അതുപോലെതന്നെ മൈനർ പോർട്ടുകൾ പരിഷ്കരിക്കേണ്ടതുണ്ട്. കൊല്ലം, കുളച്ചൽ, ആലപ്പുഴ മുതലായ സ്ഥലങ്ങളിലെ പോർട്ടുകളിൽ പണിയെടുത്തുവന്നിരുന്ന തൊഴിലാളികൾ ഇപ്പോൾ ജോലിയില്ലാതെവന്നിരിക്കുകയാണ്. അവർക്കു പണി ഉണ്ടാക്കികൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനു പകരം, ആ ഇനത്തിലേക്കു ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്ന പരിനൊന്നു ലക്ഷം രൂപ സീ എറോഷൻ നടപടികൾക്കായി ചെലവാക്കിയിട്ടുള്ളതായി കാണുന്നു.

Shri Panampilli Govinda Menon : That is not correct, Sir.

ശ്രീ. ടി. കെ. ദിവാകരൻ : അങ്ങിനെയാണു വിശദീകരണത്തിൽ നിന്നും കാണുന്നത്. ഏതായിരുന്നാലും ജലഗതാഗത സൗകര്യങ്ങൾ വികസിപ്പിക്കുന്ന കാര്യത്തിൽ അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ഇലക്ട്രിസിററിവകുപ്പ് വലിയ തുകകൾ കൊള്ളിച്ചിരിക്കുന്നതായി കാണുന്നുണ്ട്. അതേസമയത്തിൽ അതിൽനിന്നുള്ള വരുമാനം കുറഞ്ഞുവരുന്നതായും, എസ്റ്റാബ്ലിഷ്മെൻറ് ചെലവുകൾ കൂടിവരുന്നതായും കാണുന്നുണ്ട്. ഇതിൽ കൊള്ളിച്ചിരിക്കുന്ന വികസന പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനു ഒരു സ്റ്റേററ് ഇലക്ട്രിക്കൽ ബോർഡ് രൂപീകരിച്ച് ആ ബോർഡിൻെറ നിർദ്ദേശം അനുസരിച്ചു പ്രവർത്തിക്കുന്നുമെന്നും ഞാൻ അപേക്ഷിക്കുന്നു.

അതുപോലെതന്നെ ഗവണ്മെൻറിൻെറ കീഴിലുള്ള വ്യവസായസ്ഥാപനങ്ങളെല്ലാം ഇപ്പോൾ താറുമാറായി കിടക്കുകയാണെന്നു കാണുവാൻ കഴിയും. ആ നില മാററേണം. ആ വ്യവസായ സ്ഥാപനങ്ങളെല്ലാം ചിട്ടയായി നടത്തുവാൻ ഒരു മാനേജിംഗ് ബോർഡിൻെറ കീഴിൽ കൊണ്ടുവരുന്നതിനും ശ്രമിക്കണം.

മെഡിക്കൽ ഡിപ്പാർട്ടുമെൻറിലേക്ക് മുൻപ് നടന്നിരുന്നതിൽ കൂടുതൽ തുക അനുവദിച്ചിരിക്കുന്ന സമിതിയാണ് ആ ഡിപ്പാർട്ടുമെൻറിൻെറ പരിഷ്കാരങ്ങൾക്കു ആ തുക ചെലവാക്കാൻ മെഡിക്കൽ മന്ത്രിയും ഗവണ്മെൻറും പ്രത്യേകം ശ്രദ്ധിക്കണം. വളരെ വിദഗ്ദ്ധനായിട്ടുള്ള ഒരു ഡാക്ടറെ സർജൻ ജനറലായി നിയമിക്കേണ്ട ആവശ്യമില്ല. നല്ല ഒരു സിവിൽ ആഫീസറെ മെഡിക്കൽ ഡിപ്പാർട്ടുമെൻറ് അദ്ധ്യക്ഷനായി നിയമിച്ചാൽ മതി. സർജൻ ജനറലിന് ആഫീസുവർക്കും, ആഫീസിലെ കൺട്രോളും, ഡിപ്പാർട്ടുമെൻറ് മുഴുവനുമുള്ള അഡ്മിനിസ്ട്രേററീവ് കൺട്രോളും മാത്രമേയുള്ളൂ. വിദേശങ്ങളിൽപോയി, വളരെയധികം രൂപ ചെലവാക്കി വൈദഗ്ദ്ധ്യം സമ്പാദിച്ചുവന്നിട്ടുള്ള ഒരാളെ വെറും കസ്റ്റാണ്ടൻസു നടത്തുന്നതിനുവേണ്ടി മാത്രമായി ഒരു ഡിപ്പാർട്ടുമെൻറ്

ഹെഡ്ഡായി നിയമിക്കുന്നതു ശരിയായ ഒരു നയമല്ല. സർജൻ ജനറലിനെ ഇന്നുള്ള അധികാരങ്ങളിൽ നിന്നും വകുപ്പുതിരിച്ചു, ഡിപ്പാർട്ടുമെൻറു ഭരണത്തിനു ഒരു സിവിൽ ആഫീസറെ നിയമിക്കണമെന്നാണ് എനിക്കു പറയാനുള്ളതു്.

സാധാരണക്കാർക്കു് ഇന്നു ആശുപത്രികളിൽനിന്നു മരുന്നു ലഭിക്കുന്നില്ലെന്ന പരാതി എവിടെയും കേൾക്കുന്നുണ്ടു്. ന്യായമായ ചികിത്സാസൗകര്യങ്ങൾ ലഭിക്കുന്നതിനും, കൂടുതൽ മരുന്നാക്കുന്നതിനും, ആശുപത്രികളിൽ കിടക്കുന്ന രോഗികൾക്കു് നല്ല ഭക്ഷണം നൽകുന്നതിനും ഗവണ്മെൻറു് ആവശ്യമുള്ള സംഖ്യ ചെലവാക്കേണ്ടതാണ്.

സർ, മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ, ശുശ്രൂഷാസൗകര്യങ്ങൾക്കു വേണ്ടി വളരെയധികം രൂപാ ഏകദേശം ടാർജററിനോടൊപ്പം എന്നു ചെലവു ചെയ്തിട്ടുള്ളതായി കാണുന്നുണ്ടു്. ഓരോ താലൂക്കിലും ഓരോ മിഡൈപ്പഫിനെയെങ്കിലും കൊടുക്കണമെന്നുള്ളതാണ് പഞ്ചവത്സരപദ്ധതിയുടെ ഉദ്ദേശം. പക്ഷെ, എന്തു സാധിച്ചു? നാലഞ്ചു താലൂക്കുകളിൽ മിഡൈപ്പഫിനെ നിയമിച്ചു. ഇരുപതു കേന്ദ്രങ്ങൾകൂടി നിശ്ചയിച്ചുവെങ്കിലും മിഡൈപ്പഫുദ്യോഗത്തിനു് ആവശ്യമായ പരീക്ഷായോഗ്യതയുള്ളവർ ഉണ്ടായിരുന്നില്ല. താലൂക്കുതോറും മിഡൈപ്പഫിനെ നിയമിക്കുവാൻ തീരുമാനിക്കുക, ഒടുവിൽ ആളില്ലായ്മയിരിക്കുക; ഇങ്ങനെയാണ് കണ്ടുവരുന്നതു്. പ്രസവം മൂലമുള്ള മരണങ്ങളും, ശിശുമരണങ്ങളും നമ്മുടെ നാട്ടിൽ വളരെ വർദ്ധിച്ചിട്ടുണ്ടു്. എല്ലാ താലൂക്കുകളിലും മിഡൈപ്പഫുകളുടെ സേവനം ലഭിക്കത്തക്കവിധം ആവശ്യമുള്ളവരെ പരിശീലനം നടത്തി എടുക്കേണ്ടതാണ്. നമുക്കു നല്ല ഒരു മെഡിക്കൽ കാളേജും, വേണ്ട ഉപകരണങ്ങളും ആവശ്യമുള്ള സ്റ്റാഫും ഉണ്ടു്. വിദ്യാഭ്യാസമുള്ള ധാരാളം യുവതികളുമുണ്ടു്. വളരെ അത്യാവശ്യമായ മിഡൈപ്പഫ്സിനും, നേഴ്സസിനും വേണ്ട പരിശീലനം നൽകിയാൽ, നമുക്കു ആവശ്യമുള്ളവരെ ലഭിക്കുന്നതിനും പുറമെ, നമ്മുടെ രാജ്യത്തിനു ഉപകരിക്കുവാൻ സാധിയ്ക്കാതെ വരുന്നവർക്കു വെളിയിൽ പോയി സേവനം നടത്തുന്നതിനുള്ള അവസരം ലഭിക്കുകയും ചെയ്യുന്നതാണ്. തൊഴിലില്ലായ്മയ്ക്കും അല്പം പരിഹാരം കിട്ടും. എത്രയും കൂടുതൽ വിദ്യാർത്ഥികളെ പരിശീലനത്തിനു ലഭിക്കുമോ അത്രയും പേർക്കു പരിശീലനം നൽകുന്നതിനു വേണ്ട വ്യവസ്ഥ ചെയ്യണം.

അതുപോലെതന്നെ പബ്ലിക്കുഹെൽത്തു ഡിപ്പാർട്ടുമെൻറിലെ പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിനും, കാര്യക്ഷമമാക്കുന്നതിനും മരാമത്തു വകുപ്പുമന്ത്രിയും, മുഖ്യമന്ത്രിയും ശ്രദ്ധിക്കുമെന്നു ഞാൻ കരുതുന്നു.

സർ, പ്രാദേശികമായി അല്പം ചില കാര്യങ്ങൾ പറയുകയാണെങ്കിൽ, കൊല്ലം പട്ടണത്തെ സംബന്ധിച്ചു വാട്ടർ സപ്ലൈ വകയ്ക്കു ആറു ലക്ഷം രൂപാ കൊള്ളിച്ചിരുന്നതാണ്. അതിനുശേഷം തൃശ്ശൂർ മുതലായ മററു ചില കേന്ദ്രങ്ങളിൽ വാട്ടർസപ്ലൈ നടത്തുന്നതിലേക്കു് ആവശ്യമുള്ള തുക കൊള്ളിച്ചിട്ടുണ്ടു്. കൊല്ലത്തു ഇതുവരെ അതിനുവേണ്ട ഇൻവെസ്റ്റിഗേഷൻ നടക്കുന്നതേയുള്ളു. നാവിഗേഷൻ പ്രോജക്ടറു് കൊല്ലത്തു് ഈ കാര്യത്തിനു ആവശ്യമായ സഹായങ്ങൾ നൽകാൻ തയ്യാറാണെന്നാണു അറിയുന്നതു്. കാലതാമസംകൂടാതെ ഇക്കൊല്ലംതന്നെ കൊല്ലത്തുകൂടി വാട്ടർസപ്ലൈ ചെയ്യത്തക്കനടപടികൾ സ്വീകരിക്കണമെന്നു പക്ഷം.

[ശ്രീ. ടി. കെ. ദിവാകരൻ]

കൊല്ലം ഇരുമ്പുപാലം നന്നാക്കുന്നതിനു വേണ്ട തുക കൊള്ളിച്ചിട്ടുള്ളതു ലാപ്സാകാതെ ശ്രദ്ധിക്കണം. പാലം മുക്കുവാനും താഴെ വീഴുമെന്നുള്ള അവസ്ഥയിലിരിക്കുകയാണ്. കഴിഞ്ഞ നിയമസഭയിൽ ഇതു സംബന്ധിച്ചു ഒരു ചോദ്യം ചോദിച്ചപ്പോൾ, നിവേദനം ലഭിച്ചിട്ടില്ല, എസ്റ്റിമേറ്റു തയ്യാറാക്കിട്ടില്ല എന്നൊക്കെയാണു അന്നത്തെ മുഖ്യമന്ത്രി പറഞ്ഞതു്. എന്നാൽ ഇപ്പോൾ കാണുന്നതു് വളരെ മുമ്പുതന്നെ ഗവണ്മെൻറിനു വാദം ഈ ജോലിക്കു ലഭിച്ചുവെന്നാണ്. ഏതായാലും ഇപ്പോൾ ഈ ബഡ്ജറ്റിൽ തുക കൊള്ളിച്ചിരിക്കുകയാണ്. ഗവണ്മെൻറിനും, മന്ത്രിമാർക്കും, ഡിപ്പാർട്ടുമെൻറിനും എത്രമാത്രം ഉത്തരവാദിത്വമുണ്ടെന്നു ഇതിൽനിന്നും കാണാവുന്നതാണ്. ഇരുമ്പുപാലത്തിനു കൊള്ളിച്ചിരിക്കുന്ന തുക ചെലവുചെയ്യുന്ന കാര്യത്തിൽ മരാമത്തുവകുപ്പുമന്ത്രി ശ്രദ്ധിക്കണം.

അതുപോലെതന്നെ കൊല്ലത്തെ നൈറ്റ്സായിൽഡിപ്പോ അവിടെനിന്നു മാറ്റണമെന്നുള്ള പ്രക്ഷോഭണം വളരെക്കാലമായി നടക്കുന്നതാണ്. ഓരോ മന്ത്രിസഭ വരുമ്പോഴും, അവരോടെല്ലാം ഇതിനെപ്പററി നിവേദനം നടത്തിയിട്ടുണ്ട്. എല്ലാ മന്ത്രിമാരെയും അവിടെ എഴുന്നെള്ളിച്ചു കൊണ്ടുപോയിട്ടുണ്ട്. എല്ലാരാഷ്ട്രീയകക്ഷികളിൽ പെട്ടിട്ടുള്ളവരും ഇതിനുവേണ്ടി ശ്രമിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റരുടെ നേതൃത്വത്തിൽതന്നെ ഒരു നിവേദനം നടത്താൻ അവിടെയുള്ളവർ ശ്രമിച്ചു. ഈ കാര്യം പലരും നിവേദനം നടത്തുകയും ഈ നിയമസഭയിൽ ചർച്ചയ്ക്കു വരുകയും ചെയ്തിട്ടുള്ളതുമാണ്. കേവലം 80 സെൻറ് സ്ഥലത്താണ് ഈ നൈറ്റ്സായിൽഡിപ്പോ കിടക്കുന്നതു്. കൊല്ലം പട്ടണംപോലെ വ്യാപാരകമായ ഒരു സ്ഥലത്തു ഈ ഡിപ്പോ സ്ഥാപിച്ചിരിക്കുന്നതുമൂലം പല വൈഷമ്യങ്ങളും ഉണ്ടാകുന്നുണ്ട്. ഉടനടിതന്നെ അതു അവിടെനിന്നും മാറ്റുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

Shri A. Thanu Pillai: Sir, the old Government has been ousted and a new Government has come into being. Naturally, Sir, one would expect in the Budget presented to this House by the new Government something indicative of a feeling of necessity by the present Government to oust the old Government. With this expectation, I looked through the pages of the Budget, I read carefully the Finance Minister's speech. But I could find absolutely nothing that the present Government has to offer to the State by way of improving the conditions of the people. There is nothing new, Sir. I find not a single new idea throughout the speech of the Finance Minister or in the Budget, not a single new idea that will lead to some new line of action. Even Governmental activities like all other activities are prompted by fresh ideas. I challenge the Ministry to point out a single new line of activity necessitating a change of Government. I find nothing.

ണ്ടാണ് മഠട്ടിപായൻറ്സെയിൽസ്ടാക്സ് സിങ്കിഠപായിൻറാക്കി പ്രതിപക്ഷനേതാവിൻെറ അഭ്യർത്ഥനയെ ആദരിച്ച് ജനങ്ങളെ രക്ഷപ്പെടുത്താൻ തയ്യാറാകാത്തതു്. പുതിയ നികുതി ഒന്നുംഏർപ്പെടുത്തിയിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു. സെയിൽസ്ടാക്സ് ചില്ലയിനങ്ങളിൽ മഠട്ടിപായൻറ് സിങ്കിഠ പായിൻറാക്കിയിട്ടുണ്ട്. അങ്ങിനെ 15 ലക്ഷം രൂപ കൂടുതലായി ജനങ്ങളിൽ നിന്നും ഈടാക്കുകയാണ്. ഇന്ന് നമ്മുടെ നാട്ടിലെ ജനങ്ങളെ നീറുന്ന പ്രശ്നങ്ങഠ എന്താണ്. ആ പ്രശ്നങ്ങഠ മനസ്സിലാക്കിയിട്ടാണല്ലോ പരിഹാരമാർഗ്ഗം കാണേണ്ടതു്. ഇന്ന് ഇന്നാട്ടിലെ ജനങ്ങളെ അലട്ടുന്ന ഏററവും അടിയന്തിരമായ പ്രശ്നം വളരെ താണനിലയിലിരിക്കുന്ന ക്രയശക്തിയാണ്. അതിൽ നിന്നും ജനങ്ങളെ രക്ഷപ്പെടുത്തുന്നതു് എങ്ങനെയെന്ന് ഏതൊരു ഭരണാധികാരിയും ആലോചിക്കേണ്ടതല്ലേ? ക്രയശക്തി കുറഞ്ഞതുമൂലം കൂടുതൽ നികുതി ഈടാക്കാൻ സാധിക്കയില്ല. സാധനങ്ങളുടെ വിലയിടിവു മൂലം പ്രതീക്ഷിച്ചിരുന്ന സെയിൽസ്ടാക്സ് പിരിഞ്ഞു കിട്ടുകയില്ലന്ന് മദ്രാസിൽ ശ്രീ. സുബ്രഹ്മണ്യം ഈ പരമാർത്ഥം പറഞ്ഞതിനുശേഷവും സെയിൽസ്ടാക്സ്നത്തിൽ 15 ലക്ഷം കൂടുതൽ പ്രതീക്ഷിക്കുകയാണ്. കൂടുതൽ നികുതി ഒന്നും ഈടാക്കുന്നില്ലന്നുപറഞ്ഞു. അതിനെപ്പററി എനിക്ക് ഒന്നു ചോദിക്കുവാനുണ്ട്. ബെററർമെൻറ്ടാക്സും, വാട്ടർസെസ്സും നികുതിയല്ലേ? ഇങ്ങനെയുള്ള നികുതി ഈടാക്കുന്ന കർഷകക്ക് എന്തെങ്കിലും ആശ്വാസം നൽകാൻ ഗവമ്മെൻറ് തയ്യാറായിട്ടുണ്ടോ? കഴിഞ്ഞ നിയമസഭയിൽ ശ്രീ. തരകൻ അവതരിപ്പിച്ച ഡെററ് റിലീഫ്ബിൽ സെലക്ട്കമ്മിററിക്കു അയക്കുകയുണ്ടായി. അതിനു പ്രേരിപ്പിച്ച തത്വങ്ങഠ എന്തൊക്കെയാണ്. ഇന്ന് നാട്ടിലെ ജനങ്ങഠ ഋണബാദ്ധ്യത മൂലം തകർന്നു കഴിഞ്ഞിരിക്കുകയാണ്. അതിനൊരുപരിഹാരം കാണണമെന്നുള്ള തത്വം ഈ അസംബ്ളി അംഗീകരിച്ചതിൻെറ ഫലമായിട്ടല്ലേ ഈ അസംബ്ളിയിലെ എല്ലാ അംഗങ്ങളും ഐകകണ്ഠ്യേനസമ്മതിച്ച് ആ ബിൽ സെലക്ട്കമ്മററിക്ക് അയച്ചതു്. അതിനുശേഷംഅവതരിപ്പിച്ചിരിക്കുന്ന ഈ ബഡ്ജററിൽ ഋണബാദ്ധ്യതയിൽ നിന്നും സാധാരണജനങ്ങഠക്ക് ആശ്വാസം കിട്ടുന്നതിന് എന്തെങ്കിലും പരിപാടികഠ കൊള്ളിച്ചിട്ടുണ്ടോ? മദ്രാസിലും ആന്ധ്രായിലും മോറൊട്ടോറിയം പ്രഖ്യാപിച്ചു. ഞങ്ങഠ അതു ചോദിക്കുന്നില്ല. ഇഷ്ടമുണ്ടെങ്കിൽ ചെയ്താൽമതി. നിലവിലുള്ള നികുതിയിൽ നിന്നും ഒരാശ്വാസം കൊടുക്കാൻ നിങ്ങഠ എന്തുകൊണ്ട് തയ്യാറാകുന്നില്ലെന്നാണ് ഞാൻ ചോദിക്കുന്നതു്. ഒരു വർഷത്തിന് മുമ്പാണ് ഈ കാൺഗ്രസ്സ് പാർട്ടി അധികാരത്തിൽ നിന്നും ഇറങ്ങിപ്പോയതു്. അതു കഴിഞ്ഞു് പല സംഭവങ്ങളും ഇവിടെനടന്നിട്ടുണ്ട്. വീണ്ടും അധികാരത്തിൽ വന്ന ആ കാൺഗ്രസ്സ്പാർട്ടി, ഇറങ്ങിപ്പോകുന്ന അവസരത്തിൽ അവതരിപ്പിച്ച ബഡ്ജററിന് നിദാനമായ വീക്ഷണഗതി വീണ്ടും ആവർത്തിച്ച് പ്രകടമാക്കുകയല്ലേ ചെയ്തിട്ടുള്ളതു്. ഇവിടെ നിന്നും ഇറങ്ങിപ്പോയശേഷം അവർ ജനങ്ങളുടെ മുമ്പിൽ വച്ചഅപ്പീൽ തള്ളുകയുണ്ടായി. കാൺഗ്രസ്സ്പാർട്ടി അംഗങ്ങളോടുള്ള വ്യക്തിപരമായ വെറുപ്പുകൊണ്ടാണോ? അല്ല. കാൺഗ്രസ്സ്പാർട്ടി അധികാരത്തിൽകയറി 6 വർഷക്കാലം അംഗീകരിച്ച സാമ്പത്തികപരിപാടികളും പ്രശ്നങ്ങളെ പരിഹരിക്കുന്നതിനുള്ള വീക്ഷണഗതിയും ജനങ്ങഠക്കുവേണ്ടിയുള്ളതല്ലെന്ന് അവർ

മനസ്സലാക്കിയതുകൊണ്ടാണ് നിങ്ങളുടെ അപ്പീൽ തള്ളിക്കളഞ്ഞതു്. എന്നിട്ടും ആ പഴയവീക്ഷണഗതിയിൽ, ആ പഴയപരിപാടിയുടെ അടിസ്ഥാനത്തിൽ ബഡ്ജററ് അവതരിപ്പിച്ചിരിക്കുന്നതു എന്തുകൊണ്ടാണെന്ന് എനിക്കു മനസ്സിലാകുന്നില്ല. മഹാനായമാർക്സ് പറഞ്ഞിട്ടുണ്ട്, ബൂർഷ്വാ പാർട്ടികൾ എത്രയൊക്കെ അധികാരത്തിൽ തൂങ്ങിനില്ക്കാൻ ആഗ്രഹിച്ചാലും അവക്ക് പുരോഗമനപരമായ നടപടികൾ സ്വീകരിക്കാൻ സാധിക്കാതെവരുമെന്നും അതുകഴിഞ്ഞു് അവർ തന്നത്താനെ നശിച്ചുകൊള്ളുമെന്നും. ഈ അവസരത്തിൽ ഞങ്ങൾ അതാണ് ഓർത്തുപോകുന്നതു്. ഞങ്ങളുടെ സഹകരണം അദ്ദേഹം ആവശ്യപ്പെടുകയുണ്ടായി എനിക്ക് അദ്ദേഹത്തോട് ചില ചോദ്യങ്ങൾ ചോദിക്കാനുണ്ട്. ഈ നാട്ടിൽ കുറെ രാഷ്ട്രീയ തടവുകാരുണ്ട്. കുറെ രാഷ്ട്രീയകേസുകളും നിലവിലിരിക്കുന്നുണ്ട്. ഈ നാട്ടിൽ ജീവിക്കുന്നതിനുവേണ്ടിയും നിലവിലുള്ള അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയും തയ്യാറായ നൂറുനൂറ് തൊഴിലാളികളുടെ പേരിൽ കേസുകൾ നിലവിലിരിക്കുന്നുണ്ട്. ഈ രാഷ്ട്രീയതടവുകാരെ മോചിപ്പിക്കുവാനും ഈ കേസുകളെല്ലാം പിൻവലിക്കാനും അദ്ദേഹംതയ്യാറുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നതു്. സർ, കാൺഗ്രസ്സ് പാർട്ടിയിൽ പെട്ടവർപോലും സമ്മതിക്കുന്ന ഒരു പരമാർത്ഥം ഇവിടെ വെളിപ്പെടുകയുണ്ടായി. പൊലീസ് ലാക്കപ്പുകളിലെ മർദ്ദനം. സ്വൈരമായി നാട്ടിൽ ജീവിക്കുന്നതിനു സാദ്ധ്യമല്ലാത്ത ഒരുനില ഇവിടെവന്നിട്ടുണ്ട്. കുട്ടനാട്ടിലെ സംഭവവും ജനപ്രതിനിധികൾക്കുതന്നെ അനുഭവിക്കേണ്ടിവന്ന മർദ്ദനവും ഇവിടെ പറഞ്ഞുകഴിഞ്ഞു.

Mr. Speaker : Order, order. As I do not propose to limit the time for the speeches of the Leader of the Opposition and the Leader of the House, I am announcing that the House will rise only after the completion of the Chief Minister's reply speech today.

Shri T. V. Thomas : Sir, I will adjust my speech so as to avoid any embarrassment.

പോലീസ്നടപടികളെപ്പററി, അവർ ഇന്ന് ജനങ്ങൾക്ക് എതിരായി നടത്തിക്കൊണ്ടിരിക്കുന്ന അക്രമങ്ങളെപ്പററി, അതിൻെറ പട്ടികകൾ ഇവിടെ നിരത്തിവച്ച് ഈ സഭയിലെ അംഗങ്ങളെ ബുദ്ധിമുട്ടിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. ഈ നാട്ടിലെ ജനങ്ങൾക്ക് സ്വൈരമായി ജീവിക്കുവാൻ സാദ്ധ്യമല്ലാത്ത നിലയിൽ പോലീസ് ഒരു നിലപാട് എടുത്തിരിക്കുന്നു. ഇവിടെ കഴിഞ്ഞ പ്രാവശ്യം ഉന്നയിച്ച ഒരു പ്രശ്നമാണ് ഞാൻ സൂചിപ്പിക്കുന്നതു്. ഈ സഭയിലെ ഒരംഗം ഈ സഭയിൽ വന്നുനിന്നുകൊണ്ട് അദ്ദേഹത്തെ പോലീസ് ഉപദ്രവിക്കുകയും അദ്ദേഹത്തിൻെറ പൗരത്വത്തെ ചോദ്യംചെയ്യുകയും ചെയ്തു എന്നു പറഞ്ഞാൽ അതു വിശ്വസിച്ച് നടപടി നടത്തേണ്ടതല്ലേ? ജനാധിപത്യമര്യാദ ആ കാര്യത്തിൽ ഇല്ലേ എന്നു ഞാൻ ചോദിക്കുകയാണ്. സഹകരണം ചോദിക്കുന്നതോടുകൂടി അങ്ങനെയുള്ള പോലീസുകാരുടെ മേൽ എന്തു നടപടി നടത്താനാണ് മുഖ്യമന്ത്രി തീരുമാനിച്ചിരിക്കുന്നതെന്നുള്ളതിന് മറുപടിയും കിട്ടണം. അതുപോലെതന്നെ കുടിയിറക്കുനിരോധനത്തെപ്പററിയും പറയുകയുണ്ടായി. കുടിയിറക്കാൻ അവകാശമുണ്ടെന്നാണ് പോലീസ്മന്ത്രി പറയുന്നതു്. ആ പോലീസ്മന്ത്രി റവന്യൂമന്ത്രികൂടിയാണ്. ആ നിലയിൽ അദ്ദേഹം കുടിയിറക്കു നിരോധനബിൽ അവത

[ശ്രീ. ടി. വി. തോമസ്സ്]

രിപ്പിച്ച് പാസ്സാക്കുന്നതിൽ ആത്മാർത്ഥത കാണിക്കുമോ എന്ന് സംശയിയിക്കേണ്ടിയിരിക്കുന്നു. ഇവിടെ കുടിയിറക്ക് ഫലപ്രദമായി നിരോധിക്കുന്ന ഒരു നിയമം ഉണ്ടാക്കാൻ നടപടി എടുക്കുമോയെന്ന് ഞങ്ങൾക്കറിയണം. അതുപോലെതന്നെ തൊഴിലാളികളുടെ നടപടികളെപ്പററിയും ബഡ്ജററുപ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. സഖാവ് ദിവാകരൻ അതിനു മറുപടിയും പറഞ്ഞു. എനിക്ക് മുഖ്യമന്ത്രിയോട് ഒന്നു ചോദിക്കാനുണ്ട്. കഴിഞ്ഞ കൊല്ലങ്ങളിൽ എന്തെല്ലാം ഉണ്ടായിക്കൊള്ളട്ടെ. വാദത്തിനുവേണ്ടി സമ്മതിച്ചുകൊടുക്കാം. ഭാവിയിൽ തൊഴിലാളികളോട് നീതികാണിക്കുന്ന ഒരു നയം സ്വീകരിക്കാൻ അദ്ദേഹം തയ്യാറുണ്ടോ? കൺസിലിയേഷൻ കാൻഫറൻസുകളിൽ ഹാജരാകാൻ വിസമ്മതിക്കുന്ന മുതലാളികളുടെ പേരിൽ നടപടികൾ നടത്താൻ അദ്ദേഹം തയ്യാറാകുമോ? അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെന്റു ഉദ്യോഗസ്ഥന്മാർ കൺസിലിയേഷൻ കാൻഫറൻസുകൾക്ക് വരാൻ ആവശ്യപ്പെട്ടാൽ ധിക്കരിക്കുന്ന മുതലാളിമാരുടെ പേരിൽ നടപടിനടത്താൻ തയ്യാറാകുമോ? അതു പോകട്ടെ, ഒരു താക്കീതെങ്കിലും നല്കാൻ തയ്യാറാകുമോ?

ഈ നാട്ടിലെ ജനങ്ങൾ കൊതിച്ചുകൊണ്ടിരിക്കുന്ന ഭൂപ്രശ്നത്തെപ്പററി ബഡ്ജററു പ്രസംഗത്തിൽ ഒരക്ഷരംപോലും അദ്ദേഹം പറഞ്ഞിട്ടില്ല. അദ്ദേഹം വളരെ ബുദ്ധിമാനാണ്. അതിനെപ്പററി എന്തെങ്കിലും പറഞ്ഞാൽ എതിർപ്പുണ്ടാകുമെന്ന് അദ്ദേഹത്തിനറിയാം. ഒരുപക്ഷെ മറുപടിപ്രസംഗത്തിൽ പറഞ്ഞേക്കും ഭൂനിയമങ്ങളെല്ലാം നടപ്പിലാക്കാൻ പോകുകയാണെന്ന്. വെറുംപാട്ടദാർബില്ലും സീലിംഗ് ആൻഡ് ഓണർഷിപ്പ് റെസ്ട്രിക്ഷൻ ബില്ലും ഈ സെഷനിൽത്തന്നെ റിപ്പോർട്ടു സമർപ്പിക്കണമെന്നുള്ള മാൻഡേററോടുകൂടിയല്ലേ സെലക്ട് കമ്മിററിക്ക് അയച്ചതു്. അതിന് എന്തു നടപടി റവന്യൂമന്ത്രി എടുത്തു എന്നറിയണം. അദ്ദേഹം പറയുകയുണ്ടായി 15-ാം തീയതി കൂടാൻ വച്ചിരുന്ന സെലക്ട്കമ്മിററി മാററിയതു് പ്രതിപക്ഷനേതാവ് പറഞ്ഞിട്ടാണെന്ന്. ആ ആദരവു കണ്ടാൽ തോന്നും. ഡമാക്രസിക്കുവേണ്ടി ഇവർ മരിക്കാൻപോലും തയ്യാറാണെന്ന്. പ്രതിപക്ഷനേതാവിനെ ചീത്ത പറഞ്ഞ പോലീസുകാരുടെ മേൽ നടപടിയെടുക്കാൻ മന്ത്രി തയ്യാറില്ല. അവക്ക് സൗകര്യപ്രദമായ ഒന്നു കിട്ടിയാൽ പ്രതിപക്ഷനേതാവിനെ ബഹുമാനിക്കും. 15-ാം തീയതിയാണ് സെലക്ട് കമ്മിററി വച്ചിരുന്നതു്. ആ സെലക്ട്കമ്മററിക്ക് റിപ്പോർട്ടു സമർപ്പിക്കാൻ വേണ്ട സമയം കിട്ടുമായിരുന്നില്ല. 15-ാം തീയതി കമ്മിററി വച്ചിരുന്നതു് ബുദ്ധിമുട്ടിക്കാനാണ്. 18-ാം തീയതി അസംബ്ലി കൂടാൻ പോകുന്നു. രണ്ടു ദിവസം ഇവിടെ താമസിച്ച് ബുദ്ധിമുട്ടേണ്ടിവരും. അതുകൊണ്ട് കമ്മിററി മാററി വയ്ക്കുന്നമെന്ന് ഞാൻ ആവശ്യപ്പെട്ടിരുന്നു. അതിനെ മറയായി പിടിച്ചുകൊണ്ട് പ്രതിപക്ഷനേതാവ് പറഞ്ഞതുകൊണ്ടാണ് മാററിവച്ചതെന്നു പറയുകയാണ്. സഹകരണം ചോദിക്കുന്ന മുഖ്യമന്ത്രിയോട് ഈ രണ്ടു ബില്ലുകളെങ്കിലും അസംബ്ലി തീരുന്നതിനുമുമ്പ് പാസ്സാക്കുമോ എന്ന് ഞാൻ ചോദിക്കുന്നു.

അതുപോലെതന്നെ ഇവിടത്തെ തൊഴിൽപ്രശ്നം. ശ്രീമാൻ പനമ്പിള്ളി ഗോവിന്ദമേനോൻ രഹസ്യമായും പരസ്യമായും പുരോഗമനത്തെപ്പററി പ്രസംഗിക്കാറുണ്ട്. അദ്ദേഹം അവതരിപ്പിക്കുന്ന ബഡ്ജ

ററിൽ തൊഴിലില്ലായ്മയ്ക്കു പരിഹാരം കാണാൻ എന്തെങ്കിലും ക്രിയാത്മകമായ പദ്ധതികൾ ഉണ്ടായിരിക്കുമെന്നു ഞാൻ പ്രതീക്ഷിച്ചു. അതു് പ്ലാനിംഗ് കമ്മിഷനു വിട്ടുകൊടുത്തിരിക്കുകയാണു്. അതിന്റെകൂടെ ഒരു നയപ്രഖ്യാപനം ഉണ്ടു്. അതിൽ മൗലികമായ അഭിപ്രായവ്യാസം ഞങ്ങൾക്കുണ്ടു്. അതിന്റെ അടിസ്ഥാനത്തിൽ സഹകരണം സാദ്ധ്യമല്ല. കാട്ടേജ് ഇൻഡസ്ട്രിയുടേയും, സ്മാൾ സ്കെയിൽ ഇൻഡസ്ട്രിയുടെയും വികസനംകൊണ്ടു് തൊഴിലില്ലായ്മ പരിഹരിക്കാമെന്നും അദ്ദേഹം പറയുന്നുണ്ടു്. നാട്ടുകാരുടെ അവശതകൾ പരിഹരിക്കണമെങ്കിൽ ഇന്നു് രണ്ടു പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ടു്- ഒന്നു പരോഗമനപരമായ ഒരു ഭൂനയം. അദ്ധ്വാനിക്കുന്ന കർഷകനു മെച്ചം കിട്ടണം. അവന്റെ ക്രയശക്തി വർദ്ധിപ്പിക്കണം. അവനു വാങ്ങാനുള്ള കഴിവു കൂടുതലുണ്ടാകണം. രണ്ടാമതായി തൊഴിലില്ലാത്തവർക്കു തൊഴിലുണ്ടാക്കിക്കൊടുക്കണം. അതു് വ്യവസായീകരണംകൊണ്ടു മാത്രമേ സാധിക്കുകയുള്ളൂ. പ്ലാനിംഗ് കമ്മിഷനു വിട്ടുകൊടുക്കുന്നതിനു അർത്ഥമില്ല. കാട്ടേജ് ഇൻഡസ്ട്രീസ് വികസിപ്പിക്കുന്നതുകൊണ്ടും വിശേഷമൊന്നും ഉണ്ടാകുകയില്ല. ഒരുപക്ഷെ ഏഴുപതു ലക്ഷം രൂപ പുതിയ വ്യാവസായിക സംരംഭങ്ങൾക്കു് മാററിവച്ചിരിക്കുന്നതായി പറഞ്ഞേക്കും. അങ്ങനെ മാററിവച്ചിരിക്കുന്നതു് എന്തിനാണെന്നു് പറയേണ്ട ചുമതലയില്ലേ? ഇന്നലെ ചോദ്യോത്തരവേളയിൽ സ്ഥാപിക്കാൻ പോകുന്ന റബ്ബർഫാക്ടറിയിൽ ഗവണ്മെൻറിനു എന്തു ഷെയർ കാണും, നാമമാത്രമായ പെർസെൻറേജേ കാണുകയുള്ളോ എന്നു ചോദിച്ചപ്പോൾ, അതിനെപ്പററി ഇപ്പോൾ അഭിപ്രായം പറയുവാൻ സാദ്ധ്യമല്ലെന്നു അദ്ദേഹം പറയുകയുണ്ടായി. അഭിപ്രായം പറയേണ്ട ചുമതല അദ്ദേഹത്തിനില്ലേ? ഈ നാട്ടിനെ സാരമായി ബാധിക്കുന്ന ഒരു വ്യവസായം ആരംഭിക്കുമ്പോൾ ഗവണ്മെൻറിനു ഒരു നയം ഉണ്ടായിരിക്കേണ്ടേ? സംസ്ഥാനത്തിനു ആ ഇൻവെസ്ററുമെൻറിൽ ഒരു കൈകാര്യകർതൃത്വമുണ്ടായിരിക്കേണ്ടേ? അങ്ങനെ യാതൊരു ഉറപ്പും തരാതെ ഏഴുപത്തഞ്ചു ലക്ഷം രൂപ ലമ്പ് സം ആയി കൊള്ളിച്ചിരിക്കുന്നതിനെ ഞങ്ങൾ അങ്ങേയററം എതിർക്കുന്നു. ഇൻഡസ്ട്രിയലൈസേഷനു ഒരു ടോക്കൺ ഗ്രാൻഡ് കൊണ്ടുവന്നാൽ പോരേ? ആവശ്യമുള്ള അവസരത്തിൽ സഭ വിളിച്ചുകൂട്ടി സപ്ലിമെൻററി ഗ്രാൻറായി കൊണ്ടുവന്നാൽ പാസ്സാക്കി കൊടുക്കയില്ലേ? സംശയാസ്പദമായ നിലയിൽ ഏഴുപത്തഞ്ചുലക്ഷം രൂപ ഇഷ്ടം പോലെ കൈകാര്യം ചെയ്യാൻ ഞങ്ങൾ അനുവദിക്കുകയില്ല. ഞങ്ങൾ അതിനെ എതിർക്കുകയാണു്.

മുഖ്യമന്ത്രി ഒരു പുതിയ ഡീൽ ദാനം ചെയ്തിരിക്കുന്നു. അദ്ധ്യാപകന്മാർക്കും ഉദ്യോഗസ്ഥന്മാർക്കും ഒരു പുതിയ ഡീൽ. ഞങ്ങൾക്കു് അതിൽ വലിയ ആശ്വാസമുണ്ടു്. പക്ഷെ അതിനുവേണ്ടി ഒരു പേ കമ്മിഷനെ നിയമിച്ചതു് എന്തിനാണെന്നു് മനസ്സിലാകുന്നില്ല. ഈ പേ കമ്മിഷനിലെ അംഗങ്ങളെപ്പററി എന്തൊക്കെയോ ഇവിടെ പറയുകയുണ്ടായി. വ്യക്തിപരമായി അവരെ ആക്ഷേപിക്കാൻ ഞാൻ തയ്യാറില്ല. എന്നാൽ മുഖ്യമന്ത്രി ഒരു കാര്യം മനസ്സിലാക്കണം. ഒരു പേകമ്മിഷനെ നിയമിക്കുമ്പോൾ അതിലെ അംഗങ്ങളെപ്പററി ജനങ്ങൾക്കു് ഒരു മതിപ്പും ബഹുമാനവും ഉണ്ടായിരിക്കണം. ഈ കമ്മിഷനിലെ അംഗങ്ങളെപ്പററി ഈ നാട്ടിലെ ജനങ്ങൾക്കു ബഹുമാനമുള്ളതായി കരുതുന്നുണ്ടോ? ഈ കമ്മിഷനിൽനിന്നു് എന്തു വരുമെന്നു് എനിക്കു വളരെ ഉല്ക്കണ്ഠയുണ്ടു്.

[ശ്രീ. ടി. വി തോമസ്സ്]

ഇവിടെ ഉദ്യോഗസ്ഥന്മാരെക്കൂടാതെ അദ്ധ്വാനിക്കുന്ന കൃഷിക്കാരുണ്ട്, തൊഴിലാളികളുണ്ട്, വിദ്യാർത്ഥികളുണ്ട്. അങ്ങനെയുള്ള കഷ്ടപ്പെടുന്ന ആളുകൾക്കുവേണ്ടി ഒരു പുതിയ ഡീൽ അദ്ദേഹം ഈ ബഡ്ജററ മുഖേന ഇവിടെ അവതരിപ്പിച്ചിരുന്നുവെങ്കിൽ തീർച്ചയായും ഞങ്ങൾ ബഡ്ജററിനെ സ്വാഗതം ചെയ്യുമായിരുന്നു. അദ്ദേഹത്തിന്റെ സഹകരണാഭ്യർത്ഥനയേയും സ്വാഗതം ചെയ്യുമായിരുന്നു. അങ്ങിനെ ഒരു ഡീൽ ഇനിയെങ്കിലും കരുപ്പിടിപ്പിക്കുവാൻ അദ്ദേഹം തയ്യാറാകുമോ? വ്യവസായീകരണം തൊഴിലാളികളുടെ ബുദ്ധിമുട്ടുന്യായമായ നയംകൊണ്ടാണ് തടസ്സപ്പെടുന്നത് എന്നു പ്രഖ്യാപനംചെയ്ത ഈ മുഖ്യമന്ത്രിയോടു ഈ നാട്ടുകാരും തൊഴിലാളികളും അദ്ധ്വാനിക്കുന്ന വിഭാഗത്തെ പ്രതിനിധാനം ചെയ്യുന്ന ആളുകളും യോജിക്കുകയില്ലെന്നു ഒരു താക്കീതു ഞാനു നൽകുകയാണ്. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു. ബഡ്ജററിനെ ശക്തിയായി എതിർക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർ, കഴിഞ്ഞ രണ്ടു ദിവസങ്ങളായി; ഏകദേശം പത്തരമണിക്കൂർ നേരം, ബഡ്ജററിനെപ്പററിയുള്ള വാദപ്രതിവാദം ഇവിടെ നടന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുൾപ്പെടെ ഇരുപതു മാന്യസാമാജികന്മാർ ഈ ബഡ്ജററിനെപ്പററി വാദപ്രതിവാദം നടത്തുകയുണ്ടായി അങ്ങനെ ഈ ബഡ്ജററിനെപ്പററി വിമർശനങ്ങൾ നടത്തി എന്നെയും ഈ ഗവണ്മെൻറിനെയും സഹായിച്ച എല്ലാ അംഗങ്ങളോടും ഞാൻ നന്ദിയുള്ളവനാണ്.

ഇവിടെനടന്ന പ്രസംഗങ്ങളിൽ അടങ്ങിയിട്ടുള്ള കാര്യങ്ങൾക്കു എല്ലാം മറുപടി പറയുവാൻ ഞാൻ അടുത്ത ഏതാനും മിനിററുകൾ ഉപയോഗിക്കണമെന്നു വിചാരിക്കുന്നില്ല. കാരണം, ബഡ്ജററു വാദപ്രതിവാദം നടന്ന സമയം ഏതാനും അംഗങ്ങൾ ഇവിടെ പറഞ്ഞ ചാർജ്ജുകൾക്കും മററും ഒരു മറുപടി പറയുക, നിഷേധാത്മകമായ ഒരു മറുപടി പറയുക എന്നുള്ളതു്, അതാണ് എന്റെ കടമ, അതാണു എന്റെ ചുമതല എന്നു ഞാൻ വിശ്വസിക്കുന്നില്ല. ഇവിടെ നടന്ന പ്രസംഗങ്ങളിൽ പലതിലും പ്രകടമായ ആശയങ്ങൾ മിക്കതും ഞാൻ സ്വീകരിക്കുന്നു.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും, പി. എസ്സ്. പി, നേതാവും, അതുപോലെ മററു പല ബഹുമാനപ്പെട്ട അംഗങ്ങളും ഇവിടെ ചെയ്തിട്ടുള്ള പ്രസംഗങ്ങളിലടങ്ങിയ പല കാര്യങ്ങളിലും എനിക്കു അഭിപ്രായവ്യത്യാസമുണ്ടെങ്കിലും, അവയിൽ സ്വീകാര്യമായിട്ടുള്ള അനേകം കാര്യങ്ങൾ അടങ്ങിയിട്ടുള്ളവ സ്വീകരിക്കാൻ ഞാൻ തയാറുമാണ്. എന്റെ ഈ പ്രസംഗം ഒരു മറുപടി പ്രസംഗമായി ഈ സഭ കണക്കാക്കരുതെന്നു ഞാൻ വളരെ വിനീതനായി അപേക്ഷിക്കുകയാണ്. ഒരു ബഡ്ജററ് ഒരു രാജ്യത്തെ ജനങ്ങളുടെ കാര്യങ്ങളെപ്പററി പ്രതിപാദിക്കുന്ന ഒരു രേഖയാണെങ്കിൽ, ഇവിടെ നടന്ന ഇരുപതു പ്രസംഗങ്ങൾ അതിനെപ്പററിയുള്ള വിമർശനമാണെങ്കിൽ, എന്റെ ഈ പ്രസംഗം ഇരുപത്തൊന്നാമത്തെ ഒരു പ്രസംഗമായി കണക്കാക്കുവാനാണു ഞാൻ അപേക്ഷിക്കുന്നതു്, അല്ലാതെ ഒരു മറുപടിപ്രസംഗമായി കണക്കാക്കരുതെന്നാണ്.

കാര്യങ്ങളിലേയ്ക്കു പ്രവേശിക്കുന്നതിനു മുൻപു ബഹുമാനപ്പെട്ട മാവേലിക്കര മെംബർ ശ്രീ. ശങ്കരനാരായണൻ തമ്പിയും, അദ്ദേഹത്തിന്റെ

നേതാവായ ശ്രീ. ടി. വി. തോമസ്സും ഇവിടെ പറഞ്ഞ ഒരു കാര്യം ഞാൻ സ്വീകരിക്കാൻ തയാറല്ല എന്നുകൂടി പറഞ്ഞുകൊള്ളട്ടെ. ഒരു സഹകരണാഭ്യർത്ഥനചെയ്തു, ആ സഹകരണം നല്കാൻ തങ്ങൾ ഒരുക്കമില്ല എന്നു ശ്രീ. തമ്പിയും, ശ്രീ. തോമസ്സും പറഞ്ഞതിനെ സ്വീകരിക്കാൻ ഞാൻ തയാറില്ല. സമയത്തിന്റെയും കാലത്തിന്റെയും സമ്മർദ്ദംമൂലം ആ സഹകരണം നല്കാൻ അവർ ഒരുങ്ങുമെന്നും, ആ സഹകരണം നല്കേണ്ടിവരും എന്നുള്ള വിചാരം അവർക്കുണ്ടെന്നുമാണ് ഞാൻ അഭിപ്രായപ്പെടുന്നത്. ആ സഹകരണം ഉണ്ടാകുമെന്നു വിശ്വസിച്ചുകൊണ്ടുതന്നെ ഞാൻ മുന്നോട്ടുപോകുകയാണ്. പ്രതിപക്ഷത്തുനിന്നുകൊണ്ടു അഭിപ്രായം പറയുമ്പോൾ, സഹകരണം നല്കുകയില്ല എന്നാണു പറയേണ്ടതു എന്നുള്ള തെററിദ്ധാരണ മൂലം അങ്ങനെ പറയുവാൻ അവർ നിർബ്ബന്ധിതരായതുകൊണ്ടു അവർ രണ്ടു പേരും അങ്ങനെ പറഞ്ഞതാണ്. അല്ലാതെ, അവർ എങ്ങനെ സഹകരിക്കാതിരിക്കും? ബഡ്ജററിനെ എതിർക്കുന്നു, എതിർക്കുന്നു എന്ന് അവർ രണ്ടു പേരും പറയുകയുണ്ടായി. ഈ ബഡ്ജററിൽ അടങ്ങിയിട്ടുള്ള അധികച്ചെലവിൽ പബ്ലിക്ക്‌വർക്സിനുവേണ്ടി അഞ്ചുകോടി രൂപാമാത്രം ചെലവുചെയ്ത സ്ഥാനത്ത് ഇപ്പോൾ പത്തു കോടി രൂപാ ചെലവുചെയ്യാൻ ഉദ്ദേശിക്കുന്നതിന്റെ അർത്ഥമെന്താണെന്നുമാത്രം നല്ലപോലെ ആലോചിച്ചുനോക്കുക! ഗവണ്മെന്റു ഖജനാവിൽനിന്നു കടമെടുത്തതായാലും, രാജ്യത്തിനു പുറമെനിന്നു വാങ്ങിയതായാലും, അതിനെപ്പററി എന്തെല്ലാം വിമർശനങ്ങളുണ്ടായാലും, വരുന്ന പന്ത്രണ്ടുമാസത്തിനുള്ളിൽ പത്തുകോടി രൂപാ നമ്മുടെ രാജ്യത്തെ ജനങ്ങളുടെ ഇടയിൽ പോകുകയാണു ചെയ്യുന്നതെങ്കിൽ, അതു്, മാവേലിക്കര മെംബറും, പ്രതിപക്ഷനേതാവും പറഞ്ഞമാതിരി ഈ നാട്ടിലെ ജനങ്ങളുടെ ക്രയശക്തി വർദ്ധിക്കാൻ ഉതകുകയില്ലേ എന്നു ഞാൻ ചോദിക്കുന്നു. ഇന്നും, ഇന്നലെയും മിനിഞ്ഞാന്നുമായി ഈ ബഡ്ജററിനെ എതിർക്കും, ഈ ബഡ്ജററ് അവതരിപ്പിച്ച മുഖ്യമന്ത്രിക്കു സഹകരണം നൽകുകയില്ല എന്നു പറഞ്ഞിട്ടുള്ള എന്റെ ബഹുമാന്യസ്നേഹിതന്മാർ എട്ടോ, പത്തോ കോടി രൂപാ ഗവണ്മെന്റു ഖജനാവിൽനിന്നും ഈ നാട്ടിലെ ജനങ്ങളുടെ ക്രയശക്തി വർദ്ധിപ്പിക്കുവാൻ വിനിയോഗിക്കുന്ന അവസരത്തിൽ എങ്ങനെ ഞങ്ങളെ എതിർക്കും എന്നാണു ഞാൻ ചോദിക്കുന്നതു്. അവർ ഈ ബഡ്ജററിനെ അനുകൂലിക്കുവാൻ നിർബ്ബന്ധിതരായിത്തീരും. കാരണം നിങ്ങളെ നയിക്കുന്നതു മഹാനായ കാറൽ മാർക്സിന്റെ തത്വങ്ങളാണ്. ഓരോ സന്ദർഭവും വരുമ്പോൾ, ജനങ്ങൾക്കു അനുകൂലമായ കാര്യങ്ങൾ ഉണ്ടാകുമ്പോൾ അതിനെ അനുകൂലിക്കാത്ത കമ്മ്യൂണിസ്റ്റു പാർട്ടിക്ക് എന്തു നിലനില്പാണുള്ളതെന്നു ഞാൻ ചോദിക്കുന്നു. അന്ധമായ പഴയ ചില ഓർമ്മകൾ വച്ചുകൊണ്ടു് എതിർക്കും, എതിർക്കും എന്നു പറയുന്നതു സ്വേച്ഛാധികാരത്തിന്റെ ലക്ഷണമാണ്. പത്തു കോടി ഉറുപ്പിക ജനങ്ങളുടെ ഇടയിൽ ശമ്പളമായിട്ടും, കൂലിയായിട്ടും ഒരു കൊല്ലത്തിനകം ചെലവാക്കുകയാണെങ്കിൽ അതു ജനങ്ങൾക്കു ഒരു ഗുഡ്ഡീലാണ്. തൊഴിലില്ലായ്മയും, വിലക്കുറവും, ദാരിദ്ര്യവും വർദ്ധിച്ചുവരുന്ന ഘട്ടങ്ങളിൽ ഗവണ്മെന്റുകൾ സാധാരണ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ

സ്വീകരിക്കാറുള്ള ഒരു നയമാണിതു്. അതുകൊണ്ടു് എതിർക്കും, എതിർക്കുമെന്നു പറയുകയേ തരമുള്ളു എന്ന അന്ധവിശ്വാസത്തിൽ നിന്നു് പ്രതിപക്ഷനേതാവിനെ, മാവേലിക്കര മെമ്പറുടെ ഈശ്വരൻ തന്നെ സഹായിക്കട്ടെ. ഞാൻ അടുത്തതായി ബഡ്ജറ്റു പ്രസംഗത്തിലേക്കു കടക്കുകയാണു്.

ശ്രീ. ടി. വി. തോമസ്: പത്തു കോടി രൂപയിൽ, സാധനങ്ങൾക്കുള്ള വില കഴിച്ചാൽ ലേബറേഴ്സിനു കൊടുക്കാൻ എത്ര കാണും?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു ഞാൻ വഴിയെ പറയാം.

സർ, എന്റെ പ്രസംഗത്തിന്റെ ആമുഖമായി ഞാൻ സഹകരണം നൽകണമെന്നാവശ്യപ്പെട്ടതിനു്, ഇങ്ങോട്ടു കയറണ്ടാ എന്നു പറഞ്ഞു് പടിയടച്ചു സാക്ഷ ഇട്ടതു അത്ര ശരിയായില്ല. അതിനെപ്പററി ബഹുമാനപ്പെട്ട പ്രതിപക്ഷമെംബറന്മാർ പുനഃപരിശോധന നടത്തുമെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. ആർ. സുഗതൻ: സർ, ആ വയലാ ഇടിക്കളയെ ഇങ്ങോട്ടു വിട്ടുതന്നാൽ പടി തുറക്കാം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഞാൻ പ്രസംഗം തുടരട്ടെ. എന്തെങ്കിലും ഒരു കാര്യം പറയുമ്പോൾ, മനസ്സിന്റെ ആയാലും, ബുദ്ധിയുടെ ആയാലും, വീട്ടിന്റെ ആയാലും പടിയടച്ചു സാക്ഷയിടുന്നതു തെററാണെന്നു പ്രതിപക്ഷനേതാവിനോടു്, ഏതു ആത്മാർത്ഥതയോടുകൂടിയാണോ, സഹകരണത്തിനു ഞാൻ അപേക്ഷിച്ചതു്, അതേ ആത്മാർത്ഥതയോടുകൂടിത്തന്നെ ഇപ്പോഴും പറഞ്ഞുകൊള്ളുന്നു.

സർ, ഇവിടെ നടന്ന പ്രസംഗങ്ങളിൽ പലതും പ്രാദേശികാവശ്യങ്ങളെ പരാമർശിച്ചുള്ളവയായിരുന്നു. എല്ലാ പാർട്ടിയിലുള്ള അംഗങ്ങളും അതിനെക്കുറിച്ചു സംസാരിച്ചു. കാൺഗ്രസ്സ് പാർട്ടിയിലെ അംഗങ്ങളും ടി. ടി. എൻ. സി. ആയിരുന്നു് ഇപ്പോൾ കാൺഗ്രസ്സ് പാർട്ടിയിൽ ചേർന്നിട്ടുള്ളവരും അതുപോലെ മററു പല അംഗങ്ങളും ബഹു: കൊല്ലം മെംബർ ശ്രീ. ടി. കെ. ദിവാകരനും പ്രാദേശിക കാര്യങ്ങളെപ്പററി ഇവിടെ പറയുകയുണ്ടായി. പ്രാദേശിക കാര്യങ്ങൾക്കു പ്രാധാന്യമില്ല എന്നു ഞാൻ പറയുന്നില്ല. അവ വളരെ പ്രധാനപ്പെട്ടവയാണു്. ഈ സഭയിലെ അംഗങ്ങൾ ഓരോരുത്തരും, അവർ ഏതു പാർട്ടിയിൽ പെട്ടവരായാലും, പാർട്ടിപരിഗണന കൂടാതെ പ്രാദേശികാവശ്യങ്ങളെപ്പററി ഉന്നയിക്കുന്ന കാര്യങ്ങൾ ഗവൺമെൻറ്, പണത്തിന്റെ ശക്തിയനുസരിച്ചു് സ്വീകരിക്കുവാൻ ഒരുക്കമാണെന്നു ഞാൻ ഉറപ്പുപറഞ്ഞുകൊള്ളുന്നു. അല്ലാതെ പ്രാദേശിക കാര്യങ്ങളെപ്പററി ഒരു വിമർശനം ഈ പ്രസംഗമദ്ധ്യേ നടത്തണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല.

ഈ സഭയിലെ പ്രതിപക്ഷങ്ങൾ ഈ ഗവൺമെൻറിന്റെ ഡമോക്രാററിക് അഡ്മിനിസ്ട്രേഷനു് ഏററവും അത്യാവശ്യമായ ഒരു ഘടകമാണെന്നുള്ള വിശ്വാസത്തോടുകൂടി അവരോടു സഹകരിക്കാൻ ഞങ്ങൾ ഒരുക്കമുണ്ടെന്നു പറയുന്ന അവസരത്തിലും അവർ സഹകരണം നൽകുക

യില്ല എന്നു പറയരുതെന്നാണെന്റെ അപേക്ഷ. സഹകരണം ആവശ്യപ്പെടുന്നതു് വോട്ടുചോദിക്കലല്ല. രാഷ്ട്രീയമായ പല ചേരികളിലും ഉൾപ്പെട്ട പല സാഹചര്യങ്ങൾക്കും എതിരായി വോട്ടുചെയ്യേണ്ടിവരും. സഹകരണം വേണമെന്നു പറഞ്ഞതു നിർമ്മാണാത്മകമായ വീക്ഷണങ്ങൾക്കുവേണ്ടിയാണു്. എവിടെയും കൺസ്ട്രക്ടീവ് ആപ്പോസിഷൻ വേണമെന്നാണു് ഞാൻ പറയുന്നതു്.

സർ, ഇവിടെ നടന്ന പ്രസംഗങ്ങളിൽ രാഷ്ട്രീയമായ പല പ്രസ്താവങ്ങളും ഉണ്ടായിട്ടുണ്ടു്. അതിനൊന്നും ഇപ്പോൾ മറുപടി പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. അതിനുള്ള രംഗം ഇതല്ല. ബഹുമാനപ്പെട്ട മാവേലിക്കര മെംബർ, ജവഹർലാൽ നെഹ്റു, നന്ദ, ദേശ്മുഖ്, മുതലായവരെക്കുറിച്ചും ആവഡി പ്രമേയം, കാൺഗ്രസ്സ് നയപരിപാടികൾ, മുതലായവയെപ്പററിയും, ഇൻഡ്യ ഇന്നു് കോമൺവെൽത്തിൽ തുടരുന്നതിനേക്കുറിച്ചും, ബ്രിട്ടീഷ് കമ്പനികൾ നമ്മുടെ രാജ്യത്തു് മുതൽ മുടക്കി വ്യവസായങ്ങൾ നടത്തുന്നതിനേക്കുറിച്ചും, അതുമൂലമുണ്ടായിട്ടുള്ള ദോഷങ്ങളേപ്പററിയും അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പരാമർശിക്കുകയുണ്ടായി. അതിനെല്ലാം മറുപടി പറയുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നില്ല. മറുപടി പറയാൻ ഇല്ലാത്തതുകൊണ്ടല്ല, മറുപടിയുണ്ടു്. അദ്ദേഹം പറയുന്നതിൽ ചില കാര്യങ്ങളുമുണ്ടു്. വിദേശ കമ്പനികൾ ഇവിടെ നിലനിൽക്കണമെന്നു് ആരാഗ്രഹിക്കുന്നു? വിദേശമൂലധനം കൊണ്ടു് ഇവിടെ ഡവലപ്പ്മെൻറ് വരുത്തണമെന്നു് ആരാഗ്രഹിക്കുന്നു?

ഒരു പഴയ വ്യവസ്ഥിതിയിൽനിന്നും ഒരു പുതിയ വ്യവസ്ഥിതിയിലേക്കു് നീങ്ങാനാണു് നാം ആഗ്രഹിക്കുന്നതു്. രാഷ്ട്രശരീരത്തിനോ, സമുദായശരീരത്തിനോ വലിയ ഷോക്കു് ഉണ്ടായിട്ടുവേണമോ; അതായതു് റഷ്യയിലും മററു കമ്മ്യൂണിസ്റ്റ്അധികാരത്തിൽവന്നിരിക്കുന്ന രാജ്യങ്ങളിലും ഉണ്ടായ മാതിരി ഒരു വിപ്ളവത്തിന്റെ ഫലമായിട്ടു വേണമോ; അതല്ല, വിപ്ളവം മൂലമുണ്ടാകുന്ന ഭയങ്കരവിപത്തുകൾ ഒഴിവാക്കിക്കൊണ്ടു് ജനങ്ങളുടെ ഉന്നതിക്കുതകുന്ന മറെറാരു മാർഗ്ഗം സ്വീകരിക്കണമോ എന്നുള്ള കാര്യം അഭിപ്രായവ്യത്യാസം ഉള്ളതാണു്. രണ്ടുകൂട്ടരും ആഗ്രഹിക്കുന്നതു് ജനങ്ങളുടെ സർവ്വതോമുഖമായ ഉയർച്ചയാണു്. പ്രയത്നിക്കുന്നവർക്കു് പ്രയത്നത്തിന്റെ ഫലം കിട്ടണമെന്നും, പ്രയത്നിക്കുന്ന ജനങ്ങൾ രാഷ്ട്രകാര്യങ്ങളിൽ ഉയർന്നുനിൽക്കണമെന്നും, നിക്ഷിപ്തതാല്പര്യങ്ങളുടേയും മററു വിധത്തിലുള്ള യാതൊരു ശക്തികളുടേയും ചൂഷണത്തിനു രാജ്യം വിധേയമാകരുതെന്നും കാൺഗ്രസ്സ്പാർട്ടിക്കു് ആഗ്രഹമുണ്ടു്. അതനുസരിച്ചാണു് കാൺഗ്രസ്സ് പ്രവർത്തിക്കുന്നതു്. പണ്ഡിതനെഹ്റുവിന്റെ പ്രസംഗത്തിൽനിന്നും ഒരു വാചകം മി: തമ്പി വായിക്കുകയുണ്ടായി. ആ വാചകം സന്ദർഭത്തിൽനിന്നു് എടുത്തുമാററിയും, അതിനു അദ്ദേഹം ഉദ്ദേശിക്കുന്ന അർത്ഥമെന്താണെന്നുനോക്കാതെ വ്യാഖ്യാനിച്ചും ഇവിടെ എടുത്തു കാണിച്ചതിൽ എനിക്കു് അദ്ദേഹത്തോടു് ആവലാതിയുണ്ടു്. പണ്ഡിതനെഹ്റുവിനു്, കാൺഗ്രസ്സ്പാർട്ടിക്കും ഇൻഡ്യാഗവണ്മെൻറിനും രാജ്യകാര്യങ്ങളിലുമുള്ള ലക്ഷ്യം എന്താണെന്നു പ്രസിദ്ധമാണു്. ആ ലക്ഷ്യത്തിലെത്തിച്ചേരാൻ കാൺഗ്രസ്സ് പാർട്ടിക്കു സാധിക്കും; അതിനുവേണ്ടി പരിശ്രമിക്കുകയാണു്. ഈ രാജ്യത്തു് ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥിതി നടപ്പിൽ വരുത്തണമെന്നും, അതു നടപ്പിൽ വരുത്തേണ്ടതു് Sudden

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

break with the past അതായതു്, ഇന്നുള്ള വ്യവസ്ഥിതി തുടച്ചുമാററി എല്ലാം നശിപ്പിച്ചു് ഒരു പുതിയ വ്യവസ്ഥിതി കെട്ടിപ്പടുക്കണമെന്നല്ല, ഒരു പരിണാമ പ്രവർത്തനത്തിന്റെ ഫലമായിട്ടു് ആണു് വേണ്ടതു് എന്നാണു് പണ്ഡിതനെഹ്റു പറഞ്ഞിട്ടുള്ളതു്. ഇതിനും ഇന്നു് അഭിപ്രായവ്യത്യാസം ഉണ്ടാകും. പെട്ടെന്നുണ്ടാകുന്ന ഒരു വിപ്ളവം കൊണ്ടു മാത്രമേ ഇന്നുള്ളതെല്ലാം തുടച്ചുമാററി, കാര്യങ്ങൾ നേരേയാക്കുവാൻ സാധിക്കുകയുള്ളു എന്നഭിപ്രായമുള്ളവരുമുണ്ടു്. ആ അഭിപ്രായത്തിനു് ഇന്നു് മാററം സംഭവിച്ചുകൊണ്ടിരിക്കുകയാണു്. പത്തോ, നാല്പതോ കൊല്ലങ്ങൾക്കു മുൻപു് കമ്മ്യൂണിസ്റ്റ്പാർട്ടി സ്വീകരിച്ചിരുന്ന അഭിപ്രായമല്ല, ഇന്നു കമ്മ്യൂണിസ്റ്റ്പാർട്ടി സ്വീകരിച്ചിരിക്കുന്നതു്. ബഹുമാനപ്പെട്ട മാവേലിക്കര മെംബർ ശ്രീ. തമ്പി ഇന്നലെ ഈശ്വരൻ എന്ന പദം ഇവിടെ ഉപയോഗിച്ചു. പത്തുകൊല്ലത്തിനു മുൻപായിരുന്നു അദ്ദേഹം ഇതു പറഞ്ഞിരുന്നതെങ്കിൽ, കമ്മ്യൂണിസ്റ്റ്പാർട്ടിയിൽ അംഗമായി അദ്ദേഹം ഇന്നു തുടരുമായിരുന്നില്ല. ഞാൻ എന്റെ അഭിപ്രായം പറയുകയാണു്. അതുപോലെ തന്നെ ബഹുമാനപ്പെട്ട മാവേലിക്കര മെംബർ, പതിമൂന്നര സെൻറ വാദം സർ സി. പി. രാമസ്വാമി അയ്യർ, കമ്മ്യൂണിസ്റ്റ്പാർട്ടിയെ തുലയ്ക്കുന്നതിനും എതിർക്കുന്നതിനും വേണ്ടി ഉണ്ടാക്കിയ ഒരു അപവാദമാണെന്നു പറയുകയുണ്ടായി. പ്രൈവററ് സെക്ററർ സംബന്ധിച്ചുള്ള കാര്യത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്കു് അഭിപ്രായവ്യത്യാസം ഉണ്ടായിക്കൊണ്ടിരിക്കുകയാണു്. 1954-ൽ ചൈനയിൽ സ്വീകരിച്ച ഭരണഘടന വായിച്ചുനോക്കിയാൽ, അതിൽ, ഇൻഡ്യയിൽ കാൺഗ്രസ്സ് പറഞ്ഞ മാതിരി സ്വകാര്യഉടമയ്ക്കു ന്യായമായ ഒരു സ്ഥാനം ഉണ്ടായിരിക്കുമെന്നും, അതു ഗവണ്മെൻറിന്റെ കൺട്രോളിനു വിധേയമായിരിക്കണമെന്നുമാണു് ചൈനയിലെ പീപ്പിൾസ് ഗവണ്മെൻറ് തീരുമാനിച്ചിരിക്കുന്നതെന്നു കാണാൻ കഴിയും.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: പ്രൈവററ് സെക്ററർ വേണ്ടാ എന്നുള്ള അഭിപ്രായം, മാവേലിക്കര മെംബർ, അദ്ദേഹത്തിന്റെ പ്രസംഗത്തിൽ എപ്പോഴെങ്കിലും പറഞ്ഞിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടെന്നു ഞാൻ പറഞ്ഞില്ലല്ലോ. ഈശ്വരൻ എന്ന പദം ഉപയോഗിച്ചു എന്നേ ഞാൻ പറഞ്ഞുള്ളു.

കമ്മ്യൂണിസ്റ്റ്പാർട്ടി ഒരു നിർജ്ജീവ സംഘടനയല്ല. അതു് വളർന്നു വരികയാണു്. പത്തോ, അറുപതോ കൊല്ലങ്ങൾക്കു മുൻപുള്ള അഭിപ്രായങ്ങൾ വച്ചുകൊണ്ടു് ഇനിയും ശപഥം ചെയ്യരുതെന്നാണു് എനിക്കു പറയാനുള്ളതു്. കമ്മ്യൂണിസ്റ്റ് പാർട്ടിയും, കാൺഗ്രസ്സ് പാർട്ടിയും ഈ രാജ്യത്തു് രാഷ്ട്രീയസ്വാതന്ത്ര്യം സമ്പാദിച്ചതിനു ശേഷം, ആദ്യത്തെ പഞ്ചവത്സരപദ്ധതിയനുസരിച്ചു ഇലക്ട്രിസിററി ഉല്പാദിപ്പിക്കുന്നതിനും, ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനും മററും പ്രവർത്തിച്ചതിനുശേഷം വ്യവസായവല്ക്കരണത്തിനുള്ള നടപടികൾ എടുത്ത സന്ദർഭത്തിൽ ഏതുവിധത്തിലുള്ള വ്യവസായവല്ക്കരണമാണെന്നു ചോദിച്ചിരിക്കുകയാണു്. അതിനാണു് ആവഡിയിൽ മറുപടി പറഞ്ഞതു്. ഞാൻ ആവഡിയിലെ കാര്യങ്ങളെപ്പററി ഇവിടെ പ്രസ്താവിക്കുമായിരുന്നില്ല. ശ്രീ. പട്ടവും,

ശ്രീ. തോമസ്സും, ശ്രീ. തമ്പിയും മററും അത്നെപ്പററി പ്രസ്താവിച്ചതു കൊണ്ടു ഞാൻ പറയുകയാണ്. ആവഡിയിൽവച്ചു രണ്ടാം പഞ്ചവത്സര പദ്ധതി ആവിഷ്കരിച്ചു തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും, ദേശീയ വ്യവസായവൽക്കരണത്തിനും വേണ്ടിയുള്ള ഒരു കാര്യപരിപാടി ഇൻഡ്യയിൽ ഉടനം നടത്തുന്ന കാൺഗ്രസ്സ് പാർട്ടി ആവഡിയിൽ വച്ച് ഉറക്കെ ചിന്തിക്കുകയാണുണ്ടായതു്. എങ്ങനെയുള്ള വ്യവസായവല്ക്കരണമാണ് വേണ്ടതു്, എങ്ങനെ ഈ രാജ്യത്തെ മുന്നോട്ടു കൊണ്ടുപോകണമെന്നെല്ലാം അവിടെ ചിന്തിക്കുകയായിരുന്നു. അതിനെപ്പററിയെല്ലാം പ്രമേയത്തിൽ വിശദീകരണമുണ്ട്. ആവഡി പ്രമേയം ജനങ്ങളെ വഞ്ചിക്കാനുള്ള ഒരു പുതിയ അടവാണ്, ഠാന്നി മെംബർ ആവഡി പ്രമേയത്തെപ്പററി പറഞ്ഞതു് ഏതോ ദുരുദ്ദേശത്തോടുകൂടിയാണ്, എന്നെല്ലാം ശ്രീ. പട്ടവും, ശ്രീ. തോമസ്സും, ശ്രീ. തമ്പിയും പറയുന്നതു്, ഏററവും വിപുലമായി സംഭവിച്ചുകൊണ്ടിരിക്കുന്ന, അതിമഹത്തായ, നാമാരും ഓർക്കാൻപോലും ഇടയില്ലാത്ത മാതിരി അത്ര വിപുലമായ രീതിയിലുള്ള ഒരു സാമൂഹ്യ പരിവർത്തനത്തിന്റെ നേരേ കൊഞ്ഞനം കാട്ടുകയാണ്. എല്ലാ കാര്യങ്ങളിലും ആദ്യം കൊഞ്ഞനം കാട്ടും, ആക്ഷേപിക്കും, പിന്നെ വിമർശിക്കും, ഒടുവിൽ കീഴടങ്ങും അങ്ങനെ ഇപ്പോഴും സംഭവിക്കും.

ശ്രീമതി കെ. ആർ. ഗൗരി: പ്രൈവററ് സെക്ററർ നിലനിർത്തിക്കൊണ്ടുപോകാനുള്ള ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥിതിയാണോ ആവഡിയിൽ പറഞ്ഞിട്ടുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പററിയാണ് ഞാൻ പറയുന്നതു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ചൈനയിൽ നടപ്പാക്കിയതു് സോഷ്യലിസമാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കമ്മ്യൂണിസമാണെന്നു് എനിക്കറിയാം.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ചൈനയിൽ ഭരണഘടനയിൽ സാമ്പത്തികവ്യവസ്ഥിതിയെപ്പററി പറഞ്ഞിട്ടുണ്ടെന്നു മുഖ്യമന്ത്രി പറയുകയുണ്ടായി. സ്വകാര്യസ്വത്തിന്റെ നിയന്ത്രണത്തെപ്പററി പറഞ്ഞിട്ടുള്ള ഭാഗം ഓർക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്. അവിടെയുള്ളതെല്ലാം അതേപടി കോപ്പിചെയ്യാൻ ഉദ്ദേശിക്കുന്നില്ല.

സർ, ഒരു വലിയ സാമൂഹ്യപരിവർത്തനം രാജ്യത്തുണ്ടാകാൻപോകുകയാണ്. നാല്പതു കൊല്ലത്തെ ചരിത്രം പരിശോധിക്കയാണെങ്കിൽ, സാമൂഹ്യപരിവർത്തനം ഉണ്ടായിട്ടുള്ള സന്ദർഭങ്ങളിലെല്ലാം കമ്മ്യൂണിസ്റ്റ് പാർട്ടിയും, 1948-ൽ ഉടലെടുത്ത പി. എസ്സ്. പി. യും ആക്ഷേപിക്കാറുണ്ട്; എതിർക്കാറുണ്ട്. എന്നാലും എല്ലാ പരിപാടികളും ഈ രാജ്യത്തു് വിജയത്തിലെത്തിക്കാൻ സാധിച്ചിട്ടുണ്ടെന്നു കാണാൻ കഴിയും. ഇന്നു് ആവഡിയിലെ സോഷ്യലിസത്തെപ്പററി പരിഹസിക്കുന്നതു് ശരിയല്ല. ഒരു കൊല്ലം കഴിഞ്ഞാൽ പരിഹാസത്തിന്റെ സ്ഥാനത്തു് ബഹുമാനമുണ്ടാകുമെന്നു് അവരെ ഓർമ്മിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ബഹുമാനപ്പെട്ട പട്ടം താണുപിള്ള ഇവിടെ ചില പ്രസ്താവനകൾ ചെയ്തിട്ടുള്ളതു് ഇൻഡ്യയിൽ എന്തുനടക്കുന്നുവെന്നുള്ളതു മനസ്സിലാക്കാതെ, ഈ ചുററുപാടുകളിൽ നടക്കുന്ന കാര്യങ്ങൾ മാത്രം മനസ്സിലാക്കിക്കൊണ്ടാണു്. ആവഡി പ്രമേയം പാസ്സായതിനു ശേഷം കേശവമേനോനും, വയലാ ഇടിക്കുളയും മാത്രമല്ല പി. എസ്സ്. പി. യിൽ നിന്നും വിട്ടുപോയിട്ടുള്ളതു്. ആ പ്രമേയം പാസ്സായതിനു ശേഷം ഇൻഡ്യ മുഴുവനും പി. എസ്സ്. പി -ക്കു് തകർച്ചയാണുണ്ടായിക്കൊണ്ടിരിക്കുന്നതു്. അദ്ദേഹത്തിന്റെ നേതാക്കന്മാരിൽതന്നെ പലരും വിട്ടുപോകുകയാണു്. ഇതൊക്കെ ചാക്കിട്ടുപിടിത്തമാണെന്നു പറയുകയാണെങ്കിൽ, തല്ക്കാലം ഒരു രസം വാദപ്രതിവാദത്തിനുണ്ടാക്കാൻ സാധിക്കുമെന്നല്ലാതെ അതു് ഇൻഡ്യയിൽ ഇന്നു നടക്കുന്ന വളരെ പ്രധാനമായ രാഷ്ട്രീയ സംഭവവികാസങ്ങളുടെ നേരേ ഒരു കണ്ണടയ്ക്കൽ ആയിരിക്കും. ശ്രീ. പട്ടത്തിന്റെ പ്രസംഗം ഏറെക്കുറെ ശ്രീ. കുഞ്ഞൻനാടാരുടെ പ്രസംഗത്തിനു് ഒരു മറുപടിയായിട്ടായിരുന്നു.

ശ്രീ. കെ. സി. ജോർജ്ജ്: ആവഡിയിൽ പ്രഖ്യാപിച്ച ലക്ഷ്യം അനുസരിച്ചാണോ ഈ ബഡ്ജററു് തയ്യാറാക്കിയിട്ടുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട മി: പട്ടം താണുപിള്ളയുടെ പ്രസംഗം കുറെയേറെ മി: കുഞ്ഞൻനാടാരുടെ പ്രസംഗത്തിനൊരു മറുപടിയാണു്.

12 Noon]

ശ്രീ. ടി. വി. തോമസ്: ആവടിയിൽ പ്രഖ്യാപിച്ച ലക്ഷ്യം അനുസരിച്ചാണോ ഈ ബഡ്ജററു് തയ്യാറാക്കിയിരിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് വരാൻ പോകുന്ന ആ വിഷയങ്ങളൊക്കെ.

ബഹുമാനപ്പെട്ട താണുപിള്ള അദ്ദേഹത്തിന്റെ പ്രസംഗത്തിൽ വളരെനേരം ഈ ടി. ടി. എൻ. സി. ക്കാരെക്കുറിച്ചു് പറയുകയുണ്ടായി. അതു് മി: കുഞ്ഞൻനാടാർ ചെയ്ത പ്രസംഗത്തിനു് മറുപടിയായിട്ടാണു് അദ്ദേഹം പറയുകയുണ്ടായതു്. അക്കാര്യത്തെ സംബന്ധിച്ചു് അദ്ദേഹം പറഞ്ഞതൊക്കെ ഗവണ്മെൻറിനെ ബാധിക്കുന്ന കാര്യമല്ല. അദ്ദേഹം മുഖ്യമന്ത്രിയായിരുന്ന കാലത്തുണ്ടായ ചില സംഭവങ്ങളാണു്. അതേപ്പററി എനിക്കു് യാതൊന്നും പറയാനില്ല. പക്ഷേ അക്കാലത്തു് നടന്ന എല്ലാ കാര്യങ്ങൾക്കും കാൺഗ്രസ്സു് ഉത്തരവാദിയാണെന്നു് പറഞ്ഞതു് ഒരു അർത്ഥത്തിൽ ശരിയാണു്. എന്നാൽ മറെറാരർത്ഥത്തിൽ അതു് തെററാണെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അദ്ദേഹം അന്നു് അധികാരത്തിൽ കയറുന്നതിനും ഇത്രയും കാലം അധികാരത്തിൽ തുടരുന്നതിനും അന്നു് കാൺഗ്രസ്സു് ഉത്തരവാദിയാണു്. എന്നാൽ കാൺഗ്രസ്സിന്റെ അറിവോടുകൂടി കാൺഗ്രസ്സിനോടു് ആലോചിച്ചാണു് ഇങ്ങനെയുള്ള കാര്യങ്ങൾ ഇവിടെ നടന്നിട്ടുള്ളതെന്നു് ആണെങ്കിൽ ആ പറഞ്ഞ അർത്ഥത്തിൽ അദ്ദേഹം പറഞ്ഞതു് ശരിയല്ല. ഇതെല്ലാവർക്കും അറിയാവുന്ന കാര്യമാണു്. പത്തു നാല്പത്തിയാറു് അംഗങ്ങളുള്ള കാൺഗ്രസ്സു് പാർട്ടിയുടെ പിൻതുണയോടുകൂടി ഒരു പാർട്ടി ഇവിടെ ഭരണം നടത്തി. ആ പാർട്ടിയുടെ ഭരണംകൊണ്ടു് ഉണ്ടായിട്ടുള്ള ഗുണത്തിനും ദോഷത്തിനും കാൺഗ്രസ്സു് പാർട്ടിക്കുംകൂടി ചുമതലയുണ്ടെന്നു് കരുതുന്നതു് ഒരു കാലത്തും

ശരിയല്ല. ആ സന്ദർഭങ്ങളിൽ ഒരു കാര്യത്തിനും പി. എസ്. പി. മന്ത്രിസഭ ഈ കാൺഗ്രസ്സ് പാർട്ടിയുമായി കൺസൽട്ട് ചെയ്തിട്ടില്ല എന്നുള്ളതാണ് ഒന്നാമതായി അവരെ അധികാരത്തിൽനിന്നും മാററാനുള്ള കാര്യം. തിരുവിതാംകൂർ തമിഴനാട് കാൺഗ്രസ്സുകാരെപ്പററി അദ്ദേഹം പറഞ്ഞതു് ആദ്യം പറഞ്ഞ അർത്ഥത്തിൽ മാത്രം അതു ശരിയാണ്. ഇത്രയും പറഞ്ഞതുകൊണ്ട് മുൻഗവണ്മെൻറ് ചെയ്ത നടപടികളെപ്പററി ഞാൻ എതിരായി പറയുകയാണെന്നു വിചാരിക്കരുതു്. അങ്ങനെ എനിക്കു ഉദ്ദേശമില്ല. തെക്കൻ തിരുവിതാംകൂറിൽ ഉണ്ടായ കേസ്സുകളെ സംബന്ധിച്ചും ഈ ഗവണ്മെൻറിൻെറ നിലപാടിനെക്കുറിച്ചും അദ്ദേഹം പറയുകയുണ്ടായി. ഇതിനുമുമ്പ് ചോദ്യോത്തരവേളയിൽ ഞാനെ ഞാൻ അതേപ്പററി ഒന്നിലധികം തവണ പ്രസ്താവിച്ചിട്ടുള്ളതാണ്. തെക്കൻ തിരുവിതാംകൂറിലെ ജനങ്ങളുടെ അവകാശവാദങ്ങളെ സംബന്ധിച്ചിടത്തോളം ഇൻഡ്യാഗവണ്മെൻറിനും പാർലമെൻറിനും പ്രസിഡണ്ടിനും ആണ് ഉത്തരവാദമുള്ളതു്. ഈ ഗവണ്മെൻറിന് അക്കാര്യത്തിൽ നേരിട്ടു ചെയ്യാനുള്ള ഒന്നുംതന്നെ ഇല്ലെന്നാണ് ഞാൻ പറയുകയുണ്ടായതു്. ഒന്നിലധികം അംഗങ്ങളുള്ള ഒരു മന്ത്രിസഭയിൽ ചിലപ്പോൾ ചില മന്ത്രിസഭാംഗങ്ങൾ ഒരു പ്രത്യേക നിലപാട് എടുക്കുക എന്നുള്ളതു് അസാധാരണമായ ഒരു കാര്യമല്ല. അങ്ങിനെ ചില സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. മദ്രാസിൽ തന്നെ ആന്ധ്രാ സംസ്ഥാനരൂപീകരണത്തിന് ചില മന്ത്രിസഭാംഗങ്ങൾ എതിരായിരുന്നിട്ടും അവർ കാൺഗ്രസ്സുകാർ അല്ലാതായിട്ടില്ല. അതുപോലെതന്നെ ഭാഷയുടെ അടിസ്ഥാനത്തിൽ ചില അഭിപ്രായവ്യത്യാസം ഉണ്ടെങ്കിലും ശ്രീ കുഞ്ഞൻനാടാരും ഞാനും കാൺഗ്രസ്സുകാരാണ്. പക്ഷേ ഞങ്ങൾക്ക് ഈ ഭാഷാസംസ്ഥാനകാര്യത്തിൽ ചില പ്രത്യേക വാദങ്ങൾ ഉണ്ടെന്നു പറയുന്നതുകൊണ്ട് അദ്ദേഹം കാൺഗ്രസ്സുകാരൻ അല്ലാതാകുന്നില്ല. തിരുവിതാംകൂർ തമിഴ്നാട് കാൺഗ്രസ്സ് 1953-ൽ കാൺഗ്രസ്സ് പാർട്ടി വിട്ടുപോയി. അവർ അങ്ങനെ വിട്ടുപോയതുകൊണ്ട് അന്ന് മന്ത്രിസഭ വീഴാൻ ഇടയാകുകയും ഒരു ഇലക്ഷൻ നടത്തുന്നതിന് ഇടയാകുകയും ചെയ്തു. പിന്നീട് ഇപ്പോൾ കൂടിച്ചേർന്നു. അതേപ്പററി ചില ആക്ഷേപങ്ങളും ഉണ്ടായിട്ടുണ്ട്. 1953 ഒടുവിലും 1954 ആദ്യവുമായി നമ്മുടെ രാജ്യത്തു് രാഷ്ട്രീയമായി എന്തു് സങ്കരങ്ങൾ ഉണ്ടായിട്ടുണ്ട്. അന്നുണ്ടായിട്ടുള്ള ചുററുപാടുകളും കെട്ടുപാടുകളും നമുക്ക് അറിവുള്ളതാണല്ലോ. കമ്മ്യൂണിസ്ററ് പാർട്ടിയും, ആർ. എസ്. പി. യും, കെ. എസ്. പി. യും, പി. എസ്. പി. യും ഒന്നിച്ചു് ഇണങ്ങി, അവർ ഇണങ്ങാനുള്ളവരും പിണങ്ങാനുള്ളവരും ആണ് എന്നു നേരത്തെ അറിവുള്ളതാണ്. ഇന്ന് കമ്മ്യൂണിസ്ററ് പാർട്ടി നേതാവു് മറെറാരു ഭാഗത്തു് ഇരിക്കുന്നു, കെ. എസ്. പി. പിന്നിലിരിക്കുന്നു, പി. എസ്. പി. മറെറാരു ഭാഗത്തു് ഇരിക്കുന്നു, ഇങ്ങനെ നാം കാണുന്നുണ്ട്. അപ്പോൾ അന്ന് ഇണങ്ങാതിരുന്നവർ ഇന്ന് താൽക്കാലികമായ ആവശ്യങ്ങൾക്കുവേണ്ടി ഇണങ്ങി, പിന്നീട് ആ കെട്ടുബന്ധങ്ങൾ വിട്ടുകന്നു. പിന്നെയും പിണങ്ങിയവർ ഇണങ്ങി, ഇതെല്ലാം നാം കണ്ടതല്ലേ? അതുപോലെയാണ് ഭാഷാസംസ്ഥാനത്തിനുവേണ്ടി കാൺഗ്രസ്സുകാരുമായി അഭിപ്രായവ്യത്യാസമുള്ള തിരുവിതാംകൂർ തമിഴ്നാട് കാൺഗ്രസ്സ് 1953-ൽ പിണങ്ങിയതും ഇതുപോലെ, ചെയ്യാൻ പാടില്ലാത്തതായ കാര്യങ്ങളാണ്. എന്നാൽ അതിൽ ഒരു ഭാഗംമാത്രം എടുത്തു് കണിക്കുകയും മറെറാരുഭാഗം മറച്ചുവയ്ക്കുകയും,.....

ശ്രീ. ടി. വി. തോമസ്: ഇണക്കം വരുത്താൻ പ്രധാനമായി ആരുടെ ഭാഗത്തുനിന്നുമാണ് വട്ടുവീഴ്ചകൾ ഉണ്ടായിട്ടുള്ളത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വിട്ടുവീഴ്ചകൾ ഒന്നും ഉണ്ടായിട്ടില്ല. സന്ദർഭംകൊണ്ട് പല സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. സന്ദർഭങ്ങൾ ഉണ്ടായതു കൊണ്ടല്ലേ വളരെക്കാലമായി മി: തോമസു ആവശ്യപ്പെട്ടുകൊണ്ടിരുന്നിട്ടും സാദ്ധ്യമാകാതെയിരുന്ന പുന്നപ്ര-വയലാർ കേസിലെ പ്രതികളെ ഇപ്പോഴെങ്കിലും വിട്ടുവിയ്ക്കാൻ സാധിച്ചത്? അങ്ങനെ ഒരു സന്ദർഭം വന്നപ്പോൾ അതു ചെയ്തു. സമയത്തിന്റെ കാര്യത്തിൽ ഇത്തിരി പിഴവന്നു എന്ന് അദ്ദേഹം സമ്മതിക്കുകയുണ്ടായി. അങ്ങനെ അസമയത്ത് അർദ്ധരാത്രിയിൽ ജയിൽ ചട്ടങ്ങൾക്ക് വിപരീതമായി ജയിൽ മുറികളെല്ലാം തുറന്ന് അവരെ വിടേണ്ടതു് ഒരാവശ്യമായിരുന്നു. ആ സന്ദർഭത്തിൽ മി. തോമസ് പറഞ്ഞതു് അദ്ദേഹം കേട്ടു. സർവ്വശക്തനായ കാലം അതു പ്രവർത്തിച്ചു. അങ്ങനെ അതു് അങ്ങു് നടന്നു. അതുപോലെതന്നെ ആദ്യം തെററായ പാതയിൽക്കൂടി അവർ പോയി. പത്തു പന്ത്രണ്ടുമാസം കഴിഞ്ഞപ്പോൾ തിരുവിതാംകൂർ തമിഴ്നാട് കാൺഗ്രസ്സുകാർ അവരുടെ പാർട്ടിയിൽനിന്ന് രാജിവച്ച് കാൺഗ്രസ്സിൽ ചേർന്നു. അതിൽ അവരെ എന്തു പരിഹസിക്കാനാണ് ഉള്ളത്? ഒന്നുമില്ല. അതു് മറെറാരു ഭാഗക്കാർ ഓർക്കാതെ പറയുകയാണ്. ഇന്ന് കാണഗ്രസ്സുപാർട്ടി ആഗ്രഹിക്കുന്നതു് എന്താണ്? അധികാരത്തിൽ വരാൻ ഞങ്ങൾക്ക് ആഗ്രഹമില്ല. ദൈവർഭാഗ്യവശാൽ തിരുവിതാംകൂർ-കൊച്ചിയുടെ പല ഭാഗത്തും ഭാഷയുടെ അടിസ്ഥാനത്തിലായാലും ജാതിയുടെ അടിസ്ഥാനത്തിലായാലും മതത്തിന്റെ അടിസ്ഥാനത്തിലായാലും ഇന്ന് അസുഖങ്ങൾ വല്ലതും ഉണ്ടെങ്കിൽ അതെല്ലാം മാറണം. ഇന്ന് തെക്കൻ തിരുവിതാംകൂറിലെ ജനങ്ങൾ വിഷമിക്കുകയാണ്. അപ്പോൾ പിണക്കം ഉണ്ടെന്ന് കരുതിയിരിക്കുക അല്ല വേണ്ടതു്. തെക്കൻ തിരുവിതാംകൂറിലെ ജനങ്ങളോടു് എങ്ങനെയെങ്കിലും സ്നേഹമായി പെരുമാറാം എന്ന് ഞങ്ങൾ വിചാരിച്ചു. ഞങ്ങൾ ഒരു പുതിയ തീസിസ് അനുസരിച്ച് പ്രവർത്തിക്കുകയാണ്. അതായതു് ഈ രാജ്യത്തെ മണ്ണിന്റെ കാര്യം മാത്രം അറിഞ്ഞാൽപോരാ മണ്ണിന്റെ മക്കളുടെ കാര്യവും അതോടുകൂടി അറിയണം എന്നു ഞാൻ പറയുകയാണ്.

ഇനി മൈസൂറിലെ കേസുകൾക്ക് ജാമ്യംകൊടുത്ത കാര്യത്തിൽ ഗവണ്മെൻറ് എടുത്ത നില എന്തോ പരമാബദ്ധമാണെന്നും ഈ ഗവണ്മെൻറ് എന്തൊക്കെയോ ചെയ്തു എന്നും അതു് അന്യായമായിപ്പോയി എന്നും മററും പറയുകയുണ്ടായി. അതേസംബന്ധിച്ച് അദ്ദേഹം കുറച്ചുകൂടി ശാന്തമായി കുറച്ചുകൂടി ക്ഷോഭമില്ലാതെ ആലോചിച്ചിരുന്നു എങ്കിൽ അതു് പറയുകയില്ലായിരുന്നു എന്നാണ് എനിക്കു പറയുവാനുള്ളതു്. മൈസൂറിൽ ജാമ്യാപേക്ഷയുടെ ആവശ്യം വരുമ്പോൾ ആ ജാമ്യം അനുകൂലിക്കണമോ വേണ്ടയോ എന്നുള്ളതിനെ സംബന്ധിച്ച് ഗവണ്മെൻറിന്റെ ലീഗൽഅഡ്വൈസറും വളരെ നീതിമജ്ഞനുമായ അഡ്വക്കേറ്റ് ജനറലിനു എഴുതിച്ചോദിച്ചതിൽ അദ്ദേഹം മറുപടി അയച്ചതു് ഇതുപോലെ ഇതുവരെ ഒരു കേസുണ്ടായതായി ചരിത്രത്തിലെ പോലും ഇല്ലെന്നും, ഈ കേസിലെ ബെയിലാപ്ലിക്കേഷനെ എതിർക്കുന്നതല്ല ശരി എന്ന് അഡ്വക്കേറ്റ് ജനറൽ എഴുതി അറിയിച്ചതനുസരിച്ച് അവിടെ ബെയിലാപ്ലിക്കേഷനെ എതിർത്തില്ല. ഇതിൽ ഇത്രയേറെ ക്ഷോഭത്തിനു കാരണമുണ്ടോ?

ഈ അഡ്വക്കേറ്റ് ജനറലിനെ നിയമിച്ചതുതന്നെ അദ്ദേഹത്തിന്റെ മരണകാലത്തല്ലെ? മുൻമന്ത്രിസഭ നിയമിച്ചതും അഡ്വക്കേറ്റ് ജനറൽ എന്ന നിലയിൽ ബുദ്ധിമാനും നല്ലവനുമായ ഇന്നത്തെ അഡ്വക്കേറ്റ് ജനറലിനോട് ഇങ്ങനെ ബെയിലാപ്ലിക്കേഷൻ വരുന്നുണ്ട് എന്ത് ഇൻസ്ട്രക്ഷൻ ആണ് നിങ്ങൾ അതു സംബന്ധിച്ചു കൊടുക്കുന്നത് എന്നു ചോദിച്ചതിൽ അതു എതിർക്കേണ്ട കാര്യമില്ല എതിർത്താൽ മോശമാണ് എന്നു മറുപടി ലഭിച്ചു. ആ എഴുത്തിൽ എഴുതിയതു മാത്രമേ ഞാൻ പറഞ്ഞുള്ളു. അതനുസരിച്ച്.....

ശ്രീ. ടി. വി. തോമസ്: പൊളിറ്റിക്കൽ ചെയിഞ്ചസ് ഉണ്ടായതുകൊണ്ടാണ് എന്നു മൈസൂർ ഹൈക്കോടതിയിൽ എന്തുകൊണ്ടാണ് പറഞ്ഞത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എതിർക്കരുത് എന്നു പറഞ്ഞതിനെക്കുറിച്ച് ഗവണ്മെൻറ് പ്ലീഡർ കോടതിയിൽ പറഞ്ഞപ്പോൾ അദ്ദേഹത്തിനു മംഗിയായി പറയാൻ സാധിക്കാത്തതുകൊണ്ട് അങ്ങനെ പറഞ്ഞതാണ്. അല്ലാതെ പൊളിറ്റിക്കൽ കൺസിഡറേഷൻകൊണ്ടല്ല കേസു നടത്താതിരുന്നത്. അപ്പോൾ ഈ കേസ്സിൽ ബെയിലാപ്ലിക്കേഷനെ എതിർക്കാതിരുന്നതു് വളിനു വിരുദ്ധമായിട്ടല്ല. വെറുതെ പുറം കോടതിയിൽ പോയിട്ട് വെറുതേ ബ്ലീച്ചടിച്ച് പോരണ്ടാ എന്നു വിചാരിച്ചിട്ടാണ്.

ശ്രീ. എ. കുഞ്ഞൻനാടാർ: ആ ഉദ്യോഗസ്ഥൻ ഇപ്പോൾ സർവീസിലുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അദ്ദേഹത്തിന്റെ കാലാവധി കഴിഞ്ഞപ്പോൾ പിരിഞ്ഞുപോയി.

Shri A. William: Was not interim bail granted?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: Yes. ഇൻറീംബെയിൽ മൈസൂർ ഹൈക്കോടതി കൊടുത്തു. അതിൽ വളരെ ഒച്ചപ്പാടുണ്ടായി. ഈ കേസുകൾ മൈസൂരിലേക്കു മാററാനുള്ള സംഗതിയിൽ അവരുടെ അഫിഡവിററിൽ എന്തെല്ലാമാണ് പറയുന്നത്? മി. പട്ടം താണുപിള്ള അദ്ദേഹത്തിന്റെ ഗവണ്മെൻറിനെ ചീത്തയാക്കാൻവേണ്ടി ചില്ലതുചെയ്തിട്ടുണ്ട്. സുപ്രീംകോടതിയിലേക്കും മൈസൂർ ഹൈക്കോടതിയിലേക്കുമുള്ള അഫിഡവിററുകളിലും ഗവണ്മെൻറിനു പല ദുരുദ്ദേശവും ഉണ്ടെന്നും ആ ദുരുദ്ദേശംമൂലം ഈ കേസുകൾ ഉണ്ടാക്കിയെന്നുമാണ് പറഞ്ഞിട്ടുള്ളത്. അപ്പോൾ അങ്ങനെയിരിക്കുന്ന ഒരു കാര്യത്തിൽ നമ്മുടെ സ്റ്റേറ്റ് ഇൻറീംബെയിൽ ആപ്ലിക്കേഷൻ മൂവുചെയ്തപ്പോൾ എടുത്ത നിലപാട് എത്രയോ ആലോചിച്ച് ചെയ്യേണ്ടതായ ഒരു കാര്യമാണ്. അല്ലാതെ മറെറാന്നുമുണ്ടായിട്ടല്ല. അതല്ലാതെ ഉണ്ടായിട്ടുണ്ടെന്നു വിചാരിക്കുന്നതു് പിശകാണ്. ഈ കേസുകൾ എങ്ങനെ നടത്താനാണ്. കേസുകൾ നടത്തേണ്ടതു് മൈസൂരിൽ ഒരു സ്പെഷ്യൽ കോടതിയിലാണ്. അതിലേക്കു അവിടെ കോടതി ഇതുവരെ സ്ഥാപിച്ചിട്ടില്ല.

അതിനുവേണ്ട ചെലവ് നടത്തേണ്ടതു് മൈസൂർ ഗവണ്മെൻറാണോ ഈ സ്റ്റേറ്റിൽ നിന്നാണോ എന്നതു് തീരുമാനിക്കേണ്ടിയിരിക്കുന്നു. അതിനുശേഷം വേണ്ട നടപടിയെപ്പററി ഈ ഗവണ്മെൻറ് ചെയ്യുക എന്ന

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ല്ലാതെ അതിന്റെ നടത്തിപ്പിനു ഉൽസാഹമില്ലാതെയിരിക്കുന്നു എന്നെല്ലാം പറയുന്നതു വെറുതെ തെററിദ്ധാരണ ഉണ്ടാക്കാനല്ലാതെ വേറെ അർത്ഥമൊന്നുമില്ല. കേസുകൾ പിൻവലിക്കുന്ന കാര്യവും തീരുമാനിച്ചിട്ടില്ല എന്നു ഞാനും ഹോം മിനിസ്റ്ററും ഒന്നിലധികം തവണ പറഞ്ഞിട്ടുള്ളതാണ്. അതു ബഹു: താണുപിള്ളയും പറഞ്ഞു. അദ്ദേഹം പറഞ്ഞു, ഒരു റിഗ്രററ് വേണമെന്നാണ് അദ്ദേഹത്തിന്റെ നിലപാട്. അക്കാര്യം പ്രധാനമന്ത്രിയോടും ആലോചിച്ചു എന്നു പറഞ്ഞു. തീർച്ചയായും അദ്ദേഹം പ്രധാനമന്ത്രിയുമായി ആലോചിച്ചു എന്ന് ഇവിടെ ചെയ്ത പ്രസംഗം ഞാൻ അദ്ദേഹത്തിനു അയച്ചുകൊടുക്കാം. എന്നിട്ട് അദ്ദേഹത്തിന്റെ മറുപടി എന്താണെന്നുള്ള വിവരം അറിയിക്കാം. ഇതിൽ കൂടുതൽ ഒന്നും എനിക്കു തിരുവിതാംകൂർ തമിഴ്നാട് കാൺഗ്രസിനെപ്പററി പറയാനില്ല. കേവലം പ്രതിപക്ഷത്തിരിക്കുന്നു എന്നുള്ള കാരണംകൊണ്ട് ഗവണ്മെൻറിനെ അധിക്ഷേപിക്കുവാൻവേണ്ടി ഇങ്ങനെയുള്ള അടിസ്ഥാനരഹിതമായ കാര്യങ്ങൾ പറയുന്നതെന്നു എനിക്ക് ഒരഭിപ്രായമുണ്ട്. കൺസ്ട്രക്ടീവ് ക്രിട്ടിസിസം ആകാം എന്നല്ലാതെ അതിൽ കൂടുതൽ ഒന്നും ഞാൻ ഇവിടെ പ്രതീക്ഷിക്കുന്നില്ല.

Shri T. S. Ramaswami: Sir, I rise to a point of order. The Chief Minister is replying to points raised by the Leader of a Party who is not here.

Mr. Speaker: He is replying to all the criticisms raised in the House, whether the member who raised it is here or not.

Shri T. S. Ramaswami: There are other Legislatures where there have been definite rulings that when definite accusations are made in the House, ordinary courtesy requires that the member who made the allegation should be present when the reply to those charges is given. He can then put questions and clear points. I want a definite ruling on the matter.

Shri Manjanatha Prabhu: the Leader of my party has asked me to take notes of the reply speech and has authorised me to put questions whenever necessary.

Mr. Speaker: Ordinary courtesy requires that all the hon. Members are expected to be here whenever we are in session.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ബഡ്ജററിനെപ്പററി ശരിയായ ഒരു വിമർശനം എനിക്കു കേൾക്കുവാൻകഴിഞ്ഞതു് മുൻ ധനകാര്യമന്ത്രി ശ്രീ. നടരാജപിള്ളയിൽ നിന്നാണ്. അദ്ദേഹം പറഞ്ഞ അഭിപ്രായങ്ങളെ ഞാൻ വളരെ ആദരവോടുകൂടി ശ്രദ്ധിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ അഭിപ്രായങ്ങളിൽ ചിലതിനോടു് എനിക്കു യോജിക്കുവാൻ നിർവാഹമില്ല. അതുകൊണ്ടു് ആ അഭിപ്രായത്തോടു് എനിക്കു് ആദരവില്ലെന്നർത്ഥമില്ല. ഈ ബഡ്ജററിന്റെ സ്വഭാവമെന്താണെന്നു അദ്ദേഹം എടുത്തുകാണിക്കുകയുണ്ടായി. ബഹുമാന്യനായ ഡെപ്യൂട്ടി പ്രസിഡൻറ് ഈ ബഡ്ജററിനു ശരിയായ ഒരു സ്ഥായീഭാവമോ, രസമോ, നിറമോ ഇല്ലെന്നു പറഞ്ഞു. ബഹുമാനപ്പെട്ട അംഗങ്ങൾക്കു് ഹിതമായാലും കൊള്ളാം ഇല്ലെങ്കിലും കൊള്ളാം ഈ ബഡ്ജററ് രൂപവൽക്കരണത്തിൽ ഗവണ്മെൻറിനു പ്രദർശിപ്പിക്കണമെന്നാഗ്രഹിക്കുന്നതായ ഒരു സ്ഥായീഭാവമുണ്ട്. പഞ്ചവത്സരപദ്ധതി പൂർത്തിയാക്കണമെന്നുള്ളതാണ് അതു്.

അതിനു പത്തുകോടി രൂപ അടുത്ത വർഷത്തിൽ വേണമെന്നുണ്ടെങ്കിൽ അഭിപ്രായവ്യത്യാസമുണ്ടായാലും ശരി, അതു പൂർത്തിയാക്കാതിരിക്കുന്നതു് ശരിയാണോ എന്നു ഞാൻ ചോദിക്കുന്നു. രണ്ടാമത്തെ പഞ്ചവൽസരപദ്ധതി വരാൻപോകുന്നതിനു മുമ്പു് ആദ്യത്തെ പഞ്ചവൽസരപദ്ധതി ഒട്ടെങ്കിലും പൂർത്തിയാക്കാതിരിക്കുന്നു എങ്കിൽ നമ്മുടെ ഈ പ്ലാനിംഗ് പദ്ധതികളോട് നാട്ടുകാർക്ക് വിശ്വാസമുണ്ടാകുമോ? ആദ്യത്തെ പ്ലാൻ വേണ്ടിടത്തോളം ആലോചനയില്ലാതെയാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്നും തൊഴിലില്ലായ്മ പരിഹരിക്കുവാൻ വേണ്ട പദ്ധതികൾ അതിൽ ഉൾക്കൊള്ളിച്ചിട്ടില്ലെന്നും ഇവിടെ ആക്ഷേപം ഉണ്ടായി. ആ ആക്ഷേപം പ്രതിപക്ഷത്തുനിന്നും പലരും പല തവണ പറഞ്ഞിട്ടുണ്ട്. ആ ആക്ഷേപങ്ങൾ കുറെ ശരിയാണ്. എന്നാൽ ആദ്യത്തെ പഞ്ചവൽസരപദ്ധതി ഈ രാജ്യത്തെ ഭക്ഷണക്ഷാമം പരിഹരിക്കുന്നതിനും അങ്ങനെ കൃഷിക്കും എലക്ട്രിസിറ്റിക്കും പ്രാധാന്യം നൽകുന്നതിനും വേണ്ടി കൊണ്ടുവന്നിട്ടുള്ള ഒരു പദ്ധതിയാണ്. അതു പൂർത്തിയാക്കാതിരിക്കാൻ കഴിയുമോ? 1953 മാർച്ച് 31-ാംനു- ഇതു പൂർത്തിയായില്ലെങ്കിൽ ഏപ്രിൽ 1-ാംനു- മുതൽ ഈ രാജ്യത്തു നാം നടപ്പിലാക്കാൻപോകുന്ന രണ്ടാമത്തെ പഞ്ചവൽസരപദ്ധതിയെപ്പററി ആർക്കു ബഹുമാനമുണ്ടാകും? ആർക്ക് അതിൽ തൃപ്തിയുണ്ടാകും? ആരു് അതിനെപ്പററി കാര്യമായി വിചാരിക്കും? അതുകൊണ്ട് ഒന്നാംപഞ്ചവത്സരപദ്ധതി പൂർത്തിയാകേണ്ടതു് അത്യാവശ്യമാണ്. ശ്രീ. നടരാജപിള്ള ചെലവു കുറെ കുറയ്ക്കാമായിരുന്നു എന്നു പറഞ്ഞു. ചെലവു കുറച്ചാൽ ഒട്ടിടം കിടക്കും. അതുകൊണ്ട് പദ്ധതി പൂർത്തിയാക്കുവാനുള്ള ഒരു വാഞ്ഛ ബഡ്ജററിൽ ഉടനീളം നോക്കിയാൽ കാണാം. അതാണു ബഡ്ജററിന്റെ സിദ്ധാന്തം. ബഡ്ജററാവശ്യപ്പെടുന്നതും അതാണ്. ഞാനുൾപ്പെടെ ഈ രാജ്യത്തെ ജനങ്ങളുടെ മേൽ ചുമത്തുന്ന ടാസ്ക് അതാണ്. ഇതിനുമുമ്പു് ഇങ്ങനെയൊരു ടാസ്ക് ഉണ്ടായിട്ടില്ല. ബഡ്ജററ് പ്രസംഗത്തിലെ വാചകങ്ങൾ പരിശോധിച്ചുനോക്കിയാൽ അങ്ങനെ ഒരാററിററ്യൂഡ് ഉണ്ടെന്നുകാണാം. പന്ത്രണ്ടുമാസത്തിനകം ആ ടാസ്ക് നാം ചെയ്തുതീർക്കേണ്ടിയിരിക്കുന്നു. അതിൽ ഏററവും പ്രധാനമായതു് ഈ പഞ്ചവൽസരപദ്ധതി പൂർത്തിയാക്കുകയെന്നുള്ളതാണ്. അതു സാധിക്കുമോ എന്ന ചോദ്യം ഉണ്ടായേക്കാം. കഴിഞ്ഞ മൂന്നുനാലു കൊല്ലങ്ങളായി കമ്മിബഡ്ജററുകളാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. എങ്കിലും അവസാനിച്ചതു് മിച്ച ബഡ്ജററുകളായിട്ടാണ്. അതിനുള്ള കാരണം ഏററവും ശരിയായി ഇവിടെ വിശദീകരിച്ചതു് മി. നടരാജപിള്ളയാണ്. ഇതൊക്കെ നടത്താനുള്ള വഴികൾ ഒന്നു പരിശോധിക്കണമെന്നും എന്നിട്ട് നടത്താൻ വേണ്ടതു ചെയ്യണമെന്നും അദ്ദേഹം പറഞ്ഞു. അദ്ദേഹം ഒരു പ്രക്ഷോഭകാരിയായിരുന്നുഎങ്കിൽ അദ്ദേഹം പറയുമായിരുന്നതു് 'ഇന്നുള്ള ചുമപ്പുനാട സംപ്രദായം മാററി കാര്യങ്ങൾ ഭംഗിയായി നടത്തണം' എന്നാണ്. ഗവണ്മെൻറിനു് ആ ഉദ്ദേശം ഉണ്ട്. വരുന്ന ബഡ്ജററ് സമ്മേളനത്തിൽ കഴിഞ്ഞ ബഡ്ജററിൽ നാലു കോടി രൂപയോളം കമ്മിയുണ്ടായിരുന്നതു് ഒടുവിൽ കമ്മിയില്ലാതിരുന്ന ഒരു ബഡ്ജററായി ഭവിച്ചതുപോലെയുള്ള ഒരു ബഡ്ജററായി വരാതിരുന്നാൽ കൊള്ളാമെന്നാഗ്രഹമുണ്ട്. ഇക്കൊല്ലം അങ്ങനെ വന്നതു മോശമായിപ്പോയി എന്നു പറയുകയല്ല. എങ്കിലും അങ്ങനെ വന്നുകൂടാ എന്നു വിചാരമുണ്ട്. അതുകൊണ്ട് പഞ്ചവൽസരപദ്ധതിക്ക് പത്തുകോടി രൂപാ ചെലവു ചെയ്യാനുദ്ദേശിക്കുന്നതു ശരിയാണോ, അതു വേണമോ, അതു സാഹസമല്ലയോ എന്നു ശ്രീ. നടരാജപിള്ള ഉന്നയിച്ച അഭിപ്രായങ്ങളോടു യോജിക്കുവാൻ എനിക്കു നിർവാഹമില്ല.

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

മി. നടരാജപിള്ള പറഞ്ഞ മററുചില അഭിപ്രായങ്ങൾ എനിക്കു സ്വീകാര്യങ്ങളാണ്. ഉദാഹരണമായി കടമെടുക്കുന്ന സംഖ്യയ്ക്കു പലിശ കൊടുക്കുന്ന കാര്യത്തെപ്പററി അദ്ദേഹം പറഞ്ഞു. അദ്ദേഹം ധനകാര്യ മന്ത്രിയായിരുന്ന കാലത്തു അതിനുള്ള ശ്രമങ്ങൾ ചെയ്യുകയോ അതു നടക്കുകയോ ഉണ്ടായിട്ടില്ലെന്നുള്ള കാരണത്താൽ അദ്ദേഹത്തിന്റെ ഉത്തമവിശ്വാസത്തെപ്പററി സംശയിച്ചേക്കുമോ എന്ന ഭയത്തോടുകൂടിയാണ് ഈ അഭിപ്രായം അദ്ദേഹം പുറപ്പെടുവിച്ചിട്ടുള്ളതു്. ഈ കടം ഗ്രാൻറായി കിട്ടിയാൽ കൊള്ളാം. ഇൻഡ്യാഗവണ്മെൻറുമായി ഇതിനെപ്പററി ആലോചനകൾ നടത്തി കൂടുതൽ പണം നമുക്കു് മേടിക്കാൻ ഒക്കുമെങ്കിൽ കൊള്ളാം, ബഡ്ജററു തയാറാക്കുന്ന അവസരത്തിൽ രണ്ടു മനോഗതികൾ ഉണ്ടാകാം. ഒന്നു് യാഥാസ്ഥിതിക മനഃസ്ഥിതി. മറെറാന്നു് സാഹസിക മനഃസ്ഥിതി. നമ്മുടെ റിസോഴ്സസ് എന്തെല്ലാം? എത്രമാത്രം ഉണ്ടു്? അതിന്റെ കള്ളികളിൽ നിന്നുകൊണ്ടുമാത്രം നാം ചെലവു ചെയ്യുക. ആ തത്വമാണ് ഇത്രയുംകാലം നാം സ്വീകരിച്ചിരുന്നതു്. അതുകൊണ്ടാണ് ഈ നാട്ടിലെ ജനങ്ങൾക്കു് നമ്മുടെ ബഡ്ജററിനെപ്പററി പുതിയ ഒരു ഡീൽ തോന്നുന്നില്ല എന്നു നമ്മുടെ ബഹുമാനപ്പെട്ട മെമ്പറന്മാർ പറഞ്ഞതു്. ഇതാണ് യാഥാസ്ഥിതികമനഃസ്ഥിതി. മറെറാന്നു് സാഹസികന്റെ മനോഗതിയാണ്. ആ മനോഗതിയെയാണ് നടരാജപിള്ള ആക്ഷേപിച്ചതു്. പഞ്ചവൽസരപദ്ധതിയിൽ നമ്മുടെ എല്ലാ ആശയങ്ങളും ഉറപ്പിച്ചിരിക്കുകയാണ്. ആദ്യത്തെ പഞ്ചവൽസരപദ്ധതി മാത്രമല്ല; ഒന്നിനൊന്നു പുറകിലായി വരുന്ന ഈ പഞ്ചവൽസരപദ്ധതികളുടെ നീണ്ട ചങ്ങലകൾക്കിടയിൽക്കൂടി ഇവിടത്തെ ദാരിദ്ര്യത്തേയും തൊഴിലില്ലായ്മയേയും ഉച്ചാടനം ചെയ്തുകൊണ്ടു് നമ്മുടെ സാമ്പത്തികമോചനം നേടാമെന്നു വിചാരിച്ചു നാം ശ്രമിക്കുകയാണ്. അതിനാൽ ആദ്യത്തെ പഞ്ചവൽസരപദ്ധതി പൂർത്തിയാക്കുകയും രണ്ടാമത്തെ പഞ്ചവൽസരപദ്ധതി അതിനുശേഷം നടപ്പിലാക്കുകയും വേണമെന്നുള്ള ആഗ്രഹത്തോടുകൂടി തയാറാക്കിയിരിക്കുന്ന ഈ ബഡ്ജററിനെ ആ വീക്ഷണഗതിയിൽക്കൂടി നോക്കുന്നപക്ഷം വളരെയധികം കുററം പറയാൻ കാണുകയില്ലെന്നാണ് എന്റെ വിശ്വാസം.

മറെറാരാക്ഷേപം തൊഴിലില്ലായ്മയുടെ കാര്യത്തെപ്പററിയാണ്. അതിനെപ്പററി ബഡ്ജററിൽ ചെയ്തിട്ടുള്ള പ്രസ്താവനകൾ, അറിഞ്ഞുകൊണ്ടാണെന്നു ഞാൻ പറയുന്നില്ല.. അറിയാതെതന്നെ ബഹുമാനപ്പെട്ട മെംബറന്മാർ ദുർവ്യാഖ്യാനം ചെയ്യുകയുണ്ടായി. തൊഴിലില്ലായ്മ പരിഹരിക്കുവാനുള്ള ചുമതല ഈ ഗവണ്മെൻറ് പ്ലാനിംഗ് കമ്മീഷനും പഞ്ചവത്സരപദ്ധതിക്കുമായി വിട്ടുകൊടുത്തിരിക്കുകയാണെന്നു ഞാൻ പറഞ്ഞിട്ടുള്ളതായി മററു ചില മെംബറന്മാർ പറഞ്ഞു. ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. ഇൻഡ്യാഗവണ്മെൻറിനാൽ നിയമിതമായ പ്ലാനിംഗ് കമ്മീഷൻ തിരുവിതാംകൂർ—കൊച്ചിയിലെ പ്രത്യേക പരിതഃസ്ഥിതി പരിഗണിച്ചു് ഇവിടത്തെ തൊഴിലില്ലായ്മയ്ക്കു പരിഹാരമുണ്ടാക്കണമെന്നും അതാണു ഏററവും കാര്യക്ഷമമായ വഴിയെന്നും ഞാൻ പറഞ്ഞു. ഈ രാജ്യത്തിന്റെ നില, രാജ്യത്തിന്റെ താല്പര്യനില, ജനങ്ങളുടെ സാന്ദ്രത, ഈ രാജ്യത്തു തൊഴിലില്ലെന്നുള്ള കാര്യം, രാജ്യത്തിന്റെ സ്വന്തവിഭവങ്ങൾ പരിമിതമാണെന്നുള്ള വസ്തുത, ഇതെല്ലാം നോക്കി ഇൻഡ്യയെ ഒന്നാകെ വിഭാവനചെയ്തും പ്രയോഗക്ഷമങ്ങളായ പരിപാടികളോടുകൂടിയും

നടപ്പിലാക്കുവാൻ പ്ലാനിംഗ് കമ്മീഷൻ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ അവരുടെ ഒരു പ്രധാന ഗണനാവിഷയമായി തിരുവിതാംകൂർ-കൊച്ചിയെ കൂടി എടുക്കണമെന്ന തത്വം, മുമ്പുകാലത്തു ഞാൻ ധനകാര്യമന്ത്രിയായിരുന്നപ്പോൾ ചെയ്തിട്ടുള്ള ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിരുന്ന ആ തത്വം, ഇപ്പോഴും പറയുന്നു എന്നേയുള്ളൂ. അല്ലാതെ ഇവിടത്തെ തൊഴിലില്ലായ്മ കാര്യത്തിൽ ഈ ഗവണ്മെൻറിനു ചുമതലയൊന്നുമില്ലെന്നുള്ള മനോഭാവമല്ല കാണിക്കുന്നതെന്നു പറയുന്നതു് ശരിയല്ല.

ശ്രീ. മഞ്ജുനാഥപ്രഭു : സർ, ഒരു ചോദ്യം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സ്വന്തമാവശ്യമായിട്ടു ചോദിക്കുകയാണോ ശ്രീ. താണുപിള്ളക്കു വേണ്ടിയാണോ?

ശ്രീ. മഞ്ജുനാഥപ്രഭു : സ്വന്തം ചോദ്യമാണ്. ബഡ്ജറ്റ് പ്രസംഗത്തിൽ നാലാംപേജിൽ ഇങ്ങനെ കാണുന്നു.

> "But I wish to state as I did on a previous occasion, that the problem of unemployment in our State is a problem which has to be tackled by the National Planning Commission and I hope that it will receive the attention whch it deserves at the hands of the Commission."

ഇതിനു നിന്നും ഞങ്ങൾ മനസ്സിലാക്കേണ്ടതെന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെയല്ല. നാഷനൽ പ്ലാനിംഗ് കമ്മീഷന്റെ ദൃഷ്ടിയിൽ പെടേണ്ട ഒരു കാര്യമാണ് ഇതു് എന്നേ ഇതിനർത്ഥം ഉള്ളൂ. ഓരോ രാജ്യത്തിന്റേയും വിസ്താരവും ജനസംഖ്യയും മുതലെടുപ്പുംമാത്രം കണക്കാക്കി പദ്ധതികൾ ആസൂത്രണം ചെയ്താൽ പോരെന്നും ഓരോ പ്രദേശത്തിന്റേയും ആവശ്യമനുസരിച്ചു് വേണ്ട വ്യവസ്ഥകൾകൂടി ഉണ്ടാകണമെന്നും ഉള്ള ആശയത്തിന്റെ ആവിഷ്കാരമാണ് ആ വാചകത്തിനുള്ളതു്. മററു വിധത്തിൽ വന്നിരിക്കാനിടയുണ്ടെങ്കിൽ ഒരു പക്ഷെ എന്റെ വാചകത്തിന്റെ ശക്തിക്കുറവായിരിക്കാം കാരണം. ഈ ഗവണ്മെൻറ് അതിനൊന്നും ചെയ്യാതിരുന്നിട്ടില്ല.

മറെറാന്നു് വ്യവസായവൽക്കരണത്തെപ്പററിയാണ്. ബഹുമാനപ്പെട്ട മാവേലിക്കര മെംബർ, ഞാൻ ഫോർഡ് ഫൌണ്ടേഷൻകാരുടെ അടിമയാണെന്നു പറഞ്ഞു. അങ്ങനേയുമല്ല, വ്യവസായവൽക്കരണത്തെപ്പററി അവർ ഒരഭിപ്രായം പറഞ്ഞു. അതു സ്വീകാര്യമാണെന്നു മാത്രമെ ഞാൻ പറഞ്ഞുള്ളൂ. ഗവണ്മെൻറ് ആ അഭിപ്രായത്തോടു യോജിക്കുന്നു. അവർ പറഞ്ഞതുകൊണ്ടല്ല. എന്താണ് അവർ പറഞ്ഞ അഭിപ്രായം? സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസ് ഈ രാജ്യത്തു വേണം എന്നാണവർ പറഞ്ഞതു്. കാട്ടേജ് ഇൻഡസ്ട്രീസ് എന്നല്ല. അതു വേണ്ട എന്നു പറയുന്നില്ല. സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസ് എല്ലാ രാജ്യങ്ങളിലും ഉണ്ട്. ഹെവി ഇൻഡസ്ട്രീസ്കൊണ്ടുമാത്രം ഒരു രാജ്യവും മുന്നോട്ടു പോവുകയില്ല. ഹെവി ഇൻഡസ്ട്രീസ് തിരുവിതാംകൂർ കൊച്ചിയിൽ അത്രവളരെ ഏർപ്പെടുത്താനും സാദ്ധ്യമല്ല. സ്വിററ്സർലണ്ടിൽ അനേകം സ്മാൾ ഇൻഡസ്ട്രീസ് നടക്കുന്നുണ്ട്. നാം ഉപയോഗിക്കുന്ന ക്ലോക്കുകളും വാച്ചുകളും മററു അവിടത്തെ സ്മാൾസ്കെയിൽ ഇൻഡസ്ട്രീസിൽപ്പെട്ടതാണ്. ഹെവി ഇൻഡസ്ട്രീസ് വേണ്ട എന്നു പറഞ്ഞിട്ടില്ല. എന്നല്ല, തത്ക്കാലം തൊഴിലില്ലായ്മ പരിഹരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി സ്മാൾസ്കെയിൽ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ഇൻഡസ്ട്രീസ് ഇവിടെ ഡെവലപ്പ് ചെയ്യണമെന്നേ പറയുന്നുള്ളൂ. അതിന് തെറ്റോ അബദ്ധമോ ഇല്ല. അതു പിൻതിരിപ്പനായോ അശാസ്ത്രീയമായോ കരുതേണ്ടയാവശ്യവുമില്ല. ഒരു പുതിയ യുഗത്തിനു ചേരാത്ത യാതൊന്നും അതിലില്ല. അതിനാൽ സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസിനെപ്പററി പറയുമ്പോൾ നാംഒരു കാളവണ്ടിയുഗത്തിലേക്ക് മടങ്ങിപ്പോവുകയാണെന്നു ഭയപ്പെടേണ്ട കാര്യമില്ല. ഈ സ്മാൾസ്കെയിൽ ഇൻഡസ്ട്രീസിനു ഏലക്ട്രിസിററി വേ ം. അതു വദ്ധിപ്പിക്കുവാനുള്ള തുകയും ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട്. വലിയ സ്കെയിലിലുള്ള ഇൻഡസ്ട്രീസ് ഇവിടെ ആവശ്യമില്ലെന്നു ഞാൻ പറഞ്ഞിട്ടില്ല. പണ്ഡിററ് നെഹറുവോ പ്ലാനിംഗ് കമ്മീഷനോ അങ്ങനെ പറഞ്ഞിട്ടില്ല. ഇവിടെ അന്നെ ചില വൻകിട വ്യവസായങ്ങൾ തുടങ്ങേണ്ട കാര്യത്തെപ്പററി പറഞ്ഞിട്ടുണ്ട്. നാലോ അഞ്ചോ വ്യവസായങ്ങളെപ്പററ് മാത്രമെ പറഞ്ഞിട്ടുള്ളൂ. കൂടുതൽ പറയാതിരുന്നതു് പറയേണ്ട ഘട്ടത്തിൽ എത്താതിരുന്നതു കൊണ്ടാണ്. ഈ ഒരു മാസത്തിനുള്ളിൽ ഇതിൽ കൂടുതൽ പറയാൻ സാദ്ധ്യമല്ല. അറിയിക്കേണ്ട സന്ദർഭത്തിൽ അറിയിച്ചുകൊള്ളാം. ഇൻഡസ്ട്രീസിനെപ്പററി പറഞ്ഞപ്പോൾ ഞാൻ തൊഴിലാളികളെപ്പററി ആക്ഷേപിച്ചു പറഞ്ഞുവെന്നൊരു ആരോപണവും ഇവിടെ കേൾക്കുകയുണ്ടായി. ഒന്നുകൂടി ആ പാരഗ്രാഫ് വായിച്ചുനോക്കിയാൽ ഞാൻ ആരേയും ആക്ഷേപിച്ചിട്ടില്ലെന്നു കാണാം. ഞാൻ തൊഴിൽപ്രശ്നത്തെപ്പററിയാണു പറഞ്ഞതു്. ഇവിടത്തെ ഇൻഡസ്ട്രിയൽ ഹാർമണി പോകുന്നതു് സ്ട്രൈക്കുകൊണ്ടു മാത്രമാണെന്നു ഞാൻ പറഞ്ഞിട്ടില്ല, സ്ട്രൈക്കുകൊണ്ടും ലാക്കൌട്ടുകൊണ്ടും ഇൻഡസ്ട്രിയൽ ഹാർമണി പോകുന്നു എന്നേ ഞാൻ പറഞ്ഞിട്ടുള്ളൂ.

ഈ മാതിരി വെറുതെയുള്ള ആരോപണങ്ങൾ ഉന്നയിക്കരുതെന്നു എനിക്കൊരഭ്യർത്ഥനയുണ്ട്. ഈ അഭ്യർത്ഥന തൊഴിലാളികളോടോ, തൊഴിലാളി നേതാക്കന്മാരോടോ മാത്രം ചെയ്യുന്ന ഒരഭ്യർത്ഥനയല്ല. പ്രത്യുത മുതലാളിമാരോടും മുതലാളിമാരെ പ്രതിനിധീകരിക്കുന്ന അംഗങ്ങൾ ഈ നിയമസഭയിൽ ഉണ്ടെങ്കിൽ അവരോടുകൂടിയും ചെയ്യുന്ന ഒരഭ്യർത്ഥനയാണ്. ഈ രാജ്യത്തുള്ള തൊഴിൽകുഴപ്പങ്ങളെല്ലാം ഉണ്ടാക്കുന്നതു് വെറും തൊഴിലാളികളാണെന്നു എനിക്കഭിപ്രായമില്ല. തൊഴിലാളി രംഗത്തുള്ളിലും വ്യവസായശാലകളിലും തൊഴിൽകുഴപ്പവും മററും സൃഷ്ടിക്കുന്നതു ഭാവനാശക്തിയുള്ള ആളുകളാണെന്നു എനിക്കറിയാം. ലാക്കൌട്ടുകൊണ്ടും സ്ട്രൈക്കുകൊണ്ടും ഉണ്ടാകുന്ന കുഴപ്പങ്ങൾ നിമിത്തം നേരിടുന്ന നേഷണൽ ലാസ് ഇല്ലാതാക്കണമെന്നു മാത്രമെ ഞാൻ പറഞ്ഞിട്ടുള്ളൂ. ബഹു: മെംബർമാരിൽ ആരെങ്കിലും നേരെമറിച്ചു ധരിച്ചിട്ടുണ്ടെങ്കിൽ ആ ധാരണ അടിസ്ഥാനരഹിതമാണെന്നു പറയാൻ ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു. വ്യവസായവകുപ്പുകാരെന്നു തെപ്പററി പറയുമ്പോൾ ഗവണ്മെൻറു നേരിട്ടു ഏറ്റെടുത്തു നടത്തുന്ന ചില വ്യവസായങ്ങളെപ്പററി ഈ സഭയിൽ ചില വിമർശനങ്ങൾ ഉണ്ടായിട്ടുണ്ട്. പക്ഷെ ഗവണ്മെൻറിൻെറ ഈ വക നടപടികളുടെ പിന്നിൽ ഉണ്ടായിട്ടുള്ള മനോഭാവം എന്താണെന്നു ശ്രദ്ധിച്ചുനോക്കിയാൽ കാണാവുന്നതാണ്. ഉദാഹരണമായി പറയുകയാണെങ്കിൽ തൃശ്ശൂരിലെ സീതാരാമിൽ, മഹാലക്ഷ്മിമിൽ, (മുളങ്കുന്നത്തുകാവ്) കുണ്ടറ ഇലക്ട്രിക്കൽ ആൻറ് അലൈഡ് ഇൻഡസ്ട്രീസ്

ഇങ്ങനെയുള്ള വ്യവസായശാലകൾ. ഗവണ്മെൻറ് എന്തുകൊണ്ടാണ് ഏറ്റെടുത്തു നടത്തുന്നവെന്നുള്ളതു ഈ സഭ അറിഞ്ഞിരിക്കേണ്ട ഒരു കാര്യമാണ്. അതായതു്, രാജ്യത്തിൻെറ ഐശ്വര്യത്തിനുവേണ്ടിയും തൊഴിലില്ലായ്മയ്ക്കു പരിഹാരം ഉണ്ടാക്കുന്നതിനുവേണ്ടിയും ഉള്ള ഉദ്ദേശത്തോടുകൂടിയാണ്. പ്രയത്നശീലരായ തൊഴിലാളികൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വ്യവസായശാലകൾ പ്രവർത്തനരഹിതമാക്കുന്നതു രാജ്യത്തിനു സമ്പത്തല്ല, ആപത്താണ്. മാത്രമല്ല, പ്രവർത്തിക്കാൻ സന്മനസ്സും, സന്നദ്ധതയും ഉള്ള കുറെ തൊഴിലാളികൾ ഫാക്ടറികളിൽ പ്രവേശിച്ച് പ്രവൃത്തിയെടുക്കുമ്പോൾ മററു കുറെ തൊഴിലാളികൾ പുറത്തു നിന്നുകൊണ്ട് കൊടിയും പിടിച്ചു മുദ്രാവാക്യവും മുഴക്കി അകത്തു കയറിയവരെക്കൂടി പുറത്തു ഇറക്കാൻ നോക്കുന്നതു രാജ്യത്തിനു അനുഭകരമാണ്. ഗവണ്മെൻറ് എപ്പോഴും വീക്ഷിക്കുന്നതു ഒരു ഇൻഡസ്ട്രിയൽ പീസിനെയാണ്. എന്തുകൊണ്ടെന്നാൽ തൊഴിലാളിരംഗത്തു, അല്ലെങ്കിൽ മുതലാളി തൊഴിലാളി രംഗത്തു സമാധാനം എപ്പോഴും ആവശ്യമാണ്. ഏതു ഗവണ്മെൻറും ആ സമാധാനം ആശിക്കുന്നതാണ്. ഞാൻ ഈ പറയുന്നതു കേവലം അധരജല്പനമല്ലെന്നു എൻെറ ബഹു: സ്നേഹിതന്മാർ മനസ്സിലാക്കണം. സംസ്ഥാനത്തു ഒരു ഇൻഡസ്ട്രിയൽ ഹാർമണി ഉണ്ടാക്കുന്നതിനുവേണ്ടി ചില നടപടികൾ ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ട്. ആ കാര്യത്തിൽ ബഹു: കൊല്ലം മെംബറും മന്നലൂർ മെംബറും ഗവണ്മെൻറിനെ സഹായിക്കുന്നതിനുവേണ്ടി മുന്നോട്ടു വരണമെന്നു അപേക്ഷിച്ചതിൻെറ ഫലമായി അവർ അതിലേക്കുള്ള സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. എൻെറ ഈ അഭ്യർത്ഥനയുടെ പിന്നിലുള്ള ആശയം എന്താണെന്നു ഇപ്പോൾ മനസ്സിലായിട്ടുണ്ടെന്നാണു ഞാൻ വിചാരിക്കുന്നതു്. നമ്മുടെ ആവശ്യം സമാധാനമാണ്. ഏതുവിധത്തിലുള്ള നടപടികൾ എടുത്താൽ രാജ്യത്തു സമാധാനവും ശാന്തിയും ഉണ്ടാകുമോ, ആ വിധത്തിലുള്ള നടപടികൾ ഗവണ്മെൻറ് എടുക്കുകതന്നെ ചെയ്യും. സമാധാനപാലനത്തിനുവേണ്ടി നിവൃത്തിയും ഉള്ളിടത്തോളവും പോലീസിനെ ഇടപെടാൻ സമ്മതിക്കുകയില്ല. ഒന്നുകൂടി പറയുകയാണെങ്കിൽ ട്രെയിഡ് യൂനിയൻ കാര്യത്തിൽ പോലീസ് നിവൃത്തിയുള്ളിടത്തോളം ഇടപെടുകയില്ലെന്നു പറയാൻ കഴിയും. എന്നാൽ നിയമസമാധാനം എപ്പോൾ ഇല്ലാതാകുന്നോ രാജ്യത്തു്, അപ്പോൾ മാത്രമെ പോലീസു ഇടപെടുകയുള്ളു. എൻെറ ബഹു: പ്രതിപക്ഷ നേതൃവു് ചോദിക്കുകയുണ്ടായി ഞങ്ങളോടു ആവശ്യപ്പെട്ട സഹകരണത്തിൻെറ അടിസ്ഥാനത്തിൽ പോലീസിൻെറ അഴിമതിയും അക്രമവും അവസാനിപ്പിക്കുമോ എന്നു്. നിയമസമാധാനം പാലിക്കുന്നതിനുവേണ്ടി പോലീസുകാർ അഴിമതി ചെയ്യണമെന്നു ഗവണ്മെൻറ് ആഗ്രഹിക്കുന്നില്ല. പോലീസുകാർ ഒരു കാരണവശാലും അഴിമതിക്കാരായിക്കൂടാ എന്നുതന്നെയാണു ഗവണ്മെൻറ് വിചാരിക്കുന്നതു്. മാത്രമല്ല, ലാക്കപ്പുമർദ്ദനവും പാടില്ലെന്നു ഗവണ്മെൻറിനു ആഗ്രഹമുണ്ട്.

ശ്രീ. ടി. വി. തോമസ്: ലാക്കപ്പു മർദ്ദനം ഇല്ലാതാക്കാൻ ഗവണ്മെൻറ് വല്ല നടപടിയും എടുത്തിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ലാക്കപ്പു മർദ്ദനം അന്യായത്തിൻെറയും അനീതിയുടെയും പേരിൽ നടത്തുകയാണെങ്കിൽ അതിനു തക്കവണ്ണമുള്ള നടപടികൾ ഗവണ്മെൻറ് സ്വീകരിക്കുന്നതാണ്. ഉദാഹരണമായി പറയുകയാണെങ്കിൽ പാമ്പാടി പോലീസ് സ്റ്റേഷനി

[ശ്രീ. പനമ്പി ..ി ഗോവിന്ദമേനോൻ]

ലുണ്ടായ സംഭവത്തെപ്പററി അന്വേഷിച്ചു റിപ്പോർട്ടു ചെയ്യാൻ ഉത്തരവിട്ടിരിക്കുകയാണ്. എന്നാൽ കുട്ടനാട്ടിൽ നടന്ന സംഭവത്തെപ്പററി അല്പം തടസ്സമുണ്ടായതു് കക്ഷികൾ കോടതിയിൽ കേസു കൊടുത്തതുകൊണ്ടാണ്. സത്യസന്ധതയും കൃത്യനിഷ്ഠയും വച്ചുകൊണ്ടുവേണം പോലീസുകാർ ജനങ്ങളോടു പെരുമാറേണ്ടതെന്നും അങ്ങനെ പോലീസുകാർ പൊതുജനദാസന്മാരായി തീരുകയുമാണു വേണ്ടതെന്നാണ് ഗവണ്മെൻറു ആഗ്രഹിക്കുന്നതു്.

ശ്രീ. കെ. എ. ശിവരാമഭാരതി : നെല്ലിയാമ്പതി എസ്റ്റേററിൽ നടന്ന മർദ്ദനത്തെപ്പററി ബഹു: ഗവണ്മെൻറു എന്താണു ചെയ്തതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നെല്ലിയാമ്പതി എസ്റ്റേററിൽ ഒരു കൃഷ്ണനുതല്ലു കൊണ്ടതായിട്ടറിയാം. അതു സംബന്ധിച്ചോ അതിനോടു അനുബന്ധിച്ചു മറേറതെങ്കിലും സംബന്ധിച്ചോ ആക്ഷേപം ഉണ്ടെങ്കിൽ ഗവണ്മെൻറു ശ്രദ്ധിക്കുന്നതാണ്.

ശ്രീ. ടി. വി. തോമസ്: കുട്ടനാടു നടന്ന സംഭവത്തെപ്പററി കക്ഷികൾ കോടതിയിൽ കേസ് കൊടുത്തതുകൊണ്ടാണോ ഒരു നടപടിയും ഗവണ്മെൻറു എടുക്കാത്തതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒരു കേസ് കോടതിയിൽ പെൻഡിംഗായി കിടക്കുമ്പോൾ അവയെപ്പററി ഒരു തീരുമാനം ചെയ്യുന്നതു നിയമപരമായി തെററാണ്. എന്നാൽ ആ കാര്യത്തിൽ എനിക്കു ഇപ്പോൾ ഒന്നും ചെയ്യാൻ സാധിക്കുകയില്ലല്ലോ എന്നുള്ള ഉൽകണ്ഠയും ഉണ്ടു്.

ശ്രീ. ടി. വി. തോമസ്: ഒരു പൗരനെ അനാവശ്യമായി കയ്യേററം ചെയ്ത പോലീസുകാരനെ സംബന്ധിച്ചു ഒരു നടപടിയും എടുക്കാൻ ഗവണ്മെൻറിനു നിവൃത്തിയില്ലെന്നാണോ പറയുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ഞാൻ വല്ല നടപടിയും എടുക്കുന്നതായാൽ കണ്ടംപ്ട് ആഫ് കോർട്ടിനു വിധേയനായിത്തീരും. അതുകൊണ്ടു് ഇപ്പോൾ ആ കേസിനെ സംബന്ധിച്ചു ഒന്നും ചെയ്യാൻ നിവൃത്തിയില്ല.

ശ്രീ. ടി. കെ. ദിവാകരൻ : കുട്ടനാടു സംഭവത്തെപ്പററി ഒരന്വേഷണം നടത്തണമെന്നു പറഞ്ഞാൽ ആ അന്വേഷണം നടത്തുന്നതുംകൂടി കോർട്ടു അലക്ഷ്യമായി തീരുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കോടതിയിൽ കിടക്കുന്ന ഒരു കേസിനെസംബന്ധിച്ചു അന്വേഷണം നടത്തുന്നതിനു് ആജ്ഞാപിക്കുന്ന മന്ത്രിയും അന്വേഷിക്കാൻ പോകുന്ന ഉദ്യോഗസ്ഥന്മാരും കോർട്ടു അലക്ഷ്യത്തിനു വിധേയരാണ്.

ശ്രീ. കെ. ബാലകൃഷ്ണൻ: ഒരു കേസ് കോടതിയിൽ പോയശേഷം ഡിപ്പാർട്ടുമെൻറലായിട്ടു അന്വേഷണം നടത്താൻ പാടില്ലെന്നാണോ മനസ്സിലാക്കേണ്ടതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെതന്നെ മനസ്സിലാക്കണം. കോടതിയിൽ വിചാരണയിലിരിക്കുന്ന ഒരു പ്രതി വീണ്ടും കുററക്കാരനാണെന്നു ബോദ്ധ്യപ്പെട്ടാൽ അന്വേഷണം നടത്തുകയോ കേസ് എടുക്കുകയോ ചെയ്യാം.

ശ്രീ. ടി. വി. തോമസ്: ഒരു കേസിൽ ഉൾപ്പെട്ട നാലു പേരിൽ മൂന്നുപേർ പരാതി ബോധിപ്പിക്കുകയും ഒരാൾ പരാതി ബോധിപ്പിക്കാതിരിക്കുകയും ചെയ്താൽ അയാൾക്ക് പരാതി ഇല്ലെന്നാണോ മനസ്സിലാക്കേണ്ടതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ കാര്യത്തെപ്പററി കൂടുതലായൊന്നും പറയണമെന്നു് ഞാൻ ഈയവസരത്തിൽ വിചാരിക്കുന്നില്ല. അതിനുള്ള സമയവും ഇല്ല.

സർ, ഈ രാജ്യത്തെപോലീസിനെ ഡീമോറലൈസ് ചെയ്തു അവരുടെ ജോലി ശരിയായവിധത്തിൽ നിർവഹിക്കാൻ സന്ദർഭം ഉണ്ടാക്കരുതെന്നുള്ള ഒരു മനഃപൂർവവിചാരം ചില രാഷ്ട്രീയപാർട്ടികൾക്കുണ്ടെന്നു തോന്നുന്നു. നിയമസമാധാനം പാലിച്ചുകൊണ്ടു പോകുവാൻ ഒരു വിധത്തിലും നിവർത്തിയില്ലാത്ത ഒരു പരിതസ്ഥിതിയാണു് ഇവർ സൃഷ്ടിക്കാൻ ഒരുങ്ങുന്നതു്. പലവിധത്തിലുള്ള രാഷ്ട്രീയ സംഭവവികാസങ്ങൾ ഒന്നിനുപുറകെഒന്നായി കൊണ്ടുവന്നു കുഴപ്പം സൃഷ്ടിക്കുന്നതിനു ചില പ്രത്യക്ഷമായും പരോക്ഷമായും ശ്രമിക്കുന്നുവെന്നു പറയേണ്ടിവന്നതിൽ ഞാൻ ഖേദിക്കുന്നു. എന്റെ ബഹുമാന്യസ്നേഹിതന്മാരോടു് ഭരണപരമായ കാര്യങ്ങളിൽ സഹകരണത്തിനുവേണ്ടി അഭ്യർത്ഥിക്കുന്ന ഈ അവസരത്തിൽ ഈ മാതിരിയുള്ള കാര്യങ്ങളിൽ കടന്നുവീണു് സമയം പാഴാക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. കെ. സി. ജാർജ്ജ്: പോലീസിനെപ്പററി പരാതി പറയുമ്പോൾ ബഹുമാനപ്പെട്ടമന്ത്രി ഈ വിധത്തിലുള്ള സമാധാനം പറയുന്നതു ശരിയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, പലവിധത്തിലുള്ള Complex ഇങ്ങനെയുള്ള കാര്യങ്ങളിൽ പ്രവർത്തിക്കുന്നുണ്ടു്. തന്നിമിത്തം ചിലപ്പോൾ പ്രതിപക്ഷത്തുനിന്നും ഉന്നയിക്കുന്ന വാദഗതികൾ അതേപടി സ്വീകരിക്കാൻ നിവർത്തിയില്ലാതെ വരുന്നുവെങ്കിൽ അതിനു ഗവണ്മെന്റു ഉത്തരവാദിയാകയില്ല. അതുകൊണ്ടു് ഇപ്രകാരമുള്ള Complex-ൽ നിന്നും വിമുക്തമാക്കാനുള്ള ഒരു അന്തരീക്ഷം സൃഷ്ടിക്കണമെന്നാണു് എന്റെ അഭിപ്രായം. എന്റെ ബഡ്ജററു പ്രസംഗത്തിൽ തന്നെ ഈ ആശയം ഞാൻ വെളിപ്പെടുത്തിയിട്ടുണ്ടു്.

ശ്രീ. ടി. വി. തോമസ്: വാരിയെല്ലു് ഒടിഞ്ഞുപോയി എന്നു് ഒരു മെഡിക്കലാഫീസർ സർട്ടിഫൈചെയ്തിട്ടും അതിനെപ്പററി ഒരന്വേഷണം പോലും നടത്താൻ സന്നദ്ധതയില്ലാതെ, നിയമത്തിന്റെ മറപിടിച്ചു് രക്ഷപ്പെടുകയും അതേ അവസരത്തിൽ ഭരണപരമായ കാര്യങ്ങളിൽ സഹകരണം വേണമെന്നു അഭ്യർത്ഥിക്കുകയും എക്സ്പ്ലനേഷൻ ചെയ്തയും മററും ചെയ്താൽ, ഈ എക്സ്പ്ലനേഷൻസ് എല്ലാം ഇഷ്ടവിലെ കുഴിയിൽ ലയിച്ചു പോകുമെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ചിലപ്പോൾ അങ്ങനെയുണ്ടായേക്കും. ചന്ദ്രനെത്തന്നെയും മേഘങ്ങൾ മറയ്ക്കുന്നില്ലേ ?

ശ്രീമതി കെ. ആർ. ഗൗരി: ഈ പ്രസംഗത്തിൽനിന്നും മനസ്സിലാക്കേണ്ടതു പോലീസ്സിന്റെ മർദ്ദനനടപടികൾ ഇനിയും നിർബാധം തുടരുമെന്നാണോ ?

ശ്രീ: പനമ്പിള്ളിഗോവിന്ദമേനോൻ: അങ്ങിനെ പറയുവാൻ നിവൃത്തിയില്ല. ഒരുപക്ഷേ എന്റെ പ്രസംഗത്തിന്റെ പ്രസാദക്കുറവുകൊണ്ട് അങ്ങനെ മനസ്സിലാക്കാൻ ഇടവന്നതാണോ എന്നെനിക്കറിഞ്ഞുകൂടാ. ഞാൻ പറയുന്നതു, മർദ്ദനനടപടികൾ പോലീസുകാർ അക്രമപരമായി ഉപയോഗിക്കുകയാണെങ്കിൽ അവരുടെ പേരിൽ നടപടി എടുക്കുന്നതാണ്, എന്നാണു പക്ഷേ ബലപ്രയോഗത്തെ മർദ്ദനമായി കണക്കാക്കുകയുമരുതു്. ചില സന്ദർഭങ്ങളിൽ, അതായതു, നിയമസമാധാനങ്ങൾക്കുവേണ്ടി അവക്കു ബലപ്രയോഗം നടത്തേണ്ടതായി വന്നേക്കാമെന്നു മാത്രമാണ്. അതു കൂടാതെ കഴിക്കേണ്ടതു് രാജ്യത്തുള്ള എല്ലാരാഷ്ട്രീയകക്ഷികളുടേയും ചുമതലയാണ്. അതിനുള്ള സാഹചര്യം സൃഷ്ടിക്കാൻ ഗവണ്മെന്റ് എപ്പോഴും തയ്യാറാണ്. ഇത്രയും മാത്രമേ എനിക്ക് അതിനെസംബന്ധിച്ചു പറയുവാനുള്ളൂ.

പ്രതിപക്ഷനേതാവു് ഇവിടെ പറഞ്ഞിട്ടുള്ള ചില സംഗതികൾ പരസ്പരവൈരുദ്ധ്യമുള്ളതാണ്. ഒരു ഭാഗത്തു് കമ്മി ഇത്രവളരെ വന്നതു് ശരിയല്ലെന്നു് അദ്ദേഹം പറയുന്നു. വേറൊരുഭാഗത്തു പറയുന്നു ഈ കമ്മി നികത്തുന്നതിനു രാജ്യത്തുനിന്നു് കടമെടുത്തിട്ടില്ലാ എന്നു്. പുതിയ നികുതി ചുമത്തണമെന്നു പറയുന്നതു് ശരിയല്ലെന്നും, വേറൊരുഭാഗത്തു പുതിയ നികുതി ചുമത്തണമെന്നും പറയുന്നു. അതു ശരിയല്ല. ക്യാപ്പിററൽ ബഡ്ജററിൽ വളരെ തുക കൈകൊള്ളിക്കാതെ നിവൃത്തിയില്ല. അപ്പോൾ കമ്മി ഉണ്ടാകും. ഈ കമ്മി നികത്തുന്നതിനു ഒന്നുകിൽ നികുതി ചുമത്തണം അല്ലെങ്കിൽ കടം എടുക്കണം. നികുതി ചുമത്തി ജനങ്ങൾക്കു് ഉപദ്രവമുണ്ടാക്കരുതെന്നു കരുതിയാണ് കടം എടുക്കുന്നതു്. ഇതു കമ്മി നികത്താൻ മാത്രമല്ല, വേയ്സ് ആൻഡ് മീൻസ് കാണിക്കുകകൂടിയാണ്. വനവിഭവങ്ങൾക്കു മാൾട്ടി പായിൻറ് സെയിൽസ്ടാക്സ് ഉണ്ടായിരുന്നകാലത്തു് വളരെ ഇവേഷൻ ഉണ്ടെന്നു പറഞ്ഞു. അതു സിങ്കിൾ പായിൻറ് ആക്കണമെന്നും പറയുകയുണ്ടായി. അതുപോലെതന്നെ മോട്ടോർസ്പിരിററിന് രണ്ടുപായിൻറുകളിൽ നികുതി ഉണ്ടായിരുന്നതു ഒരു പായിൻറിൽ നികുതിയാക്കി. നമ്മുടെ രാജ്യത്തു വലിയ പെട്രോൾ ബംങ്കുകൾ ഉള്ളതുകൊണ്ടു ഇങ്ങനെ മോട്ടോർ സ്പിരിററിന്റെ കാര്യത്തിൽ സിങ്കിൾ പായിൻറാക്കിയില്ലെങ്കിൽ ഇവേഷൻ ഉണ്ടാകുമെന്നു കരുതിയാണ് ഇങ്ങനെ ചെയ്തതു്. ബഡ്ജററ് എക്സ്പ്ലനേററി മെമ്മോറാണ്ഡത്തിന്റെ 27-ാം പേജിൽ "It is also stated that due to fall in prices of almost all commodities there is a general fall of 5 to 20% in the collection" എന്നു പറയുന്നുണ്ട്. വിലക്കുറവുണ്ടാകുമ്പോൾ ആ ഇനത്തിൽ വരവു കുറയുകയില്ലേ എന്നു ചോദിക്കുകയുണ്ടായി. ഞാൻ മുകളിൽ പറഞ്ഞ കാര്യങ്ങൾകൊണ്ടു് ആ ഇനത്തിൽ പതിനഞ്ചുലക്ഷം രൂപാ കൂടുതലേ കിട്ടുകയുള്ളൂ എന്നു മനസ്സിലാക്കുവാൻ സാധിക്കും. ഇതിനുംപുറമെ ബെററർമെൻറ് ലെവിയെപ്പററിയും വാട്ടർസെസ്സിനെപ്പററിയും മാവേലിക്കരമെമ്പോറം

മററു ചിലരും ആക്ഷേപിക്കുകയുണ്ടായി. അതിന് നടിസ്ഥാനമൊന്നുമില്ല. ഗ്വബററർമെൻറ് ഉള്ള സ്ഥലത്തുമാത്രമേ വാട്ടർസെസ്സും ഈടാക്കുകയുള്ളൂ. അതു ഒരു ഭാരമല്ല. എന്നുതന്നെയല്ല ഈ പുതിയ ജലസേചന പദ്ധതികൾ അതായതു പീച്ചി, പെരിയാർ മുതലായ പദ്ധതികൾ വിജയപ്രദമായി നടപ്പിൽ വരുത്തു മെന്നു പറയുമ്പോൾ ചിലർ ചോദിക്കുകയുണ്ടായി ഇതു ആരെ നന്നാക്കാനാണെന്ന്. ഞാൻ പറയുന്നതു്, ഇതു ഈ രാജ്യത്തെ proletariat-നെ നന്നാക്കാനാണ്. മുപ്പതുകോടി രൂപ അഞ്ചുകൊല്ലമായി ചെലവാക്കിയതുമുഴുവൻ ലാൻഡഡ് ക്ലാസ്സിനെ സഹായിക്കാനാണെന്നും പറഞ്ഞു. ഒരർത്ഥത്തിൽ അതു ശരിയാണ്. കൃഷിക്ക് സൌകര്യം ചെയ്തുകൊടുത്താൽ കൃഷിഭൂമിഉള്ളവനാണ് ആ സൌകര്യം ലഭിക്കുന്നതു്. ഇങ്ങനെ രാജ്യത്തെ ഉല്പാദനം വർദ്ധിപ്പിക്കുകയും അതോടുകൂടി ഈ ജലസേചന പദ്ധതികൾക്കു വേണ്ടിയുള്ള ജോലിയിൽ ഒരു വിഭാഗം ആളുകളുടെ തൊഴിലില്ലായ്മ ഏറക്കുറെ പരിഹരിക്കുകയും ചെയ്യാവുന്നതുമാണ്.

ശ്രീ. ശങ്കരനാരായണൻതമ്പി : ഞാൻ പറഞ്ഞതു് യഥാർത്ഥ കൃഷിക്കാർക്ക് ഇതുകൊണ്ടു എന്തു ലാഭമാണ് ഉണ്ടാകുന്നതു് എന്നാണ്. ഞാൻ അപ്പോൾതന്നെ പറയുകയും ചെയ്തു ഇതിനെ വളച്ചൊടിച്ചു മറുപടി പറയുമെന്ന്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതുകൊണ്ടുമാത്രം ഞാൻ പറയുന്നതു വളച്ചൊടിച്ചതായിരിക്കണമെന്നില്ല.

ഇനി എനിക്കു പറയുവാനുള്ളതു് വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിനെപ്പററിബഹുമാനപ്പെട്ട ചേർപ്പു മെമ്പർ ശ്രീ. മുണ്ടശ്ശേരി പ്രസ്താവിച്ചതു സംബന്ധിച്ചാണ്. അദ്ദേഹം അതിനെപ്പററി നിശിതമായി വിമർശിക്കയുണ്ടായി. അദ്ദേഹം പ്രതിപക്ഷത്തു നിൽക്കുന്നതുകൊണ്ടു് അദ്ദേഹത്തിൻെറ നിരൂപണം വളരെ ശക്തിയായിപ്പോയതാണ്. കാര്യം ഈ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം ഞങ്ങൾക്കു തമ്മിലു അഭിപ്രായവ്യത്യാസമില്ല. 1949 ആഗസ്റ്റിൽ ഇവിടത്തെ പി. എസ്. എസ്. സ്കീം പരിഷ്കരിച്ച അവസരത്തിൽ വിദ്യാഭ്യാസമന്ത്രിയായ എനോടു് ഈ കാര്യത്തിൽ വളരെ സഹകരിച്ച ആളാണ് അദ്ദേഹം. അന്നു് നിശ്ചയിച്ചതാണ്; ഈ ഇരുപതു ശതമാനം മാനേജരന്മാർക്ക് ആഫീസ് കണ്ടിജൻസിക്കുവേണ്ടി കൈവശം വച്ചുകൊള്ളുവാനും എൺപതു ശതമാനം ട്രഷറിയിൽ അടയ്ക്കുവാനും ഉള്ള നിബന്ധനകൾ. അങ്ങനെ വരുമ്പോൾ 45 രൂപാ മുതൽ 150 രൂപാവരെയുള്ള ശമ്പളം അവർക്കു കൊടുക്കണമെന്നും വ്യവസ്ഥചെയ്യുകയുണ്ടായി. ഈ സ്കീം നടപ്പിൽ വരുത്തണമെന്നാണ് അദ്ദേഹം പറയുന്നതു്. അതു മാത്രമേ ചെയ്തിട്ടുള്ളൂ. ശ്രീ പട്ടം താണുപിള്ള പറയുകയുണ്ടായി ഇന്ന് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ കാര്യം വളരെ കുഴപ്പത്തിലാണെന്ന്. അവർക്ക് വളരെ കാര്യങ്ങൾ ചെയ്യുന്നതിനെപ്പററി മുൻഗവണ്മെൻറ് ആലോചിച്ചിരുന്നുവെന്നും പറയുന്നു. 1950 ആഗസ്റ്റിനുമുമ്പ് ഈ രാജ്യത്ത് പ്രത്യേകിച്ച് തിരുവിതാംകൂറിൽ പ്രൈവററ് സ്കൂളുകളിൽ ജോലിചെയ്തിരുന്ന അദ്ധ്യാപകന്മാരുടെ സ്ഥിതി എന്തായിരുന്നു എന്നു ആലോചിച്ചു നോക്കണം. സഹായധനമായി ഗവണ്മെൻറിൽനിന്നും ഒരൊററ പൈസപോലും മാനേജുമെൻറിനു ലഭിച്ചിരുന്നില്ല. ശമ്പളം കൊടുക്കണമെങ്കിൽ ആരു കൊടുക്കണം എപ്പോൾ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

കൊടുക്കണം എന്നൊന്നും നിശ്ചയമില്ലായിരുന്നു. സർവ്വീസ് കണ്ടിഷൻസ് ഉണ്ടായിരുന്നില്ല. അവരുടെ ജോലിക്കു സ്ഥിരതയുണ്ടായിരുന്നില്ല. അങ്ങനെയെല്ലാമുണ്ടായിരുന്ന ഒരു സന്ദർഭത്തിലാണ് സ്കീം ഉണ്ടായതു്. ഫീസിന്റെ 80 ശതമാനം സർക്കാരിൽ അടച്ചുകൊള്ളാമെന്നും അദ്ധ്യാപകന്മാർക്ക് 45 മുതൽ 150 വരെ ശമ്പളം കൊടുത്തുകൊള്ളാമെന്നുമാണ് വ്യവസ്ഥയുണ്ടായതു്. അങ്ങനെ അതിനുമുമ്പുണ്ടായിരുന്ന അനാഥവസ്ഥയ്ക്ക് സനാഥത്വം വരുത്തി. എട്ടും പത്തും രൂപ മാത്രമാണ് അതിനു മുമ്പ് ഗ്രാൻറായി കൊടുത്തുകൊണ്ടിരുന്നതു്. സർക്കാർസ്കൂളിലാണെങ്കിൽ 25 രൂപയും പിന്നീട് 27 രൂപയും അതിൽപിന്നീട് 35 മുതൽ 60രൂപാ വരെയും എന്നു തീരുമാനിച്ചിരുന്നു. ഇങ്ങനെയാണ് ഇതു പുരോഗമിച്ചു കൊണ്ടുവരുന്നതു്. ഇപ്പോൾ ഗ്രാൻറായിട്ടു കൊടുക്കുന്നതു് ഒരു രൂപക്ക് 12 അണയും 14 അണയുമാണ്. ശ്രീ. താണുപിള്ള പറയുന്നതു് അവർക്കു പെൻഷൻ കൊടുക്കണമെന്നാണ്. അതു കൊടുക്കരുതെന്നോ സാധിക്കുകയില്ലെന്നോ ഞാൻ പറയുന്നില്ല. ഇപ്പോഴത്തെ സ്ഥിതിയനുസരിച്ച് പണ്ടുള്ളതിൽനിന്നും വളരെ പുരോഗമനം വന്നിട്ടുണ്ട്. അല്ലെന്നു ആരു പറഞ്ഞാലും സമ്മതിക്കാൻ ഞാൻ ഒരുക്കമില്ല. കൊച്ചിയിൽ ആണെങ്കിൽ പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാർക്കു സർക്കാർസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം കൊടുക്കണമെന്നുള്ള നിർബന്ധമാണ്. അതു മാനേജരാണ് കൊടുക്കേണ്ടതു്. അതിനു സർക്കാരിൽ നിന്നും ഗ്രാൻറു കൊടുക്കുകയും ചെയ്യും. ഇങ്ങനെയുള്ള സന്ദർഭത്തിലാണ് തിരുവിതാംകൂർ പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളസ്കെയിലിനെ സംബന്ധിച്ചു പരിഷ്കാരം ഉണ്ടായതു്. രണ്ടുംകൂടി സംയോജിപ്പിച്ച് 30 രൂപ പ്രൈവറ്റ് അദ്ധ്യാപകന്മാരുടെ ശമ്പളത്തിൽ ഗ്രാൻറു കൊടുക്കണമെന്നു വച്ചു. ഇതു് ഒരു കൊല്ലത്തിന്റെ മദ്ധ്യത്തിൽ വച്ചായിരുന്നു. അതായതു് 1952 ആഗസ്റ്റിൽ. അതു മാറേണ്ടതായിരുന്നു. പക്ഷെ അപ്പോൾ സന്ദർഭം കിട്ടിയില്ല. ഇപ്പോൾ അതു മാററിനിട്ടുണ്ട്. സർക്കാർസ്കൂൾ അദ്ധ്യാപകന്മാർക്കും ഗ്രാൻറുസ്കൂൾ അദ്ധ്യാപകന്മാർക്കും ഒരേ ശമ്പളംതന്നെയാണ്. അങ്ങനെ ഈ രാജ്യത്തു് പ്രൈവറ്റ് ഏജൻസികൾ നടത്തുന്ന പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളം സംബന്ധിച്ചു ഗവണ്മെൻറ് കാര്യമായ രീതിയിൽ തന്നെ പ്രവർത്തിച്ചിട്ടുണ്ടെന്നു എനിക്കു ഉറപ്പിച്ചു പറയുവാൻ സാധിക്കും. മറെറാരു കാര്യം ഇവിടത്തെ പഞ്ചവത്സരപദ്ധതിയെ സംബന്ധിച്ചു പറഞ്ഞതാണ്. അതായതു് ഈ പദ്ധതിയനുസരിച്ചു വിദ്യാഭ്യാസ പ്രവർത്തനം കുറേക്കൂടി ശാസ്ത്രീയമായ രീതിയിൽ പുനസ്സംഘടിപ്പിച്ചു പോകുന്നതിനെ സംബന്ധിച്ചാണു പറയാനുള്ളതു്. ഓരോ ഏറിയായിലും എത്ര സ്കൂളുകൾ വേണം; ഓരോ സ്കൂളിനും എത്ര രൂപ ചെലവുവരും എന്നുള്ളതിനെ സംബന്ധിച്ചു ആലോചന നടത്തിക്കൊണ്ടിരിക്കുകയാണ്. ഒരു സ്ഥലത്തു കൂടുതൽ സ്കൂളുകൾ, വേറൊരു സ്ഥലത്തു കുറവ്, എന്നീ തരത്തിൽ വ്യത്യാസം വരാൻ പാടില്ല.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാർക്കു നേരിട്ടു ശമ്പളം കൊടുക്കുവാനുള്ള ഏർപ്പാടുകൾ ചെയ്യാമോ ?

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ : നയസംബന്ധമായ ഒരു കാര്യത്തിൽ ഞാൻ പെട്ടെന്നു ഒരു മറുപടി പറയണമെന്നു ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിക്കുന്നുവോ ? ഉണ്ടാവില്ല. ഈ കാര്യങ്ങൾ നമുക്കു രണ്ടു പേർക്കും അറിയാവുന്നതാണ്. അതുകൊണ്ടു ഞാൻ ഇതു സംബന്ധിച്ചു കൂടുതലായി എന്തെങ്കിലും പറയുന്നില്ലെന്ന് ആഗ്രഹിക്കുന്നില്ല. ഗവണ്മെൻറിന് പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകന്മാരുടെ കാര്യത്തിൽ വലിയ താൽപര്യമുണ്ട്; അതു താമസിയാതെ പ്രയോഗത്തിൽ കൊണ്ടുവരുന്നതാണ്. മറ്റൊന്ന് കാൺഗ്രസ്സ് ഈ രാജ്യത്തെ ഉദ്യോഗസ്ഥന്മാരുടെ കാര്യത്തിൽ കൂടുതൽ ജാഗ്രത കാണിക്കുന്നു എന്നു പറയുകയുണ്ടായി. ഞാൻ പറഞ്ഞതു കാൺഗ്രസ്സ് ഗവണ്മെൻറ് പല നല്ല കാര്യങ്ങളും ചെയ്തിട്ടുണ്ട്. മററു ഗവണ്മെൻറുകളും ചെയ്തിട്ടുണ്ട്. ഏതു ഗവണ്മെൻറായാലും നല്ല കാര്യങ്ങൾ ചെയ്യുവാൻ സാധിക്കും. ഇവിടത്തെ ഉദ്യോഗസ്ഥന്മാരുടെ ശമ്പള പരിഷ്കാരം സംബന്ധിച്ചു ചില അപാകതകൾ ഉള്ളതു പരിഹരിക്കാനാണ് പേ കമ്മീഷനെ നിയമിച്ചതു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : പേക്കമ്മീഷനെ നിയമിച്ചപ്പോൾ ടേംസ് ആഫ് റഫറൻസായി സയിൻറിഫിക് പ്രിൻസിപ്പിൾസ് വല്ലതും നിർദ്ദേശിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പറയാം. കാൺഗ്രസ്സ് പാർട്ടി കഴിഞ്ഞ തവണ ഏലക്ഷനു മത്സരിക്കുന്നതിനു മുമ്പ് പ്രസിദ്ധപ്പെടുത്തിയ തെരഞ്ഞെടുപ്പു വിജ്ഞാപനത്തിൽ നമ്മുടെ രാജ്യത്തെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളപരിഷ്കാരത്തെപ്പററി പറഞ്ഞിട്ടുണ്ട്. അതിൽ പറഞ്ഞിട്ടുള്ളതു് കാൺഗ്രസ്സ് പാർട്ടി അധികാരത്തിൽ വരികയാണെങ്കിൽ പോലീസിഷൻെറ കാര്യത്തിന് ഒരു പേകമ്മീഷനെ വയ്ക്കുമെന്നാണ്. അതാണ് നല്ല മാർഗ്ഗം. ഇവിടെ മുഴുവൻ കാര്യങ്ങളും ചെയ്തതു് സെക്രട്ടറിയേറ്റിനുള്ളിൽ മിനിസ്റ്റന്മാർ കൂടിയിരുന്നാലോചിച്ചിട്ടാണ്. അങ്ങനെ ചെയ്യുമ്പോൾ ചില കാര്യങ്ങൾ വിട്ടുപോയി എന്നു വരും. അങ്ങിനെ പലതും വിട്ടുപോയിട്ടുണ്ട്. അങ്ങനെ വിട്ടുപോയിട്ടുള്ളവരുടെ അവലാതികൾ വരുന്നുമുണ്ട്. വെയിറേജു കൊടുക്കേണ്ടതു ഏതു വിധത്തി വേണമെന്ന് ഇതുവരെ നിർണ്ണയിച്ചിട്ടില്ല. ആഫീസിൽ ഉള്ളവക്ക് ഇന്നതെല്ലാം ഗുണം കിട്ടി, ഞങ്ങൾക്ക് അതു കിട്ടിയിട്ടില്ല എന്നൊക്കെ പറഞ്ഞു് പല ആക്ഷേപങ്ങളും വരുന്നുണ്ട്. അങ്ങനെ നോക്കുമ്പോൾ ഓരോന്നായി ആർഡറിടുവാൻ ശ്രമിക്കുകയാണെങ്കിൽ അബദ്ധത്തിൽനിന്നു അബദ്ധത്തിലേക്കും, അനോമലിയിൽനിന്നു അനോമലിയിലേക്കും, വിഷമത്തിൽ നിന്നു വിഷമത്തിലേക്കും കാൽവയ്ക്കുകയാണു് ചെയ്യുക. അതുകൊണ്ടു് രണ്ടുമൂന്നു മാസംകൊണ്ടു് ഇതിലുള്ള പോരായ്മകളൊക്കെ തീർക്കാമെന്നു വിചാരിച്ചാണ് പേക്കമ്മീഷനെ ഇപ്പോൾ വച്ചതു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ബഡ്ജററു സ്പീച്ചിൽ സയിൻറിഫിക് പ്രിൻസിപ്പിളിൻെറ അടിസ്ഥാനത്തിൽ ചെയ്യാനാണ് പേക്കമ്മീഷനെ വച്ചിട്ടുള്ളതെന്ന് സൂചിപ്പിച്ചിട്ടുണ്ട്. അതിന് ഈ കമ്മററി അംഗങ്ങൾ വൈദഗ്ദ്ധ്യമുള്ളവരാണോ ?

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ കാര്യത്തിന് ആക്കാണു പ്രത്യേക വൈദഗ്ദ്ധ്യമുള്ളതു് ? ശമ്പളം നിശ്ചയിക്കുന്നതിന് വൈദഗ്ദ്ധ്യമുള്ളവരെ എവിടെയാണു കിട്ടുന്നതു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : സയിൻറിഫിക് പ്രിൻസിപ്പളനുസരിച്ച് കപ്പാണ്ടം ആഫ് വർക്ക് നിശ്ചയിക്കാനുള്ള വൈദഗ്ദ്ധ്യം ഈ കമ്മീഷനുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടു്. അങ്ങനെ ഒരു കമ്മീഷനെ നിയമിച്ചിരിക്കയാണു്. അവരുടെ അടുക്കൽ ഓരോ ഡിപ്പാർട്ടുമെൻറു തലവന്മാർക്കും അംഗീകരിക്കപ്പെട്ട സംഘടനകൾക്കും പറയാനുള്ളതെല്ലാം പറയുകയും എഴുതി കൊടുക്കുകയും ചെയ്യാമെന്നു് നിശ്ചയിച്ചിട്ടുണ്ടു്. കൂടുതലൊന്നും ഈ അവസരത്തിൽ പറയണമെന്നും വിചാരിക്കുന്നില്ല.

സഭയുടെ പലഭാഗത്തുനിന്നും ആക്ഷേപങ്ങളും വിമർശനങ്ങളും ഉണ്ടായിട്ടുണ്ടു്. ചില കാര്യങ്ങൾക്കെല്ലാം മറുപടി പറയാതെ വിട്ടുപോയിട്ടുണ്ടെങ്കിൽ ഇനി ഒരു സന്ദർഭത്തിൽ പറയാൻ സാധിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. നാനാഭാഗത്തുനിന്നും ബഹുമാനപ്പെട്ട അംഗങ്ങൾ നൽകിയിട്ടുള്ള സഹായകരമായ എല്ലാ പ്രസ്താവനകൾക്കും നന്ദി പറഞ്ഞുകൊണ്ടു് ഞാൻ വിരമിക്കുന്നു.

The Assembly adjourned at 1 p. m. to meet again at 8 a. m. on Monday the 28th March 1955.

APPENDIX I.

[Please see Answer to Question No. ✻ 119 (15]).

List of Centres completed in 1954-55.

1. Azhakiapandipuram
2. Azhakiamandapom.
3. Andoor
4. Anjali
5. Charel
6 Darsanamcope
7. Erachakulam Cherry
8. Edava
9. Keezhaperuvila
10. Kovalam
11. Karampathoor
12. Kulasekarapuram
13. Kakkurichy
14. Kesavapuram
15. Kolvel
16 Kadikara
17. Kaniapuram
18. Kaiyam
19. Kottayadi
20. Karumpathoor
21. Lekshmipuram
22. Mylady
23. Mylode
24. Mulakumoodu
25. Mananakku
26. Muthalakurichy
27. Melkara
28. Osaravila
29. Parvathipuram
30. Paramarthalingapuram
31. Parakode
32. Pangappara
33. Poonthura
34. Pulla
35. Swamythope
36. Srayanvila
37. Thamarakulam Kuduyuruppe
38. Thamarakulam Salt Pans
39. Udayarvilla
40. Vellamadom
41. Venganoor
42. Vendalikode
43. Angadikkal
44. Balamarthandapuram
45. Chathankari
46. Chandanapalli
47. Chitiayam
48. Elavanthitta
49. Konni
50. Koipuram
51. Karakkal
52. Mulluvila
53. Mankkad
54. Naduvattussery
55. Panayam
56. Pullikanku
57. Palathara
58. Pattathanam
59. Perumen
60. Sambavar Vadakara
61. Thattakad
62. Vengal
63. Kuruppanthura
64. Kollad
65. Manjoor
66. Pizhaku
67. Peroor
68. Athicode
69. Karuvappara
70. Kuruchikkara
71. Kuttymukku
72. Kumaranalloor
73. Palanikad Angadi
74. Paralam
75. Ammadom
76. Thuruthipuram
77. Vazhani
78. Varadium
79. Mulakulam
80. Nellikuzhi
81. Vilabhagom
82. Vettoor
83. Puliyoor
84. Cheriyazhikal
85. Alumkadavu
86. Karakulam
87. Nadavarambu
88. Vellangalloor
89. Mullurkara
90. Kadiapattanam
91. Muttom
92. Muthiavila

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

Second Session—1955

Saturday, the 28th March 1955.

Vol. XIII] OFFICIAL REPORT [No. 7.

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Saturday, the 28th March, 1955 with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

ശ്രീ. എൻ. ജി. ചാക്കോ : സർ, പ്രാദേശികാവശ്യങ്ങളെ അടിസ്ഥാനമാക്കി ധാരാളം അൺസ്റ്റാർഡ്ഡ് ക്വസ്റ്റ്യൻസ് അയച്ചിരുന്നു. അതൊന്നുംതന്നെ ഈ ലിസ്റ്റിൽ കാണുന്നില്ല. അതിനു കാരണമെന്താണെന്ന് അറിഞ്ഞതാൽക്കൊള്ളാം.

Mr. Speaker : I will tell you later.

ഗ്രന്ഥശാലാസംഘത്തിനു വിട്ടുകൊടുത്തിരിക്കുന്ന സ്ഥലം.

* 129. [1] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ–കൊച്ചി ഗ്രന്ഥശാലാ സംഘത്തിന്റെ ഉപയോഗത്തിനുവേണ്ടി ഇപ്പോൾ വിട്ടുകൊടുത്തിരിക്കുന്ന സ്ഥലം സംഘത്തിന്റെ ആവശ്യത്തിനു തീരെ പോരാത്തതാണെന്നു കാണിച്ച് വല്ല പരാതിയും കിട്ടിയിട്ടുണ്ടോ;

(ബി) ഈ രാജ്യത്തെ ഗ്രന്ഥശാലാ പ്രവർത്തനത്തിനു മുഴുവൻ നേതൃത്വം കൊടുക്കുന്ന കേന്ദ്രസ്ഥാപനമായ സംഘത്തിന്റെ ആവശ്യത്തിലേയ്ക്ക് കൂടുതൽ സൗകര്യപ്രദമായ ഒരു കെട്ടിടം നൽകുവാൻ ഗവണ്മെന്റ് തയ്യാറാകുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) തിരുവിതാംകൂർ-കൊച്ചി ഗ്രന്ഥശാലാ സംഘത്തിന്റെ ഉപയോഗത്തിനുവേണ്ടി ഇപ്പോൾ വിട്ടുകൊടുത്തിരിക്കുന്ന സ്ഥലം സംഘത്തിന്റെ ആവശ്യത്തിനു തീരെ പോരാത്തതാണെന്നു കാണിച്ചു് പരാതി ലഭിച്ചിട്ടുണ്ടു്.

(ബി) ഇതിനെപ്പററി പര്യാലോചിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. കെ. കൃഷ്ണപിള്ള : പരാതികിട്ടിയതു് എന്നാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഏഴു്, എട്ടു് മാസത്തിനു മുൻപാണു്.

ശ്രീ. കെ. കൃഷ്ണപിള്ള : ഇതിനകം എന്തു നടപടികളാണു് എടുത്തിട്ടുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇതിനകം നടപടികൾ എടുത്തിട്ടുള്ളതായി കാണുന്നില്ല. ഇതിലേയ്ക്കു് വേറെ സ്ഥലം എടുക്കാൻ സാധിക്കുമോ എന്നു നോക്കാൻ ചീഫ് ഇൻജിനീയരോടു് ആവശ്യപ്പെട്ടിട്ടുണ്ടു്.

ശ്രീ. എൻ. ജി. ചാക്കോ : ഇതു തീരുമാനിക്കാൻ എത്ര കാലതാമസം വരും?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കഴിയുന്നതും വേഗം തീരുമാനം ഉണ്ടാക്കാനാണു് ആലോചിക്കുന്നതു്.

പത്രപ്രതിനിധികൾ.

* 130. [2] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തു് ഗവണ്മെൻറംഗീകാരം സിദ്ധിച്ച എത്ര പത്രപ്രതിനിധികൾ ഉണ്ടു്;

(ബി) ഏതു വ്യവസ്ഥയിലാണു് അവർക്കു് അംഗീകാരം കൊടുത്തിട്ടുള്ളതു്;

(സി) ഈ കാര്യത്തിൽ പ്രസ്സ് അഡ്വൈസററി ബോർഡിന്റെ നിർദ്ദേശം സ്വീകരിക്കാറുണ്ടോ;

(ഡി) പത്രപ്രതിനിധികൾക്കു് എന്തെല്ലാം സൗകര്യങ്ങൾ അനുവദിച്ചുകൊടുത്തിട്ടുണ്ടു്;

(ഇ) വിശേഷാൽ സംഭവങ്ങൾ റിപ്പോർട്ടുചെയ്യുന്നതിനു് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) തിരുവനന്തപുരത്തു് ഗവണ്മെൻറംഗീകാരം സിദ്ധിച്ച 39 പത്രപ്രതിനിധികൾ ഉണ്ടു്.

(ബി) ഈ പ്രതിനിധികൾക്കു് അംഗീകാരം നൽകുന്നതു സംബന്ധിച്ചു് പ്രസ്സ് അഡ്വൈസറി ബോർഡു് അംഗീകരിച്ചിട്ടുള്ള നിശ്ചിത

മായ വ്യവസ്ഥകൾ നിലവിലുണ്ട്. ഇതനുസരിച്ച് അംഗീകാരം ലഭിക്കേണ്ട പത്രപ്രതിനിധി തലസ്ഥാനത്തു് താമസക്കാരനായിരിക്കുകയും, അഞ്ചു വർഷത്തിൽ കുറയാതെ പത്രപ്രവർത്തനത്തിൽ പരിചയമുണ്ടായിരിക്കുകയും, ഈ പ്രവർത്തനത്തിൽ മുഴുവൻ സമയവും ഏർപ്പെട്ടിരിക്കുകയും വേണം. അംഗീകാരത്തിനുള്ള അപേക്ഷ പത്രാധിപരാണ് പബ്ലിക്കു് റിലേഷൻസ് ഡയറക്ടറക്ക് അയക്കേണ്ടതു്.

(സി) ഈ കാര്യത്തിൽ പ്രസ്സ് അഡ്വൈസറി ബോർഡിന്റെ നിർദ്ദേശം സ്വീകരിക്കാറുണ്ട്.

(ഡി) പ്രതിനിധികൾക്ക് അനുവദിച്ചുകൊടുത്തിട്ടുള്ള സൗകര്യങ്ങൾ താഴെ പറയുന്നു—

1. എല്ലാ പ്രസ്സുനോട്ടുകളുടേയും പ്രസ്സ് റിലീസുകളുടേയും പ്രതികൾ ഓരോ പത്രപ്രതിനിധിക്കും പബ്ലിക്ക് റിലേഷൻസ് വകുപ്പിൽ നിന്നും അപ്പോഴപ്പോൾ നൽകുന്നുണ്ട്.

2. സെക്രട്ടറിയേറ്റിലെ പ്രസ്സ്റൂമിൽ ഇരുന്ന് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ടെലിഫോൺ ഉൾപ്പെടെ വേണ്ട എല്ലാ സൗകര്യങ്ങളും നൽകുന്നുണ്ട്.

3. ഗവണ്മെൻറാഫീസുകളിൽ പ്രവേശിച്ച് വാർത്തകൾ ശേഖരിക്കുന്നതിന് പത്രപ്രതിനിധികൾക്ക് പരമാവധി സൌകര്യം നൽകുന്നുണ്ട്.

4. സ്റ്റേറ്റ് ട്രാൻസ്പോർട്ട് ബസ്സുകളിൽ സ്ഥാനമെടുത്തുകൊണ്ട് സൌജന്യമായി യാത്രചെയ്യുവാൻ പാസ്സുകൾ നൽകിയിട്ടുണ്ട്.

5. ഗവണ്മെൻറിന്റെ എല്ലാ പ്രസിദ്ധീകരണങ്ങളും സൌജന്യമായി നൽകിവരുന്നു.

(ഈ) വിശേഷാൽ സംഭവങ്ങൾ റിപ്പോർട്ടുചെയ്യുന്നതിനായി അതതു സ്ഥലങ്ങളിൽ പോകുന്നതിനു പ്രത്യേകം വാഹനസൗകര്യം സൌജന്യമായി ഏർപ്പാടുചെയ്തുകൊടുക്കുന്നുണ്ട്. മററു സൌകര്യങ്ങൾ ഏർപ്പാടുചെയ്യുന്നതിനായി പബ്ലിക്ക് റിലേഷൻസ് വകുപ്പിൽ നിന്നും കർത്തവ്യോദ്യോഗസ്ഥനേയും നിയോഗിക്കാറുണ്ട്.

ശ്രീ. പി. ഗോപാലൻ : അവക്ക് അസംബ്ലി പ്രൊസീഡിംഗ്സ് നൽകാനും, ലജിസ്ലേറ്റീവ് ലൈബ്രറി ഉപയോഗിക്കാനുംകൂടി ഏർപ്പാടു ചെയ്യുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പററി ഇതുവരെ ആലോചിച്ചിട്ടില്ല.

ശ്രീ. പി. ആർ. മാധവൻപിള്ള : ഇവിടെ അച്ചടിച്ച് ഞങ്ങൾക്കു തരുന്ന ചോദ്യങ്ങൾകൂടി തലേദിവസം തന്നെ പത്രപ്രതിനിധികൾക്കു ലഭിക്കുന്നതിനുള്ള ഏർപ്പാടു ചെയ്യാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് ഗവണ്മെൻറു ചെയ്യാനുള്ള കാര്യമല്ല, ലജിസ്ലേച്ചർ സെക്രട്ടറിയേറ്റുവേണം അതു തീരുമാനിക്കാനുള്ളതു്. ഇക്കാര്യം സ്പീക്കറുംകൂടി കേട്ടിട്ടുണ്ടല്ലോ.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : തിരുവിതാംകൂർ—കൊച്ചി കൂട്ടാകെ പത്രപ്രതിനിധികൾക്ക് യാത്രചെയ്യുന്നതിനുള്ള പാസ്സുകൾ നൽകിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടെന്നാണ് പറഞ്ഞതു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഒരു പത്രത്തിന്റെ എത്ര പ്രതിനിധികൾക്ക് പാസ്സു കൊടുത്തിട്ടുണ്ടു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഒരു പത്രത്തിന് ഒന്നിലധികം അംഗീകാരമുള്ള പ്രതിനിധികളുണ്ടെങ്കിൽ അവർക്കു കൊടുക്കാം. അംഗീകാരമുള്ള പത്രപ്രതിനിധികൾക്കാണു പാസ്സു്. അല്ലാതെ പത്രത്തിനല്ല.

മലയാളദിനപ്പത്രങ്ങൾ.

* 131. [3] ശ്രീ. പി. ഗോപാലൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു എത്ര മലയാളദിനപ്പത്രങ്ങളും തമിഴ് ദിനപ്പത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളുമുണ്ടു്;

(ബി) പത്രങ്ങളിൽ കാണുന്ന ശ്രദ്ധിക്കേണ്ട പ്രതിദിന റിപ്പോർട്ടുകൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ള നടപടി എന്താണു്;

(സി) ഏതെല്ലാം മാസികകളുടെ മേൽ ഇൻഡ്യൻ പീനൽകോഡു് അനുസരിച്ചു് നടപടി എടുത്തിട്ടുണ്ടു്;

(ഡി) പ്രസ്സ് അഡ്വൈസറി ബോർഡിന്റെ നിർദ്ദേശങ്ങൾ ഈ വക കാര്യങ്ങളിൽ സ്വീകരിക്കാറുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് 19 മലയാള ദിനപ്പത്രങ്ങളും, 2 തമിഴ് ദിനപ്പത്രങ്ങളും ഉണ്ടു്. മററു ആനുകാലികപ്രസിദ്ധീകരണങ്ങൾ 200 ഉണ്ടെന്നാണു് കാണുന്നതു്.

(ബി) ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ട പത്രറിപ്പോർട്ടുകൾ മന്ത്രിമാർക്കും ഗവണ്മെൻറ് സെക്രട്ടറിമാർക്കും, വകുപ്പദ്ധ്യക്ഷന്മാർക്കും പബ്ലിക് റിലേഷൻസ് വകുപ്പിൽനിന്നും അതാതു ദിവസങ്ങളിൽതന്നെ അയച്ചുകൊടുക്കുന്നുണ്ടു്.

(സി) ഇൻഡ്യൻ പീനൽകോഡനുസരിച്ചു് തനിനിറം, രാസരസം, രതിരസം, ഗസ്റ്റപ്പോ, രതി, തിരശ്ശീല, കേരളാമെയിൽ, കാമനി, മധുവിധു എന്നീ പ്രസിദ്ധീകരണങ്ങളുടെ പേരിൽ നടപടി എടുത്തിട്ടുണ്ടു്.

(ഡി) പ്രസ്സ് അഡ്വൈസറി ബോർഡിന്റെ നിർദ്ദേശങ്ങൾ ഈ കാര്യങ്ങളിൽ സ്വീകരിക്കാറുണ്ടു്.

ശ്രീ. കെ. സി. ജാർജ്ജ് : ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ട പത്രറിപ്പോർട്ടുകൾ എന്നു പറയുന്നതിനു് ഡെഫനിഷൻ എന്തെങ്കിലും ഉണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനു ഡഫനിഷൻ കന്നുമില്ല. ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ട ആവശ്യമുണ്ടെന്നു കാണുകയാണെങ്കിൽ, അതിലേയ്ക്കു ചുമതലപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ അതു് ഗവണ്മെൻറിന്റെ നോട്ടീസിൽ കൊണ്ടുവരും എന്നേയുള്ളു.

ശ്രീ. കെ. സി. ജോർജ്ജ് : ആ ഉദ്യോഗസ്ഥന് ഇതു സംബന്ധിച്ചു എന്തെങ്കിലും പ്രത്യേകം നിർദ്ദേശം ഉണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ നിർദ്ദേശം ഒന്നും ഇല്ല.

ശ്രീ. കെ. സി. ജോർജ്ജ് : ഈ സഭയിൽതന്നെ, ചില പത്രവാർത്തകളെ റിയും മററും, ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ എന്ന ചോദ്യങ്ങൾ ചോദിക്കാറുണ്ട്. അങ്ങനെയുള്ള വാർത്തകൾക്കു മന്ത്രിമാരുടെ ശ്രദ്ധയിൽ പെടുത്തുവാൻ വേണ്ട നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കൊടുക്കാം.

ശ്രീ. പ്രാക്കുളം ഭാസി : മുഖ്യമന്ത്രി ഏതെങ്കിലും ദിനപത്രങ്ങൾ വായിക്കാറുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ചില പത്രങ്ങൾ വായിക്കാറുണ്ട്.

സോവിയററു സാംസ്കാരികസംഘം.

*. 132. [4] ശ്രീ. സി. ജി. സദാശിവൻ : താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

തിരുവിതാംകൂർ—കൊച്ചി സന്ദർശിച്ച സോവിയററു സാംസ്കാരിക സംഘം ഏതെല്ലാം സ്ഥലങ്ങൾ സന്ദർശിച്ചു; ഏതെല്ലാം സംഘടനകൾ സ്വീകരണം നൽകി?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

തിരുവിതാംകൂർ-കൊച്ചി സന്ദർശിച്ച സോവിയററു സാംസ്കാരിക സംഘം എറണാകുളം, തൃശ്ശൂർ, ചെറുതുരുത്തി, തിരുവനന്തപുരം, കന്യാകുമാരി എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു. ചെറുതുരുത്തിയിലുള്ള കലാമണ്ഡലം അവർക്ക് ഒരു സ്വീകരണം നൽകുകയുണ്ടായി.

ശ്രീ. എം. വി. ചെറിയാൻ : അതിനുവേണ്ടി എന്തെല്ലാം പ്രാരംഭനടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പബ്ലിക്ക് റിലേഷൻസ് ഡയറക്ടർ, എഡ്യുക്കേഷൻ ഡയറക്ടർ എന്നിവർ അവർക്കുവേണ്ട എല്ലാ സൌകര്യങ്ങളും ചെയ്തു കൊടുക്കുകയുണ്ടായി.

ശ്രീ. എം. വി. ചെറിയാൻ : നമ്മുടെ രാജ്യത്തെ പ്രധാന സ്ഥലങ്ങൾ കാണിച്ചുകൊടുക്കുക, സാംസ്കാരികകേന്ദ്രങ്ങൾ കാണിച്ചുകൊടുക്കുക മുതലായ കാര്യങ്ങൾക്കു ഗൈഡുകൊടുത്തിട്ടുണ്ടോ എന്നാണു ചോദിച്ചതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പബ്ലിക്ക് റിലേഷൻസ് ഡയറക്ടറും, എഡ്യുക്കേഷൻ ഡയറക്ടറും കൂടെ ഉണ്ടായിരുന്നു. കൂടാതെ എന്നെയും, മററു മന്ത്രിമാരെയും അവർ സന്ദർശിക്കുകയുണ്ടായി. ഈ രാജ്യത്തെ സാംസ്കാരിക പ്രവർത്തനങ്ങളെപ്പററി അവർ അന്വേഷണം നടത്തുകയും, അതിന് ഏതനിക്കറിയാവുന്ന വിധത്തിലുള്ള വിവരങ്ങൾ

നൽകുകയും ചെയ്തു. റഷ്യയിലുള്ള പല കാര്യങ്ങളെപ്പററിയും അവരോടു ചോദിച്ചു അതിന് അവർ മറുപടി പറഞ്ഞു. പൊതുവെ ഈ രാജ്യത്തെപ്പററി അവക്ക് വലിയ മതിപ്പുണ്ടായിട്ടുണ്ടെന്നാണു മനസ്സിലാക്കുന്നതു്.

ശ്രീ. ടി. എ. മജീദ്: പൊതുജനങ്ങളുമായി സമ്പർക്കം പുലർത്തുന്നതിന് അവക്ക് എന്തെങ്കിലും സഹകര്യം ചെയ്തുകൊടുത്തിട്ടുണ്ടായിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പൊതുജനങ്ങളുമായി സമ്പർക്കം പുലർത്തുക എന്നുള്ളതു് അവരെ സംബന്ധിച്ചു കാര്യമാണു്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: റഷ്യൻ സാംസ്കാരികസംഘത്തിന്റെ പര്യടനം ഒരുണ്ട്, നമ്മുടെ രാജ്യത്തെപ്പററി റഷ്യയിൽ മതിപ്പു വർദ്ധിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടായിരിക്കാം.

മുനിസിപ്പൽ കമ്മീഷണറന്മാർ.

* 133. [5] ശ്രീ. ആർ. പ്രകാശം: താഴെ പറയുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടിനൽകുമോ:

സംസ്ഥാനത്തെ മുനിസിപ്പൽ കമ്മീഷണറന്മാരുടെ ഗ്രേഡേഷൻ സംബന്ധിച്ചുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

സംസ്ഥാനത്തെ മുനിസിപ്പൽ കമ്മീഷണറന്മാരുടെ ഗ്രേഡേഷൻ സംബന്ധിച്ചുള്ള നടപടികൾ പൂർത്തിയായിട്ടില്ല.

തോട്ടം തൊഴിലാളികൾ.

* 134. [6] ശ്രീ. ആർ. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തെ പല തോട്ടങ്ങളിൽ നിന്നും ദീർഘകാലത്തെ സർവ്വീസുള്ള പല തൊഴിലാളികളേയും മാനേജ്മെൻറ് പിരിച്ചുവിട്ടുവരുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി നടത്തിയിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ചില തോട്ടങ്ങളിൽ തൊഴിലാളികളെ പിരിച്ചുവിട്ടതായി പരാതികൾ ലഭിച്ചിട്ടുണ്ട്. അവരുടെ കൂട്ടത്തിൽ ദീർഘകാലസർവ്വീസുള്ളവരുമുണ്ട്.

(ബി) പരാതികളിന്മേൽ ആവശ്യവും നിയമാനുസൃതവും ആയ എല്ലാ നടപടികളും എടുത്തിട്ടുണ്ട്.

ശ്രീ. ആർ. സുഗതൻ: എ. സി. എം. അന്ത്രപ്പേരുടെവക സ്കിന്നർപുരം (Skinner purom) എസ്റ്ററിൽനിന്നും 130–ഓളം തൊഴിലാളികളെ പിരിച്ചുവിട്ടതായി പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്. അതു അഡ്ജുഡിക്കേഷനു വിട്ടിരിക്കുകയാണ്.

ശ്രീ. പ്രാക്കുളം ഭാസി: ടെമ്പററിവർക്കേഴ്സിനെ പരിഗണിച്ചു മാസംതോറും കൂലികൊടുത്തിട്ട് പാവപ്പെട്ട തൊഴിലാളികളെ ചില തോട്ടം ഉടമകൾ പിരിച്ചുവിടുന്നതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഒരുപക്ഷേ പിരിച്ചുവിട്ടിട്ടുണ്ടായിരിക്കാം.

ശ്രീ. പ്രാക്കുളം ഭാസി: പെർമനൻറാക്കിയോ, പ്രസവകാലവേതനം, തുടങ്ങി പല അവകാശാനുകൂല്യങ്ങൾ ചെയ്യേണ്ടിവരുമെന്നു വിചാരിച്ചാണോ ഇങ്ങനെ ടെമ്പററിയായി പരിഗണിക്കുന്നതെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഗവണ്മെൻറിൻെറ നിയമം അനുസരിച്ചും, നയമനുസരിച്ചും തൊഴിലാളികൾക്ക്, ദീർഘകാലതൊഴിലാളികളാണെങ്കിൽ കിട്ടാനിടയുള്ള ആനുകൂല്യങ്ങൾ കിട്ടാതിരിക്കുവാൻ വേണ്ടി ആയിരിക്കാം.

ശ്രീ. പ്രാക്കുളം ഭാസി : ടെമ്പററി വർക്കേഴ്സിനെ പിരിച്ചുവിടുന്നതിനെപ്പററി ലേബർ ഡിപ്പാർട്ടുമെൻറ് പ്രത്യേകം ശ്രദ്ധിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ലേബർ ഡിപ്പാർട്ടുമെൻറ് മാത്രമല്ല, ഗവണ്മെൻറും ഈ കാര്യത്തിൽ ശ്രദ്ധിക്കുന്നുണ്ട്.

പ്ലാന്റേഷൻ ലേബർ ആക്ററ് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നുണ്ട്. അതിനൊരു നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചുകഴിഞ്ഞു. എല്ലാ എസ്റ്റേറ്റുകളിലും, പ്ലാന്റേഷനുകളിലും ഉള്ള മുതലാളിമാരും തൊഴിലാളികളും തമ്മിലുള്ള എല്ലാ തർക്കങ്ങളും എൻക്വയറി നടത്തുന്നതിന് ഒരു സ്പെഷ്യൽ ട്രിബ്യൂണലിനെ നിയമിക്കാൻ ആർഡർചെയ്തിട്ടുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി : ഈ ആക്ററ് കേന്ദ്രഗവണ്മെൻറ് അംഗീകരിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ കാര്യത്തിൽ, കേന്ദ്രഗവണ്മെൻറിൻെറ അംഗീകാരത്തിനു അയച്ചുകൊടുക്കാതെ, ഇവിടത്തെ ലേബർഡിപ്പാർട്ടുമെൻറിൻെറയും, ലേബർ മിനിസ്റ്ററുടെയും യുക്തം അനുസരിച്ചു പ്രസിദ്ധപ്പെടുത്തിക്കൊള്ളാൻ, ഡപ്യൂട്ടി ലേബർ മിനിസ്റ്ററിൽ നിന്നും എനിക്കു ഒരു ഡി. ഒ. കിട്ടിയിട്ടുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി : എന്നത്തേയ്ക്കു നടപ്പിൽ വരും?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഗസററിൽ പ്രസിദ്ധപ്പെടുത്തുന്നതിനു വരുന്നതിന്, ഗസററിൽ പ്രസിദ്ധപ്പെടുത്തിയതിനുമേൽ ഇത്ര ദിവസം കഴിയണം എന്നു നിയമമുണ്ട്.

ശ്രീ. കെ. കരുണാകരൻ : അഡ്ജുഡിക്കേഷന് വിട്ടിരിക്കുമ്പോൾ തോട്ടം ഉടമ തൊഴിലാളികളെ പിരിച്ചുവിട്ടിട്ട് പുതുതായി തൊഴിലാളികളെ എടുത്തതായി പരാതി കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്.

ശ്രീ. കെ. കരുണാകരൻ : അതിനെസംബന്ധിച്ചു എന്തു നടപടി നടത്തി?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പററി ലേബർ ഡിപ്പാർട്ടുമെൻറു അന്വേഷിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. പി. ആർ. മാധവൻ പിള്ള : ഏതെല്ലാം പ്രശ്നങ്ങളാണു അഡ്ജുഡിക്കേഷനു വിട്ടിട്ടുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നോട്ടീസു വേ ..

ശ്രീ. എൻ. ചന്ദ്രശേഖരൻനായർ : ഒരു എസ്റ്റേററിൽ ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾതന്നെ തൊഴിലാളികളെ പിരിച്ചുവിടുന്ന നടപടി ശരിയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ശരിയല്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : തൊഴിലാളികൾ തോട്ടം ഉടമസ്ഥന്മാരെ കൊല്ലാൻ ശ്രമിക്കുന്നതെന്നറിയാമോ?

മി. സ്പീക്കർ : ചോദ്യം അനുവദിക്കുന്നില്ല.

ശ്രീ. എം. വി. ചെറിയാൻ : ദീർഘകാലം സേവനം നടത്തുന്ന തൊഴിലാളികളെ, അന്യരല്ല, രാജ്യത്തെ ഏതെങ്കിലും തോട്ടം ഉടമകൾ പിരിച്ചുവിട്ടാലും അതിന്മേൽ കർശനമായ നടപടി എടുക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഗവണ്മെൻറു അതിനു തയ്യാറാണു്, അതനുസരിച്ചു നടപടി എടുത്തിട്ടുണ്ടു്.

ശ്രീ. സി. എ. മാത്യു : ആറുമാസം ടെമ്പററിയായി ജോലിനോക്കുന്നവരെ പെർമനൻറാക്കണമെന്നു നിയമമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിൻെറ വ്യവസ്ഥകൾ ഓർമ്മയില്ല.

ശ്രീ. പി. ആർ. മാധവൻ പിള്ള : ഒത്തുതീർപ്പു വ്യവസ്ഥ ലംഘിച്ചതായി പരാതിപ്പെട്ടിട്ടുണ്ടെങ്കിൽ, തോട്ടം ഉടമസ്ഥൻെറ പേരിൽ നടപടിയെടുക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പററി സംശയം ഉണ്ടാകേണ്ട കാര്യമില്ല. ലേബർ നിയമങ്ങളെസംബന്ധിച്ചിടത്തോളം ഗവണ്മെൻറു സംശയരഹിതമായ നടപടി എടുക്കുന്നതാണു്.

ശ്രീ. പി. ആർ. മാധവൻപിള്ള : ഇതിനെപ്പററി ബഹുമാനപ്പെട്ട മന്ത്രിക്കു കഴിഞ്ഞമാസത്തിൽ ഒരു കത്തു എഴുതിയിട്ടുള്ളതു ഓർമ്മയുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടു്. അതു്, ലേബർഡിപ്പാർട്ടുമെൻറിലേയ്ക്കു അയച്ചിട്ടുണ്ടു്.

ശ്രീ. എം. പി. മേനോൻ : പിരിച്ചുവിടൽ നിയമവിരുദ്ധമാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നിയമവിരുദ്ധമല്ല.

ശ്രീ. എം. പി. മേനോൻ : പിരിച്ചുവിടൽ നിയമവിരുദ്ധമായി നിയമനിർമ്മാണം നടത്തുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നിയമനിർമ്മാണം സാദ്ധ്യമാണോ എന്നു സംശയമുണ്ട്.

ശ്രീ. എം. പി. മേനോൻ : പിരിച്ചുവിടൽ നിയമവിരുദ്ധമാക്കണമെന്നു കോൺഗ്രസ്സ് പാർട്ടിയുടെ മാനിഫസ്റ്റോയിൽ ആവശ്യപ്പെട്ടിട്ടില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആവശ്യപ്പെട്ടിട്ടുണ്ടായിരിക്കും.

ശ്രീ. സ. കൊച്ചുകുഞ്ഞു : സ്കിന്നർപുരം നോട്ടം ഉടമയുടെപേരിൽ ഇതിനകം എത്ര പരാതികൾ കിട്ടിയിട്ടുണ്ട്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നോട്ടീസുകൂടാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. പ്രാക്കുളം ഭാസി : പ്ലാന്റേഷൻ ആക്റ്റ് നടപ്പിൽവരുമ്പോൾ ആവിലേക്കുമാത്രം ഒരു ലേബർ ആഫീസറെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആവശ്യമുണ്ടെന്നു കാണുന്ന പക്ഷം ആലോചിക്കാം.

കുടിയിറക്കും വസ്തു ഒഴിപ്പിക്കലും.

* 135. [7] ശ്രീ. കെ. സി. ജാർജ്ജ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കുടിയിറക്കലും വസ്തുഒഴിപ്പിക്കലും ഇന്ന് സർവ്വസാധാരണമായി നടക്കുന്നുണ്ടെന്ന് ഗവണ്മെൻറിനറിയാമോ;

(ബി) അതിനെ തടയുന്നതിന് വല്ല നടപടിയും സ്വീകരിക്കാൻ ഗവണ്മെൻറിന് ഉദ്ദേശമുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്ത്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) സർവ്വസാധാരണമായി കുടിയിറക്കു നടക്കുന്നില്ല. കുടിയിറക്കുകളെപ്പററി പരാതിപ്പെട്ട് ചില അപേക്ഷകൾ കിട്ടിയിട്ടുണ്ട്.

(ബി—സി) രണ്ടു ബില്ലുകൾ അസംബ്ലിയിൽ അവതരിപ്പിച്ചിട്ടുണ്ട്. അതിൽ, കുടികിടപ്പു നിരോധനബിൽ ചർച്ചചെയ്തുകൊണ്ടിരിക്കുകയാണ്. ഹോൾഡിംഗ്സ് സ്റ്റേ ആഫ് എക്സ്റ്റിക്യൂഷൻ സംബന്ധിച്ചുള്ള ബിൽ പരിശോധനയിലിരിക്കുന്നു.

ശ്രീ. കെ. സി. ജാർജ്ജ്: കുടിയിറക്കുകൾ സർവ്വസാധാരണമായിട്ടല്ല, വളരെ വിപുലമായ തോതിലാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: അതാണു പറഞ്ഞതു്. ചില പരാതികൾ കിട്ടിയിട്ടുണ്ട്.

ശ്രീ. കെ. സി. ജാർജ്ജ്: കുടിയിറക്കു സംബന്ധിച്ച് ജന്മികളെ സഹായിക്കാൻ പോലീസ് ഇടപെടുന്നതായി പരാതി കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ചില പരാതി അങ്ങനെയും കിട്ടിയിട്ടുണ്ട്. ബലമായിട്ട് വസ്തുവിൽ പ്രവേശിക്കുകയാണെങ്കിൽ, അതിനെ തടുക്കുന്നതിന് വസ്തു ഉടമസ്ഥന് അവകാശമുണ്ട്. അവർ ആ സമയത്ത് പോലീസ് സഹായം ആവശ്യപ്പെട്ടാൽ സഹായിക്കേണ്ടതു് പോലീസിന്റെ കടമയാണ്.

ശ്രീ. കെ. സി. ജാർജ്ജ്: കുടിയാനവന് അങ്ങനെയൊരു സഹായം ആവശ്യമാണെങ്കിൽ, ഗവണ്മെൻറ് പോലീസ്സിനെ അയയ്ക്കുമോ?

ശ്രീ. എ. ജെ. ജാൺ: അയയ്ക്കുമെന്നാണു തോന്നുന്നതു്.

ശ്രീ. കെ. സി. ജാർജ്ജ്: ന്യായമായ എല്ലാ കാര്യങ്ങളിലും ജന്മിയായാലും, കുടിയാനവനായാലും പോലീസ്സിന്റെ സഹായം നൽകേണ്ടതല്ലേ; ജന്മിക്കെതിരായി കുടിയാനവന് ഒരു പോലീസ് സഹായം ആവശ്യപ്പെട്ടാൽ അതു് ലഭിക്കുമോ?

ശ്രീ. എ. ജെ. ജാൺ: ലഭിക്കുന്നതാണ്.

ശ്രീ. പി. ആർ. മാധവൻപിള്ള: ഏററവും കൂടുതൽ കുടിയിറക്കുകൾ നടത്തുന്നതു്, ഗവണ്മെൻറ് ഭൂമികളിൽനിന്നും ആണെന്ന് അറിയാമോ?

ശ്രീ. എ. ജെ. ജാൺ: അടുത്തകാലത്ത് ചില രാഷ്ട്രീയനേതാക്കന്മാരുടെ പ്രേരണയോടുകൂടി ഗവണ്മെൻറ് ഭൂമികളിൽ ബലമായിട്ട് പ്രവേശിച്ചിട്ടുണ്ട്. അങ്ങനെയുള്ളവരെ ഇറക്കിവിടേണ്ടതു് ഗവണ്മെൻറിന്റെ ചുമതലയാണ്.

ശ്രീ. പി. ആർ. മാധവൻപിള്ള: രാഷ്ട്രീയ നേതാക്കന്മാർ ഭൂമിയില്ലാത്തവരും, കർഷകത്തൊഴിലാളികളുമാണെങ്കിലോ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെയാണെങ്കിൽ നിയമപ്രകാരം ഗവണ്മെൻറിനോട് അപേക്ഷിച്ച് കിട്ടുന്ന സ്ഥലത്ത് താമസിക്കാവുന്നതാണ്.

ശ്രീ. കെ. സി. ജാർജ്ജ്: രാഷ്ട്രീയ നേതാക്കന്മാർ അങ്ങനെ അനുവാദമില്ലാതെ വസ്തുവിൽ പ്രവേശിച്ചിട്ടുണ്ടെന്നു പറഞ്ഞു. ഏതെങ്കിലും ഒരു ഉദാഹരണം പറയാമോ?

ശ്രീ. എ. ജെ. ജാൺ: തൃശ്ശൂർ കുറിമംഗലത്ത് ഇങ്ങനെയൊരു സംഭവമുണ്ടായി.

ശ്രീ. കെ. സി. ജാർജ്ജ്: ആരാണ് രാഷ്ട്രീയ നേതാവ്?

ശ്രീ. എ. ജെ. ജാൺ: ഒരു കമ്മ്യൂണിസ്റ്റുകാരനാണ്.

ശ്രീ. കെ. സി. ജാർജ്ജ്: പേരു് പറയാമോ?

ശ്രീ. എ. ജെ. ജാൺ: പേരു് ഓർക്കുന്നില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ഓർമ്മയില്ലാതെ, ഉത്തരവാദിത്വമുള്ള ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ ഈവക പ്രസ്താവനകൾ നടത്തുന്നതു് ശരിയാണോ?

മി. സ്പീക്കർ: ആളിന്റെ പേര് ഓർമ്മയില്ലെന്നേ പറഞ്ഞൊള്ളൂ. പറഞ്ഞതു ശരിയാണ്.

ശ്രീ. സി. എ. മാത്യു: അനധികൃതമായി സർക്കാർ സ്ഥലങ്ങൾ വശപ്പെടുത്തിയിട്ടുള്ളവരുടെമേൽ നടപടി എടുത്ത് സ്ഥലം വീണ്ടെടുക്കുന്നതു് കുടിയിറക്കാതെയോ?

ശ്രീ. എ. ജെ. ജാൺ: അല്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: രണ്ടാമത്തെ ബിൽ പയ്യോലോചനയ്ക്കു് വരുന്നതെന്നാണ്?

ശ്രീ. എ. ജെ. ജാൺ: അതു ഗവണ്മെൻറിന്റെ ആലോചനയിലിരിക്കുകയാണ്. അവസാന തീരുമാനമെടുക്കേണ്ടതു് അസംബ്ലിയിൽ തന്നെയാണ്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: അതു് ഈ അസംബ്ലിയിൽ തന്നെ എടുക്കാൻ ശ്രമിക്കുമോ?

ശ്രീ. എ. ജെ. ജാൺ: ശ്രമിക്കാം.

ശ്രീ. ടി. പി. സീതാരാമൻ: കുടിയിറക്കം, വസ്തു ഒഴിപ്പിക്കലും സംബന്ധിച്ചു് ഗവണ്മെൻറിന്റെ പൊതുനയമെന്താണ്?

ശ്രീ. എ. ജെ. ജാൺ: കുടിയിടപ്പുകാരുടെ കുടിയിറക്കുസംബന്ധിച്ചുള്ള ബിൽ ചർച്ചചെയ്തുകൊണ്ടിരിക്കുകയാണ്. മററു വസ്തു ഒഴിപ്പിക്കൽ സംബന്ധിച്ചുള്ള ബിൽ ആലോചനയിലിരിക്കുന്നു. അതിൽ ചില ഭേദഗതികൾ വരുത്തുന്നതിന് ചർച്ചചെയ്തുകൊണ്ടിരിക്കുകയാണ്. ഇപ്പോഴുള്ള ഹോൾഡിംഗ്സു ഡഫനിഷനെപ്പററി എന്തു മാററം വരുത്തണമെന്നാണ് ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുന്നതു്.

ശ്രീ. ടി. പി. സീതാരാമൻ: റവന്യൂ ഇനത്തിൽ വളരെയധികം കുടിശ്ശിക വരുത്തിയിട്ടുള്ളവരെ ഒഴിപ്പിക്കാൻ ആർഡർ ഇഷ്യു ചെയ്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: കുറെയെല്ലാം ഒഴിപ്പിക്കാൻ ആർഡർ ചെയ്തിട്ടുണ്ടായിരിക്കാം.

ശ്രീ. ടി. പി. സീതാരാമൻ: ഒരേക്കറിന് ഇരുന്നൂറു ഉറുപ്പിക വരെ കുടിശ്ശിക വരുത്തിയിട്ടുള്ളവരുണ്ടെന്നു പറയുന്നതു് ശരിയാണോ?

ശ്രീ. എ. ജെ. ജാൺ: കടലാസ് നോക്കാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. പി. സീതാരാമൻ: അങ്ങനെയുണ്ടെങ്കിൽ വേണ്ട നടപടി എടുക്കുമോ?

ശ്രീ. എ. ജെ. ജാൺ: ചിലർ 12 കൊല്ലത്തിൽ കൂടുതൽ കുടിശ്ശിക വരുത്തിയിട്ടുള്ളവരായിരിക്കും. അതു കൊണ്ടായിരിക്കണം അത്രയും തുക വന്നിട്ടുള്ളതു്.

ശ്രീ. എം. ഭാസ്കരൻനായർ: സർക്കാർ സ്ഥലങ്ങൾ, താമസിക്കാൻ മററു സ്ഥലം ഇല്ലാത്തവർക്ക് ആവശ്യത്തിന് കൊടുക്കുമോ?

ശ്രീ. എ. ജെ ജാൻ: ഗവണ്മെൻറിന്റെ ഉദ്ദേശം ഭൂമി ഇല്ലാത്തവർക്ക് ഭൂമി കൊടുക്കുക മെന്നാണ്. ഭൂമിക്ക് നിയമാനുസരണം അപേക്ഷ കൊടുത്താൽ, അഞ്ചേക്കറിൽ താഴെ ഭൂമി കുത്തകപ്പാട്ടത്തിന് കൊടുക്കുന്ന ഒരു നിയമമാണിന്നു സ്വീകരിച്ചിരിക്കുന്നത്.

കുത്തു അണ്ടി വ്യവസായം.

* 136. [8] ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) കുത്തു അണ്ടി വ്യവസായ പുരോഗതിക്ക് സഹായകരമായ എന്തെങ്കിലും നടപടികൾ ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ, ബി) കുത്തു അണ്ടി വ്യവസായ പുരോഗതിക്കു വേണ്ട നടപടികൾ എടുക്കുന്നതിന് അടിയിൽ പേരുപറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു കമ്മിററിയെ ഗവണ്മെൻറ് രൂപീകരിച്ചിട്ടുണ്ട്.

1. വ്യവസായ ഡയറക്ററർ.
2. കൃഷിഡയറക്ററർ.
3. ശ്രീ. എ. തങ്ങൾകുഞ്ഞു മുസലിയാർ, കൊല്ലം.
4. മി. എം. എച്ച്. ഹെയ്ട്ടർ, മാനേജർ, പീയേഴ്സ് ലെസ്ലി ആൻഡ് കമ്പനി, ലിമിററഡ്, കുണ്ടറ.
5. ശ്രീ. ടി. കെ. ദിവാകരൻ, എം. എൽ. എ., കൊല്ലം.
6. ശ്രീ. പി. കൃഷ്ണപിള്ള പ്രൊപ്രൈററർ; ധനലക്ഷ്മി വിലാസ് കാഷ്യുകമ്പനി, കൊല്ലം.
7. ശ്രീ. പി. ജി. വർഗ്ഗീസ് ബി. എ., ബി. എൽ., സതേൺ ഇൻഡ്യാ കാഷ്യു കമ്പനി, കുണ്ടറ, കൊല്ലം.
8. ശ്രീ. കെ. കരുണാകരൻ, ഷൺമുഖവിലാസ് ക്യാഷ്യു നട്ട് ഫാക്ററി, കൊല്ലം.

ഈ കമ്മിററിയുടെ പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്ന കാര്യങ്ങളെ കുറിച്ചായിരിക്കും.

(എ) ഓരോ ഫാക്ററിയുടെയും ഉൽപ്പാദനകഴിവനുസരിച്ച് (production capacity) ഈ നാട്ടിലുണ്ടാകുന്ന കുത്തു അണ്ടി സമമായി വിതരണം ചെയ്യുക.

(ബി) കുത്തുഅണ്ടി വ്യവസായത്തിന്റെ പുരോഗതിക്ക് ആവശ്യമായ മാർഗ്ഗങ്ങൾ സ്വീകരിക്കുക.

ഈ കമ്മിററി രണ്ടുപ്രാവശ്യം കൂടുകയും താഴെ പറയുന്ന കാര്യങ്ങൾ തീരുമാനിക്കുകയും ചെയ്തു.

1. കുത്തുഅണ്ടിയുടെ വില നിയന്ത്രിക്കുന്നതിന് ഒരു കൺട്രോൾ ആർഡർ പാസ്സാക്കുന്നതിന് ഇൻഡ്യാഗവണ്മെൻറിനോടാവശ്യപ്പെടുക.

2. കശുഅണ്ടി സമമായി വിതരണം നടത്തുന്നതിന് ഓരോ ഫാക്ററിയുടെയും ഉൽപ്പാദനത്തോതു് കണ്ടുപിടിക്കുന്നതിന് ഒരു സബ് കമ്മിററിയെ രൂപീകരിക്കുക.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഈ കമ്മിററി എന്നാണ് രൂപീകരിച്ചതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആറേഴുമാസമാകും.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : കശുഅണ്ടി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കമ്മിററിയുടെ പ്രവർത്തനം സംബന്ധിച്ച് എല്ലാകാര്യങ്ങളും ഞാൻ ഇവിടെ വായിച്ചു.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : കശുഅണ്ടിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് യാതൊന്നും ചെയ്തിട്ടില്ലെന്നാണ് വായിച്ചതിൽ നിന്നും മനസ്സിലാകുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെയുള്ള കാര്യങ്ങളും കമ്മിററി പര്യാലോചിക്കുമെന്നു വിചാരിക്കാം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : കശുഅണ്ടിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് മലയോരപ്രദേശങ്ങളിൽ കൂടുതൽ കശുഅണ്ടി വച്ചുപിടിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് ഈ കമ്മിററിക്കു നിർദ്ദേശം നൽകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് ആവശ്യമായ ഒരു കാര്യമാണ്. ആലോചിക്കാം.

ശ്രീ സി. കൊച്ചുകുഞ്ഞു് : ഈ കമ്മിററിയുടെ പ്രവർത്തനം തൃപ്തികരമല്ലെന്നു്, ഇതിൽപ്പെടാത്ത ചില മുതലാളിമാർക്കു പരാതിയുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പ്രവർത്തനം തൃപ്തികരമല്ലെന്നു ഗവണ്മെൻറിന് അഭിപ്രായമില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ശ്രീ. ടി. കെ. ദിവാകരനെ കമ്മിററിയിലെടുത്തിട്ടുള്ളതു തൊഴിലാളികളുടെ പ്രതിനിധിയെന്ന പരിഗണനയിലാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ നിയമസഭയിലെ ഒരു അംഗമെന്ന പരിഗണനയിലാണ് എടുത്തിട്ടുള്ളതു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : മുതലാളിമാർക്കുള്ളതുപോലെ ഈ കമ്മിററിയിൽ തൊഴിലാളി പ്രതിനിധികൾക്കു പ്രാതിനിധ്യം കൊടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മുതലാളിമാരും തൊഴിലാളികളും ഉൾപ്പെട്ട ഒരു കമ്മിററിയാണിട്ടല്ല ഇതു് രൂപീകരിച്ചിട്ടുള്ളതു്. കശുഅണ്ടി വ്യവസായത്തിന്റെ പുരോഗതിക്കുവേണ്ടി ആലോചിക്കാൻ എതാനും വിദഗ്ദ്ധന്മാരെ ഉൾപ്പെടുത്തി ഒരു കമ്മിററിയെ എടുത്തിട്ടുള്ളതാണ്. കശുഅണ്ടി വ്യവസായത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി ഈ

കമ്മിററിയിൽ തൊഴിലാളിപ്രതിനിധിയെക്കൂടി ഉൾപ്പെടുത്തണമെന്നുള്ള നിർബ്ബന്ധം അത്ര ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: വ്യവസായ പുരോഗതിക്കു മുതലാളിയെപ്പോലെ താൽപ്പര്യം തൊഴിലാളിക്കുമല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മുതലാളിമാർക്കും, തൊഴിലാളികൾക്കും എല്ലാവർക്കും താൽപ്പര്യം വേണം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ആ സ്ഥിതിക്ക് തൊഴിലാളിപ്രതിനിധിയെക്കൂടി ഈ കമ്മിററിയിൽ ഉൾപ്പെടുത്തേണ്ടതല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതൊരഭിപ്രായമാണ്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: സംഘടിതരായ കശുഅണ്ടി തൊഴിലാളികളുടെ ഒരു പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തി ഈ കമ്മററി വിപുലീകരിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേപ്പററി ആലോചിക്കാം. പക്ഷേ, ബഹുമാനപ്പെട്ട മെംബർ ഉന്നയിക്കുന്ന ആശയഗതി അത്ര ശരിയല്ല.

ശ്രീ. പി. കെ. കുഞ്ഞ്: ഈ കമ്മിററിയിൽ തൊഴിലാളി പ്രതിനിധികളായി സഖാവു ചിത്തരഞ്ജൻ, സഖാവു സി. അച്ചുതമേനോൻ എന്നിവരെക്കൂടി നാമനിർദ്ദേശം ചെയ്യിട്ടുണ്ടോ എന്നു പരിശോധിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പരിശോധിക്കാം.

ശ്രീ. ടി. പി. സീതാരാമൻ: തൃശ്ശൂരിൽ എത്ര കശുഅണ്ടി ഫാക്ററികളുണ്ട്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസുവേണം. താരതമ്യേന കുറവാണ്.

ശ്രീ. ടി. പി. സീതാരാമൻ: താരതമ്യേന കുറവാണെങ്കിലും അവിടെ നിന്നും ആരും ഈ കമ്മിററിയിൽ ഉൾപ്പെടാത്തതിനു പ്രത്യേക കാരണമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടെന്നു തോന്നുന്നില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ഈ കമ്മിററി ഇവിടത്തെ വിഭവങ്ങൾ വീതിച്ചു കൊടുക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കശുഅണ്ടി സമമായി വിതരണം നടത്തുന്നതിന് ഓരോ ഫാക്ടറിയിലെയും ഉൽപ്പാദനത്തിന്റെ തോതു ഏതുതരത്തിലാണെന്നു കണ്ടുപിടിക്കുന്നതിന് ഒരു സബ്കമ്മിററിയെ നിയമിച്ചിട്ടുണ്ട്.

ശ്രീ. ടി. ഓ. ബാവാ: ഓരോ ഫാക്ടറിക്കും കശുഅണ്ടി വിതരണം നടത്താൻ ചുമതലപ്പെട്ടതാരാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അത്രയ്ക്കൊന്നും പ്രവർത്തനം ആയിട്ടില്ല. ഉൽപ്പാദനക്കണക്കനുസരിച്ച് ഓരോ ഫാക്ടറിക്കും വിതരണം

ചെയ്യുന്നു. ഈ കാര്യത്തിൽ ഓരോ ഫാക്ടറിയുടെയും ഉൽപ്പാദന ത്തോതു കണ്ടുപിടിക്കുന്നതിന് ഒരു സബ്കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്.

ശ്രീ. ടി. ഓ. ബാവാ: ഇതുമൂലം കശുവണ്ടി കർഷകരുടെ വിഭവ ങ്ങൾക്ക് വില കുറയുന്നതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ വില കുറവാണ്.

ശ്രീ. ടി. ഓ. ബാവാ: കഴിഞ്ഞകൊല്ലം ഫാക്ടറിയിൽ നൂറുരൂപ കശുവണ്ടിക്ക വിലകിട്ടാൻ സാധിച്ചില്ലെന്നുള്ളവിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടായിരിക്കണം. ഫയൽ കണ്ടില്ല.

ശ്രീ. ടി. ഓ. ബാവാ: അങ്ങനെ ഫാക്ടറി ഉടമകൾ വില കുറയ്ക്കുന്നതിനെ നിയന്ത്രിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഫാക്ടറി ഉടമയ്ക്കും, കൃഷി ക്കാർക്കും നഷ്ടമില്ലാത്തനിലയിൽ വില നിയന്ത്രിക്കാവുന്നതാണ്.

പോലീസ് സ്റ്റേഷനുകളിലേയ്ക്കുള്ള സ്റ്റേഷനറി.

* 137. [9] ശ്രീ. എം. പി. ചന്ദ്രശേഖരപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് അഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ പോലീസ് സ്റ്റേഷനുകളിലേയ്ക്കും സ്റ്റേഷനറി ഇന ത്തിൽ എത്ര രൂപയുടെ സാധനസാമഗ്രികൾ പ്രതിവർഷം നൽകിവരു ന്നുണ്ട്;

(ബി) ഹർജികളുമായി പോലീസ് സ്റ്റേഷനിൽ ചെല്ലുന്നതായ കക്ഷികളോടു കടലാസ്, പെൻസിൽ, കാർബൺ മുതലായ സാധനങ്ങൾ വാങ്ങിക്കൊണ്ടു വരുന്നതിനു നിർബ്ബന്ധിക്കാറുണ്ടെന്നുള്ള വസ്തുത ഗവണ്മെ ന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതേപ്പററി ഗവണ്മെന്റു വേണ്ട അന്വേഷണം നടത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) സ്റ്റേററിലെ എല്ലാ പോലീസ്സ്റ്റേഷനുകളിലേയ്ക്കും ഒരേവിധ ത്തിലല്ല സ്റ്റേഷനറി സാമാനങ്ങൾ വിതരണം ചെയ്യുന്നതു്. ഓരോ സ്റ്റേഷനിലുള്ള ജോലിയുടെ അടിസ്ഥാനത്തിലാണ് അവ വിതരണം ചെയ്യുന്നതു്. ഓരോ സ്റ്റേഷനിലേയ്ക്കും വേണ്ടതായ സ്റ്റേഷനറിസാമാന ങ്ങൾ നൽകുന്നതും ഓരോ ഡിസ്ട്രിക്ടിലെ ഡി. എസ്സ്. പി. മാരാണ്. സ്റ്റേഷനറിയെ സംബന്ധിച്ചിടത്തോളം ഓരോ ഡിസ്ട്രിക്ടിലേയ്ക്കുള്ള സ്റ്റേഷനറി അതതു് ഡി. എസ്സ്. പി. മാർക്കു പൊല്ലംതോറും ഒന്നായി കൊടുക്കുകയാണ്. അവർ അവിടെ നിന്നും, എ. എസ്സ്. പി. മാർക്കും സർക്കിൾ ഇൻസ്പെക്ടർമാർക്കും ഓരോ പോലീസ് സ്റ്റേഷനുകളിലേയ്ക്കും ആവശ്യത്തിനുള്ളതാണ് അങ്ങനെ കൊടുക്കുന്നതു്

(ബി) ഹർജികളുമായി പോലീസ്സ്റ്റേഷനിൽ ചെല്ലുന്നതായ കക്ഷികളോടു് കടലാസ്, പെൻസിൽ, കാർബൺ മുതലായ സാധന

ങ്ങൾ വാങ്ങിക്കൊണ്ടുവരുന്നതിനു നിർബന്ധിക്കാറുണ്ടെന്നുള്ള വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അതേപ്പററി അന്വേഷിക്കാം.

ശ്രീ. എം. പി. ചന്ദ്രശേഖരപിള്ള: ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നു പറഞ്ഞു. അതു് പരാതികൾ ഒന്നും കിട്ടിയിട്ടില്ല എന്നാണോ, അതോ അന്വേഷിച്ചതിനു ശേഷം ശ്രദ്ധയിൽപ്പെട്ടിട്ടില്ലാ എന്നാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അന്വേഷിച്ചിട്ടില്ല.

ശ്രീ. എം. പി. ചന്ദ്രശേഖരപിള്ള: ഡി. എസ്സ്. പി. ആഫീസുകളിൽനിന്നു് സാധാരണ സ്റ്റേഷനറി സാധനങ്ങൾ കീഴ്പോട്ടു പോകാറില്ല എന്നുള്ള കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ അതേപ്പററി അന്വേഷിക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേപ്പററി പരാതികൾ ഉണ്ടെങ്കിൽ അന്വേഷിക്കാം.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: പരാതിക്കാർ സ്റ്റേഷനിൽ കടലാസും പെൻസിലും മററും വാങ്ങിച്ചുകൊടുക്കാതിരുന്നാൽ പരാതികൾ സ്വീകരിക്കാതിരിക്കുന്നതായി ഗവണ്മെൻറ് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട മെംബർ അതേപ്പററി ഒരു സ്റ്റേററുമെൻറ് തരാമോ, കടലാസും പെൻസിലും വാങ്ങിക്കൊടുക്കാത്തതുകൊണ്ടു് പരാതികൾ സ്റ്റേഷനിൽ സ്വീകരിക്കുന്നില്ല എന്നു്. എന്തെങ്കിലും കേട്ടു് എന്തെങ്കിലും ചോദിക്കുന്നതു് ശരിയല്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ബഹുമാനപ്പെട്ട മന്ത്രിയുടെ സ്റ്റേററുമെൻറിനെപ്പററിയല്ല, പരാതി സ്വീകരിക്കാതിരിക്കുന്നതിനെപ്പററി സ്റ്റേററുമെൻറ് തരാം.

ശ്രീ. സി. കൊച്ചുകുഞ്ഞു്: സ്റ്റേഷനറിയുടെ കാര്യത്തിൽ ചോർച്ചകൾ ഉണ്ടാകുന്നതായി അറിയാമോ?

(ഉത്തരം പറഞ്ഞതില്ല)

കണ്ണൻദേവൻ കമ്പനി.

* 138. [10] ശ്രീ. എം. പി. ചന്ദ്രശേഖരപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൻദേവൻകമ്പനിക്കു് എന്തു വ്യവസ്ഥയിലാണു് തേയിലകൃഷിക്കും മററുമായി ഭൂമി നൽകിയിരിക്കുന്നതു്;

(ബി) കണ്ണൻദേവൻ കമ്പനിക്കാർ അവരുടെ തേയിലത്തോട്ടങ്ങൾ വിൽക്കുവാൻപോകുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത തോട്ടങ്ങൾ ഗവണ്മെൻറു ഏറെറടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൻ):

(എ) 1078-ലും 1086-ലും ഗവണ്മെൻറും കണ്ണൻദേവൻകമ്പനിയുമായി ഉണ്ടാക്കിയിട്ടുള്ള ചില ഉടമ്പടികളുടേയും നിബന്ധനകളുടേയും

നടിസ്ഥാനത്തിൽ 1079-ലും 1094-ലും സ്പെഷ്യൽ ഗ്രാൻറാണി പൊട്ടത്തിട്ടുള്ള ഭൂമികളാണ്, കമ്പനി കൈവശം വച്ചുകൊണ്ടിരിക്കുന്നത്.

(ബി) ഈ സ്ഥലം ഗവണ്മെൻറ് വാങ്ങിക്കണമെന്ന്, പ്ലാൻറിംഗ് ഏജൻസി ലിമിറഡ്, കോട്ടയം ഗവണ്മെൻറിലേയ്ക്ക് ഒരു ലററർ കൊടുത്തിട്ടുണ്ട്.

(സി) ഈ കാര്യം ഗവണ്മെൻറിന്റെ അന്വേഷണത്തിലിരിക്കുകയാണ്.

ശ്രീ. കെ. സി. ജോർജ്ജ്: കണ്ണൻദേവൻകമ്പനിക്ക് ഒരാണ്ടിന് എന്തു ലാഭം ഉണ്ടാകുന്നുണ്ടെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൻ: നിശ്ചയമില്ല.

ശ്രീ. പി. വി. അവിരാത്തരകൻ: അവർക്ക് എന്തു റെൻറിനാണ് പൊട്ടത്തിരിക്കുന്നത്?

ശ്രീ. എ. ജെ. ജാൻ: 1121-നമുമ്പ് കൃഷിചെയ്തിട്ടുള്ള സ്ഥലത്തിന് എട്ടണ കരവും 1121-ാം ബേസിക്ടാക്സ് അനുസരിച്ച് അവരുടെ മുഴുവൻ വസ്തുക്കൾക്കും ബേസിക് ടാക്സും ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. പി. വി. അവിരാത്തരകൻ: അവർ മുഴുവൻ വസ്തുക്കളിലും കൃഷി നടത്തുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൻ: ഇല്ല. അവരുടെ കൈവശത്തിലിരിക്കുന്നത് 1,35,384 ഏക്കറാണ്. അതിൽ കുറെ ഭാഗം കൃഷിചെയ്യാതെയിട്ടിരിക്കുകയാണ്.

ശ്രീ. പി. വി. അവിരാത്തരകൻ: ബാക്കി സ്ഥലത്തു കൂടി കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൻ: ഉണ്ടോ എന്നറിഞ്ഞുകൂടാ.

ശ്രീ. പി. വി. അവിരാത്തരകൻ: അങ്ങിനെ കൃഷി ചെയ്യാതെ ഇട്ടിരിക്കുന്ന സ്ഥലം തിരിയെ ഗവണ്മെൻറ് കൈവശപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൻ: അതു് സാധിക്കുമെന്ന് തോന്നുന്നില്ല.

ശ്രീ. കെ. സി. ജോർജ്ജ്: ഈ ലാഭത്തിന്മേൽ ചുമത്തുന്ന നികുതിയായിട്ടു തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറിന് എന്തു നികുതി കിട്ടുന്നുണ്ട്?

ശ്രീ. എ. ജെ. ജാൻ. അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് അനുസരിച്ച് ഒരു നല്ല തുക ഗവണ്മെൻറിനു കിട്ടുന്നുണ്ട്. നികുതിയിനത്തിലും സെയിൽസ്ടാക്സ് ഇനത്തിലുമായി പത്തുലക്ഷം രൂപയോളം കിട്ടുന്നുണ്ടായിരിക്കണം.

ശ്രീ. പി. വി. അവിരാത്തരകൻ: അവരുടെ ലാഭം മുഴുവൻ അവർ ഇവിടെത്തന്നെ ചെലവാക്കുകയാണോ, അതോ കടത്തിക്കൊണ്ടു പോകുകയാണോ?

ശ്രീ. എ. ജെ. ജാൻ: അതു നിശ്ചയമില്ല.

ശ്രീ. പി. വി. അവിരാത്തരകൻ: അവരിൽ നിന്ന് സെയിൽ സ്റ്റാക്ക് മുഴുവൻ ഇവിടെ കിട്ടുന്നില്ലെന്നു അറിയാമോ ?

ശ്രീ. എ. ജെ. ജാൺ : അതു് കിട്ടുന്നുണ്ടെന്നാണു് തോന്നുന്നതു്.

ശ്രീ. എം. വി. ചെറിയാൻ : അവക്കു് ഭൂമി വിട്ടുകൊടുത്തിരിക്കുന്നതു് തേയിലക്കൃഷിക്കാണോ ?

ശ്രീ. എ. ജെ. ജാൺ : ആണെന്നാണു് തോന്നുന്നതു്.

ശ്രീ. എം. വി. ചെറിയാൻ : ആ സ്ഥലങ്ങൾ മുഴുവൻ തേയിലക്കൃഷിക്കു പററിയതല്ലെന്നും എന്നാണെന്നു കൃഷിക്കു് വളരെപ്പററിയതായ സ്ഥലങ്ങൾ അവിടെയുണ്ടെന്നുള്ള സംഗതിയെപ്പററിയും ഗവണ്മെൻറ് അന്വേഷിക്കുമോ ?

ശ്രീ. എ. ജെ. ജാൺ : അന്വേഷിക്കാം.

ശ്രീ. എം. വി. ചെറിയാൻ : ഈ ഗവണ്മെൻറിനല്ലാതെ മററാൾക്കും ഇതു് വിൽക്കാതിരിക്കുന്നതിനു് ഗവണ്മെൻറ് ശ്രദ്ധിക്കുമോ ?

ശ്രീ. എ. ജെ. ജാൺ : ഗവണ്മെൻറ് ശ്രമിക്കാം എന്നേയുള്ളു. കാൺസ്റ്റിററ്യൂഷൻ അനുസരിച്ചു് അവക്കു്, ഇൻഡ്യയിലുള്ള ആർക്കുവേണമെങ്കിലും വിൽക്കുന്നതിനു് റൈററു് ഉണ്ടെന്നാണു് തോന്നുന്നതു്. കഴിയുന്നിടത്തോളം ഗവണ്മെൻറ് വാങ്ങിക്കാൻ ശ്രമിക്കാം.

Shri P. S. Nataraja Pillai : Is there not a provision in the contract to the effect that Government should see that the uncultivated portions are properly utilised in the event of not being attended so ?

ആ എഗ്രിമെൻറ് അനുസരിച്ചു് ഹി ക്രസ്റ്റായിട്ടുള്ള സ്ഥലങ്ങളിൽ മരങ്ങളും കാടുകളും വെട്ടാതിരിക്കണമെന്നും വെട്ടുന്നവരെ ശിക്ഷിക്കണമെന്നും വ്യവസ്ഥയില്ലേ ?

ശ്രീ. എ. ജെ. ജാൺ : ഉണ്ടായിരിക്കാം.

ശ്രീ. കെ. എം. ജാർജ്ജു് : കഴിഞ്ഞ നിയമസഭാസമ്മേളനാവസരത്തിൽ കണ്ണൻദേവൻ കമ്പനി, ബർമ്മാ ഏജൻസിക്കു് വിൽക്കുവാൻ പോകുന്നു എന്നുള്ളതിനെപ്പററി ഞാൻ തന്നെ അന്നത്തെ ബഹുമാനപ്പെട്ട മന്ത്രിയോടു പറകയും അദ്ദേഹം അതിനു് അടിയന്തിരമായി വേണ്ട നടപടികൾ എടുക്കാമെന്നും അതു് വിൽക്കാതിരിക്കുന്നതിനു ശ്രമിക്കാമെന്നും പറയുകയുണ്ടായി. അതു് സംബന്ധിച്ചു് ഇതുവരെ വല്ല നടപടിയും നടത്തിയിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : എൻെറ കൈവശമുള്ള ഫയലുകൾ നോക്കീട്ടു് അതേപ്പററി ഒന്നും കാണുന്നില്ല. കോട്ടയത്തുള്ള പ്ലാൻറിംഗ് ഏജൻസി ലിമിററഡു് എന്ന കമ്പനി ഗവണ്മെൻറിലേയ്ക്കെഴുതിയിട്ടുണ്ടു്. അതു് ഗവണ്മെൻറിൽനിന്നും വാങ്ങണമെന്നും അതു് അവർ മുഖാന്തിരം വാങ്ങണമെന്നും ഉള്ളതിലേയ്ക്കു് അവരുടെ ഒരു എഴുത്തു വന്നിട്ടുണ്ടു്.

ശ്രീ. പി. കെ. കുഞ്ഞു് : ആ എഴുത്തിനു് വല്ല മറുപടിയും കൊടുത്തിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൻ : അതു് ഗവണ്മെൻറിന്റെ ആലോചനയിലിരിക്കുകയാണു് എന്നു മറുപടി കൊടുത്തിട്ടുണ്ടു്.

ശ്രീ. സി. കെ. വിശ്വനാഥൻ : സ്വെഷ്യൽ ഗ്രാൻറ് എന്ന വ്യവസ്ഥയനുസരിച്ചു് ഈ ഭൂമി ഗവണ്മെൻറിനു് കൊടുക്കാതിരിക്കുവാൻ കമ്പനിക്കു് അവകാശമുണ്ടോ ?

ശ്രീ. എ. ജെ. ജാൻ : അതായതു് ഇതിൽ പറഞ്ഞിരിക്കുന്നതു്

"The land is held in perpetuity as heritable or transferable property, but every case of transfer by the society should be immediately made known by the society to the Government" എന്നാണു്.

ശ്രീമതി കെ. ആർ. ഗൗരി : ഇത്രയും വളരെ ഭൂമി കൃഷിചെയ്യാതെ വെറുതേ ഇട്ടിരിക്കുന്നതു് ഗവണ്മെൻറിനിന്നും എടുത്തു് പാവപ്പെട്ട കൃഷിക്കാർക്കു കൊടുക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. എ. ജെ. ജാൻ : അതിനു് ഞാൻ ആദ്യമേ ഉത്തരം പറഞ്ഞു്

പൊതു തിരഞ്ഞെടുപ്പിൽ പങ്കെടുത്ത സർക്കാർ ജീവനക്കാർ.

* 139. [11] ശ്രീ. പി. കുഞ്ഞൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് നിയമവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കഴിഞ്ഞ പൊതു തിരഞ്ഞെടുപ്പിൽ സർക്കാർ ജീവനക്കാർ സജീവം പങ്കെടുത്തതായി എത്ര പരാതികൾ ലഭിച്ചിട്ടുണ്ടു് ;

(ബി) എത്രപേരെ ശിക്ഷിച്ചിട്ടുണ്ടു്;

(സി) ശിക്ഷയുടെ മാനദണ്ഡം എങ്ങിനെ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൻ) :

(എ) 54 പരാതികൾ ലഭിച്ചിട്ടുണ്ടു്.

(ബി) പരാതികൾ അടിസ്ഥാനരഹിതമാണെന്നു തെളിഞ്ഞതുകൊണ്ടു് ആരെയും ശിക്ഷിച്ചിട്ടില്ല.

(സി) (ബി) യുടെ ഉത്തരംമൂലം ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. കുഞ്ഞൻ : ഭരണകക്ഷിക്കു വോട്ടു പിടിച്ചാൽ അതിനു നടപടി എടുക്കുമോ ?

ശ്രീ. എ. ജെ. ജാൻ : കാൺഗ്രസ്സു് പാർട്ടിക്കു വോട്ടു പിടിക്കുന്നതും നിയമവിരുദ്ധമാണു്.

ശ്രീ. പി. കുഞ്ഞൻ : അങ്ങനെ ഭരണകക്ഷിക്കു വേണ്ടി വോട്ടു പിടിയ്ക്കാമോ ?

ശ്രീ. എ. ജെ. ജാൻ : സർക്കാർ ജീവനക്കാർ ഒരു കക്ഷിയ്ക്കു വേണ്ടിയും വോട്ടു പിടിക്കുവാൻ പാടില്ല. അതു് നിയമത്തിൽ തന്നെയുള്ളതാണു്.

ശ്രീ. ടി. എ. മജീദ് : കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിക്കാർക്കു വേണ്ടി വോട്ടു പിടിക്കാമോ ?

ശ്രീ. എ. ജെ. ജാൻ : കമ്മ്യൂണിസ്റ്റുകാരെ വിരുദ്ധമുന്നണിക്കാർക്കും, കമ്മ്യൂണിസ്റ്റുകാർക്കും, ആർ. എസ്സ്. പി. ക്കാർക്കും, തമിഴനാട്ട് കാൺഗ്രസ്സിനും വേണ്ടി സർക്കാർ ജീവനക്കാർ വോട്ടു പിടിക്കുവാൻ പാടില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : കാൺഗ്രസ്സുകാർക്കുവേണ്ടി വോട്ടു പിടിയ്ക്കാമെന്നു പറഞ്ഞു. അതു് കുററകരമാണോ ?

ശ്രീ. എ. ജെ. ജാൻ : അതു ഞാൻ പറഞ്ഞില്ല. ഉദ്യോഗസ്ഥന്മാർ വോട്ടു പിടിക്കുവാൻ പാടില്ലെന്നാണു് ഞാൻ പറഞ്ഞതു്.

ശ്രീ. കെ. സി. ജാർജ്ജ് : ഈ സർക്കാർ ജീവനക്കാർ തെരഞ്ഞെടുപ്പിൽ പങ്കെടുത്തതായി 54 കേസ്സുകൾ ഉണ്ടെന്നു പറഞ്ഞു. അതിൽ കാൺഗ്രസ്സ് കക്ഷിക്കുവേണ്ടി ഇത്ര, കമ്മ്യൂണിസ്റ്റുകക്ഷിയ്ക്കുവേണ്ടി ഇത്ര, ആർ. എസ്സ്. പി. ക്കു വേണ്ടി ഇത്ര എന്നെല്ലാമുള്ളതിനെപ്പററി ഒരു പട്ടിക പറയാൻ സാധിക്കുമോ :

ശ്രീ. എ. ജെ. ജാൻ : പട്ടിക എന്റെ കൈവശമുണ്ട്. അതു് പ്രത്യേകം തിരിച്ചു നോക്കീട്ടില്ല.

അയിത്തം.

* 140. [12] ശ്രീ. പി. കുഞ്ഞൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) തിരുവിതാംകൂർ—കൊച്ചിയിൽ നിന്നും യൂണിയൻഗവണ്മെൻറിലേക്ക് സംസ്ഥാനത്തു അയിത്തം ഇല്ലാ എന്ന് ഒരു ലററർ അയക്കേണ്ട പരിതഃസ്ഥിതി ഉണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതു വ്യക്തമാക്കുമോ ;

(സി) തന്മൂലം മററു സംസ്ഥാനങ്ങൾക്ക് അയിത്തോച്ചാടനത്തിന് കേന്ദ്രഗവണ്മെൻറിൽനിന്നും നൽകുന്ന തുക ഈ സംസ്ഥാനത്തിനു നഷ്ടപ്പെട്ടിട്ടുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ, ബി) അയിത്തം മുൻകാലങ്ങളിലെപ്പോലെ അത്ര സാർവ്വത്രികമായും കർക്കശമായും ഇല്ല എന്നു അറിയിച്ചിട്ടുണ്ട്.

(സി) ഇൻഡ്യാഗവണ്മെൻറിൽനിന്നും അയിത്തോച്ചാടനത്തിനു ഗ്രാൻറ് കിട്ടീട്ടില്ല.

ശ്രീ. പി. കുഞ്ഞൻ : അയിത്തം ഇന്നു സംസ്ഥാനത്തു വളരെ കുറഞ്ഞ തോതിലായി ആചരിക്കുന്നുണ്ടെന്നുള്ളതു് ഗവണ്മെൻറിന്റിയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അറിവില്ല.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : എന്നാണു് യൂണിയൻ ഗവണ്മെൻറിലേക്ക് ലററർ അയച്ചിട്ടുള്ളതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : 11-5-1954-ലാണു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : അങ്ങനെ ഗവണ്മെൻറ് എടുത്ത നിലയെ പുനഃപരിശോധന ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഉണ്ട്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ക്ഷേത്രപ്രവേശനവിളംബരത്തിന്റെ ഫലമായിട്ടാണോ അയിത്തം ഇല്ലാതായിത്തീർന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ : ക്ഷേത്രപ്രവേശനവിളംബരംമൂലം അയിത്തം കുറെ ലഘൂകരിച്ചു. ഇല്ലാതായിട്ടില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : പിന്നെ ഇങ്ങനെ മറിച്ചു വ്യാഖ്യാനിക്കുവാനുള്ള കാരണം എന്താണു്?

ശ്രീ. കെ. കൊച്ചുകുട്ടൻ : മറിച്ചു് വ്യാഖ്യാനിച്ചിട്ടില്ല. അയിത്തം തീരെ ഇല്ലാതായിട്ടില്ല എന്നാണു് പറഞ്ഞിട്ടുള്ളതു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ജനാധിപത്യസിദ്ധാന്തമനുസരിച്ചു് ഈ ഗവണ്മെൻറ് ഏടുക്കുന്നതുപോലെയുള്ള നടപടികൾ ഇൻഡ്യാഗവണ്മെൻറും ഏടുക്കേണ്ടതല്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതെ, അതിന്റെ ഉത്തരം ഇൻഡ്യാഗവണ്മെൻറാണു് പറയേണ്ടതു്.

ശ്രീ. കെ. കൃഷ്ണപിള്ള : നിലവിലുള്ള ഭരണഘടന അനുസരിച്ചു് അയിത്തം കുററകരമാണെന്നു ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അയിത്തം കുററകരമാക്കുന്നതിനായി ഒരു നിയമം പാർലമെൻറിൽ നിലവിലുള്ളതായി അറിയാം.

ശ്രീ. കെ. കൃഷ്ണപിള്ള : ഭരണഘടന അനുസരിച്ചു് അയിത്തം കുററകരമാണെന്നു അതിൽ പറഞ്ഞിട്ടില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കുററകരമാണെന്നു പറഞ്ഞിട്ടുള്ളതായി ഓർക്കുന്നില്ല.

ശ്രീ. കെ. കൃഷ്ണപിള്ള : ബഹുമാനപ്പെട്ട മന്ത്രി ഭരണഘടന വായിച്ചിട്ടില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഭരണഘടന വായിച്ചിട്ടുണ്ടു്. പ്രസക്തമായ സെക്ഷൻ പറഞ്ഞാൽ ഇനിയും വായിക്കാം.

ശ്രീ. പി. കുഞ്ഞൻ : ഗവണ്മെൻറ് ഇതു സംബന്ധിച്ചു് ഇതുവരെ എത്ര കേസ്സുകൾ ഏടുത്തിട്ടുണ്ടു്?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇതിന്റെ അടിസ്ഥാനത്തിൽ കേസ്സുകൾ ഏടുത്തിട്ടില്ല.

ഹരിജൻകോളനികൾ.

* 141. [13] ശ്രീ. ഇ. കെ. ബാലകൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സ്റ്റേററിലുള്ള ഹരിജൻകോളനികളിലെ നിവാസികളിൽ നിന്നും അവർക്കനുഭവിക്കേണ്ടതായി വരുന്ന വിഷമതകളെ സംബന്ധിച്ചു് ഈ വർഷത്തിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടു്;

(ബി) പരാതികളുടെ സ്വഭാവം എന്താണ്;

(സി) പരാതികൾ പരിഹരിക്കുന്നതിനുവേണ്ടി ഗവണ്മെന്റ് വേണ്ട ഏർപ്പാടുകൾ കഴിയുന്നതും വേഗത്തിൽ ചെയ്യുമോ ?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ): വിശദവിവരങ്ങൾ ശേഖരിച്ചുവരുന്നതേയുള്ളൂ.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ബഡ്ജററ് വർഷത്തിൽ കൊള്ളിച്ചിട്ടുള്ള സംഖ്യ മുഴുവൻ ഗവണ്മെന്റ് ചെലവാക്കിയിട്ടില്ലെന്നറിയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതു് ഈ കസ്റ്റസ്വന്തമായി ബന്ധമുള്ളതല്ല.

Mr. Speaker : You may put a separate question.

കുടിയിറക്കുകൾ.

* 142. [14] ശ്രീ. ടി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യത്തിന്റെ പല ഭാഗത്തായി ധാരാളം കുടിയിറക്കുകൾ നടക്കുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കുടിയിറക്കുകൾ തടയുവാൻ ഗവണ്മെന്റ് എന്തെങ്കിലും അടിയന്തിരനടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം ;

(സി) ഈ കുടിയിറക്കുകൾ തടയുന്നതിനായി കഴിഞ്ഞ നിയമസഭാസമ്മേളനക്കാലത്ത് ഒരു ബിൽ പ്രസിദ്ധപ്പെടുത്തിയിരുന്നതു് ഈ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ ബില്ലിന്റെ വെളിച്ചത്തിൽ ഒരു ആർഡിനൻസു പുറപ്പെടുവിക്കുവാൻ ഈ ഗവണ്മെന്റ് എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനു് കാരണമെന്തു് ;

(ഡി) ഇങ്ങനെ ഒരു ആർഡിനൻസ് പുറപ്പെടുവിക്കണമെന്നു കർഷകരുടെ ഭാഗത്തുനിന്നും വളരെ മുമ്പുമുതൽക്ക് നിവേദനങ്ങൾ ഉണ്ടായിട്ടില്ലേ ?

ശ്രീ. ടി. എ. മജീദ് : (സി) യുടേയും, (ഡി) യുടേയും ഉത്തരംമാത്രം കിട്ടിയാൽ മതി.

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) : (സി) ശ്രദ്ധയിൽപെട്ടിട്ടുണ്ടു്.

(ഡി) അസംബ്ലി നടന്നുകൊണ്ടിരിക്കുമ്പോൾ ഒരു ആർഡിനൻസ് പുറപ്പെടുവിക്കുന്നതു് ശരിയായ ഒരു നടപടിയല്ല.

ശ്രീ. ടി. എ. മജീദ് : അസംബ്ലി നടന്നുകൊണ്ടിരിക്കുമ്പോൾ വേണമെന്നല്ല ഞാൻ പറഞ്ഞതു് ?

ശ്രീ. എ. ജെ. ജാൺ : ഈ ബില്ലിന്റെ വെളിച്ചത്തിൽ ഒരു ആർഡിനൻസ് പുറപ്പെടുവിക്കാൻ നിയമസഭ നടക്കുന്നകാലത്തു് നിവൃത്തിയില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : മുമ്പ് ഒരു ആർഡിനൻസ് പുറപ്പെടുവിക്കാൻ നടപടി കൈക്കൊണ്ടിട്ടുണ്ടോ എന്നാണ് ചോദ്യം ?

ശ്രീ. എ. ജെ. ജാൺ : ഇല്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : അതിന്റെ കാരണം എന്താണ്?

ശ്രീ. എ. ജെ. ജാൺ : അതേപ്പററി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : എന്തുകൊണ്ടാണ് ആർഡിനൻസ് പുറപ്പെടുവിക്കേണ്ട എന്നു തീരുമാനിച്ചത് ?

ശ്രീ. എ. ജെ. ജാൺ : ആ ബില്ലുതന്നെ പാസ്സാക്കാൻ പോവുകയാണ്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : അതിന്റെ ഗൌരവതരമായ സ്വഭാവം മനസ്സിലാക്കിയിട്ടും അതിനെ ഒരു ആർഡിനൻസ് പുറപ്പെടുവിക്കണമെന്ന് തോന്നാത്തത് എന്തുകൊണ്ടാണ്?

ശ്രീ. എ. ജെ. ജാൺ : അങ്ങനെ ഒരു ആർഡിനൻസ് കൊണ്ടുവരുന്നത് ശരിയാണെന്നു തോന്നിയില്ല.

ശ്രീ. എൻ. പരമേശ്വരൻപിള്ള : ഈ നിയമസഭയിൽതന്നെ ആ നിയമം പാസ്സാക്കാൻ ഗവണ്മെൻറ് ശ്രമിക്കുമോ ?

ശ്രീ. എ. ജെ. ജാൺ : ഈ അസംബ്ലി അവസാനിക്കുന്നതിനു മുൻപു തന്നെ അത് പാസ്സാക്കണമെന്നാണ് ഗവണ്മെൻറിന്റെ ഉദ്ദേശം. ഇപ്പോൾ കോടതികൾ എല്ലാം മദ്ധ്യവേനൽ അവധിയനുസരിച്ചു ഉടനെ പൂട്ടുന്നതാണ്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : അങ്ങനെ ഒരു ബില്ല് കൊണ്ടുവരാൻ പ്രചോദനം നൽകിയത് എന്താണെന്നു ഗവണ്മെൻറിന് പറയാമോ?

ശ്രീ. എ. ജെ. ജാൺ : പ്രചോദനത്തെപ്പററി അന്വേഷിക്കേണ്ട ആവശ്യമില്ല.

വീടനിർമ്മാണപദ്ധതി.

* 143. [15] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൗസിംഗ് സ്കീം അനുസരിച്ചു ഗവണ്മെൻറിൽ നിന്നും ഇതുവരെ ആകെ എത്ര വീടുകൾ പണികഴിപ്പിച്ചിട്ടുണ്ട് ;

(ബി) ശരാശരി ഒരു വീടിന് എന്തു തുക ചെലവായിട്ടുണ്ട് ;

(സി) പണികഴിപ്പിച്ചിട്ടുള്ള വീടുകളിൽ ആളുകൾ താമസിക്കാതെ എവിടെയെങ്കിലും കിടക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്ത് ;

(ഇ) പണികഴിച്ചിട്ടുള്ള വീടുകളിൽ, വ്യവസായത്തൊഴിലാളികൾക്ക് എത്ര ; മററുള്ള വിഭാഗങ്ങൾക്ക് എത്ര ;

(എഫ്) എൻ. ജി. ഒ. മാക്ക് പണികഴിപ്പിച്ചിട്ടുള്ള വീടുകൾ ഇന്ദ്ര ഹൗസിംഗ് സ്കീമിൽ ഉൾപ്പെടുന്നുണ്ടോ ;

(ജി) എൻ. ജി. ഒ. മാക്ക് വീടുകൾ പണിതുകൊടുക്കുന്ന സ്കീം സംസ്ഥാനത്തെ എല്ലാ പ്രധാനപ്പെട്ട പട്ടണങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനു ഗവണ്മെൻറ് ശ്രദ്ധിക്കുമോ ?

തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) 524 വീടുകൾ പണികഴിപ്പിച്ചിട്ടുണ്ട്.

(ബി) ഉദ്ദേശം 2000 രൂപ.

(സി) ഉണ്ട്.

(ഡി) അഴിക്കോട്ടും, ഇടവ്ലങ്ങിലും പണിചെയ്ത കെട്ടിടങ്ങളുടെ ഉത്തരവാദിത്വം തുടർന്നു സംഘത്തിനു വഹിക്കാൻ നിവൃത്തിയില്ല എന്നറിയിച്ചതിനാൽ അവ അവശസമുദായങ്ങളുടെ ഉന്നമനഡിപ്പാർട്ടുമെൻറിലേയ്ക്ക് വിട്ടുകൊടുക്കുന്നതിനു ഗവണ്മെൻറ് ആലോചന നടത്തിവരികയാണ്. മററു ചില സ്ഥലങ്ങളിൽ താമസക്കാർക്ക് കിണറും, കക്കൂസും പണി തീർത്ത ശേഷമെ ആളുകൾ താമസത്തിനു വരികയുള്ളൂ. ഇതിനെല്ലാം നടപടിക്കൾ എടുക്കുന്നുണ്ട്.

(ഇ)	1.	കാർഷികത്തൊഴിലാളികൾക്ക്	133.
	2.	മത്സ്യത്തൊഴിലാളികൾക്ക്	208.
	3.	മുനിസിപ്പൽ തൊഴിലാളികൾക്ക്	126.
	4.	വ്യവസായ തൊഴിലാളികൾക്ക്	32.
	5.	മററുതൊഴിലാളികൾക്ക്	25.
		ആകെ	524.

(എഫ്) ഇല്ല.

(ജി) ആയതു പരിഗണിക്കാം.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഇപ്പോൾ പണിയിപ്പിച്ചിട്ടുള്ള കെട്ടിടങ്ങളിൽ താമസസൗകര്യം കുറവാണെന്ന് ഗവണ്മെൻറിനറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പലരുടേയും സൗകര്യം പല തോതിലാണ്. ഏതെങ്കിലും അസൗകര്യം ഉള്ളതായി ഗവണ്മെൻറിനറിവില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഇപ്പോൾ പണിയിച്ചിട്ടുള്ള കെട്ടിടത്തിൻെറ സമ്പ്രദായം താമസിക്കുന്നവർക്ക് പററിയതല്ലെന്ന് ഗവണ്മെൻറിനറിയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങനെ അറിവില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ആ കെട്ടിടങ്ങളോടു ചേർന്നു നല്ല കിച്ചൻ പണിയിക്കുവാനുദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അവയോടു ചേർന്നു കിച്ചനും പണിയിച്ചിട്ടുണ്ട്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഇപ്പോൾ പണിയിച്ചിട്ടുള്ള കിച്ചൻ എല്ലാം തന്നെ തീരെ അസൗകര്യപ്രദമായ സമ്പ്രദായത്തിലാണ്, എന്നു

മാത്രമല്ല, ചെലവും കൂടുതലുണ്ട്. അതുകൊണ്ട് അതു മാററാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇപ്പോൾ ഉടനെ മാററാൻ ഉദ്ദേശിക്കുന്നില്ല. പുതിയതായി കിച്ചൻ പണിയിക്കുമ്പോൾ നന്നായി ആലോചിക്കാം.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : പണിയിച്ചിട്ടുള്ള കെട്ടിടങ്ങളെ സംബന്ധിച്ച് ഏതെങ്കിലും പരാതി ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ ?

ശ്രീ കെ. കൊച്ചുകുട്ടൻ : പരാതിയൊന്നും ലഭിച്ചിട്ടില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : പന്തളത്തു കടയ്ക്കാട്ട് എന്ന സ്ഥലത്തു പണിയിച്ചിട്ടുള്ള കെട്ടിടങ്ങളെ സംബന്ധിച്ച് പരാതി വല്ലതും ലഭിച്ചിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ആ കെട്ടിടം ആക്കുവാൻ പണിയിച്ചോ അവരെ ഏൽപ്പിച്ചുകൊടുത്തില്ല എന്ന പരാതി ലഭിച്ചിട്ടുണ്ട്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : അല്ലാതെ ആ കെട്ടിടം പണിത കൺട്രാക്ററർ അതു ശരിയായിട്ടല്ല പണിയിച്ചതു് എന്ന പരാതി ലഭിച്ചിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ലഭിച്ചിട്ടില്ല.

ശ്രീ. ജോസഫ് ചാഴിക്കാട് : കിടങ്ങൂരിൽ 18 വീടുകൾ ഗവണ്മെൻറ് പണിയിച്ചിട്ട് ആരും ഉപയോഗിക്കാതെ കിടന്നു നശിച്ചു വന്നുകൊണ്ടിരിക്കുന്നു എന്നു ഗവണ്മെൻറിനറിയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അവിടെ മററു ചില സൗകര്യങ്ങളും കൂടി ഉണ്ടാക്കിക്കൊടുത്തു് ആ കെട്ടിടങ്ങൾ ഉപയോഗപ്രദമാക്കി തീർക്കുന്നതാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഈ ഹൗസിംഗ് സ്കീമിൽ അംഗീകൃത പത്രപ്രതിനിധികൾക്കുകൂടി ഏതെങ്കിലും സൗകര്യം ചെയ്തുകൊടുക്കുന്നതിന് ആലോചിക്കുന്നുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇതുവരെ ആലോചിച്ചിട്ടില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : തൊഴിലാളികൾക്കായി പണികഴിപ്പിച്ചിട്ടുള്ള വീടുകൾ ഐ. എൻ. ടി. യു. സി. തൊഴിലാളികൾക്കല്ലേ നൽകി വരുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തൊഴിലാളികൾക്കായി പണികഴിപ്പിച്ചിട്ടുള്ള വീടുകളിൽ തൊഴിലാളികളെ താമസിപ്പിക്കണമെന്നാണ് ഗവണ്മെൻറ് ഉദ്ദേശിക്കുന്നതു്.

ശ്രീ. കെ. കരുണാകരൻ : വ്യവസായത്തൊഴിലാളികളുടെ ഭവനനിർമ്മാണപദ്ധതി ത്വരിതപ്പെടുത്തുവാൻ ഗവണ്മെൻറ് ശ്രദ്ധിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ശ്രദ്ധിക്കാം.

ശ്രീ. ടി. പി. സീതാരാമൻ : ശാസ്താംകോട്ടയിൽ പണിത വീടുകളിൽ ഇതുവരെ ആളുകളെ താമസിപ്പിക്കാത്തതു് എന്തുകൊണ്ടാണു്?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനു ള്ള സൗകര്യങ്ങളെല്ലാം പൂർത്തിയായി വരുന്നതേ ഉള്ളൂ. ഉടനെതന്നെ ആളുകളെ താമസിപ്പിക്കുവാൻ കഴിയും.

ലോഹമണൽ ഗവേഷണം.

* 144. [16] ശ്രീ വി. ശ്രീധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തു് ലോഹമണൽ സംബന്ധമായ ഗവേഷണം വല്ലതും ഗവണ്മെൻറു നടത്തിവരുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(സി) തിരുവനന്തപുരം താലൂക്കിൽ ആററിപ്ര പകുതിയിൽ നടന്നുകൊണ്ടിരുന്ന ലോഹമണൽ ഗവേഷണം പൂർത്തിയായിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിൻെറ ഫലം എന്തായി എന്നു് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഈ സംസ്ഥാനത്തു ലോഹമണൽ സംബന്ധമായ ഗവേഷണം ഗവണ്മെൻറു നടത്തുന്നുണ്ടു്.

(ബി) തിരുവനന്തപുരം താലൂക്കിൽ ആററിപ്ര പകുതിയിൽ വേളിക്കായലിനു സമീപം.

(സി) പൂർത്തിയായിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

ശ്രീ. വി. ശ്രീധരൻ : ഈ ഗവേഷണം നടത്തുന്നതു് കേന്ദ്രഗവണ്മെൻറാണോ. ഈ ഗവണ്മെൻറാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ ഗവണ്മെൻറാണു്.

ശ്രീ. വി. ശ്രീധരൻ : ആററിപ്ര പകുതിയിലെ ഗവേഷണം പൂർത്തിയാക്കാൻ ഇനിയും എത്ര സമയം വേണ്ടിവരും ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെ സംബന്ധിച്ചു് അന്വേഷണം നടത്തിയ ഉദ്യോഗസ്ഥൻ തന്നിരിക്കുന്ന റിപ്പോർട്ടിൽ പറയുന്നതു്: "Every effort is being made to expedite the work and it is hoped that it would be completed in a few days' time" എന്നാണു്.

ശ്രീ. വി. ശ്രീധരൻ : ആ ഗവേഷണം ഏററവും പ്രയോജനകരമായ വിധത്തിൽ എത്രയും വേഗത്തിൽ നടത്തുന്നതിനു് ഗവണ്മെൻറു് ശ്രദ്ധിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ ശ്രദ്ധയുള്ളതുകൊണ്ടാണു് ഗവേഷണം നടത്താൻ ഉദ്ദേശിച്ചതു്.

ശ്രീ. വി. ശ്രീധരൻ: കഴിഞ്ഞ തവണ ഒരു ചോദ്യത്തിന്റെ മറുപടിയായി ഗവേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്, ഉടനെ പൂർത്തിയാകും എന്നു പറഞ്ഞിട്ടുണ്ടായിരുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവേഷണം എന്നു പറയുന്നതു് ഒരു ഷെഡ്യൂൾ അനുസരിച്ച് പൂർത്തിയാകുന്ന കാര്യമല്ല.

ശ്രീ. എം. വി. പെരിയാൻ: സംസ്ഥാനവ്യാപകമായ നിലവിലുള്ള മണ്ണു പരിശോധിക്കുന്നതിനെപ്പററി ആലോചിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ഒരു പ്രോഗ്രാം ഇപ്പോൾ നിലവിലുണ്ടോയെന്നറിഞ്ഞുകൂടാ. അതിനെപ്പററി അന്വേഷിക്കാം.

പോലീസ് മർദ്ദനം.

* 145. [17] ശ്രീ. വി. ശ്രീധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം താലൂക്കിൽ കുളത്തൂർ, കാട്ടായിക്കോണം, പോത്തൻകോട് തുടങ്ങിയ സ്ഥലങ്ങളിൽ 17-2-55 ലും തുടർന്നുള്ള ചില ദിവസങ്ങളിലും കഴക്കൂട്ടം പോലീസ് നടത്തിയിട്ടുള്ള മർദ്ദനങ്ങളെപ്പററി ഗവണ്മെൻറിനു വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഗവണ്മെൻറു അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ശ്രീ. സി. എ. മാത്യു: സർ, ഇതു് ഒരു പ്രാദേശിക കാര്യത്തെപ്പററിയുള്ള ചോദ്യമാണ്. അതുകൊണ്ട് അനുവദിക്കാമോ?

മി. സ്പീക്കർ: അനുവദിക്കുന്നതിൽ വിരോധമൊന്നുമില്ല.

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൻ):

(എ) പരാതിലഭിച്ചിട്ടുണ്ട്.

(ബി) പരാതിയെപ്പററി അന്വേഷണം നടത്തിയതിൽ, പ്രൈവററ് മോട്ടോർ ജോലിക്കാരിൽ ഒരു വിഭാഗം പണിമുടക്കിയ അവസരത്തിൽ ആ വകവാഹന ഗതാഗതത്തിനു തടസ്സവും വിഷമവും നേരിടാതിരിക്കുന്നതിനു പോലീസുകാർ എടുത്ത നടപടികളെപ്പററി ചില തൽപ്പരകക്ഷികളുടെ അതിശയോക്തികരമായ പ്രസ്താവനമാത്രമാണെന്നു കണ്ടു.

ശ്രീ. വി. ശ്രീധരൻ: കഴക്കൂട്ടത്തുള്ള ശ്രീനാരായണ സ്മാരക ഗ്രന്ഥശാലയ്ക്കകത്തു ഒരു പോലീസ് ഇൻസ്പെക്ടർ കടന്നുചെന്നു് അവിടെ പത്രം വായിച്ചുകൊണ്ടിരുന്ന ഒരാളിനെ ചീത്ത പറഞ്ഞതായും അതുപ്പിടിച്ചെടുത്തിയതായും അറിവുണ്ടോ?

ശ്രീ. എ. ജെ. ജാൻ: ഇല്ല.

ശ്രീ. വി. ശ്രീധരൻ: ഇതു സംബന്ധിച്ച് ശ്രീനാരായണ സ്മാരക ഗ്രന്ഥശാല പ്രവർത്തകന്മാരുടെ ഒരു നിവേദക സംഘം, മുഖ്യമന്ത്രിയെ സമീപിച്ച് നിവേദനം നടത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയൊരു സംഘം എന്നെ സമീപിക്കുകയും ബഹുമാനപ്പെട്ട മെംബർ പറഞ്ഞ ആക്ഷേപകരമായ പ്രവർത്തനങ്ങൾ അവിടെ നടക്കുന്നു എന്നറിയിക്കുകയും ചെയ്തു. അന്വേഷിച്ച് റിപ്പോർട്ടുചെയ്യണമെന്നു ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. വി. ശ്രീധരൻ: റിപ്പോർട്ട ചെയ്യണമെന്നാവശ്യപ്പെട്ടതു് ഏതുദ്യോഗസ്ഥനോടാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: റിപ്പോർട്ട ചെയ്യണമെന്നാവശ്യപ്പെട്ടതു് അങ്ങനെ തെററു ചെയ്തു എന്നു പരാതിപ്പെട്ട പോലീസ് ഉദ്യോഗസ്ഥന്റെ ഡിപ്പാർട്ടുമെൻറു മേധാവിയോടു്.

ശ്രീ. വി. ശ്രീധരൻ: സാധാരണ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥന്റെ മേൽ പരാതിയുണ്ടായാൽ അതിനെപ്പററി എ. എസ്. പി. യോ അതുപോലെയുള്ള മററു പോലീസ് ഉദ്യോഗസ്ഥന്മാരോ അന്വേഷണം നടത്തിയാൽ ഈ പോലീസ് ഉദ്യോഗസ്ഥന്മാർ കുററക്കാരല്ലെന്നു റിപ്പോർട്ട് അയച്ചുവരുന്നതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ അറിവില്ല.

ശ്രീ. വി. ശ്രീധരൻ: ഡിപ്പാർട്ടുമെൻറലായി അന്വേഷണം നടത്തിയാൽ കുററത്തിന്റെ യഥാർത്ഥം മനസ്സിലാക്കുവാൻ പ്രയാസമുള്ള ഒരു പരിതഃസ്ഥിതിയാണുള്ളതെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെൻറിൽ ഒരു കീഴ്ജീവനക്കാരൻ ചെയ്യുന്ന തെററു് അന്വേഷിക്കുവാനുള്ള ചുമതല ആ ഡിപ്പാർട്ടുമെൻറു മേധാവിക്കാണു്. അങ്ങനെയുള്ള അവസരങ്ങളിലെല്ലാം വേറൊരു തത്വം സ്വീകരിക്കണമെന്നു ഗവണ്മെൻറു വിചാരിക്കുന്നില്ല.

ശ്രീ. വി. ശ്രീധരൻ: ഗ്രന്ഥശാലാസംഘം പ്രസിഡന്റെന്ന നിലയിൽ അങ്ങു് ഈ സംഭവത്തെപ്പററി നേരിട്ടന്വേഷിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഐ. ജി. യുടെ റിപ്പോർട്ടിനുശേഷം വേണമെന്നുണ്ടെങ്കിൽ നേരിട്ടന്വേഷിക്കുന്നതിനു വിരോധമില്ല.

ശ്രീ. കെ. സി. ജാർജ്ജ്: ഇന്നത്തെ പോലീസ് ഡിപ്പാർട്ടുമെൻറിനു് ഒരു മർദ്ദന നയം ഉണ്ടെന്നും, അതുകൊണ്ടു് അതിനെപ്പററി ഡിപ്പാർട്ടുമെൻറിൽനിന്നു നടത്തുന്ന അന്വേഷണം നിഷ്പക്ഷമായിരിക്കുകയില്ലെന്നും ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പോലീസ് ഡിപ്പാർട്ടുമെൻറിനു ഒരു മർദ്ദന നയം ഉണ്ടെന്നു ഗവണ്മെൻറു സമ്മതിക്കുന്നില്ല. ഒരു ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷൻ എൻക്വയറി ചെയ്യാൻ പാടില്ല എന്നുള്ളതിനോടും ഗവണ്മെൻറു യോജിക്കുന്നില്ല. ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ തെററുചെയ്താൽ എപ്പോഴും പബ്ലിക് എൻക്വയറി വേണം എന്നു വന്നാൽ കാര്യമൊന്നും നടക്കുകയില്ല.

ശ്രീ. കെ. സി. ജാർജ്ജ്: പബ്ലിക് എൻക്വയറി വേണമെന്നല്ല പറയുന്നതു്. നാട്ടിൽ നീതിയും ന്യായവും നടക്കത്തക്ക വിധത്തിൽ നിഷ്പക്ഷമായ ഒരു അന്വേഷണം നടത്തണമെന്നേ പറയുന്നുള്ളൂ.

ഇന്നത്തെ നിലയ്ക്കു ഡിപ്പാർട്ടുമെൻറുകൾ നടത്തുന്ന അന്വേഷണം നിഷ്പക്ഷമായിരിക്കുകയില്ലെന്നു ജനങ്ങൾക്കു പരാതിയുള്ളതായി ഗവണ്മെൻറിനു അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയുള്ള അറിവൊന്നും ഗവണ്മെൻറിനില്ല. പോലീസുകാരുടെ ആക്ഷേപങ്ങളെപ്പററി പോലീസ് ഡിപ്പാർട്ടുമെൻറിന്റെ മേധാവിതന്നെയാണ് സാധാരണ അന്വേഷിക്കുന്നതു്. ഏതെങ്കിലും അസാധാരണ സന്ദർഭങ്ങളിൽ മററുള്ളവരെക്കൊണ്ടു് അന്വേഷിപ്പിക്കാം എന്നേയുള്ളു. ഉദാഹരണമായി തെക്കൻതിരുവിതാംകൂറിലെ വെടിവെയ്പ്പിനെപ്പററി തന്നെ എടുക്കാം. അതു് ഒരു അസാധാരണ സംഭവമായിരുന്നു. ഒരു പബ്ലിക് എൻക്വയറി വേണമെന്നു ജനങ്ങളാവശ്യപ്പെട്ടു. അതനുസരിച്ചു് ഒരു ഹൈക്കോടതി ജഡ്ജിയെ നിയമിച്ചു് പബ്ലിക് എൻക്വയറി നടത്തുകയും ചെയ്തു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സാധാരണ പോലീസ് മേധാവി പീഴ്സിബന്ധികളെ താങ്ങി റിപ്പോർട്ടു ചെയ്യുകയല്ലേ പതിവു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയല്ല, ലാ ആഫ് പ്രാബബിലിററി അനുസരിച്ചു് പറയുന്നതുപോലെ മർദ്ദനം ഉണ്ടായിട്ടില്ലെന്നാണ് കാണുന്നതു്. കുററം ചെയ്തതായി തെളിഞ്ഞിട്ടുണ്ടെങ്കിൽ അതനുസരിച്ചു് നടപടി നടത്തുകയും ചെയ്യും.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഈ സമ്മേളനം തുടങ്ങിയതിൻ ശേഷം ഈ ഇൻസ്റ്റെററെപ്പററി എത്രയോ പരാതികൾ വന്നിട്ടുള്ള നിലയ്ക്കു് അതിനെപ്പററി ഗവണ്മെൻറന്വേഷണം നടത്താൻ വിചാരിക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വന്നിട്ടുള്ള പരാതികളെ സംബന്ധിച്ചു വേണ്ട നടപടികൾ ഇപ്പോൾ നടത്തുന്നുണ്ടു്. അതിൽ കൂടുതൽ ഇപ്പോൾ എന്തെങ്കിലും ചെയ്യുന്നതു് ഭംഗിയായിരിക്കുകയില്ല.

ശ്രീ. പി. ഭാസ്കരൻ നായർ: അടുത്ത കാലത്തുണ്ടായ വെടിവയ്പ്പുകളെപ്പററി ഗവണ്മെൻറ് അന്വേഷണം നടത്തുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വടിവയ്പ്പു ഉണ്ടായിട്ടുണ്ടെങ്കിൽ അതിനെപ്പററി അന്വേഷിക്കാം.

ജയിൽപ്പുള്ളികളുടെ ആഹാരം.

* 146. [18] ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1955 ഫെബ്രുവരി 26-ാംനു-യിലെ ജനയുഗം പത്രത്തിൽ (ലക്കം 86 പേജ് 3) "ജയിൽപ്പുള്ളിയുടെ ആഹാരവും മരുന്നും കൊള്ളയടിക്കുന്നു" എന്ന ശീർഷകത്തിൽ പ്രത്യേക ലേഖകൻറതായി ചേർത്തിരുന്ന വാർത്ത ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ചു് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കി , എന്താണ് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൻ): (എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) അന്വേഷണത്തിൽ ആരോപണം അടിസ്ഥാനരഹിതമാണെന്നു ബോദ്ധ്യപ്പെട്ടു.

"The ration articles are weighed and issued to the kitchen by the Deputy Jailor. These articles are daily examined by the Medical Officer before issue. These articles are weighed again in the kitchen by the Head-warder and warder on duty in the presence of the convict officer who is detailed for duty in the kitchen. There is no possibility of the ration being misappropriated by anybody. There has been not even a single complaint from the prisoners that they are not getting their full diet. The medicines received in the jail are not misappropriated by anybody."

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ആരെ നിയോഗിച്ചാണ് അന്വേഷണം നടത്തിയത് ?

ശ്രീ. എ. ജെ. ജാൻ: ഐ. ജി. ആഫ് പ്രിസൺസ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഇതി ഉന്നയിച്ചിട്ടുള്ള പരാതികളെപ്പററി ഗവണ്മെൻറ് നേരിട്ട് അന്വേഷണം നടത്തുമോ ?

ശ്രീ. എ. ജെ. ജാൻ: ഐ. ജി. ആഫ് പ്രിസൺസിനെക്കൊണ്ടു അന്വേഷണം നടത്തിച്ചാൽ മതിയെന്നാണു ഗവണ്മെൻറിന്റെ അഭിപ്രായം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: പരാതി ഗുരുതരമാണെന്ന് ഗവണ്മെൻറ് മനസ്സിലാക്കിയ നിലയ്ക്ക് ഇതിനെപ്പററി ഗവണ്മെൻറ് തന്നെ നേരിട്ടു അന്വേഷണം നടത്തേണ്ടതായിരുന്നില്ലേ ?

ശ്രീ. എ. ജെ. ജാൻ: പരാതി ഗുരുതരമാണെന്നു പത്രത്തിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ അന്വേഷണത്തിൽ അവിടെ നടന്നതു് ഇങ്ങനെയാണ്. ഇത്രയും നിബന്ധനകളെല്ലാം ഉള്ളതുകൊണ്ട് പത്രത്തിൽ പറഞ്ഞിരിക്കുന്നതു് വളരെ വളരെ എക്സാജറേറെറഡ് ആയിട്ടാണ്.

ശ്രീ. തോപ്പിൽ പി. ഭാസ്കരൻപിള്ള: മോഷ്ടിച്ച ആളിനെക്കൊണ്ടു തന്നെ അന്വേഷണം നടത്തുന്നതാണോ ഭംഗി ?

ശ്രീ. എ. ജെ. ജോൺ: അതു് ഈ രാജ്യത്തു പതിവില്ല.

ശ്രീ. തോപ്പിൽ പി. ഭാസ്കരൻപിള്ള: പിന്നെ എന്താണു ഈ രാജ്യത്തു നടക്കുന്നതു് ?

ശ്രീ. എ. ജെ. ജാൻ: ഈ രാജ്യത്തു ഇതാണു നടക്കുന്നതു്.

ടൈംസ്കെയിൽ.

* 147. [19] ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൈംസ്കെയിൽ നടപ്പിലാക്കുന്നതിനു മുമ്പ് ഓരോ ഡിപ്പാർട്ട്മെൻറുകളിലും ഒഴിവുകൾ വന്നിട്ടുള്ള സ്ഥാനങ്ങളിലേക്ക് ക്രമാനുസരണം പ്രമോഷൻ നൽകുകയും, സർവ്വീസനുസരിച്ചുള്ള ഇൻക്രിമെൻറുകൾ നൽകുകയും ചെയ്യാൻ ഗവണ്മെൻറ് ശ്രദ്ധിക്കുമോ;

(ബി) അതിനുവേണ്ടി എന്തെങ്കിലും നടപടികൾ ഗവണ്മെൻറ് ഇതിനകം സ്വീകരിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പള്ളി ഗോവിന്ദമേനോൻ):

(എ) ഓരോ ഡിപ്പാർട്ടുമെൻറിലും വളരെയധികം വേക്കൻസികൾ ഉള്ളതായി തോന്നുന്നില്ല. ഉള്ള വേക്കൻസികളിൽ യഥാക്രമം പ്രമോഷനുകളും ഇൻക്രിമെൻറും നൽകിവരുന്നുണ്ട്.

(ബി) അങ്ങിനെ ചെയ്തിട്ടില്ലെങ്കിൽ അതിനെപ്പററി ആലോചിക്കാം.

WRITTEN ANSWERS.

മച്ചിസ്റ്റൻ എസ്റ്റേററിൽ നടന്ന ബഹളം

* 148. [22] ശ്രീ. പി. വിശ്വംഭരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു നിയമവകുപ്പു മന്ത്രി സദയം മറുപടി പറയുമോ:

(എ) 1955 ഫെബ്രുവരി 1-ാം തീയതി നെടുമങ്ങാട് മച്ചിസ്റ്റൻ എസ്റ്റേററിൽ നടന്ന ബഹളം സംബന്ധിച്ച് എത്ര കേസുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട്.?

(ബി) ആ കേസ്സിലെല്ലാംകൂടി എത്ര പ്രതികളുണ്ട്.

(സി) അതിൽ എത്രപേരെ അറസ്റ്റു ചെയ്തിട്ടുണ്ട്?

(ഡി) അന്ന് പ്രസ്തുത എസ്റ്റേററിൽ ആരെങ്കിലും വെടിവച്ചിട്ടുണ്ടോ?

(ഇ) വെടിവച്ചതു സംബന്ധിച്ച് ആരെയെങ്കിലും അറസ്റ്റു ചെയ്തിട്ടുണ്ടോ?

ആഭ്യന്തരകാര്യ മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) നാലു കേസ്സുകൾ.

(ബി) 82 പേർ.

(സി) ആറുപേരെ. ബാക്കിയുള്ളവർ നേരിട്ട് കോടതിയിൽ ഹാജരായി.

(ഡി) ശ്രീ. പളനിസ്വാമിനായിഡു ആത്മരക്ഷയ്ക്കുവേണ്ടിയും അദ്ദേഹത്തിൻെറ കുടുംബത്തേയും വസ്തുവകകളേയും രക്ഷിക്കുവാനും വെടിവച്ചു.

(ഇ) ശ്രീ. നായിഡുവിനെ ഇതു സംബന്ധിച്ച് അറസ്റ്റു ചെയ്തു.

കാളനൈസേഷൻ സ്കീം

* 149. [24] ശ്രീ. പി. കെ. യശോധരൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം പീരുമേട് കോളനൈസേഷൻ സ്കീം അനുസരിച്ച് ഇതിനകം എത്ര അപേക്ഷകരെ കുടിയേററി പാർപ്പിച്ചിട്ടുണ്ട്;

(ബി) വ്യവസ്ഥയനുസരിച്ചുള്ള എല്ലാ സഹായങ്ങളും അവർക്കു നൽകിയിട്ടുണ്ടോ;

(സി) ഇതിനകം എത്ര അപേക്ഷകരെ തിരഞ്ഞെടുത്തിട്ടുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ)

(എ) കല്ലാർ കോളനിയിൽ ഇപ്പോൾ 121 കുടുംബക്കാർ താമസം ആരംഭിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) കല്ലാർ കോളനിയിലേക്ക് 200-ം, മറയൂർ കോളനിക്ക് 149-ം അപേക്ഷകരെ തിരഞ്ഞെടുത്തിട്ടുണ്ട്.

ഡി. ഡി. ടി. ഫാക്ടറി

* 150. [29] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവായിൽ ഒരു ഡി. ഡി. ടി. ഫാക്ടറി തുടങ്ങുന്നതിനു ഇന്ത്യഗവണ്മെൻറ് തീരുമാനിച്ചിട്ടുണ്ടോ:

(ബി) ഈ നിർദ്ദേശത്തിനു കേന്ദ്രഗവണ്മെൻറിൻെറ അംഗീകാരം ലഭിച്ചിട്ടുണ്ടോ:

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ)

(എ) ആലുവായിൽ ഒരു ഡി. ഡി. ടി. ഫാക്ടറി തുടങ്ങണമെന്ന് ഇന്ത്യഗവണ്മെൻറു കേന്ദ്രഗവണ്മെൻറിനോടാവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഈ കാര്യത്തിൽ ഇതുവരെയും തീരുമാനമായിട്ടില്ല. എത്തുകത്തിൽ ഇരിക്കുകയാണ്.

നെയ്ത്തു തൊഴിലാളികൾ

* 151. [30] ശ്രീ. യു. നീലകണ്ഠൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്ത്തുതൊഴിലാളികളെ സഹായിക്കുവാൻ രൂപീകരിച്ചിട്ടുള്ള സഹകരണസംഘങ്ങൾ എത്ര? ആകെ അംഗങ്ങൾ എത്ര? ആകെ നൽകിയ ധനസഹായം എത്ര? എത്ര സംഘങ്ങൾക്കു റിബേറു കൊടുത്തു? റിബേറു കിട്ടാത്തതിനെപ്പററി പരാതികൾ കിട്ടിയിട്ടുണ്ടോ:

(ബി) ആവശ്യമായ സ്റ്റാഫ് ഇല്ലാത്തതുകൊണ്ട് കാര്യമായ പ്രവർത്തനം നടത്താൻ സാധിക്കുന്നില്ലെന്ന ഡിപ്പാർട്ടുമെൻറ മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ:

(സി) അതിന്മേൽ എന്തു നടപടി നടത്തി?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 144. ഉദ്ദേശം 9000 അംഗങ്ങൾ, 762069 രൂപ വായ്പയായും, ഗ്രാൻറായും നൽകിയിട്ടുണ്ട്. രണ്ടു കേന്ദ്രസംഘങ്ങൾ ഉൾപ്പെടെ ആറു സംഘങ്ങൾക്ക 17524 രൂപ റിബേറ കൊടുത്തു. പരാതികൾ കിട്ടിയിട്ടുണ്ട്. റിബേറ എത്രയും വേഗം കൊടുക്കാൻ നടപടി നടത്തുന്നുണ്ട്.

(ബി) ഉണ്ട്.

(സി.) കൂടുതൽ സ്റ്റാഫ് നിയമിക്കുന്നതിനുവേണ്ട നടപടികൾ നടന്നുവരികയാണ്. താല്ക്കാലികമായി കൂടുതൽ സ്റ്റാഫിനെ ഇതിലേക്ക നിയോഗിച്ചിട്ടുണ്ട്.

ഭൂനയബില്ലുകൾ.

* 152. [31] ശ്രീ. കെ. ടി. തോമസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭയിൽ അവതരിപ്പിച്ചിട്ടുള്ള ഭൂനയബില്ലുകൾ സംബന്ധിച്ച് കേന്ദ്രഗവണ്മെൻറിൽ നിന്നോ പ്ലാനിംഗ് കമ്മീഷനിൽ നിന്നോ എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതെന്താണ്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൻ):

(എ) കേന്ദ്രഗവണ്മെൻറിൽനിന്നും നിർദ്ദേശങ്ങൾ ഒന്നും ഇതുവരെ കിട്ടിയിട്ടില്ല. എന്നാൽ Central Committee for Land Reforms-ൻെറ പര്യാലോചനയ്ക്കായി പ്ലാനിംഗ് കമ്മീഷൻ തയ്യാറാക്കിയ ഒരു നോട്ടിൻെറ പകർപ്പ് ഈ ഗവണ്മെൻറിൻെറ അഭിപ്രായത്തിനായി അയച്ചു തന്നിട്ടുണ്ട്. പക്ഷെ അതു് പ്ലാനിംഗ് കമ്മീഷൻെറ അവസാന അഭിപ്രായമല്ല.

(ബി) കിട്ടിയിട്ടുള്ള അഭിപ്രായം പ്ലാനിംഗ് കമ്മീഷൻെറ അവസാന അഭിപ്രായമല്ലാത്തതിനാൽ അവയെ ഇപ്പോൾ വെളിപ്പെടുത്തുന്നതു് ശരിയായിരിക്കുമെന്നു ഗവണ്മെൻറ് വിചാരിക്കുന്നില്ല.

മുനിസിപ്പാലിറ്റികൾ

* 153. [34] ശ്രീ. ജെ. എ. ഷട്ട്: താഴെ പറയുന്ന ചോദ്യങ്ങൾക്ക തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിലെ മുനിസിപ്പാലിറ്റികൾക്ക് ഗവണ്മെൻറിൽനിന്നും വർഷംതോറും നൽകിവരുന്ന Toll contribution നിരക്കുകളിൽ വ്യത്യാസം വരുത്തണമെന്ന് മുനിസിപ്പാലിറ്റികളിൽനിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ മുനിസിപ്പൽ പ്രതിനിധികളുമായി കൂടിയാലോചനകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണ്; ഇക്കാര്യത്തിൽ താമസിയാതെ ഒരു തീരുമാനം എടുക്കുവാൻ ദയവുണ്ടാകുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) മുനിസിപ്പാലിറ്റികൾക്ക് വർഷംതോറും നൽകിവരുന്ന വാഹനനികുതി നഷ്ടപരിഹാരം കൂട്ടിക്കിട്ടണമെന്ന് കാണിച്ച് മുനിസിപ്പൽ കൗൺസിലുകളിൽനിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ബി) കുന്നംകുളം മുനിസിപ്പാലിറ്റി പ്രതിനിധികളും, പാലാ മുനിസിപ്പാലിറ്റി പ്രതിനിധികളും ആയി, 24-7-1952-ൽ ഇതു് സംബന്ധിച്ച് ഒരു കൂടിയാലോചന നടത്തിയിട്ടുണ്ട്. കഴിവുള്ളതും വേഗം ഒരു തീരുമാനം എടുക്കണമെന്നാണ് ഗവണ്മെൻറ് ഉദ്ദേശിക്കുന്നതു്.

പുതിയ മന്ത്രിസഭാരൂപീകരണം.

* 154. [36] ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

1955 ഫെബ്രുവരിയിൽ പുതിയ മന്ത്രിസഭ രൂപീകരിക്കാനുള്ള സാഹചര്യമെന്തു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

പി. എസ്. പി. ഗവണ്മെൻറിൻെറമേൽ അവിശ്വാസം പാസ്സായതിനെ തുടർന്നാണ് പുതിയ മന്ത്രിസഭ രൂപീകരിക്കുവാനിടയായതു്.

Educated Unemployed.

* 155. [40] **Shri N. A. Noor Muhammed:** Will the Chief Minister be pleased to state:

(a) whether any survey has been conducted to find out the number of educated unemployed persons in the State.

(b) if so, the number of such persons;

(c) the measures taken to solve the educated unemployment problem in the State?

Chief Minister **(Shri Panampilli Govinda Menon):** (a) No.

(b) Question does not arise.

(c) Government have already appointed 550 additional teachers. The unemployment among educated people might have been relieved to some extent by this measure. When the soil conservation scheme launched by Government comes into full operation, it is expected that more than 600 educated supervisory personnel will be employed. Government have also made a beginning in changing the purely literary aspect of education by converting 16 primary schools into the basic type. Schemes are being drawn up under the Second Five-Year Plan to convert more schools into the Basic type, and to provide more employment in different ways.

പഞ്ചായത്തുകളുടെ ഗ്രാൻറ്

* 156. [41] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ പ്രവർത്തനക്ഷമതയ്ക്ക് ഈ ആണ്ടിൽ എന്തു തുക മൊത്തം ഗ്രാൻറായി കൊടുക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ട്;

(ബി) ഓരോ പഞ്ചായത്തിനും നൽകുന്ന ഗ്രാൻറ് എന്തായിരിക്കണം എന്നു തീരുമാനിക്കുന്നതു് ഏതു് മാനദണ്ഡം അനുസരിച്ചാണ്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) 9,07,461 രൂപാ.

(ബി) പഞ്ചായത്ത് ആക്ററ് 55(1)-ാം വകുപ്പനുസരിച്ച് പഞ്ചായത്തുകളുടെ പിരിവിന് തുല്യമായ തുകയാണ് ഗ്രാൻറായി നൽകുന്നതു്. കൂടാതെ ചില നിശ്ചിതജോലികൾ ചെയ്യുന്നതിനുവേണ്ടി സഹായധനമായി സ്പെഷ്യൽ ഗ്രാൻറുകളും പഞ്ചായത്തുകൾക്ക് നൽകുന്നുണ്ട്. എല്ലാ പഞ്ചായത്തുകൾക്കും ഒരേ നിരക്കിലാണ് ഈയാണ്ടിൽ സ്പെഷ്യൽ ഗ്രാൻറ് നൽകിയിട്ടുള്ളതു്.

ഒന്നും രണ്ടും ഫാറത്തിൽ ഫീസിളവ്.

* 157. [43] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഒന്നും രണ്ടും ഫാറങ്ങളിൽ ഫീസ് ഇളവു ചെയ്യുന്നതുമൂലം പ്രൈവറ്റ് മാനേജ്മെൻറ് സ്കൂളുകൾക്ക് വന്നിട്ടുള്ള 20 ശതമാനം നഷ്ടപരിഹാരം ഏതെങ്കിലും സ്കൂളിന് ഇത്രവരെ നൽകിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

ഇല്ലാ. നഷ്ടപരിഹാരം നൽകുന്നതിന് ഡയറക്ററക്ക് വേണ്ട നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. ഡയറക്ററർ നടപടികൾ എടുത്തുവരുന്നു. ഉടനെതന്നെ നഷ്ടപരിഹാരം നൽകുന്നതാണ്.

ഷാക്കലിവർ ആയിൽ ഉൽപ്പാദനം.

* 158. [46] ശ്രീ. കുട്ടപ്പൻ കോയിക്കൽ: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷാക്കലിവർ ആയിൽ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്രവർത്തനം ഗവണ്മെൻറിന്റെ മേൽനോട്ടത്തിൽ നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതലാണ് അതു് തുടങ്ങിയതു്; ആ കമ്പനിയുടെ പ്രവർത്തനഫലമായി 1953–54 വർഷത്തിൽ എന്തു ലാഭമുണ്ടായി; ഈ വ്യവസായം വികസിപ്പിക്കുന്നതിനു ഗവണ്മെൻറിനു വല്ല പദ്ധതിയുമുണ്ടോ; ഉണ്ടെങ്കിൽ എന്തു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

ഷാക്ക്‌ലിവർ ആയിൽ ഉൽപ്പാദിപ്പിക്കുവാൻ ഒരു ഫാക്ററി ഗവണ്മെൻറിൽ നിന്നും തിരുവനന്തപുരത്തു നടത്തുന്നുണ്ട്.

1939 ഡിസംബറിൽ തിരുവിതാംകൂർ സർവ്വകലാശാലയുടെ കീഴിൽ കുടിൽവ്യവസായാടിസ്ഥാനത്തിൽ ഒരു പരീക്ഷണമെന്ന നിലയ്ക്കു തുടങ്ങിയ ഈ സ്ഥാപനം 1952 ഏപ്രിൽ മുതൽ ഒരു വ്യവസായ സ്ഥാപനം എന്ന നിലയിൽ ഗവണ്മെൻറിന്റെ കീഴിൽ പ്രവർത്തനം നടത്തുന്നു. 1953–54-ൽ ഈ സ്ഥാപനത്തിൽ നിന്നു ലാഭം ഉണ്ടായില്ല. 13,062 രൂപ 2 അണ 11 പൈസ നഷ്ടമാണുണ്ടായതു്.

ഈ വ്യവസായം പ്രോത്സാഹിപ്പിക്കുവാൻ ഒരു പദ്ധതി രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം ഫാക്ററിയിൽ ദിവസംപ്രതി 25 ഗ്യാലൻ ഷാക്ക്‌ലിവർ ആയിൽ ഉൽപ്പാദിപ്പിക്കുന്നതും 25 ഗ്യാലൻ ആയിൽ വിററാമിൻ പ്രോസസ് ചെയ്യുന്നതുമാണ്.

Police Training.

*159. [48] **Shri M. P. Menon:** Will the Home Minister be pleased to state:

(a) whether the Government sent any officer of the Police Department for special training to the Scotland Yard in the United Kingdom in the year 1952;

(b) when did the officer rejoin duty after training;

(c) is he still in service; if not on what date did he go on leave;

(d) is there any reason why Government sacrificed the services of such a trained hand soon after his training?

Home Minister **(Shri A. J. John):** (a) No.

(b, c & d) Do not arise.

N. E. S. Blocks.

*160. [49] **Shri V. V. Sebastian:** Will the Chief Minister be pleased to state:

(a) how many new N. E. S. Blocks are proposed to be started this year;

(b) what is the policy of the Government in selecting areas for these new blocks, whether to choose areas adjacent to the existing blocks or areas away from such blocks?

Chief Minister **(Shri Panampilly Govinda Menon):** (a) The number will depend upon the number of Blocks allotted to the State by the Government of India. Besides the Blocks already opened one more Block will be opened shortly at Kottarakara attached to the Training Centre.

(b) The following are the principles taken into consideration for the opening of new N. E. S. Blocks:—

(i) Existence of facilities for development.

(ii) Willingness of the people to co-operate in the working of the Scheme.

(iii) Regional representation for Districts.

(iv) Compactness of area covering a population of about one lakh.

(v) The rest of the area in the taluk where a Block is constituted should be capable of being divided into Blocks in future, without leaving isolated pockets or transgressing taluk boundaries.

(vi) Nearness as far as possible to the existing Blocks or Community Projects for facilitating administration.

Transfer of Policemen.

*161. [50] **Shri T. S. Ramaswamy**: Will the Minister for Home be pleased to state:

(a) Number of Policemen transferred from Police Stations of South Travancore to other places in the State in the months of July and Augst 1954;

(b) the reasons for that transfers?

Home Minister **(Shri A. J. John)**: (a) In July 1954—3 Police Constables. In August 1954—4 Head Constables, 23 Police Constables.

(b) 4 Head Constables and 24 Constables were transferred on public ground, one on complaint and one on request.

വനഭൂമികൾ.

* 162. [51] ശ്രീ. പി. ആർ. കൃഷ്ണൻ: താഴെ പറഞ്ഞ ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമികളിൽ കൈകേറി കൃഷിചെയ്തുവരുന്ന സ്ഥലങ്ങളെക്കുറിച്ച് ഒരു സർവ്വെ നടത്തി അതാതു സ്ഥലങ്ങൾ ഭൂമിയില്ലാത്തവരും അർഹരുമായ കൈവശക്കാർക്ക് സ്ഥിരം പാട്ടത്തിനു കൊടുക്കുവാൻ നടപടിയെടുക്കുമോ;

(ബി) വനഭൂമികൾ ഇപ്പോൾ കൈവശം വച്ചിരിക്കുന്നവരെ ഒഴിപ്പിക്കുവാനുള്ള നടപടികൾ നിർത്തി വയ്ക്കുമോ?

ആഭ്യന്തരകാര്യ മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) വനത്തിൽനിന്നും ഒഴിവാക്കാൻ ഉദ്ദേശിച്ചിട്ടുള്ള സ്ഥലങ്ങളിൽ കൈകേറി കൃഷിചെയ്തുവരുന്ന കൈവശക്കാർക്ക് യോഗ്യതാനുസരണം വിതരണം ചെയ്യുന്നതിനു വേണ്ട നടപടികൾ എടുത്തുവരുന്നു.

(ബി) വനസംരക്ഷണാർത്ഥം വനത്തോടു ചേർക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഭൂമി കൈവശക്കാരെ ഒഴിപ്പിക്കൽ നടപടികളിൽനിന്നും ഒഴിവാക്കാൻ നിവൃത്തിയില്ല.

UNSTARRED QUESTIONS AND ANSWERS

Dismissal from Police Department.

19. [1] **Shri A. A. D. Luiz:** Will the Home Minister be pleased to state:

whether any Anglo Indians have been dismissed from the Police Department during the past four years; their names and reasons?

Answer.

No Anglo-Indian has been dismissed from the Police Department during the past four years.

പ്ലാനിംഗ് അഡ്വൈസറി കമ്മിററി.

20. [4] ശ്രീ. പി. കെ. യശോധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പ്ലാനിംഗിന് സംസ്ഥാനത്തുനിന്നും ഒരു കേന്ദ്ര അഡ്വൈസറി കമ്മിററി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അംഗങ്ങൾ ആരെല്ലാം;

ഉത്തരം.

(എ) കമ്മിററി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) നിശ്ചയിച്ചുകഴിഞ്ഞിട്ടില്ല.

മലം നിക്ഷേപകേന്ദ്രം.

21. [5] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തെ ഏതെങ്കിലും മുനിസിപ്പാലിററിയുടെ മലനിക്ഷേപകേന്ദ്രം ഈ വർഷത്തിൽ മാററി സ്ഥാപിക്കുന്നതിന് ഗവണ്മെൻറ് നടപടികൾ നടത്തിയിട്ടുണ്ടോ;

(ബി) കൊല്ലം മുനിസിപ്പാലിററിയുടെ മലനിക്ഷേപകേന്ദ്രം മാററണമെന്ന് തദ്ദേശവാസികളുടെ നിവേദനം ഗവണ്മെൻറിന് ലഭിക്കാൻ തുടങ്ങിയിട്ട് എത്ര വർഷങ്ങളായി;

(സി) ഇവിടെനിന്നും ആ കേന്ദ്രം മാററുന്നതിലേക്ക് ഇന്നത്തെ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണ്;

(ഇ.) ഉണ്ടെങ്കിൽ എന്തു നടപടികളാണ് ഉടനെ നടത്താൻ ഉദ്ദേശിക്കുന്നത്?

ഉത്തരം.

(എ) ഉണ്ട്.

(ബി) 1942 മുതൽ.

(സി, ഡി, ഇ) സമീപവാസികൾക്ക് ഉപദ്രവകരമാകാത്ത രീതിയിൽ യന്ത്രസഹായംകൊണ്ട് മലം വളമാക്കി രൂപാന്തരപ്പെടുത്തുന്ന ഒരു "സ്വേജ് പ്ലാൻറ്" സ്ഥാപിക്കുവാനാണ് ഗവണ്മെൻറ് ഇപ്പോൾ ആലോചിച്ചുവരുന്നത്. അതിനുള്ള നടപടികൾ എടുത്തുവരുന്നു. സ്ഥലം മാറേണ്ട ആവശ്യം ഈ സ്കീമിനു വേണ്ടിവന്നാൽ മാററുകയും ചെയ്യും.

Aranya Nivas.

22. [6] **Shri Prakkulam Bhasi :** (*a*) whether the lascars of "Aranya Nivas" have complained about their insufficient pay ;

(*b*) if so what action has been taken ; and

(*c*) are hours of work fixed for them ?

Answer.

(*a*) Yes.

(*b*) Their representation was considered and it was decided that it is now too early to take up the question of revision of pay since the hotel was started only on 20-11-1953.

(*c*) No.

മെമ്മോറാണ്ടം.

23. [9] ശ്രീ. പി. കെ. അബ്ദുൽഖാദർ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി സദയം മറുപടി പറയുമോ:

ഈയിടെ തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി കൊടുങ്ങല്ലൂർ സന്ദർശിച്ചപ്പോൾ കൊടുങ്ങല്ലൂർ മണ്ഡലം കാൺഗ്രസ്സ് കമ്മിററി ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായോ?

ഉത്തരം.

മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്.

Local Development Schemes.

24. [12] **Shri T. S. Ramaswami :** Will the Chief Minister be pleased to state the Number, names and the amount spent under each of the Local Development Schemes and the localities in which these schemes were done in 1954-55 ?

Answer.

155 items of Local Development Works, as per list attached,* have been taken up. The works are in progress. No Expenditure has actually been incurred so far.

*Please see Appendix No. I.

സ്കൂൾകെട്ടിടം.

25. [16] ശ്രീ. എൻ. ചന്ദ്രശേഖരൻനായർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലോട് പകുതിയിൽപ്പെട്ട പേരയം പ്രൈമറിസ്കൂൾ നടത്തുന്ന ഷെഡ് ജീർണ്ണിച്ച് അപകടകരമായനിലയിൽ സ്ഥിതിചെയ്യുന്നതായി പൊതുജനങ്ങളിൽനിന്നും ഗവണ്മെൻറിന് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂൾകെട്ടിടം പുതുതായി പണിയുന്നതിന് ഗവണ്മെൻറിൽനിന്നും സ്ഥലം തിട്ടപ്പെടുത്തി, 5-ൽപരം വർഷങ്ങൾ കഴിഞ്ഞിട്ടും കെട്ടിടംപണി ആരംഭിക്കാത്തതിന് പ്രത്യേക കാരണം വല്ലതുമുണ്ടോ;

(സി) ഇല്ലെങ്കിൽ ഉടൻതന്നെ പണി ആരംഭിക്കുന്നതിന് ഗവണ്മെൻറ് ശ്രദ്ധിക്കുമോ?

ഉത്തരം.

(എ) പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രത്യേകം കാരണം ഒന്നുമില്ല. വേറേയും അതിപ്രധാനമായ പണികൾ ഉണ്ടായിരുന്നതിനാൽ ബഡ്ജററിൽ സ്കൂൾകെട്ടിടം പണികൾക്കായി കൊള്ളിച്ചിട്ടുള്ള വകയിൽ ഈ കെട്ടിടംപണിക്കുള്ള വക കൊള്ളിക്കുവാൻ സൌകര്യപ്പെട്ടില്ല.

(സി) ഈ സ്കൂൾ കെട്ടിടംപണി ആരംഭിക്കുന്നതിന് അടുത്ത ഫിനാൻഷ്യൽ വർഷബഡ്ജററിൽ വക കൊള്ളിക്കുവാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

പൽപ്പായ് വ്യവസായം.

26. [20] ശ്രീ. ടി. പി. സീതാരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രഗവണ്മെൻറിൽനിന്നും പൽപ്പായ്വികസനത്തിനായി എന്തു തുക ഈ സംസ്ഥാനത്തിന് കിട്ടിയിട്ടുണ്ട്; എന്നാണ് കിട്ടിയത്; എന്ന് ആർക്കു വിതരണം ചെയ്തു;

(ബി) ഈ കാലവിളംബത്തിന് കാരണമെന്ത്?

ഉത്തരം.

(എ) കേന്ദ്രഗവണ്മെൻറിൽനിന്നും പൽപ്പായ് വികസനത്തിനായി 1953 മാർച്ചുമാസത്തിൽ തിരുവനന്തപുരം ഡിസ്ട്രിക്ററ കുടിൽ വ്യവസായ മാർക്കററിംഗ് സഹകരണ സംഘം ക്കിയ്ക്കും 2502 ന് 15,000 രൂപയും 1954 ഏപ്രിൽമാസത്തിൽ കൊച്ചി കുടിൽ വ്യവസായ മാർക്കററിംഗ് സഹകരണസംഘത്തിന് 20,000 രൂപയും ഗ്രാൻറായി അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകിട്ടി. തിരുവനന്തപുരം മാർക്കററിംഗ് സഹകരണ സംഘത്തിന് 1953 മാർച്ചുമാസത്തിലും കൊച്ചി മാർക്കററിംഗ് സഹകരണ സംഘത്തിന് 1954 ഡിസംബർ മാസത്തിലും തുക കൊടുത്തു.

(ബി) കൊച്ചി മാർക്കററിംഗ് സഹകരണസംഘത്തിന്നു തുക ഉടൻതന്നെ കൊടുക്കുവാൻ ചില സാങ്കേതിക തടസ്സങ്ങൾ ഉണ്ടായിരുന്നു. സാമ്പത്തികവർഷത്തിൽ തുക കൊള്ളിച്ചിട്ടില്ലാതിരുന്നതിനാൽ ഇതിലേക്കു വേണ്ട നടപടികൾ എടുത്തു സാമ്പത്തികവർഷത്തിൽ പണം കൊള്ളിച്ച് കൊടുക്കേണ്ടിവന്നു. പോരാതെ ഒരു ഭരണസമിതി രൂപീകരിക്കേണ്ടതായിട്ടുമുണ്ടായിരുന്നു.

Housing Scheme.

27. [21] **Shri M. William :** Will the Minister for Local Self Government be pleased to state :

(*a*) whether any houses have been put up under the housing scheme in Vilavancode Taluk ;

(*b*) have the Government taken any census of persons or families without houses of their own ; and

(*c*) will the Government arrange for the census and put up houses ?

Answer.

(*a*) Yes. Thirty houses have been put up at Enayam in Vilavancode Taluk under the Housing Scheme.

(*b*) No.

(*c*) The Housing Scheme is worked in accordance with the rules procedure specified for the purpose. No census appears to be necessary now to put up houses.

കാളനിക്ക് സ്ഥലം.

28. [26] ശ്രീ. സി. കൊച്ചുകുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) കൊട്ടാരക്കരതാലൂക്കിൽ വെട്ടിക്കവല പകുതിയിൽ അനുവദിച്ചിട്ടുള്ള കാളനിക്കുവേണ്ടി എടുത്തിട്ടുള്ള സ്ഥലത്തിന്റെ വിസ്തീർണ്ണം എന്ത് ;

(ബി) പ്രസ്തുത കാളനിയിൽ എത്ര ഭവനങ്ങൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്;

(സി) ഈ ഭവനങ്ങളുടെ പണി എന്നു ആരംഭിക്കുന്നു;

(ഡി) ഓരോ ഭവനത്തിനും ചിലവാക്കാൻ ഉദ്ദേശിക്കുന്ന തുക എന്ത്?

ഉത്തരം.

(എ) 35 ഏക്കർ.

(ബി) 8 വീടുകൾ.

(സി) ടെണ്ടർ വിളിക്കാനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. ടെണ്ടർ സ്വീകരിച്ചുകഴിഞ്ഞാൽ താമസിയാതെ പണി ആരംഭിക്കുന്നതാണ്.

(ഡി) രണ്ടായിരത്തിഅമ്പതു രൂപാവീതം.

MOTION FOR VOTE ON ACCOUNT

Mr. Speaker : Order, order. Question time is over. Before proceeding to the motion regarding the Vote on Account, I may state for the information of the hon. Members that if the discussion of the motion is not concluded by 1 p. m., the motion will be put to vote by the Chair at 1 p. m.

9 a. m.

Chief Minister **(Shri Panampilli Govinda Menon):** Sir, I move that the respective sums not exceeding the amounts shown in the third column of the Schedule* annexed to this motion be granted to the Rajpramukh on account for or towards defraying the charges during the first one month of the financial year 1955-1956 in respect of the corresponding Heads of Demands entered in the second column of the said schedule.

സർ, ഗവണ്മെൻറഭാഗത്തു നിന്നും അവതരിപ്പിച്ച ബഡ്ജററ് ഈ മാർച്ച് 31-ാംനു-ക്കകത്തു പാസ്സാക്കണമെന്നു നിർബന്ധിക്കുകയാണെങ്കിൽ, ഈ നിയമസഭയിൽ ഈ ബഡ്ജററ ഡിമാൻഡുകളെപ്പററി പതിവു പോലെ വിസ്തരിച്ചു വാദപ്രതിവാദം ചെയ്യാൻ സമയം കിട്ടുകയില്ല എന്നു കാണുന്നു. ജനറൽ ബഡ്ജററിൻെറ വാദപ്രതിവാദത്തിനുള്ള സമയം ഒട്ടും കുറയ്ക്കുവാൻ ഇടവരുത്താതിരിക്കണമെങ്കിൽ ഒരു മാസത്തേയ്ക്കു വേണ്ടിവരുന്ന നിത്യനിദാനച്ചെലവുകൾക്കുള്ള സംഖ്യ വോട്ട് ആൺ അക്കൗണ്ട്സായി പാസാക്കിതരണമെന്നാണ് ഞാൻ അപേക്ഷിക്കുന്നതു്. അതായതു്, ആകെ ആവശ്യമുള്ളതിൻെറ പന്ത്രണ്ടിലൊരുഭാഗമാണ് ഈ സംഖ്യ. അതുകൊണ്ടു് ഈ ചെറിയ തുകയ്ക്കുവേണ്ടി വോട്ടുചെയ്തു തരാൻ ഞാൻ ഈ സഭയോടു് അപേക്ഷിക്കുന്നു.

Shri A. J. John : I second it.

Mr. Speaker : The hon. Member Mr. Mathew has tabled an amendment. The amendment is not in order. So, I am not admitting it. However, if he wants to speak, he can do so.

Shri C. A. Mathew : I wish to speak on the motion.

Mr. Speaker : Yes **you may.** Now Shri T. K. Krishnan.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: സർ, ഈ നിയമസഭയിൽ 1955—56-ലേക്കുള്ള ബഡ്ജററ അവതരിപ്പിച്ചുകൊണ്ടു് ധനകാര്യമന്ത്രി ചെയ്ത പ്രസംഗത്തിൽ ഈ സംസ്ഥാനത്തെ ഗവണ്മെൻറ് സർവ്വീസിലുള്ളവർക്കും പ്രൈവററസ്കൂൾ അദ്ധ്യാപകന്മാർക്കുമായി ശമ്പളപരിഷ്കാരത്തിൻെറപേരിൽ ഒരു ന്യൂ ഡീൽ പ്രഖ്യാപിച്ചിട്ടുണ്ടു്. മാത്രമല്ല, ഈ ശമ്പളപരിഷ്കാരം സയിൻറിഫിക് ബേസിസിൽ കൊണ്ടുവരുന്നതിനുവേണ്ടി ഒരു പേ കമ്മീഷനെയും നിയമിച്ചിരിക്കുന്നു. വളരെ കൊല്ലങ്ങളായി നമ്മുടെ സർവ്വീസിലുള്ളവർക്കു് ജീവിക്കാനുള്ള ശമ്പളമെങ്കിലും കിട്ടേണ്ടതാണു് എന്നു കാണിച്ചു് പല നിവേദനങ്ങളും മെമ്മോറാണ്ടങ്ങളും മററും ഗവണ്മെൻറിനു സമർപ്പിച്ചുതുടങ്ങിയിട്ടു് അപ്പോഴെല്ലാം ഗവണ്മെൻറ് പറയാറുള്ളതു് പണമില്ല, പണമില്ലായെന്നുള്ള പല്ലവിയാണു്. എന്നാൽ ഒരു നിവൃത്തിയുമില്ലാതെ വരുന്ന അവസരങ്ങളിൽ പേരിനുവേണ്ടി ചില കമ്മിററികളും രൂപീകരിക്കാറുണ്ടു്. ശമ്പളപരിഷ്കാരം വരുത്തണ

* Please see Appendix II.

മെന്നുള്ള മുറവിളിയുടെ ഫലമായി മുൻഗവണ്മെൻറ് (പി. എസ്. പി. ഗവണ്മെൻറ്) അതിനു മുമ്പുള്ള ഗവണ്മെൻറു ചെയ്യാതിരുന്ന ഒരു കാര്യം ചെയ്യുകയുണ്ടായി. സർവ്വീസിലുള്ളവർക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ശമ്പളം മതിയാകുന്നില്ലെന്നു ബോദ്ധ്യപ്പെട്ടതിൻെറ ഫലമായി ശമ്പളം പരിഷ്കരിച്ചുകൊണ്ട് ഒരു ജി. പി. പുറപ്പെടുവിക്കുകയുണ്ടായി. ശമ്പളപരിഷ്കാരത്തിൻെറ ഉദ്ദേശം ഏതുതന്നെയായിരുന്നാലും, അതു് ഒരു പക്ഷെ രാഷ്ട്രീയമായിട്ടുള്ള ഒരു സ്റ്റൻഡായിരിക്കാം; അല്ലെങ്കിൽ വേറെ ഏതെങ്കിലും ഉദ്ദേശം കൊണ്ടായിരിക്കാം. ഏതു തരത്തിലായാലും പി. എസ്. പി. ഗവണ്മെൻറ് ഈ കാര്യത്തിൽ ധീരമായ ഒരു നടപടിയാണ് കൈക്കൊണ്ടതു്. ശമ്പളപരിഷ്കാരം വരുത്തിയതിനെപരാമർശിച്ചുകൊണ്ട് അന്ന് മുഖ്യമന്ത്രിപദകാമുകനായിരുന്ന ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ഈ ശമ്പളപരിഷ്കാരം ഒരു 'പോസ്റ്റ് ഡേറ്റഡ് ചെക്ക്' ആണെന്നു പറഞ്ഞു് ആക്ഷേപിക്കുകയുണ്ടായി. എന്നാൽ ശ്രീ. പനമ്പിള്ളിയും ഒരു "പോസ്റ്റ് ഡേറ്റഡ് ചെക്ക്" തന്നെയാണ് നമ്മുടെ എൻ. ജി. ഓ. മാർക്കു നൽകിയതു്. ഇത്തവണയും എൻ. ജി. ഓ. മാരോടു് കടം പറഞ്ഞിരിക്കുകയാണ്. അതേ അവസരത്തിൽ ഗസറ്റഡ് ഉദ്യോഗസ്ഥന്മാരുടെ ശമ്പളസ്കെയിൽ പെട്ടെന്നു നടപ്പിൽ വരുത്തുകയും ചെയ്തിരിക്കുന്നു. എന്നാൽ എൻ. ജി. ഒ. മാർക്ക് പേ കമ്മീഷൻെറ ഒരു തീരുമാനമനുസരിച്ചുമാത്രം പുതിയ സ്കെയിൽ നടപ്പിൽ വരുത്തിയാൽ മതിയെന്നു നിശ്ചയിക്കുകയും ചെയ്തു. സർ, ഇവരുടെ കാര്യത്തിൽമാത്രം എന്താവശ്യത്തിനുവേണ്ടി പേ കമ്മീഷൻെറ ശുപാർശ കാത്തിരിക്കണമെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഒരു പക്ഷെ, ഗസറ്റഡ് ഉദ്യോഗസ്ഥന്മാർക്കു വരുന്ന ഏപ്രിൽ 1-ാംനു- മുതൽതന്നെ ശമ്പളം കൂട്ടണമെന്നുള്ള വ്യഗ്രതകൊണ്ടായിരിക്കാം.

(Deputy Speaker in the Chair.)

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗസറ്റഡ് ഉദ്യോഗസ്ഥന്മാർക്കും അല്ലാത്തവർക്കും ഏപ്രിൽ 1-ാംനു- മുതൽ പൂർവ്വകാല പരിഗണന വച്ചു് ശമ്പളം കൊടുക്കുന്നതാണ്.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: ഞാൻ ചോദിക്കുന്നു; ഏപ്രിൽ മാസത്തിൽ ഇരുകൂട്ടർക്കും പുതിയ ശമ്പളപരിഷ്കാരമനുസരിച്ചു മേയ് മാസം 1-ാംനു- ശമ്പളം വാങ്ങുവാൻ കഴിയുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: രണ്ടു കൂട്ടർക്കും ശമ്പളം കൂടുതൽ കിട്ടുമെന്നുതന്നെയാണ് ഞാൻ പറയുന്നതു്.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: വരുന്ന മേയ്മാസത്തിൽ തന്നെ കിട്ടുമോയെന്നു് ഉറപ്പായി പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയാണ് ആർഡറായിരിക്കുന്നതു്.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: സർ, ഗസറ്റഡ് ആഫീസറന്മാരുടെ ശമ്പളപരിഷ്കാരം ആവശ്യമല്ലെന്നല്ല ഞാൻ പറയുന്നതു്. എന്നാൽ 450—750 രൂപാ വരെ ശമ്പളമുള്ള ഒരു ഉദ്യോഗസ്ഥന് അടുത്ത ഏപ്രിൽമാസം മുതൽ 800—1000 രൂപാ വരെ ആക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു മുഴുവനും ശരിയല്ല. ഏതാനും തസ്തികകൾ ഒഴിച്ചാൽ ബാക്കിയുള്ള 450—750 സ്കെയിൽ 500—800 വരെ ആക്കിയിരിക്കുകയാണ്.

ശ്രീ. തലേക്കര കെ. കൃഷ്ണൻ : 800—1000 മായി നിശ്ചയിച്ചിരുന്നവരുടെ ശമ്പളം 450—750 തന്നെ ആയിരുന്നില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതേ.

ശ്രീ. തലേക്കര കെ. കൃഷ്ണൻ : അങ്ങനെ ചില ഉദ്യോഗസ്ഥന്മാരുടെ സ്കെയിൽ 800—1000 വരെ ആക്കിയിരിക്കുകയാണ്. അതെ അവസരത്തിൽ ഏററവും താണപടിയിലുള്ള ശിപായിമാക്ക് എന്താണു ശമ്പളം പരിഷ്കരിച്ചിരിക്കുന്നതെന്നു നോക്കേണ്ടതാണ്. ബഡ്ജററ പ്രസംഗത്തിൽ ഏററവും ഉയന്ന ശമ്പളത്തിൻെറയും, ഏററവും താഴ്ന്ന ശമ്പളത്തിൻെറയും പ്രപ്പോർഷൻ 1:20 ആയിരിക്കുമെന്നു പറഞ്ഞിരിക്കുന്നു. എന്നാൽ സൂക്ഷിച്ചുനോക്കിയാൽ അതു് 1:33 ആകുമെന്നു കാണാൻകഴിയും.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർ, അതും തെററാണു പറയുന്നതു്. 1000 രൂപാ ശമ്പളമുള്ള ഒരു ഉദ്യോഗസ്ഥനു ഡീയർനസ് അലവൻസ് കൊടുക്കുന്നില്ല. നിലവിലുള്ള ആർഡർ അനുസരിച്ചു ഡീയർനസ് അലവൻസും ശമ്പളവുംകൂടി 1000 രൂപയിൽ കൂടാൻ പാടില്ലെന്നു നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ താഴ്ന്ന ശമ്പളക്കാരനായ ഒരു ശിപായിക്ക് ശമ്പളവും ഡീയർനസ് അലവൻസുംകൂടി 50 രൂപാ വരെ പ്രതിമാസം കിട്ടുന്നുണ്ട്. അതുകൊണ്ടാണ് ബഡ്ജററപ്രസംഗത്തിൽ പറഞ്ഞിരിക്കുന്നതു താഴ്ന്ന ശമ്പളത്തിൻെറയും ഉയന്ന ശമ്പളത്തിൻെറയും പ്രപ്പോർഷൻ 1:20 ആയിരിക്കുമെന്ന്.

ശ്രീ. തലേക്കര കെ. കൃഷ്ണൻ : സർ, നമ്മുടെ രാജ്യത്തെ ഗസററഡ് ഉദ്യോഗസ്ഥന്മാർ കേന്ദ്രഗവണ്മെൻറിൻെറ കമ്മിററികളിലും കൗൺസിലുകളിലുംമററും ഹാജരാകുമ്പോൾ ഇവക്ക് 'എ' സ്റ്റേററിലുള്ള വലിയ ശമ്പളം വാങ്ങിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ അടുത്തിരിക്കാൻ ലജ്ജതോന്നുന്നുവെന്നും, ഒരു ഇൻഫീരിയാറിട്ടി കാംപ്ലക്സ് ഉണ്ടാകുന്നുവെന്നും അതുകൊണ്ടു് അവരുടെ ശമ്പളം വദ്ധിപ്പിക്കേണ്ടതാണെന്നും പറയുകയുണ്ടായി. ശമ്പളം വദ്ധിപ്പിക്കുന്നതിനു എനിക്ക് ആക്ഷേപമില്ല, എന്നാൽ താഴ്ന്ന ശമ്പളത്തിനും ഉയന്ന ശമ്പളത്തിനും ഇടയ്ക്കു ഇത്രത്തോളം ഒരു വലിയ വിടവ് വരുന്നതു ശരിയാണോ എന്നാണു എനിക്കു ചോദിക്കുവാനുള്ളതു്.

ശ്രീ. ജെ. ഏ. ഭട്ട് : ഇൻഫീരിയാറിട്ടി കംപ്ലക്സ് ഉണ്ടാകുന്നതു ശമ്പളത്തിനെമാത്രം അടിസ്ഥാനപ്പെടുത്തി ആണെന്നാണോ പറയുന്നതു്?

ശ്രീ. തലേക്കര കെ. കൃഷ്ണൻ : അങ്ങനെയാണെന്നാണു പറഞ്ഞു കേട്ടതു്. സർ, ഇപ്പോഴത്തെ പരിഷ്കാരം അനുസരിച്ചു് പല ഗസററഡ് ഉദ്യോഗസ്ഥന്മാക്കും വച്ചിട്ടുള്ള ശമ്പളം അവരുടെ ജോലിക്ക് അനുസരണമായിട്ടുള്ളതല്ലെന്നു പറയാൻ കഴിയും. പക്ഷപാതപരമായ ഒരുനയംതന്നെയാണ് കൈക്കൊണ്ടിരിക്കുന്നതു്. ഉദാഹരണമായി ഒരുസബ്ജഡ്ജിസ്ട്രേട്ടിൻെറ ശമ്പളം 175—275 എന്നു നിശ്ചയിച്ചിരിക്കുന്നു. അതെ

സമയം ഒരു ശിരസ്തദാരുടെ ശമ്പളം 200—300 രൂപയാക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്. ജനങ്ങളുടെ ദൃഷ്ടിയിൽ ശിരസ്തദാരേക്കാളും അന്തസ്സും status-ം പാലിക്കേണ്ട ജോലിയാണ് മജിസ്ട്രേട്ടന്റെത്. അവരുടെ ശമ്പളം ഒട്ടും തൃപ്തികരമല്ല. അതുപോലെ തന്നെ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ സ്കെയിൽ 200—250 വരെ ആക്കിയപ്പോൾ പേഴ്സനൽ അസിസ്റ്റന്റന്മാർക്ക് 250—350 വരെ ആക്കിയിരിക്കുകയാണ്. ഇങ്ങനെ പല തരത്തിലുള്ള പക്ഷപാതങ്ങളും കാണിച്ചിട്ടുണ്ട്. ഈയവസരത്തിൽ ഞാനോർക്കുന്നത് മൂന്നു കൊല്ലം മുൻപു നടന്ന ഐ. എ. എസ്. സെലക്ഷനെപ്പററിയാണ്. ലജ്ജാവഹമായ പക്ഷപാതങ്ങൾ ഇക്കാര്യത്തിൽ പ്രവർത്തിച്ചിട്ടുണ്ടെന്നു പലപ്പോഴും ആക്ഷേപങ്ങളുണ്ടായിട്ടുണ്ട്. ഈ ആക്ഷേപം ബഹുമാനപ്പെട്ട വിയ്യൂർ മെംബർ കഴിഞ്ഞ ബഡ്ജററസമ്മേളനത്തിൽ ഉന്നയിച്ചിട്ടുള്ളതാണ്. ഐ. എ. എസ്. നിയമനങ്ങളെപ്പററി കേരളകൌമുദി കഴിഞ്ഞ മാർച്ച് 22-ാംനു എഴുതിയ മുഖപ്രസംഗത്തിൽ ഗുരുതരമായ ആക്ഷേപം ഉന്നയിച്ചിട്ടുണ്ട്. ഈ നിയമനം കാര്യക്ഷമതയുള്ള പല സീനിയർ ഉദ്യോഗസ്ഥന്മാരെയും അവഗണിച്ചുകൊണ്ട് നടത്തിയിട്ടുള്ളതാണ് എന്ന് പറയപ്പെടുന്നു. ജാതീയമായ അടിസ്ഥാനത്തിലാണ് ഈ നിയമനങ്ങൾ നടത്തിയിട്ടുള്ളത്. ജാതീയമായ അടിസ്ഥാനത്തിൽ ഇത്തരം നിയമനങ്ങൾ നടത്തുന്നതായാൽ ആ പ്രവൃത്തി അവഗണിക്കപ്പെട്ട സീനിയർ ഉദ്യോഗസ്ഥന്മാരുടെ മൊറയിലിനെ എത്രത്തോളം ബാധിക്കുമെന്ന് ഗവണ്മെന്റു ചിന്തിക്കേണ്ടതാണ്.

മറെറാന്നു ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിലുള്ള ഭീമമായ വ്യത്യാസത്തെക്കുറിച്ചാണ്. ശിപായിമാരുടെ കാര്യംതന്നെ എടുത്തു നോക്കുക ഏപ്രിൽ മാസംമുതൽ ഇവിടത്തെ വലിയ ഗസററഡ് ഉദ്യോഗസ്ഥൻ 800-ം 1000-വും രൂപാ ശമ്പളം വാങ്ങിക്കുമ്പോൾ അദ്ദേഹത്തിന്റെ ശിപായിക്കു 25 രൂപയാണു ലഭിക്കുന്നത്. അതു പത്തുകൊല്ലംകൊണ്ടാണ് അഞ്ചുരൂപ കൂടി 30 രൂപയായി വർദ്ധിക്കുക. ഇതു എത്രമാത്രം അനീതിയാണെന്ന് നാമോർക്കേണ്ടതാണ്. ഇതു ഏതു തരത്തിലുള്ള സോഷ്യലിസമാണെന്നു എനിക്കു മനസിലാകുന്നില്ല. 30 രൂപയും 1000 രൂപയും തമ്മിലുള്ള ഈ അന്തരം ആവടി സോഷ്യലിസത്തിന്റെ മുമ്പിൽ ഒരു ചോദ്യചിഹ്നമായി നിലകൊള്ളുകയാണ്. ഈ നിലക്ക് അവതി വരുത്തണം. എന്റെ അഭിപ്രായത്തിൽ ഈ ശിപായിമാരുടെ ശമ്പളം 30 രൂപാ മുതൽ 50 രൂപാവരെയെങ്കിലും ആക്കേണ്ടതാണ്. കുഞ്ഞുകുട്ടികളുള്ള ഒരു കുടുംബത്തെ പുലർത്തുന്നതിന്നും മര്യാദയോടെ മനുഷ്യനായി ജീവിക്കുന്നതിന്നും ആവശ്യമായ ശമ്പളം അവർക്കു കൊടുക്കേണ്ടതാണ്. അതു് ആവടി സോഷ്യലിസത്തിലേയ്ക്കുള്ള ധീരമായ കാൽവയ്പായിരിക്കും. അതുപോലെതന്നെ ക്ലാർക്കന്മാരുടെ ശമ്പളസ്കെയിൽസംബന്ധിച്ചും: അവരുടെ ശമ്പളസ്കെയിലുകൾ പരിഷ്കരിച്ചതു സ്വാഗതാർഹമാണ്. ലോവർ ഡിവിഷൻ അപ്പർ ഡിവിഷൻ എന്നുള്ള വിഭജനം ഒരുവിധം ഭംഗിയായിട്ടുണ്ട്. എന്നാൽ അതേഅവസരത്തിൽ ഒരേ മിനിമം ക്വാളിഫിക്കേഷൻ ആവശ്യമായ പല പോസ്ററുകൾക്കും ഭിന്നരീതിയിലുള്ള ശമ്പളസ്കെയിൽ വെച്ചിട്ടുള്ളതു് ഒട്ടും നീതിയല്ല. ഉദാഹരണത്തിന്നു് ക്ലാർക്ക്, കാപ്പിസ്ററ്, ആമീൻ, അററണ്ടർ, മുതലായ ഉദ്യോഗങ്ങൾക്കു എസ്. എസ്. എൽ. സി. മിനിമം ക്വാളിഫിക്കേഷനായി വച്ചിട്ടുണ്ട്. ഇ

[ശ്രീ. തലേക്കര കെ. കൃഷ്ണൻ]

ക്വാളിഫിക്കേഷൻ ഉള്ള ഉദ്യോഗാർത്ഥികളെ പബ്ലിക്ക് സർവീസ് കമ്മീഷൻ ഓരോ ജോലിയിൽ നിയമിക്കുന്നു. ഒരാൾ ക്ലാർക്കാകുന്നതും ഒരാൾ കോപ്പിസ്റ്റാകുന്നതും അയാളുടെ സേച്ഛയനുസരിച്ചല്ല. പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമിക്കുന്നതനുസരിച്ചാണ്. എന്നാൽ ഒരു കോപ്പിസ്റ്റിനും ആമീനുമുള്ള സ്കെയിൽ 30—60 ക. മാത്രമാണ്. ഇതേ ക്വാളിഫിക്കേഷനുള്ള ക്ലാർക്കന്മാർക്കുള്ള സ്കെയിൽ 40—120 ക. എന്നതാണതാനും. ഇതു് നീതീകരിക്കാവുന്ന ഒരു കാര്യമല്ല. കൊച്ചിവിഭാഗത്തെ സംബന്ധിച്ചിടത്തോളം എസ്. എസ്. എൽ. സി. പാസാകുകയും പബ്ലിക്കുസർവീസ് ടെസ്റ്റ് പാസാകുകയും ചെയ്തതിനുശേഷം അവരെ പബ്ലിക്കുസർവീസ് കമ്മീഷൻ നിയമിച്ചിട്ടുള്ളതാണ്. യാദൃച്ഛികമായി അവർ കാപ്പിസ്റ്റുകളായി നിയമിക്കപ്പെട്ടവരാണ്. അവർക്ക് 40-120 ശമ്പളസ്കെയിൽ കൊടുക്കേണ്ടതാണ്. അതു് ന്യായം മാത്രമാണ്.

ഇൻക്രിമെൻറ് സംബന്ധിച്ചു ഒരു വാക്കു പറയുവാനുണ്ട്. ഇന്നു നിലവിലുള്ള ഇൻക്രിമെൻറിൽനിന്നും കുറഞ്ഞ രീതിയിലുള്ള ഒരു ഇൻക്രിമെൻറ് ലഭിക്കാനിടയാകരുതു്. പുതിയ ജി. പി. പ്രകാരം നിലവിലുള്ള ഇൻക്രിമെൻറിൽനിന്നും കുറഞ്ഞ തോതിലുള്ള ഒരു ഇൻക്രിമെൻറ് ചിലർക്കു ലഭിക്കുവാനിടയുണ്ട്. അതു പാടില്ല. അതുപോലെതന്നെ 16 കൊല്ലംകൊണ്ടു് മാക്സിമം ലഭിക്കത്തക്ക രീതിയിലായിരിക്കണം ഇൻക്രിമെൻറ് നിശ്ചയിക്കുവാൻ. ഒരു കൊല്ലത്തിൽ കുറഞ്ഞതു് അഞ്ചു രൂപയെങ്കിലും ഇൻക്രിമെൻറുണ്ടായിരിക്കണം. മറ്റൊന്നു് അപ്പർഡിവിഷൻ ക്ലാർക്കന്മാരും ലോവർഡിവിഷൻ ക്ലാർക്കന്മാരും 1 : 1 എന്ന അനുപാതക്രമം സെക്രട്ടേറിയറ്റിൽ മാത്രം പോരാ. മററു ഡിപ്പാർട്ടുമെൻറുകളിലും അതേ അനുപാതം പാലിക്കേണ്ടതാണ്. പ്രമോഷൻെറ കാര്യത്തിലും ഒന്നു പറയുവാനുണ്ട്. ശരിയായിട്ടുള്ള സീനിയാറിട്ടി നോക്കിവേണം പ്രമോഷൻ കൊടുക്കുവാൻ. ഗ്രാഡ്വേറ്റ് ക്ലാർക്കന്മാർക്കു സ്റ്റാർട്ടിംഗ് കൂടുതൽ കിട്ടുന്നതുകൊണ്ടു് പ്രമോഷൻെറ കാര്യത്തിൽ സീനിയാറിട്ടി മാത്രമേ പരിഗണിക്കാൻ പാടുള്ളൂ. നിലവിലിരിക്കുന്ന സ്കെയിൽ പ്രകാരം 1—4—55 -ൽകിട്ടിക്കൊണ്ടിരിക്കുന്നതിൽ കൂടുതലായി ശമ്പളം കിട്ടത്തക്കവണ്ണം പരിഷ്കാരം നടത്തേണ്ടതാണ്. അതുപോലെതന്നെ ഇപ്പോൾ ചില വേക്കൻസികളിൽ അഫിഷ്യേറ്റ് ചെയ്യുന്ന ആളുകൾക്കു അതേ ശമ്പളംതന്നെ തുടർന്നുകിട്ടത്തക്കവണ്ണം വേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടതാണ്. മറ്റൊന്നു, വെയിറേറജിൻെറ കാര്യമാണ്. വെയിറേറജ് കൊടുക്കാത്തപക്ഷം പത്തും പന്ത്രണ്ടും കൊല്ലം സർവീസുള്ള ആളുകൾക്കു യാതൊരു ഗുണവും ലഭിക്കുന്നില്ല. പുതുതായി വന്നവർക്കുമാത്രമേ പുതിയ സ്കെയിൽപ്രകാരം ഗുണം ലഭിക്കുകയുള്ളൂ. പുതിയ സ്കെയിൽ അനുസരിച്ചു എല്ലാവർക്കും ഗുണം കിട്ടണമെങ്കിൽ കൂടുതൽ സർവ്വീസുള്ളവർക്ക് അവരർഹിക്കുന്ന വെയിറേറജ് നൽകേണ്ടതാണ്. ഒരാൾക്ക് പുതിയ സ്കെയിലോ, പഴയ സ്കെയിലോ, ഏതാണ് കൂടുതൽ ഗുണകരമെങ്കിൽ ആ സ്കെയിലനുസരിച്ച് ശമ്പളം വാങ്ങിക്കാനുള്ള അവകാശം നിഷേധിക്കാൻ പാടില്ല.

വേറൊരുകാര്യം ടെക്നിക്കൽ ക്വാളിഫിക്കേഷൻ ആവശ്യമുള്ള ഉദ്യോഗങ്ങളെ സംബന്ധിച്ചാണ്. ഈ ഉദ്യോഗങ്ങളെ സംബന്ധിച്ചു

യാതൊരു ശമ്പളപരിഷ്കാരവും ചെയ്തിട്ടില്ല. ഉദാഹരണമായി കമ്പൗണ്ടറന്മാർ, പബ്ലിക്കഹെൽത്ത് ഡിപ്പാർട്ടുമെൻറിലെ ഹെൽത്ത് അസിസ്റ്റൻറന്മാർ ആസ്പത്രികളിലെ ലേബോററി അസിസ്റ്റൻറന്മാർ ഇങ്ങനെ പല ഉദ്യോഗങ്ങളും ഉണ്ട്. മററുള്ളവരെപ്പോലെ എസ്. എസ്. എൽ. സി മാത്രമല്ല അതിൽ കൂടുതലായി സാങ്കേതികമായ പരിജ്ഞാനവും സമ്പാദിച്ചിട്ടുള്ള ഈ ഉദ്യോഗസ്ഥന്മാർക്ക് ലോവർഡിവിഷൻ ക്ലാർക്കന്മാർക്ക് കിട്ടുന്നതിലും കുറഞ്ഞ ശമ്പളമാണു നിശ്ചയിച്ചിരിക്കുന്നത്. ഇതു് ഒട്ടും ശരിയല്ല.

മറെറാന്നു 3—1—55-ൽ ഇഷ്യുചെയ്തിട്ടുള്ള ജി. പി. യിൽ മൂന്നാം ഷെഡ്യൂലിൽ കാണിച്ചിട്ടുള്ള കുറെ ഉദ്യോഗങ്ങളുടെ ശമ്പളം വർദ്ധിപ്പിക്കാതെ നിലനിർത്തിയിരിക്കുന്നു. പഞ്ചായത്ത് സെക്ഷൻആഫീസർമാർ, സൂപ്പർവൈസേഴ്സ് മുതലായ ഉദ്യോഗങ്ങളാണു അവ. പഞ്ചവത്സരപദ്ധതിയും മററു വികസനപദ്ധതികളും, നടപ്പിൽ വരുത്തുന്നതിനു കാര്യക്ഷമമായി പ്രവർത്തിക്കേണ്ട ഉദ്യോഗസ്ഥന്മാരാണ് ഇവർ. ഇവർക്കു പ്രോത്സാഹനമില്ലാത്ത രീതിയിൽ അവരെ ഇങ്ങനെ അവഗണിച്ചിരിക്കുന്നതു് ശരിയല്ല. അതിനാൽ അവരുടെ ശമ്പളവും ഗുണകരമായ വിധത്തിൽ പരിഷ്കരിക്കേണ്ടതാണ്.

ഉദ്യോഗാർത്ഥികളെ മൌലികമായി ബാധിക്കുന്ന ഒരു പ്രശ്നം ഉന്നയിക്കാൻ ഞാനാഗ്രഹിക്കുന്നു. ഉദ്യോഗനിയമനകാര്യത്തിൽ രാഷ്ട്രീയ പരിഗണനകൾ കലർന്നിട്ടുണ്ടെന്നുള്ള കാര്യം ഞാൻ പ്രത്യേകിച്ചു പറയണമെന്നില്ല. ഇതിനെസംബന്ധിച്ചു ഈ നിയമസഭയിൽതന്നെ ചൂടുപിടിച്ച വിമർശനങ്ങൾ ഉണ്ടായിട്ടുണ്ട്. അതായതു് ഒന്നാമതായി ഏതെങ്കിലും ഒരു ഉദ്യോഗാർത്ഥിയെ പബ്ലിക്ക സർവ്വീസ് കമ്മീഷൻ സെലക്ട്ചെയ്യുകഴിഞ്ഞാൽ അയാളെക്കുറിച്ച് പോലീസുകാരുടെ റിപ്പോർട്ടു വരുത്തണമെന്നു നിയമമുള്ളതായി കാണുന്നു. പോലീസുകാരൻ അവിടെ ചെന്നാൽ അവനു രണ്ടുരൂപ കിട്ടിയില്ലെങ്കിൽ ആ ഉദ്യോഗാർത്ഥി കമ്മ്യൂണിസ്റ്റാണെന്നു റിപ്പോർട്ടുചെയ്യും. അതിൻെറ അടിസ്ഥാനത്തിൽ ഉദ്യോഗം കൊടുക്കുകയില്ല. ഇങ്ങനെയുള്ള ഉദാഹരണങ്ങൾ ധാരാളം ഉണ്ട്. ഒരാൾ ഉദ്യോഗത്തിൽ വരുന്നതിനുമുമ്പു അയാളുടെ പ്രവർത്തനങ്ങൾ എങ്ങനെയെങ്കിലും ആയിക്കൊള്ളട്ടെ. ആ കാരണം വച്ചുകൊണ്ടു് ഉദ്യോഗം കൊടുക്കാതിരിക്കുന്നതു ശരിയല്ല. കാൺഗ്രസ്സുകാരനാണെന്നോ കമ്മ്യൂണിസ്റ്റുകാരനാണെന്നോ വച്ചുകൊണ്ടുദ്യോഗം കൊടുക്കുകയോ കൊടുക്കാതിരിക്കുകയോ ചെയ്യുന്നതു ശരിയായിട്ടുള്ള നടപടിയല്ല. ഇപ്പോൾ പബ്ലിക്കുസർവീസ് കമ്മീഷനിലെ മെമ്പറായി നിയമിച്ചിട്ടുള്ള ശ്രീ. എൻ. പി. വർഗീസ് തന്നെ കാൺഗ്രസ് കക്ഷിയിൽപ്പെട്ട ഒരു എം. എൽ. എ. ആയിരുന്നു. അദ്ദേഹം കാൺഗ്രസ്സിൻെറ വിപ്പുമായിരുന്നു. അദ്ദേഹത്തിൻെറ രാഷ്ട്രീയജീവിതം, രാഷ്ട്രീയപ്രവർത്തനം ഉദ്യോഗത്തിനു തടസ്സമായില്ല. അങ്ങനെയാണെങ്കിൽ ഒരാൾ കമ്മ്യൂണിസ്റ്റായിരുന്നു എന്ന കാരണത്താൽ ഉദ്യോഗം നിഷേധിക്കുന്നതു ശരിയാണോ? കമ്മ്യൂണിസ്റ്റുപാർട്ടിയും കാൺഗ്രസ്സിനെപ്പോലെ നിയമവിധേയമായി പ്രവർത്തിക്കുന്ന ഒരു പാർട്ടിയാണ്. കാൺഗ്രസ്സിൽ പ്രവർത്തിച്ചിരുന്നതു ഒരാൾക്കു അയോഗ്യത അല്ലെങ്കിൽ കമ്മ്യൂണിസ്റ്റു പാർട്ടിയിൽ പ്രവർത്തിച്ചതു അയോഗ്യതയാകാൻ പാടില്ല. ഭരണഘടനപ്രകാരം ഓരോരുത്തർക്കും അഭിപ്രായസ്വാതന്ത്ര്യമുണ്ട്. ഉദ്യോഗത്തിൽ

[ശ്രീ. തലേക്കര കെ. കൃഷ്ണൻ]

പ്രവേശിച്ചതിനുശേഷം രാഷ്ട്രീയപ്രവർത്തനം നടത്തുകയാണെങ്കിൽ നിശ്ചയമായും അതു കുററകരമായിരിക്കും. എന്നാൽ അതിനു മുൻപുള്ള പ്രവർത്തനം ഒരിക്കലും ഒരു അയോഗ്യതയായി പരിഗണിക്കാൻ പാടില്ല. ഈ രാഷ്ട്രീയ വിവേചനംനിമിത്തം നിരവധി ഉദ്യോഗാർത്ഥികൾക്കു ഉദ്യോഗം ലഭിക്കാതെ വരുന്നുണ്ട്; ഞാൻ ഇതു വളരെ വേദനയോടുകൂടി പറയുകയാണ്. സർ, ചിലരുടെ വിചാരം തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറും ഗവണ്മെൻറുദ്യോഗങ്ങളും അവരുടെ തറവാട്ടു സ്വത്താണെന്നാണ്. ഇതു ആരുടേയും തറവാട്ടുസ്വത്തല്ല. നിങ്ങൾ ഭരണഘടനയെത്തന്നെ ധിക്കരിക്കുകയാണ്. നിങ്ങൾ യാദൃച്ഛികമായി മന്ത്രിമാരായി വന്നു എന്നല്ലാതെ കാര്യങ്ങൾ തോന്നിയതു പോലെ ചെയ്യുവാൻനിങ്ങൾക്കു യാതൊരധികാരവുമില്ല. അതുകൊണ്ടുഈമാതിരി കാര്യങ്ങളിൽ ഇതെല്ലാം ചിലരുടെ കുത്തകയാണെന്നോ മറേറാ വിചാരിക്കാതെ നീതി പാലിക്കണമെന്നു ഞാൻ ഓർമ്മിപ്പിക്കുകയാണ്.

എൻ. ജി. ഓ. മാരോടൊപ്പം പ്രൈവററ് സ്കൂൾ അദ്ധ്യാപകന്മാരുടേയും ശമ്പളം പരിഷ്കരിച്ചതു സ്വാഗതാർഹമാണ്. പക്ഷെ ഒരു കാര്യം ഓർക്കണം. ഇന്നു പ്രൈവററുസ്കൂളുകൾ എല്ലാംതന്നെ വലിയ കച്ചവടസ്ഥാപനങ്ങളായി മാറിയിരിക്കുകയാണ്. ഇവിടെ ജോലി കിട്ടണമെങ്കിൽ 500-ും 1000-വും രൂപ മാനേജർക്കു കൈക്കൂലി കൊടുക്കണം എന്ന നിലയാണിപ്പോൾ. മാനേജരുടെ സ്വന്തം ഇഷ്ടംപോലെ ഇതിനെ നിയമനങ്ങൾ നടത്താൻ അനുവദിക്കുന്നതു ശരിയല്ല. നമ്മുടെ ഖജനാവിൽനിന്നുമാണു അവർക്കു ഗ്രാൻറു കൊടുക്കുന്നതു്. അതുകൊണ്ടു തീർച്ചയായും നിയമനകാര്യത്തിൽ ഗവണ്മെൻറിനു പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കണം. അതു ഒരു മൌലികാവകാശം മാത്രമാണ്. മാനേജ്മെൻറുസ്കൂളുകൾ മിക്കവാറും ഇന്നു ചില പ്രമുഖസമുദായക്കാരുടെ വകയാണ്. ഒന്നുകിൽ കത്തോലിക്കരുടെ വക, അല്ലെങ്കിൽ നായന്മാരുടെ വക. അല്ലെങ്കിൽ ഈഴവരുടെ വക. കത്തോലിക്കരുടെ സ്കൂളാണെങ്കിൽ അവരുടെ ആളുകളെ മാത്രമേ അവിടെ നിയമിക്കുകയുള്ളൂ. ഈഴവരുടെയാണെങ്കിൽ ഈഴവരെമാത്രമേ നിയമിക്കുകയുള്ളൂ. നായന്മാരുടെ സ്കൂളിലും തഥൈവ. അതുകൊണ്ടു ഇങ്ങനെയുള്ള വിഭാഗീയസ്ഥിതി അവസാനിപ്പിക്കാതെ തരമില്ല. ഇതവസാനിക്കണമെങ്കിൽ ഈ നിയമനങ്ങളെല്ലാം പബ്ലിക്കുസർവീസ് കമ്മീഷനു വിട്ടുകൊടുക്കണം. ഏതെങ്കിലും ഒഴിവു വരികയാണെങ്കിൽ പബ്ലിക്കുസർവീസ് കമ്മീഷനെ അറിയിച്ചു അവരുടെ നിർദ്ദേശത്തോടുകൂടി മാത്രമേ നിയമനം നടത്തുവാൻ പാടുള്ളൂ. അങ്ങിനെഏതെങ്കിലും മാനേജുമെൻറ് അതിനെ വകവയ്ക്കാൻ തയ്യാറാകുന്നില്ലെങ്കിൽ ആ മാനേജ്മെൻറിനു ഗ്രാൻറുകൊടുക്കണമോ എന്നുള്ള കാര്യം നാം ആലോചിക്കേണ്ടതാണ്. അതുകൂടാതെ അദ്ധ്യാപകന്മാരുടെ ശമ്പളം കൂട്ടി എന്നുമാത്രം പറഞ്ഞതുകൊണ്ടു് കാര്യമായില്ല. ഇക്കാര്യം വളരെ ഗൗരവമായി ആലോചിക്കേണ്ടതാണ്.

മറെറാന്നു് എനിക്കു പറയുവാനുള്ളതു് ആഫീസുകളിൽ ഓരോ ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചും കുറച്ചുകാലമായി പേർസനൽ രജിസ്റ്റർ സൂക്ഷിക്കുന്ന ഏർപ്പാടിനെപ്പററിയാണ്. ഇതു് പണ്ടില്ലാതിരുന്ന ഒരു ഏർപ്പാടാണ്. മുമ്പു് സർവ്വീസുബുക്കുമാത്രം ആയിരുന്നു സൂക്ഷിച്ചിരുന്നതു്.

ഉദ്യോഗകാലത്തു് അവർ എന്തുചെയ്തു എന്നുംമററും രേഖപ്പെടുത്തി സർവ്വീസുബുക്കു് വയ്ക്കാറുണ്ടായിരുന്നു. ആ ബുക്കു് ഉദ്യോഗസ്ഥനു് ഏതവസരത്തിലും പരിശോധിക്കാനുള്ള അവകാശമുണ്ടായിരുന്നു. ഇപ്പോൾ ഈ പേർസനൽ കാൺഫിഡൻഷ്യൽ രജിസ്റ്റർ ഏർപ്പെടുത്തിയതിന്റെ ഫലമായി് ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം ഒരു എക്സ്പാർട്ടി വിധിയാണു് ഉണ്ടാകുന്നതു്. മേലുദ്യോഗസ്ഥൻ എന്താണു് രേഖപ്പെടുത്തുന്നതെന്നു് താഴെയുള്ളവർക്കു് അറിയാൻ നിവൃത്തിയില്ല. അതേയവസരത്തിൽ പേർസനൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയതിനെ അടിസ്ഥാനമാക്കിയാണു് പ്രമോഷനും മററും നൽകിവരുന്നതു്. അതിനാൽ ഒരു ഉദ്യോഗസ്ഥൻ ആ ആഫീസിലെ മേലുദ്യോഗസ്ഥന്റെ കരുണയ്ക്കു് പാത്രമായി ജീവിക്കാത്തപക്ഷം അയാൾക്കു് എതിരായി രജിസ്റ്ററിൽ രേഖപ്പെടുത്താനും അതുമൂലം ന്യായമായ പ്രമോഷനുംമററും നഷ്ടപ്പെടുവാനുമുള്ള ഇടവരുന്നതാണു്. ഇതു് ഒട്ടുംതന്നെ ശരിയല്ല. സർവ്വീസുബുക്കു് സൂക്ഷിക്കുന്നതുകൊണ്ടു മാത്രം എന്താണു് അപകടമുള്ളതു്? ഈ പേർസനൽ രജിസ്റ്ററിന്റെ അടിസ്ഥാനത്തിലാണു് എഫിഷൻസിയുംമററും നിശ്ചയിക്കുന്നതു്. അതു ശരിയല്ല. ക്ലാർക്കന്മാർ തുടങ്ങിയ ഉദ്യോഗസ്ഥന്മാരുടെ കാര്യത്തിൽ എഫിഷ്യൻസിബാർ വയ്ക്കേണ്ട കാര്യംതന്നെ ഉണ്ടോ എന്നു സംശയമാണു്. ആളുകൾക്കു് അർഹിക്കുന്നവിധത്തിലുള്ള ശമ്പളം കൊടുക്കാതിരിക്കുന്നതിനുവേണ്ടിയാണു് ഈ എഫിഷ്യൻസിബാർ ഏർപ്പെടുത്തിയിരിക്കുന്നതു്. ഈ അവസരത്തിൽ ടെസ്ററു കപ്പാളിഫിക്കേഷൻ ഏർപ്പെടുത്തിയിരിക്കുന്നതിലും ഒരു തകരാറു് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാനാഗ്രഹിക്കുന്നു. മുമ്പു് 30—75 രൂപാ ഗ്രേഡിലുള്ള ഒരാൾക്കു് ടെസ്റ്റു് പാസ്സാകാതെതന്നെ 50 രൂപവരെ പോകാം, 50 രൂപവാങ്ങി കഴിയുമ്പോഴാണു് ടെസ്റ്റിന്റെ പ്രശ്നം വരുന്നതു് ഇപ്പോൾ സ്കെയിൽ 40—120 ആക്കിയിരിക്കുമ്പോൾ പഴയ 50 വരെ മാത്രമേ ടെസ്ററു കപ്പാളിഫിക്കേഷൻ ഇല്ലാതെ പോകാവൂ എന്നു വച്ചിരിക്കുന്നതു് ശരിയല്ല. ആ 50 എന്നുള്ളതു് 75-ഓ, 80-ഓ ആയി കൂട്ടേണ്ടതാണു്. സ്കെയിൽ കൂട്ടിയിരിക്കുന്നതനുസരിച്ചു് ആ വ്യത്യാസം വരുത്തേണ്ടതാണു്. ഈവക കാര്യങ്ങൾ ഗവണ്മെൻറിന്റെ മുമ്പിൽ സമർപ്പിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സി. എ. മാത്യു : സർ, ഈ ചുരുങ്ങിയകാലത്തെ നിയമസഭാ പരിചയത്തിൽനിന്നും ഒരു വസ്തുത എനിക്കു് മനസ്സിലാക്കാൻ കഴിഞ്ഞു. ഈ സഭയുടെ എല്ലാ ഭാഗത്തും അവശതയനുഭവിക്കുന്ന ആളുകളുടെ കാര്യം പറയാൻ ധാരാളംപേരുണ്ടു്. രാഷ്ട്രീയ പരിഗണനകൾ കൂടാതെതന്നെ എല്ലാ പാർട്ടികളും തൊഴിലാളികൾ ഇന്നു് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളെപ്പററി സംസാരിക്കാറുണ്ടു്. അദ്ധ്യാപകന്മാരുടെ കാര്യത്തിലായാലുംശരി, വിദ്യാർത്ഥികളുടെ കാര്യത്തിലായാലുംശരി

[ശ്രീ. സി. എ. മാത്യു]

എൻ. ജി. ഒ. മാരുടേയും, ജി. ഒ. മാരുടേയും കാര്യത്തിലായാലുംശരി അവരുടെ അവശതകളെപ്പററി സംസാരിക്കുന്നതിന് അനവധി ആളുകൾ മുൻപോട്ടു വരുന്നുണ്ട്. എന്നാൽ ഈ നാട്ടിൽ ബഹുഭൂരിപക്ഷംവരുന്നതും വളരെ കഷ്ടതകൾ അനുഭവിക്കുന്നവരുമായ ഇടത്തരം കർഷകരുടെ കാര്യത്തെപ്പററി സംസാരിക്കാൻ വിരലിൽ എണ്ണാവുന്ന ആളുകൾമാത്രമേ മുമ്പോട്ടു വരുന്നുള്ളൂ. കർഷകരുടെ കാര്യത്തെപ്പററി എല്ലാവരും വളരെ അനുകമ്പയോടുകൂടി സംസാരിക്കാറുണ്ട്. നമ്മുടെ നാട് ഒരു കർഷകരാജ്യമാണെന്നും ഈ നാട്ടിന്റെ നട്ടെല്ല് കർഷകരാണെന്നും, ഈ കർഷകരാണ് നമ്മുടെ മലങ്കാടുകൾ മാണിക്യം വിളയുന്ന മലർവാടികളായി മാററിയതെന്നുംമററും പറയാറുണ്ട്. അങ്ങനെ ഭംഗിവാക്കുകൾ പറയുന്ന വളരെ അധികംപേരുണ്ട്. എന്നിരുന്നാലും കർഷകരുടെ കഷ്ടതകളെപ്പററി ശരിയായിചിന്തിക്കുന്നതിനോ, അതിനുവേണ്ട പ്രതിവിധികൾ കണ്ടുപിടിക്കുന്നതിനുള്ള പ്രായോഗികമാർഗ്ഗങ്ങളെന്താണെന്നു ആത്മാർത്ഥമായി ചിന്തിക്കുന്നതിനോ, അധികംപേരില്ലെന്നുള്ളതു് വേദനാജനകമായ ഒരു പരമാർത്ഥമാണ്. കർഷകനെ പണത്തിനുവേണ്ടി മാത്രം കൂട്ടുപിടിക്കുന്ന ഒരു സ്ഥിതിയാണ് ഇവിടെ വന്നിട്ടുള്ളതു്. ഏതെങ്കിലും ആവശ്യത്തിന് പണം വേണ്ടിവരുമ്പോൾ കർഷകന്റെനേക്കു ചാടുകയായി. അങ്ങിനെ ഈ കർഷകപുഷ്പത്തിൽനിന്നും മധുരമേറിയ മധു എടുക്കുന്നതോടുകൂടിത്തന്നെ ആ പുഷ്പത്തിന് കേടുവരാതെ സൂക്ഷിക്കേണ്ടതാവശ്യമാണെന്നും മനസ്സിലാക്കേണ്ടതാണ്. മധു നുകരുന്നതോടുകൂടി അതിന്റെ ഇതളുകൾക്ക് കേടുവരാതെ സൂക്ഷിക്കേണ്ടതാണെന്നു ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളും മനസ്സിലാക്കണമെന്നാണ് എനിക്ക് പറയുവാനുള്ളതു്. ഇന്ന് നമ്മുടെ രാജ്യം സാമ്പത്തികമായി വളരെ അധഃപതിച്ചിരിക്കയാണ്. സാമ്പത്തികസ്വാതന്ത്ര്യത്തിനുവേണ്ടി നാം വളരെ അധികം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുമുണ്ട്. വാസ്തവത്തിൽ സാമ്പത്തികമായി നമ്മുടെ രാജ്യത്തെപ്പോലെ അധഃപതിച്ച ഒരു രാജ്യം ഈ ലോകത്തു് മറെറാന്നുമില്ലെന്ന് കണക്കുകൾ കൊണ്ടു് നമുക്ക് വ്യക്തമായി കാണാൻകഴിയും. ഇൻഡ്യയിൽ ഒരാളുടെ ഒരാണ്ടത്തെ ശരാശരി വരുമാനം 265 രൂപയാണെങ്കിൽ അമേരിക്കയിൽ 7625 രൂപയും ഇംഗ്ലണ്ടിൽ 3365 രൂപയും ആണെന്നാണ് കണക്കുകൾ കൊണ്ടുകാണുന്നതു്. ഇങ്ങനെ സാമ്പത്തികമായി വളരെ അധികം അധഃപതിച്ച ഒരു നിലയിലാണ് നമ്മുടെ രാജ്യം നിലകൊള്ളുന്നതു്. ഈ സാമ്പത്തിക പരാധീനതയിൽനിന്നും രാജ്യത്തെ വിമോചിപ്പിക്കാമെന്നാണ് എല്ലാ രാഷ്ട്രീയനേതാക്കന്മാരും വിചാരിച്ചുകൊണ്ടിരിക്കുന്നതും പണിപ്പെട്ടുകൊണ്ടിരിക്കുന്നതും. ഏതുനിലയിലാണ് നമ്മുടെ ഈ പരാധീനതക്ക് വിമോചനം കാണേണ്ടതെന്നു് നാം ചിന്തിക്കേണ്ടതാണ്. ഈ രാജ്യത്തെ കർഷകജനതയെ ഉദ്ധരിച്ചുകഴിഞ്ഞാൽ നമ്മുടെ സാമ്പത്തിക

പരാധീനത മാറിക്കഴിഞ്ഞുവെന്ന് സ്വല്പമൊന്നു ചിന്തിച്ചാൽ നമുക്കു മനസ്സിലാക്കാൻകഴിയും. ഈ രാജ്യത്ത് ആകെയുള്ള ജനസംഖ്യയിൽ 84 ശതമാനത്തോളം കർഷകരാണ്. ഗ്രാമപ്രദേശങ്ങളെ എടുത്തുനോക്കിയാൽ 90 ശതമാനത്തിലധികം കർഷകരാണെന്നു കാണാൻകഴിയും. അങ്ങിനെയിരിക്കുമ്പോൾ കർഷകന്റെ സാമ്പത്തികപരാധീനതക്ക് പ്രതിവിധി കണ്ടുകഴിഞ്ഞാൽ നമ്മുടെ രാജ്യത്തെ മുഴുവൻ സാമ്പത്തികപരാധീനതയും മാറുമെന്ന് ആർക്കും മനസ്സിലാക്കാവുന്നതാണ്. പ്ലാനിംഗ്കമ്മീഷനും അതിനെ പ്രോത്സാഹിപ്പിക്കയാണെന്നുള്ളതിനു അവിതർക്കിതമായ രേഖകളുണ്ട്. പഞ്ചവത്സരപദ്ധതി എന്ന പുസ്തകത്തിൽ 153-ാംപേജിൽ രേഖപ്പെടുത്തിയിരിക്കുന്നതു് ഇപ്രകാരമാണ്.

> "In any scheme of planned economic development of the country, therefore, agricultural reorganisation and reform hold a position of basic importance. Recently on account of the growing need for food and raw materials this importance has been brought home to all sections of the community. While the several parts of the Nation's economy are mutually inter-dependent and they must all receive their proper share of attention from the economic planner, the success of the whole plan will vitally depend on the results achieved in making the most advantageous use of the land and labour resources engaged in agriculture. In this sense the importance of agriculture is both basic and vital."

പ്ലാനിംഗ്കമ്മീഷന്റെ അഭിപ്രായം ഈനിലയിലായിരിക്കെ ഇവിടത്തെ ചില നേതാക്കന്മാർ വമ്പിച്ചരീതിയിലുള്ള വ്യവസായീകരണം കൊണ്ട് സാമ്പത്തികപരാധീനതയെ മാററിക്കളയാമെന്നു പറയുന്നുണ്ട്. കാർഷികമായി നാം വളരെ അധികം പുരോഗമിച്ചിട്ടില്ല. ആ നിലയിൽ കാർഷികമായി നമുക്കു വളരെ അധികം കഴിവുകൾ ഉപയോഗത്തിൽ വരാതെ അവശേഷിക്കുന്നുണ്ട്. വ്യവസായം വർദ്ധിപ്പിക്കേണ്ടതു് ആവശ്യമാണ്. എന്നാൽ കൃഷിയെ പാടേ ഉപേക്ഷിച്ച് വ്യവസായീകരണം നടത്തിക്കളയാമെന്നു വിചാരിക്കുന്നതുനന്നല്ല. അതുമൂലം പ്രശ്നങ്ങൾക്ക് വളരെ അധികം മാററുകൂട്ടുകയാണ് ചെയ്യുന്നതു്. കൃഷിയെ പാടേ ഉപേക്ഷിച്ചാൽ കാർഷിക വൃത്തി നടത്തുന്ന വളരെ അധികം ആളുകൾ അതുവിട്ട് വ്യവസായരംഗത്തു ചാടിക്കയറാൻ ഇടയാകും. നമ്മുടെയിടയിലുള്ള തൊഴിലില്ലായ്മ പ്രശ്നം വളരെ ഗുരുതരമാകുകയും ചെയ്യും. കൃഷിക്ക് വേണ്ടത്ര പ്രോത്സാഹനം കൊടുത്തുകൊണ്ട് വ്യവസാ

[ശ്രീ. സി. എ. മാത്യു]

യീകരണത്തിലേക്ക് പോകുകയാണെങ്കിൽ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന വർ വ്യവസായരംഗത്തേക്ക് വരാനുള്ള സാഹചര്യം ഇല്ലാതാകുകയും കൃഷി വികസിക്കുകയും അതോടൊപ്പം വ്യാവസായികമായി നമ്മുടെ രാജ്യം പുരോഗമിക്കുകയും ചെയ്യുമെന്നുള്ളതു തീർച്ചയാണ്: ഇന്ന് 6.6 ശതമാനം മാത്രമേ വ്യാവസായികരംഗത്തുനിന്നും ദേശീയവരുമാനമായി ലഭിക്കുന്നുള്ളൂ എന്നാണ് കണക്കുകൾകൊണ്ട് കാണുന്നതു്. ബാക്കിമുഴുവനും കാർഷികരംഗത്തുനിന്നാണ് ലഭിക്കുന്നതു്. 6.6 ശതമാനം മാത്രം ദേശീയവരുമാനം കിട്ടിക്കൊണ്ടിരിക്കുമ്പോൾ വ്യവസായീകരണം കൊണ്ട് മുഴുവൻ പുരോഗതിയും കൈവരുത്താമെന്നു വിചാരിക്കുന്നതു് ഒരു മൗഢ്യമായിരിക്കുമെന്നാണ് എനിക്കു പറയാനുള്ളതു്. കാർഷികരംഗത്തുനിന്നും കർഷകരെ വ്യവസായരംഗത്തേക്ക് വലിച്ചുകൊണ്ടുപോകാത്ത രീതിയിൽ വ്യാവസായികരംഗത്ത് പണിയെടുക്കുന്നതു് രാജ്യത്തിന്റെ നിലക്ക് നന്നായിരിക്കുമെന്നാണ് ഞാൻ പറയുന്നതു്. കൃഷിയെസംബന്ധിച്ചു പറയുകയാണെങ്കിൽ നാം കാർഷികമായി അങ്ങേഅററം പുരോഗമിച്ചിട്ടില്ല. വ്യാവസായികവിപ്ലവങ്ങൾ ഉണ്ടായിട്ടുള്ള യൂറോപ്യൻ രാജ്യങ്ങൾ കാർഷികമായി പുരോഗമിച്ചിട്ടല്ലാതെ വ്യാവസായികരംഗത്തേക്ക് പോയിട്ടില്ലെന്നു കാണാൻകഴിയും. കാർഷികമായി രാജ്യം പുരോഗമിക്കുന്നതിനുള്ള ഒരു സാഹചര്യംസൃഷ്ടിക്കേണ്ടതു നമ്മുടെ ഗവണ്മെൻറിന്റെ പ്രധാനമായ കടമയും കർത്തവ്യവുമാണെന്നാണ് എനിക്കു പറയുവാനുള്ളതു്. എന്നാൽ നിർഭാഗ്യവശാൽ കൃഷിക്കാരെ ഏതാണ്ട് ഒററപ്പെടുത്തിയിരിക്കുന്ന ഒരു സാഹചര്യമാണ് ഇന്നു നിലവിലുള്ളതു്. ഗ്രാമവികസനത്തിന് 30 ലക്ഷം രൂപ കൊള്ളിച്ചിരുന്നതിൽ 25 ലക്ഷം രൂപയും മിച്ചം വയ്ക്കത്തക്ക ഒരു മൗഢ്യം നമ്മുടെ ഗവണ്മെൻറിന് ഉണ്ടായിരിക്കുന്നു എന്നുള്ളതു് വേദനാജനകമായ ഒരു കാര്യമാണ്. പഞ്ചവത്സരപദ്ധതിയിൽ 540 ലക്ഷത്തിൽ ചില്വാനം രൂപ കാർഷികരംഗത്ത് വിനിയോഗിക്കുന്നതിനായി വക കൊള്ളിച്ചിരുന്നിട്ടും ആ രംഗത്ത് ഒരു പുരോഗതിയും ഉണ്ടായിട്ടില്ല. ആ തുക ഭൂരിഭാഗവും മിച്ചം വരുത്തിയിരിക്കുകയാണ്. നമ്മുടെ ഗവണ്മെൻറിന്റെ മനോഭാവം ഏതു രീതിയിൽ ആയിരുന്നു എന്നുള്ളതിന് അതു് ഒരു തെളിവാണ്. അടുത്തദിവസം ഡിമാൻറുകൾ അവതരിപ്പിക്കുമ്പോൾ നടക്കാൻ പോകുന്ന ചർച്ചകളിൽ കർഷകന്റെ അവശതകളെപ്പററിയോ കൃഷിയെപ്പററിയോ പ്രതിപാദിക്കാനുള്ള അവസരം പോലും നൽകിയിട്ടില്ലെന്നു കാണുന്നതിൽ വളരെ അധികം സങ്കടമുണ്ട്. മററുള്ള എല്ലാകാര്യങ്ങളെപ്പററിയും ചർച്ചചെയ്യുന്നതിന് സമയം കൊടുത്തിട്ടുണ്ട്. കാർഷികകാര്യങ്ങളെപ്പററി ചർച്ചചെയ്യുന്നതിന് ഒരു അരദിവസം പോലും നീക്കിവച്ചിട്ടില്ലാ. അതുകൊണ്ടാണ് ഞാൻ കർഷകരുടെ പ്രയാസങ്ങളെക്കുറിച്ച് രണ്ടുമൂന്നു വാക്കുപറയാൻ മുമ്പോട്ടു വന്നിട്ടുള്ളതു്. എന്താണ് കർഷകന് ഇന്ന് പ്രധാനമായി നേരിടുന്ന പരാധീനത. ഉല്പാദനം വേണ്ടതരത്തിൽ ഉണ്ടാകുന്നില്ല എന്നുള്ളതാണ് കർഷകൻ അനുഭവിക്കുന്ന ഏററവും പ്രധാനമായ ബുദ്ധിമുട്ട്. കൃഷിയിൽ നിന്നും വേണ്ടത്ര ഉല്പാദനം കിട്ടുന്നില്ല. മററു രാജ്യങ്ങളിലെ വാളുവിനോടു തട്ടിച്ചുനോക്കുമ്പോൾ നമ്മുടെ ഉല്പാദനം വളരെ കുറവാണെന്നു കാണാൻ കഴിയും. ഉല്പാദനം കുറയുമ്പോൾ സാമ്പത്തികമായി ഉയരുന്നതിന് കൃഷിക്കാരനു വഴിയില്ല. മററ് ഏതൊരു രാജ്യത്തെക്കാളും കൂടുതൽ പ്രയത്നിക്കുന്നതി

നല്ല ഴിവും സന്തോഷവും നമ്മുടെ കൃഷിക്കാരുണ്ടെന്നുള്ളതു് അഭിനന്ദനാർഹമാണു്. എന്നിരുന്നാലും വേലചെയ്താൽ അതിനനുസരണമായ ആദായം കിട്ടാത്തതുകൊണ്ടു് നമ്മുടെ കൃഷിക്കാർ അധഃപതിച്ചു കൊണ്ടിരിക്കുന്നു. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ ബഡ്ജററ് പ്രസംഗത്തിനിടയിൽ പറയുകയുണ്ടായി, ഇവിടെ നെല്ലിൽനിന്നും കിട്ടുന്ന ആദായം മററു രാജ്യങ്ങളിൽ നിന്നും കിട്ടുന്ന ആദായത്തെക്കാൾ വളരെ തുച്ഛമാണെന്നു്. ഒരേക്കറിൽനിന്നും 830 റാത്തൽ നെല്ലാണു് ഇവിടെ കിട്ടിക്കൊണ്ടിരിക്കുന്നതു്. പഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനഫലമായി ആയിരത്തിനും ആയിരത്തി ഇരുന്നൂറിനും (റാത്തൽ) ഇടയ്ക്കു നെല്ലുകിട്ടുന്നുണ്ടെന്നു കണക്കുണ്ടു്. ജപ്പാനിൽ മൂവായിരം റാത്തലും, ഈജിപ്ററിൽ മൂവായിരത്തി എഴുന്നൂറു റാത്തലും വിളവുണ്ടെന്നു് ഓർക്കുമ്പോൾ നമ്മുടെ നില എത്രത്തോളം ശോചനീയമാണെന്നു് മനസ്സിലാക്കാൻ കഴിയും. ഈ ഉല്പാദനം വർദ്ധിപ്പിക്കാൻ ഏതെങ്കിലും പ്രായോഗികമായ നടപടികൾ സ്വീകരിച്ചില്ലെങ്കിൽ കൃഷിക്കാർ എന്നെന്നേക്കുമായി നശിച്ചുപോകും. നമ്മുടെ രാജ്യത്തെ സാമ്പത്തികസ്ഥിതി നന്നാകുകയുമില്ല. നമ്മുടെ ഉല്പാദനങ്ങൾ കുറയുന്നതിനുള്ള പ്രധാനകാരണം എന്താണെന്നുള്ളതിനെപ്പററി നാം ചിന്തിക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞദിവസം, മുൻ ധനകാര്യമന്ത്രിയായിരുന്ന ശ്രീ. നടരാജപിള്ള പറയുകയുണ്ടായി, കർഷകന്നു് സാമ്പത്തികമായ കഴിവുകൾ ഇല്ലാത്തതാണു് അതിനു കാരണമെന്നു്. പണംകൊണ്ടെറിഞ്ഞാലെ പണത്തേൽ കൊള്ളുകയുള്ളു. പണം ഇറക്കുന്നവർക്കു് മാത്രമെ ആദായം കിട്ടുകയുള്ളു, കൃഷിക്കു് കൂടുതൽ പണം വിനിയോഗിക്കാനുള്ള സാഹചര്യം സൃഷ്ടിച്ചാൽ മാത്രമെ കൂടുതൽ ആദായം ഉണ്ടാക്കാൻകഴിയൂ. നമ്മുടെ കൃഷിക്കാർക്കു് സാമ്പത്തികമായി യാതൊരു കഴിവുമില്ലാത്തതുകൊണ്ടാണു് ഉല്പാദനം കുറയുന്നതിനും തല്ഫലമായി അവന്റെ സാമ്പത്തികനില വീണ്ടും മോശമാകുന്നതിനും ഇടയായിട്ടുള്ളതെന്നു കാണാൻ കഴിയും. കൃഷിയിൽ മൂലധനം മുടക്കുന്നതിനു് വളരെ അധികം ക്രെഡിററ് ഫസിലിററീസ് നൽകിയിട്ടുണ്ടെന്നു് ഗവണ്മെൻറ് അഭിമാനിക്കുന്നുണ്ടു്. ഈ ഫസിലിററീസ് കൊണ്ടു് യാതൊരു പ്രയോജനവും സാധാരണകൃഷിക്കാരനുണ്ടാകുന്നില്ല. ക്രെഡിററ് ബാങ്കിൽ നിന്നും കോവാപ്പറേററീവ് സൊസൈററികളിൽ നിന്നും പണം കടം എടുക്കാമെന്നു ഗവണ്മെൻറ് പറയാറുണ്ടെങ്കിലും ഇടത്തരം കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഒരു ഗുണവും ഇതുകൊണ്ടുണ്ടാകുന്നില്ല. റിസർവ്വ ബാങ്കിൽനിന്നും ഒരു വലിയ തുക കോവാപ്പറേററീവ് സൊസൈററിക്കു കൊടുക്കുന്നുണ്ടെന്നുവരുകിലും ഇടത്തരം കൃഷിക്കാർക്കു് ഇതുകൊണ്ടു് ഉപയോഗമൊന്നുമുണ്ടാകുന്നില്ല. വലിയ ജന്മിമാരാണു് അതിന്റെ ഗുണം അനുഭവിക്കുന്നതെന്നു അനുഭവജ്ഞാനത്തിൽനിന്നും എനിക്കു പറയുവാൻ കഴിയും.

മറെറാരു കാര്യം പറയുവാനുള്ളതു് ഉല്പാദനം വർദ്ധിപ്പിക്കണമെങ്കിൽ നല്ലയിനം വിത്തുകൾ, പററിയ വളം ഇവ ഉപയോഗിക്കാനുള്ള സൗകര്യം ഉണ്ടാക്കണമെന്നാണു്. വളം വിതരണകാര്യത്തെപ്പററി പറയുകയാണെങ്കിൽ നാനൂറു വളം ഡിപ്പോകൾ ഗവണ്മെൻറു വകയായും ഏജൻസിവകയായും പ്രവർത്തനം നടത്തുന്നുണ്ടെന്നും ആ ഇനത്തിൽ ഒരു വലിയ നഷ്ടം ഗവണ്മെൻറിനു വരുന്നുണ്ടെന്നും ഗവണ്മെൻറു പ്രസിദ്ധീകരിച്ചിട്ടുള്ള റിക്കാർഡിൽ നിന്നും അറിയാൻ കഴിയും. കമ്പോസ്റ്റ് വളനിർമ്മാണ

[ശ്രീ. സി. എ. മാത്യു]

ത്തിനു വളരെ പ്രവർത്തനം നടത്തുന്നുണ്ടെന്നു പഞ്ചവത്സരപദ്ധതി മെമ്മോറാണ്ഡത്തിൽ വിശദീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ആർക്കാണ് പ്രയോജനം ഉണ്ടാകുന്നത്? ആ വളം അവിടെയുള്ള വൻകിടജന്മിമാരാണ് വാങ്ങിച്ചുകൊണ്ടു പോകുന്നത്. ഇടത്തരം കൃഷിക്കാരന് വളം കിട്ടുന്നതിനു യാതൊരു സൌകര്യങ്ങളും ലഭിക്കുന്നില്ല. അതിനു ഫാറം ഒപ്പിട്ടുകൊടുക്കണം, കർഷകനാണെന്നുള്ളതിനു ഒരു പാർവത്യകാരുടെ സർട്ടിഫിക്കെററ വാങ്ങണം. വാസ്തവത്തിൽ കൃഷിനടത്തുന്ന ആളുകൾക്കു വളം വിതരണംകൊണ്ട് യാതൊരു പ്രയോജനവുമുണ്ടാകുന്നില്ല. ജന്മിമാർക്കാണ് അതിൻെറ പ്രയോജനം സിദ്ധിക്കുന്നത്. നല്ല ഇനം വിത്തുകൾ ഉണ്ടാക്കുന്നതിന് ഒല്ലൂർക്കരയും അട്ടർ തുടങ്ങി അഞ്ചു സ്റ്റേഷൻസ് സ്ഥാപിച്ചിട്ടുണ്ട്. അതുകൊണ്ട് അവിടത്തെ ജനങ്ങൾക്ക് ചില്ലറ പ്രയോജനം ഉണ്ടാകുമെന്നുള്ളതല്ലാതെ മററു സ്ഥലങ്ങളിലുള്ളവർക്ക് യാതൊരു പ്രയോജനവും ഉണ്ടാകുന്നില്ല. അവിടെ പുതിയഇനം വിത്തുകൾ ലഭിക്കാനുള്ള സാഹചര്യം ഒന്നുമില്ല. കൃഷിക്കാരനെ അവൻെറ കഷ്ടതയിൽ നിന്നും രക്ഷിക്കാൻ യാതൊരു പ്രയോജനവും അതുകൊണ്ടുണ്ടാകാൻ പോകുന്നില്ല എന്ന് വ്യക്തമായി പറയുവാൻ ഞാനാഗ്രഹിക്കുന്നു. കത്തിക്കാളുന്ന അഗ്നിയിൽ ഒരു തുടം വെള്ളമൊഴിക്കുന്ന അനുഭവമേ ഗവണ്മെൻറിൻെറ ഈദൃശ നടപടികൾകൊണ്ടുണ്ടാകുന്നുള്ളൂ.

ഉല്പാദനം കുറയുവാനുള്ള മറെറാരു പ്രധാനകാരണം അശാസ്ത്രീയമായ കൃഷിസമ്പ്രദായവും: പഴയരീതിയിലുള്ള കൃഷിയായുധങ്ങൾ ഉപയോഗിച്ചു കൃഷി നടത്തുന്നതുമാണ്. നമ്മുടെ നാട്ടിൽ ചിലർ പുതിയ കൃഷിയായുധങ്ങൾ ഉപയോഗിക്കുന്നുണ്ട്; ട്രാക്ടറുംമററും. പൊതുവേ പറഞ്ഞാൽ പഴയമാതിരിയുള്ള കലപ്പയും തൂമ്പയും മററും ഉപയോഗിച്ചു തന്നെയാണ് ഇപ്പോഴും കൃഷിനടത്തുന്നത്. അതിലേക്കും വേണ്ടപരിഹാരമാർഗ്ഗങ്ങൾ കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. പുതിയ രീതിയിലുള്ള കൃഷി ആയുധങ്ങൾ പ്രചാരത്തിൽ വരുത്തുവാൻ ഗവണ്മെൻറ് ഔത്സുക്യം കാണിക്കേണ്ടതാണ്.

ശാസ്ത്രീയ കൃഷിസമ്പ്രദായത്തെപ്പററി പറയുമ്പോൾ ജപ്പാൻകൃഷി നടത്തുന്നതിലേക്ക് പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ എല്ലാ സ്ഥലത്തും 500 ഡെമാൻസ്ട്രേഷൻ സെൻറർ നടത്താൻ പോകുന്നതായി അറിയുന്നു. അതുകൊണ്ട് കൃഷിക്കാരനു വലിയ പ്രയോജനം ഉണ്ടാകാൻ പോകുന്നില്ല കൃഷിയെ പ്രോത്സാഹിപ്പിക്കുവാൻവേണ്ടി വിദഗ്ദ്ധന്മാരുടെഉപദേശം ലഭിച്ചതുകൊണ്ടു മാത്രം പോരാ, ഡെമാൻസ്ട്രേഷൻ സെൻററുകൾ സ്ഥാപിച്ചതുകൊണ്ടും പോരാ, കർഷകനു കൃഷി നടത്താനുള്ള സാഹചര്യം സൃഷ്ടിച്ചാലേ ഉല്പാദനം വർദ്ധിക്കുകയുള്ളൂ.

ജപ്പാൻകൃഷി സമ്പ്രദായം വളരെ നല്ലതാണ്. അതു ചെയ്യുകഴിഞ്ഞാൽ വിളവു വളരെ വർദ്ധിക്കും എന്നുംമററും ഇവിടെ ചില ഉദ്യോഗസ്ഥന്മാർ പറയുന്നുണ്ട്. അതു ചെയ്യേണ്ട രീതിയെപ്പററി പ്രായോഗികമായി കാണിച്ചുതരുവാനുള്ള യാതൊരു പദ്ധതിയും ഇവിടെ എൻ. ഇ. എസ്. ബ്ലാക്കുകളിൽ ഇല്ല. നെല്ക്കൃഷിയുടെ കാര്യത്തിൽ മാത്രമല്ല, മററു പല വിളവുകളുടെ കാര്യത്തിലും നമുക്ക് ഇതു കാണുവാൻ സാധിക്കും. ഭക്ഷ്യസാധനങ്ങളുടെ കാര്യത്തിൽ, ഇപ്പോൾ ഗവണ്മെൻറിന് വളരെ

അധികം ഭൂമിക്കേണ്ട കാര്യമില്ല. ധാരാളം ഭക്ഷ്യസാധനങ്ങൾ ഇൻഡ്യ യ്ക്കകത്തും പുറത്തും നിന്നു ലഭിക്കും. അതുകൊണ്ട് ഇനി ഗവണ്മെൻറ് ശ്രദ്ധ പതിക്കേണ്ടതു് നാട്ടിൽ കമേർസിയൽ പ്രൊഡക്ട്സിൻെറ കാര്യത്തിലാണ്. ഇവിടെ, മററു രാജ്യങ്ങളെ അപേക്ഷിച്ചു നോക്കുകയാണെങ്കിൽ വളരെ തുച്ഛമായ ഒരു ശതമാനം മാത്രമേ വ്യാവസായികോല്പന്നങ്ങൾക്കുള്ള കൃഷിസ്ഥലങ്ങളായി ഉള്ളു. ഇതു് വിദേശങ്ങളിൽ നിന്നും, നമുക്കു ഡാളർ സമ്പാദിച്ചു തരുന്ന കാര്യമാണ്. ഇത്തരം കമേർസിയൽ ക്രോപ്പ് കൃഷികളിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ സാമ്പത്തികനില വർദ്ധിപ്പിക്കാൻ ഉതകുന്ന നടപടികൾ ഉടനെതന്നെ എടുക്കേണ്ടതാണ്. ഇവിടെ 17 ശതമാനം മാത്രമാണ് ഇന്നു കമ്മേർസിയൽ പ്രൊഡക്ഷൻസ് കൃഷി ചെയ്യുന്ന സ്ഥലങ്ങളുള്ളതു്. ശാസ്ത്രീയമായ രീതിയിലും വ്യാവസായിക വിളകൾ കൃഷിചെയ്തു നമ്മുടെ നാട്ടിൻെറയും നാട്ടിലെ കൃഷിക്കാരുടെയും സാമ്പത്തികനില ഉയർത്തുന്നതിനു് ഗവണ്മെൻറ് ആത്മാർത്ഥമായി ശ്രമിക്കണം. അതുപോലെതന്നെ ഉല്പാദനം തടസ്സപ്പെടുത്തുന്ന ഒരു കാര്യമാണ് വസ്തുക്കൾ തുണ്ടുതുണ്ടായി കൃഷിചെയ്തുവരുന്ന സമ്പ്രദായം. ഇവിടെ എക്കണാമിക് ഹോൾഡിംഗ്സ് ഉള്ള ആളുകൾ വളരെ കുറവാണ്. ഇതും നമ്മുടെ ഉല്പാദനം കുറയുവാനുള്ള ഒരു കാരണമാണ്. ഇവിടെ ജനസംഖ്യ വളരെ കൂടുതലാണ്. ഇൻഡ്യയിലെ ശരാശരി ജനസംഖ്യ ചതുരശ്ര മൈലിന് 303 മാത്രമായിരിക്കുമ്പോൾ തിരുവിതാംകൂർ-കൊച്ചിയിൽ ചതുരശ്ര മൈലിന് 1015 പേർ ജീവിക്കുന്നുണ്ട്. മുൻപ് ധനകാര്യമന്ത്രി ഇവിടെ 23.7 ശതമാനംവച്ച് ജനസംഖ്യ വർദ്ധിക്കുകയാണെന്നു പറയുകയുണ്ടായി. പ്രത്യേകരീതിയിലുള്ള പിൻതുടർച്ചാവകാശ ക്രമത്തിൽ കൃഷിസ്ഥലങ്ങൾ തുണ്ടുതുണ്ടാകുന്നതിനു ഇടയുണ്ട്. ഈ രീതി മാററിയില്ലെങ്കിൽ ഉല്പാദനം എല്ലാവിധത്തിലും കുറവായിരിക്കും. അതിനാൽ കൃഷിഭൂമി എക്കണാമിക്കായ ആകൃതിക്കുവണ്ണമുള്ള ഒരു വ്യവസ്ഥ കൊണ്ടുവരണം. കഴിഞ്ഞ മുപ്പതുകൊല്ലത്തിനിടയിൽ നമ്മുടെ കൃഷിഭൂമിയുടെ വിസ്താരം വളരെ വളരെ കുറഞ്ഞിട്ടുണ്ടെന്നു സെൻസസ്സ് റിപ്പോർട്ടിൽനിന്നും കാണാൻ കഴിയും. 1921-നും 1951-നുമിടയ്ക്കു ശരാശരി ഒരാൾക്കുള്ള ഒരുപ്പുനിലങ്ങൾ 111 സെൻറിൽനിന്നും 87 സെൻറായും, ഇരുപ്പുനിലങ്ങൾ 13 സെൻറിൽനിന്നും 10 സെൻറായും കുറഞ്ഞിട്ടുണ്ടെന്നാണ് അടുത്ത കാലത്തുണ്ടായ സെൻസസ്സ് റിപ്പോർട്ടിൽനിന്നും കാണാൻ കഴിയുന്നതു്. ഇതിലൂടെനിന്നും തുണ്ടുതുണ്ടായി കൃഷിചെയ്യുന്നതുകൊണ്ടാണു ഉല്പാദനം കുറയുവാനുള്ള കാരണം എന്നും കാണാം. ഈ രീതി മാററി ഉല്പാദനം വർദ്ധിപ്പിക്കുവാൻ എനിക്കു നിർദ്ദേശിക്കാനുള്ളതു്, കളക്ടീവ് ഫാം കൾട്ടിവേഷൻ രീതി ഉടനടി നടപ്പാക്കണമെന്നാണ്. ജോയിൻറ് ഫാം കൾട്ടിവേഷൻ ഇവിടെ പ്രായോഗികമല്ല. ജനസംഖ്യയുടെ കൂടുതലും, ഭൂമിയുടെ കുറവും മൂലം, ഇവിടെ ഭൂമിയോടുള്ള ആഗ്രഹം കൂടുതലാണ്. അതിനാൽ ഉടമാവകാശം നശിപ്പിക്കുന്ന കാര്യത്തിൽ വലിയ എതിർപ്പ് ഉണ്ടാകാനിടയുണ്ട്. കളക്ടീവ് ഫാം കൃഷിസമ്പ്രദായം മാത്രമാണ് പ്രായോഗികമായി എനിക്കു കാണുവാൻ കഴിയുന്നതു്. Joint farm cultivation പ്രായോഗികമാണോ; എതിർപ്പു വരികയില്ലേ എന്നു ഞാൻ സംശയിക്കുന്നു.

ശ്രീ. കെ. ബാലകൃഷ്ണൻ: ഈ കളക്ടീവ് ഫാം എന്നു വച്ചാൽ എന്തോന്നാണ്?

ശ്രീ. സി. എ. മാത്യു: സഹകരണാടിസ്ഥാനത്തിൽ എല്ലാ ആളുകളുംകൂടി ഒരുമിച്ചു ചേർന്നു കൃഷിചെയ്യുക എന്നാണ്. ഗവണ്മെൻറ് അതിനു മുന്നോട്ടു വരണം. ഗവണ്മെൻറ് അതിനു പറ്റുന്ന സ്ഥലം കണ്ടുപിടിച്ച് പ്രായോഗികമാക്കുന്ന കാര്യം കർഷകരെ മനസ്സിലാക്കിക്കൊടുക്കണം. സർക്കാർ ഉദ്യോഗസ്ഥന്മാർ മുന്നോട്ടുവന്നു നാട്ടിൻെറ നാനാഭാഗങ്ങളിലും ചില സ്ഥലങ്ങൾ തിരഞ്ഞെടുത്ത് അവിടെയുള്ള കൃഷിഭൂമി ഉടമസ്ഥന്മാരെ യോജിപ്പിച്ച് അവരെക്കൊണ്ടു കൃഷി ചെയ്യിപ്പിച്ചു അതു പ്രായോഗികമാക്കുന്നതു വളരെ പ്രയോജനകരമായിരിക്കും.

മറെറാരു പ്രയാസം നാട്ടിലെ കൃഷിക്കാരനു അഭിമുഖീകരിക്കേണ്ടിയിരിക്കുന്നതു് പ്രകൃതിക്ഷോഭമാണ്. നമ്മുടെ നാട്ടിലുള്ള കൃഷിഭൂമികളിൽ, ഇരുപതു ശതമാനം ജലസേചന സൗകര്യത്തെ ആശ്രയിച്ചും 80 ശതമാനം പ്രകൃതിയെ മാത്രം ആശ്രയിച്ചും ആണ് കൃഷി നടത്തിവരുന്നതു്. അതിനെ പ്രകൃതിയെമാത്രം ആശ്രയിച്ചു കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ അസമയത്തുള്ള മഴ നിമിത്തവും സമയത്തു മഴയില്ലാത്തതുകൊണ്ടും കൃഷിനാശം സംഭവിക്കുന്നുണ്ട്. ഈ അടുത്തകാലത്തു തൊടുപുഴ ഉണ്ടായ ഉരുൾപൊട്ടൽ നിമിത്തം വളരെ അധികം കൃഷിനാശം സംഭവിച്ചിട്ടുണ്ട്. അതിലേക്കു ഒരു പ്രതിവിധി നിർദ്ദേശിക്കണമെന്നുള്ള കാര്യത്തെപ്പററി പല നിവേദനങ്ങളും ഗവണ്മെൻറിനു സമർപ്പിച്ചിട്ടും ഇതേവരെയാതൊരു മറുപടിയും നൽകിയിട്ടില്ല എന്നുള്ള കാര്യം ഈ അവസരത്തിൽ ഞാൻ അനുസ്മരിപ്പിച്ചുകൊള്ളുന്നു. ഇപ്രകാരം കൃഷിനാശം സംഭവിച്ചിട്ടുള്ള ആളുകളെ സഹായിക്കുന്നതിനു യാതൊരു നടപടിയും നടത്താതെയിരിക്കുന്നതു്, ഗവണ്മെൻറിനെ സംബന്ധിച്ചിടത്തോളം കുററകരമായ ഒരു കാര്യമാണ്. അവരെ സഹായിക്കേണ്ടതു് ഗവണ്മെൻറിൻെറ കടമയാണ്.

സർ, ഭൂഉടമയുടെ കാര്യം പറയുകയാണെങ്കിൽ വളരെ അധികം കുഴപ്പങ്ങൾ ഇക്കാര്യത്തിൽ ഇവിടെ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. "കൃഷിഭൂമി കർഷകനു" എന്ന തത്വം അനുസരിച്ചുള്ള നിയമ നിർമ്മാണം ചെയ്യണം. അങ്ങിനെ കർഷകനു സഹായകമായ നിയമം ഉണ്ടായാൽ മാത്രമേ അവനു കൃഷിഭൂമിയിൽ അഭിമാനിക്കുവാനുള്ള മനസ്സു വരികയുള്ളൂ. കൃഷിഭൂമി നാളെ തൻെറ കൈയിൽനിന്നും പോയാൽ തൻെറ പ്രയത്നമെല്ലാം വിഫലമായേക്കുമോ എന്നാണ് അവൻെറ സംശയം.

ശ്രീ. കെ. സി. ജാർജ്: പാട്ടവും വാരവും ആവശ്യമില്ലെന്നാണോ മെംബറുടെ അഭിപ്രായം?

ശ്രീ. സി. എ. മാത്യു: അല്ല. പാട്ടക്കാരനും വാരക്കാരനും അവൻ കൃഷി ചെയ്യുന്ന ഭൂമി, അവനു എക്കാലവും കിട്ടും എന്നുള്ള ഒരു പരിതസ്ഥിതി സൃഷ്ടിക്കത്തക്കവിധത്തിലുള്ള ഒരു നിയമനിർമ്മാണം നടത്തണമെന്നാണ് എൻെറ അഭിപ്രായം. അങ്ങിനെയായാൽമാത്രമേ കൃഷിഭൂമി നന്നാക്കാനുള്ള ഒരു വാസന കർഷകനുണ്ടാവുകയുള്ളൂ.

ഭൂനയ ബില്ലുകൾ ഇവിടെ അവതരിപ്പിച്ചിട്ടുണ്ടെങ്കിലും, അതിനെപ്പററി എനിക്കു അതല്ലം പറയുവാനുണ്ട്. ഏതോ ചിലതെല്ലാം കാട്ടിക്കൂട്ടി പുരോഗമനത്തിൻെറ പുറംചട്ടയുമണിയിച്ച് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ബിൽ ജന്മികുടിയാൻ ബന്ധത്തെ സംബന്ധിച്ചിടത്തോളം തികച്ചും പിൻതിരിപ്പനാണെന്നുള്ള ഒരു ആക്ഷേപം എനിക്കു ഉണ്ട്.

കൊച്ചിയിൽ കർഷകന് നിലവിലുണ്ടായിരുന്ന അവകാശങ്ങളെ നിഷേധിക്കുന്ന പല വ്യവസ്ഥകളും ഇന്നു ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലുകളിൽ ഉണ്ട്. പരിധി നിർണ്ണയിക്കുന്ന കാര്യം പുരോഗമനച്ചട്ടയുമിട്ടുകൊണ്ട് ഏറ്റവും പിൻതിരിപ്പൻ മാർഗ്ഗങ്ങളിൽക്കൂടിയാണ് ജന്മിയേയും കുടിയാനവനേയും സംബന്ധിക്കുന്ന നാലു ഭൂനയബില്ലുകൾ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്.

ശ്രീ. എ. തങ്ങൾ: ജന്മിത്വം മുഴുവനും അവസാനിപ്പിക്കുന്നതു മെംബർക്കു സമ്മതമാണോ?

(Mr. Speaker in the Chair)

ശ്രീ. സി. എ. മാത്യു: ഇനിഒരിക്കലും ഉണ്ടാകാത്ത തരത്തിൽ അവസാനിപ്പിക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. കെ. സി. ജോർജ്: ജന്മിത്വം അവസാനിപ്പിക്കുകയാണെങ്കിൽ പാട്ടത്തിനും വാരത്തിനും സ്ഥാനമുണ്ടോ?

ശ്രീ. സി. എ. മാത്യു: ഉണ്ട്.

ശ്രീ. എ. തങ്ങൾ: പുരോഗമനപരമായ കാൺഗ്രസ്സ്, പാട്ടത്തിനും വാരത്തിനും സ്ഥാനം നൽകിക്കൊണ്ടാണോ ജന്മിത്വം അവസാനിപ്പിക്കാൻ പോകുന്നതു്?

ശ്രീ. സി. എ. മാത്യു: കാൺഗ്രസ്സ് ഇതിനു വ്യക്തമായ ഒരു നയം സ്വീകരിച്ചിട്ടുണ്ട്. അതനുസരിച്ചു തീരുമാനമെടുക്കും.

അങ്ങിനെ സ്ഥിരാവകാശം കിട്ടുമെന്നുള്ള ഒരു നിലവന്നാൽ മാത്രമെ പ്രയത്നിക്കാനും കൂടുതൽ താല്പര്യമായി കൃഷിചെയ്തു വിളവു വർദ്ധിപ്പിക്കാനും കർഷകൻ ഒരുമ്പെടുകയുള്ളു. കർഷകന്റെ കൈയിലിരിക്കുന്ന ഭൂമി ഒരിക്കലും പോകുകയില്ലെന്നുള്ള ഒരു നിലസംജാതമാക്കണമെന്നാണ് എനിക്കു ഈ സഭയിൽ പറയുവാനുള്ളതു്.

സർ, കാർഷികതൊഴിലാളികളുടെ തൊഴിലില്ലായ്മയെപ്പററിയും എനിക്ക് അല്പം പറയുവാനുണ്ട്. ഇവിടെ 37 ശതമാനം
10 A. M. കർഷക തൊഴിലാളികൾ ഉണ്ട് എന്നാണ് കണക്കുകൾകൊണ്ടു കാണുന്നതു്. മദ്രാസിൽ 28 ശതമാനവും ബാംബെയിൽ 12 ശതമാനവും മാത്രമേയുള്ളു എന്നാണ് കാണുന്നതു്. ഇവിടെ കർഷക തൊഴിലാളികൾ കൂടുതലായ ഉള്ളതിനാൽ അവർക്ക് എന്നും പണി കിട്ടാനുള്ള സാഹചര്യം സൃഷ്ടിക്കേണ്ടതു ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു കാര്യമാണ്. കൃഷിത്തൊഴിലാളികളെ സംബന്ധിച്ചു മാത്രം പറയുകയാണെങ്കിൽ, പടിഞ്ഞാറൻ പ്രദേശങ്ങളിൽ നാലോ അഞ്ചോ മാസങ്ങളിൽ മാത്രമെ അവർക്കു തൊഴിൽ ചെയ്യാനുള്ള സൗകര്യം ലഭിക്കുന്നുള്ളു. കിഴക്കൻ പ്രദേശങ്ങളിൽ എട്ടു മാസംവരെ അവർക്കു തൊഴിൽ ചെയ്യാനുള്ള സൗകര്യം ലഭിക്കുന്നുണ്ട്. കൃഷിയുടെ പലതരത്തിലുള്ള രീതി വ്യത്യാസംകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതു്. ബാക്കിയുള്ള സമയങ്ങളിൽ വെറുതെയിരുന്നു അവരുടെ കഴിവുകൾ നശിപ്പിക്കാനുള്ള ഒരു പരിതസ്ഥിതിയാണ് അവിടെ ഉളവാകുന്നതു്. അതിനാൽ അവരുടെ കഴിവു നശിക്കാതിരിക്കത്തക്കവിധമുള്ള നടപടികൾ ഗവണ്മെന്റു സ്വീകരിക്കണം. അതായതു് ചെറുകിട വ്യവസായങ്ങൾ

[ശ്രീ. സി. എ. മാത്യു]

ഉണ്ടാക്കി അതിൽ അവരുടെ കഴിവ് ഉപയോഗിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചുകൊടുക്കേണ്ടതാണ്. അതിലേയ്ക്കു സത്വരമായ നടപടികൾ സ്വീകരിക്കേണ്ടതു് രാജ്യത്തിന്റെയുംകൂടി ഒരു ആവശ്യമാണ്.

പല അസംസ്കൃതസാധനങ്ങളും നമ്മുടെ വിഭവങ്ങളിൽ ഉള്ളതു വേണ്ടപോലെ ഉപയോഗപ്രദമാക്കിത്തീർക്കുന്നതിനു വിദഗ്ദ്ധന്മാരുടെ അഭിപ്രായം ആരാഞ്ഞു വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്. മാമ്പഴം, കൈതച്ചക്ക മുതലായവകൊണ്ടു് നമുക്കു വളരെയധികം ഡാളർ സമ്പാദിക്കാവുന്നതാണെന്നു് ചില വിദഗ്ദ്ധന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളതായി അറിയാം. ശാസ്ത്രീയമായ ഗവേഷണങ്ങൾ നടത്തി ഈ വക ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ചു് ഇടത്തരം കൃഷിക്കാരുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കാനും മററും ആവശ്യമായ മാർഗ്ഗങ്ങൾ സ്വീകരിച്ചാൽ നമ്മെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന തൊഴിലില്ലായ്മ എന്നെന്നേയ്ക്കുമായി പരിഹരിക്കപ്പെടുമെന്നുള്ളതു് അവിതർക്കിതമാണ്. അതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നു് എനിക്കു പ്രത്യേകം ഒരഭ്യർത്ഥനയുണ്ടു്.

മറെറാരു പ്രധാന വിഷമം ഇന്നു കർഷകരെ അഭിമുഖീകരിക്കുന്നതു കാർഷികവിഭവങ്ങൾ വിററഴിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഇല്ലാത്തതാണ്. കർഷകൻ പ്രയത്നിച്ചുണ്ടാക്കുന്ന ഉൽപ്പാദനങ്ങൾ യഥാസമയം ന്യായമായ വിലയ്ക്കു വിററഴിക്കുന്നതിനുള്ള യാതൊരു സൗകര്യങ്ങളും ഇന്നു ലഭിക്കുന്നില്ല. ശരിയായ വിപണികളാകട്ടെ, ഗതാഗതസൗകര്യമാകട്ടെ ഈ കാര്യത്തിനു അവർക്കു ലഭിക്കുന്നില്ല. അതുകൊണ്ടു് ഇടത്തരക്കാരായ ചിലയാളുകളാണു അവരെ കൊള്ളയടിച്ചുകൊണ്ടിരിക്കുന്നതു്. കൃഷിക്കാരനല്ല, ഇടക്കച്ചവടക്കാർക്കാണ് ലാഭമുണ്ടാകുന്നതു്. ഇടക്കച്ചവടക്കാർ കർഷകജനതയെ ചൂഷണം ചെയ്തുകൊണ്ടിരിക്കുകയാണ്. കശുവണ്ടി വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന കച്ചവടക്കാർ എല്ലാവരുംകൂടി ഒരുമിച്ചുചേർന്നു്, കശുവണ്ടി ഇന്നവിലയ്ക്കു വാങ്ങിച്ചാൽ മതിയെന്നു തീരുമാനിക്കുകയും അതിന്റെ ഫലമായി ഉൽപ്പാദകർക്കു വിലകുറച്ചു വിൽക്കേണ്ടിവന്ന ഒരു നില സംജാതമായതായും ബഹുമാനപ്പെട്ട ആലുവാ മെംബർ ഇവിടെ പ്രസ്താവിച്ചുകേട്ടു. കഴിഞ്ഞകൊല്ലം 16 റാത്തലിന് മൂന്നുരൂപ മാത്രമെ വിലയുണ്ടായിരുന്നുള്ളൂ. ഈ കൊല്ലം അഞ്ചേമുക്കാൽ രൂപ മുതൽ ആറു രൂപവരെ കിട്ടുന്നുണ്ടു്. കഴിഞ്ഞകൊല്ലം കച്ചവടക്കാർ ഒന്നിച്ചു നിന്നു്, അസോസിയേഷൻ ഉണ്ടാക്കി കശുവണ്ടി വിലയ്ക്കു വാങ്ങി വീതിച്ചുകൊടുക്കുന്ന ഒരുരീതി സ്വീകരിച്ചിരുന്നതുകൊണ്ടു് യഥാർത്ഥ ഉൽപ്പാദകർക്കു ന്യായമായ വില കിട്ടിയില്ല. ഈ കൊല്ലം അസോസിയേഷൻ പൊളിഞ്ഞതുകൊണ്ടു് കർഷകന്നു് കൂടുതൽ വില കിട്ടുന്നതിനുള്ള സാഹചര്യം ഉണ്ടായി. അങ്ങനെ രണ്ടേകാൽ രൂപയിൽനിന്നും ആറു രൂപവരെ വില വർദ്ധിക്കാനിടയായി ഇപ്പോൾ.

പ്രാദേശികവികസനപദ്ധതിയിൽ ഉൾപ്പെടാത്ത പല പ്രദേശങ്ങളും ഇന്നു ഗതാഗതസൗകര്യമില്ലാതെയും, ജലസേചനസൗകര്യം ലഭിക്കാതെയും പല വിധത്തിലുള്ള വിഷമതകൾ അനുഭവിക്കുന്നുണ്ടു്. വടക്കുകിഴക്കൻ പ്രദേശങ്ങളാണ്, തൊടുപുഴ, മീനച്ചിൽ, മൂവാററുപുഴ മുതലായ സ്ഥലങ്ങളാണ്, ഗതാഗതസൗകര്യമില്ലാതെ കൂടുതൽ അസൗകര്യങ്ങൾ

അന്വേഷിക്കുന്നതു്. ബഡ്ജററ പരിശോധിച്ചു്, അങ്ങനെയുള്ള ദേശീയവികസനപദ്ധതിയിൽ ഈ സ്ഥലങ്ങൾ ഉൾപ്പെടാതെ, കായ്ക്കുമായ തുകകൾ കൊടുക്കാതെ, വിട്ടുകളയുന്നതു കാണുമ്പോൾ ഗവണ്മെൻറിനെ ഇക്കാര്യത്തിൽ കുററപ്പെടുത്താതിരിക്കാൻ നിവൃത്തിയില്ലാ. ഗതാഗതസൗകര്യങ്ങൾ കുറഞ്ഞതു കാരണം, ഉൽപ്പാദനങ്ങൾ അടുത്തുള്ള മാർക്കററുകളിലേക്കു എത്തിക്കാൻ വളരെ പ്രയാസപ്പെടേണ്ടിവരുന്നു. പടിഞ്ഞാററൻ താലൂക്കുകളിലാണെങ്കിൽ ജലമാർഗ്ഗമായും ഗതാഗതസൗകര്യം ഉണ്ടു്. വടക്കുകിഴക്കൻ പ്രദേശങ്ങളിലാണു ഇതിനുള്ള സൗകര്യം തീരെയില്ലാത്തതു്. അതുകൊണ്ടു ഉൽപ്പാദകരായ ആളുകൾ അടുത്തുള്ള ഏതെങ്കിലും കച്ചവടക്കാർക്കു തങ്ങളുടെ വിഭവങ്ങൾ കുറഞ്ഞ വിലയ്ക്കുതന്നെ കൊടുക്കേണ്ടതായി വരുന്നു. ഇങ്ങനെയുള്ള പ്രദേശങ്ങളിൽ ഗതാഗതസൗകര്യം വർദ്ധിപ്പിക്കേണ്ടതു കർഷകരുടേയും കർഷകത്തൊഴിലാളികളുടെയും ഉന്നമനത്തിനു് അവശ്യം സ്വീകരിക്കേണ്ട ഒരു നടപടിയാണു്. ഇതിനുപുറമെ കർഷകർ സാമ്പത്തികമായി കഴിവില്ലാത്തവരാകുന്നു. വിഭവങ്ങൾ വച്ചു സൂക്ഷിച്ചു വില ഉയരുന്ന സമയംനോക്കി വിററു ന്യായമായ ലാഭം സമ്പാദിക്കുന്നതിനു സൗകര്യം ലഭിക്കാതെ, അപ്പോഴപ്പോൾ വിററു ആവശ്യങ്ങൾ നിറവേററേണ്ട ഒരു പരിതഃസ്ഥിതിയെ നേരിടേണ്ടിവരുന്നു. നേരെ മറിച്ചു അവർക്കു സാമ്പത്തികമായി ശേഷിയുണ്ടായിരുന്നാൽ, വിഭവങ്ങൾ ശേഖരിച്ചു വയ്ക്കുന്നതിനും ചരക്കിന്റെ പ്രാധാന്യവും, വിലയും വർദ്ധിക്കുന്ന അവസരം നോക്കി വിററുന്നതിനും സന്ദർഭം ലഭിക്കുന്നതാണു്. ന്യായമായ വില കിട്ടുന്നതിനു് മലംചരക്കുകളായ കുരുമുളകു്, മുതലായവ വിററഴിക്കുന്നതിനു് 36 മാർക്കററിംഗ് സൊസൈററികൾ സ്ഥാപിക്കുന്നതിനു് പഞ്ചവത്സരപദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതായി കാണുന്നു. ഇങ്ങിനെ 36 മാർക്കററിംഗ് സൊസൈററികൾകൊണ്ടു മാത്രം യാതൊരു പ്രയോജനവുമുണ്ടാകാൻ പോകുന്നില്ലെന്നാണു് എന്റെ അഭിപ്രായം. നാട്ടിന്റെ നാനാഭാഗങ്ങളിലും മാർക്കററിംഗ് സൊസൈററികൾ സ്ഥാപിക്കണം. സഹകരണസംഘങ്ങളുടെ അടിസ്ഥാനത്തിൽ കർഷകരുടെ ഉൽപ്പാദനങ്ങൾ വിലയ്ക്കുടുത്തു ശേഖരിയ്ക്കുന്നതിനും, അതു കാലാകാലങ്ങളിൽ, ശരിയായ വില കിട്ടത്തക്കവണ്ണം വിററഴിക്കുന്നതിനും അങ്ങനെ യഥാർത്ഥ കർഷകനു് ന്യായമായ വില കിട്ടുന്നതിനും ഏർപ്പാടു ഉടനടി നടത്തേണ്ടിയിരിക്കുന്നു.

കർഷകത്തൊഴിലാളികളെ നേരിടുന്ന മറെറാരു പ്രശ്നം കൃഷിസംബന്ധമായി നേരിടുന്ന പലതരം രോഗങ്ങളാണു്. തെങ്ങിനും കമുകിനും മററും ചില രോഗങ്ങൾ ബാധിച്ചു് അവ നശിക്കുന്ന ഒരു പരിവു വളരെ കാലമായി ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടു്. ഇവയുടെ നിവാരണത്തിനു വേണ്ടി വളരെയധികം പണം ചെലവു ചെയ്യുന്നുണ്ടെങ്കിലും പരിഹാരം കണ്ടുപിടിക്കപ്പെടാതെ ഇന്നും തെങ്ങുകൃഷിയും, കമുകുകൃഷിയും താഴമാറായി വരികയാണു്. തെങ്ങിനും കമുകിനും പിടിപെടുന്ന രോഗകാരണങ്ങൾ കണ്ടുപിടിക്കുന്നതിനു് 46 കൊല്ലം മുൻപു മുതൽ ഒരു റിസർച്ചു കമ്മിററി പ്രവർത്തിക്കുന്നുണ്ടെങ്കിലും, മതിയായ കാരണം കണ്ടുപിടിക്കാൻ സാധിക്കാതെ, രണ്ടുമൂന്നു കൊല്ലം മുൻപു ഇങ്ങനെയുള്ള രോഗശമനത്തിനു ശരിയായ വളം ചെയ്താൽ മതിയെന്നുള്ള കണ്ടുപിടിത്തത്തിലാണു എത്തിയിരിക്കുന്നതു്. വളം ചെയ്താൽ രോഗം മാറുകയില്ല. 46 കൊല്ലം കൊണ്ടു് ഇത്രത്തോളം പണം ധൂർത്തടിച്ചിട്ടു്, യാതൊരു പ്രയോജനവും ഉണ്ടാകാതെ പോയതിൽ കുററക്കാരാരാണെന്നു മനസിലാകുന്നില്ല.

ശ്രീ. ചാഴിക്കാട്ടു ജോസഫ് : ബഡ്ജറ്റിന്മേലുള്ള വിമർശനം നടത്തുന്നതിന് പതിനെട്ടോ, ഇരുപതോ പേരുള്ളതായിട്ടാണറിയുന്നത്. പ്രസംഗിക്കുന്നവർക്കു ഒരു ക്വോട്ടാ സമയം നിശ്ചയിച്ചില്ലെങ്കിൽ പലർക്കും സമയം കിട്ടാതെ വരും. അതിനൊരു നിവൃത്തിയുണ്ടാക്കണം.

Mr. Speaker : Generally I do not allow more than 20 minutes for any member. Mr. Mathew has now spoken for 45 minutes. He will conclude within five minutas.

ശ്രീ. സി. എ മാത്യു : സർ, ഇങ്ങനെയുള്ള റിസർച്ചിനുവേണ്ടി ആവശ്യമില്ലാതെ പണം ചെലവാക്കുന്നതു ശരിയല്ല. ഉദ്യോഗമില്ലെങ്കിൽ അതു നിറുത്തുകയായിരിക്കും ബുദ്ധി.

അഗ്രികൾച്ചറൽ ഇൻകംടാക്സു പിരിക്കുന്നതിന് ഇന്നു സ്വീകരിച്ചിരിക്കുന്ന രീതി വളരെ തെററാണ്. അതിനുവേണ്ടി നിയുക്തരാകുന്ന ഉദ്യോഗസ്ഥന്മാർ പല ക്രമക്കേടുകളും കാണിക്കുന്നുണ്ട്. ആദായനികുതി ഈടാക്കുന്നതിന് പതിനായിരം പേർക്കു നോട്ടീസയച്ചതിൽ, ഏഴായിരം പേരെ മാത്രമെ അസസു ചെയ്തിട്ടുള്ളൂ. വളരെയധികം പേരോടു ഉദ്യോഗസ്ഥന്മാർ കാശു പിടുങ്ങിക്കൊണ്ടു അവരെ അസസ്സുമെൻറിൽനിന്നും ഒഴിവാക്കുകയും, ആവശ്യമില്ലാതെ ചിലർക്കു നോട്ടീസു അയച്ചു ബുദ്ധിമുട്ടുകൾ ഉണ്ടാക്കുകയും ചെയ്തുവരുന്നതായി അറിയാം. ആദായനികുതി കൊടുക്കേണ്ടവരെ നിശ്ചയിക്കുന്നതിന്, ഉദ്യോഗസ്ഥന്മാർ സ്വീകരിച്ചിരിക്കുന്ന കണക്കുകൂട്ടലും, മററു പരിഗണനകളും തീരെ അശാസ്ത്രീയമായ രീതിയിലാണ്. അതിനു നിയുക്തരായിട്ടുള്ളവർ പലരും കൃഷിസംബന്ധമായോ, ആദായവരുമാനം തിട്ടപ്പെടുത്തുന്നതു സംബന്ധമായോ യാതൊരു പരിജ്ഞാനവുമില്ലാത്തവരാണ്. തെങ്ങിൽനിന്നും, കമുകിൽനിന്നും പല സ്ഥലത്തുനിന്നും പലതരത്തിലാണു വരുമാനം ലഭിക്കുന്നതു്. ഇങ്ങനെയുള്ള വ്യത്യസ്ത പരിഗണനകൾ മനസിലാക്കാതെ ഉദ്യോഗസ്ഥന്മാരുടെ തീരുമാനത്തിനു വിധേയരായി ആദായനികുതി ചുമത്തപ്പെട്ടു് പലരും പ്രോസിക്യൂഷൻ നടപടികൾക്കു വിധേയരായി കഴിയുന്നുണ്ട്. ഇതിനിന്നെല്ലാം ന്യായയുക്തമായ ഒരു മോചനം കൃഷിക്കാർക്ക് ലഭിക്കേണ്ടതാണ്.

കൃഷിക്കാരുടെ ഇതുവിധത്തിലുള്ള പല വിഷമതകൾക്കും പരിഹാരമാർഗ്ഗം സഹകരണസംഘങ്ങൾവഴി മാത്രമെ നേടാൻ സാധിക്കയുള്ളൂ. സഹകരണപ്രസ്ഥാനം കാര്യക്ഷമമായി അഭിവൃദ്ധിപ്പെടുത്തുന്നതിന് ശ്രമിക്കേണ്ടതാണ്.

പഞ്ചവത്സരപദ്ധതിയുടെ ഒരു ഭാഗത്തേക്ക് ഗവണ്മെൻറിൻെറ ശ്രദ്ധയെ ഞാൻ ആകർഷിക്കുകയാണ്.

> " In fact in the field of agriculture, co-operation comprises almost every activity that is connoted by the term 'agricultural organisation.' It is the best medium for promoting progressive agriculture. Major items of agricultural development, for *eg.* Consolidation of holdings, soil conservation and provision of facilities for irrigation as well as current needs such as protection of crops from pests diseases and animals can be most effectively served through co-operative organisations. "

ഇങ്ങനെ സഹകരണ പ്രസ്ഥാനംവഴി കർഷകരുടെ എല്ലാ അവശതകളും പരിഹരിക്കുന്നതിനായി, അധികം ഭൂമിയുള്ളവർ ആവശ്യം കഴിഞ്ഞതു മനുഷ്യസ്നേഹപരമായ ചിന്തയോടുകൂടി വിട്ടുകൊടുക്കുന്നതിനു കൂടി തയ്യാറാകണമെന്നാണ് എനിക്കു അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : കൃഷിക്കാരുടെ ഭൂപ്രശ്നം പരിഹരിക്കാൻ രാജപ്രമുഖൻ മുമ്പ് തീരുമാനിച്ചിട്ടുള്ള ജന്മിമാരുടെ ഭൂമി നാമമാത്രമായ നഷ്ടപരിഹാരം നൽകി ഗവണ്മെന്റു കൈവശപ്പെടുത്തി വിതരണം ചെയ്യുന്നതിനെപ്പററി ബഹുമാനപ്പെട്ട മെംബറുടെ അഭിപ്രായം അറിഞ്ഞാൽ കൊള്ളാം.

ശ്രീ. പി. എ. മാത്യു : അതിനു ഒരു വിരോധവുമില്ല.

ഈ വക കാര്യങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെടുത്തിക്കൊണ്ടു ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. പി. കെ. ചാത്തൻ : സർ, ഈ ബഡ്ജററിന്റെ പൊതുസ്വഭാവത്തെയും, ഇതിലടങ്ങിയിരിക്കുന്ന പ്രത്യേക താത്പര്യങ്ങളെയും മററും പല മെംബറന്മാരും ചർച്ചചെയ്തു കഴിഞ്ഞിട്ടുണ്ട്. പൊതുവെ പറയുകയാണെങ്കിൽ നമ്മുടെ രാജ്യം ഇന്നു എത്തിച്ചേർന്നിരിക്കുന്ന നിലയിൽ നിന്നും, സാമ്പത്തികമായും, വ്യാവസായികമായും ഉദ്ധരിക്കുന്നതിനു പര്യാപ്തമായ പദ്ധതികൾ കാര്യമായി ഒന്നുംതന്നെ ഇതിൽ കാണുന്നില്ലെന്നു വ്യക്തമാണ്. അങ്ങനെ രാജ്യപുരോഗതിയെ സഹായിക്കുന്ന യാതൊരു പദ്ധതിയുമില്ലാതെ മുൻപതിവനുസരിച്ച് തയ്യാറാക്കിയിട്ടുള്ള ഒരു ബഡ്ജററാണിതെന്നു ഈ സഭ മുൻപാകെ പലരും അഭിപ്രായപ്പെട്ടു കഴിഞ്ഞിരിക്കുകയാണ്.

ഈ ബഡ്ജററിലെ ഗണ്ടുദ്ദേശിക്കുന്ന പ്രധാന കാര്യം, പഞ്ചവത്സര പദ്ധതി പൂർത്തീകരിക്കുകയാണെന്നു ധനകാര്യമന്ത്രി സൂചിപ്പിക്കുകയുണ്ടായി. പക്ഷെ ഒന്നാമത്തെ പഞ്ചവത്സരപദ്ധതിയുടെ പൂർത്തീകരണത്തിന് സമയം ആസന്നമായിരിക്കുന്ന ഈയവസരത്തിൽ, നാലു കൊല്ലത്തെ പ്രവർത്തനംകൊണ്ടുണ്ടായിട്ടുള്ള നേട്ടങ്ങളെപ്പററി ഈ സഭ പൂർണ്ണമായ അറിവു നൽകാൻ ധനകാര്യമന്ത്രി ബഡ്ജററു പ്രസംഗത്തിലെ ശ്രമിച്ചുകാണുന്നില്ല. നമ്മുടെ വ്യവസായം, നമ്മുടെ കൃഷി, എന്നുവേണ്ട നമുക്കു സാമ്പത്തികമായി ഉയർച്ചയുണ്ടാകേണ്ട എല്ലാ ധനാഗമമാർഗ്ഗങ്ങളും ഈ പ്രവർത്തനംമൂലം പഴയതിൽ നിന്നും കാര്യമായി പുരോഗമിച്ചിട്ടില്ലെന്നു കാണുന്നതു പഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനത്തിന്റെ പരാജയത്തെയാണു കാണിക്കുന്നതു്. ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ നിന്നോ അദ്ദേഹം ഹാജരാക്കിയിട്ടുള്ള റിക്കാർഡുകളിൽ നിന്നോ പഞ്ചവത്സര പദ്ധതിയുടെ വലിയ നേട്ടങ്ങളെപ്പററിയൊന്നും അറിയാൻ കഴിയുന്നില്ല. നിശ്ചയമായും ഇന്നു നമ്മുടെ രാജ്യത്തെ തൊഴിലാളികളും കർഷകരും, ചെറുകിടവ്യവസായികളും എല്ലാംതന്നെ സാമ്പത്തികമായി വലിയ വൈഷമ്യങ്ങൾ അനുഭവിച്ചുവരികയാണ്. ക്ഷേമത്തോടും, സമാധാനമായും ഒരു ജീവിതത്തിനുള്ള സാദ്ധ്യതയില്ലാതെയാണിപ്പോൾ ജനങ്ങൾ കഴിഞ്ഞുകൂടുന്നതു്. രാജ്യക്ഷേമവും, ജനങ്ങളുടെ സമാധാനവും ആഗ്രഹിക്കാത്ത ഒരു ഭരണകൂടത്തിന് സ്ഥായിയായ നിലനിൽപ്പുണ്ടാകുകയില്ല. സാധാരണക്കാർക്ക് എന്തെങ്കിലും പ്രയോജനമുണ്ടാകണമെന്നുള്ള ഉദ്ദേശത്തോടുകൂടി, ദീർഘവീക്ഷണത്തോടുകൂടിയ ഒരു നിലപാടു ഇന്നത്തെ ഭരണ

[ശ്രീ. പി. കെ. ചാത്തൻ]

കക്ഷി അംഗീകരിച്ചിട്ടില്ലെന്നു ഈ ബഡ്ജററു പരിശോധിച്ചാൽ അറിയാവുന്നതാണ്. വാസ്തവത്തിൽ ഈ രാജ്യത്തു തൊഴിലില്ലായ്മയുടെ ആധിക്യം അങ്ങേയററം എത്തിയിരിക്കുകയാണ്. സാധാരണ ജനങ്ങളുടെ ക്രയശക്തി കുറഞ്ഞു കുറഞ്ഞു വരികയാണെന്നു മാത്രമല്ല, അതു് നെല്ലിപ്പലകവരെ എത്തിക്കഴിഞ്ഞിരിക്കുന്നു. വേലയില്ലാത്ത തൊഴിലാളികളും, ശരിയായ കൂലികിട്ടാതെ കഷ്ടപ്പെടുന്നവരും എന്നല്ല; ആശാവഹമായ യാതൊരു രക്ഷയുമാർഗ്ഗവും കാണാതെ ഈ രാജ്യത്തു അനവധി യാളുകൾ കഷ്ടപ്പെടുകയാണ്. സ്വാതന്ത്ര്യത്തിനുവേണ്ടി കഷ്ടപ്പെട്ടവർ സ്വാതന്ത്ര്യം കിട്ടി ജനാധിപത്യഭരണം ആരംഭിച്ചിട്ടും ഈവക ദുരിതങ്ങളിൽ നിന്നും മോചനം ലഭിക്കാതെ കഷ്ടപ്പെടുന്നതു ഒരു വിധിവൈപരീത്യമാണ്. ആദ്യത്തെ പഞ്ചവത്സരപദ്ധതി തുടങ്ങി നാലു കൊല്ലം കഴിഞ്ഞിട്ടും കർഷകരുടേയും, കർഷകതൊഴിലാളികളുടെയും ജീവിതനിലവാരത്തിനു ആശാവഹമായ ഒരു പുരോഗതിയും കാണാത്തതു് ഖേദകരമാണ്.

വാസ്തവത്തിൽ നമ്മുടെ രാജ്യം തൊഴിലില്ലായ്മയിൽ അങ്ങേയററം എത്തിച്ചേർന്നിരിക്കുകയാണ്. ഇന്നു തൊഴിലില്ലായ്മമൂലം കർഷകതൊഴിലാളികൾ മാത്രമല്ല, മററ് എല്ലാവിഭാഗത്തിൽപ്പെട്ട തൊഴിലാളികളും അഭ്യസ്തവിദ്യരും വിഷമിച്ചു് അങ്ങേയററംവരെ എത്തിയിരിക്കുയാണ്. അതുമാത്രമല്ല കാർഷികോൽപ്പന്നങ്ങളുടെ വിലയും അങ്ങേയററം ഇടിഞ്ഞിരിക്കുകയാണ്. ഈ സ്ഥിതിയിൽ നിന്നു ഇനി ഒരടി മുന്നോട്ടു പോകുവാൻ തക്കവണ്ണം ഈ ബഡ്ജററിൽ യാതൊന്നും കൊള്ളിച്ചിട്ടില്ല എന്നുള്ളതു് ഈ ബഡ്ജററിന്റെ ഏററവും വലുതായ ഒരു കുറവാണ്.

അതുപോലെതന്നെ നമുക്കു സ്വാതന്ത്ര്യം കിട്ടിക്കഴിഞ്ഞതിനു ശേഷം ഉണ്ടായിട്ടുള്ള ആദ്യത്തെ പഞ്ചവത്സരപദ്ധതിയുടെ നാലുകൊല്ലം കഴിഞ്ഞിട്ടും ഈ രാജ്യത്തെ കർഷകനു അതായതു് അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിനു പറയത്തക്ക യാതൊരു ഗുണവും ഉണ്ടായിട്ടില്ല. എന്നു മാത്രമല്ല അവരുടെ കഷ്ടതകൾ വർദ്ധിക്കുകയും ചെയ്തു. അവരുടെ ക്ഷമയുടെ നെല്ലിപ്പലകവരെ എത്തിയിരിക്കുന്നു. നെല്ലിപ്പലക തന്നേയും ഇളകിക്കഴിഞ്ഞിരിക്കുകയാണ്. ഇനിയും അവരെ ഇത്തരത്തിൽ മർദ്ദിച്ചു് അടക്കി നിർത്തിക്കളയാം എന്നു മന്ത്രിമാർ വിചാരിക്കുന്നു എങ്കിൽ അതു് അബദ്ധമാണെന്നു ഞാൻ അവർക്കു് മുന്നറിയിപ്പു നൽകിക്കൊള്ളുന്നു. ഇന്നു് രാജ്യത്തിന്റെ ഒരററം മുതൽ മറേറ അററം വരെ അവർ അവരുടെ അവകാശങ്ങൾ പിടിച്ചു പററുന്നതിനായി സംഘടിച്ചു് മുന്നേറുകയാണ്. ഇന്നു് രാജ്യത്തിന്റെ പ്രമാണപ്പെട്ട ഒരു വിഭാഗം കർഷകത്തൊഴിലാളികളാണ്. അവർ ജീവിക്കുന്നതിനുവേണ്ടി, വേലക്കു വേണ്ടി, മർദ്ദനത്തിനെതിരായി മുന്നോട്ടു വന്നിരിക്കുന്നു. ഇതു് വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു സംഭവവികാസമാണ്, എന്നുള്ളതു് ഈ അവസരത്തിൽ ഞാൻ പ്രഖ്യാപിക്കുകയാണ്. ഇതു് വളരെ ഉത്തരവാദബോധത്തോടുകൂടി ഞാൻ പറയുകയാണ്. കർഷകതൊഴിലാളികളുടെ സമരം ഇന്നു മർദ്ദനത്തിനെതിരായി അവർ തുടർന്നു വരികയാണ്. ഇന്നു് തോട്ടം തൊഴിലാളികളും ഇടത്തരക്കാരും എല്ലാം സംഘടിച്ചിരിക്കുയാണ്. നമ്മുടെ

നാട്ടിലെ കർഷകത്തൊഴിലാളികളും ഇടത്തരക്കാരും എല്ലാം സംഘടിച്ചിരിക്കയാണ്. നമ്മുടെ നാട്ടിലെ കർഷകത്തൊഴിലാളികൾ ഇന്ന് ഉണർന്നിരിക്കയാണ്. ഇന്ന് അവർക്ക് ആശ്വാസം നൽകുന്നതിനു യാതൊരു തുകയും ഇതിൽ കൊള്ളിച്ചിട്ടില്ല എന്നുള്ളതിൽ എനിക്കും എന്റെ പാർട്ടിക്കും വളരെ ഗൌരവതരമായി ആക്ഷേപമാണുള്ളത്.

ശ്രീ. പി. ആർ. മാധവൻ നായർ : രണ്ടാം പഞ്ചവത്സര പദ്ധതി ആരംഭിക്കുവാൻ പോകുകയല്ലേ ?

ശ്രീ. പി. കെ. ചാക്കൻ : ആദ്യത്തെ പഞ്ചവത്സരപദ്ധതിയുടെ കാര്യം നാം കണ്ടുകഴിഞ്ഞു. ഇനി രണ്ടാംപഞ്ചവത്സരപദ്ധതിയുടെ കാര്യമാണ്. ഒന്നാം പഞ്ചവത്സരപദ്ധതിക്കുതന്നെ അതിനു അനുവദിച്ച പണം നാലു കൊല്ലം കഴിഞ്ഞിട്ടും ഇതുവരെ ചെലവാക്കാൻ കഴിഞ്ഞിട്ടില്ല. ഇനി എന്നാണ് ആ തുകകൾ ചെലവുചെയ്തു തീർക്കുവാൻ പോകുന്നതു് ? ഇതുവരെ അതിലേക്കുവേണ്ടി ചെയ്തിട്ടുള്ളതു് എന്താണ് എന്നും ഞാൻ പറയാം. ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറയുകയുണ്ടായി മററു യാതൊന്നിനെക്കാളും അധികമായി, ഒന്നാം പഞ്ചവത്സരപദ്ധതിക്കായി പത്തുകോടി രൂപ ഇക്കൊല്ലത്തെ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട് എന്ന്. ഇത്രയും സംഖ്യ ആ ഇനത്തിൽ കൊള്ളിച്ചിട്ടുണ്ട് എങ്കിലും നമ്മുടെ അനുഭവം വച്ചു നോക്കുമ്പോൾ ഇതിൽ വലിയൊരു സംഖ്യ ലാപ്സായിപോകുമെന്നതു് തീർച്ചയാണ്. അതുകൊണ്ട് ഈ പദ്ധതികൾകൊണ്ടൊന്നും സാധാരണക്കാരായ ജനങ്ങൾക്കു സ്ഥായിയായ ഗുണമൊന്നും ഉണ്ടാകാൻപോകുന്നില്ല. ഇന്ന് കർഷകതൊഴിലാളികളുടെ ഇടയിൽ തൊഴിലില്ലായ്മ, വ്യവസായത്തകർച്ചമൂലം സംജാതമായിരിക്കുന്ന ദുരവസ്ഥ, കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവു മൂലം ഉള്ള സാമ്പത്തികത്തകർച്ച, അവർക്കു വാങ്ങാനുള്ള കഴിവില്ലായ്മ ഇവക്കെല്ലാം അടിയന്തിരമായ ഒരു പരിഹാരമുണ്ടാകാൻ പോകുന്നില്ല. ഇന്ന് ഇതിനെല്ലാം പരിഹാരമുണ്ടാക്കാൻ കഴിവില്ലാത്തതരത്തിലുള്ള ഒരു ദൌർബല്യം ഈ കാര്യത്തിൽ ഗവണ്മെന്റിനുണ്ടെന്നാണ് ഈ ബഡ്ജററ് പരിശോധിച്ചതിൽ ഞങ്ങൾക്കു പറയാനുള്ളതു്. ഇന്നു പഞ്ചവത്സരപദ്ധതികളെ സംബന്ധിച്ചിടത്തോളം, അതിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം കമ്മ്യൂണിററിപ്രോജക്ട്, നാഷണൽ എക്സ്ററൻഷൻ സർവീസുകൾ ഇവയെല്ലാം ഈ രാജ്യത്തു നടത്തിവരുന്നുണ്ട്. അതു സംബന്ധിച്ച് വളരെ വിമർശനങ്ങൾ ഈ സഭയിൽ പല ഭാഗത്തു നിന്നും ഉണ്ടായിട്ടുണ്ട്. അതിൽ പ്രധാനമായി നാം നോക്കുകയാണെങ്കിൽ ഈ രാജ്യത്തു അവയുടെ പ്രവർത്തനങ്ങൾക്കു വേണ്ടി കുറെ ഉദ്യോഗസ്ഥന്മാരുടെ നിയമനം മാത്രമാണു നടത്തിയിട്ടുള്ളതു്. ഇവിടത്തെ പബ്ലിക്ക് സർവീസ് കമ്മീഷനാണോ ഈ നിയമനം നടത്തുന്നതു് എന്നു ചോദിച്ചാൽ, അല്ല ; അതു് ഗവണ്മെന്റിന്റെ കാര്യമാണ് എന്നാണു മറുപടി. അതായതു് ഇതു് കുറെ ആളുകൾക്ക് തൊഴിൽ ചെയ്യാനുള്ള ഒരു സ്ഥാപനമായിത്തീർന്നിരിക്കുകയാണ്. വലിയ ആളുകളെ മാത്രം അതിൽ നിയമിച്ച് മററു വിഭാഗങ്ങളെ അതിൽ നിന്നും ഒഴിച്ചുനിർത്തിയിരിക്കുകയാണ്. ഈ കാര്യത്തെപ്പററി ഗവണ്മെന്റും നിയമസഭയും ഒന്നാലോചിക്കണമെന്ന് ഞാൻ പറയുകയാണ്. ഇതിനെല്ലാം എതിരായി ഈ രാജ്യത്തെ ജനങ്ങളുടെ നേതാക്കൾ നേതൃത്വം എടുക്കുമ്പോൾ പോലീസിനെയും പട്ടാളത്തെയും അയച്ച് അടിച്ചു ഒതുക്കാം എന്നു പറഞ്ഞാൽ അതു് നടക്കുക

[ശ്രീ. പി. കെ. ചാത്തൻ]

യില്ല. അങ്ങിനെ എതിരായി ശബ്ദമുയർത്തിയാൽ ഞാൻ പോലീസിനെ അയയ്ക്കും എന്നു ധിക്കാരത്തോടുകൂടി പറഞ്ഞാൽ അങ്ങനെ ചെയ്യാൻതന്നെ പറയും. ഇനിയും പോലീസിനെയും ലാത്തിയെയും അത്ര ഗൌനിക്കാനില്ല സർ, ഞങ്ങൾ. ഞങ്ങൾ മുന്നോട്ടുതന്നെ ചെയ്യും. ഈ രാജ്യത്തിന്റെ നട്ടെല്ലായ അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിനെ ഇനിയും അങ്ങനെ മർദ്ദിച്ചൊതുക്കുവാൻ സാദ്ധ്യമല്ല. ഇന്നു രാജ്യത്തെ ജനങ്ങൾക്കു ഉപകാരപ്രദമായി ഒന്നും ചെയ്യാൻ സാദ്ധ്യമല്ല എന്നു വരികിലും ഈ രാജ്യത്തെ വിവിധ വിഭാഗങ്ങളോടും ഗവണ്മെൻറിനുള്ള മനോഭാവമെന്താണെന്നുള്ളതിനു വളരെ നഗ്നമായ രൂപങ്ങളാണ് മന്ത്രിമാരുടെ മറുപടികളിൽ നിന്നും നമുക്കു വളരെ വ്യക്തമായി കാണാൻ സാധിക്കുന്നത്. എനിക്കു വളരെ പരിമിതമായ സമയമേ ഉള്ളൂ എന്നറിയാം.

ഇവിടത്തെ പട്ടികജാതിക്കാരെയും പിന്നോക്കസമുദായക്കാരെയും സംബന്ധിച്ച് രണ്ടുവാക്ക് സംസാരിക്കണമെന്നു വിചാരിക്കുകയാണ്. സർ, കോൺഗ്രസ്സ് ഗവണ്മെൻറ് അധികാരത്തിൽ വന്നതിനുശേഷം തീർച്ചയായും ഈ അവശസമുദായങ്ങളെ സംബന്ധിച്ചിടത്തോളം യാതൊരു പ്രോത്സാഹനവുമുണ്ടായിട്ടില്ല. ഇന്നത്തെ മുഖ്യമന്ത്രിയും, ഇന്നത്തെ ഈ വകുപ്പിന്റെ ചുമതലവഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി കൊച്ചുകുട്ടനും കൊച്ചിയിൽ രാജവാഴ്ച ഉണ്ടായിരുന്നപ്പോൾ ഹരിജനോദ്ധാരണത്തിനായി നടത്തിക്കൊണ്ടിരുന്നതായ പ്രവർത്തനങ്ങൾ അനുഭവത്തിൽനിന്നും അറിഞ്ഞിട്ടുള്ളവരാണ്. നിശ്ചയമായും ഹരിജനങ്ങളെ ഉദ്ധരിക്കേണ്ട ചുമതല ഒരു ഗവണ്മെൻറിനുള്ളതാണ്. അത് അവർ സൌജന്യമായിട്ടു ചെയ്യുന്നതല്ല. അവരെ എന്തെങ്കിലും കൊടുത്ത് സമാധാനിപ്പിക്കുക എന്നുള്ള നിലയിലല്ല. ഈ ഹരിജനങ്ങളിൽ ഭൂരിഭാഗവും കർഷകത്തൊഴിലാളികളും അദ്ധ്വാനിക്കുന്ന ജനവിഭാഗവുമാണ്. അവർ നാടുകൈകാട്ടും, മേട്ടുമായി കിടന്നപ്പോൾ മലമ്പനിയേയും കരിമ്പുലിയേയും ഭയപ്പെടാതെ അവയോടു നേരിട്ട് പോരാടി നാടിനെ ഈ നിലയിലാക്കിട്ടുള്ളവരാണ്. അവർ രാജ്യത്തിന്റെ സമ്പത്ത് വർദ്ധിപ്പിച്ചവർ ആണ്. അവരെ ഉയർത്തേണ്ടതു് രാജ്യത്തിന്റെ കടമയാണ്. അതുകൊണ്ട് ഹരിജനോദ്ധാരണം ഏററവും പ്രാധാന്യം അർഹിക്കുന്ന ഒരു നടപടിയാണ്. മഹാത്മഗാന്ധിതന്നെ വളരെ കാര്യമായി എടുത്തു പ്രവർത്തിച്ചിട്ടുള്ളതാണ്. ഈ വക കാര്യങ്ങൾ വച്ചുകൊണ്ടു നോക്കിയാൽ ഇത്രയും പ്രാധാന്യം അർഹിക്കുന്ന ഈ കാര്യത്തിൽ നാടുവാഴിയുടെ ഭരണകാലത്തുണ്ടായിരുന്നതിനെക്കാൾ വളരെ മോശമായ ഒരു നിലയാണ് ഇന്ന് ഹരിജനോദ്ധാരണത്തെ സംബന്ധിച്ചിടത്തോളംവന്നുചേർന്നിരിക്കുന്നത്. നമുക്കു സ്വാതന്ത്ര്യം ലഭിച്ചു എങ്കിലും അവരുടെ കാര്യത്തെ സംബന്ധിച്ചിടത്തോളം യാതൊരു മാററവും ഉണ്ടായിട്ടില്ല. രാജവാഴ്ചക്കാലത്തുതന്നെ കൊച്ചിയിൽ ഒരു മന്ത്രിയായിരുന്ന ഡാക്ടർ എ. ആർ. മേനോൻ അന്നു വാസ്തവത്തിൽ ഹരിജനോദ്ധാരണത്തിനുവേണ്ടി അങ്ങേഅററം പ്രവർത്തിച്ചിരുന്നു. അദ്ദേഹത്തിന്റെ ഭരണകാലത്ത് അവശസമുദായ സംരക്ഷകനെയും എ. ബി. സി. കമ്മീഷണറെയുമെല്ലാം ഓരോ കുററങ്ങൾക്കായി പിടിച്ചു പുറത്താക്കിയിട്ടുണ്ട്. ഇന്ന് അതിൽനിന്ന് എത്ര മുമ്പോട്ട് കാലം നീങ്ങി. അന്ന് അവിടെ ഹരിജൻകുട്ടികളെ സ്കൂളുകളിലേക്ക് അയയ്ക്കുമ്പോൾ

അവക്ക് ആവശ്യമുള്ള മുഴുവൻ പുസ്തകങ്ങളും മററ് എല്ലാ സാധനങ്ങളും കൊടുത്തിരുന്നു. ഇന്നത്തെ മാതിരിയല്ല. ഇന്ന് ഗവണ്മെൻറ് അച്ചടിക്കുന്ന കുറെ പുസ്തകം മാത്രമാണ് അവക്ക കൊടുക്കുന്നത്. ബാക്കിയുള്ള പുസ്തകങ്ങൾ വേറെ ആളുകളുടെ പുസ്തകങ്ങൾ ആണ്. അതു് അവക്ക് വാങ്ങിക്കൊടുക്കുന്നില്ല. ഇന്നി ഗവണ്മെൻറ് അച്ചടിച്ചിട്ടുള്ള പുസ്തകങ്ങൾ മാത്രം വിതരണം ചെയ്യുകയാണ്. മററുള്ള പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള കാര്യമില്ല. ഈ പുസ്തകങ്ങൾ എല്ലാം കിട്ടുന്നതുതന്നെ സ്കൂൾ തുറക്കുമ്പോൾ അല്ല, അടയ്ക്കാറാകുമ്പോഴാണ്.

സ്കൂൾഫൈനൽപാസ്സായിവരുന്ന ഹരിജനവിദ്യാർത്ഥികൾക്ക കാളേജു പ്രവേശനത്തിനു വേണ്ട സൗകര്യം കിട്ടുന്നില്ല. ഈ പാവപ്പെട്ട പലയരുടേയും പറയരുടേയും നേക്ക് നാട്ടിൻപുറത്തുള്ളവരുടെ മനോഭാവം എന്താണെന്നു നമുക്കൊക്കെ അറിയാം. അവിടെനിന്നും പാടത്തു പണി എടുക്കുന്ന ഒരു ചാത്തൻെറ മകൻ് ബി. എ. യ്ക്കും, എൽ. ടി. വരെയും ഒക്കെ പഠിച്ചുവരാൻ വളരെ പ്രയാസമുണ്ട്. വല്ലപാടും ബുദ്ധിമുട്ടിയും പ്രയത്നിച്ചും അതിനുവേണ്ടി തിരുവനന്തപുരത്തു വന്നാൽ ഇന്ന് കാളേജു പ്രവേശനം ലഭിക്കാനുള്ള പാട് ചെറുതൊന്നുമല്ല. അന്ന് ഇത്രയും വിഷമം ഇല്ലായിരുന്നു. ഹരിജനങ്ങൾക്ക പ്രത്യേകം ഹോസ്റ്റലുകൾ ഉണ്ടായിരുന്നു. എറണാകുളത്തും തൃശ്ശൂരിലും ഹരിജനഹോസ്റ്റലുകൾ ഉണ്ടായിരുന്നു. പെൺകുട്ടികൾക്കും പ്രത്യേക ഹോസ്റ്റലുണ്ടായിരുന്നു. അങ്ങനെ നാടുവാഴിത്തമ്പുരാൻെറ കാലത്ത് ഹരിജനവിദ്യാർത്ഥികളുടെ വിദ്യാഭ്യാസസൗകര്യത്തെപ്പററി പ്രത്യേകം ശ്രദ്ധിച്ചിരുന്നു. എന്നാൽ ഇന്നോ, എല്ലാവരുടേയുംകൂടി ഒരുമിച്ച് ഹരിജനവിദ്യാർത്ഥികൾ കോളേജ് ഹോസ്റ്റലുകളിൽ താമസിക്കണമെന്നു വന്നിരിക്കുകയാണ്. അവിടെ താമസിക്കുന്ന മററു വിദ്യാർത്ഥികൾ ആവശ്യമായ്ത്ര പണം പോക്കററുമണി ചെലവാക്കി അത്രയേറെ സുഖസൗകര്യങ്ങളോടെ താമസിക്കുന്നവരാണ്. ചെറുപ്പുര പോലും ഇല്ലാതെ, ഉടുക്കാൻ തുണിയില്ലാതെ കഴിഞ്ഞുകൂടുന്ന ഒരു പുലയനു്, അല്ലെങ്കിൽ ഒരു പറയനു് 40 രൂപയോ 50 രൂപയോ ഗവണ്മെൻറ് കൊടുക്കുന്നതുകൊണ്ടുതന്നെ ജീവിക്കണം. ഇവിടെ എങ്ങിനെ സമത്വം പാലിക്കണം? മുമ്പ് ഹോസ്റ്റലിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് ജീവിതാവശ്യത്തിനും വിദ്യാഭ്യാസത്തിനും മതിയാകുന്ന തുക അനുവദിക്കുമായിരുന്നു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ആവശ്യമുള്ളതു് അനുവദിച്ചിരുന്നു. ഇത്രയെല്ലാം പാടുപെട്ട്, ഹോസ്റ്റലിൽ താമസിച്ച് പരീക്ഷ പാസ്സായി വന്നാലോ? ഇന്നു കോടാനുകോടി രൂപാ പബ്ലിക് സർവ്വീസുവഴി ഉദ്യോഗാർത്ഥികൾക്കുവേണ്ടി ഗവണ്മെൻറ് ചെലവാക്കുന്നുണ്ട്. ഏതെങ്കിലും ഉദ്യോഗത്തിനു മററുള്ളവരോടൊപ്പം എന്തെങ്കിലും കാരണവശാൽ അവർ മുമ്പോട്ടു വന്നില്ലെങ്കിൽ അവരെ കഴിവാക്കുന്നതു ശരിയാണോ? ഈ രാജ്യത്തെ അവശസമുദായക്കാരോടും ഹരിജനങ്ങളോടും ഗവണ്മെൻറ് പണ്ടുമുതല്ക്കേ കടുത്ത അനീതിയാണു ചെയ്തിട്ടുള്ളതു്. ഇന്നും അഭ്യസ്തവിദ്യരായ എത്രയോ ഹരിജനങ്ങൾ ഉദ്യോഗംകിട്ടാതെ നടക്കുന്നുണ്ട്. അവരിൽ ചിലരെ ഏററവും താഴ്ന്ന തരത്തിലുള്ള അദ്ധ്യാപകന്മാരായിട്ടോ, ക്ലാർക്കന്മാരായിട്ടോ നിയമിച്ചിട്ടില്ലെന്നു ഞാൻ പറയുന്നില്ല. ഇവിടെ ഈ സെക്രട്ടറിയേറ്റിൽ അവരിൽനിന്നു് ഒരു ഒററ സൂപ്രണ്ടിനെയെങ്കിലും നിയമിച്ചിട്ടുണ്ടോ? അസിസ്റ്റൻറ് സെക്രട്ടറി ഉണ്ടോ? ഞാൻ ഇന്നത്തെ മന്ത്രിസഭയെ പ്രതിക്കൂട്ടിൽ നിറുത്തി ചോദ്യ

[ശ്രീ. പി. കെ. ചാത്തൻ]

ക്കയയല്ല, നമ്മുടെ ഈ രാജ്യത്തെ പാവങ്ങളെ ഉദ്ധരിക്കുവാനുള്ള അവകാശം നിങ്ങൾക്കെല്ലാവർക്കും ഉണ്ട്. ചരിത്രപരവും സാമുദായികവുമായ അനവധി കാരണങ്ങളാൽ അമർത്തപ്പെട്ടും അടിമപ്പെട്ടും കഴിഞ്ഞുകൂടേണ്ടി വന്ന ഈ സാധുക്കൾക്ക് സാമ്പത്തികമായും സാംസ്ക്കാരികമായും ഉള്ള ഉല്ക്കർഷം ഇല്ലാതിരുന്നതിനുത്തരവാദികൾ നിങ്ങളൊക്കെത്തന്നെയാണ്. അതുകൊണ്ട് ഈ പാവങ്ങളെ ഉദ്ധരിക്കുന്ന കാര്യത്തിൽ ഞാൻ ചെയ്യുന്ന ഈ അഭ്യർത്ഥന ഈ രാജ്യവും ഈ സഭയും കേൾക്കണമെന്നപേക്ഷയുണ്ട്. ഈ രാജ്യത്ത് എത്ര പോലീസ് ഇൻസ്പെക്ടറന്മാരുണ്ട്? എത്ര വകുപ്പ് ദ്ധ്യക്ഷന്മാരുണ്ട്? ഹരിജനങ്ങളിൽ ഒരെണ്ണമെങ്കിലും അക്കൂട്ടത്തിലുണ്ടോ? എല്ലാം പുലയനു കൊടുക്കണമെന്നല്ല ഞാൻ പറയുന്നത്. അങ്ങേയറത്തെ അവശത അനുഭവിച്ചവരും അനുഭവിച്ചുകൊണ്ടിരിക്കുന്നവരുമായ ഹരിജനങ്ങൾക്ക് മററു സമുദായത്തിലെ സ്ത്രീകൾക്കും കുട്ടികൾക്കും ലഭിച്ചുകൊണ്ടിരിക്കുന്നതും അനുഭവിച്ചുകൊണ്ടിരിക്കുന്നതുമായ സുഖസൗകര്യങ്ങൾ അനുഭവിക്കുവാനുള്ള സാഹചര്യങ്ങൾ ഇന്നുണ്ടോ? പ്രസവവേദന അനുഭവിച്ചു നട്ടം തിരിയുന്ന ഹരിജനസ്ത്രീകൾക്ക് എന്തു രക്ഷയാണുള്ളത്? ആശുപത്രിയിൽ അവർക്ക് അഭയം ലഭിക്കുമോ? നാട്ടിൻപുറത്തുള്ള ഏതെങ്കിലും ഒരു തോട്ടുവരമ്പത്തു കിടന്നു പ്രസവിക്കുന്ന ഹരിജന സ്ത്രീകളെ രക്ഷിക്കുവാനോ ശുശ്രൂഷിക്കുവാനോ ആളില്ല. അവരുടെ ഇടയിൽ നേഴ്സുകളോ മിഡ്വൈഫ്മാരോ ഇല്ല. കൂടുതൽ നഴ്സുകളേയും മിഡ്വൈഫുകളേയും നിയമിക്കുവാനുദ്ദേശിക്കുമ്പോൾ ഹരിജനങ്ങളുടെ കാര്യത്തെപ്പററി ഗവണ്മെൻറ് ആലോചിക്കുന്നില്ല. വകുപ്പുദ്ധ്യക്ഷനായിട്ടു ഒരാൾപോലും ഇല്ല. മററുള്ള വകുപ്പുദ്ധ്യക്ഷന്മാരുടെ കാര്യം പോകട്ടെ. ഹരിജനങ്ങളിൽനന്നും ആരെയും വകുപ്പുദ്ധ്യക്ഷന്മാരായിട്ടു നിയമിക്കാൻ പാടില്ല എന്നല്ലേ വയ്പ്? എന്നാൽ പിന്നാക്കസമുദായസംരക്ഷകൻ എന്ന നിലയിൽ ഒരാളെങ്കിലും നിയമിക്കാമായിരുന്നല്ലോ? പി.എസ്സ്.പി. മന്ത്രിസഭ അധികാരത്തിൽ വരുന്നതിനുമുമ്പ് അതും ഉണ്ടായിരുന്നില്ല. മററുള്ള കാര്യത്തിൽ പി. എസ്സ്. പി. മന്ത്രിസഭയുടെ നിലപാടെന്തായിരുന്നാലും അവർ അധികാരത്തിൽ വന്നതിനുശേഷം പിന്നാക്കസമുദായ സംരക്ഷകനായി ഒരു ഹരിജനത്തെത്തന്നെ നിയമിക്കുകയുണ്ടായി. കാൺഗ്രസ്സ് അധികാരത്തിൽ വന്നാലും, പി. എസ്സ്. പി. അധികാരത്തിൽ വന്നാലും, ചെകുത്താൻ വന്നാലും നല്ലതു ചെയ്താൽ നല്ലതെന്നു പറയും. ദൈവം തന്നെയായാലും ചീത്ത ചെയ്താൽ ചീത്തയെന്നും പറയും.

സർ, ഇവിടെ അയിത്തമെല്ലാം പോയി എന്നു പറയുന്നതു കേട്ടു. അമ്പലത്തിലെ കാര്യമൊന്നും ഞാൻ പറയുന്നില്ല. ഇടയ്ക്കൊക്കെ ചില ഇടികൾ മുതുകിനു പുറത്തു കിട്ടുന്നുണ്ട്. അതുപോകട്ടെ. ഇവിടെ ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെ കാര്യത്തിലും അയിത്തമുണ്ട്. അതു് ഒന്നു മാററണം. അതിനു ഒരു നിരോധനം പാസാക്കണം. ഈ പിന്നോക്ക സമുദായസംരക്ഷ വകുപ്പ് ഈ രാജ്യത്തെ എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങളുടേയും ആവേശത്തിൻെറ ഫലമായിട്ടാണു രൂപംപ്രാപിച്ചതെങ്കിലും ഈ വകുപ്പ് ഇന്നും മുസ്ലേനിയസ് ആയിട്ടാണു കിടക്കുന്നതു്. പലതിൽ ഒന്നു എന്ന സ്ഥാനമെ അതിനുള്ളു. അതിനെ ഒരു മേജർ വകുപ്പാക്കേണ്ടതു് അത്യാവശ്യമാണ്. ഇതിനെ മുസ്ലേനിയസ്സിൻെറ കൂട്ടത്തിൽ ഇട്ടിരിക്കുന്നതു് മററുകാര്യങ്ങളുടെ കൂട്ടത്തിൽ ഇതും ഒരു ഓപ്പറേഷൻ

ആവട്ടെ എന്നു കരുതിയായിരിക്കാം. ഒടുവിൽ ഈ വകുപ്പദ്ധ്യക്ഷനായി വേറെ ആളെ ആക്കാനെന്ന ഉദ്ദേശമുണ്ടോ എന്നും നിശ്ചയമില്ല. എങ്ങനെയായാലും ഒരു ഹരിജനത്തെ എ. ബി. സി. കമ്മീഷണറായി നിയമിക്കുന്നതിൽ വലിയ എതിർപ്പുണ്ടാകാനിടയില്ല. ഹരിജനങ്ങളെ ഉയർത്തിയെടുത്താൽ അതിൽ ഈ രാജ്യത്തെ എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകൾക്കും അഭിമാനിക്കുവാൻ വകയുണ്ട്. നമ്മുടെ ഭരണഘടനയും കേന്ദ്ര ഗവണ്മെൻറും ആവശ്യപ്പെടുന്നത് അതാണ്. അതിനാൽ യാതൊരു ചാഞ്ചല്യവും കൂടാതെ ഗവണ്മെൻറ് അക്കാര്യത്തെപ്പററി ശ്രദ്ധിക്കണം. അതിൽ നമുക്കുണ്ടാകുന്ന കുഴിവുകേടിനെപ്പററി ലജ്ജിക്കേണ്ടതാണ്. ജനകീയഭരണം വന്നിട്ടു നാലഞ്ചുകൊല്ലത്തിനുമേലായി. വാസ്തവം പറഞ്ഞാൽ, ഈ കൊല്ലമത്രയും നാം നഷ്ടപ്പെടുത്തുകയാണു ചെയ്തത്. അതുകൊണ്ട് ഹരിജനങ്ങളെ ഉയർത്തിയല്ലാതെ അടങ്ങുകയില്ലെന്ന ഒരു പ്രഖ്യാപനം ഗവണ്മെൻറു ചെയ്യണം. ഇവിടെ ഹരിജനങ്ങൾക്ക് ഉയർന്ന ഉദ്യോഗം കൊടുക്കുന്നതിൽ ഗവണ്മെൻറ് പറയുന്ന പ്രധാനമായ ആക്ഷേപം അവക്ക് വേണ്ടത്ര വിദ്യാഭ്യാസയോഗ്യതയില്ലെന്നാണ്. കൊച്ചിയിൽ എൻജിനീയറിംഗ്, മെഡിക്കൽ, ലാ, മുതലായ വിഷയങ്ങൾക്ക് ഗവണ്മെൻറുചെലവിൽ ഹരിജനങ്ങളെ അയച്ചു പഠിപ്പിച്ചിരുന്നു. പഠിത്തം പൂർത്തിയായവരും പൂർത്തിയാകാൻപോകുന്നവരുമായി കുറേപ്പേർ അവരുടെ കൂട്ടത്തിൽ ഉണ്ട്. അന്നു ഇതേപ്പററി കൂടുതൽ നിഷ്കർഷിച്ചിരുന്നുവെങ്കിൽ വിദ്യാഭ്യാസയോഗ്യതയുള്ളവർ വേണ്ടുവോളം ഹരിജനങ്ങളുടെ ഇടയിൽ ഉണ്ടാകുമായിരുന്നു എന്നുള്ളതിനു സംശയമില്ല. ഇന്നു പല വിധത്തിലുള്ള സ്കാളർഷിപ്പുകൾ കൊടുത്തു വിദ്യാർത്ഥികളെ പുറത്തേക്കയച്ചു പഠിപ്പിക്കുന്നുണ്ട്. അതിൽ എത്ര വിദ്യാർത്ഥികളെ ഹരിജനങ്ങളിൽനിന്നയച്ചിട്ടുണ്ടെന്നു ഞാൻ ചോദിക്കുന്നു.

ഈ ഘട്ടത്തിൽ ഉദാഹരണമായി ഒരു സംഭവം ഞാൻ പറയാം. ഫാറസ്ററ് സംബന്ധമായ വിദ്യാഭ്യാസത്തിനായി ഒരാൾ ശ്രമിച്ചു. അതിലേയ്ക്ക് ഇൻറർമീഡിയററ പരീക്ഷ പാസ്സായാൽ മതിയാകുന്നതാണ്. എന്നാൽ ഈ ആൾക്ക് ബി. എ. യ്ക്കു ഒരു പാർട്ടോ മററോ കിട്ടാനുണ്ട്; അൽപ്പം കൂടുതൽ പഠിച്ചുപോയിയെന്നുള്ളതുകൊണ്ട് അതിനു ചിലവായ സംഖ്യ മടക്കി അടച്ചു കഴിഞ്ഞിട്ട് ആ കാര്യത്തെപ്പററി ആലോചിക്കാം എന്നു പറഞ്ഞതനുസരിച്ചു. മററൊരാൾ സ്കാളർഷിപ്പോടുകൂടി ടെക്നോളജിക്ക് പഠിക്കാൻപോയി. എന്നാൽ അതിൽ തോല്ക്കുകയാണു ചെയ്തത്. തോററപ്പോൾ വീണ്ടും തൃശ്ശൂർ സെൻറ്തോമസ് കാളേജിൽ ചേർന്നു പഠിച്ചു. അതിൽ ആദ്യവർഷം ജയിക്കുകയും ചെയ്തു. സ്വന്ത ചെലവിലാണു പഠിച്ചത്. അയാളുടെ അച്ഛൻ ക്ഷയരോഗം വന്നു മരിച്ചുപോയി. ഓരോ മാസവും അയാൾ ഫീസുണ്ടാക്കികൊടുത്ത കഥ കണ്ണുനീരിൻെറ കഥയാണ്. ആ ആളിനു വേണ്ട സഹായം ചെയ്തുകൊടുക്കണമെന്നു ഞാൻ ഗവണ്മെൻറിനോട് അന്നുമുതൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കൊല്ലം സഹായിക്കുമോ ഇല്ലയോ എന്നു നിശ്ചയമില്ല

ശ്രീ. കെ. കൊച്ചുകുട്ടൻ: ആ കുട്ടിക്ക് സ്ററൈപ്പന്റു കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. പി. കെ. ചാത്തൻ: ഞാൻ അടുത്ത ദിവസം ബഹുമാനപ്പെട്ട മന്ത്രിയെ കണ്ട് ഇതിനെപ്പററി സംസാരിച്ചപ്പോൾ അനുവദിച്ചു എന്നു പറഞ്ഞു. പിന്നീടു ഞാൻ എ. ബി. സി. കമ്മീഷണറോട് ഇതേപ്പററി

[ശ്രീ. പി. കെ. ചാത്തൻ]

ഫോണിൽ ചോദിച്ചു. ഗവണ്മെൻറിൽനിന്നും ഇതുവരെ കടലാസ് വന്നില്ല എന്നാണ്. മന്ത്രി കല്പനപാസ്സാക്കിയെങ്കിൽ, വകുപ്പദ്ധ്യക്ഷന് അതു കിട്ടാതിരിക്കുകയാണെങ്കിൽ, ഈ താമസംകൊണ്ടു് മാർച്ച് 31-ാനു കഴിഞ്ഞാൽ സംഖ്യ ലാപ്സാകുകയാണെങ്കിൽ ഒരു കുട്ടിയുടെ ഒരു കൊല്ലമാണ് പോകുന്നതു്. ഇതൊരു വലിയ കാര്യമാണ്. ഇവിടെ നമ്മുടെ സെക്രട്ടറിയേററിലെ ഉദ്യോഗസ്ഥന്മാരെപ്പററി പറയാനുണ്ടു്. സെക്രട്ടറിയേററിൽ കടലാസ്സുകൾവച്ചു് വൈകിപ്പിക്കുന്നതിനെപ്പററി വലിയ പരാതികളുണ്ടു്. നിശ്ചയമായുംവളരെ ഗൌരവമായി ഇതിനെ എടുക്കണമെന്നു് ഞാനാവശ്യപ്പെടുന്നു. ഗവണ്മെൻറ് ഇക്കാര്യത്തിൽ ഒരു അലസമനോഭാവമാണു കാണിക്കുന്നതെന്നു തോന്നുന്നു. അതുകൊണ്ടു് ഈ മാർച്ചു 31-ാംതീയതിക്കകം അതിലേയ്ക്കു ഒരു തീരുമാനം കൈക്കൊള്ളേണ്ടതാണെന്നു ഞാൻ ഈ ഗവണ്മെൻറിനെ ഉൽബോധിപ്പിക്കുന്നു. അവശസമുദായങ്ങളുടെ വിദ്യാഭ്യാസം സംബന്ധിച്ചു ഇനിയും ഒട്ടുവളരെ സഹായങ്ങൾ ഗവണ്മെൻറിൽനിന്നും ചെയ്യേണ്ടതായിട്ടുണ്ടു്. ഈ വകുപ്പിനുവേണ്ടി രണ്ടാം പഞ്ചവത്സരപദ്ധതിയിൽ വേണ്ടത്ര തുക കൊള്ളിച്ചു് ഭംഗിയായും കാര്യക്ഷമതയോടുകൂടിയും പ്രവർത്തിക്കേണ്ടതാണ്. എ. ബി. സി. ഡിപ്പാർട്ടുമെൻറിൽനിന്നും നിയമിച്ചിട്ടുള്ള ഫീൽഡ് ആഫീസറന്മാർക്കു ഇപ്പോൾ തന്നെ മൂന്നും നാലും താലൂക്കുകളിൽ പണിയെടുക്കേണ്ടിവന്നിട്ടുണ്ടു്. തന്നിമിത്തം നാം പ്രതീക്ഷിക്കുന്നതുപോലെ പ്രയോജനം ഉണ്ടാകുന്നില്ല. അവർക്കു് ലേബർവകുപ്പ്, കൃഷിവകുപ്പ് കുടിയിറക്കിനെസംബന്ധമായതു് ഇങ്ങനെ പലവകുപ്പും കൊടുത്തിരിക്കുകയാണ്. പ്രവർത്തനത്തിൻെറ കാര്യക്ഷമതയ്ക്കു് ഓരോ താലൂക്കിലേക്കും ഓരോ ഫീൽഡാഫീസർമാരെ വീതം നിയമിക്കണം. ആണ്ടുതോറും കോടിക്കണക്കിനു തുക ചെലവാക്കുന്ന പഞ്ചവത്സരപദ്ധതിയിൽ അഭ്യസ്തവിദ്യരായ അവശസമുദായാംഗങ്ങൾക്കു പ്രോത്സാഹനം നൽകേണ്ടതാണ്. മാത്രമല്ല, ഓരോ താലൂക്കിലും ഓരോ ഫീൽഡ് ആഫീസറന്മാരെ നിയമിച്ചു അവശസമുദായങ്ങൾക്കു ഉണ്ടായിട്ടുള്ള അവശതകൾ പരിഹരിക്കുന്നതിനുകൂടി നിർദ്ദേശം കൊടുക്കേണ്ടതാണ്. അങ്ങനെ ചെയ്യുന്നതായാൽ വേണ്ടിടത്തോളം ആളുകൾ അവശസമുദായത്തിൽനിന്നും രാജ്യസേവനത്തിനുവേണ്ടി ലഭിക്കുമെന്നുമാത്രമല്ല അവരുടെ ഇടയിലുള്ള തൊഴിലില്ലായ്മക്കു പരിഹാരം ഉണ്ടാകുന്നതുമാണ്. അതുപോലെതന്നെ നർസിംഗ് കോഴ്സിനു ഒരുകേപ്പാട്ടു അവശസമുദായങ്ങൾക്കുവേണ്ടി നീക്കിവയ്ക്കേണ്ടതാണ്. അങ്ങിനെ ചെയ്താൽ അവശസമുദായങ്ങളുടെ ഇടയിൽ ഉണ്ടാകുന്ന പ്രസവാദി ശുശ്രൂഷകൾക്കു വളരെ സാഹായകമായിരിക്കും. മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ അവശസമുദായാംഗങ്ങൾ ഇപ്പോൾ ഇല്ലെന്നുതന്നെ പറയാം. എന്നാൽ കൊച്ചിയിൽ കുറെ വർഷങ്ങൾക്കു മുമ്പു് ഒരാളെ ഒരു ഡാക്ടരായി നിയമിച്ചിട്ടുണ്ടു്. അദ്ദേഹം ഇന്നും സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുകയാണ്. അതിൽപിന്നീടു് അവിടെ ഈ വകുപ്പിലുള്ള ഒരു വ്യക്തിയേയും നിയമിച്ചിട്ടില്ല.

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇപ്പോൾ പല അവശസമുദായാംഗങ്ങളും എം. ബി. ബി. എസ്. നു പഠിക്കുന്നുണ്ടെന്നറിയാമോ?

ശ്രീ. പി. കെ. ചാത്തൻ : കുറെ വിദ്യാർത്ഥികൾ മെഡിക്കൽ കാളേജിൽ പഠിക്കുന്നുണ്ടു്. ഞാൻ പറയുന്നതു് കൂടുതൽ വിദ്യാർത്ഥികളെ സാങ്കേ

തികമായ തുറകളിൽ പ്രവേശിക്കാൻവേണ്ടി ഗവണ്മെൻറ നടപടിയെടുക്കണമെന്നാണ്.

സർ, മറെറാരുകാര്യം എനിക്ക പറയാനുള്ളത് ഹരിജനഹോസ്റ്റലുകളെ സംബന്ധിച്ചാണ്. നമ്മുടെ സംസ്ഥാനത്ത് ഗവണ്മെൻറ വക ഹരിജനഹോസ്റ്റലുകൾ വിപുലമായതോതിൽ നടത്തേണ്ടതിൻെറ ആവശ്യകത പല പ്രാവശ്യവും ഈ നിയമസഭയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. സംസ്ഥാനത്തുള്ള പ്രധാനപ്പെട്ട പട്ടണങ്ങളിലെങ്കിലും ഗവണ്മെൻറവക ഹരിജൻ ഹോസ്റ്റലുകൾ തുറക്കുന്നതായാൽ പല സ്ഥലങ്ങളിൽനിന്നും വന്നുകൂടുന്ന ഹരിജനവിദ്യാർത്ഥികൾക്ക് വളരെ ഉപകാരപ്രദമായിരിക്കും. ആ വകയ്ക്കുവേണ്ടി കൂടുതൽ തുക ബഡ്ജററിൽ കൊള്ളിക്കേണ്ടതാണ്. ഗവണ്മെൻറിൽനിന്നും ഉണ്ടാക്കുന്ന ഹോസ്റ്റലുകൾ സ്ഥിരം ഹോസ്റ്റലുകൾതന്നെയായിരിക്കണം. സ്ഥിരം ഹോസ്റ്റലുകൾ ഓരോ പട്ടണങ്ങളിലും ഉണ്ടാക്കണമെന്നു ഞാൻ പറയുമ്പോൾ ആ വാദത്തോടു ആൾക്കും എതിരുണ്ടാകുമെന്നു തോന്നുന്നില്ല. ഏതു തരത്തിലായാലും പഠിക്കണമെന്നുള്ള കാംക്ഷയോടുകൂടി നാട്ടിൻപുറങ്ങളിൽനിന്നും വരുന്ന വിദ്യാർത്ഥികൾക്ക താമസിക്കുന്നതിനുള്ള സൗകര്യം ചെയ്തുകൊടുക്കേണ്ടതു അവശസമുദായോദ്ധാരണത്തിൻെറപേരിൽ ഗവണ്മെൻറിൻെറ ഒരു കടമയാണ്. മറെറാരുകാര്യം, കോളേജിൽ കൊടുക്കേണ്ടതായിവരുന്ന പ്രാരംഭഫീസ്സിനെക്കുറിച്ചാണ്. ഗവണ്മെൻറിൽനിന്നും ഈ തുക ഈടാക്കേണ്ടതില്ലെന്ന് എല്ലാ കോളേജുകളേയും അറിയിക്കേണ്ടതുണ്ട്. അതുപോലെതന്നെ, പ്രൈമറിക്ലാസ്സുകളിലെ പുസ്തകവിതരണം, ഹൈസ്കൂൾക്ലാസ്സുകളിലെ ലംപ്സം എന്നിവ അവശസമുദായഡിപ്പാർട്ടുമെൻറ നേരിട്ടു ഫീൽഡ് ആഫീസർമാർ മുഖാന്തിരം കൊടുക്കുവാൻ അടിയന്തിര നടപടികൾ ഇക്കൊല്ലംതന്നെ എടുക്കേണ്ടതാണ്. ഫീൽഡാഫീസർമാരെ എല്ലാ താലൂക്കുകളിലും നിയമിക്കുകയുംവേണം. അതുപോലെതന്നെ എല്ലാ വില്ലേജുകളിലും കിടക്കുന്ന പുറമ്പോക്കുസ്ഥലങ്ങൾ അതാതിടത്തെ വീടില്ലാത്തവർക്ക പതിച്ചുകൊടുക്കേണ്ടതു് ഏററവും അത്യാവശ്യമാണ്. അവശസമുദായങ്ങൾക്കുവീടുവയ്ക്കുന്നതിനുംമററും ഗവണ്മെൻറ സഹായങ്ങൾ ചെയ്തിട്ടുണ്ട്. അതിനെയൊക്കെ അവഗണിച്ചുകൊണ്ടല്ല ഞാൻ പറയുന്നതു്. എന്നുവരികിലും വീടില്ലാത്ത അനവധി സാധുക്കൾ ഇനിയും അവശേഷിച്ചിട്ടുണ്ട്. കർഷകതൊഴിലാളികൾ തുടങ്ങി ഒരു ചെററക്കുടിൽപോലും വച്ചുകെട്ടി കിടക്കാൻ നിവൃത്തിയില്ലാത്തവർ ഉണ്ട്. അതുകൊണ്ട് കൂടുതൽ സ്ഥലങ്ങളിൽ ഗവണ്മെൻറകാളനികൾ സ്ഥാപിക്കേണ്ടതാണ്. അതിനു നിവൃത്തിയില്ലാത്തസ്ഥലങ്ങളിലുള്ള ചെറിയ പുറമ്പോക്കുഭൂമികൾ കുറേശ്ശെകുറേശ്ശെയായിഇവർക്ക കൊടുക്കേണ്ടതാണ്. അഡ്വൈസറിബോർഡിൽ ഇതുസംബന്ധിച്ചു എടുത്തിട്ടുള്ള തീരുമാനങ്ങൾ എത്രയുംവേഗത്തിൽ ഗവണ്മെൻറ നടപ്പിൽവരുത്തണമെന്നു ഞാൻ ഈ അവസരത്തിൽ അപേക്ഷിച്ചുകൊള്ളുന്നു. മുകുന്ദപുരംതാലൂക്കിൽ കിടക്കുന്ന പുറമ്പോക്കുസ്ഥലങ്ങളിലും മററും ചെറിയ ചെറിയ ചെററപ്പുരകൾ വെച്ചുകെട്ടി സാധുക്കൾ താമസിക്കുന്നുണ്ട്. അതുപോലെതന്നെ വലിയ ജന്മിമാരുടെ വക വസ്തുക്കളിലും കുടിൽകെട്ടി താമസിക്കുന്നവർ ധാരാളമുണ്ട്. ഇവരെയൊക്കെ ഇറക്കിവിടുന്നതിനു ജന്മിമാരും ഫാറസ്ററഅധികാരികളും ഒന്നിനുപുറകെ ഒന്നായി പ്രവൃത്തിച്ചുതുടങ്ങിയതിൻെറ ഫലമായിട്ടു കുറെയധികം സാധുക്കളുടെ ചെററപ്പുര പൊളിക്കപ്പെട്ടു. ചില ജന്മിമാരുടെ ധനത്തിൻെറയും

[ശ്രീ. പി. കെ. ചാത്തൻ]

ശുപാർശയുടെയും ഫലമായിട്ട് കുറെയേറെപേരെ മുകുന്ദപുരത്ത് കാറളത്തുനിന്ന് അറസ്റ്റുചെയ്തു ലാക്കപ്പിലിട്ടു ഭയങ്കരമായി മർദ്ദിക്കുകയുണ്ടായി. ഇപ്പോൾ അവരുടെമേൽ കേസും എടുത്തിരിക്കുന്നു. ഇരിഞ്ഞാലക്കുടയിൽ ഇതുപോലെതന്നെ കുറെയധികം സാധുക്കൾ ഷൺമുഖം കനാലിന്റെ വക്കിൽ താമസിച്ചുകൊണ്ടിരിക്കുകയാണ്. ഏതു നിമിഷത്തിലാണ് അവരെ അവിടെന്നും ഇറക്കിവിടാൻ പോകുന്നതെന്നു ഭയപ്പെട്ടുകൊണ്ട് ജീവിതം കഴിക്കുകയാണ്. എനിക്കു സമയമില്ലാത്തതിനാൽ എന്റെ പ്രസംഗം അധികം ദീർഘിപ്പിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. പഞ്ചവത്സരപദ്ധതിക്കുവേണ്ടി വൻതുക ചെലവാക്കുവാനുദ്ദേശിക്കുന്ന ഈ ഘട്ടത്തിൽ കാർഷികമായും, തൊഴിൽപരമായും രാജ്യത്തെ പുരോഗമിപ്പിക്കാൻ ഉദ്ദേശിക്കുന്ന ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ ഒന്നുരണ്ടു കാര്യങ്ങൾകൂടി ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. സർ, ഇരിഞ്ഞാലക്കുട ഷൺമുഖം കനാലിന്റെ മുകളിലും ബണ്ട് ഇടിഞ്ഞും കിടക്കുന്നതുനിമിത്തം കനാൽകൊണ്ടുദ്ദേശിക്കപ്പെട്ട കാര്യങ്ങൾ മുടങ്ങികിടക്കുകയാണ്. അതുപോലെതന്നെ മുരിയാട്ടു കായലിലെ കൃഷിയെ രക്ഷിക്കുവാൻ മുക്കാട്ടു കനാൽ താഴ്ത്തി നന്നാക്കി താഴെ ചിറയിലേക്ക് തുറന്ന് സ്ലൂസ്‌വെച്ച് സംരക്ഷിക്കാൻ ഏർപ്പാടു ഉണ്ടാക്കേണ്ടതാണ്. മുരിയാട്ട് കായലിലെ തോടുകളിലെ മണ്ണു കോരി കളഞ്ഞു് അവയെ കൃഷിക്കു വെള്ളത്തിന്നുപയുക്തമാക്കുന്നതായാൽ സാധുതൊഴിലാളികൾക്ക് ഒരാശ്വാസം കൂടി ആയിരിക്കും. പഞ്ചവൽസരപദ്ധതിയിൽ ഇതുപോലുള്ള പല കാര്യങ്ങളും ചെയ്യുവാനുദ്ദേശിക്കുന്നതിനുവേണ്ടി പണം കൊടുത്തിട്ടുണ്ടല്ലോ. ഇപ്പോൾതന്നെ പഞ്ചായത്തുവകുപ്പിൽ ഒരു സെക്ഷൻ ആഫീസറുടെ കീഴിൽ പത്തുമുപ്പതു പഞ്ചായത്തുകൾ ഉണ്ട്. ഈ പഞ്ചായത്തുകളിലെ ജോലികളെല്ലാം നിർവഹിക്കുന്നതു ഒരു സെക്ഷൻ ആഫീസർ മുഖാന്തിരമാണ്. ഓരോ പഞ്ചായത്തുകൾക്കും ആവശ്യമുള്ള പണികൾ അതാതു വർഷം ചെയ്യുവാനുദ്ദേശിക്കുന്നതിനുവേണ്ടിയുള്ള എസ്റ്റിമേറ്റു തയ്യാറാക്കുന്നതിൽ താമസംവരുന്നതുകൊണ്ട് മിക്കവാറും ജോലികൾ തുടങ്ങുന്നതിന് സാധിക്കാതിരിക്കുകയാണ്. അതുനിമിത്തം ഓരോ ആണ്ടിലും ഈ വക ജോലികൾക്കുവേണ്ടി കൊടുത്തിട്ടുള്ള പണം ലാപ്സാക്കിക്കളയുന്നു. ഈ ഒരു പതിവ് തുടർന്നുകൊണ്ടുപോകുന്നതു എന്തുതന്നെയായാലും ശരിയാണെന്നു എനിക്കു തോന്നുന്നില്ല. അങ്ങനെ ആകെക്കൂടി നോക്കുകയാണെങ്കിൽ ഈ ബഡ്ജറ്റു രാജ്യത്തിന്റെ നീക്കത്തിന്നു യോജിച്ചു ഒരു ബഡ്ജറ്റാണെന്നു പറയാൻ നിവൃത്തിയില്ല.

Shri Panampilli Govinda Menon : I wish to know when I can have the privilege of replying to the various speeches.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർമാർ പ്രസംഗിക്കുന്നതു് ജനറലായിരിക്കേണ്ടതാണ്.

Shri C. K. Ramachandran Nair : On a point of information, Sir. I want to know whether I will get any time to speak on the motion. If not, I am prepared to walk out, not as a protest.

Mr. Speaker : The list submitted to me by the party will be followed. If your name is in the list, I will call you. If not, I won't call you. Mr. Joseph Chazhikkat will now speak.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഈ സഭയുടെ ഇരുഭാഗങ്ങളിലുമുള്ള ബഹുമാനപ്പെട്ട മെമ്പറന്മാരോടും, പെരിയ ബഹുമാനപ്പെട്ട മന്ത്രിമാരോടും, പെരിയ പെരിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും എനിക്കു സംസാരിക്കാനുള്ളതു് സംക്ഷിപ്തമായി സംസാരിക്കാമെന്നു വിചാരിക്കുന്നു. സർ, ആദ്യമായി ഞാൻ പ്രസംഗിക്കാനായി എഴുന്നേല്ക്കാൻ ഭാവിക്കാൻ തുടങ്ങിയപ്പോൾതന്നെ സംസാരിക്കുന്നതു് പൊതുക്കാര്യത്തെപ്പററി ആയിരിക്കണമെന്ന മുഖ്യമന്ത്രിയുടെ നിർദ്ദേശം അനുസരിച്ചു സ്പീക്കർ അവർകൾ ചെയ്ത നിർദ്ദേശത്തെ മനസ്സിൽവച്ചുകൊണ്ടാണു ഞാൻ ആരംഭിക്കുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർ, ഞാൻ അങ്ങനെ യൊന്നും പറഞ്ഞിട്ടില്ല. ഞാൻ പറഞ്ഞതു് എനിക്കു മറുപടി പറയാനുള്ള സമയം തരണമെന്നുമാത്രമാണു്. അതല്ലാതെ മറെറാന്നും ഞാൻ പറഞ്ഞിട്ടില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : സർ, ബഡ്ജററിനെപ്പററി പൊതുവായിതന്നെ പറയുന്നതാണെങ്കിലും അല്ലെങ്കിലും ഈ ബഡ്ജററു പരിശോധിച്ചുനോക്കുന്നതായാൽ ഇതിനെസംബന്ധിച്ചു വിമർശനരൂപേണയല്ലാതെ യാതൊരുവിധത്തിലും ആശാവഹമായ അഭിപ്രായം പറയാൻ സാദ്ധ്യമല്ലെന്നു ഞാൻ ആദ്യമേ പറഞ്ഞുകൊള്ളട്ടെ. നാം റോഡിൽക്കൂടി പോകുമ്പോൾ കീപ് ലഫ്ട് എന്നെഴുതിയ ബോർഡുകൾ കാണുന്നുണ്ടു്. അതുപോലെ ഗ്രന്ഥങ്ങൾ എടുത്തുനോക്കിയാൽ അവയിൽ അവതാരിക, മുഖവുര, വിഷയവിവരം ഇങ്ങനെ ഏതെങ്കിലും സൂചനകൾ കാണാതിരിക്കുകയില്ല. ആ സൂചനകൾ കണ്ടിട്ടാണു ആ ഗ്രന്ഥത്തിന്റെ ഉള്ളിലേയ്ക്കു പ്രവേശിക്കുന്നതു്. ബഡ്ജററിനു മുഖവുരയെന്നോണമാണു രാജപ്രമുഖന്റെ പ്രസംഗം. എന്നാൽ നമ്മുടെ രാജ്യത്തെ ബഡ്ജററു അവതരിപ്പിച്ച വേളയിൽ രാജപ്രമുഖൻ തിരുമനസ്സിലെ പ്രസംഗമോ ഉണ്ടായില്ല, അതുപോട്ടെ അതിനെസംബന്ധിച്ചു ഒരു മുഖവുരപോലും ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടില്ല. മാത്രവുമല്ല, രാജപ്രമുഖന്റെ പ്രസംഗം ഇല്ലാത്തതു എന്തുകൊണ്ടാണെന്നു ഒരു സൂചനപോലും ബഡ്ജററിന്റെ ആദ്യപേജിൽ പറഞ്ഞുകാണുന്നില്ല.

അതില്ലാത്തതുകൊണ്ടു് ബഡ്ജററു് മറിച്ചു മറിച്ചു മറിച്ചു മറിച്ചു നോക്കിയിട്ടും—എല്ലാ ഭാഗത്തും നോക്കിയിട്ടും—കാര്യങ്ങൾ മനസ്സിലാക്കുവാൻ വിഷമമുള്ളതായികണ്ടു. മുൻപറഞ്ഞതു പോലെ ബഡ്ജററിൽ ഉൾക്കൊള്ളുന്ന കാര്യങ്ങളുടെ ഏതെങ്കിലും ഒരു സൂചന തന്നിരുന്നുവെങ്കിൽ—കീപ്പ് ലഫ്ററു്—തന്നിരുന്നുവെങ്കിൽ ഇതിൽ ഉള്ളനന്മകളും തിന്മകളും എന്തെല്ലാമാണെന്നു നോക്കാമായിരുന്നു. അതില്ലാത്തതുകൊണ്ടു് പൊതുവേ നോക്കേണ്ടതായിട്ടാണു വന്നിരിക്കുന്നതു്. ആദ്യമായി രാജപ്രമുഖന്റെ പ്രസംഗത്തിനുപകരമായി:

"കണ്ടകാരിയതില്ലെങ്കിൽ
ചുണ്ടവേരതുചേർക്കണം"

എന്നു പറഞ്ഞതുപോലെ പ്രധാനമന്ത്രിയുടെ പ്രസംഗം ചുണ്ടവേരായിക്കരുതാം. അദ്ദേഹത്തിന്റെ ബഡ്ജററു് പ്രസംഗത്തിന്റെ ആദ്യത്തെ പാരായിൽ ഇങ്ങനെ പറഞ്ഞിട്ടുണ്ടു്. **"The Congress Party, as the largest Party in the House. was in due course called upon to form a**

[ശ്രീ. ജോസഫ് ചാഴികാട്ട്]

Government and *accordingly the Government was formed*" ഇതു വായിച്ചപ്പോൾ എനിക്കുതോന്നി "ഹന്ത ഗൌരവമേ നാഥിതൻ മെയ്ചേന്നാൽ" എന്നുപറഞ്ഞതുപോലെ "ഹന്ത അധികാരമേ പനമ്പിള്ളിതൻ മെയ് ചേന്നാൽ". ഇതോടുകൂടി ശ്രീ. ഇടിക്കുളയുടെ കാര്യം പ്രത്യേകം പറയണമെന്നില്ല. പക്ഷെ അങ്ങനെ ഗവണ്മെൻറ് ഫാംചെയ്തു കഴിഞ്ഞിട്ടു പിന്നെ നടന്നകാര്യങ്ങൾ അതിലും വിചിത്രമാണ്.

ശ്രീ. ഇടിക്കുള ഇടിക്കുള: മെംബർ ഏതു പാർട്ടിയിൽപ്പെട്ട ആളായിട്ടാണ് ഈ നിയമസഭയിലേയ്ക്കു വന്നതു്?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സ്വതന്ത്രൻ. സർവ്വതന്ത്രസ്വതന്ത്രൻ.

ശ്രീ. ഇടിക്കുള ഇടിക്കുള: ഇപ്പോൾ ഏതു പാർട്ടിയിലാണ്?

ശ്രീ. ജോസഫ്ചാഴിക്കാട്ട്: പി. എസ്സ്. പി. പാർട്ടിയിൽ.

ശ്രീ. ടി. പി. സീതാരാമൻ: ഇതു ബ്രേക്ക്ഡൗൺ ആകാതെ നോക്കുമോ?

ശ്രീ. ജോസഫ്ചാഴിക്കാട്ട്: നോക്കാം. ബ്രേക്ക്ഡൗൺ ആയാൽ നന്നാക്കിയെടുക്കാം. നന്നാക്കിക്കൊണ്ടിരിക്കുകയാണ്. താമസിയാതെ നന്നാകുമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. കെ. കൃഷ്ണപിള്ള: ബഹുമാനപ്പെട്ടമെംബർ ആവടി സോഷ്യലിസത്തിൽ വിശ്വസിക്കുന്നുണ്ടോ?

ശ്രീ. ജോസഫ്ചാഴിക്കാട്ട്: ആവടി സോഷ്യലിസം എന്നാൽ എന്താണെന്നു എനിക്കറിഞ്ഞു കൂടാ.

ശ്രീ. ഇടിക്കുള ഇടിക്കുള: എൻ. ഈ. എസ്സ്. ബ്ളോക്ക് ബഹുമാനപ്പെട്ട മെമ്പറുടെ നിയോജകമണ്ഡലത്തിൽ സ്ഥാപിച്ചിട്ടുണ്ടോ?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: എന്റെ നിയോജകമണ്ഡലത്തിന്റെ ഒരററം അധിൽ ചേന്നിട്ടുണ്ട്. ഫിനാൻസു മന്ത്രിയുടെ പ്രസംഗത്തിൽ അദ്ദേഹം പറയുന്നു, "I most sincerely plead for avoidance of bitterness and rancour in public affairs. They go ill together with patriotism and statesmanship' എന്ന്. ഇതു് ഒരു രാജ്യത്തിലെ പ്രധാനമന്ത്രിയായിരിക്കുന്ന ഒരാൾ പറയുകയാണ്. പറയേണ്ടതാണ്: പറഞ്ഞതു നന്നായി. പക്ഷെ ഇതു പറയുവാൻ അദ്ദേഹത്തിനവകാശമുണ്ടോ എന്നു മാത്രമേ എനിക്കു സംശയമുള്ളു. ഈ രാജ്യത്തിലെ ഭരണത്തെപ്പററി ഒരാൾ നോക്കുമ്പോൾ, അതായതു്, "far from the madding crowds ignoble strife"പാർട്ടിവഴക്കുകൾക്കു അതീതനായിനിന്നു നോക്കുമ്പോൾ, അതായതു ഈ രാജ്യത്തു ഇപ്പോൾ ഉണ്ടായതും ഇനി വരുവാനിരിക്കുന്നതുമായ ഭരണം ജനങ്ങളുടെയും, പൊതുവേ രാജ്യത്തിന്റെയും അഭിവൃദ്ധിയെ മുൻനിറത്തിക്കൊണ്ടുള്ള ഒരു ഭരണമാണോ ഇതു് എന്നു ഞാൻ സംശയിക്കുന്നു. രാജ്യവും രാജ്യത്തിന്റെ അഭിവൃദ്ധിയും ഒന്നാമതായും പാർട്ടിയും പാർട്ടിയുടെ താല്പര്യവും രണ്ടാമതായും വച്ചുകൊണ്ടു ഭരണകൂടം നിയന്ത്രിച്ചു കൊണ്ടുപോകേണ്ട ആളുകൾ അതിനു വിപരീതമായി പാർട്ടിയും പാർട്ടിതാല്പര്യവും ആദ്യമായും, മററെല്ലാകാര്യങ്ങളും അതിനു

പിൻപേയും വച്ചുകൊണ്ടുപോകുന്നതു് രാജ്യത്തോടും ജനങ്ങളോടും ചെയ്യുന്ന അപരാധമാണെന്നുള്ളതിനു പുറമേ നിങ്ങൾ മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്യുമ്പോൾ ഉണ്ടായ സത്യപ്രതിജ്ഞകൾക്കു വിപരീതവുമാണ്. നിങ്ങൾ മന്ത്രിമാരായിരിക്കുന്നിടത്തോളം കാലം ജനങ്ങളോടു നിങ്ങൾ ഉത്തരവാദികളായ നല്ല കാര്യവും ജനക്ഷേമത്തിനുവേണ്ടിയുള്ള പരിപാടികൾ അനുസൃതം ചെയ്യുവാൻ നിങ്ങൾ ബാദ്ധ്യസ്ഥരാണെന്നുള്ള സംഗതിയും നിങ്ങൾ മറക്കരുതു്. നിങ്ങളുടെ പാർട്ടിയിലുള്ള ആളുകൾക്കുവേണ്ടിയോ മറ്റുള്ളവർക്കു വേണ്ടിയോ എന്തു ചെയ്താലും തരക്കേടില്ല. അതെല്ലാം രാജ്യകാര്യത്തിനു പിന്നിൽ ആയിരിക്കണമെന്നു നിങ്ങൾ എപ്പോഴും ഓർക്കേണ്ടതാണ്.

മറ്റൊരു സംഗതി എനിക്കു പറയുവാനുള്ളതു് ഒരു ഗവണ്മെൻറിലുള്ള ആളുകൾ പോയി മറ്റൊരു ഗവണ്മെൻറു വരുന്നതോടുകൂടി മുൻ ഗവണ്മെൻറു ചെയ്ത ഏർപ്പാടുകൾ മാറ്റുകയാണെങ്കിൽ അതു നല്ല ഒരു സമ്പ്രദായമായിരിക്കയില്ലെന്നുള്ള കാര്യം നിങ്ങൾ ധരിക്കേണ്ടതാണ്. ഗവണ്മെൻറെന്നു പറയുന്നതു് ഒരാളുടെ സംഗതി കന്നുമല്ല. ഏതു ഗവണ്മെൻറായിരുന്നാലും ഗവണ്മെൻറ് ഗവണ്മെൻറ് എന്നുള്ള നിലയിൽ ചെയ്യുന്നസംഗതി നിലനിറുത്തിക്കൊണ്ടു പോകേണ്ടതു് പിന്നീടുവരുന്ന ഗവണ്മെൻറിന്റെ ചുമതലയാണ്. അല്ലെങ്കിൽ ഗവണ്മെൻറിന്റെ ഉത്തരവുകളെ സംബന്ധിച്ചു് ഉദ്യോഗസ്ഥന്മാർക്കു വലിയ മതിപ്പുണ്ടായിരിക്കുകയില്ല. മുൻപു പ്രവർത്തിച്ചുകൊണ്ടിരുന്ന മന്ത്രിസഭയെ തകിടം മറിച്ചു നിങ്ങൾ മന്ത്രിമാരായി. അതുകൊണ്ടു് കഴിഞ്ഞ മന്ത്രിസഭ ചെയ്തതു മാറ്റണമെന്നില്ല. കമ്മ്യൂണിസ്റ്റ് ഗവണ്മെൻറായാലും ശരി പി. എസ്സ്. പി. ഗവണ്മെൻറായാലുംശരി ഗവണ്മെൻറു ചെയ്തുകാര്യങ്ങൾ നടപ്പിലാക്കേണ്ടതു ഗവണ്മെൻറിന്റെ കർത്തവ്യമാകുന്നു. ഉദാഹരണമായി ഒന്നു പറയുവാനുള്ളതു് എന്റെ നിയോജകമണ്ഡലത്തെ ഉൾപ്പെടുത്തി ശ്രീ. കെ. എം. ചാണ്ടിയുടേയും, ശ്രീ. സബാസ്റ്റ്യൻറേയും നിയോജകമണ്ഡലങ്ങൾ ഉൾക്കൊള്ളുന്ന ഒരു സ്ഥലത്തു ഒരുഎൻ. ഇ. എസ്സ്. ബ്ളോക്കു സെൻറർ തുറക്കുന്നതിനു് മുൻ മന്ത്രിസഭ ഉത്തരവു പാസ്സാക്കിയിട്ടുണ്ടായിരുന്നു. ഈ മന്ത്രിസഭ അതു ഇളക്കി അവിടെനിന്നും മാറ്റി മറ്റൊരു സ്ഥലത്തേയ്ക്കു കൊണ്ടുപോകുന്നതിനു ശ്രമിക്കുന്നതായും അങ്ങിനെ അതു ദോലായമാനമായ രീതിയിൽ തുങ്ങുകയാണെന്നും എനിക്കു അറിയുവാൻ കഴിഞ്ഞിട്ടുണ്ടു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മാറ്റാൻ ശ്രമിക്കുകയല്ല. അതവിടെ നിന്നും മാറ്റുകതന്നെ ചെയ്തിട്ടുണ്ടു്.

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: അങ്ങനെയാണെങ്കിൽ കണിയാരു പറഞ്ഞതുപോലെ "ശകുനം മാത്രമല്ല ശകുനഫലവും കണ്ടുകഴിഞ്ഞു." കണിയാർ വഴിയിലേയ്ക്കു കയറിയപ്പോൾ ഒരാളെ ഭിന്നശകുനം കണ്ടു് കണിയാർ പറഞ്ഞു ശകുനം മോശമായെന്നു്. ഉടനെ ശകുനം മുടക്കിയ ആൾ കണിയാരെ അടിക്കാൻ ഭാവിച്ചു, എന്ന മട്ടിലാണു സ്ഥിതി. കുറിച്ചിത്താനത്തുണ്ടായിരുന്ന എൻ. ഇ. എസ്സ്. ബ്ളോക്കു മാറ്റി രാമപുരം, കിടങ്ങൂർ, കാഞ്ഞിക്കാരി, ഉഴവൂർ ഈ 4 പകുതികളുടെ മദ്ധ്യത്തിലുള്ള ഇലക്കാട്ടു പകുതിയിലാണു സെൻറർ സ്ഥാപിച്ചിരുന്നതു്. അതു മാറ്റിയതു നന്നായില്ല. അതു മാറ്റിയാൽ ഇനി നിങ്ങൾ അവിടെ

[ശ്രീ. ജോസഫ് ചാഴിക്കാട്ട്]

പോകുമ്പോൾ അവിടത്തെ ജനങ്ങൾ പകരം ചോദിച്ചുകൊള്ളും. ആപകതികളിലെ ജനങ്ങളോട് എനിക്കു പറയുവാനുള്ളത്, ജനങ്ങളെ! ഇനി ഇവർ, ഈ കാൺഗ്രസ്സുകാർ നിങ്ങളോട് വോട്ടുചോദിക്കുവാൻവരുമ്പോൾ നിങ്ങൾ പകരം ചോദിക്കണമെന്നാണ്. മുൻഗവണ്മെൻറ് ചെയ്തതു ന്യായമോ അന്യായമോ എന്നുപരിചിന്തനം ചെയ്യാതെ, അവിടത്തെജനങ്ങളോട് ഈ കാര്യമൊന്നും ആലോചിക്കാതെ സ്ഥലം നോക്കാതെ ചിലരുടെ ഏകപക്ഷീയമായ ഒരു വാക്കുകേട്ട് ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളതു തീർച്ചയായും ന്യായീകരിക്കത്തക്കതല്ല. സർ, ഇതാരുടെ ചേന്തല്ല. കാൺഗ്രസ്സിനും ചേരുകില്ല. വാലുള്ള വാനരന്മാരുടെ ചേന്തല്ല. ജനങ്ങളുടെ ക്ഷേമത്തെ മുൻനിറുത്തിക്കൊണ്ട് നിങ്ങൾ പ്രവൃത്തിക്കേണ്ടതായിരുന്നുവെന്നാണ് എനിക്കു പറയുവാനുള്ളത്. Mischief thou art afoot എന്നു പറയുന്നുണ്ട്. (ഇതു സൂക്ഷിച്ചു എഴുതിയെടുക്കണം; ഞാൻ ഒരിക്കൽ ഇതു പറഞ്ഞപ്പോൾ ചില പത്രങ്ങളിൽ Mischief, thou art a fool എന്നു റിപ്പോർട്ടു ചെയ്തു.) എന്തുചെയ്യാം സർ, ഇവർ ആ സ്ഥലങ്ങളിൽ ചെന്നന്വേഷിച്ചാൽ ഇവർ ചെയ്തതെറ്റുകൾ എന്താണെന്നു മനസ്സിലാകും. ഞാൻ പറഞ്ഞതു ശരിയാണെന്നു ബോദ്ധ്യം വരുകയാണെങ്കിൽ ചെയ്ത അപരാധത്തിനു പരിഹാരമായി ഇന്നുതന്നെ ശ്രീ. ഗോവിന്ദമേനോൻ പോയി കുമ്പസാരം കഴിക്കണം. 'I most sincerely plead for avoidance of bitterness and rancour in public affairs" എന്നു ധൈര്യമായി ബഡ്ജററു സ്പീച്ചിൽ എഴുതിയിട്ട് ഇങ്ങനെ ചെയ്യാമോ എന്നാണ് ഞാൻ ചോദിക്കുന്നതു്. എല്ലാവരുടേയും സഹകരണത്തോടുകൂടി ഒരു ഗവണ്മെൻറു മുമ്പോട്ടുകൊണ്ടുപോകുന്നതെന്നുള്ള ആഗ്രഹമുണ്ടെങ്കിൽ മുൻഗവണ്മെൻറു ചെയ്തിട്ടുള്ള, രാജ്യത്തിനു അത്യാവശ്യമെന്നു ബോദ്ധ്യമായിട്ടുള്ള സംഗതികളെ ഉടൻതന്നെ മാററിയതു് എന്തിനാണ്? ഒരു ഗവണ്മെൻറു മാറിയ ഉടനെതന്നെ മാററങ്ങൾ വരുത്തണമോ? ഒരു മണ്ഡലമെങ്കിലും കഴിയട്ടെ എന്നു വയ്ക്കാമായിരുന്നില്ലേ? ഇങ്ങനെ മുമ്പോട്ടു പോകുമെന്നാണോ വിചാരിക്കുന്നതു്. ഇങ്ങനെ അധികം മുമ്പോട്ടു പോവുകയില്ല. പി. എസ്സ്. പി. ചെയ്തതെല്ലാം മാററിയിട്ട് ഈ അമ്പത്തൊൻപതോ അറുപതോ പേക്ക് രാജ്യം വളരെ നാൾ ഭരിക്കാമെന്നു വിചാരിക്കുന്നുണ്ടോ? നീതിബോധമുള്ളവരും കാൺഗ്രസ്സുകാരിലുണ്ട്; അവരൊക്കെ ഇങ്ങനെ പോയാൽ ഇവിടെ വന്നാലിക്കും. ചൂണ്ട ചരടു പൊട്ടിപ്പോകും. ചാക്കുകെട്ടുകൾ അഴിഞ്ഞുപോകും. ഉള്ള അമ്പത്തൊൻപതോ അറുപതോ പേർ സ്ഥിരമായി നിൽക്കണമെന്നുണ്ടെങ്കിൽ ഈ ഇടതുഭാഗത്തിരിക്കുന്നവരോട് അനീതി ചെയ്യാതിരിക്കയാണ് വേണ്ടതു്. നല്ലതു ചെയ്താൽ വല്ലവരുടേയും സഹകരണം ഈ ഭാഗത്തുനിന്നും കിട്ടാൻ പാടില്ലായ്കയില്ല. (ചിരി) രാജ്യത്തു നീതിയാണ് നടക്കേണ്ടതെന്നു വിചാരിച്ചു പ്രവൃത്തിക്കുന്നപക്ഷം പുറകെ സഹകരണം തരാൻ ആളുകൾ ഉണ്ടാകുമായിരുന്നേനെ.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: ഈ പഞ്ചായത്തിൻെറകേന്ദ്രം പഴയപടിയാക്കിയാൽ നീതിയായിരിക്കുമോ?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: അങ്ങനെ ആക്കിയാൽ മര്യാദയും നീതിയുമായിരിക്കും.

ശ്രീ. ടി. പി. സീതാരാമൻ: ആദ്യമേ ഉണ്ടാക്കിയ സെൻറർ മെംബറുടെ നിയോജകമണ്ഡലത്തിലായിരുന്നോ?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: എന്റെ പ്രസംഗത്തിൽ അതു വ്യക്തമാക്കിയിട്ടുണ്ടല്ലോ?

ശ്രീ. ടി. പി. സീതാരാമൻ: സെൻററിന്റെ ഒരു മൂലയാണ് ഉണ്ടായിരുന്നെന്നല്ലേ പറഞ്ഞതു്?

ശ്രീ ജോസഫ് ചാഴിക്കാട്ട്: ഒരു മൂല ശ്രീ സദാസ്ത്ര്യന്റെ മണ്ഡലവും ഒരു മൂല കെ. എം. ചാണ്ടിയുടെ നിയോജകമണ്ഡലവും ഒരു മൂല എന്റെ നിയോജകമണ്ഡലവുമായി എൻ. ഇ. എസ്സ് ബ്ലോക്കുണ്ടായിരുന്നു. ദയാങ്കളിന്റെ തത്വപ്രകാരം സെൻറർ മദ്ധ്യത്തിൽ വന്നുചേരും. എന്റെ നിയോജകമണ്ഡലത്തിലുപ്പെട്ട എലക്കാട്ട് പകുതിയുടെ മദ്ധ്യത്തിലാണ് ആ സെൻറർ ഉൾപ്പെട്ടിരിക്കുന്നതു്. എലക്കാട്ട പകുതി എൻ. ഇ. എസ്സ്. ബ്ലോക്കിന്റെ മദ്ധ്യത്തിലുള്ള പകുതിയാണ്.

മുഖ്യമന്ത്രി സഹകരണത്തിനു് ക്ഷണിച്ചിട്ടുള്ളതിൽ ആത്മാർത്ഥത വേണം. എല്ലാവരും രാജ്യഭരണത്തിനു ആവശ്യമായ കാര്യങ്ങൾ സുഗമമായി പ്രവർത്തിക്കത്തക്ക ഒരു നില സ്വീകരിക്കണമെന്നു പറഞ്ഞതു് അതനുസരിച്ചു പ്രവർത്തിച്ചിരുന്നെങ്കിൽ അങ്ങിനെയെങ്കിലും ഒത്തുപോകാമായിരുന്നു.

ചുരുക്കമായി ഡ്ഡററിനുത്തുകടന്നു് അല്പം സംസാരിക്കാമെന്നു വിചാരിക്കുന്നു. പുതിയ നികുതി ഇല്ലാതെയാണ് 17 കോടി വരവും 21 കോടി ചെലവും ചേർത്തിരിക്കുന്നതെന്നു് ഡ്ഡററ പ്രസംഗത്തിൽ പറയുന്നുണ്ടു്. മരണനികുതി ഒരു പുതിയ നികുതിയല്ലേ? ബെററർമെൻറ് ടാക്സ് നികുതിയല്ലേ? വാട്ടർസെസ്സ് നികുതിയല്ലേ? പിന്നെ സൂത്രത്തിൽ സെയിൽസ്ടാക്സിൽ 15 ലക്ഷം കൂടുതൽ ഉണ്ടാകുമെന്നു പറയുന്നു. അതിനെ ഭയങ്കരത്തുകയായ നാലു നികുതികളാണ് ഇപ്പോൾ കൊള്ളിച്ചിട്ടുള്ളതു്. ഈ നികുതിക്കെല്ലാം ഒരു തത്വം ഉണ്ടായിരുന്നാൽ വേണ്ടുവില്ല. നേരംവെളുത്തു് എഴുന്നേററാൽ സർക്കാരിനു് കൊടുക്കേണ്ട രൂപ എത്രയാണെന്നറിഞ്ഞിട്ടു് പിന്നെ കിടന്നുറങ്ങാൻ സാധിക്കുമായിരുന്നെങ്കിൽ സുഖമുണ്ടായിരുന്നു. എത്ര രൂപയാണ് നാം കൊടുക്കേണ്ടതെന്നു നമുക്കറിയാവുന്ന നികുതി ഏതെങ്കിലും ഉണ്ടോ? ഒന്നുണ്ടു്, ലാൻഡ് ടാക്സ്. ആഗ്രിക്കൽച്ചറൽ ഇൻകംടാക്സിനുത്തരം ഗവണ്മെൻറിനു കിട്ടുന്ന തുകയാണോ വലുതു്, ഉദ്യോഗസ്ഥന്മാർക്കു കിട്ടുന്ന കൈക്കൂലി തുകയാണോ വലുതു് എന്നു് സി. ഐ. ഡി. ക്കാരെക്കൊണ്ടു് ഗവണ്മെൻറ് ഒന്നന്വേഷിച്ചു് നോക്കണം. സെയിൽസ്ടാക്സും അതുപോലെയാണു സാർ. എളുപ്പമുള്ള വഴി ഞാൻ പറഞ്ഞുതരാം. മാർഗ്ഗമുണ്ടെങ്കിൽ കേൾക്കുക. കൈക്കൂലിക്കു് പ്രേരകമാക്കി അനാവശ്യമായി സൃഷ്ടിച്ചിരിക്കുന്ന ഇൻകംടാക്സും അഗ്രിക്കൽച്ചറൽ ഇൻകംടാക്സും മാററിയിട്ടു് നികുതി കൊടുക്കേണ്ടവരും വാങ്ങേണ്ടവരും തുക ഇത്രയാണെന്നു് അറിയത്തക്ക ഒരു നികുതിനിയമം ഉണ്ടാക്കണം. ലാൻഡ്ടാക്സിനു ഒരു ചെറിയ ഭേദഗതി വരുത്തിയാൽ എല്ലാം ശരിയാകും. അഞ്ചേക്കർവരെ സെൻറിനു കാലണ എന്നും അഞ്ചേക്കറിനു കൂടുതൽ പത്തേക്കർവരെയുള്ളവർക്കു സെൻറിനു് അരയണ എന്നും പത്തുമുതൽ 25 വരെ ഏക്കറുള്ളവർ സെൻറിനു് ഒരണയെന്നും

[ശ്രീ. ജോസഫ് ചാഴിക്കാട്ടു]

അതിനു മുകളിൽ രണ്ടണയെന്നും വയ്ക്കണം. അങ്ങിനെ വരുമ്പോൾ അത്യാവശ്യം കഴിഞ്ഞു് ബാക്കിയുള്ള ഭൂമി മുഴുവൻ മററുള്ളവക്കു കൊടുത്തു പോകും. അങ്ങിനെയാകുമ്പോൾ ഈ ലാൻഡ് ബിൽ ഒന്നും വേണ്ടി വരികയില്ല. അതു നാലഞ്ചു കൊല്ലത്തേക്കു നിറുത്തിവച്ചു് മേൽപ്പറഞ്ഞ നികുതി ഏർപ്പെടുത്തിനോക്കാം.

ശ്രീ. എം. എം. മത്തായി: ഈ അഭിപ്രായം പി. എസ്. പി. പാർട്ടിയിൽ അവതരിപ്പിച്ചതാണോ?

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: അവിടെ കാണിച്ചിട്ടു വേണം ഇവിടെ കൊണ്ടുവരാൻ. ഈ അഭിപ്രായം എന്റേതാണ്. ഇവിടെ കൊണ്ടുവരികയാണ്. ഈ അഭിപ്രായം സ്വീകരിക്കുകയാണെങ്കിൽ ഭൂമി വളരെ അധികം ഡിസ്ട്രിബ്യൂട്ടു ചെയ്യപ്പോകും. കരംകൊടുക്കാൻ പണമില്ലാതെതന്നെ പലരും ഭൂമി കൈമാററം ചെയ്യും. ഒരു നാലു കൊല്ലം ഈ ടാക്സ്‌വർജ്ജനവു് പരീക്ഷിക്കാമെങ്കിൽ പി. എസ്സ്. പി. യുടെ ഭൂനിയമങ്ങളും കാൺഗ്രസ്സിന്റെ ഭൂനിയമങ്ങളും ആവശ്യമില്ലെന്നു വരും. അങ്ങിനെ ലാൻഡു പോളിസിതന്നെ സുഗമമായിത്തീരുന്നതാണ്. മദ്യവർജ്ജനത്തിൽ അവലംബിക്കുന്ന രാമേശ്വരത്തെ ക്ഷവരംപോലുള്ള നയം ഈ വിഷയത്തിലും ഒരു താലൂക്കിലെങ്കിലും പരീക്ഷിച്ചു നോക്കേണ്ടതാണ്. അങ്ങനെയാണെങ്കിൽ ഈ ഉദ്യോഗസ്ഥന്മാക്കു് കൈക്കൂലി വാങ്ങാനുള്ള അവസരം കൊടുക്കാതെയും കഴിക്കാം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെംബക്കു് ഇനി ഒരു വാചകം പറയാനുള്ള സമയമേ ഉള്ളു.

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: ഞാൻ ശ്രമിക്കാം. ഈ രാജ്യത്തു 17 കോടി രൂപ വരവുള്ളതിനു പുറമേ രണ്ടുകോടി രൂപ കടമെടുക്കാൻ തീരുമാനിച്ചിട്ടുള്ളതു് വെറും അനാവശ്യമായിരിക്കുന്നതുകൊണ്ടു് കടമെടുക്കുന്നതിനു പകരമായി പുരയിടങ്ങൾ വിട്ടുകൊടുക്കുമ്പോൾ മുപ്പിറക്കുന്ന പതിവുള്ളപോലെ തമിഴ്നാടു താലൂക്കുകൾ വിട്ടുപോകുകയാണെങ്കിൽ അവിടെനിന്നും വിലക്കൂടുതലുള്ള തടികൾ വെട്ടിയെടുത്തു് മാററാമെങ്കിൽ, കടമെടുക്കാതെ കഴിക്കാനുള്ള വഴിയുണ്ടായിരിക്കേ, കടമെടുക്കാൻ തീരുമാനിച്ചതു് ശരിയല്ലെന്നു എനിക്കു് അഭിപ്രായമുണ്ടെങ്കിലും നികുതി ഒരു വശത്തുകൂടി വർദ്ധിപ്പിച്ചുവെങ്കിലും ചില സംഗതികളിൽ നികുതി കുറച്ചു കൊടുത്തിട്ടുണ്ടെന്നു കാണുന്നതു ആശ്വാസകരമാണെന്നിരുന്നാലും ആനുകൂല്യം കിട്ടിയിട്ടുള്ള മോട്ടാർ ഉടമസ്ഥന്മാർ യാത്രക്കൂലിയിൽ ആനുകൂല്യം സാധാരണ ജനങ്ങൾക്കു് ചെയ്യാതിരിക്കുന്നതു് നന്നല്ലെന്നു പറയുന്നതോടൊപ്പം യാത്രക്കാരുടെ യാത്രാസൗകര്യങ്ങളെ കരുതിയാണ് കൂലി കുറച്ചുകൊടുക്കാൻ ഉദ്ദേശിക്കുന്നതെങ്കിൽ സിററിംഗ്കപ്പാസിററിക്കുള്ള ഫീസ് രൂപ ഇരുപതാക്കിയും സ്റ്റാൻറിംഗ്കപ്പാസിററിക്കുള്ള ഫീസ് അഞ്ചാക്കിയും കുറച്ചിരുന്നാൽ നന്നായിരുന്നു എന്നുള്ള അഭിപ്രായം എനിക്കുണ്ടെങ്കിലും, അതിലേയ്ക്കു് കൂടുതൽ കടക്കാതെ ഏലക്ട്രിസിററി പുത്തനായി 950 ഗ്രാമങ്ങളിലേക്കു നീട്ടാൻ ഉദ്ദേശിക്കുന്നുവെന്നു് ബഡ്ജററിൽ പറഞ്ഞിട്ടുള്ളതു് പ്രായോഗികമായി ജനങ്ങളുടെയിടയിൽ വിതരണം ചെയ്യാൻ സാധിക്കത്തക്ക വിധത്തിലുള്ള പദ്ധതികൾ ഉടനെ പ്രവർത്തനം

നടത്തിയിരുന്നുവെങ്കിൽ നന്നായിരിക്കുമെന്നു് പറയുന്നതോടുകൂടി, വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്കും സെക്കണ്ടറിസ്കൂൾ അദ്ധ്യാപകന്മാർക്കും മാനേജരന്മാർക്കും ഗവണ്മെൻറിനും മററു വിദ്യാഭ്യാസവിഭാഗങ്ങളിലെ ആളുകൾക്കും തൃപ്തികേടുണ്ടെന്നു് നാം ദൈനംദിനം പത്രങ്ങളിൽനിന്നും നിയമസഭയിലെ ചർച്ചകളിൽനിന്നും കേട്ടുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ വിദ്യാഭ്യാസകാര്യം സംബന്ധിച്ചു് ഈ സഭയിലെ ചില മെമ്പറന്മാരെയും പുറമേനിന്നു് അതിൽ വൈദഗ്ദ്ധ്യമുള്ളവരെയും വരുത്തി നമ്മുടെ സെക്കണ്ടറി വിദ്യാഭ്യാസകാര്യം 'മാത്രമെങ്കിലും എല്ലാവർക്കും യോജിച്ചുപോകത്തക്ക തരത്തിൽ നിയമമുണ്ടാക്കുന്നതിനു് ശ്രമിക്കുന്നതുകൂട്ടത്തിൽ, മുൻകൊല്ലങ്ങളിൽ നാലാം ക്ലാസ്സ് മാത്രം ഉണ്ടായിരുന്ന കാലത്തു് കിട്ടിക്കൊണ്ടിരുന്ന സാമാന്യജ്ഞാനം അഞ്ചാംക്ലാസ്സുകൂടി ഉണ്ടായപ്പോൾ കിട്ടുന്നില്ലെന്നു ബോദ്ധ്യം വന്നിരിക്കെ, മൊത്തത്തിൽ ക്ലാസ്സു നാലാക്കുന്നതിനുള്ള ഒരു പദ്ധതി ഉണ്ടായിരുന്നെങ്കിൽ, അദ്ധ്യാപകരുടെയും സ്കൂളുകളുടെയും എണ്ണം കുറച്ചിട്ടു ചെലവു കുറയ്ക്കാമെന്നിരിയ്ക്കെ.....

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: എന്തോന്നാണിപ്പറയുന്നതു്?

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: ഒരാൾ പറയുന്നതു് എല്ലാവർക്കും മനസ്സിലായി എന്നുവരികയില്ല. അതുകൊണ്ടു് വിദ്യാഭ്യാസകാര്യത്തിൽ അങ്ങനെ ഒരു ഭേദഗതി വരുത്തുന്ന ഒരു നിയമം ഉണ്ടാക്കുന്നുവെങ്കിൽ നമ്മുടെ രാജ്യത്തെ വിദ്യാഭ്യാസച്ചെലവു കുറയ്ക്കുന്നതിനും വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടുന്നതിനും മാർഗ്ഗമുണ്ടെന്നു് പ്രസ്താവിച്ചുകൊണ്ടു്, പോലീസിൻെറ അഴിമതികളെയും ഉപദ്രവങ്ങളെയുംപററി ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള ആക്ഷേപങ്ങളിലേക്കു കടക്കുമ്പോൾ ഈ കുറഞ്ഞ ശമ്പളത്തിൽ തല്ലും ഏറിയും ചീലപ്പോൾ കുത്തും വാങ്ങേണ്ടിവരുന്ന പോലീസുകാർക്കു് പോലീസ് സ്റ്റേഷനടുത്തു താമസിക്കുന്നതിനു് ക്വാർട്ടേഴ്സ് ഉണ്ടാക്കിക്കൊടുക്കണമെന്നുള്ള കാര്യം പറയാൻ ആരും ഒരുങ്ങിയിട്ടില്ലെന്നു് പറയേണ്ടിയിരിക്കുന്നു. ആ വക സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതാവശ്യമാണെന്നു പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. കെ. യശോധരൻ: സർ, ഈ ധനാഭ്യർത്ഥന അവതരിപ്പിച്ചിരിക്കുന്ന അവസരത്തിൽ, ഇവിടുത്തെ ഉദ്യോഗസ്ഥമണ്ഡലത്തെപ്പററിയാണു പ്രധാനമായി എനിക്കു രണ്ടു വാക്കു പറയുവാനുള്ളതു്. ഇവിടുത്തെ ഉദ്യോഗസ്ഥമണ്ഡലം പൊതുവെ അസംതൃപ്തമാണെന്നും, അരാജകമാണെന്നും കഴിഞ്ഞ പല വർഷങ്ങളായി ഈ നിയമസഭമുഖേനയും അല്ലാതെയും ഭരണാധികാരികളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണു്. അധികാരം കഴിഞ്ഞ പി. എസ്സ്. പി. ഗവണ്മെൻറ് ഇതിനെ പരിഗണിച്ചു് എൻ. ജെ. ഒ. മാർക്കു ടൈംസ്കെയിൽ പരിഷ്ക്കരണവും, ശമ്പളപരിഷ്ക്കരണവും ആസൂത്രണം ചെയ്യുകയുണ്ടായി. ഇപ്പോൾ ഏപ്രിൽ 1-ാംനു-മുതൽ അതു നടപ്പിലാക്കുന്നതാണെന്നുള്ള ഗവണ്മെൻറുത്തരവും പാസ്സായിരിക്കുകയാണു്. അതുപോലെ ഗസററഡു് ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും പരിഷ്ക്കരിച്ചിട്ടുണ്ടു്. ധനകാര്യമന്ത്രിയുടെ ബഡ്ജററു പ്രസംഗത്തിൽ ചെറിയതും വലുതുമായ ശമ്പളത്തിൻെറ അനുപാതം 1:20 എന്നു പറഞ്ഞിരിക്കുന്നതു കണ്ടു. ഇതിനോടു യോജിക്കാൻ നിവൃത്തിയില്ല സർ.

[ശ്രീ. പി. കെ. യശോധരൻ]

അശാസ്ത്രീയവും നിയമരഹിതവുമായ ഒരു നടപടിയാണിതു്. ഇന്നു് ഗസററഡു് ഉദ്യോഗസ്ഥന്മാർക്കു്, അതായതു് ഉയർന്ന ഉദ്യോഗസ്ഥന്മാർക്കു നല്കിയിട്ടുള്ള പരിഷ്ക്കാര പരിഗണനകളോടൊപ്പം, താഴ്ന്ന ഉദ്യോഗസ്ഥന്മാർക്കും വേണ്ട പരിഗണന നൽകേണ്ടതാണെന്നാണു എന്റെ അഭിപ്രായം. സർ, ഇന്നു നൂറു ശതമാനം നാലു ഗവണ്മെൻറുദ്യോഗസ്ഥന്മാരുണ്ടെന്നുള്ള വസ്തുത നാം വിസ്മരിക്കരുതു്. പാർട്ടു ടൈം ഹിന്ദി അദ്ധ്യാപകന്മാരുടെ കാര്യമാണു ഞാൻ സൂചിപ്പിക്കുന്നതു്. ഞാൻ ഇതു പറയുമ്പോൾ ഗസററഡു് ഉദ്യോഗസ്ഥന്മാരുടെ നില മെച്ചപ്പെട്ടതാണെന്നോ, അവർക്കു യാതൊരവശ്യങ്ങളും ഇല്ലെന്നോ അർത്ഥമില്ല.

സർ, ഇതിനെല്ലാം പരിഹാരമായി ഒരു പേകമ്മീഷനെ നിയമിച്ചിട്ടുണ്ടെന്നു പറയുന്നു. എല്ലാ കുഴപ്പങ്ങൾക്കും പരിഹാരം പേകമ്മീഷൻ മുഖേന പരിഹരിക്കാമെന്നാണു പറയുന്നതു്. സർ, ഇതൊരു സ്റ്റണ്ടുമാത്രമാണെന്നാണു എനിക്കു പറയുവാനുള്ളതു്. നാടോടി ഭാഷയിൽ കുറെക്കൂടി ഇറങ്ങിവന്നു പറഞ്ഞാൽ അതു വെറും ഒരു 'പേ' കമ്മീഷൻ മാത്രമാണു്.

ഇന്നു് ഉദ്യോഗസ്ഥലോകത്തുണ്ടായിട്ടുള്ള പരാതികളേയും, ആക്ഷേപങ്ങളേയും തടുക്കുന്നതിനും, അതിനെ താല്ക്കാലികമായി ശമിപ്പിക്കുന്നതിനും വേണ്ടിയുള്ള ഒരു അടവു മാത്രമാണിതു്. സർ, ആരാണു പേ കമ്മീഷൻ അംഗങ്ങൾ? ചില രാഷ്ട്രീയ സാമുദായിക നേതാക്കന്മാരെ ഉൾക്കൊള്ളിച്ചുകൊണ്ടാണു് കമ്മീഷൻ സംഘടിപ്പിച്ചിട്ടുള്ളതു്. വളരെയധികം നീതിബോധവും നിഷ്പക്ഷതയും ദീക്ഷിക്കേണ്ട ഇത്തരം മഹനീയ സ്ഥാനങ്ങൾ ഇത്തരം ആളുകളുടെ കയ്യിൽ വിട്ടുകൊടുത്താൽ നീതി ലഭിക്കുമോ? ഈ പേകമ്മീഷൻെറ ആവശ്യംതന്നെയില്ലെന്നാണു് എന്റെ അഭിപ്രായം. ഇതിലെ അംഗങ്ങളെപ്പററി വ്യക്തിപരമായി എനിക്കു ബഹുമാനമില്ലാതില്ല. എന്റെ പാർട്ടി ലീഡർ പറഞ്ഞതു പോലെ ഇതിൻെറ പ്രവർത്തനം മൂന്നുമാസംകൊണ്ടു തീരാൻപോകുന്നില്ല. യഥാർത്ഥത്തിൽ വകുപ്പദ്ധ്യക്ഷന്മാരും, അതാതു വകുപ്പിലെ ജീവനക്കാരുമായി ആലോചിച്ചു റിപ്പോർട്ടു ചെയ്യേണ്ട ഒരു കാര്യം മാത്രമാണിതു്. ഇവിടുത്തെ മേലുദ്യോഗസ്ഥന്മാരും കീഴുദ്യോഗസ്ഥന്മാരും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടെങ്കിൽ, അവരുടെ ആവശ്യങ്ങളും, താല്പര്യങ്ങളും, പ്രശ്നങ്ങളും തമ്മിൽ ബന്ധമുണ്ടെങ്കിൽ അവരുമായി ആലോചിച്ചുമാത്രം തീരുമാനിച്ചു റിപ്പോർട്ടുചെയ്യേണ്ട ഒരു കാര്യമാണിതു്. അങ്ങനെ ചെയ്താൽ മതിയായിരുന്നു. ആവശ്യമില്ലാതെ ഒരു ചെലവുവരുത്തി, ഒരു പേകമ്മീഷനെ, ഇതുമായി യാതൊരു ബന്ധവുമില്ലാത്ത ആളുകളിലേക്കു് ഈ ചുമതല നിക്ഷേപിക്കുക എന്നു പറഞ്ഞാൽ മന്ത്രിമാരും, ഉദ്യോഗസ്ഥലോകവുമായി വകുപ്പദ്ധ്യക്ഷന്മാരും, കീഴ്ജീവനക്കാരുമായി ബന്ധമില്ലെന്നാണു് മനസ്സിലാക്കേണ്ടതു്. ഈ കാര്യത്തിൽ നിഷ്പക്ഷമായും, നീതിപൂർവ്വമായും പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ഗവണ്മെൻറു ശ്രദ്ധിക്കേണ്ടതാണു്.

അടുത്തതായി പബ്ളിക് സർവ്വീസ് കമ്മീഷനെപ്പററിയാണു് ചിലതു പറയാനുള്ളതു്. ഈ രാജ്യത്തു് ഉദ്യോഗനിയമനക്കാര്യത്തിൽ നിലനിന്നുവന്ന അഴിമതികളെ ഇല്ലാതാക്കാനാണു് ഇവിടെ ഒരു പബ്ലിക്സർവ്വീസ് കമ്മീഷൻ നിയമിതമായതു്. പബ്ലിക് സർവ്വീസ്

കമ്മീഷൻെറ കൃത്യനിർവ്വഹണത്തിൽ തെററുകളുണ്ടോ എന്നുള്ളതല്ല പ്രശ്നം. പക്ഷെ, പബ്ലിക് സർവ്വീസ് കമ്മീഷൻെറ അധികാരപരിധിയെ അവഗണിച്ചുകൊണ്ടു പല ഡിപ്പാർട്ടുമെൻറുകളിലും നിരുത്തരവാദപരമായി നിയമനം നടത്തുന്നുണ്ട്. കമ്മ്യൂണിററി പ്രോജക്ററ്, നാഷണൽ എക്സ്റ്റൻഷൻ ബ്ലോക്ക് മുതലായ വിവിധരംഗങ്ങളിൽ വളരെ നിയമനങ്ങൾ നടത്തുന്നുണ്ട്. അതുപോലെതന്നെ പല ഡിപ്പാർട്ടുമെൻറുകളിലും വർക്ക് എസ്റ്റാബ്ലിഷ്മെൻറ് നിയമനങ്ങളിലും, കണ്ടിജൻസി നിയമനങ്ങളിലും ഈ നിലയാണ് തുടരുന്നത്. ഇതിൽ എന്തു നീതിയും പരിഗണനയും മാനദണ്ഡവുമാണ് പുലർത്തുന്നത്? ഇവിടെ അംഗീകരിച്ചിട്ടുള്ള സമുദായപ്രാതിനിധ്യവും, യോഗ്യതയും പാലിക്കുന്നുണ്ടോ? പബ്ലിക്കിസർവ്വീസ് കമ്മീഷൻ ശുപാർശചെയ്യുന്ന നിയമനങ്ങളിൽ എന്തു നീതിയാണ് പാലിക്കുന്നത്? സമുദായങ്ങൾക്ക് റിസർവ്വ് ചെയ്തിട്ടുള്ള കോട്ടാ ലഭിക്കുന്നില്ലെന്നുള്ളത് ഒരു പരമാർത്ഥമാണ്. ഞാനിതു പറയുമ്പോൾ എന്നെ ഒരു സമുദായവാദിയായി മുദ്രയടിക്കുവാൻ തല്പരകക്ഷികൾ മുതിർന്നേക്കും. സർ, ഇന്നു പിന്നോക്കസമുദായങ്ങളോടും, വിശേഷിച്ച് ഈഴവസമുദായത്തോടും ഗവണ്മെൻറ് വളരെ പ്രതികാരമനോഭാവത്തോടുകൂടി പെരുമാറുന്നതായിട്ടാണ് അനുഭവപ്പെടുന്നത്. ഇവിടത്തെ ഒരു പ്രബല സമുദായമായ ഈഴവസമുദായത്തിന് ഉദ്യോഗനിയമനകാര്യത്തിൽ വന്നുചേർന്നിരിക്കുന്ന കുഴപ്പത്തെപ്പററി പല പ്രമുഖ പത്രങ്ങളും പലപ്പോഴും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ദേശീയസമരത്തിൽ ആത്മാർത്ഥമായും, ധീരമായും പങ്കെടുത്തിട്ടുള്ള പല വിദ്യാസമ്പന്നരായ ചെറുപ്പക്കാരും, അതുപോലെ പ്രായമായ ആളുകളും നാട്ടിനിടയിൽ ഇറങ്ങി സഞ്ചരിക്കുമ്പോൾ, ഇന്നു കാണുന്ന ഈ അനീതിയെപ്പററി പരാതി പറയാറുണ്ട്. ഇതു പറയുമ്പോൾ ദേശീയതയും, പുരോഗമനവും പറഞ്ഞതാൽ മതിയായ സമാധാനമാകയില്ല. ഇതിനു സമാധാനം പറയുവാൻ ഞങ്ങൾ ബാദ്ധ്യസ്ഥരാണ്. സർ, സാധാരണ നാട്ടിൻെറ വിമോചനസമരങ്ങളിൽപങ്കെടുക്കുന്നവർക്ക് അർഹമായ പ്രോത്സാഹനം ജനകീയഭരണക്രമത്തിൽ നൽകുകയെന്നുള്ളത് ഒരു പരമാർത്ഥമാണ്. ഇവിടെ നേരേ വിപരീതമാണ്. ഈ നാട്ടിൻെറ വിമോചനപ്രസ്ഥാനത്തിൽ ഏററവും ഗണനീയമായ പങ്കും വിലയും നൽകിയിട്ടുള്ള വിഭാഗമാണ് സമുദായം തിരിച്ചുനോക്കിയാൽ ഈഴവരെന്നതു് ഒരു പരമാർത്ഥമാണ്. ആ വിഭാഗത്തെ അവഗണിച്ചതിൻെറ ഫലമായിട്ടാണ് കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഈ സമുദായം നിങ്ങൾക്ക് എതിരായി വിധിയെഴുതിയത്. സർ, കഴിഞ്ഞ തിരഞ്ഞെടുപ്പിൽ തിരുവിതാംകൂർ വിഭാഗത്തിനിന്നും കാൺഗ്രസ്സിൻെറ ഒററ സ്ഥാനാർത്ഥിയെപ്പോലും ഈഴവസമുദായത്തിൽനിന്നും തിരഞ്ഞെടുത്തിട്ടില്ല. അദ്ധ്വാനിക്കുന്ന വിഭാഗത്തിൻെറ പ്രാതിനിധ്യം വഹിക്കുന്ന ഈ സമുദായം നിങ്ങളുടെ രാഷ്ട്രീയാഭിപ്രായത്തോടു യോജിക്കുന്നില്ലെന്നുകണ്ട് അവരോട് ഒരു രാഷ്ട്രീയ പകവീട്ടലെന്നവണ്ണം പെരുമാറുന്നതു് ശരിയല്ല. ഈ നില തുടരുകയാണെങ്കിൽ, ഈ അരക്ഷിതാവസ്ഥയിൽ മൂകമായി നോക്കിയിരിക്കുവാൻ സാദ്ധ്യമല്ല. ഈ വിവരം മുഖ്യമന്ത്രിയെ പ്രത്യേകം അനുസ്മരിപ്പിക്കുകയാണ്. സർ, എത്ര യോഗ്യതയുണ്ടെങ്കിലും, പബ്ലിക്ക്സർവ്വീസ് കമ്മീഷൻെറ ഇൻറർവ്യൂ കഴിഞ്ഞാൽ അവർക്കു മെമ്മോ അയയ്ക്കുന്ന പതിവില്ലാതായിരിക്കുന്നു. കാരണം, രാഷ്ട്രീയ പരിഗണനയിൽ ഓരോ ഉദ്യോഗാർത്ഥികളുടേയും നടപടിയെപ്പററി പോലീസ് ഉദ്യോഗസ്ഥൻ അയയ്ക്കുന്ന റിപ്പോർട്ടാണ്. സർ,

[ശ്രീ. പി. കെ. യശോധരൻ]

പബ്ലിക്ക് സർവ്വീസ് കമ്മീഷനോ, മുഖ്യമന്ത്രിയോ അല്ല, ഈ രാജ്യത്തെ ഒരു പോലീസുദ്യോഗസ്ഥനാണ്, തുച്ഛമായ ശമ്പളം വാങ്ങുന്ന ഒരു സി.ഐ.ഡി. പോലീസുദ്യോഗസ്ഥനാണ് ഈവിഷയത്തിൽ ഒരു നിർണ്ണായകഘടകമായിരിക്കുന്നത്. ഇതാണ് നമ്മുടെ രാജ്യത്തെ സ്ഥിതിയെങ്കിൽ ഇത് എങ്ങനെ അവസാനിക്കുന്നുവെന്നു ഞങ്ങൾ തന്നെ അറിയണം. ഈ നയം അപകടകരമായ ഒരവസ്ഥ ഈ രാജ്യത്തു സൃഷ്ടിക്കുമെന്നു ഞാൻ മുന്നറിയിപ്പു നൽകുകയാണ്. ഇങ്ങനെ പോലീസുദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടിനെമാത്രം അടിസ്ഥാനമാക്കി ഇങ്ങനെയൊരു സമുദായത്തിലെ യുവാക്കന്മാരെ ഉദ്യോഗമണ്ഡലത്തിൽ ശ്രീഷ്ടകല്പിച്ചു പുറംതള്ളുന്നതു് രാജ്യത്തിന്റെ പുരോഗതിക്കു തടസ്സമായിരിക്കുമെന്നു മാത്രം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. സർ, ഞാൻ മുഖ്യമന്ത്രിയോടു ആവശ്യപ്പെടുകയാണ് നാലഞ്ചുകൊല്ലക്കാലത്തെ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേനയും മററു തരത്തിലും ഈ രാജ്യത്തു നടന്നിട്ടുള്ള നിയമനങ്ങളുടെ ഒരു ലിസ്റ്റ് ഒന്നു പരിശോധിക്കുവാൻ. അതിൽ നിന്നും ഒരുകാര്യം വ്യക്തമാകുന്നതാണ്. ഈഴവർക്കും മററു പിന്നോക്കസമുദായങ്ങൾക്കും കേരളാ അനുസരിച്ചുള്ള ഉദ്യോഗങ്ങൾ ലഭിച്ചിട്ടുണ്ടായിരിക്കുകയില്ല. താഴ്ന്ന തരം ഉദ്യോഗസ്ഥന്മാരുടെ കാര്യത്തിൽ മാത്രമല്ല, വകുപ്പദ്ധ്യക്ഷന്മാരുടേയും ഗവണ്മെൻറ് സെക്രട്ടറിമാരുടേയും സ്ഥിതിയിലും ഈ അനുഭവംതന്നെയാണുണ്ടായിട്ടുള്ളതു്.

സർ, പോലീസ് ഡിപ്പാർട്ടുമെൻറിനെപ്പററിയാണ് ഇനി എനിക്കു പറയുവാനുള്ളതു്. പോലീസിനെപ്പററി എത്രമാത്രം പരാതികളാണ് ഇവിടെ കേൾക്കാറുള്ളതു്. ഏതെങ്കിലും പോലീസുദ്യോഗസ്ഥന്മാരെപ്പററി വിമർശനം നടന്നാൽ, വിമർശനവിധേയനാകുന്ന പോലീസുദ്യോഗസ്ഥനുണ്ടാകുന്ന മനോഭാവത്തെക്കാൾ പ്രകടമായി മന്ത്രിമാരുടെ മുഖത്താണ് ചില ഭാവഭേദങ്ങൾ കാണാറുള്ളതു്. ആ അവസരത്തിൽ അവരുടെ കോപവും, പരിഭവവും പ്രകാശിക്കുന്ന മുഖങ്ങൾ വ്യക്തമായി കാണാൻ കഴിയുന്നതാണ്. ഇവിടെ ചില ചോദ്യങ്ങൾക്കു മറുപടി പറയുന്നതിൽനിന്നും ഞങ്ങൾക്ക് ഒരുകാര്യം മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. പോലീസ് മർദ്ദനം ഇനിയും തുടർന്നുകൊണ്ടുതന്നെയിരിക്കുമെന്ന്. മുഖ്യമന്ത്രി അദ്ദേഹത്തിന്റെ വളച്ചുകെട്ടിയുള്ള ഉത്തരങ്ങളിൽക്കൂടി നൽകിയിട്ടുള്ള സൂചന ഞങ്ങൾ ശരിക്കു മനസ്സിലാക്കിയിട്ടുണ്ട്. പോലീസിന്റെ മേൽ ഉണ്ടാകുന്ന പരാതികളുടെ സൂക്ഷ്മസ്ഥിതി അറിയാൻ ഡിപ്പാർട്ടുമെൻറ് മേധാവി മുഖേന അന്വേഷണം നടത്തേണ്ടതു് ആവശ്യമാണെന്ന നിയമം നിലവിലുണ്ടെങ്കിലും, പരാതികളുടെ വ്യാപ്തിയേയും, ഗൗരവത്തേയും പരിഗണിച്ചു്, ഇതെല്ലാം കള്ളമാണെന്നു പറയുന്ന മന്ത്രിമാർക്ക് എന്തുകൊണ്ടു് താലൂക്കടിസ്ഥാനത്തിലോ, അല്ലെങ്കിൽ ഡിസ്ട്രിക്ട് അടിസ്ഥാനത്തിലോ ജനപ്രതിനിധികളും മററു ജുഡീഷ്യൽ ഉദ്യോഗസ്ഥന്മാരും അടങ്ങിയ ഒരു പരാതി അന്വേഷണ കമ്മിററിയെ സംഘടിപ്പിച്ചുകൂടാ? സത്യസ്ഥിതി ബോദ്ധ്യപ്പെടാൻ ഇതൊരു പ്രായോഗിക നിർദ്ദേശമാണെന്നും അങ്ങനെ ചെയ്താൽ ഇന്നു് വളർന്നുവരുന്ന പരാതികൾക്ക് ശമനം ഉണ്ടാകുമെന്നും ഞാൻ അറിയിച്ചുകൊള്ളട്ടെ.

ഇവിടെ കഴിഞ്ഞ രണ്ടു സമ്മേളനങ്ങളിലും ഒരു അഴിമതി നിരോധന ബില്ല് പി. എസ്സ്. പി. ഗവണ്മെൻറ് കൊണ്ടുവരികയുണ്ടായി. അതു പരിഗണനയ്ക്കെടുക്കാതെ ഇപ്പോൾ എവിടെയോ തിരോധാനം ചെയ്തിരിക്കുകയാണ്. അതു് വെളിച്ചം കാണാതെ കഴിയേണ്ടതു് കാൺഗ്രസ്സ് സർക്കാരിൻെറ ഒരാവശ്യമായിരിക്കാം.

അതുപോലെതന്നെ ട്രാൻസ്പോർട്ട് ദേശസാല്ക്കരണത്തിനു് ഒരു ബില്ല് കൊണ്ടുവരേണ്ടതാണെന്നു കഴിഞ്ഞ അസംബ്ലിയിൽ വളരെ വീറോടെ വാദിച്ച ശ്രീ. പനമ്പിള്ളി ഇന്നു് മുഖ്യമന്ത്രിയായപ്പോൾ, ആ ബിൽ കൊണ്ടുവന്നിട്ടില്ലെന്നു മാത്രമല്ല, മററു ചില കൗശലങ്ങൾകൂടി പ്രയോഗിക്കുകയാണ്. അതേപ്പററി ഞാനൊരു ചോദ്യം ചോദിച്ചപ്പോൾ എനിക്കറിയാൻ കഴിഞ്ഞതു് ഈ കാര്യം, ട്രാൻസ്പോർട്ട് സമരത്തിനുശേഷം വമ്പിച്ചധ്വശങ്ങൾ അന്വേഷിക്കാൻ നിയുക്തമായിരിക്കുന്ന കമ്മിററിയുടെ പരിഗണനയ്ക്കു വിട്ടിരിക്കുകയാണെന്നാണ്. സർ, ഇവിടെ വന്നിരിക്കുന്നവരെല്ലാം വെറും 'മരങ്ങോട'ന്മാരാണെന്ന ഒരു വിചാരം മുഖ്യമന്ത്രിക്കുള്ളതുപോലെ തോന്നുന്നു. സർ, ഇതും ഈ പ്രശ്നവുമായുള്ള ബന്ധമെന്താണ്? ഇപ്പോൾ ഈ ഗവണ്മെൻറ് ചെയ്തിരിക്കുന്നതെന്താണ്? പ്രൈവററ് ബസ്സ് സർവ്വീസ് നഷ്ടകരമാണെന്നുള്ള അഭിപ്രായം ഉടമസ്ഥന്മാർ തന്നെ പുറപ്പെടുവിച്ചിരിക്കുന്ന സ്ഥിതിക്ക് വലിയ സമ്മർദ്ദം കൂടാതെ തന്നെ അവ ഏറെറടുക്കുന്നതിനു ഗവണ്മെൻറിനു് പ്രായോഗികമായി കഴിയുമുണ്ട്. എന്നാൽ ഇന്നു് ബസ്സുടമസ്ഥർക്കു പ്രോത്സാഹനാർത്ഥം ടാക്സ് കുറവു ചെയ്തു കൊടുത്തിരിക്കുകയാണ്.

ഇതിൽനിന്നും നാഷണലൈസേഷൻ നടത്തുന്നതിനു് ഗവണ്മെൻറു ആഗ്രഹിക്കുന്നില്ലെന്നു വ്യക്തമാണ്. അതുപോലെ ട്രാൻസ്പോർട്ടണസ് വാങ്ങിയ വകയിൽ ചില കുംഭകോണങ്ങൾ നടന്നിട്ടുള്ളതിനെപ്പററി ഇവിടെ ഒരു ചോദ്യം ചോദിച്ചതിനു്, അതിൻെറ മറുപടി തയ്യാറായിട്ടില്ലെന്നും അതിൻെറ വിവരങ്ങൾ പിന്നീടു് ഈ സഭയിൽ അറിയിക്കാമെന്നും മുഖ്യമന്ത്രി ഇവിടെ പറയുകയാണുണ്ടായതു്. അതു നിന്നും ഒഴിഞ്ഞുമാറുകയില്ലെന്നും വിശ്വസിക്കുന്നു. വാക്കു പാലിക്കണം. ആ കാര്യം അറിയാൻ ഞങ്ങൾക്കു് ആഗ്രഹമുണ്ട്.

എനിക്കു മുൻപു പ്രസംഗിച്ച ശ്രീ. ചാഴിക്കാട്ടു ജോസഫ് അവർകളുടെ പ്രസംഗമദ്ധ്യേ പ്രാദേശികമായ ഒരു കാര്യത്തെപ്പററി സംസാരിച്ചപ്പോൾ, ചീഫ് മിനിസ്റ്റർ ഇവിടെ പറഞ്ഞ മറുപടി ഏററവും മര്യാദയുള്ള ഭാഷയിൽ പറഞ്ഞാൽ ധാർഷ്ട്യമോ ധിക്കാരമോ ആയിരുന്നു. അതിൽനിന്നും ഞങ്ങൾ മനസ്സിലാക്കുന്നതു് ഗവണ്മെൻറിനെ അനുകൂലിക്കുന്ന പാർട്ടിക്കുമാത്രമെ എന്തെങ്കിലും ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുകയുള്ളൂ എന്ന നയമാണ് കാൺഗ്രസ്സ് സർക്കാർ അംഗീകരിച്ചിരിക്കുന്നതു് എന്നാണ്. ഇവിടെ ഇരിക്കുന്ന ഒരോ അംഗത്തിൻെറമേലും രാഷ്ട്രീയസമ്മർദ്ദം ചെലുത്തുകയാണ്. ഇതേപ്പററി എനിക്കും ഒരു അനുഭവം ഉണ്ടായിട്ടുണ്ട്. കായംകുളം ആശുപത്രി ഒരു ഫസ്റ്റ്ഗ്രേഡ് ആശുപത്രിയായി ഉയർത്താൻ മുൻ ഗവണ്മെൻറു തീരുമാനിച്ചിരുന്നതാണ്. സ്ഥലത്തെ പ്രാധാന്യവും ജനപ്പെരുപ്പവും പരിഗണിച്ചാണ് അങ്ങനെയൊരു തീരുമാനം എടുത്തതു്. അല്ലാതെ അന്നത്തെ മെഡിക്കൽ മന്ത്രിയുടെ നിയോജകമണ്ഡലമായതുകൊണ്ടല്ലാ. രണ്ടു താലൂക്കുകളുടെ

[ശ്രീ. പി. കെ. ഈശ്വരൻ]

കേന്ദ്രവും ജനനിബിഡവുമായ കായംകുളത്തു ഒരു ഒന്നാം ഗ്രേഡ് ആശുപത്രിയുടെ ആവശ്യം അത്യന്താപേക്ഷിതമാണെന്ന് ഇന്നത്തെ മെഡിക്കൽ മന്ത്രിക്കും ബോദ്ധ്യം ഉണ്ടായിരിക്കും. അഞ്ഞൂറും ആയിരവും ആളുകൾ അവിടെ ദിവസേന വന്നുപോകാറുണ്ട്. ആശുപത്രിയുടെ തിണ്ണയും കഴിഞ്ഞു പുരയിടത്തിലും ശുശ്രൂഷാർത്ഥം രോഗികൾ കഴിഞ്ഞുകൂടുകയാണ്. ആശുപത്രിയുടെ തിണ്ണയിൽത്തന്നെ പ്രസവവും നടന്നിട്ടുണ്ട്. ഇന്നു തീരെ സൗകര്യമില്ലാത്ത ഈ ആശുപത്രി ഒരു ഒന്നാം ഗ്രേഡ് ആശുപത്രിയാക്കി ഉയർത്തി എക്സ്റേ, പ്രസവവാർഡ് മുതലായവ സൗകര്യപ്പെടുത്തിത്തരുവാൻ മുൻ ഗവണ്മെന്റ് തീരുമാനിച്ചിരുന്നതാണ്. രാഷ്ട്രീയമായ പ്രത്യേക പരിഗണനയിലായിരിക്കാം ഇപ്പോൾ ആ നടപടി മാററി വച്ചിരിക്കുന്നതെന്നു തോന്നുന്നു. ബഡ്ജററിൽ കാണുന്നില്ല. കാൺഗ്രസ്സ് പാർട്ടിക്കുമാത്രം ആനുകൂല്യങ്ങൾ ചെയ്യുകയും മററു പാർട്ടികളെ വിഗണിക്കുകയും ദ്രോഹിക്കുകയുംകൂടി ചെയ്യുന്ന മനോഭാവം ഒട്ടും ആശാസ്യമല്ല. അതു വളരെ ഖേദകരമാണ്. ഈ സംഗതികൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. ഈ പോക്ക് അപകടകരമാണ്. ഞാൻ എതിർക്കുന്നു.

ശ്രീ. യു. നീലകണ്ഠൻ: സർ, ബഡ്ജററ് വിമർശനസമയത്ത് പറഞ്ഞ കാര്യങ്ങളെപ്പററിത്തന്നെ ഈ അവസരത്തിലും ഓർമ്മിക്കാതെ ഈ മോഷണം സംബന്ധിച്ച് എന്തെങ്കിലും പറയാൻ സാധിക്കുന്നില്ല. കഴിഞ്ഞ മന്ത്രിസഭയിൽ മുഖ്യമന്ത്രിയായിരുന്ന ശ്രീ. പട്ടം താണുപിള്ള, ഈ ബഡ്ജററിൽ കാൺഗ്രസ്സിന്റേതായി, പുതുതായി യാതൊന്നുംതന്നെയില്ലെന്നും, എല്ലാം പി. എസ് പി. ഗവണ്മെന്റ് തീരുമാനിച്ചിരുന്ന കാര്യങ്ങളാണെന്നും പ്രഖ്യാപിച്ചുകൊണ്ട് വെല്ലുവിളിച്ചിട്ടു യാതൊരു സമാധാനവും പറയാതെ പിഴടങ്ങുകയാണ് ഇന്നത്തെ മുഖ്യമന്ത്രി ചെയ്തത്. പി. എസ്. പി. ഭരണം ഈ രാജ്യത്തിന് ആപത്താണെന്നും, നല്ല കാര്യങ്ങളൊന്നും അവർക്കു ചെയ്യാൻ സാധിക്കുകയില്ലെന്നും ആവർത്തിച്ചാവർത്തിച്ചു പ്രഖ്യാപിച്ചിട്ട് അവരെ അധികാരത്തിൽ നിന്നും മാററി, അധികാരം ഏറെറടുത്ത കാൺഗ്രസ്സുകാർ ഇപ്പോൾ പുതുതായി ഒന്നും ചെയ്യാനില്ലെങ്കിൽ, സർ, എന്തു നാണം ഇവർ പി. എസ്. പി-യെ കുററം പറയുകയും അധികാരത്തിൽനിന്നു ബഹിഷ്കരിക്കുകയും ചെയ്തതെന്നു മനസ്സിലാകുന്നില്ല. കാൺഗ്രസുകാർ ചണ്ഡാലരാണെന്നും, അവർക്കു പി. എസ്. പി. ക്ഷേത്രത്തിൽ ദർശനം അനുവദിക്കരുതെന്നും, ആചാര്യകൃപലാനി ആദ്യകാലത്ത് പ്രഖ്യാപിച്ചിരുന്നിട്ടും, കാൺഗ്രസുകാർ, പി. എസ്. പി-ക്ക് പിൻതുണ നൽകിയത്, തക്കംനോക്കി ക്ഷേത്രത്തിനകത്തുകടന്നു ദർശനം നടത്തി നിധിയുമായി കടന്നുകളയാനായിരുന്നുവെന്നു ഇപ്പോഴാണു മനസ്സിലാകുക. ശ്രീ. ചാഴികാട്ടു ജോസഫ് പറഞ്ഞതുപോലെ, ഈ മന്ത്രിസഭാവികസനപദ്ധതികളെ സംബന്ധിച്ചിടത്തോളം അവരുടെ പാർട്ടിക്കു പ്രാമാണ്യം നൽകിയിരിക്കുകയാണിപ്പോൾ ചെയ്തിരിക്കുന്നത്. എൻ. ഇ. എസ്. ബ്ലാക്കുകളിലും, കമ്മ്യൂണിററി പ്രോജക്ററിലുമെല്ലാം നിയമനങ്ങൾ നടത്തുന്നതും, കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതും യാതൊരു തത്വദീക്ഷയും കൂടാതെ വെറും പാർട്ടി താല്പര്യത്തെക്കരുതി മാത്രമാണ്. എൻ. ഇ. എസ്. ബ്ലാക്കുകൾ ആറെണ്ണം ഉണ്ടായിരുന്നതിൽ മുൻഗണന നൽകുന്നത് എന്തു മാനദണ്ഡത്തിന്റെ

അടിസ്ഥാനത്തിലാണ് ഏതേതു സെൻട്രലിലെന്നു തീരുമാനിക്കുന്നതെന്നു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ വ്യക്തമാക്കുമെന്നു വിശ്വസിക്കുന്നു. പി. എസ്. പി-യുടെ ഭരണം രാജ്യത്തിനാപത്താണെന്നു പറഞ്ഞു് അധികാരത്തിനു കയറിയ കാൺഗ്രസ്സ് ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിൽ അവരുടേതായ പുതിയ സംഭാവനകൾ ഒന്നും കാണുന്നില്ലെങ്കിലും അവരുടെ അധികാര പ്രാപ്തി നേർവഴിയിലൂടെ, ഉദ്ദേശശുദ്ധിയോടുകൂടി ഉണ്ടായതല്ലെന്നു നമുക്കു മനസ്സിലാക്കാൻ പ്രയാസമില്ല.

വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ചില കാര്യങ്ങൾ പറയേണ്ടതുണ്ടു്. അദ്ധ്യാപകർക്കു ശമ്പളം കൂട്ടിയതും, മൂന്നാംഫാറത്തിൽ ഫീസില്ലാതാക്കിയതും സ്വാഗതം ചെയ്യാവുന്നതാണെങ്കിലും, ഒരു വസ്തുത മുഖ്യമന്ത്രിയെ ഓർമ്മിപ്പിക്കുവാൻകൂടി ഞാനാഗ്രഹിക്കുന്നു. സർ, ഈ രാജ്യത്തു് ഇന്നു പ്രാഥമികവിദ്യാഭ്യാസം നടത്തുന്നതിനു് സൗകര്യങ്ങളില്ലാതെ പഠിക്കാൻവാഞ്ഛിക്കുന്നവർ ധാരാളം ഉണ്ടു്. ഒരുനേരത്തെ ആഹാരമെങ്കിലും കഴിച്ചു സ്കൂളിൽ പോകാനുള്ള സൗകര്യം ലഭിക്കാതെ ഈ രാജ്യത്തു ആയിരക്കണക്കിനു സാധുവിദ്യാർത്ഥികൾ ഉണ്ടെന്നും, അവർക്കു വിദ്യാഭ്യാസം ചെയ്യുന്നതിനും, ഫീസിളവുമൂലമുള്ള ഇനം അനുഭവിക്കുന്നതിനും പ്രധാനമായി വേണ്ടതു ഇന്നത്തെ സാമൂഹ്യനിലയ്ക്കു മാററം വരുത്തുകയാണെന്നും മുഖ്യമന്ത്രിയെ ഞാൻ ഓർമ്മിപ്പിച്ചുകൊള്ളട്ടെ. 5 മുതൽ 9 വരെ വയസ്സു പ്രായമുള്ള അനേകലക്ഷം വിദ്യാർത്ഥികൾ പാഠശാലകളിൽ പോകാൻ സൗകര്യമില്ലാതെ അലഞ്ഞുതിരിഞ്ഞു നടക്കുകയാണു്. ഇതിനു വേണ്ട പരിഹാരംനേടാൻ കാണ്ഗ്രസ്മന്ത്രിസഭ വേണ്ട നടപടികൾ സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

പബ്ലിക്കു ഹെൽത്തുഡിപ്പാർട്ടുമെൻറിനുവേണ്ടി കുടുതൽ തുക കൊള്ളിച്ചിരിക്കുന്നതായി കാണുന്നെങ്കിലും, ആ ഡിപ്പാർട്ടുമെൻറിലെ ചില കുഴപ്പങ്ങളെപ്പററി പറയാതിരിക്കാൻ നിവൃത്തിയില്ല. തീരപ്രദേശങ്ങളിൽ വസൂരിയും, മണ്ണനും പകർച്ചവ്യാധികൾ സാധാരണ പടർന്നു പിടിക്കാറുണ്ടു്. എവിടെയെങ്കിലും സ്മാൾപാക്സോ, ചിക്കൻപാക്സോ പിടിപെട്ടെന്നു കാണുമ്പോൾമാത്രം ചില കുത്തിവയ്പു ജോലികൾ നടത്തുകയല്ലാതെ, ചിട്ടയായും, നഷ്ടർഷയോടും വേണ്ട കാലത്തു ഈ ജോലി ചെയ്യുന്നതിനു് അധികൃതർ ശ്രദ്ധിച്ചുവരുന്നതായി കാണുന്നില്ല. ഈ രോഗങ്ങൾ പകരാൻ ഇടയുള്ള സാഹചര്യങ്ങളെക്കുറിച്ചും, നിവാരണമാർഗ്ഗങ്ങളെപ്പററിയും ജനങ്ങൾ അവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ അവരെ യഥാസമയം ധരിപ്പിക്കുന്നതിനുംമററും ആവശ്യമായ നടപടികൾ പബ്ലിക്കുഹെൽത്തു ഡിപ്പാർട്ടുമെൻറിൽനിന്നും നടത്തിക്കാണുന്നില്ല. പട്ടിണിയും, രോഗവുംനിമിത്തം സാധാരണ തീരപ്രദേശങ്ങളിലെ ആളുകൾ വർഷംപ്രതിയെന്നോണം വളരെ ദുരിതങ്ങൾ അനുഭവിക്കുന്നുണ്ടു്. ഇങ്ങനെയുള്ള പകർച്ചവ്യാധികളിൽനിന്നും മററുള്ളവർക്കു ഉപദ്രവം നേരിടാതിരിക്കാൻ ഗവണ്മെൻറിൽനിന്നും പ്രധാനമായി കൈക്കൊള്ളേണ്ട ഒരു നടപടി സിനിമാശാലകളിലും, ഉത്സവസ്ഥലങ്ങളിലും ഈ രോഗം ബാധിച്ചിട്ടുള്ളവർ കുറെ കാലത്തേക്കെങ്കിലും സഹകരിക്കാതിരിക്കുന്നതിനു നിർബ്ബന്ധിക്കുകയാണു്. ഈ രോഗങ്ങൾ വന്നു ഭേദപ്പെട്ടാലും കുറെ കാലത്തേക്കു രോഗാണുക്കൾ പകർച്ചശക്തിയോടുകൂടി വ്യാപരിക്കുന്നതാണു്. പബ്ലിക്കുഹെൽത്തു ഡിപ്പാർട്ടുമെൻറിൽനിന്നും ഇങ്ങനെയുള്ള പൊതുജനാ

[ശ്രീ. യു. നീലകണ്ഠൻ]

രോഗ്യപരിപാലനത്തിനു കാര്യമായി ശ്രദ്ധിക്കുന്നതായി കാണുന്നില്ല. ഇതിനെപ്പററി ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

തൊഴിലില്ലായ്മ പരിഹരിക്കണമെന്നു കാൺഗ്രസുകാർ പറയുന്നുണ്ടെങ്കിലും, അതിനുവേണ്ടി ഈ ബഡ്ജററിൽ, യാതൊരു പരിഹാരവും കാണാതെ വാസ്തവത്തിൽ മുൻഗവണ്മെൻറ്അനുവദിച്ച കാര്യങ്ങൾപോലും ചെയ്യാൻ തയ്യാറാകാതെ പ്ലാനിംഗിൻെറ പേരിൽ അവഗണിച്ചിരിക്കുന്നതു വളരെയധികം ഹൃദയവേദന ഉണ്ടാക്കുന്നതാണ്.

വ്യവസായോദ്ധാരണത്തിനായി, ഇവിടെ കാര്യമായി ഒന്നും ചെയ്യുന്നില്ലെന്നു തന്നെ കയർ വ്യവസായത്തിൻെറ സ്ഥിതി പരിശോധിച്ചാൽ വ്യക്തമാകുന്നതാണ്. കയർ വ്യവസായത്തിൻെറ അഭിവൃദ്ധിക്കുവേണ്ടി സത്വരമായ നടപടികൾ സ്വീകരിക്കണമെന്നു മുഖ്യമന്ത്രിയോടു പ്രത്യേകം അഭ്യർത്ഥനയുണ്ട്. അതുപോലെതന്നെ നെയ്ത്തിനെ സംബന്ധിച്ചിടത്തോളവും വളരെയധികം അനാസ്ഥയാണു കാണിക്കുന്നത്. 61 ലക്ഷം രൂപാ കയർ ഇൻഡസ്ട്രിക്കു ഒന്നാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതു് പ്രയോജനപ്പെടുത്താൻ യാതൊരു പരിപാടിയും കാണുന്നില്ല. 55-56-ൽ 20 ലക്ഷം രൂപയാണു ഉൾപ്പെടുത്തിയിട്ടുള്ളതു്. 55-56-ൽ 42 ലക്ഷം രൂപാ ചെലവാക്കാൻ ബഡ്ജററിൽ കൊള്ളിക്കേണ്ടതായിരുന്നു. 20 ലക്ഷം മാത്രം കൊള്ളിച്ചിരിക്കുന്ന തുകയും എങ്ങനെ വിനിയോഗിക്കുന്നുവെന്നു കണ്ടുതന്നെ അറിയണം. സഹകരണപ്രസ്ഥാനം വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനു വ്യവസ്ഥ ചെയ്യണം. നെയ്ത്തുതൊഴിലാളികളെ സംബന്ധിച്ചിടത്തോളം മിതത്തുണികളുമായി മത്സരിച്ചു കൂടുതൽ മേനിയും, മേന്മയുമുള്ള വസ്ത്രങ്ങൾ ഉണ്ടാക്കുന്നതിനു ആവശ്യമായ ഒരു കലണ്ടറിംഗ് പ്ലാൻ ആവശ്യമാണെന്നും, അതുണ്ടായാൽ മേനിയും, ഭംഗിയുമുള്ള വസ്ത്രങ്ങൾ നിർമ്മിക്കാൻ സാധിക്കുമെന്നും മുൻപു പലരും പറഞ്ഞിട്ടുള്ളതാണ്. ഇങ്ങനെ ആവശ്യമായ കാര്യങ്ങൾ ഒന്നുംതന്നെ വിനിയോഗിക്കാതെ, പ്രോത്സാഹനത്തിനു കിട്ടുന്ന പണം ലാപ്സാക്കി കളയുന്ന പദ്ധതി സ്വീകരിച്ചിരിക്കുന്നതു വളരെ ഖേദകരമാണ്. ഈ വിധത്തിലുള്ള നിർജ്ജീവപദ്ധതികൾകൊണ്ടു തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കാമെന്നു കാൺഗ്രസ്സുകാർ സ്വപ്നം കാണുന്നതു ഫലപ്രദമാക്കാൻ പോകുന്നില്ല.

വില്ലനനുകയിൽനിന്നും കയർവ്യവസായത്തെ ഒഴിവാക്കേണ്ടതു അത്യാവശ്യമാണെന്നു കയർ ഡീലേഴ്സ് അസോസിയേഷൻ ഗവണ്മെൻറിനെ സമീപിച്ചു് പല പ്രാവശ്യം നിവേദനം നടത്തുകയും പി.എസ്.പി ഗവണ്മെൻറ് താഴക്കാലത്തു മായി സെയിൽസ്ടാക്സ് നിർത്തി വയ്ക്കുകയും ചെയ്തു യുണ്ടായി. തിരുവിതാംകൂർ-കൊച്ചിയെ സംബന്ധിച്ചിടത്തോളം ഏററവും വലിയ പ്രാധാന്യമുള്ള കയർ വ്യവസായത്തെ സെയിൽസ്ടാക്സിനിന്നും ഒഴിവാക്കേണ്ടതു ആവശ്യമാണ്. അതിനെപ്പററി ബഡ്ജററിൽ യാതൊന്നും പറഞ്ഞുകണ്ടില്ല. വിശേഷിച്ചും ചാലയിൻകീഴ് തുടങ്ങിയ തീരപ്രദേശങ്ങളിൽ വ്യവസായങ്ങൾ തകരാറായി, ചെറുകിട വ്യവസായികൾ വൻപലിശ തുകകൾ ഗവണ്മെൻറിലേക്കു കൊടുക്കേണ്ടതു എട്ടും, പത്തും ലക്ഷം രൂപാ കടമായിട്ടാണിരിക്കുന്നതു്. വിലയുടെ 75%

ക്കലിയിനത്തിൽ വിതരണം ചെയ്യുന്ന വ്യവസായത്തിൽ വില്പനനികുതി ചുമത്തുന്നതു് അധ്വാനിക്കുന്ന വിഭാഗത്തിന്റെ മേ ചുമത്തുന്ന ദുർവഹമായ അനീതിയാണു്. ഇങ്ങനെ ചുമത്തപ്പെട്ടിരിക്കുന്ന സെയിൽസ്ടാക്സ് ഈടാക്കുന്നതിനു പ്രാസിക്യൂഷൻ നടപടിയെടുക്കുന്നതു ദരിദ്രപ്രദേശങ്ങളിലെ തൊഴിലില്ലായ്മയെ കൂടുതൽ ബാധിക്കുന്നതാണു്. ഇതുസംബന്ധിച്ചു വളരെയധികം പറയാനുണ്ടെങ്കിലും ഇനിയൊരവസരത്തിലേക്കു മാററിവയ്ക്കുകയാണു്.

സർ, ഞാൻ മുഖ്യമന്ത്രിക്കു് പോലീസ് അഴിമതിയെപ്പററി ഒരു പരാതി അയച്ചിട്ടുണ്ടായിരുന്നു. പോലീസുകാരുടെ അഴിമതിയും അക്രമങ്ങളും എല്ലാവർക്കും അനുഭവപ്പെടുന്നുണ്ടു് ഇടതുപക്ഷക്കാർക്കാണെങ്കിൽ തല്ലുകൊണ്ടു എല്ലൊടിഞ്ഞിട്ടുള്ള അനുഭവങ്ങൾ ധാരാളമാണു്. അതുകൊണ്ടു അതിൽ വലിയ സങ്കടമില്ല. എന്നാൽ പാവപ്പെട്ട കാൺഗ്രസ്സുകാർക്കുട് ഈ വിഷമം അനുഭവിക്കുന്നുണ്ടെന്നുള്ളതാണു് കഷ്ടം. ഈ ഫെബ്രുവരി 16-ാംനു കടയ്ക്കാവൂർ ലാക്കപ്പിൽനിന്നും മൂന്നു ദിവസം കഴിഞ്ഞു പുറത്തിറങ്ങിയ ഒരു സദാശിവൻ 43 രൂപാ പോലീസ് കൈക്കൂലി വാങ്ങിയതും റിമാൻഡു അനുവദിക്കാതെ തടവിൽ പാർപ്പിച്ചതും എന്നെ ധരിപ്പിച്ചു. ആൾ കടയ്ക്കാവൂർകാരനാണു്, അയാളെ മൂന്നു ദിവസം ലാക്കപ്പിൽ വച്ചിരുന്നു. ഞാൻ ഇതിനെപ്പററി മാർച്ചു് 16-ാംനു പരാതി മുഖ്യമന്ത്രിക്കയച്ചിരുന്നു. യാതൊരു നടപടിയും എടുത്തിട്ടില്ല. ഈ അഴിമതിക്കു തെളിവു കൊടുക്കാൻ തയ്യാറാണു്. പാവപ്പെട്ട കാൺഗ്രസ്സുകാർക്കുപോലും പോലീസിന്റെ കീഴിൽ രക്ഷയില്ല. ഈ തരത്തിലുള്ള പല പോലീസുകേസുകളും രാജ്യത്തു പല ഭാഗത്തും നടക്കുന്നുണ്ടു്. ഈ കാര്യങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊടുത്തിക്കൊണ്ടു എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : സർ, ഈ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന നാനാവിഷയങ്ങളെ പരാമർശിച്ചുകൊണ്ടു് ഞാൻ സംസാരിക്കുന്നില്ല. വളരെ ചുരുങ്ങിയ സമയത്തിനകത്തു് ഒന്നു് രണ്ടു് പ്രധാന സംഗതികൾ ചൂണ്ടിക്കാണിക്കാനേയുള്ളു. പണ്ടു് ഒരു പേഷ്കാർ ഉണ്ടായിരുന്നു. ആ പേഷ്കാരുടെ പക്കൽ നാട്ടുകാർ ഹർജികൾ ബോധിപ്പിക്കുക പതിവായിരുന്നു. അദ്ദേഹം രണ്ടു മണിക്കു കച്ചേരിയിൽ വരികയുള്ളു. രണ്ടുമണിയാകുമ്പോൾ സങ്കടക്കാരായ എമ്പരപ്പു് ആളുകൾ ഹർജികളുമായി ഹാജരാകും. അതിൽ ആദ്യമേ ഒരാളെ വിളിച്ചു് ആ പേഷ്കാർ ചോദിക്കും താൻ ഒരു ഹർജി അയച്ചോ എന്നു്. അപ്പോൾ "അടിയനു് സങ്കടം ഉള്ളതുകൊണ്ടു് ഒരു ഹർജി അടിയൻ ബോധിപ്പിച്ചു. എന്നിട്ടു് അങ്ങനെ കാത്തിരിക്കുകയായിരുന്നു" എന്നു് അയാൾ പറയും. "എത്ര നാളായി ഹർജി കൊടുത്തിട്ടു്? "ഏഴെട്ടു മാസമായി." "ഓഹോ, ഇപ്പോൾ അതെപ്പററി അന്വേഷിക്കാൻ വന്നിരിക്കുകയാണു്. ശരി, താൻ ഏഴെട്ടു മാസത്തിനുമുൻപു് ഒരു ഹർജി അയച്ചിട്ടു് വീട്ടിൽ സുഖമായി ഉറങ്ങി അതെപ്പററി ഇപ്പോൾ അന്വേഷിക്കാനായി ഇതെടുത്തു് കെട്ടി എടുത്തിരിക്കുകയാണു്." എന്നു പറയും. ഇതുകേട്ടു് അയാൾ പകച്ചു് പതുക്കെ പിന്നോക്കം പോകും. രണ്ടാമത്തെ ആളെ വിളിച്ചു് അയാളോടു് ചോദിക്കും "എന്താണോ കാര്യം" എന്നു്. അയാൾ പറയും "അടിയൻ ഇന്നമാസം ഇത്രാംതീയതി ഒരു ഹർജി ബോധിപ്പിച്ചു. അതിനു മറുപടി ഒന്നും കിട്ടിയില്ല. പിന്നെ മാസവും

12 Noon.]

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

ഇത്രാംതീയതി ഒരു ഹർജി ബോധിപ്പിച്ചു. പിന്നെ പിന്നത്തെ മാസത്തിലും ബോധിപ്പിച്ചു." ഉടനെ പേഷ്കാർ ചോദിക്കയായി "അങ്ങിനെ എത്ര ഹർജികൾ ബോധിപ്പിച്ചു" എന്നു്. സങ്കടക്കാരൻ പറഞ്ഞു "ഇങ്ങനെ ഒൻപതു് ഹർജികൾ അയച്ചു" എന്നു്. അതുകേട്ടു് പേഷ്കാർ "അപ്പോൾ തനിക്കു് വീട്ടിൽ കുറെ കടലാസ്സും മഷിയും ഉണ്ടു്. യാതൊരു ജോലിയും ഇല്ലാതെ അങ്ങനെ ഹർജികൾ അയയ്ക്കുകയാണു് തന്റെ പതിവു്." ഇങ്ങനെ പറഞ്ഞു അയാളേയും അയച്ചു. അങ്ങനെ രണ്ടു തരത്തിൽ ഹർജിക്കാരോടു് പെരുമാറിയ നയചതുരനായ ഒരു പേഷ്കാർ കൊച്ചിയിൽ പണ്ടു് ഉണ്ടായിരുന്നു. ഏതാണ്ടു് ഇത്ര വർഷം മുമ്പാണു് ചോദ്യോത്തരസമയത്തു് ചില മന്ത്രിമാരുടെ മറുപടി കേൾക്കുമ്പോൾ എനിക്കു് എന്നല്ല എന്നെപ്പോലുള്ള മററംഗങ്ങൾക്കും തോന്നിപ്പോകുന്നതു്. ഇതാരേയും ആക്ഷേപിക്കാനല്ല ഞാൻ പറഞ്ഞതു്. മഹാരാജാക്കന്മാരുടെ ഭരണകാലത്തുപോലും അവർ ജനങ്ങളുടെ താല്പര്യങ്ങളേയും അഭിലാഷങ്ങളേയും പരിഗണിച്ചുപോന്നിരുന്നു. ഇന്നാകട്ടെ ഈ നാട്ടിലെ ജനപ്രതിനിധികൾ എന്നുള്ള നിലയിൽ ജനങ്ങളുടെ താല്പര്യങ്ങളും അഭിലാഷങ്ങളും പരിരക്ഷിക്കേണ്ട ഭരണകർത്താക്കളായിട്ടാണു് ഈ മന്ത്രിമാർ കരുതപ്പെട്ടിരിക്കുന്നതു്. മഹാരാജാക്കന്മാരും അവരുടെ താഴെയുള്ള ദിവാൻജിമാരും ഭരണം നടത്തിക്കൊണ്ടിരുന്ന കാലത്തു് തങ്ങളുടെ താഴെയുള്ള ഉദ്യോഗസ്ഥന്മാർ വല്ല പരാതിയും നേരിട്ടു് ബോധിപ്പിക്കുകയാണെങ്കിൽ പ്രജാക്കാരുടെ ഹൃത്തോടുകൂടി ആ കാര്യം വീക്ഷിക്കുമെന്നും അതാതു ഡിപ്പാർട്ട്മെൻറ് മുഖേന അടിയന്തിരമായ പരിഹാരം ഉണ്ടാക്കിക്കൊടുക്കുമെന്നും ജനങ്ങൾക്കു പൊതുവേ വിശ്വാസം ഉണ്ടായിരുന്നു. അന്നു് മഹാരാജാവിനേയോ ദിവാൻജിയേയൊ നേരിട്ടു കണ്ടു് സങ്കടം അറിയിച്ചാൽ അതിന്നു നിശ്ചയമായും പ്രജാവാത്സല്യത്തോടുകൂടി അവർക്കു് അടിയന്തിരമായി പരിഹാരം ചെയ്യുമെന്നു് ന്യായമായിട്ടു് വിശ്വാസമുണ്ടായിരുന്നു. അതു മുഴുവൻ ശരിയാണെന്നു് ഞാൻ പറയുന്നില്ല. എങ്കിലും ഒട്ടേറെ ഈ മഹാരാജാക്കന്മാർ അവരുടെ പ്രജകളെ പ്രജാവാത്സല്യത്തോടുകൂടി പെരുമാറി വന്നിരുന്നു. അതിന്നു് അനുസരണമായി ദിവാൻജിമാരും ജനോപകാരപ്രദമായി പ്രവർത്തിച്ചുവന്നിരുന്നു എന്നാണു് എന്റെ ഓർമ്മ. ഇതെല്ലാം ട്രഷറിബഞ്ചിലിരിക്കുന്ന മന്ത്രിമാർക്കും അവർ കുട്ടികളായിരുന്ന കാലത്തായിരുന്നെങ്കിൽത്തന്നെയും ഓർമ്മയുണ്ടായിരിക്കും. ആ കാലങ്ങൾ എല്ലാം കഴിഞ്ഞുപോയി. ഇന്നു് നാം ഒരു നിയമസഭായുഗത്തിലാണു് ജീവിക്കുന്നതു്. അങ്ങനെ മഹാരാജാക്കന്മാരുടേയും ദിവാൻജിമാരുടേയും ഭരണം കഴിഞ്ഞിട്ടു് ഇപ്പോൾ ജനങ്ങളും ഗവണ്മെൻറും തമ്മിൽ ഒരു ലെയിസൺ എന്ന നിലയ്ക്കാണു് ഇന്നു് നിയമസഭ പ്രവർത്തിച്ചുവരുന്നതു്. അതാണു് നിയമസഭ ആവശ്യമായി വന്നിരിക്കുന്നതെന്നാണു് ഞങ്ങളൊക്കെ മനസ്സിലാക്കുന്നതു്. ഇന്നു് നിയമസഭയാണു് ജനങ്ങളേയും ഉദ്യോഗസ്ഥന്മാരേയും ഒന്നിച്ചു് ഒരു ഭരണപാത്രമാണിമുന്നോട്ടു് കൊണ്ടുപോകുവാൻ ഉത്തരവാദപ്പെട്ട സ്ഥാപനമായി വന്നിട്ടുള്ളതു്. ഇങ്ങനെതന്നെയാണു് ഐവർ ജന്നിംഗ്സിന്റെ പുസ്തകം വായിച്ചപ്പോൾ അതിലും പറഞ്ഞിട്ടുള്ളതു്. അതിൽ അദ്ദേഹം ചോദ്യോത്തരവേളയിൽ മന്ത്രിസഭ അനുഷ്ഠിക്കേണ്ട രീതിയെ സംബന്ധിച്ചും ജനപ്രതിനിധികൾക്കു് കൊടുക്കേണ്ട

ഉറപ്പുകളെ സംബന്ധിച്ചും ഒന്നുരണ്ടു വാചകങ്ങൾ മുഖേന വ്യക്തമാക്കിയിട്ടുണ്ട്. ആ വാചകങ്ങൾ പ്രത്യേകിച്ചും എന്റെ സ്നേഹിതൻ മി. ജാൺ ഒന്നു വായിക്കേണ്ടതാണ്. ഈ രാജ്യത്തെ ജനപ്രതിനിധികൾ ആരുടെ ദയവ നേയും കാംക്ഷിച്ചു പ്രവർത്തിക്കുന്ന ഭിക്ഷാംദേഹികൾ അല്ല എന്ന് ഞാൻ മന്ത്രിമാരെ അറിയിച്ചുകൊള്ളുന്നു. ഈ രാജ്യത്തെ ജനങ്ങളുടെ പ്രതിനിധികൾ എന്നുള്ള നിലയിൽ ഞങ്ങൾ അവരോട് ചോദ്യങ്ങൾ ചോദിക്കുകയാണ്. അതിന് ഇത്ര ധിക്കാരപരമായ മറുപടികൾ പറയുന്നതു് അവർക്കും അവരുടെ സഹകാരികൾക്കും ദോഷകരമാണ് ഞാൻ താക്കീതു് ചെയ്യുന്നു. ഞങ്ങൾ ഇവിടത്തെ ഗവണ്മെന്റിനോടു് ചോദിക്കുന്നതു് വീട്ടിലായ്മല്ല. നിയമസഭ എന്നു പറയുന്നതു് സ്റ്റാറ്റ്യൂട്ടറിയായ ഒരു സമാജനമാണ്. അതിന്റെ അന്തസ്സിനേയും മഹത്വത്തേയും അറിഞ്ഞു് പ്രവർത്തിക്കേണ്ടതാണ്. ഇവിടെ പോലീസ്മർദ്ദനത്തെക്കുറിച്ചെല്ലാം ചോദ്യം ചോദിക്കേണ്ടിവരും. എന്നാൽ അതിന്റെ യാഥാർത്ഥ്യം പറഞ്ഞറിയിക്കുന്നതിനു പകരം അനീതിപരമായും ധിക്കാരപരമായും ഈ സഭയിൽ മറുപടി പറയുന്നതു് വളരെ ഖേദകരമാണ്. മററ് മന്ത്രിമാരാരും ഈ മാതൃകയിൽ മറുപടി പയുന്നില്ലായിരിക്കും. മി. ജാൺ ഇങ്ങനെ പറയുന്നതു് മനഃപൂർവ്വം അല്ലായിരിക്കാം. അദ്ദേഹത്തിന്റെ സഹപ്രവർത്തകൾക്കുവേണ്ടിയായിരിക്കാം. എന്നാലും ഇക്കാര്യത്തെക്കുറിച്ച് അദ്ദേഹം പര്യാലോചിക്കേണ്ടതാണ്. മന്ത്രിമാർ മെംബറന്മാരോടു് കുറെക്കൂടി മര്യാദയോടുകൂടിയും ഡെമാക്രസിയുടെ തത്വങ്ങളെ മനസ്സിലാക്കിയും പ്രവർത്തിക്കണമെന്ന് ഞാൻ പ്രത്യേകിച്ചു് ആവശ്യപ്പെടുകൊള്ളുന്നു. ഇവിടത്തെ ഭരണപരമായ കാര്യങ്ങളെ സംബന്ധിച്ചു് ഏതെങ്കിലും ഒരു പരാതി ഉന്നയിച്ചാൽ ആ പരാതി ഉന്നയിക്കുന്ന മെംബർ പൊതുവിൽ കുററക്കാരനാകുമെന്നുമാത്രം. ഞങ്ങളിൽ ഓരോരുത്തരും ഓരോ പരാതി ഉന്നയിക്കുമ്പോൾ ഞങ്ങളെ കുററക്കാരായിമാത്രം വീക്ഷിക്കുന്നതു് ശരിയല്ല. അതു് ഈ ഭാഗത്തിരിക്കുന്ന മെംബറന്മാരെ മാത്രമല്ല, അതു് ട്രഷറിബഞ്ചുകളുടെ അപ്പുറത്തിരിക്കുന്നവരായാലും ഇപ്പുറത്തിരിക്കുന്നവരായാലും കുററക്കാരാണെന്നുള്ള നിലയിൽ ഈ സഭയിൽ പരാതി കൊണ്ടുവരുന്നതല്ല എന്നുള്ളതു് പ്രത്യേകിച്ചു് മന്ത്രിമാർ മനസ്സിലാക്കണം. ഈ മെംബറന്മാർ ഒരു പരാതി ഉന്നയിച്ചാൽ അതു് ഗവണ്മെൻറും മന്ത്രിമാരും ഒട്ടും വകവയ്ക്കുകയില്ല എന്ന് ഈ രാജ്യത്തു് ഒട്ടാകെ ഒരു സംസാരമുണ്ട്. മെമ്പറന്മാർ ബോധിപ്പിക്കുന്ന പരാതി അടിസ്ഥാനരഹിതമായതാണെന്നു് പറയുന്നതു് പരമ്പരയായി ഇന്നു് ജനങ്ങൾക്കു് ഉണ്ടായിരിക്കുന്ന ബോദ്ധ്യമാണ്. ഇത്തരത്തിൽ നാം ജനാധിപത്യത്തെ വളരെയേറെ അധഃപതിപ്പിക്കുന്നുണ്ട്.

വേറൊരു കാര്യംകൂടി പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളാം. അതായതു് ട്രേഡ്യൂണിയൻ കാര്യങ്ങളിൽ ചിലപ്പോൾ പോലീസ് ഇടപെടേണ്ടിവരുമെന്നു് മുഖ്യമന്ത്രി പറഞ്ഞു. അതു് അദ്ദേഹം ഏറക്കുറെ ശരിയായിരിക്കും. നിയമസമാധാനപരിപാലനത്തിന് പോലീസിന് ചിലപ്പോൾ ഇടപെടേണ്ടതായി വരുമെന്നാണ് പറയുന്നതു്. അതു മുഴുവനും ശരിയാണെന്നു തോന്നുന്നില്ല. ഒരു ഒററ ഉദാഹരണം ഞാൻ പറയാം. ഒരു കാര്യത്തെ സംബന്ധിച്ചു് ഒരു കളക്ടർ ഒരുത്തരവു് കൊടുത്തിരുന്നു. അതു സംബന്ധിച്ചു് ഒരു സ്റ്റേക്ക് ഇംജംഗ്ഷൻ ആർഡർ മുൻസീഫും പുറപ്പെടുവിച്ചിരുന്നു. എന്നാൽ പോലീസുകാർ കളക്ടരുടെ ഉത്തരവിനെയാണ് കൂടുതൽ

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

ബഹുമാനിക്കേണ്ടതെന്നും മുൻസിഫിന്റെ ഉത്തരവ് പരിഗണിക്കേണ്ടതില്ലെന്നും പറഞ്ഞുകൊണ്ട് മുൻസിഫിന്റെ ഉത്തരവ് വലിച്ചുകീറി. ഇതു എനിക്കു സൂക്ഷ്മമായി അറിയാവുന്ന ഒരു കാര്യമാണ്. ഈ കാര്യങ്ങൾ ഗവണ്മെന്റിനെ അറിയിച്ചാൽ അതു് സാദ്ധ്യമല്ലെന്നു പറഞ്ഞു് തള്ളിക്കളയുന്നതു് കുറെ കഷ്ടമാണ്. ഭരണകക്ഷി ബഞ്ചുകളിലിരിക്കുന്നവരും അവരുടെ ഇഷ്ടക്കാരും പറയുന്നതുമാത്രം സത്യം, മററുള്ളവർ പറയുന്നതു് അവർ എന്തു പറഞ്ഞാലും സത്യമാണോ പറയുന്നതു് എന്നൊരു സംശയം. അതൊരു മാഡിഫൈഡ് ട്രുത്താണെന്നാണ് പറയുന്നതു്. മുൻസിഫിന്റെ ഉത്തരവ് ഒരു ഭാഗത്തും കളക്ടരുടെ ഉത്തരവ് മറുഭാഗത്തും ഉണ്ടെങ്കിൽ അതിൽ ഏതാണ് ന്യായമായിട്ടുള്ളതു് എന്നുള്ളതിന് ഖണ്ഡിതമായ നിലനാം സ്വീകരിക്കേണ്ടതായി വരും. അങ്ങിനെയുള്ള സന്ദർഭത്തിൽ ഇപ്പോൾ ചെയ്തുകഴിഞ്ഞിട്ടുള്ള നടപടികൾ ശരിയാണോ എന്ന് മന്ത്രിമാർ ആലോചിച്ചു് തീരുമാനിക്കണം. എന്നാൽ ഇപ്പോൾ അതല്ലാ നടക്കുന്നതു്. ഇപ്പോഴും ആ പഴയ രീതിയിൽ തന്നെ നിയമസമാധാനങ്ങൾ പരിരക്ഷിക്കപ്പെട്ടുവരികയാണ്. ഇന്ന് പോലീസ് മർദ്ദനങ്ങളെ സംബന്ധിച്ചു് പരാതിപ്പെടുന്നപക്ഷം 99 ശതമാനവും അടിസ്ഥാനരഹിതമാണെന്നാണ് പറയുന്നതു്. മർദ്ദനത്തെ സംബന്ധിച്ചു് എന്തു പരാതികൾ കൊടുത്താലും അടിസ്ഥാനരഹിതമാണെന്ന പല്ലവിയാണ് ഗവണ്മെന്റ് ഭാഗത്തുനിന്നും കേൾക്കുന്നതു്. ഈ ഭാഗത്തിരിക്കുന്നവർ കൊണ്ടുവരുന്നതിനെപ്പററി പറയാൻമില്ല. ഈ ഭാഗത്തു ഇരിക്കുന്നതുകൊണ്ടു്, അവർ കൊണ്ടുവരുന്ന പരാതികളിൽ നൂറെണ്ണത്തിൽ പത്തെണ്ണംപോലും അടിസ്ഥാനമുള്ളതായി കാണുകയില്ലല്ലോ. അതുകൊണ്ടു് എനിക്കു പറയാനുള്ളതു് കുറെക്കൂടി ജനാധിപത്യബോധത്തോടുകൂടി പോലീസുമന്ത്രിയും മററുമന്ത്രിമാരും മെംബറന്മാരോടു് പെരുമാറണമെന്നാണ്. വേറെ കാര്യങ്ങളിലേക്കു ഞാൻ കടക്കുന്നില്ല. ജനാധിപത്യപരമായി ഭരിക്കുന്നു എന്നഭിമാനിക്കുന്ന മന്ത്രിസഭയോടു് ബ്രിട്ടീഷ് കാമൺസിലെപ്പോലെ മെംബറന്മാരോടു് മര്യാദയോടും, പൌരസ്വാതന്ത്ര്യബോധത്തോടും ഇവിടെ ഉന്നയിക്കുന്ന പരാതികളെ സംബന്ധിച്ചു് പരാതികൾ ഉന്നയിക്കുമ്പോൾ അവയുടെ അന്വേഷണത്തിനു പരാതി ഉന്നയിക്കുന്ന ഒരു മെംബറെക്കൂടി പങ്കെടുക്കുന്നതിനു ഒരവസരം കൊടുത്തും പരമാർത്ഥം മനസ്സിലാക്കിയും സ്പെസിഫിക്കേഷനോടുകൂടി പ്രൊഴസനലായി ഉദ്യോഗസ്ഥന്മാർ അന്വേഷണം നടത്തിയും അതിനു പരാതി ഉന്നയിച്ച മെംബർക്കുകൂടി വായിസ് ഉണ്ടാക്കുക എന്നുള്ളതു് ആവശ്യമായിട്ടുള്ള ഒരു കാര്യമാണ്. കുറഞ്ഞതു് അത്രയെങ്കിലും ചെയ്യാൻ നിങ്ങൾ ഒന്നാലോചിക്കണം. നിങ്ങൾ ഇതേപ്പററി ഒന്നാലോചിച്ചു പ്രവർത്തിച്ചാൽ കൊള്ളാമെന്നു ഞാൻ ഈ അവസരത്തിൽ ഉത്ബോധിപ്പിച്ചുകൊള്ളുന്നു.

ശ്രീ. പനമ്പള്ളി ഗോവിന്ദമേനോൻ: ഈ വാദപ്രതിവാദങ്ങളുണ്ടായിട്ടുള്ളതു വളരെ ജനറലൈസ്ഡ് ആയിട്ടുള്ള ചില പ്രസ്താവനകളാണ്. പ്രത്യേകിച്ചും ബഹുമാനപ്പെട്ട ചേർപ്പു മെംബർ അദ്ദേഹത്തിന്റെ ഭംഗിയേറിയ ഭാഷയിൽ ഒടുവിൽ ചെയ്ത പ്രസംഗം ഈ നിയമസഭാനടപടികൾ ഏതു വിധത്തിലാണിരിക്കേണ്ടതു് എന്നുള്ളതിനെപ്പററിയുള്ള പ്രസംഗമായിട്ടാണു കലാശിച്ചതു്. നാം വാദപ്രതിവാദം തുടങ്ങി

യതു വരുന്ന ഒരു മാസത്തേക്കുള്ള വോട്ട് ആൺ അക്കൗണ്ടസ് ഒന്നു - ാസ്സാക്കിത്തരണം എന്നു നിലയ്ക്കാണ്. ഈ വോട്ട് ആൺ അക്കൗണ്ട്സ ഒരു പുതിയ സംപ്രദായമാണ്. ഇതിനുമുമ്പുതന്നെ ഈ നിയമസഭയിൽ വോട്ട് ആൺ അക്കൗണ്ട്സ് വന്നിട്ടുള്ളതു ഈ രീതിയിലല്ല. ബഡ്ജററു മുഴുവൻ കൊണ്ടുവന്ന് അതിനുശേഷം വോട്ട് ആൺ അക്കൗണ്ട് പാസാക്കുക, പിന്നീട് ബഡ്ജററുകൊണ്ടുവന്നു പാസാക്കുക ഇങ്ങനെയാണു ഉണ്ടായതു്. ഈ രീതി ആ സംപ്രദായം മാററി ഓരോ ഡിപ്പാർട്ടുമെൻറിലേക്കും 12 മാസത്തേക്കു വന്നേക്കാവുന്ന ചെലവിൻെറ പത്രണ്ടിലൊന്നു, അവശ്യം വേണ്ടതായ ചെലവിലേക്കായി ഈ പ്രമേയം ഗവണ്മെൻറിനുവേണ്ടി ഞാൻ കൊണ്ടുവന്നിരിക്കുകയാണ്. അതിൻെറ വാദപ്രതിവാദം എതു രീതിയിലായിരിക്കണമെന്നു ഒരു കൺവെൻഷൻ, സ്പീക്കറായ അങ്ങും ലീഡർ ആഫ് ദി ആപ്പോസിഷനും, ലീഡർ ആഫ് ദി ഹൗസായ ഞാനും കൂടി യോജിച്ചു അംഗീകാരത്തിനുവേണ്ടി വയ്ക്കുകയാണെങ്കിൽ അതു വളരെ നന്നായിരിക്കും. അതാണു ഇന്നത്തെ വാദപ്രതിവാദം കേട്ടപ്പോൾ എനിക്കു തോന്നിയതു്. അതിനെപ്പററി ഒരു നല്ല കൺവെൻഷൻ ഉണ്ടാകത്തക്ക നിലയിൽ, കുറച്ചു കാര്യക്ഷമമായ വിധത്തിൽ കുറച്ചു കാഗ്രതയോടുകൂടി വാദപ്രതിവാദം ചെയ്യുന്നതിനു സഹായകമാകുന്നു എങ്കിൽ നന്നു് എന്നെനിക്കു തോന്നുന്നു. പിന്നെ അങ്ങയുടെ ഇഷ്ടം പോലെ.

ഞാൻ ഇത്രയും പറയാനുള്ള കാരണം ഇവിടെ മൂന്നു ദിവസമായി നടന്ന ബഡ്ജററിൻെറ പൊതു വാദപ്രതിവാദത്തിനിടയിൽ പ്രസംഗിക്കാനുള്ള ഒരവസരമായിട്ടാണു ബഹുമാനപ്പെട്ട മെംബറന്മാർ ഈ ഡിബേററ് ഉപയോഗിച്ചതു് എന്നു തോന്നിപ്പോയതുകൊണ്ടാണ്. ആരേയും ആക്ഷേപിക്കാനോ, പഴിക്കാനോ ആയിട്ടല്ല ഞാനിതു പറഞ്ഞതു്. അങ്ങനെ എത്തുംപിടിയും ഇല്ലാത്തവിധത്തിൽ, ഒരു വാദപ്രതിവാദത്തിനു മറുപടി പറയേണ്ട ഘട്ടത്തിൽ ഞാൻ എത്തുകയുണ്ടായി. അപ്പോൾ ഞാൻ ചില തെല്ലാം പറഞ്ഞു എന്നല്ലാതെ എല്ലാ കാര്യങ്ങൾക്കും മറുപടി പറയുവാൻ സാധിച്ചില്ല. ബഡ്ജററിലെ പൊതുവിമർശനത്തിനുശേഷം ഞാൻ മറുപടി പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ച എല്ലാ കാര്യങ്ങളേയും സ്പർശിക്കുകയുണ്ടായില്ല. അങ്ങനെ ചെയ്യാതിരുന്നതു് അവ പ്രധാനപ്പെട്ടവ അല്ലാഞ്ഞിട്ടോ, ആ പ്രസംഗത്തിനു കാമ്പു് ഇല്ലാഞ്ഞിട്ടോ അല്ല. അത്രയേറെ സമയമില്ലാഞ്ഞിട്ടു മാത്രമാണ്. ഇതു പോലെ ബഹുമാനപ്പെട്ട അംഗങ്ങൾ ഇപ്പോൾ പറഞ്ഞ എല്ലാററിനും ഞാൻ മറുപടിപറഞ്ഞില്ലെങ്കിൽ അവർ പറഞ്ഞ കാര്യങ്ങൾക്കു പ്രാധാന്യമില്ലാത്തതുകൊണ്ടാണെന്നു ധരിക്കരുതു്. ഗവണ്മെൻറിൻെറ നയത്തെ സംബന്ധിച്ചു് തെററിദ്ധാരണ ഉണ്ടായേക്കാം എന്നു തോന്നിയ ചില കാര്യങ്ങളെപ്പററി മാത്രം ഞാൻ പറയാൻ ഭാവിക്കുകയാണ്. സ്വാഭാവികമായി ജോസഫ് ചാഴിക്കാട്ടു് പറഞ്ഞ ഒരു കാര്യത്തിനു ഞാൻ പ്രാമുഖ്യം കൊടുക്കുന്നു; പ്രത്യേകിച്ചും മിസ്റ്റർ യശോധരൻ അതിനെ എടുത്തു പറഞ്ഞതുകൊണ്ടു്. മുൻ ഗവണ്മെൻറു ചെയ്ത കാര്യങ്ങൾ വേണ്ടപോലെ പാർട്ടു പരിഗണനകൊണ്ടു മാത്രം മാററിവെക്കുകയാണ് എന്നു മിസ്റ്റർ ജോസഫ് ചാഴിക്കാട്ടു് അഭിപ്രായപ്പെടുകയുണ്ടായി. അതു് എന്തെന്നതു പോലും മനസ്സിലാക്കാതെ മിസ്റ്റർ യശോധരൻ ഗവണ്മെൻറിനെ കുററപ്പെടുത്തുകയും ചെയ്തു.

[ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ]

ഇവിടെ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന നാഷനൽ എക്സ്റ്റെൻഷൻ സർവ്വീസ് ഏഴരലക്ഷം രൂപാ ചെലവുചെയ്തു തെരഞ്ഞെടുക്കപ്പെടുന്ന പ്രദേശങ്ങളിൽ പ്രവർത്തനം നടത്താനാണ് ഉദ്ദേശിക്കുന്നത്. ഈ. എൻ. ഇ. എസ്സ്. ബ്ളോക്കുകൾ പ്ലാനിംഗ് കമ്മീഷൻ ഉദ്ദേശിക്കുന്ന രീതിയിൽ വേണ്ടവണ്ണം പ്രവർത്തിച്ചിട്ടുണ്ടെന്നും ജനങ്ങളുടെ സഹായത്തോടുകൂടി തൃപ്തികരമായി പ്രവർത്തിച്ചിട്ടുണ്ടെന്നും കണ്ടാൽ ഡെവലപ്പുമെൻറ ബ്ളോക്കുകളാക്കാൻ നാഷനൽപ്ലാനിംഗ് കമ്മീഷന് ഉദ്ദേശമുണ്ട്. എൻ. ഈ. എസ്സ്. ബ്ളോക്കിന് ഏഴരലക്ഷം രൂപയും ഡെവലപ്പുമെൻറ ബ്ളോക്കിന് 15 ലക്ഷം രൂപായുമാണ് അനുവദിച്ചിട്ടുള്ളത്. അതനുസരിച്ച് അനുവധി എൻ. ഈ. എസ്സ്. ബ്ളോക്കുകൾ ഡെവലപ്പുമെൻറ ബ്ളോക്കുകളായി ഉയർത്തിയിട്ടുണ്ട്. തിരുവിതാംകൂർ—കൊച്ചിയിൽ അങ്ങനെ ഒരു എൻ. ഈ. എസ്സ്. ബ്ളോക്കുപോലും ഉയർത്തിയിട്ടില്ല. അടുത്തകാലത്തേയ്ക്ക് ഒരു ബ്ളോക്കുപോലും ഡെവലപ്പുമെൻറ ബ്ളോക്കാക്കി ഉയർത്താതിരിക്കുന്നതിൻെറ കാരണം, ഈ വർഷത്തിൽ എൻ ഈ. എസ്സ്. ബ്ളോക്കുകൾ വേണ്ടിടത്തോളം പുരോഗമിക്കുന്നതുകൊണ്ടും വേണ്ടവണ്ണം പ്രവർത്തിക്കാത്തതുകൊണ്ടുമാണ്. എൻ. ഈ. എസ്സ്. ബ്ളോക്കുകൾകൊണ്ടുദ്ദേശിക്കുന്നത് ജനങ്ങളുടെ ഇടയിൽ ഉള്ള മത്സരങ്ങളും മറവും മാററി അവരുടെ സഹായത്തോടും സഹകരണത്തോടുംകൂടി തൊഴിൽപരമായും സാംസ്കാരികമായും മറവുമുള്ള അഭിവൃദ്ധിയെ ലാക്കാക്കി പ്രവർത്തിച്ച് അവരെ ഉയർത്തുകയെന്നുള്ളതാണ്. ഇതു് ഏർപ്പെടുത്തിയിട്ടു മാസം കുറച്ചായി. എങ്കിലും അതിൻെറ തലസ്ഥാനം എവിടെയാണ് എന്ന് തീരുമാനിച്ചിട്ടില്ലായിരുന്നു.

ശ്രീ. ജോസഫ് ചാഴിക്കാടൻ: അതിൻെറ തലസ്ഥാനം എവിടെയാണെന്നു നിശ്ചയിച്ചുകൊണ്ട് മുൻ മന്ത്രിസഭ ഓർഡർ ഇട്ടിട്ടുണ്ട്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ക്ഷമിക്കണം. ഞാൻ മുഴുവൻ പറഞ്ഞതു കേൾക്കുന്നില്ല.

എൻ. ഈ. എസ്സ്. ബ്ളോക്ക് എവിടെയാണ് വേണ്ടത് എന്നുള്ള പൂർവ്വചരിത്രത്തിലേക്ക് ഞാൻ ഇപ്പോൾ കടക്കുന്നില്ല. ഏതായാലും ഇവിടെ എൻ. ഈ. എസ്സ്. ബ്ളോക്കുകൾ ഉണ്ടായി. ചിലതൊക്കെ പ്രവർത്തിക്കാൻ വേണ്ടിയാണ് ആക്കിയത്. അതിൻെറ പ്രവർത്തനം നടത്താനുള്ള ആഫീസിൻെറ പ്രവൃത്തിയെടുക്കാനാണ് തലസ്ഥാനം. അതിൻെറ തലസ്ഥാനം എൻെറ പ്രദേശത്തുവന്നാൽ അതു് വലിയ ഒരു കൈവല്യമായിയെന്നുള്ള തെററിദ്ധാരണകൊണ്ട് പലരും തലസ്ഥാനം തങ്ങളുടെ ദേശത്തുവേണമെന്നു ആവശ്യപ്പെട്ടുവന്നിട്ടുണ്ട്. അതിൻെറ ഒരാവേശമാണ് നാം ഇവിടെ കാണുന്നത്. എങ്കിലും ഈ ബ്ളോക്കിന് എവിടെയാണു തലസ്ഥാനം വേണ്ടത് എന്ന് ആ ബ്ളോക്കിനകത്തുള്ള പഞ്ചായത്തുകളോട് ചോദിച്ചു. അവർ യോഗംകൂടി ഗവണ്മെൻറിലേക്ക് ഏഴുതി അയച്ചതു് ഒന്നുകിൽ മരഞ്ഞാട്ടുപള്ളിയിൽ അല്ലെങ്കിൽ ചോഴിയിൽ വേണമെന്നായിരുന്നു. അങ്ങനെ ആ അഭിപ്രായം തള്ളിവച്ചുകൊണ്ട് ബഹുമാനപ്പെട്ട രാമപുരം മെംബർ പറയുന്ന തലസ്ഥാനം കുറിച്ചിത്താനത്ത് സ്ഥാപിക്കണം എന്ന്. അതിനു പ്രേരണ നൽകേണ്ടതു് ബഹുമാനപ്പെട്ട രാമപുരം മെംബറിൻെറ ആവശ്യമായിരിക്കാം. കുറിച്ചിത്താനം രാമപുരം നിയോജകമണ്ഡലവു

ത്തിൽപ്പെട്ടതായിരിക്കാം. മരഞ്ഞാട്ടുപള്ളിയൊ കോഴയൊ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽപ്പെട്ടതല്ലായിരിക്കാം.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: മരഞ്ഞാട്ടുപള്ളിയും എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ടതാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വളരെ സന്തോഷം.

ഇപ്പോൾ കോഴയിലാണ് ആഫീസ് നടക്കുന്നത്. അവിടെ ഒരു എക്സൈസ് ആഫീസ് ഒഴിഞ്ഞുകിടപ്പുണ്ട്. അവിടെ ആഫീസ് നടത്തിക്കൊണ്ടിരിക്കുന്നു. എന്നിട്ടാണു അതിനെപ്പററി വാദപ്രതിവാദം നടക്കുന്നത്. കടലാസു നീങ്ങുന്നില്ല. മരഞ്ഞാട്ടുപള്ളിയിൽ ആഫീസിനുള്ള സ്ഥലം കൊടുക്കാമെന്നു പറഞ്ഞു. ഞാൻ ആർഡർ ഇട്ടു, ഇപ്പോൾ എവിടെയാണോ ആഫീസ് നടക്കുന്നത്, മററതരത്തിൽ തീരുമാനിക്കുന്നതുവരെ, അവിടെത്തന്നെ ആഫീസ് കിടക്കട്ടെ എന്ന്. ഈ എൻ. ഈ. എസ്സ്. ബ്ലോക്കുകൾക്കായി അനുവദിച്ച പണം എത്രയും വേഗത്തിൽ നാട്ടുകാർക്കു വേണ്ടി ചെലവുചെയ്യട്ടെ; അല്ലാതെ, അണ്ടിയൊ മുത്തത്, മാവൊ മുത്തത് എന്ന വഴക്കു വേണ്ടാ എന്നു നിശ്ചയിച്ചു. അതു രാഷ്ട്രീയ പരിഗണനകൊണ്ടല്ല, ധർമ്മപരമായ കാര്യങ്ങൾ നടക്കാൻ വേണ്ടിയാണ്. ഈ ഒരു കൊല്ലം കൊണ്ടുതന്നെ ഏഴരലക്ഷം രൂപാ ചെലവു ചെയ്തു നാട്ടുകാർക്കു സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ട കാര്യമാണ്. അതു ചെയ്തുകൊടുക്കേണ്ട ഉദ്യോഗസ്ഥൻ എവിടെയിരുന്നു ജോലിചെയ്യുന്നുമെന്നുള്ളതിനെപ്പററി ഇപ്പോൾ വഴക്കുപിടിക്കേണ്ട കാര്യമില്ല. അതിനാൽ സമയം കളയുന്നതു് നല്ലതല്ല. ഒരു സർക്കാർ കെട്ടിടത്തിലിരുന്ന് ജോലി ചെയ്തുകൊണ്ടിരിക്കെവേ അതേപ്പററി വാദപ്രതിവാദം ചെയ്തു സമയം കളയേണ്ട കാര്യമില്ല. ഞാൻ അതിനെപ്പററി ഒന്നും തീരുമാനിച്ചിട്ടും ഇല്ല. ഇപ്പോൾ നടക്കുന്ന ഇടത്തിരുന്ന് ഏഴരലക്ഷം രൂപയുടെ ജോലി നടത്തണമെന്നല്ലാതെ യാതൊരുദ്ദേശവും എനിക്കില്ല. ഇതൊക്കെ മിസ്റ്റർ ജോസഫ് ചാഴിക്കാട് മിനിഞ്ഞാന്നു എന്നെ വന്നു കണ്ടപ്പോൾ ഞാൻ അദ്ദേഹത്തോടു പറഞ്ഞു. കോഴയിൽ ഇപ്പോഴുള്ള സ്ഥലത്തുവച്ചുതന്നെ ആഫീസു് ഇട്ടുകൊള്ളുവാൻ ആർഡർ ഇട്ടിട്ടുണ്ടെന്നു ഞാൻ പറഞ്ഞു. എന്നിട്ടും അതേപ്പററി എന്തുകൊണ്ടു നടപടി നടത്തിയില്ല എന്നു ജോസഫ് ചാഴിക്കാടൻ ചോദിക്കുന്നു. വാസ്തവത്തിൽ അതിനെപ്പററി നടപടിയൊന്നും എടുത്തിട്ടില്ല. അതിനുവേണ്ടി സമയം കളയണ്ട, കാര്യങ്ങൾ ഇത്രത്തോളം നടക്കട്ടെ എന്നു കരുതി അങ്ങനെ ആർഡർ ഇട്ടതാണ്. അല്ലാതെ ബഹുമാനപ്പെട്ട പത്തിയൂർ മെംബർ പറഞ്ഞതുപോലെ ധിക്കാരപരമായി ഞാൻ ഒന്നും ചെയ്തിട്ടില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: അപ്പോൾ എന്നോടു പറഞ്ഞതു്, സെൻററർ മാററാൻ ഉദ്ദേശവു ചെയ്തിട്ടില്ല എന്നല്ലേ? ഇപ്പോൾ കുറിച്ചിത്താനത്തുനിന്നു സെൻററർ മാററിയിരിക്കുമല്ലോ.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ നടക്കുന്ന സ്ഥലത്തുനിന്നും മാററിയിട്ടില്ല. എന്നാണു പറഞ്ഞതു്. കുറിച്ചിത്താനത്തുനിന്നു മാററിയിട്ടുണ്ട്. അതിനുവേണ്ടി വഴക്കു പിടിക്കേണ്ട കാര്യമില്ല. 'കാലത്തിലലിഞ്ഞു നിശയായ് കഴിഞ്ഞുപോം' എന്ന കവിതയിൽ പറയുന്നതുപോലെ നമുക്കു കിട്ടുന്ന സ്വല്പ സമയത്തിനുള്ളിൽ ഈ എൻ. ഈ. എസ്സ്.

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ബ്ലാക്കിനുവേണ്ടി ചെയ്യാവുന്നത്ര കൂടുതൽ ജോലി ചെയ്യുന്നതിലാണ് ശ്രദ്ധിക്കേണ്ടതു്. ഈ മാതിരിയുള്ള കാര്യങ്ങളിൽ യോജിച്ചുള്ള അഭിപ്രായമില്ലാത്തതുകൊണ്ടാണ് പല കാര്യങ്ങളും വേണ്ടത്ര മുന്നോട്ടു നീങ്ങാതിരിക്കുന്നതു്. ബഹുമാനപ്പെട്ട പത്തിയൂർ മെംബർ എന്തോ, ആരോ, പറഞ്ഞതുകേട്ട് മുഖ്യമന്ത്രി ധിക്കാരമായി പ്രവർത്തിച്ചു എന്നു പറയരുതു്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : കുറിച്ചിത്താനത്തു ആഫീസിട്ടു പ്രവർത്തിച്ചാൽ ഏഴരലക്ഷം രൂപ ചെലവാക്കാനൊക്കുകയില്ലെന്നാണോ പറയുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഒക്കും. ഞാൻ കുറഞ്ഞം പറയുകയല്ല. ഇപ്പോൾ കോഴയിൽ ആഫീസിട്ടു പ്രവർത്തിക്കുന്നു. പിന്നെ അവിടുന്നു മാറേണ്ടയാവശ്യം എന്തു്?

അതുകൊണ്ടു് ഈ എൻ. ഇ. എസ്. ബ്ലാക്കിനകത്തുള്ള ഒരു മനുഷ്യൻ ചിലപ്പോൾ തലസ്ഥാനം എവിടെവേണം എന്നുള്ളതിനെപ്പററി ഗവണ്മെൻറിന്റെ മുമ്പിൽ നിവേദനം കൊണ്ടുവരാതിരുന്നാൽ കൊള്ളാം എന്നു ഞാനപേക്ഷിക്കുന്നു. ആ സമയംകൂടി അതിന്റെ പ്രവർത്തനം തുടരിപ്പിക്കുന്നതിനായി ശ്രമിക്കുന്നതുകൊള്ളാം. ഇതിലൊരു രാഷ്ട്രീയ പരിഗണനയും ഇല്ല. മി. യശോധരൻ തന്നെ, ബഡ്ജററു പ്രസംഗത്തിൽ വരുന്ന കൊല്ലത്തേയ്ക്കുണ്ടാകാൻ പോകുന്ന ആജ്ഞാപത്രികളെപ്പററി പരാമർശിച്ചുകൊണ്ടു പറയുകയുണ്ടായി, രാഷ്ട്രീയ പരിഗണനകളെ വച്ചുകൊണ്ടായിരിക്കും ഇതൊക്കെ പ്രവർത്തിക്കാൻ പോകുന്നതെന്നു്. ഹരിപ്പാട്ടു് ഒരാജ്ഞാപത്രി സ്ഥാപിക്കുവാൻ പോകുന്നുണ്ടു്. അതു് രാഷ്ട്രീയ പരിഗണനയാണോ? കൊല്ലത്തു് കൂടുതൽ വാർഡുകൾ ഏപ്പെടുത്തുന്നതും രാഷ്ട്രീയ പരിഗണനവെച്ചുകൊണ്ടാണോ? രാജ്യത്തിന്റെ ആകമാനമുള്ള താൽപ്പര്യത്തെ പരിഗണിച്ചു് ചെയ്യുന്നതാണിതെല്ലാം. എൻ. ഇ. എസ് ബ്ലാക്കു് ഏപ്പെടുത്തുവാൻ ഒടുവിൽ ആർഡർ ഇട്ടതു് കൊട്ടാരക്കരയിലാണ്. ഇതും പാർട്ടി പരിഗണനവച്ചു ചെയ്തതാണോ? ബഹുമാനപ്പെട്ട ചേർപ്പു മെംബർ പറയുകയുണ്ടായി, ഈ നിയമസഭയ്ക്കകത്തു് ഉന്നതമായ മാനദണ്ഡം പുലർത്തുന്നുമെന്നു്. അതിനോടു ഞാൻ സർവ്വാത്മനാ യോജിക്കുന്നു. ഇതു പറഞ്ഞുകഴിഞ്ഞു് അദ്ദേഹം എന്റെ നേരെ നോക്കി. ശ്രീ. ജോസിന്റെ നേരെ നോക്കി. പക്ഷെ, അദ്ദേഹത്തിന്റെ അടുത്തിരിക്കുന്ന കുറേപ്പേരുടെ നേരേക്കൂടി അദ്ദേഹം നോക്കേണ്ടതായിരുന്നു. അവരെക്കൂടി പറഞ്ഞു നന്നാക്കിയാൽ കൊള്ളാം.

മാനദണ്ഡം മാനദണ്ഡത്തെ ഉണ്ടാക്കുന്നു. ഉയർന്ന തോതു് ഉയർന്ന തോതിനെ ഉണ്ടാക്കുന്നു; എന്നു വിചാരിച്ചു് ഒരാൾ താഴ്ന്ന മാനദണ്ഡത്തിൽ സംസാരിക്കുകയാണെങ്കിൽ ഞാൻ ആ മാനദണ്ഡത്തിൽ തന്നെ സംസാരിക്കുന്നുമെന്നല്ല ഞാൻ പറയുന്നതു്. സർ, ശമ്പളപരിഷ്കാരം സംബന്ധിച്ചു ഒരു പേകമ്മീഷനെ നിയമിച്ചിരിക്കുന്നതു അത്ര ശരിയായില്ലെന്നു ബഹുമാനപ്പെട്ട മെംബറന്മാർ ടി. കെ. കൃഷ്ണനും യശോധരനും പറയുകയുണ്ടായി. മാത്രമല്ല, ശമ്പളപരിഷ്കാരം സംബന്ധിച്ചുതന്നെ പല മാററങ്ങളും വരുത്താനുണ്ടെന്നും അവർ അഭിപ്രായപ്പെടുകയുണ്ടായി. അതൊക്കെ ഉണ്ടായിരിക്കാം. അല്പസ്വല്പം ഇല്ലെന്നു ഞാനും പറയു

ന്നില്ല. എന്നാലും ഗ്രാണ്ടപരമായി അനവധി കാര്യങ്ങളിലും ഗവണ്മെന്റ് അറ്റെന്റ്റ് ചെയ്യേണ്ടതായിട്ടുണ്ട്. അങ്ങനെ വരുമ്പോൾ അഡ്മിനിസ്ട്രേഷനെ സംബന്ധിച്ച എല്ലാ കാര്യങ്ങളിലും ഒന്നുപോലെ ശ്രദ്ധിക്കാൻ സാധിച്ചുവെന്നു വരികയില്ല. അങ്ങനെ വരുന്ന സ്ഥലങ്ങളിൽ ഗവണ്മെന്റിനെ സ്വല്പസമയം സഹായിക്കുന്നതിനുവേണ്ടിയാണു ഇതുപോലെയുള്ള സ്പെഷ്യൽ നിയമനങ്ങൾ നടത്തുന്നത്. ഈ നിയമനംമൂലം ശമ്പളപരിഷ്കാരം സംബന്ധിച്ചു ഉണ്ടായിട്ടുള്ള പരാതികൾക്കു് പരിഹാരം കാണാൻ സാധിക്കുമോയെന്നുള്ളതു് ഈ കമ്മീഷൻ മുഖാന്തിരം നമുക്കറിയാൻ സാധിക്കും. സർ, കഴിഞ്ഞദിവസം ഈ സഭയുടെ നാനാഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള വാദപ്രതിവാദങ്ങൾ ഞാൻ സശ്രദ്ധം കേട്ടുകൊണ്ടിരിക്കയായിരുന്നു. ബഡ്ജറ്റിൽ ഉണ്ടായിട്ടുള്ള അഞ്ചുകോടി രൂപയുടെ കമ്മി ആണ്ടവസാനത്തിൽ ഒരുപക്ഷെ, കമ്മി ഇല്ലാതാകയി, മിച്ചമുള്ളതായി വരുമെന്നുവരെ പലരും അഭിപ്രായപ്പെടുകയുണ്ടായി. ഈ സംഖ്യ ഒരു കാരണവശാലും ഒരു പൈസപോലും ലാപ്സാക്കിക്കളയാതെ വിനിയോഗിക്കണമെങ്കിൽ ഗ്രാണ്ടപരമായി സഹായത്തിനു മറ്റേതെങ്കിലും ഒരു സംഘം ഉണ്ടായിരിക്കേണ്ടതാണു്. അതുകൊണ്ടും കൂടിയാണു ഇങ്ങനെയുള്ള നിയമനം നടത്തിയിട്ടുള്ളതു്.

ശ്രീ. സ്. കെ. വിശ്വനാഥൻ : ഗവണ്മെന്റിനെ ഗ്രാണ്ടപരമായി സഹായിക്കുന്നതിനു് പേകമ്മീഷനെ നിയമിക്കണമെന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ബഹുമാനപ്പെട്ട ചോദ്യകർത്താവു് ഈ ചോദ്യത്തിന്റെ ഔചിത്യാനൌചിത്യത്തെപ്പററി ഒന്നു പറഞ്ഞുകൊടുക്കേണ്ടതാണു്.

ശ്രീ. യു. നീലകണ്ഠൻ : സർ, ഒരു മെംബർ ഒരു ചോദ്യം ചോദിക്കുമ്പോൾ അതിനുത്തരം പറയാനായി മററൊരു മെംബറെ അധികാരപ്പെടുത്തുകയാണോ വേണ്ടതു് ?

മി. സ്പീക്കർ : അതാണു അതിന്റെ മര്യാദ.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർ, പേകമ്മീഷനെ നിയമിച്ചിട്ടുള്ളതു് ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷന്മാർക്കു് അവരുടെ ഡിപ്പാർട്ടുമെന്റിലുള്ള ഉദ്യോഗസ്ഥന്മാരെപ്പററി ഉന്നയിക്കാനുള്ള അവകാശങ്ങൾ, രാജ്യത്തു അംഗീകരിക്കപ്പെട്ട സംഘടനകൾക്കു് പറയാനുള്ള കാര്യങ്ങൾ മുതലായവ തീരുമാനിക്കുന്നതിനുവേണ്ടിയാണു്. മി. ഇരിഞ്ഞാലക്കുടമെംബർ ചാത്തനും വളരെ ദീർഘമായ ഒരു പ്രസംഗം ചെയ്യുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രസംഗം അദ്ദേഹത്തിന്റെ മനസ്സിൽ തട്ടിയ ഒരു പ്രസംഗമായിട്ടാണു് എനിക്കു തോന്നിയതു്. ഗ്രാണ്ടപരമായ കാര്യങ്ങളുണ്ടാകുന്ന ചില്ലറ വൈകല്യങ്ങളെയും പിശകുകളെയും പററി ഈ സഭയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ തീർച്ചയായും ഹരിജനോദ്ധാരണ വകുപ്പു് കൈകാര്യംചെയ്യുന്ന മന്ത്രി ശ്രദ്ധിക്കുകതന്നെ ചെയ്യും. പക്ഷെ, അദ്ദേഹം പറഞ്ഞ എല്ലാ ഭാഗങ്ങളോടും എനിക്കു യോജിക്കുവാൻ നിവൃത്തിയില്ല. ഒരു വ്യക്തിയെമാത്രമേ മെഡിക്കൽ പരീക്ഷക്കു അയച്ചിട്ടുള്ളു എന്നു പറഞ്ഞതു അത്ര ശരിയല്ല. ഇപ്പോൾതന്നെ മെഡിക്കൽ കാളേജിൽ ഓരോ കൊല്ലവും അഞ്ചുശതമാനം സീററ് ഹരിജനങ്ങൾക്കുവേണ്ടി റിസർവു ചെയ്തിരിക്കയാണു്. ഇങ്ങനെ ഒരു വ്യവസ്ഥ

[ശ്രീ. പന വിള്ളി ഗോവിന്ദമേനോൻ]

ചെയ്തിരിക്കുന്നതുകൊണ്ട് കുറെ അധികം ഹരിജനവിദ്യാർത്ഥികൾക്കു മെഡിക്കൽ വകുപ്പിൽ പഠനം സിദ്ധിക്കുന്നുവെന്നു വകുപ്പുമന്ത്രിതന്നെ പറയുകയുണ്ടായി. കൊച്ചിയിൽ കാൺഗ്രസ്സ് അധികാരത്തിലിരുന്നപ്പോൾ എന്റെ ഓർമ്മശരിയാണെങ്കിൽ, ഞാൻ വിദ്യാഭ്യാസമന്ത്രിയായിരുന്നകാലത്ത് ഒരു ഹരിജനയുവാവിനെ തെരഞ്ഞെടുത്തു മെഡിക്കൽ വകുപ്പിൽ പരിശീലനം ചെയ്യുന്നതിനുവേണ്ടി കൽക്കട്ടയ്ക്കു അയക്കുകയും, പരിശീലനം കഴിഞ്ഞു മടങ്ങിവന്നയുടനെ അദ്ദേഹത്തെ മെഡിക്കൽ ഡിപ്പാർട്ടുമെന്റിൽ നിയമിക്കുകയും ചെയ്തുകയുണ്ടായി. ബഹുമാനപ്പെട്ട ഇരിഞ്ഞാലക്കുട മെംബറിന്റെ പരാതി എന്റെ മനസ്സിലോ എന്റെ സഹപ്രവർത്തകന്റെ മനസ്സിലോ ഇല്ലാതല്ല. ഹരിജനങ്ങൾക്ക് വിദ്യാഭ്യാസം സംബന്ധിച്ചു മാത്രമല്ല, മറ്റു വരെ സംബന്ധിച്ചുള്ള നാനാമുഖകാര്യങ്ങളിലും വേണ്ടത്ര പ്രോത്സാഹനം നൽകണമെന്നുള്ള അഭിപ്രായം കാൺഗ്രസ്സിനോ, എനിക്കോ, എന്റെ സഹപ്രവർത്തകർക്കോ ഇല്ലാതില്ല: മറ്റൊരു വ്യക്തിയെ ഗവണ്മെന്റിൽ നിന്നും സഹായത്തോടുകൂടി ബി. എ. ബി. എ. വരെ പഠിപ്പിക്കുകയും പാസ്സായയുടനെ തൃശ്ശൂരിൽ ആദ്യം 25 രൂപ സ്റ്റൈപ്പെൻഡു കൊടുത്തു് നിയമിക്കുകയും അതു കഴിഞ്ഞു് ഏറെത്താമസിയാതെ കൊച്ചിയിലെ ഒരു മജിസ്ട്രേട്ടായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു നിന്നെല്ലാം മനസ്സിലാക്കേണ്ടതു് എനിക്കും എന്റെ സഹപ്രവർത്തകർക്കും ഹരിജനങ്ങളോടു് ഒട്ടും താല്പര്യക്കുറവില്ലെന്നും മേല്പറഞ്ഞ നിയമനം നടത്തിയിട്ടുള്ളതു കൊച്ചിയിലെ കാൺഗ്രസ്സ് പാർട്ടിതന്നെ ആയിരുന്നുവെന്നും ഞാൻ ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു. ഇതിൽ ഞങ്ങൾ അതീവതല്പരരാണെന്നു അദ്ദേഹത്തിന്റെ ഉദ്യോഗചരിത്രം സാക്ഷ്യം വഹിക്കുന്നതാണ്. സംസ്ഥാനത്തു് വളരെക്കാലമായി പിന്നോക്കം നിൽക്കുന്ന ഹരിജനങ്ങളെ ഉദ്ധരിച്ചു വിദ്യാസമ്പന്നരാക്കി മേലുപരമായ കാര്യങ്ങളിൽ കൊണ്ടുവരേണമെന്നുള്ള വിചാരംകൊണ്ടാണ് ഇത്രയുമൊക്കെ അനുകൂലമനോഭാവം അവരോടു കാണിക്കുന്നതു്. നമ്മുടെ സംസ്ഥാനത്തു കുറെയധികം വകുപ്പദ്ധ്യക്ഷന്മാർ ഉള്ള സ്ഥിതിക്കു് ഇങ്ങനെ ഒരാളെയുള്ളുവെന്നു ബഹുമാനപ്പെട്ട ഇരിഞ്ഞാലക്കുടമെംബർ പറയുന്നതു യഥാർത്ഥമാണ്. പക്ഷേ, വകുപ്പദ്ധ്യക്ഷൻ ഒരാൾ മാത്രമായ്പ്പോയതു ചരിത്രപരമായ കാര്യങ്ങളെക്കൊണ്ടു 'സംഭവിച്ചതാണ്. ഹരിജനോദ്ധാരണം പ്രധാന കർത്തവ്യമായി ധരിച്ചു പ്രവൃത്തി കൊണ്ടുവരാൻ തുടങ്ങിയതു മഹാത്മാഗാന്ധിയുടെ കാലം മുതൽക്കാണല്ലോ. ഇൻഡ്യയിലെ പല രാഷ്ട്രീയ നേതാക്കന്മാരും ഈ കാര്യത്തിനു അകമഴിഞ്ഞു പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടാണിരിക്കുന്നതു്. എന്നിരുന്നാലും ഈ നിയമസഭയുടെ ഒരു ഭാഗത്തിരിക്കുന്നവർ കുറെകഴിഞ്ഞു മറുഭാഗത്തു വരുമ്പോൾ, നിങ്ങൾ ഹരിജനങ്ങൾക്കു വേണ്ടി ഒന്നും ചെയ്തില്ല, ഒന്നും ചെയ്തില്ല എന്നു പറയുന്നതു് കേവലം വിവാദപരമാണ്. ബഹുമാനപ്പെട്ട മെംബർ ടി. കെ. കൃഷ്ണൻ പറയുകയുണ്ടായി, ഐ. എ. എസ്. സെലക്ഷനിൽ പക്ഷപാതം കാണിച്ചിട്ടുണ്ടെന്നു്. ഇതു് വേറെ പലരും പറഞ്ഞിട്ടുണ്ട്. അതൊക്കെ അതാതുകാലത്തുണ്ടായിരുന്ന രണ്ടു കക്ഷി അപ്പോഴുണ്ടായിരുന്ന വികാരസമ്പർക്കത്തിച്ചാണ് പ്രവർത്തിച്ചിട്ടുള്ളതു്.

ശ്രീ. പി. എം. മാക്കോസ് : ഹരിജനങ്ങളിൽ നിന്നും അനവധിയാളുകൾ കൃസ്ത്യാനികളായതുകൊണ്ട് ഹരിജനങ്ങൾക്കു കിട്ടുന്ന ആനുകൂല്യങ്ങൾ അവർക്കു കിട്ടുന്നില്ലെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ബഹുമാനപ്പെട്ട മെംബറെ അങ്ങിനെയുള്ള കേസുകളുണ്ടായതുകൊണ്ടാണോ ഇപ്രകാരം ചോദിച്ചതു് ?

ശ്രീ. പി. എം. മാക്കോസ് : അവരുടെ അവശ്യങ്ങൾ നിറവേറ്റിക്കണമെന്നാണ് എന്റെ അപേക്ഷ.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അവശസമുദായക്കാർക്കു വേണ്ടി പല നന്മകളും ഗവണ്മെന്റു ചെയ്യുന്നുണ്ട്, ഇപ്പോഴും ചെയ്തുകൊണ്ടിരിക്കയുമാണ്.

ശ്രീമതി കെ. ആർ. ഗൌരി : അവശസമുദായങ്ങളെ സംബന്ധിച്ചിടത്തോളം ഉദ്യോഗങ്ങൾക്കും മററുമായി ഭരണഘടനയിൽ 10 കൊല്ലത്തെ റിസർവേഷൻ കൊടുത്തിട്ടുള്ളതിൽ ഇപ്പോൾ 8 കൊല്ലം കഴിഞ്ഞിട്ട് എത്രത്തോളം പുരോഗതിയുണ്ടായിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അവശസമുദായ പുരോഗമനത്തിനു ഇൻഡ്യാഗവണ്മെന്റ് ഒരു കമ്മീഷനെ നിയമിച്ചിട്ടുണ്ട്. ഇപ്പോൾ അഞ്ചുകൊല്ലം കഴിഞ്ഞിരിക്കുകയാണ്. ഈ അഞ്ചുകൊല്ലം കൊണ്ട് എത്രത്തോളം പുരോഗമനം ഉണ്ടായിട്ടുണ്ട്, ഇനിയും കാലാവധി നീട്ടിക്കൊടുക്കണോ എന്നതും മററും കമ്മീഷന്റെ റിപ്പോർട്ടിനെ ആശ്രയിച്ചാണിരിക്കുന്നതു്. റിപ്പോർട്ട് വെളിയിൽ വന്നിട്ടില്ല. ആ സ്ഥിതിക്ക് ഇപ്പോൾ എനിക്ക് ഒന്നും പറയാൻ നിവൃത്തിയില്ല.

സർ, അടുത്തതായി ശ്രീ. ടി. കെ. കൃഷ്ണന്റെ ആരോപണം ഡിപ്പാർട്ട്മെന്റു മേലദ്ധ്യക്ഷന്മാർ പേഴ്സനൽ രജിസ്റ്റർ വച്ചിരിക്കുന്നതിനെപ്പററിയാണ്. പേഴ്സനൽ രജിസ്റ്റർ വച്ചിരിക്കുന്നതെന്തു വിചാരിച്ച് ആരെയും ദ്രോഹിക്കുമെന്നു പരിഭ്രമിക്കേണ്ട. ഒരു വ്യക്തിയുടെ അസസ്സ്മെന്റ് ഓഫ് കാരക്ടർ, അസസ്സ്മെന്റ് ഓഫ് എബിലിട്ടി, അസസ്സ്മെന്റ് ഓഫ് പെർഫാർമെൻസ് ഇവയിലൊക്കെ സബ്ജെക്ടീവ് എലിമെന്റ് ഉണ്ടാകും. ഒരാൾ സ്മാർട്ടാണോ, അല്ലെങ്കിൽ കഴിക്കുമോ, അതുമല്ലെങ്കിൽ അയാളുടെ പ്രവൃത്തിയെ നല്ലതോ, ചീത്തയോ ആക്കുന്ന കാരക്ടർ അയാൾക്കുണ്ടോ എന്നൊക്കെ മാത്രമേ ഒരു മേലധികാരി നോക്കുന്നുള്ളു. ഇങ്ങനെയൊക്കെ നോക്കിയാലും അബ്സല്യൂട്ടായിട്ടുള്ള കപ്പാളുട്ടി കിട്ടുന്നെന്നു വരികയില്ല. ഉദാഹരണമായി പറയുകയാണെങ്കിൽ ഒരു സാധനത്തിന്റെ വെയിറ്റെടുക്കുന്നു എന്നു വിചാരിക്കുക. അതിൽ പല കാര്യങ്ങളും നോക്കാനുണ്ട്. അററ്മോസ്ഫിയറിന്റെ സ്ഥിതി, വായുവിന്റെ പ്രഷർ, ഗ്രാവിറേഷൻ തുടങ്ങി പല സംഗതികളേയും അടിസ്ഥാനപ്പെടുത്തിയാണിരിക്കുന്നതു്. അങ്ങിനെ വരുമ്പോൾ ചില വ്യത്യാസങ്ങൾ ഉണ്ടായെന്നു വരാം. അതുകൊണ്ട് ഞാൻ അസസ് ചെയ്യുന്ന ഒരാൾക്കു 10 മാർക്ക് കൊടുക്കുകയാണെങ്കിൽ മിസ്റ്റർ കൃഷ്ണൻ അസസ് ചെയ്യുന്ന ഒരാൾക്ക് 12 മാർക്ക് കൊടുത്തുവെന്നു വരാം. ഒന്നു ധരിക്കാനുള്ളതു് ഇതിൽ യാതൊരു വിധത്തിലുള്ള ദോഷവും വരാനില്ലെന്നുള്ളതാണ്. കാരണം, ഉദ്യോഗസ്ഥന്മാരെ സംരക്ഷിക്കുന്നതിനുള്ള

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

പല വ്യവസ്ഥകളും ഭരണഘടനയിൽ തന്നെ ഉണ്ടാക്കിയിട്ടുണ്ട്. ആ സ്ഥിതിക്കും ഒരു പേഴ്സനൽ രജിസ്റ്റർ ആഫീസിൽ സൂക്ഷിക്കുന്നതു കൊണ്ട് ഒരു ദോഷവും ഉണ്ടാകാൻ പോകുന്നില്ല.

ബഹുമാനപ്പെട്ട മെമ്പർ നീലകണ്ഠൻ പള്ളിക്കൂടങ്ങളിൽ ഫീസ് ഇളവിനെപ്പററി സംസാരിക്കുകയുണ്ടായി. ഫീസ് എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ ഇളവുചെയ്തുകൊടുക്കുന്നതിനെക്കാൾ നല്ലതു് പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഇളവു ചെയ്തുയും ധനവാന്മാരുടെ കുട്ടികളിൽനന്നും ഫീസ് വസൂൽ ചെയ്തുയും ആണെന്ന് ഞാൻ പറഞ്ഞിട്ടുണ്ട്. അന്നത്തെ ബഡ്ജററു വിമർശനവേളയിലാണ് ഞാൻ ഈ അഭിപ്രായം പറഞ്ഞിട്ടുള്ളതു്. എങ്കിലും ഇപ്പോൾ എല്ലാവർക്കും സൗജന്യം കൊടുത്തിരിക്കുന്ന സ്ഥിതിക്ക് നാളെ മുതൽ മറെറാരു വിധത്തിലുള്ള വ്യതിയാനം വരുത്താൻ സാദ്ധ്യമല്ല. മാത്രമല്ല, പ്രൈമറി വിദ്യാഭ്യാസത്തിനുവേണ്ടി ഇപ്പോൾ വ്യവസ്ഥചെയ്തിരിക്കുന്നതു് അഞ്ചു കൊല്ലമാണ്. ഈ അഞ്ചു കൊല്ലം എന്നുള്ളതു് എട്ടുകൊല്ലമാക്കി വർദ്ധിപ്പിക്കാനാണ് നിശ്ചയിച്ചിരിക്കുന്നതു്. അങ്ങിനെയുള്ള ഒരു വിദ്യാഭ്യാസം ഉണ്ടായാൽ മാത്രമേ നമ്മുടെ രാജ്യത്തുള്ള കുണ്ടുങ്ങൾക്ക് അവരുടെ ശൈശവാവസ്ഥയിൽ മുഴുവൻ വിദ്യാഭ്യാസം കിട്ടാൻ സാധിക്കയുള്ളു.

സർ, ബഹുമാനപ്പെട്ട ഈ സഭയിലെ അനേകം അംഗങ്ങൾക്കും അറിയാം നമ്മുടെ ലേബർഡിപ്പാർട്ടുമെൻറിലെ നിയമങ്ങൾ അനുസരിച്ചു 14 വയസ്സിനു താഴെയുള്ള കുഞ്ഞുങ്ങളെക്കൊണ്ടു ഫാക്ടറിയിൽ വേലയെടുപ്പിക്കാൻ പാടില്ലെന്നു്. ചിൽഡ്രൻസ് ആക്ററ് അനുസരിച്ചു് 14 വയസ്സിനു താഴെയുള്ളവർ ഫാക്ടറികളിൽ വേലയെടുക്കുവാൻ പാടില്ല. ഇതു ലോകത്തിലെ പല പരിഷ്കൃതരാജ്യങ്ങളിലും സ്വീകരിച്ചിട്ടുള്ള ഒന്നാണ്. ഇൻറർ നാഷനൽ ലേബർ ആർഗനൈസേഷൻ ഇവാൾവു ചെയ്തിട്ടുള്ള ഒരു നിയമമാണ ഇതു്. അങ്ങനെ പതിനാലുവയസ്സിനു താഴെയുള്ള കുട്ടികളെക്കൊണ്ടു ഫാക്ടറികളിൽ ജോലിചെയ്യിക്കുകയാണെങ്കിൽ അതു കുററകരമാണ്. ഇതു ശിശുക്കളോടു സമുദായത്തിനുള്ള കടമയായിട്ടാണ കണക്കാക്കുന്നതു്. ശിശുത്വത്തോടും ദാവിതലമുറയോടും സമുദായത്തിനുള്ള ഒരു കടമയാണ ഇതുകൊണ്ടു നിർവഹിക്കുന്നതു്. പതിനാലു വയസ്സുവരെ അവർക്ക് ഫാക്ടറികളിൽ വേലചെയ്യുവാൻ പാടില്ലെങ്കിൽ പിന്നെ അവർ എന്തുചെയ്യണമെന്നാണ ആലോചിക്കേണ്ടതു്. അവർ പഠിക്കേണ്ടതാണ്. അതിനു അവർക്ക് വിദ്യാഭ്യാസം നൽകണം. പതിനാലുവയസ്സുവരെയുള്ള ആളുകൾക്ക് വിദ്യാഭ്യാസം ഒഴിച്ചുകൂടാൻ പാടില്ലാതാക്കണം. ഇപ്പോൾ ഇതു രണ്ടുതരത്തിലാണ നടത്തുന്നതു്. ഇതിനു എലിമെൻററി എഡ്യുക്കേഷൻ എന്നു പറയുന്നു. പ്രൈമറിസ്കൂളുകളിലും മിഡിൽസ്കൂളുകളിലുമായിട്ടാണ് ഈ വിദ്യാഭ്യാസം, അതായതു് ഈ പ്രാഥമികവിദ്യാഭ്യാസം ഇപ്പോൾ നിർവഹിക്കുന്നതു്. ഇതു എട്ടു കൊല്ലമാക്കണമെന്നുള്ള പ്ലാൻ ഗവണ്മെൻറ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെയാകുമ്പോൾ മിഡിൽസ്കൂൾ പ്രൈമറിസ്കൂൾ എന്നുള്ള വ്യത്യാസം ഇല്ലാതാകും. അതുകൊണ്ടു ഞാൻ അന്നു പറഞ്ഞ വിമർശനങ്ങൾ ശരിയല്ലെന്നോ ഇന്നു ഞാൻ അതിൻപ്രകാരം ചെയ്യുന്നില്ലെന്നോ പറയാനില്ല.

ശ്രീ. ടി. വി. തോമസ് : ഫീസുകൊടുക്കുവാൻ കഴിവുള്ള വിദ്യാർത്ഥികളെ ഈ ഫീസ് സൌജന്യത്തിൽനിന്നും ഒഴിവാക്കണമെന്നു പറയുകയുണ്ടായി. അങ്ങനെ ഒഴിവാക്കുമ്പോൾ കുറഞ്ഞുവരാവുന്ന റവന്യൂ നികുതിനായി എഡ്യുക്കേഷൻ സെസ്സ് ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇതിനെക്കുറിച്ചാലോചിക്കുന്നതിനു ഒരു കമ്മററിയെ നിയമിച്ചിട്ടുണ്ട്. കഴിഞ്ഞ ഒരു മാസത്തിനിടയിൽ എഡ്യുക്കേഷൻ എൻക്വയറി കമ്മീഷന്റെ ഒരു റിപ്പോർട്ടു വന്നിട്ടുണ്ട്. അതു ഈ സന്ദർഭത്തിൽ നല്ലവണ്ണം ആലോചിക്കാതെ ഈ സഭയുടെ തീരുമാനത്തിനു കൊണ്ടുവരുക ഒരു സാഹസമായിരിക്കുമെന്നു കരുതി ഇപ്പോൾ ഇവിടെ കൊണ്ടുവരാത്തതാണ്. ധനവാന്മാരിൽനിന്നു നികുതി വസൂൽ ചെയ്യുകയും രാജ്യത്തിലെ എല്ലാജനങ്ങൾക്കും ഉപകാരപ്രദമാകത്തക്കവണ്ണം അതു വിനിയോഗിക്കയും ചെയ്യണമെന്നുള്ള തത്വം സ്വീകരിച്ചിട്ടുള്ള ഒന്നാണ്.

ശ്രീ. പി. കുഞ്ഞൻ : അവശസമുദായഡിപ്പോർട്ടുമെൻറ ഒരു മേജർ ഡിപ്പാർട്ടുമെൻറാക്കാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഒരു ഡിപ്പാർട്ടുമെൻറ് മേജറാണോ മൈനറാണോ എന്നു് ഏതടിസ്ഥാനത്തിലാണു മെംബർമാർ വിചാരിക്കുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. പല ഡിപ്പാർട്ടുമെൻറുകളും മേജർ ഡിപ്പാർട്ടുമെൻറാക്കണമെന്നു പറഞ്ഞു. മേജർ ഡിപ്പാർട്ടുമെൻറ് എന്നു വച്ചാൽ ആ ഡിപ്പാർട്ടുമെൻറിനു ഇത്ര രൂപാ കൊള്ളിക്കണമെന്നുള്ളതാണോ അതോ ആ ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷനു ശമ്പളം കൂട്ടിക്കൊടുക്കണമെന്നുള്ളതാണോ എന്താണു ബഹുമാനപ്പെട്ട മെംബറന്മാർ വിചാരിക്കുന്നതെന്നു അറിഞ്ഞുകൂടാ. ചിലർ വിചാരിക്കുന്നതു ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷന്റെ ശമ്പളം കൂട്ടണമെന്നാണ്. അങ്ങനെയാണെങ്കിൽ ആ വിധത്തിലുള്ള അഭിപ്രായം ഈ നിയമസഭയുടെ വാദപ്രതിവാദത്തിനു വയ്ക്കുന്നതു ശരിയല്ല. അങ്ങനെ ശമ്പളം കൂട്ടുന്നതുമൂലം ഏതുദ്യോഗസ്ഥനാണോ ഗുണം കിട്ടണമെന്നു വിചാരിക്കുന്നതു് ആ ഉദ്യോഗസ്ഥനു വിപരീതമായി പരിണമിച്ചേക്കും. ശമ്പളം കൂട്ടുക എന്നുള്ളതു ആ ഉദ്യോഗസ്ഥനും ഗവണ്മെൻറും തമ്മിലുള്ള ഒരു കാര്യമാണ്. അതു ഇവിടെ വാദപ്രതിവാദത്തിനു കൊണ്ടുവരരുതു്. നേരേമറിച്ചു ഇപ്പോൾ ചെലവാക്കിക്കൊണ്ടിരിക്കുന്നതിനെക്കാൾ കൂടുതൽ തുക ആ ഡിപ്പാർട്ടുമെൻറിലേക്കു ചെലവാക്കണമെന്നാണു പറയുന്നതെങ്കിൽ അതു സ്വീകരിക്കാൻ ഞാൻ ഒരുക്കമാണ്. പക്ഷെ, അതിനും ഒരു ടാർജറ്റ് ഇല്ല. എത്രലക്ഷം ആയാൽ മേജർ ഡിപ്പാർട്ടുമെൻറാകും എന്നുള്ളതിനു ഒരു കണക്കില്ല. ഇപ്പോൾ ഇതിന്റെയൊക്കെ ഉദ്ദേശം ദീപസ്തംഭം മഹാശ്ചര്യം എന്നു മാത്രമാണ്. പക്ഷെ ഞാൻ ഇതു പറയുന്നതുകൊണ്ടു ഹരിജനങ്ങളുടെ കാര്യത്തിൽ ശ്രദ്ധിക്കുന്നില്ലെന്നു വിചാരിക്കരുതു്.

ശ്രീ. കെ. ബാലകൃഷ്ണൻ : മേജർഡിപ്പാർട്ടുമെൻറിനും മൈനർ ഡിപ്പാർട്ടുമെൻറിനും തമ്മിലുള്ള വ്യത്യാസം എന്തു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ ഒരു വ്യത്യാസവുമില്ല.

ശ്രീ. കെ. ബാലകൃഷ്ണൻ : ഇന്ന ഡിപ്പാർട്ടുമെൻറ് മേജർ ഡിപ്പാർട്ടുമെൻറായി ഉയർത്തിയെന്നു ഗവണ്മെൻറു തന്നെ പലപ്പോഴും പറഞ്ഞിട്ടുള്ളതായി അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പറഞ്ഞിട്ടുണ്ടായിരിക്കാം. പക്ഷെ അങ്ങനെ പറയുന്നതു് അബദ്ധമാണു്. ഇവിടെയെല്ലാവരും അങ്ങനെ ചോദിച്ചു് ചോദിച്ചു്, ഗവണ്മെൻറും അങ്ങനെ പറഞ്ഞു എന്നേയുള്ളൂ. ഗവണ്മെൻറിനു അബദ്ധം വരുകയില്ലേ ? ലേബർ ഡിപ്പാർട്ടുമെൻറു ഒരു മേജർഡിപ്പാർട്ടുമെൻറാക്കണമെന്നു പറഞ്ഞപ്പോൾ ഞാൻ പറഞ്ഞതു ഇതാണു്. പക്ഷെ ലേബർകമ്മീഷണറുടെ ശമ്പളം കൂട്ടണമെന്നു പറഞ്ഞാൽ അതു മനസ്സിലാക്കാം. അനേകം പ്രവർത്തനങ്ങൾ നടക്കുന്നതും അനേകം ഉദ്യോഗസ്ഥന്മാർ ഉള്ളതുമായ ഒരു ഡിപ്പാർട്ടുമെൻറാണു ലേബർ ഡിപ്പാർട്ടുമെൻറ്. അവിടെ ഒരു സീനിയർ ഉദ്യോഗസ്ഥനെ വേണമെന്നു പറയുകയാണെങ്കിൽ അതു ഹരിജൻ വേണമെന്നുള്ളതിനു വിപരീതമായിരിക്കും. കാര്യം ഹരിജൻ ഉദ്യോഗസ്ഥന്മാരിൽ സീനിയർ ഉദ്യോഗസ്ഥന്മാർ ഇല്ല. സീനിയർ ഉദ്യോഗസ്ഥന്മാർ ഉള്ളതു ഹരിജനവുമല്ല.

ശ്രീ. കെ. ബാലകൃഷ്ണൻ : മേജർ ഡിപ്പാർട്ടുമെൻറു ഹെഡിനും മൈനർ ഡിപ്പാർട്ടുമെൻറു ഹെഡിനും തമ്മിൽ അധികാരത്തിനു വ്യത്യാസമുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല.

ശ്രീ. കെ. സി. ജോർജ്ജ് : ബഹുമാനപ്പെട്ട ചേർപ്പുമെംബർ പറഞ്ഞ വിമർശനത്തിനു മറുപടി പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പറയാം. അപ്പോൾ ഞാൻ പറഞ്ഞുകൊണ്ടുവന്നതു് ഈ രണ്ടു ഡിപ്പാർട്ടുമെൻറുകളിലേയും ഉദ്യോഗസ്ഥന്മാർ തമ്മിൽ അധികാരത്തിനു യാതൊരു വ്യത്യാസവുമില്ല. ആയിരം രൂപാ ശമ്പളമുള്ള ഒരു ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷനും 300 രൂപാ ശമ്പളമുള്ള ഡിപ്പാർട്ടുമെൻറു മേലക്ഷ്യനും ബഡ്ജററിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകൾ സംബന്ധിച്ചു ചെലവാക്കുന്ന വിഷയത്തിൽ യാതൊരു വ്യത്യാസവുമല്ല. ബഹുമാനപ്പെട്ട ചേർപ്പുമെംബർ പറഞ്ഞതു മന്ത്രിമാർ നിയമസഭയിൽ മറുപടി പറയുമ്പോൾ വളരെ മര്യാദയായിട്ടുവേണമെന്നാണു്. അതു ഞാൻ അപ്പടി സ്വീകരിക്കുന്നു. വളരെ മര്യാദയോടുകൂടിയാണു മറുപടി പറയേണ്ടതു്. മര്യാദകേടു വന്നിട്ടുണ്ടെങ്കിൽ അതു തെററാണു്. പക്ഷെ അതുപോലെതന്നെ മര്യാദയോടുകൂടിയുള്ള ചോദ്യവും ചോദിക്കേണ്ടതാണു്. മനുഷ്യസഹജമായ കഴിവുകേടുമൂലം ചിലപ്പോൾ മര്യാദകേടെന്നു തോന്നത്തക്കവിധം മറുപടി പറഞ്ഞിട്ടുണ്ടെങ്കിൽ അതു തീർച്ചയായിട്ടും തെററാണു്.

ശ്രീ. കെ. സി. ജോർജ്ജ് : മനോഭാവത്തിൻെറ വ്യത്യാസംകൊണ്ടാണു ഇങ്ങനെ വരുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എന്നു തോന്നുന്നില്ല. ശ്രീ. ജോർജ്ജും ചാണ്ടിയും ഈ നിയമസഭയെ സംബന്ധിച്ചിടത്തോളം എന്തു പറഞ്ഞാലും ഒരേ മനോഭാവത്തോടുകൂടി സ്വീകരിക്കാൻ തയാറാ-

ണ്. വളരെ സ്നേഹഭാവത്തോടുകൂടി പെരുമാറണമെന്നാണു ആഗ്രഹിക്കുന്നതു്. ഞാൻ പറഞ്ഞതുപോലെ ഇതു അപ്പുറത്തും വേണ്ടതാണ്. നാമെല്ലാം ജനങ്ങളോടു ഉത്തരവാദപ്പെട്ടവരാണ്. ജനപ്രതിനിധികളാണ്. നമുക്കു തുല്യമായ ചുമതലകളാണുള്ളതു്. പക്ഷെ അഭിപ്രായവ്യത്യാസം വന്നു എന്നു വരാം. അതു മനോഭാവത്തിന്റെ വ്യത്യാസം കൊണ്ടല്ല.

ശ്രീ. സി. കെ. രാമചന്ദ്രൻനായർ : അടുത്ത ആണ്ടു തേഡ്ഫാറത്തിനു ഫീസ് കുറവുചെയ്യുന്നു എന്നു പറഞ്ഞു. എന്നാൽ ഫീസു കൊടുക്കുന്ന തീയതി കഴിഞ്ഞുപോയാലുള്ള ഫൈൻ കുറക്കുന്നതിനെസംബന്ധിച്ചു എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു ആലോചിച്ചിട്ടില്ല. ഞാൻ പറഞ്ഞതു വാണ്ടുവന്നതു ഇങ്ങനെയുള്ള കാര്യങ്ങളിൽ മനോഭാവത്തിന്റെ വ്യത്യാസം ഇല്ലെന്നു മാത്രമാണ്. നമുക്കു അങ്ങോട്ടുമിങ്ങോട്ടും സഹകരണത്തോടും പരസ്പരവിശ്വാസത്തോടും പ്രവർത്തിക്കയാണു വേണ്ടതു്. അന്നുതന്നെ ബഹുമാനപ്പെട്ട ശ്രീ. ശങ്കരനാരായണൻതമ്പി സഹകരിക്കുകയില്ലെന്നു പറഞ്ഞപ്പോൾ "എന്നാൽ വേണ്ടടാ പോ" എന്നു പറഞ്ഞില്ലല്ലോ. പിന്നെയും സഹകരിക്കണമെന്നാണു ഈ ഗവണ്മെൻറ് അപേക്ഷിക്കുന്നതു്. ഇതിൽനിന്നും ഗവണ്മെൻറിന്റെ മനോഭാവം എന്താണെന്നു മനസ്സിലാക്കാം. തട്ടിയ കൈ തടവിക്കൊടുക്കുകയാണു ഈ ഗവണ്മെൻറിന്റെ മനോഭാവം. ഇത്രയും പറഞ്ഞുകൊണ്ടു ഇതു പാസ്സാക്കിത്തരണമെന്നു അഭ്യർത്ഥിക്കുന്നു.

The question that the respective sums not exceeding the amounts shown in the third column of the Schedule annexed to the motion moved by the Minister for Finance be granted to the Rajpramukh on account of or towards defraying the charges during the first one month of the financial year 1955-56 in respect of the corresponding Heads of Demands entered in the second column of the said Schedule, was put and carried.

The grants were made.

The Assembly adjourned at. 1. P. M. to meet again at 8 A. M. on Tuesday, the 29th March 1955,

APPENDIX I.

[*Please see answer to Question No. 24 (12)*]

LIST OF WORKS SANCTIONED UNDER LOCAL DEVELOPMENT SCHEMES.

No.	Name of works.	Amount.	Panchayat.	Taluk.
1	Improvements to Poojapuravila Sanathanapuram Pathway	9,345	Agasteeswaram	Agasteeswaram
2	Strengthening bund of Periyarkulam	2,565	Neendakara-Vadasery	do.
3	Constructing drain	870	Thovala	Thovala
4	Providing ceiling to High School	315	Aramboly	do.
5	Metalling street	3,485	do.	do.
6	Constructing R. C. C. Pipe Culvert	362	Thazhakudy	do.
7	Improvements to road, in Chirapatheeswaram	1,140	do.	do.
8	Constructing culvert in Vattaveli street	785	Aramboly	do.
9	Do. Latrine in Vadakoor	665	do.	do.
10	Improvements to Balamer road	6,975	Thazhakudy	do.
11	Constructing Foot bridge, in Chittur Kovil Street	435	Aramboly	do.
12	Constructing Drain in Erachakulam	1,945	Thazhakudy	do.
13	Providing roof to Thirupatheeswaram Library	585	do.	do.
14	Improvements to lane in Malikarupucode	187	Vellukiry	Kalkulam
15	Improvements to Veeranarayanassery thervu road	2,945	do.	do.
16	Do. lane in Pallom	2,575	do.	do.
17	Do. road leading to Palakuzhy	1,800	Eraniel	do.
18	Constructing a Library building	2,035	Vellikiry	do.
19	Sinking a well in Nattalam	555	Nattalam	Vilavancode
20	Improving line	910	do.	do.
21	Constructing a foot bridge at Puthenveedunada	1,800	Ulloor	Trivandrum

APPENDIX I—(*contd.*)

No.	Name of works.	Amount.	Panchayat.	Taluk.
22	Improvements to Velluvilakom lane	990	Ulloor	Trivandrum
23	Do. Kaothevil Edavazhi	740	do.	do.
24	Constructing a Dispensary at Vithurai	7,995	Uzhamalakal	Nedumangad
25	Constructing building for Primary School	4,920	Pazhayakunninmel	Chirayinkil
26	Gravelling the road way from Kaippally	2,600	Sakthikulangara	Quilon
27	Raising Kandanchira sluice	2,965	do.	do.
28	Improvements to road from Kaithakuzhy	1,830	Nedumpana	do.
29	Easing gradient in Ashtamudi road	775	Thrikaruva	do.
30	Gravelling from Malabar Muku	2,970	Sakthikulangara	do.
31	Improvements road from Kannanalloor	436	Nedumpanna	do.
32	Do. from Kottiyam-Kundara	745	do.	do.
33	Constructing a skew culvert	2,960	Sakthikulangara	do.
34	Constructing a 3 ft. x 3 ft. culvert	875	Perunad	do.
35	Do. a ramp in Chittayam	2,280	do.	do.
36	Improvements to road from Vattath mukku	9,718	Karunagappally	Karunagappally
37	Constructing a culvert in Palathurupathy	835	Muthukulam	do.
38	Improvements to road Alumkadavu	6,520	Karunagappally	do.
39	Do. to Arathichira	37,900	Krishnapuram	do.
40	Sinking well at Mannur	580	Kandalloor	Karthigapally
41	Constructing bathing ghat, in Arayakulangara	1,650	Pallipad	do.
42	Sinking well at Kavumpurathu	620	Kandalloor	do.
43	Constructing accomodation to Primary School	3,770	Kumarapuram	do.
44	Gravelling road from Kochalummoodu	2,425	Pulinkunnu	Ambalapuzha

APPENDIX I—(*contd.*)

No.	Name of works.	Amount.	Panchayat	Taluk.
45	Constructing foot bridge	980	Kavalam	Ambalapuzha
46	Do. near Thakazhi Temple	1,590	Thakazhi	do.
47	Do. over Pandankarithodu	5,130	Kozhimukku	do.
48	Constructing foot bridge	1,100	Mararikulam	Shertallai
49	Do. in Ezhamkulam thodu	1,140	Ezhamkulam	Kunnathoor
50	Do. bridge in Kulathinal thodu	3,050	Kodumon	do.
51	Constructing culvert in road to Elapanakovil	1,500	Kottarakara	Kottarakara
52	Improvements to Dispensary	17,320	Chadaya-mangalam	do.
53	Constructing foot bridge in Vekkanad	1,225	Thripalazhagom	do.
54	Improvements road from Thanneer Mukku	2,470	Veliyam	do.
55	Constructing drain Karayalar street	1,970	Ayikudy	Shencottah
56	Improvements to Chattayan street	184	Sambavar-Vada-kara	do.
57	Do. road from Ayikudy road	175	Ayikudy	do.
58	Improvements to road from 12/3 of M. P. road	885	Sambavar-Vadakara	Shenkottah
59	Do. Sambavar street	600	Do.	do.
60	Constructing a latrine in Market	1,350	Pathanapuram	Pathanapuram
61	Improvements to E. H. S., Thalavoor	9,993	Thalavoor	do.
62	Constructing culvert in Pathanapuram road	583	Pathanapuram	do.
63	Extension of Punalur G. H. School	9,315	Punalur	do.
64	Constructing bridge across Kalasakuzhi	5,315	Vadaserikara	Pathanamthitta
65	Constructing culvert in Pattathil thodu	3,465	Thiruvella	Thiruvella

APPENDIX I—(*contd.*)

S. No.	Name of works.	Amount.	Panchayat.	Taluk.
66	Improving road Kaviyoor Post Office	2,358	Kaviyoor	do.
67	Do. from Kakudy	1,050	Do.	do.
68	Constructing a culvert	2,990	Thiruvan-vandoor	do.
69	Improving road to Mannadakadavu	1,000	Kulanada	do.
70	Constructing culvert in Perumbakayam	1,175	Vallavoor	Changanaserry
71	Improving road to Madapally	720	Vazhoor	do.
72	Do. Cheruvally road	1,310	Do.	do.
73	Sinking well in Village Hall Compound	1,120	Parathodu	do.
74	Improvements to Padanilam road	885	Chirakadavu	do.
75	Do. Kunnukuzhy road	690	Vazhoor	do.
76	Sinking well in Meezhicode	1,730	Kanjirapally	do.
77	Constructing bridge in Neenadam road	2,940	Pampady	Kottayam
78	Improving Vaduthalaparambu lane	5,980	Neendeer	do.
79	Sinking well at Kaipuzha	1,125	Do.	do.
80	Do. Hospital compound	670	Do.	do.
81	Constructing culvert in Kathala road	1,853	Keerapadu	Kottayam
82	Improvements to Kurupanthara landing	1,975	Manjoor	Vaikom
83	Constructing culvert in Kurupanthara	1,425	Do.	do.
84	Do. in Thiruthupally road	1,245	Kaduthuruthy	do.
85	Do. foot bridge in Apuzha thodu	1,675	Maduraveli	do.
86	Improving tank in Vetchoor	337	Vetchoor	do.
87	Providing deck to bridge in Karumalloor	1,455	Manjoor	do.
88	Improving Njarakulam	1,194	Vetchoor	do.

APPENDIX I—(*contd.*)

S. No.	Name of works.	Amount.	Panchayat.	Taluk.
89	Improving Thevarpadam road	1,260	Bharananganam	Meenachil
90	Do. Ullanad road	2,200	Do.	do.
91	Do. Kottah road	1,366	Do.	do.
92	Constructing 2 ft. dia. R. C. C. Pipe culvert	680	Mutholy	do.
93	Improving Karimboly road	889	Thidanad	do.
94	Do. Kalikavu road	7,733	Kanakari	do.
95	Constructing culvert in Karimboly road	970	Thidanad	do.
96	Do. in Kandoor road	2,931	Do.	do.
97	Improving road from Kummannoor	1,846	Kidangoor	do.
98	Do. Ulavoor-Chittoor road	2,125	Karuvoor	do.
99	Do. Melukavu road	3,090	Melukavu	do.
100	Do. Venpally Vyala road	2,942	Kanakari	do.
101	Do. Kampanykadavu road	1,900	Aymanam	Kottayam
102	Constructing bridge over Thoothungal thodu	1,850	Do.	do.
103	Improving Paithakulam	1,950	Kuthattukulam	Muvattupuzha
104	Constructing bridge at Madakkathodu	8,864	Kalloorkavu	Thodupuzha
105	Constructing culvert in Nagapuzha	2,680	Kalloorkavu	Thodupuzha
106	Improving Maruthur road	2,790	Do.	do.
107	Constructing tank at Njarakuthi	790	Kodikulam	do.
108	Improving Udumpannoor road	1,973	Udumpannoor	do.
109	Do. Karimkunnam road	1,348	Karimkunnam	do.
110	Opening road from Puthencruz	2,390	Kizhakkambalam	Kunnathunad
111	Improving Thommana road	2,940	Do.	do.
112	Do. Perumbavoor road	2,060	Do.	do.

APPENDIX I--(*contd.*)

S. No.	Name of Works.	Amount.	Panchayat.	Taluk.
		Rs.		
113	Improving road to Kuttiyattupadom	490	Kizhakkambalam	Kunnathunad
114	Opening road from Pangode road	3,000	Puthencruz	do.
115	Do. lane from Karukapally	1,350	Puothrikka	do.
116	Improving Angamali road	510	Kothakulangara	do.
117	Opening road from Muthussery	750	Kizhakkambalam	do.
118	Improving road from Post Office	1,125	Kadungalloor	Paravoor
119	Do. Chadayankulam	1,200	Cranganoor	Crangannoor
120	Do. Chalakulam	1,200	Do.	do.
121	Do. Chanankulam	1,830	Do.	do.
122	Rock blasting in well near Perumpadappuchira	1,300	Vallachira	Trichur
123	Do. at 0/3 of South Anjery road	1,940	Olloor	do.
124	Rock blasting in well near Vallachira Chapal.	700	Vallachira	Trichur
125	do. in Elanthuruthy.	1,660	Ollur	do.
126	Improving lane from Valiaparambu.	530	Poyya	Mukundapuram
127	Opening road from 0|6 of Mala road.	1,525	do.	do.
128	Improving tank in Sy. 62.	2,920	do.	do
129	do. road from Poyya School.	2,950	do.	do.
130	do. road from Sankarankavu.	1,585	do.	do.
131	do. Erayilkudy road.	308	Annamanada	do.
132	do. Thikudam road.	2,785	Kallur-Vadakkummuri	do.
133	Opening road from Village Office.	2,000	Mala	do.
134	Improving Meladoor road.	412	Annamanada	do.
135	Opening Karimanchira road.	1,050	Velukara	do.

APPENDIX I—(*contd.*)

S. No.	Name of Works.	Amount.	Panchayat.	Taluk.
		Rs.		
136	Improving Vattaparambu road.	500	Annamanada	Mukundapuram
137	Ration Shop Road, Improving.	195	Thrikkoor	do.
138	Improving Kallumad road.	2,475	Kallur-Vadakkummuri	do.
139	Ernapally road, Improving.	190	Parathissery	do.
140	Improving Kottai Mathikunnu road.	220	Thrikkoor	do.
141	Sinking a trial well in Trikkoot.	230	do.	do.
142	Improving Karoor road.	695	Mala	do.
143	do. Vennoor Kaipola road.	380	Annamanada	do.
144	do. Urakom Church road.	535	Muriyad	do.
145	do. Kizhadoor road.	890	Annamanada	do.
146	do. Road from Tharakkal Temple.	665	Muriyad	do.
147	do. East of Kallara Church.	470	Alloor	do.
148	do. S. M. S. Road.	1,250	Thrikkoor	do.
149	do. Kalloor Muchira.	415	do.	do.
150	do. Colony road.	320	do.	do.
151	do. Kalloor road.	590	do.	do.
152	do. Meladoor Nada road.	675	Annamanada	do.
153	do. Lane in Poyya.	500	Poyya	do.
154	Constructing foot bridge over Purathuyattu thodu.	950	Njarakkal	Cochin-Kanayannur
155	Improving Nadumpuzha road.	6,900	Thiruvankulam	do.
	Total	3,49,592		

APPENDIX II.

SCHEDULE

(*Please see Page 518.*)

1	2	3		
		Sums not exceeding		
No. of Vote	Services and purposes	Voted by the Assembly	Charged on the Consolidated Fund	Total
		In lakhs of Rs.	*In lakhs of Rs.*	*In lakhs of Rs.*
I	Agricultural Income Tax and Sales Tax ..	0.74	..	0.74
II	Land Revenue ..	2.18	..	2.18
III	Excise ..	1.56	..	1.56
IV	Stamps ..	0.27	..	0.27
V	Forest ..	5.86	..	5.86
VI	Registration ..	1.20	..	1.20
VII	Motor Vehicles Act ..	0.59	..	0.59
VIII	Irrigation ..	11.77	..	11.77
	Debt charges ..	..	1.00	1.00
IX	Heads of States, Ministers and Head-quarters staff ..	2.39	0.47	2.86
X	State Legislature ..	0.40	0.02	0.42
XI	Elections ..	0.39	..	0.39
XII	District Administration and Miscellaneous ..	2.02	..	2.02
XIII	Administration of Justice ..	3.90	0.39	4.29
XIV	Jails ..	0.68	..	0.68
XV	Police ..	8.45	..	8.45
XVI	Scientific Departments ..	0.30	..	0.30
XVII	Education ..	45.72	..	45.72
XVIII	Medical ..	11.30	..	11.30
XIX	Public Health ..	2.94	..	2.94
XX	Agriculture ..	5.03	..	5.03
XXI	Rural Development .	5.40	..	5.40
XXII	Veterinary ..	0.54	..	0.54
XXIII	Co-operation ..	0.61	..	0.61
XXIV	Industries ..	9.72	..	9.72
XXV	Labour and Miscellaneous ..	3.03	..	3.03
XXVI	Civil Works ..	38.27	..	38.27
XXVII	Electricity ..	7.35	..	7.35
XXVIII	Pensions ..	7.16	0.02	7.18
XXIX	Stationery and Printing ..	2.19	..	2.19
XXX	Miscellaneous ..	2.74	12.75	15.49
XXXI	Extraordinary charges ..	1.90	..	1.90
XXXII	Community Development Projects ..	9.27	..	9.27

SCHEDULE—(*contd.*)

1	2	3		
		Sums not exceeding		
No. of Vote	Services and purposes	Voted by the Assembly	Charged on the Consolidated Fund	Total
		In lakhs of Rs.	*In lakhs of Rs.*	*In lakhs of Rs.*
XXXIII	Transport Schemes ..	14.65	..	14.65
XXXIV	Capital Outlay on Irrigation .	4.94	..	4.94
XXXV	Do. on Agricultural Improvement ..	0.06	..	0.06
XXXVI	Do. on Industrial Development ..	5.60	..	5.60
XXXVII	Do. on Civil Works ..	7.93	..	7.93
XXXVIII	Do. on Electricity Schemes ..	28.48	..	28.48
XXXIX	Capital Account of other works outside the Revenue Account ..	9.28	..	9.28
XL	Capital outlay on Transport Schemes ..	2.00	..	2.00
XLI	Capital outlay on State Schemes of Govt. Trading ..	14.17	..	14.17
XLII	Loans and Advances bearing interest ..	14.38	..	14.38
	Public Debt repayment ..	..	19.44	19.44
	TOTAL ..	297.36	34.09	331.45

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

SECOND SESSION—1955.

Tuesday, the 29th March, 1955.

Vol. XIII] OFFICIAL REPORT [No. 8

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Tuesday, the 29th March, 1955, with Mr. Deputy Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day)

ORAL ANSWERS

ഹൈസ്കൂളുകളിലെ ഗെയിം ഫീ, ലൈബ്രറി ഫീ.

*163. [1] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യത്തിന് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1954–55 വിദ്യാലയവർഷത്തിൽ സ്റ്റേറ്റിലെ ഹൈസ്കൂളുകളിൽ നിന്നും ഗെയിം ഫീ, ലൈബ്രറി ഫീ എന്നീ ഇനങ്ങളിൽ മൊത്തം എന്തു സംഖ്യ പിരിഞ്ഞുകിട്ടിയിട്ടുണ്ട്; അതിൽ ഗവണ്മെൻറ് സ്കൂളുകളിൽ നിന്നെത്ര; പ്രൈവറ്റ് സ്കൂളുകളിൽ നിന്നെത്ര?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഇതു സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: പ്ലേ ഗ്രൗണ്ടും ലൈബ്രറിയും ഇല്ലാത്ത സ്കൂളുകൾ ഉണ്ടെന്ന് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തൃപ്തികരമായ രീതിയിൽ ഇല്ലാതിരിക്കാൻ ഇടയുണ്ട്.

ശ്രീ. തലേക്കര കെ. കൃഷ്ണൻ : ലൈബ്രറി ഇല്ലാത്ത സ്കൂളുകളിലും ഫീസ് വാങ്ങുന്നതായി അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെ ഉണ്ടാകും.

ശ്രീ. ടി. എ. മജീദ് : പ്രൈവറ്റ സെക്കണ്ടറി സ്കൂളുകളിൽ പിരിക്കുന്ന ഈ ഫീസ് സൂക്ഷിക്കുന്നതു് ആരാണെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നോട്ടീസ് വേണം.

ശ്രീ. ടി. എ. മജീദ് : ഈ തുകകൾ ശരിയായി ഉപയോഗിക്കുന്നുണ്ടോ എന്നന്വേഷിക്കുന്നതിന് എന്തെങ്കിലും ഏർപ്പാടു ചെയ്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഡയറക്ടറും ഇൻസ്പെക്ടറന്മാരും മററു ഇൻസ്പെക്ടറിംഗ് അതാറിട്ടിയും അന്വേഷിക്കേണ്ടതാണ്. എന്തെങ്കിലും കാര്യത്തിൽ അന്വേഷിക്കാതെ വന്നിട്ടുണ്ടെങ്കിൽ പരിശോധിക്കാം.

ശ്രീ. ടി. പി. സീതാരാമൻ : പല സ്കൂളുകളിലും വ്യത്യസ്തമായ നിലയിൽ ഫീസ് പിരിക്കുന്നുണ്ടെന്ന് അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഏതു പ്രകാരം പാടില്ലെന്നാണ് കാണുന്നതു്.

ശ്രീ. ടി. പി. സീതാരാമൻ : ഇപ്പോൾ അങ്ങിനെ പിരിക്കുന്നുണ്ടെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെയുള്ള സംഗതി ഗവണ്മെൻറിനെ അറിയിച്ചാൽ സഹായമായിരിക്കും.

ശ്രീ. ടി. പി. സീതാരാമൻ : പിരിക്കുന്ന ഫീസിൻെറ നിരക്കിനെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും അഭിപ്രായവ്യത്യാസം ഉള്ളതായി അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈവക വിഷയങ്ങളിൽ പ്രൈവറ്റ മാനേജ്മെൻറും ഗവണ്മെൻറ് റഗ്യുലേഷൻ സ്വീകരിക്കേണ്ടതാണ്.

ശ്രീ. കെ. കൃഷ്ണപിള്ള : അടുത്ത സ്കൂൾവർഷം മുതൽ ലൈബ്രറിഫീസായി പിരിഞ്ഞുകിട്ടുന്ന തുകകൾ പുസ്തകം വാങ്ങുന്നതിന് ഉപയോഗിക്കുന്നതിന് നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനുവേണ്ടിയാണ് ആ സംഖ്യ.

ശ്രീ. കെ. കൃഷ്ണപിള്ള : ഇപ്പോൾ അതിന് വിനിയോഗിക്കുന്നില്ലെന്ന് അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെ എന്തെങ്കിലും വിഷമമുണ്ടെങ്കിൽ അതിനെപ്പററി പരിശോധിക്കാം.

ശ്രീ സി. എ. മാത്യു : മുൻ കൊല്ലങ്ങൾക്ക് വിപരീതമായി ഈ തുകകൾ ഗവണ്മെൻറിൽ അയയ്ക്കുന്നമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നോട്ടീസ് വേണം.

പി. എസ്. ററി. എ.

* 164. [2] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ :

(എ) പി. എസ്. ററി. എ. എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിരുന്നത് ;

(ബി) ഇതേപ്പററി അദ്ധ്യാപകപ്രതിനിധികളുമായി വല്ല ഒത്തുതീർപ്പുസംഭാഷണവും നടന്നിട്ടുണ്ടോ ;

(സി) ഗവണ്മെൻറ് എന്തെല്ലാം ആവശ്യങ്ങൾ നടപ്പിലാക്കാമെന്നു തീരുമാനിച്ചിട്ടുണ്ട് ;

(ഡി) എത്ര സ്കൂളുകളിലെ അദ്ധ്യാപകന്മാർ നിരാഹാരാദ്ധ്യാപനവും സൂചനാപണിമുടക്കും നടത്തിയിട്ടുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) പി. എസ്. ററി. എ. പല ആവശ്യങ്ങളും ഉന്നയിച്ചിട്ടുണ്ട്. അതി പ്രധാനമായവ ശമ്പളം, അലവൻസ്, അവധി എന്നിവയിൽ സർക്കാർസ്കൂൾ അദ്ധ്യാപകന്മാരുടെകൂടെ തുല്യഗണന, അവരുടെ മക്കൾക്ക് എൻ. ജി. ഓ-ക്കാരുടെ മക്കൾക്ക് കൊടുക്കുന്നതരത്തിലുള്ള ഫീസ് ഇളവ്, എൻ. ജി. ഓ. മാർക്കുള്ള ചികിത്സാസഹായം, ഒരദ്ധ്യാപകൻെറ എല്ലാ വിദ്യാലയങ്ങളിലേയും സർവീസിന് പൂർണ്ണമായ പരിഗണന, പ്രാവിഡൻറഫണ്ട് ഉടനെ നടപ്പിലാക്കുക. മിഡിൽ സ്കൂൾ അദ്ധ്യാപകന്മാർക്ക് രണ്ടുകൊല്ലത്തിനു ഒരു ഇൻക്രിമെൻറ് എന്നുള്ളതു് കൊല്ലത്തിൽ ഒന്നാക്കുക, മാനേജരന്മാരും അവരും തമ്മിൽ ഉണ്ടാകുന്ന തർക്കങ്ങൾ തീർക്കാൻ ഒരു ട്രിബ്യൂണൽ സ്ഥാപിക്കുക, അവരുടെ സംഘടനയ്ക്ക് സഹായധനവും അംഗീകാരവും നൽകുക.

(ബി) ഈ മന്ത്രിസഭ അധികാരത്തിൽ വന്നയുടനെ മുഖ്യമന്ത്രി അദ്ധ്യാപകപ്രതിനിധികളെ വിളിച്ചുവരുത്തി അവരുമായി സംഭാഷണം നടത്തിയിട്ടുണ്ട്.

(സി) 1-4-1955 മുതൽ ഗ്രാഡുവേററ് അദ്ധ്യാപകന്മാർക്ക് 50—5—75—7½—150 എന്ന സ്കെയിലും, മിഡിൽ സ്കൂൾ അദ്ധ്യാപകന്മാർക്ക് 40—2—50—3—80 സ്കെയിലും കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. പേ കമ്മീഷൻ ഈ പേ സ്കെയിലുകളും പരിശോധനയ്ക്ക് വിട്ടിട്ടുണ്ട്. ബാക്കി കാര്യങ്ങൾ ആലോചനയിൽ ഇരിക്കയാണ്.

(ഡി) 251 സ്കൂളുകളിലെ അദ്ധ്യാപകന്മാർ നിരാഹാരാദ്ധ്യാപനവും സൂചനാപണിമുടക്കും നടത്തിയതായി റിപ്പോർട്ടുണ്ട്. സൂക്ഷ്മം അറിവില്ല.

ശ്രീ. പി. ഗോപാലൻ : പ്രാവിഡൻറഫണ്ട് നടപ്പിലാക്കാത്തതു് എന്തുകൊണ്ടാണ് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : 1950-ൽ പി. എസ്. എസ്. സ്കീം ഏർപ്പെടുത്തിയ അവസരത്തിൽ തന്നെ പ്രാവിഡൻറഫണ്ട് വ്യവസ്ഥയും അതിൻെറ നിയമങ്ങളിൽ ഉൾക്കൊള്ളിച്ചിരുന്നു. പക്ഷെ പ്രാവിഡൻറഫണ്ട് സൂക്ഷിക്കുകയും മററും ചെയ്യേണ്ട കാര്യത്തിൽ ചില വൈഷമ്യങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രൈവററ് സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ പ്രാവി

ഡൻറഫണ്ട് സംഖ്യ സർക്കാർ സർവീസിലുള്ള ഉദ്യോഗസ്ഥന്മാരുടെ പ്രാവിഡൻറഫണ്ട സൂക്ഷിക്കുന്നമാതിരി കംപ്ട്രോളർ സൂക്ഷിക്കാൻ ബാദ്ധ്യസ്ഥനല്ലെന്നു റിപ്പോർട്ടു ചെയ്തിട്ടുണ്ട്. അതുകൊണ്ടു മറെറാരു മെഷ്യനറി ഉണ്ടാക്കാനുള്ള താമസമാണ് വന്നിട്ടുള്ളത്.

ശ്രീ. പി. ആർ. മാധവൻപിള്ള : പ്രൈവറേറ സെക്കൻഡറി സ്കൂളുകളിലെ ഗ്രാഡുവേറേറ അദ്ധ്യാപകന്മാർക്ക് -ഗവണ്മെൻറ് സ്കൂളുകളിലെ അദ്ധ്യാപകന്മാർക്ക് കിട്ടുന്ന അലവൻസ് കിട്ടുന്നില്ലെന്നു മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പററി ആലോചിക്കാം.

ശ്രീ. പി. ആർ. മാധവൻപിള്ള: എന്താണ് നടപ്പിലാക്കാൻപോകുന്നതെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആലോചിച്ചുകൊണ്ടിരിക്കുന്നു.

ശ്രീ. ടി. എ. മജീദ് : ഏപ്രിൽ 1-ാംതീയതി മുതൽ ഗവണ്മെൻറ് സ്കൂളുകളിലെ അദ്ധ്യാപകന്മാർക്ക് കിട്ടുന്ന അലവൻസ് പ്രൈവറേറ സ്കൂൾ അദ്ധ്യാപകന്മാർക്ക് കിട്ടുകയില്ലെന്നാണോ മനസ്സിലാക്കേണ്ടതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെ മനസ്സിലാക്കുന്നതു തെററാണ്.

ശ്രീ. ടി. എ. മജീദ് : അപ്പോൾ കിട്ടുമെന്നാണോ പറയുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മുമ്പ് രണ്ടുമൂന്നു പ്രാവശ്യം ഞാൻ അതു ഈ സഭയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്

ശ്രീ. ടി. എ. മജീദ് : ഏപ്രിൽ ഒന്നാംതീയതിമുതൽ ശമ്പളം ഏകീകരിക്കുന്നു എന്നു പറഞ്ഞു. ഡീയർനസ് അലവൻസ് തുല്യമായി കിട്ടുമോ ഇല്ലയോ എന്നറിഞ്ഞാൽകൊള്ളാം?

Mr. Deputy Speaker : That has already been answered.

ശ്രീ. എൻ. ജി. ചാക്കോ : പ്രൈവറേറ സെക്കണ്ടറിസ്കൂൾ അദ്ധ്യാപകരുടെ കുട്ടികൾക്ക്.....

ശ്രീ. ടി. എ. മജീദ് : സർ, ഒരു പോയിൻറ് ആഫ് ആർഡർ. എൻെറ ചോദ്യത്തിനു മറുപടി എന്താണെന്ന് അറിഞ്ഞാൽ കൊള്ളാം?

Mr. Deputy Speaker : You may deduce it from what he has stated already.

ശ്രീ. ടി. എ. മജീദ് : മറുപടി പറയുന്നില്ലെന്നാണോ മനസ്സിലാക്കേണ്ടതു് ?

Mr. Deputy Speaker : I cannot compel the Minlster to make replies according to the fancies of hon. Members.

ശ്രീ. എൻ. ജി. ചാക്കോ : പ്രൈവറേറ സെക്കണ്ടറിസ്കൂൾ അദ്ധ്യാപകന്മാരുടെ കുട്ടികൾക്ക് എൻ. ജി. ഓ. മാരുടെ കുട്ടികൾക്ക് കിട്ടുന്ന ഫീസാനുകൂല്യം വേണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതിനെപ്പററി എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആലോചിച്ചു കൊണ്ടിരിക്കുന്ന കാര്യങ്ങളിൽ അതും പെട്ടിട്ടുണ്ട്.

ശ്രീ. എൻ. ജി. ചാക്കോ : പ്രൈവറ്റ സെക്കണ്ടറിസ്കൂൾ ആഫീസ് സ്റ്റാഫ് അസോസിയേഷനിൽനിന്നും ശമ്പളക്കാര്യത്തെപ്പററി എന്തെങ്കിലും നിവേദനം കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്.

ശ്രീ. എൻ. ജി. ചാക്കോ : അതിന്മേൽ തീരുമാനം എടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മാനേജരന്മാരാണ് അതിന്മേൽ തീരുമാനം എടുക്കേണ്ടതു്. അദ്ധ്യാപകന്മാരുടെ ശമ്പളത്തിനാണ് 80 ശതമാനം ഫീസ് പ്രിവി് ഗവണ്മെൻറിലേയ്ക്ക് അടയ്ക്കുന്നതു്. അവിടെയുള്ള ക്ലാർക്കന്മാരുടെ ശമ്പളം ഗവണ്മെൻറിൽനിന്നും കൊടുക്കുന്നുമെന്നുണ്ടെങ്കിൽ 80 ശതമാനമെന്നുള്ളതു് വ്യത്യാസപ്പെടുത്തേണ്ടിവരും. ഒരുഭാഗം മാത്രമെടുത്തു് ആലോചിക്കാവുന്ന ഒരു വിഷയമല്ല അതു്.

ശ്രീ. ടി. എ. മജീദ് : നിരാഹാരാദ്ധ്യാപനവും സൂചനാപണമുടക്കും ഒഴിവാക്കുന്നതിനുള്ള നടപടികളെടുത്തിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് ഒഴിവാക്കേണ്ട കാര്യമില്ല. സ്വതന്ത്രമായി എടുത്ത ഒരു തീരുമാനമാണ്.

ശ്രീ. ടി. എ. മജീദ് : ആ ദിവസങ്ങളിലെ ശമ്പളത്തിന് ബില്ലെഴുതരുതെന്ന് എഴുതിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇന്ന് ശമ്പളത്തിന്റെ കാര്യത്തിൽ ഒരു പ്രയാസവും ഉണ്ടായിട്ടില്ല.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ : 20 ശതമാനം ഓഹരി മാനേജരന്മാർക്ക് കൊടുക്കുന്നതിനു് ഈ ക്ലാർക്കന്മാരുടെ ശമ്പളവുംകൂടി ഉൾപ്പെടുത്തണമെന്ന് ഒരു വ്യവസ്ഥ ഉണ്ടായിരുന്നില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ 20 ശതമാനം ഓഹരി അദ്ധ്യാപകന്മാരുടെ ശമ്പളം കഴിച്ചു് മററു സ്കൂളിലുള്ളതായ എല്ലാ ചെലവുകളും നടത്തുന്നതിനുവേണ്ടിയാണ്. അതിൽ ക്ലാർക്കന്മാരുടെ ശമ്പളവുംപെടും.

ശ്രീ. എൻ. ജി. ചാക്കോ : അതനുസരിച്ചു് ക്ലാർക്കന്മാർക്ക് ശരിയായി ശമ്പളം കൊടുക്കുന്നുണ്ടോ എന്നന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല.

ശ്രീ. എൻ. ജി. ചാക്കോ : അന്വേഷിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : യാതൊരു വിധത്തിലുമുള്ള നിയന്ത്രണവും ഇല്ലാതിരിക്കേ പ്രൈവറ്റസ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ കാര്യത്തിൽ ഒരു ശമ്പളസ്കെയിൽ ആരംഭിക്കുന്നതു സംബന്ധിച്ചു് നിബന്ധനകൾ ഉണ്ടാക്കി. അതുതന്നെ വേണ്ട വിധത്തിൽ നടക്കുന്നില്ലെന്നാണ് ആക്ഷേപം. മററുള്ള കാര്യങ്ങളിൽ കടക്കുന്നതിനുമുമ്പായി അതു പൂർത്തിയാക്കുകയാണ് വേണ്ടതു്.

ശ്രീ. എൻ. ജി. ചക്കോ : അതു് ഏതു ദേശം പൂത്തിയായിക്കഴിഞ്ഞാ മററുള്ളടി ചെയ്യുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതേപ്പററി ആലോചിക്കാം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : പി. എസ്സ്. എസ്സ്. സ്കീമിൽ ഉൾപ്പെടാത്ത സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ കാര്യവും ഇതിൽപ്പെടുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അവർ മാനേജരന്മാരോടു് ശമ്പളം വാങ്ങണം.

ടീച്ചേഴ്സ്.

* 165. [3] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈവററു് സെക്കണ്ടറിസ്കൂൾ ടീച്ചേഴ്സിനു മിഡിൾ സ്കൂളിലും ഹൈസ്കൂളിലും ഉള്ള ശമ്പളനിരക്കു് എന്താണു്;

(ബി) ഓരോ വിഭാഗത്തിലുംപെട്ടവർക്കു് അലവൻസിന്റെ നിരക്കു് എന്താണു്;

(സി) ലീവു് സംബന്ധിച്ചു ഗവണ്മെൻറു സ്കൂളിലും പ്രൈവററു സ്കൂളിലും വല്ല വ്യത്യാസവുമുണ്ടോ;

(ഡി) അദ്ധ്യാപികമാരുടെ പ്രസവാവധി സംബന്ധിച്ചു് ഉള്ള വ്യത്യാസം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഹൈസ്കൂളുകളിലെ ഗ്രാഡുവേററു് അദ്ധ്യാപകന്മാർക്കു് 45-150-ം, മിഡിൾ സ്കൂൾ അദ്ധ്യാപകന്മാർക്കു് 30-60-ം ആകുന്നു. 1-4-1955 മുതൽ ഗ്രാഡുവേററു അദ്ധ്യാപകന്മാർക്കു് 50-150-ം മിഡിൾ സ്കൂൾ അദ്ധ്യാപകന്മാർക്കു് 40-80-ം ആക്കി പരിഷ്കരിച്ചിട്ടുണ്ടു്.

(ബി) 15 രൂപയോ, വാങ്ങുന്ന ശമ്പളത്തിന്റെ 15 ശതമാനമോ ഏതാണു് കൂടുതൽ അതായിരുന്നു നിരക്കു്. ഇപ്പോൾ സർക്കാർസ്കൂൾ അദ്ധ്യാപകന്മാരുടെ നിരക്കിൽ അലവൻസു കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടു്.

(സി, ഡി) ലീവു സംബന്ധിച്ചു് ഗവണ്മെൻറുസ്കൂളിലും പ്രൈവററുസ്കൂളിലും വ്യത്യാസങ്ങളുണ്ടു്. അദ്ധ്യാപികമാർക്കു് പ്രസവ അവധി സംബന്ധിച്ചും വ്യത്യാസമുള്ളതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. അതു് ഗവണ്മെൻറു ആലോചിച്ചുകൊണ്ടിരിക്കയാണു്.

ശ്രീ. പി. ഗോപാലൻ : ലീവു സംബന്ധിച്ചുള്ള വ്യത്യാസം എന്താണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഗവണ്മെൻറുസ്കൂൾ അദ്ധ്യാപകന്നു് ടി. എസ്സ്. ആർ. വ്യവസ്ഥകളനുസരിച്ചാണു് ലീവുകൊടുക്കുന്നതു്. 1-7-49-നു ശേഷം സി. എസ്സ്. ആർ. അനുസരിച്ചു് കൊച്ചിയിലെഅദ്ധ്യാപകന്മാർക്കു് ലീവു് കൊടുക്കുന്നുണ്ടു്. പ്രൈവററു് സെക്കണ്ടറി

സ്കൂൾ അദ്ധ്യാപകന്മാർക്ക് പി. എസ്സ്. എസ്സ്. സ്കീം അനുസരിച്ചാണ് അവധി കൊടുക്കുന്നതു്. പി. എസ്സ്. എസ്സ്. സ്കീം അനുസരിച്ച് കൊടുക്കുന്ന അവധി സർക്കാർ സ്കൂളിലുള്ള അവധിയെക്കാൾ കുറവാണ്. ടി. എസ്സ്. ആർ. അനുസരിച്ച് അദ്ധ്യാപികമാർക്ക് 4 മാസത്തെ പ്രസവാവധി ഉണ്ട്. സി. എസ്സ്. ആർ. അനുസരിച്ച് രണ്ടുമാസത്തെ പ്രസവാവധിയേ ഉള്ളു. പി. എസ്സ്. എസ്സ്. സ്കീം അനുസരിച്ച് അദ്ധ്യാപികമാർക്ക് പ്രസവാവധി രണ്ടുമാസം ഉണ്ട്.

ശ്രീ. പി. ഗോപാലൻ : ഗവണ്മെൻറ്സ്കൂൾ അദ്ധ്യാപകന്മാർക്ക് പകുതി ശമ്പളത്തോടുകൂടിയും മുഴുവൻ അല്ലവൻസോടുകൂടിയും സിക്കലീവും, നാലുമാസത്തെ പ്രിവിലേജ്ലീവും അനുവദിക്കുമ്പോൾ പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകന്മാർക്ക് ഒരു മാസത്തെ പ്രിവിലേജ്ലീവുമാത്രമേ കൊടുക്കുന്നുള്ളു. ആ വ്യത്യാസം മാററിയാൽ കൊള്ളാമെന്നുണ്ട്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇന്നത്തെ റൂളുകളനുസരിച്ച് പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകനും സർക്കാർ സ്കൂൾ അദ്ധ്യാപകനും തമ്മിൽ വളരെ വ്യത്യാസമുണ്ട്.

ശ്രീ. എൻ. പരമേശ്വരൻപിള്ള : ശമ്പളപരിഷ്കാരത്തിൽ പാർട്ടൈം അദ്ധ്യാപകർ ഉൾപ്പെടുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ചിലതൊക്കെ വിട്ടുപോയിട്ടുണ്ട്. അങ്ങിനെയുള്ള കാര്യങ്ങളെല്ലാം പരിശോധിച്ച് എല്ലാവിഭാഗത്തിലുമുള്ള ഉദ്യോഗസ്ഥന്മാരുടെ കാര്യത്തിൽ തീരുമാനങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി കൂടിയാണ് പേ കമ്മിഷനെ നിയമിച്ചിട്ടുള്ളതു്.

പഞ്ചവത്സരപദ്ധതിയനുസരിച്ചുള്ള നിർമ്മാണപദ്ധതികൾ.

* 166. [4] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചവത്സരപദ്ധതിയനുസരിച്ചുള്ള നിർമ്മാണപദ്ധതികൾ പരിശോധിക്കുന്നതിനും നേരിട്ടു മനസ്സിലാക്കുന്നതിനും ഈ നിയമസഭയിലെ വിവിധ കക്ഷികളിലെ അംഗങ്ങളെ ഗവണ്മെൻറ്ചെലവിൽ നിയോഗിക്കുന്നതിനു ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ രീതിയിലുള്ള സന്ദർശനപരിപാടികൾ പാർലമെൻറംഗങ്ങളെ സംബന്ധിച്ചിടത്തോളം ഇൻഡ്യാഗവണ്മെൻറ് അംഗീകരിച്ചിട്ടുണ്ടെന്നുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) പഞ്ചവത്സരപദ്ധതിയനുസരിച്ചുള്ള നിർമ്മാണ പദ്ധതികൾ പരിശോധിക്കുന്നതിനും നേരിട്ടു മനസ്സിലാക്കുന്നതിനും ഈ നിയമസഭയിലെ വിവിധ കക്ഷികളിലെ അംഗങ്ങളെ ഗവണ്മെൻറ്ചെലവിൽ നിയോഗിക്കുന്നതിനു ഗവണ്മെൻറ് ഉദ്ദേശിക്കുന്നില്ല.

(ബി) ഈ രീതിയിലുള്ള സന്ദർശനപരിപാടികൾ പാർലമെൻറംഗങ്ങളെ സംബന്ധിച്ചിടത്തോളം ഇൻഡ്യാഗവണ്മെൻറ് അംഗീകരിച്ചിട്ടുണ്ടെന്നുള്ള വിവരം എനിക്ക് അറിവില്ല.

ശ്രീ. ആർ. പ്രകാശം : ഇതു ഈ നിർമ്മാണ പദ്ധതികളെപ്പററി പൊതുജനങ്ങൾക്കു മനസ്സിലാക്കുവാനും അങ്ങിനെ അവക്കു അതിൽ വിശ്വാസം വരുവാനും സഹായകമായിരിക്കുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സഹായകമാണോ എന്നു ആലോചിക്കാം.

ശ്രീ. കെ. സി. ജാർജ് : പാർലമെൻറിൽ ഇങ്ങനെ ഒരു നടപടി സ്വീകരിച്ചിട്ടുള്ളതായി അറിവില്ല എന്നു പറഞ്ഞു. ഞാൻ പറഞ്ഞതാൽ ഗവണ്മെൻറു അതു വിശ്വസിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എൻെറ ബഹുമാനപ്പെട്ട സ്നേഹിതൻ മി. ജാർജ് പാർലമെൻറു മെംബർ ആയിരുന്നു. അദ്ദേഹം പറയുന്നതു് വിശ്വസിക്കാം.

ശ്രീ. പി. വി. അവിരാതരകൻ : പഞ്ചവത്സരപദ്ധതികൾ പരിശോധിക്കാൻ ഏതെങ്കിലും ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടു്. ഡിസ്ട്രിക്ററു കമ്മിററികൾ ഉണ്ടു്; അഡ്വൈസറി കമ്മിററികൾ ഉണ്ടു്. പഞ്ചവത്സര പദ്ധതികൾക്കു പ്രത്യേകം ഉദ്യോഗസ്ഥന്മാരും ഉണ്ടു്.

തൊഴിലില്ലാത്തവരുടെ സംഖ്യ.

* 167. [5] ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തു തൊഴിലില്ലാത്തവരുടെ സംഖ്യ എത്ര;

(ബി) അഭ്യസ്തവിദ്യരായ എത്രപേർ തൊഴിലില്ലാത്തവരായുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ, ബി) തൊഴിലില്ലാത്തവർ എത്രയെന്നും, അതിൽ അഭ്യസ്തവിദ്യരായി എത്രപേർ ഉണ്ടെന്നും കൃത്യമായി കണക്കെടുത്തിട്ടില്ല. ഇതിനെപ്പററി ചില സർവ്വെ നടത്തിയിട്ടുള്ളതിൽ നിന്നും ലഭിച്ച ചില വിവരങ്ങൾ എൻെറ ബഡ്ജററു് പ്രസംഗത്തിൽ ഞാൻ വെളിപ്പെടുത്തിയിട്ടുണ്ടു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ബഡ്ജററപ്രസംഗത്തിൽ ഉള്ളതു എവിടെയെല്ലാം സർവ്വെ നടത്തിയതിൻെറ കണക്കുകളാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നോട്ടീസുകൂടാതെ അതിനെപ്പററി പറയുവാൻ നിവൃത്തിയില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ആരാണു് ഈ സർവ്വെ നടത്തിയതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇവിടത്തെ സ്റ്റാററിസ്റ്റിക്സ് ഡിപ്പാർട്ടുമെന്ററിനിന്നുമാണു് നടത്തിയതു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : അതു് തിരുവനന്തപുരം പട്ടണത്തിലും അടുത്തുള്ള ചില സ്ഥലങ്ങളിലേയും കണക്കുമാത്രമാണെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സുസമ്മതനായ ഒരു ഉദ്യോഗസ്ഥൻ, അതായതു്, ഈ കാര്യത്തിൽ വിദഗ്ദ്ധനായ ഒരു ഉദ്യോഗസ്ഥൻ നടത്തിയ ഒരു സർവ്വേയാണു് ഇതു്. അതു അപര്യാപ്തമാണെന്നു സമ്മതിക്കുന്നതിനു മുൻപു് കുറെക്കൂടി ആലോചിക്കണം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ബഡ്ജറ്റപ്രസംഗത്തിൽ പറഞ്ഞിട്ടുള്ള കണക്കുകൾ ഭാഗികമായി തൊഴിലില്ലാത്ത ആളുകളെ സംബന്ധിച്ചാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പററിയും ഞാൻ അതിൽ സൂചിപ്പിച്ചിട്ടുണ്ടു്.

ശ്രീ. കെ. കരുണാകരൻ : വിപുലമായ തോതിൽ ഒരു സർവ്വെ നടത്താൻ ആലോചിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആലോചിക്കാം.

Shri T. S. Ramaswami : May I know whether the data and statistics collected by the Statistics Department in regard to unemployment will be published?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആദ്യമായി അതു് പബ്ലിഷ് ചെയ്തതു് ഈ ബഡ്ജറ്റ പ്രസംഗത്തിലാണു്. ഇനി പബ്ലിഷ് ചെയ്യുന്ന കാര്യം ആലോചിക്കാം.

Shri T. S. Ramaswami : May I know whether they have collected the data and other statistics?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടു്. അതിലുള്ള ഒരു ഭാഗമാണു് ബഡ്ജറ്റ പ്രസംഗത്തിൽ ഉപയോഗിച്ചതു്.

Shri T. S. Ramaswami : Is it a fact that after the collection of these statistics, some difficulty was experienced in publishing these statistics? Is it true?

Shri Panampilli Govinda Manon : There is no difficulty. In fact, I published a portion of it,

ശ്രീ. പി. ആർ. മാധവൻപിള്ള : തൊഴിലില്ലാത്തവരുടെ സംഖ്യ കുറഞ്ഞുവരികയാണോ, വർദ്ധിച്ചുവരികയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മുൻകൊല്ലത്തെ സ്ഥിതി വിവരക്കണക്കുകൾകൂടി കൈവശമില്ലാതെ കൂടുകയാണോ, കുറയുകയാണോ എന്നു ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

തൊഴിലില്ലായ്മ.

* 168. [6] ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

തൊഴിലില്ലായ്മ പരിഹരിക്കാൻ എന്തു നടപടികൾ ഗവണ്മെൻറു സ്വീകരിക്കുന്നു?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : തൊഴിലില്ലായ്മയ്ക്കു് പരിഹാരമായിട്ടാണു കുടിയേറിപാർപ്പുപദ്ധതി, മണ്ണൊലിപ്പു

നിവാരണപദ്ധതി, ചെറുകിടവ്യവസായപദ്ധതി മുതലായവ ഗവണ്മെന്റ് ആവിഷ്കരിച്ചിട്ടുള്ളതു്. കൂടാതെ മററുചില്ലവ ബഡ്ജററുപ്രസംഗത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ജനങ്ങൾക്കു കൂടുതൽ തൊഴിൽ കൊടുക്കുവാൻ ഉതകുന്ന പദ്ധതികൾക്കു മുൻഗണന നൽകുന്നതാണു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : മണ്ണൊലിപ്പുപദ്ധതിപോലെയുള്ള ചില പദ്ധതികൾ കൊണ്ടു് ഈ നാട്ടിലെ തൊഴിലില്ലായ്മ മാററാമെന്നാണോ ധാരണ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അത്രയ്ക്കു് മാറും.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : എത്രത്തോളം മാറും?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിന്റെ കണക്ക് എടുത്തിട്ടില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഈ രാജ്യത്തു വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്താനുള്ള മാർഗ്ഗങ്ങൾ ഉണ്ടു്. അതിനെ അടിസ്ഥാനമാക്കി വ്യക്തമായ എന്തെങ്കിലും നടപടി തൊഴിലില്ലായ്മയുടെ പരിഹാരത്തിനായി ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പററി ബഡ്ജററു പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : തൊഴിലില്ലായ്മ എത്രത്തോളം പരിഹരിക്കാമെന്നു കണക്കാക്കിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പററി വ്യക്തമായും കൃത്യമായും ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. ആർ. പ്രകാശം : തൊഴിലില്ലായ്മവേതനം നൽകാൻ ഗവണ്മെന്റു ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല.

ശ്രീ. സി. ജി. സദാശിവൻ : ഈ പദ്ധതികൾമൂലം തൊഴിലാളികളിൽ എത്രപേർക്കു തൊഴിൽ കൊടുക്കാമെന്നു് ടാർജററു് അംഗീകരിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇൻഡ്യയിൽ ആകെ എത്ര പേർക്കു് തൊഴിൽ കൊടുക്കാമെന്നുള്ള ഒരു ടാർജററു് സാമാന്യമായി ഉണ്ടാക്കിയിട്ടുണ്ടു്. അതിൽ കൂടുതലായി ഇവിടെ ഒന്നും ഇല്ല.

ശ്രീ. സി. കൊച്ചുകുഞ്ഞു് : ഈ പദ്ധതികൾകൊണ്ടു് എത്ര ആളുകൾക്കു് തൊഴിൽ കിട്ടുമെന്നു് ഒരു കണക്കെടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പദ്ധതികൾ നടപ്പിൽ വന്നാൽ 7500 തൊഴിലാളികൾക്കു് ആദ്യത്തെ കൊല്ലത്തിൽ തൊഴിൽ കൊടുക്കുവാൻ കഴിയുമെന്നുള്ള നിലയിലാണു് അതു് തയാറാക്കിയിട്ടുള്ളതു്.

ശ്രീ. പ്രാക്കുളം ഭാസി: പഞ്ചവത്സരപദ്ധതിയനുസരിച്ച് അടുത്ത കാലത്തിൽ എത്രപേർക്കു ജോലികൊടുക്കാമെന്ന് കണക്കെടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ഒരു കണക്കെടുത്തിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി: പഞ്ചവത്സരപദ്ധതികൾ കൊണ്ട് എത്ര പേർക്ക് തൊഴിൽ ഉണ്ടാക്കിക്കൊടുക്കാൻ സാധിക്കുമെന്നുള്ള ഒരു കണക്ക് എടുക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എടുക്കാം.

ശ്രീ. പ്രാക്കുളം ഭാസി: അതു് എന്നത്തേയ്ക്കു എടുക്കും?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. പ്രാക്കുളം ഭാസി: ഒന്നാമത്തെ പഞ്ചവത്സരപദ്ധതി പൂർത്തിയാകുന്നതിനു മുമ്പ് അതിനെയൊരു കണക്കെടുക്കുവാൻ സാധിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒന്നാമത്തെ പഞ്ചവത്സര പദ്ധതി പൂർത്തിയാകാനു ഇനി പത്തോ പതിനൊന്നോ മാസമേയുള്ളൂ. അതിനിടയിൽ എത്ര പേർക്കു തൊഴിലുണ്ടാക്കിക്കൊടുക്കാൻ സാധിക്കുമെന്നുള്ള ഒരു കണക്കെടുക്കാൻ ശ്രമിക്കുന്നതിനേക്കാൾ, ആ പദ്ധതിയുടെ പ്രവർത്തനം പൂർത്തിയാക്കാൻ ശ്രമിക്കുന്നതാണു നല്ലതു്.

ശ്രീ. പ്രാക്കുളം ഭാസി: പഞ്ചവത്സരപദ്ധതികൊണ്ടു് നമ്മുടെ നാട്ടിൽ എത്ര പേർക്ക് തൊഴിൽ ലഭിക്കുമെന്നു അറിയിക്കേണ്ടതു് ഗവണ്മെൻറിൻെറ കടമയല്ലേ?

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ: അതേ.

ശ്രീ. ടി. പി. സീതാരാമൻ: പഞ്ചവത്സരപദ്ധതികളുടെ പ്രവർത്തനഫലമായി പത്തു കൊല്ലംകൊണ്ടു് ഇൻഡ്യയിലെ തൊഴിലില്ലായ്മപരിഹരിക്കാൻ സാധിച്ചേയ്ക്കുമെന്ന് ഇൻഡ്യൻ പ്രധാനമന്ത്രിയും പ്രസിഡൻറും പ്രസ്താവിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിയാം.

ശ്രീ. ടി. പി. സീതാരാമൻ: ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ ഈ ഗവണ്മെൻറിനു സഹായകമായ എന്തെങ്കിലും കാര്യങ്ങൾ ചെയ്യുന്നതിനു് കേന്ദ്രഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ സഭയിൽ തന്നെ എല്ലാ ഭാഗത്തുനിന്നും പ്രത്യേകിച്ചും എതിർപക്ഷത്തുനിന്നും കൂടെക്കൂടെ നാട്ടിലെ തൊഴിലില്ലായ്മയെപ്പററി പറയുന്നുണ്ടു്. ഇവിടത്തെ കടുത്ത തൊഴിലില്ലായ്മയ്ക്കു നിവാരണമാർഗ്ഗം ഉണ്ടാക്കുന്ന കാര്യം രണ്ടാമത്തെ പഞ്ചവത്സര പദ്ധതി സംവിധാനം ചെയ്യുമ്പോൾ അതിൻെറ ശ്രദ്ധയിൽപ്പെടണമെന്നാണുദ്ദേശം.

ശ്രീ. കെ. സി. ജാർജ്ജ്: തിരുവിതാംകൂർ-കൊച്ചിയിൽ ജനസംഖ്യ കൂടുതൽ ഉള്ളതുകൊണ്ടും, വിദ്യാഭ്യാസം കൂടുതൽ ഉള്ളതുകൊണ്ടും തൊഴി

ലില്ലായ്മ വദ്ധിച്ചുവരുന്നതുകൊണ്ടും, ഇതിന്ന് ഒരു പ്രത്യേക പരിഗണന വേണമെന്ന് ഇൻഡ്യാഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ട്. അക്കാര്യം ബഡ്ജററ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്.

ശ്രീ. സി. ജി. സദാശിവൻ: തൊഴിലില്ലായ്മയെ സംബന്ധിച്ച് ഒരു ശരിയായ സർവെ നടത്താതെ വെറും ഊഹാപോഹങ്ങൾ അടിസ്ഥാനമാക്കിയാണോ പദ്ധതി തയ്യാറാക്കുന്നത്?

(ഉത്തരമില്ല)

UNICEF പദ്ധതിപ്രകാരം പാലും അരിയും വിതരണം.

* 169. [7] ശ്രീ. പി. കുഞ്ഞൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) UNICEF പദ്ധതിപ്രകാരം ഗവണ്മെൻറുദ്യോഗസ്ഥന്മാർ സ്വന്തമായി നടത്തുന്ന എത്ര സ്ഥാപനങ്ങൾക്ക് പാലും അരിയും വിതരണം ചെയ്തുവരുന്നുണ്ട്;

(ബി) അങ്ങിനെ സ്വന്തബിസിനസ് നടത്തുന്നതിന്ന് ഗവണ്മെൻറു ജീവനക്കാർക്ക് അനുമതി നൽകിയിട്ടുണ്ടോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹീം):

(എ) അങ്ങനെയുള്ള സ്ഥാപനങ്ങൾമുഖേന വിതരണംനടത്തുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. പി. സീതാരാമൻ: ഏതെങ്കിലും വ്യക്തികൾക്ക് വിതരണം ചെയ്തിട്ടുണ്ടോ?

ശ്രീ. എ. എ. റഹീം: ചെയ്തിട്ടില്ല.

ശ്രീ. ടി. പി. സീതാരാമൻ: അരിവിതരണം വ്യക്തികൾക്ക് കൊടുത്തിട്ടില്ലേ?

ശ്രീ. എ. എ. റഹീം: വ്യക്തികൾക്ക് കൊടുത്തിട്ടില്ല.

ശ്രീ. ടി. പി. സീതാരാമൻ: സ്ഥാപനങ്ങൾക്കു കൊടുക്കുന്നുണ്ടോ?

ശ്രീ. എ. എ. റഹീം: കൊടുക്കുന്നുണ്ട്.

ശ്രീ. ടി. പി. സീതാരാമൻ: ഏതെല്ലാം സ്ഥാപനങ്ങൾക്കാണെന്നു പറയാമോ?

ശ്രീ. എ. എ. റഹീം: സ്കൂളുകൾ, പഞ്ചായത്തുകൾ എന്നിവ മുഖാന്തിരം അതാതു സ്ഥലത്തുള്ള കുട്ടികൾക്കും ഗർഭിണികൾക്കും വിതരണം ചെയ്യുന്നുണ്ട്. അല്ലാതെ സാമൂഹ്യസേവനം ചെയ്യുന്ന മററു സ്ഥാപനങ്ങൾക്കും കൊടുക്കുന്നുണ്ട്.

ശ്രീ. ടി. പി. സീതാരാമൻ: ഓരോ ഡിസ്ട്രിക്ററിലും എത്ര സ്ഥാപനങ്ങൾക്കാണ് വിതരണം ചെയ്യുന്നത്?

ശ്രീ. എ. എ. റഹീം :

	അരി	പാൽ
തിരുവനന്തപുരത്ത്	99	109
കൊല്ലത്ത്	117	128
കോട്ടയം	30	37
തൃശ്ശൂർ	104	50

ഇത്രയും സ്ഥാപനങ്ങളിൽ നൽകുന്നുണ്ട്.

ശ്രീ. തലേക്കര കെ. കൃഷ്ണൻ : ഈ സ്ഥാപനങ്ങൾ തിരഞ്ഞെടുത്ത മാനദണ്ഡം എന്താണ്?

ശ്രീ. എ. എ. റഹീം : ക്ഷാമബാധിതപ്രദേശങ്ങളിലും, ആരോഗ്യം കുറവുള്ള സ്ഥലങ്ങളിലും ആണ് നൽകുന്നത്. ട്രൈബൽ ഏരിയായിലാണ് അധികം നൽകുന്നത്.

ശ്രീ. പി. ആർ. മാധവൻപിള്ള : പാൽവിതരണത്തെപ്പററി പരാതി ലഭിച്ചിട്ടുണ്ടോ ?

ശ്രീ. എ. എ. റഹീം : പരാതിയൊന്നും ലഭിച്ചിട്ടില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണോ പാൽ വിതരണം നടത്തുന്നത് ?

ശ്രീ. എ. എ. റഹീം : പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ വഴിയാണ്.

ശ്രീ. പി. നാരായണൻ പോററി : യൂണിസെഫിൽ നിന്നും വിതരണംചെയ്യാൻ നിയുക്തനായ ഉദ്യോഗസ്ഥൻ അരി മോഷ്ടിച്ചതായി പരാതി കിട്ടിയിട്ടുണ്ടോ ?

ശ്രീ. എ. എ. റഹീം : ഉണ്ട്.

ശ്രീ. പി. നാരായണൻ പോററി: എത്ര ചാക്ക് അരി മോഷ്ടിച്ചു? അതിന്മേൽ എന്തു നടപടി നടത്തി?

ശ്രീ. എ. എ. റഹീം : അത് ഇപ്പോൾ അന്വേഷണത്തിലിരിക്കുകയാണ്.

ശ്രീ. പി. നാരായണൻ പോററി : ആ ഉദ്യോഗസ്ഥൻ ഇപ്പോഴും സർവ്വീസിലിരിക്കുകയാണോ ?

ശ്രീ. എ. എ. റഹീം : നോട്ടീസ് വേണം.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : അരികൊടുത്താൽ അത് കഞ്ഞിയാക്കി കൊടുക്കുന്നതിനു ആവശ്യപ്പെടുന്ന തുകകൂടി അനുവദിക്കുന്നുണ്ടോ ?

ശ്രീ. എ. എ. റഹീം : ഇല്ല.

ശ്രീ. പി. വി. അവിരാത്തരകൻ : സ്കൂളുകളിൽ അരിവിതരണം നടത്തുന്നത് ആരാണ്?

ശ്രീ. എ. എ. റഹീം : ഹെഡ്മാസ്റ്റർമാരാണ്.

ശ്രീ. പി. വി. അവിരാത്തരകൻ: പ്രൈവററ് സ്കൂളുകളിൽ ആരാണ് ?

ശ്രീ. എ. എ. റഹീം: അതും ഹെഡ്മാസ്റ്റർമാരാണ്.

ശ്രീ. പി. വി. അവ്രാത്തരകൻ: മാനേജരന്മാരാണെന്ന് ഇതിനു മുൻപു പറഞ്ഞിട്ടുള്ളതായി അറിയാമോ?

ശ്രീ. എ. എ. റഹീം: അങ്ങനെ പറഞ്ഞിട്ടുണ്ടോ എന്ന് അറിഞ്ഞുകൂടാ.

ശ്രീ. സി. എ. മാത്യു: ഇവിടെ വായിച്ച ലിസ്റ്റിൽ കോട്ടയം ഡിസ്ട്രിക്റ്റിലെ വിതരണം കുറവാണെന്നു കണ്ടു. അതിനു കാരണമെന്താണ്?

ശ്രീ. എ. എ. റഹീം: അവിടെ ക്ഷാമം കുറവായതുകൊണ്ടായിരിക്കാം.

ശ്രീ. സി. എ. മാത്യു: അതിനെ സംബന്ധിച്ച് സ്ഥിതിവിവരക്കണക്കെടുത്തിട്ടുണ്ടോ?

ശ്രീ. എ. എ. റഹീം: പ്രത്യേകം കണക്കെടുത്തിട്ടില്ല.

ശ്രീ. എൻ. പരമേശ്വരൻപിള്ള: ഓരോ സ്ഥലങ്ങളിലും നൽകുന്ന സാധനങ്ങളുടെ ക്വാണ്ടിററി എത്രയാണെന്നു പറയാമോ?

ശ്രീ. എ. എ. റഹീം: അതിനെപ്പററി വിശദവിവരങ്ങൾ അടങ്ങിയ ലിസ്റ്റ് കൈവശമുണ്ട്, അതു നോക്കിയാൽ അറിയാം.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: സാമൂഹ്യസംഘടനകളുടെ ശുപാർശ അനുസരിച്ചാണോ വിതരണം നടത്തുന്നത്?

ശ്രീ. എ. എ. റഹീം: അപേക്ഷകൾ ലഭിച്ചാൽ അത് പബ്ലിക്ക് ഹെൽത്ത് ആഫീസിൽ അയച്ചുകൊടുക്കും. അവരുടെ ശുപാർശയനുസരിച്ചു ചെയ്യും.

ശ്രീ. എൻ. നാരായണക്കുറുപ്പ്: കുട്ടനാട്ടിൽ തകഴി പഞ്ചായത്തിലേക്ക് പാൽ വിതരണം ചെയ്യാൻ ഏർപ്പാടു ചെയ്യാമോ?

ശ്രീ. എ. എ. റഹീം: ആവശ്യപ്പെടുകയാണെങ്കിൽ ചെയ്യാം.

ശ്രീ. പി. കെ. കുഞ്ഞു: കോസ്റ്റൽ ഏരിയായിലാണ് അധികമായി വിതരണം ചെയ്യുന്നതെന്നു പറഞ്ഞു. കോട്ടയം ഡിസ്ട്രിക്റ്റിൽ കോസ്റ്റൽ ഏരിയാ ഉണ്ടോ?

ശ്രീ. എ. എ. റഹീം: കോട്ടയം ഡിസ്ട്രിക്റ്റിൽ കോസ്റ്റൽ ഏരിയാ ഇല്ല.

എലക്ട്രിസിററി എക്സ്റ്റൻഷൻ.

* 170. [8] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) മനിസിപ്പൽ അതിർത്തികളിൽ എലക്ട്രിസിററി എക്സ്റ്റൻഷൻ നൽകുന്നതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ആര്;

(ബി) ഇരിഞ്ഞാലക്കുട മുനിസിപ്പൽ അതിർത്തിക്കുള്ളിൽ എക്സ്റ്റൻഷൻ ലഭിക്കുന്നതിനുള്ള വിഷമതകളെ സംബന്ധിച്ച് ഗവണ്മെൻറിലേയ്ക്ക് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(സി) പരാതികളുടെ സ്വഭാവം എന്താണ് ?

മരാമത്തുവകുപ്പ് മന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ :

(എ) ആയിരം രൂപാവരെ ചെലവുവരുന്ന എക്സ്റ്റൻഷൻ അനുവദിക്കുന്നത്, ഡിവിഷൻ ആഫീസറും, 25,000 രൂപാവരെ ചെലവു വരുന്നതു സൂപ്രണ്ടിംഗ് എൻജിനീയരും, ഒരു ലക്ഷം രൂപാവരെ ചെലവു വരുന്നതു് ചീഫ് എൻജിനീയരും, അതിൽ കൂടുതൽ ചെലവു വരുന്നതു ഗവണ്മെൻറും ആണ്.

(ബി) എക്സ്റ്റൻഷൻ ലഭിക്കുന്നതിനുള്ള വിഷമതകളെപ്പററി പരാതി കിട്ടിയിട്ടില്ല. കണക്ഷൻ കൊടുക്കുന്നതിന് കാലതാമസമുണ്ടെന്നു പരാതി കിട്ടിയിട്ടുണ്ട്.

(സി) കണക്ഷൻ നൽകുന്നതിനു ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻെറ പേരിലാണു മുഖ്യമായ പരാതി.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : കണക്ഷൻ ആവശ്യമുള്ള പാർട്ടിയുടെ പക്കൽ നിന്നും, മുൻകൂറായി പണം വാങ്ങിച്ചിട്ടുണ്ടെന്നു പരാതിയുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : ഉണ്ട്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : അതിനെപ്പററി അന്വേഷണം നടത്തിയിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : അന്വേഷണം നടത്തിയതിൽ കുററം ചെയ്തിട്ടില്ല എന്നാണറിഞ്ഞതു്.

ശ്രീ. സി. എ. മാത്യു : ആലുവാ എലക്ട്രിസിററി എക്സ്റ്റൻഷൻ സംബന്ധിച്ച വല്ല പരാതിയും കിട്ടിയിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : കിട്ടിയിട്ടുണ്ട്.

ശ്രീ. ടി. ഒ. ബാവാ : ആലുവായിൽ ഒന്നരക്കൊല്ലം മുൻപ് വയറിംഗ് നടത്തിയിട്ടും ഇതുവരെ കണക്ഷൻ കിട്ടിയിട്ടില്ലെന്നറിയാമോ ?

ശ്രീ. കെ. ഐ. വേലായുധൻ : ചില സ്ഥലങ്ങളിൽ സാദ്ധ്യമല്ലാതെ വന്നിട്ടുണ്ട്.

ശ്രീ. ടി. ഒ. ബാവാ : ഒന്നരക്കൊല്ലത്തിനു മുൻപു വാങ്ങിയ സാധനങ്ങൾ തുരുമ്പുപിടിച്ചു പോകുന്നതായി അറിയാമോ ?

ശ്രീ. കെ. ഐ. വേലായുധൻ : തുരുമ്പു പിടിച്ചിട്ടുള്ളതായി അറിവില്ല. കണക്ഷൻ കൊടുത്തിട്ടില്ലെന്നറിയാം.

ശ്രീ. ടി. ഒ. ബാവാ : അതു മൂലം പാർട്ടികൾക്ക് നഷ്ടം വന്നിട്ടുള്ളതായി അറിയാമോ ?

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങനെ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. ടി. ഒ. ബാവാ : കഴിയുന്നതും വേഗം ഈതിനു പരിഹാരം ഉണ്ടാക്കുമോ ?

ശ്രീ. കെ. ഐ. വേലായുധൻ : ശ്രമിക്കാം.

ശ്രീ. എൻ. നാരായണക്കുറുപ്പ് : തകഴി പഞ്ചായത്തിൽ ഒരു കൊല്ലമായിട്ടും കണക്ഷൻ കിട്ടിയിട്ടില്ലെന്നറിയാമോ ?

ശ്രീ. കെ. ഐ. വേലായുധൻ : അറിവില്ല.

ശ്രീ. എൻ. നാരായണക്കുറുപ്പ് : ഞാൻ പറഞ്ഞാൽ വിശ്വസിക്കുമോ ?

ശ്രീ. കെ. ഐ. വേലായുധൻ : വിശ്വസിക്കാം.

ശ്രീ. എൻ. നാരായണക്കുറുപ്പ് : അതിനു വേണ്ട നടപടി നടത്തുമോ ?

ശ്രീ. കെ. ഐ. വേലായുധൻ : ആവശ്യമായ നടപടി നടത്താം.

ശ്രീ. പ്രാക്കുളം ഭാസി : ഈ ബഡ്ജററവർഷത്തിൽ അനുവദിച്ച സ്ഥലങ്ങളിൽ കണക്ഷൻ പൂർത്തിയാക്കാൻ ഉദ്ദേശ്യം കാണിക്കുമോ ?

ശ്രീ. കെ. ഐ. വേലായുധൻ : കഴിയുന്നതും ഉദ്ദേശ്യം പ്രദർശിപ്പിക്കാം.

ശ്രീ. പി. എസ്. വാസുദേവൻപിള്ള : പല സ്ഥലത്തും വയറിംഗ് നടത്തിയിട്ടും കണക്ഷൻ നൽകിയിട്ടില്ലെന്നറിയാമോ ?

ശ്രീ. കെ. ഐ. വേലായുധൻ : ചില സ്ഥലങ്ങളിൽ കണക്ഷൻ കൊടുക്കാതെ വന്നിട്ടുണ്ട്.

ശ്രീ. പി. എസ്. വാസുദേവൻപിള്ള : എർത്തുവയർ ഇല്ലാത്തതു കൊണ്ടാണോ ?

ശ്രീ. കെ. ഐ. വേലായുധൻ : ചില സ്ഥലത്തു എർത്തുവയർ ഇല്ലാത്തതുകൊണ്ടാണു കണക്ഷൻ നൽകാൻ സാധിക്കാത്തതു്.

ശ്രീ. പി. എസ്. വാസുദേവൻ പിള്ള : റാന്നി, പത്തനംതിട്ട എന്നീ സ്ഥലങ്ങളിൽ വയറിംഗ് കഴിഞ്ഞിട്ടും എർത്തുവയർ ഇല്ലാത്തതു കൊണ്ടു് കണക്ഷൻ കൊടുക്കാതിരുന്നിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : അതിനെപ്പററി അറിവില്ല.

ശ്രീ. സി. ജി. സദാശിവൻ : കണക്ഷൻ സംബന്ധിച്ചു ലൈനിൽ നിന്നും മുറിക്കുന്ന വൃക്ഷങ്ങൾക്കു വില നൽകാറുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : വില കൊടുക്കാറുണ്ടു്.

ശ്രീ. സി. ജി. സദാശിവൻ : തുറവൂർ കരിനിലങ്ങൾക്കു കുറുകെ കൊടുത്തപ്പോൾ, രാഷ്ട്രീയപരിഗണനകൾവച്ചു വൃക്ഷങ്ങൾ മുറിച്ചിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : അറിഞ്ഞുകൂടാ.

ശ്രീ. സി. ജി. സദാശിവൻ : അങ്ങനെ മുറിക്കപ്പെട്ട വൃക്ഷങ്ങൾക്കു വില കൊടുത്തില്ലെന്നറിയാമോ ?

ശ്രീ. കെ. ഐ. വേലായുധൻ : അതിനെപ്പററി അറിവില്ല.

ശ്രീ. സി. ജി. സദാശിവൻ : ഈ സഭയിലെ ഒരംഗമായ ശ്രീ. പി. വി. അപ്പിരാത്തരപ്പൻ. ഇങ്ങനെ മുറിക്കപ്പെട്ട വൃക്ഷങ്ങൾക്ക് വില കെട്ടിത്തിട്ടില്ലെന്ന പരാതിയില്ലേ ?

ശ്രീ. കെ. ഐ. വേലായുധൻ : രാഷ്ട്രീയ കാരണങ്ങളാൽ മുറിച്ചതായി പരാതിയില്ല.

ശ്രീ. കെ. സി. ജാർജ്ജ് ; ഈ പറഞ്ഞതു് ഒരു പരാതിയായി വക വയ്ക്കാമോ ?

ശ്രീ. കെ. ഐ. വേലായുധൻ : പരാതിയായി കണക്കാക്കാം. ഈ വിവരം ഇന്നലെയാണു ശ്രീ. തരകൻ എന്നോടു പറഞ്ഞതു്.

ശ്രീ. കെ. എ. ശിവരാമഭാരതി : കൃഷിയാവശ്യത്തിനായി ഇല ക്ട്രിസിററി നൽകുന്ന കാര്യത്തിൽ മുൻഗണന നൽകുമോ ?

ശ്രീ. കെ. ഐ. വേലായുധൻ : ഇല ക്ട്രിസിററി ലഭിക്കുന്നതനുസരിച്ചു മുൻഗണന നൽകാവുന്നതാണു്.

ശ്രീ. ടി. പി. സീതാരാമൻ : തേക്കിൻ കുഴമ്പ് കിട്ടുന്നില്ലെന്ന പരാതിയുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : പരാതിയുള്ളതായി അറിവില്ല.

ശ്രീ. ടി. പി. സീതാരാമൻ : അന്വേഷിക്കുമോ ?

ശ്രീ. കെ. ഐ. വേലായുധൻ : അന്വേഷിക്കാം.

ശ്രീ. പി. എസ്. നടരാജപിള്ള : പവ്വർ അവൈലബിൾ അല്ലാത്തതുകൊണ്ടാണോ ഡിപ്പാർട്ടുമെൻറിലെ താമസം കൊണ്ടാണോ കണക്ഷൻ നൽകാത്തതു് ?

ശ്രീ. കെ. ഐ. വേലായുധൻ : പല കാര്യവുമുണ്ടു്. പവ്വർ കുറവായതും, പോൾ ഇല്ലാത്തതും, മററു മെററീരിയൽസ് ഇല്ലാത്തതും കണക്ഷൻ നൽകാൻ താമസത്തിനു കാരണമാണു്.

ശ്രീ. പി. എസ്. നടരാജപിള്ള : പവ്വർ ലഭിക്കുന്നതെന്നാണു് ഗവണ്മെൻറിൻെറ ധാരണ ?

ശ്രീ. കെ. ഐ. വേലായുധൻ : അല്ല.

ശ്രീ. പി. എസ്. നടരാജപിള്ള : അടുത്ത വല്ലത്തേക്കു് എത്ര പവ്വർ അവൈലബിളായിരിക്കും ?

ശ്രീ. കെ. ഐ. വേലായുധൻ : നോട്ടീസ് വേണം.

ശ്രീ. എം. വി. ചെറിയാൻ : വികസനപദ്ധതികൾക്കുവേണ്ടി കൂടുതൽ കറൻറു കൊടുക്കാത്തതിൻെറ കാരണമെന്തു് ?

ശ്രീ. കെ. ഐ. വേലായുധൻ : മുൻപു പറഞ്ഞ കാരണങ്ങൾ കൊണ്ടുതന്നെ.

ശ്രീ. എം. വി. ചെറിയാൻ : വികസനപദ്ധതികൾക്കു് എലക്ട്രിസിററി കൂടുതലായി അനുവദിക്കുമോ ?

ശ്രീ. കെ. ഐ. വേലായുധൻ : ആലോചിക്കാം.

ശ്രീ. പി. നാരായണൻ പോററി : ട്രാൻസ്ഫാർമർകൾ മാററം ത്തതുകൊണ്ടല്ലേ വെളിച്ചം മങ്ങിപ്പോകുന്നതു്?

ശ്രീ. കെ. ഐ. വേലായുധൻ : അറിവില്ല.

ഡിസ്പെൻസറികൾ.

* 171. [9] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) അടുത്ത സാമ്പത്തിക വർഷത്തിൽ പുതുതായി എത്ര ഡിസ്പെൻസറികൾ ഗവണ്മെൻറു തുറക്കുവാൻ ഉദ്ദേശിക്കുന്നുണ്ടു്;

(ബി) അതു് എവിടെയെല്ലാം;

(സി) ഒന്നു് ഇരിഞ്ഞാലക്കുട നിയോജകമണ്ഡലത്തിൽപ്പെട്ട പൊയ്യ എന്ന സ്ഥലത്തു് സ്ഥാപിക്കുവാൻ ദയവുണ്ടാകുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം)

(എ). പത്തു ഡിസ്പെൻസറികൾ അടുത്ത സാമ്പത്തിക വർഷത്തിൽ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

(ബി) എവിടെയെല്ലാമാണെന്നു നിശ്ചയിച്ചിട്ടില്ല.

(സി) ഈ ചോദ്യത്തെപ്പററി ആലോചിക്കാം.

ശ്രീ. എൻ. ജി. ചാക്കോ : ഇതിനുവേണ്ടി ഒരു കമ്മിററിയെ ഉണ്ടാക്കിയിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം : ഉണ്ടു്.

ശ്രീ. എൻ. ജി. ചാക്കോ : കമ്മിററിയിൽ എത്ര അംഗങ്ങൾ ഉണ്ടു്?

ശ്രീ. എ. എ. റഹിം : ഏഴംഗങ്ങൾ ഉണ്ടു്.

ശ്രീ. എൻ. ജി. ചാക്കോ : കമ്മിററിയുടെ കാലാവധി എന്താണു്?

ശ്രീ. എ. എ. റഹിം : മൂന്നുമാസക്കാലത്തേയ്ക്കാണു്.

ശ്രീ. എൻ. ജി. ചാക്കോ : ഈ കമ്മിററിയാണോ, ഈ സംസ്ഥാനത്തേക്കാവശ്യമുള്ള ആശുപത്രികൾ എവിടെയെല്ലാം സ്ഥാപിക്കണമെന്നു തീരുമാനിക്കുന്നതു്?

ശ്രീ. എ. എ. റഹിം : അടുത്ത പഞ്ചവത്സരപദ്ധതിപ്രകാരം എത്ര ആശുപത്രി എവിടെയെല്ലാം സ്ഥാപിക്കണമെന്നു തീരുമാനിക്കുകയാണു്, ആ കമ്മിററിയുടെ ജോലി.

ശ്രീ. എൻ. ജി ചാക്കോ : ആ കമ്മിററി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം : ആരംഭിച്ചിട്ടുണ്ടു്.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : കടനാട്ടു് ഒരു ആശുപത്രി സ്ഥാപിക്കാൻ പി. എസ്. പി. ഗവണ്മെൻറു് തീരുമാനിച്ചിരുന്നതായി അറിയാമോ?

ശ്രീ. എ. എ. റഹീം : അങ്ങനെ ഗ്രാ. എസ്. പി. ഗവണ്മെൻറ് തീരുമാനിച്ചിട്ടുണ്ടോ എന്നറിവില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ടു : അതിനെപ്പററി അന്വേഷിക്കുമോ?

ശ്രീ. എ. എ. റഹിം : അന്വേഷിക്കാം.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : അങ്ങനെയുണ്ടെങ്കിൽ അതിന്മേൽ വേണ്ട നടപടി നടത്തുമോ?

ശ്രീ. എ. എ. റഹിം : അന്വേഷിച്ചുകഴിഞ്ഞിട്ടു പറയാം.

ശ്രീ. സി. എ. മാത്യു : രണ്ടാമത്തെ പഞ്ചവത്സരപദ്ധതിയനുസരിച്ചു എവിടെയെല്ലാം ആശുപത്രികൾ സ്ഥാപിക്കണമെന്നു തീരുമാനിച്ചിട്ടുണ്ട്?

ശ്രീ. എ. എ. റഹിം : തീരുമാനിച്ചുകഴിഞ്ഞിട്ടില്ല.

ശ്രീ. സി. എ. മാത്യു : എന്തു മാനദണ്ഡമാണ് ഈ ആശുപത്രികൾ സ്ഥാപിക്കുന്നതിനു സ്വീകരിക്കുന്നത്?

ശ്രീ. എ. എ. റഹിം : ഇതിനു മുൻപു അംഗീകരിച്ചപോലെ തന്നെ. സ്ഥലവും, കെട്ടിടങ്ങളും, സാമഗ്രികളും കൊടുക്കണം.

ശ്രീ. പ്രാക്കുളം ഭാസി : അങ്ങനെയല്ലാതെ മുൻഗവണ്മെൻറ് ആശുപത്രി അനുവദിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. എ. എ. റഹിം: അറിഞ്ഞുകൂടെ നോക്കി പറയാം.

ശ്രീ. പി. രവീന്ദ്രൻ : പാരിപ്പള്ളി എന്ന സ്ഥലത്ത് ഒരു ആശുപത്രി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. എ. റഹിം : ഉണ്ട്.

ശ്രീ. പി. രവീന്ദ്രൻ : ഇതിനകം എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്?

ശ്രീ. എ. എ. റഹിം : അടുത്ത ബഡ്ജററവർഷത്തിൽ അതിനു വേണ്ട തുക കൊള്ളിച്ചിട്ടുണ്ട്.

ശ്രീ. സി. എ. മാത്യു : ആയുർവ്വേദാശുപത്രി ഉൾപ്പെടെയാണോ പത്തു ഡിസ്പെൻസറികൾ സ്ഥാപിക്കുന്നത്?

ശ്രീ. എ. എ. റഹിം : അല്ല.

ശ്രീ. ടി. വി. ദിവാകരൻ : ആശുപത്രികളും ഡിസ്പെൻസറികളും മുൻ ഗവണ്മെൻറ് തീരുമാനിച്ചിട്ടുള്ള സ്ഥലങ്ങളിലെല്ലാം സ്ഥാപിക്കാനാണോ ഈ ഗവണ്മെൻറും തീരുമാനിക്കുന്നത്?

ശ്രീ. എ. എ. റഹിം : ഏതു സ്ഥലത്തെല്ലാം ആവശ്യമുണ്ടെന്നു ഗവണ്മെൻറിനു ബോദ്ധ്യപ്പെടുന്നു.

ശ്രീ ടി. വി. ദിവാകരൻ : മുൻഗവണ്മെൻറ് ഏതെങ്കിലും സ്ഥലത്തു സ്ഥാപിക്കാൻ ഉറപ്പു നൽകിയിട്ടുണ്ടെങ്കിൽ അവിടെ സ്ഥാപിക്കുമോ?

ശ്രീ. പന്മ്പിള്ളി ഗോവിന്ദമേനോൻ : മുൻ ഗവണ്മെൻറു ചെയ്തിട്ടുള്ള ആർഡറിനെ മാനിച്ചുകൊണ്ടു മാത്രമെ ഈ ഗവണ്മെൻറ് മുന്നോട്ടു പോകുകയുള്ളൂ. മുൻ ഗവണ്മെൻറ് ഉറപ്പു പറഞ്ഞിട്ടുണ്ട് എന്നു പറഞ്ഞാൽ അതു് ഗവണ്മെൻറ് ആർഡർ ആയിരിക്കണം. അല്ലാതെ വാക്കാൽ മാത്രമെ ആ ഉറപ്പു മുഖ്യമന്ത്രി നൽകിയിട്ടുള്ളുവെങ്കിൽ അതു് ആർഡറായി പരിഗണിക്കുന്നതല്ല.

ശ്രീ. പി. കെ. യശോധരൻ : കമ്മിററിയുടെ ശുപാർശയനുസരിച്ച് ആരംഭിക്കുന്ന പത്തു ഡിസ്പെൻസറികളിൽ ആയുർവ്വേദഡിസ്പെൻസറികളും ഉൾപ്പെടുമോ?

ശ്രീ. എ. എ. റഹീം : ഇല്ലെന്നാണറിയുന്നതു്.

ശ്രീ. ടി. പി. സീതാരാമൻ : എല്ലാ ഡിസ്ട്രിക്ററിലും ആശുപത്രികൾ തുടങ്ങുമോ?

ശ്രീ. എ. എ. റഹിം : ആവശ്യം അനുസരിച്ചാണു് തുടങ്ങുക. ജനസംഖ്യ, ആരോഗ്യസ്ഥിതി തുടങ്ങി ഒരു ആശുപത്രിയുടെ ആവശ്യത്തിനുള്ള സാഹചര്യങ്ങൾ നോക്കിയും സാമ്പത്തിക നിലയനുസരിച്ചും ആയിരിക്കും ആശുപത്രികൾ സ്ഥാപിക്കുക.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : സംസ്ഥാനത്തു ആയുർവ്വേദഡിസ്പെൻസറികൾ എത്രയുണ്ടു്?

ശ്രീ. എ. എ. റഹിം : പ്രത്യേകം ചോദ്യം ചോദിച്ചാൽ പറയാം.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ആയുർവ്വേദ ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതിനും മററും ഒരു പ്രത്യേക കമ്മിററിയെ നിയമിക്കുമോ?

ശ്രീ. എ. എ. റഹിം : ആലോചിക്കാം.

ശ്രീ. പി. രവീന്ദ്രൻ : സ്ഥലവും കെട്ടിടവും തൽക്കാലം വാടകയ്ക്കു് എടുത്തു് പാരിപ്പള്ളിയിൽ ഒരു ആശുപത്രി തുടങ്ങാൻ അനുവാദം നൽകുമോ?

ശ്രീ. എ. എ. റഹിം : പ്രത്യേക പരിതഃസ്ഥിതിയിൽ അതിനെപ്പററി ആലോചിക്കുന്നതാണു്.

ശ്രീ. ജെ. എ. ഭട്ട് : കമ്മിററിയുടെ പ്രവർത്തനം മൂന്നുമാസക്കാലം കൊണ്ടു് അവസാനിക്കുമോ?

ശ്രീ. എ. എ. റഹിം : എല്ലാ ഡിസ്ട്രിക്ററിലും സഞ്ചരിച്ചു് അന്വേഷണം നടത്തിയിട്ടുവേണം ഒരു തീരുമാനമെടുക്കാൻ.

ശ്രീ. കെ. എം. ചാക്കൊ : എല്ലാ ആശുപത്രികളിലും വേണ്ടിടത്തോളം സ്റ്റാഫുണ്ടോ?

ശ്രീ. എ. എ. റഹിം : വേണ്ടിടത്തോളമില്ല.

ശ്രീ. കെ. എം. ചാക്കൊ : ആവശ്യമുള്ള മെഡിക്കൽ ആഫീസറന്മാരുണ്ടോ?

ശ്രീ. എ. എ. റഹിം : എല്ലാ ആശുപത്രികളിലും ഡാക്ററർമാരുണ്ടു്.

സ്റ്റേഷൻ ഇൻസ്പെക്ടറന്മാർ.

* 172. [10] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറവർക്സ്ഡിപ്പാർട്ടുമെൻറിൽ ഒരു ദിവസം ഉച്ച മുതൽ പ്രറേ ദിവസം ഉച്ചവരെ (noon to noon basis) ജോലി ചെയ്യുന്ന സ്റ്റേഷൻ ഇൻസ്പെക്ററന്മാർ, വാച്ചറന്മാർ തുടങ്ങിയവർ തുടർച്ചയായി 24 മണിക്കൂർ ജോലി ചെയ്യേണ്ടിവരുന്നുണ്ടോ ;

(ബി) രണ്ടു ദിവസത്തെ സാധാരണ ജോലി സമയമായ 16 മണിക്കൂർ കഴിച്ചുള്ള സമയത്ത് ഇവർ ചെയ്യുന്ന ജോലികൾക്ക് എന്തെങ്കിലും പ്രത്യേക ശമ്പളം നൽകാറുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണ് ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) തുടർച്ചയായി 24 മണിക്കൂർ ജോലി ചെയ്യണമെന്ന വ്യവസ്ഥയില്ല.

(ബി & സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഒരു ദിവസം ഉച്ച മുതൽ പ്രറേ ദിവസം ഉച്ചവരെ (noon to noon) ബേസിസിൽ തുടർച്ചയായി സ്റ്റേഷൻ ഇൻസ്പെക്ററന്മാരും വാച്ചറന്മാരും ജോലി ചെയ്യുന്നില്ലെന്നാണോ പറയുന്നത്.

ശ്രീ. കെ. ഐ. വേലായുധൻ : അതേ.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഈ സ്റ്റേഷൻഇൻസ്പെക്ററന്മാരും വാച്ചറന്മാരും അവരുടെ ജോലിസമയം കഴിഞ്ഞാലും സ്റ്റേഷൻ വിട്ടു പോകരുതെന്നു പറയുന്നതുകൊണ്ട് അവർ 24 മണിക്കൂറും തുടർച്ചയായി ജോലിയിലിരിക്കുന്നു എന്നല്ലെ അർത്ഥമാക്കേണ്ടത് ?

ശ്രീ. കെ. ഐ. വേലായുധൻ : അവർക്ക് ഒരാഴ്ചയിൽ 48 മണിക്കൂർ ജോലി ചെയ്താൽ മതിയെന്നാണു വ്യവസ്ഥ, അതായതു് ദിവസം എട്ടു മണിക്കൂർ.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : സ്റ്റേഷനിൽ 24 മണിക്കൂറും കാണണമെന്നു വ്യവസ്ഥ ചെയ്തിരിക്കുന്നതിൻെറ അടിസ്ഥാനത്തിൽ 24 മണിക്കൂറും അവർ ജോലി ചെയ്യുന്നതായിട്ടല്ലെ വിചാരിയ്ക്കേണ്ടത് ?

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങിനെ ഒരു വ്യവസ്ഥയുള്ളതായി ഗവണ്മെൻറിനറിവില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഇപ്പോൾ എല്ലാ സ്റ്റേഷനുകളിലും അവർ ഇങ്ങനെ 24 മണിക്കൂറും ജോലി ചെയ്തുവരുന്നതു് ഇതുപോലെയാണെന്നു ഗവണ്മെൻറിനറിയാമോ ?

ശ്രീ. കെ. ഐ. വേലായുധൻ : എട്ടു മണിക്കൂർ ജോലിമാത്രമാണ് ഗവണ്മെൻറു വ്യവസ്ഥ ചെയ്തിട്ടുള്ളതു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : എട്ടു മണിക്കൂർ മാത്രമാണ് ജോലി വ്യവസ്ഥ ചെയ്തിരിക്കുന്നത് എങ്കിലും അവർ സ്റ്റേഷൻ വിട്ടുപോകാൻ പാടില്ല എന്നു പറഞ്ഞാൽ അതും ഡ്യൂട്ടിയിലിരിയ്ക്കുന്നതുപോലെ അല്ലെ ?

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങനെ ഒരു വ്യവസ്ഥയില്ല. എന്നാലും അവക്ക് ചില പ്രത്യേക അവസരങ്ങളിൽ ഓവർടൈംവക്കെ ടുക്കുന്നതാണ്. അതിനവക്ക് ഓവർടൈം അലവൻസും കൊടുക്കുന്നുണ്ട്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഈ കാര്യത്തെപ്പററി ഗവണ്മെൻറ് ഒന്നന്വേഷിയ്ക്കുമോ ?

ശ്രീ. കെ. ഐ. വേലായുധൻ : അന്വേഷിക്കാം.

ശ്രീ. എം. പി. മേനോൻ : ഈ ചോദ്യം കിട്ടിക്കഴിഞ്ഞതിനു ശേഷവും അന്വേഷിച്ചു. ഇങ്ങനെ noon to noon ബേസിസിൽ അവരെക്കൊണ്ട് ജോലി ചെയ്യിക്കുന്നില്ല എന്നാണോ അറിവായതു് ?

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങനെ ഒരു വ്യവസ്ഥയില്ലെന്നു ഗവണ്മെൻറിനറിയാം.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : അങ്ങനെ അവരെക്കൊണ്ടു തുടർച്ചയായി 24 മണിക്കൂറും ജോലി ചെയ്യിക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മെംബറന്മാർ പറഞ്ഞതും അതേപ്പററി അന്വേഷിക്കാമോ ?

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങനെ അന്വേഷിച്ചിട്ടുണ്ട്. ജോലി ചെയ്യുന്നില്ലെന്നറിയാം.

ശ്രീ. എം. പി. മേനോൻ : ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൽ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ടവർ 24 മണിക്കൂറും തുടർച്ചയായി ജോലി നടത്തുന്നുണ്ടോ എന്നന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങനെ അന്വേഷിച്ചിട്ടില്ല. ആരും അങ്ങനെ ജോലി ചെയ്യുന്നില്ലെന്നറിയാം.

ശ്രീ. എം. പി. മേനോൻ : കഴിഞ്ഞ രണ്ടു കൊല്ലമായി ഇവർ ഇങ്ങനെ തുടർച്ചയായി 24 മണിക്കൂർ ജോലി ചെയ്യുന്നുണ്ടെന്നു ചൂണ്ടികാണിച്ചാൽ അതേപ്പററി അന്വേഷിക്കാമോ ?

ശ്രീ. കെ. ഐ. വേലായുധൻ : ചൂണ്ടിക്കാണിച്ചാൽ അന്വേഷിക്കാം.

ശ്രീ. എം. പി. മേനോൻ : അതേപ്പററി പരാതികൾ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : കിട്ടീട്ടുള്ളതായി അറിവില്ല.

ശ്രീ. എം. പി. മേനോൻ : വാട്ടർ ട്രാൻസ്പോർട്ടിലെ ജീവനക്കാരെ 24 മണിക്കൂർ തുടർച്ചയായി ജോലി ചെയ്യിപ്പിക്കുന്നതായി പരാതികൾ കിട്ടീട്ടുണ്ടോ എന്നു് ഫയലുകൾ പരിശോധിക്കുമോ ?

ശ്രീ. കെ. ഐ. വേലായുധൻ : പരിശോധിക്കാം.

സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെൻറിൻെറ ഭരണം.

* 173. [11] ശ്രീ. വി. ശ്രീധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൻെറ ഭരണം തൊഴിലാളികളുടെയും, പൊതുജനങ്ങളുടെയും, ഗവണ്മെൻറിൻെറയും പ്രതിനിധികൾ ഉടങ്ങുന്ന ഒരു പബ്ലിക്ക് കാർപ്പൊറേഷൻെറ കീഴിലാക്കാൻ ഈ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഗവണ്മെൻറ് ഇതു സംബന്ധിച്ച് ഇതിനകം വല്ല നടപടികളും സ്വീകരിച്ചിട്ടുണ്ടോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. വി. ശ്രീധരൻ : ഒരു പബ്ലിക്ക് കാർപ്പൊറേഷൻെറ കീഴിൽ വിട്ടുകൊടുക്കുകയാണെങ്കിൽ അതു് ഏററവും കാര്യക്ഷമമായി നടത്താൻ സാധിക്കുമെന്നുള്ള വസ്തുത ഗവണ്മെൻറ് വിചാരിക്കുന്നുണ്ടോ?

Shri Panampilli Govinda Menon : The question refers to transport policy namely whether the conduct of the Transport Department should be departmentalised or run by a Corporation. Does it arise form this interpellation?

ശ്രീ. വി ശ്രീധരൻ : ഇൻഡ്യയിലെ മറേറതെങ്കിലും സ്റ്റേറ്റുകളിൽ ഇതുപോലെ ഒരു കാർപ്പൊറേഷൻെറ കീഴിൽ വിട്ടുകൊടുത്തിട്ടുള്ള വസ്തുത ഗവണ്മെൻറിന് അറിവുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ കാർപ്പൊറേഷനു വിട്ടുകൊടുത്തിട്ടുള്ള വ്യവസായങ്ങൾ ഉണ്ട്. അതിൽ ട്രാൻസ്പോർട്ട് ഉൾപ്പെട്ടിരിക്കുകയില്ല. അങ്ങിനെയുള്ള കാർപ്പൊറേഷൻ ഉണ്ടെങ്കിൽ തന്നെ അതു് ഖനിയിൽവേയും ട്രാൻസ്പോർട്ടും കൂടിയുള്ള ഒരു കാർപ്പൊറേഷൻ ആണ്. അങ്ങിനെ ഒന്നുണ്ടായിരിക്കുന്നതു് നമുക്ക് ഇവിടെ നന്നായിരിക്കുകയില്ല.

ആൽ ഉത്പാദന മിൽ.

* 174. [12] ശ്രീ. വി. ശ്രീധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി നെയ്ത്തുകാർക്ക് ആവശ്യമുള്ള ആൽ കുറഞ്ഞ വിലയ്ക്ക് ഉത്പാദിപ്പിച്ചു വിതരണം നടത്താൻ ഒരു മിൽ സ്ഥാപിക്കുവാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ മിൽ സ്ഥാപിക്കുന്നതിന് ഗവണ്മെൻറ് ഇതിനകം എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) കേന്ദ്രഗവണ്മെൻറിൽ നിന്നും ലഭിച്ചിട്ടുള്ള സെസ്സ് ഫണ്ടിൽ നിന്നും എന്തെങ്കിലും തുക ഈ ആവശ്യത്തിലേക്കായി നീക്കിവച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കൈത്തറി നെയ്ത്തുകാർക്ക് ആവശ്യമുള്ള നൂൽ കുറഞ്ഞ വിലയ്ക്ക് ഉൽപ്പാദിപ്പിച്ച് വിതരണം നടത്താൻ ഒരു മിൽ സ്ഥാപിക്കുന്ന കാര്യം ഗവണ്മെൻറിന്റെ ആലോചനയിലിരിക്കുകയാണ്.

(ബി) മിൽ സ്ഥാപിക്കുന്നതിന് ഓഹരിയിനത്തിൽ എന്തെങ്കിലും തുക മുടക്കാൻ കേന്ദ്ര കൈത്തറി സഹകരണ സംഘങ്ങൾക്കും പ്രൈമറി സംഘങ്ങൾക്കും എഴുതി അയച്ചിട്ടുണ്ട്.

(സി) സെസ്സ് ഫണ്ടിൽനിന്നും തുക നീക്കിവച്ചിട്ടില്ല. ഇവിടത്തെ സഹകരണസംഘങ്ങൾ ഓഹരി എടുത്താൽ മാത്രമേ സെസ്സ് ഫണ്ടിൽനിന്ന് എന്തെങ്കിലും ചെയ്യാൻ സാധിക്കുകയുള്ളൂ എന്ന് അഖിലേന്ത്യാ കൈത്തറിബോർഡിൽനിന്നും അറിയിച്ചിട്ടുണ്ട്. അതേ സംബന്ധിച്ചുള്ള എല്ലാ പ്രശ്നങ്ങളും ഗവണ്മെൻറ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. ശ്രീധരൻ : അതിന് എത്ര നാൾ വേണ്ടിവരും എന്നു പറയാൻ സാധിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു പറയാൻ സാധിക്കുകയില്ല.

ശ്രീ. പി. രവീന്ദ്രൻ : സ്റ്റേറ്റ് ഗവണ്മെൻറിൽനിന്നും എന്തെങ്കിലും കാൻവിബ്യൂട്ട് ചെയ്യാൻ സാധിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എല്ലാ കാര്യങ്ങളും ഗവണ്മെൻറ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

തൊഴിൽത്തർക്കങ്ങളിൽ പോലീസ് ഇടപെടൽ.

* 175. [13] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽത്തർക്കങ്ങളിൽ പോലീസിനെ ഇടപെടുത്തുന്നതു സംബന്ധിച്ച് ഈ ഗവണ്മെൻറിന്റെ നയമെന്താണ്;

(ബി) തിരുവനന്തപുരം ഡിസ്ട്രിക്ട് പ്രൈവറ്റ് മോട്ടോർ തൊഴിലാളികൾ 17-2-1955 മുതൽ ആരംഭിച്ചിരുന്ന പണിമുടക്കു സമരത്തിൽ പോലീസ് ഇടപെട്ടിരുന്നുവോ;

(സി) പ്രൈവറ്റ്ബസ്സുടമസ്ഥരുടെ ഓരോ ബസ്സിലും പോലീസ് അകമ്പടി ഏർപ്പെടുത്തിയിരുന്നുവോ;

(ഡി) എം. വി. എം. എസ്സ്., ആർ. കെ. വി., കെ. എം. എസ്സ്. എന്നീ പ്രൈവറ്റ്ബസ്സുടമകൾക്കു വേണ്ടി പണിമുടക്കു കാലത്ത് ആകെ എത്ര പോലീസുകാരെ പരിരക്ഷണത്തിന് നിയോഗിച്ചിരുന്നു?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) തൊഴിൽത്തർക്കങ്ങളിൽ പോലീസ് ഇടപെടുകയില്ല എന്നതാണ് ഈ ഗവണ്മെൻറിന്റെ നയം.

(ബി) തിരുവനന്തപുരം ഡിസ്ട്രിക്ട് പ്രൈവറ്റ് മോട്ടോർ തൊഴിലാളികൾ 17-2-55-ൽ ആരംഭിച്ച പണിമുടക്ക് സമരത്തിൽ പോലീസ് ഇടപെട്ടിട്ടില്ല. എന്നാൽ ആ അവസരത്തിൽ ബസ്സുകളിലുള്ള

യാത്രക്കാരുടെ നേരെ കല്ലെറിയുക, ബസ്സുകൾ ഗതാഗതം ചെയ്യുന്നതിനെ തടസ്സപ്പെടുത്തുക, ബസ്സുകളുടെ വാൽട്വബ് ഇളക്കി ബസ്സുകളുടെ ഗതാഗതം തടയുക, ഇവയെ തടയാൻ പോലീസ് നടപടിഎടുത്തിട്ടുണ്ട്. ആ നടപടികൾ തടയുന്നതിനായി പോലീസ് കൈക്കൊണ്ട നടപടികൾ പണിമുടക്കു സമരത്തിൽ പോലീസിന്റെ ഇടപെടലായി ഗവണ്മെന്റ് കരുതുന്നില്ല.

(സി) പ്രൈവറ്റ് ബസ്സ് ഉടമസ്ഥന്മാരുടെ ഓരോ ബസ്സിലും പോലീസ് അകമ്പടി ഏർപ്പെടുത്തിയിരുന്നു.

(ഡി) 124 പോലീസുകാരെ നിയോഗിച്ചിരുന്നു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : പണിമുടക്കുസമരം ആരംഭിച്ച അവസരത്തിൽ പാളയം പോലീസ് സ്റ്റേഷനിൽ നിന്നും പോലീസുകാർ പാളയം ബസ്സ് സ്റ്റാൻറിൽ പണിമുടക്ക് സമരത്തിൽ ഏർപ്പെട്ടിരുന്നവരെ അറസ്റ്റ് ചെയ്യുകയും സ്റ്റേഷനു കൊണ്ടുവന്ന് മർദ്ദിക്കുകയും ചെയ്തിട്ടുള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അറസ്റ്റ് ചെയ്തിട്ടുണ്ടായിരിക്കാം. മർദ്ദിച്ചിട്ടില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : പണിമുടക്ക് സമരത്തിൽ ഏർപ്പെട്ടവരെ അറസ്റ്റ് ചെയ്യുന്നതു് തൊഴിൽ തർക്കങ്ങളിൽ പോലീസിന്റെ ഇടപെടൽ അല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പണിമുടക്ക് സമരം എന്നാൽ എന്താണെന്നാണ് മെംബറുടെ ഉദ്ദേശം?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : അറുപത്തിആറ് ദിവസവും ഒരേ രീതിയിൽ ശാന്തമായ കൊടിയുംപിടിച്ചും മറ്റും സത്യാഗ്രഹം നടത്തി പണിമുടക്കുസമരം നടത്തുന്നവരെ അറസ്റ്റ് ചെയ്യുന്നതു് തൊഴിൽ തർക്കങ്ങളിൽ പോലീസ് ഇടപെടുകയല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സത്യാഗ്രഹം എന്ന് മെംബർ ഉദ്ദേശിക്കുന്നതു് എന്താണെന്ന് അറിയുന്നില്ല. അതിന്റെ രീതി അനുസരിച്ചായിരിക്കും പോലീസ് നടപടി എടുത്തിട്ടുള്ളതു്. മുതലാളിയുടെ വീട്ടിനു മുൻപിലും മറ്റും കൊടിയുംപിടിച്ച് സത്യാഗ്രഹം നടത്തി അതുമൂലം ഗതാഗതത്തിന് തടസ്സമുണ്ടാക്കുകയും മറ്റ് ന്യൂയിസൻസുകൾ ഉണ്ടാക്കുകയും ചെയ്താൽ അതിനാണ് പോലീസ് ഇടപെടുന്നതു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : എത്ര കേസ്സുകൾ ഇതു് സംബന്ധിച്ച് പോലീസ് എടുത്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നോട്ടീസ് വേണം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : മോട്ടാർ വെഹിക്കിൾ നിയമം ലംഘിക്കുന്ന മുതലാളിമാരുടെ പേരിൽ കേസുകൾ എടുക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എടുക്കും.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : മുതലാളിമാർ നിയമം ലംഘിച്ചിട്ടുതായി പോലീസിന് പരാതികൾ കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പോലീസിന് പരാതി ലഭിച്ചിട്ടുണ്ടെങ്കിൽ അതിന് കോടതിയിൽ തെളിവ് വരും.

ശ്രീ. എൻ. രാഘവക്കുറുപ്പ് : കള്ളക്കേസ്സുകൾ എടുക്കുന്ന പോലീസ് ഉദ്യോഗസ്ഥന്മാരെ ശിക്ഷിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഒരു അഭിഭാഷകൻ എന്ന നിലയിൽ മി. കുറുപ്പിനും അറിയാമെന്നു തോന്നുന്നു, കൊലക്കുറ്റങ്ങൾ പോലും ചിലപ്പോൾ കോടതിയിൽനിന്ന് വിട്ടുപോകുന്നതായി. അതിന് ആ കേസ് ചാർജ്ജ് ചെയ്ത പോലീസുദ്യോഗസ്ഥനെ ശിക്ഷിക്കുക എന്നുവച്ചാൽ അതു് സാദ്ധ്യമല്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ് : കള്ളക്കേസ്സാണെന്നു പറഞ്ഞു് കോടതിയിൽനിന്നും തള്ളുകയാണെങ്കിൽ അതിനുവേണ്ട നടപടികൾ എടുക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മനഃപൂർവ്വമായി ജനങ്ങളെ ദ്രോഹിക്കുന്നതിനുവേണ്ടി കള്ളക്കേസുണ്ടാക്കിയാൽ ഗവണ്മെൻറ് വേണ്ട നടപടി എടുക്കും,

ശ്രീ. എൻ. രാഘവക്കുറുപ്പ് : കോട്ടയം സിമൻറ് ഫാക്ടറിയിൽ നടന്നതായി പോലീസ് ചാർജ്ജുചെയ്തിരുന്ന കേസ്സിൽ മാനേജ്മെൻറും പോലീസും ആണ് അക്രമം പ്രവർത്തിച്ചതെന്ന് ഒന്നാംക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ വിധി ഉണ്ടായിട്ടുള്ളതിന്മേൽ ഗവണ്മെൻറ് എന്തെങ്കിലും നടപടി എടുക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് എൻെറ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല.

ജയിലിൽ നൽകുന്ന പത്രങ്ങൾ.

* 176. [14] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സെൻട്രൽ ജയിലിലെ തടവുകാർക്ക് പത്രപാരായണം നിഷേധിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഏതെല്ലാം പത്രങ്ങളാണ് അവക്ക് നൽകി വരുന്നതു്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൻ) :

(എ) പത്രപാരായണം നിഷേധിച്ചിട്ടില്ല.

(ബി) മലയാളരാജ്യം, കേരളകൗമുദി, മലയാളി, ദേശബന്ധു, ദീപിക, മലയാളമനോരമ, ഗോമതി ഈ പത്രങ്ങൾ നൽകിവരുന്നുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ജനയുഗം പത്രംകൂടി അവക്ക് നൽകണമെന്ന് വല്ല അപേക്ഷയും ലഭിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൻ : അറിവില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : അതൊന്ന് അന്വേഷിക്കുമോ?

ശ്രീ. എ. ജെ. ജാൺ : അന്വേഷിക്കേണ്ട ആവശ്യമില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : 'ജനയുഗം' പത്രംകൂടി കൊടുക്കാൻ ഗവണ്മെൻറ് ആലോചിക്കുമോ?

ശ്രീ. എ. ജെ. ജാൺ : ആലോചിച്ചിട്ടില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ആ പത്രംകൂടി കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. എ. ജെ. ജാൺ : ആലോചിക്കാം.

ശ്രീ. കെ. സി. ജാർജ്ജ് : ആ പത്രം കൊടുക്കുന്നതിന് വല്ല തടസ്സവും ഉണ്ടോ?

ശ്രീ. എ. ജെ. ജാൺ : അതിൻെറ ഉള്ളടക്കത്തെ ആശ്രയിച്ചിരിക്കും.

ശ്രീ. കെ. സി. ജാർജ്ജ് : അതിലെ 'കണ്ടൻറ്സ്' എന്നും ഒരുപോലെ ഇരിക്കയില്ലല്ലൊ പിന്നെ എങ്ങനെയാണ്?

ശ്രീ. എ. ജെ. ജാൺ : അതിനെപ്പററി ആലോചിക്കാം എന്ന് പറഞ്ഞില്ലേ?

ശ്രീ. കെ. സി. ജാർജ്ജ് : എന്നത്തേയ്ക്ക് തീരുമാനം എടുക്കുമെന്ന് അറിഞ്ഞാൽ കൊള്ളാം.

ശ്രീ. എ. ജെ. ജാൺ : അതു പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. സി. ജാർജ്ജ് : രണ്ടുമാസത്തിനകമോ, മൂന്നുമാസത്തിനകമോ തീരുമാനമെടുക്കുവാൻ സാധിക്കുമോ?

ശ്രീ. എ. ജെ. ജാൺ : അതു പറയാൻ സാധിക്കുകയില്ല.

ശ്രീ. കെ. കരുണാകരൻ : ആ ലിസ്റ്റിലെ മാതൃകകൂടി ഉൾപ്പെടുത്തുവാൻ ആലോചിക്കുമോ?

ശ്രീ. എ. ജെ. ജാൺ : ആലോചിക്കാം.

ശ്രീ. പ്രാക്കുളം ഭാസി : ഇന്നയിന്നപത്രങ്ങൾ നൽകണമെന്ന് ആരാണ് തീരുമാനിക്കുന്നത്?

ശ്രീ. എ. ജെ. ജാൺ : ഐ. ജി. ആഫ് പ്രിസൺസ് ആയിരിക്കും.

ശ്രീ. പ്രാക്കുളം ഭാസി : ആ ഐ. ജി. യോട് ഒന്നു പറയുമോ?

Mr. Speaker: That question is disallowed.

പഞ്ചവത്സര പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ജോലികൾ.

* 177. [15] ശ്രീ. എൻ. നീലകണ്ഠപ്പിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) Five Year Plan-ൽ ഉൾക്കൊള്ളിക്കേണ്ട നമ്മുടെ കേരളത്തിന്റെ എന്തെല്ലാമാണെന്ന് items തിരിച്ച് അവസാനമായി ശരിപ്പെടുത്തി കഴിഞ്ഞിട്ടുണ്ടോ ;

(ബി) ഈ വിഷയത്തിൽ മുൻഗവണ്മെൻറ് കൈക്കൊണ്ട നടപടികളിൽ സാരമായ വല്ല മാററവും ഈ ഗവണ്മെൻറിനു നിർദ്ദേശിക്കുവാനുണ്ടോ ; മാററം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇതിലേക്ക് ശുപാർശ ചെയ്തിട്ടുള്ള കമ്മററികളിലും അവയുടെ നിർദ്ദേശങ്ങളിലും ഈ ഗവണ്മെൻറിനു പരിപൂർണ്ണമായ യോജിപ്പുണ്ടോ ; അവയ്ക്കു മാററം വരുത്തുന്നതിനുദ്ദേശിക്കുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) അവസാനമായി തീരുമാനിച്ചുകഴിഞ്ഞിട്ടില്ല.

(ബി) ഈ വിഷയത്തിൽ മുൻഗവണ്മെൻറ് കൈക്കൊണ്ട നടപടികൾ പ്രാരംഭനടപടികൾ ആണ്. അവയിൽ സാരമായ മാററങ്ങൾ ഒന്നും വരുത്തണമെന്നു വിചാരിക്കുന്നില്ല.

(സി) ഇതിലേക്കു ശുപാർശ ചെയ്തിട്ടുള്ള കമ്മററികളിലും അവയുടെ നിർദ്ദേശങ്ങളിലും മുഴുവനായി യോജിച്ചുകഴിഞ്ഞിട്ടില്ല. ഏതെങ്കിലും മാററം വരുത്തുന്നകാര്യവും തീരുമാനിച്ചിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി : ഒരു ഉന്നതാധികാരക്കമ്മീഷനെ വയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ :

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തീരുമാനിച്ചിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി : കാൺഗ്രസ്സ് ഇങ്ങനെ ഒരു ഉന്നതാധികാരക്കമ്മീഷനെ നിയമിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കാൺഗ്രസ്സ് പ്രതിപക്ഷമായിരുന്നപ്പോൾ ഒരു ഉന്നതാധികാരക്കമ്മീഷൻ വേണമെന്നു് പറഞ്ഞതു് ശരിയാണ്.

ശ്രീ. പ്രാക്കുളം ഭാസി : അതിൽ പ്രതിപക്ഷത്തിരിക്കുന്ന കക്ഷികളിൽ ആരെയും ഉൾപ്പെടുത്തരുതെന്നുകൂടി ആവശ്യപ്പെട്ടിരുന്നുവോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ ആവശ്യപ്പെട്ടിരുന്നതായി എനിക്കു തോന്നുന്നില്ല.

ശ്രീ. പ്രാക്കുളം ഭാസി : ആർ. എസ്. പി., കെ. എസ്. പി. കാമ്മ്യൂണിസ്റ്റ് ഈ പാർട്ടികളിൽ നിന്നു് ആരെയും ഉൾപ്പെടുത്തരുതെന്നു സൂചിപ്പിച്ചിരുന്നതു് അറിവില്ലെന്നാണോ പറഞ്ഞതു്.

ശ്രീ. പനമ്പള്ളി ഗോവിന്ദമേനോൻ : അതെ.

ശ്രീ. പ്രാക്കുളം ഭാസി : ഇതിലേക്കു ഒരു സ്റ്റേറ്റ് കമ്മററിയെ ശുപാർശ ചെയ്തിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഒരു സ്റ്റേറ്റ് അഡ്വൈസറി കമ്മററിയെ ശുപാർശ ചെയ്തിട്ടുണ്ടു്. അവരുടെ പേരുകൾ ഞാൻ ഈ സഭയിൽ പറഞ്ഞിട്ടുണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി : അതിൽ എല്ലാപാർട്ടികൾക്കും പ്രാതിനിധ്യം കൊടുത്തിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എല്ലാ പാർട്ടികളിൽ പെട്ടവരും ഉണ്ട്.

ശ്രീ. പ്രാക്കുളം ഭാസി : ഈ കമ്മിററിയിലെ അംഗങ്ങളുടെ സംഖ്യ എന്തു് തോതനുസരിച്ചാണ് എടുത്തിട്ടുള്ളതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിന്റെ ശതമാനം കണക്കെടുത്ത് ചെയ്യേണ്ടതാണ്.

ശ്രീ. പ്രാക്കുളം ഭാസി : ഈ കമ്മിററിയിൽ എല്ലാ പാർട്ടികൾക്കും ന്യായമായ പ്രാതിനിദ്ധ്യം കൊടുത്തിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല.

ശ്രീ. പ്രാക്കുളം ഭാസി : കാൺഗ്രസ്സ് പാർട്ടിമാത്രമാണ് പഞ്ചവത്സരപദ്ധതി കൊണ്ടു് ജനങ്ങൾക്കു ഗുണമുണ്ടാകുമെന്നു് പറയുന്നതു്. അതുകൊണ്ടാണോ അവരുടെ സംഖ്യ ഈ കമ്മിററിയിൽ കൂടുതലുള്ളതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇന്നു കാൺഗ്രസ്സ് പാർട്ടിയുടെ ഗവണ്മെൻറാണ് ഇവിടെ അവിഷ്കരിച്ചിട്ടുള്ളതു്. അവക്ക് അതിൽ കൂടുതൽ വിശ്വാസവും ഉണ്ട്.

ശ്രീ. പ്രാക്കുളം ഭാസി : ഈ പഞ്ചവത്സരപദ്ധതി നടപ്പിലാക്കുന്നതുകൊണ്ടു് രാജ്യത്തിനു ഗുണമുണ്ടാകുമെന്നും ആ പദ്ധതി നടപ്പിലാക്കിക്കാണുന്നതിനു ഈ നിയമസഭയിലെ എല്ലാപാർട്ടികളും ആഗ്രഹിക്കുന്നു എന്നും ഗവണ്മെൻറിനറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ പദ്ധതികൾ നടപ്പിലാക്കിക്കാണുന്നതിനു ആഗ്രഹിക്കുന്നു എന്നു പറയുന്നതു് കേൾക്കാൻ വളരെ സന്തോഷമുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി : ഇനിയും കൂടുതലായി അംഗങ്ങളെ ഉൾപ്പെടുത്തുവാൻ ആലോചിക്കുന്നുവോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി : കമ്മ്യൂണിസ്റ്റ് പാർട്ടിയല്ലാതെ മററു് പ്രതിപക്ഷകക്ഷികളുടെ നയം മാറിയതായി വിശ്വസിക്കാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇതിനുമുമ്പ് എല്ലാവരുടെയും സഹകരണം വേണമെന്നായിരുന്നു ഗവണ്മെൻറിന്റെ ഉദ്ദേശം.

ശ്രീ. പ്രാക്കുളം ഭാസി : ഇതിനുമുമ്പ് ശ്രീ. എ. ജെ. ജാൺ മുഖ്യമന്ത്രിയായിരുന്നപ്പോൾ പ്രതിപക്ഷകക്ഷികളിൽ നിന്നു ആരെയും എടുത്തിട്ടില്ലായിരുന്നു. അതിനെ സംബന്ധിച്ചു് ചോദിച്ചപ്പോൾ അവക്ക് ഈ പദ്ധതിയിൽ വിശ്വാസമില്ലാത്തതുകൊണ്ടാണ് എന്നു മറുപടി പറഞ്ഞു.

ശ്രീ. എ. ജെ. ജാൺ : അതു ശരിയല്ല. അന്നു അവക്ക് പഞ്ചവത്സരപദ്ധതിയിൽ യാതൊരു വിശ്വാസവും ഇല്ല എന്നു് അവർ പ്രഖ്യാപിച്ചു

ട്ടുണ്ടായിരുന്നു എങ്കിലും അവരോടുകൂടി യോജിച്ചു പ്രവർത്തിക്കുന്നതിനു് ആയി അവരെ കോഓപ്റ്റ് ചെയ്യുന്നതിനു ഗവണ്മെൻറ് തയാറാണെന്നും തന്നെയാണ് പറഞ്ഞിട്ടുള്ളതു്.

ശ്രീ. കെ. സി. ജോർജ്ജ് : കമ്യൂണിസ്റ്റ് പാർട്ടിക്ക് ഈ പഞ്ചവത്സരപദ്ധതിയിൽ വിശ്വാസമില്ലാത്തതു് ഇതു് ഒരു അമേരിക്കൻ സ്കീം ആയതുകൊണ്ടു്, അതിവിടെ വിജയിക്കുകയില്ല എന്നുള്ളതുകൊണ്ടല്ലേ?

ശ്രീ. എ. ജെ. ജോൺ : അതൊരു വാദവിഷയമാക്കേണ്ട ആവശ്യമില്ല. വിശ്വാസമുണ്ടെന്നു തോന്നുകയാണെങ്കിൽ എല്ലാവരെയും ചേർക്കണമെന്നാണ് ഗവണ്മെൻറ് പറഞ്ഞിട്ടുള്ളതു്.

WRITTEN ANSWERS.

അഴിമതികൾ.

* 178. [22] ശ്രീ. എൻ. ജി. ചാക്കോ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954-ൽ അഴിമതി, കൈക്കൂലി എന്നീ കുററങ്ങൾ ഏതെങ്കിലും ഗവണ്മെൻറ ഉദ്യോഗസ്ഥന്മാരിൽ ചുമത്തപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരുടെയെല്ലാം പേരിൽ;

(സി) ഏതെല്ലാം കുററങ്ങളാണ് ചുമത്തപ്പെട്ടതു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) അഴിമതി, കൈക്കൂലി എന്നീ കുററങ്ങൾക്കായി 1954-ൽ വിവിധഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരെ ശിക്ഷിച്ചിട്ടുണ്ടു്.

(ബി) ശിക്ഷിക്കപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ ഒരു ലിസ്റ്റ് † മേശപ്പുറത്തു വച്ചിട്ടുണ്ടു്.

(സി) പണാപഹരണം, കൈക്കൂലി, ഗവണ്മെൻറ് സാധനങ്ങളെ അപഹരിക്കുക മുതലായ കുററങ്ങൾക്കാണ് ശിക്ഷ നൽകിയിട്ടുള്ളതു്.

മിഡിൽസ്കൂൾ വിദ്യാഭ്യാസം.

* 179. [28] ശ്രീ. പി. കെ. യശോധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) മിഡിൽസ്കൂൾ വിദ്യാഭ്യാസം മുഴുവൻ സൗജന്യമാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഗവണ്മെൻറിന് നേരിടുന്ന നഷ്ടത്തെ പരിഗണിച്ചു് വല്ല വിദ്യാഭ്യാസനികുതിയും ഏർപ്പെടുത്തുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എങ്ങിനെ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) വരുന്ന സ്കൂൾവർഷാരംഭത്തിൽ മൂന്നാംഫാറത്തിലും വിദ്യാഭ്യാസം സൗജന്യമാക്കുന്നതാണ്.

† Please see Appendix I.

(ബി) (സി) വിദ്യാഭ്യാസനികുതി ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കാം.

ഫിനാൻസ് കമ്മീഷൻ.

* 180. [31] ശ്രീ. പ്രാക്കുളം ഭാസി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) 1951 നവംബറിൽ കേന്ദ്രഗവണ്മെൻറ നിയമിച്ച ഫിനാൻസ് കമ്മീഷൻ അറാദായവിഭജനത്തെ സംബന്ധിച്ച് ചെയ്ത ശുപാർശകളനുസരിച്ച് സാമ്പത്തികസംയോജനക്കരാർ പ്രകാരം ലഭിക്കേണ്ട തുകയെക്കാൾ ഏതെങ്കിലും വർഷത്തിൽ കുറഞ്ഞിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതു വർഷമാണ്;

(സി) ഭരണഘടനയുടെ 275 (1) വകുപ്പിൻപ്രകാരം കേന്ദ്രഗവണ്മെൻറിൽ നിന്ന് വർഷംതോറും 45 ലക്ഷം രൂപ ലഭിക്കുന്നുണ്ടോ; കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ലഭിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്താണ് കിട്ടാതിരിക്കാൻ കാരണം?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഫിനാൻസ് കമ്മീഷൻെറ ശുപാർശപ്രകാരം 1952-53, 1953-54 എന്നീ സാമ്പത്തികവർഷങ്ങളിൽ വിഭജനത്തിനു വിധേയമായ ആദായനികുതി മുതലായവയിൽ നിന്നും ഈ സംസ്ഥാനത്തിനു ലഭിക്കാനവകാശമുള്ള കാഹരി സാമ്പത്തിക സംയോജനകരാർപ്രകാരം ലഭിക്കേണ്ട തുകയെക്കാൾ കുറവായിരുന്നു. എന്നാൽ ഇപ്രകാരം കുറവാകുന്ന വർഷങ്ങളിൽ സാമ്പത്തികസംയോജനക്കരാർപ്രകാരം ലഭിക്കേണ്ട തുക തന്നെ സംസ്ഥാനത്തിനു നൽകേണ്ടതാണ് എന്ന് ഒരു വ്യവസ്ഥ ഉള്ളതിനാൽ സാമ്പത്തികസംയോജനകരാർപ്രകാരം ലഭിക്കേണ്ട തുക തന്നെ മേൽ പറഞ്ഞ വർഷങ്ങളിൽ ലഭിച്ചിട്ടുണ്ട്.

(ബി) മുൻപ്രസ്താവിച്ച ഉത്തരത്തിൻെറ അടിസ്ഥാനത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) കഴിഞ്ഞ വർഷത്തിൽ ലഭിച്ചിട്ടുണ്ട്.

(ഡി) ഉദിക്കുന്നില്ല.

Agitation by Students.

* 181. [39] **Shri A. Knnjan Nadar** : Will the Chief Minister be pleased to state :

(a) How many students are dismissed from their classes in connection with the T. T. N. C. agitation ;

(b) how many are suspended ;

(c) what are the specific charges against them ?

(d) have they applied for cancellation of the order of dismissal or suspension ;

(e) if so, what action is taken on them ?

Chief Minister (**Shri Panampilli Govinda Menon**) : (a) The names of three pupils of the Government High School, Marthandom, were permanently removed from the rolls of the school by the Headmaster of the school in accordance with the provision in Rule VI (d) of Article 82 of the Travancore Education Code.

(b) None.

(c) According to the report of the Headmaster, the three pupils were persistently creating trouble in the school from the beginning of the school year and were inducing the other pupils to go on strike. In July 1954, they forcibly removed some pupils from the classes. They organised meetings in the school without permission and also caused damage to the compound wall etc.

(d) Yes. They applied in the last week of February, 1955 for cancellation of the order.

(e) The matter is under correspondence between the Director of Public Instruction and the Head Master. The Director of Public Instruction is awaiting the recommendations of the Headmaster.

വായനശാല ൦.

* 182. [46] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) സംസ്ഥാനത്ത് എത്ര വായനശാലകൾ ഉണ്ട്;

(ബി) ഗ്രന്ഥശാല ഗ്രഡേഷൻ കമ്മററിയെ നിയമിക്കുന്നത് ആരാണ്;

(സി) ആകെ എത്ര ഗ്രന്ഥശാലായൂനിയനുകളുണ്ട്;

(ഡി) എവിടെയെല്ലാം; യൂനിയനുകൾക്ക് വല്ല ധനസഹായവും ചെയ്യുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 1682.
(ബി) ഗവണ്മെൻറ്.
(സി) 26.
(ഡി) യൂണിയനുകളുടെ വിവരമടങ്ങിയ ഒരു ലിസ്റ്റ് † മേശപ്പുറത്തുവച്ചിട്ടുണ്ട്. യൂനിയനുകൾക്ക് ധനസഹായം ചെയ്യുന്നില്ല. വായനശാലകൾക്ക് ഗ്രാൻറ് കൊടുക്കുന്നുണ്ട്.

Assistants to Head Translator.

* 183. [52] **Shri P. Ramaswami Pillai** : Will the Chief Minister be pleased to state :

(a) Whether it is a fact that the Malayalam and Tamil Assistants to the Head Translator to Government are not treated like the Superintendents in the other Sections of the Secretariat in the matter of their scale of pay and status ;

† Please See Appendix II.

(b) whether Government will consider the revision of the scale of pay of the posts of Assistants to the Head Translator suitably giving due regard to the responsibilities attached to the posts ?

Chief Minister (**Shri Panampilli Govinda Menon**) : (a) Yes.

(b) The question will be considered if found necessary.

കാറുകൾ പാർക്കുചെയ്യുന്നതിന് വേണ്ട സൗകര്യങ്ങൾ.

* 184. [53] ശ്രീ. ഡി. വിവേകാനന്ദൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) തലസ്ഥാനനഗരിയിലും മററു പ്രധാനപ്പെട്ട പട്ടണങ്ങളിലും ടാക്സിസ്റ്റാൻറുകളിൽ ടാക്സിജോലിക്കാർക്ക് വിശ്രമിക്കുന്നതിനും കാറുകൾ പാർക്കുചെയ്യുന്നതിനും വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കുന്ന കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

(ബി) കേന്ദ്രഗവണ്മെൻറിൽനിന്നും ഇക്കാര്യത്തിൽ എന്തെങ്കിലും നിർദ്ദേശങ്ങൾ തരികയൊ ഈ ഗവണ്മെൻറിൻെറ നിർദ്ദേശങ്ങൾ ആരായുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഫലമെന്തു് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഉണ്ടു്.

(ബി) ടാക്സിഡ്രൈവർമാർക്ക് വിശ്രമിക്കുന്നതിനും കാറുകൾനിറുത്തുന്നതിനും മററും ഉള്ള സൗകര്യങ്ങൾ, ഈ സ്റ്റേററിലെ പട്ടണങ്ങളിൽ ഇപ്പോൾ ഉണ്ടോ എന്നും, ഇല്ലെങ്കിൽ അതിലേയ്ക്കായി എന്തെല്ലാം നടപടികൾ എടുക്കാൻ ഉദ്ദേശിക്കുന്നു എന്നും ചോദിച്ചുകൊണ്ടു്, കേന്ദ്രഗവണ്മെൻറ് ചില നിർദ്ദേശങ്ങൾ തന്നിട്ടുണ്ടു്. ഈ നിർദ്ദേശങ്ങളിന്മേൽ മുനിസിപ്പാലിററികളിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുകയാണു്.

കലണ്ടറിംഗ് ആൻറ് സ്റ്റിച്ചിംഗ് പ്ലാൻറ്.

* 185. [54] ശ്രീ. ഡി. വിവേകാനന്ദൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

നെയ്യാററിൻകരപ്പാലുവങ്കോട്ടു പ്രാജക്ററ് പ്രദേശത്തു ആരംഭിക്കുവാൻ നിശ്ചയിച്ചിരിക്കുന്ന കലണ്ടറിംഗ് ആൻറ് സ്റ്റിച്ചിംഗ് പ്ലാൻറിൻെറ കാര്യം എന്തായി; അതിൻെറ പ്രവർത്തനം എന്നു തുടങ്ങും?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

പ്ലാൻറിനു് ഒരു കമ്പനിക്കു് ഉടൻതന്നെ ആർഡർ കൊടുക്കുന്നതും, അതു വന്നു ചേർന്നാൽ താമസിയാതെ തന്നെ പ്രവർത്തനം തുടങ്ങുന്നതുമാണു്.

UNSTARRED QUESTIONS AND ANSWERS.

Reservation of Appointments.

29. [1] **Shri A. A. D. Luiz :** Will the Chief Minister be pleased to state the number of Anglo-Indians who were entertained in the State services by the Public Service Commission during the years 1950-51, 1951-52, 1952-53 and 1953-54 ?

Answer.

1950—51	..	5
1951—52	..	2
1952—53	..	6
1953—54	..	7
Total	..	20

ക്രെഡിററബാങ്കിൽനിന്നും കടം കൊടുത്തിട്ടുള്ളവർ.

30. [3] ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

1955 ഫെബ്രുവരിമാസത്തിൽ ക്രെഡിററ ബാങ്കിൽനിന്നും ആർക്കെല്ലാം രൂപ കടം കൊടുത്തിട്ടുണ്ട് ?

ഉത്തരം.

1955 ഫെബ്രുവരിമാസത്തിൽ ആകെ 21 പേർക്കായി 80,814-8-0 രൂപ കടം കൊടുത്തിട്ടുണ്ട്. കടം വാങ്ങിയവരുടെ പേരുവിവരം രഹസ്യമായതിനാൽ വെളിപ്പെടുത്താൻ നിവൃത്തിയില്ല.

Proposal for the Second Five Year Plan.

31. [10] **Shri K. Sattanatha Karayalar :** Will the Chief Minister be pleased to state :

(a) Whether the Government have finalised the proposals for the Second Five Year Plan of our State:

(b) if so, what are the proposals ;

(c) if not, will the Government place the proposals before this House before finalising it ?

Answer.

(a) Government have finalised the schemes for inclusion in the Second Five Year Plan in respect of Irrigation and Power only. Schemes in respect of other heads of development are under consideration.

(b) The schemes finalised by Government in respect of Major Irrigation and Power are :—

Major Irrigation.

1.	Incomplete portions carried over from First Five Year Plan	.. Rs. 40 lakhs
2.	Neyyar Left Bank	.. Rs. 80 lakhs

3.	Chalakudy 2nd stage	.. Rs. 60 lakhs.
4.	Bhoothathankettu Scheme	.. Rs. 388 lakhs
5.	Pampa	.. Rs. 250 lakhs
6.	Cheerakuzhi	.. Rs. 50 lakhs
	Total	.. Rs. 868 lakhs.

Power.

1.	Incomplete portions carried from 1st Five Year Plan	.. Rs. 10 lakhs.
2.	Poringalakuthu Left Bank 4th Generating Set	.. Rs. 40 lakhs
3.	Neriamangalam	.. Rs. 290 lakhs
4.	Sholayar	.. Rs. 391·5 lakhs
5.	Lakshmi	.. Rs. 490 lakhs
6.	Pamba 1st Stage	... Rs. 535 lakhs
7.	Poringalkuthu	.. Rs. 1400 lakhs
8.	Panniar	.. Rs. 295 lakhs
	Total	.. Rs. 3491·5 lakhs.

(c) Government propose to bring out a "draft outline" of the 2nd Five Year Plan of the State. This will come up for the approval of the House in due course.

മലം ഡിപ്പോ.

32. [14] ശ്രീ. എം. പി. മേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലൂർ മലംഡിപ്പോ എറണാകുളത്തുനിന്നും കളമശ്ശേരി പരിസരങ്ങളിലേയ്ക്കു് മാററി സ്ഥാപിക്കുവാൻ ഗവണ്മെൻറ് കൽപനയായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണു് ആ കൽപന പാസ്സാക്കിയതു്;

(സി) ഇതെത്രമാത്രം നടപടിയിലായി;

(ഡി) പള്ളുരുത്തിയിലെ മലംഡിപ്പോ മാററി സ്ഥാപിക്കണമെന്നു് പള്ളുരുത്തി പഞ്ചായത്തിൽനിന്നും എന്തെങ്കിലും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്തു നടപടിയെടുത്തു?

ഉത്തരം.

(എ) കൽപനയായിട്ടുണ്ടു്.

(ബി) 16-2-1952.

(സി) മാററിസ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് അവശ്യം വേണ്ട മരാമത്തുപണികളുടെ എസ്റ്റിമേററ് തയ്യാറാക്കിക്കഴിഞ്ഞു.

(ഡി) ലഭിച്ചിട്ടുണ്ട്.

(ഇ) നിവേദനം മട്ടാഞ്ചേരി മുനിസിപ്പൽ കൗൺസിലിന്റെ അഭിപ്രായത്തിന് അയച്ചിരിക്കുകയാണ്.

കുടിൽവ്യവസായം.

33. [17] ശ്രീ. എൻ. ചന്ദ്രശേഖരൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് താലൂക്കിലുള്ള ആര്യനാട്, പാലോട്, പൂവച്ചൽ എന്നീ പഞ്ചായത്തുകളിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ ഈറ, ചൂരൽ മുതലായവ ഉപയോഗിച്ച് നിത്യോപയോഗസാധനങ്ങൾ ഉണ്ടാക്കി ഉപജീവിക്കുന്നവരായി അനേകം കുടുംബങ്ങൾ ഉണ്ടെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ വിധമുള്ള തൊഴിലുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി എന്തെങ്കിലും പദ്ധതി ഗവണ്മെന്റ് ആസൂത്രണം ചെയ്തിട്ടുണ്ടോ ?

ഉത്തരം.

(എ) ഉണ്ട്.

(ബി) രണ്ടാംപഞ്ചവത്സരപദ്ധതിയിൽ പ്രസ്തുത വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

Maruthancode-Idacode Trace.

34. [19] **Shri M. William** : Will the Minister for Works be pleased to state :

(a) whether Government intend converting the Maruthancode-Idacode Trace into a cartable road ;

(b) whether it is not included in the First Five Year Plan ?

Answer.

(a) Yes.

(b) Yes. it is included.

Causeway in Kuzhithura River.

35 [21]. **Shri M. William** : Will the Minister for Works be pleased to state :

(a) whether any estimate has been prepared for constructing a causeway in the Kuzhithurai river at Garampuzha near Pacode ;

(b) what is the estimated amount ;

(c) will the Government be pleased to take up the work at an early date since the want of the same affects traffic and trade seriously ?

Answer.

(a) Yes.

(b) Rs. 19,800.

(c) Yes.

National Extension Service Blocks.

36. [22] **Shri P. Thanulingom Nadar :** Will the Chief Minister be pleased to state :

(a) Whether Government proposes to convert one of the N. E. S. Blocks into Intense Service Block allotting additional money ; and

(b) If so, what is the criterion to select such a Centre ?

Answer.

(a) Not at present.

(b) The past performance of the Blocks.

MOTION *RE*: ELECTION OF A MEMBER TO THE STATE AID TO INDUSTRIES BOARD.

9. A. M.] **Mr. Deputy Speaker :** Question time is over. Now, we have to proceed with the motion regarding election.

Shri Panampilli Govinda Menon : Sir, I move that this House do proceed to elect in such manner as the Speaker may direct, one member to the State Aid to Industries Board in the vacancy caused by the death of Dr. P. P. Antony.

Shri A. J. John : I second it.

Mr. Deputy Speaker : The question before the House is that this House do proceed to elect in such manner as the Speaker may direct, one member to the State Aid to Industries Board in the vacancy caused by the death of Dr. P. P. Antony.

The motion was put and carried.

STATEMENT REGARDING ELECTION.

Mr. Deputy Speaker : I have to make a statement regarding the elections to be conducted by the Assembly to two Financial Committees and to the State Aid to the Industries Board.

Under Rules 156 and 157 of the Rules of Procedure and Conduct of Business, two Committees, one on Estimates and another on Public Accounts, have to be constituted for the financial year 1955-56, each consisting of seven members. The members of the Committee shall cease to hold office at the end of each financial year but any member shall be eligible for re-election.

One member has to be elected to the State Aid to Industries Board in the vacancy caused by the death of Dr. P. P. Antony.

The members shall be elected by the Assembly from among themselves according to the principle of proportional representation by means of the single transferable vote.

[Mr. Deputy Speaker.]

The following programme is fixed for the elections :—Nominations to be filed before the Secretary—before 1 P. M. on Saturday, the 2nd April 1955. Scrutiny of nominations will be held in the Speaker's Chamber after the House rises for the day on Saturday, the 2nd April 1955. Time for withdrawal of nominations—before 1 P. M. on Monday, the 4th April 1955. Poll, if necessary, will be taken on Tuesday, the 5th April 1955 in the Committee room between the hours 10 A. M. and 1 P. M.

LEGISLATIVE BUSINESS.

SELECT COMMITTEE REPORT—EXTENSION OF TIME.

Shri A. J. John : Sir, I move that the time for the making of the report of the Select Committee on the Travancore-Cochin Verumpattamdars Bill be extended up to the next Session of the Legislative Assembly.

ശ്രീ. ടി. വി. തോമസ് : സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു. വെറുംപാട്ടദാർ ബില്ലും, റിസ്റ്റിക്ഷൻ ആണ്ഡ് പൊസ്സെഷൻ ആൻഡ് ഓണർഷിപ്പ് ബില്ലും പ്രധാനപ്പെട്ട രണ്ടു ബില്ലുകളാണ്. ഈ ബില്ലുകളെപ്പററി കഴിഞ്ഞ അസംബ്ലിയിൽ വാദപ്രതിവാദം നടത്തുകയും അതു് സെലക്ററ് കമ്മിററിക്കു് റെഫർ ചെയ്യുകയും ചെയ്തു. സെലക്ററ് കമ്മിററിക്കു് റെഫർ ചെയ്ത അവസരത്തിൽ ഇത്ര നാളുകൊണ്ടു് അതിന്റെ റിപ്പോർട്ടു തരണമെന്നു വ്യക്തമായി പറഞ്ഞിട്ടില്ലാത്ത സ്ഥിതിക്കു് ഈ സെഷനിൽ തന്നെ അതിന്റെ റിപ്പോർട്ടു് തരേണ്ടതായിരുന്നു. ഇതിനുള്ളിൽ സെലക്ററ് കമ്മിററി വിളിച്ചുകൂട്ടിയിരുന്നെങ്കിൽ ഈ സെഷനിൽതന്നെ അതിന്റെ റിപ്പോർട്ടു തരുവാനുള്ള സാദ്ധ്യത ഉണ്ടാകുമായിരുന്നു. അതാതു അവസരങ്ങളിൽ സെലക്ററ കമ്മിററി വിളിച്ചുകൂട്ടാതേയും അങ്ങനെ സെലക്ററ കമ്മിററി ചർച്ച നടക്കാതേയും വന്നതിനാൽ ആണ് ഇപ്പോൾ ഈ മോഷൻ കൊണ്ടുവരേണ്ടിവന്നതു്. ഈ ബില്ല നിയമമാക്കുന്നതിനെ തടസ്സപ്പെടുത്തുന്നതിനുവേണ്ടിയാണു ഈ മോഷനെന്നു ബലമായി സംശയിക്കാൻ കാരണമുണ്ടു്. കഴിഞ്ഞ അസംബ്ലി ഇതിനെ സംബന്ധിച്ചു് ചർച്ചചെയ്ത അവസരത്തിൽ ഇന്നത്തെ റവന്യൂ മെംബറായിരിക്കുന്ന മി. ജോൺ ഈ ബില്ലുകളെ ശക്തിയായി എതിർത്ത സംഗതിയും എന്റെ ഈ സംശയത്തിനു ഉപോൽബലകമാണ്.

ശ്രീ. എ. ജെ. ജോൺ : അതു ശരിയല്ല.

ശ്രീ. ടി. വി. തോമസ് : അദ്ദേഹം ഈ ബില്ലു് അസംബ്ലിയിൽ പാസ്സായാൽ ഇതിനെപ്പററി ചോദിക്കാനും പറയാനും കേന്ദ്രത്തിൽ ആളുകൾ ഉണ്ടെന്നുള്ള വസ്തുത മനസ്സിലാക്കിക്കൊള്ളണമെന്നുകൂടി പറയുകയുണ്ടായി. കൂടാതെ കാണ്ഗ്രസ്സ് പാർട്ടിയുടെ ഭൂനയപരിഷ്കരണത്തെപ്പററിയുള്ള മനോഭാവവും ഈ സഭയ്ക്കറിയാവുന്നതാണ്. കാണ്ഗ്രസ്സ് പാർട്ടി ഒരു ഭൂനയപരിഷ്കാരം നടപ്പിലാക്കുമെന്നു പല പ്രാവശ്യവും അസംബ്ലിക്കകത്തും വെളിയിലും ആവർത്തിച്ചു് ആവർത്തിച്ചു് പറഞ്ഞിട്ടുണ്ടെങ്കിലും അങ്ങനെ ഏതെങ്കിലും തരത്തിലുള്ള ഒരു ബിൽ അവതരിപ്പിക്കുവാൻ അവർ തയാറായില്ല. മാത്രമല്ല, പി. എസ്. പി. തയാറാക്കിക്കൊണ്ടു വന്ന ബില്ലിനെ രൂക്ഷമായി എതിർത്തതു ഇപ്പോഴത്തെ റവന്യൂമെംബർ ശ്രീ. ജോൺ ആണ്.

ശ്രീ. കെ. എം. ജോർജ്ജ് : സർ, അതിനെ റവന്യൂ മെംബർ നിഷേധിച്ചിരിക്കുന്ന സ്ഥിതിക്ക് വീണ്ടും അക്കാര്യത്തെപ്പററി പറയുന്നതു് ശരിയാണോ?

മി. ഡെപ്യൂട്ടി സ്പീക്കർ : ഇതു് ഒരു ആരോപണമായിട്ടു പറയുന്നതല്ല.

ശ്രീ. ടി. വി. തോമസ് : ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഒരിക്കൽ പറഞ്ഞിട്ടുണ്ട്, സൂര്യനെ നോക്കി സൂര്യനല്ലെന്നു പറഞ്ഞാലും സൂര്യൻ സൂര്യനല്ലാതെയായിപ്പോവുകയില്ല എന്നു്. ബില്ലുകളെ സംബന്ധിച്ചുള്ള ഇന്നത്തെ റവന്യൂമന്ത്രിയുടെ നിലപാടെന്തായിരുന്നു എന്നു് അസംബ്ലി പ്രൊസീഡിംഗ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കാൺഗ്രസ്സ് ഇവിടെ ഭരിക്കാൻ തുടങ്ങിയിട്ടു ഏഴു കൊല്ലമായിയെങ്കിലും ഇതുവരെ ഭൂനയ ബില്ലുകളവതരിപ്പിക്കുവാൻ അവർ തയാറായില്ല. മാത്രമല്ല, ഈ സെഷനിൽ സെലക്ററ് കമ്മിററി റിപ്പോർട്ടവതരിപ്പിക്കേണ്ടതാണെന്നു് വ്യക്തമായ മാൻഡേററ് കൊടുത്തിരുന്നിട്ടും, അതനുസരിച്ചു് പ്രവർത്തിക്കാൻ കടമപ്പെട്ടിരുന്ന കാൺഗ്രസ്സ് മന്ത്രിസഭ ഇപ്പോൾ അതിനുള്ള ടൈം എക്സ്റ്റെൻഡ് ചെയ്യണമെന്നാവശ്യപ്പെടുന്നതു് ഈ ബില്ല് സാബട്ടേജ് ചെയ്യാനാണോ എന്ന ബലമായ സംശയം ഉണ്ടു്.

അതുകൊണ്ടു്, ഈ അസംബ്ലി തീരുന്നതിനുമുമ്പുതന്നെ, ഗവണ്മെൻറ് ആത്മാർത്ഥമായി ആഗ്രഹിക്കുന്നുണ്ടെങ്കിൽ, സെലക്ററകമ്മിററി കൂടാവുന്നതും, ഈ അസംബ്ലിയിൽ തന്നെ റിപ്പോർട്ടു് അവതരിപ്പിക്കാവുന്നതും ആണു്. യാതൊരു കാരണവശാലും സമയം നീട്ടിക്കൊടുക്കുവാൻ പാടില്ല. ഈ ബില്ല് നടപ്പിലാക്കണമെന്നു് കാൺഗ്രസ്സ് പാർട്ടി ആത്മാർത്ഥമായി ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഈ മോഷനെ എതിർക്കണമെന്നാണു് എന്റെ അഭിപ്രായം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവു് ഈ ഒരു നില എടുത്തു കണ്ടതിൽ എനിക്കു് വളരെ ഖേദമുണ്ടു്. ഈ സഭയിലെ എല്ലാ ഭാഗത്തിലുംപെട്ട അംഗങ്ങൾകൂടി യോജിച്ചു് ഒരു ബില്ല് സെലക്ററകമ്മിററിക്കു് അയച്ചിട്ടുള്ളതാണു്. ഫെബ്രുവരി 8-ാംനു- ആണു് കഴിഞ്ഞ അസംബ്ലി അവസാനിച്ചതു്. അന്നു അധികാരത്തിലിരുന്ന മന്ത്രിസഭയുടെ പേരിൽ ഈ നിയമസഭ ഒരവിശ്വാസപ്രമേയം രേഖപ്പെടുത്തുകയും ആ മന്ത്രിസഭ രാജിവെച്ചു് ഫെബ്രുവരി 14-ാം തീയതി ഒഴിയുകയും ചെയ്തു. അതുകഴിഞ്ഞു് പുതിയ മന്ത്രിസഭ അധികാരത്തിൽ വന്നു. പിന്നീടു് മാർച്ചു് പതിനെട്ടാംതീയതിയാണു് അസംബ്ലി കൂടുന്നതു്. 32 ദിവസം മാത്രമേ കഴിഞ്ഞിട്ടുള്ളു. ഈ അസംബ്ലി കൂടുന്നതു തന്നെ പ്രധാനമായി ബഡ്ജററ് അവതരിപ്പിച്ചു് പാസ്സാക്കാനാണു്. ഈ 32 ദിവസത്തിനിടയിൽ ഈ രണ്ടു ബില്ലുകളും സെലക്ററ് കമ്മിററിക്കയച്ചു ചർച്ചകൾ നടത്തി അവസാനിപ്പിച്ചു് സെലക്ററ് കമ്മിററി റിപ്പോർട്ടു് ഇവിടെ അവതരിപ്പിച്ചില്ല എന്നതുതാണു് പ്രതിപക്ഷനേതാവിന്റെ ആക്ഷേപത്തിന്റെ ചുരുക്കം. ഇങ്ങനെയുള്ള സന്ദർഭത്തിൽ ഇങ്ങനെയുള്ള ആക്ഷേപങ്ങൾ ഉന്നയിച്ചു് വിവാദപരമായ കാര്യങ്ങൾ ഉയർത്തിക്കാണിച്ചാൽ രാഷ്ട്രീയമായി എന്തെങ്കിലും ഗുണം അതുകൊണ്ടുണ്ടാകുമെന്നാണു് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവു് വിചാരിക്കുന്നതെങ്കിൽ ആ ഒരു നില ഉപേക്ഷിക്കുവാൻ ഞാൻ അദ്ദേഹത്തോടപേക്ഷിക്കുന്നു. ഈ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ.]

നിയമസഭയിൽ ഈ ബില്ലുകളുടെ സെലക്റ്റ് കമ്മിററി റിപ്പോർട്ട് കൊണ്ടുവരികയെന്നതു് മനുഷ്യസാദ്ധ്യമായിരുന്നില്ല.

ബഹുമാനപ്പെട്ട റവന്യൂ മെംബർ ഇതിനുമുമ്പു് പ്രസ്താവിച്ചമാതിരി മാർച്ചു് 15-ാംനു ഇതിലേയ്ക്കുവേണ്ടി സെലക്റ്റ് കമ്മിററി യോഗം വിളിച്ചുകൂട്ടിയിരുന്നു. അന്നു് പ്രതിപക്ഷനേതാവിനും വർക്ക്സ് മിനിസ്റ്റർ മി. വേലായുധനും എനിക്കും സെലക്റ്റ് കമ്മററിയിൽ പങ്കുകൊള്ളുവാനുള്ള സൗകര്യം ഉണ്ടായിരുന്നില്ല. പ്രതിപക്ഷനേതാവു് അറിയിച്ചിരുന്നതു് കള്ളുവ്യവസായത്തെപ്പററിയുള്ള എന്തോ അന്വേഷണക്കാര്യത്തിൽ ഗവണ്മെൻറ് ആവശ്യപ്പെട്ടതനുസരിച്ചു് അദ്ദേഹത്തിനു പങ്കെടുക്കുവാനുണ്ടായിരുന്നതുകൊണ്ടു് വരാൻ സൗകര്യമില്ലെന്നായിരുന്നു. എനിക്കും വർക്ക്സ് മിനിസ്റ്റർക്കും അന്നു ഹാജരാകാൻ ഒക്കാതെവന്നതു്, തൃശ്ശൂർ ജലസംഭരണി പദ്ധതിക്കായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഒരു കെട്ടിടത്തിനു കല്ലിടേണ്ടതിനായി തൃശ്ശൂക്കു് പോകേണ്ടിയിരുന്നു. പ്രതിപക്ഷനേതാവു് പറഞ്ഞമാതിരി ആത്മാർത്ഥതയോടുകൂടി പറയുകയാണെങ്കിൽ ഈ നിയമസഭയിൽ ഈ ബില്ലുകളെ സംബന്ധിച്ചുള്ള സെലക്റ്റ് കമ്മിററി റിപ്പോർട്ട് കൊണ്ടുവരിക സാദ്ധ്യമല്ലെന്നു കാണാം. ഇപ്പോൾ ഗവണ്മെൻറ് എടുക്കുന്ന നയത്തെ, സെലക്റ്റ് കമ്മിററി റിപ്പോർട്ടിൽ സമയം ചോദിച്ചു എന്നു് തെർവ്യാഖ്യാനം ചെയ്തുകൊണ്ടു് ജനങ്ങളെ കബളിപ്പിക്കുവാൻ നോക്കരുതെന്നും എനിക്കപേക്ഷയുണ്ടു്. അതുകൊണ്ടു് എനിക്കു ബഹുമാനപ്പെട്ട സഭയെ അറിയിക്കുവാനുള്ളതു് ഈ സെലക്റ്റ് കമ്മിററി റിപ്പോർട്ട് കൊണ്ടുവരുവാൻ സമയം വേണമെന്നു പറഞ്ഞതു അതു നടത്തണമെന്നുണ്ടെങ്കിൽ സമയം വേണം എന്നുള്ളതുകൊണ്ടാണു്. അങ്ങനെയുള്ള കാര്യങ്ങൾ ദയവുചെയ്തു ആവശ്യമില്ലാത്ത വാദപ്രതിവാദം ഉണ്ടാക്കുവാൻ ശ്രമിക്കാതെ, ഈ നിയമങ്ങൾ പരിശോധിച്ചു് പാസ്സാക്കുവാൻ വേണ്ട സമയം എല്ലാഭാഗത്തുമുള്ള മെംബറന്മാർക്കു കിട്ടാൻ വേണ്ടി ഈ മോഷനെ എല്ലാവരും അനുകൂലിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. പ്രാക്കുളം ഭാസി: ഈ ഭൂനയബില്ലുകളെല്ലാം ഒരു സെലക്റ്റ് കമ്മിററിക്കു് അയയ്ക്കണമെന്നു് അഭിപ്രായപ്പെട്ടിരുന്നല്ലോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ശരിയാണു്. ഈ ബില്ലുകൾക്കു പുറമെ മററു ചില ബില്ലുകളും ഇരുപതോ, ഇരുപത്തിനാലോ പേർ അടങ്ങിയ സെലക്റ്റ് കമ്മിററിക്കയച്ചിരുന്നു. എല്ലാ ബില്ലുകളും വേണമെങ്കിൽ അവർക്കുതന്നെ അയയ്ക്കാമായിരുന്നു. എന്നാൽ താരതമ്യേന പ്രാധാന്യക്കുറവുള്ള ചില ബില്ലുകൾ മറെറാരു സെലക്റ്റ് കമ്മിററിക്കു് അയയ്ക്കുകയാണെങ്കിൽ ഈ സഭയിൽതന്നെ എല്ലാ റിപ്പോർട്ടുകളും കൊണ്ടുവരുവാൻ സമയം ലഭിക്കുകയില്ലെന്നു കരുതി ഞാൻ പ്രതിപക്ഷനേതാവിനോടും അദ്ദേഹത്തിൻെറ സഹപ്രവർത്തകനായ മി. കെ. സി. ജാർജ്ജിനോടും അഭിപ്രായം ചോദിക്കുകയും അവർ അതിനു സമ്മതിക്കുകയും ചെയ്തിട്ടുള്ളതാണു്. അവരുടെ അനുമതിയോടുകൂടിയാണു് ദേഹണ്ഡവില ബില്ലു്, കാനപ്പാട്ടം ബില്ലു്, കുടികിടപ്പുബില്ലു് മുതലായ ബില്ലുകൾ വേറെ സെലക്റ്റ് കമ്മിററിക്കു് അയച്ചിട്ടുള്ളതു്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ആ നിലയ്ക്കു് ഇപ്പോൾ അവർ അതിനെ എതിർക്കുന്നതു് ന്യായമാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ എതിർക്കുന്നതു് ഒരു കാര്യത്തെയാണു്.

ശ്രീ. കെ. ബാലകൃഷ്ണൻ: സർ, ഈ പ്രമേയത്തെ എതിർത്തുകൊണ്ടു് പ്രതിപക്ഷനേതാവോടുകൂടി യോജിക്കുവാൻ ഞാനാഗ്രഹിക്കുന്നു. അങ്ങനെ എതിർക്കുന്നതു്, ഭംഗിയായിരിക്കുകയില്ല എന്നു് മുഖ്യമന്ത്രി പറഞ്ഞ കാര്യങ്ങൾ കേട്ടു കഴിഞ്ഞതിനുശേഷവും ഈ മോഷനെ എതിർക്കുവാനാണു് ഞാനാഗ്രഹിക്കുന്നതു്. അങ്ങനെ എതിർക്കേണ്ടതു്, സംകുചിതമായ പാർട്ടി താല്പര്യങ്ങൾ നോക്കാതെ നാട്ടിന്റെ മൊത്തത്തിലുള്ള താല്പര്യത്തെ പരിഗണിച്ചാ ത്തന്നെയും വളരെ അത്യാവശ്യമാണെന്നാണു് എനിക്കു് തോന്നുന്നതു്.

സർ, മുഖ്യമന്ത്രി ഇവിടെ പറയുകയുണ്ടായി ഈ പ്രമേയത്തെ എതിർക്കുന്നതു് രാഷ്ട്രീയമുതലെടുപ്പിനാണെന്നു്. അദ്ദേഹത്തിന്റെ പ്രസംഗം രാഷ്ട്രീയ മുതലുമുടക്കായിരുന്നിരിക്കാം. ഈ നിയമസഭയിൽ ഒരു പ്രത്യേകത ഞാൻ കാണുന്നുണ്ടു്. തന്നെ എതിർക്കുന്നവരെയെല്ലാം കുഞ്ഞുങ്ങളെ ഉപദേശിക്കുന്നപോലെ ഉപദേശിച്ചുകൊണ്ടു് മുഖ്യമന്ത്രി പല കാര്യത്തിലും ഇവിടെ രക്ഷാകർതൃത്വം ചമയുന്നുണ്ടു്. ഞങ്ങളുടെ അജ്ഞതയിൽ അദ്ദേഹം സഹതപിക്കാറുമുണ്ടു് ഇരുന്നു നിറത്തുകയാണു ഭേദം. അത്ഭുതകരമായ വിജ്ഞാനത്തിന്റെ ഭണ്ഡാഗാരമായ ഒരതിമാനുഷനായി മുഖ്യമന്ത്രിയെ ഇവിടെയാരും തെററിദ്ധരിച്ചിട്ടില്ല. അദ്ദേഹത്തിനു ഞങ്ങളെ മതിപ്പില്ലെങ്കിലും അദ്ദേഹത്തിനു് വിജ്ഞാനം നൽകുന്ന പുസ്തകങ്ങളും പത്രങ്ങളും ഞങ്ങൾക്കും വായിക്കാവുന്നവയാണെന്നും, അക്ഷരജ്ഞാനമുള്ളവരാണു് ഇവിടെ ഇരിക്കുന്നതെന്നും അദ്ദേഹം കരുതേണ്ടതായിരുന്നു. എനിക്കറിഞ്ഞുകൂടാത്ത പലതും അദ്ദേഹത്തിനു അറിയാവുന്നതായിക്കാണും. പക്ഷെ അദ്ദേഹത്തിനു അറിഞ്ഞുകൂടാത്ത പലതും എനിക്കറിയാവുന്നതായും കാണും. അതുകൊണ്ടു്, ഈ രക്ഷാകർതൃത്വം ചമയൽ അത്ര നല്ല ഏർപ്പാടല്ല. എതിർത്തുകൊള്ളൂ; തർക്കമില്ല. ഈ ഗിരിമുകളിൽ നിന്നു് താഴെ കിടക്കുന്നവരെ ഉപദേശിക്കുന്ന ഏർപ്പാടു് അത്ര സുഖകരമായി തോന്നുന്നില്ല. ഒരു പ്രത്യേക "ടാസ്ക്കു്" ഏറെറടുത്തുകൊണ്ടാണു് ഇത്തവണത്തെ ബഡ്ജററു് അവതരിപ്പിച്ചിരിക്കുന്നതെന്നു് ബഡ്ജററവിമർശനങ്ങൾക്കു മറുപടി പറഞ്ഞുകൊണ്ടു് ശ്രീ. ഗോവിന്ദമേനോൻ പറഞ്ഞു. എന്താണു സർ, ഈ ടാസ്ക്കു്? ഞാൻ ബഡ്ജററനോക്കി. അതിനകത്തൊരുമണ്ണാങ്കട്ടയുമില്ല. എല്ക്ട്രിസിററി നീട്ടുന്നതും റോഡുവെട്ടുന്നതും ഒരു ഗവണ്മെൻറിന്റെ ശ്രമകരമായ ടാസ്ക്കു് ആണെന്നു പണ്ഡിതവീരനായ അദ്ദേഹം പറയുകയും ഞങ്ങൾ എലികളെപ്പോലെ ശ്രദ്ധിച്ചിരിക്കുകയും ചെയ്യുന്നതു കാണുമ്പോൾ അദ്ദേഹത്തിനു് താനൊരു നീഷേയുടെ സൂപ്പർമാനാണെന്നു തോന്നിയിരിക്കാം. കഴിഞ്ഞ പി. എസ്. പി. ഗവണ്മെൻറിനു ഒരു നയമുണ്ടായിരുന്നു. അതിൽ ഞങ്ങൾക്കഭിപ്രായഭിന്നതയുള്ള പലതുമുണ്ടായിരിക്കാം. പക്ഷേ ഒരു ഭൂനയമാവിഷ്കരിക്കാൻ അവർക്കു കഴിഞ്ഞു. മിഡിൽക്ലാസ്സുകാരെ അവർ ഫീസുസൗജന്യം ഏർപ്പെടുത്തി. ഇങ്ങനെ പലതുണ്ടു് ഇതുപോലെ പറയാൻ. കഴിഞ്ഞ ഏതാനും വർഷത്തെ—ഈ വർഷത്തേതുൾപ്പെടെയുള്ള—കാൺഗ്രസ്സു് ബഡ്ജററുകളിൽ എന്തുണ്ടു്? നിവർന്നുനിന്നു് ഉറച്ചശബ്ദത്തിൽ പറഞ്ഞാൽ പറയുന്നതെല്ലാമങ്ങുനേരാകുമോ? ശ്രീ. ഗോവിന്ദമേനവന്റെ കഴിവിൽ ഞങ്ങൾ അത്ഭുതപരതന്ത്രരാണെന്ന ഒരു തെററി

[ശ്രീ. കെ. ബാലകൃഷ്ണൻ]

ഭാരം അദ്ദേഹത്തിനുണ്ടെന്നു തോന്നുന്നു. അതായിരിക്കാം ഈ രക്ഷാധികാരി ചമയലിന്റെ കാരണം.

ഈ പ്രമേയം അവതരിപ്പിച്ചിരിക്കുന്നതു് ഭൂനയബില്ലുകൾ പാസ്സാക്കാതിരിക്കുകയോ താമസിപ്പിക്കുകയോ ചെയ്യാനുള്ള അടവാണെന്നു തന്നെയാണു ഞങ്ങളുടെ വിശ്വാസം. ഇന്നു രാവിലെ ഇവിടെ വന്നപ്പോൾ പെട്ടെന്നിങ്ങനെ തോന്നിയതല്ല. ഇന്നു് അധികാരത്തിലിരിക്കുന്നവർ കഴിഞ്ഞ ഏഴുവർഷം ഭരിച്ചവരാണു്. ഭരണഘടനാനിർമ്മാണസമിതിയിലേയ്ക്കുള്ള ആദ്യതിരഞ്ഞെടുപ്പിനു മത്സരിച്ചപ്പോൾത്തന്നെ ഒരു പ്രകടനപത്രികവഴി ഈ രാജ്യത്തെ ഭൂവുടമയുടെ പരിധി നിർണ്ണയിക്കുമെന്നു ഇവർ ഒരു വാഗ്ദാനംചെയ്തിരുന്നു. ആദ്യമന്ത്രിസഭ ആ വാഗ്ദാനത്തിന്റെ കാര്യംപോലും ചിന്തിച്ചില്ല. ശ്രീ. ടി. കെ. യുടെ മന്ത്രിസഭ പൊതുജനാഭിപ്രായത്തിന്റെ സമ്മർദ്ദംമൂലം ഒരു അച്യുതമേനോൻ കമ്മിററിയെ നിയോഗിച്ചു. നിലവിലിരിക്കുന്ന ഭൂവുടമവ്യവസ്ഥയിൽ യാതൊരു ഭേദഗതിയും വേണ്ടെന്ന ആമുഖത്തോടെ ആ കമ്മിററി ചില ഭൂനയപരിഷ്കാരങ്ങൾ ശുപാർശചെയ്തു. ടി. കെ. മന്ത്രിസഭ പിന്നൊന്നും ചെയ്തില്ല. ശ്രീ. സി. കേശവൻ അധികാരത്തിൽ വന്നു. അദ്ദേഹം ഒരു ബിൽ എഴുതിയുണ്ടാക്കി. അതു് കാൺഗ്രസ്സ് പാർലമെൻററിപാർട്ടിപോലും ചർച്ചചെയ്തില്ല. എല്ലാം കേന്ദ്രത്തിൽനിന്നുണ്ടാക്കിയാൽ മതിയെന്നായിരുന്നു നില. അതു കഴിഞ്ഞു ജോൺ മന്ത്രിസഭ വന്നു. ആ മന്ത്രിസഭയിലെ ഒരംഗമായിരുന്ന ശ്രീ. ഗോവിന്ദമേനോൻ ഒട്ടേറെ എണ്ണയെരിച്ചു് ഒരു ബിൽ തയ്യാറാക്കി. ആ ബിൽ കരയ്ക്കോ സമുദ്രത്തിലോ എന്നു ഇന്നുവരെ ആരും അറിഞ്ഞിട്ടില്ല. അതു കഴിഞ്ഞാണു് പി. എസ്. പി. മന്ത്രിസഭ അധികാരത്തിൽ വന്നതു്. അവർ ചർച്ചാവിഷയമായ ബില്ലുകൾ കൊണ്ടുവന്നു. ആ ബില്ലുകൾ പുരോഗമനപരമാകണമെങ്കിൽ വളരെ ദൂരം മുന്നോട്ടുപോകണമെന്നാണു് ഞങ്ങളുടെ പക്ഷം. പക്ഷേ ആ ബില്ലിനോളംപോലും ശ്രീ. ഗോവിന്ദമേനോന്റെ പാർട്ടി പോകുകയില്ലെന്നുള്ളതാണു് നേരു്. സർ, കാൺഗ്രസ്സ് ബഞ്ചിലിരിക്കുന്നവരെല്ലാം വഞ്ചകന്മാരാണെന്ന അഭിപ്രായം എനിക്കില്ല. അക്കൂട്ടത്തിൽ ചുറുചുറുക്കുള്ള ചെറുപ്പക്കാരുണ്ടു്. കാൺഗ്രസ്സിനു ഒരു വർഗ്ഗസ്വഭാവമുണ്ടു്. ആ സ്വഭാവത്തിനനുയോജ്യമായ വേഗതയിലേ അവർക്കു് നീങ്ങാൻ പററൂ. അതല്ല, സമുദ്രം ചാടിക്കടക്കുമെന്നും ഹിമാലയത്തിൽ കയറുമെന്നും ശ്രീ. ഗോവിന്ദമേനോൻ പറയുന്നതു കഥയില്ലായ്മയാണു്. അധികാരത്തിലിരിക്കാൻ ആർത്തിയുള്ള അദ്ദേഹത്തിനു അവിടെ ഇരിക്കണമെങ്കിൽ ഇത്തരം എടാകൂടങ്ങളിലൊന്നും ചാടരുതു്. അതുകൊണ്ടാണു് സർ, അദ്ദേഹത്തിന്റെ ബഡ്ജററവ്യസംഗത്തിൽ ഈ ബില്ലുകളെപ്പററി ഒരക്ഷരം പറയാതിരുന്നതു്. ശ്രീ. ഗോവിന്ദമേനവനു് അത്യന്തം പുരോഗമനപരമായ ചിന്താഗതി ഉണ്ടായിരിക്കാം. പക്ഷേ അതുകൊണ്ടെന്തു പ്രയോജനം? പലതും വിഴുങ്ങാൻ അദ്ദേഹം നിർബന്ധിതനാണു്. അത്തരക്കാരെ ഞങ്ങൾക്കു വലിയ മതിപ്പില്ല. പച്ചമാംസം തിന്നുന്ന മൃഗാദികളുടെ കൂട്ടത്തിൽ ഞാൻ പറയുന്നില്ല. എന്റെ ആദർശങ്ങളിലും വിശ്വാസപ്രമാണങ്ങളിലുംനിന്നു എന്നെ വ്യതിചലിപ്പിക്കാൻ സൂര്യനുതാഴെ ഒരു ശക്തിക്കും സാദ്ധ്യമല്ലെന്ന അഹങ്കാരം എനിക്കുണ്ടു്. ആ അഹങ്കാരം ശ്രീ. ഗോവിന്ദമേനവനു് തീർച്ചയായ്

മില്ല. അദ്ദേഹത്തിനു മററു പലതും നോക്കേണ്ടതുണ്ട്. നോക്കട്ടെ. തക്കമില്ല. പക്ഷെ മററുള്ളവരെ ഉപദേശിക്കാനും രക്ഷാധികാരി ചമയാനും വരരുതു്. നിയമസഭാ ചട്ടം 87-ാംവകുപ്പനുസരിച്ചു് കാലാവധി നിശ്ചയിക്കാതെ ഒരു ബിൽ സെലക്ററു കമ്മിററിക്കയച്ചാൽ അടുത്ത നിയമസഭയിൽ സെലക്ററു കമ്മിററി റിപ്പോർട്ടവതരിപ്പിക്കണമെന്നുണ്ടു്. ആ വകുപ്പിൻെറ പിടിയിൽനിന്നു രക്ഷനേടാനാണു ഈ പ്രമേയം. സർ, അഥവാ സെലക്ററുകമ്മിററിക്കു റിപ്പോർട്ടു പൂർണ്ണമായി തയ്യാറാക്കാൻ കഴിയാതെയിരുന്നാൽത്തന്നെ ഒരു പ്രാഥമിക റിപ്പോർട്ടു് സമർപ്പിക്കാം. അതിനു നടപടിക്രമങ്ങളിൽ വകുപ്പുണ്ടു്. പിന്നെ ഈ പ്രമേയമെന്തിനു്? ഈ നിയമസഭാകാലത്തു ഇക്കാര്യത്തെപ്പററി ആലോചിക്കുകപോലും വേണ്ടെന്നുള്ളതുകൊണ്ടല്ലേ ഈ പ്രമേയം കൊണ്ടുവന്നിരിക്കുന്നതു്. രാജ്യത്തോടും ജനങ്ങളോടും സ്നേഹമുള്ളവർ ഈ ചതി എങ്ങനെ സഹിക്കും? സർ, അതു പറഞ്ഞാൽ രാഷ്ട്രീയപ്രചരണമായിപ്പോകും. ഇത്തരംതന്ത്രം പുറത്തു പ്രചരിപ്പിക്കുകതന്നെയാണു് ഞങ്ങളുടെ ഉദ്ദേശം. തെല്ലൊരുവേദനയോടെയാണു സർ ഇതു പറയുന്നതു്. ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം ഉന്നതനായ ഒരു കാൺഗ്രസ്സു നേതാവു്, എന്നോടു പറഞ്ഞു ഈ നിയമസഭയിൽത്തന്നെ ഭൂനയബില്ലുകൾ നിയമമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നു്. ഇങ്ങനെയാണോ സർ ആവശ്യമായ നടപടി സ്വീകരണമുണ്ടാകേണ്ടതു്? ഈ ബില്ലുകൾ സർക്കുലേററുചെയ്തു കഴിഞ്ഞതുമാണു്. സെലക്ററു് കമ്മിററി, വിഡ്ഢ്യാന്മാരുടെ ഒരു സംഘമല്ല. അടുത്ത മൂന്നാഴ്ച ശ്രമിച്ചാലും സെലക്ററുകമ്മിക്കു ഒന്നും ചെയ്യാൻ കഴിയുകയില്ലെന്നാണോ ശ്രീ. ഗോവിന്ദമേനോൻ പറയുന്നതു്? ഞങ്ങൾ ഇരിനക്കത്തു് കളിക്കാൻ വന്നവരെന്നാണോ അദ്ദേഹം കരുതുന്നതു്. ഉപദേശങ്ങളും ഗുണപാഠങ്ങളും പറഞ്ഞു ഞങ്ങളെ ഉപദേശിക്കാൻവരുന്ന ശ്രീ. ഗോവിന്ദമേനോനെ ഞാനുപദേശിക്കട്ടെ. താങ്കളുടെ ഉപദേശം സ്വന്തം പാർട്ടിക്കാരോടു നടത്തുക. ചെറിയ കുഴിയാനകളെ വലിയ ഭൂതങ്ങളാക്കി കാണിക്കാനുള്ള ആ കഴിവു് ഇനിയും കാളവണ്ടിയുഗത്തിൽ കഴിയുന്ന സ്വന്തം പാർട്ടി അംഗങ്ങളുടെ നേക്കെട്ടുക്കുക. ഈ ബിൽ പാസ്സായില്ലെങ്കിൽ സോഷ്യലിസം പാസ്സാക്കിയ കാൺഗ്രസ്സിനു് നിലക്കെത്തിയില്ലെന്നു് അവരോടു പറയുക. പരിഭ്രമിപ്പിച്ചു് അംഗീകാരം നേടാൻ കഴിയുമോ എന്നു പരിശോധിക്കുക. ചിലപ്പോൾ ഫലിച്ചേക്കും. സൗമ്യമായി അവരെവശപ്പെടുത്തിക്കയറുക്കാമെന്നു വ്യാമോഹിക്കരുതു്. രാജ്യസ്നേഹത്തിൻെറ പേരിൽ, പുരോഗതിയുടെ പേരിൽ അൽപ്പമെങ്കിലും ആത്മാർത്ഥത ഈ ബില്ലുകളുടെ കാര്യത്തിലുണ്ടെങ്കിൽ ഈ പ്രമേയം പിൻവലിക്കണമെന്നു് ഞാൻ മന്ത്രിസഭയോടഭ്യർത്ഥിക്കുന്നു.

Shri Panampilli Govinda Menon : Sir, I want to make a statement.

ഈ മോഷൻ ഇവിടെ അവതരിപ്പിച്ചതു ഈ നിയമസഭയിൽ ഈ ബിൽ പാസ്സാക്കാൻ സാധിക്കുകയില്ലെന്നുള്ള ആത്മാർത്ഥമായ ബോധം കൊണ്ടാണു്. പക്ഷെ, തിരുവനന്തപുരം മെംബർ ശ്രീ. ബാലകൃഷ്ണൻ നായരെ അപ്രസക്തങ്ങളായ പല കാര്യങ്ങളും ഇവിടെ പറയുകയുണ്ടായി. എൻെറ രക്ഷാകർതൃത്വത്തെപ്പററിയും മററും അദ്ദേഹം പറയുകയുണ്ടായി. അതിനുള്ള സന്ദർഭമായിരുന്നോ ഇതു് എന്നു എനിക്കു സംശയമുണ്ടു്. അതിനു മറുപടി പറയണമെന്നും ഞാൻ വിചാരിക്കുന്നില്ല. എന്നാൽ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ഒരു ഭൂരിപക്ഷബലം ഉപയോഗിച്ച് ഒരു കാര്യം ചെയ്യണമെന്നുള്ളേശമില്ലാത്തതുകൊണ്ടും, ഈ നിയമസഭയിൽതന്നെ ഇതു പാസ്സാക്കാൻ സാധിക്കുമെങ്കിൽ അതിനു ഗവണ്മെൻറു തടസ്സമായിരിക്കരുതെന്നു കരുതിയും ഞാൻ പ്രമേയം പിൻവലിക്കുകയാണ്.

Shri A. Thanu Pillai : Does the mover of the motion withdraw it ?

Shri Panampilli Govinda Menon : Yes. He agrees.

The motion, by leave of the House, was withdrawn.

Shri Panampilli Govinda Menon : Sir, the next motion, *viz.*, for the extension of time for making the report of the Select Committee on the Restriction on Possession and Ownership of Land Bill, is not being moved now. We shall try to do as much as possible within the time available during the session.

THE TRAVANCORE-COCHIN APPROPRIATION (VOTE ON ACCOUNT) BILL, 1955.

Chief Minister **(Shri Panampilli Govinda Menon)**: Now, I move the next item on the agenda which stands against my name. I introduce the Travancore-Cochin Appropriation (Vote on Account) Bill, 1955.

Shri A. J. John : I second it.

Mr. Deputy Speaker : The Bill stands introduced.

Shri Panampilli Govinda Menon : I move that the Travancore-Cochin Appropriation (Vote on Account) Bill, 1955, be taken into consideration at once.

Shri A. J. John : I second it.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർ, ഈ ബിൽ, ഇന്നലെ ഈ സഭയിൽ ദീർഘമായ വാദപ്രതിവാദത്തിനുശേഷം പാസാക്കിയ വോട്ട് ആൺ അക്കൗണ്ട്സിനു സ്റ്റാറ്റ്യൂട്ടറി പൊസിഷൻ കൊടുക്കുന്നതിനു വേണ്ടിയാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. വരുന്ന മാസത്തേയ്ക്കു ആവശ്യമുള്ള സംഖ്യയാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. അതു ഇന്നലെ വോട്ടു ചെയ്തു തന്നു. അതൊരു ബിൽഫാറത്തിൽ കൊണ്ടുവരണമെന്നു ഭരണഘടന അനുശാസിക്കുന്നതിനാൽ കൊണ്ടുവന്നിരിക്കുകയാണ്. ഇതിനെ സംബന്ധിച്ച് വാദപ്രതിവാദത്തിനു വകയുണ്ടെന്നു തോന്നുന്നില്ല. ഈ ബിൽ ഉടൻ പാസാക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഇതിനെപ്പററിയുള്ള വാദപ്രതിവാദങ്ങൾ കൂടാതെ കഴിക്കാമെങ്കിൽ ഇനി വരാൻ പോകുന്ന ഭൂനയബില്ലുകൾ ഇന്നുതന്നെ സെലക്ററു കമ്മിററിക്കയക്കാൻ സാധിക്കും.

Mr. Deputy Speaker : I want to know the sense of the House as to how much time we can allot for discussion.

Shri K. C. George: Sir, we have got to speak on this motion.

Shri T. V. Thomas : Sir, we are opposing the Bill.

Mr. Deputy Speaker : Let us have one hour's discussion on this Bill.

Shri Panampilli Govinda Menon: Does the Leader of the Opposition think that one hour's discussion is necessary for this? I am only making a suggestion.

ഇന്നത്തെ കാര്യപരിപാടിയിൽ കുടിയിറക്കു നിരോധനബില്ല്, ദേഹണ്ഡവില ബില്ല് ഇവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ രണ്ടു ബില്ലുകളും ഇന്നുതന്നെ വാദപ്രതിവാദം ചെയ്തു സെലക്റ്റുകമ്മിറ്റിക്കയക്കുകയാണെങ്കിൽ ഈ നിയമസഭ കഴിയുന്നതിനുമുമ്പുതന്നെ ഇതു നിയമമാക്കിയെടുക്കുവാൻ സാധിക്കും. ഇന്നലെ ഇതിനെപ്പററി നാലു മണിക്കൂർ വാദപ്രതിവാദം ചെയ്തതാണ്. അതുകൊണ്ടു ഞാൻ പറയുന്നതു് ഈ കുടിയിറക്കു നിരോധനബിൽ, ദേഹണ്ഡവില നിശ്ചയിക്കുന്ന ബിൽ, ഇതെല്ലാം പാസ്സാക്കണമെന്നുള്ള ഉൽക്കണ്ഠയുടെ വെളിച്ചത്തിൽ ഇതു വളരെയധികം വാദപ്രതിവാദം കൂടാതെ വോട്ടുചെയ്യാൻ സാധിക്കും എന്നാണ്.

ശ്രീ. ടി. വി. തോമസ്: ഇതിനെ സംബന്ധിച്ചു വാദപ്രതിവാദവേളയിൽ ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങൾക്കു ഇപ്പോഴത്തെ ബഡ്ജററുകൊണ്ടു പരിഹാരം കാണാൻ സാദ്ധ്യമല്ലെന്നുള്ള അടിസ്ഥാനത്തിൽ ഇതിനെ സംബന്ധിച്ചു് മന്ത്രിസഭ കൈക്കൊണ്ടിരിക്കുന്ന മനോഭാവത്തെക്കുറിച്ചു ഞങ്ങൾക്കു ആക്ഷേപമുണ്ട്. ആ ആക്ഷേപം പ്രകടമാക്കുന്നതിനുള്ള അവസരം ഉപേക്ഷിക്കുവാൻ ഞങ്ങൾ തയ്യാറില്ല. അതുകൊണ്ടു ഞാൻ ഇതിനെ എതിർത്തു സംസാരിക്കുന്നതാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഞാൻ പറഞ്ഞതു് ഇതു ദീർഘമായ വാദപ്രതിവാദം കഴിഞ്ഞതുകൊണ്ടു അധികനേരം ഇതിനായി വിനിയോഗിക്കാതിരിക്കുകയാണെങ്കിൽ നമുക്കു പ്രധാനപ്പെട്ട മററു ബില്ലുകളിലേക്കു കടക്കാൻ സാധിക്കുമെന്നാണ്. അങ്ങനെയാണെങ്കിൽ ഇതിനു എത്ര മണിക്കൂർ വേണം?

ശ്രീ. ടി. വി. തോമസ്: സർ, ഇന്നലെ വാദപ്രതിവാദം നടന്ന കാര്യത്തെപ്പററി ഇന്നു ഞങ്ങൾ എതിർക്കുന്നതിന്റെ കാരണങ്ങൾ പറയുന്നതിനുമുൻപുതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു ഭീഷണി പുറപ്പെടുവിക്കുന്നു, അതായതു് ഈ ബില്ലിനെ സംബന്ധിച്ചു വാദപ്രതിവാദം ചെയ്യുകയാണെങ്കിൽ കുടിയിറക്കുനിരോധനബില്ലും ദേഹണ്ഡവില ബില്ലും ഈ നിയമസഭയിൽ പാസ്സാക്കുവാൻ ഒക്കുകയില്ലെന്ന ഒരു ഭീഷണി.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഭീഷണിയല്ല അതു്. മററു രണ്ടു ബില്ലുകളും ഈ സെഷനിൽത്തന്നെ പാസ്സാക്കണമെന്നുള്ള ഉൽക്കണ്ഠ പുറപ്പെടുവിച്ചതുകൊണ്ടു്, ആ ഉൽക്കണ്ഠയ്ക്കു വില കല്പിച്ചുകൊണ്ടു ഞാൻ മുൻപു കൊണ്ടുവന്ന പ്രമേയം പിൻവലിച്ചു. ആ ഉൽക്കണ്ഠ ഇനിയും ഇടന്നുകൊണ്ടുപോകാമെന്നുള്ളതുകൊണ്ടു പറഞ്ഞതാണ്, പ്രത്യേകിച്ചും ഇതിനെപ്പററി ഇന്നലെ നാലുമണിക്കൂർ വാദപ്രതിവാദം ചെയ്തതുകൊണ്ടു്.

ശ്രീ. ടി. വി. തോമസ്: സർ, ഈ വിശദീകരണം മുഖ്യമന്ത്രി ഇവിടെ ആവർത്തിച്ചാവർത്തിച്ചു് പറയേണ്ട ആവശ്യമില്ല. ഇവിടെ പറഞ്ഞ കാര്യങ്ങൾ ഞങ്ങൾക്കു മനസ്സിലായില്ലെന്നുള്ള മട്ടിൽ പറയുകയുണ്ടായി. ശ്രീ. ബാലകൃഷ്ണൻ അപ്രസക്തമായ കാര്യങ്ങൾ പറഞ്ഞു എന്നും മററും അഭിപ്രായപ്പെട്ടു. പക്ഷെ ആവശ്യമനുസരിച്ചു അപ്രസക്തമായ കാര്യങ്ങൾപോലും

[ശ്രീ. ടി. വി. തോമസ്]

പറയേണ്ടിവന്നു; അതു പറയിച്ചതുമാണ്. മുഖ്യമന്ത്രി പറഞ്ഞ കാര്യങ്ങൾ ഞങ്ങൾ നല്ലതുപോലെ മനസ്സിലാക്കി. ഈ പറഞ്ഞ രണ്ടു ബില്ലുകളും ഈ അസംബ്ലിയിൽത്തന്നെ പാസ്സാക്കണമെന്നു ഞങ്ങൾക്കാഗ്രഹമുണ്ട്. ഞങ്ങൾ പ്രകടിപ്പിച്ച ഉൽക്കണ്ഠ ഇപ്പോഴും നിലനില്ക്കുന്നുണ്ട്. അതുകൊണ്ട് എനിക്കു ഈ സഭയേയും മുഖ്യമന്ത്രിയേയും അറിയിക്കുവാനുള്ളതു്, ഈ ബില്ലുകൾ സെലക്റ്റുകമ്മിററിക്കു അയയ്ക്കുന്നതിനു സഹകരിക്കുവിധം, ആവശ്യമുള്ള കാര്യങ്ങൾ മാത്രമേ പറയുകയുള്ളു, മുഖ്യമന്ത്രി ആ കാര്യത്തിനു ദുഃഖിക്കേണ്ട.

Shri Panampilli Govinda Menon : Let us stop this controversy. Let us fix some time. It is for you and I to fix what time shall be taken whether one hour or half-an-hour. I would request the Chair to fix, in consultation with Mr. Thomas, a time limit?

ശ്രീ. ടി. വി. തോമസ് : ഞങ്ങളെ സംബന്ധിച്ചിടത്തോളം പതിനൊന്നു മണിക്കു നിറുത്താം.

Shri Panampilli Govinda Menon : Sir, I would suggest that all sections of the House should be called upon to speak.

ശ്രീ. ടി. വി. തോമസ് : എന്നാൽ 12 മണിക്കു മററു ബില്ലുകളെടുക്കാം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പന്ത്രണ്ടുമണിവരെ ഇതിനെപ്പററിയുള്ള വാദപ്രതിവാദം തുടർന്നുപോകയാണെങ്കിൽ സെയിൽസ്ടാക്സ് ബിൽ, അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് ബിൽ, അതുകഴിഞ്ഞു്, കുടിയിറക്കനിരോധനബിൽ, ദേഹണ്ഡവില ബിൽ, ഇവ ആലോചിക്കുന്നതിനു സമയം മതിയാകുമോ എന്നു് എനിക്കു സംശയമുണ്ട്. ഒടുവിൽ പറഞ്ഞ രണ്ടു ബില്ലുകളും ഈ സെഷനിൽത്തന്നെ പാസ്സാക്കിയാൽ കൊള്ളാമെന്നുണ്ട്. അതുകൊണ്ടാണു ഞാൻ അപേക്ഷിക്കുന്നതു് അതു പതിനൊന്നു മണിയ്ക്കു നിറുത്തണമെന്നു്. ഇതു സമ്മതിക്കുകയാണെങ്കിൽ ഈ രണ്ടു ബില്ലുകളും ഇന്നു വാദപ്രതിവാദം പൂർത്തിയാക്കി സെലക്റ്റുകമ്മിററിക്കയച്ചു് ഈ സഭ പിരിയുന്നതിനുമുമ്പുതന്നെ സ്റ്റാററ്യൂട്ടു് ബുക്കിൽ ഇതു വരാൻ സാധിക്കും. പിന്നെ ഇഷ്ടംപോലെ.

ശ്രീ. ടി. വി. തോമസ് : കൊടുക്കുന്ന സമയം ഓരോ ആൾക്കു് എന്നു വയ്ക്കാതെ പാർട്ടിയുടെ അടിസ്ഥാനത്തിൽ കൊടുക്കേണ്ടതാണു്.

Mr. Deputy Speaker : Now the debate will conclude at 11, and each Member will not take more than 10 minutes.

ശ്രീമതി കെ. ആർ. ഗൗരി : സർ, ഞാൻ, ഈ ബില്ലിനെ എതിർക്കുകയാണു്, ഇതിനെ എതിർത്തുകൊണ്ടു സംസാരിക്കുമ്പോൾ ധനകാര്യമന്ത്രി പറഞ്ഞതെന്തായാലും, ബഡ്ജററോ ബില്ലോ അവതരിപ്പിക്കുമ്പോൾ പ്രതിപക്ഷങ്ങൾ എതിർക്കുക എന്നതു് ഒരു കൺവെൻഷൻ ആയിട്ടുണ്ടെന്നു്. അല്ലെങ്കിൽ, അതിനെ എതിർത്തു സംസാരിക്കുന്നവർ, നേരത്തെ ബഡ്ജററിനു് സംസാരിക്കുവാൻ സമയം കിട്ടാതിരുന്നവർക്കു സമയമുണ്ടാക്കുകയാണെന്നു്. ഏതായാലും ബഡ്ജററഡിസ്കഷനിലും അതുപോലുള്ള മററു കാര്യങ്ങളിലും

ഗവണ്മെൻറിൻെറ നയം വിമർശിക്കുന്നതു് ഇന്നു് അദ്ദേഹത്തിനു് അസുഖകരമായിട്ടുണ്ടു്.

ബഡ്ജററ്ഡിസ്കഷൻ സമയത്തു് സഖാവു് ശങ്കരനാരായണൻതമ്പി പറഞ്ഞു, ഈ ബഡ്ജററിനു് സഹകരണം തരിക അസാദ്ധ്യമാണെന്നു്. ഈ ബഡ്ജററിനു് സഹകരണം തരികയില്ല എന്നു പറഞ്ഞാൽ വേണമെങ്കിൽ "പോടാ—എനിക്കു സഹകരണം ആവശ്യമില്ല എന്നു പറയാം" എന്നു ധനകാര്യമന്ത്രി പറഞ്ഞു; പക്ഷെ അദ്ദേഹം പറയുന്നില്ല; കാരണം ശ്രീമാൻ ശങ്കരനാരായണൻതമ്പിയും അദ്ദേഹത്തിൻെറ പാർട്ടിയും ഈ ബഡ്ജററു നടപ്പിലാക്കുന്നതിനു് ഒടുവിൽ സഹകരിക്കേണ്ടിവരുമെന്നു്. ധനകാര്യമന്ത്രി എന്തോ തെററിദ്ധാരണയിലാണു് ഈ വിധം സംസാരിക്കുന്നതെന്നു തോന്നുന്നു. കാരണം ഞങ്ങൾ ബഡ്ജററിനെ എതിർക്കുന്നു എന്നു പറയുന്നതിൻെറ അർത്ഥം ബഡ്ജററ് രൂപീകരണത്തിൽ ഗവണ്മെൻറ് അവലംബിച്ചിട്ടുള്ള നയം എതിർക്കുകയെന്നതാണു്. ഒരു ആശുപത്രി പണിയുന്നതിനോ, ഒരു റോഡുവെട്ടുന്നതിനോ, അല്ലെങ്കിൽ ഒരു സ്കൂൾപണിയുന്നതിനോ, എതിരാണെന്നു വിചാരിക്കരുതു്, അതിനെ അനുകൂലിച്ചു എന്നു വരാം. അത്തരം കാര്യങ്ങൾക്കു് ഡെപ്യൂട്ടേഷൻ നടത്തി എന്നിരിക്കാം. എന്നാൽ ബഡ്ജററിനെ അനുകൂലിച്ചു എന്നു പറയുവാൻ സാദ്ധ്യമാകയില്ല. അപ്പോൾ ബഡ്ജററിനെ എതിർത്തു എന്നു പറയുമ്പോൾ അതിൻെറ നയത്തെ എതിർത്തു എന്നോ അല്ലെങ്കിൽ ആ നയം നടപ്പിലാക്കുന്ന പ്രായോഗികമാർഗ്ഗത്തോടു എതിർത്തു എന്നോ അർത്ഥമാക്കാവുന്നതാണു്.

ഈ ബഡ്ജററിൽ അന്തർഭവിച്ചിരിക്കുന്ന നയമെന്താണു്? ബഡ്ജററ പ്രസംഗത്തിൽ ധനകാര്യമന്ത്രി, അദ്ദേഹം മററെല്ലാ സ്ഥലങ്ങളിലും പറയാറുള്ള സോഷ്യലിസം പറഞ്ഞില്ല. പക്ഷെ, ബഡ്ജററ് മറുപടി പ്രസംഗത്തിലും, അതുപോലെ നിയമസഭാ സമാജികന്മാർക്കു് അദ്ദേഹം അയച്ച എഴുത്തിലും, കാണ്ഗ്രസ്സ് ഗവണ്മെൻറ് ഈ നാട്ടിൽ സോഷ്യലിസം നടപ്പിലാക്കുവാൻ തീർച്ചപ്പെടുത്തിയിരിക്കുകയാണെന്നു പറഞ്ഞു. ഈ സോഷ്യലിസം, ഈ നാട്ടിലെ കാണ്ഗ്രസ്സുകാർ ആവഡിയിൽ ഉറക്കെച്ചിന്തിച്ചതിൻെറ ഫലമായിട്ടാണെന്നും അദ്ദേഹം പറഞ്ഞു. സർ, ഞങ്ങൾക്കു് അന്നുതന്നെ, ആ സോഷ്യലിസപ്രമേയം പുറപ്പെടുവന്നപ്പോഴെ, ആ സോഷ്യലിസം പുതിയ കുപ്പിയിലെ പഴയ വീഞ്ഞാണെന്നറിയാമായിരുന്നു. എന്താണെന്നു വച്ചാൽ ആവഡിയിൽ സമ്മേളിച്ചതു്, ഈ നാട്ടിലെ ടാററായുടെയും, ബർമ്മായുടെയും, കണ്ണൻദേവൻ കമ്പനിയുടെയും, പ്രതിനിധികളായിരുന്നു. അവർ ഉണ്ടാക്കുന്ന സോഷ്യലിസം ബോഗസ് സോഷ്യലിസം ആയിരിക്കുമെന്നും, അതു് യഥാർത്ഥസോഷ്യലിസത്തെ എതിർക്കുന്നതിനു കണ്ടുപിടിച്ച ഉപകരണമായിരുന്നു എന്നും ഞങ്ങൾ നേരത്തെ പറഞ്ഞു. പക്ഷെ ഈ നാട്ടിലെ ജനങ്ങൾ, സോഷ്യലിസം വന്നു കാണുവാൻ ആഗ്രഹിക്കുന്നവർ, ഈ ബഡ്ജററ് മററു സംസ്ഥാനത്തിലേയും ഇൻഡ്യൻ യൂണിയനിലേയും, ബഡ്ജററ് വരാൻ കാത്തിരുന്നതുപോലെ ഉൽക്കണ്ഠാകുലരായി കാത്തു. മററെല്ലായിടത്തും ജനങ്ങൾ നിരാശപ്പെട്ടതുപോലെതന്നെ ഇവിടെയും ഈ ബഡ്ജററിൽ സോഷ്യലിസം ഇല്ല എന്നു മാത്രമല്ല, സോഷ്യലിസം വരാതിരിക്കുവാനുള്ള എല്ലാ അടവുകളും ഉപയോഗിക്കുകകൂടി ചെയ്തിട്ടുണ്ടു്. ഈ സംസ്ഥാനത്തു്, അവതരിപ്പിച്ചിട്ടുള്ള മററു ബഡ്ജററുകളുടെ തുടർച്ചയായിമാത്രം കണക്കാക്കാവുന്ന ബഡ്ജററ് ആണു്. മററു സംസ്ഥാനത്തിലേയും കേന്ദ്രത്തിലേയും

[ശ്രീ. കെ. ആർ. ഗൗരി]

ബഡ്ജറ്റപോലെ വലിയ കമ്മിയുള്ള ബഡ്ജറ്റ് ആയി മാത്രം അവതരിപ്പിച്ചിരിക്കുകയാണ്.

ബഡ്ജറ്റ് പ്രസംഗം ആരംഭിക്കുന്നതു് ഈ നാട്ടിലെ സാമ്പത്തികസ്ഥിതിയെ വിവരിച്ചുകൊണ്ടാണ്. സർ, അതു് ഒരു നല്ല വഴക്കമായി ഞാൻ അംഗീകരിക്കുന്നു. പക്ഷെ സാമ്പത്തികസ്ഥിതി വിവരിക്കുന്നതു് ഒരിക്കലും ഒൺസൈഡഡ് ആകരുതു്. സർ, എന്താണ് ഇന്നു് നമ്മുടെ നാട്ടിലെ സ്ഥിതി. കാൺഗ്രസ്സ് ബഞ്ചിൽനിന്നുപോലും ആക്ഷേപം ഉണ്ടായി കൃഷിക്കാരുടെ കാര്യം ആരും പറയുന്നില്ലെന്നു്. നമ്മുടെ നാട്ടിലെ 80 ശതമാനം വരുന്ന കൃഷിക്കാരുടെ സ്ഥിതിയെന്താണ്? നാടുവാഴിത്തവും, ജന്മിത്വവും, നിലനിൽക്കുന്നതുകൊണ്ട് ഭൂമിയിൽ അദ്ധ്വാനിക്കുന്ന കൃഷിക്കാരൻ പാട്ടവും വാരവും കൊടുത്തുകഴിഞ്ഞാൽ ബാക്കി ഒന്നുംതന്നെ അവനു കിട്ടാനില്ല ഇന്നാണെങ്കിൽ കാർഷികസാധനങ്ങളുടെ വിലക്കുറവുകൂടി സംഭവിച്ചതിനാൽ കൃഷിക്കാരൻ തകർന്നിരിക്കുകയാണ്. നമ്മുടെ നാട്ടിലെ പ്രധാന കാർഷികസാധനമായ നാളികേരത്തിന്റെ വില നമ്മൾ അസംബ്ലിക്കുടി തുടങ്ങിയതിനുശേഷം 1000-ത്തിന് 50 രൂപാ കുറഞ്ഞിട്ടുണ്ട്. രണ്ടുകൊല്ലത്തിനുമുൻപ് 4000 രൂപയുണ്ടായിരുന്ന കുരുമുളകിന് ഇന്നു് 800, 900 എന്നീ വിലയായിട്ടുണ്ട്. കൃഷിക്കാരന്റെ തകർച്ചയെപ്പററി ബഡ്ജറ്റപ്രസംഗത്തിൽ അദ്ദേഹം മിണ്ടിയിട്ടേയില്ല. സർ, ഈ കൂട്ടത്തിൽ ഒരു കാര്യം നിയമസഭയേയും, ധനകാര്യമന്ത്രിയേയും അനുസ്മരിപ്പിക്കുകയാണ്. 2 കൊല്ലത്തിനുമുൻപ് ധനകാര്യമന്ത്രിയും, ഞാനും, ഒരേ പ്ലാററ്ഫാറത്തിൽ സംസാരിക്കുവാനിടയായി. ഒരു സ്കൂളിന്റെ വാർഷികമായിരുന്നു. രക്ഷകർത്താക്കൾ വന്നു കയറിനും, നാളികേരത്തിനും വില കുറഞ്ഞതിനാൽ വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് വിവരിക്കുകയുണ്ടായി. അന്നദ്ദേഹത്തിന്റെ മറുപടി ഇൻഡ്യാഗവണ്മെൻറ് ബർളായ്ക്കും, ടാററായ്ക്കും, ലിവർ ബ്രദേഴ്സിനുംവേണ്ടി താരിഫ് കുറച്ചെന്നും അങ്ങനെ നമ്മുടെ വില കുറഞ്ഞു എന്നും, നമ്മൾ സംഘടിതമായി ശബ്ദമുയർത്തണമെന്നുമായിരുന്നു. ഇന്നു ധനകാര്യമന്ത്രി ചീഫ്മിനിസ്റ്റർ കൂടിയാണ്. ഇദ്ദേഹത്തിന്റെ ക്യാബിനററ് ഈ കാര്യത്തിൽ എന്തുചെയ്തു എന്നു പറയേണ്ടതാണ്. സർ, അദ്ദേഹം ഒന്നും പറഞ്ഞിട്ടില്ല. ടാററായ്ക്കും, ലിവർ ബ്രദേഴ്സിനും പുഷ്ടണം ചെയ്യുത്തക്കവരായി കൃഷിക്കാർ നിന്നാൽ സോഷ്യലിസം ആകുമോ? അതുപോലെ സർ, നമ്മുടെ വ്യവസായങ്ങളുടെ നിലയോ? കയർ വ്യവസായം തകർന്നു; കൈത്തറി തകർന്നു; കശുഅണ്ടിയിൽ തൊഴിലില്ലായ്മ- അങ്ങനെ നമ്മുടെ വ്യവസായങ്ങൾ ഗവണ്മെൻറ് നടത്തുന്നതുകൂടെ അന്യദേശത്തെ മാർക്കററിനെ ആശ്രയിച്ചു കഴിഞ്ഞിരുന്നതുകൊണ്ട് കൃഷിക്കാരന്റെ ജീർണബാദ്ധ്യതകൊണ്ടും, കടംകൊണ്ടും, കാർഷികസാധനങ്ങളുടെ വിലക്കുറവുകൊണ്ടും, ഇൻടേർണൽ മാർക്കററുമുഴുവൻ നശിച്ചിരുന്നതുകൊണ്ടും, ഇന്നു തകർന്നിരിക്കുകയാണ്. അങ്ങനെ വ്യാവസായികരംഗത്തും, കാർഷികരംഗത്തും ഉള്ള തകർച്ച നമ്മുടെ നാടിനെ സാമ്പത്തികഭദ്രതയിലല്ല, സാമ്പത്തികബുദ്ധിമുട്ടിലെത്തിച്ചിരിക്കുകയാണ്. ഇവയെപ്പററി അദ്ദേഹം ഒന്നുംതന്നെ മിണ്ടിയിട്ടില്ല.

അതുപോലെ സാമ്പത്തിക വ്യവസ്ഥിതി പറയുന്നതിൽ ധനകാര്യമന്ത്രി പറയുന്നതു്, സാധനങ്ങൾ വർദ്ധിച്ചിട്ടുണ്ടെന്നു മാത്രമാണ്;

ഏത്തയ്ക്കായുടെ ഉല്പാദനവും മററും എടുത്തുകണക്കാക്കുന്നെങ്കിലും സംശയിക്കുകയാണ്. നാട്ടിൽ കപ്പ വിലക്കുറവുമൂലം പറിക്കാതെ കിടക്കുകയാണ്. അപ്പോൾ സോഷ്യലിസം വിഭാവന ചെയ്ത പാർട്ടി ഭരിക്കുന്ന നാടെന്ന നിലയിൽ ഈ നാട്ടിലെ യഥാർത്ഥസാമ്പത്തികസ്ഥിതി പഞ്ചവത്സരപദ്ധതിയുടെപേരിൽ മറച്ചു വച്ചിരിക്കുകയാണ്.

അതുപോലെതന്നെയാണ് തൊഴില്ലായ്മയും. തൊഴിലില്ലായ്മയുടെ ഒരു കണക്ക് ബഡ്ജററവപ്രസംഗത്തിൽ ചേർത്തിട്ടുണ്ട്. സർ, ഈ കണക്കുതന്നെ ചോദ്യംചെയ്യുകയാണ്. ഒരു ഉള്ളൂർ ഗ്രാമത്തിലോ മറെറാ നടന്ന്, ഈ നാട്ടിലെ സ്ഥിതിയായി വിവരിച്ചിരിക്കുന്നതു് വിചിത്രമായിരിക്കുന്നു. തൊഴില്ലായ്മ ഇന്നു തീരാവ്യാധിയായിരിക്കുകയാണ്. വ്യവസായത്തകർച്ച ഒരുവശത്തു്, കാർഷികസാധനങ്ങളുടെ വിലക്കുറവ് വേറൊരുവശം, ഇങ്ങനെയായാൽ തൊഴിലാളിക്ക് എങ്ങനെ ജോലി കിട്ടാനാണ് സാർ? എന്തെങ്കിലും, കൃഷിക്കാരൻ (നെൽക്കൃഷി ഉപേക്ഷിച്ചു) ഇന്നു കൃത്യമായി ഭൂമിയിൽ ജോലി ചെയ്യിക്കുന്നുണ്ടോ? ഇല്ല. വമ്പിച്ച കർഷകത്തൊഴിലാളികൾ ജോലിയില്ലാതെ പട്ടണങ്ങളിലേയ്ക്കും, വ്യവസായത്തൊഴിലാളികൾ ഗ്രാമങ്ങളിലേയ്ക്കും തൊഴിലന്വേഷിച്ചു നടക്കുകയാണ്. അങ്ങനെയുള്ള ഈ നാട്ടിൽ, തൊഴിലില്ലായ്മ അല്പം കുറഞ്ഞിട്ടുണ്ട് എന്നു ധനകാര്യമന്ത്രി പറയുന്നതു് എന്തിനെ അടിസ്ഥാനപ്പെടുത്തിയാണെന്നു ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. ഈ തൊഴിലില്ലായ്മയ്ക്കുള്ള ശാശ്വത പരിഹാരത്തിനുള്ള മാർഗ്ഗം എന്താണ് എന്ന് ധനകാര്യമന്ത്രി പറയുന്നേയില്ല. മിസ്റ്റർ നടരാജപിള്ള കഴിഞ്ഞ ബഡ്ജററ് പ്രസംഗത്തിൽ ഇതിന് പരിഹാരം ലാൻറ് റിഫാംസ് ആണെന്നു പറഞ്ഞു. പക്ഷെ അതു നടപ്പിലാക്കുന്നതിന് എന്തോ പരാധീനത കാണിക്കുകയായിരുന്നു. സർ, എന്നാൽ ഇന്നത്തെ ധനകാര്യമന്ത്രി മൗലികമായ ഈ പ്രശ്നത്തെപ്പററി ഒന്നും തന്നെ സംസാരിച്ചിട്ടില്ല. മന്ത്രിസഭ ഒഴിഞ്ഞ പി. എസ്സ്. പി. ഈ നാട്ടിൽ ഒരു ബിൽ കൊണ്ടുവന്നു. അതെന്തു ചെയ്യുവാൻ പോകുന്നു എന്ന്, രാജപ്രമുഖനിൽക്കൂടി നയപ്രഖ്യാപനം നടത്താത്ത ഈ മന്ത്രിസഭ പറയേണ്ടിയിരുന്നു. രണ്ടാംപഞ്ചവത്സരപദ്ധതിയിൽ വ്യവസായവൽക്കരണത്തിന് പ്രാധാന്യം കൊടുത്തിരിക്കുകയാണ്. അതുകൊണ്ട് സോഷ്യലിസം നടപ്പിലാക്കുവാൻ പോകുന്നു എന്നു ഞങ്ങൾ ധരിക്കണമെന്നാണ് പറയുന്നതു്. സർ ഞങ്ങളുടെ സോഷ്യലിസത്തെപ്പററിയുള്ള ധാരണ നിങ്ങളുടേതിൽനിന്ന് വിഭിന്നമാണ്. വ്യവസായം മുഴുവൻ സ്റ്റേററ് ഉടമയിലും, ഭരണാധികാരിവർഗ്ഗം തൊഴിലാളിവർഗ്ഗവും ആകുന്ന വ്യവസ്ഥിതിക്കാണ് സോഷ്യലിസം എന്നു ഞങ്ങൾ പറയുന്നതു്. സോഷ്യലിസത്തിൽ പ്രൈവററസെക്ടറിനു സ്ഥാനമേ ഇല്ല. പക്ഷെ ഇങ്ങനെ പറയുന്നതിന്റെ അർത്ഥം ഇൻഡ്യയിൽ ഉടൻ സോഷ്യലിസം നടപ്പിലാക്കണമെന്ന് കമ്യൂണിസ്ററുപാർട്ടി ആവശ്യപ്പെടുന്നു എന്നു വിചാരിക്കരുതു്. നമ്മുടെ നാട്ടിലെ സാമ്പത്തികപിന്നോക്കനില വച്ചുകൊണ്ട് ഇവിടെ ഇന്നിയും പ്രൈവററ് സെക്ററിനും സ്ഥാനമുണ്ട്; ആവശ്യവുമാണ്. പക്ഷെ ഒരു പുതിയ സാമൂഹ്യനീതിയെ വിഭാവന ചെയ്യുന്ന നാം തീർച്ചയായും, തൊഴിലാളി പക്ഷക്കാരായിരിക്കണം. അല്ല എങ്കിൽ തന്നെ തൊഴിലാളിയോടു നീതിയെങ്കിലും കാണിക്കേണ്ടതാണ്. ഇന്നുള്ള വ്യവസായങ്ങളിലും, പുതിയതായി തുടങ്ങുന്ന വ്യവസായത്തിലും, തൊഴിലാളിയുടെ രാഷ്ട്രീയം സംരക്ഷിക്കുന്നതിനുള്ള സകല വ്യവസ്ഥയും അംഗീകരിക്കേണ്ടതാണ്,

[ശ്രീമതി കെ. ആർ. ഗൗരി]

ആ വ്യവസ്ഥകൾ അംഗീകരിക്കാത്ത മുതലാളിക്ക് നമ്മുടെ നാട്ടിൽ സ്ഥാനമില്ലാതാക്കണം. സർ ഗവണ്മെൻറ് നിർബന്ധമായി ഈ നയമെടുത്താൽ തീർച്ചയായും മുതലാളി അംഗീകരിക്കും. മുതലാളിക്ക് ന്യായമായ ലാഭം കിട്ടത്തക്ക വിധത്തിൽ സാധനങ്ങൾക്ക് നമ്മുടെ നാട്ടിൽ മാർക്കറ്റ് ഉണ്ടാക്കുകയും വേണം.

സർ, എന്നാലിന്ന് ഇതു നടക്കുന്നുണ്ടോ? ഇല്ല; എന്നുമാത്രമല്ല ഗവണ്മെൻറ നിയമങ്ങൾപോലും ലംഘിക്കുന്നതിന്ന് മുതലാളികൾ കരുതിക്കൂട്ടി പ്രവർത്തിക്കുന്നുണ്ട്. പ്രസവാനുകൂല്യങ്ങൾ നഷ്ടപ്പെടുത്താൻ മുതലാളിമാർ സ്ത്രീകളുടെ ജോലിദിവസം മനഃപൂർവ്വം നഷ്ടപ്പെടുത്തുന്നുണ്ട്. സ്ത്രീകൾ ധാരാളമായി ജോലിചെയ്യുന്ന തോട്ടത്തിലും, മററു വ്യവസായങ്ങളിലും, ഇതു് ഇന്ന് ഒരു നിത്യസംഭവമായിത്തീർന്നിരിക്കുകയാണ്. അവരെ പിരിച്ചുവിടുന്നുണ്ട്. ഇന്ന് ഇൻഡ്യയിൽ സമരം ചെയ്യുന്ന തൊഴിലാളികൾ ഭൂരിഭാഗവും പുതിയ തൊഴിൽസൗകര്യങ്ങൾക്കല്ല, അവർക്ക് അനുവദിച്ചിട്ടുള്ള സൗകര്യങ്ങൾ നിലനിർത്തുന്നതിന്ന് പണിമുടക്കിൽവരെ ഏർപ്പെടേണ്ടിവരുന്നു. തൊഴിലാളികൾക്കും തൊഴിൽസ്ഥിരത അനുവദിച്ചിട്ടും കിട്ടുന്നില്ല എന്നതു പരമാർത്ഥമാണ് കാണ്ഗ്രസ്സ് സർക്കാർ ഇതിനെല്ലാം കൂട്ടുനിൽക്കുകയാണ്. ഒരു സന്തോഷകരമായ കാര്യം കഴിഞ്ഞ അസംബ്ലിയിൽ ശ്രീ. കരുണാകരൻ പറയുകയുണ്ടായി. തൊഴിലാളി സംഘടനകൾ ഉള്ളിടത്ത് കരിങ്കാലി സംഘടനകളുണ്ടാക്കാൻ ഐ. എൻ. ടി. യു. സി. ഇനി ശ്രമിക്കയില്ലെന്ന്. പക്ഷെ പറച്ചിലും പ്രവൃത്തിയും വ്യത്യസ്തമാണ്. ഉദാഹരണമായി ചേർത്തല കയർഫാക്ററി തൊഴിലാളികളുടെ ഇടയിൽ ഒരു സംഘടനയേ ഉണ്ടായിരുന്നുള്ളൂ. 17000 വരെ തൊഴിലാളികൾ ജോലിചെയ്തുകൊണ്ടിരുന്ന ഈ വ്യവസായത്തിൽ ഇന്ന് നാലായിരം പേർക്കുപോലും ജോലിയില്ലാതിരിക്കെ ഐ. എൻ. ടി. യു. സി. ഉണ്ടാക്കാൻ ആ തൊഴിലാളികളെ പിരിച്ചുവിട്ട് മുതലാളികൾതന്നെ നാലണ സംഭാവനകൊടുത്തു ഐ. എൻ. ടി. യു. സി. ഉണ്ടാക്കാൻ ശ്രമം നടക്കുന്നുണ്ട്. അങ്ങനെ സോഷ്യലിസം പറയുന്ന സർക്കാർ തൊഴിലാളിയുടെ കൂട്ടായ വിലപേശാനുള്ള സംഘടന ശിഥിലീകരിക്കുകയാണ്. മുതലാളികളുടെ ഇടയിൽ തൊഴിലാളികൾക്ക് കിട്ടേണ്ട യാതൊരു പ്രൊട്ടക്ഷനും ഇവിടെ വ്യക്തമാക്കിയിട്ടില്ല.

ഇതിൻെറകൂടെ പോലീസ്ൻെറ പെരുമാററവും നോക്കേണ്ടതാണ്. പോലീസ്ൻെറ കാര്യം പറയുമ്പോൾ മുമ്പ് താണുപിള്ള സാർ കാണിക്കുന്നതുപോലെ ഒരു അസഹിഷ്ണുതയാണ് ഇന്നത്തെ മന്ത്രിയും കാണിക്കുന്നത്. കഴിഞ്ഞതവണ ഞാൻ താണുപിള്ള സാർ മന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തോട് ഒരു ചോദ്യം ചോദിച്ചു. ഈ നിയമസഭയിൽ പോലീസ്നെക്കുറിച്ച് ഇത്രത്തോളം പരാതി വന്നിരിക്കുന്ന സ്ഥിതിക്ക് പോലീസ്ൻെറ കൊള്ളരുതായ്മയെപ്പററിയുള്ള അന്വേഷണത്തിന്ന് ഒരു മാററം വരുത്താൻ തയ്യാറാകുമോ എന്ന് താണുപിള്ള സാറിന്ന് ആ ചോദ്യം കേട്ടപ്പോൾ ഞെണ്ണിയെടുത്തു; ഒരു സ്ത്രീയാണ് ചോദിക്കുന്നതെന്ന വിചാരംപോലും ഉണ്ടായില്ല. അദ്ദേഹം ക്ഷോഭിച്ചു മറുപടി പറഞ്ഞു. ഇത് സർക്കാരും ആ നിലയാണ് എടുത്തുകാണുന്നത്. മർദ്ദനത്തെപ്പററി ചീഫ് മന്ത്രിയോടു ചോദിക്കുമ്പോൾ മർദ്ദനം നടന്നിട്ടില്ലെന്നാണ് പറയുന്നത്

ങ്കിൽ പോലീസിന്റെ കാര്യത്തിൽ യാതൊരു നയവ്യത്യാസവും വന്നതായി കണക്കാക്കാവുന്നതല്ല. ഗവണ്മെന്റ് കരുതിക്കൂട്ടി പോലീസിനെക്കൊണ്ട് അടിപ്പിക്കുന്നുണ്ട്. ഉദാഹരണമായി ചേത്തല കുത്തിയതോട്ടിൽ ഒരു സംഭവം നടന്നു. ജനയുഗം ഫണ്ടു പിരിവിനുള്ള ഒരു കലാപരിപാടിയാണ് അവിടെ നടന്നത്. ആ പരിപാടിയിൽ ഗാന്ധിയിസ്റ്റായ കലാകാരൻ കമ്മ്യൂണിസ്റ്റ് അനുഭാവിയായി മാറുന്നതാണ് രംഗം. കലാകാരന്റെ ജ്യേഷ്ഠന്റെ മകനെ, അഹിംസാപ്രവാചകനായി ഗാന്ധിജിയുടെ പടത്തിനു മുൻപിലിട്ട്, കാൺഗ്രസ്സ് പ്രമാണിമാരുടെ പ്രേരണയിൽ, തൊഴിലാളി സമരം നടത്തിയതിന് പോലീസുകാർ അടിച്ചുകൊല്ലുന്നു. ചെങ്കൊടി പിടിച്ചു കൈകളോടുകൂടിയ ശവശരീരം കണ്ടു കലാകാരൻ ഗാന്ധിജിയുടെ പടം ഇരുന്ന സ്ഥലത്ത്, അതു മാററി ചെങ്കൊടി വയ്ക്കുന്നു. അതുകഴിഞ്ഞ് രണ്ടുമൂന്നു ദിവസം ഒന്നുമില്ലായിരുന്നു. അതു കഴിഞ്ഞപ്പോൾ കാൺഗ്രസ്സ് പ്രതിഷേധ മീററിംഗുകളും പ്രചരണവുമെല്ലാം തുടങ്ങി. ഗാന്ധിജിയെ അവഹേളിച്ചെന്ന് അവിടെയുള്ള ഒരു കാൺഗ്രസ്സ് മേധാവിയുടെ അദ്ധ്യക്ഷതയിൽ പോലീസ് ഉദ്യോഗസ്ഥന്മാരുടെ കാൺഫറൻസ് നടന്നു. അതിനുശേഷം കേസെടുത്തിരിക്കുകയാണ്. കേസെടുത്തശേഷം അറസ്റ്റുചെയ്തു സഖാക്കളെ ജാമ്യത്തിന്നെന്നു പറഞ്ഞ് കുത്തിയതോട്ടിൽനിന്ന് ചേത്തല പോലീസ് സ്റ്റേഷനിൽ കൊണ്ടുചെന്നു. അടിക്കുന്നതിനുവേണ്ടി ആദ്യദിവസം ജാമ്യം കൊടുക്കാതെയിട്ട് അടിച്ച് വാരിയെല്ല് ഒടിച്ചുവിട്ടിരിക്കുകയാണ്. കഴിഞ്ഞ പതിനാലാം തീയതി അധികാരത്തിൽ പ്രവേശിച്ചതിനുശേഷം ഞാൻപറഞ്ഞ മാതിരിയുള്ള സംഭവങ്ങൾ നടക്കാത്ത ഒരൊററ പോലീസ് സ്റ്റേഷൻ പോലും തിരുവിതാംകൂർ-കൊച്ചിയിൽ കാണുകയില്ല. ഇതിൽ ഒരു നയവ്യത്യാസവുമുണ്ടായിട്ടില്ല. കാൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം യാതൊരു നയവ്യത്യാസവുമില്ല. മുമ്പുണ്ടായിരുന്നതു തുടർന്നുവരുകയാണ്. പോലീസുകാരുടെ കൊള്ളരുതായ്മകൾ എല്ലാം മറച്ചുവയ്ക്കുകയും അതിനു പ്രേരണ നൽകുകയുമാണ് ചെയ്യുന്നത്. കുട്ടനാട്ടിലെ സംഭവങ്ങളിലെ പ്രതികളെ അടിക്കുന്നതിന് ശ്രീ. എ. ജെ. ജാൻ ഫോൺമൂലം സമ്പർക്കം പുലർത്തിക്കൊണ്ടിരുന്നു എന്നുപോലും പറയുന്നുണ്ട്. അതു നേരാണോ നുണയാണോ എന്ന് ശ്രീ. ജാൻ പറയേണ്ടതാണ്. സാമ്പത്തികത്തകർച്ചയ്ക്കെതിരായും, ഭൂമിക്കും, ഭക്ഷണത്തിനും, തൊഴിലിനും, തൊഴിൽസ്ഥിരതയ്ക്കും വേണ്ടിയുള്ള സമരങ്ങളെ അടിച്ചമർത്തുന്നതിനുവേണ്ടി പഴയകാലത്തെപ്പോലെ ഇന്നും കാൺഗ്രസ്സ് പോലീസിനെ ഉപയോഗിക്കുകയാണ് ചെയ്യുന്നത്. മർദ്ദനംകൊണ്ടു അടിച്ചമർത്താൻ സാധിക്കുകയില്ലെന്നു പറയുന്നതു കളവാണെന്നും, അടിച്ചമർത്താൻ സാധിക്കുമെന്നും പറഞ്ഞുകൊണ്ടു സ്പെയിനിലേയും ഹിററ്ലറുടെ കാലത്തെ ജർമ്മനിയിലേയും ചരിത്രം എടുത്ത് കാൺഗ്രസ്സുകാർതന്നെ പ്രാരഭ്ധം പ്രസംഗംപോലും തുടങ്ങിയിട്ടുണ്ട്. പഴയതിനെക്കാൾ കൂടുതലായി ഇപ്പോൾ പോലീസിനെ ഉപയോഗിക്കുന്നുണ്ട്.

ബഡ്ജററിൽ പഞ്ചവത്സരപദ്ധതി പൂർത്തീകരണമെന്നുള്ള പ്ലാനിംഗ് ഉൾപ്പെടുത്തിയിട്ടുണ്ടെന്നു പറയുന്നു. എന്താണ് ഈ പ്ലാനിംഗ്? ആഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കാണിച്ചിട്ടുണ്ട്. എന്നാൽ ഈ സാധനങ്ങൾ ഈ നാട്ടിലെ ജനങ്ങൾ എത്രമാത്രം കൂടുതൽ വാങ്ങിയിട്ടുണ്ട്? ജനങ്ങളുടെ ക്രയശക്തി എത്രമാത്രം വർദ്ധിച്ചിട്ടുണ്ട്? ഇതിന്റെ ഒരു കണക്ക്

[ശ്രീമതി കെ. ആർ. ഗൗരി]

തരേണ്ടതല്ലേയെന്നാണ് ഞാൻ ചോദിക്കുന്നതു്. ജനങ്ങൾ അത്യാവശ്യ സാധനങ്ങൾ കൂടുതൽ വാങ്ങിയിട്ടുള്ളതു് എത്രയെന്നു് ഒരു കണക്കു് തരാൻ പാടില്ലായിരുന്നോ? സാധനം വർദ്ധിപ്പിച്ചതിന്റെ കഥ അമേരിക്കയിൽ പറയുന്നുണ്ടു്. അവിടെ സോഷ്യലിസമാണെന്നു് അവർ പറയുന്നില്ല. മുതലാളിത്വത്തിലേക്കു് പോകുകയാണു്. സോഷ്യലിസ്റ്റു വ്യവസ്ഥയിൽ, അത്യാവശ്യസാധനങ്ങൾ കൂടുതൽ ഉത്പാദിപ്പിച്ചാൽ പോരാ. സാധാരണ ജനങ്ങൾക്കു് അതു് കൂടുതൽ വാങ്ങാനും ഉപയോഗിക്കാനുമുള്ള സൗകര്യങ്ങൾ കൂടി ഉണ്ടാകണം. സർ, ഒരു കാര്യംകൂടി പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിച്ചുകൊള്ളാം.

(Shri K. M. Chandy, Chairman in the Chair)

സ്ത്രീകളോടുള്ള മനോഭാവം മാററണമെന്നു് വളരെ നിർബന്ധമായി ഞാൻ പറയുന്നു. പെട്ടെന്നു് ഒരു പരിവർത്തനം ഉണ്ടാകുമെന്നു് വിശ്വസിച്ചല്ല ഞാൻ ഇതു പറയുന്നതു്. രണ്ടായിരം സംവത്സരക്കാലത്തോളമായ ഈ സാമൂഹ്യവ്യവസ്ഥിതി പെട്ടെന്നു മാറാൻ പ്രയാസമാണു്. സ്ത്രീകൾ വീട്ടിലിരിക്കേണ്ട ആളുകളാണു്, പുറത്തുള്ള കാര്യങ്ങളുമായി അവർക്കു് യാതൊരു ബന്ധവുമില്ല എന്നൊരു ധാരണ നമ്മുടെ നാട്ടിലുണ്ടായിരുന്നു. കാൺഗ്രസ്സിലെ പ്രമുഖന്മാർതന്നെ പണ്ടു പറഞ്ഞതുകേട്ടിട്ടുണ്ടു, സ്ത്രീകൾക്കു് അടുക്കളയിലാണു് സ്ഥാനമെന്നു്. എന്നാൽ ഉത്തരവാദിത്വമുള്ള ആളെന്ന നിലയിൽ മുഖ്യമന്ത്രി കരുതി സംസാരിക്കണമെന്നു് എനിക്കു് അഭിപ്രായമുണ്ടു്. ഒരു സ്ത്രീ ആയതിനാൽ ഇരുത്താൻ സാധിക്കുമെന്നു് വിചാരിച്ചു് ചീത്തപറയുന്നതു് നിവർത്തണം. എന്തെങ്കിലും പറഞ്ഞുകഴിഞ്ഞാൽ പിന്നെ അതോടു പറയാൻ സാധിക്കാത്ത വിധത്തിൽ ദ്വയാർത്ഥത്തി പ്രസംഗിക്കുന്നതു അദ്ദേഹത്തിനു് ഭൂഷണമല്ല. അതു ശരിയുമല്ല. താൽക്കാലികമായി ജയിക്കാനാണെങ്കിലും അതു ശരിയല്ല: നമ്മളെല്ലാം ആർഷസംസ്കാരത്തെ ഉയർത്തിക്കാണിക്കുന്നവരാണു്. ബോലോ ഭാരതമാതാ എന്നാണു് വിളിക്കുന്നതു്. ഈ വിളിക്കുന്ന ആളുകൾ അടുത്താൽ ഭാരതമാതാ ഓടുന്നതു ഞങ്ങൾ കണ്ടിട്ടുണ്ടു്.

Chairman : You have already exceeded your time.

Shri T. V. Thomas : Our party's time may be given to her. We will adjust among ourselves.

Chairman : There are only 80 minutes, of which your party can have 40 minutes. Twenty minutes have already been taken. Now there are only another 20 minutes.

ശ്രീമതി കെ. ആർ. ഗൗരി : സർ, എങ്ങനെയായാലും സ്ത്രീകളോടുള്ള ഇപ്പോഴത്തെ പെരുമാററരീതി മാററണം. ഇവിടെയുള്ള പുരുഷന്മാരോടൊപ്പംതന്നെ സ്ത്രീകളും മുന്നോട്ടുപോകണം എന്നുള്ള ചിന്തയോടുകൂടി പെരുമാറണം. രണ്ടു വിഭാഗത്തുള്ളവർക്കും ഒന്നുപോലെ ആ അവകാശം ലഭിക്കണം. ഈ നാട്ടിലെ സ്ത്രീകളുടെ മുഴുവൻ കഴിവും നിതാന്തം വിഭാവന ചെയ്യുന്ന സോഷ്യലിസത്തിനുവേണ്ടി പോലും ഉപയോഗിക്കണമെങ്കിൽ സ്ത്രീകൾക്കു ചില പ്രത്യേക അവകാശങ്ങൾ കൊടുക്കണം. ഇവിടെത്തന്നെ ഈയിടെ ചില മുൻസിഫന്മാരുടെ സെലക്ഷൻ നടന്നു, മജിസ്ട്രേട്ടന്മാരുടെ സെലക്ഷൻ നടന്നു. അവയിലെല്ലാംതന്നെ സ്ത്രീകളുടെ അവകാശ

ങ്ങൾക്ക് പരിഗണന നൽകിക്കണ്ടില്ല. സ്ത്രീകളെക്കൂടി മുന്നോട്ടു കൊണ്ടു വരുന്ന കാര്യത്തിൽ, ഗവണ്മെൻറ് ഒരു പ്രത്യേകനയം എടുക്കേണ്ടതാണ്. Fundamental rights ഉള്ള സ്ഥിതിയ്ക്ക് ഭരണഘടന സ്ത്രീകൾക്കുള്ള പ്രത്യേകാവകാശം കൊടുക്കുന്നതിൽ എതിരാണെന്നും പറയാൻകഴിയും. പിന്നോക്കം നിൽക്കുന്ന ഒരു വിഭാഗം എന്നുള്ള നിലയ്ക്ക് സ്ത്രീകൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കേണ്ടതാണ്. അവരും ഈ നാട്ടിലെ പൗരന്മാരുടെ കൂട്ടത്തിൽ ഉൾപ്പെട്ടവരാണ്. മററു പൗരന്മാരോടൊപ്പംതന്നെ പ്രവർത്തിക്കാനുള്ള കഴിവ് സ്ത്രീകൾക്കും ഉണ്ടാക്കേണ്ട ചുമതല ഗവണ്മെൻറ് ഏറെറടുക്കണം.

പ്രസവ അവധിയെ സംബന്ധിച്ച് പ്രത്യേകമായ ഒരു തീരുമാനം ഉണ്ടാക്കണം. നൂറു, നൂറ് അദ്ധ്യാപികമാർ കരയുന്നുണ്ട്. ഇവിടത്തെ ഇപ്പോഴത്തെ നിയമമനുസരിച്ച് പ്രസവ കാലാവധി നാലുമാസം നിർബന്ധമായി എടുക്കണം. അക്കാലം ശമ്പളം പകുതിയേ ഉള്ളുതാനും. ടെമ്പററിയോ, ആക്ററിംഗോ ആണെങ്കിൽ ശമ്പളമേ കിട്ടുകയില്ല. ഏതായാലും നാലുമാസം എടുത്തേതീരൂ എന്നു നിർബന്ധമാണ്. ചിലപ്പോൾ അവർക്ക്, അവകാശമുള്ള പ്രിവിലേജ് ലീവോ, സിക്ക് ലീവോ ഉണ്ടെങ്കിൽ, ശമ്പളം ലഭിച്ചു എന്നുവരും. സ്ത്രീകൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതു് പാപ്പുലേഷൻ കൂടുതലെന്നുകൂടി ഓർമ്മയിൽ വച്ചുകൊണ്ടായിരിക്കാം. ഏതായാലും ഒരു അമ്മ എന്നുള്ള നിലയിൽ കരുതി സ്ത്രീകൾക്കു കിട്ടേണ്ട എല്ലാവിധ ആനുകൂല്യങ്ങളും ചെയ്തുകൊടുക്കണമെന്നാണ് എനിക്കു ഗവണ്മെൻറിനോടു അഭ്യർത്ഥിക്കുവാനുള്ളതു്. പ്രസവ കാലത്തു് മുഴുവൻ ശമ്പളവും കിട്ടേണ്ടതാണ്. പഴയ കാണ്ഗ്രസ് ഗവണ്മെൻറിൻെറ നയത്തിൽനിന്നും യാതൊരു വ്യത്യാസവും ഈ ഗവണ്മെൻറിൻെറ നയത്തിൽ കാണുന്നില്ല. ഞാൻ ഈ ബില്ലിനെ എതിർക്കുന്നു.

ശ്രീ. സി. കെ. രാമചന്ദ്രൻനായർ : സർ, ബഡ്ജററ് പ്രസംഗത്തിൽ പരാമർശിച്ച ചില കാര്യങ്ങൾ ഇവിടെ പ്രസ്താവിക്കണമെന്നു

10 A. M. ഞാൻ വിചാരിക്കുന്നു. ബഡ്ജററ് ഇവിടെ ഖേദകരമായ വിമർശനങ്ങൾക്കിടയാക്കിയെന്ന് ധനകാര്യമന്ത്രി പ്രസ്താവിക്കുകയുണ്ടായി.

എനിക്ക് അദ്ദേഹത്തിൻെറ ശ്രദ്ധയിൽപ്പെടുത്താനുള്ള പല കാര്യങ്ങളുമുണ്ട്. ഇന്ന് ഇവിടത്തെ സർവെ ഡിപ്പാർട്ട്മെൻറ് വളരെ അശ്രദ്ധയോടുകൂടിയാണ് പ്രവർത്തിക്കുന്നതു്. താലൂക്കുകച്ചേരികളിലോ, വില്ലേജ് ആഫീസുകളിലൊ ഭൂമിയുടെ സ്കെച്ചുകൾ (പ്ലാൻ) ഒന്നും തന്നെയില്ല. ആളുകൾക്ക് വളരെ ആവശ്യമായ ഒരു കാര്യമാണിതു്. എൻെറ അനുഭവംവച്ചു പറയുകയാണ്. മുൻകാലങ്ങളിൽ, അതായതു്, ദിവാൻജിമാർ ഭരിച്ചിരുന്നകാലത്തു്, ഇക്കാര്യത്തിൽ വളരെ നിഷ്കർഷയുണ്ടായിരുന്നു. ഇപ്പോൾ ജനകീയഭരണം വന്നതിനുശേഷം, ഇതിനു വളരെ വ്യത്യാസം വന്നിട്ടുണ്ടെന്നു കാണാം. ഇന്നു സർവെക്കല്ലുകളും കണ്ണാടിക്കല്ലുകളും ഭൂമിയിൽ ഉണ്ടോ എന്നുകൂടി സംശയമാണ്. റവന്യൂ റിക്കാർഡുകൾ പ്രത്യേകിച്ചും ഭൂനയബില്ലുകൾ അവതരിപ്പിക്കുന്ന ഇക്കാലത്തു് പ്രത്യേകം വളരെ ശ്രദ്ധയോടുകൂടി സൂക്ഷിക്കണം എന്നാണ് ഞാൻ ഗവണ്മെൻറിനോട് അഭ്യർത്ഥിക്കുന്നതു്.

[ശ്രീ. സി. കെ. രാമചന്ദ്രൻനായർ]

പിന്നീട് അദ്ദേഹം ഖേദകരമായിട്ടു പറഞ്ഞതു് ഇവിടത്തെ തൊഴിലില്ലായ്മയെപ്പററിയാണ്. അതിനു കാരണം പ്രധാനമായി അദ്ദേഹം പറഞ്ഞതു് ജനസംഖ്യ വർദ്ധിച്ചതുകൊണ്ടാണെന്നാണ്. എന്നാൽ ജനവർദ്ധനവുകൊണ്ടല്ല തൊഴിലില്ലായ്മ കൂടുന്നതു് എന്നു് എനിക്കു് അദ്ദേഹത്തെ ധരിപ്പിക്കാനുണ്ടു്. ഏതുരാജ്യത്തു് ആഹാരം കഴിക്കാൻ നിവൃത്തിയില്ലാതെ വരുമോ ആ രാജ്യത്തു നിശ്ചയമായും ജനസംഖ്യ വർദ്ധിച്ചുകൊണ്ടുതന്നെയിരിക്കും. അതുകൊണ്ടു് ജനവർദ്ധനവല്ലാ തൊഴിലില്ലായ്മയ്ക്കു കാരണമെന്നും, ആഹാരത്തിന്റെ കുറവും, ദാരിദ്ര്യവും തൊഴിലില്ലായ്മയുമാണ് ജനസംഖ്യ വർദ്ധിക്കാനുള്ള കാരണമെന്നു് അദ്ദേഹത്തോടു പറഞ്ഞുകൊള്ളുന്നു. ഇന്നു് സാധനങ്ങൾക്കു് വില കുറഞ്ഞിട്ടുണ്ടു് എങ്കിലും, അതു വാങ്ങിക്കാൻ ഉള്ള ധനശേഷി സാധാരണക്കാരനു വളരെ കുറഞ്ഞിട്ടുണ്ടെന്നു കാണാം. അരിയും, കപ്പയും, മററു ആഹാരസാധനങ്ങളും ധാരാളം കിട്ടുന്നുണ്ടു് എന്നു പറയുന്നതു ശരിയാണ്. പക്ഷെ അതു വാങ്ങിക്കുവാനുള്ള കഴിവു് ആളുകൾക്കു് ഇല്ല. പഞ്ചവത്സരപദ്ധതി പ്രവർത്തനം തുടങ്ങിയ നാലു കൊല്ലം കഴിഞ്ഞിട്ടും, നാട്ടിലെ ദാരിദ്ര്യം വർദ്ധിച്ചുകൊണ്ടാണിരിക്കുന്നതു് എന്നുള്ള കാര്യവും ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു.

ഇന്നു നമ്മുടെ സംസ്ഥാനത്തു യാചകന്മാരുടെ സംഖ്യ ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു എന്നുള്ള വിവരം സ്പെഷ്യൽ കാറുകളിൽ സഞ്ചരിക്കുന്ന മന്ത്രിമാർക്കു അറിഞ്ഞുകൂടാ. പട്ടണങ്ങളിലാണെങ്കിൽ, ഒരു ഹോട്ടലിലും കയറാൻ നിവൃത്തിയില്ല. അതിന്റെ നടയിലും, ബസ്സ്റ്റാൻറുകളിലും യാചകന്മാരെക്കൊണ്ടു് നിറഞ്ഞിരിക്കുകയാണെന്നു് യാത്രക്കാർക്കെല്ലാം അറിവുള്ള കാര്യമാണ്. പബ്ലിക്കുമാർക്കററുകളിലാണ് ഇവരുടെ ശല്യം വളരെ കൂടുതൽ. ചന്തകളാണ് ഇവരുടെ വിഹാരരംഗങ്ങൾ. ലപ്രസി തുടങ്ങിയ സാംക്രമികരോഗങ്ങൾ പിടിപെട്ടിട്ടുള്ള ആളുകളും ഇക്കൂട്ടത്തിൽ ധാരാളമുണ്ടു്. ചെങ്ങന്നൂർ ചന്തയിലാണെങ്കിൽ, ഈ യാചകന്മാരുടെ ശല്യം വളരെയാണ്. അവിടെ ചന്തയ്ക്കുള്ളിൽത്തന്നെ ഇവർ മലമൂത്രവിസർജ്ജനംചെയ്തു് വൃത്തികേടാക്കുകയു. സാംക്രമികരോഗങ്ങൾ പരത്തുകയും ചെയ്യുന്നുണ്ടു്. അവിടെ ഒരു ലാട്രിൻകെട്ടണമെന്നു പല പ്രാവശ്യവും ആവശ്യപ്പെട്ടിട്ടും ഇതേവരെ ചെയ്തിട്ടില്ല. ബഡ്ജററിന്മേലുള്ള പ്രതിപാദിക്കുമ്പോൾ ഞാൻ ഇക്കാര്യം ഒന്നുകൂടി പ്രസ്താവിച്ചുകൊള്ളാം. ആഹാരപദാർത്ഥങ്ങൾ വിൽക്കുന്ന സ്ഥലങ്ങളിലാണ്, ഇവരുടെ ശല്യം സാധാരണയായി കൂടുതലുള്ളതു്. യാചകന്മാരെക്കൊണ്ടു് സാധാരണക്കാരനാണ് ക്ലേശം കൂടുതൽ എന്നു മനസ്സിലാക്കണം. കാരണം സാധുക്കൾ മാത്രമെ യാചകർക്കു ധർമ്മം കൊടുക്കുകയുള്ളു. അതുകൊണ്ടു് അവരെയാണ് യാചകർ എപ്പോഴും സമീപിക്കാറുള്ളതു്. യാചകന്മാരെ ഏതെങ്കിലും കേന്ദ്രങ്ങൾ ഉണ്ടാക്കി അവിടെ താമസിപ്പിക്കുകയോ അല്ലെങ്കിൽ വേറെ എന്തെങ്കിലും ഒരു മാർഗ്ഗം കണ്ടുപിടിച്ചു് അവരിൽനിന്നും നാട്ടിനുണ്ടാകുന്ന ശല്യം കുറവുചെയ്യുകയോ ചെയ്യുന്നതിനു് ഗവണ്മെൻറു ശ്രദ്ധിക്കണം. ഇന്നലെ ഈ കച്ചേരിയുടെ നടയിൽത്തന്നെ പത്തോ പന്ത്രണ്ടോ വയസ്സു പ്രായമുള്ള ഒരു കൊച്ചൻ കിടക്കുന്നതുകണ്ടു, ഒരു യാചകനാണ്. വിശന്നുതളർന്നു കിടക്കുകയായിരുന്നു. ഈ സിററിയിൽ, വിശേഷിച്ചും ഈ

കച്ചേരിയുടെ മുൻപിൽ,ഇങ്ങനെ ഒരു കാഴ്ച കാണുന്നതു് നമുക്കു് അഭിമാനകരമല്ല. ഇതു് മനഃപൂർവ്വമായിട്ടു പറയുകയാണെന്നു ആരും ധരിക്കേണ്ട.

ഇതിനു മുൻപുള്ള പല ബഡ്ജററ് പ്രസംഗങ്ങളെപ്പോലെ ഇപ്പോഴത്തെ ബഡ്ജററ പ്രസംഗവും ഒരു പ്രഹസനംപോലെ മാത്രമേ കാണുന്നുള്ളു. എന്റെ താലൂക്കിൽ രണ്ടു് എൻ. ഇ. എസ്. ബ്ലാക്കുകൾ ഉണ്ടു്. അവിടെ എന്തെല്ലാമാണു് നടക്കുന്നതെന്നും, അതുകൊണ്ടു പ്രയോജനമെന്തെല്ലാമാണെന്നും മററും ഞാൻ അന്വേഷിച്ചു. കാര്യമായിട്ടു യാതൊന്നുംതന്നെ അവിടെ നടക്കുന്നില്ല എന്നു് അറിയാൻ കഴിഞ്ഞു. ആ സ്ഥലവാസികൾക്കെന്തെങ്കിലും പ്രയോജനം ഇവമൂലം ഉണ്ടെന്നു് മനഃസ്സാക്ഷിയുള്ള ഒരാളിനു പറയുവാൻ സാധ്യമല്ല. ഈ വികസനപദ്ധതികളുടെ ഇതുപര്യന്തമുള്ള പ്രവർത്തനങ്ങൾ നിരാശാജനകമാണു്. ഇതിലെ ഉദ്യോഗസ്ഥന്മാർ ഇവകളെ വിഴുങ്ങുകയാണെന്നാണു് തോന്നുന്നതു്. Has Johnna swallowed the whale or the whale swallowed Johnna" എന്ന നിലയാണു് ഇവിടെയുള്ളതു്. യാതൊരുവിധമായ പുരോഗതിയും ഇതേവരെ ഇതിൽ കാണുന്നില്ല. അത്ര ഭയങ്കരമായിട്ടാണു് കഴിഞ്ഞകൊല്ലങ്ങളിലെ പോക്കു്. അടുത്തകൊല്ലം ശരിപ്പെടുത്തുമോ എന്നു് എനിക്കു സംശയമുണ്ടു്. ഇന്നത്തെ set up-ൽ അതു് സാധ്യമാണോ എന്നു് ഞാൻ സംശയിക്കുന്നു. തൊഴിലില്ലായ്മ പരിഹരിക്കുന്ന പ്രശ്നം ബഡ്ജററിൽ കാണുന്നില്ല. മുൻപു് "ഗ്രോമോർഫഡ്" എന്നും പറഞ്ഞു് കുറെയധികം രൂപ ചെലവുചെയ്തു. ആ പദ്ധതിയെപ്പററി കടലാസിൽ പലതും കാണാമായിരുന്നു. പ്രാപ്പ ഗാൻഡായ്ക്കുവേണ്ടിമാത്രം അധികം സംഖ്യ ചെലവുചെയ്തിട്ടുണ്ടു്. അടുത്ത വർഷത്തിലേയ്ക്കു് ബഡ്ജററിൽ ഡെവലപ്പ്മെൻറ വകയ്ക്കായി കൊള്ളിച്ചിരുന്ന പത്തുകോടിരൂപ സാധുക്കളായ കുറെ ആളുകൾക്കായി വീതിച്ചു കൊടുക്കുകയാണെങ്കിൽ അതു് അവർക്കു് ഉപകാരപ്രദമായിരിക്കുകയില്ലേ എന്നു ഞാൻ ചോദിക്കുന്നു. അങ്ങിനെ ചെയ്താൽ ആ സംഖ്യ ഒന്നു രണ്ടു വ്യക്തികൾ മാത്രമായി എടുക്കുകയില്ലല്ലോ.

ഇന്നു് പബ്ലിക്കുവർക്ക്സ് കമ്മിററിയുണ്ടു്, ഡെവലപ്പ്മെൻറ കമ്മിററിയുണ്ടു്. ഈ കമ്മററികളിലൊന്നും തന്നെ ജനപ്രതിനിധികൾക്കു് യാതൊരധികാരവും കൊടുത്തിട്ടില്ല. നിയമസഭയിലെ കാര്യം പറയുകയാണെങ്കിൽ ഇവിടെയും അതുതന്നെയാണു് അനുഭവം. അസംബ്ലിക്കൂടി ഇന്നു എട്ടുപത്തു ദിവസമായിട്ടും, എനിക്കു സംസാരിക്കാനുള്ള അവസരം നൽകിയതു് ഇന്നാണു്. മുപ്പതിനായിരം ആളുകളെ പ്രതിനിധീകരിക്കുന്ന ഒരാളാണു് ഞാൻ. സർ, എനിക്കു ദീർഘമായി പ്രസംഗിക്കാൻ സമയമില്ല. ഒരു കാര്യംകൂടി ഗവണ്മെൻറിന്റെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കണമെന്നു വിചാരിക്കുന്നു.

തിരുവല്ലാ താലൂക്കിലെ പകുതികളെ പുനഃസംഘടിപ്പിച്ചു് മുൻപുണ്ടായിരുന്നമാതിരി, ചെങ്ങന്നൂർ ഒരു പ്രത്യേക താലൂക്കായി തിരിക്കണം. തിരുവല്ലാ ഇപ്പോൾ ഒരു വലിയ താലൂക്കാണു്. അതായതു് 26 പകുതിയും, നാലര ലക്ഷത്തോളം ജനസംഖ്യയും ഉൾക്കൊള്ളുന്ന ഒരു താലൂക്കാണു്. 31 പഞ്ചായത്തുകൾ ഉണ്ടു്. എൻ. ഈ. എസ്സ്. ബ്ലാക്കുകൾ അഞ്ചു് എണ്ണമാണു്. ഭൂമിശാസ്ത്രപരമായും, ഭരണപരമായും ഉള്ള അസൗകര്യങ്ങളും ഉണ്ടു്. ഇതെല്ലാം പരിഗണിച്ചു് തിരുവല്ലാ താലൂക്കിൽനിന്നും ചെങ്ങന്നൂർ വിഭജിച്ചു് ഒരു പ്രത്യേക താലൂക്കു് ആക്കണം. തിരുവിതാം

[ശ്രീ. സി. കെ. രാമചന്ദ്രൻനായർ]

ക്കൂർ ചരിത്രം നോക്കിയാൽ, ചെങ്ങന്നൂർ മുൻപ് ഒരു വലിയ താലൂക്കായിരുന്നുവെന്ന് മനസ്സിലാക്കാൻ വിഷമമില്ല. മാർത്താണ്ഡവർമ്മ മഹാരാജാവു തിരുമനസ്സിലെ കാലം മുതൽക്കേ ചെങ്ങന്നൂർ താലൂക്ക് പ്രത്യേകമായിട്ടുണ്ടായിരുന്നതാണ്. രാഷ്ട്രീയ പ്രബുദ്ധത ഇന്നു തിരുവിതാംകൂറിൽ ഏററവും കൂടുതൽ ഉള്ള സ്ഥലമാണ് ചെങ്ങന്നൂർ. അതുകൊണ്ട് തിരുവല്ലാതാലൂക്കിൽനിന്നും വേർതിരിച്ച് ചെങ്ങന്നൂർ ഒരു പ്രത്യേകം താലൂക്കായി മാററി ത്തരണമെന്നാണ് എനിക്കു പറയുവാനുള്ളത്.

ശ്രീ. പി. ആർ. കൃഷ്ണൻ: സർ, ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന "അപ്രോപ്രിയേഷൻ" ബില്ലിനെ അനുകൂലിച്ചുകൊണ്ട് ഏതാനും കാര്യങ്ങൾ പ്രസ്താവിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ള ബഡ്ജററിൽ, തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനും, സോഷ്യലിസം നടപ്പിലാക്കുന്നതിനും വേണ്ടി പ്രത്യേകമായി തുക കൊള്ളിച്ചിട്ടില്ലെങ്കിലും, കഴിഞ്ഞ കൊല്ലത്തെ അപേക്ഷിച്ച് കൂടുതലായി കൊള്ളിച്ചിട്ടുള്ള സംഖ്യകൾകൊണ്ട് ഈ നാട്ടിൽ കൂടുതൽ തൊഴിൽ ഉണ്ടാക്കാൻ സാധിക്കുമെന്നു വ്യക്തമായി കാണാവുന്നതാണ്. കഴിഞ്ഞ കൊല്ലത്തെ അപേക്ഷിച്ച്, പൊതുമരാമത്തു വകുപ്പിലേയ്ക്കും, ഇലക്ട്രിസിററി വകുപ്പിലേയ്ക്കും, ഉദ്യോഗസ്ഥന്മാരുടെ ശമ്പളക്കൂടുതലിനു വേണ്ടിയും കൊള്ളിച്ചിട്ടുള്ള തുക ഈ നാട്ടിലെ ക്രയശക്തി വർദ്ധിപ്പിക്കുന്നതിനു ഭാഗികമായി സഹായകമായിരിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി, കഴിഞ്ഞകൊല്ലത്തെക്കാൾ കൂടുതൽ തുക "ഇൻഡസ്ട്രിയൽ" വകുപ്പിലേക്കു കൊള്ളിച്ചിട്ടുണ്ടെന്നു കാണാവുന്നതാണ്. അങ്ങനെ പഞ്ചവത്സരപദ്ധതി നടപ്പാക്കുന്നതിനുവേണ്ടി അടുത്ത വർഷം പത്തുകോടി രൂപ ചെലവാക്കുകയാണെങ്കിൽ, പഞ്ചവത്സരപദ്ധതി പ്രവർത്തനത്തിന്റെ ഫലമായിട്ട്, കൃത്യസമയത്തുതന്നെ ആ പദ്ധതി പൂർത്തിയാക്കുകയാണെങ്കിൽ അതു സംബന്ധിച്ച പ്രവർത്തനങ്ങളിൽ ആയിരക്കണക്കിനാളുകൾക്കു തൊഴിലുണ്ടാകുമെന്നുള്ളതിനും യാതൊരു സംശയവുമില്ല. ഇവിടെ വ്യവസായങ്ങൾ കൊണ്ടുമാത്രമേ തൊഴിലുണ്ടാക്കാൻ സാധിക്കുകയുള്ളുവെന്നു പറഞ്ഞാൽ അതു് അത്ര ശരിയല്ല. ഈ നാട്ടിൽ കൂടുതൽ തൊഴിൽ ഉണ്ടാക്കുന്നതിന് ഇന്നുള്ള കൃഷിതന്നെ കൂടുതൽ വിപുലമാക്കിയാൽ അങ്ങനെയും അനേകായിരം ജനങ്ങൾക്ക് തൊഴിലില്ലായ്മയെ നേരിടാൻ കഴിയും. നിലവിലുള്ള വ്യവസായങ്ങൾക്കു കൂടുതൽ പ്രോത്സാഹനം കൊടുക്കുകയാണെങ്കിൽ ഇവിടെ അനേകായിരം ആളുകൾക്ക് തൊഴിൽ കൊടുക്കാൻ സാധിക്കുന്നതാണ്. കൈത്തറിവ്യവസായത്തിന്റെ പ്രോത്സാഹനപ്രവർത്തനങ്ങൾക്ക് കൂടുതൽ വക കൊള്ളിച്ചിട്ടുണ്ടെന്നു കാണുന്നു. കൈത്തറിവ്യവസായം നാട്ടിന്റെ നാനാഭാഗത്തും വികസിപ്പിക്കുകയാണെങ്കിൽ അതും ഈ നാട്ടിലെ തൊഴിലില്ലായ്മയുടെ പരിഹാരത്തിന് ഒരു ഉത്തമ മാർഗ്ഗമായി കണക്കാക്കാം. ഇന്നു നിലവിലുള്ള അനേകം വ്യവസായങ്ങൾ ആവശ്യമായ മൂലധനവും സഹായവും ഇല്ലാതെ വിഷമിക്കുകയാണ്. ചെറുകിടവ്യവസായങ്ങൾ ഗവണ്മെന്റിന്റെയും, പൊതുജനങ്ങളുടെയും ശ്രദ്ധയിൽപ്പെടാതെ കിടക്കുകയാണ് അത്തരം വ്യവസായങ്ങൾക്കു മൂലധനസഹായം കൊടുത്ത് പ്രോത്സാഹനം നൽകിയാൽ ഈ രാജ്യത്ത് വളരെയധികം ആളുകൾക്ക് തൊഴിൽ കൊടുക്കാൻ

സാധിക്കും. നമ്മുടെ നാട്ടിൽ പലതരത്തിലുള്ള കുടിൽവ്യവസായങ്ങൾ ആരുടെയും ശ്രദ്ധയിൽപ്പെടാതെ കിടക്കുന്നുണ്ട്. അങ്ങനെയുള്ള കുടിൽ വ്യവസായങ്ങൾ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് ശരിയായ മാർഗ്ഗങ്ങൾ കണ്ടുപിടിച്ചാൽ നമ്മുടെ തൊഴിലില്ലായ്മയെ ദൂരീകരിക്കാനുള്ള സാദ്ധ്യതയുണ്ടാകും.

മറ്റൊരു കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നു. മലയോരപ്രദേശങ്ങൾ കൂടുതൽ സ്ഥലം കൃഷി ചെയ്യാൻ ആരംഭിച്ചിട്ടുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളിൽ, ഗവണ്മെൻറിന്റെ അനുമതിയോടുകൂടിയും, മൗനമായ അനുവാദത്തോടും, ഉദ്യോഗസ്ഥന്മാരുടെ കടാക്ഷങ്ങളോടും ഫാറസ്റ്റ് ഭൂമിയിലും, റവന്യൂ ഭൂമിയിലും പ്രവേശിച്ച് അനേകായിരം ആളുകൾ കൃഷി നടത്തുന്നുണ്ട്. ഇത്തരം പ്രവൃത്തികൾ കുറ്റകരമായി പരിഗണിക്കുമെന്നും, നിയമപ്രകാരം അതു കുറ്റകരമാണെന്നും, അങ്ങനെ അനധികൃതമായി പ്രവേശിച്ചിട്ടുള്ളവരെ പിടിച്ചിറക്കുമെന്നും തീരുമാനിച്ചതനുസരിച്ച്, ജനപ്രതിനിധികളും, പൊതുജനങ്ങളും ഗവണ്മെൻറിന്റെ അടുക്കൽ നിവേദനങ്ങൾ സമർപ്പിക്കുമ്പോൾ അതെല്ലാം നിയമപരമായി നടപടികൾ കൈക്കൊള്ളാൻ വിടുകയാണെങ്കിൽ അതു കഷ്ടമാണ്. കൃഷിചെയ്യാൻ പററിയതും ആളുകൾ കയറി താമസിച്ചുപോരുന്നതുമായ ഭൂമിയിൽ നിന്നും ഇന്ന് അവരെ ഇറക്കിയിട്ട് അവിടെ തേക്കിൻതൈകൾ വച്ചുപിടിപ്പിക്കാൻ നടപടികൾ എടുത്തുവരുന്നതായി അറിയുന്നു. ജനങ്ങളെ ഒഴിപ്പിച്ചിട്ട്, തേക്കുവച്ചുപിടിപ്പിക്കാനുള്ള ഈ സംരംഭത്തെപ്പററി നിവേദനം നടത്തിയിട്ടു നിവൃത്തിയുണ്ടായിട്ടില്ല. മാത്രമല്ല, സാമ്പത്തികവർഷം അവസാനിക്കുന്നതോടുകൂടി കൈവശഭൂമിയിൽ നിന്നും എല്ലാവരെയും ഒഴിപ്പിക്കാനുള്ള നടപടികൾ ധൃതഗതിയിൽ നടന്നുവരുന്നതായി മനസ്സിലാകുന്നു. എന്റെ നിയോജകമണ്ഡലത്തിൽ, വളരെയധികം വനഭൂമികൾ കൃഷിചെയ്തു താമസിക്കുന്നതിനുതകുന്നതു്, പലരുടേയും നിവേദനത്തിന്റെ ഫലമായി പതിച്ചുകൊടുക്കുന്നതിനു് മുഖ്യമന്ത്രിയുമായി ഒരു ധാരണയിലെത്തുകയും ചെയ്തിട്ടും ഉദ്യോഗസ്ഥന്മാർ, മേൽപ്പറഞ്ഞവരിൽ നിന്നും ഇരുന്നൂറും, മുന്നൂറും, അഞ്ഞൂറും രൂപ വീതം പിഴ ഈടാക്കാനുള്ള സത്വരനടപടികൾ എടുക്കാനുള്ള പ്രവണത കാണിക്കുന്നതു് മാനുഷികചിന്തയില്ലാതെ പെരുമാറുന്ന ഏററവും ഖേദകരമായിരിക്കുന്ന ഒരു വസ്തുതയാണ്.

1117-ൽ കൊച്ചിയിൽ ഭക്ഷ്യോല്പാദനപദ്ധതി നടപ്പിൽ വരുത്തുന്നതിന് ഭൂമി പാട്ടത്തിനു കൊടുക്കുന്ന ഒരു നടപടിയെടുത്തു. ഭക്ഷ്യോല്പാദനം നടപ്പിലാക്കുന്നതിന് ഗസററിൽ ഒരു പ്രസിദ്ധീകരണവുമുണ്ടായിരുന്നു. എവിടെയൊക്കെ കൃഷിക്കു പററിയ ഭൂമി തരിശായി കിടക്കുന്നുവോ, അവിടെയൊക്കെ കൃഷിചെയ്യണമെന്നും, കപ്പയും, നെല്ലും കൂടുതലായി വിളയിക്കണമെന്നും ഗസററിൽ പരസ്യമുണ്ടായിരുന്നു. അതനുസരിച്ച് മിക്കവാറും എല്ലാവരും തരിശുഭൂമി കയ്യേറി—അൻപതും, നൂറും ഏക്കർ ഭൂമി കൈവശമുള്ളവർ അധികമുണ്ടെന്നു തോന്നുന്നില്ല, അവർ കൃഷി ചെയ്യാൻ തുടങ്ങി. ഇങ്ങനെ കൂടുതൽ വസ്തുക്കൾ കൈവശംവച്ചനുഭവിക്കുന്നവർ അല്ല, യഥാർത്ഥത്തിൽ ആയിരക്കണക്കിനു സാധുക്കളാണു പുതിയ നടപടികൾമൂലം കഷ്ടതകൾ അനുഭവിക്കുന്നതു്. 1124-ൽ ഭക്ഷ്യോല്പാദനപദ്ധതി ക്യാൻസൽ ചെയ്യപ്പെടുകയുണ്ടായി. കടലാസ്സിൽ

[ശ്രീ. പി. ആർ. കൃഷ്ണൻ]

ക്യാൻസൽ ചെയ്തിട്ടു വസ്തു തിരിയെ എടുക്കാനുള്ള ഈ നടപടി തികച്ചും ന്യായീകരിക്കത്തക്കതല്ല. 1117 മുതൽ 1124 വരെ ഏഴു കൊല്ലക്കാലം വളരെ അധ്വാനിച്ചു കൃഷിചെയ്തു് വസ്തുക്കൾക്കു് കാര്യമായ പുരോഗതി വരുത്തിയതിനുശേഷം, 1124-ാം ക്യാൻസൽ ചെയ്തിരിക്കുന്നുവെന്നു കടലാസ്സിൽ എഴുതിവച്ചതുകൊണ്ടു് ആ പ്രശ്നത്തിനു പരിഹാരമാകുകയില്ല. ഇങ്ങനെ 1124 നു ശേഷമുള്ള നടപടികൾ തുടർന്നുവരുന്നതുമൂലം പലരുടെയും പേരിൽ ഇപ്പോൾ ഇരുന്നൂറും, മുന്നൂറും, ആയിരവും രൂപയുടെ പിഴ ഈടാക്കാനുള്ള ശ്രമം നടക്കുകയാണു്. മാർച്ചു് 31-നകം എല്ലാ തുകയും ഈടാക്കാനുള്ള സത്വരനടപടികൾ വില്ലേജ് ആഫീസുകളിൽ നടന്നുവരുന്നതായി അറിയുന്നു. ഉദ്യോഗസ്ഥന്മാരുടെ കാര്യക്ഷമത കൂടുതലായിപ്പോകുന്നതിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല. പക്ഷെ, ചില ഘട്ടങ്ങളിൽ മാത്രം ഉദ്യോഗസ്ഥന്മാർ ഇങ്ങനെ വളരെയധികം വാശിയോടും കാര്യക്ഷമതയോടും തങ്ങളുടെ ജോലിനിർവ്വഹിക്കുന്നതിനു് വെമ്പൽകൊള്ളുന്നതു കാണുമ്പോൾ അത്ഭുതം തോന്നാറുണ്ടു്. ഇന്നു നിലവിലിരിക്കുന്ന ഈ നടപടികൾ ഖണ്ഡിതമായ ഒരു തീരുമാനത്തിന്മേൽ നിറുത്തിവയ്ക്കണമെന്നു് എനിക്കു് അഭ്യർത്ഥനയുണ്ടു്.

ഏതു പദ്ധതിയും വിജയകരമായി നടപ്പിലാക്കുന്നതിനു് നമ്മുടെ ഉദ്യോഗസ്ഥമണ്ഡലത്തിന്റെ ആത്മാർത്ഥമായ സഹകരണമില്ലെങ്കിൽ സാധിക്കുകയില്ല. ഇന്നു് കുറഞ്ഞ ശമ്പളവും മററു അവശതകളും ഉള്ളവരാണെങ്കിലും ഒരു വൻപിച്ച ഉദ്യോഗസ്ഥപ്പട നമ്മുടെ രാജ്യത്തുണ്ടു്. ഉദ്യോഗസ്ഥന്മാർക്കു് ഇന്നു് പല പല അവശതകളും ഉണ്ടെന്നു പറയുന്നുണ്ടു്. ഈയിടെ ടൈംസ്കെയിൽ മൂലം പരാതികൾക്കു പരിഹാരം നേടുന്നതിനുള്ള നടപടികൾ എടുത്തിട്ടുള്ളതു അവരെ സംബന്ധിച്ചിടത്തോളം ആശ്വാസകരമാണു്. എന്നാൽ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ കാണുന്ന ചില കുഴപ്പങ്ങൾ പരിഹരിക്കേണ്ടതും, ആ വിഷയത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ആവശ്യമായിരിക്കുകയാണു്. മന്ത്രിമാരെ കാര്യമായി കരുതുന്നതിനും, മന്ത്രിമാരുടെ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനും കൂട്ടാക്കാത്ത ചില ഉദ്യോഗസ്ഥന്മാരുണ്ടെന്നു് പരാതികളുണ്ടു്. മററു ചില രാജ്യങ്ങളിൽ, മന്ത്രിമാരുടെ തണലിൽ നിന്നുകൊണ്ടു് എന്തും ചെയ്യാമെന്നുള്ള ഒരു മട്ടിൽ, ജനകീയഭരണംകൊണ്ടു് ഭരണകാര്യങ്ങൾ പൊതുജനങ്ങൾക്കു സുഗമമായും, അനുകൂലമായും നിർവ്വഹിക്കത്തക്കവിധം ഊർജ്ജസ്വലമായി പ്രവർത്തിക്കാതിരിക്കുന്നതു സങ്കടകരമാണു്. ഇന്നത്തെ ഉദ്യോഗസ്ഥമണ്ഡലത്തെ പുനഃസംഘടിപ്പിക്കേണ്ടതാണെന്നു് ബഹുമാനപ്പെട്ട സ്പീക്കർ ഈയിടെ ഒരു പ്രസംഗത്തിൽ പ്രസ്താവിക്കുകയുണ്ടായി. ചക്രവർത്തിമാരുടെയും, രാജാക്കന്മാരുടെയും കാലത്തെ അനുസ്മരിപ്പിക്കുന്ന ഒരു ഭരണക്രമവും പെരുമാററവും തുടർന്നുവരുന്ന ഉദ്യോഗസ്ഥന്മാർ ആ പഴയ സമ്പ്രദായങ്ങളെല്ലാം മാറേണ്ടതു് അത്യാവശ്യമാണു്.

ഇന്നു് രാജവാഴ്ച അവസാനിച്ചെങ്കിലും, രാജാവിന്റെ അധികാരങ്ങൾ ജനങ്ങളിലേക്കു് വന്നുചേർന്നിട്ടില്ല. അവ ഇന്നൊരു ചുഴലിക്കാററിലകപ്പെട്ടു് ഉഴലുകയാണു് ചെയ്യുന്നതു്. അതൊന്നു് പുനഃസംഘടിപ്പിക്കുവാൻ ഗവണ്മെന്റു് ശ്രമിക്കുമെന്നാണു് ഞാൻ വിചാരിക്കുന്നതു്. ഇന്നു്

നിലവിലുള്ള ഡിപ്പാർട്ടുമെൻറുകൾ പലതും പുനഃസംഘടിപ്പിക്കേണ്ടതായിട്ടുണ്ട്. യാതൊരു ജോലിയും ഇല്ലാത്ത അനേകം ഡിപ്പാർട്ടുമെൻറുകൾ ഇന്ന് നമ്മുടെ നാട്ടിലുണ്ട്. ഇൻഡസ്ട്രീസു ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ അതൊരു വമ്പിച്ച ജോലിയുള്ള ഡിപ്പാർട്ടുമെൻറാണെന്ന് നമുക്കു തോന്നും. നമ്മുടെ നാട്ടിൽ ഉള്ള കോടിക്കണക്കിന് മൂലധനം മുടക്കിയിട്ടുള്ള അനേകം വ്യവസായങ്ങളുടെ മേൽ ആ ഡിപ്പാർട്ടുമെൻറിന് യാതൊരു അധികാരവും ഇല്ല. നമ്മുടെ ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ പത്ത് ഇൻഡസ്ട്രിയൽ സ്കൂളുകളും എറണാകുളത്തുള്ള ഒരു കമേഴ്സ്യൽ ഇൻസ്റ്റിററ്യൂട്ടും മാത്രമാണുള്ളത്. ഇന്ന് ആ ഇൻഡസ്ട്രിയൽ സ്കൂളുകൾ പരിശോധിച്ചുനോക്കിയാൽ ഓരോന്നിലും അഞ്ചോ ആറോ, കവിഞ്ഞുപോയാൽ, പത്തു കുട്ടികളോ മാത്രമേ കാണുകയുള്ളൂ. ഇങ്ങനെ ആകെ പതിനൊന്ന് ഇൻഡസ്ട്രിയൽ സ്കൂളുകളാണ് നമ്മുടെ നാട്ടിലുള്ളത്. അതിനും പുറമെ ഒരു കമേഴ്സ്യൽ ഇൻസ്റ്റിററ്യൂട്ട് എറണാകുളത്തുണ്ട്. ഇവയെല്ലാം ഏതാനും സ്കൂളുകളോട് ഒട്ടിച്ചുചേർക്കാവുന്നതായ സ്ഥാപനങ്ങളാണ്. ഇത്രയും സ്ഥാപനങ്ങളുടെ മേലന്വേഷണം നടത്തുന്നതിലേക്ക് വളരെ ഭാരിച്ച ഒരു തുകയാണ് ഗവണ്മെൻറ് ചെലവാക്കുന്നത്. ഇതെല്ലാം ഒന്ന് റീഅർഗനൈസു ചെയ്യേണ്ടതാണ്.

അതുപോലെതന്നെ അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെൻറും വെററിനറി ഡിപ്പാർട്ടുമെൻറും. അതിലേയ്ക്കുവേണ്ടി വളരെയധികം രൂപ ഗവണ്മെൻറ് ചെലവാക്കിവരുന്നു. ഒല്ലൂർക്കര ഡയറിഫാമത്തിനെപ്പററി പറയുകയാണെങ്കിൽ അവിടെ കോഴി വളർത്തുന്നതിനും ആടു് വളർത്തുന്നതിനും മററുമായി പ്രത്യേകം പ്രത്യേകം സെക്ഷനുകളായി തിരിച്ച് വേറെ വേറെ സൂപ്രണ്ടന്മാരുടെ കീഴിലാക്കിയിരിക്കുകയാണ്. അതെല്ലാം ഒന്നിച്ച് ഒരു മാനേജരുടെ കീഴിൽ കൊണ്ടുവരാവുന്നതാണ്. അങ്ങനെ നാം ആകമാനം നമ്മുടെ ഉദ്യോഗസ്ഥമണ്ഡലം ഒന്ന് പരിശോധിച്ചുനോക്കുകയാണെങ്കിൽ അതിൽ ജനകീയമല്ലാത്ത, ജനങ്ങൾക്ക് സ്വീകാര്യമല്ലാത്ത, പലതും കാണുമെന്നും അതുകൊണ്ട് അതിനെ ഒന്ന് ഉടച്ച് വാർക്കണമെന്നും അഭിപ്രായപ്പെട്ടുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ടി. വി. തോമസ് : സർ, ഈ അപ്രാപ്രിയേഷൻ ബില്ലിനെപ്പററി സംസാരിക്കുന്ന സമയത്ത് കാൺഗ്രസ്സ് പാർട്ടിക്കും അപ്പൊസിഷൻ പാർട്ടിക്കും സമയം സമമായി വീതിച്ചിരിക്കുകയാണോ ?

ചെയർമാൻ : ഇപ്പോൾ വച്ചിരിക്കുന്നത് അങ്ങനെയാണ്.

ശ്രീ. ടി. വി. തോമസ് : അതു് ശരിയല്ല. അപ്രാപ്രിയേഷൻ ബില്ല് അവതരിപ്പിക്കപ്പെട്ടിരിക്കുമ്പോൾ കാൺഗ്രസ്സ് പാർട്ടിക്ക് കൂടുതൽ സമയം അനുവദിക്കുന്നതു് ജനാധിപത്യമര്യാദയല്ല.

ചെയർമാൻ : മന്ത്രിക്ക് പറയാനുള്ള സമയംകൂടി ഉൾപ്പെടെയാണ് ഇത്രയും സമയം അനുവദിച്ചിട്ടുള്ളത്.

ശ്രീ. കെ. സി. എബ്രഹാം : ഒരു ക്ഷേമരാഷ്ട്രത്തിന്റെ ബഡ്ജററാണ് ഇന്നീസഭയുടെ മുൻപിലിരിക്കുന്നത്. അതു് അങ്ങനെയല്ലാ എന്ന് പ്രതിപക്ഷത്തുനിന്ന് ആക്ഷേപമുണ്ട്. കാൺഗ്രസ്സ് ഭരണത്തിൻ

[ശ്രീ. കെ. സി. ഏബ്രഹാം]

കീഴിൽനിന്നു് യാതൊരു നന്മയും ലഭിക്കാൻ സാദ്ധ്യമല്ലെന്നു ജനങ്ങളുടെ ഇടയിൽ പറഞ്ഞുപരത്തേണ്ട ആവശ്യം പ്രതിപക്ഷത്തിനുണ്ടു്. ഈ ബഡ്ജററിൽ രാജ്യക്ഷേമത്തിന്നാവശ്യമായ നിർദ്ദേശങ്ങൾ ഇല്ലാത്തതുകൊണ്ടല്ല. അവർ അതു മനസ്സിലാക്കിയിട്ടും ഉണ്ടു്. ഇന്നു് നിലവിലുള്ള ഭരണഘടനയുടെ പരിധിയിൽ നിന്നുകൊണ്ടുതന്നെ ഈ നാട്ടിലെ സാധാരണ ജനങ്ങളുടെ ജീവിതത്തോതു് ഉയർത്തുന്നതിനും അവക്കു ക്ഷേമകരമായ സകല സുഖസൌകര്യങ്ങളും ഉണ്ടാക്കുന്നതിനും വേണ്ട ശ്രമങ്ങൾ ഈ ബഡ്ജററിൽ ചെയ്തിട്ടില്ല എന്നു പറയുന്നതു് യാഥാർത്ഥ്യത്തെ മറച്ചുവയ്ക്കുകയാണു്. ഇരുപത്തിഒന്നുകോടി അൻപത്തിആറു് ലക്ഷം രൂപ ചിലവു് ഉൾക്കൊള്ളുന്ന ഒരു ബഡ്ജററാണു് ഈ ഗവണ്മെൻറു് തയാറാക്കിയിരിക്കുന്നതു്. അതിൽ എഴുപത്തിമൂന്നു് ശതമാനവും രാഷ്ട്രനിർമ്മാണ പരിപാടികൾക്കാണു്. ഇത്രയും തുക ഒരു കൊല്ലംകൊണ്ടു് ചെലവാക്കാൻ സാധിക്കുമെങ്കിൽ അതായതു് ഈ ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്ന പദ്ധതികൾ മുഴുവൻ നടപ്പിലാക്കാൻ സാധിക്കുമെങ്കിൽ ഈ ഗവണ്മെൻറു് നിശ്ചയമായും ഈ നാട്ടിലെ സാധാരണജനങ്ങളുടെ കൃതജ്ഞതയ്ക്കു് പാത്രീഭവിക്കുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല.

അദ്ധ്യാപകന്മാരുടെ ശമ്പളവർദ്ധനവിനായി ഒരു വലിയ സംഖ്യ ഈ ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നതിൽ എനിക്കു് വലിയ സന്തോഷമുണ്ടു്. കാൺഗ്രസ്സിന്റെ ഒരു വിഷമസന്ധിയിൽ, കാൺഗ്രസ്സു് ഒരു ഇലക്ഷൻ അഭിമുഖീകരിച്ചിരുന്ന ഘട്ടത്തിൽ ഒരു സത്യാഗ്രഹംകൊണ്ടു് കാൺഗ്രസ്സുഗവണ്മെൻറിനെ വിഷമിപ്പിച്ച പ്രൈമറിസ്കൂൾ അദ്ധ്യാപകരുടെ അവിവേകത്തെ വിസ്മരിച്ചു് അവക്കു ശമ്പളക്കൂടുതൽ അനുവദിച്ചിട്ടുള്ളതിൽ കാൺഗ്രസ്സു് ഗവണ്മെൻറിന്റെ നീതിബോധത്തെ ഞാൻ അഭിനന്ദിക്കുകയാണു്. മുൻകാൺഗ്രസ്സു് ഗവണ്മെൻറു് പ്രൈമറിസ്കൂൾ ടീച്ചേഴ്സിനോടു് അനീതിതന്നെ ചെയ്തിരുന്നു. സ്കൂൾഫൈനലും ട്രെയിനിംഗും പാസ്സായ ഒരു പ്രൈമറിസ്കൂൾ അദ്ധ്യാപകനു് 30 ഉറുപ്പിക ശമ്പളം നിശ്ചയിച്ചതു് അവരോടുചെയ്ത ഒരു അനീതിയായിരുന്നു. പി. എസ്സ്. പി. ഗവണ്മെൻറിനു പ്രൈമറിസ്കൂൾ അദ്ധ്യാപകരോടു നീതിചെയ്യുന്നതിനു ഒരു സുവർണ്ണാവസരം ലഭിച്ചതാണു്. പക്ഷെ അവക്കു കിട്ടിയ അവസരം അവർ വേണ്ടവിധത്തിൽ ഉപയോഗിച്ചില്ല. സൌജന്യവിദ്യാഭ്യാസത്തിലാണു് അവർ ശ്രദ്ധപതിച്ചതു്. മുമ്പു് തങ്ങൾ ചെയ്ത തെററു് തിരുത്തുന്നതിനു കാൺഗ്രസ്സു് ഗവണ്മെൻറു് ഈ അവസരം ഉപയോഗിച്ചതിൽ എനിക്കു അതിയായ സന്തോഷമുണ്ടു്. പി. എസ്സ്. പി. സ്കീം ഇവിടെ നടപ്പിലാക്കിയിട്ടു 4 കൊല്ലങ്ങൾ കഴിഞ്ഞു. ഇന്നും പല അദ്ധ്യാപകന്മാരുടേയും ശമ്പളം നിജപ്പെടുത്തിയിട്ടില്ല. ഇന്നും പലരുടേയും increments അനുവദിക്കാതെകിടക്കുന്നു. ഈ സ്കീമിന്റെ ഇംപ്ലിമെൻറേഷനുവേണ്ടി രൂപീകരിച്ചിട്ടുള്ള നിയമങ്ങൾ അദ്ധ്യാപകർക്കു ഗുണകരമല്ലാത്ത തരത്തിലാണു് വ്യാഖ്യാനിക്കപ്പെടുന്നതു് എന്നു ആക്ഷേപമുണ്ടു്. എനിക്കു ഈ സഭയേയും ഗവണ്മെൻറിനേയും അറിയിക്കുവാനുള്ളതു് അസംതൃപ്തനായ അദ്ധ്യാപകൻ സമുദായത്തിനു അപകടമാണെന്നാണു്. അതുപോലെ തന്നെ ബഡ്ജററവിമർശനവേളയിൽ ബഹുമാനപ്പെട്ട അമ്പലപ്പുഴ മെംബർ യൂണിവേഴ്സിററിയെ സംബന്ധിച്ചു് ഒരു കാര്യം പറകയുണ്ടായി. എനിക്കു അക്കാര്യത്തിൽ അദ്ദേഹത്തോടു യോജിക്കുവാൻ നിവൃത്തിയില്ല.

അതായതു് ഇവിടത്തെ യൂണിവേഴ്സിററിയുടെ വൈസ്ചാൻസലറായി ഈ നാട്ടുകാരനെത്തന്നെ നിയമിക്കണമെന്നു അദ്ദേഹം പറഞ്ഞു. ഇപ്പോഴത്തെ Vice-chancellor അന്യനാട്ടുകാരനായതുകൊണ്ടു് നമ്മുടെ യൂണിവേഴ്സിററിയിൽ വൈസ്ചാൻസലർ ആയിരിക്കുന്നതു് ശരിയല്ലെന്നുള്ള അഭിപ്രായം അദ്ദേഹം പുറപ്പെടുവിക്കയുണ്ടായി. നമ്മുടെ നാട്ടുകാരനായ ഡാക്ടർ ജാൺമത്തായി ഇപ്പോൾ ബാംബെ യൂണിവേഴ്സിററി വൈസ്ചാൻസലർ ആണു്. അതുപോലെ ഡാക്ടർ പി. വി. ചെറിയാൻ അണ്ണാമല യൂണിവേഴ്സിററി വൈസ്ചാൻസലറാണു്. ഡാക്ടർ സി. പി. രാമസ്വാമിഅയ്യർ ഇപ്പോൾ ബനാറീസ് യൂണിവേഴ്സിററി വൈസ്ചാൻസലറാണു്. അതുപോലെ പ്രശസ്തനായ ഒരു വ്യക്തി ഈ യൂണിവേഴ്സിററിയുടെ വൈസ്ചാൻസലറായിരിക്കുന്നതു് യൂണിവേഴ്സിററിക്കു ഒരു നേട്ടമാണു്. അദ്ദേഹത്തിന്റെ സേവനം തുടൎന്നു ലഭിക്കുന്നതിനുള്ള സാഹചൎയ്യങ്ങൾ സൃഷ്ടിക്കുകയാണു് വേണ്ടതു്.

ഒരു കാൎയ്യംകൂടി എനിക്കു അതുസംബന്ധിച്ചു് പറയാനുണ്ടു്. ഈ സംസ്ഥാനത്തെ എല്ലാ കാളേജുകളും ഈ യൂണിവേഴ്സിററിയോടു് അഫിലിയേററു് ചെയ്യണമെന്നും അതിനുള്ള സാഹചൎയ്യങ്ങൾ സൃഷ്ടിക്കണമെന്നുമുള്ളതാണു്.

സർ, ഇന്നലെ ബഹുമാനപ്പെട്ട കുന്നംകുളം മെംബർ താഴ്ന്ന ശമ്പളക്കാൎക്കു ശമ്പളംകൂട്ടിക്കൊടുക്കുന്ന കാൎയ്യത്തെപ്പററി പ്രസ്താവിക്കയുണ്ടായി. ഈ പ്രശ്നത്തിന്റെ വേറൊരുവശം സഭയുടെ മുമ്പിൽ വയ്ക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. വടക്കാംചേരി, കുന്നംകുളം മുതലായ സ്ഥലങ്ങളിൽ നിന്നും ചെറിയ ശമ്പളക്കാരായ ഉദ്യോഗസ്ഥന്മാരെ അവരുടെ സ്വന്തം സ്ഥലങ്ങളിൽനിന്നും സ്ഥലംമാററി ഈ തിരുവനന്തപുരം പട്ടണത്തിലും മററും ജോലിചെയ്യിപ്പിക്കുന്നുണ്ടു്. അതൊരു പരമാൎത്ഥമാണെന്നു ഗവണ്മെൻറു് മനസ്സിലാക്കണം. ഈ കുറഞ്ഞ ശമ്പളക്കാർ അവരുടെ തുച്ഛമായ ശമ്പളംകൊണ്ടു് ജീവിതത്തിനു വളരെ കഷ്ടപ്പെടുകയാണു്. അവരെ അവരുടെ നാടുകളിലേക്കു മാററി നിയമിക്കണം. മുപ്പതും നാല്പതും രൂപ ശമ്പളം വാങ്ങിക്കുന്ന ഈ പാവപ്പെട്ട ഉദ്യോഗസ്ഥന്മാരെ അവരുടെ നാടുകളിൽനിന്നും, നാഗർകോവിലിലേക്കും അതുപോലെയുള്ള സ്ഥലങ്ങളിലേക്കും മാററി ജോലിചെയ്യിപ്പിക്കുന്നതു് വളരെ കഷ്ടമാണു്. അതു് ഇൻഹ്യൂമൻ ആണെന്നാണു് എനിക്കു തോന്നുന്നതു്.

വികസനപദ്ധതികൾക്കായി പതിനൊന്നുകോടി രൂപയോളം ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടു്. ഈ പതിനൊന്നുകോടി രൂപ ഈയാണ്ടിൽ ചെലവാക്കുന്നതിനു സാധിക്കുമോ എന്നു് എല്ലാഭാഗത്തുനിന്നും സംശയം ഉന്നയിക്കുന്നുണ്ടു്. ഇങ്ങനെയുള്ള സംശയങ്ങൾക്കു ഇടനൽകാതെ ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്ന തുകകൾ ഗവണ്മെൻറു് ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികൾക്കായി ചെലവു് ചെയ്യേണ്ടതു് ഇന്നത്തെ ഗവണ്മെൻറിന്റെ കടമയാണു്. അതനുസരിച്ചായിരിക്കും ഇന്നത്തെ മന്ത്രിസഭയുടെ വിജയം. അലസതക്കും, ഉദാസീനതക്കും സിവിൽസൎവ്വീസിൽ സ്ഥാനമില്ലെന്നു ഉദ്യോഗസ്ഥന്മാരെ ധരിപ്പിച്ചു അവരെക്കൊണ്ടു അവരുടെ ജോലി കൃത്യമായി ചെയ്യിക്കേണ്ട ചുമതല ഗവണ്മെൻറിനുണ്ടു്.

ഈ വികസനപദ്ധതികളുടെ കൂട്ടത്തിൽ റൂറൽ വാട്ടർസപ്ലൈസ്കീം കൂടി ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു, അക്കൂട്ടത്തിൽ വൈപ്പിൻകരയിലേക്കുകൂടി ശുദ്ധജലം കൊടുക്കുന്നതിനു ഒരു Project ഉൾപ്പെടുത്തിയി

[ശ്രീ. കെ. സി. ഏബ്രഹാം]

ട്ടുണ്ട്. അതിനു നിർദ്ദേശിക്കപ്പെട്ടിട്ടുള്ളമാർഗ്ഗം ട്യൂബ്‌വെൽസ് ആണ്. ട്യൂബ്‌വെൽസുമുഖേന അവിടെ ശുദ്ധജലം കൊടുക്കാൻ സാധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഞങ്ങളെപ്പോലെ ശുദ്ധജലം കിട്ടാൻ വിഷമിക്കുന്നവർ വേറെയുണ്ടെന്നു തോന്നുന്നില്ല. ഞങ്ങൾ ഇന്നു കുടിക്കുന്ന വെള്ളം ഈ സഭയിലെ ബഹുമാനപ്പെട്ട മെംബറന്മാരിൽ പലരും കാലു് കഴുകുന്നതിനുപോലും ഉപയോഗിക്കുകയില്ല. ട്യൂബ്‌വെൽ ഉണ്ടാക്കാൻ പോകുന്നതിനെ ഞാൻ എതിർത്തു സംസാരിക്കുകയല്ല. അതു് വിജയിപ്പിക്കുവാൻ പോകുന്നില്ല എന്നാണു എന്റെ വിശ്വാസം. വില്ലിംഗ്ടൺ ഐലൻറിൽ അറന്നൂറു അടിയോളം താഴ്ത്തിനോക്കിയിട്ടും നല്ലവെള്ളം കിട്ടിയില്ല. അതുപോലെ ഫോർട്ടുകൊച്ചിയിലും മദ്രാസ് ഗവണ്മെൻറിൽനിന്നു ഒരു ട്യൂബ്‌വെൽ കുഴിപ്പിച്ചുനോക്കിയതിൽ വിജയസാദ്ധ്യതയുണ്ടായില്ല. വൈയ്പിൻകരയിൽ അഴീക്കിലും, നായരമ്പലത്തിലും ഇതുപോലെയുള്ള പരീക്ഷണങ്ങൾ പരാജയത്തിലാണു കലാശിച്ചതു്. അതിൽ നിന്നാണ് ഞാൻ പറയുന്നതു്, ട്യൂബ്‌വെൽകൊണ്ടു് ഞങ്ങൾക്കു ശുദ്ധജലം കിട്ടാൻ പോകുന്നില്ല എന്നു്. ഞങ്ങൾക്കു ആലുവാപ്പുഴയിൽനിന്നു പറവൂർകൂടി പൈപ്പുവഴി വെള്ളം കൊണ്ടുവന്നു തന്നാൽ അതായിരിക്കും ഏററവും കാര്യക്ഷമമായ പദ്ധതി. അതിന്റെ എസ്റ്റിമേററ് നേരത്തെ തയാറാക്കിയിട്ടുണ്ട്. അതിനു ഏകദേശം 20 ലക്ഷം രൂപയാണ് കണക്കാക്കപ്പെട്ടിട്ടുള്ളതു്. വൈയ്പിൻകരയിൽ ഏകദേശം ഒരു ലക്ഷം ആളുകൾ അധിവസിക്കുന്നുണ്ട്. അവർക്കു വേണ്ടി 20 ലക്ഷം രൂപ ചെലവാക്കുന്നതു അധികമൊന്നുമല്ല. ഇന്നു പട്ടണങ്ങളിൽ ശുദ്ധജലം കൊടുക്കുന്നതിനു നാൽപ്പതും അൻപതും ലക്ഷം രൂപാവീതം ചെലവാക്കുന്നുണ്ട്. അപ്പോൾ ഒരു ലക്ഷം ആളുകൾ താമസിക്കുന്ന വൈയ്പിൻകരയിൽ ശുദ്ധജലം കൊടുക്കുന്നതിനു 20 ലക്ഷം രൂപ ചെലവാക്കണം എന്നു ആവശ്യപ്പെടുന്നതിൽ എന്താണു സാർ തെററ്. ഞങ്ങളോടും നീതി ചെയ്യണം. ഞങ്ങളുടെയും ന്യായമായ അവകാശങ്ങൾ സാധിച്ചുതരണം എന്നുള്ളതാണ് ഈ അവസരത്തിൽ ഈ ഗവണ്മെൻറിനോടു് എനിക്കു അഭ്യർത്ഥിക്കുവാനുള്ളതു്.

കമ്മ്യൂണിസ്റ്റുകാരായതുകൊണ്ടു് ചിലരെ ഉദ്യോഗങ്ങളിൽ നിയമിക്കുന്നില്ല എന്നും പോലീസുകാർ കമ്മ്യൂണിസ്റ്റുകാരെ മർദ്ദിക്കുന്നു എന്നും ഇവിടെ ചില ബഹുമാനപ്പെട്ട മെമ്പറന്മാർ പറയുകയുണ്ടായി. അതിനൊരു മറുവശംകൂടിയുണ്ട്. ജനങ്ങളുടെയിടയിൽ ഇന്നൊരു ധാരണയുണ്ട്, പോലീസുകാരുടെ ഇടയിൽ നല്ലൊരുവ ഭാഗം കമ്മ്യൂണിസ്റ്റുകാരുണ്ടെന്നു് കമ്മ്യൂണിസ്റ്റ് ആദർശങ്ങളിൽ വിശ്വസിക്കുന്നതു തെററാണെന്നു എനിക്കു അഭിപ്രായമില്ല. അങ്ങനെ അവർ വിശ്വസിക്കരുതെന്നു ഞങ്ങൾക്കു നിർബന്ധവുമില്ല. കമ്മ്യൂണിസ്റ്റുകാരെ മാത്രമെ മർദ്ദിക്കുന്നുള്ളു എന്നു പറയുന്നതു ശരിയല്ല. പ്രതിപക്ഷത്തുനിന്നും കേൾക്കുന്നതു് കമ്മ്യൂണിസ്റ്റുകാരെ പോലീസു മർദ്ദിക്കുന്നു എന്നാണ്. എന്നാൽ മർദ്ദനത്തിനു കാൺഗ്രസ്സുകാരും വിധേയരാണ്.

ശ്രീ. കെ. സി. ജോർജ്ജ്: കമ്മ്യൂണിസ്റ്റ് അനുഭാവികളായ പോലീസുകാർ കമ്മ്യൂണിസ്റ്റുകാരെ മർദ്ദിക്കുന്നില്ലെന്നാണോ മെംബർ പറയുന്നതു്?

ശ്രീ. കെ. സി. ഏബ്രഹാം: കാൺഗ്രസ്സുകാരെയും മർദ്ദിച്ചിട്ടുള്ളതായ അനുഭവങ്ങൾ ഞങ്ങൾക്കുണ്ട്.

ശ്രീ. കെ. സി. ജാർജ്ജ് : അപ്പോൾ നമുക്ക രണ്ടുകൂട്ടക്കും പോലീസിന്റെ മർദ്ദനത്തെസംബന്ധിച്ച് പരാതിയുണ്ടെന്നാണോ മനസ്സിലാക്കേണ്ടതു് ?

ശ്രീ. കെ. സി. എബ്രഹാം : പോലീസ് മര്യാദക്കാരായിരിക്കണമെന്നും നാട്ടിലെ ജനങ്ങളോട് നീതിപാലിക്കുവാൻ പോലീസ് സൈന്യം ആവശ്യമാണെന്നും ഞാനും എന്റെ ഭാഗത്തുള്ളവരും വിശ്വസിക്കുന്നു.

ശ്രീ. ടി. കെ. ദിവാകരൻ : നെല്ലിയാംപതിയിൽ നടന്നതെന്താണെന്നു അറിയാമോ ?

ശ്രീ. കെ. സി. എബ്രഹാം : പറയാൻ ഇപ്പോൾ സമയമില്ല.

(Mr. Deputy Speaker in the Chair.)

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർ, എനിക്ക് കിട്ടിയിട്ടുള്ള ക്ലിപ്തമായ സമയത്തിനുള്ളിൽ ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ച നാനാപ്രശ്നങ്ങളെപ്പററിയും കഴിയുന്നിടത്തോളം സമഗ്രമായി പ്രസ്താവിക്കുവാൻ ശ്രമിക്കാം. ഏതെങ്കിലും ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച എന്തെങ്കിലും കാര്യം വിട്ടുപോകുന്നുണ്ടെങ്കിൽ അതു് സമയച്ചുരുക്കം കൊണ്ടുമാത്രമായിരിക്കും എന്നും ധരിക്കണം.

ശ്രീമതി ഗൗരി ഇവിടെ പല കാര്യങ്ങളും പ്രസ്താവിക്കുകയുണ്ടായി. അതിൽ ഏററവും പ്രധാനമായി എനിക്കു തോന്നുന്നതു്, ഒരു പുതിയ യുഗത്തിൽ സ്ത്രീകൾക്ക് സമുദായത്തിൽ ഉണ്ടാകേണ്ട സ്ഥാനത്തെപ്പററി പറഞ്ഞതാണെന്നാണ്. ബഡ്ജററപ്രസംഗത്തിൽ ആ വിഷയത്തെപ്പററി പ്രസ്താവനയൊന്നുമില്ലെങ്കിൽ കൂടി സ്ത്രീകൾക്കു തക്കതായ പ്രോത്സാഹനങ്ങൾ എല്ലാ തുറകളിലും നൽകണമെന്നുള്ള ഖണ്ഡിതമായ അഭിപ്രായം തന്നെയാണ് ഗവണ്മെൻറിനുള്ളതു്. സ്ത്രീകൾ ഉദ്യോഗത്തിലിരിക്കുന്നവരായി നമ്മുടെ രാജ്യത്തുള്ളിടത്തോളം അത്രയധികം ഇൻഡ്യയിൽ മറേറതെങ്കിലും സംസ്ഥാനത്തിൽ ഉണ്ടോയെന്നു സംശയമാണ്, ഒരു ഡിസ്ട്രിക്ററ സെഷൻജഡ്ജി ഒരു സ്ത്രീയായിട്ടുള്ളതു്, എന്റെ അറിവിൽ, ഈ സംസ്ഥാനത്തു മാത്രമാണ്. നീതിന്യായഡിപ്പാർട്ടുമെൻറിൽ എന്നു മാത്രമല്ല, മററു പല തുറകളിലും സ്ത്രീകൾ ഉണ്ട്. ഇനിയുള്ള പ്രോത്സാഹനം ഏതു വഴിക്കാണ് വേണ്ടതെന്നുള്ളതു് ശ്രീമതി ഗൗരിയോ മററംഗങ്ങളോ പറഞ്ഞുതന്നാൽ അതിനെപ്പററി ആലോചിക്കാൻ ഗവണ്മെൻറു തീർച്ചയായും സന്നദ്ധമായിരിക്കും. സ്ത്രീകൾക്ക് ഉദ്യോഗത്തിൽ റിസർവേഷൻ കൊടുക്കണമെന്നുപോലും ശ്രീമതി ഗൗരി അഭിപ്രായപ്പെട്ടതായി തോന്നുന്നുണ്ട്. അതിനു ഭരണഘടന എതിരായിട്ടു നിൽക്കുന്നുണ്ടെങ്കിൽ ഭരണഘടന മാററാൻതന്നെ നിയമസഭയിൽ നിന്നു അഭിപ്രായപ്പെടണമെന്നും ശ്രീമതി ഗൗരി പ്രസ്താവിക്കുകയുണ്ടായി. സ്ത്രീകൾക്കും ശിശുക്കൾക്കും പ്രത്യേകം സംരക്ഷണ വ്യവസ്ഥ നൽകണമെന്നു ഭരണഘടനയിൽ പറയുന്നുണ്ട്. പട്ടികജാതിക്കാർക്കു നൽകുന്ന വിധത്തിലുള്ള സംരക്ഷണം സ്ത്രീകൾക്ക് നൽകണമെന്നുള്ള അഭിപ്രായം പറഞ്ഞിട്ടുണ്ടെങ്കിൽതന്നെ അതു് ആ വിഷയത്തിന്റെ പ്രാധാന്യം കാണിക്കാൻവേണ്ടി മാത്രം പറഞ്ഞിട്ടുള്ളതാണെന്നും അല്ലാതെ ആ വിധത്തിൽ റിസർവേഷനൊ സംവരണമൊ വേണമെന്നുദ്ദേശിച്ചല്ല ബഹുമാനപ്പെട്ട

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

മെംബർ ശ്രീമതി ഗൗരി പറഞ്ഞതെന്നും ഞാൻ വിചാരിക്കുന്നു. സ്ത്രീ സ്വാതന്ത്ര്യത്തെപ്പററി ആർക്കും അഭിപ്രായവ്യത്യാസം ഉണ്ടാകുമെന്നു തോന്നുന്നില്ല. 'നഃസ്ത്രീ സ്വാതന്ത്ര്യമർഹതി' എന്നു് ഇന്നു് ആരും പറയുമെന്നു തോന്നുന്നില്ല. സ്വാതന്ത്ര്യം എന്നുള്ളതിന്നു് ഒരുപക്ഷെ വ്യാപകമായ അർത്ഥം കൊടുത്തുകൊണ്ടാണെങ്കിൽ ഞാനും കുറെയൊക്കെ അതിനോടു യോജിക്കാം. "എക്കണോമിക് ഇമാൻസിപ്പേഷൻ" വേണം. ജീവിക്കുവാനും പ്രവർത്തിക്കുവാനുമുള്ള അവസരം വേണം. എന്നിങ്ങനെയുള്ള കാര്യത്തിൽ ചില പരാതികൾ സ്ത്രീകൾക്കു പറയാനുണ്ടായേക്കാം. അതും പരിഹരിക്കാവുന്നതേയുള്ളു. പക്ഷെ, ഇതിനെപ്പററിയൊന്നും ബഡ്ജററപ്രസംഗത്തിൽ പ്രസ്താവിച്ചിട്ടില്ല എന്നു വിചാരിച്ചു് ഗവണ്മെൻറിന്നു് അഭിപ്രായം വേറെയാണെന്നു ധരിക്കരുതു്. ബഡ്ജററ പ്രസംഗത്തിൽ പറയാത്ത എല്ലാ കാര്യങ്ങളെപ്പററിയും ഗവണ്മെൻറിന്നു് അവഗണനയാണുള്ളതെന്നു ധരിക്കുന്നതു് പിശകാണു്.

ബഹുമാനപ്പെട്ട മെംബർ ശ്രീ. ബാലകൃഷ്ണൻ കഴിഞ്ഞ വാദപ്രതിവാദത്തിൽ ലാൻഡ് റിഫോംസ്നെപ്പററി ബഡ്ജററപ്രസംഗത്തിൽ യാതൊന്നും പറഞ്ഞിട്ടില്ലെന്നു പ്രസ്താവിക്കുകയുണ്ടായി. അദ്ദേഹം അങ്ങനെ പറഞ്ഞതിൽ എനിക്കു് ഖേദമുണ്ടു്. ഭൂനയത്തെ സംബന്ധിച്ചു് ആറേഴു ബില്ലുകൾ അവതരിപ്പിക്കപ്പെട്ടു. അവ നടപടിയിൽ ഇരിക്കുന്നു. അവയെപ്പററി വീണ്ടും ബഡ്ജററപ്രസംഗത്തിൽ പറയേണ്ടയാവശ്യമുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടു് അക്കാര്യത്തെപ്പററി ഗവണ്മെൻറിന്നു് ഉൽക്കണ്ഠയില്ലെന്നു ധരിക്കേണ്ട കാര്യമില്ല. കാൺഗ്രസ് പാർട്ടിയുടേയും ഗവണ്മെൻറിന്റേയും നില ഈ നിയമനിർമ്മാണത്തെപ്പററി എന്താണെന്നുള്ളതു് അനേകം സന്ദർഭങ്ങളിൽ ആവർത്തിച്ചിട്ടുണ്ടു്. അവയെല്ലാം ആത്മാർത്ഥതയില്ലാതെ പറഞ്ഞതാണെന്നുള്ള വിചാരം ആർക്കെങ്കിലും ഉണ്ടെങ്കിൽ ബഡ്ജററപ്രസംഗത്തിൽകൂടി ഒന്നു പറഞ്ഞു എന്നുവച്ചു് ആത്മാർത്ഥതയുള്ളതായി തോന്നാൻ കാരണമില്ല. അതുകൊണ്ടു് ബഡ്ജററ പ്രസംഗത്തിൽ പറഞ്ഞില്ല എന്നുള്ളതു് ഒരാക്ഷേപമായി പറയരുതു്.

ബഹുമാനപ്പെട്ട ചെങ്ങന്നൂർ മെംബർ ശ്രീ. രാമചന്ദ്രൻ നായർ പല കാര്യങ്ങളെപ്പററി പറയുകയുണ്ടായി. അതിൽ സപ്ലൈ ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനമാന്ദ്യത്തെപ്പററി പറഞ്ഞതു് ശ്രദ്ധാർഹമാണു്. കുറച്ചുകാലമായി ഗവണ്മെൻറിന്റെ നയസംബന്ധമായ വാദപ്രതിവാദനിരക്കിൽ മററു ഡിപ്പാർട്ടുമെൻറു കാര്യങ്ങളെപ്പററി അത്രവളരെ ശ്രദ്ധിക്കാറില്ല. അദ്ദേഹത്തിന്റെ അഭിപ്രായം ഓർമ്മയിൽ വച്ചുകൊണ്ടു് ഗവണ്മെൻറു് വേണ്ട നടപടി നടത്തിക്കൊള്ളാം. ചെങ്ങന്നൂരിനെ ഒരു പ്രത്യേക താലൂക്കായി തീർക്കണമെന്നും അദ്ദേഹം പറഞ്ഞു. ഇതിന്നു മുമ്പു് ചെങ്ങന്നൂർ ഒരു പ്രത്യേക താലൂക്കായിരുന്നു എന്നും ആർക്കോ ചെങ്ങന്നൂരിനോടു വിരോധം ഉണ്ടായിരുന്നതു കൊണ്ടാണു് ആ താലൂക്കു് നിർത്തലാക്കിയതെന്നും അദ്ദേഹം പറയുകയുണ്ടായി. എനിക്കു് അതിനെപ്പററി നിശ്ചയമില്ല. ചെങ്ങന്നൂർ ഒരു പ്രത്യേക താലൂക്കായി മാററണമെന്നുണ്ടെങ്കിൽ ആർക്കാണു് അതിന്നു വിരോധം? അതു് അത്ര അത്യാവശ്യമാണു്, അത്ര പ്രധാനപ്പെട്ട ഒരു കാര്യമാണു് എങ്കിൽ അതിനെപ്പററി ആലോചിക്കാൻ വിഷമമൊന്നുമില്ല.

ബഹുമാനപ്പെട്ട ഒല്ലൂർ മെമ്പർ ശ്രീ. പി. ആർ. കൃഷ്ണൻ പുറംപോക്കു സ്ഥലങ്ങളിൽ കുടികിടക്കുന്ന ആളുകളെ ഇറക്കിവിടുന്ന കാര്യത്തെപ്പററി പറയുകയുണ്ടായി. ഈ സഭയിൽ കുടിയിറക്കുന്നതിനെപ്പററി ആദ്യമായി ഉണ്ടായ ആക്ഷേപങ്ങൾ ജന്മികൾ തങ്ങളുടെ വക സ്ഥലത്തുനിന്നും കുടിയാന്മാരെ ഒഴിപ്പിക്കുന്ന കാര്യത്തെപ്പററിയായിരുന്നു. കുടികിടപ്പിനെപ്പററി പറയുമ്പോൾ സർക്കാർ സ്ഥലങ്ങളിൽ താമസിക്കുന്ന ആളുകളെ ഒഴിപ്പിക്കുന്ന കാര്യത്തെപ്പററി കൂടി പറയുകയാണെങ്കിൽ ചില വിവേചനാധികാരം ഗവണ്മെൻറിനെടുക്കാതെ നിവൃത്തിയില്ലെന്നും പറയേണ്ടതായി വരും. അനധികൃതമായി കയ്യേറുന്നതിനെ മാററുകയെന്നുള്ള കാര്യം പൊതു ആവശ്യത്തിനു വേണമെന്നുണ്ടെങ്കിൽ മാത്രമെ നടപ്പിൽ വരുത്തുകയുള്ളൂ. ആ വസ്തുത ഉറപ്പിച്ചു പറയാൻ ഞാനാഗ്രഹിക്കുന്നു.

ശ്രീ. ടി. വി. തോമസ് : അങ്ങനെയാണെങ്കിൽ തന്നെയും അവിടെ താമസിക്കുന്നവർക്ക് ആൾട്ടർനേററീവ് സൈററ് കൊടുക്കേണ്ടതല്ലയോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൊടുക്കേണ്ടതാണ്. അതിനു ഗവണ്മെൻറ് തയ്യാറാണ്. പക്ഷെ ചിലപ്പോൾ സാധിച്ചില്ലെന്നു വന്നേക്കാം.

ശ്രീ. പി. ആർ. മാധവൻ പിള്ള : വ്യക്തികളുടെ ആവശ്യത്തിനു വേണ്ടി ഇങ്ങനെയുള്ള പുറംപോക്കു വസ്തുക്കൾ ഒഴിപ്പിച്ചിട്ടുള്ളതായി ദൃഷ്ടാന്തങ്ങൾ കാണിച്ചുതന്നാൽ ഗവണ്മെൻറ് അതിന്മേൽ നടപടിയെടുക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിന്മേൽ നിശ്ചയമായും നടപടി നടത്താം. വ്യക്തികളുടെ ആവശ്യത്തിനുവേണ്ടി കുടിപാർക്കുന്നവരെ ഒരുതരത്തിലും ഒഴിപ്പിച്ചുകൂടെന്നുള്ളതാണ് ഗവണ്മെൻറിൻെറ നയം.

എന്നാൽ ചില കോടതി വിധികൾ അനുസരിച്ച് ഒഴിപ്പിക്കുന്നുണ്ട്. അങ്ങനെ ആക്ഷേപിച്ച് പലരും ഇവിടെ പറയുന്നുണ്ട്. ഒരു വസ്തുവിൽ താമസിക്കുന്ന ആളെ ഒഴിപ്പിക്കുവാൻ അന്യായം കൊടുത്ത് വിധി സമ്പാദിച്ചുകഴിഞ്ഞതിനുശേഷം വസ്തു ഒഴിപ്പിക്കാൻ വരുന്നത് വേറൊരു കാര്യമാണ്. അയാൾ വസ്തു കയ്യേററക്കാരനാണോ യഥാർത്ഥ കുടിയാൻ ആണോ എന്നുള്ളതാണ് പ്രശ്നം. താൻ കയ്യേററക്കാരനല്ലെന്നും കുടിയാൻ ആണെന്നും ആയിരിക്കും പ്രതിയുടെ വാദം. വേണ്ട തെളിവുകൾ എടുത്തുകഴിഞ്ഞതിനുശേഷം കുടിയാൻ അല്ലെന്നും കയ്യേററക്കാരനാണെന്നും ഒരു കോടതി വിധിച്ചുകഴിഞ്ഞാൽ ഉടൻതന്നെ ആ വസ്തു ഒഴിഞ്ഞുകൊടുക്കേണ്ട ചുമതലയുണ്ട്. ഒഴിപ്പിച്ചുകൊടുക്കേണ്ട ചുമതല കോടതിക്കുമുണ്ട്. അങ്ങനെയുള്ള കുടിയിറക്കു സന്ദർഭങ്ങളിൽ ആമ്യൻ വസ്തു നടത്തുന്നതിനു വരുമ്പോൾ ബലപ്രയോഗം ഉണ്ടെന്നു കണ്ടാൽ പോലീസ് സഹായത്തിനപേക്ഷിക്കും. ആമ്യൻ പോലീസ് സഹായം അപേക്ഷിച്ചാൽ പോലീസ് സഹായം നൽകണമെന്നുള്ള വ്യവസ്ഥയുണ്ട്. അതിനെ കുടിയിറക്ക് എന്നു പറയുന്നതു് ശരിയല്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ് : പുറംപോക്കു സ്ഥലത്തുനിന്നും കുടിയിറക്കിക്കഴിഞ്ഞതിനുശേഷം രണ്ടാമതു് ആ സ്ഥലം കുത്തകപ്പാട്ടത്തിനു കൊടുക്കുന്നതു് ശരിയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഭയങ്കരമായ തെററാണ്. അതു് നിവാരണം ചെയ്യേണ്ടതുമാണ്. ആ അധർമ്മത്തിന് ഈ ഗവണ്മെൻറ് കൂട്ടുനിൽക്കുകയില്ല. ചിലപ്പോൾ കീഴ് ഉദ്യോഗസ്ഥന്മാരുടെ കുററംകൊണ്ടു് അങ്ങനെ ചില തെററുകൾ സംഭവിച്ചിട്ടുണ്ടാവാം.

ശ്രീ. കെ. കരുണാകരൻ: വസ്തു ഉടമസ്ഥനാണ് ഭൂമി കയ്യേറിയിട്ടുള്ളതെങ്കിൽ ആ വസ്തു ഒഴിപ്പിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കയ്യേററം നിയമപ്രകാരം അല്ലെങ്കിൽ ആ ഒഴിപ്പിക്കൽ നടപടിയും ശരിയല്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: അനധികൃതമായി താമസിക്കുന്ന ഏതെങ്കിലും സ്ഥലം കാളനിക്കായി എടുക്കുമ്പോൾ അവിടെ താമസിക്കുന്നവരെ ഒഴിപ്പിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററി അന്വേഷിക്കാമെന്നല്ലാതെ ഇപ്പോൾ ഒന്നും പറയാൻ നിവൃത്തിയില്ല:

ബഹുമാനപ്പെട്ട പതുക്കാട്ടു മെംബർ വിമുക്തഭടന്മാരുടെ കാളനിയെ സംബന്ധിച്ചുള്ള കുടിയിറക്കു നോട്ടീസിനെപ്പററി പറയുകയുണ്ടായി. ഗവണ്മെൻറ് അതിനെപ്പററി ആലോചിച്ചുവരികയാണ്. പണ്ട് യുദ്ധം നടന്നിരുന്ന കാലത്തു് യുദ്ധോദ്യമത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി വിമുക്തഭടന്മാർക്ക് ഭൂമി തിരിച്ചുവയ്ക്കുകയുണ്ടായി. അതു് കടലാസിൽ മാത്രമുള്ള ഒരു കാര്യമാണ്. ഇതു് സംബന്ധിച്ചു് ബഹുമാനപ്പെട്ട മെംബർ സീതാറാമിൻേറയും മി. പി. ആർ. കൃഷ്ണൻേറയും മനസ്സിൽ വച്ചിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചാണ് ഞാൻ പറയുന്നതു്. വിമുക്തഭടന്മാർക്കായി തിരിച്ചുവച്ച ഭൂമി അവർ കൈവശപ്പെടുത്തുന്നതിനു മുമ്പായിത്തന്നെ അന്നു് ഗവണ്മെൻറാഹ്വാനം ചെയ്തുകൊണ്ടിരുന്ന "ഗ്രോ മോർ ഫുഡ്ഡിനു" വേണ്ടി പലക്കുമായി നൽകുകയുണ്ടായി. അനേകം ആളുകളെ ഈ ഭൂമി അതിലേക്കായി ഏൽപ്പിച്ചുകൊടുത്തു. താൽക്കാലികമായ ഒരു പാട്ടത്തിനാണ് കൊടുക്കുന്നതു്. ബഹുമാനപ്പെട്ട മെംബറന്മാർ കുടിയിറക്കി എന്നു പറയുന്നതിൽ ചിലതു് അങ്ങനെയുള്ളതാണ്. മററു ചിലതു് ഫാറസ്റ്റ്, റെവന്യൂ എന്നീ വിഭാഗത്തിൽപ്പെട്ട പുറംപോക്കുകളിൽ കയ്യേറിയതിനെ സംബന്ധിച്ചുള്ളവയാണ്. ഈ വക കാര്യങ്ങളെ സംബന്ധിച്ചു് ഒരു വ്യക്തമായ നയം ഗവണ്മെൻറ് സ്വീകരിക്കുന്നതായിരിക്കും. ഭൂമിയും വീടുകളും ഇല്ലാത്ത പരസഹസ്രം പാവങ്ങൾക്കു് ഉപകാരപ്രദമായ ഒരു നയം ആയിരിക്കണം ഇക്കാര്യത്തിൽ എടുക്കേണ്ടതു് എന്നു ഗവണ്മെൻറിനു വിചാരമുണ്ടു്. എന്നാൽ അതിനുള്ള സമയം കിട്ടുകയുണ്ടായില്ല. അതുകൊണ്ടാണ് ഏതുവിധത്തിലുള്ള പരിഹാരമാണുണ്ടാകേണ്ടതു് എന്നു ഗവണ്മെൻറ് ഇതുവരെ നിശ്ചയിക്കാതിരിക്കുന്നതു്.

ശ്രീ. കെ. കരുണാകരൻ: അങ്ങേക്കറിൽ കവിയാത്ത ഭൂമി കൊടുക്കണമെന്നുള്ളതല്ലേ ഗവണ്മെൻറിൻെറ ഉദ്ദേശം?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആവശ്യത്തിലധികം ഭൂമി ആരും കൈവശം വയ്ക്കാൻ പാടില്ല; ഇല്ലാത്തവരെ സഹായിക്കുക ഇതൊക്കെയാണ് ഗവണ്മെൻറിൻെറ നയം.

സർ, എനിക്ക് മറ്റൊരു കാര്യം പറയാനുള്ളത് കുടികിടപ്പുകാരെപ്പററിയാണ്.

ശ്രീ. ടി. വി. തോമസ്: ഞാൻ ഒരു ചോദ്യം ചോദിച്ചുകൊള്ളട്ടെ സ്ഥലമില്ലാത്തവന് കേറി കിടക്കാൻ സ്ഥലം കൊടുക്കണമെന്ന് ആഗ്രഹമുണ്ടെന്നും, എന്നാൽ ഇല്ലാത്തവർക്കെല്ലാം കൊടുക്കുന്നതിന് സാധിച്ചില്ലായെന്നും പറയുന്നു. അങ്ങനെയാണെങ്കിൽ അത് സാധിക്കുന്നതുവരെ ഇതിനെ സംബന്ധിച്ച് "സ്റ്റാററസ്ക്കോ" മെയിൻറയിൻ ചെയ്യാൻ സാധിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നിവൃത്തിയുള്ളിടത്തോളവും അങ്ങനെ ചെയ്യാൻ നോക്കാം.

സർ, കുടികിടപ്പുകാരെപ്പററി എത്രതന്നെ വാദപ്രതിവാദങ്ങൾ രാഷ്ട്രീയക്കാരുമായി കൂടി ചെയ്യുകയാണെങ്കിലും ഈ കാര്യങ്ങളിൽ അവർക്കു മാത്രമല്ല, കാൺഗ്രസ്സ് പാർട്ടിക്കും, കാൺഗ്രസ്സ് ഗവണ്മെൻറിനും വളരെ വ്യക്തവും സുദൃഢവും ആയ നയപരിപാടികൾ ഉണ്ടെന്ന് ഞാൻ ഈ അവസരത്തിൽ ഉറപ്പിച്ചു പറഞ്ഞുകൊള്ളട്ടെ. കുടികിടപ്പുകാരെ ഇറക്കിവിടാൻ പാടില്ലെന്നും, അവർക്ക് താമസിക്കുന്ന ഭൂമിയിൽ സ്ഥിരാവകാശം കൊടുക്കണമെന്നും ഈ ഗവണ്മെൻറിന് അതിയായ താല്പര്യമുണ്ട്. എന്നാൽ, തിരുവിതാംകൂറിലും കൊച്ചിയിലും ഇവയെ സംബന്ധിച്ച് വ്യത്യസ്ഥമായ ഒരു നിലയാണ് കൈക്കൊണ്ടിരിക്കുന്നത്. കൊച്ചിയിൽ ഞാൻ മന്ത്രിയായിരുന്ന കാലത്ത് ഇതുസംബന്ധിച്ച് ഒരു പ്രോക്ലമേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് കുടികിടപ്പുകാരനെ ഒരു കാരണവശാലും ഒഴിപ്പിക്കാൻ പാടില്ലെന്ന വ്യവസ്ഥയുണ്ട്. ഒരു കുടികിടപ്പുകാരൻ, കുടികിടപ്പുകാരനാണെന്ന് രജിസ്റ്റർചെയ്യണമെന്ന് നിർബ്ബന്ധമില്ല. അങ്ങനെ നിർബ്ബന്ധം ഇല്ലാതിരിക്കവെതന്നെ കൊച്ചിയിൽ കുടികിടപ്പുകാരനെ ഇറങ്ങിപ്പോകാൻ പറയുന്നില്ല. എങ്കിലും അയാൾക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം കൊടുക്കാൻ പാടില്ലായെന്ന് തീരുമാനിച്ചിട്ടുണ്ടായിരുന്നു. അതെപ്പററി അനേകം സന്ദർഭങ്ങളിൽ സംയുക്തനിയമസഭകളിലും, കൊച്ചിയിലെ നിയമസഭകളിലും ഞാൻ പ്രസംഗിച്ചിട്ടുണ്ട്. ഇത് ഒരു വ്യക്തിയുടെയോ ഒരു സമുദായത്തിൻെറയോ പ്രശ്നമല്ലെന്നും, മനുഷ്യസമൂഹത്തിൻെറ ഒന്നാകെയുള്ള ഒരു അടിയന്തിരപ്രശ്നമാണെന്നും, അതായത് ഒരു "ഹ്യൂമൻ പ്രാബ്ലം" ആണെന്നും മനസ്സിൽവച്ചുകൊണ്ടാണു പറയുന്നത്. കുടികിടപ്പുകാരൻ താമസിക്കുന്ന സ്ഥലം തൻെറ ഉടമയിൽപ്പെട്ടതാണെന്ന് ഒരുപക്ഷെ, യഥാസ്ഥിതികന്മാരായ നിയമജ്ഞന്മാർ വാദിക്കുകയാണെങ്കിൽ അതും തെററാണെന്നു പറയാൻ ഞാൻ ഒരുക്കമല്ല. ഒരു കൺസർവേററീവ് ലായർ എന്നുള്ള വീക്ഷണകോണത്തിൽനിന്നുകൊണ്ട് നോക്കിയാൽ, ഒരാൾ വിലകൊടുത്ത് വാങ്ങിയ വസ്തു, അതിൻെറ രജിസ്ട്രേഷൻ അയാളുടെ പേരിൽ, കരം അയാളുടെ പേരിൽ, അങ്ങനെയിരിക്കെ മറെറാരാൾ ആ സ്ഥലത്തുവന്ന് കയ്യേറുകയെന്നുവച്ചാൽ ഉടമസ്ഥാവകാശത്തെ ധ്വംസിക്കുക എന്നർത്ഥമാണ്. അതുകൊണ്ട് ഭൂമിയിൽനിന്നും അയാളെ ഇറക്കിവിടണമെന്നുള്ള വാദം ഒരുതരത്തിൽ ശരിയാണ്. എങ്കിലും അയാൾക്കും ലോകത്ത് ജീവിക്കണമല്ലോ. രാപ്പകൽ വ്യത്യാസം ഇല്ലാതെ മഴയെന്നോ, വെയിലെന്നോ നോക്കാതെ ജീവിതം തള്ളിവിടുന്ന

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

തിനുവേണ്ടി ബുദ്ധിമുട്ടുന്ന ഒരു സാധുവിന് എവിടെയെങ്കിലും ഒന്നു കേറികിടക്കാൻ സ്ഥലം ഇല്ലെന്നു വരുന്നതു ധർമ്മമാണോ? അയാൾക്ക് സൂചികുത്താൻപോലും സ്ഥലം കൊടുക്കുകയില്ലായെന്നു പറയുന്നതു് നീതിയാണോ? പക്ഷെ, സൂചികുത്താൻ സ്ഥലം കൊടുക്കുകയില്ലെന്നു പറഞ്ഞാൽ സൂചികുത്താൻ മാത്രമല്ല, രാജ്യം മുഴുവനും കൊടുക്കേണ്ടിവരുമെന്നു് ഈ യാഥാസ്ഥിതികന്മാർ അറിഞ്ഞിരിക്കേണ്ടതാണ്. (ഹീയർ, ഹീയർ) അതുകൊണ്ടാണ് ഞാൻ പറയുന്നതു് ഇങ്ങനെയുള്ള കുടികിടപ്പുകാർക്ക് ഭൂമിയിൽ സ്ഥിരാവകാശം കൊടുക്കണമെന്നും അവരെ ഒരുവിധത്തിലും അവിടെനിന്നും ഇറങ്ങിപ്പോകാൻ നിർബ്ബന്ധിക്കരുതെന്നും. ഇവിടെ ഹാജരാക്കിയിരിക്കുന്ന ഈ ബില്ലിൽ ഈവക കാര്യങ്ങൾക്കുവേണ്ടി വ്യവസ്ഥകൾ കൊള്ളിച്ചിട്ടുണ്ട്. ഇതിനുമുമ്പ് തിരുവിതാംകൂറിൽ ഉണ്ടായിരുന്ന നിയമത്തിൽ കുടികിടപ്പുകാരൻ രജിസ്റ്റർ ചെയ്യുകിൽ മാത്രമെ സ്ഥിരാവകാശം കൊടുക്കുകയുള്ളുവെന്നു നിബന്ധനയുണ്ട്. അതേ അവസരത്തിൽ രജിസ്റ്റർചെയ്യാൻ സാധിച്ചിട്ടില്ലാത്ത അനവധി സംഖ്യകൾ ഇന്നും കുടികിടപ്പിന്റെ പേരിൽ രാജ്യത്തു് താമസിക്കുന്നുണ്ട്. അങ്ങനെ താമസിക്കുന്നവർക്ക് രജിസ്ട്രേഷൻ നടത്താത്തതുമൂലം ഒരു കുടികിടപ്പുകാരന് കിട്ടുന്ന അവകാശവും അനുകൂലവും ലഭിക്കുന്നതിന് സാധിച്ചിട്ടില്ല. തന്നിമിത്തം അവരെ ഇറക്കിവിടുകയാണ് ചെയ്തുകൊണ്ടിരിക്കുന്നതു്. അങ്ങനെ ഇറക്കിവിടാതിരിക്കത്തക്കവിധത്തിൽ, നിലവിലിരിക്കുന്ന നിയമത്തിൽ ഭേദഗതി വരുത്താൻവേണ്ടിയാണ് ഈ ബിൽ ഒരു സെലക്റ്റുകമ്മിററിക്ക് അയക്കണമെന്നു ശുപാർശ ചെയ്യുന്നതിൻവേണ്ടി ഇന്നത്തെ അജണ്ടായിൽ കൊള്ളിച്ചിട്ടുള്ളതു്. അതുകൊണ്ട് ഈ ബിൽ ഇന്നുതന്നെ സെലക്റ്റുകമ്മിററിക്ക് അയയ്ക്കുകയും എത്രയുംവേഗം വേണ്ട മാററങ്ങൾ വരുത്തി പാസ്സാക്കിയെടുക്കുകയും നമ്മുടെ നിയമസംഹിതയിൽ അതിന് ഒരു സ്ഥാനം കൊടുക്കുകയും ചെയ്യേണ്ടതാണ്.

സർ, ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറിനെപ്പററി ഒല്ലൂർ മെംബർ ഉന്നയിച്ച വാദമുഖങ്ങൾ അക്ഷരംപ്രതി ശരിയാണെന്നു ഞാൻ സമ്മതിക്കുന്നു. ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറ് എന്നു പറയുമ്പോൾ നമ്മുടെ രാജ്യത്തു് നിലവിലുള്ള വ്യവസായങ്ങളെ പരിപോഷിപ്പിക്കുന്നതിനും, കൂടുതലായി വ്യവസായങ്ങൾ ഉൽപ്പാദിപ്പിച്ച് വളർത്തുന്നതിനും അതിലേയ്ക്കുള്ള നയങ്ങൾ ആവിഷ്കരിക്കുന്നതിനും മററുമുള്ള സ്ഥാപനം എന്നാണ് ഉദ്ദേശിച്ചിരിക്കുന്നതു്. എന്നാൽ, ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിൽപിന്നീട് ഈവക കാര്യങ്ങളെ സംബന്ധിച്ച് ഒന്നും ചെയ്തിട്ടില്ലായെന്നു് പറയുന്നുവെങ്കിൽ മിക്കവാറും ശരിയാണെന്നാണ് എനിക്കു പറയുവാനുള്ളതു്. ഈ മന്ത്രിസഭ അധികാരത്തിൽ വന്നയുടനെ ചെയ്തിട്ടുള്ള തീരുമാനങ്ങളിലൊന്നു് നമ്മുടെ രാജ്യത്തിലെ വ്യവസായങ്ങളുടെ പ്രവർത്തനരീതി എന്തായിരിക്കണമെന്നും, അവയുടെ അധികാരങ്ങൾ എന്തൊക്കെയായിരിക്കണമെന്നും ഉള്ളതിലേയ്ക്കു് ഒരു റസല്യൂഷൻ പാസ്സാക്കുക എന്നുള്ളതായിരുന്നു. വ്യവസായഡിപ്പാർട്ടുമെൻറ് രാജ്യത്തെ ഏററവും പ്രധാനപ്പെട്ട ഒരു ഡിപ്പാർട്ടുമെൻറായിരിക്കണമെന്നും ഇന്നത്തെ ഏതാനും കാമ്മേഴ്സ്യൽ സ്കൂളുകളും മററും കൊണ്ടു് വ്യവസായോദ്ധാരണം അതർഹിക്കുന്ന വിധത്തിലുള്ള ഫലപ്രാപ്തിയിൽ എത്തിച്ചേരുകയില്ലായെ

ന്നുള്ള ബോധം ഗവണ്മെൻറിനുണ്ട്. അതുകൊണ്ട് ആ കാര്യങ്ങൾ ഗവണ്മെൻറിന്റെ ഗാഢമായ ശ്രദ്ധയ്ക്ക് വിഷയീഭവിച്ചിരിക്കുകയാണ്.

ബഹുമാനപ്പെട്ട മെംബർ കെ. സി. എബ്രഹാം ജലവിതരണപദ്ധതിയെ സംബന്ധിച്ച് പറഞ്ഞ അവസരത്തിൽ കുഴൽക്കിണറുകൾ കുഴിക്കുന്നതുകൊണ്ട് ആവശ്യം മതിയാകുകയില്ലെന്നും, അതിലേയ്ക്ക് മറെറന്തെങ്കിലും പോംവഴി ചെയ്യേണ്ടതാണെന്നും പറയുകയുണ്ടായി. കുഴൽക്കിണറുകൾകൊണ്ട് ആവശ്യം നിറവേററാൻ സാധിക്കുന്നില്ലെങ്കിൽ അതിലേയ്ക്ക് വേണ്ട നടപടികൾ എടുക്കാൻ ഗവണ്മെൻറ് തയ്യാറാണ്. അപ്രാപ്രിയേഷൻ ബില്ലിനെ സംബന്ധിച്ചുണ്ടായ ചർച്ചകളിൽ എനിക്ക് പറയാനുള്ള മറുപടി ഇത്രയേയുള്ളുവെന്നാണ് ഞാൻ വിചാരിക്കുന്നത്. അതുകൊണ്ട് ഈ ബിൽ പാസ്സാക്കിത്തരണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: സർക്കാർ സർവ്വീസിലിരിക്കുന്ന അദ്ധ്യാപികമാർക്ക് അനുവദിക്കപ്പെടുന്ന നാലു മാസത്തെ പ്രസവകാലാവധിക്ക് മുഴുവൻ വേതനവും കൊടുക്കുന്നില്ലായെന്ന പരാതിപ്പെടുകയുണ്ടായല്ലോ? അതിനൊരു മറുപടി എന്താണ് പറയാനുള്ളത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പ്രസവകാലാവധിയെ സംബന്ധിച്ച് പലവിധത്തിലുള്ള ഡിസ്ക്രിപ്പൻസി ഉണ്ട്. എന്നാലും ആ കാര്യം ഞാൻ പരിശോധിക്കാമെന്നു മാത്രമെ ഇപ്പോൾ പറയാൻ നിവൃത്തിയുള്ളൂ.

The question that the Travancore-Cochin Appropriation (Vote on Accounts) Bill, 1955 be taken up for consideration, was put and carried.

CLAUSES 2 AND 3.

The question that Clauses 2 and 3 stand part of the Bill was put and carried.

Clause 2 and 3 were added to the Bill.

SCHEDULE.

The question that the Schedule stands part of the Bill was put and carried.

The Schedule was added to the Bill.

PREAMBLE AND TITLE.

The question that the Preamble and Title stand part of the Bill was put and carried.

The Preamble and Title of the Bill were added to the Bill.

Shri Panampilli Govinda Menon : I move that the Travancore-Cochin Appropriation (Vote on Account) Bill, 1955 may be finally passed.

Shri A. J. John - I second it.

The question that the Bill be finally passed was put and carried.

The Bill was finally passed.

The Travancore-Cochin Agricultural Income-tax (Amendment) Bill.

Chief Minister **(Shri Panampilli Govinda Menon)**: I move that the Travancore-Cochin Agricultural Income Tax Amendment Bill as reported by the select committee be taken up for consideration.

Home Minister **(Shri A. J. John)**: I second it.

[11 A. M.] ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, കഴിഞ്ഞ രവണ ഈബിൽ ഈ നിയമസഭയിൽ അവതരിപ്പിച്ചപ്പോൾ ഇതിന്റെ ഉദ്ദേശങ്ങൾ ഇന്നതെല്ലാമാണെന്നു ഞാൻ പ്രസ്താവിക്കയുണ്ടായി. മാത്രമല്ല, എറണാകുളം മെംബർ ശ്രീ. ചുമ്മാർ ഈ ബില്ലിലെ ചില സാങ്കേതികവശങ്ങളെ സംബന്ധിച്ചും അഭിപ്രായം പുറപ്പെടുവിച്ചിട്ടുണ്ട്. അങ്ങനെ പല സാങ്കേതിക വശങ്ങളും ഉൾക്കൊള്ളുന്ന ഒരു ബില്ലായതുകൊണ്ട് ഈ ബില്ലിനെ സെലക്റ്റകമ്മിററിയുടെ അഭിപ്രായത്തിനായി അയയ്ക്കുകയുണ്ടായി. മി. ചുമ്മാർ ഉൾപ്പെടെ മറെറല്ലാ സെലക്ട കമ്മിററി അംഗങ്ങളും ഈ ബിൽ പാസ്സാക്കുന്നതിനെ സംബന്ധിച്ചു അഭിപ്രായവ്യത്യാസം ഇല്ലായെന്നു് രേഖപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് കൂടുതൽ വാദപ്രതിവാദം വേണമെന്നു തോന്നുന്നില്ല. ഈ ബില്ലിനെപ്പററി സംക്ഷിപ്തമായി അതിന്റെ ഉള്ളടക്കം എന്താണെന്നു ഞാൻ ഒന്നു വിശദമാക്കാം. സർ, ഇപ്പോൾ നിലവിലുള്ള ബില്ലിലെ ഒരു വകുപ്പനുസരിച്ചു കാർഷികാദായം എടുത്തുകൊണ്ടിരിക്കുന്ന കമ്പനികളിൽ, ആ കമ്പനികൾ കാർപ്പറേഷൻ കമ്പനികളായാലും കൊള്ളാം, മററു തരത്തിലുള്ള കമ്പനികളായാലും കൊള്ളാം, കാർഷികമായ വിഭവങ്ങൾ ലഭിക്കുന്നതുകൊണ്ട് അതിലേയ്ക്കു ഒരു നികുതി ചുമത്തിയിരിക്കുകയാണ്. ഇങ്ങനെ നികുതി ചുമത്തപ്പെട്ടിരിക്കുന്നതു് ഒരു രൂപയ്ക്കു ആറണ എന്ന നിരക്കിലാണ്. ഈ നിരക്കനുസരിച്ചു കമ്പനികളിൽ നിന്നും സർക്കാരിലേയ്ക്കു് തുക വസൂലാക്കി കഴിഞ്ഞാൽ കമ്പനി മുഖാന്തരം ആ കമ്പനിയിലെ ഓഹരിക്കാർക്കു് സർക്കാരിൽനിന്നും റീഫണ്ട് കൊടുക്കേണ്ടതായിട്ടാണിരിക്കുന്നതു്. അതുനിമിത്തം നമ്മുടെ വരുമാനത്തിൽ സാരമായ കുറവുവരുന്നതുകൊണ്ട് അതു പരിഹരിക്കുന്നതിനു വേണ്ടിയാണു ഈ ഭേദഗതിബിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. നിയമപരമായി നോക്കുകയാണെങ്കിൽ ഡിവിഡൻറു വാങ്ങിക്കുന്ന ഒരു ഓഹരിക്കാരൻ സമ്പാദിക്കുന്നതു കാർഷികാദായം അല്ലെന്നാണ്. എന്തുകൊണ്ടെന്നാൽ യാതൊരുവിധ കാർഷികപ്രവർത്തനങ്ങളും നടത്തിയിട്ടല്ലാ ഈ ആദായം അയാൾക്കു് കിട്ടുന്നതു്. ആ സ്ഥിതിയ്ക്കു് കമ്പനിയിൽനിന്നും കാർഷികാദായത്തിന്റെ പേരിൽ വസൂൽ ചെയ്യുന്ന തുകയുടെ ഭൂരിഭാഗവും ഓഹരിക്കാർക്കു് മടക്കികൊടുക്കുന്നതിനു നിയമം അനുവദിക്കുന്നില്ല. നമ്മുടെ രാജ്യത്തു റബ്ബർ, തേയില തുടങ്ങി വലിയ കമ്പനികൾ പ്രവർത്തനം നടത്തികൊണ്ടിരിക്കുകയാണ്. അവയിൽനിന്നും കിട്ടുന്ന ആദായത്തിന്റെ സിംഹഭാഗവും ഓഹരിക്കാർക്കു് പങ്കിട്ടുകൊടുത്താൽ രാജ്യത്തിന്റെ വരുമാനത്തെ അവ സാരമായി ബാധിക്കുന്നതാണ്. മാത്രമല്ല അങ്ങനെ കൊടുക്കുന്നതിനു നിയമവും അനുവദിക്കുന്നില്ല. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബിൽ പൂർവ്വകാല പ്രാബല്യം നല്കി പാസ്സാക്കുന്നതിനുവേണ്ടിയാണ് കൊണ്ടുവന്നിരിക്കുന്നതു്. അതുകൊണ്ടു് ഈ ബിൽ പാസ്സാക്കിത്തരണമെന്നു അപേക്ഷിക്കുന്നു.

ശ്രീ. മഞ്ജുനാഥപ്രഭു : ഏതു വകുപ്പിനെപ്പററിയാണു ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കമ്പനികളിൽനിന്നും കാർഷികാദായം വസൂലാക്കിയാൽ അതിന്റെ എന്തെങ്കിലും ഭാഗം കമ്പനിയിലെ ഓഹരിക്കാക്കു് കൊടുക്കണമോ, വേണ്ടയോ എന്നുള്ള കാര്യം ഉൾക്കൊള്ളുന്ന വകുപ്പാണു്.

Shri Manjunatha Prabhu : clause (i) defining the word Dividend, shall be omitted ഈ വകുപ്പിനെപ്പററിയാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതെ. ഗവണ്മെൻറു് കാർഷികാദായത്തിന്മേൽ നികുതി ചുമത്തിക്കഴിഞ്ഞിട്ടു, അതു ഓഹരിക്കാക്കു മടക്കിക്കൊടുക്കുകയാണെങ്കിൽ ഡിവിഡൻറു എന്ന വാക്കിന്റെ നിർവ്വചനത്തിൽ വരികയില്ല. ഒരു റബ്ബർ കമ്പനിയുടെ ഓഹരിക്കാരനു കിട്ടുന്നതു കാർഷികാദായമല്ല. അല്ലെന്നു ഇടയിടെ ബാംബേ ഹൈക്കോടതിയിലും സുപ്രീംകോടതിയിലും വിധിയുണ്ടായിട്ടുണ്ടു്. റബ്ബർകമ്പനിയിലോ തേയിലകമ്പനിയിലോ ഉള്ള ഓഹരിക്കാരനു കിട്ടുന്ന ഡിവിഡൻറു് കാർഷികാദായമല്ലെങ്കിൽ കാർഷികാദായത്തെക്കുറിച്ചു പ്രതിപാദിക്കുന്ന ഒരു നിയമത്തിൽ ആ ഡിവിഡൻറിനെപ്പററിയുള്ള നിർവ്വചനം ആവശ്യമില്ല. ആദ്യത്തെ ഡെഫനിഷൻക്ലാസിൽ അനന്തരം വരുന്നവാക്കുകളെപ്പററി മാത്രമേ പറയേണ്ടതുള്ളു. ഡിവിഡൻറു് എന്ന ഡഫനിഷൻക്ലാസ്സു കഴിഞ്ഞാൽപിന്നെ വരുന്നില്ല. അതുകൊണ്ടാണു ഇതു എടുത്തുകളയണമെന്നു പറയുന്നതു്.

Shri A. A. D. Luiz : How is it going to be described after the word "dividend" is taken away ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇതു പാസായി കഴിഞ്ഞാൽ ഒരു കമ്പനി കാർഷികാദായനികുതി കൊടുത്തുകഴിഞ്ഞാൽ അതു ഷെയർഹോൾഡേഴ്സിനു മടക്കിക്കിട്ടുകയില്ല. ഇപ്പോഴാണെങ്കിൽ അതു് മടക്കിക്കൊടുക്കുവാനുള്ള വ്യവസ്ഥയുണ്ടു്. അതു കൊടുക്കുകയില്ല. അതു സർക്കാരിന്റെ ജനറൽ റവന്യൂവിൽ പോകും.

ശ്രീ. മഞ്ജുനാഥപ്രഭു : ഇതെടുത്തുകളയുകയാണെങ്കിൽ അവരുടെ ടോട്ടൽ ഇംകത്തിനു ഡിവിഡൻറു ചേർക്കുവാൻ കഴിയുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് പരിചയമുള്ള ആളുകൾ പറയേണ്ടതാണു്.

ശ്രീ. മഞ്ജുനാഥപ്രഭു : ഞാൻ പറയുന്നതു ചില ആളുകൾക്കു് പല കമ്പനികളിൽനിന്നും ഡിവിഡൻറു കിട്ടേണ്ടതായിരിക്കും. ആ ഡിവിഡൻറുകൾ എല്ലാം കൂട്ടിച്ചേർത്താൽ മാത്രമേ ടോട്ടൽ ഇംകം വർദ്ധിപ്പിച്ചു കാണിക്കുവാനും അതിനു് സൂപ്പർടാക്സു് ചുമത്തുവാനും സാധിക്കുകയുള്ളു. അതില്ലെങ്കിൽ ആ ഇനത്തിൽ ഗവണ്മെൻറിനു നഷ്ടം വരികയുംചെയ്യും. ഈ ആണ്ടു് കൂടുതൽ തുക ആ ഇനത്തിൽ പ്രതീക്ഷിക്കയും ചെയ്യുന്നുണ്ടു്. ആ പ്രതീക്ഷകൾ തെററുകയില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇന്നത്തെ നിയമപ്രകാരം ഡിവിഡൻറ് കാർഷികാദായമല്ല. അങ്ങനെയല്ലാത്തതുകൊണ്ടു അതു കാണിക്കേണ്ട ആവശ്യമില്ല.

ശ്രീ. മഞ്ഞനാഥപ്രഭു : അഗ്രിക്കൾച്ചറൽ ഇൻകം എന്താണെന്നുള്ളതിനെപ്പററി പല വിധികളും ഉണ്ടായിട്ടുണ്ട്. ഇൻഡ്യൻ ഇൻകം ടാക്സ് നിയമമനുസരിച്ചും കാർഷികാദായനിയമമനുസരിച്ചും, അറുപതു ശതമാനം, നാൽപതുശതമാനം എന്നു തോതുണ്ടെങ്കിൽതന്നെയും കാർഷികാദായനികുതിയിൽ ഉൾപ്പെടുമെന്നു വ്യാഖ്യാനിക്കത്തക്കരീതിയിൽ വിധികൾ ഉണ്ടായിട്ടുണ്ട്. ആ വശംകൂടി ആലോചിച്ചു ബില്ല് പാസാക്കണമെന്നാണ് അപേക്ഷിക്കുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എല്ലാ വശങ്ങളും ആലോചിച്ചു. ലോറസ്റ്റായിട്ടുള്ള സുപ്രീം കോടതിവിധി അനുസരിച്ച് ഡിവിഡൻറ് അഗ്രിക്കൾച്ചറൽ ഇൻകം അല്ല. മാത്രമല്ല, ഇതു കാർഷികാദായമായി കണക്കാക്കണമെന്നുണ്ടെങ്കിലും അതിനു ഈ ബില്ല് തടസ്സമല്ല.

ശ്രീ. മഞ്ഞനാഥപ്രഭു : ക്ലാസ് രണ്ടിൽ പറയുന്നതു ഇങ്ങനെയാണ്.

SECTION 2, CLAUSE (i) :—

"(1) Clause (i) defining the word "Dividend" shall be omitted ;" and

"(2) in clause (s) defining the expression "Total Agricultural Income", for the words, brackets, letters and figures "clauses (a) to (d) of Section 10", the words, brackets, letters and figures "clauses (a), (c) and (d) of Section 10" shall be substituted.

This latter amendment means that Section 10 (b) is to be omitted from the Act. And what does that Section 10 (b) say? It says :

"Agricultural Income-tax shall not be payable on that part of the total agricultural income of a person which is any dividend which he receives as a share-holder out of the agricultural income of a company which has certified that it has paid or will pay the tax under this Act in respect of the agricultural income of such Company."

ഇതു രണ്ടും വച്ചുകൊണ്ടുനോക്കുമ്പോൾ ഡിവിഡൻറുകൂടി കണക്കാക്കണമെന്നാണ് തോന്നുന്നതു്. ഇൻഡ്യൻ ഇൻകംടാക്സ് ആക്ററ് അനുസരിച്ച് ഇങ്ങനെയാണ്.

(Sec. 2 (6)—Para 87 of the Indian Income-Tax Act, Vol. II, by A. C. Sampath Iyengar) :

"*Direct Taxation of Shareholder.*—A company being a corporate body and having a legal existence apart from its shareholders, when it pays tax, it does so on its own behalf and in respect of its own profits. It is not an agent of its share-holders nor can it be said to pay tax as an agent of its shareholders

Hence, when later the profits are distributed amongst the shareholders, the shareholders are liable to pay tax in respect of the dividends received by them, such dividends being the income of the shareholders, just as any other income is. But, by virtue of section 49B, the shareholders shall be 'deemed' to have themselves paid the income-tax in respect of the dividends to the extent to which the company has paid. The same principle underlies section 16(2) and section 18(5), by the combined operation of which, income-tax payable by the company on the dividends is treated as a payment made on behalf of the shareholders and they are given credit therefor in their individual assessments. By virtue of section 48, a shareholder is further entitled to obtain a refund of any extra income-tax (*i. e.*, extra as compared to the appropriate tax on his total income) levied on him in respect of his dividends, because, within the meaning of section 48, the payment by the company of income-tax is one deemed to be made by him or on his behalf"

ഇതിൽ പറയുന്നതു കാണിച്ചുകൊടുക്കുന്നതു ഷെയർഹോൾഡേഴ്സിന്നു് കൊടുക്കുന്നതായിട്ടാണു്. ഞാൻ ഇതെല്ലാം ഇവിടെ പറയുന്നതു ഡിവിഡൻറ് ഇതിൽ ഉൾപ്പെടുത്തിയില്ലെങ്കിൽ നമുക്കു് ഒരു വലിയ തുക ആദായനികുതിയിൽ നഷ്ടമാകും എന്നുള്ളതുകൊണ്ടാണു്

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ബഹുമാനപ്പെട്ട കോതമംഗലം മെംബരുടെ ഉൽക്കണ്ഠ എന്താണെന്നു മനസ്സിലാകുന്നില്ല. നമ്മുടെ രാജ്യത്തെ കാർഷികകമ്പനികളിൽനിന്നു നൽകുന്ന ഡിവിഡൻറ് വാങ്ങിക്കുന്ന ഷെയർഹോൾഡേഴ്സിൽ നമുക്കു് കാർഷികാദായനികുതി തരുവാൻ ചുമതലപ്പെട്ടവർ വളരെ കുറച്ചുമാത്രമാണു് മററുവിധത്തിൽ പറയുകയാണെങ്കിൽ അങ്ങനെ ഡിവിഡൻറ് വാങ്ങിക്കുന്ന ഓഹരിക്കാർ മിക്കവാറും കാർഷികാദായനികുതി തരുവാൻ ചുമതലപ്പെട്ടവരല്ല. അങ്ങനെയുള്ളതുകൊണ്ടു ബഹുമാനപ്പെട്ട മെംബർ പറയുന്ന വിഷമം ഇവ കാര്യത്തിൽ വരികയില്ല. ഡിവിഡൻറ് കാർഷികാദായമല്ലാത്തിടത്തോളം അതിനെ കാർഷികാദായമാക്കുന്നതു ശരിയല്ല.

Shri A. A.D. Luiz : Sir, the Chief Minister has remarked that the purpose of this enactment is to cut out all possibilities of the refund of dividend. Though I am in favour of getting as much revenue as this State can possibly get, I have a feeling, Sir, that the total denial of refund may adversely affect not only the people of the higher income level but also the middle income people of the State. It may not very much affect those of the very low income level. I do not know how far Government would be justified in withholding legitimate refund. I also doubt whether it is constitutionally permissible because all agricultural income, the moment it is transferred by the Company to the shareholder, ceases to be an agricultural income for the purpose of taxation, and it becomes by a legal fiction 'income from other sources' which will be subject to taxation under the Other Central India Income-Tax Act. We may also argue that most of our share capital contributors are from outside the State and do not deserve any sympathy. Would such an attitude be justifiable? We must imagine for a moment the immediate

[Shri A. A. D. Luiz]

adverse effect a Law of this sort is going to have on the stocks and shares in this State and outside. Prices are definitely going to be adversely affected. I don't know how far this act of ours will be justified. It may be that we have not so far issued refund of dividends but the people who have claimed it are all living in hopes. When we turn to the Centrally Administered Income-Tax we find that dividend is not subjected to any sort of relief but it is subjected to taxation thereon. Now, according to this law, I do not know how far we will be justified in refusing refund to a man who will be residing in another State's jurisdiction. I would request this House to consider another aspect. Our stocks and shares very much depend on the value they get in the various stock exchanges that are outside this State. As a matter of fact, most of the stock exchanges are outside. To have a legislation shutting out refund of dividends, I am afraid it is going to have adverse results on stock and share prices. I may reiterate that I am not against collecting more and more money from the pockets of the people of the State, but in some cases as the one we are now considering, it may have adverse consequences and as such I would recommend to Government to bring in a law whereby the higher grade of people alone are affected and people with normal income are not affected by this Amending Act.

ശ്രീ. മഞ്ജുനാഥപ്രഭു : മുഖ്യമന്ത്രി ഇവിടെ പ്രസ്താവിച്ചു, ഷെയർ ഹോൾഡേഴ്സിന് റീഫണ്ട് കൊടുത്താൽ നാട്ടിന് നഷ്ടമാണെന്ന്. അങ്ങനെയുള്ളവർക്ക് ഡിവിഡൻഡ് കൊടുക്കാനവകാശമില്ല. നമ്മുടെ ആക്ററിലെ 46-ാംവകുപ്പിനു തുല്യമായി ഇൻഡ്യൻ ഇൻകംടാക്സ് ആക്ററ് സെക്ഷൻ 41-ൽ റീഫണ്ടുകാര്യം ചർച്ചചെയ്യുന്നുണ്ട്. ആ ഭാഗം ഞാൻ വായിക്കാം.

"Payment of tax by Company deemed payment by shareholders :

The object of this section is to avoid double taxation in respect of income tax on dividends. The Company pays tax on its profits and when these profits are distributed as dividends to the shareholders, to tax them once again would be to tax the dividends twice. The scheme of the Act hence is that the shareholders should not be made to pay tax twice and this is brought about by this section in conjunction with Section 48. Under that section, if an assessee satisfies the Income Tax Officer that the tax paid by him or on his behalf or treated as paid on his behalf for any year exceeds the amount properly payable by him, he shall be entitled to a refund of such excess."

റീഫണ്ട് കിട്ടണമെന്നുവരികിൽ കൊടുക്കാൻ ബാദ്ധ്യതയുള്ളതിൽ കൂടുതൽ കൊടുത്തിരിക്കണം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതേതുപുസ്തകമാണ്?

ശ്രീ. മഞ്ജുനാഥപ്രഭു : സമ്പത്തയ്യങ്കാരുടെ പുസ്തകമാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് ഇൻഡ്യൻ ഇൻകം ടാക്സ് സംബന്ധിച്ച പുസ്തകമാണു്. അതിവിടെ പ്രസക്തമല്ല.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി : സർ, ഒരു പോയൻറ് ആഫ് ആർഡർ. ഈ ബില്ലിൻെറ സെലക്ററകമ്മിററി റിപ്പോർട്ടാണ് സഭയുടെ മുമ്പിൽ വച്ചിരിക്കുന്നതു്. ഭേദഗതി അവതരിപ്പിച്ച് എന്തെങ്കിലും മാററം വരുത്തുന്നതിന് വാദപ്രതിവാദം ചെയ്യാമെന്നല്ലാതെ ജനറൽ പ്രിൻസിപ്പിളിനെ സംബന്ധിച്ച് വാദപ്രതിവാദം ആകാമോ എന്നു് ഒരു റൂളിംഗ് കിട്ടണം.

Mr. Deputy Speaker: You are perfectly right. I think that this is not the stage at which the hon. Member can make an observation like this.

ശ്രീ. മഞ്ജുനാഥപ്രഭു : അമൻറമെൻറ് കൊണ്ടുവരാൻ രണ്ടു ദിവസം സമയം വേണം. ഇന്നത്തേക്ക് ബില്ലിൻെറ ചർച്ച ഉൾപ്പെടുത്തിയിരിക്കുന്നതായി ഇന്നലെ മാത്രമെ അറിയാൻ കഴിഞ്ഞുള്ളു. രണ്ടു ദിവസം കഴിഞ്ഞു് ബിൽ ചർച്ചക്കെടുത്താൽ അമൻറമെൻറ് അവതരിപ്പിക്കാൻ തയ്യാറാണു്.

Shri S. Seshadrinatha Sarma : The point is that when a poor man is not benefited the rich man will get the benefit. It is the poorer section of the people who will not get the refund. So I plead that sufficient time may be given for the consideration of this provision.

Shri Panampilli Govinda Menon: I think the hon. Members have enough time. Now, I can answer all these objections in my reply. I don't think that there is any objection as is stated by Mr. Sarma and Mr. Prabhu. In the Select Committee everyone agreed to this provision. There is absolutely no reason to think that the poor people are affected and the rich are benefited. There is nothing like that.

Shri R. Sankaranarayanan Tampi : Sir, on a point of order. The question before the House is in respect of the procedure in regard to this Bill. Some hon. Members moved that more time may be given since the time, as provided under the rules has not been given. I am of the opinion that more time may be given.

Shri Panampilli Govinda Menon: If the statutory time has not been given, I don't stand in the way. I don't know what the office has done in that matter.

ശ്രീ. മഞ്ജുനാഥപ്രഭു : അമൻറമെൻറ് രണ്ടുദിവസം മുമ്പ് കൊടുക്കണമെന്നാണു് റൂൾ. ഇന്നലെ അജണ്ടാ കിട്ടിയപ്പോഴാണു് ഈ ബിൽ ഇന്നു് അവതരിപ്പിക്കുന്നതായി അറിഞ്ഞതു്. ആ നിലക്ക് സമയം ഉണ്ടായിരുന്നുവെന്നു പറയുന്നതു് എങ്ങനെയാണെന്നു മനസ്സിലാകുന്നില്ല.

Mr. Deputy Speaker: I think, in that case, it can be postponed. The Bill will be taken up for consideration after two days.

Shri Panampilli Govinda Menon: Sir, with respect to the Agricultural Income Tax (Amendment) Bill, let it be taken that amendments, if any, may be looked into even today.

Shri K. C. George: But, Sir, there may be people who find it inconvenient to give the amendments today, and moreover, sufficient notice has not been given.

Shri P. S. Nataraja Pillai: May I point out, Sir, that the bill has been included in the Agenda of the 28th. It needs only two days to move the amendments. We are on the 29th now and tomorrow the amendments may be available, and day after tomorrow they may be taken. The fact that the financial year is ending on the 31st March may also be taken into consideration by the House.

Mr. Deputy Speaker: There is one difficulty. The question of extending the business of the House can come only after the demands are taken.

The Travancore-Cochin Prevention of Eviction of Kudikidappukars Bill. (*Contd.*)

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: സർ, കഴിഞ്ഞ ദിവസം ഞാൻ ഈ ബില്ലിനെപ്പററി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ രാജ്യത്താകെ നടത്തിക്കൊണ്ടിരിക്കുന്ന ഒഴിപ്പിക്കലുകളുടെ ഭീകരതയെപ്പററി പറയുകയുണ്ടായി. ഞാൻ അന്നു ചില വസ്തുതകൾ നിരത്തി വച്ചതിൽ ഒരെണ്ണം തിരുത്താൻ ആദ്യമായി ആഗ്രഹിക്കുന്നു. പാലമേൽ ഒരു പുര പൊളിച്ചുകളയുന്നതിനുവേണ്ടി അവിടത്തെ ചില കാൺഗ്രസ്സ് പ്രമാണികൾ ഒരു റോഡുവെട്ടു തുടങ്ങിയിട്ടുള്ളതിനെ അവിടത്തെ കർഷകത്തൊഴിലാളി യൂണിയൻ എതിർത്തതിന്റെ ഫലമായി പുര അവിടെത്തന്നെ നിൽക്കുന്നു എന്നാണ് അന്നു ഞാൻ പറഞ്ഞതു്. എന്റെ പ്രസംഗത്തിന്റെ പത്രറിപ്പോർട്ട് വന്നതിനുശേഷം മനിനിഞ്ഞാന്ന് ആ പുര കത്തിച്ചുകളഞ്ഞു എന്നാണ് അറിവു കിട്ടിയിരിക്കുന്നതു്. ഒരു തിരുത്ത് എന്നുള്ള നിലയിൽ ആദ്യമായി ഞാൻ ഇതു പ്രസ്താവിക്കുകയാണ്. അന്ന് ഞാൻ സംസാരിച്ചശേഷം നമ്മുടെ രാജ്യത്തിന്റെ പല ഭാഗങ്ങളിലും നടക്കുന്ന അനീതിപരമായ കുടിയിറക്കലുകളെപ്പററി വളരെ അധികം കത്തുകൾ എനിക്ക് കിട്ടിയിട്ടുണ്ട്. അതിന്റെ എല്ലാം ഒരു പട്ടിക ഇവിടെ നിരത്തിവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കാൺഗ്രസ്സുപാർട്ടിയിൽ തന്നെയുള്ള, മണ്ണിനോട് അല്പമെങ്കിലും ബന്ധമുള്ള ആളുകൾ ഇതിനെപ്പററി സംസാരിച്ചുകഴിഞ്ഞിട്ടുണ്ട്. ശ്രീ. മാക്കോസ് കുടിയിറക്കിന്റെ ഭീകരതയെപ്പററി കാൺഗ്രസ്സുപാർട്ടിക്കുള്ളിൽ നിന്നുകൊണ്ടുതന്നെ പ്രതിപാദിച്ചു. എനിക്കു കിട്ടിയ വിവരങ്ങളിൽ പ്രധാനപ്പെട്ട ഒന്നുരണ്ടെണ്ണം ഇവിടെ എടുത്തു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ചേത്തല മുഹമ്മയിലുള്ള ഒരു വസ്തു ഉടമസ്ഥനും അദ്ദേഹത്തിന്റെ മകനുംകൂടി 90 വയസ്സുപ്രായമുള്ള ഒരു അമ്മയേയും അവരുടെ മകളേയും കുടിയിറക്കുന്നതിന് ശ്രമം നടത്തിക്കൊണ്ടിരിക്കയാണ്. അവിടെ പുര വച്ചു കൊടുത്ത കർഷകത്തൊഴിലാളി യൂണിയനിൽപ്പെട്ട നാൽപ്പതോളം പേരെ ചേർത്ത് ഒരു കള്ളക്കേസു ചമച്ചിരിക്കയാണ്. കോരിക്കുടിക്കുന്ന വെള്ളം ചീത്തയാക്കുകയുമൊക്കെ ചെയ്തിട്ടുണ്ട്. സ്വാതന്ത്ര്യത്തെപ്പററി പറയുന്ന ഇക്കാ

ലത്തു് മറെറാരുദാഹരണം എനിക്കു പത്തനംതിട്ടനിന്നും കിട്ടിയിരിക്കുന്നു. സ്വാതന്ത്ര്യത്തിൻെറ ആറാംകൊല്ലത്തു് വന്നിരിക്കുന്ന ഈ ഉദാഹരണം വളരെ നന്നായിരിക്കുന്നു. ചെന്നീരതോട്ടം സൂപ്രണ്ടായ ഒരു സായിപ്പ് കല്ലാറിൻെറ തീരത്തു താമസിക്കുന്ന വളരെ പഴക്കമുള്ള വളരെയധികം കുടികിടപ്പുകാരേ പത്തനംതിട്ട പൊലീസിൻെറ—കോണ്ഗ്രസ് പോലീസിൻെറ—സഹായത്തോടുകൂടി ഇറക്കിവിടുകയുണ്ടായി. ഇടയ്ക്കിടെ നിന്നും കൂടുതൽ വിവരങ്ങൾ എനിക്കു് കിട്ടിയിട്ടുണ്ടു്. കഴിഞ്ഞ നിയമസഭയിലെ ചർച്ചാവേളയിൽ വളരെ സജീവമായിക്കണ്ട ഒരു കാര്യമായിരുന്നു അതു്. അവിടെ പോലീസ് നടത്തിയ മൃഗീയമായ വേട്ടയെപ്പററി എല്ലാവർക്കും അറിവുള്ളതാണു്. ജാർജ്ജ് എന്നു പറയുന്ന ഒരു വസ്തു ഉടമസ്ഥൻ കുത്തകപ്പാട്ടത്തിനു അപേക്ഷിച്ചു. അദ്ദേഹം അപേക്ഷിക്കുന്ന അവസരത്തിൽ ആ അപേക്ഷിച്ച സ്ഥലത്തു് ഭൂമിയില്ലാത്ത കുറേ കർഷകത്തൊഴിലാളികൾ കുടിചെട്ടി കിടക്കുകയായിരുന്നു. ശ്രീ. കരുണാകരൻ ഭൂമിയുള്ളവർ ചോദിച്ചാൽ ഭൂമി കൊടുക്കുമോ എന്നു് ചോദിച്ചതിനു് ഇല്ലെന്നുള്ള അഭിപ്രായമാണു് ഗവണ്മെൻറഭാഗത്തുനിന്നും വന്നതു്. അഭിപ്രായം ഒന്നും നടപടി മറെറാന്നുമായിട്ടാണു് കാണുന്നതു്. കുത്തകപ്പാട്ടത്തിനു് അപേക്ഷിച്ചതു് ജാനുവരി 12-ാംതീയതിയാണു്. അതിനുമുമ്പു തന്നെ ഇതേ ജാർജ്ജിൻെറ കയ്യിൽ നിന്നും ഒരു പെററീഷൻ വാങ്ങിച്ചുകൊണ്ടു് ചവറ പോലീസ് ഇൻസ്പെക്ററർ ജ്ഞാനിപ്രേശൻനായരും പാർട്ടിയും അവിടെപ്പോയി പുര പൊളിച്ചുകളഞ്ഞു. പുരയ്ക്കു തീവച്ചശേഷമാണു് കുത്തകപ്പാട്ടത്തിനു് ആ സ്ഥലം ജാർജ്ജിനു് കിട്ടിയതു്. ജാനുവരി 2-ാം തീയതിയാണു് മുടിയിത്തറ ഭാസ്കരനേയും മററും മർദ്ദിക്കുകയുണ്ടായതു്.

ഈ അടുത്തകാലത്തു് തിരുവനന്തപുരത്തു ഒരു വൈദികൻ കുടിയിറക്കു നടത്തിയതായിട്ടു ഇവിടത്തന്നെ ശ്രീ. തരകൻ പ്രസ്താവിക്കുകയുണ്ടായിട്ടുണ്ടു്. ഈ മാതിരി കുടിയിറക്കുകൾ നടത്തിയിട്ടുള്ളവയെപ്പററി കൂടുതൽ ഈ സഭയിൽ വിവരിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. എനിക്കു കിട്ടിയ ചില വിവരങ്ങൾ സഭയുടെ ദൃഷ്ടിയിൽപ്പെടുത്തുകയായിരുന്നു.

സർ, ഇനി ഇക്കാര്യങ്ങൾ എല്ലാം, സഭയുടെ ദൃഷ്ടിയിൽ, വളരെ വേദനയോടുംകൂടിയാണു് ആവേശത്തോടു കൊണ്ടുവരുന്നതു്. "എടാ പുല്ലേ, വേണമെങ്കിൽ കേട്ടോ" എന്നുള്ള നിലയിലല്ലല്ലോ സാർ, ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതിൻെറ ഉത്തമവിശ്വാസത്തേയും, ബില്ലിലടങ്ങിയിട്ടുള്ള ആത്മാർത്ഥതയേയുംപററി വളരെ അധികം ശങ്കിക്കുന്നു, ആത്മാർത്ഥത ഇല്ലെന്നുതന്നെ കരുതുന്നു. ഇന്നു് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബിൽ ഇതേ രീതിയിൽ ഇവിടെ പാസ്സാക്കുകയാണെങ്കിൽ, അതു് കുടിയിറക്കുനിരോധനബില്ലായിരിക്കുകയില്ല, നേരെമറിച്ചു് കുടി ഒഴിപ്പിക്കാനുള്ള ഒരു ബില്ലായിരിക്കും. ഇതിനകത്തു് അതിലേയ്ക്കുള്ള അനേകം വ്യവസ്ഥകളാണുള്ളതു്. ഈ ബില്ലുകൊണ്ടു് കുടികിടപ്പുകാരായ പാവപ്പെട്ട ആളുകൾക്കു യാതൊരു പ്രയോജനവും ലഭിക്കാൻ നിവൃത്തിയില്ല. ഇതിലെ ചില കാര്യങ്ങൾ സഭയുടെ ദൃഷ്ടിയിൽപ്പെടുത്താനാഗ്രഹിക്കുന്നു. ഈ ബിൽ, ഈ സഭ അവസാനിക്കുന്നതിനു മുൻപുതന്നെ പാസ്സാക്കുമെന്നും പറയുന്നു. ഈ ബില്ലിൻെറ സെലക്ററുകമ്മിററിയിൽ, ഭൂരിപക്ഷം കോൺഗ്രസ്സ് പാർട്ടിക്കാണു്. സർ, ഓരോ പാർട്ടിയും ഓരോ വർഗ്ഗത്തെ പ്രതിനിധീകരിക്കുകയാണു്. അതനുസരിച്ചു മന്ത്രിമാരേയും, മുതലാളിമാരേയും സഹായിക്കാൻ കോൺഗ്രസ്സ് പാർട്ടി

[ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള]

ബാദ്ധ്യസ്ഥരാണ്. ഞാൻ പറഞ്ഞതുപോലെ അല്ലാതെ, കാൺഗ്രസ്സ് പാർട്ടിയിൽ നല്ലയാളുകളും മനുഷ്യരുമായി ബന്ധപ്പെട്ടയാളുകളും ഉണ്ട്. എന്നാലും ചില സ്ഥാപിതതാൽപ്പര്യക്കാരെ സംരക്ഷിക്കേണ്ട ചുമതല കാൺഗ്രസ്സിനുണ്ട്. ഇടതുപക്ഷപാർട്ടികളായ, കമ്മ്യൂണിസ്റ്റ്, ആർ. എസ്. പി., പി. എസ്. പി., കെ. എസ്. പി., ഈ പാർട്ടികളും മററ് ഓരോ വർഗ്ഗത്തിൻെറയും സത്ത ഉൾക്കൊണ്ടിട്ടുള്ള പാർട്ടികളാണ്. കാൺഗ്രസ്സിനു ഭൂരിപക്ഷമുള്ള സെലക്ററുകമ്മിററി, ഈ ബില്ലിൽ സാരമായി എന്തു മാററങ്ങൾ വരുത്തുമെന്നുള്ളതു് കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു. ഈ ബില്ലിലെ ചില കാര്യങ്ങൾ സെലക്ററുകമ്മിററിയുടെയും, സഭയുടെയും ശ്രദ്ധയിൽപ്പെടുത്തണം എന്ന് വിചാരിക്കുന്നു. ഇതിലെ ചില ക്ലാസ്സുകളിൽ സാരമായ മാററം വരുത്തിയില്ലെങ്കിൽ അതുകൊണ്ടുദ്ദേശിക്കുന്ന ഫലം സാധുക്കളായ കുടി കിടപ്പുകാർക്കു കിട്ടുകയില്ല.

ആദ്യമായി കുടികിടപ്പുകാരനെപ്പററിയുള്ള നിർവ്വചനം നോക്കാം. 2. സി. വകുപ്പിൽ "കുടികിടപ്പുകാരൻ" എന്നുള്ളതിൻെറ നിർവ്വചനം കൊടുത്തിരിക്കുന്നതു നോക്കാം. നിർവ്വചനം തുടങ്ങുമ്പോൾ തന്നെ അതു് അപകടമാണെന്നു കാണാം. അതായതു്,

> 2.—(സി) "കുടികിടപ്പുകാരൻ" എന്നാൽ വീടോ വീടു വയ്ക്കുന്നതിനു സ്വന്തം സ്ഥലമോ ഇല്ലാത്തവനും, ഒരു വീടു വച്ചുകൊള്ളുന്നതിനായി ഒരു ഭൂമിയുടെ ഉടമസ്ഥനാൽ ഭൂമിയിൽ ഒരു ഭാഗം ഉപയോഗിച്ചുകൊള്ളുകയും കൈവശം വച്ചുകൊള്ളുകയും ചെയ്യുന്നതിലേക്ക്, പാട്ടം കൊടുക്കണം എന്നുള്ള ബാദ്ധ്യതയോടുകൂടിയോ അല്ലാതെയോ, ആ ഭാഗം അപ്രകാരം ഉപയോഗിച്ച് കൈവശം വച്ചുകൊള്ളുന്നതിന് അനുവദിക്കപ്പെട്ടിരിക്കുന്നവനും ആയ ആൾ എന്നും; "കുടിയിരിപ്പ്" എന്നാൽ അങ്ങനെ നല്കപ്പെട്ടിട്ടുള്ള ഭൂമിയും, ആ ഭൂമിയിൽ ഉടമസ്ഥാനുവാദത്തോടുകൂടി കുടികിടപ്പുകാരൻ താമസസ്ഥലമായി ഉപയോഗപ്പെടുത്തുന്ന വീടും, കുടിലും അഥവാ പുരയും എന്നും" ആണ്.

കുടികിടപ്പുകാരൻ ആരാണെന്നു പറയുവാൻ ഇത്ര വളച്ചുകെട്ടലിൻെറ ആവശ്യമുണ്ടോ, സർ, ഈ സംഗതിയെ സംബന്ധിച്ചു സഖാവു് സ. അച്ചുതമേനോൻ മുൻപ് ഒരവസരത്തിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ള ഭൂനയബില്ലിൽ "കുടികിടപ്പുകാരൻ" എന്നുള്ളതിനു കൊടുത്തിട്ടുള്ളനിർവ്വചനം കൂടി ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നുമെന്നു വിചാരിക്കുകയാണ്. അതിൽ പറഞ്ഞിരിക്കുന്നതു ഈ വിധമാണ്.

> "ഒരു കുടികിടപ്പുകാരനു അയാളുടെ കുടികിടപ്പൊഴികെ ഒരു വീടു വയ്ക്കാൻ ഒരു തുണ്ടു ഭൂമിയും ഇല്ലെങ്കിൽ അയാളെ കുടികിടപ്പിൽ നിന്നും ഒഴിപ്പിക്കാൻ പാടില്ല" എന്നാണ്.

ഒരു കുടികിടപ്പുകാരൻ ആരാണ് എന്ന് യാതൊരു വളച്ചുകെട്ടലും, കസർത്തുകളും കൂടാതെ വ്യക്തമായി പറഞ്ഞിരിക്കുന്നു. അതിനുകാരണം മറെറാന്നുമല്ല. അദ്ദേഹത്തിൻെറ ബിൽ ഇന്നവർഗ്ഗത്തിനുവേണ്ടി ഇന്ന വിഭാഗത്തിനുവേണ്ടി എന്ന് വ്യക്തമാണ്. നേരെമറിച്ച്, ജന്മികൾക്കും,

ഭൂമി ഉടമസ്ഥന്മാക്കും, കുടികിടപ്പുകാരെ ഒഴിപ്പിക്കാനുള്ള എല്ലാ സൗകര്യങ്ങളും സഹായങ്ങളും കൊള്ളിച്ചിട്ടുള്ള ഒരു ബില്ലാണ് ഇന്ന് കാൺഗ്രസ്സ് ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ളത്. അതു് തെളിയിക്കാനായി ചില കാര്യങ്ങൾകൂടി ഞാൻ ഇവിടെ പറയാം. ഈ ബില്ലിന്റെ ഏഴാമത്തെ വകുപ്പിൽ, ഒരു ക്ലാസ്സിൽ കുടിഒഴിപ്പിക്കാൻ പാടില്ല എന്നു പറയുമ്പോൾ മൻപത്തുവകുപ്പുകൾ കുടിഒഴിപ്പിക്കാൻ ഉള്ളതായി നമുക്കു കാണാം. സഭയുടെയും, സെലക്ററ കമ്മിററിയുടെയും ശ്രദ്ധയ്ക്ക് ആ വിധത്തിലുള്ള ഓരോ വകുപ്പും ഇവിടെ വായിക്കാം. ആ വകുപ്പുകളിൽനിന്നും ഒരു കുടികിടപ്പുകാരന് എങ്ങനെ സുരക്ഷിതത്വം ഉണ്ടാകുമെന്നും നമുക്കു നോക്കാം. ഈ ബില്ലിലെ ഏഴാമത്തെ വകുപ്പിൽ (എ) ക്ലാസ്സു ഇപ്രകാരമാണ്.

"7—(എ) അയാൾ കൈവശവസ്തുവിൽ മനഃപൂർവ്വമായും ഉദ്ദേശത്തോടുകൂടിയും നാശകരങ്ങളായ പ്രവൃത്തികൾ ചെയ്തിരിക്കുക."

ഈ വകുപ്പനുസരിച്ച് ഒരു ജന്മിക്കു ഒരു കുടികിടപ്പുകാരനോടു എന്തെങ്കിലും വൈരാഗ്യമുണ്ടെങ്കിൽ, ഒരു കള്ളക്കേസ് കൊടുത്ത് വിധി സമ്പാദിക്കാൻ യാതൊരു പ്രയാസവുമില്ല. അതു് കുടികിടപ്പുകാരന് വലിയ സങ്കടത്തിനു കാരണമാകും. കർഷകരുടെ മനോവിചാരത്തെപ്പററി ഇവിടെ പ്രസ്താവിച്ചുകേട്ടു കർഷകനുമായിട്ടു നിരന്തരസമ്പർക്കം ഉള്ള ആളുകൾക്കു മാത്രമെ അവരുടെ വികാരമെന്താണെന്നു മനസ്സിലാക്കാൻ കഴിയുകയുള്ളൂ. അതു ഞങ്ങൾക്കു കൂടുതൽ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. കാൺഗ്രസ്സ് പാർട്ടിയിലും കർഷകന്റെ മനോവികാരത്തെപ്പററി അറിയാമെന്നുള്ള ചില ആളുകൾ ഇല്ലാതേയില്ല.

മേൽപ്പറഞ്ഞ വകുപ്പനുസരിച്ച്, മനഃപൂർവ്വം വീടു നശിപ്പിച്ചു എന്നും മററും പറഞ്ഞു്, ഒരു ജന്മിക്ക് ഒരു കുടികിടപ്പുകാരനെ ഇറക്കിവിടുവാനുള്ള സാഹചര്യം ഉണ്ട്. അതുപോലെ 7—ബി. വകുപ്പും നോക്കാം:—

7—(ബി) കൈവശവസ്തുവിലെ ഉത്പന്നത്തിൽ ഏതെങ്കിലും ഭാഗം അയാൾ ന്യായരഹിതമായി ഉപയോഗപ്പെടുത്തിയിരിക്കുക."

ഒരു മൂട് ചീനി പിഴുതു അല്ലെങ്കിൽ ഒരു നാളികേരം ഇട്ടു എന്നും മററും പറഞ്ഞു് ഒരു കേസ് കൊടുത്തു് കുടികിടപ്പുകാരനെ പോലീസു മുഖാന്തിരം ഇറക്കിവിടാം.

പോലീസും അവരുടെ കയ്യിലാണല്ലോ; സ്ഥാപിത താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി ഉണ്ടായിട്ടുള്ളതാണ് നമ്മുടെ പോലീസ് എന്ന് എല്ലാവർക്കും അറിവുള്ളതാണല്ലൊ. ഈ വകുപ്പനുസരിച്ച് ഒരു കള്ളക്കേസു കൊടുത്തു് പോലീസു സഹായത്തോടുകൂടി, കുടി ഒഴിപ്പിക്കാൻ കഴിയും.

ഇനി 7—(സി) വകുപ്പു നോക്കാം: അതു് ഇപ്രകാരമാണ്.

"7—(സി) തനിക്കോ, തന്റെ കുടുംബത്തിലേയോ തറവാട്ടിലേയോ തായ്‌വഴിയിലെയോ ഏതെങ്കിലും അംഗത്തിനോ കെട്ടിടം കെട്ടുന്നതിനു് ഉത്തമ വിശ്വാസപൂർവ്വം ഉടമസ്ഥൻ വസ്തു ആവശ്യപ്പെടുകയും ആ ഭാഗം അങ്ങനെ പണിയേണ്ട

[ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള]

കെട്ടിടത്തിന്റെ സുകരമായ ഇരിപ്പിന് ആവശ്യമായിരിക്കുകയും ചെയ്യുക."

ഇതിൽ പറയുന്ന കാര്യങ്ങൾ എല്ലാമുണ്ടായാൽ ആക്കാണ് ഒഴിപ്പിക്കാൻ പാടില്ലാത്തത്? ഒരു ജന്മിക്ക്, തന്റെ ഭാര്യയ്ക്കോ, മക്കൾക്കോ, ഒരു കെട്ടിടം വയ്ക്കണമെന്നു തോന്നിയാൽ, അതിന്റെ സുകരമായ ഇരിപ്പിന്, കുടികിടപ്പുകാരന്റെ വീട് ബാധകമാണെന്നും പറഞ്ഞു ആ പുര പൊളിച്ചു അയാളെ ഇറക്കിവിടാം.

ഇനി. 7—(ഡി) വകുപ്പ് നോക്കാം. അതിൽ പറയുന്നത്,

7—"(ഡി) ഉടമസ്ഥന്റെ അവകാശത്തിനു ബാധകമാംവിധം തന്റെ പാർപ്പിടമായ വസ്തു വിഭാഗത്തിലോ, സ്ഥലത്തോ നാശമുണ്ടാക്കുന്നതിനോ ആക്രമണം നടത്തുന്നതിനോ അയാൾ മനഃപൂർവ്വമായോ വഞ്ചനാപരമായി കൂട്ടുചേർന്നോ ഒരന്യനെ അനുവദിക്കുക," എന്നാണ്.

ഇതും കൂടാതെ ഒരു കുടികിടപ്പുകാരന് വല്ല കേന്ദ്രാംക്കോണത്തും പത്തു സെൻറ സ്ഥലം, വല്ല പാറയായാലും മതി, ഒരു ജന്മി ഇഷ്ടദാനം എഴുതി കൊടുത്താൽ മതി, കുടികിടപ്പുകാരൻ ഉടൻ ഇറങ്ങേണ്ടിവരും. ഇങ്ങനെ ജന്മികൾക്ക് പല സൗകര്യങ്ങളും ഉൾക്കൊള്ളിച്ചിട്ടുള്ള ഒന്നാണ് ഈ ഏഴാമത്തെ വകുപ്പ്. ഇതു കുടികിടപ്പുകാരന് എതിരായിട്ടുള്ള ഒന്നാണ്. അതുകൊണ്ട് ഈ 7-ാം വകുപ്പ് മുഴുവനും തന്നെ മാററണം.

ശ്രീ. സി. എ. മാത്യു: ഉല്പാദനങ്ങൾ നശിപ്പിച്ചാൽ നടപടി ഒന്നും എടുക്കേണ്ട എന്നാണോ പറയുന്നത്?

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: അതിന് ക്രിമിനൽ നിയമങ്ങൾ ഉണ്ട്. അതനുസരിച്ച് ചാർജ്ജ് ചെയ്തുകൊള്ളണം. മോഷണമാണെങ്കിൽ ആ കുററത്തിന് അയാളെ ചാർജ്ജുചെയ്യണം. ഞങ്ങൾ ആ കാര്യങ്ങൾക്ക് എതിരല്ല. അങ്ങനെ ഉണ്ടാകാവുന്ന മോഷണം മുതലായ കേസുകൾക്ക് ഉത്തരം പറയുകയും വേണം കുടിയിൽനിന്നും ഇറങ്ങിക്കൊള്ളുകയും വേണം എന്നു പറയുന്നതു ശരിയല്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം. ഏതായാലും ഈ 7-ാം വകുപ്പ് മാററണം. ഈ കാരണങ്ങളാലാണ്, ഇതു കൂടി ഒഴിപ്പിക്കൽ നിരോധനബില്ലല്ല, കുടി ഒഴിപ്പിക്കൽ ബില്ലാണെന്ന് ഞാൻ പറഞ്ഞതു്.

മുഖ്യമന്ത്രി ഇവിടെ പറഞ്ഞു, പുറമ്പോക്കു വസ്തുക്കളിൽനിന്നും അന്യായമായി ആരേയും ഇറക്കി വിടുകയില്ലാ എന്ന്; രാവിലെ ചോദ്യോത്തരവേളയിൽ, റവന്യൂമന്ത്രി പറഞ്ഞു—വളരെ വാശിയോടെ പറഞ്ഞു—അന്യായമായി പുറമ്പോക്കു വസ്തുക്കളിൽ കയറി താമസിച്ചാൽ അവരെ മാററും എന്ന്.

ശ്രീ. എ. ജെ. ജാൺ: ഞാൻ ഇന്ന് ചോദ്യോത്തര സമയത്തു് ഇക്കാര്യം യാതൊന്നുംതന്നെ സംസാരിച്ചില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ഇവിടെ ശ്രീ. എ. ജെ. ജാൺ അഭിപ്രായം മാററുകയാണോ?

ശ്രീ. എ. ജെ. ജാൺ : ഞാൻ ഇന്നു് ഒന്നും തന്നെ പറഞ്ഞതില്ല. ഇന്നലെ ബലാല്ക്കാരമാ ി പുറമ്പോക്കു ഭൂമിയിൽ കയറിത്താമസിച്ചാൽ അവരെ മാററാൻ നടപടി നടത്തുമെന്നു് ഞാൻ പറഞ്ഞു.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഇന്നു് രാവിലെ ശ്രീ. കെ. ബാലകൃഷ്ണൻ ഇവിടെ ചില സംഗതികൾ സൂചിപ്പിച്ചു സംസാരിക്കുകയുണ്ടായി. അതിനെ സംബന്ധിച്ചു്—ഇപ്പോൾ മുഖ്യമന്ത്രി സഭയിലില്ല—ആദ്ദേഹംകൂടി സഭയിലിരിക്കുമ്പോൾ പറയാം എന്നു വിചാരിച്ചതാണു്. എനിക്കും ചിലതു പറയുവാനുണ്ടു്. അതായതു് മൊത്തത്തിൽ ഈ സഭയിൽ രണ്ടു മനോഭാവമാണു കാണുന്നതു്. രണ്ടുപേർ രണ്ടു മനോഭാവത്തിൽ, രണ്ടു മാതിരിയിലുള്ള പെരുമാററത്തിലാണു് കാണിക്കുന്നതു്. മുഖ്യമന്ത്രി, മുഖഭാവത്തിലും പെരുമാററത്തിലും അതിരുകടന്ന വിനയം കാണിക്കുന്നുണ്ടു്. വലിയ ആളുകൾക്കു് ഔന്നത്യം കൂടുമ്പോൾ അവരുടെ വിനയത്തിന്റെ അളവും കൂടുമെന്നു കേട്ടിട്ടുണ്ടു്. ചോദ്യോത്തരവേളയിലും, പ്രസംഗസമയത്തും വളരെ അധികം വിനയം കാണിച്ചു് ശാന്തമായിട്ടാണു് സംസാരിക്കുന്നതു്. അതിനു ഞങ്ങൾക്കു സംശയമുണ്ടു്. അതു് നെഹ്റു ചമയ അഭിനയം എന്നു് എനിക്കു തോന്നിയിട്ടുണ്ടു്. ഞങ്ങൾക്കാർക്കും അതിനു അഭിപ്രായ വ്യത്യാസവുമില്ല. പണ്ഡിത നെഹ്റു തന്നെ ഒരു "അഖിലേൻഡ്യാ പനമ്പിള്ളി" ആണെന്നു പറയാം. മുഖ്യമന്ത്രിയോടു് എനിക്കു പറയുവാനുള്ളതു് ഈ അതിവിനയത്തിന്റെ ഉള്ളിലുള്ള വഞ്ചന ഇനിയാട്ടു പ്രയോഗിക്കരുതു് എന്നാണു്. രണ്ടു രീതിയിലു് സമീപനം, അതു വേണ്ട. ഈ സഭയിൽ പല ചർച്ചകളും നടത്തുന്ന കൂട്ടത്തിൽ, "സഹകരണം" "സഹകരണം" എന്നുള്ള മന്ത്രം ജപിച്ചുകൊണ്ടു് കൈയ്ക്കുപിടിക്കുന്ന രീതി, ചൂലുകൊണ്ടു് തുത്തെറിഞ്ഞാലും പഴുതാരയെപ്പോലെയുള്ള ഇഴജന്തുക്കൾ; ഇതിനകത്തൊക്കെ പല വഞ്ചനകളും ഉൾക്കൊണ്ടതുതന്നെ ഞങ്ങൾക്കു കാണുന്നു. നാട്ടിൻപുറത്തുള്ള ചില കിഴഞ്ഞൻ പട്ടികളെ കാണാം. അതു് എരുത്തിലിലും പല്ലുട്ടിയിലും മററും വെളിക്കിറങ്ങും. പതിവായി ഇറച്ചി തെരക്കുമ്പോൾ, ഉടമസ്ഥൻ പട്ടിയെ പിടിച്ചു കുററംചെയ്ത സ്ഥലത്തു കൊണ്ടുവച്ചു വടികൊണ്ടു് നാലഞ്ചു് അടികൊടുക്കും, പക്ഷെ അടുത്ത ദിവസവും അതുതന്നെ ഗതി. പട്ടി ആ പ്രവൃത്തി തുടർന്നുകൊണ്ടിരിക്കുമെങ്കിലും, വടി കയ്യിലെടുക്കുമ്പോൾ ബ്യാവു, ബ്യാവു, എന്നു് നിലവിളിച്ചുകൊണ്ടു് നാലു വാലും പൊക്കി മലന്നു കിടക്കും. ഈ കഥയാണു് മുഖ്യമന്ത്രിയുടെ പെരുമാററം കാണുമ്പോൾ ഓർമ്മയിൽ വരുന്നതു്. ഇതു വഞ്ചനയുണ്ടു്. മുഖ്യമന്ത്രിയുടെ അടുത്ത് കസേരയിൽ മുഖം കമിഴ്ത്തിച്ചുവച്ചുകൊണ്ടു് ഇരിക്കുന്നുണ്ടു്, വേറെ ഒരു മന്ത്രി. അദ്ദേഹം ഇന്നു രാവിലെ, ഭൂനിയമബില്ലുകളുടെ സെലക്ടു് കമ്മിററിറിപ്പോർട്ടു അടുത്ത അസംബ്ലിയിൽ കൊണ്ടുവരാനുള്ള ഒരു ശ്രമം നടത്തുകയും, അവസാനം അതു് തിരിച്ചെടുത്തു ഏണിൽ ചുരുക്കേണ്ടതായി വരികയും ചെയ്തു. ഇനിയും അതു് പല കുഴപ്പങ്ങൾ സൃഷ്ടിക്കാനുള്ള ശ്രമങ്ങളുമുണ്ടു്. ഇതൊക്കെ പറഞ്ഞു നാട്ടുകാരുടെ കണ്ണിൽ മണ്ണിട്ടു ഉപകരിക്കുമെന്നു് കാൺഗ്രസ്സു് വിചാരിക്കുന്നു. അഖിലേൻഡ്യാ അടിസ്ഥാനത്തിൽ, പുരോഗമനം പറഞ്ഞു് പുരോഗമനത്തെ എതിർക്കും; സോഷ്യലിസം പറഞ്ഞു് സോഷ്യലിസത്തെ എതിർക്കും. രണ്ടുകൊല്ലത്തിനു മുമ്പു്, ഞങ്ങൾ "ഭൂമി കർഷകനു്" എന്നു മുദ്രാവാക്യം മുഴക്കിയ അവസരത്തിൽ, അതു വിഡ്ഢിത്തമാണെന്നും മററും പറഞ്ഞുനടന്ന ചില കൂ

[ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള]

ഷ പ്രമാ ികൾ വലിയ കുടവയറുകളുമായി ഭൂദാനയജ്ഞത്തിന്റെ പേരി "ഭൂമി കർഷ ന്"" എന്ന മുദ്രാവാക്യവുമായി ഇറങ്ങിയിരിക്കുകയാണ്. പന്തളത്തുള്ള ഭൂദാനയജ്ഞം ക്യാമ്പിൽ ഞാനിതു കണ്ടു. രാവിലേയും, വൈകുന്നേരവും ഭൂദാന ജ്ഞം, ഭൂമി കർഷ ന്, എന്നുള്ള നാമജപവും നടത്തുകയാണ്. അതെ സമയത്തു തന്നെ കുടിയിറക്ക്, വസ്തു ഒഴിപ്പിക്കൽ, അന്യായമായ പാട്ടം വസൂൽ ചെയ്യുക മുതലായ പ്രവൃത്തികളും നടത്തുകയാണ്. "ഭൂമി കർഷ ന്"" എന്നുള്ള മുദ്രാവാക്യം വിളിച്ചുകൊണ്ട് വസ്തുക്കൾ ഒഴിപ്പിച്ചു എടുക്കുകയാണ്.

ഞങ്ങൾ ഒരു കാര്യം കാണുന്നുണ്ട്. സഹകരണത്തെപ്പററി മുഖ്യമന്ത്രി ഇവിടെ സംസാരിച്ച അവസരത്തിൽ "നിങ്ങൾ എന്തു ചെയ്യും, ശ്രീ. തോമസ്സിനും, ശ്രീ. തമ്പിക്കും മററും സഹകരിച്ചേ ഒക്കൂ" എന്നെല്ലാം പറയുകയുണ്ടായി. പക്ഷെ, ഞങ്ങൾ കാണുന്നത് നേരേ മറിച്ചാണ്. ഞങ്ങളുടെ കരുത്തുകൊണ്ടാണ്, ഞങ്ങളുടെ ഐക്യം കൊണ്ടാണ്, ഇവിടത്തെ തൊഴിലാളികളുടെ സംഘടിതസമരശേഷികൊണ്ടാണ് നിങ്ങൾക്ക് ഇന്ന് ഇതു പറയുവാനുള്ള ധൈര്യമുണ്ടായത്. "ഭൂമി കർഷകന്"" എന്നുള്ള മുദ്രാവാക്യത്തെ പുച്ഛിച്ചിരുന്നവർ ഇന്ന് വഞ്ചനയ്ക്കു വേണ്ടിയാണെങ്കിലും ഭൂമികർഷകന് എന്നു വിളിക്കുന്നുണ്ട്. അതുംകണ്ടു് ഞങ്ങൾ നിങ്ങളുടെ പുറകേ വരും എന്നുള്ള ധാരണ തെററാണ്. ഇപ്പോൾ ഞങ്ങളുടെ പല പരിപാടികളും നിങ്ങൾക്ക് അംഗീകരിക്കേണ്ടിവന്നിരിക്കുന്നു. അവധി സോഷ്യലിസത്തിന്റെ അർത്ഥം ഇതാണ്. ഇവിടെ തൊഴിലാളിവർഗ്ഗത്തിന്റെ സംഘടനാശക്തി ഉയർന്നുവരുന്നതോടുകൂടി, ചെങ്കൊടിയും പിടിച്ചുകൊണ്ട് തൊഴിലാളികളെ എതിർക്കാനുള്ള ധൈര്യപ്പെടുവരെ നിങ്ങൾക്കുണ്ടാകും.

സർ, ഇവർ ഇപ്പോൾ പറയുന്ന സോഷ്യലിസം എന്നെ നടപ്പിലാകുമെന്ന് ഇവിടെ അവതരിപ്പിക്കുന്ന ബില്ലുകളിൽനിന്ന് ഏറെക്കുറെ അനുമാനിക്കാവുന്നതാണ്. മുഖ്യമന്ത്രി ഈ സഭയിൽ പറയുന്നതുകേട്ടു, ഈ സംസ്ഥാനത്ത് പുരോഗമനത്തിന്റെ ഒരു പ്രവാഹംതന്നെ ഉണ്ടായേക്കുമെന്ന്. മി. മക്കോസും മററും ആ പ്രവാഹത്തിൽ ഒഴുകിപ്പോകുമെന്നാണ് തോന്നുന്നത്. ഇത്തരത്തിലുള്ള വീൺവാദങ്ങൾകേട്ട് ഞങ്ങൾ സഹകരണം നൽകുമെന്ന് അവർ വ്യാമോഹിക്കുന്നുണ്ടെങ്കിൽ അതു് ശരിയല്ല.

സർ, വ്യക്തമായ ഒരു ഉദാഹരണം എന്ന നിലയിൽ ചൂണ്ടിക്കാട്ടിക്കുകയാണെങ്കിൽ, ലോ സമാധാനപ്രശ്നത്തെ സംബന്ധിച്ചിടത്തോളം ഇന്ന് കോൺഗ്രസ്സ് എടുത്തിരിക്കുന്ന നിലപാട് എന്താണ്? പണ്ഡിററ് നെഹ്റു എടുത്തിരിക്കുന്ന നിലപാട് എന്താണ്? കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മുദ്രാവാക്യങ്ങളെ പ്രതിഷേധിച്ചിരുന്നവർ ഇപ്പോൾ എടുത്തിരിക്കുന്ന നിലപാട് എന്താണ്? അന്ന് ഈ പ്രശ്നങ്ങളുടെ പരിഹാരം ഞങ്ങൾ അഭിപ്രായപ്പെട്ടതും, നെഹ്റുവിന്റെ വ്യാഖ്യാനവും തമ്മിൽ എന്തു വ്യത്യാസമാണ് ഉണ്ടായിരുന്നത്? പണ്ഡിററ് നെഹ്റുവിന്റെ ഗവണ്മെൻറിന് ഇങ്ങനെയൊരു നിലപാടെടുക്കേണ്ടതായിട്ടു വന്നതു് എന്തുകൊണ്ടാണ്? ഈ രാജ്യത്തെ ജനതയുടെ മുമ്പോട്ടുള്ള ഗതി കണ്ടുകൊണ്ടാണ് ഈ നയം അവലംബിച്ചിരിക്കുന്നത്.

ശ്രീ. ഒ. പി. ഹാർമിസ് : പണ്ഡിററ്നെഹ്റു ഇതു് ഏടുത്തു് ചിക്കുന്നതു് നയം വഞ്ചനയാണെന്നാണു് പറയുന്നതു്?

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : വഞ്ചനയുടെ അംശങ്ങളും ഉണ്ടു്. ഞാൻ വളരെ വെളിച്ചം കൊടുക്കുകയാണു് ചെയ്തതു്. ലോക സമാധാനത്തിനു ഉയർന്ന മുദ്രാവാക്യം, പണ്ഡിററ്നെഹ്റുവിനു് അത്ര സ്വീകാര്യമായിരുന്നില്ല.

ശ്രീ. കെ. എം. ചാണ്ടി : ഈ കുടി ടിപ്പുകാർബില്ലിന്റെ വാദസമയത്തു് ഇറിയയ്ക്കും, ഇൻഡോ ചൈനയിലും മററും പോകേണ്ട ആവശ്യമുണ്ടോ?

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : എന്റെ പായിന്റു പുരോഗമനം പറഞ്ഞു്, പുരോഗമനത്തെ എതിർക്കുകയും, ഭൂനയബിൽ അവതരിപ്പിച്ചു കൊണ്ടു്, കുടിയിറക്കു നടത്തുകയും, സോഷ്യലിസത്തിന്റെ പേരും പറഞ്ഞു സോഷ്യലിസത്തെ എതിർക്കുകയും ചെയ്യുന്നതു് വഞ്ചനയാണെന്നാണു്, തുഴകി തലോടി കുത്തുന്ന വയ്ക്കുന്ന ഈ പ്രേമികളുടെ വിശ്വസിക്കാൻ നിവൃത്തിയില്ലെന്നുമാത്രമാണു് ഞാൻ പറയുന്നതു് ഈ കാര്യത്തിൽ ഞാൻ വ്യസനിക്കുകയാണു്. എല്ലാ കാര്യത്തിലും കോൺഗ്രസ്സിനു് മാററം വരുത്തേണ്ടിവന്നു. അതു പൊതുജനത്തിന്റെ യോജിച്ചുള്ള പ്രവർത്തനഫലമായിട്ടാണു്. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബില്ലുകൾ നടപ്പിലാക്കുന്നതിനു്— അതേരീതിയിൽ നടപ്പിലാക്കുന്നതിനു്—പിൻതുണ നൽകാൻ ഞങ്ങൾ തയാറില്ല.

ഈ ബില്ലു് സാധാരണക്കാരും കുടികിടപ്പുകാരുമായ ജനത്തിനു് ഉപകാരപ്രദമാകത്തക്കനിലയിൽ ഇവിടെ അവതരിപ്പിക്കപ്പെടുമെന്നു മാത്രമേ എനിക്കൊരപേക്ഷയുള്ളു. ഈ നിയമത്തെ സംബന്ധിച്ചിടത്തോളം നിങ്ങൾ അങ്ങനെ ഒന്നും ചെയ്യുകയില്ല എന്നു ഞങ്ങൾക്കു സംശയമുണ്ടു്. എന്തുകൊണ്ടെന്നാൽ ഞങ്ങൾ ഈ ബില്ലിലെ ഏഴാം വകുപ്പു് എടുത്തുകളയണമെന്നു പറഞ്ഞു. അതുപോലെതന്നെ പുറമ്പോക്കു വസ്തുക്കൾ ഒഴിപ്പിക്കയില്ല എന്നു മുഖ്യമന്ത്രി പറഞ്ഞു. അതേസംബന്ധിച്ചു എന്തുനിലപാടു വരുമെന്നു് അറിയാൻ പാടില്ല. അങ്ങനെയുള്ള വ്യക്തമായ ഭേദഗതികൾ വരുത്തുന്നതിനുവേണ്ടി സെലക്ടു് കമ്മററിയിൽ അനുകൂലമായ ഒരു നിലപാടു് എടുക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നില്ല. പക്ഷേ, നിങ്ങൾ എടുത്തേ ഒക്കൂ. ഈ ഗവണ്മെൻറിനെക്കൊണ്ടു്, അതായതു് നിങ്ങളെക്കൊണ്ടു് എടുപ്പിക്കുന്നതിനു ഞങ്ങൾക്കു കഴിയും. അതല്ലാതെ ഇതു് നിങ്ങൾ നിങ്ങളുടെ അനുഭവത്തിൽനിന്നും മാത്രമേ അറിയൂ എന്നു വയ്ക്കുകയാണെങ്കിൽ ഇക്കാര്യം ഇവിടത്തെ സംഘടിതപ്രസ്ഥാനങ്ങളും ജനങ്ങളും അവരുടെ മുദ്രാവാക്യങ്ങൾ അനുസരിച്ചു് നിങ്ങളെക്കൊണ്ടു ചെയ്യിക്കും. അതുകൊണ്ടു് ഇന്നുതന്നെ ഇതു പരിഗണനയ്ക്കു് എടുക്കണമെന്നു ഞാൻ പറയുകയാണു്. ആ മുദ്രാവാക്യങ്ങൾ സ്വീകരിക്കുന്ന അവസരത്തിൽ പ്രധാനമായിട്ടു് ഈ സഭയിൽതന്നെ മറെറാരു ബില്ലു് എല്ലാവിധ ഒഴിപ്പിക്കലും നിരോധിക്കുന്നതിനായി ഉടനടി തന്നെ പാസ്സാക്കി നിയമമാക്കുന്നതിനാണു് നിങ്ങൾ ശ്രദ്ധിക്കേണ്ടതു്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ : കുടിഒഴിപ്പിക്കൽ നിരോധന നിയമം തിരുവിതാംകൂർ പ്രദേശത്തേക്കുകൂടി വ്യാപിപ്പിക്കുന്നതിനു സമർപ്പിക്കപ്പെട്ടിട്ടുള്ളതാണു് ഈ ബിൽ. ഈ ബില്ലു് സെലക്ടുകമ്മിററി

[ശ്രീ. അലക്സാണ്ടർ പറമ്പിത്തറ]

യുടെ പര്യാലോചനയിൽ കൊണ്ടുവന്ന് വേണ്ട ഭേദഗതികളോടുകൂടി ഈ നിയമസഭ പിരിയുന്നതിനുമുമ്പുതന്നെ നിയമമായിത്തീരണമെന്ന് ഞാൻ വളരെ കാര്യമായി ആഗ്രഹിക്കുന്നു. അതോടൊപ്പം തന്നെ ഇന്നു സമർപ്പിച്ചിട്ടുള്ള ഈ ബില്ലിൽ പല മാററങ്ങളും വരുത്തുന്നതിനുണ്ടെന്നും ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. ഭേദഗതികൾ വളരെ വിപ്ലവകരമായ തരത്തിൽ വരുത്തേണ്ടതിന്റെ ആവശ്യം ഞാൻ ഈ ബില്ലിൽ കാണുന്നു. ഈ ബി കൊണ്ടു് കുടിയൊഴിപ്പിക്കൽ നിരോധനം സാധിക്കാനാണെങ്കിലും അതു സാദ്ധ്യമാക്കാതിരിക്കാനുള്ള പല വ്യവസ്ഥകളും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. എന്നാൽ അതിന്റെ കുററം കാൺഗ്രസ്സിന്റെ തലയിൽ വലിച്ചുകൊണ്ടുവരുന്നതിന്റെ ആവശ്യം എന്താണെന്ന് എനിക്കു മനസ്സിലാകുന്നില്ല. കാൺഗ്രസ്സ് പിൻതിരിപ്പനാണെങ്കിൽ കോൺഗ്രസ്സിന് ഇതിൽ യാതൊരു അഭിപ്രായവ്യത്യാസവുമുണ്ടാകാൻ ഇടയില്ല. കുടികിടപ്പുകാർക്ക് സ്ഥിരാവകാശം ആദ്യമായി സ്ഥാപിച്ചുകൊടുത്തതു് കാൺഗ്രസ്സ് (പ്രജാമണ്ഡലം) തന്നെയാണ്. എല്ലാവർക്കും ഭൂമിയിൽ തന്നെ താമസിക്കാനുള്ള അവകാശമുണ്ടെന്നു തുറന്നുകൊണ്ടു് അതിനെ എതിർക്കാൻ ആരും വരുമെന്നു തോന്നുന്നില്ല. എങ്കിലും ഇവിടെ കൊണ്ടുവന്നിട്ടുള്ള ബില്ലിന്റെ കാര്യത്തിൽ വളരെ അഭിപ്രായവ്യത്യാസങ്ങൾക്കു ഇടം കൊടുക്കുന്നതായി കാണുന്നു. ആ അഭിപ്രായവ്യത്യാസം ഇല്ലാതാക്കാൻ എല്ലാവർക്കും താല്പര്യമുണ്ടാകണം.

1947-ലാണ് ഒരു വിളംബരപ്രകാരം കുടിഒഴിപ്പിക്കൽ നിരോധിക്കണം എന്നു കൊച്ചിയിൽ തീരുമാനിച്ചതു്. അതു് വളരെ ഫലപ്രദമായി. പിന്നീടു് അതൊരു നിയമമാക്കി രൂപാന്തരപ്പെടുത്താൻ സാധിച്ചില്ലെങ്കിലും 1947-നുശേഷം കൊച്ചിരാജ്യത്തു പുറത്തക്കു കുടി ഒഴിപ്പിക്കൽ യാതൊന്നും നടന്നിട്ടില്ല എന്നു പൊതുവെ പറയാവുന്നതാണ്. എന്നാൽ അതു് ഇപ്പോൾ നിയമമാക്കിക്കൊണ്ടുവരുന്ന അവസരത്തിൽ കുടിഒഴിപ്പിക്കൽ എളുപ്പമാകുമെന്നു ഭയപ്പെട്ടേണ്ട പല വകുപ്പുകളും അതിൽ ഉൾപ്പെടുത്തിക്കാണുന്നതു ഖേദകരമാണ്. ആവക ബുദ്ധിമുട്ടുകൾ ഇല്ലാതാക്കാൻ നമുക്കു സാധിച്ചില്ലെങ്കിൽ അതു വലിയ ഒരു പരാജയമായിരിക്കും. ഇതൊരു വലിയ ബുദ്ധിമുട്ടു കാര്യമല്ല. കാരണം ഇന്നു പരിഷ്കൃത രാജ്യങ്ങളിൽ എല്ലായിടത്തും ഏററവും മുന്തിയ മുതലാളിത്ത രാജ്യങ്ങളിലാകട്ടെ, ഏററവും പുതിയ പുരോഗമനം ഭവിക്കുന്ന രാജ്യങ്ങളിലാകട്ടെ ഒരു തത്വം പരക്കെ സമ്മതിക്കപ്പെട്ടുപോരുന്നതാണ്. അതായതു് Living space is the birth right of every one born on this earth.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ബഹുമാനപ്പെട്ട മെംബർ അപ്പോൾ ആ ആദർശം കാൺഗ്രസ്സ് പാർട്ടി മെംബർ എന്ന നിലയിൽ അംഗീകരിച്ചിട്ടുണ്ടോ?

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ : ഇതൊരു മനുഷ്യാവകാശം മാത്രമാണ്. ജനിച്ചാൽ മരിക്കുന്നതുവരെ ജീവിക്കണമെന്നു പറയാൻ ഒരു പാർട്ടിവേണോ? എല്ലാം കക്ഷികളുടെ അടിസ്ഥാനത്തിൽമാത്രം കണക്കാക്കുന്നതു് ശരിയാണോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതല്ല ഞാൻ ചോദിച്ചതു്; ഇതു് കാൺഗ്രസ്സ് പാർട്ടി അംഗീകരിച്ചിട്ടുണ്ടോ?

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ : അതേ റററി മുന്നോട്ടുള്ളതിമാസ്റ്റർക്കു തന്നെ അറിവുള്ളതാണല്ലോ. നമുക്കു പാർട്ടിവ്യത്യാസങ്ങൾ ഉണ്ട്. എന്നാൽ സാർവ്വത്രികമായി അംഗീകരിക്കപ്പെടേണ്ട സംഗതി ഒരു പാർട്ടിയിൽ നിന്നു ഒരാൾ ഉന്നയിച്ചാൽ മറ്റൊരു പാർട്ടിക്കാരെ പെട്ടവർ അതിനെ എതിർക്കേണ്ട വല്ല ആവശ്യവുമുണ്ടോ? കുടിയാൻ എന്നുള്ള വിവക്ഷയിൽ നാം നോക്കേണ്ടതു് സ്വന്തമായി വീടുവയ്ക്കുവാൻ സ്ഥലം ഇല്ലാത്തവർ എന്നാണ്. ജീവിക്കുവാൻ പ്രയാസം കൂടാതെ സാധിക്കണം. സ്വന്തമായി അതിനു കഴിവില്ലെങ്കിൽ ആ പോരായ്മ ഗവണ്മെൻറ് പരിഹരിക്കേണ്ടതാണ്. ഒരു ക്ഷേമരാഷ്ട്രത്തിൽ ഗവണ്മെൻറിനു ഇക്കാര്യത്തിൽ പ്രത്യേക ചുമതലതന്നെ ഉണ്ടാകണം. ആ രീതിയിൽ ഈ ബില്ലിനെ രൂപാന്തരപ്പെടുത്തണം. 1947-ൽ കൊച്ചിയിൽ വിളംബരം പുറപ്പെടുവിച്ചതിനുശേഷം നടന്നു വന്ന വളരെ അഭിലഷണീയമായ ഒരു സ്ഥിതിവിശേഷത്തെ തകിടംമറിക്കുന്നതിനും ആ വിളംബരത്തിൻെറ പരിപാവനമായ ഉദ്ദേശങ്ങളെ പരാജയപ്പെടുത്തുന്നതിനും പററിയതായ ഒരു സംപ്രദായം കാലാന്തരത്തിൽ വന്നുകൂടി എന്നു പറഞ്ഞാൽ, ഏതൊരു നിയമവും നമ്മുടെ നാട്ടിൽ കുറെക്കാലം പ്രവർത്തിച്ചുകഴിയുമ്പോൾ അതിനു കടവിരുദ്ധമായ ചില മാമൂലുകൾ താനേ വന്നുകൂടുന്നു എന്ന ഒരു പരമാർത്ഥത്തെ അംഗീകരിക്കുക മാത്രമാണ്. അതുകൊണ്ടാണല്ലോ മാറിമാറി വരുന്ന പരിതസ്ഥിതികൾ അനുസരിച്ച് എല്ലാ നിയമങ്ങളെയും പൊളിച്ചെഴുതുന്ന ഒരു സംപ്രദായം പലരാജ്യങ്ങളിലും നടപ്പുണ്ടു്. ഈ ഒരു പശ്ചാത്തലത്തിൽ ഇന്നു നാം ആലോചനയ്ക്കു വന്നിരിക്കുന്ന ബില്ലിനെപ്പററിയും പ്രസക്തമാണ്. കുടികിടപ്പുകാരനെ യാതൊരു സാഹചര്യത്തിലും ഒഴിപ്പിക്കരുതെന്നു അനുശാസിച്ചു വിളംബരം വളരെ ഫലപ്രദമായിത്തന്നെ പ്രവർത്തിച്ചുതുടങ്ങി. കുടികിടപ്പുകാർക്ക് വലിയ ഒരാശ്വാസം അതുമൂലമുണ്ടായി. എന്നാൽ പിന്നീട് അപ്രതീക്ഷിതമായ പല ബുദ്ധിമുട്ടുകൾ അതിൽ നിന്നുണ്ടായിവന്നു. പുതിയ വീടുകൾ വയ്ക്കുവാൻ സ്വന്തം ഭൂമിയില്ലാത്തവർക്ക് പ്രായേണ സാദ്ധ്യമല്ലാതായി. സ്വന്തംഭൂമി കൈവശം ഉള്ളവർ ആരുംതന്നെ ഒരു കുടിയാനെ പുതുതായി പ്രവേശിപ്പിക്കാൻ തയ്യാറില്ല. ഒരു പുരയ്ക്കു സ്ഥലം ഒരാൾ അനുവദിക്കണമെങ്കിൽ നിർഭാഗ്യവാനായ കുടികിടപ്പുകാരൻ തനിക്കുള്ളതു സകലതും വച്ചൊഴിഞ്ഞു ഓടുകണം. അതായതു് ഒരു സാധു ഒരു കുടി കെട്ടുന്നതിനു വേണ്ട കുററികളും, വാരിയും, ഓലയും മററും വളരെ ക്ലേശിച്ചു് സമ്പാദിച്ചു കൊണ്ടുവന്നാൽ അതൊരു പുരയാക്കണമെങ്കിൽ ആ പുര സ്ഥലമുടമസ്ഥൻെറതാണെന്നു മുൻകൂട്ടി കൂലിച്ചാർത്തു് എഴുതി ഒപ്പിട്ടു രജിസ്ട്രാക്കിയാലേ മതിയാവൂ. ഇല്ലാത്തവനു ഉണ്ടാകാവുന്ന അല്പമായതു എന്തെങ്കിലും ഉണ്ടാകാമെങ്കിൽ അതുംകൂടി ഉള്ളവൻെറ പിടിയിലേയ്ക്കു് ഒതുങ്ങത്തക്ക ഒരേപ്പാടാണിതു്. ഇതു നിയമം ഉദ്ദേശിക്കാത്തതും പ്രതീക്ഷിക്കാത്തതുമായ ഒരു വലിയ അപകടമാണ്. വളരെപ്പേരെ ബാധിക്കുന്ന ഒരു കാര്യമാണിതു്. ഒരുത്തൻ വളരെ പണിപെട്ടു മറെറാരുത്തൻെറ പക്കൽ നിന്നു ഉണ്ടാക്കിയ വീടുതന്നെ വാടകയ്ക്കു എടുത്തു വാടകയും കൊടുത്തു ജീവിക്കുന്ന സ്ഥിതിയാണിതു്. ഇങ്ങനെയുള്ള ഒരു സ്ഥിതി പാടെ ഇല്ലാതാക്കുന്നതിനു ചില വ്യവസ്ഥകൾ ഇവിടെ കൊണ്ടുവരുന്ന നിയമത്തിൽ Living space our birth right എന്ന തത്വത്തിൻെറ അടിസ്ഥാനത്തിൽ വരുത്തേണ്ടതുണ്ട്. ഇക്കാര്യത്തിൽ അഭിപ്രായവ്യത്യാസം ആർക്കുംതന്നെ ഉണ്ടാകാ

[ശ്രീ. അലക്സാണ്ടർ പറമ്പിത്തറ]

വുന്നതല്ല. നമ്മുടെ രാജ്യത്തു സ്വന്തം വീടില്ലാതെ യാതൊരുത്തനും ഉണ്ടാ രുതു്. ഇതു് നിർബന്ധമായ ഒരു കാര്യമാണ്. ഇതിന്റെ മററു ചില വശങ്ങളെ ററിയും ചിന്തിക്കേണ്ടതുണ്ട്. സ്വന്തമായി വീടുവയ്ക്കാൻ സാധിക്കാത്ത ആളുകൾ നമ്മുടെ രാജ്യത്തു് വളരെയുണ്ട്. അവർക്കെല്ലാവർക്കും വീടു് സ്വന്തമായി ഉ ാ ണമെങ്കിൽ അടിസ്ഥാനപരമായ ചില മാററങ്ങൾ വരുത്തി ചില പുതിയ സംവിധാനങ്ങൾ ചെയ്യേണ്ടി വരും. മൂന്നു ഘടകങ്ങളാണു് ഇതിൽ പങ്കുകൊള്ളുന്നതു്. അതായതു് വീടാവശ്യമു വർ, സ്ഥലം കൊടുക്കാൻ ഒഴിവു വർ, ഗവണ്മെൻറ്, ഈ മൂന്നു കക്ഷികളേയും ഉൾക്കൊള്ളിച്ചുകൊണ്ടു് നിയമത്തിന്റെ ന്യായവും ആവശ്യവുമായ ശക്തി ഉപയോഗിച്ചു് ഒരു പദ്ധതി ആവിഷ്കരിക്കുകയാണെങ്കിൽ ഒരു അഞ്ചോ പത്തോ പതിനഞ്ചോ വർഷം കൊണ്ടു് നമ്മുടെ രാജ്യത്തു് എല്ലാപേർക്കുതന്നെ സ്വന്തമായ ഒരു കിടപ്പിടം ഉണ്ടായിരിക്കത്തക്ക ഒരു സ്ഥിതിവിശേഷം വരുത്തിയെടുക്കാൻ അസാദ്ധ്യമായ ഒരു കാര്യമല്ല. കുടിയിടപ്പു പ്രശ്നത്തെ സമഗ്രമായി പഠിച്ചു് ധൈര്യപൂർവ്വം അതിനെ നേരിടുകയും ചെയ്യേണ്ടതിനു് ഇന്നു ഗവണ്മെൻറിനു ഒരു കോളനൈസേഷൻപദ്ധതിയുണ്ട്. അതു വളരെ നല്ലതുതന്നെ. എന്നാൽ അതുകൊണ്ടു് കുടിയിടപ്പുപ്രശ്നത്തിനു വലിയ പരിഹാരം കാണുന്നില്ല. കൊല്ലത്തിൽ മുന്നൂറോ, അറുന്നൂറോ വീതം വീടുകൾ കെട്ടിക്കൊടുക്കുകയാണെങ്കിൽതന്നെയും ഏതു നൂററാണ്ടിൽ നമ്മുടെ നാട്ടിൽ വീടില്ലാത്ത ഓരോരുത്തനും വീടു് ഉണ്ടാകുമെന്നു് കണക്കാക്കാൻ വിഷമമാണ്. പ്രത്യേകിച്ചും ഒരുലക്ഷത്തിനു അൻപതിനായിരം വീതം ജനസംഖ്യ ഒരു കൊല്ലത്തിൽ വർദ്ധിച്ചുവരുന്ന ഇക്കാലത്തു് വീടു നിർമ്മാണവും, കുടി ഇല്ലായ്മയും തമ്മിലുള്ള മത്സരത്തിൽ വീടുനിർമ്മാണം വളരെ വളരെ പിന്നിൽ തള്ളപ്പെട്ടു കിടക്കുമെന്നു നമ്മുടെ കണ്ണുകൊണ്ടുതന്നെ നമുക്കു കാണാം. പത്തുപേർക്കു ഒരു വീടുവീതം കൊടുക്കാനായാൽ പതിനെണ്ണായിരം വീടു് കൊല്ലംതോറും ഉണ്ടാകേണ്ടിവരും. അങ്ങനെ വച്ചാൽ ഇന്നത്തെ നിലയിൽ എല്ലാവർക്കും വീടുള്ളതായ ഒരു കാലം സ്വപ്നം കാണാൻ സാധിക്കുന്നതല്ല. വീടില്ലാത്തവരും വീടുവയ്ക്കാൻ ഒഴിവുള്ള സ്ഥലം കൈവശമുള്ളവരും ഗവണ്മെൻറുംകൂടി, ഒന്നിച്ചുകൂടി വീടുകൾ ഉണ്ടാക്കുവാൻ ശ്രമിച്ചാൽ മാത്രമേ ഇതു സാദ്ധ്യമാകുകയുള്ളു. ഇതു് എന്റെ ഒരു പ്രതീക്ഷയാണ്. ഒരു പഞ്ചവത്സരപദ്ധതിയല്ലാ രണ്ടു പഞ്ചവത്സരപദ്ധതികൾ കൊണ്ടോ നമ്മുടെ തിരുവിതാംകൂർ—കൊച്ചിയിലുള്ള എല്ലാവർക്കും വീടു് ഉണ്ടാക്കിക്കൊടുക്കാൻ നിയമത്തിനു സാധിക്കണം. അങ്ങനെയാകുമ്പോൾ അതിനു വേണ്ട പണവും ഉണ്ടാകും. മററു സാഹചര്യങ്ങളും ശരിപ്പെടും. എല്ലാവർക്കും വീടു് ഉണ്ടായിരിക്കുക എന്നു പറയുമ്പോൾ ഒരു കാര്യംകൂടി പ്രത്യേകിച്ചു് ഓർമ്മിക്കേണ്ടതുണ്ട്. സാധുക്കളാണു് വീടില്ലാത്തവർ. എന്നാൽ അവർക്കു ആണ്ടുതോറും വീടു് ഉണ്ടാക്കേണ്ടിവന്നാൽ അത്യന്തം കഷ്ടതരമായിരിക്കും. വീടു് എന്നുപറഞ്ഞാൽ ഒരു ആയുഷ്കാലമെങ്കിലും നിലനിൽക്കുന്ന ഒരു വീടായിരിക്കണം. നമ്മുടെ നാട്ടിൽ ഇത്തരം വീടുകൾ പണിയുന്നതിനുള്ള സാമഗ്രികൾ ധാരാളമുണ്ട്. നോർവേയിൽനിന്നു സജ്ജീകരിച്ചുകൊണ്ടുവന്ന സാധനങ്ങൾകൊണ്ടു് ചിലവു കുറഞ്ഞരീതിയിൽ ചെറുകുടുംബങ്ങൾക്കു സൌകര്യപ്രദമായ തരത്തിൽ വീടുകൾ ഇവിടെ ഉണ്ടാക്കാമെങ്കിൽ തീർച്ചയായും നമ്മുടെ നാട്ടിലുള്ള സാധനങ്ങളെക്കൊണ്ടു

ഉറപ്പും ഭംഗിയുമുള്ള ചെറുവീടുകൾ നാടിന്റെ നാനാഭാഗങ്ങളിലും നമുക്ക് ഉണ്ടാക്കുവാൻ കഴിയും. ഈ സംഗതികൾ എല്ലാം ഇപ്പോൾ ആലോചനയിലിരിക്കുന്ന ബില്ലിൽ ഉൾപ്പെടുത്തുവാൻ സാങ്കേതിക പ്രയാസമുണ്ടെങ്കിൽ ഉന്നയിച്ചേക്കാം. എന്നാൽ ആവശ്യമുണ്ടെങ്കിൽ ഇതെല്ലാം സാധിക്കുമെന്നുമാത്രമേ എനിക്കു പറയുവാനുള്ളൂ.

ഇതുപോലെതന്നെ മററുചില പ്രത്യേക കാര്യങ്ങളും സെലക്ററു കമ്മിററിയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. പൊതു ആവശ്യത്തിന്റെ പേരുപറഞ്ഞുകൊണ്ട് ഗവണ്മെന്റു പല സ്ഥലങ്ങളിലും ലാൻഡ് അക്വിസിഷൻ നടത്തിവരുന്നു. അതുമൂലം പല കുടിയിടപ്പുകാരും ഭവനരഹിതരായിത്തീർന്നിട്ടുണ്ട്, തീരുന്നുമുണ്ട്. അവരുടെ വീടുകൾക്കു പ്രതിഫലം കിട്ടിയേക്കാം. എന്നാൽ വീട് വസ്തു ഉടമസ്ഥന്റെ തായി ലക്ഷ്യം വാങ്ങുമ്പോൾ കുടികിടപ്പുകാരന് പ്രതിഫലം പൂജ്യം. വസ്തു ഉടമസ്ഥന് ഒരുദ്ദേശ്യം ഗോന്നിയാൽ വല്ലതും കിട്ടുമായിരുന്നു മെച്ചമെന്നു മാത്രം. എന്നാൽ പിന്നീട് ഒരു വീടുണ്ടാക്കുവാൻ ആ സാധുവിനു സാധിക്കാതെവരുന്നു എന്നതു് സാധാരണയായി കാണുന്നിട്ടുള്ള ഒരു അനുഭവമാണ്. ജനപ്പെരുപ്പംകൂടിയ പട്ടണങ്ങളിലും തീരപ്രദേശങ്ങളിലും സാധാരണയായിത്തന്നെ. ഇന്നു പുതിയ വീടുകൾക്കു സ്ഥലം വാങ്ങുവാൻ പ്രയാസമുണ്ട്. പോരെങ്കിൽ ഈ സഭയിൽ ഭൂനിയമബില്ലുകൾ വന്നതോടുകൂടി കുടികിടപ്പു സ്ഥലത്തിനു പ്രത്യേക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ഭവനരഹിതരാകുന്നവർക്ക് വീടു വെയ്ക്കുവാനുള്ള സ്ഥലം alternative site ഉണ്ടാക്കിക്കൊടുക്കേണ്ടതു് ഗവണ്മെന്റിന്റെ ചുമതലയാണ്. ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാം. എറണാകുളത്തു ഒരു പോലീസ്സ്റ്റേഷൻ മുൻപു നിന്നിരുന്ന സ്ഥലത്തുനിന്നും മാററി പണിയുന്നതിനുവേണ്ടി കുറെ സ്ഥലം അക്വയർ ചെയ്തു യുണ്ടായി. അവിടെ ഏഴു വീട്ടുകാർ താമസമുണ്ടായിരുന്നു. വീടുകൾ അക്വയർ ചെയ്യുന്നതിനു കാമ്പൻസേഷൻ 200 രൂപ മുതൽ 400 രൂപവരെ ചിലർക്കു കിട്ടി. അതു കിട്ടാനുണ്ടായ കാലതാമസംകൊണ്ട് അതു കിട്ടുന്നതിനുമുമ്പേ വീടു കഴിഞ്ഞതോടുകൂടി കടം വീട്ടാൻ തികയാതെവന്നു എന്നതു് വേറെ ഒരു കാര്യം. ഈ പറഞ്ഞ ഏഴുപേർക്കും വേറെ സ്ഥലം കൊടുക്കണമെന്നു ഞാൻവഴി ഗവണ്മെന്റിലേക്ക് ഒരു നിവേദനം സമർപ്പിച്ചു. അതിനു മറുപടി ലഭിച്ചതു് അവർക്കു മൂവാററുപുഴയിൽ സ്ഥലം കൊടുക്കാമെന്നാണ്. ഇങ്ങനെ മൂവാററുപുഴയിലും ഹിമാലയത്തിന്റെ മുകളിലും കൊടുക്കാമെന്നു പറയുന്നതു് ന്യായമാണോ എന്നു ആലോചിക്കണം. പട്ടണങ്ങളിലും പരിസരത്തുള്ളവരും താമസിക്കുന്നവർ ഉപജീവനത്തിനുള്ള ജോലിയുടെ സൗകര്യം ഉദ്ദേശിച്ചായിരിക്കും അവിടങ്ങളിൽ താമസിക്കുന്നതു്. അതുകൊണ്ടു അവർക്കു താമസിക്കുവാൻ സ്ഥലം മലമുകളിലും വനപ്രദേശങ്ങളിലുമൊക്കെ കൊടുത്താൽ അതു് അവരെ നാടുകടത്തുന്നതിനു തുല്യമായിരിക്കും. അവർക്കു അവരുടെ ജോലിചെയ്തു ജീവിക്കത്തക്ക നിലയിൽ സൗകര്യമായ സ്ഥലങ്ങൾ അവരെ കുടിയിറക്കുന്ന ഗവണ്മെന്റുതന്നെ ഉണ്ടാക്കിക്കൊടുക്കണം. ഞാൻ മുമ്പു പറഞ്ഞ ഏഴുപേർ വീടു കെട്ടിക്കിടക്കാൻ എങ്ങും സ്ഥലം കിട്ടാതെ ബന്ധുക്കളുടെ ഔദാര്യത്തിൽ കഴിഞ്ഞുകൂടുകയാണ്. മറെറാരു ഉദാഹരണം എറണാകുളം പട്ടണത്തിലെതന്നെ 26 കുടികിടപ്പുകാരെ സംബന്ധിച്ചതാണ്. എറണാകുളം തീരപ്രദേശത്തു് ഗവണ്മെന്റു ഒരുടാൻസ്പോർട്ടു വർക്ക്ഷാപ്പു സ്ഥാപിക്കുവാൻ പോകുകയാണ്.

[ശ്രീ. അലക്സാണ്ടർ പറമ്പിത്തറ]

വക്ക്ഷാ ിന് ഒട്ടും പറ്റിയ ഒരു സ്ഥലമല്ല അതു്. കൂടാതെ അവിടത്തെ ഭൂമിവില വളരെ കൂടുതലാണെന്നു് കേന്ദ്രഗവണ്മെൻറുപോലും കണക്കാക്കുന്നതാണു്. വക്ഷാപ്പിനു് കൂടുത സൗ ര്യമുള്ള കുറഞ്ഞ വിലയ്ക്കു ിട്ടാവുന്ന സ്ഥലങ്ങൾ അടുത്തുതന്നെ ഉണ്ടുതാനും. എങ്കിലും അവിടെത്തന്നെ വക്ഷാപ്പു വേണമെന്നു ഗവണ്മെൻറിനു നിർബന്ധമുണ്ടെങ്കിൽ പോലും പ്രസ്തുത സ്ഥലത്തു് ഇ ാം വസിക്കുന്ന 26 കുടികിടപ്പു ാരെ വഴിയാധാരമാക്കാൻ ഗവണ്മെൻറ് ഒരിക ലും കക്ഷിയാ രുതെന്നു് ഞാൻ ഗവണ്മെൻറിനോടാവശ്യപ്പെ ടുന്നു. ഇക്കാര്യത്തെപ്പ റ്റി അനവധി നിവേദനങ്ങൾ ഗവണ്മെൻറിലേ ക്കു സമർപ്പിച്ചിട്ടുണ്ടു്, ഇതിനു മുമ്പിലത്തെ ഗവണ്മെൻറിലേയ്ക്കും സമർപ്പിച്ചിട്ടുണ്ടായിരുന്നു. എന്നാൽ അതു് ഗവണ്മെൻറിനു് അത്ര ഇഷ്ടമായില്ലെന്നു തോന്നുന്നു. അതു വളരെ ഖേദ രമാണു്. അഞ്ചേക്കർ സ്ഥലം അ ചയർ ചെയ്തു് ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിനു കൊടുത്തു് 26 വീട്ടുകാരെ വഴിയാധാരമാക്കാതിരിക്കുവാൻ യാതൊരു പ്രയാസവുമുള്ള ഒരു കാര്യമല്ല. ഈ അഞ്ചേക്കറോടുകൂടി ഒരേക്കർ സ്ഥലം കൂടി അ ചയർ ചെയ്തു് ഭവനരഹിതരാ ാൻപോകുന്ന 26 വീട്ടുകാക്കു് എന്തെങ്കിലും വ്യവസ്ഥ ി ചിട്ടുവയ്ക്കുവാൻ കൊടുക്കുന്നതു് മനുഷ്യോചിതമായ ഒരു പ്രവൃത്തിമാത്രമായിരിക്കും.

മറ്റൊരുദാഹരണംകൂടി. വില്ലിങ്ടൺ ദ്വീപിൻെറ തെക്കുപടിഞ്ഞാറെവശത്തു് വാത്തുരുത്തി എന്നു വിളിച്ചുവരുന്ന സ്ഥലത്തു് 161 വീട്ടുകാർ വസിക്കുന്നുണ്ടു്. വെണ്ടുരുത്തി ദ്വീപു് യുദ്ധാവശ്യങ്ങൾക്കുവേ ി അ ചയർ ചെയ്തുപോ ായപ്പോൾ ബാക്കി അവശേഷിച്ച പ്രദേശമാണു് വാത്തുരുത്തി. തിരുവിതാംകൂർ-കൊച്ചി സ്റ്റേറുവക ഒരു ചെറിയ സങ്കേതമാണു് അതു്. ഏകദേശം എട്ടേക്കർ ചതുപ്പു നിലങ്ങളിൽ 161 സാധുകുടുംബങ്ങൾ അധിവസിക്കുന്നു. ഇതിൽ ആരും സ്വന്തം സ്ഥലമുള്ളവരല്ല. എല്ലാവരും ഹാർബറിലോ, മട്ടാഞ്ചേരിയിലോ, എറണാകുളത്തോ പോയി നിത്യം ജോലിചെയ്തു് ഉപജീവനം കഴിക്കുന്നവരാണു്. ഏററവും അനാരോഗ്യകരമായ ചുററുപാടുകളിൽപ്പോലും ഈ സാധുക്കൾ താമസിക്കുന്നതു് അവരുടെ ഉപജീവനത്തിനുള്ള ജോലിസൗകര്യത്തെ കരുതി മാത്രമാണു്. എന്നാ ഇ ാം നാവികവകുപ്പിൻെറ ആവശ്യത്തിലേയ്ക്കായി കേന്ദ്രഗവണ്മെൻറ് ഹാർബർ ഡിപ്പാർട്ടുമെൻറുവഴി പഞ്ചവത്സരപദ്ധതിക്കു് അനുവദിച്ചിരുന്ന സംഖ്യകൾ ലാപ്സായിപ്പോകുന്നതിനു് ഒരു പ്രതിവിധിയായിട്ടുംകൂടി എന്നു പറയപ്പെടുന്നു, വാത്തുരുത്തി എന്ന സ്ഥലം അ ചയർ ചെയ്യുവാൻ പുറപ്പെട്ടിരിക്കുന്നതായി അറിയുന്നു രാജ്യരക്ഷയുടെ പേരി അതിനെ എതിർക്കുവാനോ ഗവണ്മെൻറിനെ ആ പ്രസ്താവനത്തി നിന്നു വിരമിപ്പിക്കാനോ എളുപ്പമല്ല. എന്നാൽ, 161 കുടുംബങ്ങളെ വഴിയാധാരമാക്കി, അവരുടെ ഉപജീവനത്തിനുള്ള തൊഴിലുകൾ നഷ്ടപ്പെടുത്തി അവരെ പട്ടിണിയിലേയ്ക്കു തള്ളിവിട്ടു് ഒരു അരക്ഷിതാവസ്ഥയിലാക്കുന്ന യാതൊരേർപ്പാടും ഒരു ക്ഷേമരാഷ്ട്രത്തിൽ രാജ്യരക്ഷയുടെ പേരിൽ നടത്തിവരികയില്ല എന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു. ഈ പ്രദേശം അ ചയർ ചെയ്യുന്നതോടൊപ്പം അതുമൂലം ഭവനരഹിതരാകാവുന്ന 161 കുടുംബക്കാക്കു് ഇന്നത്തെ അവരുടെ ഉപജീവനമാർഗ്ഗമായ തൊഴിലുകൾ നഷ്ടപ്പെടുത്തുവാനിടവരുത്താതെ ഇതിനടുത്തുതന്നെ പാർപ്പിട സൗകര്യങ്ങൾ ഗവണ്മെൻറുണ്ടാക്കിക്കൊടുക്കുകതന്നെ വേ ം.

മറെറാരു കാര്യം. കാളനൈസേഷൻെറപേരി ഗവണ്മെൻറ് കൈക്കൊള്ളുന്ന ചില വിചിത്രമായ നടപടികളാണ്. വീടില്ലാത്തവർക്ക് വീടുണ്ടാക്കിക്കൊടുക്കുവാനാണ് കാളനൈസേഷൻപദ്ധതി. എന്നാ വീടില്ലാത്തവർക്ക് വീടുണ്ടാക്കിക്കൊടുക്കുവാൻ വീടുള്ളവരെ ഒഴിപ്പിച്ചുകളയുന്നതു് സങ്കടകരമാണ്. എന്നാ ഇന്ന് എറണാകുളത്തു നടക്കുവാൻപോകുന്നതു് ഇതാണ്. പുതിയ നഗരങ്ങൾ ഉണ്ടാക്കാൻ കാളനൈസേഷൻ ഉപയോഗിക്കുന്നതു മനസ്സിലാക്കാം. എന്നാൽ പഴയ പട്ടണങ്ങളിൽ കാളനൈസേഷൻ എത്രകണ്ട് ആശാസ്യമാണെന്നുള്ളതു് ആലോചിക്കേണ്ട മറെറാരു കാര്യമാണ്. ഏതായാലും എറണാകുളത്ത് ഒരു വാല കാളനിയും ഒരു വെട്ടുവാളനിയും സ്ഥാപിക്കുവാൻ ഗവണ്മെൻറ് കുറേനാളായി വെമ്പൽ കൊള്ളുകയാണ്. ഈ വാല കാളനി ഇതിനുമുൻപ് പട്ടണത്തിലുള്ള വാലാ കാളനി ജനനിബിഡമായിരുന്നതുമൂലം അവിടത്തെ ജനനിബിഡത കുറയ്ക്കുവാൻ വേണ്ടിയുമാണ് ത്രേ. ജനനിബിഡമായ ആ വാല കാളനിയിൽ നിന്ന് സ്വന്തം വീടുകൾ മററു കാളനിക്കാർക്കു തന്നെ വിററ് ഭവനരഹിതരായിട്ടുള്ളവർക്കും പുതുതായി തുറക്കുന്ന വാല കാളനി അഭയം നൽകും. അതിനുവേണ്ടി അടുത്തുള്ള ഏകദേശം അഞ്ചേക്കർ സ്ഥലം അക്വയർ ചെയ്യുന്നു. ഈ അഞ്ചേക്കർ സ്ഥലത്ത് കുടികിടപ്പുകാരുണ്ട്. ആ കുടികിടപ്പുകാരെ കാളനൈസേഷൻ പദ്ധതിയുടെ ശക്തിയും സ്വാധീനവും ഉപയോഗിച്ച് പുറത്താക്കുന്നു; അവർ വഴിയാധാരമായിക്കൊള്ളുന്നു. വർഗ്ഗീയതാല്പര്യങ്ങൾക്കു വിധേയമായി പക്ഷപാതപരമായി അസംഘടിതരായ ഒരു വിഭാഗം കുടികിടപ്പുകാരുടെമേൽ ഇത്തരം ഒരു ദ്രോഹം അടിച്ചേല്പിക്കുവാൻ ഉന്നയിക്കുന്ന ഒരു കാരണം മത്സ്യബന്ധനത്തെ പുരോഗമിപ്പിക്കുവാൻ ആണെന്നാണ്. പക്ഷെ എവിടെയാണ് ആ മത്സ്യബന്ധനം? ടാററാ, ബി. ഒ. സി, എസ്. വി. ഒ. സി, കമ്പനികളി മത്സ്യബന്ധനമാണ് പ്രവൃത്തിക്കുന്നു ഇതുവരെ അറിയപ്പെട്ടിട്ടില്ല. ഈ പേരിൽ ദീർഘകാലമായി അവിടെ വർദ്ധിച്ചുവരുന്ന അസംഘടിത കുടികിടപ്പുകാരെ നശിപ്പിക്കരുതു്.

ശ്രീ. കെ. കൊച്ചുകുട്ടൻ : അവരെ മാററുന്നില്ലെങ്കിൽ ഈ കാളനി കൊണ്ട് ആക്ഷേപമില്ലല്ലോ?

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ : ആക്ഷേപം ഉണ്ട്. കാരണം. സാമൂഹികാടിസ്ഥാനത്തിൽ കാളനികൾ സംവിധാനം ചെയ്യുന്ന കാര്യമായതുകൊണ്ട്.

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇപ്പോൾ ആ സ്ഥലം അക്വയർ ചെയ്യുന്നതിലാണോ ആക്ഷേപം?

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ : സ്ഥലം അക്വയർ ചെയ്യുന്നതുമൂലം ഇപ്പോൾ അവിടെയുള്ള കുടികിടപ്പുകാർക്ക് കുടികിടപ്പു സൗകര്യം നഷ്ടപ്പെടുമെന്നും അതുമൂലം മററു പല നഷ്ടങ്ങൾക്കും അവർ വിധേയരാകുമെന്നും ഒരു കൂട്ടരുടെ സുഖസൗകര്യത്തിനുവേണ്ടി മറെറാരുകൂട്ടരെ കഷ്ടപ്പെടുത്തുന്നതു് ദ്രോഹമാണെന്നുമാണ് ആക്ഷേപം.

ശ്രീ. കെ. കൊച്ചുകുട്ടൻ : അവിടെ താമസിക്കുന്ന വേറെ ആരേയും അവിടെനിന്നും മാററുന്നില്ലെങ്കിലോ?

ശ്രീ. അല 'സാണ്ടർ പറമ്പിത്തറ : അപ്പോൾ അവർ വാല കാളനി ലെ പുറജാതിക്കാരാകുന്നു. ഒരു വാല കാളനി ആ പ്രദേശത്തുതന്നെ വേ മെന്നു തീരുമാനിക്കുന്നതു് മത്സ്യത്തൊഴിലാളി ളെ ഉദ്ദേശിച്ചാണെന്നാണു പറയപ്പെടുന്നതു്. ഇവർ വേണ്ടിത്തന്നെ എറണാകുളത്തിന്റെ മററു ഭാഗത്തു ഒരു കാളനി എടുത്തിട്ടുണ്ടു്. കുറെ ഏക്കർ സ്ഥലം അതിലേയ്ക്കായി എടുത്തിട്ടുണ്ടു്. അതിൽ വലിയ ഒരു ഭാഗം ഇന്നും ഒഴിവായി കിടക്കുന്നു. മത്സ്യത്തൊഴിലാളികൾക്കു താമസിക്കാൻ സൗകര്യമുള്ള സ്ഥലമാണു് അതു്. ഒഴിവായി കിടക്കുന്ന കാളനിസ്ഥലം വെറുതെ ഇട്ടിട്ടു് മററു സ്ഥലം അക്വയർ ചെയ്യുവാൻ അവിടത്തെ താമസക്കാരെ കഷ്ടപ്പെടുത്തുവാൻ തുനിയുന്നതു കഷ്ടമാണു്. എന്നാൽ ഈ പറയുന്ന എല്ലാവരും മത്സ്യത്തൊഴിലാളികളാണോ? ജാതിപ്പേർ ഉണ്ടു് അവർ മത്സ്യത്തൊഴിലാളി ളാകുമ്പോൾ വളരെ ഏറെപ്പേരും മത്സ്യത്തൊഴിലാളി ളല്ല. അതുകൊണ്ടു് ഇങ്ങനെ ഒരു മനോഭാവത്തിൽ പുതിയ കാളനി കൾ ഏർപ്പെടുത്തുന്നതു് ശരിയല്ലെന്നുള്ള അഭിപ്രായക്കാരനാണു ഞാൻ. ഇനി അവരെ മാററിത്താമസിപ്പിക്കുന്നു എങ്കിൽത്തന്നെ അതുമൂലം മററു ജീവക്കു താമസസൗകര്യം നഷ്ടപ്പെടുത്താതെ കഴിക്കണം. മററു ജാതിക്കാർക്കു് ഇവരെ അവിടെ താമസിപ്പിക്കുന്നതു സുഖകരമായിരിക്കുകയില്ല. അതു ശരിയോ തെററോ എന്നുള്ളതല്ല പ്രശ്നം. അതിന്റെ ആവശ്യകതയില്ല. ഏററവും കുറഞ്ഞ ബുദ്ധിമുട്ടുകളോടുകൂടി ഒരു കാര്യം നിർവഹിക്കപ്പെടാൻ വഴിയുണ്ടെങ്കിൽ അതു് നോക്കാതെ അനാവശ്യമായ ബുദ്ധിമുട്ടുകൾ ഒരു വിഭാഗത്തിന്റെമേൽ കെട്ടിവയ്ക്കുവാൻ ഗവണ്മെൻറു് മുൻകൈ എടുക്കുന്നതു് ഒരു ജനകീയ ഗവണ്മെൻറു് പ്രത്യേകിച്ചും ശ്രദ്ധിക്കേണ്ട ഒരു കാര്യമാണു്.

യാതൊരുത്തർക്കും സ്വന്തമായ വീടില്ലാതെ വരരുതു്. സ്വന്തമായ വീടില്ലാത്തവർക്കു് സൗകര്യമുള്ള നിലയിൽ കടം കൂടാതെതന്നെ വീടുണ്ടാക്കിക്കൊടുത്തും മററും സഹായിക്കത്തക്ക ഒരു പദ്ധതി കൂടി മനസ്സിൽ വച്ചുകൊണ്ടു് സെലക്ട് കമ്മററി ഈ ബില്ലിനെ ററി പര്യാലോചിക്കുമെന്നും ഈ നിയമസഭാകാലത്തുതന്നെ അതു പാസ്സാക്കി ഈ രാജ്യത്തെ കുടിയാന്മാരേയും അല്ലാത്തവരേയും സഹായിക്കണമെന്നും ഞാൻ അപേക്ഷിക്കുന്നു. ഒരു കാര്യംകൂടി പ്രസ്താവിച്ചുകൊള്ളട്ടെ. ഇന്നു് പുറംപോക്കുസ്ഥലങ്ങളിൽ—ഒഴിവായി കിടക്കുന്ന സർക്കാർസ്ഥലത്തിൽ പോലും ജനങ്ങൾ കയ്യേറിപ്പാർക്കുന്നു എന്നും മററും പല പരാതികൾ നാം കേൾക്കാറുണ്ടല്ലോ. ചില രാഷ്ട്രീയപാർട്ടികളുടെ പ്രേരണയും ഇക്കാര്യത്തിലുണ്ടെന്നും അതു ചില രാഷ്ട്രീയ ലക്ഷ്യങ്ങൾക്കുവേണ്ടിയാണെന്നും മററും പറയപ്പെടുന്നുണ്ടല്ലോ. വീടില്ലായ്മ പ്രശ്നത്തിന്റെ ഒരു വശമാണു് അതിനു് രാഷ്ട്രീയപാർട്ടി ളെ കുററപ്പെടുത്തിയതുകൊണ്ടായില്ല. ആവശ്യത്തിന്റെ പേരിൽ വ്യക്തി ളൊ, പാർട്ടി ളോ, മററാരെങ്കിലുമോ ഇങ്ങനെ പുറപ്പെടുവാൻ അവസരമുണ്ടാക്കാതെ കഴിക്കാൻ പരിശ്രമിക്കേണ്ടതു് ഗവണ്മെൻറിന്റെ ചുമതലയാണു്. വൈദ്യുതിൻകരയിൽ ഈയിടെ ഉണ്ടായിട്ടുള്ള മാതിരി സംഭവവികാസങ്ങൾക്കു് ഇടം കൊടുക്കാതെ കഴിക്കുവാൻ ഗവണ്മെൻറിന്റെ നയപരിപാടികൾക്കു് സാധിക്കണം. ഈ ബില്ലു പോലും അതിനു് സഹായകമാക്കിയാൽ അത്രയ്ക്കു നല്ലതു്.

ശ്രീ. സി. ജ. സദാശിവൻ: കൊച്ചി മഹാരാജാവിന്റെ വിളംബരത്തിതന്നെ യാതൊരു കാരണവശാലും കുടിയൊഴിപ്പിക്കരുതെന്നു് പ

ഞതിട്ടുണ്ടെങ്കിലും കൂടിയൊഴിപ്പിച്ചു എന്ന് ബഹുമാനപ്പെട്ട മെംബർ പറഞ്ഞു. അപ്പോൾ ഈ ബില്ലിലെ ഏഴാം വകുപ്പിന്റെയും അനുഭവം അതു തന്നെയാണോ എന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: അങ്ങനെയുള്ള അനുഭവങ്ങളൊന്നും വരാതിരിക്കത്തക്കവിധത്തിൽ ഈ ബില്ലിലെ ഏഴാം വകുപ്പിൽ മററു ചില വകുപ്പുകളും ഭേദഗതിചെയ്യണമെന്നാണ് എന്റെ അഭിപ്രായം.

Mr. Deputy Speaker: I want to know whether it is the sense of the House that the Bill should be referred to a Select Committee to-day itself. In that case, I want to allot some time to the hon. Minister to reply.

Shri M. P. Menon: Unless the general principles of the Bill are discussed in detail now, we will not get another opportunity. This is an important legislation. Amendments to sections will be later brought forward and passed without getting the opportunity of discussing the general principles. If it is to be comprehensive, the views of all the sections of the House have to be ascertained.

Mr. Deputy Speaker: So, what is your suggestion?

Shri M. P. Menon: Sufficient time should be allotted, even if we sit for a longer time to-day.

ശ്രീ. ടി. വി. തോമസ്: സർ. ഈ ബില്ലിന്റെ ജനറൽ പ്രിൻസിപ്പിളിനെപ്പററി ആവശ്യത്തിന് അധികം ഡിസ്കഷൻ നടന്നുകഴിഞ്ഞു. അതുകൊണ്ട് ഇതു് ഉടൻതന്നെ സെലക്ററ്കമ്മിററിക്കയയ്ക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് ഈ ഡിസ്കഷൻ ഇപ്പോൾ അവസാനിപ്പിക്കേണ്ടതാണ്.

ശ്രീ. പി. വിശ്വംഭരൻ: സർ, ഈ ബില്ലിനെപ്പററി ഞങ്ങളുടെ പാർട്ടിയിലെ ആരുംതന്നെ അഭിപ്രായം പുറപ്പെടുവിച്ചിട്ടില്ല. ഞങ്ങളും ഒരു പാർട്ടിയാണ്. അതുകൊണ്ട് ഇപ്പോൾ ഇതിന്റെ ഡിസ്കഷൻ അവസാനിക്കാതെ ഈ ബില്ലിനെ സംബന്ധിച്ചുള്ള ഞങ്ങളുടെ അഭിപ്രായഗതികൂടി പ്രകടിപ്പിക്കുവാനുള്ള അവസരം തരണമെന്നു പേക്ഷിക്കുന്നു.

Mr. Deputy Speaker: Closure motion has now been moved by Mr. T. V. Thomas. The question is whether the discussion on the Bill should be closed now.

The motion was put and carried.

ശ്രീ. എ. ജെ. ജാൺ: ഈ ബിൽ ഈ നിയമസഭ അവസാനിക്കുന്നതിനു മുമ്പുതന്നെ പാസാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ വേറൊരു മോഷൻകൂടി അവതരിപ്പിച്ചതു്. ഈ ബില്ല് ചർച്ചചെയ്യുവാനുള്ള സെലക്ട് കമ്മിററിയുടെ പേരും നിർദ്ദേശിക്കുകയും നാലാഴ്ചയ്ക്കകം റിപ്പോർട്ടു സമർപ്പിക്കണമെന്നാവശ്യപ്പെടുകയും ചെയ്തിരുന്നു. സഭ അതു സ്വീകരിച്ചിട്ടും ഉണ്ട്. കഴിയുന്നതും വേഗത്തിൽ ഇതു നിയമമാക്കിത്തീർക്കണമെന്നുള്ള ഗവണ്മെൻറിന്റെ ഉദ്ദേശം ഇപ്പോൾ ഈ മോഷൻ അവതരിപ്പിച്ചിരിക്കുന്നതിൽ നിന്നും പ്രത്യക്ഷമായിക്കാണാം. ഈ ബില്ലിനെ സംബന്ധിച്ച് ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള ഈ ബില്ലുമായി ബന്ധമി

[ശ്രീ. എ. ജെ. ജാൻ]

ല്ലാത്ത അനേകം കാര്യങ്ങൾ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അതിനെ റ്റി കൂടുതലായി ഒന്നുംതന്നെ പറയുമെന്ന് ഞാൻ വിചാരിക്കുന്നില്ല. ചൈനീസ് യുദ്ധത്തെ റ്റിയും, കാമരാജ്പ്ലാൻ കാര്യങ്ങളെ റ്റിയും പണ്ഡിറ്റ് ജവഹർലാൽ നെഹറുവിനെ റ്റിയും ശ്രീമാൻ തോപ്പിൽ ഭാസ്കരൻപിള്ള ചിലതൊക്കെ പറയുകയും ചിലതൊക്കെ ദീർഘദർശനം ചെയ്യുകയും ഉണ്ടായി. അവയെ റ്റി ഞാനൊന്നും പറയുന്നില്ല. ഈ ദീർഘദർശനമെല്ലാം എത്രത്തോളം ശരിയാകുമെന്ന് കാലം കഴിയുമ്പോൾ നമുക്കു കാണാവുന്നതാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഏഴാം വകുപ്പിൽ സാരമായ ഭേദഗതി ചെയ്യുമെന്നു കാണുന്നു. ഈ ബില്ലും മററു ഭൂനയബില്ലുകളും ജനപ്രതിനിധികളുടേയും, ജനസംഘങ്ങളുടേയും മററു സ്ഥാപനങ്ങളുടേയും അഭിപ്രായം ആരാഞ്ഞുകൊണ്ട് വിതരണം ചെയ്തിട്ടുണ്ട്. അവർ അയച്ചിട്ടുള്ള അഭിപ്രായങ്ങൾ ഗവണ്മെൻറിന് കിട്ടിയിട്ടുണ്ട്. അവയെല്ലാം മെംബറന്മാർക്ക് വിതരണം ചെയ്തിട്ടുമുണ്ട്. പല വിധത്തിലുള്ള അഭിപ്രായങ്ങൾ അതിലുണ്ട്. കുടിയിടപ്പുകാരൻ എന്നു പറയുന്നതിന്റെ നിർവചനം തന്നെ ഭേദഗതി ചെയ്യുമെന്നും, അതൊരിക്കലും ഭേദഗതി ചെയ്യരുതെന്നും വസ്തു ഒഴിപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ കുറേക്കൂടി കർശനമാക്കുമെന്നും ഒരിക്കലും കർശനമാക്കരുതെന്നും, അങ്ങനെ പല അഭിപ്രായങ്ങളും ഉണ്ടായിട്ടുണ്ട്. ഈ വക കാര്യങ്ങളെ പ്പററി സെലക്ട് കമ്മററി വേണ്ടപോലെ ആലോചിച്ച് അവരുടെ ശരിയായ അഭിപ്രായം രേഖപ്പെടുത്തുന്നതായിരിക്കും. മുഖ്യമന്ത്രി ചില സംഗതികൾ പറഞ്ഞതു് എന്തെല്ലാമോ വഞ്ചന മനസ്സിൽ വച്ചുകൊണ്ടാണ് ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള പ്രസ്താവിക്കുകയുണ്ടായി. ഈ നിയമസഭയുടെ അന്തസ്സ് പാലിക്കേണ്ടതു് നിയമസഭയിലുള്ള എല്ലാവരുടേയും കടമയാണ്. മുഖ്യമന്ത്രി ഈ സഭയുടെ ലീഡറാണ്. അദ്ദേഹം ചെയ്യുന്ന പ്രസ്താവന വഞ്ചനാത്മകമാണെന്ന് പറയുന്നതു് കുറേക്കൂടി സൂക്ഷിച്ചു വേണ്ടതായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായം ഈ പറയുന്നവരുടെ അഭിപ്രായം പോലെതന്നെ ആത്മാർത്ഥമായിട്ടുള്ളതാണെന്നു വിചാരിക്കേണ്ടതു് കേവലം മര്യാദമാത്രമാണ്. മനസ്സിലെ ഉദ്ദേശം ഒന്നാണെന്നും അതിനു വിപരീതമായ അഭിപ്രായമാണ് ഇവിടെ പ്രസ്താവിച്ചതെന്നും പറയുന്നതു് ഒരു വിധത്തിലും ഈ സഭയുടെ അന്തസ്സിനു യോജിച്ചതാണെന്ന് ഞാൻ വിചാരിക്കുന്നില്ല.

പിന്നീട് ഒരു സൂചന പുറപ്പെടുവിച്ചതു് പുറംപോക്കിൽ നിന്നും ആളുകളെ കുടിയിറക്കുന്നു എന്നുള്ളതിനെപ്പററിയാണ്. അതിനെ റ്റി രാവിലെ മുഖ്യമന്ത്രി പ്രസ്താവിച്ചു. ഇന്നലെ ഞാൻ പ്രസ്താവിച്ചതിനെ റ്റി ശ്രീ. ഭാസ്കരൻപിള്ള പരാമർശിക്കുകയുണ്ടായി. പുറംപോക്ക് ഗവണ്മെൻറിന്റെ വകയാണ്. അവിടെ പത്തോ, നൂറോ ആളുകൾ സംഘം ചേർന്ന് ആ പുറംപോക്കുഭൂമി ബലം ഉപയോഗിച്ച് കൈവശപ്പെടുത്തുവാൻ ശ്രമിച്ചാൽ അനുവദിച്ചു കൊടുക്കുവാൻ നിവൃത്തിയില്ല. അവിടെ അനവധിനാളായി ഉത്തമവശ്വാസത്തോടുകൂടി താമസിച്ചുകൊണ്ടിരിക്കുന്നആൾക്കും ആക്ഷേപം ഇല്ലെങ്കിൽ ആസ്ഥലം പതിച്ചുകൊടുക്കുവാൻ ഗവണ്മെൻറ് തയാറാണ്. ഇവിടെ പലവിധത്തിലുള്ള കാളനൈസേഷൻ പദ്ധതികൾ ഉണ്ട്. ആ പദ്ധതിയനുസരിച്ച് അനേകം ആളുകൾക്ക് ഭൂമികൊടുക്കേണ്ടതായി ഉണ്ട്. ബലം പ്രയോഗിച്ച് ആളുകൾ

സംഭവംചേർന്ന് ഈ ഭൂമി കൈവശപ്പെടുത്തുന്നതിനെ തടയുന്ന പക്ഷം ഇവർക്കൊക്കെ കൊടുക്കാൻ പിന്നെ ഭൂമി ഏതാണ്?

ശ്രീ. ടി. ഗോ ി ഭാസ്കരൻപിള്ള: ഭൂമിയില്ലാത്ത ആളുകൾ ഒന്നും, രണ്ടും ഒററതിരിഞ്ഞു പുറമ്പോക്കുസ്ഥലങ്ങളിൽ താമസിക്കുന്നതായി കണ്ടാൽ അവർക്ക് ആ സ്ഥലം പതിച്ചുകൊടുക്കുന്നതിനു വിരോധമുണ്ടോ?

ശ്രീ. എ. ജെ. ജാൻ: ഭൂമിയില്ലാത്തവർ ഉത്തമവിശ്വാസത്തോടുകൂടി പുറംപോക്കു ഭൂമി കൈവശപ്പെടുത്തിയിട്ടുണ്ടെങ്കിൽ അങ്ങനെയുള്ളവരെ ഇറക്കിവിടുകയില്ല.

ഭൂമിയില്ലാത്തവരാണെങ്കിൽ അവർ കൈവശപ്പെടുത്തിയ ഭൂമി ഉത്തമവിശ്വാസത്തോടുകൂടി കൈവശപ്പെടുത്തിയതാണോ എന്നു നോക്കേണ്ടതുണ്ട്. അങ്ങനെ ഉത്തമവിശ്വാസത്തോടുകൂടിയുള്ള വിവരങ്ങൾ അറിയാതെ പുറമ്പോക്കുകളിൽ താമസിക്കുന്ന സാധുക്കളെ ഇറക്കിവിടുകയില്ല. അഥവാ ഇറക്കിവിട്ടിട്ടുണ്ടെങ്കിൽ തന്നെ, പൊതു ആവശ്യങ്ങൾക്കുവേണ്ടി ഭൂമി എടുക്കേണ്ടിവരുന്നതുകൊണ്ടാണ് അങ്ങനെ ചെയ്തിട്ടുള്ളത്. പൊതു ആവശ്യങ്ങൾക്കുവേണ്ടി ഭൂമി എടുക്കേണ്ടിവരുന്ന അവസരങ്ങളിൽ കുടിവെള്ളിടത്തോളം അതിനോടു അടുത്തുള്ള സ്ഥലങ്ങൾ ഇറക്കിവിടപ്പെട്ടവർക്ക് താമസിക്കുന്നതിനുവേണ്ടി നൽകുന്നുണ്ട്. യഥാർത്ഥത്തിൽ ഇപ്രകാരമാണു അധികാരികൾ പ്രവർത്തിച്ചിട്ടുള്ളത്. ഇത്തരം പ്രവൃത്തികൾക്ക് ഗവണ്മെൻറിന്റെ പേരിൽ വഞ്ചനക്കുററം ചുമത്തുന്നതു് അത്ര ശരിയായിരിക്കുമെന്നു തോന്നുന്നില്ല.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: ഗവണ്മെൻറിന്റെ നയം പുറമ്പോക്കിൽനിന്നും ഇറക്കിവിടുന്നതിനെ സംബന്ധിച്ച് ഇങ്ങനെയാണെന്ന് റവന്യൂ ഉദ്യോഗസ്ഥന്മാർക്കു നിർദ്ദേശം കൊടുത്തിട്ടുണ്ടോ? അതായതു് പൊതു ആവശ്യത്തിനല്ലാതെ മററു യാതൊരു കാരണവശാലും പുറമ്പോക്കിൽ താമസിക്കുന്നവരെ ഇറക്കിവിടാൻ പാടില്ല എന്ന്.

ശ്രീ. എ. ജെ. ജാൻ: നിയമാനുസരണമുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: ഗവണ്മെൻറിന്റെ പോളിസി ഇപ്രകാരമാണെന്നു സർക്കുലേററു ചെയ്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൻ: പുറമ്പോക്കിനെ സംബന്ധിച്ചു ഒരു വ്യക്തമായ നയം രൂപീകരിച്ചു സർക്കുലേററു ചെയ്യുന്നതായിരിക്കും.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: വ്യക്തമായ ഒരു നയം രൂപീകരിക്കുന്നതു നല്ലതുതന്നെ. പക്ഷെ, ഇടയ്ക്കിടെ പുറമ്പോക്കിൽ താമസിക്കുന്ന സാധുക്കളെ ഒൻപതാമത്തെ പ്രാവശ്യവും ഇറക്കിവിട്ട് പോലീസുകാർ അവരുടെ കുടിലും തീവച്ചു നശിപ്പിച്ചിരിക്കുകയാണ്. അതിനെപ്പററി എന്താണ് പറയുന്നതു്?

ശ്രീ. എ. ജെ. ജാൻ: ഒൻപതാമത്തെ പ്രാവശ്യമല്ല, 30-ാമത്തെ പ്രാവശ്യമാണെങ്കിലും പബ്ലിക്ക് ആവശ്യത്തിനു വേണ്ടി സ്ഥലം എടുക്കുകയാണെങ്കിൽ താമസിക്കുന്നവരെ ഇറക്കിവിടാതിരിക്കാൻ നിവൃത്തിയില്ല.

ശ്രീ. തോ ിൽ ഭാസ്കരൻപ്പിള്ള : അവിടെ താമസിക്കുന്നവർ വളരെ ചെല്ലുങ്ങളായി താമസിക്കുന്നവരാണെന്നു അറിയാമോ ?

ശ്രീ. എ. ജെ. ജാൻ : അങ്ങനെയാണെങ്കി തന്നെയും പൊതു നന്മയ്ക്കുവേണ്ടി ചിലപ്പോൾ ചില സ്ഥലങ്ങൾ എടുക്കേണ്ടിവരുന്ന അവസരത്തി ഇറക്കി വിടുകതന്നെ ചെയ്യും. തിരുവനന്തപുരം പട്ടണത്തിലുള്ള പുറമ്പോക്കിൽ ഒരാൾ ഒരു വീടുകെട്ടി താമസിക്കുകയാണെങ്കി അയാളെ എന്നായാലും അവിടെ നിന്നും ഇറക്കിവിടാതിരിക്കയില്ല. അതായതു്, പൊതു ആവശ്യങ്ങളുടെ പേരി സ്ഥലം എടുക്കേണ്ടിവന്നാൽ അവിടെ ആരു താമസിച്ചാലും അവരെ മാറേണ്ടിവരും.

ശ്രീ. ടി. വി. തോമസ് : ഈ ഭാഗത്തുനിന്നും ഉന്നയിച്ച വാദമുഖങ്ങൾ മന്ത്രിക്കു മനസ്സിലാകാത്തതുകൊണ്ടാണോ അതോ മനസ്സിലാക്കിയതിന്റെ ഫലമായിട്ടാണോ ഇപ്രകാരം ഉത്തരം പറയുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. അതായതു്, ഒരു വ്യക്തിക്കുവേണ്ടിയാണു ഇടക്കോട്ടു പുറമ്പോക്കിൽ താമസിച്ചുകൊണ്ടിരുന്ന സാധുക്കളെ അവിടെനിന്നും ഇറക്കിവിട്ടതു്. ഇറങ്ങിപ്പോയവർ വീണ്ടും അവിടെ കയറി താമസിക്കുന്നു. ഇൻസ്പെക്ടർ ഇടപെട്ടു് അവരുടെ കുടിലുകൾ തീവച്ചു നശിപ്പിക്കുന്നു. വീണ്ടും അവർ കുടിലുകെട്ടി താമസിക്കുന്നു. ഇങ്ങനെ നടന്നുകൊണ്ടിരിക്കുന്നതു് ഒരു വ്യക്തിയുടെ താല്പര്യത്തെ പരിഗണിച്ചാണു്. മന്ത്രി പറയുന്നതു് പൊതു ആവശ്യത്തിനുവേണ്ടി ഭൂമിയെടുക്കുന്നതിനുവേണ്ടിയാണെന്നാണു്. ഇതു് എത്രത്തോളം ശരിയാണെന്നുള്ളതു പരീക്ഷിക്കണമെങ്കി എന്റെ കൂടെ ദയവുചെയ്തു് ആ സ്ഥലംവരെ ഒന്നു വരാൻ സാധിക്കുമോയെന്നാണു് ഞാൻ ചോദിക്കുന്നതു്.

ശ്രീ. എ. ജെ. ജാൻ : ഏതായാലും ഈ അസംബ്ലി അവസാനിക്കുന്നതുവരെ ഒരു സ്ഥലത്തും വരാൻ സാദ്ധ്യമല്ല. ബഹുമാനപ്പെട്ട മെംബർ പറയുന്നതു് ഒരു മി. ജാർജിന്റെ കാര്യത്തെപ്പററി അല്ലേ?

ശ്രീ. തോ ി ഭാസ്കരൻപിള്ള : അതുതന്നെയാണു് അദ്ദേഹം സൂചിപ്പിച്ചതു്

ശ്രീ. എ. ജെ. ജാൻ : ഇതെപ്പററി ഫയൽ വരുത്തി ഒന്നുകൂടി പരിശോധിക്കാം.

ശ്രീ. ടി. പി. സീതാരാമൻ : പൊതു ആവശ്യത്തിനു വേണ്ടി അല്ലാത്തസ്ഥലങ്ങളിൽ താമസിക്കുന്ന സാധുക്കൾക്കു് അവിടെ താമസിക്കാൻ നിവൃത്തിയില്ലാത്ത ഒരു സാഹചര്യം അധികാരികൾ ഉണ്ടാക്കിത്തീർക്കുന്നു. അതായതു്, താങ്ങാൻ വയ്യാത്ത പിഴകളും മററും ഇട്ടു് അവരെ ഉപദ്രവിക്കുന്നുവെന്നുള്ള വിവരം അറിയാമോ ?

ശ്രീ. എ. ജെ. ജാൻ : ബഹുമാനപ്പെട്ട മെംബർ പറയുന്നതു കുത്തകപ്പാട്ട വ്യവസ്ഥപ്രകാരം കൊടുത്തിട്ടുള്ള സ്ഥലങ്ങളിൽ താമസിക്കുന്നവരെപ്പററി ആവിരിക്കാം. അങ്ങനെയാണെങ്കി അവരെ ഉപദ്രവിക്കുന്ന നടപടികൾ നടത്തുന്നുണ്ടെങ്കി അവയെല്ലാം ഗവണ്മെന്റു പരിശോധിക്കുന്നതാണു്.

ശ്രീ. ടി. പി. സീതാരാമൻ : ഇപ്പോൾ അഞ്ചേക്കർ ഭൂമി കൈവശത്തിട്ടു വരുന്ന ആളുകൾ 200 രൂപാവരെ നികുതി ചുമത്തിയിരിക്കുകയാണെന്നുള്ള വിവരം ഗവണ്മെൻറിനറിഞ്ഞുകൂടേ ?

ശ്രീ. എ. ജെ. ജാൺ : കുത്തകപ്പാട്ടം സംബന്ധിച്ച് അവയുടെ വ്യവസ്ഥകൾ എന്തെല്ലാമാണെന്നു ഒന്നുകൂടി റിക്കാർഡുകൾ പരിശോധിക്കേണ്ടതായിട്ടുണ്ട്. അങ്ങനെ പരിശോധിച്ചശേഷം വേണ്ട നടപടികൾ ചെയ്യുന്നതാണ്.

ശ്രീ. നോ ിൽ ഭാസ്കരൻപിള്ള : ഈ ബില്ലിൻെറ ക്ലാസ് 7-ൽ Waste, unlawful appropriation എന്നിവയെ പററി പറഞ്ഞ വാദമുഖങ്ങൾക്ക് ഇപ്പോൾ മറുപടി പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. കാരണം ഇപ്പോൾ ഇലേക്കുള്ള സെല ്ട്ട് കമ്മിററിയുടെ മുഖ്യം ചെയ്ർമാനും ഞാനായതുകൊണ്ട് ഇപ്പോൾ ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല. അതുകൊണ്ട് ഈ ബിൽ താഴെ പറയുന്ന അംഗങ്ങൾ ഉടൻതന്നെ ഒരു സെലക്ട്കമ്മിററിക്കു അയക്കണമെന്നു പേക്ഷിക്കുന്നു.

ശ്രീ. എം. ഭാസ്കരൻ നായർ,
,, കെ. കെ. ബാലകൃഷ്ണൻ,
,, എ കുഞ്ഞൻനാടാർ,
,, ടി. ടി. കേശവൻ ശാസ്ത്രി,
,, ഇടിക്കുള ഇടിക്കുള,
,, എ. അച്ചുതൻ,
,, പി. കെ. ചാത്തൻ,
,, കെ. ചന്ദ്രശേഖര ശാസ്ത്രി,
,, പി. ആർ. മാധവൻപിള്ള,
,, പി. വി. അവിരാതകൻ.

ശ്രീ. ടി. വി. തോമസ് : മേൽ പറഞ്ഞിരിക്കുന്ന അംഗങ്ങളിൽ ഭൂരിപക്ഷവും കോൺഗ്രസ് പാർട്ടിയിൽ നിന്നും എടുത്തിരിക്കുന്നതു് എന്തു് ഉദ്ദേശം കൊണ്ടാണ് ?

ശ്രീ. എ. ജെ. ജാൺ : കോൺഗ്രസ്കാരായ ഭൂരിപക്ഷം മെംബർമാർ പറയുന്നതുപോലെ ചെയ്തിട്ടില്ല.

സർ, ഈ ബില്ല് സെലക്ററ കമ്മിററിക്കു അയച്ച് ഏതു ദേശം മൂന്നാഴ്ചക്കുള്ളിൽ റിപ്പോർട്ടു കിട്ടത്തക്കവണ്ണം നിർദ്ദേശിക്കണമെന്നുകൂടി അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. ടി. വി. തോമസ് : ഈ അംഗങ്ങളുടെ കൂട്ടത്തിൽ സി. ജി. സദാശിവനെയും കൂടി ഉൾപ്പെടുത്തിയാൽ കൊള്ളാമെന്നു എനിക്കഭിപ്രായമുണ്ട്.

ശ്രീ. എ. ജെ. ജാൺ : ഇപ്പോൾതന്നെ അംഗസംഖ്യ കൂടുതലാണ്. ആ സ്ഥിതിക്ക് ഇനിയും അംഗങ്ങളെ ചേർക്കേണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല.

സർ, ഈ കമ്മിററിയുടെ കോറം നാലായിരിക്കുന്നതാണ്.

Mr. Deputy Speaker : The question before the House is that the Travancore-Cochin Prevention of Eviction of Kudikidappukars Bill be referred to a select committee consisting of

Shri M. Bhaskaran Nair,
,, K. K. Balakrishnan,
,, A. Kunjan Nadar,
,, T. T. Kesavan Sastri,
,, Idiculla Idiculla,
,, A. Achuthan,
,, P. K. Chathan,
,, Chandrasekhara Sastri,
,, P. R. Madhavan Pillai, and
,, the Mover ;

the quorum being four and the Committee to report within four weeks.

The Motion was carried.

The Bill was referred to the Select Committee.

THE TRAVANCORE-COCHIN COMPENSATION FOR TENANTS IMPROVEMENTS BILL.

Home Minister (**Shri A. J. John**) : I beg to move that the Travancore-Cochin Compensation for Tenants Improvements Bill be referred to a Select Committee consisting of the following members :—

1. Shri N. Parameswaran Pillai,
2. ,, V. V. Sebastian,
3. ,, J. A. Bhatt,
4. ,, K. Krishna Pillai,
5. ,, N. Raghava Kurup,
6. ,, N. A. Noor Mohammed,
7. ,, K. A. Balan, and
8. The Mover ;

the quorum being four, and the Select Committee to report within 3 weeks. I think the Leader of the Opposition will agree to this.

Shri A. A. Rahim : I second it.

ശ്രീ. എ. ജെ. ജാൺ : സർ, 1113-ലെ കൊച്ചിൻ ടെനൻസി ആക്ട്, അനുസരിച്ചു വസ്തുക്കളെ സംബന്ധിച്ചിടത്തോളവും ദേഹണ്ഡവില കൊടുക്കുന്നതിനു ക്ലിപ്തമായ വ്യവസ്ഥകൾ കൊള്ളിച്ചിട്ടുണ്ട്. എന്നാൽ തിരുവിതാംകൂറിൽ ഈ വകയ്ക്കു ക്ലിപ്തമായ ഒരു നിയമം ഉണ്ടായിട്ടില്ല. ഹൈക്കോടതിയിലെ ചില വിധിപ്പുകളെ ആസ്പദമാക്കിയാണു പ്രവർത്തിച്ചുവരുന്നതു്. ദേഹണ്ഡവിലസംബന്ധിച്ചു തിരുവിതാംകൂർ-കൊച്ചിയിലെ വ്യത്യസ്തമായ ഈ നിലപാടിനെ ഏകീകരിക്കണമെന്നുള്ള ഉദ്ദേശംകൊണ്ടാണു ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. മിക്കവാറും കൊച്ചിൻ ടെനൻസി ആക്ടിലെ വ്യവസ്ഥകളാണു ഈ ബില്ലിലും ഉള്ളതു്. ഈ ബില്ലും പൊതുജനാഭിപ്രായം അറിയുന്നതിനുവേണ്ടി വിതരണം ചെയ്തിരുന്നതാണു്. കൊച്ചിയിലാണെങ്കിൽ, അവിടെ ദേഹണ്ഡവില ക്ലിപ്തപ്പെടുത്തുന്നതിനെസംബന്ധിച്ചു ആക്ടിന്റെ ഒൻപതാമത്തെ സെക്ഷനിൽ പറഞ്ഞിരിക്കുന്നതു, ഒരു കൊല്ലത്തെ ആദായത്തിന്റെ മുക്കാൽഭാഗം എടുത്തു ഇരുപതുകൊണ്ടു ഗുണിച്ചാൽ കിട്ടുന്ന തുകയായിരിക്കും ദേഹണ്ഡവില കൊടുക്കേണ്ടതു് എന്നാണു്. എന്നാൽ തിരുവിതാംകൂറിൽ സാധാരണയായി കൊടുത്തുകൊണ്ടിരിക്കുന്നതു ഒരു കൊല്ലത്തെ ആദായത്തിന്റെ എട്ടേമുക്കാൽ ഇരട്ടി എന്ന നിരക്കനുസരിച്ചാണു്. ദേഹണ്ഡവിലയെ സംബന്ധിച്ചിടത്തോളവും കൊച്ചിയിലും തിരുവിതാംകൂറിലും ഉണ്ടായിട്ടുള്ള വിവിധങ്ങളായ നിരക്കുകൾ ഏകീകരിച്ചു രണ്ടു ഭാഗങ്ങളെയും ഒരുപോലെ ബാധിക്കത്തക്കവണ്ണം ഒരു നിയമം നടപ്പിൽ വരുത്താനാണു ഗവണ്മെന്റു ഉദ്ദേശിക്കുന്നതു്. എന്നാൽ വെറംപട്ടാളാർബില്ലും മററും പാസ്സാക്കിയതിനാൽ ഈ ബില്ലിന്റെ പ്രാധാന്യം കുറഞ്ഞുപോകാനാണു ഇടയുള്ളതു്. വെറംപട്ടാളാർ ബില്ലനുസരിച്ചു വസ്തുവിൽ സ്ഥിരാവകാശം കിട്ടുന്നതുകൊണ്ടു് ഈ ബില്ലിനെ സംബന്ധിച്ചിടത്തോളവും പറയത്തക്ക രീതിയിലുള്ള പ്രാധാന്യം ഉണ്ടായിരിക്കുകയില്ല. എന്നാൽ മററു വല്ല കാരണത്താലും വസ്തു ഒഴിപ്പിച്ചാൽ കൂടിയാണു ദേഹണ്ഡവില കിട്ടണമെന്നുള്ള ഉദ്ദേശമുള്ളതുകൊണ്ടു് അതിലേക്കു് വേണ്ട വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. അതുകൊണ്ടു് ഈ ബിൽ സെലക്ററു കമ്മിററിക്കു അയയ്ക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. എം. പി. മേനോൻ : ഈ ബില്ലിന്റെ ചർച്ചയ്ക്കുവേണ്ടി വെറും 3 മിനിട്ടു സമയമാണോ അനുവദിച്ചിരിക്കുന്നതു്?

ശ്രീ. എ. ജെ. ജാൺ : ഈ ബില്ലിന്റെ ചർച്ച വേണമെങ്കിൽ അടുത്തദിവസത്തേക്കു മാററാം.

ശ്രീ. എം. പി. മേനോൻ : സർ, ഭൂനയബില്ലുകൾ എല്ലാം കഴിയുന്നതുംവേഗം പാസ്സാക്കിയെടുക്കണമെന്നുള്ളതിനോടു എനിക്കും അഭിപ്രായ ഐക്യമാണുള്ളത്. പക്ഷെ, അങ്ങിനെ പാസ്സാക്കിയെടുക്കുമ്പോൾ, ഈ ബിൽ രാജ്യത്തിന്റെ ഭാവിയെസംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമുള്ളതാണെന്നുള്ള ബോധത്തോടു കൂടിയായിരിക്കണം ഇതിൽ തിടുക്കം കാണിക്കേണ്ടതു്. ഈ ബില്ലിന്റെ സാമാന്യതത്വങ്ങളെക്കുറിച്ചു് എല്ലാ മെംബറന്മാർക്കും പ്രത്യേകിച്ചു് ഈ സഭയിലെ എല്ലാ പാർട്ടിയിലുള്ളവർക്കും സംസാരിക്കാനുള്ള സമയം കൊടുക്കുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. നിർഭാഗ്യവശാൽ, ഇതിനു മുൻപിലത്തെ ബിൽ ഇവിടെ ആലോചനയ്ക്കു വന്നപ്പോൾ ഈ നിയമസഭയിലെ ഒന്നുരണ്ടു ഗ്രൂപ്പിൽപ്പെട്ടവരുടെ അവകാശങ്ങൾ ചിലർ തട്ടിഞ്ഞു. എന്നെ സംബന്ധിച്ചിടത്തോളം ഈ ബില്ലുകൾ കഴിയുന്നതുംവേഗം പാസ്സാക്കുന്നതിൽ എനിക്കു സന്തോഷമാണുള്ളതെന്നു ഞാൻ ഒരിക്കൽ കൂടി പറയുന്നു. ഭൂനയബില്ലുകളുടെ അവതരണത്തിന്റെ ആദ്യഘട്ടത്തിൽ ഈ ബില്ലുകൾ എല്ലാംകൂടി ഈ സഭയിലുള്ള പല വിഭാഗത്തിൽപ്പെട്ട അംഗങ്ങളടങ്ങിയ ഒരു വിപുലമായ സെലക്ട് കമ്മിററിയുടെ ചർച്ചയ്ക്കു വിധേയമാക്കണമെന്നാണു് കഴിഞ്ഞ നിയമസഭയിൽ തീരുമാനിച്ചിരുന്നതു്, പിന്നീടു് ആ നിലയ്ക്കു് വ്യത്യാസം വരുത്താൻ പ്രതിപക്ഷനേതാക്കൾകൂടി സമ്മതിച്ചതിൽ ഞാനത്ഭുതപ്പെടുന്നു.

Deputy Speaker : Order, order. The House will now adjourn to meet again at 8 A. M. tomorrow.

The Assembly adjourned at 1 P. M. to meet again at 8 A. M. on Wednesday the 30th March 1955.

APPENDIX No I.

Please see Answer to Question No. * 178 [22]

അഴിമതി, കൈക്കൂലി എന്നീ കുററങ്ങൾക്കായി 1954-ൽ ശിക്ഷിക്കപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ ലിസ്റ്റ്.

കണ്ടക്ടർമാർ	—	51
ഡ്രൈവർ	—	3
ഫീററർ	—	1
കൊല്ലൻ	—	2
അപ്പ്ഫോൾസ്റ്റർ	—	1
സ്റ്റോർകീപ്പർ	—	1
അസിസ്റ്റൻറ് സ്റ്റോർകീപ്പർ	—	1
ക്ലാർക്കന്മാർ	—	9
വില്ലേജ് ആഫീസർ	—	8
വില്ലേജ് അസിസ്റ്റൻറ്	—	6
റവന്യൂ സൂപ്രവൈസർ	—	1
ഫിഷറി സബ്ഇൻസ്പെക്ടർ	—	1
ശിപായിമാർ	—	5
അമീൻ	—	1
ബയൻഡർ	—	1
ഫോറസ്ററ്ഗാർഡ്	—	1
എക്സൈസ് ഗാർഡ്	—	2
എക്സൈസ് ഇൻസ്പെക്ടർ	—	1
പ്രിവൻറീവ് ആഫീസർ	—	2
ഹെഡ്കാൺസ്റ്റബിൾ	—	2
കാൺസ്റ്റബിൾ	—	7
അനിമൽ ഹസ്ബൻഡ്രി അസിസ്റ്റൻറ് ഡയറക്ടർ	—	1
ആകെ		108

APPENDIX II.

[*Please see Answer to Question No.* * 182 (46)]

ഗ്രന്ഥശാലാ യൂണിയനുകൾ.

കൽക്കുളം	കരുനാഗപ്പള്ളി	മീനച്ചിൽ
വിളവംകോട്	കാർത്തികപ്പള്ളി	തൊടുപുഴ
നെയ്യാററിൻകര	മാവേലിക്കര	കുന്നത്തുനാട്
തിരുവനന്തപുരം	പത്തനംതിട്ട	പാറ്റൂർ
ചിറയിൻകീഴ്	തിരുവല്ല	കൊച്ചി-കണയന്നൂർ
കൊല്ലം	അമ്പലപ്പുഴ	മുകുന്ദപുരം
കൊട്ടാരക്കര	ചേർത്തല	തൃശ്ശൂർ.
പത്തനാപുരം	കോട്ടയം	തലപ്പിള്ളി-ചിറവൂർ
കുന്നത്തൂർ	ചങ്ങനാശേരി	

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

Second Session—1955

Wednesday, the 30th March 1955

Vol. XIII] OFFICIAL REPORT [No. 9

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Wednesday, the 30th March 1955, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

മരച്ചീനിയുടെ വിലയിടിവ്.

* 186. [1] ശ്രീ. കെ. കൃഷ്ണപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരച്ചീനിക്കു നേരിട്ടിരിക്കുന്ന ഭീമമായ വിലയിടിവ് നിമിത്തം ഈ രാജ്യത്തിലെ വലിയൊരു വിഭാഗം ജനങ്ങൾ സാമ്പത്തിക തകർച്ചയിലേയ്ക്കു വഴുതിവീണുകൊണ്ടിരിക്കുകയാണെന്നുള്ളകാര്യം ഗവണ്മെൻറിന്റെശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മരച്ചീനിക്കു ന്യായമായവിലകിട്ടുവാനുപകരിക്കുന്ന എന്തെങ്കിലും പദ്ധതിയെപ്പററി ഗവണ്മെൻറു പര്യാലോചിച്ചിട്ടുണ്ടോ;

(സി) സ്റ്റേററിനു പുറമേ മരച്ചീനിക്കു കമ്പോളം കണ്ടുപിടിക്കുവാൻ ഗവണ്മെൻറ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഈ സ്റ്റേററിൽത്തന്നെ മരച്ചീനി ഉപയോഗിച്ച് എന്തെങ്കിലും പുതിയ വ്യവസായങ്ങൾ ആരംഭിക്കുവാൻ വേണ്ടതു ചെയ്യുമോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ: എ. ജെ. ജോൺ):

(എ) ഉണ്ട്.

(ബി) ഈ കാര്യം ഗവണ്മെന്റ് പരിഗണിച്ചു കൊണ്ടിരിക്കുകയാണ്.

(സി) ഉണ്ട്.

(ഡി) അതേപ്പററി ആലോചിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. കൃഷ്ണപിള്ള: ആലോചിച്ചു കൊണ്ടിരിക്കുന്ന പദ്ധതി എന്താണ്?

ശ്രീ. എ. ജെ. ജോൺ: അടുത്തുവരുന്ന തിങ്കളാഴ്ച ഇതേപ്പററിപൂർണ്ണമായ ചർച്ച നടത്താവുന്നതരത്തിൽ അജണ്ടായിൽ കൊള്ളിച്ചിട്ടുണ്ട്.

Mr. Speaker: There is going to be a fullday discussion on the matter.

ശ്രീ. പി. ആർ. മാധവൻപിള്ള: കമ്പോളങ്ങളിൽ ഇതു വാങ്ങിക്കാൻ ആളില്ലാതാകുന്നു എന്നറിയാമോ?

Mr. Speaker: All that can be discussed when the matter is taken up on Monday.

പുതിയ ആശുപത്രികൾ.

* 187. [2] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യത്തിന്നു പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷത്തിൽ എത്ര പുതിയആശുപത്രികൾ ആരംഭിച്ചിട്ടുണ്ട്; ഏതു വിടെയെല്ലാം;

(ബി) നിലവിലിരുന്ന ഡിസ്പെൻസറികളിൽ ഏതിനെയെങ്കിലും നടപ്പുവർഷത്തിൽ ആശുപത്രിയാക്കി മാററിയിട്ടുണ്ടോ;

(സി) അങ്ങനെ ചെയ്യുന്നതെന്നു കാണിച്ചു ഏതെങ്കിലും സ്ഥാപനം നിർദ്ദേശിച്ചുകൊണ്ട് നിവേദനങ്ങൾ ഗവണ്മെന്റിന് ലഭിച്ചിരുന്നോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹീം):

(എ) ഈ സാമ്പത്തികവർഷത്തിൽ പുതുതായിആശുപത്രികൾ ഒന്നും ആരംഭിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

ശ്രീ. കെ. കൃഷ്ണപിള്ള: അതിലെ നിർദ്ദേശങ്ങളെക്കുറിച്ചു പരിഗണിക്കാമോ?

ശ്രീ. എ. എ. റഹീം: പരിഗണിക്കാവുന്നതാണ്.

തൊഴിൽത്തർക്കങ്ങൾ.

* 188. [3] ശ്രീ. കെ. ആർ. പ്രകാശം: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) ഈ മന്ത്രിസഭ നിലവിൽ വന്നതിനുശേഷം എത്ര തൊഴിൽ തക്കങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) ഇവസംബന്ധിച്ച് എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്;

(സി) അറസ്റ്റ്ചെയ്തവരെ ലാക്കപ്പിൽവച്ച് മർദ്ദിച്ചതായി എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്?

മുഖ്യമന്ത്രി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഈ മന്ത്രിസഭ നിലവിൽ വന്നതിനുശേഷം തൊഴിൽതക്കങ്ങൾഒന്നും ഉണ്ടായിട്ടില്ല. എന്നാൽ തൊഴിൽതക്കങ്ങൾ എന്നു പറയുന്നതു് ലേബർ ഡിപ്പാർട്ടുമെൻറിൻെറ കൺസിലിയേഷൻ ഉണ്ടായിട്ടുള്ളതും കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ കാര്യങ്ങളെപ്പററിയുമാണെങ്കിൽ അതിൻെറ വിവരങ്ങൾ പറയുന്നതിനു അല്പം സമയം വേണം.

(ബി) ഈ മന്ത്രിസഭ നിലവിൽ വന്നതിനുശേഷം 31 പേരെ അറസ്റ്റ്ചെയ്തിട്ടുണ്ട്.

(സി) അറസ്റ്റ്ചെയ്തവരെ മർദ്ദിച്ചതായി 4 പരാതികൾ ലഭിച്ചിട്ടുണ്ട്.

ശ്രീ. ആർ. പ്രകാശം: അങ്ങനെയുള്ള പരാതികൾ ഏതെല്ലാമാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒന്ന്, കൊല്ലം കശുഅണ്ടി തൊഴിലാളിയൂണിയൻ സെക്രട്ടറി ശ്രീ. കെ. സി. ജർമിയാസ്കൊടുത്തതു് 2-3-55-ൽ ആയിരുന്നു. രണ്ടു്, ശ്രീ. ടി. കെ. വറുഗീസ്വൈദ്യനും മററാളുകളും 9-3-55-ൽ ഒരു പരാതി കൊടുത്തിട്ടുണ്ട്. 10-3-55-ൽ ആലപ്പുഴ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ടൗൺകമ്മിററി സെക്രട്ടറി കെ. കെ. മുകുന്ദനിൽ നിന്നും ഒരു പരാതി ലഭിച്ചിട്ടുണ്ട്. ഇതിനും പുറമേ ഹോട്ടൽ ആൻഡ് ററി ഷാപ്പ് വർക്കേഴ്സ് യൂണിയൻെറ ആലപ്പുഴ വച്ചുള്ള ഒരു മീററിംഗിൽ ചങ്ങനാശ്ശേരി ടെയിഡ് യൂണിയൻ പ്രവർത്തകരെ അറസ്റ്റ്ചെയ്തതു സംബന്ധിച്ച് ഒരു പ്രമേയം പാസാക്കിയതു ഇവിടെ കിട്ടിയിട്ടുണ്ട്.

ശ്രീ. ആർ. പ്രകാശം: അതിന്മേൽ എന്തു നടപടി എടുത്തു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ശ്രീ. ടി. കെ. വർഗീസ് വൈദ്യൻെറ പരാതി, മർദ്ദനമേററു എന്നു പറയുന്നവർ കോടതിയിൽ കൊടുത്ത ഒരു കേസായതുകൊണ്ട് അതിനെപ്പററിയുള്ള അന്വേഷണം തുടങ്ങിയതു നിറുത്തിവയ്ക്കുകയാണുണ്ടായതു്. മററു പരാതികളെ സംബന്ധിച്ച് അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ആർ. പ്രകാശം: സഹകരണം ലഭിക്കണമെന്ന അടിസ്ഥാനത്തിൽ തൊഴിലാളി പ്രവർത്തകരുടെ പേരിലുള്ള കേസുകൾ പിൻവലിക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സഹകരണം അടിസ്ഥാനത്തിലല്ല, പക്ഷെ പിൻവലിക്കാനുള്ളതാണെങ്കിൽ പിൻവലിക്കാം. ഓരോന്നിൻെറയും ഇൻട്രിൻസിക്ക്മെരിററ് (intrinsic merit) നോക്കി വെറും

സാങ്കേതികമായ തടസ്സമേയുള്ളുവെങ്കിൽ അതു ഇതിനു ബാധകമാകാതെ നോക്കാം. അതിനെ സംബന്ധിച്ചു ഒരപേക്ഷ തരികയാണെങ്കിൽ ആ വിധത്തിൽ പ്രവർത്തിക്കാം.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: ഇൻഡിസിപ്ലിൻ മെരിററു നോക്കി അപേക്ഷയൊന്നുമില്ലാതെതന്നെ ഇതിനെപ്പററി ആലോചിക്കരുതോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പക്ഷെ ഈ തിരക്കിന്റെ ഇടയിൽ അങ്ങനെ ചെയ്യാൻ സാധിച്ചു വെന്നുവരുകയില്ല.

ശ്രീ. എം. പി. മേനോൻ: എറണാകുളത്തു ടാററാ കമ്പിനിയിലെ തൊഴിലാളി കുഴപ്പം സംബന്ധിച്ചു് പരാതിവല്ലതും കിട്ടിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററി അന്വേഷിച്ചതിൽ അതു് ഒരു തൊഴിലാളിത്തക്കമല്ലെന്നു മനസ്സിലായി.

ശ്രീ. എം. പി. മേനോൻ: അതു അഡ്ജുഡിക്കേഷനു വിടാമെന്നു സമ്മതിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടു്.

ശ്രീ. എം. പി. മേനോൻ: തക്കമില്ലെങ്കിൽ അഡ്ജുഡിക്കേഷനു വിടേണ്ട കാര്യമെന്തു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സമ്മതിക്കുമെങ്കിൽ പറയാം. ഇതു സംബന്ധിച്ചു ബഹുമാനപ്പെട്ട ഇളംകുളം മെംബർ ശ്രീ. എം. പി. മേനോനേയും യൂണിയൻ പ്രസിഡൻറായ മത്തായിമാഞ്ഞൂരാനേയും ഞാൻ ക്ഷണിച്ചു വരുത്തി സംസാരിക്കുകയുണ്ടായി. അങ്ങനെ സംസാരിച്ചതിൽ നിന്നും എനിക്കുകിട്ടിയ ഇമ്പ്രഷൻ impression അവരുടെ നേതൃത്വത്തിലല്ല തൊഴിൽ കുഴപ്പം വന്നതെന്നും ഒടുവിൽ അവർക്കു തൊഴിലാളികളുടെ മുൻപിൽ നിൽക്കാതിരിക്കുവാൻ സാദ്ധ്യമല്ലാതെ വന്നു എന്നുമാണു്. അതുകൊണ്ടു് അവരുടെ ഫേസ്സേവിംഗിനു (face saving) വേണ്ടി ഇതു അഡ്ജുഡിക്കേഷനു വിടാമെന്നു പറഞ്ഞതാണു്.

ശ്രീ. എ. പി. മേനോൻ: ഇതു സംബന്ധിച്ചു ലേബർ യൂണിയൻ പ്രസിഡൻറും മുഖ്യമന്ത്രിയുമായി എഴുത്തുകുത്തുകൾ നടന്നിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ശ്രീ. എം. പി. മേനോനുമായി കത്തിടപാടുകൾ നടത്തിയിട്ടുണ്ടു്.

ശ്രീ. എം. പി. മേനോൻ: യൂണിയൻ പ്രസിഡൻറിന്റെ കത്തു കിട്ടിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടു്.

ശ്രീ. എം. പി. മേനോൻ: അതിൻപ്രകാരം എന്തെങ്കിലും പ്രവർത്തിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിന്റെ ആവശ്യമില്ലെങ്കിൽ തന്നെയും ഫേസ്സേവിംഗിനു വേണ്ടി ഇതു അഡ്ജുഡിക്കേഷനു വിടാമെന്നു ഞാൻ പറഞ്ഞിട്ടുണ്ടു്.

ശ്രീ. എം. വി. ചെറിയാൻ: ആ കത്തിൽ എന്തെല്ലാം ഡിമാൻഡുകൾ വച്ചിരുന്നു ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഡിമാൻഡുകൾ ഒന്നും വച്ചിട്ടില്ലായിരുന്നു.

ശ്രീ. എം. വി. ചെറിയാൻ: ഡിമാൻഡുകൾ ഒന്നുമില്ലെങ്കിൽ എങ്ങനെ ഒത്തു തീർപ്പുണ്ടാക്കാൻ സാധിക്കും ?

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ: ഡിമാൻഡുകൾ ഒന്നും വച്ചിരുന്നില്ലെന്നു മാത്രമല്ല സ്ട്രൈക്കു ബാലറ്റും എടുത്തിട്ടില്ലായിരുന്നു.

ശ്രീ. എം. പി. മേനോൻ: ഡിമാൻഡൊന്നുമില്ലെങ്കിൽ പിന്നെ എന്തിനാണ് അഡ്ജുഡിക്കേഷനു വയ്ക്കാമെന്നു തീരുമാനിച്ചതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതാണു ഞാൻ പറഞ്ഞതു അതാവശ്യമില്ല, ഫേസ് സേവിംഗിനുവേണ്ടി ചെയ്തതാണെന്നു്.

ശ്രീ. എം. പി. മേനോൻ: ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോനും ശ്രീ. എം. പി. മേനോനുമായി തർക്കം വല്ലതുമുണ്ടെങ്കിൽ അതു അഡ്ജുഡിക്കേഷനു വയ്ക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല. പക്ഷെ ഇതു 1087 തൊഴിലാളികളെ സംബന്ധിക്കുന്ന കാര്യമാണ്. ശ്രീ. എം. പി. മേനോനെപോലെയുള്ള ആളുകൾ അതിൽ ഇടപെട്ടു. അതുകൊണ്ടുഞാൻ സമ്മതിച്ചതാണ്.

ശ്രീ. ടി. എം. വർഗീസ്: ഈ മാതിരിയുള്ള കാര്യങ്ങളിൽ വ്യക്തി പരിഗണന കൂടാതെ കഴിക്കാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൂടാതെ കഴിക്കേണ്ടതാണ്, ഞാൻ ചെയ്തതു് അബദ്ധമായി എന്നു് എനിക്കു തോന്നുന്നുണ്ടു്.

ശ്രീ. എം. വി. ചെറിയാൻ: തൊഴിലാളികൾ ജോലിയിൽ പ്രവേശിച്ചപ്പോൾ ടാററാകമ്പനി മാനേജർ ഹസ്തദാനം ചെയ്തു സ്വീകരിക്കയുണ്ടായോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിഞ്ഞുകൂടാ. സ്വീകരിച്ചിരിക്കാം.

ശ്രീ. ടി. കെ. ദിവാകരൻ: ഈ മാതിരിയുള്ള പ്രസ്താവന തൊഴിലാളി രംഗത്തു അസ്വാസ്ഥ്യമുണ്ടാക്കിയിട്ടുള്ളതായിട്ടു് അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടാകുകയില്ല. നേരെ മറിച്ചു് അഡ്ജുഡിക്കേഷനു വിടേണ്ട ഒരു സംഗതി അല്ലെങ്കിൽത്തന്നെയും അങ്ങനെ ചെയ്യാമെന്നു സമ്മതിച്ചതുകൊണ്ടു് സ്വാസ്ഥ്യമേ ഉണ്ടാവുകയുള്ളൂ.

ശ്രീ. പ്രാക്കുളം ഭാസി: ശ്രീ. കെ. പി. മാധവൻനായർ ഇതിനായിട്ടാണോ ഇവിടെ വന്നതു് ?

Mr. Speaker: That question does not arise.

പോലീസ് മർദ്ദനം.

* 189. [4] ശ്രീ. ആർ. പ്രകാശം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നല്കുമോ :

(എ) കുട്ടനാട് കർഷകത്തൊഴിലാളിയൂണിയൻ പ്രസിഡൻറ് സ: വർഗീസ് വൈദ്യനേയും, മററു പ്രവർത്തകരേയും അറസ്റ്റ് ചെയ്തു ലാക്കപ്പിൽവച്ച് മർദ്ദിച്ചതായി ഗവണ്മെൻറിനു പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെങ്കിലും അന്വേഷണം നടത്തിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:) മുൻ ചോദ്യത്തിന്റെ ഉത്തരം ഇതിനും ബാധകമാണ്.

Prohibition.

* 190. [5] **Shri K. C. George:** Will the Minister for Health be pleased to state :

(*a*) the number of cases charged for violating the prohibition law in the State during 1954 and 1955 ;

(*b*) the number of cases convicted, discharged and number pending ;

(*c*) what are the conditions for issue of individual permits ;

(*d*) number of individual permits granted in the City of Trivandrum ?

Minister for Health (**Shri A. A. Rahim**):

(*a*)	1954	..	2372 cases.	
	1955	..	565 cases.	
(*b*)	1954	Cases convicted	..	1602
		,, discharged	..	28
		,, pending	..	742
	1955	,, convicted	..	302
		,, discharged	..	Nil
		,, pending	..	263

(*c*) Permits are issued on medical grounds except in the case of foreign tourists to whom permits are issued on application and on payment of prescribed fees.

(*d*) 45 permits were issued during 1954 and 1955 in the Trivandrum City.

ശ്രീ. കെ. സി. ജോർജ്ജ് : മെഡിക്കൽ ഗ്രൗണ്ട് എന്നു പറയുന്നതു് എന്തെല്ലാമാണ് ?

ശ്രീ. എ എ. റഹീം : ഗവണ്മെൻറ ഡാക്ടറന്മാരിൽ നിന്നും ഒരു രോഗത്തിന് ഇത് വശ്യമാണെന്നും മദ്യപാനം കൂടാതെ ജീവിക്കുന്നതിനു സാദ്ധ്യമല്ലെന്നും മററുമുള്ള രേഖാമൂലമായ ഒരു സർട്ടിഫിക്കററ് ഹാജരാക്കണം.

ശ്രീ. കെ. സി. ജോർജ്ജ് : അങ്ങനെയല്ലാത്തവക്കും പെർമിററു കൊടുത്തിട്ടുണ്ടെന്നറിയാമോ ?

ശ്രീ. എ. എ. റഹീം : എന്നാൽ രോഗം ഉണ്ടായിരിക്കും.

ശ്രീ. എം. വി. ചെറിയാൻ : കേസ്സുകൾ വർദ്ധിച്ചുവരുന്നതു് ഫ്ളൈയിംഗ് സ്ക്വാഡിന്റെ പ്രവർത്തനംകൊണ്ടാണോ ?

ശ്രീ. എ. എ. റഹീം : ഫ്ളൈയിംഗ് സ്ക്വാഡുകൾ വളരെ കേസ്സുകൾ കണ്ടുപിടിക്കുന്നുണ്ടു്.

ശ്രീ. കെ. എം. ജോർജ്ജ് : എത്ര പേർക്കു് ഇവിടെ പെർമിററു കൊടുത്തിട്ടുണ്ടു് ?

ശ്രീ. എ. എ. റഹീം : തിരുവനന്തപുരം സിററിയിൽ 45 പേർക്കു്.

ശ്രീ. കെ. കരുണാകരൻ : വൈററ് ഏറിയായിൽ നിന്നും ഡ്രൈ ഏറിയായിലേക്കു ഫ്ളയിംഗ് സ്ക്വാഡിന്റെ തലസ്ഥാനം മാററാമോ ?

ശ്രീ. എ. എ. റഹീം : ഇപ്പോൾ ഡ്രൈ ഏറിയായിലാണു്.

ശ്രീ. കെ. കരുണാകരൻ : തൃശ്ശൂർ ഡിസ്ട്രിക്ടിനെ സംബന്ധിച്ചിടത്താളം വൈററ് ഏറിയായിലാണു്; അതു മാററാൻ തയ്യാറാകുമോ ?

ശ്രീ. എ. എ. റഹീം : ആലോചിക്കാം.

ശ്രീ. തലേക്കര കെ. കൃഷ്ണൻ : 1953-ൽ ഉള്ളതിനേക്കാൾ കൂടുതലാണോ 1954-ൽ ?

ശ്രീ. എ. എ. റഹീം : നോട്ടീസ്സ് വേണം. 1953-ലെ കണക്കു എന്റെ കൈവശമില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഈ സഭയിലെ ആർക്കെങ്കിലും പെർമിററുണ്ടോ ?

ശ്രീ. എ. എ. റഹീം : അതിനെപ്പററി അന്വേഷിച്ചിട്ടില്ല.

ഹരിജൻകാളനികളിൽ വീടുകൾനിർമ്മാണം.

* 191. [6] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സഭയിൽ മറുപടി പറയുമോ :

(എ) കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ഹരിജൻകാളനികളിൽ വീടു നിർമ്മിക്കുന്നതിനു് എത്ര സംഖ്യ ഗവണ്മെന്റു നീക്കിവച്ചിരുന്നു ;

(ബി) ഈ വർഷത്തിൽ എത്ര ;

(സി) ഇക്കൊല്ലം ഏതെല്ലാം കാളനികളിലാണു് വീടുകൾ നിർമ്മിച്ചിട്ടുള്ളതെന്നും, എത്ര വീതം എന്നും പറയുമോ ?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ഹരിജൻകാളനികളിൽ വീടുനിർമ്മിക്കുന്നതിനു് രണ്ടുലക്ഷം രൂപ നീക്കിവച്ചിരുന്നു.

(ബി) ഈ വർഷത്തിൽ ഒരുലക്ഷത്തിഇരുപത്തയ്യായിരം രൂപ നീക്കിവെച്ചിട്ടുണ്ട്.

(സി) ഇക്കൊല്ലം വീടുകൾ നിർമ്മിച്ചുവരുന്നതേ ഉള്ളൂ. അവ ഏതെല്ലാം കോളനികളിലാണെന്നും എത്രവീതമാണെന്നുമുള്ളതിന്റെ വിവരം താഴെ ചേർക്കുന്നു.

1. ചേർത്തലയിൽ വാർത്തിക വള്ളുവർഗ്രാമത്തിലുള്ള ഉള്ളാട കോളനിയിൽ 8 വീടുകൾ.
2. കുളക്കട മോടൽ കോളനിയിൽ 8 വീടുകൾ.
3. കരിക്കുളത്ത് കരിയാൻകോട്ട കോളനിയിൽ 10 വീടുകൾ.
4. കൊച്ചി കണ്ണയന്നൂർതാലൂക്കിലുള്ള എസ്. എം. പി. കോളനിയിൽ 8 വീടുകൾ.
5. കൊട്ടാരക്കര വെട്ടിക്കവല കോളനിയിൽ 8 വീടുകൾ.
6. മൂവാററുപുഴ മന്നാംകണ്ടം കോളനിയിൽ 8 വീടുകൾ.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഹരിജനകോളനികൾ നിർമ്മിക്കുന്നതിന് കൊള്ളിക്കുന്ന തുക മുഴുവൻ ചിലവാക്കാത്തത് എന്തുകൊണ്ടാണെന്നു പറയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇക്കൊല്ലം നീക്കിവെച്ചിട്ടുള്ള തുക ഒട്ടും ലാപ്സാക്കാതെ ചിലവാക്കും.

ശ്രീ. തലേക്കര കെ. കൃഷ്ണൻ : ഇക്കൊല്ലം നീക്കിവച്ച തുക കഴിഞ്ഞ കൊല്ലത്തേക്കാൾ കുറയാനുള്ള കാരണം എന്താണ് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കഴിഞ്ഞകൊല്ലം ഉദ്ദേശിച്ചിടത്തോളം വീടുകൾ പണിയാൻ കഴിഞ്ഞില്ല. അതുകൊണ്ട് ഇക്കൊല്ലം കുറഞ്ഞതായിരിക്കും.

ശ്രീ. എ. സി. ചാക്കോ : കഴിഞ്ഞകൊല്ലം നീക്കിവച്ചതിൽ എത്ര രൂപ മിച്ചം വന്നുവെന്ന് പറയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : നോട്ടീസ് വേണം.

മിഡ്‌വൈഫുകൾ.

* 192. [7] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽവകുപ്പു മന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സ്റ്റേററിൽ ഹെൽത്തുഡിപ്പാർട്ടുമെൻറിന്റെ കീഴിൽ എത്ര മിഡ്‌വൈഫുകളുണ്ട് ;

(ബി) ഓരോ പഞ്ചായത്തുകളിലും മിഡ്‌വൈഫുകളെ നിയമിക്കാൻ സാധിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണം ;

(ഡി) പഞ്ചായത്തുകളിൽ മിഡ്‌വൈഫുകളെ നിയമിക്കുമ്പോൾ പഞ്ചായത്തിലുള്ളവരുടെ സൗകര്യത്തിനുവേണ്ടി പഞ്ചായത്തിന്റെ മദ്ധ്യത്തിൽ എവിടെയെങ്കിലും അവരുടെ താമസസ്ഥലമാക്കണമെന്നുള്ള ഒരു പൊതു വ്യവസ്ഥ ഗവണ്മെൻറ് അംഗീകരിക്കുമോ ?

ആരോഗ്യവകുപ്പു മന്ത്രി (ശ്രീ. എ. എ. റഹീം):

(എ) ഹെൽത്തുഡിപ്പാർട്ടുമെൻറിൻെറ കീഴിൽ 258 മിഡ് വൈഫ്മാരുണ്ട്.

(ബി) ഇല്ല.

(സി) ട്രെയിൻഡ് മിഡ്‌വൈഫുകളുടെ കുറവാണ്.

(ഡി) കഴിയുന്നതും അങ്ങിനെയാണ് ചെയ്യുന്നത്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഇവിടെയുള്ള ട്രെയിൻഡ് മിഡ് വൈഫുകളുടെ കുറവു പരിഹരിക്കുന്നതിന് മിഡ്‌വൈഫറി പരിശീലനം നൽകുന്ന കേന്ദ്രങ്ങൾ ഉണ്ടോ ?

ശ്രീ. എ. എ. റഹീം : കേന്ദ്രങ്ങൾ ഉണ്ട്; പരിശീലനം കൊടുത്തു വരുന്നുണ്ട്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : മിഡ്‌വൈഫുകളുടെ കുറവു പരിഹരിക്കുന്നതിന് എത്ര കൊല്ലം വേണമെന്നു പറയാമോ ?

ശ്രീ. എ. എ. റഹീം : 5 വർഷംകൊണ്ട് സാധിക്കുമെന്നാണ് വിചാരിക്കുന്നത്.

ശ്രീ തോപ്പിൽ ഭാസ്കരൻ പിള്ള : പബ്ലിക്ക്ഹെൽത്തിൻേറയും പഞ്ചായത്തുകളിലേയും മിഡ്‌വൈഫുമാർക്ക് രണ്ടുതരത്തിലുള്ള ശമ്പളമാണോ നൽകുന്നത് ?

ശ്രീ. എ. എ. റഹീം : അങ്ങിനെയാണെന്നു തോന്നുന്നില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഞാൻ അങ്ങിനെയാണെന്നു പറഞ്ഞാൽ അതു വിശ്വസിക്കുമോ ?

ശ്രീ. എ. എ. റഹീം : വിശ്വസിക്കും.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : അങ്ങിനെ രണ്ടു ശമ്പളനിരക്ക് നിലവിലിരിക്കുന്നതുകൊണ്ട് പഞ്ചായത്തിൽനിന്നും രാജിവച്ച് പബ്ലിക്ക് ഹെൽത്തു ഡിപ്പാർട്ടുമെൻറിലേക്ക് പോകുന്നതായി അറിയാമോ ?

ശ്രീ. എ. എ. റഹീം : അതിനെപ്പററി അന്വേഷിക്കാം.

ശ്രീ. എൻ. ജി. ചാക്കോ : ഇവരെ ട്രെയിൻ ചെയ്യിക്കുന്ന എത്ര സെൻററുകൾ ഉണ്ടെന്നു പറയാമോ ?

ശ്രീ. എ. എ. റഹീം : രണ്ടു സെൻററുകൾ; ഒന്ന് തിരുവനന്തപുരത്തും ഒന്ന് തൃശ്ശൂരും.

ശ്രീ എൻ. ജി. ചാക്കോ : തിരുവല്ലായിൽ ചർച്ച്‌വാർഡ് ആശുപത്രിയിൽ ട്രെയിനിംഗ് കൊടുത്തുവരുന്നതായി അറിയാമോ ?

ശ്രീ. എ. എ. റഹീം : അറിവില്ല.

ശ്രീ. എൻ. ജി. ചാക്കോ : അവിടെനിന്നും ട്രെയിനിംഗ് കിട്ടിയിട്ടുള്ളവരെ നിയമിക്കുന്നതിനു ആലോചിക്കുമോ ?

ശ്രീ. എ. എ. റഹീം: അവക്ക് കിട്ടിയിട്ടുള്ള ട്രെയിനിംഗിനെപ്പററി അറിഞ്ഞ മറുപടി പറയാൻ നിവൃത്തിയുള്ളൂ.

ശ്രീ. എൻ. ജി. ചാക്കോ: അതിനെപ്പററി അന്വേഷിക്കാമോ?

ശ്രീ. എ. എ. റഹീം: അന്വേഷിക്കാം.

മുനിസിപ്പാലിററികൾ.

* 193. [8] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള മുനിസിപ്പാലിററികൾ കൂടാതെ തിരുവിതാംകൂർ-കൊച്ചിയിലെ ഏതു പട്ടണങ്ങൾകൂടി മുനിസിപ്പാലിററികളായി ഉയർത്തണമെന്നു കാണിച്ച് ഗവണ്മെൻറിനു പൊതുജനങ്ങളിൽനിന്നു നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്;

(ബി) ലഭിച്ചിട്ടുള്ള നിവേദനങ്ങളിൽ ചെങ്ങന്നൂർ പട്ടണം ഒരു മുനിസിപ്പാലിററിയായി ഉയർത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി ഗവണ്മെൻറിൽ നിന്നും സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഇനിയെങ്കിലും, ചെങ്ങന്നൂർ വടക്കേക്കര പകുതിയും (ചെങ്ങന്നൂർ പഞ്ചായത്ത്) പുത്തൻകാവു, കല്ലിശ്ശേരി, പേരിശ്ശേരി, പെരുങ്ങുളം എന്നീ ഭാഗങ്ങളുംകൂടി ചേർത്ത് ചെങ്ങന്നൂർ പട്ടണം ഒരു മുനിസിപ്പാലിററിയാക്കി ഉയർത്തുന്ന കാര്യം ഗവണ്മെൻറു പരിഗണിക്കുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി, (ശ്രീ. കെ. കൊച്ചുകുട്ടൻ.):

(എ) 5 പട്ടണങ്ങൾ. അതായതു മൂവാററുപുഴ, വൈക്കം, പത്തനംതിട്ട, ചെങ്ങന്നൂർ, പുനലൂർ മുതലായ പട്ടണങ്ങൾ മുനിസിപ്പാലിററികളായി ഉയർത്തണമെന്ന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) അങ്ങാടിക്കൽ, കീഴച്ചേരിമേൽ, തിട്ടമൽ, മുണ്ടൻകാവ്, ലാഗശ്ശേരി, മുഴിക്കിരുമൽ, വാഴാരമംഗലം, മംഗലം, ഇടനാട് മുതലായ കരകൾ ഉൾപ്പെടുത്തി ചെങ്ങന്നൂർ ടൗൺസർവൻസി ടൗണിനെ ഒരു മുനിസിപ്പാലിററിയായി ഉയർത്തിയാലോ എന്ന് ഗവണ്മെൻറ് ആലോചിച്ചു. എന്നാൽ ഒരു മുനിസിപ്പാലിററിയാക്കിയാൽ ആണ്ടുതോറും കിട്ടാവുന്ന വരുമാനം 8000 രൂപയെ ഉള്ളൂ എന്നുണ്ടു. ഈ വരുമാനംകൊണ്ട് ഒരു മുനിസിപ്പാലിററി നടത്തുവാൻ മതിയാകുന്നതല്ല. കൂടാതെ പമ്പാനദിയുടെ വടക്കേക്കരയിൽ സ്ഥിതിചെയ്യുന്ന വാഴാരമംഗലം, മംഗലം, ഇടനാട്, മുഴിക്കിരുമേൽ മുതലായ കരകൾ വർഷകാലങ്ങളിലുണ്ടാകുന്ന വെള്ളപ്പൊക്കംമൂലം ദുരിതമനുഭവിക്കുന്ന സ്ഥലങ്ങളായതുകൊണ്ട് ഒരു മുനിസിപ്പാലിററിയിൽ ഉൾപ്പെടുന്നതുകൊണ്ട് യാതൊരു പ്രത്യേക ഗുണങ്ങളും ലഭിക്കാവുന്നതുമല്ല. കൂടാതെ മേൽപ്പറഞ്ഞ കരകളിലെ ജനങ്ങൾക്ക് മുനിസിപ്പാലിററിയിൽ ഉൾപ്പെടുന്നതിന് വൈമനസ്യവും ഉണ്ട്. മേൽപ്പറഞ്ഞ കാരണങ്ങളാൽ ചെങ്ങന്നൂർ ടൗണിനെ ഒരു മുനി

സിപ്പാലിററിയാക്കി ഉയർത്തുക എന്ന കാര്യം തൽക്കാലം വേണ്ടെന്നു തീരുമാനിച്ചു.

(ഡി) മുൻതീരുമാനത്തിന്റെ വെളിച്ചത്തിൽ ഇക്കാര്യം പുനരാലോചിക്കേണ്ടാ എന്നു് ഇപ്പോൾ തീരുമാനിച്ചിരിക്കുകയാണു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: കല്ലിശ്ശേരി, പേരിശ്ശേരി, പുത്തൻകാവു് ഈ സ്ഥലങ്ങൾകൂടി ചേർക്കുകയാണെങ്കിൽ മുനിസിപ്പാലിററി നടക്കുമെന്നറിയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ചെങ്ങന്നൂരിനോടു ചേർക്കാവുന്ന സ്ഥലങ്ങളാണു് ചേർക്കേണ്ടതു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഇപ്പറഞ്ഞ സ്ഥലങ്ങൾക്കു് ഒന്നും രണ്ടും മൈൽ ദൂരമേ ചെങ്ങന്നൂരിൽനിന്നുള്ളു എന്നു് അറിയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ആയിരിക്കാം. പക്ഷെ സാദ്ധ്യമല്ലെന്നാണു് കണ്ടതു്. പല മുനിസിപ്പാലിററികളും നിലനിർത്തിക്കൊണ്ടു പോകാൻ സാദ്ധ്യമല്ലെന്നുള്ളതാണു് മറെറാരു കാര്യം.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഇതാരാണു് തീരുമാനിച്ചതെന്നു് പറയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഡിസ്ട്രിക്ട് കളക്ടർ, പഞ്ചായത്തു ഡയറക്ടർ തുടങ്ങിയവരുടെ കാൻഫറൻസിലെ തീരുമാനമനുസരിച്ചാണു് ഗവണ്മെൻറ് ഇങ്ങനെ തീരുമാനം ചെയ്തിട്ടുള്ളതു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഈ പകുതികൾകൂടി ഉൾപ്പെടുമ്പോൾ ഒരു മുനിസിപ്പാലിററിക്കു് വേണ്ട ജനസംഖ്യ ഉണ്ടാകുമെന്നു് അറിയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ: സാമ്പത്തികമായ കഴിവിനെപ്പററിയാണു് കൂടുതലായി പരിഗണിച്ചതു്. ആ പരിഗണനയിൽ സാദ്ധ്യമല്ലെന്നു കണ്ടു.

ശ്രീ. കെ. എം. ചാണ്ടി: സാമ്പത്തിക പരിഗണന വച്ചുകൊണ്ടു് ഇപ്പോഴത്തെ മുനിസിപ്പാലിററി അതല്ലാതാക്കുന്നതിനു് നിവേദനം നടത്തിയാൽ അതിനെപ്പററി ആലോചിക്കുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതു വളരെ ഗൗരവമായി ആലോചിക്കേണ്ട കാര്യമാണു്. ആലോചിക്കാം.

ശ്രീ. കെ. എം. ജാർജ്: ഒരു മുനിസിപ്പാലിററിയിൽ എത്രായിരം ജനങ്ങൾ വേണമെന്നാണു് ഗവണ്മെൻറ് വിചാരിക്കുന്നതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ: എത്രായിരം വേണമെന്നു് കൃത്യമായി പറയാൻ നിവൃത്തിയില്ല. മുനിസിപ്പാലിററിക്കുള്ളിൽ നടക്കേണ്ട ചില കാര്യങ്ങളുണ്ടു്. അതിനാവശ്യമായ നികുതി കിട്ടുമെങ്കിൽ മുനിസിപ്പാലിററി നിലനിർത്തും.

ശ്രീ. എം. വി. ചെറിയാൻ: മൂവാററുപുഴയെപ്പററി എന്തു തീരുമാനം എടുത്തു എന്നു് പറയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അവസാന തീരുമാനം കൈക്കൊണ്ടിട്ടില്ല.

ശ്രീ. എം. വി. ചെറിയാൻ : ഒരു മുനിസിപ്പാലിറ്റിക്ക് എത്ര ജനസംഖ്യ ഉണ്ടായിരിക്കണം ?

ശ്രീ. കെ. കൊച്ചുകുട്ടൻ : നോട്ടീസ് വേണം.

ശ്രീ. എൻ. ജി. ചാക്കോ : പത്തനംതിട്ടക്കാര്യത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ചെങ്ങന്നൂരിനെപ്പററി പറഞ്ഞതു് എല്ലാ സ്ഥലങ്ങൾക്കും ബാധകമാണ്.

ശ്രീ. കെ. എം. ചാണ്ടി : സാമ്പത്തിക പരിശോധന വച്ചുകൊണ്ട് പാലാ മുനിസിപ്പാലിറ്റിയെ ഒരു കൺസർവൻസിയാക്കുവാൻ ദയവുണ്ടാകുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനെല്ലാം ഇപ്പോൾ ഗ്രാൻറു കൊടുത്തുവരികയാണ്.

ശ്രീമതി. കെ. ആർ. ഗൗരി : മുനിസിപ്പാലിറ്റികളിൽ നിയമിച്ചിരിക്കുന്ന കമ്മീഷണരന്മാർ പ്രാപ്പർട്ടിടാക്സ് പിരിക്കാതിരിക്കുന്നു എന്നറിയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങിനെ ഒരു പരാതി ചേർത്തലനിന്നും വന്നിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : ടാക്സ് ഇക്കൊല്ലം പിരിച്ചില്ലെങ്കിൽ ലാപ്സായിപ്പോകുകയില്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പ്രാപ്പർട്ടിടാക്സ് ലാപ്സായിപ്പോകാൻ ഇടയില്ല.

ശ്രീമതി കെ. ആർ. ഗൗരി : ഈ 31-ാം തീയതിക്കുമുമ്പു പിരിച്ചില്ലെങ്കിൽ ലാപ്സാകുകയില്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : 6 മാസക്കാലത്തിനുള്ളിൽ ഡിമാൻഡ് നോട്ടീസയച്ചിരിക്കണം. നോട്ടീസയച്ചാൽ ടാക്സ് ലാപ്സാകുകയില്ല.

ശ്രീമതി കെ. ആർ. ഗൗരി : ഡിമാൻഡ് അയച്ചിരിക്കുന്ന സ്ഥിതിക്ക് ലാപ്സാകുകയില്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇല്ല.

ശ്രീമതി കെ. ആർ. ഗൗരി : അങ്ങിനെ ഡിമാൻഡ് അയയ്ക്കുകയും ലാപ്സായിപ്പോകുകയും ചെയ്യുകയാണെങ്കിൽ ആ കമ്മീഷണരുടെ പേരിൽ നടപടി നടത്താൻ തയ്യാറാകുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇങ്ങനെ എല്ലാം സംഭവിച്ചാലല്ലെ നടപടി എടുക്കേണ്ടതായി വരികയുള്ളൂ.

ശ്രീമതി കെ. ആർ. ഗൗരി : ആ കമ്മീഷണരെക്കൊണ്ട് ഇത്രയും തുക കെട്ടിവയ്പിക്കാൻ ഗവണ്മെൻറ് ശ്രദ്ധിക്കുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇതു് മുനിസിപ്പൽ കമ്മീഷണറെ സംബന്ധിച്ചുള്ള ഒരു ചോദ്യമായതുകൊണ്ടു് മറുപടി പറയണമെന്നു് വിചാരിക്കുന്നില്ല.

ശ്രീ. മഞ്ജുനാഥപ്രഭു: ഡിമാൻഡു് അയച്ചിട്ടുണ്ടെങ്കിൽ റവന്യൂ റിക്കവറി പ്രകാരം ഈടാക്കാൻ സാദ്ധ്യമില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഉണ്ടു്.

പോലീസു് മർദ്ദനം.

* 194. [9] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷക്കാലത്തിനുള്ളിൽ ഐ. ജി. ക്കു് നേരിട്ടു എത്ര പോലീസു് മർദ്ദനങ്ങളെ സംബന്ധിച്ചും, എത്ര ഗ്രണ്ടാ. റൗഡി മർദ്ദനങ്ങൾ സംബന്ധിച്ചും പരാതികൾ ലഭിച്ചിട്ടുണ്ടു്;

(ബി) കിട്ടിയിട്ടുള്ള പരാതികളിൽ ഒരോന്നിലും എത്ര എണ്ണത്തിനെക്കുറിച്ചു് അന്വേഷണം നടത്തി;

(സി) അതിൽ ഓരോന്നിലും എത്രയെണ്ണം വീതം അവാസ്തവങ്ങളാണെന്നു തെളിയുകയുണ്ടായി?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ:)

(എ) പോലീസു് മർദ്ദനങ്ങളിൽ പരാതി 317. ഗ്രണ്ടാറൗഡി മർദ്ദനങ്ങളിൽ പരാതി 227.

(ബി) പോലീസു് മർദ്ദനങ്ങളെപ്പററി അന്വേഷണം നടത്തിയതു 283. ഗ്രണ്ടാറൗഡികളുടെ മർദ്ദനങ്ങളെപ്പററി അന്വേഷണം നടത്തിയതു് 159.

(സി) അവാസ്തവങ്ങളാണെന്നു തെളിഞ്ഞ പോലീസു് മർദ്ദനത്തെപ്പററിയുള്ള ആരോപണങ്ങൾ 273. അവാസ്തവങ്ങളാണെന്നു തെളിഞ്ഞ ഗ്രണ്ടാറൗഡികളുടെ മർദ്ദനങ്ങളെപ്പററിയുള്ള ആരോപണങ്ങൾ 137.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ബാക്കിയുള്ള പരാതികളെക്കുറിച്ചു് അന്വേഷണം നടത്താതിരിക്കാനുള്ള കാരണം എന്താണു്?

ശ്രീ. എ. ജെ. ജോൺ: അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: എത്രയെണ്ണത്തിൽ ശിക്ഷിച്ചിട്ടുണ്ടെന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: പന്ത്രു കേസ്സുകളിൽ പത്തിരുപതുപേരെ ശിക്ഷിച്ചിട്ടുണ്ടു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: മററെല്ലാം അവാസ്തവങ്ങളാണെന്നാണോ അഭിപ്രായം?

ശ്രീ. എ. ജെ. ജോൺ: അതേ.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: അന്വേഷണത്തിൽ ഏതെങ്കിലും വാസ്തവമാണെന്നു തെളിഞ്ഞിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: പല കേസ്സുകൾ വാസ്തവമാണെന്നു തെളിഞ്ഞു. പലവരെ സസ്പെൻഡു ചെയ്യുകയും ഫയിൻ ഇടുകയും ചെയ്തിട്ടുണ്ട്.

ശ്രീ. കെ. എ. ബാലൻ: ജനങ്ങൾ ബോധിപ്പിക്കുന്ന പരാതികൾ കള്ളമാണെന്നു പറയുന്ന പോലീസ് ഉദ്യോഗസ്ഥന്മാരുടെമേൽ ഗവണ്മെൻറ് നടപടി നടത്തുമോ?

ശ്രീ. എ. ജെ. ജോൺ: നേരെ മറിച്ചാണ് റിപ്പോർട്ടു ചെയ്തിട്ടുള്ളത്. 10 കേസ്സുകൾ ശരിയാണെന്നു റിപ്പോർട്ടു ചെയ്തു. അതിൽ അവരെ അഭിനന്ദിക്കുകയാണ് വേണ്ടത്.

ശ്രീ. കെ. എ. ബാലൻ: കൂടുതലും കള്ളമാണെന്നു പറയുന്നു. അപ്പോൾ ജനങ്ങൾ പറയുന്നതെല്ലാം കള്ളമെന്നല്ലേ പോലീസിൻെറ റിപ്പോർട്ട്?

ശ്രീ. എ. ജെ. ജോൺ: ബഹുമാനപ്പെട്ട മെംബറന്മാർ അനാവശ്യമായി അടിസ്ഥാനരഹിതങ്ങളായ പരാതികൾ എഴുതി അയയ്ക്കാതിരിക്കണമെന്ന് ജനങ്ങളോടു പറയണം.

ശ്രീ. കെ. എ. ബാലൻ: ഇതു് ജനങ്ങളുടെ കുഴപ്പംകൊണ്ടാണോ ഉദ്യോഗസ്ഥന്മാരുടെ കുഴപ്പംകൊണ്ടാണോ എന്നന്വേഷിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജോൺ: പരാതി എഴുതി അയയ്ക്കുന്നവരുടെ കാര്യമാണ് ഞാൻ പറയുന്നത്. അല്ലാതെ തിരുവിതാംകൂർ-കൊച്ചിയിലെ എല്ലാ ജനങ്ങളുടേയും കാര്യമല്ല പറയുന്നത്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: അന്വേഷണത്തിൻെറ രീതിയിലുള്ള തകരാറുകൊണ്ടാണ് സത്യം പുറത്തു വരാത്തതെന്ന് അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അതറിഞ്ഞുകൂടാ. അവാസ്തവമായി എഴുതി അയയ്ക്കുന്നതു് ശരിയല്ലെന്നാണ് ഗവണ്മെൻറ് വിശ്വസിക്കുന്നത്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ഈ പത്തെണ്ണം ഏതെല്ലാം പരാതികളെ സംബന്ധിച്ചാണെന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: ആ വിവരം എൻെറ കൈവശം ഇല്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: അന്വേഷണം നടത്തുന്നതു് ഏതുവിധത്തിലാണെന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: ഐ. ജി. മുഖേന അന്വേഷിക്കും.

ശ്രീ. എൻ. രാഘവക്കുറുപ്പ്: അന്വേഷണത്തിന് ഏതെങ്കിലും പോലീസുദ്യോഗസ്ഥനെ അയച്ചാൽ പരാതി ബോധിപ്പിച്ച ആളിനേയും സാക്ഷികളേയും വരുത്തി വിസ്തരിച്ചശേഷമാണോ റിപ്പോർട്ടു നൽകുന്നതു്?

ശ്രീ. എ. ജെ. ജോൺ: അവരുടെ മൊഴി രേഖപ്പെടുത്തും. അല്ലാതെ സത്യത്തിന്മേൽ തെളിവെടുക്കുന്നതിന് അവർക്കധികാരം ഇല്ലായിരിക്കും.

ശ്രീ. എൻ. രാഘവക്കുറുപ്പ്: അവരുടെ മൊഴി രേഖപ്പെടുത്തുമോ?

ശ്രീ. എ. ജെ. ജോൺ: അതെ.

ശ്രീ. എൻ. രാഘവക്കുറുപ്പ്: അന്വേഷണരീതി എങ്ങനെയാണെന്നു മനസ്സിലാക്കാതെ അന്വേഷണം ശരിയാണെന്നു പറയുന്നതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. സാധാരണ പോലീസ് ഉദ്യോഗസ്ഥന്മാരെ അന്വേഷണത്തിന് അയച്ചാൽ കക്ഷികൾക്കു ഹാജരാകാൻ നോട്ടീസ് കൊടുത്തിട്ട് അവിടെനിന്നു മാറിക്കളയും. അങ്ങനെ പല പ്രാവശ്യവും ഹർജിക്കാരൻ നടന്നുമടുത്ത് ഇരിൽനിന്നും വിട്ടുപോകുന്ന സമ്പ്രദായം ഉണ്ടെന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: ഒരു പ്രത്യേക കേസിനെപ്പററി എന്നോടു പറയുകയാണെങ്കിൽ ഞാൻ അതിനെപ്പററി അന്വേഷിക്കാം. ചില ഹർജ്ജികളെപ്പററി അന്വേഷിക്കുമ്പോൾ ഇതു ഞാൻ ഒപ്പിട്ടിട്ടുള്ളതല്ലെന്നു പറയുന്നതായും ഗവണ്മെൻറിന് അറിയാം.

ശ്രീ. കെ. സി. ജോർജ്ജ്: ലാക്കപ്പുമർദ്ദനം നടത്തിയിട്ടുള്ള കേസുകൾ തെളിയുമ്പോൾ ഒരു മാസത്തെ സസ്പെൻഷനോ ട്രാൻസ്ഫറോ ആണോ ശിക്ഷയായി കൊടുക്കുന്നതു്?

ശ്രീ. എ. ജെ. ജോൺ: ഓരോ കേസിന്റെയും സ്വഭാവം അനുസരിച്ചുള്ള ശിക്ഷയാണു കൊടുക്കുന്നതു്.

ശ്രീ. കെ. സി. ജോർജ്ജ്: ആലുവായിലെ കേസിന്റെ സ്വഭാവം എന്താണെന്നു പറയാമോ? ഒരു മാസത്തേക്കാണു് ശിക്ഷിച്ചിട്ടുള്ളതു്.

ശ്രീ. എ. ജെ. ജോൺ: Petty quarrel.

ശ്രീ. കെ. സി. ജോർജ്ജ്: ആരു തമ്മിലാണ്?

ശ്രീ. എ. ജെ. ജോൺ: അതിന്റെ വിവരങ്ങൾ എന്റെ കൈയിലില്ല.

ശ്രീ. കെ. സി. ജോർജ്ജ്: ലാക്കപ്പുമർദ്ദനങ്ങളെപ്പററിയുള്ളതാണ് ചോദ്യം. പെററിക്കേസ് സംബന്ധിച്ച് ശിക്ഷിച്ചു എന്നു പറയുന്നു. അതു ശരിയായ സംഗതിയല്ല.

ശ്രീ. എ. ജെ. ജോൺ: കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഐ. ജി. ക്കു് നേരിട്ടെത്തിയ പോലീസ് മർദ്ദനങ്ങളെ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടു് എന്നാണു ചോദ്യം.

ശ്രീ. കെ. സി. ജോർജ്ജ്: പോലീസ് മർദ്ദനത്തെപ്പററിയാണ് ചോദ്യം. ബഹുമാനപ്പെട്ട മന്ത്രി പറയുന്നതു് പെററിക്കേസിനെപ്പററിയാണ്. പത്തു കേസുകളിൽ ശിക്ഷിച്ചിട്ടുണ്ടെന്ന് മറുപടി പറഞ്ഞിട്ടുമുണ്ടു്. ഇങ്ങനെയുള്ള മറുപടി സഭയെ വഞ്ചിക്കുന്നതാണ്.

ശ്രീ. എ. ജെ. ജോൺ: വഞ്ചന എന്നുള്ള വാക്കു് വളരെ അപൂർവ്വമായി ഉപയോഗിക്കേണ്ടതാണ്.

ശ്രീ. കെ. സി. ജോർജ്ജ്: ബഹുമാനപ്പെട്ട മെംബർക്ക് അതിൽ വിഷമമുണ്ടെങ്കിൽ അതു ഞാൻ പിൻവലിക്കാൻ തയ്യാറാണ്. പക്ഷെ എന്റെ ഫീലിംഗ് അതുതന്നെയാണ്.

Shri. A. A. D. Luiz: Sir, on a point of order. Is it in order to use that word "വഞ്ചന"?

Mr. Speaker: Yes. "വഞ്ചന" can be used.

ശ്രീ. ആർ. പ്രകാശം: മലയാളം തീരെ അറിയാൻ നിവൃത്തിയില്ലാത്ത ഒരു മെംബർ, മലയാള വാക്കുകളെപ്പററി ചോദിക്കാമോ?

ശ്രീ. എ. എ. ഡി. ലൂയിസ്: സർ, എനിക്കു മെംബർക്കറിയാവുന്നതുപോലെ തന്നെ മലയാളം അറിയാം.

ശ്രീ. ടി. വി. തോമസ്: 'വഞ്ചന' എന്ന വാക്ക് വളരെ അപൂർവ്വമായിട്ടേ ഉപയോഗിക്കാവൂ എന്നു പറഞ്ഞു. വഞ്ചന പ്രയോഗിക്കുന്നതു വളരെ അപൂർവ്വമായിട്ടല്ലേ വേണ്ടതു്?

തൊഴിലാളി പണിമുടക്കുകേസ്.

* 195. [10] ശ്രീ. ആർ. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ–കൊച്ചി ട്രാൻസ്പോർട്ട് പണിമുടക്കു കാലത്തു് 1954 ആഗസ്റ്റ് 27-ാംതീയതി മുതൽ ചാർജ്ജുചെയ്ത കേസുകൾ പിൻവലിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണമെന്തു്;

(സി) ഈ പണിമുടക്കു കാലത്തു് 107-ാംവകുപ്പനുസരിച്ചു് തൊഴിലാളികളുടേയും തൊഴിലാളിപ്രവർത്തകരുടേയും പേരിൽ സ്റ്റേററിലാകെ എത്ര കേസുകൾ ഇനി പിൻവലിക്കാതെ ബാക്കിയുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ആഗസ്റ്റ് 27-ാംതീയതി മുതൽ ട്രാൻസ്പോർട്ടു പണിമുടക്കു കാലത്തു് ചാർജ്ജുചെയ്ത കേസുകൾ പിൻവലിച്ചിട്ടില്ല.

(ബി) പിൻവലിക്കുകയാണെങ്കിൽ അതിനുള്ള കാരണം പറയാമെന്നല്ലാതെ, പിൻവലിക്കാത്തതിനുള്ള കാരണം രേഖപ്പെടുത്തിയിട്ടില്ല.

(സി) പത്തു കേസുകൾ നിലവിലുണ്ടു്.

ശ്രീ. ആർ. സുഗതൻ: ഈ കേസുകളിൽ ആലപ്പുഴ ട്രാൻസ്പോർട്ടു പണിമുടക്കു സംബന്ധിച്ചു ഒരു കേസും ഉൾപ്പെട്ടുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഏതെല്ലാം കേസുകളാണെന്നു് അറിഞ്ഞുകൂടാ. പത്തു കേസുകൾ ഉണ്ടെന്നറിയാം.

ശ്രീ. സി. കെ. വിശ്വനാഥൻ: തൊഴിൽ തർക്കം മൂലം ഉണ്ടാകുന്ന കേസുകൾ ആ തർക്കം അവസാനിക്കുമ്പോൾ പിൻവലിച്ചുകൂടെ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ നിർബ്ബന്ധമില്ല. പണിമുടക്കു സംബന്ധിച്ചു സാങ്കേതികമായ ചില കേസുകൾ പിൻവലിച്ചുവെന്നു വരാം.

ശ്രീ. പി. ആർ. മാധവൻപിള്ള : കാസ് ആഫ് ആക്ഷൻ നിലവിലില്ലാത്ത സ്ഥിതിക്ക് 107-ാംവകുപ്പിൻപ്രകാരം ചാർജ്ജുചെയ്തിട്ടുള്ള കേസുകൾ പിൻവലിക്കാൻ പാടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ട്രാൻസ്പോർട്ടു പണിമുടക്കു പിൻവലിച്ചു എന്നുള്ളതുകൊണ്ടു് തൽസംബന്ധമായുണ്ടായിട്ടുള്ള കേസുകൾ പിൻവലിക്കണമെന്നു നിർബ്ബന്ധമില്ല. 107-ാംവകുപ്പ് അങ്ങനെ അനുശാസിക്കുന്നില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ട്രാൻസ്പോർട്ട് പണിമുടക്ക് അവസാനിക്കുകയും, അതു സംബന്ധിച്ചു യാതൊരു അസ്വാസ്ഥ്യങ്ങളും ഉണ്ടാകാൻ ഇടയില്ലാതിരിക്കുകയും ചെയ്യുന്ന സ്ഥിതിക്ക് ഈ കേസുകൾ പിൻവലിക്കാവുന്നതല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പററി പ്രത്യേകം മൂവുചെയ്യുകയാണെങ്കിൽ ആലോചിക്കാം.

ശ്രീ. പി. ഭാസ്കരൻനായർ : ഈ പത്തു കേസുകളിലായി ആകെ എത്ര പ്രതികളുണ്ടെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നോട്ടീസു വേണം.

തൊഴിൽത്തക്കം.

* 196. [11] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽത്തക്കങ്ങളെ തുടർന്ന് തൊഴിലാളിപ്രവർത്തകരുടെ മേൽ ചാർജ്ജു ചെയ്തിട്ടുള്ള എത്ര കേസുകൾ ഇന്നു വിചാരണയിലിരിക്കുന്നു;

(ബി) ഈ കേസുകൾ പിൻവലിക്കുന്നതിനു ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണമെന്താണ്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) തൊഴിൽത്തക്കങ്ങളെ സംബന്ധിച്ചുള്ള കേസുകളൊന്നും ഇന്നു വിചാരണയിലില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ആർ. സുഗതൻ : കൊച്ചിയിൽ, ചാരി ആൻഡ് കമ്പനിയിലെ ഒരു തൊഴിൽത്തക്കകേസ് നിലവിലുള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പ്രത്യേക നോട്ടീസു കിട്ടിയാൽ പറയാം.

ശ്രീമതി കെ. ആർ. ഗൗരി: രണ്ടു കൊല്ലത്തിനു മുൻപ് കൃഷ്ണ തൊഴിലാളികൾ തുറവൂർപാടത്തിൽ, കൊയ്ത്തില്ല എന്നുള്ള കാരണത്തിന്മേൽ 45 പേരുടെ പേരിൽ എടുത്ത ഒരു കേസ് നിലവിലില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസ് വേണം. കൊയ്ത്തില്ല എന്നുള്ള കാരണം മാത്രം കൊണ്ടു ചാർജ്ജ് ചെയ്തിട്ടുള്ള ഒരു കേസാണെങ്കിൽ ഉടൻ പിൻവലിക്കാം.

ശ്രീമതി കെ. ആർ. ഗൗരി: കുത്തിയതോട്ടു കയർകെട്ടുതൊഴിലാളികൾ പണിമുടക്കിയതിനെ സംബന്ധിച്ച് ചിലരുടെ പേരിൽ ഒരു കേസ് നിലവിലില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടാകാനിടയില്ല.

ശ്രീ. ടി. വി. തോമസ്സ്: തുറവൂർ പാടത്ത്, തൊഴിലാളി സ്ത്രീകൾ കൊയ്ത്തരിവാൾ കാണിച്ച് ഭീഷണിപ്പെടുത്തിയെന്നാണ് കേസ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതൊരു ഇംപ്രൂവ്മെൻറ് ആണ്.

ശ്രീ. പി. ഭാസ്കരൻനായർ: കോട്ടയം പ്ലൈവുഡ് ഫാക്ടറിയിൽ പണിമുടക്കുണ്ടായ അവസരത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ പിൻവലിച്ചുകൂടെ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കേസുകൾ പിൻവലിക്കുന്നതു് അതിൻെറ നാനാവശങ്ങളേയുംപററിപരിശോധിച്ചുവേണം. ഗവണ്മെൻറിന് അതിൽ സന്തോഷമാണ്. എന്നാൽ ഈ നിയമസഭയിൽ വച്ച് ഒരു ചോദ്യം ചോദിച്ചാൽ, വിശേഷിച്ചും നിയമസമാധാനങ്ങളെ സംബന്ധിച്ചുള്ള ഒരു കേസിനെപ്പററി ചോദിച്ചാൽ അതിന് ഉത്തരവാദിത്വത്തോടുകൂടി പെട്ടെന്ന് ഒരു മറുപടി പറയാൻ സാദ്ധ്യമല്ല. പ്ലൈവുഡ് ഫാക്ടറിയിലെ കേസ് എന്താണെന്നും, എന്തെല്ലാമാണ് ആ കേസിനകത്തുള്ളതെന്നും അറിയാതെ മറുപടി പറയാൻ നിവൃത്തിയില്ല. ആവശ്യമില്ലാതെ കേസുകൾ നടത്തണമെന്നോ, പ്രാസിക്യൂട്ടു ചെയ്തു ആളുകളെ അലോഹ്യപ്പെടുത്തണമെന്നോ ഗവണ്മെൻറിന് ആഗ്രഹമില്ല.

യാചകശല്യനിവാരണം.

* 197. [12] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിലെ പട്ടണങ്ങളിലും കോൺസ്റ്റേർട്ട് സ്റ്റാൻഡുകളിലും യാചകരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യാചകശല്യനിവാരണത്തിന് ഗവണ്മെൻറിന് വല്ല പദ്ധതിയും ഉണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) തിരുവിതാംകൂർ-കൊച്ചിയിലെ പട്ടണങ്ങളിലും ഗ്രാൻ സ്റ്റോർട്ടു ബസ്സ്സ്റ്റാൻഡുകളിലും യാചകരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) യാചകദുരിതനിവാരണത്തിന് ഗവണ്മെൻറിന് പദ്ധതി ഉണ്ട്.

ശ്രീ. എൻ. ജി. ചാക്കോ: എന്തു പദ്ധതിയാണെന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പല സ്ഥലത്തും യാചകദുരിത നിവാരണ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

ശ്രീ. എൻ. ജി. ചാക്കോ: ഏവിടെയൊക്കെയാണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ: തിരുവനന്തപുരത്തു ചിത്രാ പൂവർഹോം, സ്ത്രീധർമ്മാലയം, കോട്ടയം യാചകനിവാരണകേന്ദ്രം, ഉള്ളൂർ ധർമ്മാലയം, ആലപ്പുഴ പൂവർഹോം, തിരുവനന്തപുരം സർട്ടിഫൈഡ് സ്കൂൾ. ഇതുകൂടാതെ നാഗർകോവിൽ, കൊല്ലം എന്നീ മുനിസിപ്പാലിറ്റികളിൽ മുനിസിപ്പാലിറ്റി വകയായി യാചകകേന്ദ്രങ്ങൾ പ്രവർത്തനം നടത്തി വരുന്നു.

ശ്രീ. എൻ. ജി. ചാക്കോ: ഗവണ്മെൻറിൽനിന്നും നേരിട്ടുനടത്തുന്ന യാചകകേന്ദ്രങ്ങൾ ഉണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഉണ്ട്.

ശ്രീ. എൻ. ജി. ചാക്കോ: ഏവിടെയെല്ലാമാണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ: തൃശ്ശൂരും, മട്ടാഞ്ചേരിയിലും, എറണാകുളത്തും ഓരോ യാചകകേന്ദ്രം പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ടുമെൻറിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ നടത്തുന്നുണ്ട്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: ഗവണ്മെൻറ് നേരിട്ടു നടത്തുന്ന യാചകകേന്ദ്രങ്ങൾ മുനിസിപ്പാലിറ്റികൾക്കു വിട്ടുകൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ചില സ്ഥലത്തെ മുനിസിപ്പാലിറ്റികൾക്കു വിട്ടുകൊടുക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. അതിനെപ്പററി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എൻ. പരമേശ്വരൻപിള്ള: ചങ്ങനാശേരി മുനിസിപ്പാലിറ്റി ഒരു യാചകകേന്ദ്രം നടത്തുന്നതായി അറിയാമോ?

ശ്രീ. കെ കൊച്ചുകുട്ടൻ: നോട്ടീസ്സുവേണം.

ശ്രീ. എൻ. പരമേശ്വരൻപിള്ള: അങ്ങനെയുണ്ടെങ്കിൽ അതിനാവശ്യമായ ഗ്രാൻറ് നൽകുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ആലോചിക്കാം.

ശ്രീ. സി. എ. മാത്യു: യാചകന്മാർ അലഞ്ഞുതിരിഞ്ഞു നടക്കുന്നതു പൊതുജനാരോഗ്യത്തിനു ഹാനികരമല്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനു പരിഹാരമുണ്ടാക്കാനാണ് യാചകകേന്ദ്രങ്ങൾ സ്ഥാപിച്ചിരിക്കുന്നത്.

ശ്രീ. സി. എ. മാത്യു : യാചകകേന്ദ്രങ്ങളിലേക്കു ഉടനടി ഈ കൂട്ടരെ മാറ്റുന്നതിനു ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഗവണ്മെൻറിന്റെ സാമ്പത്തിക പരിധിയിനിന്നുകൊണ്ടു കഴിയുന്നത്ര ശ്രമിക്കാം.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : യാചകരുടെ സെൻസസ് എടുത്തിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇല്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : പട്ടണങ്ങളിലും ട്രാൻസ്പോർട്ട് ബസ്സ്സ്റ്റാൻഡുകളിലും ദൈനംദിനം വർദ്ധിച്ചുവരുന്ന യാചകന്മാരുടെ ജാതിതിരിച്ചുള്ള പട്ടിക തയാറാക്കിയിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിന്റെ ആവശ്യമുണ്ടെന്നു ഗവണ്മെൻറിനു തോന്നിയിട്ടില്ല.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : യാചകന്മാരല്ലാത്തആളുകളെ, യാചകകേന്ദ്രങ്ങളിലേക്കു പിടിച്ചുകൊണ്ടു പോകുന്നതായി അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അറിഞ്ഞുകൂടാ.

ശ്രീ. ഇ. പി. ഹാർമിസ് : എല്ലാ മുനിസിപ്പാലിറ്റികളിലും കേന്ദ്രങ്ങൾ ഉണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇല്ല.

ശ്രീ. ടി. കെ. ദിവാകരൻ : നല്ല ആരോഗ്യമുള്ള എന്താണും തൊഴിലാളികൾ, പണിമുടക്കു സംബന്ധിച്ചു സംഭാവന പിരിക്കുന്നതിനായി പോണിയുമായി തിരുവനന്തപുരം പട്ടണത്തിൽ നടന്ന അവസരത്തിൽ സ്ഥലത്തെ ഒരു പോലീസുദ്യോഗസ്ഥൻ അവർ യാചകന്മാരാണെന്നും പറഞ്ഞു, അവരുടെമേൽ കേസെടുത്തിട്ടുള്ളതായി അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അറിവില്ല. അങ്ങനെ പോണിയും, പാത്രവുമായി യാചിച്ചു നടക്കുകയാണെങ്കിൽ അതു സംഭവിച്ചേക്കാം.

ശ്രീ. കെ. സി. ജോർജ് : തിരുവനന്തപുരം പട്ടണത്തിൽ എത്ര യാചകന്മാരുണ്ടെന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അറിഞ്ഞുകൂടാ.

ശ്രീ. കെ. സി. ജോർജ് : ഇന്നു യാചകന്മാരുടെ എണ്ണം വർദ്ധിച്ചുവരികയാണെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ . വർദ്ധിച്ചുവരികയാണ്.

ശ്രീ. കെ. സി. ജോർജ് : അതിന്റെ നിവാരണത്തിനായി എന്തു പദ്ധതിയാണുള്ളതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ : എണ്ണം കുറയ്ക്കാനാണു ഈമാതിരി കേന്ദ്രങ്ങൾ ഉപേക്ഷിച്ചിട്ടുള്ളത്. പക്ഷെ, അതുകൊണ്ടുമാത്രം ഈ പ്രശ്നം പരിപൂർണ്ണമായി പരിഹരിക്കപ്പെടുമെന്നു തോന്നുന്നില്ല. പൊതുജനങ്ങൾ ഇവരെ സഹായിക്കാതെ നിരുത്സാഹപ്പെടുത്തണം.

ശ്രീ. കെ. സി. ജോർജ് : പരിപൂർണ്ണമായി ഈ പ്രശ്നം പരിഹരിക്കുന്നതിനു വല്ല പദ്ധതിയുമുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇപ്പോൾ ഉള്ള പദ്ധതികളെപ്പററി പറഞ്ഞു.

ശ്രീ. കെ. കരുണാകരൻ : യാചകന്മാരിൽ, പകർച്ചവ്യാധികൾ പിടിപെട്ടിട്ടുള്ളവരെയും, തീരെ ആരോഗ്യമില്ലാത്തവരെയും ലിക്വിഡേററു ചെയ്യുന്നകാര്യം ഗവണ്മെൻറു ആലോചിക്കുമോ?

ശ്രീ. കെ. കെ. കൊച്ചുകുട്ടൻ : അതിനെപ്പററി ഇതേവരെ ആലോചിട്ടില്ല.

ശ്രീ. കെ. സി. ജോർജ് : 'ലിക്വിഡേററു ചെയ്യുക' എന്നതിനു എന്താണു മനസ്സിലാക്കിയതെന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. കെ. കൊച്ചുകുട്ടൻ : ലിക്വിഡേററു് എന്നുവച്ചാൽ റഷ്യയിൽനിന്നും ചൈനയിൽനിന്നും അറിയുന്നതു് ഇല്ലാതാക്കുക എന്ന അർത്ഥത്തിലാണു്.

ശ്രീ. ടി. വി. തോമസ് : വായിച്ചലിസ്റ്റിൽ, ആലപ്പുഴ പൂവർഹോമിനു് ഇപ്പോൾ ഗവണ്മെൻറു സഹായധനം നൽകുന്നുവെന്നു് പറഞ്ഞതു ശരിയാണോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ആ സ്ഥലങ്ങളിൽ പൂവർഹോം ഉണ്ടെന്നാണു പറഞ്ഞതു്.

ശ്രീ. ടി. വി. തോമസ് : കഴിഞ്ഞ ചില വർഷങ്ങളായി ആലപ്പുഴ പൂവർഹോമിനു ഗ്രാൻറു കൊടുക്കുന്നില്ലെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനെപ്പററി അന്വേഷിക്കാം.

ശ്രീ. ടി. വി. തോമസ് : ഈയിനത്തിൽ ഒരുലക്ഷത്തി നാല്പതിനായിരം രൂപ കഴിഞ്ഞ മൂന്നുകൊല്ലങ്ങളായി ലാപ്സായിപ്പോകുന്നതു അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ലാപ്സാകാനിടയില്ല. പരിശോധിക്കാം.

അനാഥപ്രേതങ്ങൾ.

* 198 [13] ശ്രീ. യു. നീലകണ്ഠൻ : താഴെക്കാണുന്ന ചോദ്യത്തിനു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അനാഥപ്രേതങ്ങൾ മറവുചെയ്യുന്നതിനു് സർക്കാരിൽനിന്നും അനുവദിച്ചിട്ടുള്ള പ്രതിഫലമെന്തു്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) : അനാഥപ്രേതങ്ങൾ മറവുചെയ്യുന്നതിന് പ്രേതം ഒന്നിന് അഞ്ചു രൂപാ അനുവദിച്ചുകൊടുത്തിട്ടുണ്ട്.

ശ്രീ. യു. നീലകണ്ഠൻ : ആരെയാണു അതിലേക്കു ചുമതലപ്പെടുത്തിയിരിക്കുന്നതു്?

ശ്രീ. എ. എ. റഹിം : സാധാരണ റവന്യൂ ഡിപ്പാർട്ടുമെൻറിൽ നിന്നാണു ചെയ്യുന്നതു്.

ശ്രീ. യു. നീലകണ്ഠൻ : അനാഥപ്രേതങ്ങൾ, ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥമൂലം മറവുചെയ്യാൻ താമസിക്കുന്നതുകൊണ്ടു പൊതുജനങ്ങൾക്കു ഉപദ്രവം നേരിടുന്നതായി അറിയാമോ?

ശ്രീ. എ. എ. റഹിം : മറവുചെയ്യാതെ ഒരു പ്രേതവും കിടന്നിട്ടുള്ളതായി അറിവില്ല.

ശ്രീ. ടി. എ. മജീദ് : ജീവനുള്ള മനുഷ്യരെ അനാഥപ്രേതങ്ങളായി മാറുന്നതിനുള്ള സാഹചര്യം ഗവണ്മെൻറു സൃഷ്ടിക്കുമോ?

മി. സ്പീക്കർ : ചോദ്യം അനുവദിക്കുന്നില്ല.

വനം കാൺട്രാക്ററുകൾ.

* 199. [15] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1955–ജാനുവരിമാസത്തിൽ ടെൻറർ വിളിക്കാതെ, എത്ര വനം കാൺട്രാക്ടുകൾ ഗവണ്മെൻറു നൽകിയിട്ടുണ്ട്; ആക്കില്ലാം ;

(ബി) മണിമല റിസർവ്വിൽ നിന്നും തടി വെട്ടി മാററുന്നതിനുള്ള കാൺട്രാക്ട് നൽകിയതു എന്തു വ്യവസ്ഥകളിന്മേലാണ്; ഇതുകൊണ്ടെന്തെങ്കിലും നഷ്ടം ഗവണ്മെൻറിനുണ്ടായിട്ടുണ്ടോ?

ആഭ്യന്തരകാര്യ മന്ത്രി ശ്രീ. (എ. ജെ. ജോൺ) : (എ) പുതിയ കാൺട്രാക്ട് ഒന്നും നൽകിയിട്ടില്ല. ഒരു കാൺട്രാക്ടിൻെറ തുടർച്ചയായ ഒരു സ്ഥലത്തു അനുവാദം നൽകിയിട്ടുണ്ട്.

(ബി) മണിമല റേഞ്ചിൽ, റാന്നി റിസർവ്വിൽനിന്നും ഉദ്ദേശം 600 ടൺ തേക്കും, ഈട്ടിയും കൂബിക്കടിക്ക് 2 രൂപാ 12 അണ കോഠം വിലനിരക്കനുസരിച്ചു പാരംപുഴ ഡിപ്പോവിൽ ഇറക്കി ഏല്പിക്കാൻ, സപ്ലൈ കാൺട്രാക്ററു വ്യവസ്ഥയിൽ ഒരു കാൺട്രാക്ററു നൽകിയിട്ടുണ്ട്. ഇതിൽ ഗവണ്മെൻറിലേക്കു നഷ്ടം ഒന്നും ഇല്ല.

ശ്രീ. സി. എ. മാത്യു : ടെൻറർ വിളിക്കാതെ ലേലംചെയ്തു കൊടുക്കാൻ കാരണമെന്താണ്?

ശ്രീ. എ. ജെ. ജോൺ : ടെൻറർ വിളിക്കാതെ കൊടുക്കരുതെന്നാണ് ഗവണ്മെൻറു നയം. ചില സന്ദർഭത്തിൽ ചില പ്രത്യേക കാരണങ്ങളാൽ കൊടുത്തുപോവുന്നുവരാം.

ശ്രീ. സി. എ. മാത്യു : പ്രത്യേക കാരണമെന്താണ്?

ശ്രീ. എ. ജെ. ജോൺ : ചുററുമുള്ള ഭാഗങ്ങൾ ഒരാൾ കാൺട്രാക്ററെ എടുത്തിരിക്കുകയും, അതിനോടു തൊട്ടു ചേർന്നുവരുന്ന കുറെ സ്ഥലം ആ കൺട്രാക്ററക്കു ടെൻറർ വിളിക്കാതെ കൊടുക്കുകയും ചെയ്യുന്നുണ്ട്. വളരെ അപൂർവ്വമായിട്ടേ അങ്ങനെ കൊടുക്കാറുള്ളൂ.

കുരുമുളക്.

* 200. [16] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954-55-ൽ സംസ്ഥാനത്തിന്നും എത്ര ടൺ കുരുമുളകു കയററുമതി ചെയ്തു ;

(ബി) കുരുമുളകുചെടിയുടെ സുഖക്കേടിനെപ്പററി എന്തെങ്കിലും ഗവേഷണം നടത്തുന്നുണ്ടോ ;

(സി) കുരുമുളകുകൃഷിയെ പ്രോത്സാഹിപ്പിക്കുന്ന വല്ല പദ്ധതിയും ഇപ്പോൾ നിലവിലുണ്ടോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) : (എ) കുരുമുളകു കയററുമതി ചെയ്തിട്ടുള്ളതിൻെറ കണക്കു ശേഖരിച്ചിട്ടില്ല.

(ബി) ഇപ്പോൾ ഗവേഷണം നടത്തുന്നില്ല.

(സി) പദ്ധതിയൊന്നും ഇപ്പോൾ നിലവിലില്ല.

ശ്രീ. സി. എ. മാത്യു : വളരെയധികം ഡാളർ സമ്പാദിച്ചുതരുന്ന കുരുമുളകിനെപ്പററി ഗവേഷണം നടത്തുതിന് ഒരു റിസർച്ച് സ്റ്റേഷൻ സ്ഥാപിക്കുമോ ?

ശ്രീ. എ. എ. റഹിം : അതിനെപ്പററി ആലോചിക്കാം.

ശ്രീ. ടി. കെ. ദിവാകരൻ : സ്റ്റൈസസ് എൻക്വയറികമ്മിററിയുടെ റിപ്പോർട്ടിന്മേൽ ഗവണ്മെൻറു എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : നോട്ടീസ്സുവേണം.

ശ്രീ. സി. എ. മാത്യു : ഈ നില തുടരുന്നപക്ഷം, കുരുമുളകുകൃഷി തീരെ ഇല്ലാതാകുമെന്നുള്ളവിവരം ഗവണ്മെൻറിനറിയാമോ ?

ശ്രീ. എ. എ. റഹിം : അങ്ങനെ ഉണ്ടാകുമെന്നു തോന്നുന്നില്ല.

ശ്രീ. സി. എ. മാത്യു : കുരുമുളകുകൃഷിയിൽ കൂടുതൽ പരിചയമുള്ള ഒരു വ്യക്തിയെന്ന നിലയിൽ, ആ കൃഷി ഇവിടെ നശിക്കുമെന്നുള്ള സ്ഥിതിയിലേക്കു നടങ്ങുകയാണെന്നു ഞാൻ പറഞ്ഞാൽ വിശ്വസിക്കുമോ ?

മി. സ്പീക്കർ : അതൊരു അഭിപ്രായമാണ്.

ആശുപത്രികൾ.

* 201. [17] ശ്രീ. പി. കെ. യശോധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) 1954 മാർച്ചിനുശേഷം സംസ്ഥാനത്ത് ഏതെങ്കിലും ആശുപത്രികൾ ഒന്നാംഗ്രേഡായി ഉയർത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ;

(സി) കായംകുളം ആശുപത്രി അപ്രകാരം ഉയർത്തുന്നതിന് വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) അതുസംബന്ധിച്ച നടപടികൾ എടുത്തിട്ടുണ്ട്.

ശ്രീ. പി. കെ. യശോധരൻ : നടപടി എടുത്തിട്ടുണ്ടെങ്കിൽ, ബഡ്ജററിൽ അതു കാണാത്തതിന്റെ കാരണമെന്താണ് ?

ശ്രീ. എ. എ. റഹിം : ബഡ്ജററിൽ കൊള്ളിക്കത്തക്കവിധം നടപടികൾ പുരോഗമിച്ചിട്ടില്ല.

ശ്രീ. പി. കെ. യശോധരൻ : അതുസംബന്ധിച്ച് എന്തു നടപടികൾ എടുത്തു ?

ശ്രീ. എ. എ. റഹിം : സ്ഥലം പൊന്നും വിലയ്ക്കെടുക്കാൻ ആലോചിക്കുകയാണ്.

ശ്രീ. പി. കെ. യശോധരൻ : പൊന്നും വിലയ്ക്കു എടുക്കാൻ ഗവണ്മെൻറ് ആർഡർ ഇട്ടതാണെന്നറിയാമോ ?

ശ്രീ. എ. എ. റഹിം : സ്ഥലം എടുക്കണമെന്നു ഗവണ്മെൻറ് തീരുമാനിച്ചിട്ടുള്ളതായി അറിയാം.

ശ്രീ. പി. കെ. യശോധരൻ : സ്ഥലം എടുക്കാതിരിക്കാൻ കാരണമെന്തു് ?

ശ്രീ. എ. എ. റഹിം : അതിനുവേണ്ട നടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. പി. കെ. യശോധരൻ : ഈ ആശുപത്രി ഒന്നാംഗ്രേഡായി ഉയർത്തുന്നതിനുള്ള പ്രവർത്തനം മന്ദീഭവിക്കുന്നതിനുള്ള കാരണമെന്തു് ?

ശ്രീ. എ. എ. റഹിം : ആശുപത്രികൾ ഇല്ലാത്ത സ്ഥലങ്ങളിൽ ആശുപത്രി സ്ഥാപിക്കണമെന്നുള്ളതാണ് ഗവണ്മെൻറിന്റെ നയം. കായംകുളത്തു ഇപ്പോൾ ഒരാശുപത്രിയുണ്ട്. അവിടെ കൂടുതൽ സൗകര്യം ഉണ്ടാക്കണമെന്നുള്ളതാണ് ആവശ്യം.

ശ്രീ. പി. കെ. യശോധരൻ : ഈ ആശുപത്രിയുടെ പ്രവർത്തനം നിറുത്തിവച്ചിട്ടു, ഹരിപ്പാട്ടു ആശുപത്രി സ്ഥാപിക്കാൻ കാരണമെന്താണ് ?

ശ്രീ. എ. എ. റഹിം : അതിന്റെ പ്രവർത്തനം നിറുത്തിവെച്ചിട്ടില്ല.

ശ്രീ. പി. കെ. യശോധരൻ : പ്രവർത്തനം നിറുത്തിവച്ചിട്ടില്ലെങ്കിൽ തുക ബഡ്ജററിൽ കൊള്ളിക്കേണ്ടതല്ലേ ?

ശ്രീ. എ. എ. റഹിം : ബഡ്ജററിൽ കൊള്ളിച്ചിട്ടില്ലെങ്കിൽ, സപ്ലിമെൻററി ഗ്രാൻറായിട്ടു കൊണ്ടുവരാവുന്നതേയുള്ളൂ.

ശ്രീ. പി. കെ. യശോധരൻ : പത്തായി പത്തു ആശുപത്രികൾ തുടങ്ങാൻ പോകുന്നുവെന്ന് കഴിഞ്ഞ ഒരു ദിവസം മന്ത്രി ചോദ്യത്തിനുത്തരം പറഞ്ഞു. അതിൽ പഴയ ഗവണ്മെൻറ് അനുവദിച്ചിട്ടുള്ള ആശുപത്രികളും ഉൾപ്പെടുമോ ?

ശ്രീ. എ. എ. റഹിം : ഞാൻ അങ്ങനെയല്ല പറഞ്ഞതു്; പത്തു ഡിസ്പെൻസറികൾ എന്നാണു പറഞ്ഞതു്. പഴയ ഗവണ്മെൻറും ഇന്ന ഗവണ്മെൻറും എന്നു ഗവണ്മെൻറിനു പ്രത്യേകതയൊന്നുമില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : കായംകുളം ഒന്നാംഗ്രേഡ് ആശുപത്രിയായി ഇക്കൊല്ലം ഉയർത്തുമോ ?

ശ്രീ. എ. എ. റഹിം : കഴിയുന്നതുംവേഗം ശ്രമിക്കാം.

Health Centres.

* 202. [18] **Shri Prakulam Bhasi :** Will the Minister for Health be pleased to state :

(*a*) whether the Government propose to open new primary health centres during the new financial year and if so, how many ;

(*b*) have the proposed centres been selected and if so which are the centres selected ;

(*c*) what is the policy of Government in the matter of selecting centres as primary health centres ?

Minister for Health **(Shri A. A. Rahim) :** (*a*) Two centres.

(*b*) Centres have not been selected .

(*c*) Selection of centres is made in consideration of the following :

(i) backward areas in respect of health ;

(ii) existing facilities in getting penicillin and public co-operation ;

(iii) special health problems to be tackled.

ശ്രീ. പ്രാക്കുളം ഭാസി : ഹെൽത്തു സെൻറർ അനുവദിക്കണമെങ്കിൽ, അവിടെ ആശുപത്രി ഉണ്ടായിരിക്കണമെന്നു നിർബ്ബന്ധമുണ്ടോ ?

ശ്രീ. എ. എ. റഹിം : നിർബ്ബന്ധമില്ല.

ശ്രീ. പി. കെ. കുഞ്ഞു് : ഡിസ്പെൻസറി വേണമെന്നു നിർബ്ബന്ധമുണ്ടോ ?

ശ്രീ. എ. എ. റഹിം : ഉണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി : ഡിസ്പെൻസറി ഇല്ലാത്ത സ്ഥലങ്ങളിൽ ഹെൽത്തു സെൻറർ അനുവദിച്ചിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : അനുവദിച്ചിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി : ഇടപ്പള്ളിയിൽ അനുവദിച്ചിട്ടില്ലേ ?

ശ്രീ. എ. എ. റഹിം : അതു് കമ്മ്യൂണിററി പ്രോജക്ററ് ഏരിയായിൽ പെട്ടതാണ്.

ശ്രീ. പ്രാക്കുളം ഭാസി : കമ്മ്യൂണിററി പ്രോജക്ററിൽനിന്നും ചെയ്യുന്നതും ഗവണ്മെൻറു ചെയ്യുന്നതും പ്രത്യേകമാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കമ്മ്യൂണിററി പ്രോജക്ററിൽ പ്രൈമറി ഹെൽത്തു സെൻറർ സ്ഥാപിക്കുന്ന ഒരു പ്രോഗ്രാം ഉണ്ട്. മെഡിക്കൽ റിലീഫും, പ്രിവൻഷൻ ആക്ററിവിററീസും സംയോജിച്ചു നടത്തുവാനും, പ്രാഥമിക ശുശ്രൂഷകളും ചികിത്സകളും നൽകുന്നതിനുമുള്ള ഒരു പദ്ധതിയാണിതു്.

ശ്രീ. പ്രാക്കുളം ഭാസി : ഇപ്പോൾ ഹെൽത്തു സെൻറർ എവിടെയെല്ലാം സ്ഥാപിച്ചിട്ടുണ്ട് ?

ശ്രീ. എ. എ. റഹിം : ചെറുനാഗപ്പള്ളി, കുത്താട്ടുകുളം, കുമ്പഴ ഇത് ഈ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി : ഇതിന് സെൻട്രൽ ഗവണ്മെൻറിൽനിന്നും ഗ്രാൻറ് നൽകുന്നുണ്ടോ ?

ശ്രീ. എ. എ. റഹിം : ചില സഹായങ്ങൾ നൽകുന്നുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി : കൂടുതൽ സ്ഥലങ്ങളിൽ ഏർപ്പെടുത്തിക്കൂടെ ?

ശ്രീ. എ. എ. റഹിം : ഇതു പരീക്ഷണാർത്ഥം തുടങ്ങിയിരിക്കുകയാണ്. കൂടുതൽ സ്ഥലത്തു തുടങ്ങുന്ന കാര്യം ആലോചിക്കാം.

ശ്രീ. കെ. പി. ഹാർമിസ് : ഓരോ ഹെൽത്തു സെൻററിനും രണ്ടു ഡാക്ടർമാർ ഉണ്ടായിരിക്കണമെന്നു നിർബ്ബന്ധമുണ്ടോ ? ഒരു ഡാക്ടറും, ലേഡിഡാക്ടറും.

ശ്രീ. എ. എ. റഹിം : ഉണ്ട്.

ശ്രീ. കെ. പി. ഹാർമിസ് : ഇപ്പോൾ അങ്ങനെ നിയമിച്ചിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : ഇപ്പോൾ കുറവുണ്ട്.

ശ്രീ. കെ. പി. ഹാർമിസ് : ഡാക്ടർമാരെ നിയമിക്കുന്ന കാര്യം ആലോചിക്കുമോ ?

ശ്രീ. എ. എ. റഹിം : ഡാക്ടർമാരെ കിട്ടാനുള്ള പ്രയാസം കൊണ്ടാണ് ചില സ്ഥലങ്ങളിൽ ഹെൽത്തു സെൻറർ തുടങ്ങാൻതന്നെ നിവൃത്തിയില്ലാതെ വന്നിരിക്കുന്നതു്.

ആണററി മെഡിക്കൽ ആഫീസറന്മാർ.

* 203. [19] ശ്രീ. പി. ഭാസ്കരൻനായർ : താഴെ പറയുന്ന ചോദ്യത്തിന് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

ആണററി മെഡിക്കൽ ആഫീസറന്മാർ ഗവണ്മെൻറു ജീവനക്കാരെപ്പോലെ പൂർണ്ണകാലസേവനം (Full time service) അനുഷ്ഠിക്കണമെന്നു ഗവണ്മെൻറ് പ്രതീക്ഷിക്കുന്നുണ്ടോ ; അങ്ങനെ നിർദ്ദേശിച്ചിട്ടുണ്ടോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം): ഉണ്ട്.

ശ്രീ. പി. ഭാസ്കരൻനായർ: ഡാക്ടർമാർ കുറവായതുകൊണ്ടു ആണറിറി ഡാക്ടർമാരെ നിയമിക്കുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. എ. എ. റഹിം: ആലോചിക്കാം.

ശ്രീ. പി. ഭാസ്കരൻനായർ: പ്രത്യേക വൈദഗ്ദ്ധ്യമുള്ള ഡാക്ടർമാർ മുഴുവൻ സമയവും ആശുപത്രിയിൽ പ്രവർത്തനം നടത്താൻ തയാറുണ്ടോ എന്നറിയാമോ?

ശ്രീ. എ. എ. റഹിം: അതിനെപ്പററി അന്വേഷിച്ചിട്ടില്ല.

ശ്രീ. പി. ഭാസ്കരൻനായർ: പ്രതിഫലേച്ഛകൂടാതെ, സേവനം അനുഷ്ഠിക്കാൻ തയാറാകുന്ന ഡാക്ടർമാരെ, പിന്നീട് ഡിപ്പാർട്ടുമെൻറിൽ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. എ. റഹിം: അങ്ങനെ ഉദ്ദേശിക്കുന്നുണ്ട്.

മൈനർ ഇറിഗേഷൻ പദ്ധതി.

* 204. [20] ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) മൈനർ ഇറിഗേഷൻ പദ്ധതിക്ക് ഇക്കൊല്ലം എത്ര സംഖ്യ നീക്കിവച്ചിട്ടുണ്ട്;

(ബി) ഏപ്രിൽമുതൽ ജനുവരിക്കുടി പത്തുമാസങ്ങളിൽ എന്തു തുക ചെലവുചെയ്തിട്ടുണ്ട്;

(സി) ഈ ഇനത്തിൽ കേന്ദ്രഗവണ്മെൻറിൽനിന്നും എന്തെങ്കിലും സംഖ്യ കിട്ടിയിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. പി. കുഞ്ഞിക്കണ്ണൻ):

(എ) മൈനർ ഇറിഗേഷൻ പദ്ധതികൾക്കായി ഈ കൊല്ലം 25,25,000 രൂപാ നീക്കിവച്ചിട്ടുണ്ട്.

(ബി) ഏപ്രിൽ മുതൽ ജനുവരിവരെ പത്തുമാസം 2,94,431 രൂപാ ചെലവുചെയ്തിട്ടുണ്ട്.

(സി) മൈനർ ഇറിഗേഷൻ ജോലികൾക്കായി എത്ര സംഖ്യ ഇക്കൊല്ലം തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറ് ചെലവാക്കുമോ ആ സംഖ്യ ഇൻഡ്യാഗവണ്മെൻറിൽനിന്നും കടമായി ഇക്കൊല്ലംതന്നെ കിട്ടുന്നതാണ്.

ലോക്കൽ ഡെവലപ്പുമെൻറ് വർക്ക്സ്.

* 205. [21] ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ലോക്കൽ ഡെവലപ്പുമെൻറ് വർക്ക്സ്വകയ്ക്ക് ഇക്കൊല്ലം എത്ര സംഖ്യ നീക്കിവച്ചിട്ടുണ്ട്;

(ബി) കേന്ദ്രഗവണ്മെൻറിന്നിന്നും ഈ വകയിൽ എത്ര സംഖ്യ തന്നിട്ടുണ്ടു് ;

(സി) ഏപ്രിൽ മുതൽ ജനുവരിക്കുടി പത്തുമാസങ്ങളിൽ എത്ര സംഖ്യ ചെലവുചെയ്തിട്ടുണ്ടു് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ലോക്കൽ ഡെവലപ്പ്മെൻറ് ജോലികൾക്കായി ആകെ 30.85 ലക്ഷം രൂപാ നീക്കിവച്ചിട്ടുണ്ടു്.

(ബി) ഒന്നും തന്നിട്ടില്ല.

(സി) ഒന്നും ചെലവുവന്നിട്ടില്ല.

WRITTEN ANSWERS.

മുനിസിപ്പാലററികൾക്കു് ലോൺ.

* 206. [22] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ഈയാണ്ടിൽ മുനിസിപ്പാലിററികൾക്കെല്ലാംകൂടി എത്ര സംഖ്യ ലോണായി കൊടുക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടു് ;

(ബി) ലോണിനു് അപേക്ഷിച്ചിട്ടുള്ള മുനിസിപ്പാലിററികൾ ഏതെല്ലാം ;

(സി) ഏതു മാനദണ്ഡമടിസ്ഥാനമാക്കിയാണു് ലോൺ അനുവദിക്കുന്നതു് ;

(ഡി) വൈക്കം മുനിസിപ്പാലിററി ലോണിനപേക്ഷിച്ചിട്ടുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ഈയാണ്ടിൽ (1954–55) മുനിസിപ്പാലിററികൾക്കെല്ലാംകൂടി 2,38,500 രൂപ ലോണായി കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടു്.

(ബി) തിരുവനന്തപുരം കാർപ്പറേഷൻ, മട്ടാഞ്ചേരി, എറണാകുളം, തൃശ്ശൂർ, ചേർത്തല, പാല, പെരുമ്പാവൂർ, നെയ്യാററിൻകര, ആലുവാ, വൈക്കം, കുളച്ചൽ, ആററിങ്ങൽ, പാറവൂർ, എന്നീ മുനിസിപ്പാലിററികളും ലോൺ കിട്ടുന്നതെന്നു് ആവശ്യപ്പെട്ടിട്ടുണ്ടു്.

(സി) മുനിസിപ്പാലിററികളുടെ പ്രത്യേകാവശ്യം, നിശ്ചിതകാലാവധിക്കുള്ളിൽ മടക്കികൊടുക്കുവാനുള്ള ധനശേഷി മുതലായവ പരിഗണിച്ചു് ലോൺ നൽകുന്നതാണു്. കൂടാതെ ലോണിനപേക്ഷിക്കുന്ന മുനിസിപ്പാലിററികൾ ലോക്കൽ അതാറിട്ടീസ് ലോൺസാക്ററിലേയും ലോക്കൽ അതാറിട്ടീസ് ലോൺസ് റൂളുകളിലേയും നിബന്ധനകൾ അനുസരിക്കേണ്ടതുമുണ്ടു്.

(ഡി) വൈക്കം മുനിസിപ്പാലിററി, മുനിസിപ്പൽ ആഫീസ്കെട്ടിടം പണിയുന്നതിലേക്കായി 50,000 രൂപാ ലോണായി കിട്ടണമെന്നപേക്ഷിച്ചിട്ടുണ്ടു്.

Harijan Villages.

* 207. [26] **Shri T. S. Ramaswami :** Will the Minister for Local Self Government be pleased to state :

(*a*) whether it is a fact that many Harijan villages throughout the State in general and South Travancore in particular are without approach roads ;

(*b*) whether the Government will take particular attention in providing these villages with roads as early as possible ?

Minister for Local Self Government (**Shri K. Kochukuttan**) :

(*a*) Yes. It is a fact that many Harijan villages throughout the State are without good approach roads.

(*b*) Government are taking steps for providing the Harijan villages with roads.

Police firing.

* 208. [27] **Shri R. Ponnappa Nadar :** Will the Home Minister be pleased to state :

(*a*) in how many places did the police open fire on August 11, 1954 ;

(*b*) how many persons sustained injuries by the firing ;

(*c*) what the total number of casualties in the various places ;

(*d*) is there any variation in figures as given by the District Magistrate, Trivandrum, and the Enquiry Commissioner ;

(*e*) does this Government propose to give any compensation to the affected families ?

Home Minister (**Shri A. J. John**) : (*a*) Three places.

(*b*) 15 persons.

	Dead.	*Injured.*
(*c*) Martandam	1	nil.
Thoduvatty	2	nil.
Puthukkada	4	8

(*d*) No.

(*e*) Government have sanctioned the payment of an amount of Rs. 500 each to the wife or the dependents of four of the seven persons dead. The remaining three cases are under consideration of Government.

UNSTARRED QUESTIONS AND ANSWERS.

കൊലപാതകങ്ങൾ.

37. [2] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ ?

(എ) കഴിഞ്ഞ ഒരു വർഷക്കാലത്തിനുള്ളിൽ എത്ര കൊലപാതകങ്ങൾ സംസ്ഥാനത്തു നടന്നതായി ഐ. ജി. ക്കു പരാതി കിട്ടിയിട്ടുണ്ട് ;

(ബി) ഈ കൊലപാതകങ്ങൾ നടത്തിയതിൽ ഇതുവരെയായി എത്രപേരെ കണ്ടുപിടിച്ചിട്ടുണ്ട്; എത്രപേരെ അറസ്റ്റു ചെയ്തിട്ടുണ്ട്;

(സി) 12–2–55 രാത്രിയിൽ പാലേക്കുംഗുണ്ടിയിൽ ചാത്തൻ കുഞ്ഞൻ മാളി എന്ന കൃഷ്ണത്തൊഴിലാളിയെ പുലിയൂർ പകുതിയിൽ കളപ്പുരവടക്കേതിൽ മടവുറംവയലിൽ കൊന്നിട്ടിരുന്നതായി (പിറേറ ദിവസം രാവിലെ ശവം കാണപ്പെട്ടതായി) വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിനെപ്പററി വല്ല അന്വേഷണവും നടത്തിയോ;

(ഇ) ആരൊക്കെയാണ് അന്വേഷണം നടത്തിയത്;

(എഫ്) കുററക്കാരെ ഇതുവരെ കണ്ടുപിടിക്കുകയുണ്ടായോ;

(ജി) ഇല്ലെങ്കിൽ അതിനെക്കുറിച്ച് കൂടുതലായി അന്വേഷിക്കുന്നതിനു പ്രത്യേകം സി. ഐ. ഡി. കളെ നിയോഗിക്കുവാൻ ഗവണ്മെൻറു തയ്യാറാകുമോ?

ഉത്തരം

(എ) 136.

(ബി) (1) 206. (2) 199.

(സി) ഉണ്ട്.

(ഡി) നടത്തി. ചെങ്ങന്നൂർ പോലീസ്സ്റ്റേഷനിൽ, ഇൻഡ്യൻ പീനൽകോഡ് 302–ം 394–ം വകുപ്പുകൾപ്രകാരം ഉള്ള കുററങ്ങൾക്കായി 23–55u/s നമ്പരിൽ കേസ് രജിസ്റ്റർ ചെയ്തു. അന്വേഷണം നടന്നുവരുന്നു.

(ഇ) സ്ഥലം പോലീസും, ക്രൈംബ്രാഞ്ചു് സർക്കിൾ ഇൻസ്പെക്ടരും, കീഴ്ഉദ്യോഗസ്ഥന്മാരും.

(എഫ്) പ്രതികൾ ആരാണെന്നു് തെളിഞ്ഞിട്ടില്ല.

(ജി) (ഇ) വിഭാഗത്തിനു് നൽകിയിട്ടുള്ള ഉത്തരത്തിൻെറ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

മദ്യനിരോധനം.

38. [8] ശ്രീ. പി കെ. അബ്ദുൾഖാദർ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

മുകുന്ദപുരം താലൂക്കിലെ എടവിലങ്ങ വില്ലേജിൽകൂടി പരിപൂർണ്ണമായ മദ്യനിരോധനം നടപ്പിലാക്കി കൊടുങ്ങല്ലൂർ താലൂക്കിൽ ഇന്നു് നിലവിലിരിക്കുന്ന മദ്യനിരോധനം വിജയിപ്പിക്കുന്നതിനു് ഗവണ്മെൻറ്സത്വര നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം.

കൂടുതൽ പ്രദേശങ്ങളിലേക്ക് മദ്യനിരോധനം നടപ്പിലാക്കുവാൻ ആലോചിക്കുമ്പോൾ എടവിലങ്ങ വില്ലേജിൻെറ കാര്യം പരിഗണിക്കുന്നതാണ്.

പൂഴിക്കാട്ടുചിറ

39. [10] ശ്രീ. പി. ആർ മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 10 ഏക്കർ, 10 സെൻറ വിസ്തീർണ്ണമുള്ള മാവേലിക്കര താലൂക്കിൽ തോന്നല്ലൂർ പകുതിയിലുള്ള പൂഴിക്കാട്ടുചിറ കാത്തികപ്പള്ളിക്കാരൻ ഒരു പി. കെ. നാരായണപിള്ളക്ക് കുത്തകപ്പാട്ടമായി നൽകിയിട്ടുണ്ടോ ;

(ബി) ചുററുപാടിലും ഭൂമിയില്ലാത്ത ആയിരക്കണക്കിന് കർഷകത്തൊഴിലാളികൾ ഉള്ളപ്പോൾ കാത്തികപ്പള്ളിക്കാരന് പ്രസ്തുതചിറ കുത്തകപ്പാട്ടമായി നൽകാൻ കാരണം എന്താണ് ;

(സി) പ്രസ്തുത ചിറ കുത്തകപ്പാട്ടത്തിനു നൽകിയാൽ അനേകായിരമേക്കർ നിലത്തിൽ കൃഷിചെയ്യുവാൻ നിവൃത്തിയില്ലാതെ വരുമെന്ന വസ്തുത ഗവണ്മെൻറിന് അറിയാമോ ?

ഉത്തരം.

(എ) പൂഴിക്കാട്ടുചിറ ഇറിഗേഷൻ ആവശ്യങ്ങൾക്കു വേണ്ടിയിരിക്കുന്നതിനാൽ അതു് കുത്തകപ്പാട്ടമായി കിട്ടണമെന്നുകാണിച്ചു് വന്നിട്ടുള്ള അപേക്ഷ നിരസിച്ചിട്ടുള്ളതാകുന്നു.

(ബി, സി), (എ) ചോദ്യത്തിൻെറ ഉത്തരത്തിനുശേഷം മററു രണ്ടു ചോദ്യങ്ങളും ഉദിക്കുന്നില്ല.

ADJOURNMENT MOTION

മി. സ്പീക്കർ : ആർഡർ, ആർഡർ. മി. സി. കെ. വിശ്വനാഥൻെറ ഒരു അടിയന്തിരപ്രമേയം ലഭിച്ചിട്ടുണ്ടു്. ഈ മാസം 26-ാംതീയതി വൈയ്ക്കം താലൂക്കിൽ കൊരവറ എന്ന സ്ഥലത്തു് പോലീസ് ഒരാളെ അറസ്ററ് ചെയ്യുകയും മർദ്ദിക്കുകയും ചെയ്തു എന്നുള്ളതിനെപ്പററിയാണ് അടിയന്തിരപ്രമേയം. അതെല്ലാം പോലീസു ഡിമാൻറ് വരുമ്പോൾ ചർച്ചചെയ്യാം എന്നുള്ളതുകൊണ്ടു് ഞാൻ ആ അടിയന്തിരപ്രമേയം അനുവദിക്കുന്നില്ല.

POINT OF ORDER

RE: DISTRIBUTION OF TIME FOR FINANCIAL BUSINESS.

ശ്രീ. പി. വിശ്വംഭരൻ : സർ, ഒരു പായിൻറ് ആഫ് ആർഡർ. ഫൈനാൻഷ്യൽ ബിസ്സിനസ്സിനെ സംബന്ധിച്ചു് ഡിസ്കഷൻ നടക്കുന്ന അവസരത്തിൽ സമയം അനുവദിക്കുന്നതിനെ സംബന്ധിച്ചു് ഉള്ളതാണ് എൻെറ പായിൻറ് ആഫ് ആർഡർ. ഈ മാതിരിയുള്ള ചർച്ചകൾക്കു പ്രതിപക്ഷകക്ഷികൾക്കു ഭരണകക്ഷിക്കു അനുവദിക്കുന്നതിനേക്കാൾ കൂടുതൽ സമയം അനുവദിക്കുന്ന ഒരു പതിവുള്ളതായി മേയ്സ് പാർലമെൻററി പ്രാക്ടീസിൽ പറയുന്നുണ്ടു്. അതിൽ ഫൈനാൻഷ്യൽ ബിസിനസ്സിനെപ്പററി ചർച്ചചെയ്യുന്ന അവസരത്തിൽ ഇങ്ങനെ വേണമെന്നാണ് പറയുന്നതു്.

[ശ്രീ. പി. വിശ്വംഭരൻ]

"Indirectly through conventions mentioned above, they (i. e. the Opposition) control the bulk of the time allotted to the third group of business - routine and financial business."

അതുകൊണ്ടു് ഫൈനാൻഷ്യൽ ബിസിനസ്സിന് അനുവദിച്ചിട്ടുള്ള സമയത്തിൽ പ്രതിപക്ഷകക്ഷികൾക്കു്, ഗവണ്മെൻറ് കക്ഷികൾക്കു് അനുവദിക്കുന്നതിനേക്കാൾ കൂടുതൽ സമയം അനുവദിക്കണമെന്നാണു് പറഞ്ഞിട്ടുള്ളതു്. എന്നാൽ ഇപ്പോൾ ഇവിടെ ചെയ്യുന്നതു് ഗവണ്മെൻറ് കക്ഷിക്കും പ്രതിപക്ഷകക്ഷികൾക്കും സമയം സമമായി വീതിച്ചു് കൊടുക്കുന്ന ഒരു പതിവാണു്. പ്രതിപക്ഷകക്ഷിയിൽ വിവിധപാർട്ടികളാണു് ഇരിക്കുന്നതു്. അതുകൊണ്ടു് പ്രതിപക്ഷകക്ഷിയിൽപ്പെട്ട വിവിധപാർട്ടികൾക്കും സംസാരിക്കുന്നതിനു് ശരിയായും ന്യായമായും സമയം ലഭിക്കുന്നില്ല. പ്രതിപക്ഷകക്ഷികൾക്കു് അനുവദിച്ചിട്ടുള്ള സമയം ആദ്യം സംസാരിക്കുന്ന ഏതെങ്കിലും പാർട്ടിയിൽപ്പെട്ട ആളുകൾ എടുത്തു കഴിഞ്ഞാൽ അതു് മററു കക്ഷികളെ വളരെ ദോഷമായി ബാധിക്കും എന്നുള്ളതാണു്. ഞങ്ങളുടെ കക്ഷിയെ സംബന്ധിച്ചിടത്തോളം ഇന്നലെയാണെങ്കിൽ ഭൂനയബില്ലുകളെ സംബന്ധിച്ചു് സംസാരിക്കാനുള്ള സമയം ഒരാൾക്കുപോലും കിട്ടിയില്ല. അതുകൊണ്ടു് പ്രതിപക്ഷകക്ഷികൾക്കു് ഗവണ്മെൻറ് കക്ഷിക്കു് കൊടുക്കുന്നതിനേക്കാൾ കൂടുതൽ സമയം അനുവദിക്കുകയും, എല്ലാ പ്രതിപക്ഷകക്ഷികൾക്കും ന്യായമായിട്ടു് സമയം ലഭിക്കുവാനുള്ള നടപടി സ്പീക്കർ എടുക്കണമെന്നും അറിയിച്ചുകൊള്ളുന്നു.

ശ്രീ. കെ. കരുണാകരൻ : സർ, ഇവിടെ അനുവദിച്ചിട്ടുള്ള സമയത്തിൽ പകുതിഭാഗം ഞങ്ങൾക്കാണു് തന്നിട്ടുള്ളതു്. അതു് മിനിസ്റ്റരുടെ മറുപടിപ്രസംഗത്തിനുള്ള സമയംകൂടിച്ചേർത്താണു്. അങ്ങനെ അനുവദിച്ചിട്ടുള്ള പകുതി സമയത്തിൽ മിനിസ്റ്റരുടെ മറുപടിക്കുള്ള സമയവും കഴിഞ്ഞാൽ പ്രതിപക്ഷത്തിനു് അനുവദിച്ചിട്ടുള്ള സമയംപോലും കിട്ടുന്നില്ല എന്നുള്ളതാണു് പരമാർത്ഥം.

ശ്രീ. കെ. ബാലകൃഷ്ണൻ : ഇതുസംബന്ധിച്ചു് ഒരു റൂളിംഗ് വേണം സർ, ഗവണ്മെൻറ് ഭാഗത്തു് ഇരിക്കുന്നവർക്കു് പകുതിസമയം കൊടുക്കണമെന്നാണോ അപ്പോസിഷൻപാർട്ടിക്കു് കൂടുതൽ സമയം കൊടുക്കണമെന്നാണോ എന്നുള്ളതിനെപ്പററി ആലോചിച്ചു് ഞങ്ങൾക്കു് ഒരു റൂളിംഗ് തരണം. ഈ ബഡ്ജററ് ഡിസ്ക്കഷൻ സംബന്ധിച്ചു് പാർലമെൻററി പ്രാക്ടീസ് അനുസരിച്ചു് പ്രതിപക്ഷകക്ഷിക്കാണു് കൂടുതൽ സമയം അനുവദിക്കേണ്ടതു്. ഭരണകക്ഷിക്കു് പറയാനുള്ള കാര്യങ്ങൾ മന്ത്രിമാരെ നേരിട്ടു് അറിയിക്കാവുന്നതാണു്. അതുകൊണ്ടു പാർലമെൻററി പ്രാക്ടീസ് നോക്കിക്കൊണ്ടു് അതിനു് ന്യായമായ ഒരു റൂളിംഗ് തരണം.

Shri. P. S. Nataraja Pillai: We want a ruling on this especially when there is a discussion on financial matters.

Shri. Panampilli Govinda Menon : I can agree with Mr. Nataraja Pillai if the discussion is on financial matters. But if the discussion is on political matters, all the conventions laid down in May's Parliamentary Practice will become in applicable. Conventions in May's Parliamentary practice have been laid down in respect of financial matters deal twith on a financial plane. But if discussion on financial matters becomes an occasion for discussion on political matters, then it is but natural that there should be even distribution of time between all political parties.

മി. സ്പീക്കർ : ഇത്തരം വാദപ്രതിവാദങ്ങൾക്ക് എങ്ങനെ സമയം അനുവദിച്ചുകൊടുക്കണമെന്നും ഓരോ വാദപ്രതിവാദത്തിലും ആരെല്ലാം പങ്കെടുക്കണമെന്നും പാർട്ടിനേതാക്കന്മാർ നേരത്തെ ആലോചിച്ചു തീരുമാനംചെയ്യണം എന്നുള്ളതാണ് നല്ല പാർലമെൻറി വഴക്കം. അങ്ങനെ ഓരോ വാദപ്രതിവാദവും എപ്രകാരം കൊണ്ടുപോകണമെന്ന് നിശ്ചയിക്കാവുന്നതാണ്. ആ വിധത്തിൽ പാർട്ടിനേതാക്കന്മാർ യോജിച്ച് എടുക്കുന്ന ഏതു തീരുമാനവും അതേപോലെ നടപ്പിൽ വരുത്താൻ വളരെ പരിപൂർണ്ണമായ സമ്മതമുള്ള ഒരു സ്പീക്കറാണ് ഇവിടെയുള്ളത്. അങ്ങനെ യോജിച്ചുള്ള തീരുമാനം ഇല്ലാത്തിടത്തോളംകാലം കുറെയൊക്കെ സ്പീക്കറുടെ ഡിസ്ക്രീഷൻ അനുസരിച്ച് ചെയ്യേണ്ടതായി വരും. അതേപ്പററി അത്രയേ എനിക്ക് പറയാനുള്ളൂ. യോജിച്ചുള്ള തീരുമാനമാണെങ്കിൽ അതു് അനുസരിച്ച് വാദപ്രതിവാദം നടത്താൻ സാധിക്കുമെന്നാണ് എനിക്ക് തോന്നുന്നു.

Shri Panampilli Govinda Menon: I accept the suggestion made by the Chair. If after 1 o' clock every day, the other four Party Leaders in the House would find it convenient to have a discussion with me for about 15 minutes, it would be possible for us to lay out the distribution of time for the next day. I shall be happy to participate in such a discussion.

Report of the Public Accounts Committee.

Shri K. Manjanatha Prabhu (*Chairman, Public Accounts Committee*) : Sir, I beg to present the Ninth Report of the Committee on the Civil Supplies Department (Food and other Control measures).

FINANCIAL BUSINESS.

VOTING OF DEMANDS FOR GRANTS IN THE BUDGET FOR 1955-56.

Demand IX—Heads of States, Ministers and Headquarters Staff.

Chief Minister **(Shri Panampilli Govinda Menon)**: Sir, I move for a grant of Rs. 26,28,300 under Demand IX—Heads of States, Ministers and Headquarters Staff.

Home Minister **Shri (A. J. John :)** I second it.

Mr. Speaker : In accordance with the practice followed by this House during Budget Discussion in the previous years, I

[Mr. Speaker]

would suggest for the acceptance of the House that cut motions 30 and 33 standing in the names of Shri A. R. Menon and Shri D. Vivekanandan be moved, and that other members who have given notice of cut motions can participate in the discussion.

Dr. A. R. Menon: I move that the total allotment of Rs. 26,28,300 under Demand IX be reduced by Re. 1, in order to draw the attention of the Assembly to certain features that have recently developed. I apprehend that unless we consider the various aspects and the various developments that have taken place in the Assembly, the machinery of Government will become a totalitarian one and the control which the Assembly is expected to bring to bear on the administration will be nought. In order that we may understand this thoroughly, I have to refer to certain precedents connected with the change of administration in the State. As you all know, the P. S. P. Government was conducting the administration for a period of less than a year and that administration, which had only 18 members on the party, came into existence on the definite understanding that the Congress Party will give material and moral support to the Government. I am anxious to speak about these matters on this occasion because it is very difficult to draw the line of demarcation where a party man goes beyond the party. We must also consider whether on such occasions a member's duty to the public and people of the State over-rides his necessity to conform to party principles. I was happy yesterday to read Winston Churchill's declaration that the duty of the Members of the Council is to the people first and next, to the constituency and thirdly, to the party. Following that principle, I am making a few statements here, which may cause displeasure even to members of my own party. Necessity sometimes gives rise to occasions which are unpleasant but we should not be deterred by this. There is a purpose in bringing this matter, as the House will know as I proceed.

So, when this administration came into being, we gave a declaration to our leader and a communication was addressed to His Highness the Rajpramukh. In that there is only one sentence, namely that if the P. S. P. takes up the administration, the Congress will support it. No condition was attached to that declaration and it is not possible for us to say that the P. S. P. has violated any of the conditions entered into with us. Now, what has happened? After some time, the P. S. P. held a meeting and the irresponsible elements there demanded the Chief Minister to make a declaration with regard to policy and formulated 22 or 24 demands. I regret to say that my friend the ex-Chief-Minister did not explain to them that the P. S. P. depends upon Congress support and unless the Congress agrees to these demands, they could not be carried out. Instead of that he said "I am depending upon the people of Travancore-Cochin for the conduct of the administration. I have not sought the help of the Congress and I am not going to yield to any

demand from that party.' The proper answer would be otherwise. He ought to have known as a parliamentarian that every statement he makes shall be taken note of and made use of by the people who are anxious that he should get out of administration. What happened is this. All those isolated sentences were taken and charges were framed. Even when no charge could be framed, our party held a meeting at Alleppey—I am saying this to the people of the State and not to this Assembly alone—and formulated that with regard to the appointment of a certain committee, three people should be nominated by a person, who is an outsider. Naturally any self-respecting man would refuse to accept the demand and as I expected, the ex-Chief Minister also refused to accept the demand. What was the result? The Party meeting passed a resolution that unless the demands are accepted the support offered must be withdrawn. I was the only one in the party who opposed that resolution, because it is an immoral resolution, an irregular resolution not in conformity with parliamentary traditions to ask an outsider to nominate a Committee.

Now, Sir the trouble is that there never has been sincere co-operation on our part with the P. S. P. and there never has been genuine appreciation of the help we rendered to them, on their part. Therefore, both the parties failed. both the parties violated the fundamental principles of administration, both the parties even forgot to conform themselves to a reasonable attitude of gentlemanliness. Each party wanted to get into power. There is no principle involved in this matter and a change of administration has not brought about any change. Principles were violated, were forgotten for the sake of personal advancement and personal ambition. To realise this ambition, the person forgets those principles which ought to be of guidance. Those principles were departed from and an unseemly quarrel took place unnecessarily. The Rajpramukh was dragged into this controversy, and after all was said and done, the Congress party came into power and it began to function as it used to do before. The Congress Party has violated the fundamental principles of honour. The P. S. P. did the same, and with regard to my friends of the Communist Party, they also were fighting and trying to get the better of the other supporter of the P. S. P. both of them lost in the bargain. What is the net result? The net result is that the people think that this is a huge show, this Assembly and that we are not guided by principles which would ensure the prosperity of this State and which would give relief to the suffering population. It has become an arena for personal fight, gladiator's fight, from morning till evening to get into position. I enter my emphatic protest against this way of carrying on the Government and I would make this declaration in this House, so that the people, not in the House, may realise what their representatives are doing here, and to what extent they devote their time for their own personal aggrandisement and not for public weal. It is with this purpose in view that I have tabled this cut motion. There is another grave danger

[Dr. A. R. Menon]

that threatens the independence of this Assembly. This Assembly consists of three or four parties and each party elects its own leader. Once the leader is elected, he is supreme. He can do whatever he likes and there is no method devised till now except by a vote of censure or by a vote of no-confidence to check or control him. The largest party elects the leader and the leader selects the other Ministers. The Ministers are selected solely by him without any reference to the party or to this House. There is no rule here that the Ministry when installed must get a vote of confidence. What is the result? If you take the last 8 years, you will find that innumerable Ministers have come and innumerable Ministers have disappeared. They were anxious to select as Ministers, not persons possessing the necessary qualities and qualifications, but sycophants and stooges. (Applause from the Opposition Benches). Do you not see that inferiority complex played in the case of all? And he is anxious that only such men who are overshadowed by his personality, should be selected as Ministers. I do not care who is selected. I am only anxious that public interest should not suffer, to satisfy the reasonable or unreasonable ambition of these people. This is not the place for these people to indulge in their ambition. But they must select men with honour who will discharge their duties properly. We want a Cabinet, not a menagerie. What was the result? During these 8 years, there have been a number of Ministers. Does any one remember a single one of them? All these after a period are brushed aside, thrown into the dust bin and forgotten, unwept and un-honoured. Now, Sir, is it not time to consider a reformation, instead of playing the Ministry, pretending a Cabinet, with only a group of fellows who support you and obey your orders? Mr. Gladstone, the greatest Parliamentarian for all time perhaps, made this declaration of what the Cabinet is. He said that in aCabinet each Member has equal right and equal status and equal responsibility; and in every subject that comes before the Cabinet, the only right that the Chief Minister possesses is that he has a casting vote. Now, I am asking, do you think that my friend will be checked by this Cabinet? Is it possible to conceive of such a condition? The result will be that he will be given undue latitude and I do not say he will, but he may, ruin the State and along with it he may ruin himself. How to get over this difficulty is a question for this Assembly to consider unless we want a totalitarian State. Does this House realise that the Chief Minister possesses authority and power which Mr. C. P. Ramaswami Iyer, that mighty intellect and iron disciplinarian, possessed? There was somebody above Mr. C. P Ramaswami Iyer, *i.e.*, His Highness the Maharaja. There have been occasions both in this State and in the adjacent Cochin State. where the Maharaja interfered with the Dewan's decision and stopped what he considered to be unreasonable. Who is there to check the Chief Minister here? Is there any one? Therefore, he possesses more power than even Mr. Ramaswami Iyer. With regard to

Mr. Ramaswami Iyer or any other Dewan, the Dewan realised what his responsibilities were and that if anything went wrong the blame will rest upon his shoulders. But here, if anything goes wrong, there is a Cabinet to divide the blame. So, under twothese conditions, the Chief Minister of this State now possessespower which should not be given to any one for his own sake, for the sake of the nation and for the sake of the good administration of this State. How it will be checked is a matter for the conjoint deliberation of this House.

Then, Sir, I want to touch upon one more point before I sit down. For two decades, the rulers of these States have endeavoured to keep the people of these States educated and raising the culturaland educational tone of their population, so-much-so we had our politicians who had the chance of proclaiming to the world that the most educated part in India is Travancore and Cochin. We used to take pride in that. These Rulers succeeded in throwing the spot-light upon these States much to the admiration of the world. We have forgotten past history. But let us not forget the gratitude and gratefulness we owe to the oldregime who ruled over us. During the seven years of our administration, of theGovernment of the people, by the people, for the peo plewhat is the position ? Now a black-spot is thrown upon this land as the most corrupt State in the whole of India. (Hear, hear). Corruption ranged from the Minister down to the peon, and we are engulfed in this dark atmosphere of corruption and bribery. It is a shame, Sir, to call oneself a citizen of this State. When you consider corrupt practices, corruption does not mean taking bribery. Corruption in appointment, corruption in contracts, corruption in selling posts including the biggest posts—all these allegations are made by the public. I have heard, Sir, in this House, people criticising the Ministers. I have read in the newspapers day in and day out about the corruption practised not by Heads of Departments, but by the Official Block and by the Ministerial Block. Was any action taken ? Was any enquiry conducted ? Where are we going to ? Where do all these things take us ? Either we are proceeding gradually to anarchy or we shall stop this. How to stop the corruption is the problem of problems of this State. Unless we tackle this problem, we will not be able to show any improvement in the administration or any improvement in the life of our people. I want this House to consider these aspects very seriously so that they may concert measures to put an end to corruption. I would even go to the length of saying that wherever there is charge of corruption brought against any high officer, an enquiry should be instituted. Unless you do that, we are going to be hunted in the near future.

To what extent have we departed from these principles of good conduct can be explained by the statement of a great publicist in America. He said, speaking of the American politicians, "A merciful providence has fashioned them hallow On purpose, they might their principles swallow"

[Dr. A. R. Menon]

What is the principle on Sunday is not the principle on Monday. In this way we are following our own inclination without any respect to the code of conduct necessary for public life. Unless we establish a high standard of public life, unless corruption is wiped, democracy will not thrive. This land does not produce Abraham Lincolns, but it produces pseudo Mussolinis. Mussolinis and Hitlers waded through the blood of their followers, trampled upon the bodies of their followers to reach the throne. Similarly indications are not wanting in this State that there is a democracy here which is no more a democracy than the democracy that existed under the Dewan's rule. Unless we put an end to all this talk about the budget and this item and that item, there is no use. This Council will be degraded and people will scorn at us as a set of people who have demoralised public morals. We should not expose ourselves to that charge and we must do whatever we can to rectify that mistake before it is too late. As I said it is not a very pleasant topic for me. But unpleasant topics have to be taken up so that pleasant results may ensue in course of time. I myself am not well. I do not want to take any more time of the House. But I only say this. Remember great movements are taking place in this State. A friend of mine said that I do not know the conditions here because I come here occasionally and go away. He was mistaken I feel the pulse of the public here. I know what is taking place here. There is a general discontentment. It is assuming volumes and unless this discontent is controlled in time it may lead to anarchy. This distemper of the public will lead on to disturbance of the peace ending in complete anarchy. Events are moving and shaping themselves in that manner. I do not want to probe into the womb of the future to find out what is in store for us. It may either be a healthy child or it may be a double-headed hunched backed monster to devour all of us. It is for this Assembly to take time by the forelock and bring in a moral atmosphere here. I do not care about the vote. We know how votes are got. Unless we exercise a moral tone upon the administration I tell you—I never predict wrongly in these matters—in the near future you shall be sorry that you have not taken measures in the proper time to check the vagaries of the administration and the vagaries of the Chief Minister. It is only to point out these things that I have given this cut motion.

മി: സ്പീക്കർ : കട്ട്മോഷനെ സംബന്ധിച്ചിടത്തോളം സംസാരിക്കണമെന്നു ഉദ്ദേശിക്കുന്നവർ പത്തു മിനിട്ടിൽ കൂടുതൽ സമയം എടുക്കാൻ പാടില്ലെന്നു ഞാൻ ആദ്യമേ നിർദ്ദേശിച്ചുകൊള്ളുന്നു. ബഡ്ജററിന്റെ പൊതുവിമർശനസമയം സംസാരിക്കാൻ അവസരം ലഭിക്കാത്ത മെംബറന്മാർക്ക് ഇപ്പോൾ സമയം കൊടുക്കേണ്ടിയിരിക്കുന്നതിനാൽ മററുള്ള ബഹുമാനപ്പെട്ട മെംബർമാർ അധികസമയം ഈ ചർച്ചയ്ക്കുവേണ്ടി എടുക്കാതിരിക്കുന്നതു നന്നായിരിക്കും.

Shri D. Vivekanandan: I move to reduce the total allotment of Rs. 26,28,300 under Demand IX by Re. 1

സർ, ജനാധിപത്യഭരണം ഇവിടെ ആരംഭിച്ചതോടുകൂടി പൊതു ഭരണത്തിലെ തകരാറുകൾ ഒഴിവാക്കിക്കൊണ്ടുള്ളൊരു ഭരണം ഇവിടെ നടക്കുമെന്നു നാമൊക്കെ പ്രതീക്ഷിച്ചിരുന്നു. കഴിഞ്ഞ ഏഴെട്ടു കൊല്ല ക്കാലമായി മന്ത്രിസഭകൾ മാറിമാറി ഭരണം നടത്തി. പാർട്ടികൾ തന്നെ മാറിമാറി ഭരിച്ചു. എന്നിട്ട് ഇപ്പോഴും പൊതുഭരണത്തിന്റെ കാര്യം നോക്കുമ്പോൾ "ശങ്കരൻ പിന്നെയും തെങ്ങേൽതന്നെ" എന്നാണു സാർ നമ്മുടെ അനുഭവം. പറയുന്നതുകൊണ്ടു പ്രയോജനമില്ലെന്നു പറയു മെങ്കിലും "ചോഴിക്കു മുലവരു"മെന്നു പ്രതീക്ഷിക്കുന്നതുപോലെയായിരിക്കു മെന്നു ആക്ഷേപമുണ്ടാവാമെങ്കിലും ഞാൻ ചില വസ്തുതകൾ പ്രസ്താവിക്കാ നാഗ്രഹിക്കുന്നു.

ദിവാൻഭരണകാലംതൊട്ടു യാതൊരു മാററവും കൂടാതെ നിലനിൽ ക്കുന്നൊരു പരാതിയാണ് red tapism. സെക്രട്ടറിയേററിലും മററാഫീ സുകളിലുമുള്ള ഫയലുകൾ ചുവപ്പു നാടകൊണ്ടു് അയവും അനക്കവും കൂടാതെ പെട്ടിവരിഞ്ഞു മാററിവയ്ക്കുന്ന പതിവ് അതുപടി തുടരുന്നു. സർ, ഈ ചുവപ്പുനാട സംപ്രദായം അവസാനിപ്പിക്കുമോ എന്ന്, ഇനി യെങ്കിലും ഈ നശിച്ച രീതിക്കൊരു മാററം വരുത്തുമോ എന്ന്, ഞാൻ മുഖ്യമന്ത്രിയോടു ചോദിക്കുന്നു.

(Mr. Deputy Speaker in the Chair)

ഈ ചുവപ്പുനാടയുടെ തകരാറുകൾ തെളിയിക്കാൻ വേണമെങ്കിൽ ഒട്ടനവധി ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. ഞാനിപ്പോൾ അതിനു തുനിയുന്നില്ല. ഒന്നുരണ്ടു ഉദാഹരണങ്ങൾ മാത്രം പറയാം. ഈ രാജ്യത്തെ കൈത്തറിവ്യവസായം ഉദ്ധരിക്കാനിവിടെ ഒരു പദ്ധതിയുണ്ടാ ക്കിയിട്ടുണ്ട്. ഇൻഡ്യാഗവണ്മെൻറിന്റെ സെസ്സ് ഫണ്ടു പദ്ധതിയുടെ ഭാഗമാണിതു്. സെസ്സ് ഫണ്ടിൽനിന്നും 24 ലക്ഷം രൂപ കഴിഞ്ഞ രണ്ടു കൊല്ലങ്ങളിലായി ഇവിടെ ലഭിച്ചു. പത്തുലക്ഷത്തിൽ താഴെമാത്രമാണ് ഇതിനകം ചെലവായതു്. എന്താണു, സർ, ഇതിനു കാരണം? ഇവി ടത്തെ സർക്കാർ ആഫീസുകളിലെ ചുവപ്പുനാടയുടെ തകരാറല്ലേ ഇതു്? ഇവിടെ ഇക്കാര്യത്തിനൊരു പുതിയ ഡിപ്പാർട്ടുമെൻറ് ഉണ്ടാക്കിയിട്ടുണ്ട്. അതിനൊരു ജായിൻറ ഡയറക്ടരുമുണ്ട്. പല ക്ലാസുകളും ഒപ്പിടുന്ന തിനുള്ള അധികാരം ഇനിയും ആ ഡയറക്ടർക്കില്ല. എന്താണു ഇതിന്റെ കാരണമെന്നു മുഖ്യമന്ത്രി അന്വേഷിക്കുമോ? ഹാൻഡ്ലൂം ഡെവലപ്പു മെൻറാഫീസുകളിൽ കാത്തുകിടക്കുന്ന പാവപ്പെട്ട നെയ്ത്തുതൊഴിലാളി കളുടെയും സഹകരണസംഘം പ്രവർത്തകരുടേയും രക്ഷയെ കരുതി ഈ കാര്യത്തിൽ സത്വരമായ ശ്രദ്ധചെലുത്തണമെന്നഭ്യർത്ഥിക്കുന്നു.

വളരെയധികം ജോലികൾ നാടിന്റെ നാനാഭാഗങ്ങളിലുമായി ചെയ്തുതീർക്കാൻ ഉത്തരവാദിത്വമുള്ള ഒരു ഡിപ്പാർട്ടുമെൻറാണ് പി. ഡബ്ലിയു. ഡി. ആ ജോലികൾ കൃത്യമായി ചെയ്യാത്തതിനു എത്ര ഉദാ ഹരണങ്ങൾ വേണമെങ്കിലും പറയാം. ഒരു ചെറിയ ഉദാഹരണംമാത്രം ചൂണ്ടിക്കാണിക്കട്ടെ. ആകെയുള്ള പ്രവർത്തനത്തെപ്പററി അറിയാനുള്ള ഒരു സൂചനയായിരിക്കുമതു്.

[ശ്രീ. ഡി. വിവേകാനന്ദൻ]

ഇവിടെ അടുത്ത് വിഴിഞ്ഞം—പൂവാർ റോഡിൽ മുല്ലൂർ എന്ന സ്ഥലത്ത് ഒരു പൊട്ടക്കലുങ്കുണ്ട്. ആ കലുങ്ക് നന്നാക്കണമെന്ന് ആവശ്യപ്പെടുന്ന നിവേദനങ്ങൾ വളരെക്കാലമായി നടത്തിയിട്ടുണ്ട്. ഈ സഭയിലെ ഒരംശമായതിനുശേഷവും അതിനുമുമ്പും ഞാൻ ഈ കാര്യത്തെപ്പററി മന്ത്രിമാരോടും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരോടും അപേക്ഷിച്ചിട്ടുണ്ട്. വേണ്ടതു ചെയ്യാമെന്നു പറയുകയും കടലാസുകൾ താഴോട്ടു അയക്കുകയും ഉണ്ടായിട്ടുണ്ട്. പക്ഷേ, ആ കലുങ്ക് ഇനിയും നന്നാക്കിയിട്ടില്ല. ആഫീസുകളിലെ ചുവപ്പുനാടയ്ക്കുള്ളിൽ എവിടെയോ അതു പതുങ്ങിയിരിക്കുന്നുണ്ടാവാം. അതു നന്നായാൽ തങ്ങൾക്കു നേരിട്ടേക്കാമെന്നു സംശയിക്കുന്ന നഷ്ടത്തിന്റെ പേരിൽ ചില ബസ്സുമുതലാളിമാരുടെ പ്രേരണയാണോ ഈ കാലതാമസത്തിനു കാരണമെന്നും സംശയമുണ്ട്. കാരണമെന്തായാലും, സർ, ഈ രീതി അനാശാസ്യമാണ്. ഇതു തുടരുന്നതു നന്നല്ല. ലോക്കൽ ഡെവലപ്പുമെന്റു വർക്കിനും, മൈനർ ഇറിഗേഷൻപ്രവൃത്തനങ്ങൾക്കും നീക്കിവച്ചിരുന്ന തുക ഒട്ടുമുക്കാലും ലാപ്സായിരിക്കുന്നു എന്നു കുറച്ചുമുമ്പു ചോദ്യോത്തരവേളയിൽ പൊതുമരാമത്തു വകുപ്പുമന്ത്രി പറയുന്നതു നാം കേട്ടു. എന്താണ് സർ, ഈ തുക ലാപ്സാകാൻ കാരണം? ചുവപ്പുനാടസമ്പ്രദായമല്ലെ? കൂടുതൽ ഉദാഹരണങ്ങൾ ഞാൻ പറയുന്നില്ല. ഇനിയെങ്കിലും ഈ നയത്തിനൊരു മാററം വരുത്താൻ ഈ മന്ത്രിസഭക്കെങ്കിലും കഴിയുമോ എന്നും അതിനു പരിശ്രമിക്കുമോ എന്നും ഞാൻ മുഖ്യമന്ത്രിയോടു ചോദിക്കുന്നു.

ഉദ്യോഗസ്ഥന്മാരുടെ പെരുമാററത്തെപ്പററി പൊതുജനങ്ങളിൽ നിന്നും ഒട്ടേറെ പരാതികൾ ഉയരാറുണ്ട്. പഴയ മനോഗതി ഇനിയും വിട്ടുമാറിയിട്ടില്ല. ഉദ്യോഗസ്ഥന്മാർ പൊതുജനദാസന്മാരാണെന്ന തത്വം ഇനിയും അനാദരിക്കപ്പെടുകയാണ്. Officers are not masters, but only servants എന്നല്ലെ സർ, പരിഷ്കൃത ഭരണരീതി അനുശാസിക്കുന്നത്? ആ തത്വം ഇവിടെയും അതിന്റെ മുഴുവൻ അർത്ഥത്തിൽ പ്രാവർത്തികമാവണം. മന്ത്രിമാരുടേയും ഉദ്യോഗസ്ഥന്മാരുടെയും സ്വഭാവശുദ്ധിയെപ്പററിയും, തത്വദീക്ഷയെപ്പററിയും അതു ഏതു രീതിയിലായിരിക്കണമെന്നു സൂചിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഡാക്ടർ എ. ആർ. മേനോൻ പറയുകയുണ്ടായി. സർ, ഞാൻ അദ്ദേഹത്തിന്റെ അഭിപ്രായത്തോടു നൂറുശതമാനവും യോജിക്കുന്നു.

പാർട്ടി പരിഗണനവച്ചുള്ള വിവേചനാരീതിയെപ്പററി എനിക്കൊന്നുപറയാനുണ്ട്. ഈ സഭയിൽതന്നെ അതു പലപ്പോഴും വ്യക്തമായി കണ്ടുവരികയാണ്. ഇവിടെ നാം വളരെപ്രധാനപ്പെട്ട Land Legislationനെപ്പററി ആലോചനകൾ നടത്തുകയാണ്. കഴിഞ്ഞ ഏതാനും ദിവസങ്ങളായി നാം പല ബില്ലുകളും സെലക്ട് കമ്മിററികൾക്കു റെഫർചെയ്തു. ആ കമ്മിററികൾവഴി ഈ രാജ്യത്തെ എല്ലാ അഭിപ്രായങ്ങൾക്കും പ്രാതിനിധ്യം കൊടുക്കാൻ നാം കടപ്പെട്ടവരാണ്. പക്ഷെ ഇവിടെ നടന്ന കമ്മിററികളുടെ രൂപീകരണത്തിൽ എനിക്കു ആക്ഷേപമുണ്ട്. ഈ സഭയിലെ എല്ലാ കക്ഷികൾക്കും പ്രാതിനിധ്യം കൊടുക്കാൻ ഈ മന്ത്രിസഭ തയാറായിട്ടില്ല. കക്ഷി എത്ര ചെറുതായാലും, ആളെണ്ണം കുറവായിരുന്നാലും അക്കാരണത്താൽ ഒരു കക്ഷിയും അവഗണിക്കാവതല്ല. ആളെണ്ണം

കുറവായതിനു കാരണങ്ങളുണ്ടാവാം. അതിവിടെ പരിശോധിക്കേണ്ട കാര്യമില്ല. പക്ഷേ ഈ രാജ്യത്തെ സംഘടിതരാഷ്ട്രീയാഭിപ്രായങ്ങൾ ക്കൊക്കെയും ഇത്തരം പ്രധാനപ്പെട്ട പ്രശ്നങ്ങളിൽ ഒരു voice നിഷേധി ക്കുന്നതു നന്നല്ല.

Shri Panampilli Govinda Menon: I regret if there is any omission and I am prepared to rectify such mistakes.

Shri D. Vivekanandan: I thank the Chief Minister, Sir, for his statement.

സർ, ഇത്തരം വിവേചനാനയം ഒരു കാര്യത്തിലും തുടരുകയില്ലെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

സർ, ഇപ്പോൾ അതു പറയുന്നതിൽ അല്പം അസാംഗത്യം ഉണ്ടെന്നു ആദ്യമേ അങ്ങയെ അറിയിച്ചുകൊണ്ടു ഒരു കാര്യം ഇവിടെ പ്രസ്താവിക്കാൻ ഞാനാഗ്രഹിക്കുന്നു. ഈ മന്ത്രിസഭയോടു ഇവിടെ എന്റെ അടുത്തിരിക്കുന്ന ബഹുമാനപ്പെട്ട ചില അംഗങ്ങൾ ഇതിനകം പ്രകടമാക്കിയ മനോഭാവത്തെപ്പററിയാണ് എനിക്കു പറയാനുള്ളതു്. രണ്ടുദിവസംമുമ്പ് ബഹുമാനപ്പെട്ട ചേർപ്പുമെംബർ പ്രസംഗിച്ചുകൊണ്ടു നിൽക്കുമ്പോൾ അദ്ദേഹം അദ്ദേഹത്തിന്റെ സ്നേഹിതനായ മുഖ്യമന്ത്രി യെപ്പററി ചില കാര്യങ്ങൾ പറഞ്ഞു. ചേർപ്പുമെംബറും അദ്ദേഹ ത്തിന്റെ "സ്നേഹിതനായ" മുഖ്യമന്ത്രിയും ലണ്ടനും ചെക്കോസ്ലോവാ ക്യയും അതുപോലെയുള്ള മററു പല സ്ഥലങ്ങളും കണ്ടിട്ടുള്ളവരാണ്. അവർക്കു കിട്ടിയ അവസരമുപയോഗിച്ചു അവർ അവിടത്തെ ഭരണസംപ്ര ദായങ്ങളെപ്പററിയും മററും പഠിക്കാൻ ശ്രമിച്ചിരിക്കുമെന്നും അവരുടെ വിജ്ഞാനഭണ്ഡാഗാരത്തിനു് അങ്ങനെ അല്പം മുതൽക്കൂട്ടുണ്ടാക്കാൻ അവർക്കു കഴിഞ്ഞിരിക്കുമെന്നും ഞാൻ കരുതുന്നു. അവർക്കു് അതിനു കഴിഞ്ഞിട്ടു ണ്ടെങ്കിൽ ഇവിടെ അതിന്റെ പ്രതിഫലനമെവിടെ എന്നുമാത്രമേ നമുക്കു നോക്കേണ്ടതുള്ളൂ. ഇവിടത്തെ ഭരണം പുരോഗമനപരമാക്കാൻ അവർക്കു കഴിയുന്നോ എന്നാണു നാം പരിശോധിക്കേണ്ടതു്. അതിനു കഴിഞ്ഞില്ലെങ്കിൽ അവരുടെ ആ മഹത്തായ പര്യടനങ്ങളെപ്പററി പ്രകീ ർത്തനങ്ങൾ നടത്തിയതുകൊണ്ടർത്ഥമില്ല.

ബഹുമാനപ്പെട്ട ചേർപ്പുമെമ്പർ അദ്ദേഹത്തിന്റെ സ്നേഹിതൻ ഒരാ പത്തിൽ പെട്ടിരിക്കുകയാണെന്നു പറഞ്ഞു. എ. ജെ. ജോണാകുന്ന പ്രതി ലോമതയുടെ മുകുളപ്പടർപ്പിൽ കുരുങ്ങിവികസിക്കാനാവാതെ വിങ്ങിഞെരു ങ്ങുന്ന പുരോഗമനത്തിന്റെ കുസുമമാണ് പനമ്പിള്ളി എന്നു അർത്ഥംവരു മാറ് അദ്ദേഹം പ്രസംഗിച്ചതായി ഞാനോർക്കുന്നു. സർ, ഞാൻ ആ താര തമ്യത്തിൽ വിശ്വസിക്കുന്നില്ല. പനമ്പിള്ളി പുരോഗമനക്കാരനാ ണെന്നും എ. ജെ. ജോൺ പിന്തിരിപ്പനാണെന്നും തർക്കിക്കുന്നതിൽ എന്ത ർത്ഥമാണുള്ളതു്? ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബറും പന മ്പിള്ളിയുടെ പുരോഗമനപ്രസംഗത്തിൽ അരിശം പ്രകടിപ്പിക്കുന്നതു കേട്ടു. സർ, ഞങ്ങൾക്കീ തർക്കത്തിൽ താല്പര്യമില്ല. പനമ്പിള്ളിയും ജോണും ആരാണെന്നു ഞങ്ങൾക്കു നിശ്ചയമുണ്ടു്. അവരേതു താല്പര്യ ത്തിന്റെ പ്രതിനിധികളാണെന്നും ഞങ്ങൾക്കറിയാം. ഒരേ താല്പര്യ ത്തിന്റെ രണ്ടു മുഖങ്ങൾമാത്രമാണവർ. ഇവിടെ അധികാരത്തിലിരിക്കുന്ന സ്ഥാപിതതാല്പര്യമാകുന്ന നാണയത്തിന്റെ രണ്ടുവശങ്ങളാണവർ. അതി

[ശ്രീ. ഡി. വിവേകാനന്ദൻ]

ലൊന്നു നല്ലതും മറേറതു ചീത്തയുമാണെന്നു പറയുന്നതിലർത്ഥമില്ല. രണ്ടും ഒരേ മെററീരയൽകൊണ്ടു വാർത്തെടുത്തിട്ടുള്ള ഒരേ നാണയത്തിൻെറ രണ്ടു മുഖങ്ങൾ മാത്രമാണെന്നേ മനസ്സിലാക്കേണ്ടതുള്ളൂ.

ഇവിടെ പനമ്പിള്ളിയും അവിടെ അഖിലേൻഡ്യയിൽ നെഹ്റുവും ഒരേ താല്പര്യത്തിൻെറപ്രതിനിധികളായി വാഴുന്നു. നെഹ്റു മുതൽ പനമ്പിള്ളിവരെയുള്ളവർ ഒരേ ആശയത്തിൻെറ, ഒരേ ചിന്താഗതിയുടെ,പ്രചാരകന്മാരാണ് ഇവിടെ കഴിഞ്ഞദിവസം ശ്രീ. തോട്ടിൽ ഭാസിയുടെ പ്രസംഗത്തിലും പനമ്പിള്ളിയും ജോണും തമ്മിലുള്ള വ്യത്യാസത്തെപ്പററി പറയുന്നതു കേൾക്കാനിടയായി. ഏതാനും കൊല്ലങ്ങൾക്കുമുമ്പ് നെഹ്റുവും പട്ടേലും തമ്മിൽ വ്യത്യാസംകണ്ടു കണ്ണുകൾ, ഇപ്പോൾ പനമ്പിള്ളിയും ജോണും തമ്മിൽ അതേ രീതിയിൽ വ്യത്യാസം കാണുമ്പോൾ എനിക്ക് അത്ഭുതമില്ലെങ്കിലും ഖേദം തോന്നുന്നു. ശ്രീ. ചേർപ്പുമെംബർ മുഖ്യമന്ത്രിയെപ്പററി വിമർശനത്തിൻെറ രൂപത്തിൽ സ്തുതിഗീതം മുഴക്കുന്നതു കേട്ടപ്പോൾ അദ്ദേഹമിരിക്കുന്ന ബഞ്ച് ഏതാണെന്നു നോക്കാൻ എനിക്കു പെട്ടെന്നു തോന്നിപ്പോയി. മുഖ്യമന്ത്രി പണ്ട് കൊച്ചിയിലെ പ്രജാമണ്ഡലത്തിൻെറ മന്ത്രിയായിരുന്ന കാലത്ത് പി-കോ-ബഞ്ചുകളിൽ നിന്നും ഇത്തരത്തിലുള്ള വിമർശനം കേട്ടിരിക്കാനിടയുണ്ടെന്നു ഞാനോർക്കുകയാണ്. ബഹുമാനപ്പെട്ട ചീഫ്വർ മെംബർ, വന്ദ്യവയോധികനായ ഡാക്ടർ, വളരെ ആവേശത്തോടുകൂടി ഉദ്യോഗസ്ഥന്മാരുടെ പരിശുദ്ധിയെപ്പററി പറഞ്ഞു. അക്രമത്തിനും അഴിമതിക്കും അതീതരായിരിക്കണം ഉദ്യോഗസ്ഥന്മാരും മന്ത്രിമാരുമെന്ന കാര്യത്തിൽ സംശയത്തിനവകാശമില്ല. ഇവിടെ മന്ത്രിമാർ മുതൽ താഴെക്കിടയിലുള്ള ഉദ്യോഗസ്ഥന്മാർ വരെ അഴിമതിക്കാരാണെന്ന ആക്ഷേപത്തിന് വിധേയരായിട്ടുണ്ട്. സർ, ആ ആക്ഷേപത്തിനു ഇനിയും അവസരമുണ്ടാവാതിരിക്കാൻ ഈ മന്ത്രിസഭ തയ്യാറാവണമെന്ന് ഞാനഭിപ്രായപ്പെടുന്നു.

സർ, ഇവിടെ ഉദ്യോഗനിയമനത്തിൽ രാഷ്ട്രീയപരിഗണന വയ്ക്കുന്നതായി ധാരാളം പരാതികളുണ്ട്. ഈ നില ആക്ഷേപാർഹമാണ്. ഉദ്യോഗകുത്തകക്കാരുടെ നിക്ഷിപ്തതാല്പര്യങ്ങളുടെ നിലനിൽപ്പിനു സഹായകമായിട്ടുമാത്രമെ ഇത്തരം വിവേചനാരീതി പ്രയോജനപ്പെടൂ. അതു തുടരരുതെന്നു ഞാൻ നിർദ്ദേശിക്കുന്നു.

സർ, അവസാനമായി ഒരു കാര്യംകൂടി എനിക്കു പറയാനുണ്ട്. നമ്മുടെ മന്ത്രിമാരുടെയും, മുൻമന്ത്രിമാരുടെയും ഈ രാജ്യത്തിലെ പൊതുഭരണത്തിൻെറയും കഴിഞ്ഞകാല ചരിത്രത്തിലെ ചില അദ്ധ്യായങ്ങൾ മറിച്ചുനോക്കുമ്പോൾ കറവീണതും, കരിപിടിച്ചതുമായ താളുകൾ പലതും നമുക്കു കാണാം. ലക്ഷക്കണക്കിനുള്ള ബജനാവു ചോർച്ചകളുടെ കഥകൾ നമുക്കവിടവിടെയായി വായിക്കാൻ കഴിയും. സർ, ഇനിയെങ്കിലും സ്വന്തംപാർട്ടിയിൽപെട്ട അഭിവന്ദ്യനും ഉപദേശിക്കാൻ അർഹതയുള്ളവനുമായ ഡാക്ടർ എ. ആർ. മേനോൻെറ ഉപദേശങ്ങളുടെ അടിസ്ഥാനത്തിൽ, മുൻ കാലത്തുണ്ടായതുപോലെത്തെ ആക്ഷേപങ്ങളും ആരോപണങ്ങളും ഉയരാൻ ഇടവരുത്തരുതെന്നു ഞാൻ ഈ മുഖ്യമന്ത്രിയോടാവശ്യപ്പെടുന്നു. അങ്ങനെയെങ്കിലും ഈ രാജ്യത്തെ

പൊതുഭരണത്തിന്റെ പുരോഗമനപരമായ ഒരു പരിവർത്തനം ഉണ്ടാക്കാൻ ശ്രമിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. പി. വിശ്വംഭരൻ: സർ, ബഹുമാനപ്പെട്ട കോട്ടുകാൽ മെംബർ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു. ഡാക്ടർ എ. ആർ. മേനോനും വിവേകാനന്ദനും പറഞ്ഞ കാര്യങ്ങളോട് യോജിച്ചുകൊണ്ട് അതിനു പുറം ചില കാര്യങ്ങളെപ്പററി എനിക്കു ലഭിച്ചിട്ടുള്ള പരിമിതമായ സമയത്തിനകത്തു പറയണമെന്നാണു വിചാരിക്കുന്നതു്. മുഖ്യമന്ത്രിയുടെ ബഡ്ജററു പ്രസംഗത്തിൽ ഞങ്ങളുടെ കക്ഷിയെ പ്രത്യേകമായി പരാമർശിച്ചുകൊണ്ട് ഒന്നു രണ്ടു കാര്യങ്ങൾ പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞതു അദ്ദേഹത്തിന്റെ പാർട്ടി അധികാരത്തിൽ വന്നതിനു, ഞങ്ങളുടെ പാർട്ടിക്ക് അധികാരം നഷ്ടപ്പെട്ടുപോയതിനാൽ ഞങ്ങൾക്ക് വളരെ അമർഷമുണ്ട് എന്നാണു്. സർ, ഞങ്ങൾക്കു അമർഷമുണ്ട്. ഈ കാര്യത്തിൽ എതിരില്ല. പക്ഷെ ഞങ്ങൾക്കു അധികാരം നഷ്ടപ്പെട്ടതുകൊണ്ടല്ല ഞങ്ങൾക്കു അമർഷമുള്ളതു്. നേരേമറിച്ചു് ഈ ഗവണ്മെന്റ് അധികാരത്തിൽ വരുവാൻ അവലംബിച്ച മാർഗ്ഗങ്ങളെപ്പററി ഞങ്ങൾക്ക് വലുതായ അമർഷമുണ്ട്. ഈ ഗവണ്മെന്റു അധികാരത്തി വന്നതിനുശേഷം കൈക്കൊണ്ടിട്ടുള്ള നടപടികളെപ്പററി ഞങ്ങൾക്കമർഷമുണ്ട്. ഈ മാതിരിയുള്ള നയം ഗവണ്മെന്റു തുടരുകയാണെങ്കിൽ ഞങ്ങൾക്കുള്ള ഈ അമർഷം ദൈനംദിനം വർദ്ധിക്കുകയേയുള്ളു. മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ കക്ഷിയും ഈ നയം തുടരുകയാണെങ്കിൽ ഞങ്ങളുടെ അമർഷവും തുടരും എന്നു മാത്രമല്ല തട്ടിക്കളഞ്ഞതൈ തടവുവാൻ കൊണ്ടുവരുന്ന കൈ പിന്നെയും ശക്തിയായി തട്ടിയെറിയുവാൻ തന്നെ ഞങ്ങൾ തീരുമാനിച്ചിരിക്കുകയാണു്. ഏതു പരിതസ്ഥിതിയിലാണു് ഈ ഗവണ്മെന്റു അധികാരത്തിൽ വന്നു എന്നുള്ളതിനെപ്പററി വളരെയേറെ വാദപ്രതിവാദങ്ങൾ ഇവിടെ നടക്കുകയുണ്ടായി. കഴിഞ്ഞ 1953 സെപ്ററംബറിൽ ഈ നിയമസഭയുടെ അവിശ്വാസത്തിനു പാത്രമായ അന്നത്തെ മുഖ്യമന്ത്രിയുടെ ഉപദേശം സ്വീകരിച്ചു് നിയമസഭ പിരിച്ചുവിടുകയുണ്ടായി. അന്നു മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഏ. ജെ. ജോണിന്റെ വക്താവായിട്ട് ഇന്നു മുഖ്യമന്ത്രിയായിരിക്കുന്ന ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ അന്നു നിയമസഭ പിരിച്ചുവിട്ടതിനെ സംഗ്രഹിച്ചുകൊണ്ടു പ്രസംഗിച്ചു. അന്നു ഐവർ ജന്നിംഗ്സിനെയും മററും ഉദ്ധരിച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞതു് 1924-ൽ റാംസെമാക്ക്ഡോണാൾഡ് ഇംഗ്ലണ്ടിൽ അനുവർത്തിച്ച നയമാണു് ഈ മന്ത്രിസഭയും അനുവർത്തിച്ചതു എന്നാണു്. അതായതു് ന്യൂനപക്ഷകക്ഷിനേതാവായിരുന്നാൽ കൂടി പിരിഞ്ഞുപോകുന്ന മുഖ്യമന്ത്രിക്കു പാർലമെന്റു പിരിച്ചുവിടാൻ ഉപദേശിക്കുവാനുള്ള അധികാരമുണ്ടെന്നാണു് അദ്ദേഹം പറഞ്ഞതു്. നിയമസഭ പിരിച്ചുവിടുന്നതിനെ അന്നു് അനുകൂലിച്ച ഒരു കക്ഷിയാണു് പ്രജാസോഷ്യലിസ്ററു പാർട്ടി. എന്നാൽ 1955 ഫെബ്രുവരി ആയപ്പോൾ അവിശ്വാസത്തിനു പാത്രമായ മുഖ്യമന്ത്രി അസംബ്ലി പിരിച്ചുവിടണമെന്നു പറഞ്ഞപ്പോൾ അതു പാടില്ലെന്ന വാദഗതിയുമായി ഇന്നത്തെ മുഖ്യമന്ത്രി മുമ്പോട്ടുവന്നു ഈ ഗവണ്മെന്റു് അധികാരത്തിൽ വന്നിരിക്കുകയാണു്. അതിലാണു് ഞങ്ങൾക്കു അമർഷമുള്ളതു്. ജനാധിപത്യമര്യാദയെ അവഗണിച്ചുകൊണ്ടു്, ജനാധിപത്യം വളരണമെന്നു ആഗ്രഹി

[ശ്രീ. പി. വിശ്വംഭരൻ]

ക്കുന്ന ആളുകൾക്ക് അതു നിഷേധിച്ചുകൊണ്ടു ഈ മന്ത്രിസഭ പ്രവർത്തിച്ചു. ഈ രാജ്യത്തെ പൊതുപ്രവർത്തകന്മാർക്ക് വിശ്വാസ്യതയോടുകൂടി രാജ്യസേവനം നടത്തുവാൻ സാധിക്കാത്ത പരിതഃസ്ഥിതി ഇവർ സൃഷ്ടിച്ചു. പൊതുജനപ്രതിനിധികളെ മദ്യനിരോധനം ഇല്ലാത്ത സ്ഥലങ്ങളിൽ കൊണ്ടുപോയി അവരെ ആവധി കാണിക്കുന്ന സമ്പ്രദായത്തിൽ ഞങ്ങൾക്ക് അമർഷമാണുള്ളതു്. നിയമസഭാംഗങ്ങളെ മുഖ്യമന്ത്രിയുടെ വസതിയിൽ താമസിപ്പിച്ചു് മെജാരിററി ഉണ്ടാക്കി ഭരിച്ചുകൊണ്ടുപോകാമെന്നുള്ള ആ മനോഭാവത്തിൽ ഞങ്ങൾക്കു് അമർഷമാണുള്ളതു്. ഗവണ്മെൻറ് രൂപീകരിച്ചതിനുശേഷം വളരെ അധികം സഹകരണാഭ്യർത്ഥനയുമായി കഴിഞ്ഞുകൂടുന്ന മുഖ്യമന്ത്രി എന്താണു ചെയ്തതു്?

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ആളുകളെ ആവധി കാണിക്കുക എന്നു പറഞ്ഞതാണ് എന്താണു്?

ശ്രീ. പി. വിശ്വംഭരൻ: ചില ആളുകൾ ആവധി കണ്ടിട്ടുണ്ടു് എന്നു ഇവിടെ വീണ്ടും വീണ്ടും പറയുന്നതുകൊണ്ടു ഞാനും പറഞ്ഞതാണു്. മുൻ പി. എസ്സ്. പി. ഗവണ്മെൻറ് ജനക്ഷേമകരമായി യാതൊന്നും ചെയ്തിട്ടില്ലെന്നു പറഞ്ഞുകൊണ്ടു് തൊഴിലില്ലായ്മ അവസാനിപ്പിക്കുന്നതിനു് മുൻഗവണ്മെൻറ് യാതൊന്നും ചെയ്തിട്ടില്ലെന്നു ആരോപണം ഉന്നയിച്ചുകൊണ്ടു് അധികാരത്തിൽ പ്രവേശിച്ച ഈ മന്ത്രിസഭ കഴിഞ്ഞ അഞ്ചാറ് ആഴ്ച കാലങ്ങളിലായി എന്തെല്ലാമാണു ചെയ്തതു് എന്നുള്ളതിനെപ്പററി നാം ആലോചിക്കേണ്ടതാണു്. പ്രജാസോഷ്യലിസ്റ്റ് പാർട്ടിയുടെ നയത്തിൽ നിന്നും പുതിയതായി യാതൊരു നയവും ഈ മന്ത്രിസഭ അവലംബിച്ചിട്ടില്ല. പ്രത്യേകിച്ചും തൊഴിലില്ലായ്മ മുതലായ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം പുതുതായി യാതൊരു നടപടികളും ഈ ഗവണ്മെൻറ് കൈക്കൊണ്ടിട്ടില്ല. എന്നു മാത്രവുമല്ല പി. എസ്സ്. പി. ഗവണ്മെൻറ് ചെയ്തിട്ടുള്ള നല്ല കാര്യങ്ങൾ ആ ഗവണ്മെൻറ്ചെയ്തു എന്നു സമ്മതിക്കുവാനുള്ള സത്യസന്ധതപോലും ഈ ഗവണ്മെൻറിനില്ല. 12 ബെഡ്ഡ് ഒരു ആശുപത്രിക്കുകൊടുക്കുവാനുള്ള പരിപാടിയെപ്പററി മുഖ്യമന്ത്രിയുടെ ബഡ്ജററപ്രസംഗത്തിൽ ഉണ്ടു്. എന്നാൽ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി ഉള്ള സായിൽ കൺസർവേഷൻ സ്കീമിനെപ്പററിയോ കാളക്ഷൈസേഷൻ പദ്ധതിയെപ്പററിയോ ഒന്നുംതന്നെ പറയുന്നില്ല. എന്നാൽ അതേ അവസരത്തിൽ മുൻ ഗവണ്മെൻറ് ചെയ്തിട്ടുള്ള ചില കാര്യങ്ങൾ മാററുക എന്നതു് ഈ ഗവണ്മെൻറ് ചെയ്തിട്ടുണ്ടു്. മുൻ ഗവണ്മെൻറ് ചെയ്തിട്ടുള്ള തീരുമാനങ്ങൾ രാജ്യത്തു നടപ്പാക്കുക എന്നുള്ളതു ഏതൊരു ഗവണ്മെൻറിൻെറയും കടമയാണു്. ഞങ്ങളുടെ കക്ഷി അധികാരത്തിൽ വന്ന അവസരത്തിൽ ഈമാതിരിയുള്ള നയം എടുത്തിരുന്നുവെങ്കിൽ മുൻ കാൺഗ്രസ്സ് ഗവണ്മെൻറിൻെറ നൂറുനൂറു തീരുമാനങ്ങൾ മാററിക്കളയാമായിരുന്നു. സാമാന്യ മര്യാദയനുസരിച്ചു് ഒരു ഗവണ്മെൻറ് ചെയ്ത യാതൊരു കാര്യവും നയപരമായ വ്യത്യാസങ്ങളൊന്നുമില്ലെങ്കിൽ മാററാൻ പാടില്ലാത്തതാണു്. പക്ഷെ കക്ഷിതാല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയും മററും ഇങ്ങനെയുള്ള പല കാര്യങ്ങളും ചെയ്തിട്ടുണ്ടു്. അങ്ങനെ അററത്തെ അല്പത്വമാണു് ഈ നടപടികളിൽ കൂടി ഈ ഗവണ്മെൻറ് പ്രകടിപ്പിച്ചിട്ടുള്ളതു്. ഇവിടെ ഒരു ഹൈസ്കൂൾ

മാററുന്ന കാര്യം മുൻപൊരു ദിവസം പ്രസ്താവിക്കപ്പെടുകയുണ്ടായി. മുൻ മന്ത്രിസഭയുടെ ഉത്തരവിനെ ഇവർ യാതൊരു കാരണവും കൂടാതെ മാററുകയുണ്ടായി. ഇന്നു എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ ശ്രീ. യശോധരൻ കായംകുളത്തെ ആശുപത്രിയുടെ കാര്യം പറഞ്ഞു. മുതുകുളത്ത് ഒരു ആശുപത്രി തുറക്കുന്നതിന് നടികിയിരുന്ന ഉത്തരവ് ഇപ്പോൾ നിറുത്തിവച്ചിരിക്കുകയാണ്. ഉഴവൂർ എൻ. ഇ. എസ്. ബ്ലാക്ക് കേന്ദ്രം മാററിക്കൊണ്ട് ഉത്തരവിട്ടു. ഇങ്ങനെ പല കാര്യങ്ങളും മാററിക്കൊണ്ടിരിക്കുകയാണ്. അടുത്തതായി പേ കമ്മീഷന്റെ കാര്യമാണ് പറയുവാനുള്ളത്. ഒരു ഗവണ്മെന്റിന്റെ ഉത്തരവു നടപ്പിൽ വരുത്തുന്നതിനു സാധാരണ ഗവണ്മെന്റു ഉദ്യോഗസ്ഥന്മാരേയാണു നിയമിക്കേണ്ടത്. അതു ചെയ്യാതെ ഒരു രാഷ്ട്രീയ നേതാവിനെ പി. സി. സി. പ്രസിഡൻറ് സ്ഥാനത്തിന് മത്സരിക്കുന്നതി നിന്നും മാററി നിറുത്തുന്നതിനു വേണ്ടി പേ കമ്മീഷൻ അംഗമായി നിയമിച്ചു. അഞ്ചരലക്ഷക്കേസ്സിൽ ഇന്നത്തെ മുഖ്യമന്ത്രിയുടെ കൂട്ടുസാക്ഷിയായിരുന്നയാളാണ് മറെറാരംഗം. അതുപോലെതന്നെ ഹൈക്കോടതിയെപ്പോലെ വളരെ നീതിന്യായത്തോടുകൂടി നിഷ്പക്ഷമായി കാര്യങ്ങൾ നിർവഹിക്കേണ്ട പബ്ലിക്സർവീസ് കമ്മിഷന്റെ ഒരംഗമായി ശ്രീ. എൻ. പി. വർഗീസിനെ നിയമിച്ചു. എനിക്കു അദ്ദേഹത്തോടു പ്രത്യേക വൈരാഗ്യം ഒന്നുമില്ല. എങ്കിലും ഇത്ര അത്യുന്നതമായ ഒരു സ്ഥാനത്തേക്കു മുൻസിഫ്കോടതിയിൽ പ്രാക്ടീസ് ചെയ്തുകൊണ്ടിരുന്ന, ഒരു സജീവരാഷ്ട്രീയപ്രവർത്തകനെ ,കാൺഗ്രസ്സ് പാർട്ടിയിലെ ഒരംഗമായ ഒരാളെ നിയമിച്ചതു വളരെ തെററായ നടപടിയാണ് എന്നു പറയാതെ തരമില്ല. ഇതിൽ അപ്പുറം അധഃപതിച്ച നടപടി ഉണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നത്. ഒരുപക്ഷെ നിയമിച്ചതു ഞങ്ങൾ അല്ല രാജപ്രമുഖനാണ് എന്നു് മുഖ്യമന്ത്രി പറയുമായിരിക്കും. എന്തായിരുന്നാലും അതും മന്ത്രിസഭയുടെ ഉപദേശാനുസരണം നടന്നതാണെന്നുള്ളതു് വെറും പരമാർത്ഥമാണ്.

ശ്രീ. കെ. പി. ഹാർമിസ് : നിയമസഭയിൽ വളരെക്കാലം മെമ്പറായിരുന്ന ഒരാളാണ് ഇദ്ദേഹം എന്നറിയാമോ?

ശ്രീ. പി. വിശ്വംഭരൻ : അറിയാം. കാൺഗ്രസ്സ് പ്രവർത്തകനാണെന്നും അറിയാം. ഡി. സി. സി. പ്രസിഡൻറായിരുന്നു എന്നുമറിയാം. മൂവാററുപുഴ മുൻസിഫ്കോടതിയിൽ പ്രാക്ടീസ് ചെയ്തുകൊണ്ടിരുന്ന ആളാണെന്നും അറിയാം.

സർ, വളരെ അധികം വികസനപദ്ധതികളുടെ പരിപാടികൾ ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നു എന്നു പറയുന്നു. ഒരുകാര്യംകൂടി പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിക്കാം. സോഷ്യലിസ്റ്റ് മാതൃകയിലുള്ള സമുദായവ്യവസ്ഥിതിക്കുവേണ്ടി നിലകൊള്ളുന്നു എന്നു പ്രഖ്യാപിക്കുന്ന ഈ മന്ത്രിസഭ അതിലേക്കാവശ്യമുള്ള ഒരു വ്യാവസായികനയം രൂപീകരിച്ചിട്ടില്ല. ഏതെല്ലാം വ്യവസായങ്ങളാണ് പ്രൈവററ്സെക്ടറിൽ തുടരേണ്ടതെന്നോ ഏതെല്ലാം വ്യവസായങ്ങൾ നാഷണലൈസ് ചെയ്യണമെന്നോ പറയുന്നില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട മെമ്പറുടെ പാർട്ടി അധികാരത്തിലിരുന്നപ്പോൾ ഏതൊക്കെയാണ് പ്രൈവററ് സെക്ടറിൽ കൊള്ളിക്കേണ്ടതെന്നു പ്രഖ്യാപിച്ചിരുന്നോ?

ശ്രീ. പി. വിശ്വംഭരൻ : ആ കക്ഷി ഭരണത്തിൽ ഇരുന്നപ്പോൾ ഇന്നത്തെ മുഖ്യമന്ത്രി പറഞ്ഞ മറുപടിതന്നെയാണ് ഞാനും പറയുന്നത്. ഞങ്ങൾക്കു കിട്ടിയ പരിമിതമായ സമയത്ത് ഞങ്ങൾക്ക് ഈ വിഷയത്തിൽ കാര്യമായി ഒന്നും പ്രവർത്തിക്കാൻ കഴിഞ്ഞില്ല എന്നുള്ളതു് ശരിതന്നെ. പക്ഷേ, ഞങ്ങൾ ചെയ്തില്ലെന്നുവച്ച് നിങ്ങൾക്കു ചെയ്തുകൂടെ? ഞങ്ങൾക്കു കിട്ടിയിരുന്ന പരിമിതമായ സമയത്തിനുള്ളിൽ നിങ്ങളുടെ സഹായത്തോടുകൂടി പ്രവർത്തിച്ചുകൊണ്ടിരുന്ന അക്കാലത്ത് ചെയ്യാൻ സാധിച്ചിട്ടില്ലെങ്കിൽ, അതു കുറ്റമാണെങ്കിൽ, കുറ്റമായി സ്വീകരിക്കാം. നിങ്ങൾ ഇന്ന് ആവഡി സോഷ്യലിസം സ്വീകരിച്ചിരിക്കുന്നവരാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : 11 മാസക്കാലം പരിമിതമായിരുന്നു എന്നും ഒരു മാസക്കാലം അപരിമിതമായിരിക്കുമെന്നുമാണോ അഭിപ്രായം?

ശ്രീ. പി. വിശ്വംഭരൻ : ഒരു മാസക്കാലമല്ലല്ലോ. മുമ്പ് അഞ്ചാറു കൊല്ലം ഉണ്ടായിരുന്നില്ലേ?

ഈ രാജ്യത്തെ രണ്ട് പ്രധാനപ്പെട്ട വ്യവസായങ്ങളാണ് കയറും കൈത്തറി നെയ്ത്തും. കയറു വ്യവസായത്തിന് 65 ലക്ഷം രൂപയുടെ ഒരു പദ്ധതി അംഗീകരിച്ചിട്ടുണ്ട്. ഇൻഡ്യാ ഗവണ്മെൻറിൽ നിന്നും 50 ശതമാനം കിട്ടുന്ന ഒരു പദ്ധതിയാണ് അതു്. നാലുകൊല്ലം കഴിഞ്ഞിരിക്കുന്നു. അടുത്ത കൊല്ലത്തേക്ക് 20 ലക്ഷം രൂപയാണ് ബഡ്ജററു ചെയ്തിട്ടുള്ളതു്. ഈ തുക മുഴുവൻ തീർന്നാലും ബാക്കി 30 ലക്ഷം രൂപ അവശേഷിക്കയാണെന്ന് മുഖ്യമന്ത്രിയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

നെയ്ത്തിനുവേണ്ടി നീക്കിവച്ചിരിക്കുന്ന തുകയിൽ ഭൂരിഭാഗവും ചിലവാക്കാതെ ഇരിക്കയാണ്. ഇതിനു പ്രധാന കാരണം സംഘങ്ങൾക്ക് വായ്പയും ഗ്രാൻറും നൽകുന്നതിന് അനുവാദം കൊടുക്കുന്നതിൽ വച്ച് വരുന്ന കാലതാമസമാണ്. ഓരോ സാമ്പത്തികവർഷവും ആരംഭിക്കുന്ന അവസരത്തിൽതന്നെ അനുവദിച്ച തുകകൾ യഥാവിധി ചിലവാക്കുന്നതിന് ഗവണ്മെൻറ് ശ്രദ്ധിക്കേണ്ടതാണ്.

ശ്രീ. എം. ഭാസ്കരൻനായർ : ഇന്നത്തെ പരിതഃസ്ഥിതിയിൽ ഭരണനയം രൂപീകരിക്കുന്നതു സംബന്ധിച്ച് ചില കാര്യങ്ങൾ എൻെറ പരിമിതമായ സമയത്തിനുള്ളിൽ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നതു്. ഇന്ന് നാട്ടിൽ നമ്മെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ പ്രധാനമായിട്ടുള്ളതു് തൊഴിലില്ലായ്മയും സാമാന്യജനങ്ങളുടെ ക്രയശക്തിക്കുറവുമാണെന്ന് കാണാൻ കഴിയും. നാട്ടിൽ സമാധാനവും സംതൃപ്തിയും കൈവരണമെങ്കിൽ ഈ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതു് അത്യാവശ്യമാണ്. ആ പ്രശ്നങ്ങൾക്കു നിവാരണമായുള്ള സകല പരിപാടികളും ഇന്നത്തെ ഗവണ്മെൻറ് ആസൂത്രണംചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്. പുരോഗമനപരമായ സാമൂഹ്യനിയമങ്ങൾ നിർമ്മിക്കുന്നതോടൊപ്പംതന്നെ അനവധി വികസനപരിപാടികൾ ആവിഷ്കരിച്ച് പ്രവർത്തിയിൽ കൊണ്ടുവരേണ്ടതും ഈ ഗവണ്മെൻറിൻെറ പ്രധാനപ്പെട്ട ചുമതലയാണെന്നാണ് ഞാൻ കരുതുന്നതു്. ഇന്ന് നാട്ടിൽ അങ്ങിങ്ങായി ക്ഷാമം തലപൊക്കിത്തുടങ്ങിയിട്ടുണ്ടെന്നുള്ളതു് ഒരു യാഥാ

ത്ഥ്യമാണ്. വമ്പിച്ച തൊഴിലില്ലായ്മയും അതുപോലെതന്നെ കാർഷിക വിഭവങ്ങളുടെ അപ്രതീക്ഷിതമായ വിലയിടിവുമൂലം ഉണ്ടായിട്ടുള്ള ക്രയശക്തിക്കുറവിനെ നേരിടേണ്ട ഈ സന്ദർഭത്തിൽ ഗവണ്മെൻറ് രാജ്യക്ഷേമകരമായ പ്രവർത്തനങ്ങളിൽ ഒരു ഒന്നാംതരം ധൂർത്തനെപ്പോലെ പണം ചെലവുചെയ്തിട്ടില്ലങ്കിൽ നാം സാർവ്വത്രികമായ സാമ്പത്തികത്തകർച്ചയിലേക്ക് വഴുതിവീഴുമെന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണ്. അതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടതെന്ന് കാര്യമായി ചിന്തിക്കേണ്ട അവസരമാണിതു്. മുൻകൊല്ലങ്ങളെ അപേക്ഷിച്ച് വികസന പരിപാടികൾക്ക് ഇക്കൊല്ലം ബഡ്ജററിൽ പത്തുകോടിയിൽ ചില്ലാനം രൂപ ഉൾക്കൊള്ളിച്ചിട്ടുള്ളതു് ബഡ്ജററിന്റെ ഒരു വിശേഷതയാണെന്നു പറയുമ്പോൾ ഈ സഭയുടെ എല്ലാ ഭാഗത്തുള്ളവരും അതിനോടു യോജിക്കുമെന്നാണ് എന്റെ അഭിപ്രായം. ഈ സംഖ്യ ചിലവുചെയ്യുന്നതിൽ അതിനുള്ള റിസോഴ്സ് സംബന്ധിച്ച് യാതൊരു പരിഭ്രമത്തിനും വകയില്ലെന്നും പരിപാടികളുടെ പൂർത്തീകരണത്തിന് ഡിപ്പാർട്ട്മെൻറ് മേലദ്ധ്യക്ഷന്മാർക്ക് വളരെ വിപുലമായ അധികാരങ്ങൾ കൊടുക്കുന്നതാണെന്നും ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറയുകയുണ്ടായി. അതു് അനുമോദനാർഹമാണ്. രാജ്യക്ഷേമകരങ്ങളായ പരിപാടികൾക്ക് ചിലവുചെയ്യുന്നതിനു നീക്കിവച്ചിട്ടുള്ള തുകകളിൽ സിംഹഭാഗവും ചോർന്നുപോകാൻ ഇടയായിട്ടുള്ളതു് ഭരണകൂടത്തിന്റെ കുററകരമായ അനാസ്ഥകൊണ്ടാണെന്ന് സഭാതലത്തിൽ പല ഭാഗത്തുനിന്നും കഴിഞ്ഞ ദിവസങ്ങളിൽ പറയുകയുണ്ടായി. ഇതു് വളരെ ലജ്ജാകരമായ ഒരു സംഗതിയാണ്. ഓരോ കൊല്ലവും കമ്മിബഡ്ജററ് അവതരിപ്പിക്കുകയും ഒടുവിൽ റിവൈസ്ഡ് എസ്റ്റിമേററ് ഹാജരാക്കുമ്പോൾ അതെല്ലാം മിച്ചബഡ്ജററ് ആയി രൂപാന്തരപ്പെടുകയും ചെയ്യുന്ന ഒരു പതിവ് നാം കാണുന്നുണ്ട്. തീർച്ചയായും രാജ്യക്ഷേമകരങ്ങളായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തുന്നതിന് ഭരണകൂടം കാര്യക്ഷമമായും, ആത്മാർത്ഥമായും പ്രവർത്തിക്കയും അതേ സമയം പൊതുജനങ്ങളുടെ സഹകരണം സമ്പാദിക്കയും ചെയ്യുകയാണെങ്കിൽ പദ്ധതികൾ വിജയിക്കുമെന്നാണ് എനിക്കു പറയുവാനുള്ളതു്. ഇന്ന് ഭരണകൂടത്തിൽ കാണുന്ന കുററകരമായ അനാസ്ഥയ്ക്ക് പല ഉദാഹരണങ്ങളും പറയാനുണ്ട്. കാർഷികവിഭവങ്ങളുടെ വിലയിടിവു കാരണം കാർഷികജനത അനുഭവിക്കുന്ന കഷ്ടതയ്ക്ക് ഒരു നിവാരണമായി ചെറിയ പലിശയ്ക്ക് പണം കർഷകർക്ക് യഥാസമയം കടം കൊടുക്കുക എന്നുള്ളതു് അംഗീകരിക്കേണ്ട ഒരു തത്വമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് കഴിഞ്ഞ കൊല്ലം, 54—'55-ൽ ഏതാണ്ട് 20ലക്ഷം രൂപ കാർഷികവായ്പ ഇനത്തിൽ കർഷകർക്ക് സ്റ്റേററ് കോവാപ്പറേററീവുബാങ്ക് മുഖേന വിതരണംചെയ്യുന്നതിനു റിസർവ്വ് ബാങ്ക് അലാട്ട് ചെയ്തിരുന്നതു്. ഈ സംഖ്യയുടെ വിതരണം തുടങ്ങിയ ജോലികൾ നിയന്ത്രിക്കേണ്ട സ്റ്റാഫിന് ഒരു നല്ല സംഖ്യ സബ്സിഡിയായി നൽകണമെന്ന് റിസർവ്വ് ബാങ്കിൽനിന്നും ഗവണ്മെൻറ് നിർദ്ദേശിച്ചിരുന്നു. അതിലേക്ക് 50000 രൂപ 54—'55-ലെ ബഡ്ജററിൽ വകയിരുത്തിയിരുന്നു. പക്ഷെ, ഒരു പൈ പോലും ആ ഇനത്തിൽനിന്നും ആ ഇൻസ്റ്റിററ്യൂഷന് കൊടുത്തിട്ടില്ല. അതുകൊണ്ട് വിഷമമനുഭവിക്കുന്ന സാധുക്കൾക്ക് ഒരു കാര്യത്തിലും കൊടുക്കുന്നതിനു സാധിച്ചില്ലെന്നുള്ളതു് വളരെ ഖേദകരമായ ഒരു പരമാർത്ഥമാണ്. 1955—'56 ബഡ്ജററിൽ 50000

[ശ്രീ. എം. ഭാസ്കരൻനായർ]

എന്നുള്ളതു് കുറഞ്ഞു് 20000 എന്നായിട്ടുണ്ടു്. അതെങ്കിലും വിതരണം ചെയ്യാൻ ഗവണ്മെൻറ് ശ്രദ്ധിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു. അതുപോലെതന്നെ സെൻട്രൽ ഗവണ്മെൻറിൽനിന്നും തരുന്ന ഗ്രാൻറ്, സബ്സിഡി, ലോൺ മുതലായ സംഖ്യകൾ യഥാസമയം വാങ്ങി മുഴുവനും ഇവിടെ വിതരണം ചെയ്യുന്നതിനും രാജ്യക്ഷേമകരങ്ങളായ വികസന പരിപാടികൾക്കു് ചിലവാക്കുന്നതിനും ഗവണ്മെൻറ് ശ്രദ്ധ പതിപ്പിക്കുന്നില്ലെന്നുള്ളതു് ഖേദകരമായ ഒരു പരമാർത്ഥമാണു്.

ശ്രീ. വിദ്യാകാനന്ദൻ നെയ്ത്തുകാരുടെ സെസ്സ് ഫണ്ടിനെപ്പററി ഇവിടെ പറയുകയുണ്ടായി. വളരെ നിർഭാഗ്യകരമായ അവസ്ഥയാണു് ഇവിടെ തുടർന്നുകൊണ്ടുപോകുന്നതു്. ഈ തുകകളുടെ വിതരണത്തിലൊക്കെ വളരെ നിസ്സാരമായ സാങ്കേതിക തടസ്സങ്ങൾ പറഞ്ഞു് കഴിച്ചുകൂട്ടുകയാണു് ചെയ്യുന്നതു്. ഏതാണ്ടു് 18 ലക്ഷം രൂപ കൈയ്ത്തറിനെയ്ത്തു വ്യവസായത്തിൻെറ അഭിവൃദ്ധിക്കുവേണ്ടി സെസ്സ് ഫണ്ടിനത്തിൽ അലാട്ടു ചെയ്തിരുന്നതിൽ എട്ടൊൻപതു ലക്ഷത്തിൽ കവിഞ്ഞുള്ള തുക വിതരണം ചെയ്യാൻ ഇടയില്ലെന്നുള്ളതാണു് പരമാർത്ഥം. ഇതിനു പ്രധാനമായി ഒരു സംഗതി ചൂണ്ടിക്കാണിക്കാനുള്ളതു് ഇവിടെയുള്ള കൺട്രോളർ ആഫീസിൽനിന്നും ഈ മാതിരി സംഖ്യകളുടെ വിനിയോഗത്തിൽ വളരെ വളരെ തടസ്സങ്ങൾ സൃഷ്ടിക്കുന്നു എന്നുള്ളതാണു്. എൻെറ സ്നേഹിതൻ ശ്രീ. ദിവാകരൻ അദ്ദേഹത്തിൻെറ ബഡ്ജററു പ്രസംഗത്തിൽ ഈ Comptroller-രെ ഉദ്ദേശിച്ചു പറയുകയുണ്ടായി, ഒരു സൂപ്പർ ക്യാബിനററ് ഇവിടെ പ്രവർത്തിച്ചുപോരുന്നുണ്ടെന്നു്. പണം വിനിയോഗിക്കുന്ന കാര്യത്തിൽ മാത്രമല്ല, ഭരണപരമായ കാര്യങ്ങളിൽപോലും അവർ ഇടപെടുന്നതായി എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടു്. ഈ ആഫീസ്സ് വേണ്ടെന്നല്ല ഞാൻ പറയുന്നതു്. പക്ഷെ, വികസനപ്രവർത്തനങ്ങൾക്കു് സഹായകമല്ലാത്ത ഈ മാതിരി ഇടപെടലുകളെ വളരെ കർക്കശമായി പ്രതിഷേധിക്കേണ്ടതു് ഗവണ്മെൻറിൻെറ ചുമതലയാണെന്നാണു് ഞാൻ കരുതുന്നതു്. ഇവരുടെ ഇടപെടൽകൊണ്ടു് വികസനപരിപാടികൾക്കും മററും ഉദ്ദേശിച്ചിട്ടുള്ള തുകകളിൽ പലതും ചിലവാക്കുന്നതിനു വളരെ വളരെ തടസ്സം ഉണ്ടാകുന്നുണ്ടെന്നുള്ളതു് നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം വളരെ ഖേദകരമാണു്. പിന്നെ വികസനപദ്ധതികൾ നടപ്പിൽവരുത്തുന്നതിൽ പ്രധാനമായി കാണുന്ന തടസ്സം ഡവലപ്പുമെൻറ ഡിപ്പാർട്ടുമെൻറുകൾ തമ്മിലുള്ള സഹകരണമില്ലായ്മയാണു്. വികസന പ്രവർത്തനങ്ങൾ നടത്തുന്ന പഞ്ചായത്തു്, സഹകരണം, പബ്ലിക്കു് വർക്സ് എന്നീ ഡിപ്പാർട്ടുമെൻറുകൾ എല്ലാംതന്നെ ഒരു മന്ത്രിയുടെ കീഴിൽ കൊണ്ടുവന്നാൽ നന്നായിരിക്കുമെന്നാണു് എനിക്കു തോന്നുന്നതു്. അഡ്മിനിസ്ട്രേററീവു് സാംഗ്ഷൻ കൊടുക്കുന്ന കാര്യത്തിലും കാലതാമസം നേരിടുന്നുവെന്നു് ഉദ്യോഗസ്ഥന്മാരോടു ചോദിച്ചാൽ മറുപടി പറയുന്നതു സർവ്വസാധാരണമാണു്. അതു മാററുന്നതിനു് ഒരു കോഞ്ഞർഡിനേററഡു് എഫർട്ടു് ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമാണു്. അതുപോലെതന്നെ മന്ത്രിമാർ 18 മണിക്കൂറെങ്കിലും ദിവസവും ഊർജ്ജസ്വലതയോടുകൂടി പ്രവർത്തിക്കുന്നതിനു സന്നദ്ധരാകേണ്ടതാണു്. പൊതുജനങ്ങളുമായി സമ്പർക്കം പുലർത്തിക്കൊണ്ടു് വികസനപദ്ധതികളുടെ പ്രവർത്തനരംഗങ്ങൾ സന്ദർശിച്ചു് അപ്പഴപ്പോൾ അവയുടെ പുരോഗതിക്കു് വേണ്ട നിർദ്ദേശം കൊടുക്കുന്നതു്

ആവശ്യമാണെന്നാണ് എനിക്കു ബഹുമാനപ്പെട്ട മന്ത്രിമാരോടു പറയാനുള്ളത്.

അടുത്തതായി സർക്കാർ ഉദ്യോഗസ്ഥന്മാരുടെ എഫിഷ്യൻസി വളരെ താണുപോയി എന്നുള്ളതാണ്. അതിനു പ്രധാനമായ കാരണം ഇന്നത്തെ റിക്രൂട്ടുമെൻറിന്റെ ദൂഷ്യമാണെന്ന് എനിക്കു തോന്നുന്നു. അതിനെപ്പററി പ്രസ്താവിക്കുന്നതു് അപമാനമാണെന്നാണ് എന്റെ തോന്നൽ. വ്യക്തിപരമായും മററു പല പരിഗണനകൾ വച്ചും പബ്ലിക്കു് സർവ്വീസ് കമ്മീഷൻ റിക്രൂട്ടുമെൻറു നടത്തുന്നതായി പൊതുജനങ്ങളുടെ ഇടയിൽ സംസാരമുണ്ട്. അതുപോലെതന്നെ സർക്കാർ ജീവനക്കാരുടെ ഇടയിലുള്ള പോസ്റ്റിംഗ്സ്, പ്രമോഷൻസ് എന്നീ വക കാര്യങ്ങളും പ്രാദേശികമായ അടിസ്ഥാനത്തിലും വ്യക്തിപരിഗണനകളുടെ അടിസ്ഥാനത്തിലും നടന്നു പോരുന്നതായി ഒരു സംസാരമുണ്ട്. അങ്ങിനെ പ്രവർത്തിച്ചാൽ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ അസംതൃപ്തി ഉണ്ടാകാനിടയുണ്ട്. ഇപ്പോൾ സ്പീഡർച്ചിട്ടുള്ള ഇൻറഗ്രേഷൻ ലിസ്റ്റിനെ വിഗണിച്ചുകൊണ്ട് ചില പ്രമോഷൻ നടത്തിയിട്ടുള്ളതായി ചില പരാതികൾ ഉണ്ട്. ഈ മാതിരി പ്രവൃത്തികൾ തുടരുന്നപക്ഷം പൊതുവേ സർക്കാർജീവനക്കാരുടെ ഇടയിൽ അസംതൃപ്തി ഉണ്ടാകുകയും അതു കാരണം വികസനപരിപാടികളുടെ പ്രവർത്തനത്തിനു വിഘ്നം നേരിടുകയും ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു.

വികസനപരിപാടികളുടെ വിജയപ്രദമായ പ്രവർത്തനത്തിന് പൊതുജനങ്ങളുടെ സഹകരണം ഉണ്ടായിരിക്കണം. എന്നാൽ ഈവിധ സഹകരണം ഉണ്ടാക്കാനുള്ള താല്പര്യം ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെ ഇടയിൽ കാണുന്നില്ല. അതു തീർച്ചയായും ജനാധിപത്യവിരുദ്ധമായ ഒരു നടപടിയാണെന്നാണ് എനിക്കു പറയുവാനുള്ളത്. പൊതുജനസഹകരണം വികസനപരിപാടികളുടെ പ്രവർത്തനത്തിന് ജനാധിപത്യം നിലവിലിരിക്കുന്ന ഒരു രാജ്യത്ത് അത്യന്താപേക്ഷിതമാണെന്നു കാണിക്കേണ്ടതാണ്. ഒന്നാമതായി ജനങ്ങൾക്ക് അവരുടെ ഉത്തരവാദിത്വം മനസ്സിലാക്കിക്കൊടുക്കുന്നതിനും ഈ കാര്യങ്ങളിൽ ശരിയായ തീരുമാനങ്ങൾ എടുക്കുന്നതിനും അവർ സമൂഹമായി സംഘടിച്ചു പൊതുപ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിന് ഒരവസരം കൊടുക്കുകയായിരിക്കും. അതു മാത്രമല്ല, നമ്മുടെ ആളുകളുടെ ഇടയിൽ വേരൂന്നിയിട്ടുള്ള അലസമനോഭാവം മാററുന്നതിനും, ജനാധിപത്യസിദ്ധാന്തങ്ങളുടെ വളർച്ചയ്ക്കു് ആവശ്യമായ സ്വാശ്രയശീലം ജനങ്ങളിൽ ഉണ്ടാക്കുന്നതിനും ഇതു് സഹായകമായിരിക്കുന്നതാണ്. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളാം.

ഭൂനിയമബില്ലുകളും മററും നിയമങ്ങളായി പ്രവർത്തനത്തിൽ വരാൻ പോകുന്ന ഈ സന്ദർഭത്തിൽ താലൂക്കു കച്ചേരികളിലും, പകുതിക്കച്ചേരികളിലും ഈ ബില്ലുകളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ റിക്കാർഡുകൾ യാതൊന്നും ഇല്ലാതായിട്ട് കാലങ്ങൾ വളരെയായി. അതിനെപ്പററി ശ്രദ്ധിക്കാനോ അതിനു എന്തെങ്കിലും പരിഹാരമുണ്ടാക്കാനോ ആരുംതന്നെ സന്നദ്ധരല്ലെന്നുള്ള ഒരു പരിതസ്ഥിതിയിൽ എത്തിച്ചേർന്നിട്ടുണ്ട്. പട്ടയം, തണ്ടപ്പേർ, വസ്തുക്കളുടെ പ്ലാൻ ഇവയൊന്നും തന്നെ പല വില്ലേജാഫീസുകളിലും ഇല്ലാതായിത്തീർന്നിട്ടുണ്ട്. മുമ്പ്

[ശ്രീ. എം. ഭാസ്കരൻ നായർ]

പുതുക്കൊല്ലത്തിലൊരിക്കൽ ഇവയെല്ലാം പുതുക്കി തയ്യാറാക്കുന്ന പതിവുണ്ടായിരുന്നു. ഈ രേഖകളെല്ലാം വളരെ അത്യാവശ്യമായിട്ടുള്ളതാണ്. അതെല്ലാം ഉടൻതന്നെ തയ്യാറാക്കുന്നതിന് കുറെ ആളുകളെ നിയമിക്കുകയാണെങ്കിൽ ഒരാഴ്ചയിലില്ലായ്മയ്ക്കും ഒരു ചെറിയ പരിഹാരമായിരിക്കും. ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോർജ്: സർ, ഡാക്ടർ എ. ആർ. മേനോൻ ഇവിടെ പ്രകടിപ്പിച്ച ചില അഭിപ്രായങ്ങളോടു യോജിച്ചുകൊണ്ടാണ് ഇവിടെ ചില സംഗതികൾ പറയുവാൻ ഞാൻ ഉദ്ദേശിക്കുന്നത്.

സർ, ഈ രാജ്യത്ത് 1947-നുശേഷം അതായത് കാൺഗ്രസ്സ് അധികാരത്തിൽ വന്നതിനുശേഷം, രാമരാജ്യം, ക്ഷേമരാഷ്ട്രം എന്നൊക്കെ കാരോന്നും കഴിഞ്ഞിട്ട് ഇന്ന് സോഷ്യലിസത്തിലേയ്ക്കു കാൽവച്ചുകയറുന്ന ഒരു സ്ഥിതിയാണ് സംജാതമായിരിക്കുന്നത്. ഇതൊക്കെയാണെങ്കിലും ഇവിടെ യാതൊരു മാററവും തന്നെ ഉണ്ടായിട്ടില്ല. മുൻപുണ്ടായിരുന്ന ഭരണയന്ത്രത്തിൽ യാതൊരു മാററവും വന്നിട്ടില്ലാ എന്നുള്ളതാണ് എന്റെ പ്രധാന പരാതി. പഴയ ഉദ്യോഗസ്ഥമേധാവിത്വം തന്നെയാണ് ഇന്നും നിലനിൽക്കുന്നത്. ആ പഴയ രീതിയിൽത്തന്നെ മുന്നോട്ടുപോകുന്ന ഒരു കാര്യമാണ് സെക്രട്ടേറിയററിൽ ഇപ്പോഴും നാം കാണുന്നത്. ഈ നാട്ടിൽ ജനകീയഭരണം നടപ്പിലായിട്ടുണ്ട് എന്ന് തോന്നുന്നതരത്തിൽ യാതൊരു വ്യത്യാസവും ഭരണയന്ത്രത്തിൽ വരുത്തിയിട്ടില്ല. അതാണ് ഇവിടെയുള്ള സാധാരണ ആളുകളുടെ അനുഭവം. ദിവാൻ ഭരണത്തിന്റെ സ്ഥാനത്ത് നമ്മുടെ ജനപ്രതിനിധികളായിട്ടുള്ള കുറെ ആളുകൾ മന്ത്രിമാരായി വന്നിട്ടുണ്ട് എന്നുള്ളതിൽക്കവിഞ്ഞ് ഈ രാജ്യത്തെ സാധാരണ ജനങ്ങളുടെ നിലവാരത്തിന് യാതൊരു മാററവും വന്നിട്ടില്ല എന്നുള്ളതു് പച്ച പരമാർത്ഥമാണ്. ഈ രാജ്യത്തെ ഭരണയന്ത്രത്തിന് ഈ നാട്ടിലെ സാധാരണക്കാരന്റെ നേരേയുള്ള മനോഭാവത്തിന് എന്തു മാററമാണ് വന്നിട്ടുള്ളത് എന്നാണ് ഞാൻ ചോദിക്കുന്നത്. ആ മനോഭാവത്തിനു മാററം വന്നില്ലെങ്കിൽ ജനങ്ങൾക്ക് യാതൊരു ഗുണവും സിദ്ധിക്കാൻ പോകുന്നില്ല. അതിനുള്ള കാരണം ഈ ഭരണയന്ത്രം ഏതു താൽപ്പര്യങ്ങൾ സംരക്ഷിക്കാനാണോ നിലവിൽ വന്നിരുന്നത്, അതേ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടി മാത്രമാണ് അത് ഇന്നും നിലകൊള്ളുന്നത്. സാമ്രാജ്യത്വഭരണം നിലനിന്നിരുന്ന കാലത്ത് ജനങ്ങളെ മർദ്ദിക്കാനും ചൂഷണം ചെയ്യാനും ഉള്ള ഒരു സിസ്റ്റം ഉണ്ടായിരുന്നതിനു യാതൊരു കോട്ടവും തട്ടിയിട്ടില്ല, അന്നത്തെ മനോഭാവത്തിനും മാററം വന്നിട്ടില്ല.

ഇവിടത്തെ വലിയ കുറെ ഉദ്യോഗസ്ഥന്മാർക്ക് ഐ. സി. എസ്. എന്ന പേരുമാററി വേറെ ഒരു പേരു ഉണ്ടാക്കി എന്നുമാത്രം. ഉദ്യോഗസ്ഥന്മാരുടെ സ്ഥാനത്ത് രാഷ്ട്രീയനേതാക്കന്മാർ മന്ത്രിമാരായി വന്നത് നാട്ടുകാർ സമരം ചെയ്തുകൊണ്ടാണ്. എന്നാൽ ഇവിടത്തെ ഉദ്യോഗസ്ഥഭൂയിഷ്ഠത്വം ഇന്നും നിലനില്ക്കുകയാണ്. അതു് അവസാനിപ്പിക്കുവാൻ നമ്മുടെ മന്ത്രിമാർക്കു സാധിച്ചിട്ടുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നത്. സർ, പരമാർത്ഥം പറയുകയാണെങ്കിൽ സെക്രട്ടേറിയററിലുള്ള ഉദ്യോഗസ്ഥ

ന്മാർക്ക് എം. എൽ. എ. മാരെപ്പററിയും മന്ത്രിമാരെപ്പററിയും അവജ്ഞയാണ്. മന്ത്രിമാർക്ക് എന്തറിയാം, ഒന്നും അറിഞ്ഞുകൂടാ എന്നാണ് അവരുടെ ഭാവം. മന്ത്രിമാർ പറഞ്ഞു എന്ന് പറഞ്ഞാൽപ്പോലും അവർക്കു വകയില്ല. ഈ സ്ഥിതി മാററുവാൻ ഇന്നത്തെ ഇവിടത്തെ ഭരണത്തിനു സാധിച്ചിട്ടില്ല.

സർ, ഇന്നു തിരുവിതാംകൂർ-കൊച്ചിസംസ്ഥാനം ഭരിക്കുന്നതു് ആരാണ് എന്നു ചോദിച്ചാൽ പൊതുവേ, ഭരണഭാരം വഹിക്കുന്നതു് ചീഫ് മിനിസ്റ്റർ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനവനും അദ്ദേഹത്തിന്റെ മന്ത്രിസഭയും ആണെന്നു സാധാരണക്കാരായ ആളുകളുടെ ദൃഷ്ടിയിൽ തോന്നും, എങ്കിലും അതല്ല യാഥാർത്ഥ്യം. അതിന്റെ പിന്നിൽ വേറൊരു പരമാർത്ഥമുണ്ട്. എന്നോടു ചോദിച്ചാൽ ഞാൻ പറയും, ഞാൻ ഉറപ്പിച്ചുപറയും ഐ. ജി. ശ്രീ. ചന്ദ്രശേഖരൻ നായർ ആണ് ഈ സംസ്ഥാനം ഭരിക്കുന്നതെന്ന്, രഹസ്യമായി ചോദിച്ചാൽ അദ്ദേഹവും അതു സമ്മതിച്ചേയ്ക്കും. സർ, ഈ സംസ്ഥാനം ഒരു പോലീസ് സ്റ്റേററ് ആയി മാറിക്കൊണ്ടിരിക്കുകയാണ്. അല്ല മാറിക്കഴിഞ്ഞിരിക്കുകയാണ് എന്നു പറഞ്ഞാൽപ്പോലും തെററില്ല. ഇവിടത്തെ പോലീസിനെ എതിർത്തുകൊണ്ട് മന്ത്രിമാർക്ക് ഈ നാട് ഭരിക്കാൻപോലും കഴിയുകയില്ല. ഈ സ്ഥിതി മാററുവാൻ ഇതേവരെ മന്ത്രിസഭയ്ക്കു കഴിഞ്ഞിട്ടില്ല. ഈ അവസ്ഥ മാററാതെ ഇവിടെ ഭരണം ഇങ്ങനെ തന്നെ തുടർന്നുപോകുന്നതു് രാജ്യത്തിനു വലിയ അപകടമാണ്, അതു് നാട്ടിനോടു് ചെയ്യുന്ന ഒരു വലിയ ദ്രോഹമാണ്. സർ സി. പി യുടെ ഭരണകാലത്തു് ഇവിടെ മർദ്ദിക്കുന്നതിന് പേരു കേട്ടിട്ടുള്ള പോലീസ് ഉദ്യോഗസ്ഥന്മാർ ധാരാളം ഉണ്ടായിരുന്നു. ദിവാൻഭരണം അവസാനിച്ചു ജനകീയഭരണം നടപ്പിൽ വന്നു. ജനകീയഭരണം വരുന്നു എന്നു കേട്ടപ്പോൾത്തന്നെ, ഈ പോലീസുകാർ കിടുങ്ങിത്തുടങ്ങി. എന്നാൽ കാൺഗ്രസ്സ് മന്ത്രിസഭ ഭരണം തുടങ്ങിയപ്പോൾ, അന്നത്തെ പ്രധാനമന്ത്രി പോലീസുകാരോടു് പറഞ്ഞു, നിങ്ങൾ അശേഷം ഭയപ്പെടേണ്ട, പഴയപടി നിങ്ങളുടെ നയം തുടർന്നുകൊള്ളൂ എന്ന്. പോലീസിന്റെ മൊറാൽ നശിപ്പിക്കരുതെന്നായിരുന്നു അന്നത്തെ മുഖ്യമന്ത്രിയുടെ അഭിപ്രായം. ഇന്നുവരെ ഉണ്ടായിട്ടുള്ള എല്ലാ മന്ത്രിസഭകളുടെയും അഭിപ്രായം അതുതന്നെ. പോലീസിന്റെ മനോവീര്യം നശിപ്പിക്കാതിരിക്കുവാൻ ഉൽക്കണ്ഠയുള്ള നമ്മുടെ മന്ത്രിമാർക്ക്, ഈ നാട്ടിലെ പൊതുജനങ്ങളുടെ മനോവീര്യത്തിന്റെ കാര്യത്തിൽ യാതൊരു ഉൽക്കണ്ഠയും ഇല്ല. പോലീസിന്റെ മനോവീര്യം സംരക്ഷിക്കുന്നതു് കാൺഗ്രസ്സിന്റെ വർഗ്ഗതാല്പര്യത്തിന് ഏററവും യോജിച്ചതാണ്. നാട്ടിലെ പൊതുജനങ്ങളുടെ മനോവീര്യത്തെ അടിച്ചുമർത്തിക്കൊണ്ട്, മർദ്ദനവിദഗ്ദ്ധന്മാരായ പോലീസുകാരുടെ ആത്മവീര്യം വർദ്ധിപ്പിക്കണമെന്നാണ് അവരുടെ അഭിപ്രായം. പോലീസിന്റെ മനോവീര്യം നിലനിർത്തിക്കൊണ്ടുതന്നെ ഭരണം നടത്തണമെന്നുള്ള പഴയ അഭിപ്രായം തന്നെയാണ് ഇന്നും ഉള്ളതു്. ഇപ്പോഴത്തെ പോലീസ് മന്ത്രിയും ഈ അഭിപ്രായംതന്നെ ഇക്കഴിഞ്ഞ ദിവസം ഇവിടെ പറയുകയുണ്ടായി. ഈ രീതി ഉടനെ മാറണം സർ. ഈ രീതി മാററിയെങ്കിൽ മാത്രമെ ജനകീയഭരണം ഉണ്ടാകുകയുള്ളൂ. സോഷ്യലിസം ഉടൻ നടപ്പിലാക്കണമെന്ന് ഞാൻ പറയുന്നില്ല. അതു് ഇപ്പോൾ സാദ്ധ്യമല്ല. നാട്ടിലെ ഉൽപ്പാദനം എത്രയോ വർദ്ധിക്കണം, ജനങ്ങളുടെ ക്രയശക്തി വർദ്ധിക്കണം, അക്കാലത്തു മാത്രമെ സോഷ്യലിസത്തെ

[ശ്രീ. കെ. സി. ജോർജ്ജ്]

പ്പററി ചിന്തിക്കാൻ ഞങ്ങൾ തയ്യാറല്ല. അതിനു മുൻപ് യഥാർത്ഥജനാധിപത്യമാണ് ഉണ്ടാകേണ്ടതു്. അതിനു പ്രധാനമായി പൊതുജനങ്ങളുടെ സഹകരണം ആവശ്യമാണ്. പക്ഷെ ആ സഹകരണം ലഭിക്കുന്നതിനു തടസ്സമായിട്ടാണ് ഇന്നത്തെ ഈ ഭരണയന്ത്രം പ്രവർത്തിച്ചുവരുന്നതു്. ഇന്നു് അധികാരം മുഴുവനും ഗവണ്മെൻറ് കയ്യടക്കി വച്ചിരിക്കുകയാണ്. സർ, നമ്മുടെ നാട്ടിൽ അനേകം പഞ്ചായത്തുകൾ ഉണ്ട്; മുനിസിപ്പാലിററികൾ ഉണ്ട്. ഇവയ്ക്കെല്ലാം ഭരണപരമായ കാര്യങ്ങളിൽ കൂടുതൽ അധികാരം കൊടുക്കണം. ഇന്നത്തെ ഗവണ്മെൻറ് അതിനെതിരാണ്. അധികാരം മുഴുവനും ഗവണ്മെൻറിനുതന്നെ അടക്കിവയ്ക്കണം. പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരങ്ങൾ നൽകണമെന്നുള്ള കാര്യത്തെപ്പററി ഈ നിയമസഭയിൽത്തന്നെ എല്ലാ വിഭാഗക്കാരും പറഞ്ഞിട്ടുള്ളതാണ്. കോഓപ്പറേററീവ് സൊസൈററികളിൽ പോലും ഗവണ്മെൻറിന്റെ അധികാരമാണ് അവസാനം നിലനിൽക്കുന്നതു്; മുനിസിപ്പാലിററികളിലും അപ്രകാരംതന്നെ. പഞ്ചായത്തുകൾക്ക് കൂടുതൽ ഭരണാധികാരം നല്കാൻ നിവൃത്തിയില്ലെങ്കിൽ അവയ്ക്ക് ഇന്നുള്ള അധികാരമെങ്കിലും ഉപയോഗിക്കുന്നതിൽ തടസ്സം ചെയ്യാതിരുന്നാൽ കൊള്ളാം. അവയുടെ പ്രവർത്തനങ്ങൾ പോലീസുകാരെക്കൊണ്ടു തടയാതിരുന്നാൽ കൊള്ളാം. അവിടെയും ഇന്നു പോലീസ് ഭരണമാണ് നടക്കുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പററി വിശദമായ വിവരങ്ങൾ തരാമോ ; പഞ്ചായത്തുകാര്യങ്ങളിൽ പോലീസ് ഇടപെട്ട് തടസ്സം ചെയ്തിട്ടുള്ളതിനെപ്പററി ഒന്നു എക്സ്പ്ലെയിൻ ചെയ്യാമോ ?

ശ്രീ. കെ. സി. ജോർജ്ജ : പറയാം. പുന്നപ്ര പഞ്ചായത്തിൽനിന്നും പോലീസ് സഹായം ആവശ്യപ്പെട്ടപ്പോൾ, നിയമമനുസരിച്ച് യാതൊന്നുംതന്നെ പോലീസ് ചെയ്തിട്ടില്ല. നേരെമറിച്ച് അതാവശ്യപ്പെട്ട പഞ്ചായത്തു് പ്രസിഡൻറിനെ അറസ്റ്റ് ചെയ്യുകയാണ് ചെയ്തതു്. ഇതിനെപ്പററി ഞാൻ ഇവിടെ പരാതിപ്പെട്ടിട്ടുണ്ട്. ഉള്ളൂർ പഞ്ചായത്തിൽ പോലീസ് ഇടപെട്ട് അവിടത്തെ പ്രസിഡൻറിനേയും മററും തെറിപറഞ്ഞ കാര്യത്തെപ്പററി ഈ സഭയിൽത്തന്നെ പരാതി വന്നിട്ടുള്ളതാണ്. എനിക്കു സമയമില്ല, ഉണ്ടെങ്കിൽ പഞ്ചായത്തുകളിൽ പോലീസ് ഇടപെട്ടിട്ടുള്ള സംഗതികളെക്കുറിച്ച് ഒരു വലിയ പട്ടിക തരാമായിരുന്നു. ഇങ്ങനെ പോലീസുകാരുടെ അക്രമങ്ങളെയും അഴിമതികളെയും അനാവശ്യമായ ഇടപെടലുകളെയും പററി ഇവിടെ ഞങ്ങൾ പരാതിപ്പെട്ടപ്പോൾ, പോലീസുകാർ ചെയ്യുന്നതെല്ലാം ശരിയാണെന്നാണ് മറുപടി ലഭിക്കാറുള്ളതു്. ജനപ്രതിനിധികൾ ഇവിടെ ഉത്തരവാദിത്വത്തോടുകൂടി പറയുന്നതു് വിശ്വാസമില്ല. പോലീസുകാരൻ പറയുന്നതുമാത്രമെ വിശ്വസിക്കൂ അതാണ് സ്ഥിതി.

അതുമാത്രമിരിക്കട്ടെ പ്രാദേശികസ്വയംഭരണത്തിന്റെ നില എന്താണ്. സാമ്രാജ്യത്വം ഭരിച്ചിരുന്ന കാലത്തു് പ്രാദേശിക സ്വയംഭരണത്തിന്റെ പേരിൽ പഞ്ചായത്തുകളും മുനിസിപ്പാലിററികളുമുണ്ടാക്കി. പക്ഷെ അധികാരം മുഴുവൻ ഉദ്യോഗസ്ഥന്മാരുടെ കയ്യിലായിരുന്നു. ഇന്നത്തെ സ്ഥിതി അതിൽനിന്നു മെച്ചമാണെന്നു പറയാൻ കഴിയുമോ ? ഇല്ല

സർ, ന്യായമായിട്ടുള്ള അധികാരങ്ങൾ അവയ്ക്കു നൽകാതെ ഗവണ്മെൻറ് അമിതമായ അധികാരം കയ്യടക്കിവച്ചിരിക്കുന്നതാണ് അതിനും കാരണം. അതുകൊണ്ട് മുനിസിപ്പാലിററികൾക്കും മററും കൂടുതൽ അധികാരം നൽകിയാൽ പ്രാദേശികകാര്യങ്ങൾ കുറെക്കൂടി ഭംഗിയായി നടത്താൻ കഴിയും.

ഇനി ഇവിടത്തെ പബ്ലിക്കുസർവീസിനെപ്പററി നോക്കാം. ഈ രാജ്യത്തിൻെറ പുരോഗതിക്ക് വളരെ അധികം സംഭാവന ചെയ്തിട്ടുള്ള ചില വിഭാഗക്കാരെ ഉദ്യോഗനിയമനങ്ങളിൽനിന്നും മാററി നിറുത്തുന്നതായി പരാതിയുണ്ടായിട്ടുണ്ട്. പബ്ലിക്കുസർവ്വീസുകമ്മിഷൻ ഒരാളെ ഉദ്യോഗത്തിലേയ്ക്കു സെലക്ട് ചെയ്തുകഴിഞ്ഞതിനുശേഷം അയാളെ ഉദ്യോഗത്തിൽ നിയമിക്കണോ, വേണ്ടയോ എന്നു അവസാനതീരുമാനം ചെയ്യേണ്ടതു് ഒരു പോലീസു കാൺസ്റ്റബിളാണ്. ഇക്കാര്യത്തെപ്പററി കുറുമുദി, സഹോദരൻ മുതലായ പത്രങ്ങളിൽ രണ്ടുമൂന്നുദിവസങ്ങൾക്കുമുൻപ് മുഖപ്രസംഗങ്ങൾ ഉണ്ടായിരുന്നു. ഇന്നലെ ഇവിടെത്തന്നെ ഒരു മെംബർ ഇതിനെപ്പററി പറയുകയുണ്ടായി. ഉദ്യോഗം ലഭിക്കണമെങ്കിൽ, കമ്മ്യൂണിസ്റ്റാണെന്നു രേഖപ്പെടുത്താതിരിക്കണമെങ്കിൽ, അതിനു ചില്ലറ കൈക്കൂലിയും മററും കൊടുക്കണമെന്നു്. അതുകൊണ്ടാണ് ഇതൊരു പോലീസ് സ്റ്റേററാണെന്നു ഞാൻ പറയുന്നതു്. എങ്ങനെയായാലും ശരി, രാഷ്ട്രീയപരിഗണനകൾ വച്ചുകൊണ്ടു് ചില വിഭാഗക്കാരെ ഉദ്യോഗത്തിൽനിന്നും ഒഴിവാക്കുന്നതു ശരിയല്ല. മന്ത്രിമാർ ഈ മനോഭാവം മാററേണ്ട സമയം വൈകിയിരിക്കുന്നു.

ഇവിടെ ഒരു അഷ്വറൻസു കമ്മിററി ഉണ്ടാക്കിയിട്ടുണ്ട്. ആ കമ്മിററിയിൽ മന്ത്രിമാർ ജനപ്രതിനിധികളോടു ചെയ്യുന്ന വാഗ്ദാനങ്ങളിൽ അൻപതുശതമാനംപോലും നിറവേററിയിട്ടില്ല എന്നു് അതിൻെറ റിപ്പോർട്ടു പരിശോധിച്ചുനോക്കിയാൽ കാണാൻകഴിയും. കമ്മിററിയിൽ ഹാജരാകണമെന്നു ചില ഉദ്യോഗസ്ഥന്മാർക്ക് എഴുതി അയച്ചാൽ അവർ അതിനു മറുപടി പോലും അയയ്ക്കുകയില്ല. അവർക്ക് ആരെയും വകവയ്ക്കേണ്ട ആവശ്യമില്ല; അതുകൊണ്ടാണ്. എനിക്കു ഒരു പ്രത്യേക ഉദ്യോഗസ്ഥനെപ്പററി പറയേണ്ടിവന്നതിൽ ഖേദമുണ്ട്. എസ്റ്റിമേററു കമ്മിററിയിൽ ഒരു ഉദ്യോഗസ്ഥൻ വരണമെന്നു പലതവണ എഴുതിയിട്ടാണ് അവസാനം ആ ഉദ്യോഗസ്ഥൻ ഹാജരായതു്. എന്തിനാണീ കമ്മിററിക്കു പോകുന്നതെന്നുള്ള ഒരു മനോഭാവമാണ് അതിനു കാരണം. ഈ രീതിയിൽ ഇവിടുത്തെ ഭരണം മുന്നോട്ടുപോകുകയാണെങ്കിൽ ജനാധിപത്യം ഇവിടെ വളരുകയില്ല. ശ്രീ. എ. ആർ. മേനോൻ പറഞ്ഞതു പോലെ ഇതൊരു ഫാസിസ്റ്റ് രാജ്യമായി വളരും. അതുകൊണ്ടു് ഞാൻ ഈ ഡിമാൻറിനെ മുഴുവൻ എതിർക്കുകയാണ്.

ശ്രീ. കെ. എം. ജാർജ്: സർ, ഡാക്ടർ എ. ആർ. മേനോൻെറ ഖണ്ഡനോപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ള ബഡ്ജററിനെ സംബന്ധിച്ചു് അനുകൂലമായും, പ്രതികൂലമായും ധാരാളം വാദപ്രതിവാദങ്ങൾ നടക്കുകയുണ്ടായി. എൻെറ അഭിപ്രായത്തിൽ, നമ്മുടെ സംസ്ഥാനത്തേ സംബന്ധിച്ചിടത്തോളം മാത്രമല്ല, ഇൻഡ്യയെ സംബന്ധിച്ചിടത്തോളവും ഏററവും പ്രാധാന്യമേറിയ

[ശ്രീ കെ. എം. ജോർജ്ജ്]

ഒരു ഘട്ടത്തിലാണ് നാം എത്തിയിരിക്കുന്നത്. ഈ ബഡ്ജററ് ഇതിനുമുൻപെങ്ങും ഈ നിയമസഭയിലും ഉണ്ടായിട്ടില്ലാത്ത വിധം അത്ര സുപ്രധാനവും, നിർമ്മാണാത്മകമായ പരിപാടികൾ ഉൾക്കൊണ്ടിട്ടുള്ളതായ ഒന്നാണെന്നും ഞാൻ അനുസ്മരിക്കുകയാണ്. ഇവിടെ ചില സ്നേഹിതന്മാർ ബഡ്ജററ് വിമർശനവേളയിൽ, ഈ ബഡ്ജററിന്റെ ശ്രുപഭദ്രതക്കുറവിനെയും, സ്ഥായീഭാവക്കുറവിനേയും പരാമർശിച്ചു സംസാരിക്കുകയുണ്ടായി. ഇത്ര കൂടുതൽ കമ്മിയുള്ളതും, രാഷ്ട്രനിർമ്മാണപരമായ പദ്ധതികൾ ഉൾക്കൊള്ളുന്നതുമായ ഒരു ബഡ്ജററ് തിരുവിതാംകൂർ-കൊച്ചിയുടെ ചരിത്രത്തിൽ വിദഗ്ദ്ധമായി ആസൂത്രണം ചെയ്തിട്ടില്ലെന്നുള്ളത് ഒരു വസ്തുതമാത്രമാണ്. ഈ സംസ്ഥാനത്തെ 93 ലക്ഷം ജനങ്ങളെ സംബന്ധിച്ചിടത്തോളവും വിധിനിർണ്ണായകമായ ഒരു ബഡ്ജററാണ് ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്നതെന്നുള്ളത് വിസ്മരിക്കത്തക്കതല്ല.

സർ, രാഷ്ട്രനിർമ്മാണപരമായ വളരെ അധികം തുകകൾ, ഈ രാജ്യത്തിന്റെ സുസ്ഥിതിയെ ലക്ഷ്യമാക്കി—ഇന്ന് നമ്മെ അഭിമുഖീകരിക്കുന്ന വിവിധ വിഷമപ്രശ്നങ്ങളെ നേരിടുന്നതിനു ആസൂത്രണംചെയ്തിട്ടുള്ള ഒരു ബഡ്ജറെന്ന നിലയിൽ ഇതൊരു വിജയമാണെന്നു പറയുമ്പോൾ ഈ ബഡ്ജററിന്റെ പുരോഗമനാത്മകമായ സ്വഭാവത്തെ ഏറക്കുറെ മനസ്സിലാക്കാവുന്നതാണ്. രാഷ്ട്രത്തിന്റെ സാർവ്വത്രികമായ ക്ഷേമവും ജനതയുടെ സർവ്വതോൻമുഖമായ പുരോഗതിയുമാണ് നാം എല്ലാവരും അഭിലഷിക്കുന്നതെങ്കിൽ, ഈ ബഡ്ജററിന്റെ നിർമ്മാണാത്മകമായ സ്വഭാവത്തെ ആദരിച്ചു് ഇതിന്റെ വിജയത്തിനുവേണ്ടി സഹകരിക്കുകയാണ് വേണ്ടതു്. വിമർശനത്തിനുവേണ്ടി മാത്രം വിമർശിക്കുന്ന ഒരു നയം ചിലർ അവലംബിക്കുന്നതു് ജനങ്ങളോടു ചെയ്യുന്ന ഒരു ദ്രോഹമായിരിക്കും. പാർട്ടിതാല്പര്യത്തെമാത്രം മുൻനിറുത്തി പൊതുപ്രശ്നങ്ങളുടെ നേരെ കൊഞ്ഞനം കാണിക്കുന്നതു രാജ്യദ്രോഹപരമായ ഒരു നടപടിയാണ്. രാജ്യക്ഷേമത്തിന്റെ പേരിൽ എല്ലാ പാർട്ടികളും, ഉദ്യോഗസ്ഥന്മാരും, പൊതുജനങ്ങളും സഹകരിച്ചു പ്രവർത്തിക്കുന്നതുകൊണ്ടു മാത്രമേ ഈ പദ്ധതികൾ വിജയപ്രദമാകുകയുള്ളൂ. എന്റെ ബഹുമാനപ്പെട്ട ഇടതുപക്ഷ മാന്യസുഹൃത്തുക്കളോടു് എനിക്കു പറയാനുള്ളതു് യാഥാർത്ഥ്യങ്ങളുടെ നേരെ വിമർശനവും കൊഞ്ഞനംകാട്ടലും, രാജ്യക്ഷേമത്തിന്റെ പേരിൽ മതിയാക്കണമെന്നും, ഈ ബഡ്ജററിന്റെ വിജയത്തിനുവേണ്ടി സമ്പൂർണ്ണമായ സഹകരണം നൽകണമെന്നുമാണ്.

സർ, രാഷ്ട്രനിർമ്മാണപരമായ പദ്ധതികൾക്കായി—പഞ്ചവത്സര പദ്ധതിയുടെ പൂർത്തീകരണത്തിനു്—പത്തുകോടി രൂപ ചെലവഴിക്കുന്നതു് ഫലപ്രദമായിത്തീരാൻ നാം ഒത്തൊരുമിച്ചു പ്രവർത്തിക്കാതെ സാദ്ധ്യമല്ല. ഇക്കാര്യത്തിൽ ഈ രാജ്യത്തെ സർവ്വീസസ് വേണ്ട സഹകരണം നൽകുകയില്ലെന്നുള്ള ശ്രീ. കെ. സി. ജോർജ്ജിന്റെ സംശയം ശരിയല്ലെന്നും ഇതവസരത്തിൽ വ്യക്തമാക്കിക്കൊള്ളട്ടെ. ശ്രീ. കെ. സി. ജോർജ്ജ് പറയുകയുണ്ടായി ഐ. എ. എസ്സ്. ഉദ്യോഗസ്ഥന്മാർ മന്ത്രിമാരെ മാനിക്കുന്നില്ലെന്നും, മന്ത്രിമാരുടെ പേരിൽ അവർക്ക് പുച്ഛമാണെന്നും. ആ അഭിപ്രായത്തോടു് എനിക്കു യോജിക്കുവാൻ നിവൃത്തി

യില്ല. ഇവിടത്തെ രാഷ്ട്രീയ പരിതഃസ്ഥിതികളിൽ, ക്ഷണമുളച്ചുവരികയും, അപ്രത്യക്ഷമാകുകയും ചെയ്യുന്നതുപോലെ കൂടെക്കൂടെ മന്ത്രിമാർ മാറിമാറി വരുന്ന ഒരു പതിവാണിന്നുള്ളത്. അതുകൊണ്ട് പല നല്ല കാര്യങ്ങളും പ്രവൃത്തിപദ്ധതിയിൽ കൊണ്ടുവന്ന് രാജ്യക്ഷേമകരങ്ങളായ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സാവകാശവും സൗകര്യവും മന്ത്രിമാർക്കു കിട്ടുന്നില്ലെന്നുള്ളത് ഒരു പരമാർത്ഥമാണ്. ഇങ്ങനെ കൂടക്കൂടെ മാറി വരുന്ന മന്ത്രിമാരുടെ പേരിൽ ഏതെങ്കിലും ചില ഉദ്യോഗസ്ഥന്മാർക്ക് അവജ്ഞയോ അനാദരവോ ഉണ്ടായാൽത്തന്നെ അതു് ഒന്നടങ്കം ഉദ്യോഗസ്ഥന്മാർക്കു ഒരു കുററാരോപണമായിത്തീരുന്നതല്ല. ഒരു കൊല്ലം, ഒന്നരക്കൊല്ലം, രണ്ടുകൊല്ലം ഈ ക്രമത്തിൽ മന്ത്രിസഭകൾക്കു ഭരിക്കാൻ കിട്ടുന്ന അവസരം മററു പാർട്ടികളുടെയും, സ്ഥാപിതതാല്പര്യക്കാരുടേയും സമ്മർദ്ദംമൂലം രാജ്യക്ഷേമകരങ്ങളായ നല്ലകാര്യങ്ങൾ നടപ്പിലാക്കാൻ സൗകര്യം ലഭിക്കാതെ കഴിഞ്ഞുപോയിരിക്കയാണ്.

സർ, രാഷ്ട്രീയപരിഗണനകൾ മാററിവച്ചുകൊണ്ട് പ്രശ്നങ്ങളെ നേരിടേണ്ട കാലം വൈകിയിരിക്കുന്നു. ഏതു കാര്യത്തിനും സൃഷ്ടിപരമായ വിമർശനങ്ങൾ ആവശ്യമാണെങ്കിലും, രാജ്യക്ഷേമത്തിന് വിലങ്ങുതടിയായി നില്ക്കുന്ന ഗർഹണീയമായ പാർട്ടി താല്പര്യങ്ങൾ മാററിവച്ചിട്ട്, രാജ്യക്ഷേമത്തിന്റെയും, പുരോഗതിയുടേയും പടിവാതിൽ കൊട്ടിയടയ്ക്കാതെ നല്ല നല്ല പദ്ധതികൾ വിജയിപ്പിക്കുവാൻ സഹകരിച്ചു പ്രവർത്തിക്കേണ്ടതു് ജനപ്രതിനിധികളുടെ കർത്തവ്യം മാത്രമാണ്.

കൃഷിസംബന്ധമായി പല പദ്ധതികളും ഗവണ്മെൻറു സ്വീകരിച്ചിട്ടുള്ളതു സ്വാഗതാർഹമാണ്. തൊടുപുഴ, പ്രകൃതിക്ഷോഭം നിമിത്തം ഉണ്ടായിട്ടുള്ള നാശത്തെയും, അതിനു പ്രതിവിധി ചെയ്യേണ്ട അത്യാവശ്യകതയെയും പററി ബഹുമാനപ്പെട്ട ഗവണ്മെൻറിൽ നിവേദനം നടത്തിയപ്പോൾ ആവശ്യമായ നടിപടികൾ നടത്താമെന്നു സമ്മതിച്ചിട്ടുണ്ടെങ്കിലും അതിനു പരിഹാരം ഉണ്ടാക്കാൻ താമസം വരുത്തുന്നതു ഒട്ടും ശരിയല്ല. പഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനത്തോടുകൂടി കാർഷികവും, വ്യാവസായികവുമായ പുരോഗതികൾ ആശാവഹമായി പ്രതീക്ഷിക്കാവുന്നതാണ്. പ്രഥമ പഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനത്തോടുകൂടി ശേഷിച്ചിട്ടുള്ള കാലഘട്ടത്തിൽ, അതിന്റെ പൂർത്തീകരണത്തിന് ഇരുപത്തിനാലുമണിക്കൂറും പ്രവർത്തിക്കാൻ ഗവണ്മെൻറു ഉദ്യോഗസ്ഥന്മാരും മന്ത്രിമാരും ആത്മാർത്ഥമായി പ്രവർത്തിക്കേണ്ടതാണ്. പഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനം രാജ്യക്ഷേമകരമായി തുടർന്നാൽ അതിൽ അങ്ങേയററം സഹകരണമുണ്ടാകുമെന്നു് പ്രതിപക്ഷത്തുനിന്നുകൂടി സൂചന കാണുന്നതു് സ്വാഗതാർഹമാണ്. ശ്രീ. പ്രംക്കുളം ഭാസി, അപ്രകാരം സഹകരണം വാഗ്ദാനം ചെയ്തതു് വളരെ അർത്ഥവത്താണ്. അതിനെ ഞാൻ സ്വാഗതംചെയ്യുന്നു.

അടുത്ത പഞ്ചവത്സരപദ്ധതിയെപ്പററി ആലോചിച്ചുകൊണ്ടിരിക്കുന്ന ഈ നിർണ്ണായകഘട്ടത്തിൽ നദീതടപദ്ധതികളെപ്പററി വളരെയേറെ ഗവണ്മെൻറു് ചിന്തിക്കണം. ഇടുക്കിപദ്ധതി, ഭൂതത്താൻകെട്ട് പദ്ധതി എന്നീ ഹൈഡ്രോ ഇലക്ട്രിക് സ്കീമുകൾ ആരംഭിക്കുന്നതിനെപ്പററി ഗവണ്മെൻറു് വേണ്ട നടപടികൾ എടുക്കണം. അതിലേയ്ക്കു് പത്തോ, ഇരുപതോ കോടി രൂപ ചെലവാക്കേണ്ടിവരും. എന്നിരുന്നാൽത്തന്നേയും ഈ പദ്ധതികൾ നടപ്പിലാക്കിയാൽ ഈ നാട്ടിലെ മഴവൻ

[ശ്രീ. കെ. എം. ജാർജ്ജ്]

സ്ഥലങ്ങളിലും തെന്നിന്ത്യയിലാകമാനവും വിദ്യുച്ഛക്തികൊടുക്കുന്നതിനും തന്മൂലം കുടിൽവ്യവസായങ്ങളും വൻകിടവ്യവസായങ്ങളും വർദ്ധിപ്പിക്കുന്നതിനും കഴിയുന്നതാണ്. ഇടുക്കിപദ്ധതിപോലെയുള്ള പദ്ധതികളിലാണ് ഗവണ്മെൻറ് ഉടനെ കൈവയ്ക്കേണ്ടതു്. അല്ലാതെ അയ്യായിരവും പതിനായിരവും കിലോവാട്ട്സ് ഉല്പാദിപ്പിക്കുന്ന പദ്ധതികൾ അല്ല നാം ഉടനെ തുടങ്ങിക്കേണ്ടതു്. അതിന് ഈ ഗവണ്മെൻറ് തയ്യാറാവണം. കേന്ദ്രഗവണ്മെൻറിൻെറ സഹായസഹകരണങ്ങൾ സമ്പാദിക്കണം. ബെറ്റ്. സർ, സമയമില്ലാത്തതുകൊണ്ടു ഞാൻ നിറുത്തുകയാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, ഒരു പോയിൻറ് ആഫ് ആർഡർ. ഇവ പ്രസംഗിച്ചുകൊണ്ടിരിക്കുന്ന ആളുകളോട് ചോദ്യം ചോദിക്കുമ്പോൾ മറുപടി പറയാതിരിക്കുന്നതു് ഭീരുത്വമോ അപമര്യാദയോ വല്ലതുമായി കണക്കാക്കാമോ?

മിസ്റ്റർ സ്പീക്കർ: എങ്ങിനെവേണമെങ്കിലും കണക്കാക്കാം.

ശ്രീ. ബേബി ജാൺ: സർ, ഈ മന്ത്രിമാർ അധികാരത്തിലേയ്ക്കു് കയറിയതിനെക്കുറിച്ച് പ്രതിപാദിക്കുവാൻ ഞാൻ വിചാരിക്കുന്നില്ല. നമ്മുടെ മന്ത്രിമാർ ജനങ്ങളോട് ഉത്തരവാദിത്വമുള്ളവരാണെന്നാണ് അവകാശപ്പെടുന്നതു്. ജനങ്ങൾ അവരെ പ്രതിനിധികളായി നിയമസഭയിലേയ്ക്കു തിരഞ്ഞെടുത്തയച്ചിട്ടുള്ള ആളുകളാണ്. തീർച്ചയായും ഈ മന്ത്രിമാർക്ക് പ്രാഥമികമായും മൗലികമായും ജനങ്ങളോടാണ് ഉത്തരവാദിത്വമുള്ളതു്. പക്ഷെ, ഈ നിയമസഭയുടെ പ്രവർത്തനം നോക്കുകയാണെങ്കിൽ മന്ത്രിമാർ ജനങ്ങളോടല്ലാ, നിയമസഭയോടുമല്ലാ, മറിച്ച് ഉദ്യോഗസ്ഥന്മാരോടാണ് ഉത്തരവാദിത്വമുള്ളതെന്നാണ് തോന്നിപ്പോകുന്നതു്. ഇന്ന് ഇവർ ജനപ്രതിനിധികൾ എന്ന മോഹനമായ സ്ഥാനത്തുനിന്ന് ഉദ്യോഗസ്ഥപ്രതിനിധികളായി മാറിയിരിക്കുകയാണ്. ഈ മന്ത്രിസഭ തുടങ്ങിയ കാലംമുതൽ തുടങ്ങിയ ചോദ്യോത്തരങ്ങളിൽ നിന്നു നമുക്ക് അതു മനസ്സിലാക്കുവാൻ സാധിക്കും. ദിവാൻ ഭരണം ഉണ്ടായിരുന്ന കാലത്തുപോലും ചോദ്യങ്ങൾക്ക് അതാതു വകുപ്പ് മേലദ്ധ്യക്ഷന്മാരാണ് സമാധാനം പറഞ്ഞുകൊണ്ടിരുന്നതു്. അന്ന് ഉദ്യോഗസ്ഥന്മാർക്ക് നിയമസഭയോട് ഒരു വിധേയത്വം ഉണ്ടായിരുന്നു. അന്നത്തെ ദിവാൻപ്രസിഡൻറ് നയപരമായ കാര്യങ്ങളിൽ ഇടപെടുമെന്നല്ലാതെ ഉദ്യോഗസ്ഥന്മാരുടെ സേവയ്ക്കുവേണ്ടി അവരുടെ ചെയ്തികളെ രക്ഷിക്കുന്നതിനുവേണ്ടി പ്രവർത്തിച്ചിരുന്നില്ല. അതുകൊണ്ട് വകുപ്പദ്ധ്യക്ഷന്മാർക്കും നിയമസഭയോട് ഒരു വിധേയത്വമുണ്ടെന്നുള്ള രീതിയിൽ ആണ് മറുപടികൾ പറഞ്ഞിരുന്നതു്. എന്നാൽ ഇന്നാകട്ടെ, നാം രാജ്യത്തെ കൊള്ളരുതായ്മകൾ ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ പെടുത്തി അതു പരിഹരിക്കുന്നതിനും, ദൈനംദിനഭരണകാര്യങ്ങളിൽ സൽഭരണം ഉണ്ടാകുന്നതിനുമുള്ള ആഗ്രഹത്തോടുകൂടി ആരെങ്കിലും എന്തെങ്കിലും ചോദ്യം ചോദിക്കുകയാണെങ്കിൽ അതിന് ശരിയായ സമാധാനം പറയാതെ ഒരു മുടക്കുത്തരം പറഞ്ഞു് ഉദ്യോഗസ്ഥന്മാരെ സംരക്ഷിക്കുന്നതായും ഉദ്യോഗസ്ഥന്മാരുടെ മറുപിടിച്ചുനില്ക്കുന്നതായുമുള്ള ഒരു മനോഭാവമാണ് നമ്മുടെ മന്ത്രിമാർ സ്വീകരിച്ചിരിക്കുന്നതു്. സർ, ഈ നിയമസഭയിലെ പ്രൊസീഡിംഗ്സ്

നാം എടുത്തു വായിക്കുകയാണെങ്കിൽ പോലീസ്മർദ്ദനത്തെ സംബന്ധിച്ച സാർവ്വത്രികമായ പരാതി ഉണ്ടായിട്ടുണ്ടെന്നും, പോലീസുകാർ നാട്ടുനീളെ മർദ്ദിക്കുന്നതായും, ലാക്കപ്പുകളിൽവച്ച് മർദ്ദിച്ചിട്ടുള്ളതായും ഈ രാജ്യത്ത് ഇന്നുവരെ സ്ഥലങ്ങളിൽ പോലീസ് മർദ്ദനം നടത്തിയിട്ടില്ലെ എന്നും മററും നിയമസഭയിൽ ചോദ്യങ്ങൾ ചോദിച്ചിട്ടുള്ളതിനുള്ള മറുപടികൾ ആ പോലീസ്ഉദ്യോഗസ്ഥന്മാർ എടുത്തു വായിക്കുകയാണെങ്കിൽ അവർക്ക് വീണ്ടും അടിക്കുവാൻ ഒരു പ്രേരണയാണ് അതിൽനിന്നും കിട്ടുന്നത്. കാരണം അത്ര ധാർഷ്ട്യത്തോടുകൂടിയ ഒരു നിലപാടാണ് നമ്മുടെ മന്ത്രിമാർ സ്വീകരിച്ചിരിക്കുന്നത്. ഇതു തീർച്ചയായും അപമാനകരമാണ്. ഇത് മന്ത്രിമാരുടെ ഭീതികൊണ്ടോ, ഉദ്യോഗസ്ഥന്മാരോടുള്ള ഭയംകൊണ്ടോ അവരുടെ കാരുണ്യമില്ലെങ്കിൽ.....

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഈ മന്ത്രിമാർക്കും പോലീസുകാരെ ഭയമാണെന്നാണോ താങ്കൾ പറയുന്നത്?

ശ്രീ. ബേബി ജാൻ: പോലീസുകാരുടെ മാത്രമല്ല, എല്ലാ ഉദ്യോഗസ്ഥന്മാരുടേയും അനീതികളെ മന്ത്രിമാർ അന്വേഷിച്ച് അവരുടെ അനീതികളെയും നിരുത്തരവാദപരമായ പെരുമാററത്തെയും ഇല്ലാതാക്കുന്നതിനു ശ്രമിക്കണം. അല്ലാതെ അവരെ സംരക്ഷിക്കുകയല്ല ചെയ്യേണ്ടത്. അതിനു പകരം ഇക്കാര്യങ്ങളെപ്പററി പറയുന്നവരുടെ ആത്മാർത്ഥതയെ ചോദ്യം ചെയ്യരുത്. ആരെയും കുററക്കാരാക്കുന്നതിനല്ല ഞങ്ങൾ നിയമസഭയിൽ ചോദ്യങ്ങൾ ചോദിക്കുന്നത്. മറിച്ച് ഈ രാജ്യത്ത് അഴിമതി ഉണ്ടെങ്കിൽ അത് ഇല്ലായ്മ ചെയ്യണമെന്നുള്ള ആഗ്രഹത്തോടുകൂടിയാണ് ചോദ്യങ്ങൾ ചോദിക്കുന്നത്. അതുകൊണ്ട് മന്ത്രിമാർ ഈ ഏർപ്പാട് ഉപേക്ഷിക്കണമെന്ന് എനിക്ക് അവരോട് അഭ്യർത്ഥിക്കുവാനുണ്ട്.

അതുപോലെതന്നെ സർ, ഈ നാട്ടിലെ സീനിയർ ഉദ്യോഗസ്ഥന്മാരുടെ കൊള്ളരുതായ്മകളെ വെളിച്ചത്തു കൊണ്ടുവരുവാൻ ശ്രമിക്കുന്നതോടൊപ്പംതന്നെ ദൈനംദിനഭരണകാര്യങ്ങളിൽ ഉള്ള അഴിമതികൾ ഇല്ലാതാക്കി അവരുടെ ന്യായമായ അവകാശങ്ങൾക്കു വേണ്ടി സമരം ചെയ്യേണ്ടതും നമ്മുടെ ആവശ്യമാണ്. നമ്മുടെ സംസ്ഥാനത്തെ സീനിയർ ഉദ്യോഗസ്ഥന്മാരെപ്പററി പറയാൻ ആരുണ്ട്? മൈസൂറിലാണെങ്കിൽ എല്ലാ സീനിയർ ഉദ്യോഗസ്ഥന്മാർക്കും ഐ. എ. എസ്. റാങ്ക് കിട്ടിയിട്ടുണ്ട്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ പ്രസ്താവനയ്ക്ക് എന്താണടിസ്ഥാനം? മൈസൂർ ഗവണ്മെൻറു ചെയ്ത കാര്യങ്ങൾ ഇവിടെ പ്രസ്താവിക്കുന്നതിന് എന്താണടിസ്ഥാനം?

ശ്രീ. ബേബി ജാൻ: ഇതൊരു വസ്തുതയാണ്. അത് പത്രത്തിലും ഉണ്ടായിരുന്നു. ഇതിനു മുൻപ് പല പ്രസ്താവനകളും ഈ നിയമസഭയിൽ തന്നെ ഉണ്ടായിട്ടുണ്ട്. അതിനെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിഷേധിച്ചിട്ടില്ല. അത് ഒരു വാസ്തവമല്ലെങ്കിൽ അവിടെയിരിക്കട്ടെ. നമ്മുടെഉദ്യോഗസ്ഥന്മാരോടു നീതികാണിക്കുന്നതിനു ശബ്ദമുയർത്താൻ മുഖ്യമന്ത്രി തയ്യാറാകുമോ? ഈ രാജ്യത്തെ ഉദ്യോഗസ്ഥന്മാരോടു കേന്ദ്രഗവണ്മെൻറു നീതികാണിച്ചിട്ടില്ല. നാം അതിനൊരു സമരംചെയ്യാൻ

[ശ്രീ. ബേബി ജാൻ]

തയ്യാറാകുമോ? 1952-ാമാണ്ടു് ബഡ്ജററവതരണസംഗം ചെയ്ത അവസരത്തിൽ ഈ രാജ്യത്തെ ഭരണഘടനയുടെ 371-ാംവകുപ്പിൽനിന്നും ഒഴിവാക്കുന്നതിനു് മുഖ്യമന്ത്രി ആഗ്രഹിക്കുന്നുവെന്നു പ്രഖ്യാപിച്ചിട്ടുള്ളതിനെ ഞാൻ ഓർക്കുന്നുണ്ടു്. അന്നു് ഈ നിയമസഭയിലുള്ള എല്ലാ അംഗങ്ങളും ശബ്ദം ഉയർത്തി. എന്നാൽ അതിനുശേഷം അദ്ദേഹം എന്തു പ്രവർത്തിച്ചു? ഇതുവരെ ഭരണം നടത്തിവന്നിരുന്ന മന്ത്രിമാർ എന്തു പ്രവർത്തിച്ചു? അന്നു് അദ്ദേഹം മന്ത്രിയായിരുന്നു. എന്നാൽ ഇന്നു് മുഖ്യമന്ത്രിയാണു്. ഇന്നു് അദ്ദേഹം എന്തിനാണു് ഈ അപമാനഭാരം ചുമക്കുന്നതു്? ഈ സ്റ്റേററിനെ 371-ാംവകുപ്പിൽനിന്നും ഒഴിവാക്കാൻ കഴിയാത്തതിലുള്ള അപമാനഭാരം മുഖ്യമന്ത്രി ഇല്ലാതാക്കാൻ ശ്രമിക്കുമെന്നുതന്നെയാണു് എന്റെ പ്രതീക്ഷ. ഈ സംസ്ഥാനത്തു് ഒരു കംട്രോളറുണ്ടു്. അദ്ദേഹത്തിന്റെ ആഫീസിൽനിന്നും ട്രഷറിയിലേക്കു ഇൻറിമേഷൻ അയക്കാൻതാമസിക്കുന്നതോ പോകട്ടെ ചില ആർഡേഴ്സ് നിർത്തൽ ചെയ്യുന്നുമുണ്ടു്. ഈ നില ഒന്നു മാറേണ്ടതായിട്ടുണ്ടു്. തീർച്ചയായും പുരോഗമനപരമാണെന്നു് അവകാശപ്പെടുന്ന മന്ത്രിസഭ അതിനു വിലങ്ങുതടിയായി നില്ക്കുന്ന പ്രവർത്തനങ്ങൾ തുടരാൻ അനുവദിക്കരുതു്. നമ്മുടെ പുരോഗതിക്കു് തടസ്സമായി നില്ക്കുന്നതു് ഈ രീതിയിലുള്ള മുടക്കുപ്രവർത്തനങ്ങളാണെന്നാണു് ഞങ്ങൾ മനസ്സിലാക്കുന്നതു്. അതുകൊണ്ടാണു് സർ, ജനങ്ങൾക്കു് ഉപകാരം ഉണ്ടാക്കത്തക്കവണ്ണം ഒരു നിലപാടു സ്വീകരിക്കണമെന്നു് ഞങ്ങൾ പറയുന്നതു്.

അതോടൊപ്പംതന്നെ അപകടത്തിലേയ്ക്കുള്ള ഒരു പോക്കാണു് ഈ മന്ത്രിസഭയുടെ പോക്കു് എന്നു പറയാതെ നിവൃത്തിയില്ല. ഭരണഘടന അനുശാസിക്കുന്ന ഒരു വ്യവസ്ഥയാണു് ജുഡീഷ്യറിയും എക്സിക്യൂട്ടീവും തമ്മിൽ വേർതിരിക്കണമെന്നുള്ളതു്. പ്രത്യേകമായ ഉദ്ദേശത്തോടുകൂടിയാണു് ഭരണഘടനയിൽ അങ്ങനെ അനുശാസിച്ചിരിക്കുന്നതു്. നിർഭാഗ്യവശാൽ ഇന്നീ ഗവണ്മെൻറു് അതേസംബന്ധിച്ചിടത്തോളം ഒരു തെററായ പോക്കാണു് തുടരുന്നതെന്നു് ഞങ്ങൾ കാണുന്നു. അതായതു് റിട്ടയാർഡു് ജുഡീഷ്യൽ ഉദ്യോഗസ്ഥന്മാരെ ഇവിടെ ജോലിക്കായി എടുക്കുന്നതിനെപ്പററിയാണു് ഞാൻ സൂചിപ്പിക്കുന്നതു്. ഒരു ഹൈക്കോടതി ജഡ്ജിയെ അധികാരത്തിലേക്കു് എടുക്കുക എന്നുള്ളതിനെ സംബന്ധിച്ചു് പറയുകയാണെങ്കിൽ ജുഡീഷ്യറിയെ എക്സിക്യൂട്ടീവിൽനിന്നും വേർപെടുത്തിയില്ലെങ്കിൽ ഒരു ഹൈക്കോടതി ജഡ്ജി റിട്ടയർചെയ്തതിനു ശേഷവും ഉദ്യോഗം ലഭിക്കും എന്നുള്ള മോഹത്തോടുകൂടിയായിരിക്കും പ്രവർത്തിക്കുക. അങ്ങനെ ജുഡീഷ്യറിയെ സ്വാധീനം ചെയ്യുന്നതിനു പെൻഷൻ പററുന്ന ഉദ്യോഗസ്ഥന്മാർക്കു ഉദ്യോഗം കൊടുക്കുന്ന ഒരു അവസ്ഥ ഉണ്ടെങ്കിൽ അതു തെററാണു്. ആ ജഡ്ജിയുടെ പ്രവർത്തനത്തെപ്പററി പറയുകയാണെങ്കിൽ അതു് an open door to injustice ആയിരിക്കും. ഈ രാജ്യത്തു് നീതിനടത്തണം എന്നു വിചാരിക്കുന്നുണ്ടെങ്കിൽ ആ സമ്പ്രദായം അവസാനിപ്പിക്കണം എന്നൊരു അപേക്ഷയുണ്ടു്. ഏതെങ്കിലും കമ്മിററികളിലോ ഏതെങ്കിലും കോടതികളിലോ ഒരു ഹൈക്കോടതിജഡ്ജി ഉണ്ടായിരിക്കണം എന്നു് ആഗ്രഹമുണ്ടായിരിക്കണമെന്നുണ്ടെങ്കിൽ ഇന്നു് സർവ്വീസിലുള്ള ജഡ്ജിമാരെത്തന്നെ അതിലേയ്ക്കു് നിയമിക്കുകയല്ലാതെ റിട്ടയർചെയ്ത ഉദ്യോഗസ്ഥന്മാർക്കു് അവരുടെ വാർദ്ധക്യകാലത്തു് ഉദ്യോഗങ്ങൾ ഉണ്ടാക്കിക്കൊടുക്കാൻവേണ്ടി ശ്രമിക്കുന്നതു് ഏററവും അനാവശ്യമായ ഒരു കാര്യമാണു്. ഇനിയും

ഇതുപോലെയുള്ള നിയമനങ്ങൾ നടത്താൻപോകുന്നതായി അറിയുന്നുണ്ട്. അതിനു എത്രകുണ്ട് പരമാർത്ഥം ഉണ്ടെന്നു് അറിഞ്ഞുകൂടാ. ഈ ഒരു അവസരം ഹൈക്കോടതി ജഡ്ജിമാർക്ക് ഉണ്ടാക്കിക്കൊടുക്കാതിരിക്കണം എന്നുള്ളതാണ് എന്റെ അഭ്യർത്ഥന.

ഒരു വാചകംകൂടി പറയാനുണ്ട്. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ വിദഗ്ദ്ധനായ ഒരു ഉണ്ടിയൽ വ്യാപാരിയാണ്. അദ്ദേഹം കുറെ ലോൺ എടുക്കുന്നു. കുറച്ചു് ഹൗസിംഗിനും, വ്യവസായത്തിനും മറവമായി കടം കൊടുക്കുന്നു. അദ്ദേഹം കേന്ദ്രത്തിൽ നിന്നും കുറെ പണം കടംവാങ്ങുന്നു. ഇപ്പുറത്തു് അതു് കടം കൊടുക്കുകയും ചെയ്യുന്നു. അങ്ങിനെ വിദഗ്ദ്ധനായ ഒരു ഉണ്ടിയൽ വ്യാപാരിയുടെ രീതിയിലാണ് ബഡ്ജറവ് അവതരണം നടത്തിയിരിക്കുന്നതു്. അതേ അവസരത്തിൽ നമ്മുടെ പ്രൊഡക്ടീവ് സൈഡിൽ എന്തുണ്ടെന്നു് നാം നോക്കാതെയാണ് കഴിയുന്നതു്. നമുക്ക് ആവശ്യമുള്ള പണം പുറത്തുനിന്നും അതായതു് കേന്ദ്രത്തിൽനിന്നും ലഭിക്കും എന്നുള്ള പ്രതീക്ഷയിലാണ് കഴിയുന്നതു്. എന്നാൽ നമ്മുടെ സംസ്ഥാനത്തിലെ വരുമാനം വർദ്ധിപ്പിക്കാൻ സാദ്ധ്യതയുണ്ടെങ്കിൽ അതിനെ ആശ്രയിച്ചുകഴിയുന്നതാണ് അഭിമാനകരമായിട്ടുള്ളതു്. ഇന്നു് ഈ സംസ്ഥാനത്തെ ഏററവും പ്രധാനപ്പെട്ട ഒരു വ്യവസായമാണ് മിനറൽസ്. അതു് കേന്ദ്രത്തിൽനിന്നു കൈവശപ്പെടുത്താൻ പോകുന്നതായി കേൾക്കുന്നുണ്ട്. കഴിഞ്ഞ നിയമസഭയിൽ അതു് സംബന്ധിച്ചുള്ള വാദപ്രതിവാദങ്ങളിൽ അന്നത്തെ മന്ത്രിസഭ ഒഴിഞ്ഞുമാറുകയാണ് ചെയ്തതു്. കേന്ദ്രം ഇടപെടുന്ന സാഹചര്യങ്ങൾ ഉണ്ടെങ്കിൽ അതു് ചെയ്തുകൊള്ളട്ടെ. പക്ഷേ ഒന്നുരണ്ടു് കാര്യങ്ങൾ നാം അതിനെ സംബന്ധിച്ചു് പ്രത്യേകമായി നോക്കാനുണ്ട്. ഈ മിനറൽസിൽനിന്നും റായൽടി ഇനത്തിൽ ഒരു നല്ല വരുമാനം ഈ സംസ്ഥാനത്തിനു് ലഭിക്കുന്നുണ്ട്. എന്നാൽ കേന്ദ്രം എടുക്കുകയാണെങ്കിൽ അതു് നമുക്ക് തുടർന്നു ലഭിക്കുന്നതിനുള്ള നടപടികൾ നാം എടുക്കേണ്ടതാണ്. അങ്ങനെ കേന്ദ്രത്തിൽനിന്നും എടുക്കുന്നതു് വ്യവസായവികസനത്തിനു് ആവശ്യമാണെങ്കിൽ തന്നേയും അതു് ഒരു കാർപ്പറേഷന്റെ രീതിയിലായിരിക്കണം. കേന്ദ്രത്തിനും സംസ്ഥാനത്തിനും ഇതിൽ പങ്കുള്ള രീതിയിലായിരിക്കണം. ഈ മിനറൽസ് വ്യവസായം നടത്തുന്ന ആളുകൾ ലാഭത്തിന്റെ എഴുപത്തിഅഞ്ചു് ശതമാനം റായൽറ്റി ആയി കൊടുക്കുന്നുണ്ട്. ഇതൊരു കാർപ്പറേഷനായി നടത്താൻ പോകുന്നെങ്കിൽതന്നെ ലാഭത്തിന്റെ എഴുപത്തിഅഞ്ചു് ശതമാനം നമുക്ക് ലഭിക്കാനായി നാം വളരെ ശ്രമിക്കണം. അങ്ങിനെ ഈ സംസ്ഥാനത്തെ ബാധിക്കുന്ന ആ കാര്യത്തിൽ ഈ നിയമസഭയിലെ എല്ലാ ഭാഗത്തിരിക്കുന്നവരും പിൻതുണ നൽകുമെന്നാണ് എന്റെ വിശ്വാസം. അതോടൊപ്പംതന്നെ മറെറാരു കാര്യംകൂടി എനിക്ക് ഈ സഭയുടേയും ഗവണ്മെൻറിന്റേയും ശ്രദ്ധയിൽ കൊണ്ടുവരാനുണ്ട്. അങ്ങ് പറയുകയുണ്ടായി നമുക്ക് സാമ്പത്തികവിഷമങ്ങൾ വളരെയുണ്ടെന്നു്. നമ്മുടെ സംസ്ഥാനത്തുള്ള കണ്ണൻദേവൻ കമ്പനി, മലയാളം പ്ലാന്റേഷൻസ് ഇതെല്ലാം ഒരു കാർപ്പറേഷന്റെ കീഴിൽ കൊണ്ടുവരണം. ഗവണ്മെൻറിനുകൂടി ഓഹരിയുള്ള ഒരു കാർപ്പറേഷന്റെ കീഴിൽ കൊണ്ടുവരുന്നപക്ഷം നമുക്ക് കോടിക്കണക്കിനു് രൂപാ ആദായം കിട്ടും

[ശ്രീ. ബേബി ജാൺ]

തീർച്ചയായും അങ്ങേയ്ക്കറിവുള്ളതാണ് ഞാൻ വിശ്വസിക്കുന്നു. ഈ രാജ്യത്തിന്റെ നന്മയെ കരുതി ഏതെല്ലാം പ്രതിലോമശക്തികൾ അങ്ങേയ്ക്ക് എതിരായി ഉണ്ടെങ്കിലും ഈ രാജ്യത്തെ സ്നേഹിക്കുന്നതെങ്കിൽ ഈ രാജ്യത്തിന്റെ വരുമാനം വർദ്ധിപ്പിക്കണമെന്നുണ്ടെങ്കിൽ അങ്ങ് അതിലേക്ക് വേണ്ടി പ്രവർത്തിക്കണം. ആവടിസോഷ്യലിസം ഞങ്ങൾക്ക് ആവശ്യമില്ല. നമുക്ക് ആത്മാർത്ഥതയാണ് ആവശ്യം. ഈ കാര്യങ്ങൾ നിങ്ങൾ ചെയ്യില്ലെങ്കിൽ നിങ്ങളുടെ ആത്മാർത്ഥതയെ ഞങ്ങൾ ചോദ്യം ചെയ്യും. കണ്ണൻദേവൻ കമ്പനിയും മലയാളം പ്ലാന്റേഷൻസും അങ്ങനെ ഒരു കാർപ്പറേഷന്റെ കീഴിൽ കൊണ്ടുവരുന്നതിനുള്ള സംരംഭത്തിൽ ഈ രാജ്യത്തെ ജനങ്ങളുടെ സഹായം നിങ്ങൾക്ക് ഉണ്ടായിരിക്കും. അങ്ങിനെ ഒരു കാർപ്പറേഷന്റെ കീഴിൽ കൊണ്ടുവരുന്നതുകൊണ്ട് ഈ സംസ്ഥാനത്തെ ആദായം വർദ്ധിപ്പിക്കാൻ സാധിക്കും. അതുകൊണ്ട് നിങ്ങൾ ഈ ഉദ്യോഗസ്ഥന്മാരുടെ പ്രതിനിധികളാകാതെ ഉത്തരവാദബോധത്തോടുകൂടി ജനങ്ങളുടെ പ്രതിനിധിയാണ്, ജനങ്ങളോടാണ് ഉത്തരവാദിത്വമുള്ളത് എന്നു കരുതി രാജ്യനന്മയ്ക്കുവേണ്ടി പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. നാരായണക്കുറുപ്പ് : സർ, 'മകനായിട്ടിരിക്കുന്നത് വളരെ വിഷമമാണച്ഛാ' എന്നു പുരോഗമനവാദിയായ ഒരു മകൻ അച്ഛനോടു പറഞ്ഞതായി കേട്ടിട്ടുണ്ട്. അതുപോലെയുള്ള ഒരു വിഷമാവസ്ഥയാണ് പ്രസംഗിക്കാൻ എഴുന്നേററപ്പോൾ എനിക്കും ഉണ്ടായത്. ബഡ്ജററ് മുഴുവൻ വായിച്ചുനോക്കി പഠിച്ചു. പക്ഷെ പ്രസംഗിക്കാൻ സമയമില്ല. അതിനു അനുവാദവുമില്ല. എന്നാൽ പോയേക്കാം എന്നു വച്ചാൽ പോകാനും നിവൃത്തിയില്ല. അങ്ങനെ വിഷമിക്കുന്ന ഒരവസരത്തിലാണ് പ്രസംഗത്തിനായി എന്നെ വിളിച്ചത്. ഇവിടെ ഉണ്ടായിട്ടുള്ള നടപടികൾ കാണുമ്പോൾ ഈ സഭ ചിലപ്പോൾ ഒരു നാടകവേദിയാണോ എന്നു തോന്നിപ്പോകും. ചിലപ്പോൾ പള്ളിക്കൂടമാണോ എന്നും തോന്നും. ചിലപ്പോൾ ഒരു മൈതാനമാണോ എന്നും സംശയിച്ചേക്കും. നാടകവേദിക്ക് എന്നവണ്ണം ഇവിടെ ടിക്കററ് കൊടുക്കുന്നു, ആളുകൾ വരികയും പോകുകയും ചെയ്യുന്നു, ഇങ്ങനെയെല്ലാം കാണുന്നുണ്ട്. ഏതായാലും എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്, ഈ നിയമസഭയുടെ അന്തസ്സും ബഹുമാനവും നാം തുരുംതന്നെ ശരിക്ക് പാലിക്കുന്നില്ലെന്നുള്ളതാണ്.

ശ്രീ. തോപ്പിൽ പി. ഭാസ്കരൻപിള്ള : സംസാരിക്കാൻ സമയം കിട്ടിയാൽതന്നെ ഇതൊക്കെയാണല്ലോ പറയുന്നത്.

ശ്രീ. എൻ. നാരായണക്കുറുപ്പ് : പറയാതെ എന്തുചെയ്യും? ഇതൊക്കെ പറഞ്ഞിട്ട് ഇതിനപ്പുറത്തുള്ളത് പറയാം. മുഖ്യമന്ത്രി ചില കാര്യങ്ങൾ പറയുമ്പോൾ 'ഛെ, അതു ശരിയല്ല,' എന്ന് എസ്. പി. പിള്ള പറയുന്നതുപോലെ ചിലർ പറയുവാൻ തുടങ്ങുകയായി. ഇങ്ങനെയുള്ള എസ്. പി. പിള്ളയുടേയും മാത്തപ്പന്റേയും ഒക്കെ പ്രകടനങ്ങൾ കാണാനും കേൾക്കാനുമാണോ നാം ഇവിടെ വന്നിരിക്കുന്നത്? നമ്മൾ ജനപ്രതിനിധികളാണെന്നും ഇതു് ഒരു നിയമസഭയാണെന്നും പരിഗണിച്ച് ഇവിടത്തെ നടപടികൾ ത്വരിപ്പിച്ചുകൊണ്ടുപോകുന്നതിൽ നാം കൂടുതൽ

ശ്രദ്ധിക്കേണ്ടതാണ്. നമ്മിൽ പലക്കും പല തരത്തിലുള്ള നിരാശകളുണ്ടാകാം. മുൻ മന്ത്രിസഭ തകർന്നതിനു നിരാശയുള്ളവർ കാണും. ഇന്നത്തെ മന്ത്രിസഭ തുടർന്നു പോകുന്നതിൽ നിരാശയുള്ളവർ കാണും. തങ്ങളുടെ ആശയങ്ങളും അഭീഷ്ടങ്ങളും സാധിച്ചില്ലല്ലോ എന്നു ഖേദിക്കുകയും വൈരാഗ്യപ്പെടുകയും ചെയ്യുന്നവരും കാണും. പക്ഷെ ഈ വക കാരണങ്ങൾ നമ്മുടെ ഈ സഭയിലെ അന്തസ്സിനു ബാധകമാകത്തക്കനിലയിൽ പ്രകടിപ്പിക്കുന്നതു നല്ലതിനല്ല. ഇവിടെ ഹാജരാക്കിയിട്ടുള്ള ബഡ്ജററ് പുരോഗമനപരമായ ഒരു ബഡ്ജററാണെന്നു സംശയിച്ചാലും ഇല്ലെങ്കിലും കൂടുതലും നല്ല കാര്യങ്ങൾക്കായി ഒരു നല്ല തുക വിനിയോഗിക്കുവാനുള്ള സ്കീം ആ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതുകൊണ്ട്, എന്റെ ബഹുമാന്യസ്നേഹിതൻ ശ്രീ. ടി. വി. ജോർജ്ജ് പറഞ്ഞതിരിക്കുന്നതുപോലെ നാമെല്ലാവരും സഹകരിച്ച് ബഡ്ജററിനു കൊള്ളിച്ച തുക മുഴുവനും ചെലവാക്കുവാനുള്ള ഉറച്ച മനസ്ഥിതിയോടുകൂടി പ്രവർത്തിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. അങ്ങനെയല്ലെങ്കിൽ. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന നാലരക്കോടി രൂപയുടെ പ്രമിണ ഡ്ജററിനു പകരം നാലരക്കോടി മിച്ച ബഡ്ജററായിരിക്കും കൊല്ലാവസാനത്തിൽ നമുക്കു് ലഭിക്കുന്നതു്. ഇടതുപക്ഷത്തുള്ള ബഹുമാന്യ മെംബറന്മാർ എല്ലാവരും സഹകരിക്കുമെങ്കിൽ പത്തുകോടി രൂപാ ചെലവു ചെയ്യാനുള്ള ആ പദ്ധതി പരിപൂർണ്ണമായി വിജയത്തിലെത്തിക്കുവാൻ ഒരു കൊല്ലം കൊണ്ടുതന്നെ നമുക്കു് സാധിക്കുന്നതാണ്.

അടുത്തതായി എനിക്കു് കുട്ടനാട്ടിലെ കാര്യങ്ങളാണ് പറയുവാനുള്ളതു്. കുട്ടനാട്ടിനെ സംബന്ധിച്ചിടത്തോളം ഏററവും പ്രധാനമായി എനിക്കു പറയുവാനുള്ളതു് ആ പ്രദേശങ്ങളെല്ലാംകൂടി ഒരു താലൂക്കാക്കി തിരിച്ചുതരണമെന്നാണ്. കുട്ടനാട് എന്നു പറയുന്ന സ്ഥലം ഇപ്പോൾ പല താലൂക്കിലുള്ള ജലവിഭാഗമാണ്. ഈ സ്ഥലത്തിനു 25 ചതുരശ്രമൈൽ വിസ്തീർണ്ണമുണ്ട്; അവിടെ അഞ്ചുലക്ഷം ജനങ്ങൾ അധിവസിക്കുന്നു. പല താലൂക്കുകളിലുള്ള വില്ലേജുകളായിട്ടാണു ഇപ്പോൾ ഈവ കിടക്കുന്നതെങ്കിലും ഈ വില്ലേജുകളുടെ എല്ലാം പൊതുവെയുള്ള ആവശ്യം ഒന്നുതന്നെയാണ്. ചങ്ങനാശ്ശേരി, കോട്ടയം, അമ്പലപ്പുഴ, കാർത്തികപ്പള്ളി, മാവേലിക്കര ഇങ്ങനെയുള്ള പല താലൂക്കുകളിലായി ഈ സ്ഥലം വിഭജിക്കപ്പെട്ടു കിടക്കുന്നതുകൊണ്ട് ഏതെങ്കിലും ഒരു താലൂക്കിലേക്കു ചെലവാക്കാനുള്ള തുക മറ്റൊരു താലൂക്കുകളിലെ കര വിഭാഗത്തിലേക്ക് ചെലവാക്കുകയല്ലാതെ ജലവിഭാഗത്തിനു കിട്ടുന്നില്ല.

ശ്രീ. പ്രാക്കുളം ഭാസി : ഇപ്പോൾ കുട്ടനാട്ട് ഡെവലപ്പുമെൻറ് സ്കീം എന്ന പേരിൽ പ്രത്യേകം ഒരു പദ്ധതി നടപ്പിൽ വരുത്തുന്നുണ്ടല്ലോ.

ശ്രീ. എൻ. നാരായണക്കുറുപ്പ് : ആ സ്കീം രാജ്യത്തിനു പൊതുവെയുള്ള ഗുണത്തിനുവേണ്ടി കൊണ്ടുവന്നിട്ടുള്ളതാണ്.

കുട്ടനാട്ടിൽ ശരിയായി നടക്കാൻ വഴിയില്ല; പാലങ്ങൾ ഇല്ല; ഒതാശിലുകിട്ടാൻ യാതൊരു മാർഗ്ഗവുമില്ല; കുടിക്കുവാൻ വെള്ളമില്ല. അങ്ങനെയുള്ള ഒരു അൺഡെവലെപ്പ്ഡ് പ്രദേശമാണതു്. മററുള്ള സ്ഥലങ്ങളെ അപേക്ഷിച്ച് കുട്ടനാട്ടിലേതു് ഒരു പ്രത്യേക പ്രശ്നമാണ്. അതുകൊണ്ടു കുട്ടനാട്ടിനെ ഒരു പ്രത്യേക താലൂക്കാക്കി തിരിക്കണ

[ശ്രീ. എൻ. നാരായണക്കുറുപ്പ്]

മെന്നാണ് എനിക്കാദ്യമായി പറയുവാനുള്ളത്. എങ്കിൽമാത്രമെ ഈവിടത്തെ പ്രശ്നങ്ങൾ കുറേശ്ശയായ്ട്ടെങ്കിലും കൈകാര്യം ചെയ്യുവാൻ സൗകര്യം ഉണ്ടാവുകയുള്ളൂ.

ശ്രീ. മഞ്ജനാഥപ്രഭു : കുട്ടനാട്ടിൽ വെള്ളമില്ലെന്നു പറഞ്ഞല്ലോ, അതു ശരിയാണോ?

ശ്രീ. എൻ. നാരായണക്കുറുപ്പ് : കുട്ടനാട്ടിൽ വെള്ളമുണ്ട്. 'Water, water every where, not a drop to drink' എന്നു പറഞ്ഞതുപോലെയാണ് ആവിടത്തെ അവസ്ഥ.

ശ്രീ. കെ. പി. ഗോപാലമേനോൻ : കുട്ടനാട് ഒരു ഡ്രൈ ഏരിയാ അല്ലേ?

ശ്രീ. എൻ. നാരായണക്കുറുപ്പ് : ഇപ്പോൾ തിരുവനന്തപുരമാണ് ഡ്രൈ ഏരിയാ; കുട്ടനാടല്ല. കുട്ടനാട് വെററ ഏരിയായാണ്.

കുട്ടനാട്ടിലെ വെള്ളത്തിന്റെ അവസ്ഥയെപ്പററി, ഈ സഭയിൽ അറിയാൻപാടില്ലാത്ത മെംബറന്മാർ ആരെങ്കിലും ഉണ്ടെങ്കിൽ, അവരുടെ അറിവിനായി ഞാൻ പറയാം. ധനു, മകരം, കുംഭം ഈ മൂന്നു മാസങ്ങളിൽ അവിടെ ഉപ്പുവെള്ളമാണ്. മേടം, ഇടവം, മിഥുനം, കർക്കടകം, ചിങ്ങം ഈ മാസങ്ങളിൽ വെള്ളപ്പൊക്കം നിമിത്തം കലങ്ങിമറിഞ്ഞു വരുന്ന കലക്കൽവെള്ളമാണ് അവിടെയുള്ളത്. കന്നി, തുലാം, വൃശ്ചികം ഈ മാസങ്ങളിൽ പാടത്തുനിന്നും പുറത്തേക്ക് പമ്പുചെയ്തുവിടുന്ന വെള്ളമായിരിക്കും ലഭിക്കുക. സർവ്വീസുബോട്ടുകളുടെ പോക്കുവരവുകൊണ്ടു, വെള്ളം പിന്നെയും മലിനപ്പെടുത്തപ്പെടുന്നു. സർ, അവിടെ ആയിരത്തിത്തൊണ്ണൂറു മുതൽ ഒരു റോഡുണ്ടാക്കുവാൻ ശ്രമിച്ചു. തിരുവല്ലാ—അമ്പലപ്പുഴ റോഡിന്റെ കാര്യമാണ് ഞാൻ പറയുന്നത്. ഇനി ആറുമൈൽ ദൂരംകൂടി തീരാനുണ്ട്. ഒരു ലക്ഷം രൂപയാണ് അതിലേക്ക് ഇക്കൊല്ലം അനുവദിച്ചിരിക്കുന്നത്. പല കാര്യങ്ങൾക്ക് പത്തുകോടി രൂപ ചെലവാക്കുവാൻ തീരുമാനിച്ച ഗവണ്മെന്റ് ഈ റോഡിന്റെ പണികൂടി കഴിയുന്നതും വേഗത്തിൽ ഇക്കൊല്ലംതന്നെ തീർക്കുവാൻ ഗവണ്മെന്റിനു ഒരു വിഷമവുമില്ല. അതുപോലെതന്നെയാണ് ഏലക്ട്രിസിററിയുടെ കാര്യവും. അനേകകോടി രൂപാ വരവും അനേകകോടി രൂപ ചെലവും ഉള്ള ഈ ഏലക്ട്രിസിററിയുടെ സംഭരണ വിതരണകാര്യങ്ങൾക്കായി ഒരു അഡ്വൈസറിബോർഡിനെ നിയമിക്കേണ്ടതും അവരുടെ അഭിപ്രായങ്ങൾ അനുസരിച്ച് നടപടികൾ നടത്തേണ്ടതും അത്യാവശ്യമാണ്. അതിനുള്ള സത്വരനടപടികൾ ഗവണ്മെന്റ് എടുക്കുമെന്നു വിശ്വസിക്കുന്നു. അങ്ങിനെയായാൽ പ്രാദേശികാവശ്യങ്ങൾ വിഗണിക്കപ്പെടുകയില്ല. മറെറാരുകാര്യം ചമ്പക്കുളത്ത് ഒരു ഔട്ട്പോസ്റ്റ് വേണമെന്നുള്ളതാണ്. ഇതു് എത്രയോ നാളായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാര്യമാണ്.

ശ്രീ. പി. ആർ. മാധവൻപിള്ള : അതിനുള്ള കെട്ടിടവും ഉപകരണങ്ങളും ഉണ്ടാക്കിക്കൊടുക്കുവാൻ തയാറുണ്ടോ?

ശ്രീ. എൻ. നാരായണക്കുറുപ്പ് : എന്നാൽപ്പിന്നെ പോലീസുകാരെ കൂടി ഉണ്ടാക്കിക്കൊടുത്താൽ മതിയല്ലോ.

ഈ ഔട്ട്പോസ്റ്റിന്റെ കാര്യത്തെ സംബന്ധിച്ച് കഴിഞ്ഞ ഗവണ്മെന്റ് ചില നടപടികളൊക്കെ എടുത്തിട്ടുണ്ടെങ്കിലും ഇതുവരെ അതു ഫലത്തിൽവന്നില്ല എന്നു ഖേദപൂർവ്വം പറയേണ്ടിയിരിക്കുന്നു. ഉദ്ദേശം നാൻപതു ബോട്ടുസർവ്വീസുകൾ ദിവസേന ചമ്പക്കുളം പള്ളിക്കു ജട്ടിയിൽ അടുത്തുപോകുന്നുണ്ട്. രാത്രിയും പകലും ജട്ടിയിൽ പലതരത്തിൽ വഴക്കുകളുണ്ടാക്കുന്നു. അവ തടയാൻ, ഒരൗട്ട്പോസ്റ്റു അത്യാവശ്യമാണ്. ഉടനടി അനുവദിക്കണമെന്നു അപേക്ഷയുണ്ട്.

അടുത്തതായി വ്യവസായസംബന്ധമായ ചില കാര്യങ്ങളാണ് എനിക്കു പറയുവാനുള്ളതു്. ലോഹമണൽ വ്യവസായം എത്രയും വേഗത്തിൽ ഗവണ്മെന്റ് ഏറ്റെടുക്കേണ്ടതാണ്. അതിനുള്ള യാതൊരു സംരംഭവും ഗവണ്മെന്റ് ഇതുവരെ എടുത്തു തുടങ്ങിയിട്ടില്ല. ലോഹമണൽ സംബന്ധിച്ചുള്ള കാര്യങ്ങൾ ശരിയായി പഠിക്കുവാൻ അഞ്ചാറുകൊല്ലങ്ങൾക്കു മുമ്പ് ഏതാണ്ടു 30,000 രൂപയോളം ചെലവാക്കി ഒരു വ്യക്തിയെ അമേരിക്കയിലേക്ക് അയച്ചതായി എനിക്കറിയാം. അദ്ദേഹം അവിടത്തെ പരീക്ഷ പാസായി ഇവിടെ വരികയുംചെയ്തു. ഇപ്പോൾ ഒരു കെമിസ്ട്രി ലക്ച്ചററായിട്ട് ഇവിടത്തെ കാളേജിൽ ഇരിക്കുകയാണ്. അങ്ങനെയുള്ള ആളുകളുടെ സേവനത്തെ ഉപയോഗപ്പെടുത്തി ആ വ്യവസായത്തെ ഉദ്ധരിക്കണം. ഇവിടെയുള്ള വ്യവസായകാര്യങ്ങളെല്ലാം ഇപ്പോൾ കൈകാര്യം ചെയ്യുന്നതു് ഇവിടത്തെ സെക്രട്ടേറിയററ് ഉദ്യോഗസ്ഥന്മാരാണ്. എക്സ്പീരിയൻസും ട്രെയിനിംഗും ഉള്ള ആളുകളെ അതിനായി നിയോഗിക്കപ്പെട്ടിരുന്നു എങ്കിൽ ഈ വ്യവസായം കുറെക്കൂടി അഭിവൃദ്ധിപ്പെടുമായിരുന്നു എന്നുള്ളതിന് തർക്കമില്ല.

കുട്ടനാട്ടിൽ ഒരു വാട്ടർ സപ്ലൈസ്കീം നടപ്പിലാക്കുന്നുണ്ട്. എന്നാൽ അതിൽ രണ്ടു പകുതികളെമാത്രം, തലവടി, കോഴിമുക്ക് എന്നീ പകുതികളെ മാത്രം, ഒഴിവാക്കിയതു് എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. അവയേക്കൂടി ഉൾപ്പെടുത്തി ഈ വാട്ടർ സപ്ലൈയുടെ പരിധി വിപുലപ്പെടുത്തേണ്ടതാണ്.

ശ്രീ. ഇടിക്കുള ഇടിക്കുള : വെളിയനാട്ടു പകുതിക്കൂടി ഉൾപ്പെടുത്തുന്നതിനു വിരോധമുണ്ടോ?

ശ്രീ. എൻ. നാരായണക്കുറുപ്പ് : എനിക്കു വിരോധമൊന്നുമില്ല. സന്തോഷമേയുള്ളു.

കുട്ടനാട്ടിലുള്ള പ്രൈമറിസ്കൂളുകളുടെ നില വളരെ ശോചനീയമായിട്ടുള്ളതാണ്. പലയിടത്തും കെട്ടിടങ്ങളില്ല; ഉപകരണങ്ങളില്ല. തകഴിയിൽ 30 സെൻറ് സ്ഥലത്തുള്ള ഈ. എം. എസ്. ആൻറ് പ്രൈമറിസ്കൂളിൽ 1200 കുട്ടികൾ പഠിക്കുന്നുണ്ട്. അവിടെ ശരിയായ കെട്ടിടവുമില്ല, ഉപകരണങ്ങളും ഇല്ല. നടുമ്പുറം എന്ന സ്ഥലത്തു് 20 സെൻറ് സ്ഥലമാണുള്ളതു്. അവിടേയും കെട്ടിടം മോശമാണ് ഉപകരണങ്ങളുമില്ല. നെടുംമുടിസൌത്തു പ്രൈമറിസ്കൂൾ ഇപ്പോൾ ഇരിക്കുന്ന സ്ഥലത്തു് 300 കുട്ടികൾ പഠിക്കുന്നുണ്ട്. വെള്ളപ്പൊക്കംവന്നാൽ ആ വെള്ളത്തിൽ കൂടി ഒലിച്ചുപോകത്തക്കനിലയിലുള്ളതാണ് ഇപ്പോൾ അവിടെയുള്ള

[ശ്രീ. എൻ. നാരായണക്കുറുപ്പ്]

കെട്ടിടം. കെട്ടിടമിരിക്കുന്ന സ്ഥലമല്ലാതെ പുരയിടമില്ല. കൂടുതൽ സ്ഥലം ഒന്നാംവിലയ്ക്കു കൊടുക്കേണ്ടതാണ്. അതുപോലെ കൊററംകുളങ്ങര സ്കൂളിന്റേയും നില വളരെ ശോചനീയമാണ്. കുട്ടികൾ 1300 ഉണ്ട്. കെട്ടിടം കുറവാണ്, ഉപകരണങ്ങൾ വിരളമാണ്. ഈ സ്കൂളുകളെല്ലാം അഭിവൃദ്ധിപ്പെടുത്തേണ്ടകാര്യത്തിലും ഗവണ്മെന്റ് ശ്രദ്ധിക്കേണ്ടതാണ്.

നമ്മൾ ഇവിടെയുള്ള ഉദ്യോഗസ്ഥന്മാരെയെല്ലാം കുററപ്പെടുത്തുന്നു. ബഡ്ജററിൽ അനുവദിക്കുന്ന തുക ചിലവാക്കാതെ ലാഭപ്പെടുത്തുന്നതു് അവരുടെ കുററമാണെന്നു പറയുന്നതു് ശരിയല്ല. ഒരുപക്ഷേ, കൂടുതൽ തുക ബഡ്ജററിൽ കൊള്ളിച്ചിട്ടു്, ചെലവാക്കാതെ മിച്ചം വരുത്തണമെന്നു മന്ത്രിമാർ ഉദ്ദേശിച്ചിട്ടു്, ചെലവാക്കാതെ പണം മിച്ചംവരുത്തുകയാണെന്നാണെന്റെ അഭിപ്രായം. മന്ത്രിസഭയ്ക്കു ഈ സെക്രട്ടറിമാരോടു് വിരോധമുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഇവിടെ ഗസററഡ് ആഫീസന്മാരുടെ ശമ്പള പരിഷ്കാരം വന്നപ്പോൾ സെക്രട്ടറിമാരുടെ കാര്യംമാത്രം ഒന്നും പറഞ്ഞില്ല. അവരുടെ ശമ്പളം സംബന്ധിച്ചും ഗവണ്മെന്റ് ഒരു തീരുമാനം ചെയ്യുമെന്നു വിശ്വസിക്കുന്നു.

ശ്രീ. കെ. കരുണാകരൻ : സെക്രട്ടറിമാരൊക്കെ ഐ. എ. എസ്കാരാണെന്നു ഗണിച്ചിട്ടുണ്ടെന്നറിയാമോ?

ശ്രീ. എൻ. നാരായണക്കുറുപ്പ് : ഇപ്പോൾ എല്ലാവരും ഐ. എ. എസ്. കാർ അല്ലല്ലോ. അതുകൊണ്ടു് അക്കാര്യം കൂടി ഗണിച്ചാൽ കൊള്ളാം.

മറെറാന്നു കയർ വില്ലനനികുതിയെ സംബന്ധിച്ചാണ്. ഒമ്പതുലക്ഷം ജനങ്ങൾ ഈ തൊഴിലുകൊണ്ടു് ഉപജീവിക്കുന്നു. അത്ര പ്രാധാന്യമുള്ള ഈ കയറിനെ വില്ലനനികുതിയിൽനിന്നും ഒഴിവാക്കണമെന്നു ഗവണ്മെന്റിനോടു് ആവശ്യപ്പെട്ടിട്ടും ഗവണ്മെന്റ് ഒഴിവാക്കിയിട്ടില്ല. 1955 ജാനുവരിവരെ വില്ലനനികുതി നിറുത്തൽചെയ്തിട്ടുള്ളതായി എനിക്കറിയാം. അതിനുമുമ്പു് മൾട്ടിപായിന്റ് വില്ലനനികുതി സിംഗിൾപായിന്റ് വില്ലനനികുതി ആക്കിയിട്ടുള്ളതായും എനിക്കറിയാം. എങ്കിലും കയറിനെ വില്ലനനികുതിയിൽനിന്നും പൂർണ്ണമായി ഒഴിവാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഗവണ്മെന്റ് എന്തെങ്കിലും ചെയ്തില്ലെങ്കിൽ കയർ വ്യവസായം അധഃപതിക്കാൻ ഇടയുണ്ടു്. അതുപോലെതന്നെ കാർഷികോല്പന്നങ്ങളുടെ വിലയിടിവു് കർഷകരെ വിഷമിപ്പിക്കുന്നുണ്ടു്. നെല്ലുവില സ്റ്റാൻഡാർഡിന് ഇന്നു് ഒന്നേകാൽ രൂപയായി. കണ്ടുകൃഷിപ്പാട്ടത്തിനു സർക്കാർ നിശ്ചയിച്ചിരിക്കുന്ന പഴയവില രണ്ടുരൂപാ രണ്ടണയാണ്. അതു കുറവുചെയ്യാൻ ഉടനെ നിശ്ചയംചെയ്തു കർഷകരെ സഹായിക്കേണ്ടതാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ പ്രദേശത്തിന് കുട്ടനാട് എന്ന പേരു വരാനുള്ള കാരണമെന്താണ്?

ശ്രീ. എൻ. നാരായണക്കുറുപ്പ് : കുട്ടൻ എന്ന ഒരു പുലയരാജാവു് അവിടെ ഭരിച്ചിരുന്നതായിട്ടു് ഒരു ഐതിഹ്യമുണ്ടു്. അതിൻ ഉപോൽബലമായി ആലപ്പുഴ—ചങ്ങനാശ്ശേരി റോഡിൽ കുട്ടന്റെ ഒരു പ്രതിമയും കാണുന്നുണ്ടു്.

ശ്രീ. എൻ. നാരായണക്കുറുപ്പ്: സർ, അടുത്തതായി എനിക്കു പറയാനുള്ളത് എൻ. ഇ. എസ്സ്. ബ്ലോക്കിനെ സംബന്ധിച്ചാണ്.

ശ്രീ. ടി. പി. സീതാരാമൻ: ഞങ്ങൾ കുറേക്കൂടി കുട്ടനാട്ടിൽ താമസിക്കുന്നതിനായി വരാൻ നിശ്ചയിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മെംബർക്കു സമ്മതമാണോ?

ശ്രീ. എൻ. നാരായണക്കുറുപ്പ്: എനിക്കു വളരെ സമ്മതമാണ്, ഒരു വിസമ്മതവും ഇല്ല.

സർ, കുട്ടനാട് ഡെവലപ്പുമെൻറ ബ്ലോക്കിൻെറ കിഴക്കുവശമായും പുളിക്കീഴ് എൻ. ഇ. എസ്സ്. ബ്ലോക്കിനു പടിഞ്ഞാറുവശമായും, കുട്ടനാട്ടിൻെറ ഭാഗമായ, തലവടി, കോഴിമുക്ക്, പുളിങ്കുന്ന്, രാമങ്കരി, മുട്ടാർ, വെളിയനാട്, ഈ വില്ലേജുകൾ ചേർത്ത് ഒരു എൻ. ഇ. എസ്സ്. ബ്ലോക്ക് ഇക്കൊല്ലം അനുവദിക്കേണ്ടതത്യാവശ്യമാണ്.

ശ്രീ. പി. നാരായണൻ പോററി: ഹെഡ് ആഫ് അഡ്മിനിസ്ട്രേഷൻെറ കാര്യമാണോ ഈ പറയുന്നത്?

ശ്രീ. എൻ. നാരായണക്കുറുപ്പ്: ഇതുവരെ ഞാൻചെയ്ത പ്രസംഗം അങ്ങനെയാണു മനസ്സിലാക്കുന്നതെങ്കിൽ അങ്ങനെതന്നെ മനസ്സിലാക്കിക്കൊള്ളണം. സർ, കുട്ടനാട്ടിൽ പല സ്ഥലങ്ങളിലും കുടിക്കുന്നതിനുപോലും വെള്ളം കിട്ടാതെയാണിരിക്കുന്നത്. ആ സ്ഥലങ്ങളിൽ ശുദ്ധജലം കിട്ടുന്നതിനുവേണ്ടി സൗകര്യം ഉണ്ടാക്കിക്കൊടുക്കണമെന്നു പല പ്രാവശ്യവും ഞാൻ ഈ നിയമസഭയിൽ ആവലാതിപ്പെട്ടിട്ടുണ്ട്. സാധുക്കളായ കർഷകത്തൊഴിലാളികൾ കൂട്ടംകൂട്ടമായി താമസിക്കുന്ന ഒരു സ്ഥലമാണ് അത്. അവർക്കു കുടിക്കുന്നതിനു ശുദ്ധജലം വിതരണം ചെയ്യുന്നതിനുപുറമെ വെള്ളപ്പൊക്കംമൂലം ഉണ്ടാകുന്ന നഷ്ടത്തിൽനിന്നും അവരെ രക്ഷിക്കുന്നതിനുവേണ്ടി അവർ താമസിക്കുന്ന കുടിലുകൾക്കു സമീപം ഓരോ പഞ്ചായത്തിലും ഒരേക്കർ വീതം പുരയിടങ്ങൾ, വെള്ളപ്പൊക്കലവലിൻെറ മുകൾവരെ പൊക്കിയിടേണ്ടതും ആ സ്ഥലങ്ങളിൽ കാളനികൾ ഉണ്ടാക്കി തൊഴിലാളികൾക്ക് താമസിക്കുന്നതിനുള്ള സൗകര്യങ്ങൾ കൊടുക്കേണ്ടതുമാണ്. പഞ്ചവത്സരപദ്ധതിയനുസരിച്ചു ഈ കാര്യം നിർവ്വഹിക്കാനുള്ള തുക കൊള്ളിക്കേണ്ടതാണ്. മറെറാരു കാര്യം കുട്ടനാട്ടിലെ പഞ്ചായത്തുകളെ സംബന്ധിച്ചാണ്. സംസ്ഥാനത്തെ ഇതര പഞ്ചായത്തുകളെ അപേക്ഷിച്ചു കുട്ടനാട്ടിലുള്ള പഞ്ചായത്തുകൾക്ക് പ്രത്യേക പരിഗണന നൽകേണ്ടതായ ഒരു പരിതഃസ്ഥിതിയാണ് അവിടെ ഉള്ളത്. ഏകദേശം പതിമൂന്നു പഞ്ചായത്തുകൾ അവിടെയുണ്ട്. ഈ പഞ്ചായത്തുകൾക്ക് ജനങ്ങൾക്കു ഉപയോഗപ്രദമായ പല ആവശ്യങ്ങളും നിറവേററുന്നതിനു പണം ചിലവിടുന്നതിന് കഴിവില്ലാതാണിരിക്കുന്നത്. ഒരു വീട്ടിൽനിന്നും മറെറാരു വീട്ടിലേക്കു പോകണമെങ്കിൽ തന്നെയും ഒന്നുകിൽ വള്ളത്തിൽക്കൂടിയോ അല്ലെങ്കിൽ വെള്ളത്തിൽക്കൂടിയോ ആണ് പോകേണ്ടിയിരിക്കുന്നത്. കുട്ടനാട്ടിലെ സഞ്ചാരസൗകര്യത്തിനു ആദ്യാത്തു സ്ഥലങ്ങളിൽ ചെറിയ ചെറിയ പാലങ്ങൾ കെട്ടിക്കൊടുക്കണമെന്നു ഞാൻ പല തവണയും ഈ നിയമസഭയിൽ പറഞ്ഞിട്ടുള്ളതാണ്. മററു താലൂക്കുകളെ അപേക്ഷിച്ചു കുട്ടനാട്ടിലെ ഒരു പ്രത്യേകതയാണു ഞാൻ

[ശ്രീ. എൻ. നാരായണക്കുറുപ്പ്]

ഈ പറയുന്നതു്. അതുകൊണ്ടു് കുട്ടനാട്ടു പഞ്ചായത്തുകൾക്കു മററു പഞ്ചായത്തുകളെ അപേക്ഷിച്ചു കൂടുതൽ തുക ഗ്രാൻറായും സ്പെഷ്യൽ ഗ്രാൻറായും അനുവദിക്കേണ്ടതാണു്.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : കുട്ടനാട്ടിൽ ചാഴിയുടെയും കോരയുടെയും ശല്യം ഉണ്ടെന്നു പറയുന്നതു ശരിയാണോ?

ശ്രീ. എൻ. നാരായണക്കുറുപ്പ് : അതു രണ്ടും സാരമില്ല. വൈദ്യന്മാരുടെയും ശല്യം ഉണ്ടു്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : സർ, ബഹുമാനപ്പെട്ട കോട്ടുകാൽ മെംബർ ഇവിടെ അവതരിപ്പിച്ച കട്ട്മോഷനെ ഞാൻ അനുകൂലിക്കുകയാണു് ചെയ്യുന്നതു്. ഈ മോഷനെ പിൻതാങ്ങിക്കൊണ്ടു് ഞാൻ സംസാരിക്കുമ്പോൾ ഈ മന്ത്രിസഭയുടെ നയപരിപാടികളെപ്പററി പൊതുവായി ചില കാര്യങ്ങൾ സംസാരിക്കാമെന്നുദ്ദേശിക്കുന്നു. എന്നാൽ ഞങ്ങളെപ്പോലുള്ള ആളുകൾ ഇപ്രകാരമുള്ള അവസര ഭരണകക്ഷിയുടെ നയത്തെ പൊതുവായി വിമർശിക്കുമ്പോൾ ഞങ്ങളുടെ നിയോജകമണ്ഡലത്തിൻെറ പ്രാദേശികാവശ്യങ്ങളെപ്പററി ഒന്നും ഞങ്ങൾക്കു പറയുവാനില്ലെന്നു ധരിക്കരുതെന്നു് ഞാൻ ആദ്യമെ പറഞ്ഞുകൊള്ളുന്നു. എൻ. ഇ. എസ്സ്. ബ്ലോക്കിനെപ്പററിയും കുഴൽക്കിണറുകളെപ്പററിയും ഞങ്ങൾ സംസാരിക്കാത്തതു് ഞങ്ങളുടെ നിയോജകമണ്ഡലങ്ങളിൽ ഈ വക ആവശ്യങ്ങൾ ഉണ്ടെന്നുള്ളതു് മന്ത്രിമാർ വിസ്മരിക്കുകയില്ലായെന്നുള്ള ബോധ്യം കൊണ്ടാണു്. സർ, ഈ മന്ത്രിസഭയുടെ നയപരിപാടികളെ സംബന്ധിച്ചു പൊതുവായി പറയുമ്പോൾ, ഇന്നു തിരുവിതാംകൂർ–കൊച്ചിയിൽ രാഷ്ട്രീയമായി ഉണ്ടായിട്ടുള്ള പല കേസ്സുകളിലും ഉൾപ്പെട്ട കുറെ അധികം ആളുകൾ ശിക്ഷിച്ചും അല്ലാതെയും സബ് ജയിലുകളിലും സെൻട്രൽ ജയിലിലും മററും കിടപ്പുണ്ടു്. ഈ കേസ്സുകൾ നടത്തിക്കൊണ്ടു പോകുന്നതിനുള്ള കഴിവില്ലായ്മ നിമിത്തം പല വിഷമങ്ങളും ക്ലേശങ്ങളും അനുഭവിക്കുന്നവരാണു ഇവരിൽ അധികവും. രാഷ്ട്രീയത്തിൻെറ പേരിൽ പല കള്ളക്കേസ്സുകളും ചമച്ചുവയ്ക്കുന്നുണ്ടു്. ഉദാഹരണമായി പറയുകയാണെങ്കിൽ, തമിഴനാട്ടിൽ ഈയിടെ ഉണ്ടായ പ്രക്ഷോഭണത്തിൽ ഏകദേശം ആയിരത്തോളം ആളുകളുടെ പേരിൽ കേസ്സെടുത്തിരിക്കുകയാണു്. ഒരു പക്ഷെ, ഇത്രയും ആളുകൾ, രാഷ്ട്രീയകാരണങ്ങളാൽ ഒരു പ്രക്ഷോഭണം നാട്ടിലുണ്ടാക്കിയാലുതന്നെയും അതു അവരുടെ ഓരോരുത്തരുടെയും വ്യക്തിപരമായ ആവശ്യങ്ങൾക്കു വേണ്ടിയോ താൽപ്പര്യങ്ങൾക്കുവേണ്ടിയോ അല്ലെന്നുള്ള വസ്തുത എല്ലാവർക്കും അറിയാവുന്നതാണു്. അവരുടെ സ്വന്തം കാര്യങ്ങൾക്കുവേണ്ടി അതായതു്, വ്യക്തിതാൽപ്പര്യത്തിനുവേണ്ടി പ്രക്ഷോഭണം ഉണ്ടാക്കുകയോ പ്രക്ഷോഭണത്തിൽ ഏർപ്പെടുകയോ എന്തെങ്കിലും പ്രവർത്തിക്കുകയോ ചെയ്യുന്നതിൻെറ അടിസ്ഥാനത്തിലായിരുന്നു ഈ കേസ്സുകളെടുത്തിരുന്നതെങ്കിൽ ഈ മന്ത്രിസഭയോടു മാത്രമല്ല ഒരു മന്ത്രിസഭയോടും അവരുടെ പേരിലുള്ള കേസ്സുകൾ പിൻവലിക്കണമെന്നു ആവശ്യപ്പെടാൻ ഞങ്ങൾ മുമ്പോട്ടു വരികയില്ലായിരുന്നു. തമിഴനാട്ടിലുണ്ടായ ഈ സംഭവത്തിൽ ഇത്രയധികം ആളുകളുടെ പേരിൽ കേസ്സെടുക്കുന്നതിനു ഗവണ്മെൻറിനെ പ്രേരിപ്പിച്ച രാഷ്ട്രീയമനോഭാവം എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. സർ, ഞാൻ അങ്ങയോടു ഒന്നു

ചോദിച്ചുകൊള്ളുന്നു. തമിഴനാട്ടു പ്രക്ഷോഭണത്തിൽ പങ്കെടുത്തവർ ആരെല്ലാമായിരുന്നു, പ്രധാനമായിട്ടു അവരുടെ പ്രവർത്തനങ്ങൾ ആരംഭിച്ചതു ഏതു തരത്തിലായിരുന്നു, അവരുടെ ലക്ഷ്യം എന്തായിരുന്നു, എന്നൊക്കെ ചിന്തിക്കേണ്ട കാര്യങ്ങളാണ്. വാസ്തവത്തിൽ ജനാധിപത്യപരമായ അവകാശവാദങ്ങൾക്കുവേണ്ടി പ്രക്ഷോഭണം നടത്തിയതിനാണു അവരുടെ പേരിൽ കേസ്സെടുക്കാൻ കാരണം. ഭാഷാപരമായ അടിസ്ഥാനത്തിൽ ഒരു സംസ്ഥാനം വേണമെന്നുള്ള ആഗ്രഹത്തോടുകൂടി, തങ്ങളുടെ അവകാശവാദം സ്ഥാപിച്ചു കിട്ടുന്നതിനുവേണ്ടി പടപൊരുതിയ രാഷ്ട്രീയബോധമുള്ള ജനതയാണ് തമിഴ്നാട്ടിലുള്ളതു്. രാഷ്ട്രീയമായ പകപോക്കലിനുവേണ്ടി ചില നേതാക്കന്മാർ ഈ ആദർശത്തിൽ നിന്നും കാലു മാറിയിട്ടുണ്ടെങ്കിലും ഏറിയ ഭാഗവും ജനാധിപത്യപരമായ അവകാശവാദങ്ങൾക്കുവേണ്ടി സമരം ചെയ്യുവരാണ് അവർ. അങ്ങനെ ദേശാഭിമാനികളായ അനേകം തമിഴ്മക്കളുടെ മേൽ ഇന്നും അനേകം കേസ്സുകൾ നിലവിലിരിക്കുന്നുവെന്നുള്ള സംഗതി വിസ്മരിക്കാവതല്ല. ജനാധിപത്യതത്വങ്ങളുടെ പൈതൃകം അവകാശപ്പെടുന്ന ഇംഗ്ലണ്ടിലും, അമേരിക്കയിലും ജനാധിപത്യത്തിന്റെ വികസനത്തിനുവേണ്ടിയുള്ള സമരത്തിൽ രാജാക്കന്മാരുടെ തലപോലും ആഹുതി ചെയ്തിട്ടുണ്ട്, എന്നുള്ള സംഗതി വിസ്മരിക്കരുതു്. ഞാൻ മുമ്പുതന്നെ പറയുകയുണ്ടായി ഈ കേസ്സിൽ അകപ്പെട്ടിട്ടുള്ളവരിൽ കുറെയധികംപേരും നിരപരാധികളായിട്ടുള്ളവരാണെന്നു്. എന്തുതന്നെയായാലും ഒരു ഗവണ്മെന്റിന്റെ ചെയ്തികൾ തെററായിരുന്നാൽ പിന്നെ വരുന്ന ഗവണ്മെന്റ് എങ്കിലും ബുദ്ധിപൂർവ്വം ചിന്തിച്ചു ആ തെററുകൾക്ക് പരിഹാരം കാണേണ്ടതല്ലേ? തമിഴനാട്ടു കേസ്സുകളിൽ പലതും മൈസൂരിലേക്കു മാററപ്പെട്ടിരിക്കുകയാണ്. ആ കേസ്സുകളിലെ പ്രതികൾ മൈസൂരിൽ പോയി കേസ്സ് നടത്തേണ്ടിയിരിക്കുന്നു. തിരുവിതാംകൂറിൽ താമസിക്കുന്ന ഒരാൾ മൈസൂരിൽ ചെന്നു കേസ്സു നടത്തുക എന്നുവന്നാൽ എന്തെല്ലാം കഷ്ടനഷ്ടങ്ങളും ബുദ്ധിമുട്ടുകളുമാണ് അനുഭവിക്കേണ്ടിവരുന്നതെന്നു ഒരു പക്ഷേ അങ്ങേയ്ക്കു അറിഞ്ഞുകൂടായിരിക്കാം. ഒരു കോടതിയിൽ, അതും വിദൂരസ്ഥിതമായ ഒരു കോടതിയിൽ പോയി കേസ്സുകൾ നടത്തേണ്ടതായിവരുന്ന ഒരു സാധാരണ മനുഷ്യനെ നേരിടുന്ന വൈഷമ്യങ്ങൾ എന്തൊക്കെയാണെന്നു എനിക്കു നല്ലതുപോലെ അറിയാം. തമിഴനാട്ടു കേസ്സുകൾ പിൻവലിക്കണമെന്നു ഞങ്ങളുടെ ഭാഗത്തുനിന്നും പറയുമ്പോൾ ശ്രീ. കുഞ്ഞൻ നാടാർ മുതൽപേർ ഈ കേസ്സുകൾ പിൻവലിക്കരുതെന്നാണു അഭിപ്രായപ്പെടുന്നതു്. പക്ഷെ, ഈ കേസ്സ് നടത്തണമെന്നുള്ള ആഗ്രഹം മി. കുഞ്ഞൻ നാടാർക്കു ഉണ്ടായിരുന്നാൽ തന്നെയും കുഞ്ഞൻ നാടാരുടെ അനുയായികൾക്കു ഈ ഉദ്ദേശം കാണും എന്നു് തോന്നുന്നില്ല. ആ സ്ഥിതിക്കു് അവരെ ഉദ്ദേശിച്ചെങ്കിലും ഈ കേസ്സുകൾ പിൻവലിക്കേണ്ടതാണ്. കാലഗതിക്കനുസരണമായി ജനങ്ങൾ പ്രവർത്തിക്കാൻ വെമ്പൽ കൊള്ളുന്നതു ഇവിടെ മാത്രമല്ല ലോകത്തെവിടെയും സംഭവിക്കുന്ന ഒരു കാര്യമാണ് ചില കാലഘട്ടങ്ങളിൽ രാഷ്ട്രീയമായ അവകാശവാദങ്ങൾക്കുവേണ്ടി സമരംചെയ്യുന്ന ആളുകൾ ഉണ്ടാകും, അവരുടെ പേരിൽ അന്നിരിക്കുന്ന ഗവണ്മെന്റ് കേസ്സുകളും എടുത്തിരിക്കും. അങ്ങനെ പല രാഷ്ട്രീയ പോരാട്ടത്തിന്റെയും കേസ്സുകളുടെയും ഫലമായിട്ടാണു, പല രാഷ്ട്രീയ സംഭവവികാസങ്ങളുടെ ഫലമായിട്ടാണു നമ്മുടെ രാജ്യം ഈ നിലയിൽ എത്തിയിട്ടുള്ളതെന്നു ഞാൻ പറയുമ്പോൾ കുറെ വർഷങ്ങളായി നമ്മുടെ രാജ്യത്തു ഉണ്ടായിട്ടുള്ള രാഷ്ട്രീയ പരിവർത്തനങ്ങൾ എന്തെല്ലാമായിരുന്നു

[ശ്രീ. എൻ. രാഘവക്കുറുപ്പ്]

വെന്ന് ചിന്തിക്കേണ്ടതുണ്ട്. 1947-ന മുമ്പ് നടന്ന രാഷ്ട്രീയസമര ചരിത്രത്തിലേക്ക നാമൊന്ന കണ്ണോടിച്ചാ എന്തെല്ലാം സംഭവവികാസങ്ങളാണ അതിന്റെ ഫലമായി ഉണ്ടായിട്ടുള്ളതെന്ന കാണാൻ കഴിയും. എന്നാ അപ്പോഴപ്പോഴുണ്ടാകുന്ന ഗവണ്മെൻറുകൾ ഈ കാര്യങ്ങളൊന്നും ചിന്തിക്കാതെതന്നെ പഴമയുടെ ചുവട്ടടിയിൽ കൂടി കടന്ന പൊയ്ക്കൊണ്ടിരിക്കുകയാണ്. ഗവണ്മെൻറിന്റെ ഈ നിലപാട് നിർഗ്ഗേഷം മാറേണ്ടതാണ്. സർ, അതുപോലെതന്നെ ഇടപ്പള്ളി, തുരനാട് കേസ്സുകളിലെ പ്രതികളും രാഷ്ട്രീയമായ പ്രക്ഷോഭണങ്ങളിൽ പങ്കെടുത്തത് അവരുടെ സ്വന്തം കുടുംബം പോററാനോ, അല്ലെങ്കിൽ സ്വന്തം ലാഭത്തിനെ ഉദ്ദേശിച്ചോ, അല്ലെങ്കിൽ അതുപോലെയുള്ള മറേറതെങ്കിലും വ്യക്തിപരമായ ഉദ്ദേശസാദ്ധ്യത്തിനോ അല്ല. അങ്ങനെയായിരുന്നുവെങ്കിൽ അവരുടെ പേരിലുണ്ടായിട്ടുള്ള കേസ്സുകൾ പിൻവലിക്കണമെന്ന എന്റെ പാർട്ടി ആവശ്യപ്പെടുമായിരുന്നു. അതുകൊണ്ട് രാഷ്ട്രീയതടവുകാരെ ജയിലിനു നിന്നും മോചിപ്പിക്കുകയും രാഷ്ട്രീയപ്രവർത്തകരുടെ മേലുള്ള ക്രിമിനൽ കേസ്സുകൾ പിൻവലിക്കുകയും ചെയ്യണമെന്ന് പ്രത്യേകം ആവശ്യപ്പെട്ടുകൊള്ളുന്നു.

ശ്രീ. കെ. സി. ജാർജ്ജ്: തമിഴനാട് പ്രക്ഷോഭണത്തിൽപ്പെട്ട നേതാക്കന്മാരുടെ കേസ്സുകൾ പിൻവലിക്കേണ്ടെന്നും മററുള്ളവരുടെ കേസ്സുകൾ പിൻവലിക്കണമെന്നും പറഞ്ഞതെന്തുകൊണ്ടാണ്?

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഒരുദിവസം ഈ നിയമസഭയിൽ വച്ചുതന്നെ ശ്രീ. കുഞ്ഞൻനാടാർ പറയുകയുണ്ടായി അദ്ദേഹത്തിന്റെ പേരിലുള്ള കേസുകൾ പിൻവലിക്കുന്നതിന് സ്വന്തനിലയിൽ അദ്ദേഹത്തിന് അഭിപ്രായമില്ലെന്ന്. അതുകൊണ്ട് അദ്ദേഹത്തിന്റെ ആഗ്രഹത്തിനു വിപരീതമായിട്ട് അദ്ദേഹത്തിന്റെ കേസ്സുകൾ പിൻവലിക്കാനാവശ്യപ്പെടുന്നതു് ശരിയല്ലല്ലോ എന്ന വിചാരിച്ചാണ് അപ്രകാരം പറഞ്ഞിട്ടുള്ളതു്. ബഹുമാനപ്പെട്ട ചാലക്കുടി മെംബർ മുമ്പൊരസ്സംബ്ലിയിൽ അദ്ദേഹം ഒരു സഹമന്ത്രി മാത്രമായിരുന്ന കാലത്തു് ഇവിടെ നടക്കുന്നതു് മഹാകാവ്യമാണെന്നും, ഒരുകൂട്ടർ ഗവണ്മെൻറിനെ അനുകൂലിച്ചും മറെറാരു കൂട്ടർ പ്രതികൂലിച്ചും സംസാരിക്കുകയെന്നതു് കാവ്യത്തിലെ ഓരോ ഖണ്ഡങ്ങളാണെന്നും പറയുകയുണ്ടായിട്ടുണ്ട്. അന്നദ്ദേഹം അങ്ങനെ പ്രസംഗിച്ചതു് ഫലിതരൂപേണ മാത്രമായിരുന്നു എന്നാണ് ഞങ്ങളിൽ പലരും വിശ്വസിച്ചിരുന്നതു്. പക്ഷേ ഇപ്പോൾ അതും വെറും ഫലിതമല്ലായിരുന്നു എന്ന് ഞങ്ങൾക്കു മനസ്സിലാകുന്നുണ്ട്. ഈ സഭയിൽ നടത്തുന്ന വിമർശനങ്ങളെ ഗവണ്മെൻറു വകവയ്ക്കുന്നില്ല എന്നുള്ളതാണ് പരമാർത്ഥം. അതു് ഞങ്ങളുടെ പാർട്ടിയിലെ ആളുകളുടെ കാര്യത്തിൽ മാത്രമല്ല, മുഖ്യമന്ത്രിയുടെ ഭാഗത്തിരിക്കുന്നവരിൽ നിന്നുമുള്ള വിമർശനങ്ങൾക്കും അതുതന്നെയാണ് ഗതി. ബഹുമാനപ്പെട്ട വിജയപുരം മെംബർ ശ്രീ മാക്കോസ് കഴിഞ്ഞ ദിവസം വേദനയോടുകൂടി ഈ സഭയിൽ പ്രസ്താവിച്ചു് സംഗതികൾ എന്ക്കോർമ്മവരുന്നു. മന്ത്രിത്തമ്പുരാക്കന്മാരുടെ പിടി തുറപ്പിക്കാൻ അദ്ദേഹം കുറെനാളായിട്ടു കുരങ്ങുകയാണെന്ന്. എന്നിട്ടും പിടിതുറക്കാത്തതിനാൽ കുര മാററി കടിയിലേക്കു മാറിയപ്പെ

ന്തെന്നുകൂടി അദ്ദേഹം ആലോചിച്ചുവരികയാണ്. കാൺഗ്രസ്സ് പാർട്ടിയ്ക്ക് നിന്നുതന്നെയുള്ള ചെറിയവിമർശനങ്ങളെ ചെവിക്കൊള്ളുന്നതിനു പോലും ഇവർ തയ്യാറല്ലെന്നുള്ളതിന് ദൃഷ്ടാന്തമാണിതു്. സർ, മറെറാരുകാര്യംകൂടി. ശ്രീ. കുഞ്ഞൻനാടാർ ഒരു പോലീസ് ഉദ്യോഗസ്ഥന്റെ പേരിലു ഉത്തരവാദിത്വത്തോടുകൂടി വ്യക്തമായ ഒരാരോപണം ഉന്നയിക്കുകയുണ്ടായി. ഒരു സർക്കിൾ ഇൻസ്പെക്ടർ തമിഴ്നാട് കേസ് സംബന്ധിച്ച് 300 രൂപ കൈക്കൂലി വാങ്ങിയെന്നു തെളിവുതരാൻ തയ്യാറാണെന്ന് ഈ നിയമസഭയിൽവച്ച് അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. വളരെ ഉത്തരവാദത്തോടുകൂടി ഭരിക്കുന്ന പാർട്ടിയിലെ ഒരംഗം ചെയ്ത ഒരു ആരോപണമാണ് ഇതു്. നേരെമറിച്ച് ഞങ്ങളുടെ പാർട്ടിക്കാർ ആയിരുന്നു ഇങ്ങനെ ഒരാരോപണം ഉന്നയിച്ചിരുന്നതെങ്കിൽ പ്രചരണത്തിനു വേണ്ടിയുള്ള ഒരു സ്റ്റണ്ടാണ് എന്നു പറയാമായിരുന്നു. കാൺഗ്രസ്സ് പാർട്ടിയിലെ അംഗമായ ശ്രീ. കുഞ്ഞൻനാടാർ ഈ വിധത്തിലുള്ള ഒരാരോപണം ഉന്നയിച്ചതു് ഇന്നത്തെ മന്ത്രിസഭയെ മറിച്ചിടുന്നതിനോ, അതിനെതിരായി പ്രചരണത്തിനോ ആയിരിക്കുകയില്ലല്ലോ. ഈ ഉദ്യോഗസ്ഥന്റെ മേൽ എന്തു നടപടി കൈക്കൊണ്ടിരിക്കുന്നു എന്നറിയുന്നതിന് ഞങ്ങൾക്കാഗ്രഹമുണ്ട്. മറെറാരു കാര്യംകൂടി. പബ്ലിക്ക് സർവ്വീസിലേക്കുള്ള നിയമനത്തിൽ ഗവണ്മെൻറിടപെട്ട് ചില ഡിസ്ക്രിമിനേഷൻസ് നടത്തുന്നുണ്ട്. കഴിഞ്ഞദിവസം ഇങ്ങനെയുള്ള നിയമനങ്ങളുടെ കാര്യത്തിൽ ഗവണ്മെൻറ് ചെയ്തുകൊണ്ടിരിക്കുന്ന അനീതിയുടെ ചില സ്നേഹിതന്മാർ ചൂണ്ടിക്കാണിക്കുകയുണ്ടായി.

ചീഫ്മിനിസ്റ്റർ അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ ഈ പ്രശ്നംവളരെസൗകര്യമായി വിസ്തരിക്കുകയാണുണ്ടായതു്. പബ്ലിക്ക്സർവ്വീസ് കമ്മിഷൻ ആളുകളെ ഇൻറർവ്യൂ ചെയ്തു പരിശോധിച്ചു സെലക്ററു ചെയ്തതിൽ പിന്നീടു് രാഷ്ട്രീയ കാരണങ്ങൾ കൊണ്ടു് അവരെ നിയമിക്കാതിരിക്കുന്നതു് വലിയ തെററാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. വലിയ കുഴപ്പം ഒന്നും കാണിച്ചില്ലെങ്കിൽതന്നെയും കാൺഗ്രസ്സ് പാർട്ടിക്ക് അനുകൂലമായി പ്രവർത്തിച്ചില്ലെങ്കിൽ കമ്മ്യൂണിസ്റ്റ് മുദ്രകുത്തി പോലീസ്സുകാർ റിപ്പോർട്ടയക്കുകയാണ് ചെയ്യുന്നതു്. ഈ അസംബ്ലിയിലെ മെംബറന്മാരായി തെരഞ്ഞെടുക്കപ്പെടുന്നതിനും അങ്ങനെ അധികാരത്തിൽ വരുന്നതിനും മററും മററു മെംബറന്മാരെപ്പോലെതന്നെ അവകാശമുള്ള—ഭരണഘടനപ്രകാരംതന്നെ അധികാരവും അവകാശവും സ്വാതന്ത്ര്യവുമുള്ള—ഒരു പാർട്ടിയിലെ മെംബറെന്നോ ആ പാർട്ടിക്കനുകൂലമായി വല്ലതും പ്രവർത്തിച്ചെന്നോ ഉള്ള കാരണംകൊണ്ടു് ആർക്കെങ്കിലും ഉദ്യോഗം നിഷേധിക്കുന്നതു് അങ്ങേ അററം അപലപിക്കേണ്ട ഒരു നടപടിയാണ്. സർ, ഇങ്ങനെയുള്ള യുവാക്കന്മാരെ ഉദ്യോഗത്തിൽ നിയമിക്കാതിരിക്കുന്നതുകൊണ്ടു് ബുദ്ധിമാന്മാരായ വളരെ ആളുകളുടെ സേവനം ഗവണ്മെൻറിനു നഷ്ടപ്പെടുന്നുണ്ട്. അതൊരു നാഷനൽ ലാസ്സുകൂടിയാണ്. സമർത്ഥനായ ഒരാളെ രാഷ്ട്രീയാടിസ്ഥാനത്തിന്റെ പേരിൽ ഉദ്യോഗത്തിലു നിയമിക്കാതിരിക്കുന്നതു വളരെ ആലോചിച്ചു വേണമെന്നു പറയേണ്ടിയിരിക്കുന്നു. ഇൻഡ്യൻ ഭരണഘടനയിൽ ഒരു സംഗതി പറയുന്നുണ്ട്. ഏററവും പിന്നോക്കം നിൽക്കുന്ന പട്ടികജാതിയിലെ അംഗങ്ങൾക്കു വികസനത്തിനും വളർച്ചയ്ക്കും ഗവണ്മെൻറിൽ നിന്നും പ്രത്യേകം സൗകര്യങ്ങളും ആനുകൂല്യങ്ങളും ചെയ്തുകൊടുക്കണമെന്ന് ഭരണഘടന അനുശാസിക്കുന്നുണ്ട്. എന്റെ ഐ. എൻ. ററി. യു. സി. സ്നേഹിതന്മാർ

[ശ്രീ. എൻ. രാഘവക്കുറുപ്പ്]

എന്തുതന്നെ പറഞ്ഞിരുന്നാലും പട്ടികജാതിയിലും മററവശസമുദായത്തിലും പെട്ട ആളുകൾ ഒന്നടങ്കംതന്നെ, കർഷകത്തൊഴിലാളിവിഭാഗത്തിലും മററു തൊഴിലാളി വിഭാഗത്തിലും പെട്ടവരെല്ലാം തന്നെ, ഇന്ന് ഒന്നടങ്കം കമ്യൂണിസ്ററുപാർട്ടിയോടു കൂറുള്ളവരാണ്. അക്കാരണത്താൽ അവർക്കിന്നു പബ്ലിക്ക്സർവ്വീസ്സുകളിൽ പ്രവേശനം നിഷേധിക്കുന്നുമുണ്ട്. അതു് ഭരണഘടനയുടെ നേർക്കുള്ള ഒരു വെല്ലുവിളിയാണ്. ഇങ്ങനെയുള്ള പാവപ്പെട്ട ആളുകൾക്ക് ഉദ്യോഗം നിഷേധിക്കുന്നതിനെപ്പററി പറയുവാൻ അധികാരമുമില്ല. ബഹുമാനപ്പെട്ട മെംബർ മി. മാക്കോസ് അവർകളുടെ ഭാഷയിൽ പറയുകയാണെങ്കിൽ ഈ മന്ത്രി തമ്പുരാക്കന്മാരുടെ പടി തുറക്കുവാൻ വേണ്ടി കുര നിറുത്തി കടിതുടങ്ങേണ്ട ആവശ്യം വന്നിട്ടുള്ളതായിട്ടാണ് തോന്നുന്നതു്.

ശ്രീ. പി. എം. മാക്കോസ്: അധഃകൃതർ മന്ത്രിമാരെ തമ്പുരാക്കന്മാരെന്നാണോ വിളിക്കേണ്ടതു്?

ശ്രീ. എൻ. രാഘവക്കുറുപ്പ്: "പടി തുറക്കണമെന്നു" പറഞ്ഞപ്പോൾ "തമ്പുരാക്കന്മാരുടെ" എന്നാണ് ധരിച്ചതു്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ബഹുമാനപ്പെട്ട മെംബർ മി. മാക്കോസ് 'മന്ത്രിത്തമ്പുരാൻ' എന്ന വാക്ക് ഉപയോഗിച്ചോ?

ശ്രീ. എൻ. രാഘവക്കുറുപ്പ്: പടി തുറക്കണമെന്നു പറഞ്ഞു. സാധാരണയായി 'പടി' എന്നു പറയുന്നതു് തമ്പുരാക്കന്മാരുടെ വീടിനാണ്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: സർ, അസംഗതമായ ഈ മാതിരി പ്രസ്താവനകൾ നടത്തുവാൻ അനുവദിക്കരുതു്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: സർ, ഇന്ന് തൊഴിലില്ലായ്മ വളരെ വർദ്ധിച്ചിട്ടുണ്ട്. വിദ്യാഭ്യാസം വർദ്ധിച്ചുവരുന്നതോടുകൂടി തൊഴിലു കിട്ടാതെ വളരെയാളുകൾ നാട്ടിലുണ്ട്. വിദ്യാഭ്യാസകാലം കഴിഞ്ഞു് കലാശാലകളിൽ നിന്നും വെളിയിൽ വരുമ്പോൾ ഉപജീവനത്തിന് എന്തെങ്കിലും ജോലി കിട്ടണമെന്ന് എല്ലാവരും ആഗ്രഹിക്കും. എന്നാൽ ചില രാഷ്ട്രീയാഭിപ്രായങ്ങൾ ഉദ്യോഗലബ്ധിക്കു തടസ്സമെന്നു കണ്ടാൽ യുവാക്കന്മാരതിൽ നിന്നും ഒഴിഞ്ഞുനിന്നേക്കുമായിരിക്കും എന്നാണ് ഗവണ്മെൻറിന്റെ ഉദ്ദേശം. സർ, ഇതു വളർന്നുവരുന്ന തലമുറയുടെ ബുദ്ധിവികാസത്തിനെ തടസ്സപ്പെടുത്തുന്ന ഒരു നടപടിയല്ലേ? യുവാക്കന്മാരുടെ ബുദ്ധിവികാസത്തിനു വേലികെട്ടുകയല്ലേ ഇവർ ചെയ്യുന്നതെന്നാണ് എനിക്കു ചോദിക്കുവാനുള്ളതു്.

സർ, ഒരു കാര്യംകൂടി പറഞ്ഞു് ഞാനെന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളാം. ചില മന്ത്രിമാർ ഈ നിയമസഭയിൽ നൽകുന്ന മറുപടികളെ സംബന്ധിച്ചിടത്തോളം പല പരാതികളും ഉണ്ടായിട്ടുണ്ട്. ഇതു് പറയുമ്പോൾ എനിക്ക് ഒരു സംഭവം ഓർമ്മവരുന്നു. കുറച്ചുകാലം മുമ്പ് കോട്ടയത്തുള്ള സെഷ്യൻസുകോടതിയിൽ ഒരു കേസ്സ് നടക്കുകയായിരുന്നു. പ്രതിഭാഗം കേസ്സു നടത്തുന്നതിന് എറണാകുളത്തുനിന്നും സമർത്ഥനായ ഒരഭിഭാഷകനെയാണ് ഏർപ്പെടുത്തിയിരുന്നതു്. സർക്കാർ

ഭാഗത്തുനിന്നും വേറൊരു അഡ്വക്കേറ്റുമുണ്ടായിരുന്നു. ഈ അഭിഭാഷകർ രണ്ടുപേരും ഈ സഭയിലെ മിക്ക അംഗങ്ങൾക്കും സുപരിചിതരായതുകൊണ്ട് അവരുടെ പേരു് ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുന്നില്ല. അങ്ങനെ കേസ് നടത്തിവരവെ സർക്കാർഭാഗം വക്കീൽ എന്തോ ചിലതു പറഞ്ഞതിനെ തുടർന്നു പ്രതിഭാഗം അഡ്വക്കേറ്റ് പറഞ്ഞതു് ഇതൊരു കോടതിയായതുകൊണ്ടു തൽക്കാലം ഇതിനു മറുപടി പറയുന്നില്ലെന്നാണ്. സരസനായ ഒരു ജഡ്ജിയായിരുന്നു അന്നവിടെയുണ്ടായിരുന്നതു്. ഇഷ്ടം പോലുള്ള മറുപടി പറഞ്ഞുകൊള്ളാമെന്നു കോടതി അനുമതി നൽകി. അതേത്തുടർന്ന് അദ്ദേഹം പറഞ്ഞ സംഗതിയാണ് ചില മന്ത്രിമാർ മറുപടി പറയുന്ന രീതി കാണുമ്പോൾ ഓർമ്മ വരുന്നതു്. സർ, ആ അഭിഭാഷകൻ പറഞ്ഞു 'ഇതിനുള്ള മറുപടി' ഇവന്റെ ചെള്ളക്കൊറ്റ അടിയാണെന്ന്. സർ, ഞാൻ നിറുത്തുകയാണ്.

ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ : സർ, ചുരുങ്ങിയ സമയം കൊണ്ടു ചില സംഗതികൾ വ്യക്തമാക്കുവാനാണ് ഞാനാഗ്രഹിക്കുന്നതു്. നമ്മുടെ നാട്ടിനെ ഇന്നു അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ പ്രധാനമായി രണ്ടാണ്. ഒന്ന് കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവുമൂലം നാട്ടുകാരുടെയിടയിൽ ക്രയശക്തി ക്ഷയിച്ചിരിക്കുന്നു. രണ്ടാമതു് തൊഴിലില്ലായ്മയാണ്. ഈ രണ്ടു പ്രശ്നങ്ങളേയും അഭിമുഖീകരിക്കുന്നതിന് ഇന്നത്തെ ഗവണ്മെന്റിനു വ്യക്തമായ, തൃപ്തികരമായ ഒരു നയം ഇല്ലെന്നാണ് എന്റെ അഭിപ്രായം. ഈ രാജ്യത്തു കഴിഞ്ഞ 11 മാസങ്ങളായി പ്രജാസോഷ്യലിസ്റ്റു പാർട്ടി ഭരിക്കുകയുണ്ടായി. മൗലികമായ പ്രശ്നങ്ങളെ പരിഹരിക്കുന്നതിനുവേണ്ടി സമൂലമായ ഒരു നയം പി. എസ്. പി. ഗവണ്മെന്റിന് ഉണ്ടായിരുന്നു എന്നു ഞാൻ പറയുന്നില്ല. എങ്കിലും പരിമിതമായ സമയം വച്ചുകൊണ്ടു ചിലതെല്ലാം ആ ഗവണ്മെന്റു ചെയ്തിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനമായിട്ടുള്ളതു് തൊഴില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി സായിര് കൺസർവേഷനും, ലാൻഡ് കാളനൈസേഷൻ സ്കീമും നടപ്പാക്കുകയാണ്. അതാണ് പി. എസ്. പി. ഗവണ്മെന്റു ചെയ്തതു്.

ശ്രീ. ടി. പി. സീതാരാമൻ : ഇതു രണ്ടും ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കിയിട്ടുണ്ടെന്നുള്ള വസ്തുത അറിയാമോ ?

ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ : പക്ഷെ തിരുവിതാംകൂറിൽ പ്രജാസോഷ്യലിസ്റ്റു പാർട്ടിയാണു നടപ്പാക്കിയതു്. നാട്ടുകാരുടെ ക്രയശക്തി വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ളതാണ് ലാൻഡു ബില്ലുകൾ. സ്പെഷ്യൽ ഡ്രൈറ്റ്സ് അബോളിഷൻ ബില്ല്, ഫെയർറെന്റ് ഫിക്സ് ചെയ്തു് മുതലായവകൊണ്ടു് ക്രയശക്തി വർദ്ധിപ്പിക്കുവാൻ സാധിക്കും. സ്കൂളുകളിൽ പഠിക്കുന്ന കുഞ്ഞുങ്ങൾക്കു ഒന്നും രണ്ടും ഫാറങ്ങളിൽ ഫീസ് ഇളവു ചെയ്തതും പ്രധാനപ്പെട്ട ഒരു കാര്യമാണ്. മുഖ്യമന്ത്രി പ്രതിപക്ഷനേതാവായിരുന്ന അവസരത്തിൽ ഇവിടെ വച്ചുപറഞ്ഞു, തൊഴിലില്ലായ്മക്കു പരിഹാരമുണ്ടാകണമെങ്കിൽ ചെറുകിട വ്യവസായങ്ങൾ കൂടുതൽ കൂടുതൽ സ്ഥാപിച്ചാൽ മാത്രമേ സാധിക്കുകയുള്ളുവെന്ന്. അതിനു ഒരു കോടി രൂപയെങ്കിലും മാറ്റിവക്കണമെന്നു് പറയുകയും ചെയ്തു. ആ കാരണങ്ങളുടെ പേരിൽ ആണ് പ്രജാസോഷ്യലിസ്റ്റു പാർട്ടിക്കു നൽകിയിരുന്ന പിൻതുണ കാൺഗ്രസ്സ് പിൻവലിച്ചതെന്നും

[ശ്രീ. എൻ. ചന്ദ്രശേഖരൻനായർ]

കാൺഗ്രസ്സിലെ ഉത്തരവാദിത്വമുള്ള നേതാക്കന്മാർ പറഞ്ഞിട്ടുണ്ട്; അതു പരമാർത്ഥമാണെങ്കിൽ അവർ അധികാരത്തിൽ വന്നതിൽ പിന്നീട് അവർക്കു വേണ്ട അവസരം ലഭിച്ചിരിക്കുകയാണ്. വ്യവസായീകരണത്തിനുവേണ്ട പദ്ധതി ആസൂത്രണം ചെയ്യുവാൻ തക്ക അവസരം അവർക്കു ലഭ്യമായിട്ടുണ്ട്. പക്ഷെ അതു അവർ ചെയ്യുവാൻ കൂട്ടാക്കിയിട്ടില്ലെന്നുള്ള പരമാർത്ഥം ബഹുമാനപ്പെട്ട മെംബറന്മാർക്കെല്ലാവർക്കും മനസ്സിലാക്കുവാൻ സാധിക്കും. ചെറുകിട വ്യവസായങ്ങൾകൊണ്ടുമാത്രമേ സ്ഥിരമായി തൊഴിലില്ലായ്മ ഇല്ലാതാക്കുവാൻ സാധിക്കുകയുള്ളുവെന്ന് മുഖ്യമന്ത്രി പറഞ്ഞു. പക്ഷെ അതിനുവേണ്ടി എന്തു നടപടിയാണ് എടുക്കുവാൻ പോകുന്നതെന്നു അറിയുന്നില്ല. പ്ലാനിംഗ് കമ്മീഷനുമായി സഹകരിച്ച് എന്തെങ്കിലും വ്യക്തമായ പദ്ധതി ആസൂത്രണം ചെയ്താൽ മാത്രമേ ഇതു സാധിക്കുകയുള്ളു എന്ന് അദ്ദേഹം പറയുന്നു. ഇവിടെ വ്യവസായങ്ങൾക്കു പ്രോത്സാഹനം നൽകുന്നതിനും മററുമായി ലംപ്സം അലാട്ടുമെൻറായി 75 ലക്ഷം രൂപാ വച്ചിട്ടുണ്ട്. വ്യാവസായികപുരോഗതിയുണ്ടാകണമെങ്കിൽ ചെറുകിട വ്യവസായങ്ങൾ ഒരു അടിസ്ഥാനത്തിൽ തുടർന്നുപോകണം. അതിനാവശ്യമുള്ള മെഷീനറികളും എല്ലാം വരുന്ന പന്ത്രണ്ടുമാസംകൊണ്ട് നടപ്പാക്കാൻ പോകുന്നില്ല. അദ്ദേഹത്തിൻെറ പ്രസംഗത്തിൻെറ ഒരുഭാഗത്തു അദ്ദേഹം പറയുന്നു തൊഴിലാളികളുടെ സ്ട്രൈക്കുമൂലം വളരെ നഷ്ടം ഗവണ്മെൻറിനുണ്ടായിട്ടുണ്ട് എന്ന്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പണിമുടക്കുമൂലം ഉണ്ടായിട്ടുണ്ടെന്നല്ല പറഞ്ഞിട്ടുള്ളത്.

ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ : സ്ട്രൈക്കും ലാക്കൌട്ടും കാരണം എന്നു പറഞ്ഞിട്ടുണ്ട്. വേറൊരു സ്ഥലത്ത് "May I Sir, avail myself of this occasion to make an earnest appeal to all sections of the House and through them to the people of the State to create within the State an atmosphere of industrial peace and harmony ....." എന്നു പറഞ്ഞു് വിശദീകരണം നടത്തിയിട്ടുണ്ട്. എൻെറ അനുഭവം വച്ചുകൊണ്ട് ഒന്നു രണ്ടു കാര്യങ്ങൾ പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. നെടുമങ്ങാട്ടു താലൂക്കിൽ പ്രസിദ്ധ മുതലാളിയായ ബർലായുടെ രണ്ട് എസ്റ്റേറുകൾ ഉണ്ട്. ബർലായുടെ ഏജൻറന്മാരാണ് അതു് മാനേജുചെയ്തുകൊണ്ടിരിക്കുന്നതു്. ആ എസ്റ്റേററിൽ രണ്ടുമാസം മുമ്പ് ജോലിചെയ്തുകൊണ്ടിരുന്ന 150 തൊഴിലാളികളെ പിരിച്ചുവിട്ടു. മാത്രമല്ല അവരുടെ സ്ഥാനത്തു വെളിയിൽ നിന്നും ആളുകളെ കൊണ്ടുവന്നു സ്ഥിരമായി പ്രതിഷ്ഠിച്ചു. ഈ കാര്യങ്ങൾ വിശദമായി കാണിച്ചുകൊണ്ട് അന്നത്തെ ലേബർ ഡിപ്പാർട്ടുമെൻറിനും ഗവണ്മെൻറിനും രേഖാമൂലമായ പരാതികൾ നൽകിയിട്ടുണ്ട്. എനിക്കു അറിയാൻ കഴിഞ്ഞിടത്തോളം ഞാൻ മനസ്സിലാക്കിയിരിക്കുന്നതു് ലേബർ ഡിപ്പാർട്ടുമെൻറിനു ഇങ്ങനെയുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം വലിയ പരാധീനതകൾ ഉണ്ടെന്നാണ്. ഒരു മുതലാളി ഏതെങ്കിലും ഒരു തീരുമാനം എടുക്കുകയാണെങ്കിൽ അതിനു്നിന്നും ആ മുതലാളിയെ മാററുന്നതിനുള്ള ശക്തി ലേബർ ഡിപ്പാർട്ടുമെൻറിനില്ല.

ഇന്നത്തെ ലേബർ കമ്മീഷ്ണർ ശ്രീ. എം. കെ. ദേവസ്സി ആയിരുന്നു. അദ്ദേഹം മുതലാളിമാരോടു പറഞ്ഞു നിങ്ങൾ കാണിച്ചതു തെററാണെന്ന്. ഒരു കൺസ്ലിയേഷൻ കാൺഫറൻസിന് സംബന്ധിക്കുന്നതിനു അവരോടു പറഞ്ഞു. അതുപോലും അവർ കൂട്ടാക്കിയില്ല. ഇന്നത്തെ നടപടിയനുസരിച്ച് തൊഴിൽത്തക്കം പരിഹരിക്കുന്നതിന് രണ്ട് മാർഗ്ഗങ്ങൾ ഉണ്ട്. അതായതു് കൺസിലിയേഷൻ, അഡ്ജൂഡിക്കേഷൻ ഇവയാണ്. തൊഴിൽ തക്കം അഡ്ജൂഡിക്കേഷനു് വിട്ടാൽ, മുതലാളികൾക്ക് പല ആനുകൂല്യങ്ങളും ലഭിക്കും, റിക്കാർഡുകൾ അവരുടെ കൈവശമായിരിക്കും. അതുകൊണ്ട് പലവിധത്തിലും മാനിപ്പുലേഷൻ നടത്താൻ അവർക്ക് സാധിക്കുന്നതാണ്. തൊഴിലാളികളെ സാമ്പത്തികമായി തകർക്കുന്നതിന് അഡ്ജൂഡിക്കേഷൻ വഴി തെളിക്കുന്നതാണ്.

നിലവിലുള്ള നിയമങ്ങളെ സംബന്ധിച്ചിടത്തോളവും കീഴ്വഴക്കങ്ങളെ സംബന്ധിച്ചിടത്തോളവുമുള്ള കാര്യങ്ങൾക്കെങ്കിലും നേരിട്ട് പരിഹാരം നേടിക്കൊടുക്കാനുള്ള അധികാരം ലേബർ ഡിപ്പാർട്ടുമെൻറിന് നൽകേണ്ടതാണ്. അതു് ചെയ്യാതിരിക്കുന്നിടത്തോളംകാലം പണിമുടക്കുകളും മററും വർദ്ധിച്ചുകൊണ്ടുതന്നെയിരിക്കും. ഞങ്ങൾ മെച്ചിസ്റ്റൻ എസ്റ്റേററിലെ തൊഴിലാളികളെ പണിമുടക്കാൻ ആഹ്വാനം ചെയ്തില്ല. ഒരു തണുത്ത തൊഴിലാളി നയമാണ് ഞങ്ങൾക്കുള്ളതെന്ന് പല രാഷ്ട്രീയകക്ഷികളും ഞങ്ങളെ ആക്ഷേപിക്കുന്നുണ്ട്. നിയമത്തിനു വിധേയമായി പ്രവർത്തിക്കുന്നതിനാണ് ഞങ്ങൾ തയ്യാറായതു്. എന്നിട്ടും തീരുമാനം കിട്ടുന്നതിന് സാധിച്ചില്ല. ഈ തൊഴിൽത്തക്കത്തിൽ ഒന്നിലധികം തവണ പോലീസ് ഇടപെട്ടിട്ടുണ്ട്. അതു സംബന്ധിച്ച് ചില കേസുകൾ നിലവിലിരിക്കുന്നതുകൊണ്ട് ഞാൻ അതിലേക്ക് കടക്കണമെന്ന് വിചാരിക്കുന്നില്ല. ഫെബ്രുവരി ഒന്നാംതീയതി മെച്ചിസ്റ്റൻ എസ്റേററിൽ ഒരു സംഭവമുണ്ടായി. ഈ കേസുമായി യാതൊരു ബന്ധവുമില്ലാതെനിന്ന ഒരാളെ, പ്രസ്തുത സംഭവം നടന്ന സമയം വിതുര പോലീസ് ഇൻസ്പെക്ടരോടും, എന്നോടും സംസാരിച്ചതുകൊണ്ടു പ്രസ്തുത കേസ്സിൽ പ്രതിയാക്കി ചേർത്തിട്ടുണ്ട്. ഇൻവസ്ററിഗേഷൻ ആഫീസക്കറിയാം അയാൾ സംഭവസ്ഥലത്തു ഇല്ലായിരുന്നുവെന്ന്. ഇതിനെപ്പററി ഡി. എസ്. പി. യോടും എ. എസ്. പി. യോടുമെല്ലാം ഞാൻ നേരിട്ടു സംസാരിച്ചിട്ടുണ്ട്. നേരിട്ടു ബോദ്ധ്യമുള്ള സംഗതികളിലപോലും മുതലാളികളുടെ പ്രേരണക്ക് വശംവദരായി പോലീസ് അവരുടെ കർത്തവ്യം പാലിക്കുന്നില്ലെന്നുള്ളതു് ഏററവും ദയനീയമായ ഒരവസ്ഥയാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. അങ്ങിനെയുള്ള പോലീസ് വകുപ്പിൽ ഒരു ബററാലിയൻ ഉണ്ടാക്കുന്നതിനുവേണ്ടി നാലു ലക്ഷത്തിൽപരം രൂപാ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളതായി കാണുന്നു. കഴിഞ്ഞ തവണ ഫസ്ററഫാറത്തിലും സെക്കൻറഫാറത്തിലും പി. എസ്. പി. ഗവണ്മെൻറ് ഫീസ് ഇളവുചെയ്തപ്പോൾ ആ പണം കുഞ്ഞുങ്ങൾക്ക് പുസ്തകം വാങ്ങാനോ വസ്ത്രം വാങ്ങാനോ ഉപയോഗിക്കാൻ പാടില്ലായിരുന്നോ. എന്ന് ഇന്നത്തെ മുഖ്യമന്ത്രി ചോദിച്ചു കേട്ടിട്ടുണ്ട്. ഇന്ന് നാലു് ലക്ഷത്തിൽപരം രൂപാ പോലീസിനുവേണ്ടി കൊള്ളിച്ചിട്ടുള്ളതു ബററാലിയൻ രൂപീകരണത്തിനു പകരം പൊതുജനങ്ങളോട് കുറച്ചു മര്യാദയായി പെരുമാറാൻ പോലീസിനെ പഠിപ്പിക്കുന്നതിന് ചെലവാക്കിക്കൂടേ എന്നാണ് ഞാൻ ചോദിക്കുന്നതു്.

[ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ]

സർ, പഞ്ചായത്തുകളെപ്പററി രണ്ടു വാക്ക് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളാം. പഞ്ചായത്ത് ആക്ററ് സെക്ഷൻ 69 അനുസരിച്ച് ഒരു പഞ്ചായത്തതിർത്തിയ്ക്കകത്തുള്ള ചന്തകൾ പഞ്ചായത്തിന്റെ അധികാരപരിധിയിൽ ഉൾക്കൊള്ളിച്ചിരിക്കയാണ്. അതു് നിർബന്ധമായ ഒരു വ്യവസ്ഥയാണ്. എന്നാൽ മാക്ററവ് റൂൾസ് ഗവണ്മെൻറ് ഉണ്ടാക്കിയ സമയം ഈ ചന്തകൾ നടത്തുന്നതിന് പഞ്ചായത്തിനുള്ള അധികാരങ്ങൾ വീണ്ടെടുത്ത് ചന്ത ലേലം ചെയ്യണമെന്ന് പറഞ്ഞിരിക്കുന്നു. മാക്ററവ് റൂൾസിൽ അങ്ങിനെ ഒരു വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആക്ററിനു വിപരീതമായി റൂൾ ഉണ്ടാക്കുന്നതു നിയമവിരുദ്ധമാണെന്നാണ് എനിക്കു തോന്നുന്നതു്. അതുകൊണ്ട് നിയമവിരുദ്ധമായ ആ വ്യവസ്ഥ ഭേദഗതി ചെയ്യുന്നതിന് സത്വരനടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഗവണ്മെൻറിനോട് അപേക്ഷിക്കുന്നു. നെടുമങ്ങാട് താലൂക്കിലുള്ള ചന്തകൾ ലേലം ചെയ്യണമെന്ന് പഞ്ചായത്തു ഡയറക്ടർ നിർബന്ധിക്കുകയുണ്ടായി. ഈ വിഷയത്തിൽ പഞ്ചായത്തുകൾ പ്രതിഷേധപ്രമേയങ്ങൾ പാസ്സാക്കി അയച്ചിട്ടുണ്ടെന്നാണ് ഞാൻ അറിയുന്നതു്. സത്വരനടപടികൾ റൂൾ ഭേദഗതി ചെയ്യുന്നതിൽ എടുക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ബി. ബി. പണ്ടാരത്തിൽ : സർ, ഡാക്ടർ എ. ആർ. മേനോൻ ഇവിടെ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. അതിനെ അനുകൂലിക്കുന്നതിനോടൊപ്പംതന്നെ അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ കാപ്പികൾ സെൻട്രൽ ഗവണ്മെൻറിനും ഇൻഡ്യൻ പ്രധാന മന്ത്രിക്കും നമ്മുടെ മുഖ്യമന്ത്രി അയച്ചുകൊടുക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ഈ രാജ്യത്തെ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ സാർവത്രികമായി കാണുന്ന അഴിമതികളെപ്പററിയും അവരുടെ കൃത്യനിർവഹണത്തിൽ അവർ അനുഷ്ഠിക്കുന്ന ക്രമക്കേടുകളെപ്പററിയുമാണ് എനിക്ക് ആദ്യമായി സംസാരിക്കാനുള്ളതു്. എന്റെ അറിവ് ശരിയാണെങ്കിൽ ഇൻഡ്യയിലുള്ള പല സംസ്ഥാനങ്ങളേയും അപേക്ഷിച്ച് കൂടുതൽ തുക അഡ്മിനിസ്ട്രേഷന് ഇവിടെ ചെലവാക്കുന്നുണ്ട്. എന്നാൽ അതിനുതക്ക പ്രയോജനമൊന്നും നാട്ടുകാർക്ക് ഇവിടത്തെ ഉദ്യോഗസ്ഥന്മാരിൽനിന്നും ലഭിക്കുന്നില്ലെന്ന് പ്രത്യേകം പറയേണ്ടിയിരിക്കുന്നു. പ്രാദേശികമായ ആവശ്യങ്ങൾ ഉന്നയിച്ചും അല്ലാതെയും അനവധി അപേക്ഷകളും പരാതികളും ഗവണ്മെൻറിലേക്കും ഡിപ്പാർട്ട്മെൻറുകളിലേക്കും ജനങ്ങൾ അയക്കാറുണ്ട്. ഒരു വിനോദത്തിനുവേണ്ടി അവർ പരാതികൾ എഴുതി അയക്കയല്ല ചെയ്യുന്നതു്. പല ആവശ്യങ്ങളും യഥാസമയം സാധിച്ചുകിട്ടണമെന്നുള്ള ആഗ്രഹത്തോടുകൂടി അയയ്ക്കുന്നവയായിരിക്കും അവയെല്ലാം. അവയ്ക്കു ശരിയായ സമയത്തു് മറുപടി കിട്ടുകയും വേണ്ടതരത്തിൽ പരിഹാരം കാണുകയും ചെയ്യുന്നില്ലെന്നുള്ളതു ഒരു പരമാർത്ഥം മാത്രമാണ്. ഏതെങ്കിലും ഒരു അപേക്ഷയോ പരാതിയോ സമർപ്പിച്ചാൽ "The matter is engaging the attention of the Government" എന്നെഴുതി ഒരു മറുപടി കൊടുക്കും. ആ കാര്യത്തിൽ എത്രമാത്രം ആത്മാർത്ഥതയുണ്ടെന്ന് അറിയത്തക്ക മറെറാന്നുംതന്നെ പിന്നെ ഉണ്ടാകുകയില്ല. ഇത്തരം ബുദ്ധി

മട്ടുകൾ ജനങ്ങൾ ധാരാളമായി അനുഭവിച്ചുവരുന്നുണ്ട്. പ്രത്യേകിച്ചും പഞ്ചായത്തുകളുടെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്ന ഇക്കാലത്ത് വളരെ അധികം എഴുത്തുകുത്തുകൾ പഞ്ചായത്തും ഗവണ്മെൻറുമായി നടത്തേണ്ടതുണ്ട്. അങ്ങനെയുള്ള എഴുത്തുകുത്തുകളിൽ ഉണ്ടാകുന്ന കാലതാമസംമൂലം പഞ്ചായത്തുകളുടെ പ്രവർത്തനത്തിന് വിഘാതം നേരിടുന്നുണ്ടെന്ന പരാതി ധാരാളമായി കേൾക്കാൻ സാധിച്ചിട്ടുണ്ട്. ഈ രീതി ആകപ്പാടെ ഒന്ന് മാറേണ്ടതു് വളരെ അത്യാവശ്യമാണ്. ഇതു് ഒരു ദിവസം കൊണ്ടോ രണ്ടുദിവസം കൊണ്ടോ മാററാമെന്ന് ഞങ്ങൾക്ക് വിശ്വാസമില്ല. കാൺഗ്രസ്സ് ഗവണ്മെൻറിൻെറ കാലത്തോ, പി. എസ്. പി. ഗവണ്മെൻറിൻെറ കാലത്തോ ഉണ്ടായിട്ടുള്ള ഒരു തകരാറല്ല ഇതു്. ഇവിടെ ഗവണ്മെൻറും ഉദ്യോഗസ്ഥന്മാരും ഉണ്ടായകാലം മുതൽ ഇങ്ങനെയുള്ള ക്രമക്കേടുകളും അനീതികളും നടമാടുന്നുണ്ട്. ഈ രീതി ഒന്നു മാററി ഇവിടത്തെ അഡ്മിനിസ്ട്രേഷൻെറ സിസ്റ്റംതന്നെ ഒന്നു അഴിച്ചു വാർക്കണമെന്ന് ഞാൻ ഗവണ്മെൻറിനോടു് അഭ്യർത്ഥിക്കുന്നു.

ഇവിടെ ആൻറി കറപ്പ്ഷൻ ഡിപ്പാർട്ടുമെൻറ് എന്ന പേരിൽ ഒരു ഡിപ്പാർട്ടുമെൻറുണ്ട്. ഇങ്ങനെ ഒരു ഡിപ്പാർട്ടുമെൻറ് ഉണ്ടെന്നുള്ളതു തന്നെ വളരെ കുറച്ചുപേർക്കു മാത്രമേ അറിയാൻ കഴിയൂ. ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥന്മാരെപ്പററിയുള്ള അഴിമതികളെപ്പററി അന്വേഷണം നടത്താൻ ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥന്മാരെ നിയോഗിക്കുന്ന പതിവു മാററി നിഷ്പക്ഷമായ ഒരു അനുദ്യോഗസ്ഥകമ്മററിയെ നിയോഗിച്ച് ഉദ്യോഗസ്ഥന്മാരുടെ ഇടയിലുള്ള അഴിമതികൾ അവസാനിപ്പിക്കണമെന്ന് എനിക്ക് അപേക്ഷയുണ്ട്.

അടുത്തതായി എനിക്ക് പ്രാദേശികമായ ഒരു കാര്യമാണ് പറയാനുള്ളതു്. കൊട്ടാരക്കര താലൂക്കിൽ ഇക്കൊല്ലം മുതൽ മദ്യനിരോധനം ഏർപ്പെടുത്തുകയാണ്. മദ്യനിരോധനത്തിൻെറ തത്വത്തോടു് ഞങ്ങൾക്ക് എതിർപ്പില്ല. അതേയവസരത്തിൽ ഈ മദ്യനിരോധനം വിജയകരമായി നടത്തുന്നില്ല എന്നുള്ളതിലാണ് ഞങ്ങൾക്ക് എതിർപ്പുള്ളതു്. അതുപോലെതന്നെ മദ്യനിരോധനം കൊണ്ടുണ്ടാകുന്ന തൊഴിലില്ലായ്മയ്ക്ക് വേണ്ട വിധത്തിൽ പരിഹാരം കാണുന്നതിലും ഗവണ്മെൻറ് ശ്രദ്ധിക്കുന്നില്ല. കൊട്ടാരക്കര താലൂക്കിൽ മദ്യനിരോധനം നടപ്പിൽ വരുന്നതു മൂലം 700-ൽ ചിലപ്പോൾ ചെത്തുതൊഴിലാളികൾ പണിയില്ലാതെ കഷ്ടപ്പെടാൻ പോകുകയാണ്. അതിന് ഒരു പരിഹാരമായി ഒരു കാര്യം ഗവണ്മെൻറിനെ അറിയിക്കാനുണ്ട്. ആ താലൂക്കിൽ ഒരു നാഷണൽ എക്സ്റ്റൻഷൻ സെൻറർ അനുവദിച്ചിട്ടുണ്ട്. അതിൻെറ പ്രവർത്തനം എത്രയുംവേഗം ആരംഭിച്ച് കാര്യക്ഷമമായി നടത്തുകയാണെങ്കിൽ തൊഴിലില്ലാതാകുന്ന ഈ ചെത്തുകാർക്ക് തൊഴിൽ കൊടുക്കാൻ സാധിക്കും. മദ്യനിരോധനത്തെപ്പററി പറയുമ്പോൾ മററൊരു കാര്യംകൂടി എനിക്ക് ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെടുത്തേണ്ടതുണ്ട്. കൊല്ലം താലൂക്കിലെ അബ്ക്കാരിലേലം കഴിഞ്ഞശേഷമാണ് കൊട്ടാരക്കര താലൂക്കിൽ മദ്യനിരോധനം ഏർപ്പെടുത്താൻ തീരുമാനിച്ചതു്. കഴിഞ്ഞ പി. എസ്. പി. ഗവണ്മെൻറ് മദ്യനിരോധനംമൂലമുണ്ടാകുന്ന റവന്യൂവിൻെറ കുറവ് പരിഹരിക്കുന്നതിന് കൊല്ലം താലൂക്കിൽ പിന്നെയും ലേലം നടത്തണമെന്ന് വിചാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. അങ്ങിനെയിരിക്കുമ്പോഴാണ് ആ ഗവണ്മെൻറ് രാജിവച്ച് കാൺഗ്രസ്സ് ഗവണ്മെൻറ് അധികാര

[ശ്രീ. ബി. ബി. [illegible]

ത്തി വന്നതു്. ഇപ്പോൾ ആ ആലോചന നിവൃത്തിവരുത്തുവാനുണ്ടായ കാരണം സംശയാസ്പദമാണെന്നു് പറയേണ്ടിയിരിക്കുന്നു.

അവസാനമായി ഇവിടത്തെ പബ്ലിക്ക്സർവീസ് കമ്മീഷൻ നടത്തുന്ന നിയമനത്തെക്കുറിച്ചു് രണ്ടുവാക്കു് പറയേണ്ടിയിരിക്കുന്നു. കഴിഞ്ഞ ദിവസം എന്റെ സ്നേഹിതൻ ശ്രീ. [illegible]ശോധരൻ വളരെ ശക്തിയായി ചൂണ്ടിക്കാണിച്ചിട്ടും മുഖ്യമന്ത്രിയുടെ മറുപടിയിൽ അതിനെപ്പററി ശരിയായി ഒന്നും പറയാത്തതുകൊണ്ടു് ഞാൻ ഒന്നുകൂടി ആ കാര്യം ആവർത്തിക്കുകയാണു്. പബ്ലിക്ക് സർവീസ്കമ്മീഷനിൽനിന്നും നിയമന ഉത്തരവു് കിട്ടിയ അനവധിയാളുകൾ രാഷ്ട്രീയപരിഗണനകൾമൂലം ഉദ്യോഗത്തിൽ പ്രവേശിക്കാൻ നിവൃത്തിയില്ലാതെ അലഞ്ഞുതിരിയുന്നതായി കാണുന്നുണ്ടു്. തൊഴിലില്ലായ്മ ഏററവും രൂക്ഷമായി നാടിനെ ബാധിച്ചിരിക്കുന്ന ഇക്കാലത്തു് വെറും ഒരു സി. ഐ. ഡി. പോലീസുകാരന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗത്തിൽ പ്രവേശിക്കാൻ അനുവദിക്കാതിരിക്കുന്നതു് വളരെ കഷ്ടമാണു്. ഇതിനു വ്യക്തമായ ഒരു മറുപടി മുഖ്യമന്ത്രിയിൽനിന്നും ഉണ്ടാകുമെന്നു് ഞാൻ വിശ്വസിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർ, ഈ ഡിമാൻറിനെപ്പററിയുള്ള വാദപ്രതിവാദവും ബഡ്ജററിനെപ്പററിയുള്ള പൊതുവിമർശനാവസരത്തിൽ നടന്ന വാദപ്രതിവാദംപോലെ പല വിഷയങ്ങളേയും ഉൾക്കൊള്ളിക്കുന്ന ഒന്നായിരുന്നു. ഇപ്രകാരം പല പ്രധാനപ്പെട്ട കാര്യങ്ങളും ഉന്നയിച്ചു് ഇവിടെ വാദപ്രതിവാദം ചെയ്ത ബഹുമാനപ്പെട്ട മെംബറന്മാരോടു് ഞാൻ വളരെ വളരെ കടപ്പാടു് ഉള്ളവനാണു്.

സർ, എല്ലാ വിമർശനങ്ങൾക്കുംകൂടി സാമാന്യമായി ഒരു മറുപടി പറയുവാൻ ശ്രമിക്കാതെ ഓരോ മെംബറന്മാരും ചെയ്ത പ്രസംഗങ്ങളെപ്പററിയും ഞാൻ എഴുതിവച്ചിട്ടുള്ള കുറിപ്പുനോക്കി മറുപടി പറയുവാൻ ശ്രമിക്കുകയാണെങ്കിൽ ഒന്നും വിട്ടുപോകുവാനിടയില്ല എന്നു വിചാരിക്കുന്നു. ആദ്യമായി ഇവിടെ പ്രസംഗിച്ചതു് ചിറയിൻകീഴ് മെംബർ ഡാക്ടർ എ. ആർ. മേനോൻ ആയിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ രാഷ്ട്രീയങ്ങളായി അനുപ്രധാനമായ പല പ്രധാന പ്രശ്നങ്ങളും ഉന്നയിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ അടങ്ങിയ കാര്യങ്ങൾ, ഇതിനു വളരെ മുൻപുതന്നെ അനേകം ചിന്തകന്മാർ ഉന്നയിച്ചിട്ടുള്ള കാര്യങ്ങളാണു്. അദ്ദേഹത്തിന്റെ പ്രസംഗം കേട്ടുകൊണ്ടിരുന്നപ്പോൾ പ്രസിദ്ധ ചരിത്രകാരനായ ലാർഡ് ആക്ടന്റെ ഒരു പാസേജ് ഓർമ്മയിൽ വന്നു. "All power corrupts, absolute power corrupts absolutely" അതായതു്. അധികാരം ദുഷിപ്പിക്കുന്നു, അതിരില്ലാത്ത അധികാരം അതിരില്ലാതെ ദുഷിപ്പിക്കുന്നു. History of political thoughts മുതലായ ഗ്രന്ഥങ്ങൾ പരിശോധിച്ചുനോക്കിയാൽ കാണാം ലോകത്തിൽ പലവിധത്തിലുള്ള ഭരണസമ്പ്രദായങ്ങളും ആവിഷ്ക്കരിച്ചിട്ടുള്ളതു് ഈ വിഷമം തീർക്കാനാണു് എന്നു്. ഭരണം നടത്തുന്നതാളിന്റെ അധികാരം നിയന്ത്രിക്കാനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണു്, ആ അധികാരം ദുഷിച്ചുപോകാതിരിക്കുവാനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണു്, ആ അധികാരം ഭരണീയരുടെ ആവശ്യം നിർവ്വഹിക്കാൻ വേണ്ടിയാണോ ഉപയോഗിക്കപ്പെടുന്നതു്, എന്നിങ്ങനെ പലവിധത്തിലുള്ള

കാര്യങ്ങളേയും ചർച്ച ചെയ്തതിന്റെ ഫലമായിട്ടാണ് റോം, ഗ്രീസ് മുതലായ രാജ്യങ്ങളിലുണ്ടായിരുന്ന ഡമോക്രസി തൊട്ടു ഇന്നത്തെ പീപ്പിൾസ് ഡമോക്രസിവരെ ഉണ്ടായിട്ടുള്ളത്. അധികാരം അനിയന്ത്രിതമായി പോകാതിരിക്കാൻവേണ്ടിയാണ് അമേരിക്കയിൽ എക്സിക്യൂട്ടീവും ജുഡിഷ്യറിയും ലജിസ്ലേച്ചറും തമ്മിൽ വിഭജനം വേണമെന്ന് തീരുമാനിച്ചത്. പക്ഷെ, അതുകൊണ്ട് യാതൊരു ഫലവുമുണ്ടായില്ല. അമേരിക്കൻ പ്രസിഡണ്ട് ഇന്നു ലോകത്തിൽ കൂടുതൽ അധികാരം കൈയടക്കിവച്ചിരിക്കുന്ന ഒരാളാണെന്നാണ് പറയപ്പെടുന്നത്. അധികാരം ഭുഷിക്കാതിരിക്കുന്നതിനും, ഭരണീയക്കൂടിയ അധികാരത്തിന് അവകാശം ലഭിക്കുന്നതിനുമാണ് ഇന്നുവരെയുള്ള എല്ലാ ഭരണസമ്പ്രദായങ്ങളും ഉണ്ടായിട്ടുള്ളത്. ഇംഗ്ലണ്ടിലും മററും അധികാരമത്സരങ്ങൾ നടന്നിട്ടുള്ളത് ഇതിനുവേണ്ടിയാണ്. ഇംഗ്ലണ്ടിൽ ഇതിനുവേണ്ടി ഒരു രാജാവിന്റെ തല എടുക്കുക ഉണ്ടായിട്ടുണ്ട്. എന്നായാലും ഇന്നുവരെ ഈ ശ്രമങ്ങളൊന്നുംതന്നെ പരിപൂർണ്ണമായി വിജയിച്ചിട്ടില്ല. ഇതിലേക്കുള്ള പരിഹാരമാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് ഇനിയും തീരുമാനപ്പെട്ടിട്ടില്ല. പൊളിററിക്കൽ ആർഗനൈസേഷൻ ഏതുവിധത്തിലാണ് ഏററവും വിജയകരമായി നടത്താൻ സാധിക്കുക എന്നുള്ളതിനെപ്പററിയും ആലോചനകൾ നടന്നുകൊണ്ടിരിയ്ക്കുന്നതേയുള്ളു. നാം ഇവിടെ സ്വീകരിച്ചിട്ടുള്ളത് ഇംഗ്ലണ്ടിലെ ഭരണസമ്പ്രദായത്തിന്റെ മാതൃകയാണ്. അതിനെപ്പററിയും ആക്ഷേപമുള്ള ആളുകളുണ്ട്. ഇംഗ്ലണ്ടിൽ അതിന് എഴുന്നൂറുകൊല്ലത്തെ പരിചയമുണ്ട്. ഇവിടെ അത്ര പരിചയം വന്നിട്ടില്ല. ഈ പാർട്ടിസിസ്റ്റത്തിനെപ്പററിയും അതിലുള്ള പിററ്ഫാൾസിനെപ്പററിയും ഡാക്ടർ എ. ആർ. മേനോൻ ഇവിടെ ചൂണ്ടിക്കാണിച്ചു. പാർട്ടി സിസ്റ്റം, പാർട്ടിയുടെ തിരഞ്ഞെടുപ്പ്, തിരഞ്ഞെടുത്ത നേതാവ് ഭരണം നടത്തുക, ഭരണത്തെ നിയന്ത്രിക്കുന്നതിന് നിയമസഭയ്ക്കുള്ള സ്ഥാനം, പാർലമെൻററി ഡമോക്രസി ഇവയെല്ലാം ഇന്നും രാജ്യമീമാംസകരെ അലട്ടിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങളാണ്. ഈ സിസ്റ്റത്തിലുള്ള പിററ്ഫാൾസിനെക്കുറിച്ച് ഡാക്ടർ മേനോൻ ഒരു താക്കീതു നൽകുകയാണ് ചെയ്തത്. നമ്മുടെ രാജ്യത്തെ ഡമോക്രസിയേയും, പാർട്ടി സിസ്റ്റത്തെയും പററി വളരെ ജാഗ്രതകമായിരിക്കണം, കണ്ണിൽ എണ്ണയൊഴിച്ചുകൊണ്ടിരിക്കണം എന്നെല്ലാം അദ്ദേഹം പ്രസ്താവിച്ചു. ചീഫ് മിനിസ്റ്റർക്ക് ചില വേഗാറീസുണ്ടാകാം, അതിനെ നിയന്ത്രിക്കുന്നതിന് ജനാഭിപ്രായവും, നിയമസഭയുടെ അഭിപ്രായവും ആവശ്യമാണെന്നുള്ള ഉഗ്രമായ ഒരു താക്കീതാണ്, ഒരു കാവൽഭടൻ ചെയ്യുന്നമാതിരിയുള്ള ഒരു സ്വരമാണ് എനിക്കു കേൾക്കാൻ സാധിച്ചത്. ശ്രീ. രവീന്ദ്രനാഥ ടാഗോർ, ഇൻഡ്യയിൽ ദേശീയതയിൽ വന്നുകൊണ്ടിരിക്കുന്ന അപാകതയെപ്പററി ശക്തിയായി എഴുതിയ സന്ദർഭത്തിൽ, അദ്ദേഹത്തിന്റെ ആ താക്കീതിനെ സ്വാഗതം ചെയ്തുകൊണ്ട് അദ്ദേഹത്തോടൊപ്പമോ, അതിനു കൂടുതലോ യോഗ്യനായ മഹാത്മാഗാന്ധി "യംഗ് ഇൻഡ്യയിൽ" എഴുതിയത്, ഇൻഡ്യയിലെ ധർമ്മത്തിന്റെ കാവൽ ഭടൻ സംസാരിക്കുന്നു എന്നും അതു സ്വാഗതം ചെയ്യുന്നുവെന്നുമാണ്. ഡാക്ടർ എ. ആർ. മേനോൻ സാമാന്യമായി പറഞ്ഞിട്ടുള്ള കാര്യങ്ങൾക്ക് ഈ സഭയിലുള്ള എല്ലാ പാർട്ടിയിലുമുള്ള അംഗങ്ങളും, പ്രത്യേകിച്ച് ഭരണം നടത്തുന്ന കക്ഷിയും, അതിലും വിശേഷിച്ച് ഭരണം നടത്തുന്ന കക്ഷിയുടെ നേതാവും അദ്ദേഹത്തോട് കടപ്പെട്ടിരിക്കുകയാണ്.

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

അനന്തരം പ്രസംഗിച്ച ശ്രീ. വിവേകാനന്ദനും, ശ്രീ. ഭാസ്കരൻ നായരും ഹാൻഡ്ലൂം സെസ് ഫണ്ട് വിനിയോഗിക്കുന്നതിനെപ്പററി പറയുകയുണ്ടായി. അതു് വേണ്ടവിധത്തിൽ ചെലവുചെയ്യുന്നതിന് ഇന്ന് നിലവിലുള്ള ചില ചട്ടങ്ങൾ തടസ്സമായി ഭവിക്കുന്നുണ്ടെന്നുള്ള കാര്യം നെയ്യാററിൻകര മെംബറും, അദ്ദേഹത്തിന്റെ ചില സഹപ്രവർത്തകന്മാരും പത്തുപന്ത്രണ്ടുദിവസങ്ങൾക്കുമുമ്പ് എന്നെ കണ്ടു പറയുകയുണ്ടായി. അങ്ങനെ സംസാരിച്ചതിനെ തുടർന്ന് ഉടനെതന്നെ ആ തടസ്സങ്ങൾ മാററി ആ സംഖ്യ വിതരണം ചെയ്യുന്നതിനുള്ള സത്വരനടപടികൾ എടുത്തിട്ടുണ്ട്. ഈ സമയംകൊണ്ട് ആ സംഖ്യ കിട്ടിക്കഴിഞ്ഞിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ഇവിടത്തെ കംപ്ട്രോളരുടെ ശല്യത്തെപ്പററി ഇവിടെ പലരും സംസാരിക്കുകയുണ്ടായി. കംപ്ട്രോളരുടെ ശല്യം തിരു–കൊച്ചിയിൽ മാത്രം, (ഇതൊരു പാർട്ട് ബി. സ്റ്റേററായതുകൊണ്ടുമാത്രം) ഉണ്ടാകുന്നതാണെന്നുള്ള ധാരണ ശരിയല്ല. ഭരണഘടനയിലെ 371-ാംവകുപ്പും കംപ്ട്രോളറും തമ്മിൽ യാതൊരു ബന്ധവും ഇല്ല. എല്ലാ സംസ്ഥാനങ്ങളിലും ഇൻഡ്യൻ ആഡിററർജനറലിന്റെ കീഴിലുള്ള അക്കൗണ്ട്സ് ഡിപ്പാർട്ടുമെൻറുകൾ പ്രവർത്തനം നടത്തുന്നുണ്ട്. തൻമൂലം ചിലപ്പോഴൊക്കെ, കാര്യങ്ങൾ വേഗത്തിൽ നടക്കുന്നതിന് അല്പം തടസ്സങ്ങൾ ഉണ്ടാകാം. എങ്കിലും, ഈ വിധത്തിലുള്ള ചില ചെക്കുകളും, ബാലൻസുകളും, ബ്രേക്കുകളും, വിലങ്ങുകളും, എല്ലാം ഇന്നത്തെ, ഈ ഭരണം കാട്ടുകയറാതെപോകണമെന്നു വിചാരിച്ച് ആഡിററർജനറൽ കംപ്ട്രോളർ വഴി വച്ചിട്ടുള്ളതാണ്. ഈ ചെക്ക് ഇല്ലാതെയിരുന്നാൽ ഇവിടെ എന്തെല്ലാമാണ് സംഭവിക്കാൻപോകുന്നതു് എന്നു നാം ചിന്തിക്കണം. ചീഫ്മിനിസ്റ്റർ ഇടുന്ന ഒരു ആർഡർ അനുസരിച്ച് യാതൊരു ചെക്കുംകൂടാതെ ട്രഷറിയിൽനിന്നും പണം പുറത്തുപോകുകയാണെങ്കിൽ, അതിൽ നിന്നും ഉണ്ടാകാവുന്ന ആപത്തുകൾ എന്തെല്ലാമാണെന്നു നാം ആലോചിക്കേണ്ടതാണ്. കംപ്ട്രോളറുടെ ഒരു വിധത്തിലുള്ള നിയന്ത്രണവും പാടില്ല എന്നു പറയുന്നതു ശരിയല്ല, എന്നാൽ നിയന്ത്രണം അങ്ങേയററം കർശനമായിരിക്കുന്നതു തെററുമാണ്.

ഗവണ്മെൻറ് മെഷ്യനറി സമ്പ്രദായം തെററാണെന്ന് ശ്രീ. കെ. സി. ജോർജ് ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ആ അഭിപ്രായത്തോടുകൂടി ഞാനും യോജിക്കുകയാണ് ചെയ്യുന്നതു്. തിരുവിതാംകൂർ–കൊച്ചിയിൽ മാത്രമല്ല, ഇന്ത്യയുടെനാനാഭാഗങ്ങളിലും പത്തോ അമ്പതോ നൂറോ കൊല്ലങ്ങൾക്കു മുൻപ് നിലവിലിരുന്ന ഒരു സിസ്റ്റമാണ് ഇന്നും നിലവിലുള്ളതു്. ആ സമ്പ്രദായത്തിന് യാതൊരു വ്യത്യസ്തവും വന്നിട്ടില്ല. വെൽഫെയർ സ്റ്റേററ് എന്നും, സോഷ്യലിസ്റ്റ് സ്റ്റേററ് എന്നും മററും പറയുന്ന പുതിയ ആശയങ്ങൾ അനുസരിച്ച് ഒരു ഗവണ്മെൻറിന് കാര്യങ്ങൾ വേഗത്തിൽ ചെയ്യുന്നതിന് തടസ്സമുണ്ടാക്കുന്ന ഒരു സമ്പ്രദായമാണ്, ഇന്നുള്ള ഗവണ്മെൻറ് മെഷ്യനറി. പഴയ ചട്ടക്കൂട് ഇന്നും നിലവിലിരിക്കുകയാണ്. സർക്കാർ ഉദ്യോഗസ്ഥന്മാർ അതിൽ കുററക്കാരല്ല. ഇന്നയിന്ന ചട്ടങ്ങൾ അനുസരിച്ച്, ഇന്നയിന്ന നിയമം അനുസരിച്ചു പ്രവർത്തിക്കണം എന്ന് അവർക്ക് നിർബന്ധമുണ്ട്. അതു ലംഘിക്കാൻ അവർക്കു നിവൃത്തിയില്ല.

ആലസ്യംകൊണ്ടും, അജ്ഞതകൊണ്ടും തെററുചെയ്യുന്ന സർക്കാർ ഉദ്യോഗസ്ഥന്മാർ ഇല്ലെന്നല്ല ഞാൻ പറയുന്നതു്. മന്ത്രിമാരുടെ പരിചയക്കുറവിനെപ്പററി ഇവിടെ പറയുകയുണ്ടായി. അതു് കുറെ ശരിയാണു്. മന്ത്രിമാർ പരിചയസമ്പന്നരായിരിക്കണമെന്നില്ല, അവർക്കു പരിചയസമ്പന്നതയുണ്ടായിക്കൊള്ളണമെന്നുമില്ല. പ്രധാനമായി നയസംബന്ധമായ കാര്യങ്ങളെപ്പററിയാണു് മന്ത്രിമാർ തീരുമാനമെടുക്കുന്നതു്. അതു് നടപ്പിലാക്കുന്ന ജോലിയാണു് ഉദ്യോഗസ്ഥന്മാരുടേതു്. മന്ത്രിമാർ ഭരണപരമായി പല കാര്യങ്ങളിലും പരിചയക്കുറവുള്ളവരായിരിക്കുമെന്നുള്ളതു അക്ഷരാർത്ഥത്തിൽ ശരിയാണു്. ഉദാഹരണമായി ഞാൻതന്നെ ധനകാര്യമന്ത്രിയായിരിക്കുന്നു. അക്കൗണ്ടുകോഡു സംബന്ധമായ നിയമങ്ങളും മററും എന്നെക്കാൾ അറിയുക ഒരു ക്ലാർക്കിനായിരിക്കും. ആ വകുപ്പു് കൈകാര്യം ചെയ്യുന്ന ഒരു ക്ലാർക്കിന്റെ പരിചയം അതിര് എനിക്കുണ്ടാകുക സാദ്ധ്യമല്ലല്ലോ.

ശ്രീ. പി. ആർ. മാധവൻപിള്ള: പഴയ ചട്ടക്കൂടിനെ ശക്തിപ്പെടുത്തുകയാണോ, മാററുകയാണോ ഗവണ്മെൻറിന്റെ നയം?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മാററുകയാണു് ഗവണ്മെൻറിന്റെ നയം. എന്നാൽ നിലവിലുള്ളതിനെ തകർത്തു തരിപ്പണമാക്കി ഒരു ശൂന്യത സൃഷ്ടിക്കുന്ന ആദർശം ശരിയല്ല. അങ്ങനെ ഗവണ്മെൻറു് ആഗ്രഹിക്കുന്നുമില്ല. കാര്യങ്ങൾ വേഗം നടക്കുന്നില്ല എന്നു ബഹുമാനപ്പെട്ട അംഗങ്ങൾ പരാതിപ്പെടുന്നതു് അതുകൊണ്ടാണു്.

ബഹുമാനപ്പെട്ട നേമം മെംബർ, കാൺഗ്രസ്സു് അധികാരത്തിൽ വന്നതിനെ സംബന്ധിച്ചു ചിലതെല്ലാം ഇവിടെ പ്രസ്താവിച്ചുകേട്ടു. ആ മാർഗ്ഗത്തിൽക്കൂടി അധികം സഞ്ചരിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. അതിനെപ്പററി ഇവിടെത്തന്നെ പലരും ധാരാളം പറഞ്ഞുകഴിഞ്ഞതാണു്.

ശ്രീ. കെ. ബാലകൃഷ്ണൻ: ഈ പഴയ ചട്ടക്കൂടു മാററുന്നതിനു് ഗവണ്മെൻറു് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു ഞാൻ ഉദാഹരണമായി ചില കാര്യങ്ങൾ പറയുകയുണ്ടായി. അധികാരവികേന്ദ്രീകരണമാണു് പ്രാരംഭമായി അതിനു സ്വീകരിക്കേണ്ടതു്. ഇന്നു്, നാനാസ്ഥലങ്ങളിൽ പോയിവന്നതിനുശേഷം ഉത്തരവുണ്ടായിട്ടു് കാര്യം നടത്തുന്ന ഒരു രീതിയാണുള്ളതു്.

ഡവലപ്പ്മെൻറു് പദ്ധതികൾക്കായി പത്തരക്കോടി രൂപ അടുത്ത കൊല്ലം ചെലവാക്കണമെന്നു ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നതിനെപ്പററി ശ്രീ. നടരാജപിള്ളയ്ക്കു് ആ തുക മുഴുവൻ ചെലവാക്കാൻ സാധിക്കുമോയെന്നു സംശയമുണ്ടായി. അദ്ദേഹത്തിന്റെ സംശയം അടിസ്ഥാനമുള്ളതാണു്. ഗവണ്മെൻറു് അധികാരവികേന്ദ്രീകരണം നടത്താൻ തീർച്ചപ്പെടുത്തിയിട്ടുണ്ടു്. ഇലക്ട്രിസിററി ഡിപ്പാർട്ടുമെൻറിൽ അങ്ങനെ ചില ആർഡർ അയച്ചുകഴിഞ്ഞിട്ടുണ്ടു്.

ബഹുമാനപ്പെട്ട ആലപ്പുഴ മെമ്പർ ശ്രീ. കെ. സി. ജോർജ്ജ് ഇതൊരു പോലീസ് സ്റ്റേറാണെന്നു പറഞ്ഞതു് എനിക്കു് ഇഷ്ടപ്പെട്ടില്ല. മിത

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ഭാഷിയാകെ അദ്ദേഹം ആ വാക്കിന്റെ മുഴുവൻ അർത്ഥവും ഉദ്ദേശിച്ചാണ് അങ്ങനെ പറഞ്ഞതെന്ന് ഞാൻ വിചാരിക്കുന്നില്ല.

ശ്രീ. കെ. സി. ജോർജ്ജ്: മുഴുവൻ അർത്ഥവും ഉദ്ദേശിച്ചുതന്നെയാണ് പറഞ്ഞതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എന്നാൽ, പോലീസ് സ്റ്റേറ്റ് എന്നതിന്റെ അർത്ഥം അദ്ദേഹം ശരിക്കു മനസ്സിലാക്കിയിട്ടില്ല

21 കോടി രൂപാ ഒരു വർഷം ചെലവുചെയ്യാൻ ഉദ്ദേശിക്കുകയും അതിനു സിംഹഭാഗവും ഡവലപ്മെന്റ് പദ്ധതികൾക്കായി നീക്കിവയ്ക്കുകയും ചെയ്തിട്ടുള്ള ഒരു സ്റ്റേറ്റിനെപ്പറ്റി ബഹുമാനപ്പെട്ട മെമ്പർ അങ്ങനെ പറഞ്ഞതുകൊണ്ടാണ്, പോലീസ് സ്റ്റേറ്റ് എന്ന വാക്കിന് ശരിയായ അർത്ഥം ധരിച്ചല്ല അങ്ങനെ പറഞ്ഞതെന്നു ഞാൻ പ്രസ്താവിച്ചതു്. പോലീസ് സ്റ്റേറ്റ് എന്നു പറഞ്ഞാൽ വെൽഫയർ സ്റ്റേറ്റ് എന്നതിനു നേരേ വിപരീതമാണ്. ആ നിലയ്ക്കു മി. ജോർജ്ജ് ഇതൊരു പോലീസ്സ്റ്റേറ്റ് എന്നു പറഞ്ഞതു് എങ്ങിനെയെന്നു് എനിക്കു മനസ്സിലാകുന്നില്ല.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഈ നിയമസഭാമന്ദിരത്തിനു ചുററും പോലീസിനെ കാവൽ നിറുത്തിയിരിക്കുന്നതു് വെൽഫയർ സ്റ്റേറ്റിന്റെ പ്രത്യേക ലക്ഷണമാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വെൽഫയർ സ്റ്റേറ്റിനും ചിലപ്പോൾ അതാവശ്യമായിവരും. തല്ലുകൊള്ളാൻ ഭയമുള്ളവരെ തല്ലുകൊള്ളാതെ രക്ഷിക്കേണ്ടതും, മെക്കിട്ടുകയറാൻ വരുന്നവരെ, അതിനു നിന്നും തടയേണ്ടതും ഒരു വെൽഫയർ സ്റ്റേറ്റിന്റെ കടമയാണ്.

ശ്രീ. കെ. സി. ജോർജ്ജ്: പഞ്ചായത്തുകളിലും, പബ്ലിക്ക് സർവ്വീസ് നിയമനകാര്യങ്ങളിലും മററും പോലീസ് ഇടപെടണമെന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒരു സ്റ്റേറ്റ് വെൽഫയർ സ്റ്റേറ്റ് ആകണമെങ്കിൽ പോലീസും ആവശ്യമാണ്. പോലീസുകാരിൽ ചിലരേപ്പോൾ അഴിമതി കാണിക്കുന്നുണ്ട്, ഗൂഢാലോചന ചെയ്യുന്നുണ്ട്, അക്രമങ്ങൾ നടത്തുന്നുണ്ട്. അതുകൊണ്ട് ആ അർത്ഥത്തിൽ അദ്ദേഹം പറഞ്ഞതു ശരിയായിരിക്കാം. പക്ഷെ, അതുകൊണ്ടു മാത്രം ഇതൊരു പോലീസ്സ്റ്റേറ്റ് ആകുന്നതെന്നില്ല.

ശ്രീ. കെ. ബാലകൃഷ്ണൻ: ലോകത്തു് എവിടെയെങ്കിലും ഇന്നു് പോലീസ് സ്റ്റേറ്റ് നിലവിലുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടു്.

ശ്രീ. കെ. ബാലകൃഷ്ണൻ: എവിടെയാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഞാൻ ഇവിടെ എന്തിനു പറയണം?

സർ, ഇവിടെ ചില സ്ഥാനങ്ങളിൽ പോലീസാണ് സുപ്രീം അതാറിട്ടി എന്നു പറയുന്നതു ശരിയല്ല; അതു് അതിശയോക്തിയാണെന്നു പറഞ്ഞാൽ ശരിയായിരിക്കും.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഉദ്യോഗനിയമനകാര്യങ്ങളിലും കലാപരമായിട്ടുള്ള സംഗതികളിലും അവസാനവാക്കു കല്പിക്കുന്നതു് പോലീസുകാരല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പററി പറയാം.

ബഹുമാനപ്പെട്ട ആലപ്പുഴ മെമ്പർ അദ്ദേഹത്തിൻെറ ചില അഭിപ്രായങ്ങൾക്കു കൂടുതൽ ശക്തി കൊടുത്തുവാൻവേണ്ടി പോലീസ്സ്റ്റേററ് എന്ന വാക്കു് ഉപയോഗിച്ചു എന്നേ ഞാൻ ഉദ്ദേശിക്കുന്നുള്ളൂ. ഞാൻ ഇങ്ങനെ പറയുമ്പോൾ, പോലീസുകാർ തെററുചെയ്യുകയില്ല എന്നു് അർത്ഥമില്ല.

ശ്രീ. കെ. ബാലകൃഷ്ണൻ : പോലീസുസ്റ്റേററ് എന്നു പറഞ്ഞാൽ ബഡ്ജററിൽ കൂടുതൽ തുക പോലീസിനുവേണ്ടി കൊള്ളിച്ചിരിക്കണമെന്നാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അല്ല.

ശ്രീ. കെ. ബാലകൃഷ്ണൻ : മനസ്സിലാക്കാൻവേണ്ടി ചോദിക്കുകയാണു, സർ. രാഷ്ട്രമീമാംസയിൽ ഒരു സങ്കല്പവിദഗ്ദ്ധനായ അങ്ങയുടെ അഭിപ്രായത്തിൽ ഒരു പോലീസുസ്റ്റേററ് എന്നുവച്ചാൽ എന്താണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ വിഷയത്തിൽ ,ഒരു പരീക്ഷണമാകണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. കെ ബാലകൃഷ്ണൻ : ഇവിടെ സ്റ്റഡിക്ലാസ്സു് നടത്താൻ ശ്രമിക്കുന്നതുകൊണ്ടു ചോദിക്കുകയാണു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഞാൻ ഒരു സ്റ്റഡിക്ലാസ്സു് നടത്താൻ വിചാരിക്കുന്നില്ല. വിശേഷിച്ചും എന്നെക്കാൾ കൂടുതൽ അറിവുണ്ടെന്നു പറയുന്നവർക്കുവേണ്ടി.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : വെൽഫെയർ സ്റ്റേററിലെ പോലീസിൻെറ കൃത്യം, ഇവിടെയുള്ള പോലീസിൻെറ കൃത്യംതന്നെയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതെ.

പോലീസിലെ ചില ഉദ്യോഗസ്ഥന്മാർ തെററുചെയ്യുന്നുണ്ടു്. വഴിപിഴച്ച പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ടു്. അങ്ങനെ ചെയ്യുന്നില്ലെന്നു ആരും പറഞ്ഞില്ല. അപ്രകാരം കുററംചെയ്യുന്നവരുടെ പേരിൽ കർശനമായ നടപടികൾ എടുക്കുന്നതാണു്. ഇന്നു രാവിലെ ഈ സംഗതിയെപ്പററി ഉറപ്പിച്ചു ഹോംമിനിസ്റ്റർ പ്രസ്താവിക്കുകയുണ്ടായി. പക്ഷെ, അങ്ങനെ കേസെടുക്കുന്നതിൽ പല വിഷമങ്ങളും വരാനിടയുണ്ടു്. പോലീസിനെപ്പററി സ്ഥാനത്തും അസ്ഥാനത്തും ധാരാളം പരാതികൾ വരാറുണ്ടു്. അങ്ങനെ വരുമ്പോൾ അവയിൽ യഥാർത്ഥത്തിലുള്ള പരാതി ഏതാണെന്നു മനസ്സിലാക്കി അവരുടെ പേരിൽ നടപടി നടത്താൻ വിഷമം നേരിടും. ഉദാഹരണമായി, ഇന്നലെ ചോദ്യോത്തരവേളയിൽ, പ്രൈവററുമോട്ടാർ തൊഴിലാളികളുടെ പണിമുടക്കിൽ പോലീസു ഇടപെട്ടതായി ഒരാരോപണം കൊണ്ടുവരികയുണ്ടായി. ബസ്സു് ഓടിക്കുന്നതിനു തടസ്സമുണ്ടാക്കുകയും, ബസ്സിലെ ടയറും, ട്യൂബും കുത്തിപ്പൊട്ടിക്കുകയും,

[ശ്രീ. പനമ്പള്ളി ഗോവിന്ദമേനോൻ]

ബസ്സിനുമുൻപിൽ കിടന്നു മാർഗ്ഗതടസ്സമുണ്ടാക്കുകയും മററും ചെയ്തു യാത്രക്കാർക്കും വിദ്യാർത്ഥികൾക്കും യാത്രയ്ക്കു വിഷമങ്ങൾ ഉണ്ടാക്കുന്നതായി അറിഞ്ഞു പോലീസു ഇടപെടേണ്ടിവന്നപ്പോൾ, അതിനെ പ്രൈവററ മോട്ടോർ തൊഴിലാളിസമരത്തിൽ പോലീസു ഇടപെട്ടു എന്നു ആരോപണം കൊണ്ടുവരുന്നതു ശരിയല്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : പ്രൈവററ മോട്ടോർ തൊഴിലാളികൾ പണിമുടക്കാരംഭിക്കുന്നതിനു മുൻപു നോട്ടീസു കൊടുത്തിരുന്നു. അതിനുശേഷം അവർ ന്യായമായി നടത്തിയ സത്യഗ്രഹത്തിൽ പോലീസുകാർ ഇടപെട്ടു അറസ്റ്റുചെയ്തു വസ്തുത ബോദ്ധ്യപ്പെട്ടിട്ടുണ്ടോ, അതു തൊഴിൽതർക്കത്തിന്മേലുള്ള പോലീസിടപെടലല്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പററിയല്ല ഞാൻ പറഞ്ഞതു്.

ശ്രീ. ടി. വി. തോമസ് : സർ, ഒരു പോയിൻറ് ഓഫ് ആർഡർ. ഈ ഡിമാൻറിനെപ്പററി ഡിസ്കഷനു് നാലുമണിക്കൂറാണുള്ളതു്. കാൺഗ്രസ്സുപാർട്ടിയിൽനിന്നും ഇതേവരെ നാലുപേർ സംസാരിച്ചുകഴിഞ്ഞു. അതിനുംപുറമെ, ഈ മറുപടി പ്രസംഗത്തിനു് ഒരു മണിക്കൂർ അനുവദിച്ചുകൊടുക്കുന്നതു ശരിയാണോ ?

മി. സ്പീക്കർ : ഇവിടെ നടന്ന പല പ്രധാന വിമർശനങ്ങൾക്കും വിശദമായ മറുപടി നൽകാനുണ്ടെന്നു ആവശ്യപ്പെട്ടതുകൊണ്ടാണു ഇത്രയും സമയം അനുവദിച്ചുകൊടുത്തതു്.

ശ്രീ. ടി. വി. തോമസ് : അങ്ങനെ സമയം അനുവദിച്ചുകൊടുത്തിട്ടും, മെംബറന്മാർ സംശയങ്ങൾ ചോദിക്കുന്ന അവസരത്തിൽ, അതിനെപ്പററിയല്ല, ഇതിനെപ്പററിയല്ല ഞാൻ പറഞ്ഞതു് എന്നുംമററും പറഞ്ഞു ശരിയായി മറുപടി നൽകാതെയും, സ്റ്റഡിക്ലാസ്സുകൾ നടത്തിയും സമയം കളയുന്നതു ശരിയാണോ ?

മി. സ്പീക്കർ : മെംബറന്മാർ ചോദിക്കുന്ന ചോദ്യങ്ങൾക്കെല്ലാം മറുപടി പറയാൻ അദ്ദേഹം ശ്രമിക്കുന്നുണ്ടു. മറുപടി പറയാൻ ലീഡർക്കു ആവശ്യമുള്ള സമയം കൊടുക്കുക എന്നുള്ളതാണു് ചെയറിൻെറ നയം.

ശ്രീ. ടി. വി. തോമസ് : എതിർപക്ഷ നേതാവിനും അതുപോലെ സമയം അനുവദിച്ചുകൊടുക്കേണ്ടതല്ലേ ? നാലുമണിക്കൂറിൽ രണ്ടുമണിക്കൂർ വീതം പ്രതിപക്ഷത്തിനും, ഭരണകക്ഷിക്കും വീതിച്ചുകൊടുത്തതിനുശേഷം മറുപടി പറയാൻ കൂടുതൽ സമയം അനുവദിച്ചതിനെപ്പററിയാണു ഞാൻ പറഞ്ഞതു്. അങ്ങനെ സമയം അനുവദിച്ചുകൊടുക്കുന്നതിനു ഒരു ലിമിററല്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർ, അതുകൊണ്ടു പോലീസുകാർ കുററംചെയ്തിട്ടില്ല, അഴിമതി ചെയ്തിട്ടില്ല എന്നു ഞാൻ പറയുകയല്ല. അനേകായിരം ആളുകൾ ഉൾപ്പെട്ട പോലീസു സൈന്യത്തിൽ ഏതാനുംപേർ അഴിമതിക്കാരും, കുററക്കാരുമായിരിക്കാം. അതുകൊണ്ടു

അവരെ മന്നടക്കം കുറച്ചെടുത്തുന്നതു ശരിയല്ല. കൂടുതൽ ആക്ഷേപം അവരെപ്പററി സ്ഥാനത്തും അസ്ഥാനത്തും പ്രതിപക്ഷമെംബറന്മാരിൽനിന്നും ഉണ്ടാകുന്നതുകൊണ്ടു അതിനു ശരിയായ നടപടികൾ സ്വീകരിക്കാൻ വിഷമം നേരിടുമെന്നു ഞാൻ പറഞ്ഞല്ലൊ. യഥാർത്ഥത്തിലുള്ള ആക്ഷേപങ്ങൾമാത്രം, വാസ്തവത്തിലുണ്ടാകുന്ന തെററുകൾമാത്രം ഉന്നയിക്കുകയാണെങ്കിൽ അതിനു പരിഹാരം നേടുവാനായി മുഖ്യമന്ത്രിയെന്ന നിലയിലും, പൊതുജനപ്രതിനിധിയെന്നനിലയിലും ഞാൻ തയ്യാറാണെന്നുള്ള വസ്തുതയെ ബഹുമാനപ്പെട്ട മെംബറന്മാരെ അറിയിക്കാൻ എനിക്കു ആഗ്രഹമുണ്ടു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഇവിടെ നിലവിലിരിക്കുന്ന പോലീസു കാൻഡക്ട് റൂൾസു പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പററി ആലോചിക്കാവുന്നതാണു്.

മി. ബേബി ജാണും അതുപോലെ വേറെ ചില അംഗങ്ങളും ഐ. എ. എസ്. ഉദ്യോഗസ്ഥന്മാരെപ്പററി പറയുകയുണ്ടായി. ഇതിനു മുൻപു ഇതിനെപ്പററി സംസാരിക്കാൻ എനിക്കു സന്ദർഭം കിട്ടിയിട്ടില്ല. ഐ. എ. എസ്. ഉദ്യോഗസ്ഥന്മാരെപ്പററി നമുക്കു ചില പരാധീനതകളുണ്ടെന്നും, അതു 371-ാംവകുപ്പിൻപ്രകാരം ഉണ്ടായതാണെന്നും വിചാരിക്കുന്നതു ശരിയല്ല. 371-ാം വകുപ്പനുസരിച്ചു് പ്രത്യേകമായ യാതൊരു പരാധീനതയും ഈ കാര്യത്തിൽ ഉണ്ടായിട്ടില്ല.

ശ്രീ. ബേബി ജാൺ : അങ്ങനെ ഇവിടെ ആരും പറഞ്ഞതില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇവിടെ നടന്ന ചില പ്രസംഗങ്ങളിൽ അതിനെപ്പററി ചില സൂചനയുണ്ടായതിനെ കൂട്ടിക്കുഴച്ചു ഞാൻ അങ്ങനെ ധരിച്ചതായിരിക്കും.

ഏതായാലും, 371-ാം വകുപ്പു നമ്മുടെ സ്റ്റേററിനു ഒരു പരാധീനതയല്ല. അതു കേവലം അക്ഷരമാത്രമായ ഒരു വകുപ്പായിത്തീർന്നിരിക്കുകയാണു്.

ശ്രീ. ആർ. പ്രകാശം : ഐ. എ. എസ്സ്. കാർക്കു ശമ്പളസ്കെയിൽ കൂടുതലായതുകൊണ്ടു നമ്മുടെ സ്റ്റേററിൽ ചെലവു വർദ്ധിക്കുകയില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഐ. എ. എസ്സ് കാരുടെ ശമ്പളം കൂടുതലാണെന്നു കാരാക്ഷേപമുണ്ടു്. ഇതു ഒരു അഖിലേൻഡ്യാടിസ്ഥാനത്തിലുള്ള സർവ്വീസാണു്. 800 മുതൽ 1800 വരെ ശമ്പളം കൊടുക്കുന്നതു കൂടുതലായിരിക്കാം. പാർട്ടു് എ. സ്റ്റേററുകളിൽ മുൻപു ഐ. സി. എസ്. കാരെ ധാരാളം നിയമിച്ചിട്ടുണ്ടായിരുന്നു. ഇപ്പോൾ അവരുടെ സ്ഥാനത്തു ഐ. എ. എസ്. കാരെ തിരഞ്ഞെടുത്തുവെന്നേയുള്ളു. ഇവിടെ ഈ അന്തരാളഘട്ടത്തിൽ ഇവരുടെ നിയമനംസംബന്ധിച്ചു ചില വിഷമങ്ങൾ ഉണ്ടാകുന്നുണ്ടു്. ഐ. എ. എസ്സ്. കാരെ തിരഞ്ഞെടുത്തതു് സീനിയാററി അനുസരിച്ചായിരുന്നില്ല. ചില പ്രത്യേക ഉദ്യോഗങ്ങളിൽ മാത്രമാണു ഐ. എ. എസ്. കാരെ നിയമിച്ചിട്ടുള്ളതു് അങ്ങനെ ചെയ്തതുകൊണ്ടു് മേലാൽ ഐ. എ. എസ്. കാർക്കു മാത്രമേ ഇരിക്കാവൂ എന്നും നമ്മുടെ ചില സ്ഥാനങ്ങളിലിരിക്കുന്ന പഴയ ഉദ്യോഗസ്ഥന്മാർക്കു ഇറങ്ങേണ്ടിവരും എന്നുമുള്ള ഒരു ശങ്കയുണ്ടു്. ആ ശങ്കയെപ്പററി

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

യാണെങ്കിൽ അതു് സ്വാഭാവികമാണ്. അതുകൊണ്ടാണ് ഇവിടെ വാദപ്രതിവാദങ്ങൾ അതുസംബന്ധിച്ചുണ്ടായതു്. എന്നാൽ ആശങ്കക്കു യാതൊരു കാരണവുമില്ല. 1952-ലും 1953-ലും ശ്രീ. എ. ജെ. ജാൻ മുഖ്യമന്ത്രിയായി ഇവിടെ ഭരണം നടത്തിയിരുന്നകാലത്തു് അങ്ങനെയുള്ള ഉദ്യോഗസ്ഥന്മാരെ ഇതു് ബാധിക്കുവാൻ അനുവദിക്കുകയില്ലെന്നും ഈ അന്തരാളഘട്ടത്തിൽ അങ്ങനെയുള്ള ഉദ്യോഗസ്ഥന്മാരെ പുറംതള്ളിക്കളയുകയില്ലെന്നും ഒരു നില എടുക്കുകയുണ്ടായി.

ശ്രീ. എൻ. രാഘവക്കുറുപ്പ്: മേലാൽ ഈ കേഡറിലേയ്ക്കു് ഇവരെ പ്രമോട്ടുചെയ്യുന്നതിനു തടസ്സമുണ്ടാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേപ്പററി പറഞ്ഞുവരുന്നുണ്ട്. അപ്പോൾ തന്നെ അതായതു് 1952-53 - ത്തന്നെ ഈ ഗവണ്മെൻറ് എടുത്തിട്ടുള്ള നില അങ്ങനെയുള്ളവരെ പുറംതള്ളാൻ പാടില്ലെന്നും അവരെ അവരുടെ സ്ഥാനത്തുനിന്നും ഇറക്കി മററുസ്ഥാനങ്ങളിലേയ്ക്കു് അയയ്ക്കുകയില്ല എന്നും.....

Dr. A. R. Menon : Were they not placed in the I. A. S. Scheme ?

Shri Panampilli Govinda Menon : No, Sir.

Dr. A. R. Menon : Is not the I. A. S selection made on a representation made by this Government ?

Shri Panampilli Govinda Menon : No.

Dr. A. R. Menon : Among the Collectors, are there non-I. A. S men?

Shri. Panampilli Govinda Menon : Yes,

ശ്രീ. എ. കുഞ്ഞൻനാടാർ: ഈ സംസ്ഥാനത്തിനു് ഐ. എ. എസ്സിനുള്ള ക്വാട്ടാ നിശ്ചയിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഐ. എ. എസ്സിനു എത്ര സ്ഥാനങ്ങൾ നമുക്കുണ്ടു് എന്നു തീരുമാനിച്ചിട്ടില്ല. എന്നാൽ ഇന്നയിന്ന സ്ഥാനങ്ങൾ ഐ. എ. എസ്സ്. ഉദ്യോഗസ്ഥന്മാർ മാത്രം വഹിക്കണമെന്നു് ഒരു തീരുമാനം എടുത്തിട്ടുണ്ടു്. അതായതു് സെക്രട്ടറിമാർ, കളക്ടറന്മാർ റവന്യൂബോർഡു മെംബറന്മാർ ഇവരാണ്. അങ്ങനെയുള്ള സ്ഥാനങ്ങളിൽ ഐ. എ. എസ്സ്. ഉദ്യോഗസ്ഥന്മാരെ മാത്രമേ നിയമിക്കാവൂ എന്നുള്ളതാണ് ഐ. എ. എസ്സ്. ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളമുള്ള വ്യവസ്ഥ.

Dr. A. R. Menon : I want to know whether among the Collectors there are non I. A. S men?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഐ. എ. എസ്സ്. ഉദ്യോഗസ്ഥന്മാർ കളക്ടറന്മാരായിട്ടുണ്ടു്.

Dr. A. R. Menon : What is their scale of pay?

Shri Panampilli Govinda Menon : That will be governed by the rules. I will place all aspects of the matter before the House.

ഐ. എ. എസ്സ്. അല്ലാത്തവരുമുണ്ട്. അപ്പോൾ ഐ. എ. എസ്സ്. കാരെ മാത്രം നിയമിക്കാവുന്ന സ്ഥാനങ്ങളിൽ ഐ. എ. എസ്സ്. അല്ലാത്തവരെയും നിയമിച്ചിട്ടുണ്ട്. ഈ ഐ. എ. എസ്സ്. കേഡറിൽപ്പെട്ടവരെ സംബന്ധിച്ചിടത്തോളമാണെങ്കിൽ അവരെ വേറെ സ്റ്റേററുകളിലേയ്ക്കും, സെൻട്രൽ ഗവണ്മെൻറ സർവീസിലേയ്ക്കും എടുക്കാം. ഇപ്പോൾ തന്നെ ഒന്നോ രണ്ടോ പേരെ കേന്ദ്രഗവണ്മെൻറിലേയ്ക്കു എടുത്തുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. എ. കുഞ്ഞൻനാടാർ : ഈ ഐ. എ. എസ്സ്. പരീക്ഷ പാസ്സാകുന്നതിന് നമ്മുടെ സ്റ്റേററിലേയ്ക്കു ഇത്ര സ്ഥാനങ്ങൾ എന്നു വല്ല വ്യവസ്ഥയുമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എത്ര സ്ഥാനങ്ങൾ വേണമെങ്കിലും ആകാം. നമ്മുടെ നാട്ടിലേയ്ക്കു ഐ. എ. എസ്സ്. പാട്ടുനാം പിൻവലിക്കുകയാണെങ്കിൽ നമ്മുടെ ബിരുദധാരികളായ ചെറുപ്പക്കാർക്കു ഐ. എ. എസ്സ്. ഓപ്പൺകാമ്പററിഷനു ഇരിക്കാൻ സാദ്ധ്യമാകാതെ വരും. ഇന്നാണെങ്കിൽ നമ്മുടെ യുവാക്കന്മാരായ ബിരുദധാരികൾ ഓപ്പൺകാമ്പററിഷനിൽ ഐ. എ. എസ്സ്. പാസ്സായി വെളിയിൽ പല സ്ഥലങ്ങളിലും ഉദ്യോഗങ്ങൾ വഹിക്കുന്നുണ്ട്. എന്നാൽ ഐ. എ. എസ്സിൽ തെരഞ്ഞെടുക്കപ്പെടാത്തവരും ആ കേഡറിൽ ഇരിക്കുന്നവരും അവിടെനിന്നു ഇറങ്ങിപ്പോരേണ്ടിവരും എന്നു ശങ്കിക്കുന്നുണ്ടെങ്കിൽ അങ്ങനെയുള്ളവർ ഇറങ്ങിപ്പോരേണ്ടിവരികയില്ലെന്നും അങ്ങനെയുള്ള ഒരു അന്തരാളഘട്ടത്തിൽ നമ്മുടെ സർവീസ്സിലുള്ള ഉദ്യോഗസ്ഥന്മാരെ ഇറക്കിവിടുന്നതിന് ഗവണ്മെൻറ സമ്മതിക്കുകയില്ലെന്നും അവർ അവിടെത്തന്നെ തുടരാനും അവരെ ഐ. എ. എസ്സിലേയ്ക്കു എടുക്കുന്നതുവരെ അവിടെ തുടരാൻ സൌകര്യം ചെയ്തുകൊടുക്കുമെന്നുമുള്ള നിലയാണ് ഈ ഗവണ്മെൻറ് ചെയ്തിട്ടുള്ളതു്. അതേപ്പററി ശങ്കയുള്ളതുകൊണ്ടാണ് പല ആളുകളും അതേപ്പററി പ്രസ്താവനകൾ ചെയ്യുന്നതു്. ബഹുമാനപ്പെട്ട തകഴി മെംബർ അദ്ദേഹത്തിൻെറ പ്രസംഗത്തിൽ പറയുകയുണ്ടായി പേരിവിഷൻെറ കാര്യത്തിൽ സെക്രട്ടറിമാരുടെ കാര്യം വന്നില്ല എന്നു്. അതു പറയാൻ നിവൃത്തിയില്ല. സെക്രട്ടറിമാരുടെ കാര്യത്തിൽ ഐ. എ. എസ്സുകാർ വേണമെന്നു നിശ്ചയിച്ചിട്ടുണ്ട്. അതല്ലാതെ ഉദ്യോഗസ്ഥന്മാർക്കു് എന്താണു് ശമ്പളം എന്നുള്ളതിനെപ്പററി വേറെ ആർഡർ ഇഷ്യു ചെയ്യുന്നുണ്ട്. അതിനു സാങ്കേതികമായ തടസ്സമുണ്ട്. ഈതു കൊണ്ടു് ഐ. എ. എസ്സ്. അല്ലാത്ത ഐ. എ. എസ്സ്. സ്ഥാനങ്ങളിലിരിക്കുന്ന ഉദ്യോഗസ്ഥന്മാർക്കു് അശേഷം ശങ്കയ്ക്കോ ഭയത്തിനോ കാര്യമില്ല എന്നാണു് എനിക്കു പറയുവാനുള്ളതു്.

Dr. A. R. Menon : My question is, among the Collectors are there not officers who are not I. A. S people?

Shri Panampilli Govinda Menon : Yes. But the point raised here is whether such men are not being sent away from those places. I say in reply to that, no.

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

അതു ചെയ്യുകയില്ല, അതിനുപകരം ആ സ്ഥാനങ്ങളിൽ ഇരിക്കുന്നവരെ ഈ അന്താരാള ഘട്ടത്തിൽ അവിടെ തുടരാൻ അനുവദിക്കും എന്നുള്ളവളരെ സുനിശ്ചിതമായ ഒരു നയമാണ് ഗവണ്മെൻറ് സ്വീകരിച്ചിരിക്കുന്നത്. അതുകൊണ്ട് കേന്ദ്ര ഗവണ്മെൻറുമായി ഫൈററ് ചെയ്യുകയൊന്നും ആവശ്യമില്ല.

പിന്നെ പോലീസിൻെറ പരമാധികാരത്തെപ്പററി പറഞ്ഞതുകൂട്ടത്തിൽ പബ്ലിക്ക് സർവീസ് കമ്മീഷൻ തിരഞ്ഞെടുത്തിട്ടുള്ള ആളുകളെ എല്ലാപേരെയും ഗവണ്മെൻറ് എടുക്കാതെ പറഞ്ഞയക്കുന്നു എന്നാണ്. അതു് അവർ കമ്മ്യൂണിസ്ററ് പാർട്ടിയിൽപ്പെട്ടവരായതുകൊണ്ടാണ്, എന്നു പറയുകയുണ്ടായി. ഈ വിഷയത്തെപ്പററി അതിൽ താരതമ്യേന വന്നിട്ടുള്ള ഒരു പ്രചാരണം ഈ രാജ്യത്തു ഉണ്ടായിട്ടുണ്ട് എന്നറിയുന്നതിൽ ഞാൻ ഖേദിക്കുന്നു. 1954–ഏപ്രിൽ ഒന്നാം തീയതിമുതൽ ഈ മന്ത്രിസഭ അധികാരത്തിൽവന്ന കാലംവരെയുള്ള സമയത്തു് 19 പേരെയാണ് പബ്ലിക്ക് സർവീസ് കമ്മീഷൻ റിക്രൂട്ടുചെയ്തിട്ടും ഉദ്യോഗത്തിൽ പ്രവേശിപ്പിക്കാതെ ഇരുന്നതു്. ആ 19 ആളുകളെ പബ്ലിക്ക് സർവീസ് കമ്മീഷൻ റിക്രൂട്ട ചെയ്തിട്ട് ജോലിയിൽ പ്രവേശിപ്പിക്കാതിരുന്നതിന് കാരണം ഞാൻ പറയാം. അതു് ബഹുജനങ്ങളുടെയും നാട്ടിൻെറയും ശ്രദ്ധ ആകർഷിക്കുവാനുള്ളതാണ്. പബ്ലിക്ക് സർവീസ് കമ്മീഷൻ റിക്രൂട്ട ചെയ്തവർ അധികമുണ്ട് എന്നൊരു പ്രതീതിയുണ്ട്. എന്നാൽ അങ്ങനെ പ്രവേശിപ്പിക്കാതിരുന്നതു് വെറും 19 പേരെയാണ്. ആ 19 ആളുകളെ പബ്ലിക്ക് സർവീസ് കമ്മീഷൻ സെലക്ട് ചെയ്തതിനു ശേഷം പ്രവേശിപ്പിക്കാതിരുന്നതിൻെറ കാരണം ഇന്നുള്ളതായ ഭൂമിലെ ഒരു വ്യവസ്ഥയാണ്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : 1954–നു ശേഷമുള്ള കണക്കു പറയുന്നതു് എന്തുകൊണ്ടാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഞാൻ ഒരു കാലാവധി പറഞ്ഞു എന്നേയുള്ളൂ. 1954 ഏപ്രിലിനു മുമ്പുള്ള കാലാവധിയിൽ.....

ശ്രീ. പി. കെ. യശോധരൻ : ഈ ഇൻറർവ്യൂ നടത്തിയതിനു ശേഷം എന്തൊക്കെ പ്രേരണയുടെ ഫലമായിട്ടാണ് ആ പരിഗണനകൾ വച്ച് നിയമിക്കാതിരുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പ്രേരണ ഒന്നുമില്ല. ഞാൻ പറയാം.

ശ്രീ. പി. കെ. യശോധരൻ : ഇൻറർവ്യൂ നടത്തിയതിനുശേഷം ജോലി കിട്ടാതിരിക്കുന്നവരുടെ കാര്യമാണ് പറഞ്ഞതു്.

ശ്രീ. കെ. സി. ജോർജ്ജ് : ഈ പ്രത്യേക ഡോറ് നിശ്ചയിക്കാൻ വല്ല പ്രത്യേക കാരണവുമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനുള്ള കാരണം പറഞ്ഞുതരാം. ഇന്നലെ ഇതു സംബന്ധിച്ച് ഒരു ചോദ്യമുണ്ടായിരുന്നു. അതു് ശ്രീ. യു. നീലകണ്ഠൻ ചോദിച്ചിട്ടുള്ളതാണ്. 1954–55-ൽ

സി. ഐ. ഡി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗത്തിനു യോഗ്യത കൽപ്പിക്കപ്പെട്ടവരെത്രെ എന്നാണു ചോദ്യം. അതുത്തരം പറയേണ്ടിവന്നില്ല. എന്നാലും അതിനുള്ള ഉത്തരം തയാറാക്കിയതു് എന്റെ കൈവശം ഉണ്ടായിരുന്നു. അല്ലാതെ മനഃപൂർവമൊന്നുമല്ല.

ശ്രീ. പി. വിശ്വംഭരൻ : ഈ മന്ത്രിസഭ അധികാരത്തിലില്ലാതിരുന്നപ്പോഴുള്ള സംഗതിയെ സംബന്ധിച്ചുള്ള ഒരു കാര്യമല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം എടുത്തിട്ടുള്ള നടപടികളെപ്പററി ഞാൻ പറയാൻ പോകുകയാണു്. അതിനു മുമ്പുള്ള കാര്യങ്ങളെപ്പററിയാണു് ആക്ഷേപം. എല്ലാ കാര്യങ്ങളും സഭയുടെ മുമ്പിൽ വയ്ക്കാം. ഇപ്പോൾ വളരെ അധികം ആക്ഷേപങ്ങൾ ഉണ്ടു്. ഈ 19 ആളുകളും ഈഴവരാണെന്നുള്ള ഒരു വാർത്ത പരന്നിരിക്കുന്നു. എന്നാൽ ഈ 19 ആളുകളിൽ കുറെ ഈഴവർ കാണും, കുറെ ക്രിസ്ത്യാനികൾ കാണും, കുറെ നായന്മാരും കാണും.. ജാതി തിരിച്ചു ഒരു പട്ടിക പറയാൻ ഇപ്പോൾ നിവൃത്തിയില്ല. ഈഴവരുമുണ്ടു്. ഞാൻ ഇതു പറയുന്നതു് ഇതൊക്കെ ഈ 19 പേരെ എടുക്കാതിരിക്കുന്നതിനു ഒരു സാധൂകരണമായി പറയുന്നതല്ല. ഉദ്യോഗസ്ഥിതിഗതികൾ പറയുകയാണു്. ഇവരെ എടുക്കാതിരുന്നതു് കമ്മ്യൂണിസ്റ്റുകാരായിരുന്നതുകൊണ്ടോ മറേറതെങ്കിലും രാഷ്ട്രീയപരിഗണനകൾകൊണ്ടോ അല്ല പബ്ലിക്കുസർവ്വീസ്കമ്മീഷൻ ലിററററി ക്വാളിഫിക്കേഷനും പേഴ്സനൽ ക്വാളിഫിക്കേഷനും ഒക്കെയാണു് നോക്കുന്നതു്. അതു കഴിഞ്ഞിട്ടു് തെരഞ്ഞെടുക്കപ്പെട്ട വ്യക്തികളുടെ ആൻറിസിഡൻറ്സ്, അയാളുടെ പ്രവർത്തനം, അയാളുടെ വാസനകൾ ഇതെല്ലാം സ്റ്റേറ്റു് ഒരു എംപ്ലായർ എന്ന നിലയിൽ പരിശോധിക്കുകയാണു്. അതിൽ തെററൊന്നുമില്ല. അതു് ഏതു എംപ്ലായക്കും ഉള്ള ഒരു അവകാശമാണു് ആ ആളുടെ ആൻറിസിഡൻറ്സും പ്രവർത്തനവും വാസനയും നോക്കുന്നതു് അയാൾ പ്രാപ്തനാണോ എന്നു് അറിയുന്നതിനാണു്.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി : അപ്പോൾ ഗവണ്മെൻറ് എംപ്ലായറും, ഉദ്യോഗാർത്ഥി എംപ്ലായീയുമാണെന്നുള്ള ബന്ധമാണോ ഉള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതും ഉണ്ടു്. മററു കാര്യങ്ങളും ഉണ്ടു്. അങ്ങനെ വരുമ്പോൾ ആക്ഷേപങ്ങൾ ഉണ്ടാകും, ഇതു് തീരുമാനിക്കുന്നതു് പോലീസുകാരനാണോ എന്നു്. ആരും ഫണ്ടമെൻറൽസിനെ അന്വേഷിക്കുമെന്നു തോന്നുന്നില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ് : യോഗ്യതകൾ എന്തൊക്കെയാണെന്നു വല്ല മാനദണ്ഡവും ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഒരാൾ ഒരു ക്ലിപ്പ്ജോലിക്കു് യോഗ്യൻ ആണോ എന്നു ചോദിക്കുന്നതിൽ തെററില്ല.

ശ്രീ. കെ. എ. ബാലൻ : അതിനു് അവർ കാൺഡക്ട് സർട്ടിഫിക്കററ് ഹാജരാക്കുന്നില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്. അപ്പോൾ അങ്ങിനെ ഒരു നില ഈ ഗവണ്മെന്റ് എടുക്കുകയാണ്. അതു ഈ ഗവണ്മെന്റ് മാത്രമല്ല എന്റെ അറിവിൽ ഒരു നല്ല സിവിൾ സർവീസുള്ള എല്ലാ സ്റ്റേറ്റുകളിലും അങ്ങനെയാണ് ചെയ്യുന്നത്.

ശ്രീ. മഞ്ജുനാഥ ഭട്ട : ആൻറിസീഡൻറിന്റെ കാര്യത്തിൽ രാഷ്ട്രീയപരിഗണന കൂടി നോക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു ഞാൻ പറയുന്നില്ല. എന്നാൽ ഇതെല്ലാം തീരുമാനിക്കാനുള്ള അവകാശം പോലീസുകാർക്കു കൊടുക്കുന്നതു് ശരിയാണോ എന്നു ചോദിച്ചാൽ അതു് തെററാണ്. ഇപ്പോഴത്തെ രീതിപ്രകാരം അങ്ങനെയല്ല. പോലീസ് അല്ല സി. ഐ. ഡി. ആണ് ആ അന്വേഷണം നടത്തുന്നതു്. ആ സന്ദർഭത്തിൽ വല്ല പിശകുകളും വന്നിട്ടുണ്ടാകാം. അങ്ങനെ പിശകു വരാൻ ഇടയുള്ളതുകൊണ്ട് ഇക്കാര്യത്തിൽ എന്താണ് ചെയ്യേണ്ടതു് എന്നു് ഗവണ്മെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അനേകം ആളുകൾ ഉണ്ടെന്നുള്ള ധാരണ തെററാണ്. ഈ കഴിഞ്ഞ ഒരു വർഷത്തിൽ 19 ആളുകളെ ഉണ്ടായിട്ടുള്ളു. ഈ 19 ആളുകളുടെ കൂട്ടത്തിൽ ചില സമുദായത്തിൽ കിട്ടേണ്ട ഷോട്ടാ കിട്ടുന്നില്ലെന്നുള്ളതുകൊണ്ടാണ് ഇവിടെ ചിലർ ആക്ഷേപിച്ചതു്. ഈ ആളുകൾക്കു ജോലി കിട്ടുന്നില്ല എന്നേയുള്ളു. വേറെ ആളുകൾക്കു ജോലി കിട്ടും.

ശ്രീ. ടി. കെ. ദിവാകരൻ : റിസർവേഷൻ കമ്മ്യൂണിററി, ബാക്കവേഡ് കമ്മ്യൂണിററി എന്നിങ്ങനെയുള്ള സമുദായങ്ങളിൽനിന്ന് ആരെങ്കിലും നിയമിക്കപ്പെട്ടാൽ, അയാൾ അയോഗ്യനാണെന്നു കാണുന്നപക്ഷം, വീണ്ടും അതേ സമുദായത്തിലുള്ള ആളെയാണോ നിയമിക്കുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മിക്കവാറും അതേ സമുദായത്തിലെ അംഗങ്ങൾക്കുതന്നെ കിട്ടും. ഒരു സമുദായത്തിനും അവർക്കുള്ള ഷോട്ടാ കുറയാതിരിക്കത്തക്കവിധത്തിലും ഒരു സമുദായത്തിനും ദോഷം വരാത്തവിധത്തിലും ആൻറീസീഡൻറ്സിന്റെ പരിശുദ്ധിയെ മാനിക്കത്തക്കവിധത്തിലും ഇക്കാര്യം പുനഃപരിശോധന ചെയ്യുന്നുമെന്നു വിചാരിക്കുന്നുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ : അങ്ങനെ പുനഃപരിശോധന ചെയ്യുമ്പോൾ ഇതിനുമുമ്പു ഉദ്യോഗം നഷ്ടപ്പെട്ടവരുടെ കാര്യം കൂടി പരിഗണിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനു വിഷമമില്ല. പത്തൊൻപതു പേരല്ലേ ഉള്ളു.

ശ്രീ. ടി. കെ. ദിവാകരൻ : അതിനുമുമ്പ് പോലീസ് റിപ്പോർട്ടുകൊണ്ട് ജോലി നഷ്ടപ്പെട്ട ആളുകളുടെ കാര്യത്തെക്കൂടി പരിഗണിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പററിയും ആലോചിക്കാം.

ശ്രീ. തലേക്കര കെ. കൃഷ്ണൻ : ആൻറീസീഡൻറ്സ് കൂടി പരിഗണിച്ചു് ഉദ്യോഗം കൊടുക്കാൻ തുടങ്ങിയിട്ടു എത്രകാലമായി ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : വളരെക്കാലമായി.

ശ്രീ. കെ. ബാലകൃഷ്ണൻ : ഇപ്പോൾ നോക്കുന്ന ലിസ്റ്റ് ഒന്നു വായിക്കാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : വായിക്കുന്നതിനു വിഷമം ഒന്നുമില്ല. അയച്ചുതരികയും ചെയ്യാം.

ശ്രീ. ടി. വി. തോമസ് : പി. എസ്. പി അധികാരത്തിലിരുന്ന കാലത്തുമാത്രം നടത്തിയ നിയമനങ്ങളുടെ ലിസ്റ്റ് നോക്കാനുണ്ടായ കാരണമെന്താണ് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു ഞാൻ പറഞ്ഞുകഴിഞ്ഞു. ശ്രീ. യു. നീലകണ്ഠനാണ് ചോദ്യം അയച്ചതു്. 1954-55-ൽ സി. ഐ. ഡി. റിപ്പോർട്ടനുസരിച്ച് പബ്ലിക് സർവ്വീസ് കമ്മീഷൻ നിർദ്ദേശിച്ചിരുന്നവരിൽ എത്രപേരെ നിയമിക്കാതെയുണ്ട് എന്നാണ് ചോദ്യം. അതുകൊണ്ടാണ് ഈ ലിസ്റ്റ് എന്റെ കയ്യിൽ വന്നതു്.

ശ്രീ. കെ. സി. ജോർജ്ജ് : പി. എസ്. പി. യുടെ കാലത്തു് പത്തൊൻപതുപേരെയുള്ളു എന്നുള്ളതുകൊണ്ടു് അതു ചിത്രത്തിന്റെ ഒരു വശം അല്ലം താകുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ വരരുതു് എന്നു കരുതിയാണ് ഞാൻ ആ കാലാവധി കൂടി പറഞ്ഞതു്. അതിനു മുമ്പു നടന്ന നിയമനങ്ങളിലും ഈ നിലയിൽ അയോഗ്യതയുള്ളവരുടെ എണ്ണം അത്രവളരെ വരുമെന്നു എനിക്കു തോന്നുന്നില്ല. ഈ പത്തൊൻപതു പേർ തന്നെ എത്രയോ ആയിരം പേക്കു് പബ്ലിക് സർവ്വീസ് കമ്മീഷൻ അഡ്വൈസ് കൊടുത്തതിൽനിന്നു വന്നിട്ടുള്ളതാണ്. അതിനെപ്പററി ഈ സഭയുടെ നാനാഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള ആക്ഷേപങ്ങളെ പുരസ്കരിച്ചും ഈ പരിതസ്ഥിതി അത്ര തൃപ്തികരമല്ലെന്നു ഗവണ്മെൻറിനു ബോദ്ധ്യമുള്ളതുകൊണ്ടും ഏതു തരത്തിലാണ് ഈ പ്രശ്നം കൈകാര്യം ചെയ്യേണ്ടതെന്നു ഗവണ്മെൻറ് ആലോചിച്ചുവരികയാണ്.

ശ്രീ. ടി. എ. മജീദ് : ഈ പത്തൊൻപതുപേക്കു് എന്തു തകരാറു കൊണ്ടാണു അയോഗ്യത വന്നതെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പററിയുള്ള വിവരങ്ങൾ ഇപ്പോൾ എന്റെ കൈവശമില്ല. എന്തായാലും ഇങ്ങനെയുള്ള തെററുകൾ വരാതിരിക്കത്തക്കവിധത്തിൽ ഈ സംഗതി പുനഃപരിശോധന ചെയ്യുന്നതാണ്. ബഹുമാനപ്പെട്ട മെംബറന്മാർ ധരിക്കുന്നതു പോലെ അത്ര വിപുലമായ ഒരു കാര്യമല്ല ഇതു്.

ശ്രീ. കെ. സി. ജോർജ്ജ് : പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയ്യുന്ന തീരുമാനങ്ങൾ റദ്ദുചെയ്യുന്നതിനു ഒരു സാധാരണ പോലീസുകാരനു അധികാരം കൊടുക്കുന്നതു് അപകടകരമല്ലേ എന്നാണു ഞാൻ ചോദിക്കുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനോടു് ഞാൻ യോജിക്കുന്നു. അതിനെപ്പററി ആലോചിക്കുന്നതാണ്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഉദ്യോഗത്തിൽ നിയമിക്കപ്പെട്ടപ്പോൾ രാഷ്ട്രീയാഭിപ്രായങ്ങൾ ഒരു പോരായ്മയായി കരുതുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഒരിക്കലും ഇല്ല. ഈ നിയമസഭയിൽ രാഷ്ട്രീയാഭിപ്രായമുള്ളവർക്കു വരാം. അവർക്ക് മന്ത്രിമാരായി വരാം. അതുകൊണ്ട് രാഷ്ട്രീയാഭിപ്രായം ഒരു തടസ്സമല്ല. സ്റ്റുഡന്റ്സ് ലിറ്ററി, ക്വാരക്ടർ, ആൻറിസീഡൻറ്സ് ഇതൊക്കെ പ്രധാനമായി നോക്കേണ്ട കാര്യങ്ങളാണ്. ഇതിൽ ഈ സബ്ജക്ടും വരുന്നുണ്ട്. ഇല്ലെന്നു പറയുന്നില്ല. ബഹുമാനപ്പെട്ട ഭരണപക്ഷാവ് മെമ്പർ ചോദിച്ച മാതിരി കലയെ സംബന്ധിച്ചും മററും തീരുമാനിക്കുന്നതിനുള്ള അധികാരം ഒരു പോലീസുകാരന് കൊടുക്കുന്നതു ശരിയാണോ എന്ന് ആലോചിക്കേണ്ടതാണ്.

ശ്രീ. ടി. കെ. ദിവാകരൻ : ഇന്നയിന്ന ആൻറിസീഡൻസ് ഉള്ളവർക്ക് ഉദ്യോഗം കൊടുക്കുകയില്ല എന്ന് ഒരു പൊതുനയം ഉണ്ടോ ? അതോ, അതാതു ഡിപ്പാർട്ടുമെൻറുകാർ നിശ്ചയിക്കുന്നതാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇതിനൊക്കെ ചില റൂളുകൾ ഉണ്ട്. അതുകൊണ്ട് എനിക്ക് ഈ സഭയെ ധരിപ്പിക്കുവാനുള്ളത് ഈ പ്രശ്നം വിചാരിക്കുന്നതുപോലെ അത്ര പ്രധാനപ്പെട്ട ഒന്നല്ല എന്നുള്ളതാണ്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഒരു നാടകം കളിക്കുന്നതിനു ലൈസൻസ് കൊടുക്കുന്ന കാര്യത്തിനായാലും പാസ്പോർട്ടുകൊടുക്കുന്ന കാര്യത്തിനായാലും ആൻറിഇറപ്ഷൻ കാര്യത്തിനായാലും ഒക്കെ പോലീസുകാരാണ് തീരുമാനം ചെയ്യുന്നത്. അതുകൊണ്ട് ഈ സ്റ്റേറിനെ പോലീസ്സ്റ്റേറ്റ് എന്നു വിളിക്കുന്നതല്ലേകൂടുതൽ ശരി ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു ശരിയല്ല. അവസാന തീരുമാനം ചെയ്യുന്നതു പോലീസുകാരല്ല.

ശ്രീ. കെ. ബാലകൃഷ്ണൻ : പോലീസ്റിപ്പോർട്ട് സെക്രട്ടറിയേറ്റിൽ വന്നതിനുശേഷമാണോ, അതായതു ഗവണ്മെൻറ് ലെവലിൽവെച്ചാണോ തീരുമാനിക്കുന്നത് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഫ്യൂബിനററ് ലെവലിൽ വച്ചാണ്.

ശ്രീ. കെ. ബാലകൃഷ്ണൻ : പോലീസ്റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡിപ്പാർട്ടുമെൻറധ്യക്ഷന്മാർതന്നെ അപ്പായിൻറുമെൻറ് മേന്മോ അയയ്ക്കാതിരിയ്ക്കുന്നുണ്ടെന്നുള്ള വിവരം മുഖ്യമന്ത്രിക്കറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എനിക്കറിവില്ല.

Shri P. S. Nataraja Pillai : Will the Hon. Member be good enough to enquire whether these decisions were taken by the Departmental Heads concerned after the advice of the Public Service Commission or by the Government direct.

Shri Panampilli Govinda Menon : I am sorry if I am wrong.

ശ്രീ. എ. താണുപിള്ള: ഈ പത്തൊൻപതാളുകളെ പി. എസ്. പി. ഗവണ്മെൻറ് ഉദ്യോഗത്തിൽ നിന്നു മാററിനിറുത്തിയെന്നാണോ പറയുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എന്നു പറഞ്ഞില്ല.

ശ്രീ. എ. താണുപിള്ള: ഇവരെ ഗവണ്മെൻറ് ലവലിൽവച്ചാണോ അയോഗ്യർ എന്നു ധീരുമാനിച്ചതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എന്നും ഞാൻ പറഞ്ഞില്ല. അക്കാലത്തു് ഇത്രയുംപേരെയാണു് അയോഗ്യരുകൊണ്ടു് നിയമിക്കാതിരുന്നിട്ടുള്ളതു് എന്നേ പറഞ്ഞുള്ളൂ. ചിലതു് ഗവണ്മെൻറ്ലവലിൽ വന്നിട്ടുമുണ്ടു്.

ശ്രീ. എ. താണുപിള്ള: ഗവണ്മെൻറ് ലവലിൽ വന്നിട്ടുള്ള ഏതെങ്കിലും ഒരു ഉദ്യോഗത്തിനെപ്പററി പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടെന്നാണു തോന്നുന്നതു്.

ശ്രീ. എ. താണുപിള്ള: കാൺഗ്രസ്സ് ഗവണ്മെൻറ് കൊടുക്കാതിരുന്ന ചിലക്കു് വീണ്ടും ഉദ്യോഗംകൊടുക്കുകയല്ലേ ചെയ്തിട്ടുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എന്തോ, ഒരു മുനിസിപ്പൽ കമ്മീഷണറുടെ കാര്യത്തെപ്പററിയോ മറേറാ ആരോ പറഞ്ഞു ഞാൻ കേട്ടിട്ടുണ്ടു്.

ശ്രീ. ഇ. ബാലകൃഷ്ണൻ: ഇപ്പോഴത്തെ മുഖ്യമന്ത്രിയും മുൻ മുഖ്യമന്ത്രിയും തമ്മിൽ നടന്ന വാദപ്രതിവാദത്തിൽനിന്നും ഗവണ്മെൻറ് ലവലിൽ വരാതെതന്നെ ആളുകളെ നിയമിക്കാതിരിക്കുന്നുണ്ടെന്നു മനസ്സിലാകുന്നു. അതിനെപ്പററി അന്വേഷിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അന്വേഷിക്കാം.

ശ്രീ. ടി. കെ. ദിവാകരൻ: ഇപ്പോൾ പറഞ്ഞ ഈ പത്തൊൻപതുപേർ മാത്രമല്ല ഉള്ളതെന്നും കൂടാതെ അനവധിപേരെക്കൂടി പോലീസ്റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ അയോഗ്യരായി പരിഗണിച്ചിട്ടുണ്ടെന്നും എനിക്കറിയാം. അതിനെപ്പററിയും അന്വേഷിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഏതായാലും എല്ലാ കാര്യങ്ങളെപ്പററിയും പുനഃപരിശോധന ചെയ്യണമെന്നാണു് ഗവണ്മെൻറിൻെറ ഉദ്ദേശം.

ശ്രീ. ബേബിജാൻ: റിട്ടയാർഡ് ഹൈക്കോടതി ജഡ്ജിമാരെ വീണ്ടും ഉദ്യോഗത്തിൽ നിയമിക്കുന്നതിനെപ്പററിയുള്ള ഗവണ്മെൻറിൻെറ അഭിപ്രായം എന്താണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററി ഞാൻ പറയാൻ ഭാവിക്കുകയാണു്. റിട്ടയാർഡു് ഹൈക്കോടതി ഉദ്യോഗസ്ഥന്മാരെ നിയമിച്ചാൽ ജുഡീഷ്യറിയുടെ പാവനതയ്ക്കു് തടസ്സമായിത്തീരുമെന്നു് ശ്രീ. ബേബിജാൻ പറഞ്ഞു. ഇൻഡ്യയിലെ പലഭാഗത്തും റിട്ടയാർഡു് ഹൈക്കോടതി ജഡ്ജിമാരെ നിയമിക്കുന്ന സമ്പ്രദായം ഉണ്ടു്

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ.]

മുമ്പ് ഇൻഡ്യാഗവണ്മെൻറ് രൂപീകരിച്ച പേകമ്മീഷൻെറ ചെയർമാനായി നിയമിച്ചതു് ഫെഡറൽകോർട്ട് ചീഫ്ജസ്റ്റീസായി റിട്ടയർ ചെയ്ത സർ എസ്. വരദാചാര്യരെ ആയിരുന്നു. ബാങ്കിംഗ് എംപ്ലായിസ് ഡിസ്പ്യൂട്ട് ഉണ്ടായപ്പോൾ അതിനെപ്പററി തീരുമാനിക്കുവാൻ ഏർപ്പെടുത്തിയ ട്രിബ്യൂണലിൻെറ ചെയർമാനായി നിയമിക്കപ്പെട്ടതു് ജസ്റ്റീസ് രാജാദ്ധ്യക്ഷ ആണ്. ഇവിടത്തെ ഇൻഡസ്ട്രിയൽ ട്രിബ്യൂണൽസിൻെറ ചെയർമാനായിരിക്കുന്നതു് റിട്ടയാർഡ് ഹൈക്കോടതി ജഡ്ജിയോ, അല്ലെങ്കിൽ ഡിസ്ട്രിക്ട് ജഡ്ജിയോ, അല്ലെങ്കിൽ ഹൈക്കോടതിജഡ്ജിയാകാൻ യോഗ്യതയുള്ള ഒരു അഡ്വക്കേറോ ആയിരിക്കണമെന്നു പറഞ്ഞിട്ടുണ്ട്. അതിന്, അതായതു് ഒരു അഡ്വക്കേററിനെ നിയമിക്കുന്നതിന്ന് ഹൈക്കോർട്ടിൻെറ സമ്മതവും വേണം. മൂന്നുമാസംകൊണ്ടോ നാലുമാസംകൊണ്ടോ തീരുന്ന ഇത്തരം നിയമനങ്ങൾക്ക് ഹൈക്കോടതിജഡ്ജി ആയിരിക്കുവാനുള്ള യോഗ്യതയുള്ളവർ വരാനിടയില്ല. അങ്ങനെ പരിമിതികൾ ചിലപ്പോൾ ചില കാര്യങ്ങളിൽ ഉണ്ടാകുന്നതുകൊണ്ട് റിട്ടയർചെയ്ത ആളുകളെ വയ്ക്കേണ്ടിവരുന്നുണ്ട്.

Dr. A. R. Menon: What is it that prevents the Government from appointing retired executive men ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇൻഡസ്ട്രിയൽ ട്രിബ്യൂണൽആക്ട് എന്നൊരു നിയമമുണ്ട്. ആ ആക്ടിൽ ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന് ചെയർമാനായി എങ്ങനെയുള്ള ആളുകളെ നിയമിക്കണമെന്നു പറഞ്ഞിട്ടുണ്ട്. ഞാൻ മുമ്പു പറഞ്ഞതരത്തിലുള്ള ആളുകളെമാത്രമേ നിയമിക്കാവൂ.

ശ്രീ. ടി. കെ. ദിവാകരൻ : ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന് ചെയർമാനെപ്പററി മാത്രമല്ല പറഞ്ഞതു്. പേകമ്മീഷൻെറ അദ്ധ്യക്ഷൻ തുടങ്ങിയ കാര്യങ്ങളിൽ ഈ റിട്ടയാർഡ് ഉദ്യോഗസ്ഥന്മാരെ നിയമിക്കാതെ കഴിഞ്ഞുകൂടെ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെയുള്ള കമ്മിററിയിൽ സാധാരണ സർക്കാർ ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയല്ല പതിവ്. സർക്കാർ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം ഏതുവിധത്തിലിരിക്കുന്നു എന്നു തീരുമാനിക്കാൻ ഇൻഡ്യാഗവണ്മെൻറ് പേകമ്മീഷനായി നിയമിച്ചിരുന്നവരൊക്കെ അനുദ്യോഗസ്ഥന്മാരാണ്. ഡിയർനസ് അലവൻസ് എത്ര ഉണ്ട് ശമ്പളത്തിൽ അബ്സോർബ് ചെയ്യുന്നുമെന്നുള്ളതിനെപ്പററി തീരുമാനിക്കുവാൻ നിയമിച്ച കമ്മിററിയുടെ ചെയർമാൻ മിസ്റ്റർ ഗാഡ്ഗിൽ ആയിരുന്നു. അദ്ദേഹം ഒരു അനുദ്യോഗസ്ഥനാണ്. ആ കമ്മിററിക്കുവേണ്ട വിവരങ്ങൾ ശേഖരിക്കുവാനും മററുമായി സെക്രട്ടറിമാരേയും മററും ഉദ്യോഗസ്ഥന്മാരിൽനിന്നു നിയമിച്ചേക്കും.

ബഹുമാനപ്പെട്ട ചവറമെമ്പർ മണൽകമ്പനിയെപ്പററിയും ബഹുമാനപ്പെട്ട തിരുവാർപ്പു മെമ്പർ ട്രസ്റ്റുകൾ പിൻവലിക്കാത്തതിനെപ്പററിയും പറഞ്ഞു. ചവറ മെമ്പക്കും എനിക്കും ഒരേ അഭിപ്രായംതന്നെയാണുള്ളതു്. അഭിപ്രായവ്യത്യാസമൊന്നുമില്ല. മണൽകമ്പനികളുടെ പ്രവർത്തനത്തിന്നു ഒരു കാപ്പറേഷൻ ഉണ്ടാകണം. നമ്മുടെ ഗവണ്മെ

ൻറ്നു് ഇന്നു് കിട്ടിക്കൊണ്ടിരിക്കുന്ന ആദായങ്ങൾക്കോ മററു് അവകാശങ്ങൾക്കോ ദോഷമൊന്നും വരരുതു്. ഇടപ്പള്ളി, ശൂരനാടു് മുതലായ കേസ്സുകളെപ്പററിയാണു് ബഹുമാനപ്പെട്ട തിരുവാർപ്പു മെംബർ പറഞ്ഞതു്. ഇടപ്പള്ളി, ശൂരനാടു് എന്നീ കേസ്സുകൾ രാഷ്ട്രീയ കേസ്സുകളായി കണക്കാക്കുന്നില്ല. അതുകൊണ്ടു് ആ കേസ്സുകൾ പിൻവലിക്കാൻ ഉദ്ദേശിക്കുന്നുമില്ല.

ശ്രീ. തോ . ിൽ ഭാസ്കരൻപിള്ള : ശൂരനാട്ടുകേസ്സിൻെറ അടിസ്ഥാനത്തിലല്ലയോ കമ്മ്യൂണിസ്ററുപാർട്ടിയെ നിരോധിച്ചതു്?

ശ്രീ. പനമ്പിള്ളിഗോവിന്ദമേനോൻ : അതെ.

ശ്രീ. തോ . ി ഭാസ്കരൻപ ള്ള : ആ കേസിൻെറ കാരണം തന്നെ രാജാവിനു് എതിരായി പോർചെയ്തു എന്നുള്ളതല്ലേ ?

ശ്രീ. പനമ്പി ി ഗോവിന്ദമേനോൻ : അതിനെപ്പററി എനിക്കറിഞ്ഞുകൂടാ. ഒരു പോലീസ് ഇൻസ്പെക്ടറേയും രണ്ടു് കാൺസ്റ്റബിൾമാരേയും വധിച്ചു എന്നുള്ളതാണു് കേസ്സു്.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി : പുന്നപ്രകേസ്സിൻെറ കാരണം ഒരു ഇൻസ്പെക്ടറേയും ആറു കാൺസ്റ്റബിൾമാരേയും കൊന്നു എന്നുള്ളതല്ലേ ?

Shri Panampilli Govinda Menon : The more the merrier. അതുകൊണ്ടു് ഈ കേസ്സുകൾ പിൻവലിക്കത്തക്കതാണെന്നു ഗവണ്മെൻറിനു ബോദ്ധ്യമല്ല.

Mr. Speaker : Order, order. Time for the Demand is over. Do you press your motion, Dr. Menon?

Dr. A. R. Menon : No, Sir.

The cut motion was, by leave, withdrawn.

Mr. Speaker : Do you press your motion, Mr. Vivekanandan ?

Shri D. Vivekanandan : Yes, Sir.

The cut motion was put and lost.

Shri T. V. Thomas : Sir, I demand a poll.

A poll was taken when the House divided as follows:—

AYES—54.

1. Shri A. Achuthan
2. „ P. V. Avira Tharakan
3. „ Baby John
4. „ K. A. Balan
5. „ K. Balakrishnan
6. „ R. Balakrishna Pillai
7. „ B. B. Pandarathil
8. „ Prakkulam Bhasi
9. „ P. Bhaskaran Nair
10. „ Thoppil Bhaskaran Pillai
11. „ N. Chandrasekharan Nair
12. Shri K. Chandrasekhara Sastri
13. „ P. K. Chathan
14. „ D. Damodaran Potti
15. „ T. K. Divakaran
16. „ K. C. George
17. „ P. Gopalan
18. Sry. K. R. Gouri
19. Shri Joseph Chazhikattu
20. „ Joseph Mundassery
21. „ C. Kochukunju
22. „ Thalekkare K. Krishnan

AYES—(*Contd.*)

23. Shri K. Krishna Pillai
24. „ K. S. Krishnan Sastry
25. „ P. K. Kunjachan
26. „ P. Kunjan
27. „ P. K. Kunju
28. „ Kuttappan Koickal
29. „ P. R. Madhavan Pillai
30. „ T. A. Majeed
31. „ Manjunatha Prabhu
32. „ K. Narayana Kurup
33. „ P. Narayanan Potti
34. „ P. S. Nataraja Pillai
35. „ U. Neelakantan
36. „ N. Neelakantaru Pandarathil
37. „ M. P. Menon
38. „ V. P. Parameswaran Nambudiri
39. Shri R. Prakasam
40. „ N. Raghava Kurup
41. „ P. Ravindran
42. „ C. G. Sadasivan
43. „ R. Sankaranarayanan Tampi
44. „ K. Sattanatha Karayalar
45. „ K. A. Sivarama Bharathy
46. „ V. Sridharan
47. „ R. Sugathan
48. Dr. P. K. Sukumaran
49. Shri A. Thanu Pillai
50. „ T. V. Thomas
51. „ P. Viswambaran
52. „ C. K. Viswanathan
53. „ Vivekanandan
54. „ P. K. Yasodharan

NOES—59.

1. Shri P. K. Abdul Khadir
2. „ K. C. Abraham
3. „ V. K. Achutha Menon
4. „ J. Alexander Parambithara
5. „ J. A. Bhatt
6. „ D. Anantharaman
7. „ M. A. Antony
8. „ K. K. Balakrishnan
9. „ T. O. Bava
10. „ M. Bhaskaran Nair
11. „ N. G. Chacko
12. „ A. C. Chacko
13. „ K. M. Chacko
14. „ M. P. Chandrasekhara Pillai
15. „ K. M. Chandy
16. „ M. V. Cheriyan
17. „ A. Chidambaranatha Nadar
18. „ O. R. Chummar
19. „ T. T. Daniel
20. „ K. M. George
21. „ K. P. Gopala Menon
22. „ Panampilli Govinda Menon
23. „ K. P. Hormis
24. Shri Idiculla Idiculla
25. „ A. J. John
26. „ V. J. Joseph
27. „ K. Karunakaran
28. „ P. Kesava Menon
29. „ T. T. Kesavan Sastry
30. „ K. Kochukuttan
31. „ K. M. Korah
32. „ P. R. Krishnan
33. Dr. N. K. Kumaran
34. Shri A. Kunjan Nadar
35. „ P. M. Markose
36. „ M. M. Mathai
37. „ C. A. Mathew
38. „ N. Narayana Kurup
39. „ N. A. Noor Mohammed
40. „ N. Parameswaran Pillai
41. „ R. Ponnappa Nadar
42. „ A. A. Rahim
43. Dr. A. R. Menon
44. Shri P. Ramaswami Pillai
45. „ T. S. Ramaswami
46. „ P. J. Sebastian
47. „ V. V. Sebastian
48. „ S. Seshadrinatha Sarma

NOES—(*Contd.*)

49. Shri A. M. Simon
50. „ T. P. Sitaraman
51. „ P. Thanulingam Nadar
52. „ A. Thankiah
53. „ K. T. Thomas
54. Dr. P. T. Thomas
55. Shri P. S. Vasudevan Pillai
56. „ K. I. Velayudhan
57. „ Kalathil Velayudhan Nair
58. „ M. William
59. „ A. A. D. Luiz

Neutrals—Nil.

The motion was declared lost.

The question that Government be granted a sum of Rs. 26,28,300 under Demand IX—Heads of States, Ministers and Headquarters Staff was put and carried. The grant was made.

Mr. Speaker. The House will now adjourn and meet again at 8 A. M. to-morrow.

The Assembly adjourned at 1-5 P. M. to meet again at 8 A. M. on Thursday, the 31st March 1955.

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

SECOND SESSION—1955.

Thursday, the 31st March 1955.

Vol. XIII] OFFICIAL REPORT [No. 10

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Thursday, the 31st March 1955, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

കന്നുകാലിസംരക്ഷണകേന്ദ്രം

* 209. [1] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറിൻകര–വിളവംകോട് കമ്മ്യൂണിററി പ്രോജക്ടിന്റെ ആദ്യമുഖ്യത്തിൽ ആരംഭിക്കുവാനിരുന്ന Dry Cattle Farm പരിപാടി നിറുത്തിവയ്ക്കുവാനുണ്ടായ കാരണമെന്ത്;

(ബി) പ്രസ്തുത പരിപാടി എന്നേയ്ക്കുമായി ഉപേക്ഷിച്ചുകഴിഞ്ഞോ; പുനരാലോചിക്കുന്നുണ്ടോ;

(സി) കഴിയുന്നതും വേഗം ആ പരിപാടിനടപ്പിലാക്കുവാൻ ഗവണ്മെന്റ് വേണ്ടതു ചെയ്യുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പള്ളിഗോവിന്ദമേനോൻ):

(എ) നെയ്യാറിൻകര–വിളവങ്കോട് കമ്മ്യൂണിററി പ്രോജക്ടിന്റെ ആദിമുഖ്യത്തിൽ ആരംഭിക്കുവാനിരുന്ന Dry Cattle Farm പരിപാടി നിറുത്തിവച്ചിട്ടില്ല.

(ബി) എ യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഇതു് ഉദിക്കുന്നില്ല.

(സി) കഴിയുന്നതും വേഗം നടപ്പാക്കാം, അതിനെക്കുറിച്ച് ഇതാണ് പറയാനുള്ളതു്.

"The Neyyattinkara-Vilavancode Community Project has a scheme to start a Dry Cattle Farm in the area. The farm was originally proposed to be located at Ottasekharamangalam. But the site was full of encroachments and it was found practically impossible to get them evicted and start the farm at an early date. Though an alternative area known as "*Virakuvanam*" very near the original site was proposed for the farm, an on-the-spot inspection disclosed that the site was not suitable for reasons such as (i) the infertility of the soil and (ii) the absence of a convenient road to the farm from Trivandrum and other places. The farm is however to be located on an ideal place where the soil is fertile as to develop fodder resources and where there is facility for water supply arrangements.

Another site for the farm is being considered. The Chief Conservator of Forests has been consulted whether 100 acres of land in the Kottur Extension Reserves can be transferred to the Community Project for the purpose and his reply is awaited."

ശ്രീ. കെ. കൃഷ്ണപിള്ള: ആദ്യം അവിടെ ഉണ്ടായിരുന്ന നൂറിൽച്ചില്വാനം കുടുംബക്കാരെ രണ്ടു് കൊല്ലത്തിനു മുൻപു് ഇറക്കിവിട്ടതായിട്ടറിയാമോ ?

ശ്രീ. പനമ്പിള്ളിഗോവിന്ദമേനോൻ: അറിഞ്ഞുകൂടാ.

നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസം

* 210. [2] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ :

നിർബ്ബന്ധിത പ്രാഥമിക വിദ്യാഭ്യാസം വിപുലപ്പെടുത്തുന്നതിനു് ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളിഗോവിന്ദമേനോൻ): ഉണ്ടു്. രണ്ടാമത്തെ പഞ്ചവത്സരപദ്ധതിയിൽ ഇതിനുള്ള സ്കീം ഉൾപ്പെടുത്തുന്നുണ്ടു്.

ശ്രീ. പി. ഗോപാലൻ: ഭരണഘടനയനുസരിച്ചു് പത്തുകൊല്ലം കൊണ്ടു് ഇതു് പൂർത്തിയാക്കണമെന്നു വ്യവസ്ഥയുണ്ടല്ലോ. അതു് ഏതു ഘട്ടം വരെയായി ; ഗവണ്മെൻറിൻെറ പോളിസി എന്താണു് ?

ശ്രീ. പനമ്പിള്ളിഗോവിന്ദമേനോൻ: പ്രാഥമിക വിദ്യാഭ്യാസം നിർബ്ബന്ധവും, സാർവത്രികവും, സൗജന്യവും ആക്കണമെന്നാണു് ഗവണ്മെൻറിൻെറ നയം. പത്തുകൊല്ലക്കാലംകൊണ്ടു് അതു പൂർത്തിയാക്കാമെന്നുപറഞ്ഞിട്ടില്ല. ഉണ്ടെങ്കിൽതന്നെയും രണ്ടാമത്തെ പഞ്ചവത്സരപദ്ധതിയോടുകൂടി ഇതു പൂർത്തിയാകുന്നതാണു്.

ശ്രീ. പി. ഗോപാലൻ: പ്രാഥമികവിദ്യാഭ്യാസം സംബന്ധിച്ചു് എല്ലാവരും കുട്ടികളെ സ്കൂളുകളിലേക്കയക്കണമെന്നു് നിർബ്ബന്ധമുണ്ടായിരിക്കെ 25 ശതമാനത്തിൽ കൂടുതൽ ആളുകൾ കുട്ടികളെ പള്ളിക്കൂടത്തിൽ അയക്കാതിരിക്കുന്നുവെന്നറിയാമോ ?

ശ്രീ. പനമ്പിള്ളിഗോവിന്ദമേനോൻ: അങ്ങനെ നയമുള്ളതായിട്ടറിഞ്ഞുകൂടാ.

ശ്രീ. പി. ഗോപാലൻ: പ്രാഥമികവിദ്യാഭ്യാസം എത്രെല്ലാം താലൂക്കിലാണ് ഇതുവരെ നടപ്പാക്കിയിട്ടുള്ളത്?

ശ്രീ. പനമ്പിള്ളിഗോവിന്ദമേനോൻ: ആകപ്പാടെ 11 താലൂക്കുകളിൽ നടപ്പാക്കിയിട്ടുണ്ട്. ചിറവൂരിലും തെക്കൻതിരുവിതാംകൂറിലെ ചില ഭാഗങ്ങളിലും പറവൂരിലും നടപ്പാക്കിയിട്ടുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: പ്രാഥമിക വിദ്യാഭ്യാസപദ്ധതിയനുസരിച്ച് നടത്തുന്ന പല സ്കൂളുകളും ഷെഡ്ഡുകളിലാണ് ഇട്ടിരിക്കുന്നതെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ചില സ്കൂളുകൾ ഷെഡ്ഡുകളിലാണ് ഇട്ടിരിക്കുന്നത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: അതു വളരെ അപായകരമാണെന്നറിയാമോ?

ശ്രീ. പനമ്പിള്ളിഗോവിന്ദമേനോൻ: അറിയാം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ആ ഷെഡ്ഡുകൾ പുതുക്കിപ്പണിയുന്നതിനാലോചിക്കുമോ?

ശ്രീ. പനമ്പിള്ളിഗോവിന്ദമേനോൻ: ഇതെല്ലാം പഞ്ചവത്സരപദ്ധതിയിൽ ഉൾക്കൊള്ളുന്നതാണ്. ഇതിനുംപുറമേ വിദ്യാഭ്യാസം സംബന്ധിച്ചുള്ള പഞ്ചവത്സരപദ്ധതിയിൽ സ്കൂളുകൾക്കാവശ്യമുള്ള കെട്ടിടങ്ങൾ ഉണ്ടാക്കുന്നതിന് വിപുലമായ സ്കീം ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. എം. വി. ചെറിയാൻ: വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിന് എന്തു മാനദണ്ഡമാണുള്ളത്?

ശ്രീ. പനമ്പിള്ളിഗോവിന്ദമേനോൻ: അതിന് പ്രത്യേകമാനദണ്ഡമൊന്നുമില്ല.

ശ്രീ. എം. വി. ചെറിയാൻ: പ്രാഥമികവിദ്യാഭ്യാസം നടപ്പിലിരിക്കുന്ന ചില താലൂക്കുകളിൽ തൊഴിലില്ലായ്മ ധാരാളം ഉള്ളതുകൊണ്ട് കുട്ടികൾക്ക് ഉച്ചഭക്ഷണംപോലും കിട്ടുന്നില്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളിഗോവിന്ദമേനോൻ: അതിനും ഏർപ്പാടുചെയ്തുകൊണ്ടാണ് പഞ്ചവത്സരപദ്ധതി പുരോഗമിക്കുന്നത്.

ശ്രീ. എ. കെ. ബാലൻ: എത്രകൊല്ലംമുമ്പാണ് പ്രാഥമികവിദ്യാഭ്യാസപദ്ധതി ആരംഭിച്ചത്?

ശ്രീ. പനമ്പിള്ളിഗോവിന്ദമേനോൻ: ഏഴോ എട്ടോ കൊല്ലമായി.

ശ്രീ. എ. കെ. ബാലൻ: അത് തുടർന്നു നടത്താത്തത് എന്തുകൊണ്ടാണ്?

ശ്രീ. പനമ്പിള്ളിഗോവിന്ദമേനോൻ: നമ്മുടെ രാജ്യത്ത്, വിദ്യാഭ്യാസം ഗവണ്മെൻറുമേ നോട്ടത്തിൽ നടത്തണമെന്നുള്ള നിലവന്നിട്ടുള്ളതു കുറച്ചു നാളുകൾക്കുമുമ്പാണ്. അതിന് ക്ലിപ്തമായ ഒരു നയം മുമ്പ് കൈക്കൊണ്ടിട്ടില്ലായിരുന്നു.

Shri P. S. Nataraja Pillai: May I know whether in the compulsory education areas, Government have noticed that there is acute want of accommodation in schools?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ശ്രദ്ധണ്ടെന്നറിയുണ്ട്.

Shri P. S. Nataraja Pillai: Is it not the responsibility of Government to provide additional accommodation in the compulsory primary education areas?

Shri Panampilli Govinda Menon: Yes, it is the Government's responsibility.

Shri P. S. Nataraja Pillai: Will the Government at least provide some amount for additional accommodation in the compulsory education areas this year?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ചെയ്യാവുന്നതാണ്. ഇക്കൊല്ലം കൂടുതൽ തുക നീക്കിവെക്കാൻ ശ്രമിക്കാം.

ശ്രീ. സി. കൊച്ചുകുഞ്ഞ് : പ്രാഥമിക വിദ്യാഭ്യാസം ഇവിടെ നടപ്പാക്കാൻ തീരുമാനിച്ചതാരാണ് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പലരും തീരുമാനിച്ചിട്ടുണ്ടായിരുന്നു. ആദ്യം അതു് നടപ്പിൽ വന്നതു് സി. പി. രാമസ്വാമി അയ്യരുടെ കാലത്താണ്.

ശ്രീ. കെ. പി. ഹാർമിസ് : ഇതു് മററു താലൂക്കുകളിൽകൂടി വ്യാപിപ്പിക്കുന്നതിനുമുൻപ് ഇപ്പോൾ ഉള്ള താലൂക്കുകളിൽ സ്കൂൾ കെട്ടിടങ്ങൾ കൂടുതലായി പണിചെയ്യുകയും അങ്ങനെ അതു് നല്ലതരത്തിലാക്കുകയും ചെയ്യുകയില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇതൊക്കെ ചെയ്യാവുന്നതാണ്.

ശ്രീ. സി. എ. മാത്യു : ആകപ്പാടെ എത്ര സ്കൂളുകൾ ആണ് ഈ പദ്ധതിയനുസരിച്ച് പ്രവർത്തിച്ചതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : രണ്ടാമത്തെ പഞ്ചവത്സര പദ്ധതിയനുസരിച്ച് 800 പ്രൈമറിസ്കൂളുകളാണ് രാജ്യമൊട്ടാകെ ഉണ്ടാകാൻ പോകുന്നതു്. ഇതു് അഞ്ചുകൊല്ലംകൊണ്ടു് പണിയിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നതു്.

Shri P. S. Nataraja Pillai: May I know whether the compulsory education envisaged is for 5 years or 8 years?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇപ്പോൾ അതിനെപ്പററി അവസാനമായ തീരുമാനിച്ചിട്ടില്ല. എട്ടുകൊല്ലക്കാലത്തേയ്ക്കു ആക്കിയാൽ നല്ലതാണെന്നു ആലോചിക്കുന്നുണ്ട്.

Shri P. S. Nataraja Pillai: Was it not a fact that a non-official Member of the Travancore Legislature introduced a Bill for compulsory education in this State?

Shri Panampilli Govinda Menon: I am thankful to the hon. Member for the information.

Shri P. S. Nataraja Pillai : May I know whether it was not Mr. P. K. Kesava Pillai who was a Member of the Travancore Legislative Assembly that introduced the Bill ?

Shri Panampilli Govinda Menon : I am thankful for the information.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ : ഇതു പൂർണ്ണമായി നടപ്പിൽ വരുത്തുന്നതിന് എന്തെങ്കിലും മെഷ്യനറിയുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : വിദ്യാഭ്യാസ ഡിപ്പാർട്ടുമൻറാണ് ആ ജോലി നടത്തുന്നത്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ : കുട്ടികളെ നിർബന്ധമായി പള്ളിക്കൂടത്തിൽ അയക്കുന്നതിന് നിയമം വല്ലതും ഉണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്. അയക്കാതിരിക്കുന്നത് കുററകരമാണ്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ : അങ്ങനെ അയക്കാത്തവരുടെ പേരിൽ നടപടി എടുത്തിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇപ്പോൾ അങ്ങനെ നടപടി എടുത്തുവരുന്നില്ല.

ശ്രീ. കെ. സി. ജാർജ്ജ് : കുറ്റസ്സിൽ ചേർന്ന് രജിസ്റ്ററിൽ പേരെഴുതി കഴിഞ്ഞതിൽ പിന്നെ പിരിഞ്ഞുപോകുന്ന കുട്ടികളെ സംബന്ധിച്ചോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനുള്ള നിയമങ്ങൾ എല്ലാം ഉണ്ടാക്കണം.

ശ്രീ. കെ. സി. ജാർജ്ജ് : പഠിക്കുവാനുള്ള സാമ്പത്തിക സ്ഥിതിയില്ലാത്ത ആളുകൾക്ക് ധനസഹായം ചെയ്യുന്നതിനെക്കുറിച്ചാലോചിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ സംഗതികളെക്കുറിച്ചെല്ലാം ആലോചിക്കുന്നുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : ഈ സംഗതി മുഴുവനും വിജയപ്രദമാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നൂറു ശതമാനവും വിജയപ്രദമാണെന്ന് പറയുവാൻ സാധിക്കുകയില്ല.

ശ്രീ. കെ. പി. ഹാർമിസ്: 800 പള്ളിക്കൂടങ്ങൾ എന്നു പറഞ്ഞതു് ഏതെല്ലാം സ്ഥലങ്ങളിലാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : 36 താലൂക്കുകളിലായിട്ടാണ്

ശ്രീ. കെ. പി. ഹാർമിസ് : ഇപ്പോൾ പ്രാഥമികവിദ്യാഭ്യാസം നടപ്പിലിരിക്കുന്ന താലൂക്കുകളിൽ എത്ര സ്കൂളുകൾ കൂടുതലായ വണ്ണി വരും ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിന്റെ കണക്കെടുത്തിട്ടില്ല.

ശ്രീ. എ. എ. ഡി. ലൂയിസ് : എത്ര പ്രാസിക്യൂഷൻ നടത്തിയിട്ടുണ്ട് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നോട്ടീസ് വേണം.

ശ്രീ. എൻ. ജി. ചാംക്കോ : ഈ കാര്യത്തിൽ വേണ്ട ഉപദേശം നൽകുന്നതിനു പൊതുജനങ്ങളടങ്ങിയ ഒരു കമ്മിറ്റിയെ നിയമിക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെക്കുറിച്ചാലോചിക്കാവുന്നതാണ്.

Shri P. S. Nataraja Pillai : Is there not a provision for constituting a committee in the compulsory primary education areas ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇപ്പോൾ അതെന്റെ മുമ്പിൽ ഉണ്ട്.

ശ്രീ. പി. നാരായണൻപോററി : നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസം നടപ്പിലാക്കുന്നതു് ദേശീകരിക്കപ്പെട്ട പ്രാഥമിക വിദ്യാഭ്യാസം എന്ന നിലയിലാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസം സാർവത്രികം ആക്കാൻവേണ്ടി സർക്കാരിൽനിന്നും നടത്തുന്ന സ്കൂളുകളും പ്രൈവററ ഏജൻസി നടത്തുന്ന സ്കൂളുകളും ഉപയോഗിക്കും. അതാണ് ഇന്നു സ്വീകരിക്കപ്പെട്ടിട്ടുള്ള നയം. ഈ ഗവണ്മെന്റുമാത്രം സ്വീകരിച്ചിട്ടുള്ള നയമല്ലിതു്. പ്ലാനിംഗ് കമ്മിഷന്റെ നയവും ഇതാണ്.

ശ്രീ. പി. നാരായണൻപോററി : നിർബന്ധിത പ്രാഥമികവിദ്യാഭ്യാസം നടപ്പിലാക്കിയിട്ടുള്ള പ്രദേശങ്ങളിൽ പ്രൈവററ വിദ്യാലയങ്ങൾ അനുവദിക്കപ്പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്.

വിദ്യാർത്ഥികൾക്കുള്ള ഉച്ചഭക്ഷണം.

* 211. [3 എ.] ശ്രീ പി. ഗോപാലൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാധുക്കളായ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിന് ഗവണ്മെൻറിൽനിന്നും എന്തെങ്കിലും ഏർപ്പാടു ചെയ്തിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് ഗവണ്മെൻറിന് എന്തു ചെലവായി?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ചെയ്തിട്ടുണ്ട്. നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസം നടപ്പിലുള്ള സ്ഥലങ്ങളിൽ സാധുക്കളായ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനു ഗവണ്മെൻറിൽനിന്നും ഏർപ്പാടു ചെയ്തിട്ടുണ്ട്.

(ബി) 1954–55–ൽ 6,26,300 രൂപ ചിലവായിക്കഴിഞ്ഞു.

ശ്രീ. പി. ഗോപാലൻ: നിർബ്ബന്ധിത പ്രാഥമിക വിദ്യാഭ്യാസം നടപ്പിലിരിക്കുന്ന മേഖലകളിൽ എല്ലായിടത്തും പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം കൊടുക്കുന്നില്ലെന്നു ഗവണ്മെൻറിനു അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ വന്നിട്ടുണ്ടെന്ന് അറിവില്ല. ബഹുമാനപ്പെട്ട മെംബർ അതു് എവിടെയാണെന്ന് എന്റെ ദൃഷ്ടിയിൽ പെടുത്തിയാൽ പരിശോധിക്കാം.

ശ്രീ. പി. ഗോപാലൻ: നിർബ്ബന്ധിത പ്രാഥമികവിദ്യാഭ്യാസ മേഖലകളിലുള്ള എല്ലാ പാവപ്പെട്ട വിദ്യാർത്ഥികൾക്കും ഭക്ഷണസൗകര്യം നൽകാൻ ഏർപ്പാടു ചെയ്യുമോ?

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ: അതാണ് ലക്ഷ്യം. അതിലേക്കാണ് ഇത്രയും രൂപ ചെലവു ചെയ്തിട്ടുള്ളതു്.

ശ്രീ. ജെ. എ. ഭട്ട്: ഈ സംഖ്യ ദുർവിനിയോഗം ചെയ്യുതായി ആക്ഷേപമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ചില സ്ഥലങ്ങളിൽ അങ്ങനെ ഒരു ആക്ഷേപം ഉണ്ടായിട്ടുണ്ട്. അതു സംബന്ധിച്ച് അപ്പപ്പോൾതന്നെ നടപടികൾ എടുത്തിട്ടുണ്ട്.

ശ്രീ. ടി. പി. സീതാരാമൻ: ഈ സംഖ്യ അദ്ധ്യാപകന്മാരെ ഏൽപ്പിക്കുന്ന വിഷയത്തിൽ വളരെ താമസം വരുന്നതുകൊണ്ട് അവർ വിഷമിക്കുന്നതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ അറിവില്ല.

ശ്രീ. സി. കൊച്ചുകുഞ്ഞു്: എത്ര സ്കൂളുകളിൽ ഉച്ചഭക്ഷണം കൊടുക്കുന്നു എന്നുള്ളതിനു് രേഖയുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ട്. പക്ഷെ അതറിയിക്കണമെങ്കിൽ നോട്ടീസ് വേണം.

ശ്രീ. എൻ. പരമേശ്വരൻപിള്ള: പബ്ലിക്ക് ഹെൽത്തിൽനിന്നും അരിയും പാലും ഈ കുട്ടികൾക്കു കൊടുക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതും വിതരണം ചെയ്യുന്നുണ്ട്. മുമ്പു പറഞ്ഞ ആറുലക്ഷത്തിൽപരം രൂപയിൽ പെടാതെ വേറെ ചെയ്യുന്നതാണിതു്.

ശ്രീ. എൻ. പരമേശ്വരൻപിള്ള: ഈ ഇനത്തിൽ എന്തു ചെലവാകുന്നുണ്ട്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: 1,44,000 രൂപ ചെലവാകുന്നതെന്നാണ് കാണുന്നതു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഓരോ വർഷത്തിലും ഒരു മാസം വീതമാണോ ആഹാരം കൊടുക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സ്കൂളുള്ള എല്ലാ മാസങ്ങളിലും കൊടുക്കും.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഏതു തരത്തിലുള്ള ആഹാരം കൊടുക്കണമെന്നാണ് ഗവണ്മെൻറ് നിർദ്ദേശിച്ചിട്ടുള്ളത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ വക കാര്യങ്ങൾ നോട്ടീസ് കൂടാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. നാരായണൻപോററി : ഈ 6 ലക്ഷത്തി പരം രൂപ ചിലവാകുന്നതിൽ അരിക്ക് എത്ര ചിലവാകുന്നു; മററു സാധനങ്ങൾക്ക് എത്ര ചിലവാകുന്നു എന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനു കണക്കുണ്ടാകും. പക്ഷെ മറുപടി പറയണമെങ്കിൽ പ്രത്യേകം നോട്ടീസ് വേണം.

ശ്രീ. പി. എം. മാക്കോസ് : സാധു കുട്ടികൾക്കു കൊടുക്കുന്ന ഭക്ഷണത്തിന് ഹിന്ദു, ക്രിസ്ത്യൻ വ്യത്യാസം ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഒരേജാതി ഭക്ഷണമാണ് കൊടുത്തുകൊണ്ടിരിക്കുന്നത്.

Shri T. S. Ramaswami: May I know, Sir, whether any allotment for this purpose was returned by any of the School Inspectors?

Shri Panampilli Govinda Menon: I want notice.

Recruiting Offices.

*212. [4] **Shri A. A. D. Luiz:** Will the Chief Minister be pleased to request the Government of India to have recruiting offices in this State for recruitments to the Customs, Railways and Post and Telegraph Departments?

Minister for Local Self Government **(Shri K. Kochukuttan):** All Class III and Class IV vacancies arising in the Customs Department under the Government of India and all Class IV vacancies arising in the Railways and Post and Telegraph Departments are filled up through the Employment Exchanges. In the circumstances, separate Recruiting Offices for the above purpose are not necessary in the State.

Mr. Speaker: Questions Nos. 5 and 6 have been answered previously. Question No. 7.

ശ്രീ. ആർ. സുഗതൻ : സർ, ഒരു പ്രായിൻറ് ആഫ് ആർഡർ. 6-ാമത്തെ ചോദ്യംപോലത്തെ ചോദ്യത്തിനു ഉത്തരം പറഞ്ഞുകഴിഞ്ഞ ശേഷം ഉന്നതാധികാരകമ്മീഷനും കേന്ദ്രഗവണ്മെൻറുമായി ആലോചനകൾ നടന്നതായി പേപ്പറിൽ കണ്ടു. അതിനെപ്പററി എന്തെങ്കിലും വിവരങ്ങൾ തരാനുണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിക്ക് അതിനെപ്പററി എന്തെങ്കിലും കൂടുതലായി പറയാനുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കൂടുതലായി ഒന്നും പറയാനില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : സർ, 5–ാമത്തെ ചോദ്യത്തിന് മറുപടി പറഞ്ഞിട്ടില്ല.

രാഷ്ട്രീയ തടവുകാരുടെ മോചനം.

* 213. [5] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുന്നപ്ര–വയലാർ രാഷ്ട്രീയ തടവുകാരെ മോചിപ്പിച്ചതിനെത്തുടർന്ന് പുന്നപ്ര–വയലാർ കേസുകളോടനുബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള എല്ലാ വാറണ്ടുകളും പിൻവലിക്കാൻ സത്വരനടപടികൾ സ്വീകരിക്കുമോ ;

(ബി) എല്ലാ രാഷ്ട്രീയ തടവുകാരേയും മോചിപ്പിക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) ഇപ്പോൾ രാഷ്ട്രീയ തടവുകാർ ഇല്ലാത്തതുകൊണ്ട് ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : എങ്ങിനെയുള്ള ആളുകളെയാണ് രാഷ്ട്രീയ തടവുകാരായി പരിഗണിക്കുന്നത്?

ശ്രീ. എ. ജെ. ജാൺ : രാഷ്ട്രീയമായ കുററങ്ങൾക്ക് ശിക്ഷിച്ചിട്ടുള്ളവരെ.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ക്രിമിനൽ നിയമങ്ങളിൽ രാഷ്ട്രീയക്കുററം എന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ : അതിനെപ്പററി വിദഗ്ദ്ധന്മാരോടു ചോദിച്ചാലേ അറിയാൻകഴിയൂ.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ക്രിമിനൽകുററങ്ങളിൽ രാഷ്ട്രീയമായ കുററം എന്നു പറഞ്ഞു് പ്രത്യേക ഒരു നിയമമില്ലെന്ന് എല്ലാവർക്കും അറിയാമല്ലോ.

ശ്രീ. എ. ജെ. ജാൺ : കൊലപാതകം ഒരു രാഷ്ട്രീയകുററമായി വിചാരിക്കുകയില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : പുന്നപ്ര–വയലാർ സംഭവം രാഷ്ട്രീയ കേസായിരുന്നോ?

ശ്രീ. എ. ജെ. ജാൺ : അതിനെപ്പററി ഒരു വിദഗ്ദ്ധാഭിപ്രായം പറവാൻ എനിക്ക് സാദ്ധ്യമല്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : രാജ്യത്തിനും ഭരണകൂടത്തിനും എതിരായുള്ള കുററങ്ങളല്ലേ രാഷ്ട്രീയ കുററങ്ങളായി പരിഗണിക്കുന്നത്?

ശ്രീ. എ. ജെ. ജാൺ : ചിലതും അതിനെ പരിഗണിക്കാം. പക്ഷെ കൊലപാതകവും മററും നടത്തിയാൽ രാഷ്ട്രീയക്കുററമായി വിചാരിക്കുന്നതല്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : രാഷ്ട്രീയകാരണങ്ങളാൽ നടന്നിട്ടുള്ള കൊലപാതകങ്ങൾ രാഷ്ട്രീയമായിട്ടുള്ള കൊലപാതകങ്ങളെന്ന നിലയിലല്ലാതെ വ്യക്തിപരമായ വിദ്വേഷംകൊണ്ടാണ് നടന്നിട്ടുള്ളതെന്ന് ഗവണ്മെൻറ് കണക്കാക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ : കുററത്തെപ്പററിയാണ് ആലോചിക്കുന്നത്. അല്ലാതെ വ്യക്തിപരമായ നിലയിലോ മററുനിലയിലോ എന്നല്ല ആലോചിക്കുന്നത്. കുററത്തിൻെറ സ്വഭാവം നോക്കിയാണ് അതു തീരുമാനിക്കുന്നത്. കുററം ചെയ്തയാൾ ഏതു രാഷ്ട്രീയപാർട്ടിയിൽപെട്ടയാളാണെന്നുള്ള അടിസ്ഥാനത്തിൽ അല്ലാ.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഈ കുററത്തിൻെറ അടിസ്ഥാനത്തിൽ രാഷ്ട്രീയപാർട്ടികളെ നിരോധിച്ചിരുന്നില്ലേ? എഴുപതിൽപരം സംഘടനകളെ നിരോധിച്ചിരുന്നില്ലേ?

ശ്രീ. എ. ജെ. ജാൺ : നിരോധിച്ചിട്ടുണ്ട്. എത്ര എണ്ണമെന്നു നിശ്ചയമില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : അതിനുശേഷം ഈ നിരോധനങ്ങൾ പിൻവലിച്ചിട്ടില്ലേ?

ശ്രീ. എ. ജെ. ജാൺ : ഉണ്ട്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ത്തുരനാട്ടു കേസിൽപ്പെട്ടവർ ചെയ്തിട്ടുള്ള കുററം വ്യക്തിപരമായ വൈരാഗ്യംകൊണ്ടല്ലെന്നും കേവലം രഷ്ട്രീയമായ കാരണങ്ങൾകൊണ്ടാണെന്നും ചാർജിൽ പറഞ്ഞിട്ടില്ലേ?

ശ്രീ. എ. ജെ. ജാൺ : അതെനിക്ക് നിശ്ചയമില്ല. ഒരു ഇൻസ്പെക്ടരേയും രണ്ട് കാൺസ്റ്റബിൾമാരേയും വെട്ടി കൊന്നതായി അറിയാം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ചാർജിൽ രാഷ്ട്രീയമായ കാരണംകൊണ്ടാണെന്നു പറഞ്ഞിട്ടുണ്ടെങ്കിൽ രാഷ്ട്രീയക്കേസായി പരിഗണിച്ച് അതിൽപ്പെട്ട തടവുകാരെ മോചിപ്പിക്കുമോ?

ശ്രീ. എ. ജെ. ജാൺ : അവരെ മോചിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല. അവർ ചെയ്തതു കൊലപാതകമാണെന്ന് കോടതി പറഞ്ഞിട്ടുണ്ട്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ത്തുരനാട്ടു കേസിനു പ്രേരണ നൽകിയ ശ്രീ. ശങ്കരനാരായണൻതമ്പിയുടെ കേസ് പിൻവലിച്ചിട്ടില്ലേ?

ശ്രീ. എ. ജെ. ജാൺ : അതിനെ സംബന്ധിച്ച് മൂന്നു നാലു പ്രാവശ്യം അസംബ്ലിയിലെ പ്രസ്താവിച്ചിട്ടുള്ളതാണ്. അതിൽ കൂടുതലായി ഒന്നും പറയാനില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ആ കുററത്തിന് വ്യക്തമായി ചാർജ്ജുചെയ്ത ഒരാളെ വെളിയിലാക്കി മററുള്ളവരെ അകത്തിട്ടിരിക്കുന്നത് എന്തുകൊണ്ടാണ്?

ശ്രീ. എ. ജെ. ജാൺ : അവരെ ശിക്ഷിച്ചിട്ടുള്ളതുകൊണ്ടാണ്.

പോലീസ് ഇൻസ്പെക്ടറന്മാരെ പ്രതിയാക്കിയുള്ള കേസുകൾ.

* 214. [7] ശ്രീ. ആർ. പ്രകാശം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ നടപ്പുവർഷത്തിൽ പോലീസ് ഇൻസ്പെക്ടർമാരെ പ്രതിയാക്കി എത്ര കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്;

(ബി) പ്രസ്തുത കേസുകളുടെ സ്വഭാവമെന്താണ്;

(സി) കടയ്ക്കാവൂർ പോലീസ് ഇൻസ്പെക്ടർ മി. ലോപ്പസിനെ പ്രതിയാക്കി ഏതെങ്കിലും കേസ് ഫയ ചെയ്തിട്ടുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ആറ് കേസുകൾ.

(ബി) പ്രസ്തുത കേസുകളുടെ സ്വഭാവങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റുകൾ †മേശപ്പുറത്തു വച്ചിട്ടുണ്ട്.

(സി) ഉവ്വ്.

ശ്രീ. ആർ. പ്രകാശം: സി-യുടെ ഉത്തരം വ്യക്തമായില്ല. അതിന്റെ വിവരങ്ങൾ എന്താണെന്ന് പറഞ്ഞാൽ കൊള്ളാം.

Shri. A. J. John. A case was filed against Shri. Lopez, Sub-Inspector of Police, Kadakavoor by one Rajappan of Kilimanoor accused in Cr. No. 98|54 of Kadakavoor Station and the same is pending trial before the I Class Magistrate's Court Attingal as C. C. 1573|54 of the above court. The allegation was that the complainant Rajappan was assaulted by the S. I. of Police while he was in the custody of Kadakavoor Police.

ശ്രീ. ആർ. പ്രകാശം: മുൻ എം. എൽ. എ. ആർ. ഗംഗാധരൻ ഒരു കേസ് ഫയൽ ചെയ്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഉള്ളതായി കാണുന്നില്ല.

ശ്രീ. ആർ. പ്രകാശം: അവിടുത്തെ പഞ്ചായത്തുപ്രസിഡന്റ് ഒരു കേസ് ഫയൽ ചെയ്തിട്ടുണ്ടോ?

Shri A. J. John: Yes. The Kadakavoor Panchayat gave a prohibitory order against staging a drama at Kadakavoor since the tax due to Panchayat was not paid by the Convenor. The Panchayat called for the aid of Police to enforce section 81 of the Panchayat Act. A case was filed against Shri Lopez. S. I. Kadakavoor by Kadakavoor Panchayat for not rendering help to the Panchayat and the same is pending trial as C. C. 199|55 of the I Class Magistrate's Court, Attingal.

ശ്രീ. ആർ. പ്രകാശം: ടി സിനു് ആസ്പദമായ വിഷയത്തെപ്പററി പഞ്ചായത്തുപ്രസിഡന്റ് പഞ്ചായത്തുഡയറക്ടക്ക് പരാതി ബോധിപ്പിച്ചിട്ടില്ലേ?

ശ്രീ. എ. ജെ. ജോൺ: ഉണ്ടായിരിക്കും. എനിക്കു നിശ്ചയമില്ല.

Please See Appendix I.

ശ്രീ. ആർ. പ്രകാശം : അതിനെപ്പററി അന്വേഷിക്കുമോ?

ശ്രീ. എ. ജെ. ജോൺ : കേസു കൊടുത്ത സ്ഥിതിക്കു് അതിനെപ്പററി അന്വേഷണം നടത്തേണ്ട ആവശ്യമില്ല.

ശ്രീ. ആർ. പ്രകാശം : കേസുകൾ ഫയൽചെയ്യുന്നതിനു മുൻപു് ഗവണ്മെൻറിലേക്കു് പരാതിപ്പെട്ടിട്ടില്ലേ?

ശ്രീ. എ. ജെ. ജോൺ : കേസുകൊടുത്തു. അതുകൊണ്ടു് പിന്നീടു് അന്വേഷിക്കാൻ നിവൃത്തിയില്ലാതെവന്നു.

ശ്രീ. ആർ. പ്രകാശം : അതിനെപ്പററി ശരിക്കു മനസ്സിലാക്കുന്നതിനു് തീയതികൾ പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജോൺ : ആ വിവരം എൻെറ കൈവശമില്ല.

ശ്രീ. ആർ. പ്രകാശം : ആ പരാതികളെപ്പററി അന്വേഷിച്ചു് തക്ക സമയത്തു് നടപടികൾ എടുത്തിരുന്നുവെങ്കിൽ ഈ കേസുകൾ കൊടുക്കേണ്ടിവരികയില്ലായിരുന്നു എന്നു് ഗവണ്മെൻറിനു് അറിയാമോ?

ശ്രീ. എ. ജെ. ജോൺ : അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശാന്തിസേന.

* 215. [8] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ശാന്തിസേന' എന്ന പേരിൽ ഒരു സംഘടന രാജ്യത്തു ചില ക്ഷേത്രങ്ങളിൽ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ പ്രവൃത്തനമെന്താണു്;

(സി) പ്രസ്തുത സേനാരൂപീകരണത്തെക്കുറിച്ചും, പ്രവൃത്തനത്തെക്കുറിച്ചും അന്വേഷിക്കുവാൻ എല്ലാ പാർട്ടിയിലെ മെമ്പർമാരും അടങ്ങുന്ന ഒരുദ്യോഗസ്ഥസമിതിയെ നിയമിക്കുവാൻ ഗവണ്മെൻറു് ശ്രദ്ധിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : (എ) ശാന്തിസേന എന്ന പേരിൽ ഒരു സംഘടന ആരംഭിച്ചിട്ടില്ല. അങ്ങിനെ ചില സംഘടനകൾ ഉള്ളതായി ചില പത്രങ്ങളിൽ കണ്ടിട്ടുണ്ടു്.

(ബി, സി) അറിഞ്ഞുകൂടാ.

ശ്രീ. ആർ. പ്രകാശം : അന്തപ്പൻ എന്നൊരാൾ ക്യാപ്റ്റനായി ശാന്തിസേനാരൂപം കൊട്ടയത്തു പ്രവൃത്തിച്ചിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അറിവില്ല.

ശ്രീ. ആർ. പ്രകാശം: അന്തപ്പൻ കൊലനടത്തിയതായി പത്രത്തിൽ വായിച്ചിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല.

ശ്രീ. ആർ. പ്രകാശം : ശാന്തിസേനാരൂപീകരണം സംബന്ധിച്ച കാൺഗ്രസ്സ് സംഘടന ഒരു പ്രമേയം പാസ്സാക്കിയിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നോട്ടീസ്സു വേണം.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : എല്ലാ സംഘടനകളേയും പററി റിപ്പോർട്ടുചെയ്യാൻ പ്രത്യേകം പോലീസ് വകുപ്പില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പ്രത്യേകം അങ്ങിനെയില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ശാന്തിസേനയെപ്പററി റിപ്പോർട്ടു കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കിട്ടിയിട്ടുള്ളതായി അറിവില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ശാന്തിസേന രൂപീകരിച്ചിട്ട് എത്ര കാലമായി എന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : രൂപീകരിച്ചതായി അറിവില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : പത്രറിപ്പോർട്ടു കണ്ടിട്ട് എത്രകാലമായി?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കുറച്ചു ദിവസമായി.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : അതിനുശേഷം അതിനെപ്പററി പോലീസ് റിപ്പോർട്ട് ഒന്നും കിട്ടിയില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കിട്ടിയതായി ഓർമ്മക്കുന്നില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഏതു സംഘടനയുടെ നേതൃത്വത്തിലാണ് ശാന്തിസേന പ്രവത്തിക്കുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെ ഒന്നുണ്ടെന്ന് ശരിക്കറിയാൻ സാധിക്കാതിരിക്കുന്ന സ്ഥിതിക്ക് ഇതിനു മറുപടി പറയാൻ നിവൃത്തിയില്ല.

ശ്രീ. യു. നീലകണ്ഠൻ : പത്രറിപ്പോർട്ടുകൾ ഉണ്ടായിരുന്നതിനെപ്പററി, ഗവണ്മെൻറ് അന്വേഷിക്കയില്ലെന്നാണോ പറയുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അന്വേഷിക്കയില്ലെന്നു പറഞ്ഞതില്ല.

ശ്രീ. കെ. സി. ജാർജ്ജ് : പത്രത്തിൽ ഇങ്ങനെ ഒരു വാർത്ത കണ്ടതായി മുഖ്യമന്ത്രി പറഞ്ഞു. ഇങ്ങനെയുള്ള പരാതികളുടെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി അന്വേഷിക്കേണ്ടേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പരാതികൾ ഒന്നും വന്നിട്ടില്ല.

ശ്രീ. കെ. സി. ജാർജ്ജ് : മുഖ്യമന്ത്രി എന്ന നിലയിൽ ഇതിനെപ്പററി അന്വേഷിക്കേണ്ടതല്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇന്നു കേൾക്കുന്നതു് ഒരു പരാതിയാണെങ്കിൽ അന്വേഷിക്കാം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഈ ചോദ്യം അയച്ചശേഷം അന്വേഷണം നടത്തിയില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനുശേഷം കിട്ടിയ അറിവാണു് ഇവിടെ പറഞ്ഞതു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : കൂടുതൽ വിവരങ്ങൾ ഒന്നും കിട്ടിയിട്ടില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കിട്ടിയിട്ടില്ല.

ശ്രീ. പി. വി. അവിരാതരകൻ : ഈ സേന അപകടകരമാണെന്നു ഗവണ്മെൻറിനു അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പററി അറിവില്ലാതെ ഉത്തരം പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. വി. അവിരാതരകൻ : വെടിവയ്പ്പു നടത്തിയതായി പത്രത്തിൽ കണ്ടു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മുമ്പു പറഞ്ഞതിനു കൂടുതലായി എനിക്കൊന്നും അറിവില്ല.

ശ്രീ. പി. വി. അവിരാതരകൻ : അതിനെപ്പററി അന്വേഷിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അന്വേഷിക്കാം.

ശ്രീ. കെ. സി. ജാർജ്ജ് : ഇതു കമ്മ്യൂണിസ്റ്റു പാർട്ടിക്കു എതിരായിട്ടുള്ള ഒരു സേന അല്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കമ്മ്യൂണിസ്റ്റു പാർട്ടി തന്നെ ഇപ്പോൾ ഒരു സേനയാണല്ലൊ.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, ഒരു പായിൻറ് ആഫ് ആർഡർ. ഈ രാജ്യത്തു ഒരു പ്രത്യേക പാർട്ടിയുടെ നേതൃത്വത്തിൽ ശാന്തിസേന എന്നൊരു സംഘടന രൂപീകരിച്ചിട്ടുണ്ടെന്നും, അതു രാജ്യമൊട്ടാകെ വ്യാപിപ്പിക്കാൻപോകുന്നുവെന്നും, കവാത്തുമുറകളും മററും പരിശീലിപ്പിക്കുന്നുണ്ടെന്നും, സംഭ്രമജനകമായ ചില വാർത്തകൾ പത്രങ്ങളിൽ കാണുകയുണ്ടായി. ഈ സംഘടനകൾ രൂപീകരിക്കുന്നതു കാൺഗ്രസ്സിൻെറ ആജ്ഞിമുഖ്യത്തിലായതുകൊണ്ടു് മുഖ്യമന്ത്രിക്കു അതിനെപ്പററിയുള്ള വിവരങ്ങൾ എല്ലാം അറിയാമെന്നിരിക്കെ ആ കാര്യങ്ങൾ മുഴുവൻ മറച്ചുവച്ചുകൊണ്ടു് ഉത്തരം നൽകുന്നതു ശരിയാണോ ?

മി. സ്പീക്കർ : മുഖ്യമന്ത്രി ചോദ്യങ്ങൾക്കെല്ലാം മറുപടി പറഞ്ഞിട്ടുണ്ടു്. മറുപടിയിൽ നിന്നും അംഗങ്ങൾക്കു അനുമാനിക്കാവുന്നതു എന്തൊക്കെയാണോ അവയൊക്കെ അനുമാനിക്കാവുന്നതാണു്. ചോദ്യത്തിനുള്ള സമയം ഒരു വാദപ്രതിവാദത്തിനു് ഉപയോഗിക്കാൻ പാടില്ല.

ഹൈസ്കൂൾ ക്ലാസ്സുകളിൽ ഈടാക്കുന്ന ഫൈൻ.

*216. [9] ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) ഹൈസ്കൂൾ ക്ലാസ്സുകളിലെ defaulters fine 8 അണയിൽ നിന്നും രണ്ടണയായി കുറയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എത്ര നിവേദനങ്ങൾ ഗവണ്മെൻറിനു കിട്ടിയിട്ടുണ്ട്;

(ബി) കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഹൈസ്കൂൾ ക്ലാസ്സുകളിലെ ഫീസ് യഥാസമയം കൊടുക്കാതെയിരുന്നാൽ ഈടാക്കിവരുന്ന ഫൈൻ നിരക്ക് കുറയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ചില പ്രമേയങ്ങൾ കിട്ടിയിട്ടുണ്ട്.

(ബി) ഫൈൻനിരക്ക് അമിതമാണെന്നു തോന്നുന്നില്ല. അതുകൊണ്ടു കുറയ്ക്കേണ്ട കാര്യം ഗവണ്മെൻറ് ആലോചിച്ചിട്ടില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : ഏതെല്ലാം സംഘടനകളിൽനിന്നാണു പ്രമേയം കിട്ടിയിട്ടുള്ളത് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നോട്ടീസ് വേണം.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : ചില സംഘടനകളിൽ നിന്നും കിട്ടിയിട്ടുണ്ടെന്നു പറഞ്ഞു. അതു ഏതെല്ലാം സംഘടനകളിൽ നിന്നാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഫൈനിൻെറ കാര്യം സംബന്ധിച്ചാണു ചോദ്യം. അതുകൊണ്ട് സംഘടനകളെപ്പററിയുള്ള വിവരം ശേഖരിച്ചിട്ടില്ല.

ശ്രീ. പി. ആർ. മാധവൻപിള്ള : ഫൈൻ കുറവു ചെയ്യണമെന്നു ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതേപ്പററി ഇതേവരെ ആലോചിച്ചിട്ടില്ല. ഇനിമേൽ ആലോചിക്കാം.

ശ്രീ. പി. കെ. യശോധരൻ : ഇതിനെ സംബന്ധിച്ചു എത്ര നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നോട്ടീസ് വേണം.

റൂറൽ എൻ. ഇ. എസ്സ്. ബ്ലോക്കിലെ നിയമനം.

*217. [10] ശ്രീ. പി. കുഞ്ഞൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) തിരുവനന്തപുരം റൂറൽ എൻ. ഇ. എസ്സ്. ബ്ലോക്കിൽ സ്ഥിരലാവണത്തിലും കണ്ടിൻജൻസി ഇനത്തിലും എത്ര ഉദ്യോഗസ്ഥന്മാർ വീതമുണ്ട്;

(ബി) ഇതിൻെറ നിയമനം ഗവണ്മെൻെറാ, പബ്ലിക്ക് സർവ്വീസ് കമ്മീഷനോ എംപ്ലായ്മെൻറ് എക്സ്ചേഞ്ചോ ആരാണ് നടത്തിയതു;

(സി) എത്ര പട്ടികജാതിക്കാർക്ക് പ്രാതിനിദ്ധ്യം നൽകിയിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ബ്ലാക്കുകളും, പ്രാജക്റ്റുകളും, താൽക്കാലിക ഡിപ്പാർട്ടുമെൻറുകളാകയാൽ അവിടെയുള്ള എല്ലാ ഉദ്യോഗങ്ങളും താൽക്കാലിക ഇനത്തിൽ ഉൾപ്പെടുന്നു. കണ്ടിൻജസിയിൽ ഒരു ഉദ്യോഗസ്ഥൻ ഉണ്ട്.

(ബി) ബ്ലാക്കുകളിലും, പ്രാജക്റ്റുകളിലുമുള്ള എല്ലാ നിയമനങ്ങളും ഗവണ്മെൻറിനു നേരിട്ടു നടത്താമെന്നുള്ളതുകൊണ്ട് നിയമനങ്ങൾ എല്ലാം ഗവണ്മെൻറുതന്നെയാണു നടത്തിയതു്.

(സി) പട്ടി-ജാതിയിൽപ്പെട്ട ഒരാൾക്കു പ്രാതിനിദ്ധ്യം നൽകിയിട്ടുണ്ട്.

ശ്രീ. പി. കുഞ്ഞൻ: ഈ ബ്ലാക്കുകളിലേയും, പ്രാജക്റ്റുകളിലേയും നിയമനങ്ങൾ പൂർത്തിയായിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നിയമനം എല്ലാം കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ ഒഴിവുകൾ ഉണ്ടോ എന്നു് അറിഞ്ഞുകൂടാ.

നിയമനങ്ങൾ.

* 218. [11] ശ്രീ. പി. കുഞ്ഞൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ഏതെല്ലാം ഡിപ്പാർട്ടുമെൻറിലെ നിയമനങ്ങൾ എംപ്ലായ്മെൻറ് എക്സ്ചേഞ്ചിനു വിട്ടുകൊടുത്തിട്ടുണ്ട്;

(ബി) അങ്ങിനെ ചില നിയമനങ്ങൾ വിട്ടുകൊടുത്തതിൻെറ ശേഷം അതിനെ അവഗണിച്ചുകൊണ്ട് വല്ല നിയമനവും ഗവണ്മെൻറാ ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷന്മാരോ നടത്തിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഗവണ്മെൻറു ഡിപ്പാർട്ടുമെൻറുകളിൽ പബ്ലിക്ക് സർവീസ് കമ്മീഷൻെറ പരിധിയിൽപ്പെടാത്ത ഉദ്യോഗങ്ങളിലും, പബ്ലിക്ക് സർവീസ് കമ്മീഷൻ തിരഞ്ഞെടുക്കുവാൻ യോഗ്യതയുള്ള അപേക്ഷകരെ കിട്ടാതെവരുന്ന ഉദ്യോഗങ്ങളിലും, നിയമനം നടത്തുന്നതു് എംപ്ലായ്മെൻറ് എക്സ്ചേഞ്ച് മുഖേന ആയിരിക്കണമെന്നു നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഇല്ല; എന്നാൽ എംപ്ലായ്മെൻറ് എക്സ്ചേഞ്ചി നിന്നും നിയമാനുസരണം ഉദ്യോഗാർത്ഥികളെ ലഭിക്കുവാൻ ഇടയാകാതെ വന്നിട്ടുള്ള സന്ദർഭങ്ങളിലും, സർവീസിൻെറ അത്യാവശ്യകതയെ പരിഗണിച്ച് പബ്ളിക്ക് സർവീസ് കമ്മിഷൻ കൺസൾട്ടേഷൻ നാലാംറിപ്പോർട്ടിലേക്കു നിർദ്ദേശിക്കപ്പെട്ടിട്ടുള്ള താൽക്കാലിക നിയമനങ്ങൾ വേണ്ടിവരുന്ന അവസരങ്ങളിലും എംപ്ലായ്മെൻറ് എക്സ്ചേഞ്ച് മുഖേനയല്ലാതെ ചില നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

ശ്രീ. പി. കുഞ്ഞൻ: മററു ഡിപ്പാർട്ടുമെൻറുകളിലെ കണ്ടിൻജൻസി നിയമനങ്ങൾ നടത്തുന്നതു ആരാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതാതു ഡിപ്പാർട്ടുമെൻറു ഹെഡ്ഡാണെന്നാണു തോന്നുന്നതു്.

ശ്രീ. പി. കുഞ്ഞൻ : ചില ഡിപ്പാർട്ട്മെൻറുകളിലെ കണ്ടിൻജൻസി നിയമനങ്ങൾ മാത്രമെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽനിന്നും നടത്തുന്നുള്ളു എന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കണ്ടിൻജൻസി കഴിച്ചുള്ള നിയമനങ്ങൾ പബ്ളിക്ക് സർവ്വീസ് കമ്മീഷനാണു നടത്തുന്നത്.

ശ്രീ. കെ. എസ്. കൃഷ്ണശാസ്ത്രി : ഹൗസിംഗ് സ്കീം, ടാൻസ്ലോട്ട് പി. ഡബ്ളിയു. ഡി. വർക്ക് എസ്റ്റാബ്ളിഷ്മെൻറ് മുതലായ സ്ഥലങ്ങളിൽ ഡിപ്പാർട്ടുമെൻറ് മേലദ്ധ്യക്ഷന്മാർ നിയമനം നടത്തുന്നതായി അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടെന്നാണു തോന്നുന്നത്.

ശ്രീ. കെ. എസ്. കൃഷ്ണശാസ്ത്രി : ഈ നിയമനങ്ങൾ പബ്ളിക്ക് സർവീസ് കമ്മീഷൻ നിയമനങ്ങൾക്കു വിധേയമായി നടത്തുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആലോചിക്കാം.

പുറമ്പോക്കുഭൂമികൾ.

* 219. [12] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഗവണ്മെൻറുവക പുറംപോക്കുഭൂമികൾ പതിച്ചുകൊടുക്കുന്ന ഏർപ്പാടുകൾ ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നുണ്ടോ;

(ബി) ഈ വർഷത്തിൽ ആകെ എത്ര ഏക്കർ ഭൂമി പതിച്ചുകൊടുത്തിട്ടുണ്ട്; ഏതു്തടിസ്ഥാനത്തിൽ;

(സി) കൃഷിഭൂമിയും പാർപ്പിടവുമില്ലാത്ത കർഷകക്ക് കഴിയുന്നതും വേഗത്തിൽ പുറമ്പോക്കുഭൂമികൾ പതിച്ചുകൊടുക്കുന്ന ഏർപ്പാട് പൂർത്തിയാക്കുവാൻ ഗവണ്മെൻറു ശ്രമിക്കുമോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൻ) :

(എ) പുറമ്പോക്കുഭൂമികൾ പതിച്ചുകൊടുക്കുന്ന നടപടി ഇപ്പോൾ നിറുത്തിവച്ചിരിക്കുകയാണ്. എന്നാൽ, പൊതു ഉപയോഗത്തിന് ആവശ്യമില്ലാത്ത പുറമ്പോക്കു ഭൂമികൾ കുത്തകപ്പാട്ടവ്യവസ്ഥയിൽ കൊടുക്കുന്നുണ്ട്.

(ബി) പുറമ്പോക്കു ഭൂമി പതിച്ചുകൊടുത്തിട്ടില്ല. കുത്തകപ്പാട്ടവ്യവസ്ഥയിൽ കൊടുത്തിട്ടുള്ള ഭൂമിയുടെ വിവരങ്ങൾ ശേഖരിച്ചു വരുന്നതേയുള്ളു.

(സി) അതിനെപ്പററി ആലോചിക്കാം.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : കുത്തകപ്പാട്ടവ്യവസ്ഥയിൽ പതിച്ചുകൊടുക്കുന്നതു എത്ര വർഷത്തേയ്ക്കാണ്?

ശ്രീ. എ. ജെ. ജാൻ : പതിച്ചുകൊടുക്കുകയല്ല; അഞ്ചുകൊല്ലം, പത്തുകൊല്ലം, പന്ത്രണ്ടുകൊല്ലം, ഇരുപതുകൊല്ലം ഇങ്ങനെ ചില കാലവധിവച്ചു കുത്തകപ്പാട്ടത്തിനു കൊടുക്കുകയാണു ചെയ്യുന്നത്.

ശ്രീ. സി. എ. മാത്യു : കിടപ്പാടമില്ലാത്തവർ അപേക്ഷിച്ചാൽ സ്ഥലം പതിച്ചു കൊടുക്കുമെന്നു ഗവണ്മെൻറ് പരസ്യം ചെയ്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൻ : ഇല്ലാ എന്നാണ് തോന്നുന്നത്.

ശ്രീ. പ്രാക്കുളം ഭാസി : പഞ്ചായത്തു അതിർത്തിയിലുള്ള പുറമ്പോക്കു ഭൂമികൾ പഞ്ചായത്തിൽനിന്നും പതിച്ചുകൊടുക്കാൻ ഗവണ്മെൻറ് ആലോചിക്കുമോ?

ശ്രീ. എ. ജെ. ജാൻ : അതിനെപ്പററി ആലോചിക്കാം.

ശ്രീ. പി. ആർ മാധവൻപ്പിള്ള : ഭൂമിയില്ലാത്ത കൃഷിക്കാർക്ക്, അമിതമായി ഭൂമിയുള്ളവരിൽതന്നെ കുത്തകപ്പാട്ടവ്യവസ്ഥയിൽ ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്നവരിൽനിന്നും, ഭൂമിയെടുത്തു കുത്തകപ്പാട്ടമായി പതിച്ചുകൊടുക്കുമോ?

ശ്രീ. എ. ജെ. ജാൻ : പതിവു ഏർപ്പാടു നിറുത്തിവച്ചിരിക്കുകയാണ്. പൊതുആവശ്യത്തിനു സ്ഥലം വേണമെങ്കിൽ മാത്രമെ ഒഴിപ്പിക്കുകയൊള്ളു.

ശ്രീ. പി. ആർ. മാധവൻപിള്ള : ഒരു രൂപാ ഒൻപതണമാത്രമെ ഏക്കറിന് നികുതി കൊടുക്കേണ്ടതായ്ട്ടുള്ളു. കുത്തകപ്പാട്ടത്തിന് ആറും, നൂററിയൻപതും, ഇരുന്നൂറും രൂപവരെ കൊടുക്കേണ്ടതായി വരുന്നതു കൊണ്ടു സാധുക്കൾ വളരെ ബുദ്ധിമുട്ടുന്നുണ്ടെന്നറിയാമോ?

ശ്രീ. എ. ജെ. ജാൻ : ഒരു രൂപ ഒൻപതണ ബേസിക് ടാക്സാണ്. കുത്തകപ്പാട്ടത്തിനു നല്കപ്പെടുന്ന ഭൂമികൾക്ക് കുത്തകപ്പാട്ടനിയമം അനുസരിച്ചാണ് നികുതി ഈടാക്കുന്നത്.

ശ്രീ. പി. ആർ. മാധവൻപിള്ള : ഭൂമിയില്ലാത്ത കർഷകരെത്തൊഴിലാളികൾക്കും കുത്തകപ്പാട്ടവ്യവസ്ഥയിൽ മാത്രമേ ഭൂമി പതിച്ചുകൊടുക്കുകയുള്ളോ?

ശ്രീ. എ. ജെ. ജാൻ : ഗവണ്മെൻറിന്റെ നയം; 12 കൊല്ലം, 20 കൊല്ലം എന്നിങ്ങനെ ചില കാലാവധി വച്ചു കുത്തകപ്പാട്ടത്തിനു ഭൂമി കൊടുക്കുകയെന്നതാണ്. പതിവ് ഇപ്പോൾ നിറുത്തിവച്ചിരിക്കുകയാണെന്നു പറഞ്ഞു.

ശ്രീ. പി. ആർ. മാധവൻപിള്ള : ഭാരിച്ച കുത്തകപ്പാട്ടം കുറവു ചെയ്യുമോ?

ശ്രീ. എ. ജെ. ജാൻ : കുത്തകപ്പാട്ടം സംബന്ധിച്ചു പ്രത്യേകം നിയമമുണ്ട്. അതിനു മാററം വരുത്താതെ ഒന്നും ചെയ്യാൻ സാധിക്കുകയില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ടു : പഞ്ചായത്തു അതിർത്തിയിലുള്ള പുറമ്പോക്കുഭൂമികൾ പഞ്ചായത്തിനു വിട്ടുകൊടുക്കുമോ?

ശ്രീ. എ. ജെ. ജാൻ : ആലോചിക്കാം.

ശ്രീ. ടി. കെ. ദിവാകരൻ : ദീർഘകാലത്തെ കാലാവധിയിൽ വളരെയധികം സ്ഥലം കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുണ്ടെങ്കിൽ അതു ഭൂമിയില്ലാത്തവർക്കു പതിച്ചുകൊടുക്കുമോ?

ശ്രീ. എ. ജെ. ജാൺ : അതിന്ന് പൊതുവായ ഒരു സമാധാനം പറയാൻ നിവൃത്തിയില്ല. ചില പ്രത്യേകകാരണങ്ങളാൽ, മുന്നവശവും ഒരാളുടെ ഭൂമി ആയിരിക്കുകയും, അതിനോടു തൊട്ടു കുറെ പുറമ്പോക്കു ഭൂമി ഉണ്ടായിരിക്കുകയും ചെയ്താൽ അതു കാലാവധി വയ്ക്കാതെ കുത്തകപ്പാട്ടത്തിന്ന കൊടുത്തെന്നുവരാം. അങ്ങനെ കൊടുത്തിട്ടുള്ളതു തിരിയെ എടുക്കുന്നതു ശരിയായിരിക്കുകയില്ല.

ശ്രീ. ടി. കെ. ദിവാകരൻ : പുനലൂർ, ഉറകുന്ന എന്ന സ്ഥലത്തു ശ്രീ. തങ്ങൾകുഞ്ഞുമുസലിയാക്കു പതിച്ചു കൊടുത്തിട്ടുള്ള പതിനായിരത്തിനു പരം ഏക്കർ സ്ഥലം സാധാരണക്കാരായ കൃഷിക്കാക്കു പതിച്ചുകൊടുക്കുമോ?

ശ്രീ. എ. ജെ. ജാൺ : അതിനെപ്പററി ആലോചിക്കാവുന്നതാണ്.

ശ്രീമതി കെ. ആർ. ഗൗരി : കുത്തകപ്പാട്ടഭൂമികൾക്കു ഒരു ഹെയർ റെൻറ ഏർപ്പെടുത്താൻ ഗവണ്മെൻറ ആലോചിക്കുമോ?

ശ്രീ. എ. ജെ. ജാൺ : ഹെയർ റെൻറ എന്തായിരിക്കണമെന്നു ഇതേവരെ തീരുമാനിച്ചിട്ടില്ല.

ശ്രീ. പി. ഒ. മക്കോസ് : വളരെക്കാലമായി പുറമ്പോക്കു സ്ഥലങ്ങളിൽ താമസിക്കുന്ന സാധുക്കൾക്കു ആ സ്ഥലം സൗജന്യമായി പതിച്ചു കൊടുക്കുമോ?

ശ്രീ. എ. ജെ. ജാൺ : അങ്ങനെ പതിച്ചു കൊടുക്കാൻ നിവൃത്തിയില്ല.

ശ്രീ. സി. എ. മാത്യു : പുറമ്പോക്കുസ്ഥലങ്ങളിൽ താമസിക്കുന്ന ഭൂമിയില്ലാത്തവരെ കുടിയിറക്കാതിരിക്കുമോ?

ശ്രീ. എ. ജെ. ജാൺ : താമസിക്കാൻ ഭൂമിയില്ലാത്തവരെ കുടിയിറക്കരുതെന്നാണ് ഗവണ്മെൻറിന്റെ നയം. പുറമ്പോക്കു സ്ഥലങ്ങളിൽ ഗവണ്മെൻറ അനുവാദം കൂടാതെ ബലാൽക്കാരമായി പ്രവേശിച്ചിട്ടുള്ളവരെയാണു ഇറക്കിവിടുന്നതു്.

ശ്രീ. എൻ. പരമേശ്വരൻപിള്ള : പുറമ്പോക്കു സ്ഥലങ്ങൾ സഹകരണസംഘങ്ങൾക്കു് സൗജന്യവ്യവസ്ഥയിൽ പതിച്ചുകൊടുക്കുമോ?

ശ്രീ. എ. ജെ. ജാൺ : സഹകരണസംഘങ്ങളാണെന്നുള്ള ഒററക്കാരണംകൊണ്ടു അങ്ങനെചെയ്യാൻ നിവൃത്തിയില്ല.

ശ്രീ. എൻ. പരമേശ്വരൻപിള്ള : അതിന്ന അനുകൂലമായ വ്യവസ്ഥയുണ്ടാക്കാമോ?

ശ്രീ. എ. ജെ. ജാൺ: അതിനുവേണ്ടി പുതിയ നിയമമൊന്നും ഉണ്ടാക്കാൻ സാദ്ധ്യമല്ല. കുത്തകപ്പാട്ടവ്യവസ്ഥയനുസരിച്ചുമാത്രമേ എന്തെങ്കിലും ചെയ്യാൻ നിവൃത്തിയുള്ളു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: പുറമ്പോക്കുസ്ഥലങ്ങൾ കാളനൈസേഷൻ പദ്ധതിയനുസരിച്ചു് പതിച്ചുകൊടുക്കുമോ?

ശ്രീ. എ. ജെ. ജാൻ: കുത്തകപ്പാട്ടവ്യവസ്ഥയനുസരിച്ച് പതിച്ചു കൊടുക്കും. പന്ത്രണ്ടോ, ഇരുപതോ കൊല്ലത്തെ കാലാവധിവച്ചാണ് കൊടുക്കുന്നത്. വസ്തുവിന്റെ ഉടമസ്ഥാവകാശം ഗവണ്മെൻറിനായിരിക്കും.

വർക്ക്സ് കമ്മിററി പാസ്സാക്കി അയച്ച പണികൾ.

* 220. [13] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഈ സാമ്പത്തിക വർഷത്തിൽ മുകുന്ദപുരം സബ്ഡിവിഷൻ വർക്ക്സ്കമ്മിററി തെരഞ്ഞെടുത്തു പാസ്സാക്കി അയച്ച എല്ലാ വർക്കുകളുടെയും പണി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം പണികൾ ആരംഭിച്ചിട്ടില്ല; കാരണം എന്ത്;

(ബി) പടിയൂർ പഞ്ചായത്തിൽപ്പെട്ട കണ്ടൻകുളം കേടുതീർത്ത് ഉപയോഗപ്രദമാക്കുന്നതിന് ഗവണ്മെൻറിനോട് ആവശ്യപ്പെട്ടിട്ട് അതു ചെയ്യാതിരിക്കുന്നതിന് വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഒരു പണിയും ആരംഭിച്ചിട്ടില്ല. 1954–55 സാമ്പത്തിക വർഷത്തിൽ പുതിയ വേലകൾക്കൊന്നിനും ബഡ്ജററിൽ തുക കൊള്ളിച്ചിരുന്നില്ല. ജോലി ആരംഭിച്ച് പൂർത്തിയാകാതുള്ള പണികൾക്കു മാത്രമേ ബഡ്ജററിൽ തുക കൊള്ളിച്ചിരുന്നുള്ളൂ.

(ബി) ഇല്ല. മേൽ പറഞ്ഞതുപോലെ ബഡ്ജററിൽ തുക കൊള്ളിക്കാൻ സാദ്ധ്യമാകാതിരുന്നതിനാൽ ഈ പദ്ധതിയും ആരംഭിക്കുവാൻ കഴിഞ്ഞില്ല.

മിനിമം വേജസ്.

* 221. [14] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈവററ് മോട്ടാർ തൊഴിലാളികളുടെ മിനിമംവേജസ് എന്നു മുതലാണ് നടപ്പിൽ വന്നത്; നിശ്ചിത തീയതിമുതൽ മോട്ടാർ ഉടമകൾ മിനിമംവേജസ് നടപ്പിൽ വരുത്തിയിട്ടുണ്ടോ; നടപ്പിൽ വരുത്താത്ത മുതലാളിമാരുടെമേൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ;

(ബി) ഈ മിനിമം വേജസ് സംബന്ധിച്ച നോട്ടിഫിക്കേഷനിൽ തൊഴിലാളികൾ എത്ര മണിക്കൂർ ജോലി ചെയ്യണമെന്നാണ് വ്യവസ്ഥ; അതിൽ കൂടുതൽ സമയം ജോലി ചെയ്യിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(സി) തിരുവനന്തപുരം, നെയ്യാററിൻകര മുതലായ താലൂക്കുകളിലെ പ്രൈവററ് മോട്ടാർ തൊഴിലാളികൾ 1955 ഫെബ്രുവരി 15-ാംനു-മുതൽ പണിമുടക്ക് നടത്തുകയുണ്ടായോ; എന്തെല്ലാം ആവശ്യങ്ങൾ അനുവദിച്ചുകിട്ടാൻ വേണ്ടിയാണ് പണിമുടക്കു നടന്നത്; ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് തൊഴിലാളിയൂണിയൻ ആദ്യം മെമ്മോറാണ്ടം കൊടുത്തതെന്നാണ്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പബ്ലിക്ക് മോട്ടാർ ട്രാൻസ്പോർട്ട് തൊഴിലാളികളുടെ മിനിമം വേജസ് 15-10-54 മുതലാണ് നടപ്പിൽ വന്നത്. ഈ തീയതി മുതൽ മോട്ടാർ ഉടമകൾ മിനിമംവേജസ് നടപ്പിലാക്കിയിട്ടുണ്ടെന്നാണറിവ്.

(ബി) മിനിമംവേജസ് നോട്ടിഫിക്കേഷൻ അനുസരിച്ച് തൊഴിലാളികൾ എട്ടു മണിക്കൂർ ജോലി ചെയ്യണമെന്നാണ് വ്യവസ്ഥ. ഈ എട്ടുമണിക്കൂർസമയം ഡ്യൂട്ടി സമയമാണോ അഥവാ വണ്ടിഓടിക്കുന്ന സമയമാണോ എന്നതിനെപ്പററി തർക്കമുണ്ടായിട്ടുണ്ട്. അതു് തൊഴിലാളിത്തർക്ക കോടതിയുടെ തീരുമാനത്തിനായി വിട്ടിരിക്കയാണ്.

(സി) പണിമുടക്ക് നടക്കുകയുണ്ടായി. താഴെ പറയുന്ന ആവശ്യങ്ങൾ അനുവദിച്ചുകിട്ടുവാൻവേണ്ടിയാണ് പണിമുടക്ക് നടന്നത്.

1. പിരിച്ചുവിട്ട തൊഴിലാളികളെ തിരിച്ചെടുക്കുക.
2. ശമ്പളത്തോടുകൂടിയ അവധി നൽകുക.
3. ഗ്രാററുവിററി അനുവദിക്കുക.
4. 1127, 1128, 1129 എന്നീ വർഷങ്ങളിലേക്ക് ബോണസ്സ് അനുവദിക്കുക.
5. ജോലിസമയം കുറച്ചുകൊടുത്തുക.
6. യൂണിയൻ ആദ്യം മെമ്മോറാണ്ടം കൊടുത്തതു് 11-11-54-ആണ്.

ശ്രീ. ടി. എ. മജീദ്: എല്ലാ മുതലാളിമാരും, 11-11-54 മുതൽ മിനിമം വേജസ് നടപ്പിലാക്കിയിട്ടുണ്ടെന്നാണോ പറയുന്നത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയാണറിയുന്നത്. എന്നാലും, അങ്ങനെ എല്ലാ മുതലാളിമാരും മിനിമം വേജസ് കൊടുക്കുന്നില്ലെന്ന് ബഹുമാനപ്പെട്ട മെംബർ ഒരു കത്തയച്ചിട്ടുള്ളതു് അന്വേഷണത്തിനയച്ചിരിക്കുകയാണ്.

ശ്രീ. ടി. പി. സീതാരാമൻ: മിനിമംവേജസ് നടപ്പിലാക്കാത്തതു മൂലം സ്ട്രൈക്കുനടത്തിയ തൊഴിലാളികളെ സീനിയാറിട്ടി വകവയ്ക്കാതെ പിരിച്ചുവിട്ടിട്ടുള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മിനിമംവേജസ് സംബന്ധിച്ചുണ്ടായ സ്ട്രൈക്കുകളെ തുടർന്ന് സീനിയാറിട്ടി വകവയ്ക്കാതെ തൊഴിലാളികളെ പിരിച്ചുവിട്ടതായി പരാതിയുണ്ട്. ഒരു പുതിയ നിയമം നടപ്പിലാകുമ്പോൾ പെട്ടെന്നൊരു റീ ആക്ഷൻ ഉണ്ടാകാറുണ്ട്.

ശ്രീ. ടി. പി. സീതാരാമൻ: സീനിയാറിട്ടി നോക്കാതെ പിരിച്ചുവിട്ടതിനുശേഷവും കൺസിലിയേഷൻ യാതൊരു തീരുമാനവും എടുത്തിട്ടില്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അന്വേഷിക്കാം.

ശ്രീ. പി. കെ. യശോധരൻ: സ്വരാജ് മോട്ടാർ ഉടമസ്ഥൻ മിനിമം വേജസ് സ്വീകരിക്കാൻ നിവൃത്തിയില്ലെന്നു കത്തയച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അയച്ചിട്ടുള്ളതായി അറിവില്ല.

ശ്രീ. പി. ആർ. മാധവൻപിള്ള: മിനിമം വേജസ് ആക്റ്റ് അംഗീകരിച്ചതിനുശേഷം, അദ്ധ്വാനഭാരം വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് തൊഴിലാളികളുടെ പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ പരാതിയുള്ളതായി അറിവില്ല.

പുതിയ വ്യവസായങ്ങൾ.

* 222. [15] ശ്രീ. വി. ശ്രീധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാംപഞ്ചവത്സരപദ്ധതിയനുസരിച്ച് ഈ സംസ്ഥാനത്ത് പുതിയ വ്യവസായങ്ങൾ വല്ലതും ആരംഭിക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര വ്യവസായങ്ങൾ, എവിടെയെല്ലാമാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) മൊത്തം എന്തു ചിലവുവരും?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) രണ്ടാംപഞ്ചവത്സരപദ്ധതിയനുസരിച്ച് ഈ സംസ്ഥാനത്തു പുതിയ വ്യവസായങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഈ വിവരങ്ങൾ ഈ പദ്ധതികളെപ്പററി അവസാന തീരുമാനം എടുത്തതിനു ശേഷമെ നൽകാൻ സാദ്ധ്യമാകുകയുള്ളുവെങ്കിലും വ്യവസായത്തിനെപ്പററി വാദപ്രതിവാദം നടത്തുന്ന സന്ദർഭത്തിൽ കൂടുതൽ വിവരങ്ങൾ നൽകിക്കൊള്ളാം.

(സി) ചോദ്യം ഉദിക്കുന്നില്ല.

സ്പോർട്ട്സ്.

* 223. [17] ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്ട്സ് അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി ഗവണ്മെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ഈ കാര്യത്തിനു വേണ്ടി ഗവണ്മെന്റ് ചെലവഴിച്ച തുകയെന്താണ്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) സ്പോർട്ട്സ് അഭിവൃദ്ധിപ്പെടുത്തുന്നതിനു വേണ്ടി ഗവണ്മെന്റ് ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ 5 കൊല്ലങ്ങളിൽ 83,250 രൂപ ചെലവാക്കിയിട്ടുണ്ട്.

ശ്രീ. പി. കെ. യശോധരൻ : എന്തു നടപടികളാണെടുത്തിട്ടുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തിരുവിതാംകൂർ–കൊച്ചി അതലററിക് അസോസിയേഷൻ, തിരുവിതാംകൂർ-കൊച്ചി ഒളിമ്പിക്സ് അസോസിയേഷൻ, ക്രിക്കററ് അസോസിയേഷൻ, തിരുവിതാംകൂർ–കൊച്ചി ടേബിൾ ടെന്നീസ്, ലാൺ ടെന്നീസ്, സ്പോർട്ട്സ് കമ്മിററി, വോളിബോൾ അസോസിയേഷൻ, ടെന്നിസ് ക്ലബ്ബ്, ഫുഡ്ബാൾ അസോസിയേഷൻ, ആറന്മുള ബോട്ടുറേസ്, ചമ്പക്കുളം ബോട്ടുറേസ്, അകപ്പാററിക് അസോസിയേഷൻ എന്നീ സ്പോർട്സ് സംഘടനകൾക്ക് സഹായധനം നൽകുന്നുണ്ട്.

ശ്രീ. പി. കെ. യശോധരൻ : ഗണ്യമായ സഹായധനം നൽകി സ്പോർട്ട്സ് അഭിവൃദ്ധിപ്പെടുത്താൻ ശ്രമിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ കാര്യത്തിൽ മെംബറുടെ അഭിപ്രായംതന്നെയാണ് ഗവണ്മെൻറിനുമുള്ളതു്.

ശ്രീ. ടി. വി. തോമസ് : വായിച്ച സംഘടനകൾക്ക് എന്തു സഹായധനം നൽകിയിട്ടുണ്ട്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : 83,250 രൂപ.

ശ്രീ. ടി. വി. തോമസ് : ഓരോ സംഘടനയ്ക്കും കൊടുത്തിട്ടുള്ള തെത്രയെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നോട്ടീസ് വേണം.

ശ്രീ. സി. എ. മാത്യു : സഹായധനം വാങ്ങുന്ന സംഘടനകൾ ആതുക വേണ്ടതുപോലെ വിനിയോഗിക്കുന്നില്ലെന്നു പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പരാതിയുള്ളതായി അറിവില്ല.

ശ്രീ. ടി. വി. തോമസ് : ഈ കാര്യത്തിനുവേണ്ടി ബഡ്ജററിൽ അൻപതിനായിരം രൂപ മാത്രമെ മാററിവച്ചിട്ടുള്ളു എന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മതിയാകുന്നില്ലെങ്കിൽ കൂടുതൽ അനുവദിക്കാവുന്നതാണ്.

ശ്രീ. പി. കെ. യശോധരൻ : ഈ സഭയിലെ മുന്നൂറ്റമ്പതംഗങ്ങളെ നാമനിർദ്ദേശം ചെയ്തു് ഒരു ബോർഡ് രൂപീകരിക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആവശ്യമുണ്ടെങ്കിൽ അങ്ങനെ ചെയ്യാം.

ശ്രീ. ടി. പി. സീതാരാമൻ : ഈ സഭയിലെ അംഗങ്ങളുടെ ഇടയിൽ ഒരു ക്രിക്കററ് മാച്ച് നടത്താൻ വേണ്ട ധനസഹായം ചെയ്യുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ക്രിക്കററ് മാച്ചല്ല വേറെ പല മാച്ചും നടത്താം.

റബ്ബർ തോട്ടങ്ങൾ.

* 224. [18] ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) തിരുവിതാംകൂർ-കൊച്ചിയിലെ റബ്ബർതോട്ടങ്ങളിൽ നിന്ന് ആകെ ഒരുകൊല്ലം ഉൽപ്പാദിപ്പിക്കുന്ന റബ്ബറെത്ര; (Say quantity produced during 1953-54);

(ബി) 1953–54 സാമ്പത്തികവർഷത്തിൽ തിരുവിതാംകൂർ-കൊച്ചിയിലിറക്കുമതി ചെയ്തിട്ടുള്ള Rubber goods എത്ര രൂപയ്ക്കുവരും;

(സി) പ്രസ്തുതകൊല്ലം തിരുവിതാംകൂർ-കൊച്ചി സ്റ്റോറേജ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറ് വാങ്ങിയിട്ടുള്ള റബ്ബർ സാധനങ്ങളുടെ മൊത്തവില എത്ര ;

(ഡി) തിരുവിതാംകൂർ-കൊച്ചിയിലെ റബ്ബർഫാക്ടറി 1953-54 വർഷത്തിൽ സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടി വാങ്ങിയിട്ടുള്ള റബ്ബറിൻെറ അളവെത്ര ; അതിൽ ഇവിടത്തെ റബ്ബർ വാങ്ങിയതെത്ര?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) തിരുവിതാംകൂർ–കൊച്ചിയിലെ റബ്ബർ തോട്ടങ്ങളിൽ നിന്നും ആകെ ഒരു കൊല്ലം ഉൽപ്പാദിപ്പിക്കുന്നതു് 17,711 ടൺആണ്.

(ബി) 1953–54 സാമ്പത്തികവർഷത്തിൽ തിരുവിതാംകൂർ–കൊച്ചിയിൽ ഇറക്കുമതി ചെയ്തിട്ടുള്ള റബ്ബറിൻെറ കണക്കു കിട്ടിയിട്ടില്ല. കണക്ക് ഗവണ്മെൻറിൻെറ കൈവശമില്ല.

(സി) പ്രസ്തുതകൊല്ലം തിരുവിതാംകൂർ–കൊച്ചി ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറ വാങ്ങിയിട്ടുള്ള റബ്ബർസാധനങ്ങളുടെ മൊത്തവില 9,55,453 രൂപ 7 ണ. 3 പൈ. ആണ്.

(ഡി) തിരുവിതാംകൂർ റബ്ബർ ഫാക്ടറിയിൽ 1953–54 സാമ്പത്തികവർഷത്തിൽ വാങ്ങിയിട്ടുള്ള റബ്ബറിൻെറ അളവ് 162 ടൺ, 1810 പൗണ്ട്. അതിൽ ഇവിടത്തെ റബ്ബർ 125 ടൺ, 1398 പൗണ്ട് ആണ്.

വാടകക്കെട്ടിടങ്ങളിൽ നടത്തുന്ന ഗവണ്മെൻറ ആഫീസുകൾ.

* 225. [19] ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തിരുവിതാംകൂർ–കൊച്ചിയിൽ ഗവണ്മെൻറാഫീസുകളും മററു സ്ഥാപനങ്ങളും നടത്തുന്നതിന് വാടകക്കെട്ടിടങ്ങൾ ഉപയോഗിക്കുന്നുണ്ടോ ;

(ബി) ആകെയുള്ള വാടകക്കെട്ടിടങ്ങളുടെ വാടകത്തുക എന്താണ് ;

(സി) നെടുമങ്ങാടുതാലൂക്കിൽ മാത്രം വാടകയിനത്തിൽ എന്തുതുക ചെലവഴിക്കുന്നു : വാടകക്കെട്ടിടങ്ങൾ എത്ര?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ഉണ്ട്.

(ബി) പ്രതിമാസം 47,050 രൂപ.

(സി) പ്രതിമാസം 328 രൂപ വാടകയ്ക്കുവേണ്ടി ചെലവഴിക്കുന്നു. വാടകക്കെട്ടിടങ്ങൾ 40 എണ്ണമാണ്.

N. E. S. Blocks.

*226. [20] **Shri K. Sattanatha Karayalar:** Will the Chief Minister be pleased to state:

(*a*) the number of places where National Extension Service Blocks are to be opened this year; and

(*b*) the amount that is to be spent under this head ?

Chief Minister **(Shri Panampilli Govinda Menon):** (*a*) The number will depend upon the number of blocks allotted to the State by the Government of India. Information regarding the allotment of blocks has not been received so far. It is expected it will be received in the month of July. Besides the blocks already opened, one more block will be opened shortly at Kottarakara attached to the Training centre there.

(*b*) Rs. 7½ lakhs in each taluk.

Shri K. Sattanatha Karayalar: May I know how are these blocks chosen?

Shri Panampilli Govinda Menon: As far as possible, they are distributed evenly within the State.

Shri K. Sattanatha Karayalar: Have the Government chosen any block as the development block?

Shri Panampilli Govinda Menon: No. The Planning Commission obtained administrative sanction for raising all the N. E. S. Blocks into development blocks based upon the performances during the year, and we have not been able to qualify ourselves for that.

Shri K. Sattanatha Karayalar: May I know the reason why we are not qualified?

Shri Panampilli Govinda Menon: One reason which appears to me is the lack of capital and suitable site rather than performances which is contemplated in the syllabus.

Working Journalists.

*227 [21] **Shri K. Sattanatha Karayalar:** Will the Chief Minister be pleased to state the steps the Government intend to take to improve the conditions of working journalists in this State ?

Chief Minister **(Shri Panampilli Govinda Menon):** The recommendations of the Press Commission in respect of the service conditions of working journalists are being considered by the Government of India in consultation with the State Governments and a uniform policy is likely to be adopted throughout India. This Government will fall in with the decision of the Government of India.

ശ്രീ. പ്രാക്കുളം ഭാസി : സ്റ്റേറ്റ്ഗവണ്മെൻറിൽ നിന്നും എന്തെങ്കിലും നിർദ്ദേശം സെൻട്രൽ ഗവണ്മെൻറിന് അയച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ നിർദ്ദേശങ്ങൾ അയച്ചിട്ടുണ്ടോ എന്നു പറയാൻ നോട്ടീസുവേണം.

ശ്രീ. പ്രാക്കുളം ഭാസി : അവിടെ നിന്നും ആവശ്യപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നോട്ടീസുവേണം.

ശ്രീ. ടി. കെ. ദിവാകരൻ : മുൻ മന്ത്രിയായിരുന്ന ശ്രീ. ടി. എം. വർഗ്ഗീസ് ഈ കാര്യം സംബന്ധിച്ചു നൽകിയിരുന്ന വാഗ്ദാനങ്ങൾ പാലിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനു ശേഷം ഉണ്ടായ ഡവലപ്മെൻറ്സ് ആണിതു്. ഇൻഡ്യാഗവണ്മെൻറ് കമ്മീഷൻെറ റിപ്പോർട്ട് എല്ലാ സ്റ്റേറ്റ് ഗവണ്മെൻറുകളുടെയും തീരുമാനത്തിനു അയച്ചിട്ടു പൊതുതീരുമാനമായിരിക്കും നടപ്പിലാക്കുന്നതു്.

ശ്രീ. പി. വിശ്വംഭരൻ : പ്രസ്കമ്മീഷൻെറ ശുപാർശ നടപ്പിൽ വരുന്നതിനു മുൻപു വക്കിംഗ് ജർണ്ണലിസ്റ്റുകളെ പിരിച്ചു വിടുന്നതിനു് മാനേജ്മെൻറുകൾ നടപടി എടുക്കാതിരിക്കാൻ ഗവണ്മെൻറ് ശ്രദ്ധിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പററി ബഹുമാനപ്പെട്ട മെമ്പറും അതുപോലെ ഈ കാര്യത്തിൽ താത്പര്യമുള്ളവരുമായിട്ടു ഡിസ്കസ് ചെയ്യാവുന്നതാണ്.

Recruitment to the Judiciary.

* 228. [22] **Shri N. G. Chacko :** Will the Chief Minister be pleased to state :

(a) how is recruitment to the judiciary made ; and

(b) is it on the basis of merit or communal considerations?

Chief Minister (**Shri Panampilli Govinda Menon**) : (a) Munsiffs and Magistrates are recruited to the judiciary. So far as the recruitment of Munsiffs are concerned, 75% of the vacancies is filled up from the Bar and 25% from the services, as per rules published in notification dated 13-10-1953 at pages 1884, 1885 in the Travancore-Cochin Government Gazette dated 13-10-1953. Appointment of Judges is made according to the powers conferred under Articles 233 and 236. Appointments are made by His Highness the Rajpramukh and there is no question of any recruitment.

So far as Criminal Justice is concerned, 50% of Sub-Magistrates is filled up by promotion and the other 50% is filled up by recruitment by the Public Service Commission, of which 25% is from Departments other than Revenue and 25% from the Bar. There will be some changes in the Rule.

(b) Recruitment is primarily on the basis of merit.

ശ്രീ. എൻ. ജി. ചാക്കോ : ഈ നിയമനം നടത്തുന്നതിന്റെ ശുപാർശയുടെ മാനദണ്ഡമെന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നിയമനത്തിനുള്ള യോഗ്യതകൾതന്നെ ശുപാർശയാണ്.

ശ്രീ. എം. എം. മത്തായി : ഹൈക്കോടതി ജഡ്ജിമാരുടെ മക്കളെ കല്യാണം കഴിക്കുന്നതു് ഒരു യോഗ്യതയായി പരിഗണിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഗവണ്മെന്റ് അതൊരു യോഗ്യതയായി പരിഗണിച്ചിട്ടില്ല.

WRITTEN ANSWERS.

ഒന്നാംപഞ്ചവത്സരപദ്ധതിക്ക് അനുവദിച്ചിട്ടുള്ള ലോൺ.

*229. [23] ശ്രീ. യു. നീലകണ്ഠൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഒന്നാംപഞ്ചവത്സരപദ്ധതിക്ക് മൊത്തം അനുവദിച്ചിട്ടുള്ള രൂപയിൽ കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുള്ള ലോൺ, ഗ്രാൻറ് ഇവയെത്ര; ലോണിന്റെ പലിശ എന്ത് ; എപ്പോൾ തിരിച്ചടയ്ക്കണം?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : സ്റ്റേറ്റ് ഒന്നാം പഞ്ചവത്സരപദ്ധതിക്ക് 7 കോടി രൂപ കേന്ദ്രഗവണ്മെന്റ് കടമായിത്തരാമെന്ന് സമ്മതിച്ചിരുന്നു. ഗ്രാൻറായി ഒരു തുകയും, നിശ്ചയിച്ചിരുന്നില്ല. കടമിനത്തിൽ 1953-54-ൽ 225 ലക്ഷം രൂപയും, 1954-55-ൽ 275 ലക്ഷം രൂപയും കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഈ വക കടങ്ങൾക്ക് 4 ശതമാനം പലിശ നിശ്ചയിച്ചിട്ടുണ്ട്. 1953-54-ൽ കടമായി തന്ന രൂപ 225 ലക്ഷവും, അതിന്മേലുള്ള പലിശയും ഏഴുതുല്യവാർഷിക ഗഡുവുകളിലായി 1957-58 മുതൽ അടച്ചു തീർക്കേണ്ടതാണ്. അതുപോലെതന്നെ 1954-55-ൽ ലോൺതന്നതുക 1958-59 മുതലും അടച്ചു തീർക്കണം. ലോൺ തിരിച്ചടയ്ക്കാൻ തുടങ്ങുന്ന കാലംവരെ പലിശമാത്രം കൊടുത്താൽ മതിയെന്നാണ് വ്യവസ്ഥ.

പുതിയ സ്കൂളുകൾ.

*230. [24] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത സ്കൂൾവർഷത്തിൽ പുതുതായി എത്ര സ്കൂളുകൾ അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട് ;

(ബി) വിദ്യാഭ്യാസപരമായി പിന്നണിയിൽ നിൽക്കുന്ന താലൂക്കുകളിൽ കൂടുതൽ സ്കൂളുകൾ അനുവദിക്കുന്ന കാര്യത്തിൽ ഗവണ്മെന്റ് ശ്രദ്ധിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) അടുത്ത സ്കൂൾവർഷത്തിൽ പുതുതായി 40 പ്രൈമറിസ്കൂളുകളും 60 മിഡിൽ സ്കൂളുകളും അനുവദിക്കാൻ ഉദ്ദേശിക്കുന്നു.

(ബി) ഈ കാര്യം ശ്രദ്ധിക്കുന്നതായിരിക്കും.

മോട്ടാർബോട്ട് ദേശവൽക്കരണം.

* 231. [26] ശ്രീ. പി. കെ. യശോധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തുറമുഖവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മോട്ടാർബോട്ടുകൾ ദേശവൽക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

(ബി) ഉണ്ടെങ്കിൽ എത്രകാലത്തിനുള്ളിൽ നടപടി സ്വീകരിക്കും.

തുറമുഖവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഈ കാര്യം ആലോചനയിലിരിക്കുന്നു.

(ബി) എത്ര കാലത്തിനുള്ളിൽ നടപടി സ്വീകരിക്കും എന്നുള്ളതു് ഇപ്പോൾ പറയുവാൻ സാദ്ധ്യമല്ല.

Judiciary and Executive.

* 232. [27] **Shri Prakkulam Bhasi**: Will the Chief Minister be pleased to state :

(a) whether this Government intends to separate the judiciary and executive ;

(b) if so, when ; and what action has been taken by the Government on the Official's Committee's report ?

Chief Minister (**Shri Panampilli Govinda Menon**): (a) Yes.

(b) From the beginning of April 1955.

The Official Committee's report has been generally accepted by Government. Steps are being taken to implement the various suggestions of the Committee.

ഭക്ഷ്യനിയന്ത്രണം.

* 233. [30] ശ്രീ. കെ. എം. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ–കൊച്ചിയിൽ ഭക്ഷ്യനിയന്ത്രണം എന്നാണു നീക്കിയതു്;

(ബി) ഇന്നു് ഗവണ്മെൻറ് ഗോഡൗണുകളിൽ എത്ര ത്രൂപായ്ക്കുള്ള എത്ര ടൺ അരി സ്റ്റോക്കുണ്ടായിരുന്നു;

(സി) ഈ അരിയിൽ എത്രമാത്രം പൊടിഞ്ഞും, മററും നഷ്ടപ്പെട്ടിട്ടുണ്ടു്;

(ഡി) ഈ ഗവണ്മെൻറിൻെറ കൈവശമുള്ള മുഴുവൻ അരിയും കേന്ദ്രഗവണ്മെൻറ് തിരിച്ചെടുക്കുമോ;

(ഇ) ഇപ്രകാരം തിരിച്ചെടുക്കാമെന്നു കേന്ദ്രഗവണ്മെൻറ് ഉറപ്പുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു്;

(എഫ്) ഈവകയിൽ ഈ സ്റ്റേററിനു എന്തു നഷ്ടം വന്നിട്ടുണ്ടു്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) 1954 ജൂലായി 10-ാംനു.

(ബി) 4,54,48,000 രൂപ വിലവരുന്ന 86,000 ടൺ അരി സ്റ്റോക്കുണ്ടായിരുന്നു.

(സി) സ്റ്റോക്ക് മുഴുവൻ തിരികെ ഇൻഡ്യാ ഗവണ്മെൻറിന് കൊടുത്തതിനുശേഷമേ നഷ്ടം എന്താണെന്നു കണക്കാക്കാൻ കഴിയുകയുള്ളൂ.

(ഡി) എടുക്കും.

(ഇ) സ്റ്റോക്ക് മുഴുവൻ തിരിച്ചെടുക്കാമെന്നുള്ള ഉറപ്പിന്മേലാണ് ഭക്ഷ്യനിയന്ത്രണം സ്റ്റോററിൽ നീക്കിയിട്ടുള്ളതു്.

(എഫ്) സി-യുടെ ഉത്തരം നോക്കുക.

കണ്ടിൻജൻസി.

* 234. [31] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ പ്രൈമറി സ്കൂളുകളിൽ പാർട്ടുടൈം കണ്ടിജൻസി ജീവനക്കാരായി എത്ര പേർ ജോലി ചെയ്യുന്നുണ്ട്;

(ബി) അവർക്ക് ഇന്നു നൽകുന്ന ശമ്പളനിരക്ക് എന്തു്;

(സി) ഇവരുടെ സേവനവ്യവസ്ഥകൾ എന്തു്?

(ഡി) ഇവരുടെ ശമ്പളം വർദ്ധിപ്പിക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) സംസ്ഥാനത്തെ 2390 പ്രൈമറിസ്കൂളുകളിലായി ആകെ 2390 പാർട്ടുടൈം കണ്ടിൻജൻസിക്കാർ ജോലി ചെയ്യുന്നു.

(ബി) 10½ രൂപാ വീതം ഓരോരുത്തർക്കും കൊടുക്കുന്നു.

(സി) പ്രത്യേകിച്ചു് യാതൊരു സേവനവ്യവസ്ഥയും ഇല്ല.

(ഡി) ഇല്ല.

പ്രൈമറി വിദ്യാഭ്യാസം.

* 235. [34] ശ്രീ. പി. കെ. അബ്ദുൽഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) പ്രൈമറി വിദ്യാഭ്യാസം ഇന്നു നടന്നുവരുന്ന സമ്പ്രദായത്തിൽനിന്നും മാററി പുതിയ ഒരു അടിസ്ഥാനത്തിലും പണച്ചിലവു കുറഞ്ഞ നിലയിലും പുനഃസംഘടിപ്പിക്കുന്നതിന് ഗവണ്മെൻറ് തയ്യാറുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഗവണ്മെൻറിന്റെ നയം സഭയെ അറിയിക്കുവാൻ ദയവുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ചോദ്യം വ്യക്തമല്ല.

(ബി) സ്റ്റോററിലെ പ്രൈമറി വിദ്യാഭ്യാസം ഏററവും കുറഞ്ഞ ചിലവിലാണ് നടന്നുവരുന്നതു്. ഇപ്പോഴുള്ളതിൽനിന്നും ചെലവു കുറയ്ക്കാൻ സാദ്ധ്യമല്ല. അടിസ്ഥാനവിദ്യാഭ്യാസം നടപ്പിൽ വരുത്തുവാനും അതിലേക്കായി 50 ശതമാനം പ്രൈമറി സ്കൂളുകൾ രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ബേസിക് സ്കൂളുകളായി രൂപാന്തരപ്പെടുത്തുവാനും ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ട്.

വ്യവസായസ്ഥാപനങ്ങൾ.

* 236. [36] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954–55-ൽ ഏതെങ്കിലും വ്യവസായസ്ഥാപനങ്ങൾ പ്രവത്തനരഹിതമായി കിടന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം;

(സി) അതിനുള്ള കാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ–ബി) ഉണ്ടു്. 1954–55-ൽ ഒൻപതു വ്യവസായസ്ഥാപനങ്ങൾ തുടർച്ചയായി പ്രവത്തനരഹിതമായി കിടന്നിട്ടുണ്ടു്. അവ:—

1. ഏ. ററി. എസ്സ്. ഖാദർബായ് ആയിൽ മിൽസ്, കൊല്ലം.
2. പെരിയാർ പോട്ടറീസ്, മാനംപള്ളി, ആലുവാ.
3. മധുസ് സ്റ്റൈസസ് കമ്പനി, ഗുജറാത്തി ആലപ്പുഴ.
4. കാന്തിമതി മാച്ച്വക്ക്സ്, പട്ടം.
5. ഹിന്ദുസ്ഥാൻ സ്റ്റൈസസ് ലിമിററഡ്, ആലപ്പുഴ.
6. കൊച്ചിൻ കെമിക്കൽസ് ആൻഡ് റിഫൈനറീസ്, ചിറ്റൂർ.—
7. ശശിധര കയർ വക്ക്സ്, പട്ടണക്കാട്ട്, വയലാർ.
8. ഇലക്ട്രിക്കൽ ആൻഡ് അലൈഡ് ഇൻഡസ്ട്രീസ് കുണ്ടറ.
9. ഇനാമൽ ഇൻഡസ്ട്രീസ്, കുണ്ടറ.

(സി) പ്രവത്തനമൂലധനത്തിന്റെ കുറവു്.

സറണ്ടർസ്കൂൾ അദ്ധ്യാപകന്മാർ.

* 237. [37] ശ്രീ. കെ. എസ്സ്. കൃഷ്ണശാസ്ത്രി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

എട്ടു വർഷത്തിനുമേൽ സർവ്വീസുള്ള സറണ്ടർ സ്കൂൾ അദ്ധ്യാപകന്മാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

40 സറണ്ടർസ്കൂൾ അദ്ധ്യാപകന്മാരെ ഇതുവരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടു്. ചില പ്രായോഗികവിഷമതകൾ ഉള്ളവയെ നീക്കം ചെയ്തു് സറണ്ടർസ്കൂൾ അദ്ധ്യാപകന്മാരെയെല്ലാം സ്ഥിരപ്പെടുത്താൻ ആലോചിക്കുന്നുണ്ടു്.

Pattanam Kal scheme.

* 238. [39] **Shri M. William**: Will the Minister for Works be pleased to state:

Whether the Government Will be pleased to investigate and implement the Pattanam Kal Scheme?

Minister for Works (**Shri K. I. Velayudhan**): The possibility of implementing the Pattanam Kal Scheme is being investigated.

Primary Education.

* 239. [45] **Shri M. William**: Will the Chief Minister be pleased to state:

(a) whether Government intend introducing compulsory Primary Education in other Taluks;

(b) whether in Taluks where they are introduced, the same is working satisfactorily;

(c) whether it is a fact that a large percentage of pupils above five years of age do not attend schools due to poverty and other circumstances; and

(d) whether it is a fact that the shift system has seriously affected efficiency in teaching?

Chief Minister (**Shri Panampilli Govinda Menon**): (a) Yes.

(b) Yes.

(c) No. Only a few do not attend schools on medical grounds and they are granted exemptions.

(d) No.

തിരുവനന്തപുരം-കൊട്ടാരക്കര റോഡ്.

* 240. [50] ശ്രീ. സി. കൊച്ചുകുഞ്ഞു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവനന്തപുരം-കൊട്ടാരക്കര-റോഡ് ടാർക്രീററു ചെയ്യുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പണിയാരംഭിക്കുവാൻ കാലതാമസം നേരിടുന്നതു് എന്തുകൊണ്ടാണു്?

പൊതുമരാമത്തുവകുപ്പുമന്ത്രി ശ്രീ. കെ. ഐ. വേലായുധൻ:

(എ) ഉദ്ദേശിക്കുന്നുണ്ടു്.

(ബി) 1955-56-ലെ പരിപാടിയിൽ ഈ ജോലി ഉൾപ്പെടുത്തിയിരിക്കുകയാണു്.

UNSTARRED QUESTIONS AND ANSWERS

പട്ടം കോളനി.

40. [5] ശ്രീ. കെ. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലാററിൽ ആരംഭിച്ചിട്ടുള്ള "പട്ടം കാളനി"യിൽ ഇപ്പോൾ എത്ര ആളുകൾ സ്ഥിരതാമസത്തിനുണ്ടു്;

(ബി) ഈ കാളനിയിൽ ആകെ എത്ര ആളുകളെയാണു് തിരഞ്ഞെടുത്തിട്ടുള്ളതു്?

ഉത്തരം.

(എ) കല്ലാററിൽ ആരംഭിച്ചിട്ടുള്ള പട്ടംകോളനിയിലും ഇപ്പോൾ 121 ആളുകൾ താമസമുണ്ട്.

(ബി) 200 കുടുംബങ്ങൾ.

Caste war സ്റ്റേറമെൻറ്.

41. [12] ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954-ൽ തിരുവിതാംകൂർ-കൊച്ചി പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തിയിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ ജാതി തിരിച്ചുള്ള പട്ടിക സൂക്ഷിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത caste-war സ്റ്റേറമെൻറ് എങ്ങിനെയെന്ന് സദയം പ്രസ്താവിക്കുമോ ;

(സി) പട്ടികജാതിക്കാർക്ക് ന്യായമായി ലഭിക്കേണ്ടിയിരുന്ന പ്രാതിനിദ്ധ്യം നൽകപ്പെട്ടിട്ടുണ്ടോ ?

ഉത്തരം.

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്.

പറക്കോട്ടു ചന്ത.

42. [16] ശ്രീ. പി. ആർ. മാധവൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറക്കോട്ടു ചന്തയിൽ തീരെ സ്ഥലസൗകര്യമില്ലെന്ന വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ? അതിനെപ്പററി കുന്നത്തൂർ താലൂക്ക് അധികൃതർ ഇതുവരെയും മൌനം ദീക്ഷിക്കുന്നതിന്റെ കാരണമെന്തെന്ന് ഗവണ്മെൻറ് അന്വേഷിച്ചിട്ടുണ്ടോ ;

(ബി) പഞ്ചായത്തുപ്രസിഡൻറുമാരുടെയുള്ള ആറിൽപരമാളുകൾ ചന്ത പുറമ്പോക്കു കൈവശപ്പെടുത്തിവച്ചിരിക്കയാണെന്ന പരാതി ഗവണ്മെൻറിന് ലഭിച്ചിട്ടുണ്ടോ ; അതിന്മേൽ എന്തു നടപടി നടത്തി ;

(സി) കയ്യേററക്കാരെ ഒഴിപ്പിച്ച് ചന്ത പൊതുജനോപകാരപ്രദമാക്കാൻ അടിയന്തിര നടപടികൾ ഗവണ്മെൻറ് എടുക്കുമോ ?

ഉത്തരം.

(എ) ഉണ്ട്. ചന്ത സ്ഥലത്തിന്റെ ചില ഭാഗങ്ങൾ ചിലർ കയ്യേറിയിട്ടുണ്ട്. പ്രസ്തുത കയ്യേററക്കാരെ ഒഴിപ്പിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതായ്പ്പത്തു താലൂക്കധികൃതർ മൌനം ദീക്ഷിച്ചിട്ടില്ല.

(ബി) അപ്രകാരം പരാതി ലഭിച്ചിട്ടുണ്ട്. അധികൃതമായി പുറമ്പോക്ക് കൈവശപ്പെടുത്തിയവരുടെ പേരിൽ കുന്നത്തൂർ താലൂക്കധികാരികൾ കേസെടുത്തു കഴിഞ്ഞു.

(സി) പ്രസ്തുത കാര്യസാദ്ധ്യത്തിനായുള്ള നടപടി ആരംഭിച്ചു കഴിഞ്ഞു.

കാണിക്കാക്കു് നേരിടുന്ന ഉപദ്രവം.

43. [18] ശ്രീ. എൻ. ചന്ദ്രശേഖരൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ രാജ്യത്തെ ഗവർണ്മെന്റിൽ പെട്ട കാണിക്കാർ ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിലെ മൈനർ ഉദ്യോഗസ്ഥന്മാരിൽ നിന്നും അനുഭവിച്ചുവരുന്ന വിഷമതകളെപ്പററി ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഗവണ്മെൻറ് എന്തു നടപടി സ്വീകരിച്ചു ;

(സി) പാലോട്ടു റിസർവ്വിലെ താമസക്കാരായ കാണിക്കാരെ സ്ഥലത്തെ ഫാറസ്റ്റുദ്യോഗസ്ഥന്മാർ പല വിധത്തിലും ഉപദ്രവിക്കുന്നതായും, റിസർവ്വിൽ നിന്നും അവരെ പുറംതള്ളാൻ ശ്രമിക്കുന്നതായും ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തു നടപടി എടുത്തു ?

ഉത്തരം.

(എ) ചില കാണിക്കാരിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ട്.

(ബി) അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു.

(സി) പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഡി) നടപടി തുടർന്നുകൊണ്ടിരിക്കയാണ്.

Cases in connection with the Observance of Deliverance Day.

44. [21] **Shri P. Thanulinga Nadar :** Will the Home Minister be pleased to state :

(a) the number of cases taken in connection with the observance of Deliverance Day on the eleventh of August by the Travancore Tamilnad Congress ;

(b) the number of accused in the respective cases ;

(c) the Number of cases transferred to the Bangalore court and the number of accused in those cases and the number of witnesses in all the transferred cases together ; and

(d) the estimate of cost for our Government in conducting those cases at Bangalore ?

Answer.

(a) 15.

(b) A *statement containing the information is placed on the table.

(c) (i) 11 cases.
(ii) 433 accused.
(iii) 948 witnesses.

(d) Estimate has not yet been prepared.

* Please see Appendix II

Transport service to Midalam.

45. [25] **Shri R. Ponnappa Nadar :** Will the Minister for Works be pleased to state :

(a) whether any representation was made to Government in 1954 for extending Nagercoil—Karinkal Transport up to Midalam ;

(b) will the Government be pleased to sanction the said extension?

Answer.

(a) Yes.
(b) Will be considered.

കുത്തകപ്പാട്ടം.

46. [41] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 123, 124 ആണ്ടുകളിൽ വനത്തിൽനിന്നു ചതുപ്പുഭൂമി കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുണ്ടോ;

(ബി) അത്തരം ഭൂമിയിൽ 10 ഏക്കറിൽ താണതു് സ്ഥിരകുത്തകപ്പാട്ടമാകുന്നുവെന്നും കവിഞ്ഞതു തെരഞ്ഞെടുത്തു 5 ഏക്കർ വീതം ഭൂമിയില്ലാത്തവർക്ക് കൊടുക്കുന്നതാണെന്നും ഗവണ്മെൻറിൽനിന്നും 1951-ൽ പ്രസ്താവിച്ചിരുന്നുവോ;

(സി) ഏതാനുംപേർക്ക് ഭൂമി non-revertible ആക്കികൊടുത്തിട്ടുണ്ടോ;

(ഡി) 1934-ൽ വസ്തു ഒഴിഞ്ഞുകൊടുക്കുവാൻ നോട്ടീസ് കിട്ടിയിരുന്നവരിൽ ചിലർക്ക് non-revert ചെയ്തു ആർഡർ കൊടുത്തിട്ടുണ്ടോ;

(ഇ) ഇടക്കാലം ഇറങ്ങിപ്പോകേണ്ടിവന്നിരുന്ന ആളുകളുടെ ഇറക്കിവിടൽ ഒരു അവസാനദിനമാനംവരെ നിറുത്തിവയ്ക്കുമോ;

(എഫ്) അഞ്ചൽ, കുളത്തുപ്പുഴ റേഞ്ചുകളിൽനിന്ന് അപ്രകാരമുള്ള ഒഴിപ്പിക്കൽ നടപടി നിറുത്തിവയ്ക്കുമോ?

ഉത്തരം.

(എ) ഉണ്ട്.
(ബി) ഇല്ല.
(സി) വ്യക്തികൾക്കായി ഭൂമി non-revertible ആക്കി കൊടുത്തിട്ടില്ല. എന്നാൽ ഭക്ഷ്യവികസനപദ്ധതി അനുസരിച്ചു കൃഷിക്കായി കൊടുത്തിട്ടുള്ള സ്ഥലങ്ങളെ non-revertible എന്നും revertible എന്നും തരംതിരിച്ചിട്ടുണ്ട്.
(ഡി) ഇല്ല. ചില സ്ഥലത്തുള്ള വിളവെടുക്കുന്നതിനു താൽക്കാലിക സ്റ്റേ അനുവദിച്ചിട്ടുണ്ട്.
(ഇ, എഫ്) ഭക്ഷ്യവികസനപദ്ധതിയനുസരിച്ച് കൃഷിക്കുകൊടുത്തിട്ടുള്ള സ്ഥലങ്ങളിൽ വനത്തിൽനിന്നും ഒഴിവാക്കാൻ ഉദ്ദേശിച്ചിട്ടുള്ള സ്ഥലകൈവശക്കാരൊഴികെ ബാക്കിയുള്ളവരെ ഇറക്കിവിടൽ നടപടികളിൽനിന്നും ഒഴിവാക്കാൻ നിവൃത്തിയില്ല.

ADJOURNMENT MOTION

മി. സ്പീക്കർ : മി. പി. കെ. കുഞ്ഞച്ചന്റെ ഒരു അടിയന്തിര പ്രമേയം കിട്ടിയിട്ടുണ്ട്. ചെങ്ങന്നൂർ ഒരാളെ ഏതാനുംപേർകൂടി മർദ്ദിച്ചു എന്നും ആ ആളിനെ ഇപ്പോൾ കാണ്മാനില്ലെന്നും അതേ സംബന്ധിച്ച് പോലീസ് ഇടപെടുന്നില്ലെന്നും അങ്ങനെ ഇടപെടാതിരിക്കുന്നതി നിന്നുള്ളവായ പരിതഃസ്ഥിതിയെക്കുറിച്ച് ചർച്ചചെയ്യുന്നതിനുമാണ്. അതെല്ലാം പോലീസ് ഡിമാൻഡുവരുമ്പോൾ ഡിസ്കസ്ചെയ്യാമെന്നുള്ളതുകൊണ്ട് ഞാൻ ഇതിനെ റിജക്റ്റുചെയ്യുന്നു.

9 A. M]

REPORT OF THE ESTIMATES COMMITTEE :

Mr. Speaker : Before we take up Financial Business, I will call upon Shri T. K. Divakaran, to present the Report of the Estimates Committee.

Shri T. K. Divakaran : As Chairman of the Estimates Committee, I present the Third Report of the Committee on Government Commercial Concerns.

FINANCIAL BUSINESS.

Voting of Demands for Grants in the Budget for 1955-56 (*contd*).

DEMAND XXIV—INDUSTRIES.

Shri Panampilli Govinda Menon : I move that a sum of Rs. 1,06,83,300 be granted to Government under Demand XXIV-Industries.

Home Minister (Shri A. J. John) : I second it.

Mr. Speaker : Cut motions Nos. 36,50 and 51, standing in the names of Dr. P. K. Sukumaran, Shri V. P. Parameswaran Namboodiri and Shri T. O. Bava will be moved and others can participate in the discussion.

ശ്രീ. പി. നാരായണൻപോററി. ഈ സഭയിലെ ഒരംഗമായ ഠാന്നി മെംബർ ശ്രീ. ഇടിക്കുളയ്ക്ക് ഏതോ അപകടം സംഭവിച്ചിരിക്കുന്നു എന്നു കേൾക്കുകയുണ്ടായി. അതെ സംബന്ധിച്ച് വല്ല വിവരങ്ങളും ലഭിച്ചിട്ടുണ്ടെങ്കിൽ അറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ : അങ്ങിനെ കിംവദന്തികളെ അടിസ്ഥാനമാക്കി ഒന്നും പറയാൻ പാടില്ല.

Dr. P. K. Sukumaran: Sir, I move to reduce the total allotment of Rs. 1,06,83,300 under Demand XXIV by Rs. 100. ബന്ധനോപക്ഷേപം അവതരിപ്പിച്ചുകൊണ്ട് ഈ സഭയുടെ ശ്രദ്ധയിൽ ചില കാര്യങ്ങൾ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നാ ഏതെങ്കിലും വിവാദപരമായ കാര്യങ്ങളിലേക്ക് ഈ സഭയുടെ ശ്രദ്ധയെ ആകർഷിക്കുവാൻ ഞാൻ തല്ക്കാലംആഗ്രഹിക്കുന്നില്ല. കാരണം രാഷ്ട്രീയകക്ഷികൾക്ക് എല്ലാം അതീതമായി നിന്നുകൊണ്ട് ഈ രാജ്യത്തിന്റെ ക്ഷേമത്തേയും ഐശ്വര്യത്തേയുംകാംക്ഷിക്കുന്ന എല്ലാ കക്ഷികളും ഒന്നിച്ചുനിന്ന് പരിചിന്ത ചെയ്യേണ്ട ഒരുപ്രശ്നമാണ് ഈ രാജ്യത്തെ വ്യാവസായിക പ്രശ്നം. ആ രീതിയിൽ ഈ പ്രശ്നത്തെ പററി ചില കാര്യങ്ങൾമാത്രം സഭയുടെ ശ്രദ്ധക്കായി സമർപ്പിക്കുകയാണ്. സർ, നാമെല്ലാം ഏതു കക്ഷിയുടെ പിന്നിലാണെങ്കിലും

[ഡാക്ടർ പി. കെ. സുകുമാരൻ]

ഒരു കാര്യം സമ്മതിക്കുന്നുണ്ട്. ഇൻഡ്യാ, വിശേഷിച്ചും തിരുവിതാംകൂർ കൊച്ചി സംസ്ഥാനം, ഒരു കാർഷികരാജ്യമാണെന്നും വ്യവസായരംഗത്ത് നാം വളരെയധികം പിന്നിലാണെന്നും സമ്മതിക്കുന്നുണ്ട്. അതോടൊപ്പം തന്നെ ഇൻഡ്യയിലെ മറ്റേതു ഭാഗത്തേക്കാളും ജനസംഖ്യ വളരെക്കൂടുതലാണെന്നും ഇവിടെ 1300-ാം പരം ജനങ്ങൾ ഒരു ചതുരശ്രമൈലിനുള്ളിൽ താമസം ഉണ്ടെന്നും നമുക്കൊക്കെയറിയാം. ഈ അടിസ്ഥാനങ്ങൾ ഇവിടത്തെ മൌലികമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു ഏതുമാർഗ്ഗങ്ങളാണ് സ്വീകരിക്കേണ്ടതെന്നും നാം വളരെ ആലോചിച്ചുകൊണ്ടിരിക്കുകയാണ്, ആലോചിക്കേണ്ടതുമാണ്. അതിലും ഉപരിയായി ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുന്നതിനുവേണ്ടി നാമെല്ലാം ശ്രമിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രത്യേക കാലഘട്ടവുമാണ് ഇത്. ഒരു സാമൂഹ്യക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുകയാണ് നമ്മുടെ ലക്ഷ്യമെന്നും തദനുസൃതമായ ഒരു നയമായിരിക്കും എല്ലാ മണ്ഡലങ്ങളിലും തങ്ങൾ അംഗീകരിക്കുന്നതെന്നും ഈ അടുത്തകാലത്ത് പ്രഖ്യാപിച്ച ഒരു കക്ഷിയാണ് ഇന്നീ രാജ്യത്ത് അധികാരത്തിലിരിക്കുന്നത്. ഒരു സാമൂഹ്യക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുന്നതിന് ഭദ്രമായ അടിസ്ഥാനത്തിലുള്ള വ്യവസായവികസനം ആവശ്യമാണെന്ന് ആരും സമ്മതിക്കും. ഈ ബഡ്ജററ് രൂപീകരിക്കുമ്പോൾ ധനകാര്യമന്ത്രിയെ നിയന്ത്രിച്ച മുഖ്യമായ ചേതോവികാരം അതായിരുന്നു എന്നും ആ ലക്ഷ്യത്തിനു സഹായകമായ ഒരു ബഡ്ജററാണ് താൻ സമർപ്പിക്കുന്നതെന്നും അദ്ദേഹം അവകാശപ്പെടുന്നു. അതുകൊണ്ട് ഒരു കമ്മ്യൂണിസ്റ്റുകാരന്റെ വീക്ഷണഗതിയിൽ കൂടി അല്ലാതെ, നമ്മുടെ രാജ്യാഭിവൃദ്ധിയിൽ ആകാംക്ഷയുള്ള ഒരാളെന്ന നിലയിൽ വിവാദപരങ്ങളായ രാഷ്ട്രീയപ്രശ്നങ്ങൾക്കു പരിയായിനിന്നുകൊണ്ട് ഈ ബഡ്ജററിനെ സമഗ്രമായി ഒന്നു വീക്ഷിക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്.

സർ, നമ്മുടെ പുരോഗതിക്ക് ഇന്നത്തെ അവസ്ഥയിൽ വ്യവസായവത്ക്കരണം ഏററവും ആവശ്യമാണ്. അങ്ങനെ വ്യവസായവത്ൽക്കരണം ആവശ്യമാണെന്നു പറയുമ്പോൾ അതിനുമുൻപ് നമ്മുടെ രാജ്യത്തെ യഥാർത്ഥ സ്ഥിതിഗതികളെ ററി സമഗ്രമായ ഒരു വിവരം നമുക്കാവശ്യമാണ്. ഇന്ന് നമ്മുടെ നാട്ടിൽ മറേറതു രാജ്യത്തേക്കാളും തൊഴിലില്ലായ്മയും പട്ടിണിയും ഉണ്ട്. എവിടെയും തൊഴിലില്ലായ്മ ഉണ്ടെന്നതു് നിഷേധിക്കാൻ പാടില്ലാത്ത കാര്യമാണ്. അതു് പരിഹരിക്കാൻ ഈ ബഡ്ജററിൽ കൂടി കാൺഗ്രസ്ഗവണ്മെൻറ് ശ്രമം ചെയ്തിരിക്കുന്നതു് വ്യവസായവത്ൽക്കരണവും അതുപോലെതന്നെ സാമൂഹ്യാഭിവൃദ്ധിക്കുവേണ്ടി മററു മാർഗ്ഗങ്ങളും അവലംബിക്കുക എന്നുള്ളതാണ്. വ്യവസായവത്ക്കരണത്തിനു് മുഖ്യമായും കൂടി വ്യവസായവും സ്മാൾസ്കെയിൽ ഇൻഡസ്ട്രീസും ആണ് അവർ ഉൾപ്പെടുത്തിയിരിക്കുന്നതു്. അങ്ങനെ കുടിൽവ്യവസായവും സ്മാൾസ്കെയിൽ ഇൻഡസ്ട്രീസും അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി തുകകൾ വിലയിച്ചുകൊണ്ടുള്ള ഒരു ബഡ്ജററ് നമ്മുടെ മുൻപിൽ സമർപ്പിച്ചിട്ടുണ്ട്. അങ്ങനെയിരിക്കുമ്പോൾ ഈ രാജ്യത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു് സഹായകമായി ഈ രാജ്യത്തെ കുടിൽവ്യവസായങ്ങളും സ്മാൾസ്കെയിൽ ഇൻഡസ്ട്രീസുംകൊണ്ട് സാദ്ധ്യമാകുമോ എന്ന് ഈ ബഡ്ജററ് നൽകുന്ന സ്ഥിതിവിവരക്കണക്കുകളെ ആധാരമാക്കി പരിശോധിക്കേണ്ടിയിരിക്കുന്നു.

ഈ രാജ്യത്ത് ഇന്ന് നമ്മുടെ ഗവണ്മെൻറ് നടത്തിക്കൊണ്ടിരിക്കുന്ന ചില വ്യവസായങ്ങളെ സംബന്ധിച്ച് ചില വസ്തുതകളിലേയ്ക്ക് ഈ സഭയുടേയും ഗവണ്മെൻറിന്റേയും ശ്രദ്ധയെ ഞാൻ കാണിക്കുകയാണ്. കുണ്ടറയിൽ ഗവണ്മെൻറ് നടത്തിവരുന്ന സിറാമിക് ഫാക്ടറിയെ സംബന്ധിച്ച് പറയുകയാണെങ്കിൽ നമ്മുടെ രാജ്യത്ത് വളരെ കാര്യക്ഷമമായും ആദായകരമായും നടത്താൻ സാദ്ധ്യതയുള്ള ഒരു വ്യവസായമാണ് അത്. ഈ വ്യവസായത്തി മുടക്കിയിരിക്കുന്ന മൂലധനത്തിന്റെ പലിശയായി ഒരുലക്ഷത്തി മുപ്പത്തിആറായിരം രൂപാ ഇൻറസ്റ്റിനത്തിൽ ലഭിക്കുമെങ്കിൽ എത്ര ലക്ഷം രൂപാ മൂലധനമായി, അതായത് ക്യാപ്പിററൽ ഇൻവെസ്റ്റ്മെൻറായി മുടക്കിയിട്ടുണ്ട് എന്നൂഹിക്കുവാൻ കഴിയും അങ്ങിനെ ഒരു ലക്ഷത്തി മുപ്പത്തി ആറായിരം രൂപാ ഇൻറസ്റ്റ് കിട്ടത്തക്ക വണ്ണം വൻപിച്ച മൂതൽ മുടക്കിയിരിക്കുന്ന വ്യവസായത്തിൽ നിന്നും എന്താണ് ഈ കൊല്ലത്തി ആദായമായി പ്രതീക്ഷിക്കുന്നത്. ഈ കൊല്ലത്തിൽ ആ വ്യവസായത്തിൽനിന്നും നാൽപ്പത്ത് മൂവായിരത്തി അഞ്ഞൂറ് രൂപയുടെ നഷ്ടമാണ് പ്രതീക്ഷിക്കുന്നത്. ഒരുലക്ഷത്തി മുപ്പത്തി ആറായിരം രൂപാ ഇൻറസ്റ്റ് കിട്ടത്തക്ക മൂലധനം മുടക്കിയിരിക്കുന്ന ആ വ്യവസായത്തിനു നിന്നും 43,500 രൂപാ നഷ്ടമാണ് ഉണ്ടാകുന്നതെങ്കിൽ നമ്മുടെ ഈ വ്യവസായത്തിന്റെ ഗതി എന്താണെന്ന് അന്വേഷണം നടത്തേണ്ടതാണ്. ഈ വർഷത്തെ ബഡ്ജററിൽ 43,300 രൂപാ നഷ്ടമാണെങ്കിൽ കഴിഞ്ഞ ബഡ്ജററിൽ എസ്റ്റിമേററു ചെയ്തിരുന്നത് ആറായിരം രൂപാ നഷ്ടം വരുമെന്നാണ്. അങ്ങനെ ബഡ്ജററിൽ ആദ്യമേ 6,000 രൂപാ നഷ്ടം വരുമെന്നു കണക്കാക്കിയിരുന്നു എങ്കിലും റിവൈസ്ഡ് എസ്റ്റിമേററ് അനുസരിച്ച് മൂന്നു ലക്ഷത്തിനു ചിലവാനം രൂപാ നഷ്ടമുണ്ടായിരുന്നു. കഴിഞ്ഞ കൊല്ലത്തിൽ ആദ്യം ആറായിരം രൂപാ നഷ്ടം വരുമെന്നു കണക്കാക്കിയിട്ട് റിവൈസ്ഡ് എസ്റ്റിമേററിൽ മൂന്നുലക്ഷത്തി ചിലവാനം നഷ്ടംവന്ന സ്ഥിതിക്കു 43,500 രൂപയിൽ ശിഷ്ടം നഷ്ടം വരുമെന്നാണ് ബഡ്ജററിൽ പ്രതീക്ഷിക്കുന്നത്. നിശ്ചയമായും അതിന്റെ ഏഴിരട്ടി നഷ്ടം വരാനാണ് ഇടയുള്ളത്. അപ്പോൾ 21 ലക്ഷത്തിൽ ചിലവാനം രൂപാ നഷ്ടമുണ്ടാകാൻ ഉള്ള സാദ്ധ്യത ഉണ്ട്.

അതിനപ്പുറമായി മററുചില കാര്യങ്ങളുംകൂടി ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. നമ്മുടെ രാജ്യത്തു അപൂർവ്വമായി ലഭിക്കുന്ന ചില സാധനങ്ങൾ ഇങ്ങനെ ദുരുപയോഗം ചെയ്യുന്നതിൽ ഈ രാജ്യത്തെ സ്നേഹമുള്ള ഏതൊരാൾക്കും വളരെ ഖേദമുണ്ട്. ഇന്നീ വ്യവസായശാലയിൽ ഉപയോഗിപ്പിക്കുന്ന സാധനങ്ങൾ ഏഴെട്ടുലക്ഷം രൂപാ വിലയുള്ള സ്റ്റോർ റൂമിൽ കെട്ടിക്കിടക്കുകയാണ്. ഇത്രയും സാധനങ്ങൾ കൂട്ടിക്കിടന്നതിനു ഇടയാക്കിയ കാര്യത്തിൽ നമ്മുടെ ഗവണ്മെൻറ് കാണിക്കുന്ന അനാസ്ഥ നിശ്ചയമായും കുററകരമായ അനാസ്ഥയാണെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. അങ്ങനെ ആ വ്യവസായം കാര്യക്ഷമമായ രീതിയിൽ പ്രവർത്തനം നടത്താതെ ഇത്രയധികം സാധനങ്ങൾ ഇന്നു അവിടെ കൂട്ടിയിട്ടിരിക്കുകയാണ്. അതിലുമുപരി ഈ സഭ മനസ്സിലാക്കേണ്ടതായി മറെറാരുകാര്യമുണ്ട്. ഇലക്ട്രിസിററി ഡിപ്പാർട്ടുമെൻറിലെ ആവശ്യത്തിനായി ഉപയോഗിക്കാവുന്ന വളരെഅധികം ഇൻസുലേററേഴ്സ് ഈ വ്യവസായശാലയിൽ ഉണ്ടാക്കി. എന്നാൽ നമ്മുടെ വ്യവസായശാലയിൽ നിന്നും കരൊററ അണക്കുപോലും സാധനങ്ങൾ ഇലക്ട്രി

[ഡോക്ടർ പി. കെ. സുകുമാരൻ]

സിററി ഡിപ്പാർട്ടുമെൻറിൽ എടുത്തിട്ടില്ല. നമ്മുടെ ഇലക്ട്രിസിററി ഡിപ്പാർട്ടുമെൻറിനെക്കൊണ്ട്, നമ്മുടെ മൂലധനം മുടക്കി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യവസായസ്ഥാപനത്തിൽ ഉൽപ്പാദിപ്പിക്കുന്ന ആവശ്യമുള്ള സാധനങ്ങൾക്കു കമ്പോളമില്ലാതെ കെട്ടിക്കിടക്കുമ്പോൾ, അവിടെ ഉണ്ടാക്കുന്ന സാധനങ്ങൾ ഉപയോഗപ്പെടുത്തുവാൻ ആവശ്യമായ പ്രേരണയും മററ് സമ്മർദ്ദങ്ങളും ഈ ഗവണ്മെൻറിനു ചെലുത്തിക്കൂടെയോ എന്നു ഞാൻ ചോദിക്കുകയാണ്. ഈ രാജ്യത്തെ വ്യവസായവത്കരണം ഒന്നാം പഞ്ചവത്സരപദ്ധതിക്കു ശേഷം രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുന്നു എന്ന് വളരെ ആവേശകരമായി സംസാരിക്കാറുണ്ട്. ഒന്നാം പഞ്ചവത്സരപദ്ധതി കഴിയാറായി. രണ്ടാം പഞ്ചവത്സരപദ്ധതിയുടെ അടിത്തറ കെട്ടുകയും ചെയ്തിട്ടുള്ളതായി ഇവിടെ പ്രസംഗിക്കുകയുണ്ടായി. ഈ രാജ്യത്തു ള്ള വ്യവസായശാലകളിൽ ഉണ്ടാക്കുന്നതായ സാധനങ്ങൾ ചെലവാക്കുവാൻ സാധിക്കാതെ വളരെ അധികം പണം ഇന്നു നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ വ്യവസായശാലകൾ പുരോഗമിപ്പിക്കുവാനുള്ള പദ്ധതികൾ ഗവണ്മെൻറ് ആലോചിക്കേണ്ടതാണ്. ഈ വ്യവസായത്തെസംബന്ധിച്ചിടത്തോളം നിശ്ചയമായും ഗവണ്മെൻറ് തികഞ്ഞ അനാസ്ഥ കാണിക്കുന്നുണ്ട്. ഇന്ന് ഓവർഡ്രാപ്പിററലൈസേഷൻ അതിലുണ്ട്. ഇന്ന് ആവശ്യമുള്ളതിൽ കൂടുതൽ ഉദ്യോഗസ്ഥന്മാർ അവിടെയുണ്ട്. അവിടെ ഉൽപ്പാദനം വളരെ വർദ്ധിച്ചിരുന്നപ്പോൾ നിയമിച്ചിട്ടുള്ള എല്ലാ സൂപ്പർവൈസർമാരും ഇപ്പോഴും അവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷെ ഉൽപ്പാദനം ഇപ്പോൾ വളരെ കുറഞ്ഞു. ഉൽപ്പാദനം വളരെ അധികം ഉണ്ടായിരുന്നകാലത്ത് കൂടുതൽ ഉദ്യോഗസ്ഥന്മാരെ നിയമിച്ചു. കഴിഞ്ഞകൊല്ലം ഈ നിയമസഭയിൽ നിന്ന് ഞാൻ തന്നെപറഞ്ഞിട്ടുണ്ട്, ഈ കൂടിക്കിടക്കുന്ന സാധനങ്ങൾ നമ്മുടെ എല്ലാ പ്രധാന പട്ടണങ്ങളിലും ഷോറൂമുകൾ ഉണ്ടാക്കി അവിടെ പ്രദർശിപ്പിക്കണമെന്നും, വിൽപ്പന നടത്തണമെന്നും. ആ ഷോറൂമുകളിൽ ഈ സൂപ്പർവൈസർമാരെ നിയമിക്കണമെന്നും. എന്നാൽ അതിനെസംബന്ധിച്ച് ഗവണ്മെൻറ് കാര്യക്ഷമമായി യാതൊന്നും പ്രവർത്തിച്ചില്ല. ഒന്നോ രണ്ടോ സ്ഥലങ്ങളിൽ ഷോറൂംഉണ്ടാക്കാൻ ഗവണ്മെൻറ് ശ്രമിക്കുന്നു എന്നു മാത്രം അറിയാൻ കഴിഞ്ഞു. സർ, ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കാൻ ഇവർ ആഗ്രഹിക്കുന്നില്ല എന്നു ഞങ്ങൾ പറയുന്നതു് ഇതുകൊണ്ടാണ്. ഇവർ ഈ രാജ്യത്തെ വ്യവസായ വൽക്കരിക്കുന്നതിന് അശേഷം താൽപ്പര്യമില്ലാത്ത ആളുകളാണ്. ഇതാണ് സെറാമിക് ഫാക്ടറിയുടെ പ്രവർത്തനം.

രണ്ടാമതു് ഗവണ്മെൻറ് പണംമുടക്കി പ്രവർത്തനം നടത്തുന്ന റബ്ബർ ഫാക്ടറിയുടെ കാര്യം നോക്കാം. അതിൽ ഗവണ്മെൻറ് വകയായി മുടക്കിയിട്ടുള്ള മൂലധനം എത്രയെന്നു ബഡ്ജററ് മുഴുവൻ പരിശോധിച്ചതിൽ കിട്ടാൻ സാധിക്കുന്നില്ല. ആർക്കും കണ്ടുപിടിക്കുവാൻ സാദ്ധ്യമല്ലാത്ത തരത്തിലാണ് ബഡ്ജററുകണക്കുകൾ രൂപീകരിക്കുന്നതു്. ഈ വ്യവസായത്തിനു മുടക്കിയിരിക്കുന്ന തുകയുടെ പലിശ 85000- ശേഷം രൂപാ കിട്ടണമെന്നു പറഞ്ഞു. അത്ര വലിയ ഒരു തുക ഈ റബ്ബർഫാക്ടററിയിലും മുടക്കിയിട്ടുണ്ട്. 55000 രൂപാ പലിശ കിട്ടത്തക്ക ക്യാപ്പിററൽ ഇൻവെസ്ററ്മെൻറാണ് ഈ വ്യവസായത്തിൽനിന്നും ഇപ്പോഴത്തെ കണക്കുകൊണ്ട് 57100-ൽ ശേഷിച്ചം രൂപാ നഷ്ടമാണ് പ്രതീക്ഷിക്കുന്നതു്. അപ്പോൾ ഈ രീതിയിൽ പലിശ പോലും നമുക്കു

വ്യവസായത്തിൽനിന്നും കിട്ടുന്നില്ല. നമ്മുടെ രാജ്യത്തു ഏററവും നല്ല റബ്ബർ ഉണ്ടാകുന്നുണ്ട്. നമ്മുടെ രാജ്യത്ത് നൂറ് റാത്തൽ റബ്ബറിന് 150 രൂപയാണ് വില ക്ലിപ്തപ്പെടുത്തിയിരിക്കുന്നത്. നമ്മുടെ രാജ്യത്ത് നൂറ് റാത്തൽ റബ്ബറിന് 150 രൂപാ വിലകിട്ടിക്കൊണ്ടിരിക്കുമ്പോൾ വെളിയിൽ നൂറ് റാത്തൽ റബ്ബറിന് 300 രൂപാ വില കൊടുത്തുകൊണ്ടിരിക്കുകയാണ്. അങ്ങിനെ 300 രൂപായ്ക്ക് റബ്ബർ വാങ്ങി ടയറുകളും ട്യൂബുകളും ഉണ്ടാക്കി ഇവിടെ ഇറക്കുമതിചെയ്ത് വിൽപ്പന നടത്തിവരുന്നു. നമ്മുടെ രാജ്യത്ത് നൂറ് റാത്തൽ റബ്ബറിന് 150 രൂപാ വിലയെന്ന് ക്ലിപ്തപ്പെടുത്തിയിരിക്കെ അത് വാങ്ങി ടയറുകളും ട്യൂബുകളും നിർമ്മിച്ച് നമുക്ക് അവരോട് കമ്പീററ് ചെയ്യരുതോ? എന്തുകൊണ്ട് അതേപ്പററി നാം ആലോചിക്കുന്നില്ല? ഗവണ്മെൻറ് ഇന്ന് നമ്മുടെ റബ്ബറിന് വില നിയന്ത്രിച്ചിരിക്കുകയാണ്. അങ്ങിനെ നിയന്ത്രിതവിലയ്ക്ക് അസംസ്കൃത റബ്ബർ കിട്ടുമ്പോൾ ഈ വ്യവസായം കാര്യക്ഷമമായി നടത്താൻ സാധിക്കാതെ വരുന്നത് ഗവണ്മെൻറിൻെറ അനാസ്ഥകൊണ്ടു മാത്രമാണ്. ഇങ്ങനെ പല മാർഗ്ഗങ്ങളിൽക്കൂടി നമുക്ക് നഷ്ടം സംഭവിക്കുന്നു എന്നുള്ളതിനെക്കുറിച്ച് നാം വളരെ ആലോചിക്കേണ്ടിയിരിക്കുന്നു. ഈ വ്യവസായത്തെ സംബന്ധിച്ചിടത്തോളം ഏതോ ചില അനാശാസ്യപ്രവർത്തനങ്ങൾ നടക്കുന്നതായി അറിയുന്നു. അതിൻെറ വിശദാംശങ്ങളിലേക്ക് കടക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതിലേയ്ക്ക് ഞാൻ കടക്കുന്നുമില്ല. പല കുംഭകോണങ്ങളും നടക്കുന്നുണ്ടെന്നു കേൾക്കുന്നു. അതിൻെറ വിശദാംശത്തിലേയ്ക്ക് ഞാൻ കടക്കുന്നില്ല. നല്ല സാധനങ്ങൾ ഈ വ്യവസായശാലകളിൽ ഉണ്ടാക്കുന്നില്ല. ഡിമാൻഡ് വരാവുന്ന നല്ല ചരക്കുകൾ ഉല്പാദിപ്പിക്കപ്പെടുന്നില്ല. അതേസമയം ഈ ഫാക്ടറിയിൽ നിന്നും റബ്ബർ വാങ്ങി പ്രൈവേററ കമ്പനിക്കാർ അമിതമായ ലാഭം ഉണ്ടാക്കിവരുന്നതായി അറിയുന്നു.

മൂന്നാമത്, ഏററവും പ്രധാനപ്പെട്ട ഒരു വ്യവസായമാണ് മൈനിംഗ്. ലോകത്തിൽ അപൂർവ്വമായി കിട്ടുന്ന സാധനങ്ങളാണ് അവ. ഈ മൈനിംഗ് വ്യവസായത്തെ കാര്യക്ഷമമായ വിധത്തിൽ ഈ രാജ്യത്തിൻെറ സാമ്പത്തികപുരോഗതിക്ക് പ്രയോജനപ്പെടത്തക്ക നിലയിൽ പ്രവർത്തിച്ചുവരുന്നില്ലെന്നുള്ളത് ഒരു പരമാർത്ഥമാണ്. പലിശ ഇനത്തിൽ മൂന്നുലക്ഷത്തിമുപ്പത്തെണ്ണായിരത്തി അറുനൂറു രൂപ കിട്ടത്തക്കവണ്ണം അത്ര വലിയ ഒരു മൂലധനം ഗവണ്മെൻറ് മുടക്കിയിട്ടുണ്ട്. എന്നിട്ട് വെറും പതിനൊന്നുലക്ഷത്തിൽ ചിലപാനം രൂപ മാത്രമാണ് അതിൽ നിന്നും കിട്ടുന്ന വരവ്. വളരെ മൂലധനം മുടക്കിയിട്ടുള്ളതും വളരെയധികം സാദ്ധ്യതയുള്ളതുമായ ഈ വ്യവസായത്തിൽനിന്ന് കേവലം പതിനൊന്നുലക്ഷം രൂപ ആദായം കിട്ടുന്ന ഒരവസ്ഥയാണ് ഇന്നുള്ളത്. ഇത്ര വമ്പിച്ച മുതൽമുടക്കി ഇത്ര തുച്ഛമായ ആദായം ലഭിക്കത്തക്ക ഒരു സ്ഥിതിയാണ് നമുക്ക് ഉണ്ടാകുന്നതെങ്കിൽ ഇത്തരം വ്യവസായങ്ങൾക്ക് ഗവണ്മെൻറ് എന്തിനാണ് ആവേശപ്പെടുന്നത് എന്നും തോന്നാറുണ്ട്.

മറെറാന്ന് പ്ലൈവുഡ് ഫാക്ടറിയാണ്. ഗവണ്മെൻറ് നേരിട്ടു നടത്തുന്ന ഒരു ഫാക്ടറിയാണ് ഇത്. ഈ ഫാക്ടറിക്ക് 75800-ൽ ശ്രേഷ്ഠം രൂപ പലിശ ഇനത്തിൽ കിട്ടത്തക്കവണ്ണം ഉള്ള മൂലധനം മുടക്കിയിട്ടുണ്ട്. ഇതുവരെ ആകെ കിട്ടിയത് ഒരു ലക്ഷം രൂപയാണ്. ഈ പ്ലൈവുഡ് ഫാക്ടറിക്ക് 50 ശതമാനം കൺസഷൻ റേററിൽ തടി ലഭിക്കുന്നു. അങ്ങനെ പകുതിവില സൗജന്യനിരക്കിൽ തടിവാങ്ങി നട

[ഡാക്ടർ പി. കെ. സുകുമാരൻ]

ത്തുന്ന ഈ വ്യവസായത്തിൽനിന്നും ഒരു ലക്ഷത്തിൽ ചിലപ്പോൾ രൂപ മാത്രമാണ് ഈ ഗവണ്മെൻറ്നു് ആദായം ഉണ്ടാകുന്നതെങ്കിൽ ഗവണ്മെൻറിന്റെ ഈ വ്യവസായത്തിൽ ഗൌരവാവഹമായ തകരാറുകളുണ്ടെന്നുള്ളതിനു സംശയമില്ല. ഇതേപ്പററിയും നാം ഗൌരവമായി ആലോചിക്കേണ്ടതാണ്. സാങ്കേതികമായ വൈദഗ്ദ്ധ്യവും പരിശീലനവും ആവശ്യപ്പെടുന്ന ഈ വ്യവസായം ഇന്നു നടത്തിക്കൊണ്ടുപോകുന്നതു് ഫാറസ്റ്റ് കൺസർവേററാണ്. വ്യാവസായികമായ വീക്ഷണഗതിയും ത്രാണിയും ഉണ്ടാകുമെന്നാശിക്കാൻ നിവൃത്തിയില്ലാത്ത, ഇങ്ങനെയുള്ള ആളുകളുടെ മേൽനോട്ടത്തിൽ വ്യവസായശാലകൾ നടത്തുന്നതുകൊണ്ടാണ് പ്രതീക്ഷിക്കുന്ന തരത്തിലുള്ള ആദായം ഗവണ്മെൻറിനു ലഭിക്കാത്തതെന്നു തോന്നുന്നു. അൻപതു ശതമാനം സൗജന്യനിരക്കിൽ തടിവാങ്ങി നടത്തുന്ന നമ്മുടെ പ്ലൈവുഡ് ഫാക്ടറിയിൽനിന്നു് ഇത്രത്തുച്ഛമായ ആദായം കിട്ടിക്കൊണ്ടിരിക്കുമ്പോൾ, മുഴുവൻ വിലയും കൊടുത്തു് തടിവാങ്ങി ഇത്തരം ഫാക്ടറികൾ നടത്തുന്ന കോട്ടയത്തെ വ്യാപാരികൾക്കു് അമിതമായ ലാഭം കിട്ടുന്നുണ്ടെന്നുകൂടി നാം ഓർക്കണം. ഈ വ്യവസായരംഗത്തു് വളരെ അധികം കുഴപ്പങ്ങൾ ഉണ്ടു്.

മറെറാരു വ്യവസായമാണ് ഷാക്ക്ലിവർ ആയിൽ വ്യവസായം. ഇതിന്റെ മൂലധനം എന്താണെന്നു കാണാൻ നിവ്വാഹമില്ല. അതിനു് പതിനൊരായിരത്തി എഴുന്നൂററിനാല്പതു രൂപ ഇൻറെറസ്റ്റ് ഇനത്തിൽ കിട്ടുന്നു. ആ വ്യവസായത്തിനു് ഇക്കൊല്ലം മുപ്പത്താറായിരത്തി അഞ്ഞൂറു രൂപ നഷ്ടമാണുണ്ടായിരിക്കുന്നതു്. പതിനൊരായിരത്തി എഴുന്നൂററിനാല്പതു രൂപ ഇൻറെറസ്റ്റ് കിട്ടേണ്ട ഒരു വ്യവസായം നടത്തിയിട്ടു് മുപ്പത്തിആറായിരത്തി അഞ്ഞൂറിൽശിഷ്ടം രൂപ നഷ്ടംവരാവുന്ന ഒരു സാഹചര്യമാണ് ഇന്നു് ആ വ്യവസായത്തിനുള്ളതെന്നോർക്കുമ്പോൾ ഗവണ്മെൻറിന്റെ വ്യവസായനയത്തെ സംബന്ധിച്ചു് ജനങ്ങൾക്കു് അത്ര വലിയ മതിപ്പും വിശ്വാസവും ഇല്ലാതെ വരുന്നെങ്കിൽ തെററുണ്ടോ? സർ, ഇതൊക്കെയാണ് ഗവണ്മെൻറ് നേരിട്ടു നടത്തുന്ന വ്യവസായങ്ങളുടെ അവസ്ഥ.

ബഹുമാന്യനായ ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ ബഡ്ജററവതരണസംഗത്തിൽ പറഞ്ഞു, കാട്ടേജ് ഇൻഡസ്ട്രീസ് മൂലവും സ്മാൾസ്കെയിൽസ് ഇൻഡസ്ട്രീസ് മൂലവുമാണ് ഈ രാജ്യത്തെ സാമ്പത്തികഭാവി കണ്ടെത്തുവാൻ ശ്രമിക്കുന്നതു് എന്നു്. അങ്ങനെ ശ്രമിച്ചുകൊണ്ടിരിക്കുന്ന അദ്ദേഹം ഈ രാജ്യത്തെ പ്രധാനപ്പെട്ട കാട്ടേജ് ഇൻഡസ്ട്രീസ് ആയ കയർവ്യവസായത്തെയും കൈത്തറി വ്യവസായത്തെയും അഭിവൃദ്ധിപ്പെടുത്തുവാനുള്ള കാര്യത്തിൽ അനാസ്ഥ കാണിക്കുന്നതു് എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. പഞ്ചവത്സരപദ്ധതിയിൽ കാട്ടേജ് ഇൻഡസ്ട്രീസ്നു് വളരെ പ്രാധാന്യംനല്കിയിട്ടുണ്ടു്. പഞ്ചവത്സരപദ്ധതിയുടെ മാഹാത്മ്യത്തെപ്പററി നമ്മുടെ മുഖ്യമന്ത്രി ഒരു വാനംപാടിപക്ഷിയെപ്പോലെ പുകഴ്ത്തിപ്പാടാറുണ്ടു്. ഒന്നാം പഞ്ചവത്സരപദ്ധതിയിൽ കുടിൽവ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുവാൻവേണ്ടി 89 ലക്ഷം രൂപ് നീക്കിവച്ചിരുന്നിട്ടും ഈ നാലുകൊല്ലക്കാലംകൊണ്ടു് പതിനാറുലക്ഷത്തി എഴുപ്പത്തിയോരായിരം രൂപാ മാത്രമാണ് ചെലവാക്കിയിരിക്കുന്നതു്. കുടിൽവ്യവസായത്തെ പരിപോഷിപ്പിച്ചുകൊണ്ടു് ഒരു സോഷ്യലിസ്റ്റ് അടിസ്ഥാനത്തിൽ ഇവിടത്തെ സാമൂഹ്യവ്യവസ്ഥിതി പടുത്തുകൊണ്ടുവരുവാൻ ആഗ്രഹിക്കുന്ന നമ്മുടെ മുഖ്യമന്ത്രി ഇക്കാര്യത്തിൽ കൊല്ലംതോറും നാലുലക്ഷം രൂപാ

മാത്രം ചെലവാക്കുന്നതേയുള്ളു എന്ന കാര്യം പ്രത്യേകം ആലോചിക്കേണ്ടതാണ്. ഇവിടത്തെ പ്രധാനപ്പെട്ട ഒരു കുടിൽവ്യവസായമാണ് കയർ വ്യവസായം. പഞ്ചവത്സരപദ്ധതിയിൽ ഈ വ്യവസായത്തിനു അറുപത്തി മൂന്നുലക്ഷത്തിൽ ചിലപ്പോൾ രൂപ മാററിവച്ചിട്ടുണ്ടായിരുന്നു. ഈ അഞ്ചു കൊല്ലക്കാലംകൊണ്ടു് നൂററിഇരുപതു് പ്രൈമറി സൊസൈററികളും ഇരുപത്തിഅഞ്ചു് തൊണ്ടുവ്യവസായ സംഘങ്ങളും, രണ്ടു് സെൻട്രൽ മാർക്കററിംഗ് സൊസൈററികളും സ്ഥാപിച്ചു്, അവക്കു് ലോണായും ഗ്രാൻറായും പണം കൊടുത്തു്, ഈ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുവാനാണ് ഉദ്ദേശിച്ചതു്. എന്നാൽ ഈ നാലുകൊല്ലംകൊണ്ടു് 98 പ്രൈമറി സൊസൈററികളും, പതിനഞ്ചു് തൊണ്ടുവ്യവസായശാലകളും സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവക്കു് ലോണും ഗ്രാൻറുമായി കൊടുത്ത സംഖ്യ 24 ലക്ഷം രൂപ മാത്രമാണ്. അപ്പോൾ ഈ വ്യവസായാഭിവൃദ്ധി എത്രമേൽ ത്വരിപ്പിക്കുന്നുണ്ടു് എന്നു് ഇതിനിന്നു നമുക്കു് കാണാൻ കഴിയും. പ്രൈമറി സൊസൈററികൾ ഇപ്പോഴും രജിസ്റ്റർചെയ്തു വരുന്നുണ്ടു്. മീനച്ചൽ, പാലാ, കൊട്ടാരക്കര മുതലായി ഈ വ്യവസായവുമായി യാതൊരു ബന്ധവുമില്ലാത്ത സ്ഥലങ്ങളിലും കുറെ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടു്. ഇത്തരം സ്ഥലങ്ങളിൽ സംഘങ്ങൾ സ്ഥാപിച്ചു് അവയ്ക്കു ലോണും, ഗ്രാൻറും കൊടുത്തു് ഈ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുവാനാണ് ഗവണ്മെൻറ് ഭാവിക്കുന്നതെങ്കിൽ ഗവണ്മെൻറിനു് ഇതിലുള്ള ഉദ്ദേശശുദ്ധിയേയും ആത്മാർത്ഥതയേയും കുററപ്പെടുത്താതിരിക്കുവാൻ നിവൃത്തിയില്ല. മറെറാന്നു് കൈത്തറി വ്യവസായമാണ്. ഇതിനെപ്പററി ഇന്നലെയും, മിനിഞ്ഞാന്നും വളരെയധികം ആളുകൾ സംസാരിച്ചതുകൊണ്ടു്, ഉന്നതന്മാരായ കാൺഗ്രസ്സ് വക്താക്കൾതന്നെ ഈ വിഷയത്തെപ്പററി ഊന്നിപ്പറഞ്ഞതുകൊണ്ടു്, ബഹുമാന്യനായ സ്പീക്കറെപ്പോലുള്ള ആളുകൾ ഈ വ്യവസായത്തിനു് ആപല്ക്കരമായ സാഹചര്യങ്ങളാണു്, ഇപ്പോൾ ഉള്ളതെന്നു് അടുത്തകാലത്തു് പ്രസ്താവിച്ചിട്ടുള്ളതുകൊണ്ടു്, ഞാൻ ഇതിനു് കൂടുതലായി ഒന്നും പറയുന്നില്ല.

സർ, ഇതൊക്കെയാണു് നമ്മുടെ വ്യവസായങ്ങളുടെ സ്ഥിതി. ഈ വ്യവസായങ്ങൾ എല്ലാം പരിശോധിച്ചാൽ രണ്ടുമൂന്നു കാര്യങ്ങൾ സ്പഷ്ടമായി നമുക്കു കാണാൻ കഴിയും. ഒന്നാമതായി ഓവർ ക്യാപ്പിററലൈസേഷൻ. ഗവണ്മെൻറു നടത്തുന്ന എല്ലാ വ്യവസായങ്ങളിലും ഈ ദോഷം ഉണ്ടു്. രണ്ടാമതായി മിസ്–മാനേജ്മെൻറ്. മൂന്നാമതു് മാർക്കററില്ലായ്മ. നാലാമതു ഓവർ പ്രൊഡക്ഷൻ. ഇതെല്ലാം നമ്മുടെ വ്യവസായസ്തംഭനത്തിനുള്ള മുഖ്യകാരണങ്ങളാണെന്നു കാണാൻകഴിയും. ഓവർ ക്യാപ്പിററലൈസേഷനെപ്പററി പറയുകയാണെങ്കിൽ കുണ്ടറ സെറാമിക് ഫാക്ററിയെ ഉദാഹരണമായി ചൂണ്ടിക്കാണിക്കാവുന്നതാണ്. അവിടെ ചെളി ശുദ്ധിചെയ്തു എടുക്കുന്നതിനു നാലോ അഞ്ചോ ടാങ്കുകൾ ഉണ്ടു്. അവയിൽ ഒന്നുമാത്രമാണു് ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നതു്. അതുപോലെ മററു മെഷീനറികളും ഉപയോഗശൂന്യമായി തുരുമ്പുപിടിച്ചു കിടക്കുകയാണ്. ഇങ്ങനെ പ്രയോജനരഹിതമായ മെഷീനറികളും മററും സൂക്ഷിച്ചുവയ്ക്കുവാൻ വേണ്ടി ഇത്രയേറെ പണം മുടക്കേണ്ട ആവശ്യം എന്തായിരുന്നു എന്നു് എനിക്കു മനസ്സിലാകുന്നില്ല. മിസ്മാനേജ്മെൻറിനെപ്പററിയാണെങ്കിൽ, റബ്ബർ ഫാക്ററി, പ്ലൈവുഡ്ഫാക്ററി, സെറാമിക് ഫാക്ററി മുതലായ ഫാക്ററികളിലെ കുഴപ്പങ്ങൾ മിസ്മാനേജ്മെൻറുകൊണ്ടുണ്ടായവയാണെന്നുള്ളതിനു തർക്കമില്ല. എനിക്കേററവും

[ഡാക്ടർ പി. കെ. സുകുമാരൻ]

പ്രധാനമായി പറയുവാനുള്ളത് മാർക്കററിംഗിനെപ്പററിയാണ്. ഈ രാജ്യത്തെമാത്രമല്ല, ഇൻഡ്യയിലെ വ്യവസായത്തെപ്പററി ചിന്തിക്കുന്നവർ പ്രധാനമായി ചിന്തിക്കേണ്ടതു് മാക്കററിംഗിനെപ്പററിയാണ്. അടിസ്ഥാനപരമായ ഒരു സോഷ്യലിസ്ററു പാററേണി ഈ രാജ്യത്തു വ്യാവസായികാഭിവൃദ്ധി കൈവരുത്തുന്നുമെന്നാഗ്രഹിക്കുന്നവർ മാർക്കററിംഗിനെപ്പററിയാണ് പ്രത്യേകമായി ശ്രദ്ധിക്കേണ്ടതു്. ഒന്നാം പഞ്ചവത്സരപദ്ധതിയിലെ പ്രവർത്തനഫലമായി ഭക്ഷ്യോൽപ്പാദനം, തുണിയുടെ ഉൽപ്പാദനം എന്നിവ കുറെ വർദ്ധിച്ചിട്ടുണ്ടെന്നു പറയുന്നു. ഭക്ഷ്യോൽപ്പാദനം 14 ഔൺസി നിന്നും 16 ഔൺസായും, വസ്ത്രങ്ങളുടെ ഉൽപ്പാദനം 14 യാർഡി നിന്നും 16 യാർഡായും, വർദ്ധിച്ചിട്ടുണ്ടു്. എന്നാൽ പഞ്ചവത്സരപദ്ധതിയുടെ ജനയിതാക്കൾതന്നെ സമ്മതിക്കുന്നുണ്ടു്, ഒരാളിന്നു് 25 യാർഡു് തുണിയെങ്കിലും വേണമെന്നു്. ഒരുവന്റെ മിതമായ ഉപയോഗത്തിനു അത്രയും തുണി ആവശ്യമാണെന്നിരിക്കെ, 16 യാർഡു് തുണിമാത്രമാണു് നമുക്കിപ്പോൾ ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്നതു്. എന്നാ ഈ 16 യാർഡു് തുണിപോലും വാങ്ങുവാൻ ആളില്ലാണ്ടതിട്ടു് ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന തുണിയിലൊരംശം ഇംഗ്ലണ്ടിലേയ്ക്കു് കയററി അയയ്ക്കുവാൻ നാം നിർബന്ധിതരായിത്തീർന്നിരിക്കുന്നു. ഇവിടെ നമുക്കു് വേണ്ടത്ര മാക്കററില്ലാത്തതാണു് ഇതിനു കാരണം. അടുത്ത കാലത്തു്, ഇംഗ്ലണ്ടിലേയ്ക്കു് കയററി അയയ്ക്കുന്ന സാധനങ്ങളെ നിയന്ത്രിക്കണമെന്നു ആവശ്യപ്പെടുന്ന പ്രമേയങ്ങൾ പാർലമെൻറിൽ വന്നിട്ടുണ്ടെന്നു നമുക്കറിയാം. നമ്മുടെ പഞ്ചവത്സരപദ്ധതിയനുസരിച്ചു് ചില കാര്യങ്ങൾ അഭിവൃദ്ധിപ്പെട്ടിട്ടുണ്ടു്; ഇനിയും അഭിവൃദ്ധിപ്പെടുത്തുവാൻപോകുന്നു എന്നു പറയുന്നതിൽ വല്ല കഴമ്പും വേണമെന്നുണ്ടെങ്കിൽ, നമുക്കിവിടെ ശരിയായ മാക്കററിംഗു് കൂടി ആവശ്യമാണു്.

ശ്രീ. പി. വി. അവിരാത്തരകൻ : ഇവിടെ തുണിയുടെ ഉൽപ്പാദനം വർദ്ധിച്ചിട്ടുണ്ടെന്നു പറഞ്ഞല്ലോ. അതു് പ്രീ വാർ ലെവലിനെക്കാൾ കൂടുതലാണോ?

ഡാക്ടർ പി. കെ. സുകുമാരൻ : അല്ല. പ്രീ വാർ ടൈമിൽ 17 യാർഡു് തുണിയാണു് ഉൽപ്പാദിപ്പിച്ചുകൊണ്ടിരുന്നതു്. ഇപ്പോൾ 16 യാർഡു് തുണിയെ ഉൽപ്പാദിപ്പിക്കുന്നുള്ളൂ. അപ്പോൾ സർവ്വപ്രധാനമായും മുഖ്യമായും നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നതു്, വ്യവസായാഭിവൃദ്ധിക്കു് ഉൽപ്പാദനം വർദ്ധിക്കുന്നതിനോടൊപ്പം ആഭ്യന്തരമായ കമ്പോളങ്ങൾ കൂടി ഉണ്ടാക്കണമെന്നുള്ളതിലാണു്. അതുണ്ടാകാതെ രണ്ടാംപഞ്ചവത്സരപദ്ധതിയെപ്പററി എത്രതന്നെ പ്രശംസിച്ചാലും, എത്രയെല്ലാം ആവേശത്തോടുകൂടി പ്രസംഗിച്ചാലും, ആ പദ്ധതി ഇപ്പോൾ നിൽക്കുന്ന നിലയിൽ നിന്നും ഒരിഞ്ചുപോലും മുമ്പോട്ടു പോകയില്ല. ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന തുണി വിററഴിക്കണമെങ്കിൽ അന്യ രാജ്യങ്ങളെ അഭയം പ്രാപിക്കണമെന്നു വന്നാൽ എങ്ങിനെയാണു് ആ വ്യവസായം അഭിവൃദ്ധിപ്പെടുന്നതു്? ഇതുപോലെതന്നെയാണു് ഭക്ഷ്യോൽപ്പാദന വർദ്ധനവിനെപ്പററിയും ഉള്ള കഥ. രാജ്യത്തെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും ജീവിതവരുമാനം വർദ്ധിപ്പിക്കുന്നതിനും ഇവിടത്തെ വ്യവസായം എത്രമാത്രം സഹായകമാകുന്നുണ്ടു് എന്നുള്ളതിനെ ആശ്രയിച്ചാണു് ഇവിടത്തെ വ്യവസായാഭിവൃദ്ധി നിലകൊള്ളുന്നതു്. ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന സാധനങ്ങൾ വിററഴിക്കുവാനുള്ള

കമ്പോളം കണ്ടുപിടിച്ച്, ജനങ്ങളുടെ ക്രയശക്തിയെ വർദ്ധിപ്പിച്ച്, അവരുടെ ജീവിതത്തോതു് ഉയർത്തിയെങ്കിൽ മാത്രമേ ഇവിടെ വ്യവസായാഭിവൃദ്ധി ഉണ്ടാവൂ. എന്നാൽ ഇപ്പോഴത്തെ പഞ്ചവത്സരപദ്ധതി സൂക്ഷ്മമായി പരിശോധിച്ചാൽ ഒരു സോഷ്യലിസ്റ്റ് പാറ്റേണിൽ ഉള്ള സാമ്പത്തിക വ്യവസ്ഥിതി കൈവരുത്തുവാനോ, ഈ രാജ്യത്തെ സാമ്പത്തികമായി അഭിവൃദ്ധിപ്പെടുത്തുവാനോ, ജീവിതത്തോതു് ഉയർത്തുവാനോ സാദ്ധ്യമല്ലെന്നു കാണാം. നിലവിലുള്ള വ്യവസായങ്ങൾ തന്നെ ഇന്നു സ്തംഭിച്ചുനിൽക്കുമ്പോൾ എങ്ങനെയാണു് ഇതൊക്കെ സാധിക്കുന്നതു്? ഇതു പറയുമ്പോൾ ശ്രീ. കെ. എം. ജോർജ്ജ് ഇന്നലെ സൂചിപ്പിച്ചതു പോലെ ഒന്നാം പഞ്ചവത്സരപദ്ധതിയെ എതിർത്ത ഞങ്ങൾ രണ്ടാം പഞ്ചവത്സരപദ്ധതിയെ അനുകൂലിക്കുകയാണെന്നു പറഞ്ഞു തള്ളരുതു്. കാര്യങ്ങളെ ഞങ്ങൾ എതിർക്കുന്നില്ല. നല്ല കാര്യങ്ങൾ ഞങ്ങൾക്കും നല്ല കാര്യങ്ങളാണു്. പക്ഷെ, ഈവക കാര്യങ്ങളിൽ അടിസ്ഥാനപരമായ ഒരു നിലവാരം നിങ്ങൾ സ്വീകരിച്ചിട്ടില്ല. ഇവിടത്തെ ജീവിതത്തോതു് ഉയർത്തുവാനുള്ള അടിസ്ഥാനപരമായ പന്ഥാവി ക്കൂടി നിങ്ങൾ പോകുന്നില്ല. അങ്ങനെ പോയെങ്കിൽമാത്രമേ ഈ പദ്ധതികളെല്ലാം വിജയിക്കുകയുള്ളൂ. അടിസ്ഥാനപരമായ സാമ്പത്തിക പുരോഗതിക്കുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചെങ്കിലല്ലാതെ ഈ പദ്ധതികൾ വിജയിക്കാൻ പോകുന്നില്ല. അടിസ്ഥാനപരമായി വ്യാവസായികാഭിവൃദ്ധി ഉണ്ടാകാൻ ചില കാര്യങ്ങളിൽ നാം ശ്രദ്ധിക്കേണ്ടതുണ്ടു്. ഈ രാജ്യത്തെ ജനങ്ങളുടെ ക്രയശക്തി വർദ്ധിപ്പിക്കാനും അവരുടെ ജീവിതത്തിനുള്ള വരുമാനം വർദ്ധിപ്പിക്കാനും ഉതകത്തക്ക ഒരു അടിസ്ഥാനപരമായ തൊഴിൽ നയം സ്വീകരിക്കുന്നില്ലെങ്കിൽ നിശ്ചയമായും രാജ്യത്തു സാമ്പത്തികമായ പുരോഗമനം ഉണ്ടാകാൻപോകുന്നില്ല. ഒരു പക്ഷെ, പുതിയ പഞ്ചവത്സരപദ്ധതിയുടെ അടിസ്ഥാനത്തിൽ താൽക്കാലികമായ വല്ല പുരോഗമനവും ഉണ്ടെങ്കിൽ തന്നെയും അതു് പുരോഗതിക്കുള്ള ഭദ്രമായ ഒരു അടിസ്ഥാനമാകാൻ പോകുന്നില്ല. അടിസ്ഥാനപരമായ തത്വങ്ങളിൽ, അതായതു് ശാസ്ത്രീയമായ അടിസ്ഥാനത്തിൽ ക്കൂടിയുള്ള വ്യവസായീകരണമാണു് ഇന്നു നമുക്കു് ആവശ്യമായിട്ടുള്ളതു്. പഞ്ചവത്സരപദ്ധതിയുടെ പേരിൽ വൻ തുകകൾ ചെലവാക്കി പല വിധത്തിലുള്ള നന്മ ഉണ്ടാക്കാൻ രാജ്യത്തു ചെയ്യാൻ പോകുന്നതെന്നാണു പറയുന്നതു്. ഈ പഞ്ചവത്സരപദ്ധതിമൂലം ശാശ്വതമായ എന്തു മേന്മയാണു ഉണ്ടാകാൻ പോകുന്നതെന്നു് എനിക്കു മനസ്സിലാകുന്നില്ല. രാജ്യത്തെ ജനങ്ങളുടെ ജീവിതവരുമാനവും സാമ്പത്തിക ശേഷിയും വർദ്ധിപ്പിക്കാൻ ആവശ്യമായ ഒരു പരിതഃസ്ഥിതി ഉണ്ടാക്കിയാൽ മാത്രമേ പ്രതീക്ഷിക്കുന്നതുപോലുള്ള ഫലം സിദ്ധിക്കുകയുള്ളൂ. അതായതു്, കർഷകരെയും, കുടിയാന്മാരെയും, സംബന്ധച്ചിട്ടത്തോളവും, പാട്ടം, വാരം, ഇവ കുറിപ്പെടുത്തുക, കർഷകന്റെ ഉല്പന്നങ്ങൾക്കു മാർക്കറ്റു കണ്ടുപിടിക്കുക, കാർഷികവായ്പകൾ നൽകി അവനെ സഹായിക്കുക, ദൈനംദിനം നടത്തിക്കൊണ്ടിരിക്കുന്ന കുടിയൊഴിപ്പിക്കൽ തടയുക മുതലായ അടിസ്ഥാനപരമായ നയപരിപാടികൾ മുമ്പിൽ വച്ചുകൊണ്ടു് ആത്മാർത്ഥതയോടുകൂടി പ്രവർത്തിക്കുന്നതായാൽ നമ്മുടെ രാജ്യത്തെ ഭൂരിപക്ഷം സാമാന്യജനങ്ങളുടെ സാമ്പത്തികനില സാരമായവിധത്തിൽ ഉയർത്തുവാൻ സാധിക്കും. സർ, ഞങ്ങൾ ഈ കാര്യങ്ങൾ ഓരോ നിയമസഭയിലും വിശദീകരിക്കുമ്പോഴൊക്കെയും നിശിതമായ എതിർപ്പുണ്ടു ഉണ്ടായിട്ടു

[ഡാക്ടർ പി. കെ സുകുമാരൻ]

ള്ളതു്. വ്യവസായത്തിലും കാർഷികവ്യവസായിലും അടിസ്ഥാനപരമായ മാററങ്ങൾക്കു സഹായകമായ തത്വങ്ങൾ സ്വീകരിച്ചു പ്രവർത്തിക്കുന്നതായാൽ കർഷകരുടെ ക്രയശക്തി വർദ്ധിക്കുന്നതോടുകൂടി രാജ്യത്തെ സാമ്പത്തിക നില ഉയരുകയും ചെയ്യുമെന്നു പറയുമ്പോൾ അതു് കേവലം വനരോദനമായിട്ടു മാത്രമാണു കലാശിക്കാറുള്ളതു്. മാത്രമല്ല, രാജ്യത്തെ സാമ്പത്തിക നിലയ്ക്കു സാരമായ വിപൽക്കരമായ നില തുടങ്ങുകയാണു ചെയ്യുന്നതു്. അതായതു്, നാട്ടുകാരുടെ തൊഴിലും സാമ്പത്തികവരുമാനവും നഷ്ടപ്പെടത്തക്ക രീതിയിൽ വസ്തു ഒഴിപ്പിക്കുക, കർഷകനെ അവന്റെ താമസസ്ഥലത്തുനിന്നുപോലും ഇറക്കിവിടുക, മുതലായ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണു്. അതുകൊണ്ടു് ഗവണ്മെന്റ് ഒരു വ്യക്തമായ നയം ഈ കാര്യങ്ങൾക്കുവേണ്ടി ഇനിയെങ്കിലും സ്വീകരിക്കുന്നതു നന്നായിരിക്കുമെന്നാണു് എന്റെ അഭിപ്രായം. സർ, ഞാൻ ഇതു പറയുമ്പോൾ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറയുമായിരിക്കാം, രാജ്യത്തെ സാമ്പത്തിക നില ഉയർത്തുന്നതിനുവേണ്ടി തത്വപരമായ എന്തു നിർദ്ദേശങ്ങളും സ്വീകരിക്കാൻ തയ്യാറാണെന്നും മററും. എങ്കിലും അദ്ദേഹത്തിനു് ഈ വിധ കാര്യങ്ങളിൽ ഒരുറച്ച നയം എടുക്കാനുള്ള ധൈര്യവും, തന്റേടവും ഉണ്ടോയെന്നുള്ളതു് എനിക്കു സംശയമാണു്.

സർ, അടുത്തതായി വ്യവസായങ്ങളെ സാരമായി ബാധിച്ചുകൊണ്ടിരിക്കുന്ന ചില ഭക്ഷ്യവശങ്ങൾ നമ്മുടെ സംസ്ഥാനത്തു് ഇന്നും നിലവിലിരിക്കുകയാണു്. നമ്മുടെ രാജ്യത്തെ വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം വൻകിട മുതലാളികളും ചെറുകിട വ്യവസായികളും തമ്മിൽ എപ്പോഴും ഒരു വക മാക്കറുമത്സരം നടന്നുകൊണ്ടിരുന്നുണ്ടു്. ഉദാഹരണമായി കയർവ്യവസായത്തിനെ സംബന്ധിച്ചിടത്തോളവും ചെറുകിട വ്യവസായികളെ പരാജയപ്പെടുത്തിക്കൊണ്ടു് മുന്നേറുന്നതു് ആസ്സിൻവാൾ മുതലായ വൻകിട വ്യാപാരികളാണു്. ഒരു വ്യവസായത്തിന്റെ അഭിവൃദ്ധിയുടെ ഒരടിസ്ഥാനം ആ വ്യവസായത്തിൽ മുടക്കാൻ കഴിയുന്ന മൂലധനമാണു്. ചെറുകിടവ്യവസായികൾ ചെറിയ മൂലധനം മുടക്കി തുടങ്ങുന്ന വ്യവസായങ്ങൾ മിക്കവയും പരാജയത്തിൽ കലാശിക്കുകയാണു ചെയ്യുന്നതു്. കാരണം ഞാൻ മുമ്പുപറഞ്ഞ മാക്കറുമത്സരമാണു്. ഈ മാക്കറുമത്സരത്തെ എതിർത്തുനിൽക്കാനുള്ള സാമ്പത്തികകഴിവു് മിക്ക വ്യവസായങ്ങൾക്കും ഇല്ലാത്തതുകൊണ്ടു് മിക്കതൊഴിൽ വ്യവസായങ്ങൾ തകർന്നുപോകുന്നു. രണ്ടാമത്തെ കാരണം നമ്മുടെ രാജ്യത്തെ വ്യവസായോല്പന്നങ്ങൾക്കു് വിദേശച്ചരക്കുകളോടു മത്സരിക്കേണ്ടിവരുന്നു എന്നതാണു്. ഇതിൽ നിന്നു രക്ഷ വേണമെങ്കിൽ വിദേശമുതലാളിമാർക്കു് നമ്മുടെ രാജ്യത്തു് ഇന്ത്യാഗവണ്മെന്റു കൊടുത്തിരിക്കുന്ന പ്രത്യേക അവകാശങ്ങളും ആനുകൂല്യങ്ങളും അവസാനിപ്പിക്കണം. നമ്മുടെ വ്യവസായങ്ങളുടെ വളർച്ചയ്ക്കു പ്രതിബന്ധമുണ്ടാകത്തക്ക നിലയിൽ വിദേശവ്യവസായികൾക്കു നൽകിയിരിക്കുന്ന Imperial preference തുടങ്ങിയുള്ള പ്രത്യേകാനുകൂല്യങ്ങൾ നിറുത്തുകയും വിദേശികൾ ഇവിടെനിന്നും കടത്തിക്കൊണ്ടുപോകുന്ന-കൊള്ള ലാഭത്തെ നിയന്ത്രിക്കുകയും വേണം.

മൂന്നാമതായി എനിക്കു പറയാനുള്ളതു് നമ്മുടെ സംസ്ഥാനത്തുള്ള വ്യവസായികൾ മിക്കവാറും തൊഴിലാളികളുടെ അവകാശവാദത്തെ നിഷേധിച്ചുകൊണ്ടിരിക്കുന്നു എന്നതാണു്. തൻമൂലം മിക്കതൊഴിൽശാലകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുള്ള സാദ്ധ്യതയില്ലാതായിത്തീരുന്നു.

മിനിമംവേജസ് കമ്മിററി നിർദ്ദേശിച്ചിട്ടുള്ള വേതനം കൊടുക്കാനായി പല മുതലാളിമാരും വിസമ്മതമാണെന്നു പ്രകടിപ്പിക്കുന്നതു്. തൊഴിലാളിയുടെ ന്യായമായ എല്ലാ അവകാശങ്ങളും അംഗീകരിച്ചുകൊടുക്കുവാൻ മുതലാളിമാരെ നിർബന്ധിക്കേണ്ടതാണു്. വിദേശമുതലാളിമാരുടെ മാത്സര്യത്തിൽ നിന്നും മൂലധനത്തിന്റെ കുറവുകൊണ്ടുള്ള പ്രയാസങ്ങളിൽ നിന്നും നമ്മുടെ വ്യവസായികൾക്കു രക്ഷ നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതോടൊപ്പം തൊഴിലാളികൾക്കു മിനിമംവേജസും, മററാനുകൂല്യങ്ങളും അംഗീകരിച്ചു കൊടുക്കുവാൻ വേണ്ട നടപടികളും സ്വീകരിക്കണം. മിനിമംവേജസ് ഗവണ്മെന്റു നടപ്പാക്കിയിട്ടും മുതലാളിമാർ അതു നടപ്പാക്കുന്നില്ലായെന്നു പല ആവർത്തി പരാതിപറഞ്ഞിട്ടും ഗവണ്മെന്റു അതിലേയ്ക്കു് വേണ്ട കർശനനടപടികൾ എടുക്കാതാണിരിക്കുന്നതു്. അതുകൊണ്ടു് തൊഴിലാളികൾക്കു് ഇപ്പോൾ ഗവണ്മെന്റു നിശ്ചയിച്ചിട്ടുള്ള മിനിമംവേജസ് കൊടുപ്പിക്കുന്നതിനുവേണ്ടി ഗവണ്മെന്റിന്റെ സകല കഴിവും ഉപയോഗിച്ചു ധീരമായ ഒരു നടപടി കൈക്കൊള്ളണമെന്നു് ഒന്നുകൂടെ ആവർത്തിച്ചു പറഞ്ഞുകൊള്ളട്ടെ. സർ, നമ്മുടെ രാജ്യത്തു ചെറുകിട വ്യവസായങ്ങൾ മാത്രമല്ല, വൻകിട വ്യവസായങ്ങളും വളരേണ്ട ആവശ്യമുണ്ടു്. വൻകിടവ്യവസായങ്ങൾ ഏതെല്ലാമാണെന്നും, അതു വളരുന്നതിനുള്ള സാദ്ധ്യതകൾ ഏതെല്ലാമാണെന്നും, സാമ്പത്തികമായ കഴിവുകളെ സംബന്ധിച്ചും ഗൗരവമായി പരിചിന്തിക്കേണ്ടതു ഗവണ്മെന്റിന്റെ കടമയാണു്. സാമ്പത്തികമായ പുരോഗതി കാംക്ഷിക്കുന്ന യാതൊരു രാജ്യത്തും ബേസിക്കു് ഇൻഡസ്ട്രീസും ഹെവി ഇൻഡസ്ട്രീസും വളരാൻ തക്കവണ്ണമുള്ള പരിതഃസ്ഥിതി സൃഷ്ടിക്കുന്നുണ്ടു്. അങ്ങനെയൊരു പരിതഃസ്ഥിതി സൃഷ്ടിക്കുമെന്നു് ഞങ്ങൾ നിർദ്ദേശിക്കുമ്പോൾ മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ടു് അത്തരം വ്യവസായങ്ങൾ വളർത്തുന്ന കാര്യത്തിൽ ഞങ്ങൾ എതിരാണെന്നു്. സർ, വ്യവസായവകുപ്പിനും രാജ്യത്തെ സാമ്പത്തികനില ഉയർത്തുന്ന ഏതു പരിപാടിക്കും ഞങ്ങൾ എതിരല്ല. പക്ഷെ, ഹെവി ഇൻഡസ്ട്രീസും ബേസിക്കു് ഇൻഡസ്ട്രിസും ആരംഭിച്ചു വളർത്തി വികസിപ്പിക്കാതെ ഭദ്രമായ ഒരു വ്യവസായ വൽക്കരണനയം സ്വീകരിക്കുക സാദ്ധ്യമല്ല. മുഖ്യമന്ത്രി ഇതുവരെയായിട്ടും എന്താണു് ഇക്കാര്യത്തിനു ചെയ്തിട്ടുതെന്നു് അറിയാൻ ഞങ്ങൾക്കു് ആകാംക്ഷയുണ്ടു്.

സർ, പലപ്പോഴുമല്ല, സാധാരണ എപ്പോഴും കുടിൽ വ്യവസായങ്ങൾമൂലം ഉത്പാദിപ്പിക്കുന്ന സാധനങ്ങളൊഴിച്ചു ബാക്കി നമുക്കാവശ്യമുള്ള മറെറല്ലാസാധനങ്ങൾക്കുംവേണ്ടി വിദേശീയരെ ആശ്രയിച്ചാണു് കഴിഞ്ഞുകൂടുന്നതു്. ഇനി കാട്ടേജ് ഇൻഡസ്ട്രീസിനെപ്പററിത്തന്നെയാകട്ടെ നമ്മുടെ സംസ്ഥാനത്തു് ഈ വ്യവസായത്തിനു ധാരാളം സാദ്ധ്യതകളുണ്ടു്. പക്ഷെ, പ്രോത്സാഹനമല്ല. പ്രോത്സാഹനമില്ലെന്നു ഞാൻ പറയുമ്പോൾ ഒരു പക്ഷെ എതിർത്തേയ്ക്കാം. എന്നാൽ വാസ്തവത്തിൽ കുടിൽ വ്യവസായങ്ങൾ മുഖേന ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ നാം മനഃപൂർവം വാങ്ങി ഉപയോഗിക്കണമെന്നുള്ള മനഃസ്ഥിതി ഉണ്ടെങ്കിൽ മാത്രമെ കുടിൽ വ്യവസായം അഭിവൃദ്ധിപ്പെടുകയുള്ളു. തഴപ്പായ്, മെത്തപ്പായ്, പുല്ലുപ്പായ് മുതലായ സാധനങ്ങൾ വാങ്ങുന്നതുതന്നെ നമ്മുടെ നാട്ടിലെ മിക്കവാറും സായ്പന്മാരാണു്. ഇതുപോലെതന്നെ കുട്ട, വട്ടി, മുളകൊണ്ടും, ചൂര കൊണ്ടും ഉണ്ടാക്കുന്ന ഗൃഹോപകരണങ്ങൾ ഇവയും സാധാരണയായി ഉപയോഗിക്കുന്നെങ്കിൽത്തന്നെ ഇടത്തരക്കാരും സായ്

[ഡാക്ടർ പി. കെ. സുകുമാരൻ]

ക്കളുമാണ്. ധാരാളം പണശേഷിയും സാദ്ധ്യതയും ഉള്ള ആളുകൾ ഈ സാധനങ്ങൾ വാങ്ങുന്നതിനു പകരം നല്ല ഭംഗിയും അഴകും മിനുസവുമുള്ള വിദേശസാധനങ്ങളും മററുമാണ് വാങ്ങി ഉപയോഗിക്കുന്നത്. അതുപോലെതന്നെ കൈത്തറി വ്യവസായത്തുണികൾ വാങ്ങുന്നതിനു പകരം വിദേശീയവ്യവസായങ്ങൾ ഉൽപ്പാദിപ്പിക്കുന്ന തുണിത്തരങ്ങളാണ് ഉപയോഗിക്കുന്നത്. അതേ അവസരത്തിൽ കുടി വ്യവസായത്തേയും കുടിൽ പരിപോഷണത്തേയുംപററി ധീരധീരം പ്രസംഗിക്കുകയും ചെയ്യുന്നുണ്ട്.

ശ്രീ. എം. ഭാസ്കരൻനായർ: ബഹുമാനപ്പെട്ട മെംബർ ധരിച്ചിരിക്കുന്ന വസ്ത്രം വിദേശിയോ സ്വദേശിയോ?

ഡാക്ടർ പി. കെ. സുകുമാരൻ: ഞാൻ ധരിച്ചിരിക്കുന്നതു വിദേശവസ്ത്രംതന്നെ. വ്യവസായത്തെ പോഷിപ്പിക്കണമെന്നും തൊഴിലാളികളെ ഉദ്ധരിക്കണമെന്നും പ്രസംഗിക്കുന്നതിനായിമാത്രം കൈത്തറിത്തുണി ധരിക്കണമെന്നില്ല. ഞാൻ ഉള്ള കാര്യം തുറന്നുപറയുമ്പോൾ നിങ്ങൾ അതു പറയാതിരിക്കുന്നു. പ്രസംഗവും പ്രവൃത്തിയും തമ്മിൽ ബന്ധമുണ്ടായിരുന്നാൽ മതി. ഉടുപ്പിനെയോ തുണിയെയോ സംബന്ധിച്ചു മാത്രമല്ല ദേശീയതത്വവും ദേശസ്നേഹവും നിലനിൽക്കുന്നത്.

ശ്രീ. എം. ഭാസ്കരൻനായർ: സർ, ഒരു മെംബർക്ക് എത്ര സമയം വരെ സംസാരിക്കാൻ അനുവദിക്കുമെന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെംബർ ഡാക്ടർ സുകുമാരൻ വേഗം പ്രസംഗം അവസാനിപ്പിക്കേണ്ടതാണ്.

ഡാക്ടർ പി. കെ. സുകുമാരൻ: സർ, ഒരു മിനിട്ടുകൂടി. രാജ്യത്തു അടിസ്ഥാനപരമായ ഒരു സാമ്പത്തിക പുരോഗതി കൈവരുത്തുന്നതിനു വേണ്ടി ഒരു സോഷ്യലിസ്റ്റിക് പാറേറൺ ആഫ് സൊസൈററി ഉണ്ടാക്കണമെന്ന് കാൺഗ്രസ്സ് ഗവണ്മെൻറ പ്രഖ്യാപനം ചെയ്തിട്ടുണ്ട്. പക്ഷേ, ആ പ്രഖ്യാപനമനുസരിച്ചു ഒരു സോഷ്യലിസ്ററ വ്യവസ്ഥിതിയും ഉണ്ടാകുന്നതിനുള്ള വഴി ഞാൻ കാണുന്നില്ല. സോഷ്യലിസ്ററവ്യവസ്ഥിതി പുരോഗമിക്കണമെങ്കിൽ രാജ്യത്തു പബ്ലിക്ക എൻറർപ്രൈസിനെ പ്രോത്സാഹിപ്പിക്കണം. പബ്ലിക്ക് എൻറർപ്രൈസിനെ പ്രോത്സാഹിപ്പിക്കണമെങ്കിൽ അതനുസരിച്ചുള്ള റവന്യൂ ഉണ്ടായിരിക്കണം. നമ്മുടെ രാജ്യത്തു ധാരാളം വരുമാനമുണ്ടെങ്കിൽ മാത്രമെ ഈ വക കാര്യങ്ങൾ സുശക്തമായി മുന്നോട്ടുകൊണ്ടുപോകുവാൻ സാധിക്കുകയുള്ളു. അതിനുള്ള മാർഗ്ഗം പല കാരണവശാലും തടഞ്ഞു വച്ചിരിക്കുകയാണ്. സാമ്പത്തിക നില ഉയർത്തുന്നതിനുവേണ്ടി ആസൂത്രണം ചെയ്തിരിക്കുന്ന പഞ്ചവത്സര പദ്ധതിയിലുള്ള അടിസ്ഥാനതത്വങ്ങൾ എന്തെല്ലാമാണെന്നും അവകൊണ്ട് എത്രത്തോളം രാജ്യത്തെ ഉയർത്താൻ കഴിയുമെന്നും ഗവണ്മെൻറ് നല്ലതുപോലെ ചിന്തിക്കേണ്ടതാണ്. ഇപ്പോഴുള്ള പഞ്ചവത്സരപദ്ധതി മുഖാന്തിരം ഗവണ്മെൻറ വിചാരിക്കുന്ന തരത്തിലുള്ള മേന്മ ഉണ്ടാകണമെങ്കിൽ അവയിൽ അടിസ്ഥാനപരമായ പല മാററങ്ങളും വരുത്തേണ്ടിയിരിക്കുന്നു അതോടുകൂടി രാജ്യത്തെ ചെറുതും വലുതുമായ വ്യവസായങ്ങളും വ്യവസാ

ശാലകളും കൂടുതൽ കൂടുതൽ വളരുന്നതിനുള്ള സാദ്ധ്യതകൾ ഉണ്ടാക്കുകയും ആണു ചെയ്യേണ്ടതു്. ചുരുക്കത്തിൽ കർഷകന്റെ ക്രയശക്തി വർദ്ധിപ്പിക്കത്തക്കവണ്ണം അടിസ്ഥാനപരമായ ഭൂനയങ്ങൾ ഉണ്ടാക്കാതെ, വിദേശവ്യവസായികളുടെ മാത്സര്യത്തിൽനിന്നും നാടൻ വ്യവസായികൾക്കു രക്ഷനൽകാതെ, തൊഴിലാളികളുടെ അവകാശങ്ങൾ അംഗീകരിച്ചുറപ്പു കൊടുക്കാതെ, വൻകിടവ്യവസായങ്ങളെയും, ചെറുകിടവ്യവസായങ്ങളെയും വളർത്തി അന്യോന്യം കൂട്ടിയിണക്കാതെ, പഞ്ചവത്സരപദ്ധതിയുടെ അടിസ്ഥാനം മാററിപ്പണിയാതെ ഭദ്രവും ശാശ്വതവുമായ ഒരു വ്യവസായവൽക്കരണം സാദ്ധ്യമല്ല. ഈ അടിസ്ഥാനത്തിൽ ചിന്തിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് ഉപക്ഷേപം അവതരിപ്പിക്കുന്നു.

Shri V. P. Parameswaran Namboodiri: Sir, I move that the total allotment of Rs. 1,06,83,300|- under Demand XXIV be reduced by Re. 1|-

സർ, ഇന്നാട്ടിലെ വ്യവസായസ്ഥാപനങ്ങളെ സാരമായി ബാധിക്കുന്ന ചില പ്രശ്നങ്ങളിലേയ്ക്കും, അവയിൽനിന്നും മോചനം ലഭിക്കുന്നതിനു് സ്വീകരിക്കേണ്ട ചില സത്വരനടപടികളിലേയ്ക്കും, ഈ സഭയുടെയും, പ്രത്യേകിച്ചു് മന്ത്രിസഭയുടെയും ശ്രദ്ധയെ ആകർഷിക്കുന്നതിനാണു്; ഈ ഖണ്ഡനോപക്ഷേപം ഞാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. ധനകാര്യമന്ത്രി, അദ്ദേഹത്തിന്റെ ബഡ്ജററു പ്രസംഗത്തിൽ ഇന്നാട്ടിലെ തൊഴിലില്ലായ്മയുടെ കണക്കുകൾ നിരത്തിവച്ചു് അതിന്റെ ഉഗ്രതയുടെ ആഴം അളന്നു കാണിക്കുകയുണ്ടായി. രാജ്യത്തെ വ്യവസായങ്ങൾ പൊതുവെയും, കുടി വ്യവസായങ്ങൾ പ്രത്യേകിച്ചും പരിപോഷിപ്പിക്കുന്നതിലാണു് തൊഴിലില്ലായ്മയ്ക്കു് പരിഹാരം കുടികൊള്ളുന്നതെന്നു് പറയുന്ന അതേ ശ്വാസത്തിൽ, അതിനാവശ്യമായ പരിപാടികൾ നാഷണൽ പ്ലാനിംഗ് കമ്മീഷൻ സ്വീകരിച്ചുകഴിഞ്ഞുള്ളുമെന്നു് അദ്ദേഹം സ്വയം സമാശ്വസിക്കുകയാണു് ചെയ്യുന്നതു്. വ്യവസായങ്ങൾക്കുവേണ്ടി ധനാഭ്യർത്ഥന നടത്തുമ്പോൾ, നമ്മുടെ സംസ്ഥാനത്തെ സാമ്പത്തികനില ഉയർത്തുവാൻ ഏതേതു് പുതിയ വ്യവസായങ്ങളാണു് ആരംഭിക്കേണ്ടതെന്നും, നിലവിലുള്ള ഏതേതു വ്യവസായ സംരംഭങ്ങളെയാണു് പ്രോത്സാഹിപ്പിക്കേണ്ടതെന്നും, വ്യക്തമായി വിശദീകരിക്കേണ്ടതായിരുന്നു. അങ്ങനെ ചെയ്യുകാണാത്തതിൽ ഖേദിക്കുന്നു. കുടി വ്യവസായങ്ങൾ പരിപോഷിപ്പിക്കുവാൻ ഒരു ജായിന്റ് ഡയറക്ടറെ നിയമിച്ചിരിക്കുന്നതായി കാണുന്നു. ഈ നിയമന നിർദ്ദേശം പി. എസ്സ്. പി. മന്ത്രിസഭ മുന്നോട്ടു വച്ചതാണു്. എന്നാൽ അന്നു് പ്രതിപക്ഷത്തു് ഇരുന്നു് അധികാരം ചെലുത്തുവാൻ വൃഥാശ്രമം ചെയ്തിരുന്ന കാൺഗ്രസ്സു് ഇതിനെ ആക്ഷേപിക്കുകയുണ്ടായി. ഇന്നു് അതേ കാൺഗ്രസ്സിന്റെ മുഖ്യമന്ത്രി ഈ നിയമത്തെപ്പററി അഭിമാനപൂർവ്വം പ്രസ്താവിച്ചിരിക്കുന്നു. തട്ടിയ കൈകളെ തടവുവാൻ ബദ്ധപ്പെടുന്ന അദ്ദേഹത്തിനു് തട്ടിയ കൈകൊണ്ടുതന്നെ തടവേണ്ടിവരുന്ന കാഴ്ച സഹതാപാർഹമാണു്. എന്തായാലും, സോഷ്യലിസ്റ്റു പാർട്ടി അധികാരത്തിലിരുന്ന കാലത്തു് അംഗീകരിച്ചിട്ടുള്ള പല പരിപാടികളും, ഏതു വിരുദ്ധകക്ഷി അധികാരത്തി വന്നാലും നിരാകരിക്കുവാൻ കഴിയാത്തവണ്ണം ജനോപകാരപ്രദമായിരുന്നുവെന്നു് ഈ ഉദാഹരണം തെളിയിക്കുന്നു.

[ശ്രീ. വി. പി. പരമേശ്വരൻ നമ്പൂതിരി]

ഈ ചർച്ചാവേളയിൽ, നമ്മുടെ വ്യവസായങ്ങളുടെ ഇന്നത്തെ നിലവാരം പഠിച്ചുകൊണ്ട്, അവ ഭാവിയിൽ എങ്ങനെ പുരോഗമിപ്പിക്കാമെന്ന് ശാസ്ത്രീയമായി ആലോചിക്കേണ്ടതു് അത്യാവശ്യമാണ്. നമ്മുടെ നാട്ടിലെ വ്യവസായങ്ങളെ മൂന്നായി തരംതിരിക്കാം. സർക്കാർ നേരിട്ടു നടത്തുന്നവ, സർക്കാരിന് ഓഹരിയുള്ളവ, പ്രൈവറ്റടമയിൽ നടക്കുന്നവ; ഇവയിൽ സർക്കാർ നേരിട്ട് നടത്തുന്ന വ്യവസായങ്ങളുടെ ദയനീയകഥ ഡാക്ടർ സുകുമാരൻ ഇവിടെ വിവരിച്ചു കഴിഞ്ഞു. അതുകൊണ്ട് ഞാൻ അവയെക്കുറിച്ചു കൂടുതലായൊന്നും ഈ അവസരത്തിൽ പറയുന്നില്ല. ഈ അസംബ്ലിയിൽതന്നെ ഒരു ചോദ്യത്തിനുത്തരമായി മുഖ്യമന്ത്രി പറയുകയുണ്ടായി, സർക്കാർ നേരിട്ടു നടത്തുന്ന വ്യവസായസ്ഥാപനങ്ങൾ ആറെണ്ണം ഉണ്ടെന്നും, അവയിൽ മൂന്നെണ്ണം നഷ്ടത്തിലാണെന്നും, അവയ്ക്കതിലധികം സ്ഥാപനങ്ങളിൽ ഗവണ്മെൻറിന് ഓഹരിയിനത്തിൽ താല്പര്യമുണ്ട് എന്നും. ഇപ്രകാരം ഓഹരി എടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ ഭൂരിപക്ഷവും നഷ്ടത്തിലാണ് നടക്കുന്നതു്. ഇവയിൽ നിന്നെല്ലാം ഒരു നിഗമനത്തിലെത്തിച്ചേരുവാൻ പ്രയാസമില്ല. അതായതു്, ഈ സ്ഥാപനങ്ങളുടെ ഭരണത്തിൽ മൗലികമായ തകരാറുണ്ട് എന്ന്. ഈ അവസരത്തിൽ നാം ഒരു കാര്യം ഓർമ്മിക്കേണ്ടതുണ്ട്. പതിനൊന്നു മാസങ്ങൾക്കു മുമ്പ് കാൺഗ്രസ്സ് ഈ രാജ്യം ഭരിച്ചിരുന്നു. ഒരു നിർബന്ധിതമായ പരിതഃസ്ഥിതിയിൽ അവർ വിശ്രമിക്കേണ്ടിവന്നു. അതിനിടയിൽ പലതും സംഭവിച്ചു. സോഷ്യലിസ്റ്റ് മാതൃകയിലുള്ള സമൂഹസൃഷ്ടിയാണു തങ്ങളുടെ ലക്ഷ്യമെന്ന് കാൺഗ്രസ്സ് പ്രഖ്യാപിച്ചു. അതിനുശേഷം അധികാരത്തിൽ കടന്നു പററിയതാണ്. ഈ പ്രത്യേക സാഹചര്യത്തിൽ, സോഷ്യലിസ്റ്റ് സമുദായനിർമ്മാണത്തിൽ വ്യവസായത്തെ സംബന്ധിച്ചു പുതിയ നയം എന്താണെന്ന് അവർ നിർവചിക്കേണ്ടതായിരുന്നു. അങ്ങനെയുള്ള കാര്യങ്ങളൊന്നും ബഡ്ജററിൽ കാണുന്നില്ല. എങ്കിലും, പല കാര്യത്തിലും പി. എസ്സ്. പി. മന്ത്രിസഭ സ്വീകരിച്ച നയം തുടരുകയാണു ഇവർ ചെയ്യുന്നതെന്നു കാണുന്നതിൽ ഞങ്ങൾ അഭിമാനിക്കുന്നു. എല്ലാത്തരം വ്യവസായസ്ഥാപനങ്ങളിലും തൊഴിൽ കുഴപ്പങ്ങൾ ധാരാളമുണ്ട്. ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ ബഡ്ജററ പ്രസംഗത്തിൽ ഈ രാജ്യത്തു വ്യവസായസ്തംഭനം, ലോക്കൗട്ടുകളും, സ്ട്രൈക്കുകളും മൂലമാണെന്നും, അതുകൊണ്ട് അവ ഒഴിവാക്കുവാൻ എല്ലാവരും ശ്രമിക്കണമെന്നും പ്രസ്താവിച്ചു. ഈ പ്രസ്താവനയുടെ പേരിൽ ഒരു നിഴൽയുദ്ധം തന്നെ ഇവിടെ നടന്നതു കണ്ടു. എനിക്ക് പറയുവാനുള്ളതു്, ഗവണ്മെൻറ് പണം മുടക്കിയിട്ടുള്ള സ്ഥാപനങ്ങളെപ്പററിയാണ്. എന്തുകൊണ്ടാണതൊഴിൽ സ്തംഭനങ്ങൾ? അവയൊഴിവാക്കാനുള്ള മാർഗ്ഗങ്ങളെന്ത്? ഇവയ്ക്കെല്ലാം ഉദാഹരണമായി ഞങ്ങളുടെ നാട്ടിലെ ഒരു വ്യവസായസ്ഥാപനം ഞാൻ ചൂണ്ടിക്കാണിക്കാം. ഞങ്ങളുടെ നാട്ടിൽ ഒരു പഞ്ചസാരഫാക്ടറി ഉണ്ട്—ഈ രാജ്യത്തെ ഏക പഞ്ചസാര ഫാക്ടറി. 40 ലക്ഷത്തിലധികം രൂപ മുതൽമുടക്കുള്ള ഈ സ്ഥാപനത്തിൽ സർക്കാരിന് 10 ശതമാനം ഓഹരിയുണ്ട്. വിദേശമൂലധനത്തെപ്പററി പലരും പറയുന്നതുകേട്ടു. ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം, ഈ സംസ്ഥാനത്തിനു പുറത്തുള്ളവരുടെ മുടക്കു വിദേശമൂലധനമായി പരിഗണിക്കണം. ഈ അർത്ഥത്തിൽ ഇന്ന് ഈ പഞ്ചസാരഫാക്ടറി വിദേശമൂലധനത്തിനമന്നിരിക്കയാണ്. അവർക്കു ലാഭോദ്ദേശമേയുള്ളൂ. ഈ നില മാറണം.

സോഷ്യലിസ്റ്റ് മാതൃകയിലുള്ള സമുദായം എന്നു വിളിക്കുമ്പോൾ വ്യവസായസംരംഭങ്ങളുടെ ലക്ഷ്യമെന്താണ്? ലാഭം മാത്രമാണോ? അല്ല, നേരെമറിച്ച്, ജനങ്ങളുടെ ജീവിതത്തോതു് ഉയർത്തുവാനും, അവർക്കാവശ്യമായ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുകയുമായിരിക്കണം അവയുടെ ലക്ഷ്യം. ഈ ലക്ഷ്യം പ്രായോഗികമാകണമെങ്കിൽ, വ്യവസായസ്ഥാപനങ്ങളിൽ സർക്കാരിനു ശക്തമായ നിയന്ത്രണം ഉണ്ടായിരിക്കണം. പുതിയ വ്യവസായങ്ങളിൽ മുടക്കുവാൻ 75 ലക്ഷം രൂപാ വകയിരുത്തിയിരിക്കുന്ന ഈ സംസ്ഥാനത്തുതന്നെ തുടരുമെന്നു ഉറപ്പും, നിയന്ത്രണവും ഉള്ള സംരംഭങ്ങൾക്കാവിഷ്കരിക്കണം ഈ തുക വിനിയോഗിക്കുവാൻ.

ഞങ്ങൾക്ക് വ്യവസായത്തെ സംബന്ധിച്ചു വ്യക്തമായ ചില ധാരണകളുണ്ട്. നാഷണലൈസ്ഡ്, ചെറുകിടയും കുടിൽ വ്യവസായവും, സഹകരണാടിസ്ഥാനത്തിലുള്ളവ എന്നിങ്ങനെ വ്യവസായങ്ങളെ മൂന്നായി തരംതിരിച്ചു പരിഗണിക്കണം. ഇവയിൽ ആദ്യത്തേതായ സർക്കാർ നേരിട്ടു നടത്തുന്ന വ്യവസായശാലകളിൽ തൊഴിലാളികൾക്ക് കാര്യമായ കൈകാര്യകർതൃത്വം നല്കണം.

<u>ശ്രീ. കെ. കരുണാകരൻ</u>: തൊഴിലാളികൾക്കു ഇപ്പോഴും വർക്സ് കമ്മിററികളിൽ പ്രാതിനിദ്ധ്യമുണ്ടെന്നു അറിയാമോ?

<u>ശ്രീ. വി. പി. പരമേശ്വരൻ നമ്പൂതിരി</u>: അറിയാം. വർക്സ് കമ്മിററിയിലും പ്രൊഡക്ഷൻ കമ്മിററിയിലും പ്രാതിനിദ്ധ്യമുണ്ടെന്നറിയാം. അതുപോരാ. ഭരണകാര്യങ്ങളിലും പങ്കുവേണം. പ്രൈവററ് സെക്ടറുകളെ സംബന്ധിച്ചിടത്തോളം അവയ്ക്കു സർക്കാർ സാമ്പത്തിക സഹായങ്ങളും സാങ്കേതികോപദേശങ്ങളും നല്കുന്നതു നന്നായിരിക്കും. അവയിൽ തൊഴിലാളികളും പങ്കാളികളാണെന്ന പരിതസ്ഥിതി വരണം. ഡബിൾ ഓഡിററ് സിസ്റ്റം ഏർപ്പെടുത്തണം. അതായതു്, തൊഴിലാളികൾ നിയമിക്കുന്ന ഒരു ഓഡിററും മുതലാളിയുടെ ഒരു ഓഡിററും ചേർന്നു കണക്കുകൾ ഓഡിററുചെയ്യാൻ ഏർപ്പാടുചെയ്യണം. കൂടാതെ തൊഴിലാളികൾക്കു വ്യവസായസ്ഥാപനത്തിന്റെ ഓഹരി നല്കണം. ഇന്നു് ഇതു് പലപ്പോഴും സാദ്ധ്യമല്ല. പഞ്ചസാരഫാക്ടറി ഒരു പ്രതിസന്ധിഘട്ടത്തിലെത്തിയപ്പോൾ, കർഷകരും തൊഴിലാളികളും ഓഹരി എടുക്കാമെന്നു് പറഞ്ഞു മുമ്പോട്ടുവന്നു. പക്ഷെ, നടപ്പായില്ല. ഈ അസൗകര്യം ഒഴിവാക്കുവാൻ കമ്പനിനിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്നു് പി. എസ്സ്. പി. അതിന്റെ തിരഞ്ഞെടുപ്പു പ്രകടന പത്രികയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനും ഇന്നുള്ളവയെപ്പററി അന്വേഷിക്കുന്നതിനും, തൊഴിലാളികളുടെയും നിയമസഭയുടെയും പ്രതിനിധികളും വിദഗ്ദ്ധന്മാരും ഉൾപ്പെട്ട ഒരു അനൗദ്യോഗിക കമ്മിററിയെ നിയമിക്കണം. ആ കമ്മിററി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുന്നോട്ടുപോകണം. 1950-ൽ ഇമ്മാതിരി ഒരു വിദഗ്ദ്ധാന്വേഷണം നടത്തി റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ട്. നിലവിലുള്ള വ്യവസായങ്ങൾക്കു സഹായകമായി വേണം പുതിയ വ്യവസായങ്ങൾക്കു കേന്ദ്രം തീരുമാനിക്കുവാൻ. സ്റ്റാർച്ചും ഗ്ലൂക്കോസും നിർമ്മിക്കുന്ന ഒരു ഫാക്ടറി പുളിക്കീഴ് സ്ഥാപിക്കുവാൻ നിർദ്ദേശം ലഭിച്ചിട്ടുണ്ടെന്നു മുഖ്യമന്ത്രി പ്രസ്താവിച്ചുകേട്ടു. പി. എസ്സ്. പി. മന്ത്രിസഭയുടെ കാലത്തു ഇതുസംബന്ധിച്ചു ചില അനൗപചാരിക ചർച്ചകൾ

[ശ്രീ. വി. പി. പരമേശ്വരൻ നംപൂതിരി]

നടന്നിട്ടുള്ളതായിട്ടാണ് അറിവ്. എനിക്ക് കാൺഗ്രസ് മുഖ്യമന്ത്രിയോടാവശ്യപ്പെടുവാനുള്ളത്, ഈ ഫാക്ടറി പഞ്ചസാര ഫാക്ടറിയോടു ചേർത്തു സ്ഥാപിക്കുവാൻ ഉടനടി തീരുമാനമെടുക്കുവാൻ ഒട്ടും മടിക്കരുതെന്നാണ്. അവിടത്തെ സീസണ തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കുവാനും ഇതു വളരെ ഉതകും. ഒരു കാര്യംകൂടി അനുസ്മരിപ്പിക്കുവാൻ ഈ അവസരം ഞാൻ ഉപയോഗിക്കട്ടെ. പൊതുമരാമത്തു വേലകൾ തിരഞ്ഞെടുക്കുമ്പോൾ വ്യവസായസ്ഥാപനങ്ങളുടെ ആവശ്യത്തിനു മുൻഗണന നല്കണം. പഞ്ചസാര ഫാക്ടറി ലാഭകരമായി പ്രവർത്തിക്കുവാൻ, പല റോഡുകളും തോടുകളും ശരിയാക്കുകയും പാലങ്ങൾ പണിയുകയും വേണം. റോഡു-തോടുകളുടെ ആവശ്യത്തിനു് 177,000 രൂപ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട്. ഇതു് പി. എസ്സ്. പി. മന്ത്രിസഭചെയ്തതാണ്. കൂടാതെ, പുളിക്കീഴ്-പന്നായി പാലത്തിനും പണിതീർക്കണം. ഇവയ്ക്കു കൊല്ലം ഡവലപ്പുമെൻറുകമ്മിററി മുൻഗണന നല്കിയിരിക്കുകയാണ്. ഈ ഫാക്ടറി സംബന്ധമായ പൊതുമരാമത്തുവേലകൾ ചെയ്തുതീർക്കുവാൻ ഒരു പ്രത്യേക സബ്ഡിവിഷൻ ഏർപ്പെടുത്തുന്നതെന്നു മുൻമന്ത്രിസഭ നിർദ്ദേശിച്ചിരുന്നു. ആ നിർദ്ദേശം സ്വീകരിക്കണം. കുണ്ടറ ക്ലേഫാക്ടറിയുടെ ശാഖയായി, ചങ്ങനാശ്ശേരിയിൽ ഒരു വ്യവസായശാല അനാഥമായി കിടപ്പുണ്ട്. അതു പുളിക്കീഴ് ഫാക്ടറിയോടുചേർത്തു ലാഭകരമായി നടത്താൻ സാധിക്കും. ഈ കാര്യത്തിലും ഗവണ്മെൻറിന്റെ ശ്രദ്ധ പതിയണം.

Mr. Shri T. O. Bava : Sir, I move that the total allotment of Rs. 1,06,83,300 under demand XXIV be reduced by Rs. 100. ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതിന്റെ ഉദ്ദേശം ഈ നാട്ടിലുള്ള വ്യവസായങ്ങളോട് ഗവണ്മെൻറ് അനുവർത്തിച്ചു വരുന്ന നയത്തെപ്പററിയും കുടി വ്യവസായങ്ങളുടെ കാര്യത്തിൽ ഗവണ്മെൻറ്കൈക്കൊണ്ടിട്ടുള്ള നടപടികളെപ്പററിയും പ്രതിപാദിക്കാനാണ്. നമ്മുടെ സംസ്ഥാനത്തെ തൊഴിലില്ലായ്മയെപ്പററി ചിന്തിക്കുന്ന ഏതൊരാൾക്കും ഇവിടെ എത്രമാത്രം വ്യവസായങ്ങൾ വർദ്ധിപ്പിച്ചാലും അധികമാകുകയില്ലെന്ന് അറിയാവുന്നതാണ്. രൂക്ഷതരമായ തൊഴിലില്ലായ്മ കൊണ്ട് നട്ടംതിരിയുന്ന വിദ്യാസമ്പന്നർ ഈ രാജ്യത്ത് വളരെ ഉണ്ട്. ഒരു പത്രുപേർക്ക് എന്തെങ്കിലും ഉദ്യോഗം കിട്ടാൻ വഴിയുണ്ടെന്നു കണ്ടാൽ ആയിരക്കണക്കിനു ആളുകൾ ഇരച്ചുകയറുന്ന പതിവാണ് ഇവിടെ ഉള്ളത്. ഈ പ്രശ്നം രാജ്യത്തിനു വളരെ അപകടകരമാണ്. കേവലം കുറെ ഗവണ്മെൻറു ഉദ്യോഗംകൊണ്ടോ കർഷകതൊഴിൽകൊണ്ടോ മാത്രം ഇന്നത്തെ ഈ തൊഴിലില്ലായ്മ പരിഹരിക്കാൻ സാധിക്കുകയില്ല. വ്യവസായീകരണം കൊണ്ടല്ലാതെ ഇതിനൊരു ശാശ്വതപരിഹാരം ഉണ്ടാകുമെന്ന് എനിക്ക് വിശ്വാസമില്ല. വ്യവസായീകരണകാര്യത്തിൽ നമ്മുടെ ഗവണ്മെൻറ് പല പദ്ധതികളും പരിപാടികളും ആവിഷ്ക്കരിക്കുന്നുണ്ടെങ്കിലും അവ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാർ അതിനെ സംബന്ധിച്ച് യാതൊരു വിവരവുമില്ലാത്തവരാണെന്നു അനുഭവത്തിൽ നിന്നും മനസ്സിലാക്കാൻ കഴിയും. മരുന്ന് അറിയാൻപാടില്ലാത്ത വൈദ്യനെക്കൊണ്ട് ചികിത്സിപ്പിക്കുന്നപോലെയാണ് കുടിൽ വ്യവസായങ്ങൾക്കു വേണ്ടി ഉദ്യോഗസ്ഥന്മാരെ ഏർപ്പെടുത്തിയിട്ടുള്ളത്. ചെറുകിട വ്യവസായങ്ങൾ വർദ്ധിപ്പിക്കുന്നതാണ് ഗവണ്മെൻറിന്റെ നയമെന്ന് പറയാ

ണ്ട്. പക്ഷെ നാട്ടിൽ എവിടെ നോക്കിയാലും അത്തരം വ്യവസായങ്ങൾ ഉള്ളതായി കാണാൻ കഴിയുന്നില്ല. ചെറുകിട വ്യവസായങ്ങളേയും കുടി വ്യവസായങ്ങളേയും പ്രോത്സാഹിപ്പിക്കുന്നതുകൊണ്ട് ഇവിടത്തെ തൊഴിലില്ലായ്മ പരിഹരിക്കപ്പെടുകയില്ലെന്ന് പ്രതിപക്ഷത്തെ ചില സ്നേഹിതന്മാർ പറയുന്നുണ്ട്. ഏതൊരു നല്ലകാര്യവും നല്ലതാണെന്ന് ബോദ്ധ്യപ്പെട്ടുകഴിഞ്ഞാൽ അതിന്റെ കാരണക്കാർ തങ്ങളാണെന്ന അവകാശപ്പെടാൻ പ്രതിപക്ഷാംഗങ്ങൾ വെമ്പൽകൊള്ളുന്നതു നമുക്കു കാണാൻ കഴിയും. അതായതു് പണ്ടത്തെ നെഹറുവിൻെ വ്യവസായത്തിന് തങ്ങളാണ് കാരണക്കാരെന്ന് ഈ സഭയിൽ തന്നെ അവരിൽ ചിലർ പറയുകയുണ്ടായിട്ടുണ്ട്. ഇതു കേൾക്കുമ്പോൾ എനിക്ക് ഓർമ്മ വരുന്നതു് പുരോഗമന സാഹിത്യകാരനായ വൈക്കം ബഷീർ എഴുതിട്ടുള്ള എട്ടുകാലി മമ്മൂഞ്ഞിന്റെ കഥയാണ്. നാട്ടിലുള്ള എല്ലാ നല്ല കുട്ടികളുടെയും പിതാവു താനാണെന്ന് അവകാശപ്പെടുന്ന രീതിയാണ്. ഇവർ കൈക്കൊണ്ടിട്ടുള്ളതു്. അതുപോലെ ഇവരാണ് എല്ലാ നല്ല കാര്യങ്ങളും ചെയ്യിപ്പിക്കുന്നതെന്ന് പറയുന്നു. തൊഴിലില്ലായ്മ പരിഹരിച്ചാൽ അതിനും കാരണക്കാർ ഇവരാണെന്ന് പറയാതിരിക്കയില്ല. അസംസ്കൃതസാധനങ്ങൾ ധാരാളമുള്ള നമ്മുടെ രാജ്യത്തു പല കുടിൽ വ്യവസായങ്ങളും ആരംഭിക്കുന്നതിനുള്ള സാദ്ധ്യതകളുണ്ടെന്ന് എല്ലാവരും സമ്മതിക്കും. ഉദാഹരണത്തിനു പേപ്പർനിർമ്മാണത്തെ നമുക്കെടുക്കാം. പേപ്പർനിർമ്മാണം വളരെ പ്രാധാന്യമുള്ള ഒന്നാണ്. വെളിയിൽ നിന്നും കടലാസ് വരുത്തിയാണ് നമ്മുടെ ആവശ്യങ്ങൾ ഇപ്പോൾ നിർവഹിച്ചുകൊണ്ടിരിക്കുന്നതു്. അതേയവസരത്തിൽ നമ്മുടെ വനാന്തരങ്ങളിലുള്ള മുള, ഈററ തുടങ്ങിയ സാധനങ്ങൾകൊണ്ട് നല്ല കടലാസ് നിർമ്മിക്കാൻ സാധിക്കുമെന്ന് ഇവിടത്തെ പുനലൂർ പേപ്പർമിൽസ് കാണിച്ചുതന്നിട്ടുണ്ട്. അതൊരു കുടിൽ വ്യവസായമായി ഓരോ കുടുംബത്തിനും ചെയ്യാൻ കഴിയുന്നതാണ്. അങ്ങിനെ ചെയ്യാൽ തൊഴിലില്ലായ്മക്കു കുറെ പരിഹാരമുണ്ടാകുമെന്നതിനു പുറമേ ഈ രാജ്യത്തെ കടലാസിന്റെ ആവശ്യങ്ങൾ നിർവഹിക്കാനും കഴിയുമെന്നുള്ളതിനു സംശയമില്ല. ഇതിലൊന്നും ഇവിടത്തെ കുടി വ്യവസായ ഉദ്യോഗസ്ഥന്മാരും അതു കൈകാര്യം ചെയ്യുന്ന ആളുകളും ശ്രദ്ധ പതിപ്പിക്കുന്നില്ലെന്ന് പറയേണ്ടിവരുന്നു. വളരെ അധികം ഇലക്ട്രിക്കൽ സ്പെയർപാർട്ട്സും ഇവിടെ നിർമ്മിക്കാൻ കഴിയും. ഇവിടെന്നും വളരെ അധികം അസംസ്കൃതസാധനം വെളിയിൽ കൊണ്ടുപോയി സാധനങ്ങൾ ഉണ്ടാക്കി തിരിയെ ഇവിടെത്തന്നെ കൊണ്ടുവന്ന് വിൽക്കുന്നുണ്ട്. ഈ വക സംഗതികൾ ഇവിടെത്തന്നെ ഉത്പാദിപ്പിച്ചാൽ തൊഴിലില്ലായ്മക്ക് വളരെ പരിഹാരം കിട്ടും. അതിലേക്ക് വൈദഗ്ദ്ധ്യമുള്ള ആളുകളെ നിയമിക്കണമെന്നാണ് എനിക്ക് പറയാനുള്ളതു്. ഈ ഡിപ്പാർട്ടുമെൻറ് കൈകാര്യം ചെയ്യുന്ന ആളുകൾക്ക് കുടി വ്യവസായസംബന്ധമായി യാതൊരു പരിശീലനവും ലഭിച്ചിട്ടില്ലെന്നു പറയുന്നതു തെററാണെന്ന് എനിക്കു തോന്നുന്നില്ല. കുടി വ്യവസായത്തിനു പരിശീലനം നൽകുന്ന ഒരു കേന്ദ്രം പോലും നമ്മുടെ രാജ്യത്തില്ല. പ്രായോഗിക പരിശീലനം കിട്ടിയിട്ടുള്ള ഉദ്യോഗസ്ഥന്മാരെ നിയമിച്ചാൽ ഇന്നുള്ള വൈകല്യങ്ങൾ കുറയ്ക്കാൻ സാധിക്കുമെന്നുള്ളതിന് പക്ഷാന്തരമില്ല. പ്രായോഗികമായി കുടിൽ

[ശ്രീ. ടി. ഒ. ബാവാ]

വ്യവസായത്തിനും ഗ്രാമവ്യവസായങ്ങൾക്കും പരിശീലനം നൽകുന്ന കേന്ദ്രങ്ങൾ നാട്ടിന്റെ നാനാഭാഗത്തും തുറക്കുന്നതിന് സർക്കാർ ഉടനടി നടപടി എടുക്കണമെന്നാണ് ഞാൻ അപേക്ഷിക്കുന്നത്.

[Mr. Deputy Speaker in the Chair]

ഇതുപോലെതന്നെയാണ് തീപ്പെട്ടി വ്യവസായവും. ഈ രാജ്യത്തെ തടികൾ ഇവിടെനിന്നും വാങ്ങി ശിവകാശിയിലുംമറ്റും കൊണ്ടുപോയി ഉണ്ടാക്കുന്ന തീപ്പെട്ടിയാണ് ഇവിടെ ഉണ്ടാക്കുന്ന തീപ്പെട്ടിയെക്കാൾ കുറഞ്ഞ വിലക്ക് ഇവിടെത്തന്നെ വിറ്റുവരുന്നതെന്ന് നമുക്ക് കാണാൻ കഴിയും. ഇവിടെ പെരുമ്പാവൂരിനടുത്തു മുടിക്കൽ വഞ്ചിനാട്ടു മാച്ചു ഫാക്ടറി എന്ന ഒരു ഫാക്ടറിയുണ്ട്. അവിടെ നമ്മുടെ രാജ്യത്തെ തടി കൊണ്ട് ചെറുതീപ്പെട്ടിയും പെട്ടിയും ഉണ്ടാക്കി മദ്രാസിൽ ചില കമ്പനിക്കാർക്ക് വിൽക്കുകയാണ് ചെയ്യുന്നത്. മദ്രാസുകാർ കൊള്ളിമരുന്നിൽ മുക്കി ഉണക്കി പാക്ക് ചെയ്ത് ഇവിടെ കൊണ്ടുവന്ന് ഇവിടെ ഉണ്ടാക്കുന്നതിനെക്കാൾ ഗ്രാസിന് ഒന്ന് ഒന്നര രൂപ കുറച്ച് വിൽക്കുന്നു. ഈ വ്യത്യാസം എങ്ങനെ സംഭവിക്കുന്നു എന്ന് ആലോചിക്കാനും അതിന്റെ വൈകല്യങ്ങൾ കണ്ടുപിടിക്കാനും വിദഗ്ദ്ധന്മാരെ നിയമിക്കാതിരുന്നാൽ ഇങ്ങനെയുള്ള വ്യവസായസ്ഥാപനങ്ങൾ തുടർന്നു പോകുവാൻ സാദ്ധ്യമാണെന്നു തോന്നുന്നില്ല, ഡാക്ടർ പി. ജെ. തോമസിന്റെ റിപ്പോർട്ടിൽ വ്യക്തമായി പറഞ്ഞിട്ടുള്ള ഒരു കാര്യമാണ് പെരുമ്പാവൂർ പട്ടുനൂൽ ഫാക്ടറിയി ഉൽപ്പാദിപ്പിക്കുന്ന പട്ടുനൂൽകൊണ്ട് ഓരോ വീട്ടിലും തുണിനെയ്തുണ്ടാക്കാൻ സാധിക്കുമെന്ന്. ഇന്ന് ഈ പട്ടുനൂൽ വെളിയിൽ കൊണ്ടുപോയി തുണി നെയ്ത് ഇവിടെ കൊണ്ടുവന്ന് വിൽക്കുന്ന ഒരു സാഹചര്യമാണുള്ളത്. ഇതാണ് പൊതുവേ ഈ രാജ്യത്തെ വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളമുള്ള നിലപാട്. മററു പല സാധനങ്ങളും കൂടി വ്യവസായമെന്ന നിലയിൽ ചെയ്യുവാൻ കഴിയും. അതി പ്രധാനമായവയാണ് മഷി, ഓയിൽ ക്രഷിംഗ്, തുകൽ, പായ് നെയ്ത്ത് മുതലായവ. പക്ഷെ, അതിന് ശരിയായ വൈദഗ്ദ്ധ്യം സമ്പാദിച്ച ആളുകൾ നേതൃത്വം നൽകേണ്ടതാണ്.

ഗവണ്മെൻറ് മുതൽ മുടക്കിയിട്ടുള്ള ഫാക്ടറികളെപ്പററിയും എനിക്ക് ചിലതു് പറയാനുണ്ട്. ഗവണ്മെൻറ് ഏററവും അധികം മുതൽ മുടക്കിയിട്ടുള്ള ഒരു ഫാക്ടറിയാണ് എഫ്. എ. സി. ററി. ഇതിന്റെ പ്രവർത്തനത്തിൽ വളരെ അധികം കുഴപ്പങ്ങളുണ്ടെന്ന് എല്ലാ നിയമസഭാസമ്മേളനങ്ങളിലും പറഞ്ഞുകേൾക്കാറുണ്ട്. എന്നാൽ ഇതുവരെ അതിനെപ്പററി അന്വേഷിക്കാൻ ഒരു വിദഗ്ദ്ധകമ്മററിയെ നിയമിക്കാൻ ഗവണ്മെൻറ് തയ്യാറായിട്ടില്ല. 'ഈ രാജ്യത്തെ ,ഏററവും വലിയ ആ കെമിക്കൽ ഫാക്ടറിയിൽ സാങ്കേതികപരിജ്ഞാനമുള്ള ഒരു കെമിക്കൽ ഇഞ്ചിനീയർ ഇല്ലെന്നു പറയുമ്പോൾ അവിടത്തെ ഭരണം എത്രമാത്രം നന്നായിരിക്കുമെന്ന് ഊഹിക്കാവുന്നതാണല്ലോ. കെമിക്കൽ ഇഞ്ചിനിയറിംഗ് പാസായ ഒരു ഇഞ്ചിനീയർ അവിടെ ഇല്ലെന്നുള്ളത് ഈ ഗവണ്മെൻറ് ഇനിയെങ്കിലും മനസ്സിലാക്കിയാൽ കൊള്ളാം. അവിടെ നിയമിച്ചശേഷം ഏതെങ്കിലും ഇൻസ്റ്റിററ്യൂട്ടിൽനിന്നും ഡിഗ്രി എടുത്തിട്ടുള്ളവർ കാണും. പക്ഷെ സാങ്കേതിക പരിജ്ഞാനമുള്ള ഒരു ഒററ കെമിക്കൽ

ഇഞ്ചിനീയർപോലും പല പ്ലാൻറുകളിൽ ഒന്നിലെങ്കിലും കാണുകയില്ല. ഇൻഡ്യാഗവണ്മെൻറ് കഴിഞ്ഞതൊല്ലം നടപ്പാക്കുചെയ്ത ജപ്പാൻ സഹായം തങ്ങളുടെ പ്ലാൻറിൽ വർക്കു ചെയ്യാൻ സാധിക്കയില്ലെന്നു് സാധനം വരുത്തി ഉപയോഗിച്ചതിന്നു ശേഷമാണു് അവിടെയുള്ള ഇഞ്ചിനീയറന്മാർക്കു് മനസ്സിലാക്കാൻ സാധിച്ചതു്. ചില കെമിക്കൽ ഇഞ്ചിനീയറന്മാരുമായി ഞാൻ സംസാരിച്ചതിൽനിന്നു് സാധാരണ വാങ്ങുന്ന സഹായം 95 ശതമാനം ശുദ്ധമായിട്ടുള്ളതാണെന്നും എന്നാൽ ജപ്പാൻ സഹായം 99.5 ശതമാനവും ശുദ്ധമാണെന്നു് അറിഞ്ഞതുകൊണ്ടാണു് അതെടുത്തതെന്നും പറഞ്ഞു. ഈ ശേഷിച്ച 5 പെർസൻറ് എന്താണെന്നു് പരിശോധിച്ചു അവിടത്തെ പ്ലാൻറിന്നു തകർച്ച വരുന്ന ഏതെങ്കിലും വസ്തുവാണോ അതെന്നു അറിയാനുള്ള കഴിവില്ലാതിരുന്നതുകൊണ്ടാണു് ഈ സഹായം വാങ്ങുയും അതുമൂലം നഷ്ടമുണ്ടാകുകയും ചെയ്തിട്ടുള്ളതു്. മറെറാരു കാര്യം, വളരെ ആളുകൾ പണിയെടുക്കുന്ന ആലുവായിലെ ഫാക്ടറികളിൽ ഈ നാട്ടുകാർ വളരെ കുറവാണെന്നു് എൻെറ സ്നേഹിതൻ ശ്രീ. ഗോപാലമേനോൻ കഴിഞ്ഞ സെഷനിൽ ഇവിടെ പ്രസ്താവിച്ചിട്ടുണ്ടു്. ഇവിടത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും കൂടിയാണു് ഈ ഫാക്ടറികൾ നടത്തുന്നതു്. എന്നാൽ നമ്മുടെ നാട്ടിലെ കമ്പനികളിൽ വെളിയിൽനിന്നും ആളുകൾ ഇരച്ചുകയറാതിരിക്കുന്നതിന്നു് നാട്ടുകാർക്കു് മുൻഗണന നല്കുയും, ഒരു നിശ്ചിത ശതമാനമെങ്കിലും ഈ നാട്ടിലെ ആളുകളെത്തന്നെ ഫാക്ടറികളിൽ നിയമിക്കുന്നതിനുള്ള പ്രേരണ നല്കണമെന്നും ഞാൻ ഗവണ്മെൻറിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

അടുത്തതായി ആലുവായിലെ ഒഗയിൽ ഗ്ലാസ്ഫാക്ടറിയുടെ കാര്യമാണു് എനിക്കു് പറയുവാനുള്ളതു്. ഗ്ലാസ്നിർമ്മാണം കുടിൽ വ്യവസായമായി ചെയ്യാവുന്ന ഒരു വ്യവസായമാണു് എന്നാൽ വമ്പിച്ച മൂലധനം മുടക്കി ഒരു വലിയ വ്യവസായമെന്ന രീതിയിൽ നടത്തുന്ന ഈ ഫാക്ടറിയിലേയും അവസ്ഥ ഞാൻ മുമ്പു F. A. C. T. യെപ്പററി പറഞ്ഞതു പോലെതന്നെയാണു്. ആ ഗ്ലാസ്ഫാക്ടറി ഇത്തരത്തിൽ മുന്നോട്ടു പോകുകയാണെങ്കിൽ മൂന്നുനാലു കൊല്ലത്തിനകം ഇല്ലാതെ വരുമെന്നുള്ള വസ്തുത ഗവണ്മെൻറ് മനസ്സിലാക്കണം.

സ്വകാര്യവ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറു യാതൊരു പ്രോത്സാഹനവും നല്കിവരുന്നില്ല. ആലുവാ മുതലായ പ്രദേശങ്ങളിൽ വളരെ അധികം ഓട്ടുകമ്പനികളുണ്ടു്. അവിടെ ഉണ്ടാക്കുന്ന ഓടുകൾ വിററഴിക്കാൻ നിവൃത്തിയില്ലാതിരിക്കുമ്പോൾ ഇഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെൻറ് ഗവണ്മെൻറ് ആവശ്യങ്ങൾക്കു ആസ്ബസ്റ്റാസ് ഷീററുകൾ ഉപയോഗിക്കുന്ന സമ്പ്രദായം അവസാനിപ്പിക്കേണ്ടതാകുന്നു. അങ്ങിനെ ആയാൽ ആ കമ്പനികളിൽ ഉണ്ടാക്കുന്ന ഓടുകൾ ചെലവാക്കുന്നതിനും കൂടുതൽ ഭംഗിയായി കമ്പനികൾ നടത്തുന്നതിനും തൊഴിൽ വർദ്ധിപ്പിക്കുന്നതിനും സാധിക്കും.

കഴിഞ്ഞ കാലം പി. എസ്. പി. സർക്കാർ ചെയ്ത ദ്രോഹത്തിൻെറ ഫലമായി 5000 ഏക്കർ കശുഅണ്ടിത്തോട്ടങ്ങൾ കുന്നത്തുനാടു് പറവൂർ താലൂക്കിൽ വിറകിന്നും തുപ്പിന്നുമായി വെട്ടിവിൽക്കുവാൻ ഇടയായിട്ടുണ്ടു്. അന്നത്തെ ഗവണ്മെൻറ് മുതലാളികൾക്കു് കൂട്ടുനിന്നുകൊണ്ടു് ഈ നാട്ടിലെ കൃഷിക്കാരുടെ കശുഅണ്ടി വിലകുറച്ചു് വാങ്ങുന്നതിന്നു് ഇവിടത്തെ കശുഅണ്ടി മുതലാളികൾ സിൻഡിക്കററു രൂപീകരിച്ചു് പ്രവൃത്തി

[ശ്രീ. ടി. ഒ. ബാവ]

ക്കുന്നതിനെ അനുകൂലിച്ചു. 200 രൂപ വിലയുണ്ടായിരുന്ന കശുഅണ്ടിക്ക് 100 രൂപയാണ് അന്ന് കർഷകന് വിലകിട്ടിയതു്. ഇനി ഇതു് ആവർത്തിക്കാതെ നോക്കേണ്ടതാണ്. അതിനുള്ള നടപടികൾ ഗവണ്മെൻറ് സ്വീകരിക്കണം. കശുഅണ്ടി ഉൽപ്പാദിപ്പിക്കുന്നവരെ കൃഷിക്കാരെന്നു പറയുമ്പോൾ ഒരു ഹാസ്യഭാവത്തോടെയാണ് എല്ലാവരും വീക്ഷിക്കുന്നതു്. ഈ രാജ്യത്തിനു ഡാളർ സമ്പാദിച്ചുകൊടുക്കുന്ന ഒന്നാമത്തെ സാധനമാണ് കശുഅണ്ടി. കശുഅണ്ടി വ്യവസായത്തിൻെറ ഗൗരവം മനസ്സിലാക്കി വേണ്ടതു പ്രവർത്തിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ലെമൺഗ്രാസ് ആയിരം ഡമോൺസ്ട്രേഷൻ സെൻറർ ഒരെണ്ണം ഞങ്ങളുടെ സ്ഥലത്തു്, ഓടക്കാലിയിൽ ഉണ്ട്. അതെന്താണെന്ന് ഇന്നും അവിടത്തെ ഉദ്യോഗസ്ഥന്മാർക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. പല്ല് എന്താണെന്നോ വാറുന്നതു് എങ്ങിനെയാണെന്നോ അറിഞ്ഞുകൂടാ. ഈ കേന്ദ്രം കാര്യക്ഷമമായി പ്രവർത്തിക്കാൻ ഗവണ്മെൻറ് ശ്രദ്ധിക്കണം. കൂടുതൽ സംസാരിക്കാൻ സമയമില്ലാത്തതുകൊണ്ട് ഈ വസ്തുതകളെല്ലാം ഗവണ്മെൻറ് പരിഗണിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. എം. വർഗ്ഗീസ് : സർ, ഇൻഡസ്ട്രീസു സംബന്ധിച്ചു ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയാൽ കൊള്ളാമെന്നു ഞാൻ ആഗ്രഹിക്കുന്ന ചുരുങ്ങിയ സംഗതികൾ പ്രസ്താവിക്കണമെന്നുമാത്രമെ ഈ പ്രസംഗം കൊണ്ടു ഉദ്ദേശിക്കുന്നുള്ളൂ.

വ്യവസായസംബന്ധമായ കാര്യങ്ങളിൽ, ഗവണ്മെൻറിൻെറ ശ്രദ്ധ പതിയുന്നുണ്ടെന്നു ധനകാര്യമന്ത്രിയുടെ പ്രസംഗവുംബഡ്ജറ്റും പരിശോധിച്ചുനോക്കിയാൽ മനസ്സിലാക്കാവുന്നതാണ്. ഗവണ്മെൻറു ചില വ്യവസായങ്ങൾ നേരിട്ടു നടത്താനുള്ള നടപടികൾ സ്വീകരിച്ചിരിക്കുന്നുവെന്നും, സീതാറാം മിൽസ്, മഹാലക്ഷ്മി മിൽസ്, കുണ്ടറ അലൈഡു ഇൻഡസ്ട്രീസു മുതലായ സ്ഥാപനങ്ങൾ ഏറ്റെടുത്തുവെന്നും, ഇനിയും ചില വ്യവസായസ്ഥാപനങ്ങളുടെ ക്രമീകരണത്തിനും, വിപുലമായ പ്രവർത്തനത്തിനും ഉതകുന്ന പരിപാടികൾ സ്വീകരിക്കുമെന്നുംമററും മനസ്സിലാക്കാൻ സാധിച്ചതിൽ സന്തോഷമുണ്ട്. കൂടതലായി ചില കാര്യങ്ങൾകൂടി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തണമെന്നു ഞാനാഗ്രഹിക്കുന്നു.

ബഹുമാനപ്പെട്ട മെംബർ ഡാക്ടർ സുകുമാരൻെറ പ്രസംഗത്തിലെ പല ഭാഗങ്ങളോടും എനിക്കു യോജിപ്പാണുള്ളതു്. ഞാൻ വളരെ ശ്രദ്ധിച്ചുകേട്ടുകൊണ്ടിരിക്കുകയായിരുന്നു ആ പ്രസംഗം. വ്യവസായം സംബന്ധിച്ചു ഇവിടെ പ്രസ്താവിച്ച സംഗതികൾ പലതും അക്ഷരംപ്രതി പരമാർത്ഥമാണ്. ആ കാര്യങ്ങളിൽ ഗവണ്മെൻറു ശ്രദ്ധപതിപ്പിക്കാത്തപക്ഷം, വ്യവസായങ്ങൾകൊണ്ടു് ഈ രാജ്യത്തിനുണ്ടാകണമെന്നു നാം വിചാരിക്കുന്ന യാതൊരു നന്മയും ഉണ്ടാകാൻപോകുന്നില്ലെന്നുള്ളതു ഒരു വസ്തുതയാണ്. ഡാക്ടർ സുകുമാരൻ പറഞ്ഞിട്ടുള്ള കാര്യങ്ങൾതന്നെ ആവർത്തിച്ചു പറയണമെന്ന് എനിക്കുദ്ദേശമില്ലെങ്കിലും, എൻെറ പ്രസംഗത്തിൽ ഏതെങ്കിലും ആവർത്തനദോഷം വന്നുപോകുമെങ്കിൽ ക്ഷമിക്കണമെന്ന് അപേക്ഷയുണ്ട്.

കുണ്ടറയിൽ ഒരു സിറാമിക് ഫാക്ടറിയുണ്ട്. ഇതിൽ കൂടുതൽ ആക്ഷേപാർഹമായിട്ടുള്ള ഒരു സ്ഥാപനം ഈ രാജ്യത്തുണ്ടെന്നും, മേലാ ഉണ്ടാ

കുമെന്നും തോന്നുന്നില്ല. അതു് ആരംഭിച്ചകാലം മുതൽ ഇന്നുവരെ നഷ്ടത്തിലാണു നടക്കുന്നതു്. ഈ സ്ഥാപനം നമ്മുടെ സംസ്ഥാനത്തിനു തന്നെയും ഹാനികരമാണു്. അതു് ദിവാൻഭരണകാലത്തു് തുടങ്ങിയതാണു്. മന്ത്രിമാരുടെ ഭരണം വന്നിട്ടും, അതു നന്നാക്കാൻ സാധിച്ചിട്ടില്ല. കുഴഞ്ഞുകിടക്കുന്ന ആ ഇൻഡസ്ട്രി ലാഭകരമായി നടത്താൻ ശ്രമിക്കേണ്ടതാണു്. നഷ്ടം ഉണ്ടാകുന്നു, നഷ്ടം ഉണ്ടാകുന്നു എന്നു തുടർച്ചയായി പറയുന്നതല്ലാതെ ഏതുവിധത്തിൽ ഈ നഷ്ടം സംഭവിക്കുന്നു എന്നു ആരും വേണ്ടവിധം പരിശോധിച്ചിട്ടില്ല. ഈ കാര്യത്തിൽ ഗവണ്മെൻറു കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണു്. ആ ഫാക്ററി ഉദ്ധാരിക്കുന്നതിനു വേണ്ട ശ്രമം ചെയ്യണമെന്നു ഞാനും ഡാക്ടർ സുകുമാരനെപ്പോലെ ഗവണ്മെൻറിനോടു് അഭ്യർത്ഥിക്കുന്നു. കുണ്ടറ അലൈഡ് ഇൻഡസ്ട്രീസ് ജോലിയില്ലാതെ മുടങ്ങിക്കിടന്നതു് ഗവണ്മെൻറ് ഏറ്റെടുത്തു് ക്രമപ്പെടുത്തി നടത്താൻ തീരുമാനിച്ചതു് ആശാസ്യമാണു്. അതിനു് അടുത്തു തന്നെ ഒരു ഇനാമൽ ഇൻഡസ്ട്രി മുടങ്ങിക്കിടക്കുന്നുണ്ടു്. അതും കൂടുതൽ ഉപയോഗയോഗ്യമായ രീതിയിൽ പ്രവർത്തനത്തിനു കൊണ്ടുവരാൻ ഗവണ്മെൻറു ശ്രദ്ധിക്കേണ്ടതാണു്. അതു് കൂടാതെ ഗവണ്മെൻറ് നേരിട്ടു ഇടപെട്ടു്, ഗവണ്മെൻറു പണം മുടക്കി, മുഴുവൻ നേതൃത്വവും ഗവണ്മെൻറു വഹിക്കേണ്ട മററു ചില സ്ഥാപനങ്ങളെപ്പററിയും പ്രസ്താവിക്കുകയുണ്ടായി. ചവറ മിനറൽസ്, റബ്ബർഫാക്ടറി, പ്ലൈവുഡ് മുതലായ ഇൻഡസ്ട്രീസിൻെറ പുരോഗതിയെ ഉദ്ദേശിച്ചുള്ള നിർദ്ദേശങ്ങൾ പലരും ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞിരിക്കുന്നതിനാൽ കൂടുതലായി ആവർത്തിച്ചു അതേപ്പററി ഒന്നും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ആ കാര്യങ്ങളിൽ ശ്രദ്ധപതിപ്പിക്കണമെന്നു ഗവണ്മെൻറിനെ ഉൽബോധിപ്പിക്കണമെന്നു മാത്രമാണു് എൻെറ ഉദ്ദേശം. ഇന്നു വ്യവസായമണ്ഡലത്തിൽ കുഴപ്പങ്ങൾ കാണുന്നതിനു പല കാരണങ്ങളുമുണ്ടു്. എല്ലാ ഡിപ്പാർട്ടുമെൻറുകളിലും ഗവണ്മെൻറല്ലാതെ മേൽനോട്ടം വഹിക്കാൻ ഗവണ്മെൻറിൻെറ കീഴിൽ ചില അധികാരികളുണ്ടു്. അവരാണല്ലോ ഗവണ്മെൻറിനു വേണ്ടി കാര്യങ്ങൾ നടത്തുന്നതു്. ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറധ്യക്ഷനു് ഡയറക്ടർ ആഫ് ഇൻഡസ്ട്രീസ് എന്ന പേരുകൊടുത്തിട്ടുണ്ടു്. പേരു നല്ലതുതന്നെ. പക്ഷെ അധികാരം യാതൊന്നും കൊടുത്തിട്ടുള്ളതായി കാണുന്നില്ല. ഇൻഡസ്ട്രീസിനും, ഡയറക്ടർ ആഫ് ഇൻഡസ്ട്രീസിനുമായി യാതൊരു ബന്ധവും കാണുന്നില്ല. ഇൻഡസ്ട്രീസിനെ സംബന്ധിച്ചുള്ള ചില അധികാരങ്ങൾ മററു ചില ഡിപ്പാർട്ടുമെൻറുകൾക്കു കൊടുത്തിട്ടുണ്ടു്. ലേബർഡിപ്പാർട്ടുമെൻറിനും അങ്ങനെ ചില അധികാരം ഇൻഡസ്ട്രിയെ സംബന്ധിച്ചിടത്തോളം നൽകിയിട്ടുള്ളതായി കാണുന്നു. ലേബർ ഡിപ്പാർട്ടുമെൻറ് കൂടുതൽ കാര്യക്ഷമമായി നടത്തിയിരുന്നെങ്കിൽ സാധുക്കളായ തൊഴിലാളികൾക്കു് ഉപകാരപ്രദമാകുമായിരുന്നു. ഡിപ്പാർട്ടുമെൻറ് മേധാവിക്കു കൂടുതൽ അധികാരം കൊടുക്കണമെന്നാണു് എൻെറ അഭിപ്രായം. അങ്ങനെ അധികാരമുള്ള ഒരാൾ ഇല്ലാത്തതുകൊണ്ടു് വ്യവസായങ്ങളിൽ വേണ്ടത്ര ശ്രദ്ധയും താല്പര്യവും പ്രദർശിപ്പിക്കുവാൻ സാധിക്കാതെ വരുന്നതാണു്. ഇൻഡസ്ട്രീസിൻെറ അഭിവൃദ്ധിക്കു അതു ഒരു തടസ്സകാരണമാണു്. നമ്മുടെ ഇൻഡസ്ട്രീസു സംബന്ധിച്ചു് ഗവണ്മെൻറ് കൂടുതൽ ശ്രദ്ധപതിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു എന്നു കാണുന്നതു് ആശ്വാസകരമാണു്.

[ശ്രീ. ടി. എം. വർഗ്ഗീസ്]

ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ നമ്മുടെ ഇൻഡസ്ട്രീസു ശരിയായി പുരോഗമിക്കാതിരിക്കാൻ പല കാരണങ്ങളിലൊന്നു ഇവിടെ പ്രസ്താവിക്കുകയുണ്ടായി. 335 തൊഴിൽതർക്കങ്ങളും, 6 ലാക്കൗട്ടുകളും, ഇവിടെ ഉണ്ടായതായി പറയുന്നു. അഞ്ചുലക്ഷം തൊഴിലാളികൾക്ക് ഒരു ദിവസത്തെ പണി നിഷ്ക്കേഷം ഇല്ലാതാക്കി എന്നു അതുകൊണ്ടു കാണാം. വ്യവസായത്തർക്കംമൂലം ഉണ്ടായഈ കുഴപ്പങ്ങൾ പരിഹരിക്കാൻ, തക്കസമയത്തു് തർക്കങ്ങൾ ഇല്ലാതാക്കാനുള്ള സാഹചര്യങ്ങൾ സൃഷ്ടിച്ചിരുന്നുവെങ്കിൽ ഇത്രയും ആപല്ക്കരമായ ഒരവസ്ഥ സംജാതമാകുമായിരുന്നില്ല. തൊഴിലാളികൾക്കും വ്യവസായശാലകൾക്കും ഇങ്ങനെ നഷ്ടം സംഭവിക്കുമായിരുന്നില്ല. ഇതാരുടെ കുററമാണ്? തൊഴിലാളികളുടെയും മുതലാളിമാരുടെയും കുററമല്ലായിരിക്കാം. രണ്ടു കൂട്ടരുടെയും കുററമല്ല. തൊഴിലാളികളെ ചൂഷണംചെയ്തു് അന്യായമായി ലാഭമെടുക്കുന്ന മുതലാളിമാരും, ന്യായമായ സംരക്ഷണവും, മററാനുകൂല്യങ്ങളും ഉണ്ടാക്കിക്കൊടുക്കുന്ന മുതലാളിമാരെ കീഴ്പെടുത്താൻ, തങ്ങളുടെ തൊഴിലാളിശക്തിയെ ദുർവിനിയോഗംചെയ്യുന്ന തൊഴിലാളികളും കാണും.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : മാൻപൊവർ ഇല്ലാത്തതാണോ വ്യവസായത്തിനു തടസ്സമായിരിക്കുന്നതു്?

ശ്രീ. ടി. എം. വർഗ്ഗീസ് : ചോദ്യംചോദിക്കുന്നതിനു് വിരോധമില്ല, പക്ഷെ ഒരു മെമ്പർ നിൽക്കുമ്പോൾ ആ മംബർ സീററിൽ ഇരിക്കാതെ ചോദ്യം ചോദിക്കുന്നതു് നിയമപ്രകാരം തെററാണു്. പ്രസംഗം കഴിഞ്ഞിട്ടു വല്ലതും ചോദിക്കാനുണ്ടെങ്കിൽ ഇവിടെവച്ചോ മററു സ്ഥലത്തു വച്ചോ ചോദിച്ചാൽ പറഞ്ഞുതരാം.

മാൻപൊവർ നഷ്ടപ്പെടുത്തി തൊഴിൽ ഇല്ലാതാക്കി. കുററം ആരു ചെയ്താലും തൊഴിലാളിയുടെയോ മുതലാളിയുടെയോ എന്നല്ലാ; ഉല്പാദനത്തിനു തടസ്സമുണ്ടാക്കുന്ന സാഹചര്യം സൃഷ്ടിക്കരുതെന്നാണു് എന്റെ അപേക്ഷ.

വൻകിട വ്യവസായങ്ങൾ എല്ലാംതന്നെ ഉല്പാദനം തടസ്സപ്പെടുത്താനുള്ള ഘട്ടത്തിലെത്തിയാൽ ഗവണ്മെൻറ് ഉടനടി ഇടപെട്ടു് പരിഹാരം നേടേണ്ടതാണു്. മുതലാളിമാർക്കു ചില പ്രത്യേക സന്ദർഭം ലഭിക്കുമ്പോൾ തൊഴിലാളികളെ മനഃപൂർവ്വം ഉപദ്രവിക്കാൻ ശ്രമിക്കുന്നതു ശരിയല്ല. അതുപോലെ രാഷ്ട്രീയകാരണങ്ങളുടെ അടിസ്ഥാനത്തിൽ, വ്യവസായസ്ഥാപനങ്ങളുടെ പുരോഗതിക്കു തടസ്സം ഉണ്ടാക്കുകയൊ, അവകാശങ്ങളുടെ പേരിൽ എന്നുള്ള വ്യാജേന മററു പ്രക്ഷോഭണങ്ങൾ തുടങ്ങുകയോ ചെയ്യുന്ന തൊഴിലാളികളുടെ നടപടിയും ന്യായമാണോ, അവർ ഉന്നയിക്കുന്ന കാര്യങ്ങൾ സ്വീകാര്യമാണോ, എങ്ങനെ അതിനു പ്രതിവിധി നേടാം എന്നു് ഗവണ്മെൻറ് ഇടപെട്ടു് അനിഷ്ടകരമായ സംഭവവികാസം കൂടാതെ കാര്യം ഒതുക്കിതീർക്കേണ്ടതാണു്. ഇങ്ങനെയുള്ള അവസരങ്ങളിൽ പത്തും പതിനായിരവും ആളുകൾ ചേർന്നു മുതലാളിയുടെയും മാനേജ്മെൻറിന്റെയും നേരേ സമരത്തിനും വിപ്ലവപ്രവർത്തനങ്ങൾക്കും തയ്യാറായാൽ, ആ അടിയന്തിരഘട്ടത്തെ നേരിട്ടു് ന്യായമായ പരിഹാരം ഉണ്ടാക്കാൻ, നിയമസമാധാനംപാലിക്കാൻ നിയുക്തരായ പോലീസുദ്യോഗസ്ഥന്മാർ അവിടെ പ്രവേശിക്കുന്നതു തെററാണെന്നു പറയുന്നതു ശരിയല്ല.

തൊഴിൽശാലകൾക്കും, ഉല്പാദനങ്ങൾക്കും, തൊഴിലാളികൾക്കും പുരോഗമനത്തിനു തടസ്സമായി തൊഴിൽശാലകളിൽ കുഴപ്പങ്ങൾ ഉണ്ടാകുമ്പോൾ, പോലീസുകാർ തൊഴിൽശാലകളിൽകയറി കുഴപ്പങ്ങൾ ഇല്ലാതാക്കാൻ ശ്രമിക്കുന്നതിനെ തടയണമെന്നു പറയുന്നതു ശരിയല്ല. ഏതു രംഗത്തും നിയമസമാധാനത്തിനു പോലീസിന്റെ ആവശ്യം ഉണ്ടാവും. സമാധാനപരമായ അന്തരീക്ഷം സംജാതമാക്കണമെന്ന ഉദ്ദേശത്തിൽ പോലീസുകാർ എവിടെ പ്രവേശിക്കുന്നതും ആശാസ്യമാണ്. എവിടെനിന്നും അവരുടെ സഹായം ആവശ്യപ്പെട്ടാലും അതു നൽകേണ്ടതു അവരുടെ ഡ്യൂട്ടിയാണ്.

കൂടാതെ എനിക്ക് നേരിട്ടറിയാൻകഴിഞ്ഞ ഒരു സംഭവം ഇവിടെ പ്രസ്താവ്യമാണ്. തൊഴിശാലകളിൽ ന്യായരഹിതമായ പ്രവർത്തനം മുതലാളികളുടെ ഭാഗത്തുനിന്നായാലും ഉണ്ടാകാൻ പാടില്ലാത്തതാണ്. വ്യവസായശാലകളിൽ ഏപ്പോഴും ഒരു തൊഴിലാളിക്ക് ആ വ്യവസായത്തിന്റെ പുരോഗതിക്ക് സഹായിക്കുന്ന ഒരാൾ എന്ന നിലയിലും തൊഴിലാളി പ്രവർത്തകൻ എന്ന നിലയിലും ന്യായമായ അവകാശമുണ്ട്. എന്നാൽ കുടുംബസമേതം ഭാര്യയും കുട്ടികളുമായി താമസിക്കുന്ന മുതലാളിയുടെ വീട്ടിൽ, രഹസ്യമായും പരസ്യമായും കുടുംബജീവിതത്തിന്റെ സൈ്വരതയെ തടയുന്നവിധത്തിൽ വീട്ടിന്റെ പടിക്കൽ സത്യഗ്രഹവും മറ്റു ബഹളങ്ങളും ഉണ്ടാക്കി കുഴപ്പം സൃഷ്ടിക്കുമ്പോൾ അതിനെ തടയാൻ പോലീസ് ഇടപെടുന്നതു് ശരിയല്ലെന്നു പറയുന്നതു് ഒരിക്കലും സ്വീകാര്യമല്ല.

ശ്രീ. ടി. വി. തോമസ്സ്: തൊഴിലാളികൾക്ക് ന്യായമായ പ്രവർത്തനത്തിനു അവകാശമുണ്ടെന്നു പറഞ്ഞു പണിമുടക്കുകൾ തോല്പിക്കാൻ വരുന്ന കരിങ്കാലികളെ തടയാനും അവകാശമില്ലേ?

ശ്രീ. ടി. എ. വർഗ്ഗീസ്: കരിങ്കാലി ആരാണെന്നുള്ളതുതന്നെ തർക്കവിഷയമാണ്. കാലുകണ്ടാൽ മാത്രം കരിങ്കാലിയെ മനസ്സിലാക്കാൻ സാധിക്കുകയില്ല. ആർക്കും ആരെയും കരിങ്കാലിയെന്നു വിളിക്കാം. തൊഴിൽ ചെയ്യാൻ ആർക്കും അവകാശമുണ്ട്. തൊഴിൽ ചെയ്യാൻപോകുന്നവരെ പറഞ്ഞു മാനസാന്തരപ്പെടുത്തി അതിൽനിന്നും പിൻതിരിപ്പിക്കാമെന്നല്ലാതെ ബലാൽ തടസ്സംചെയ്യുന്നതു് ശരിയല്ല. അതു ന്യായമല്ല.

ശ്രീ. ടി. വി. തോമസ്സ്: പണിമുടക്കിന് അവകാശമുണ്ടെന്നു പറയുകയും, പണിമുടക്കിനെ തോല്പിക്കാൻ വരുന്ന ആളുകളെ തടയരുതെന്നു പറയുകയും ചെയ്യുന്നതു് പരസ്പരവിരുദ്ധമല്ലേ?

ശ്രീ. ടി. എം. വർഗ്ഗീസ്: സ്വന്തമനസ്സോടുകൂടി ജോലിക്കുപോകുന്നവരെ തടസ്സപ്പെടുത്തുവാൻ അവകാശമില്ല. അതു തെറ്റായിരിക്കും. പ്രേരിപ്പിക്കാം, ന്യായമായ കാരണങ്ങൾ പറഞ്ഞു മറ്റൊരാളെ അയാളുടെ ഉദ്യമത്തിൽനിന്നും പിൻതിരിപ്പിക്കാൻ ശ്രമിക്കാം. പക്ഷെ, അതു് അവ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിൽ കൂടി, ഭീഷണിപ്പെടുത്തിയോ ബലം പ്രയോഗിച്ചോ ആയാൽ ശരിയല്ല.

മറ്റൊരു കാര്യം പറയാനുള്ളതു്, സർവ്വസാധാരണമായി ഇന്നു കണ്ടുവരുന്ന ഒരുതരം സത്യഗ്രഹത്തെപ്പററിയാണ്. അങ്ങനെ ധാരാളം നടക്കുന്നുണ്ടെന്നറിയാം. കഴിഞ്ഞ മന്ത്രിസഭാകാലത്തുതന്നെ എനിക്ക

[ശ്രീ. ടി. എം. വർഗ്ഗീസ്]

നേരിട്ടറിയാൻ സാധിച്ച ഒരു സംഭവമുണ്ടായി. ഒരു മുതലാളിയുടെ വീട്ടുപടിക്കൽ സത്യഗ്രഹം നടന്നു. ആ മുതലാളി താമസിക്കുന്നതു് ഒരു ദേവാലയത്തിന്റെ സമീപത്താണു്. ഉപജീവനമാർഗ്ഗത്തിനും, കുട്ടികളെയും കുടുംബത്തെയും പുലർത്തുന്നതിനും വേണ്ടി ഒരു ബിസ്സിനസ്സ് നടത്തുന്ന ആ മുതലാളിയാണു് അവിടെ താമസിക്കുന്നതു്; ആ മുതലാളിയുടെ വീട്ടുപടിക്കൽ തൊഴിലാളിപ്രവർത്തകർ ഒരു സത്യഗ്രഹപരിപാടി ആരംഭിക്കുകയായി. ഒരു ദിവസം ഞായറാഴ്ചയായിരുന്നു, ദേവാലയത്തിൽ എട്ട്, എട്ടര മണിക്കു് ആരാധന തുടങ്ങണം. പത്തുനൂറോളം ആളുകൾ അവിടെ ഹാജരായി. സത്യഗ്രഹികളുടെ മുദ്രാവാക്യങ്ങളുടേയും മററും ബഹളംനിമിത്തം ദേവാലയത്തിലെ കർമ്മങ്ങൾക്കു് തടസ്സം നേരിടുമെന്നായി. ഞാനവരോടു പറഞ്ഞു, കൂടുതൽ ശബ്ദമുണ്ടാക്കരുതു്, ദേവാലയത്തിലെ കർമ്മങ്ങൾ മുടങ്ങാതെ നടന്നുകൊള്ളട്ടെ എന്നും മററും. അവർ കൂട്ടാക്കിയില്ല. അങ്ങനെ പത്തുനൂറോളം ആളുകൾക്കു് അവരുടെ മതാചാരപ്രകാരമുള്ള കർമ്മങ്ങൾക്കു തടസ്സം നേരിടുവിക്കുന്നതിനും, ഒരു പൗരനെന്ന നിലയിൽ ആ മുതലാളിയുടെ സ്വൈരജീവിതത്തിനു തടസ്സം ഉണ്ടാക്കുന്നതിനും ശ്രമിച്ച ആ നടപടി തീരെ ശരിയല്ലെന്നാണു് എന്റെ അഭിപ്രായം. ഇങ്ങനെയുള്ള പ്രവർത്തനങ്ങൾകൊണ്ടാണും വ്യവസായം പുരോഗമിക്കുകയില്ല. തൊഴിലാളികളുടെ നില ഇതുകൊണ്ടു് ഇന്നത്തേതിനിന്നു് ഉയരുകയുമില്ല. ഈ നില തുടർന്നുകൊണ്ടുപോകുകയാണെങ്കിൽ, അവരുടെ ഉദ്ദേശം എന്തായിരുന്നാൽത്തന്നെയും, രഹസ്യമോ പരസ്യമോ ആയ എന്തു ലക്ഷ്യവും പ്രാപിക്കാൻ അവർക്കു സാധിക്കയില്ലെന്നു് ഉറപ്പിച്ചു പറയാൻ കഴിയും. ആ വിവരം അവർ മനസ്സിലാക്കി പ്രവർത്തിക്കണമെന്നും, അവരെ നയിക്കുകയും, നിയന്ത്രിക്കുകയും ചെയ്യുന്നവർ അതിൽ ശ്രദ്ധപതിപ്പിക്കണമെന്നും ഈ അവസരത്തിൽ അറിയിക്കാനാഗ്രഹിക്കുന്നു.

തൊഴിലാളികളുടെ ന്യായമായ ചില അവകാശങ്ങൾ സാധിച്ചുകൊടുക്കുന്ന കാര്യത്തിൽ, ചില മുതലാളിമാർ അനാവശ്യമായ ദുസ്സന്ധികളും, ദുരഭിമാനവുംമൂലം തടസ്സങ്ങളും കാലതാമസവും ഉണ്ടാക്കാറുണ്ടു്. അങ്ങനെയുള്ള സന്ദർഭങ്ങളിൽ ഗവണ്മെൻറ് നിഷ്പക്ഷമായി ഇടപെട്ടു് കുഴപ്പങ്ങൾ കൂടാതെ തൊഴിലാളികളുടെ അവകാശങ്ങൾ സാധിച്ചുകൊടുക്കേണ്ടതു് ആവശ്യമാണു്. ന്യായമായ ഏതവകാശങ്ങളും സാധിക്കുന്നതിനു് തൊഴിലാളികൾക്കു് അർഹതയുണ്ടു്., അതേസമയം രാഷ്ട്രീയമായ പരിഗണനകൾകൊണ്ടു മാത്രം തൊഴിലാളികൾ ന്യായരഹിതമായ പരിപാടികൾ സ്വീകരിക്കുകയും, കുഴപ്പങ്ങൾ സൃഷ്ടിക്കാൻ മുതിരുകയും ചെയ്യുകയാണെങ്കിൽ ഗവണ്മെൻറ് അവരെ അതിൽനിന്നും വിരമിപ്പിക്കുന്നതിനു് ന്യായമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണെന്നും, അവരുടെ അന്യായമായ യാതൊരു സമ്മർദ്ദത്തിനും ഒരു പരിഗണനയിലും വഴങ്ങിക്കൊടുക്കരുതെന്നും എനിക്കു് പ്രത്യേകം നിർദ്ദേശമുണ്ടു്. അങ്ങനെയുള്ള സംരംഭങ്ങളിൽനിന്നും അവരെ പിൻതിരിപ്പിക്കുന്നതിനു് തൊഴിലാളിനേതാക്കന്മാരെയും, തൊഴിലാളിപ്രതിനിധികളെയും പ്രേരിപ്പിക്കേണ്ടതും അവർ അതിനു വഴിപ്പെടാത്തപക്ഷം ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണു്. തൊഴിലാളിപ്രവർത്തകരും, നേതാക്കന്മാരും മനഃപൂർവ്വം-തൊഴിൽക്കുഴപ്പങ്ങൾ സൃഷ്ടിക്കുകയും, ചണിമുടക്കുകളും

ബഹളങ്ങളും ഉണ്ടാക്കാൻ ശ്രമിക്കുകയും ചെയ്താൽ സമാധാനംപാലിക്കാൻ നിയുക്തരായ പോലീസുകാർ ഇടപെടുന്നതു ശരിയല്ലെന്നും, അതു് പോലീസ് മർദ്ദനമാണെന്നും പറയുന്നതു് ഒരിക്കലും ന്യായീകരിക്കാവുന്നതല്ല. അതുകൊണ്ടു് ഗവണ്മെൻറ് അശ്ലേഷം ഭയപ്പെടേണ്ട കാര്യവുമില്ല. മാത്രവുമല്ല, അങ്ങനെയുള്ള സന്ദർഭങ്ങളിൽ പോലീസുകാരെ നിരുത്സാഹപ്പെടുത്തുകയോ, തൊഴിലാളികളുടെമേൽ അനുഭാവം പ്രദർശിപ്പിക്കാൻ പോലീസുകാരുടെ പേരിൽ നടപടി നടത്തുകയോ ചെയ്യുകയാണെങ്കിൽ അതു് രാജ്യത്തോടും ജനങ്ങളോടും ചെയ്യുന്ന ഒരു ദ്രോഹമായിരിക്കുമെന്നുകൂടി എനിക്കു് അറിയിക്കാനുണ്ടു്. ഒരു സേവനമെന്ന നിലയിൽ പോലീസുകാർ ഇങ്ങനെയുള്ള അവസരങ്ങളിൽ ഇടപെടുന്നില്ലെങ്കിൽ തൊഴിലാളികൾ വരുത്തിവയ്ക്കുന്ന മററു കുഴപ്പങ്ങൾ നേരിടാൻ ഗവണ്മെൻറ് സാഹസപ്പെടേണ്ടതായി വരും.

ശ്രീ. കെ. സി. ജാർജ്ജ് : ഇവിടെ തൊഴിലാളികൾ കാണിക്കുന്ന അക്രമങ്ങൾക്കു് ഉദാഹരണം പറഞ്ഞു. മുതലാളിമാർ കാണിക്കുന്ന ഏതെങ്കിലും അക്രമത്തെപ്പററി പറയാനുണ്ടോ? അതായതു്, പള്ളിയ്ക്കലെ ശുശ്രൂഷ മാററിവയ്ക്കുത്തക്ക വിധം ഏതെങ്കിലും മുതലാളി തെററുചെയ്തതായി ഉദാഹരണം പറയാനുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ് : മുതലാളിമാരും ചില അക്രമങ്ങൾ കാണിക്കുന്നുണ്ടെന്നറിയാം. ചില സംഗതികൾ ശരിയാണെന്നുതന്നെ എനിക്കറിയാം.

ശ്രീ. കെ. സി. ജോർജ്ജ് : അതിനൊരുദാഹരണം പറയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ് : മുതലാളിമാരും ന്യായരഹിതമായി പ്രവർത്തിച്ചിട്ടുണ്ടു്, പ്രവർത്തിക്കുന്നുണ്ടു്, എല്ലാം എനിക്കു് അറിയാവുന്നതാണു്. ഇപ്പോൾ അതു പറയണമെന്നു വിചാരിക്കുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ സ്നേഹബുദ്ധിയോടുകൂടി, മാറിയിരുന്നു്, അടുത്തിരുന്നു്, എന്നോടു ചോദിച്ചാൽ ഞാൻ എല്ലാം പറയാം. ഞാൻ ഒരു അനാവശ്യവും പറയുകയില്ല. അതു് പരിശീലനം കൊണ്ടോ, ജന്മവാസനകൊണ്ടോ എനിക്കു് ഉണ്ടായിട്ടില്ല. എനിക്കു് അറിയാവുന്ന കാര്യങ്ങൾ എല്ലാം തുറന്നു പറയാം. ഞാൻ എന്തൊക്കെ പറഞ്ഞാലും, ഇങ്ങോട്ടു് ഒരു കടുത്ത വാക്കുപോലും ആ മനുഷ്യനിൽനിന്നും ഉണ്ടാകുകയില്ലെന്നും എനിക്കറിയാം. ഞങ്ങൾ വളരെക്കാലം മുതല്ക്കേ പരിചയക്കാരാണു്. എനിക്കു് അദ്ദേഹത്തെ അറിയാം, അദ്ദേഹത്തിന്റെ വീടറിയാം, വീട്ടുകാരെയെല്ലാം അറിയാം. വളരെ കുട്ടിക്കാലം മുതല്ക്കേ അറിയാം. അതുകൊണ്ടു് നമുക്കു അടുക്കാം, എന്തും പറയാം.

ശ്രീ. ടി. വി. തോമസ്സ് : ഈ കാര്യം അത്ര രഹസ്യമായി പറയാനുള്ളതാണോ?

ശ്രീ. ടി. എം. വർഗ്ഗീസ് : അടുത്തിരുന്നു പറയുന്നതുകൊണ്ടു് അതു് രഹസ്യമാകണമെന്നില്ല, രഹസ്യമല്ലാത്ത കാര്യങ്ങളും അടുത്തിരുന്നു പറയാം. ഞങ്ങൾ പഴയ പരിചയക്കാരാണു്, പലതും സംസാരിക്കാൻ ഉണ്ടായിരിക്കും; മററുള്ളവരുടെ സമയംകൂടി ഇതിനുവേണ്ടി ചെലവാക്കേണ്ടാ എന്നു കരുതി പറഞ്ഞുവെന്നേയുള്ളു.

ശ്രീ. ടി. വി. തോമസ്സ് : തൊഴിലാളികൾ നടത്തിയ അക്രമങ്ങളെപ്പററി ഇവിടെ പറഞ്ഞതുപോലെ, മുതലാളിമാർ ലേബർ രംഗത്തു കാണിച്ചിട്ടുള്ള അക്രമങ്ങളുടെ ഒരു ഉദാഹരണം പറയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്സ് : നാളെ തൊഴിൽവകുപ്പിനെപ്പററിയുള്ള ഡിമാൻറ് ചർച്ചയ്ക്കു വരുമല്ലോ. അപ്പോൾ പറയാം.

ശ്രീ. ടി. വി. തോമസ്സ് : എന്നാൽ ഇതും നാളെ പറഞ്ഞാൽ മതിയായിരുന്നല്ലോ.

ശ്രീ. ടി. എം. വർഗ്ഗീസ്സ് : ഏതായാലും പറഞ്ഞുപോയല്ലോ; ഇനി പിൻവലിക്കുന്നതെങ്ങനെ?

മുതലാളിമാരെല്ലാം ഹരിശ്ചന്ദ്രന്മാരാണെന്നും, തൊഴിലാളികൾ മാത്രമാണ് വ്യവസായരംഗത്തു കുഴപ്പങ്ങൾ സൃഷ്ടിക്കുന്നതെന്നും എനിക്കഭിപ്രായമില്ല. എന്നെക്കാൾ കൂടുതലായി ഇക്കാര്യത്തെപ്പററി എൻെറ സ്നേഹിതന് അറിയാവുന്നതാണല്ലോ.

സർ, ഒരു കാര്യംകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. തൊഴിൽരംഗത്ത് അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന അനാവശ്യമായ കുഴപ്പങ്ങളും, പണിമുടക്കുകളും നിമിത്തം ഈ സംസ്ഥാനത്ത് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ചില വമ്പിച്ച വ്യവസായങ്ങൾ, ഇവിടെ സ്ഥാപിക്കാൻ അധൈര്യപ്പെട്ട് പലരും മററു ചില സ്ഥാനത്തേക്ക് പോയിട്ടുള്ളതായി അറിയാം. ആരെങ്കിലും ഇവിടെ ഒരു വ്യവസായം ആരംഭിക്കാൻ സന്നദ്ധതയുള്ളവരായി വന്നാൽതന്നെയും, ഇവിടുത്തെ വ്യവസായരംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന ആവശ്യമില്ലാത്ത തക്കങ്ങളും, തൊഴിൽകുഴപ്പങ്ങളും, പണിമുടക്കുകളുംകൊണ്ട് സൈ്വരംകെട്ടിരിക്കുന്നവർ അവരെ അതിൽനിന്നും പിൻതിരിപ്പിക്കുന്നതിനു ശ്രമിച്ചാൽ തന്നെ അതൊരു തെററായി കരുതാൻ നിവൃത്തിയില്ല. ഇതുവരെയുള്ള അനുഭവങ്ങൾവച്ച് നാം പരിശോധിക്കുകയാണെങ്കിൽ, ഈ രാജ്യത്തെ വ്യവസായങ്ങൾക്കും, ഉല്പാദനങ്ങൾക്കും തടസ്സക്കാരായി നിന്നിട്ടുള്ളത് ഇവിടുത്തെ മുതലാളിമാരാണോ, തൊഴിലാളികളാണോ എന്നു മനസ്സിലാക്കാൻ കഴിയും. കേവലം രാഷ്ട്രീയമുതലെടുപ്പുകൾക്കുവേണ്ടി മാത്രം ഈ വക പ്രശ്നങ്ങൾ നോക്കുന്നതുകൊണ്ടു സ്ഥായിയായ പ്രയോജനമൊന്നും ഉണ്ടാകുകയില്ല. തൊഴിലാളികളും, തൊഴിലാളിനേതാക്കന്മാരും അവരെ നയിക്കുന്ന രാഷ്ട്രീയകക്ഷികളും, ഗവണ്മെൻറും, വ്യവസായഉടമകളും ഏകോപിച്ചു വ്യാവസായികരംഗത്ത് ഒരു ശാന്തിയും സമാധാനവും വരുത്തി, നമ്മുടെ വ്യവസായങ്ങൾ പുരോഗമിപ്പിക്കുന്നതിനു ശ്രമിക്കണമെന്നു മാത്രമേ എനിക്ക് ഈ അവസരത്തിൽ പറയാനുള്ളൂ. ഗവണ്മെൻറ് വ്യവസായസംബന്ധമായി പുരോഗമനാത്മകമായ ഒരു നയം അവലംബിക്കുമെന്നും, ഈ രാജ്യത്തെ വ്യവസായം കൂടുതൽ അഭിവൃദ്ധിപ്പെടുത്താൻ എല്ലാ കക്ഷികളും ശ്രമിക്കുമെന്നും വിശ്വസിച്ചുകൊണ്ട് ഇപ്പോൾതന്നെ ദീർഘിച്ചുപോയ എൻെറ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

Shri P. S. Nataraja Pillai : Sir, I think I will not be wrong if I take that it is the opinion held by all parts of this House, that for the economic progress of our State industrial revitalisation is important or indispensable, That proposition is accepted on all sides not only in this House but throughout India. If that

be so, Sir, when we discuss the budget for Industries we have only to examine what provision has been made to revive the industries. It is also generally held that by reviving small scale industries and cottage industries alone, we will achieve the result we all desire. Therefore, how far the provisions made in the budget will produce that result, is the only matter which requires our attention now. In that context, I fully agree with the view expressed by the previous speaker, that in the direction and control of industries there must be more of responsibility and more of decentralisation. The Chief Minister himself said the other day that decentralisation is one of the methods by which more administrative progress can be achieved in the State. Sir, in Travancore, we have major factory industries owned and sponsored by Government. Again we have cottage industries and we have a Cottage Industry Board to develop them. At the present moment we have also a Joint-Director in charge of the small scale industries. As far as the major industries owned by Government, there has been a lot of criticism in this House today. I do not say that all is well with Government owned Factories. Some of them are not run on economic lines. Some of them are run even at a loss; but certainly some of them do return profit. The reorganisation of these factory industries is a very important matter which has to be attended to immediately. Under the present set up the control of these Government--owned factory industries vests directly with the Government as such. There is no separate officer in charge of them to co-ordinate or to devote attention and to put up proposals for improved working before Government.

The Secretariat functions as the final clearing house of all the papers that come before it and is expected to lay down the general policy of Government. Therefore the Secretariat will not be in a position to exercise that vigilance and constant attention necessary for the day-to-day running of these Factories. As such, the management and control of State-owned major industries must be vested with or made the responsibility of a competent officer, who will control it in the real sense of the term. In addition to that I also think that Advisory Bodies should be constituted for these factory industries, composed of Government Officers, and one or two representatives of labour and the public and with the General Manager of the factory concerned as a Member or Convener to meet and advise at least once in a month. So, Sir, the first thing that I would place for the consideration of Government is that decentralisation must be attempted by vesting the powers of direction and control of the major industries in a competent Officer. In a way that Officer will have an additional responsibility. New factory industries have to be started and Government, I think, have not the agency to plan it or investigate it. Take the case of the Glucose Industry or Rubber industry. We have no special agency to enquire into the conditions, collect the materials, assess the

[Shri P. S. Nataraja Pillai.]

possibilities of these industries in the State and to apprise Government about them. That function will have to be done by the Officer, who will shoulder the responsibility of co-ordinating the working of the major industries of the State. Some years ago, the State had an Industrial Liasion Officer, who had collected materials and prepared schemes for a large number of major industries in the State. Somehow or other, that place was not thought necessary and it was abolished. Now, the whole responsibility of running the State-owned industries in the country and planning the establishment of new industries have come to the Secretariat and the Ministry. I have my grave doubts, whether within the four walls of the Secretariat, in addition to the multifarious duties which the Ministry and the Secretariat have to undertake, they will find sufficient time to bestow attention on the working for drawing up plans for starting of these factories and new industries.

I would like to draw attention to another aspect. When we talk of industrial development there is a commercial side too. I was expecting that at least in the present Budget provision for the establishment of a Commercial Branch of service will be included. We have no Commercial department to deal with matters connected with trade and commerce. It is an urgent necessity. Ever so many references from the Government of India and from other Governments and agencies and traders come before Government and we have not organised a branch which can efficiently give information on these topics.

Let us turn our attention to the small-scale Industries. At the present moment we have an officer in charge of the small-scale industries. If we look into the Budget, we find amounts have been provided for small scale industries both by way of grant and investment. But the way in which small-scale industries are sought to be helped is a matter for consideration. Small-scale industries generally envisages industries run with the aid of power or machinery, with lesser capital and employing a smaller number of men than major industries, that is to say, with a capital between one to two lakhs of rupees and employing between 100 to 200 persons. What industries of such type can be started is a matter of study, enquiry and decision. Having an Officer at the present moment, Government should direct that he should seriously consider and evolve a plan to establish one or two typical small-scale industries in the State during the course of this year itself. For example if attention is concentrated on the manufacture of finished products from timber or small consumer articles made of iron and if machinery could be designed and imported for the establishment of such factories, that will give a lead in the matter. Therefore a specific direction should be given to the Small-scale Industries Officer that he should investigate and put up proposals in the very near future to start one or two industries during the course of this year itself.

Then about Cottage industries. There are two important cottage industries, namely coir and handloom, which are being tackled by two separate bodies under separate Officers. The help of Government to them is available by way of grant and loans. How to revive the handloom industry is the question. If it is to depend upon the capital which the Co-operative Societies are able to collect and if loan is to be advanced in proportion to the capital they have, I have grave doubts as to how far we will be able to revive that industry. Budget provides as rebate 2 lakhs of rupees to be given on the sale of handloom cloth. To what extent will it help the industry? We must give adequate capital as loan to the weavers to engage themselves profitably in this work. For that purpose these loans must be based upon the work they are able to do and not their fixed assets. The present concept of the working of Co-operative Societies must be changed so that Government may advance the money necessary for working a particular number of looms under the Society. And the Officer in charge may be vested with the responsibility of seeing that he advances money on the basis of the production capacity of its members and see that the work is carried out and the capital invested in that way is drawn back over a sufficiently long period of 20 to 25 years. When we take loans from the Government of India of long duration, it is only fair on our part to advance these amounts to Societies and recover them over long periods. This aspect of the matter has to be taken into consideration and Government must revise the provisions of the Co-operative Act, if necessary or change the Departmental rules. In the same way the function of the Central Marketing Society is to purchase all the handloom products of associated handloom Co-operative Society weavers if they keep up to the standards specified by the Marketing Society. In Travancore-Cochin today we have two such Central Marketing Societies. As far as their financial position is concerned, if you examine their working, you will find they are short of funds to buy the products brought to them, even when the weavers produce goods of the standards specified. I do not mean to say Government have not done what it can under the circumstances. Government have already advanced them loans, which they are entitled to. stretching the existing rules to the farthest limit. The loans to which they are entitled under the existing rules have been already taken. Any further advance is not possible within the rules. What I would plead is that the rules must be changed. The time has come for it. Emphasis must be placed on production. Both the Marketing Societies have at the present moment Business Managers appointed by Government. They are Government servants, and the application of the funds given on loan can be expected to be controlled by them. So I would plead for a very generous advance to be made to them and to do so modify the rules as to enable Government to do so. Whether it should be done by amending the existing provisions of the Co-operative Act or the Departmental Rules and Regulations is a matter for the consideration of Government.

[Shri P. S. Nataraja Pillai]

Similarly in the field of coir too, unless very substantial amounts are advanced and invested in the purchase of husk for getting command over the soaked husk trade, prices and wages cannot be kept up. Practically the price structure and wage structure of the whole coir industry depends on the price of husk. Unless Co-operative societies are organised for the purchase of green husks and for soaking them, I do not think much could be done to improve the industry. That requires a lot of investment. To begin with some few lakhs of rupees must be made available to purchase green husks and soak them and to market them under price control. My idea is this. Suppose the Co-operative Societies are able to get at one-third of the green husks that come into the market and stock them, they will be substantially able to control the trade in soaked husks and price structure of that articles. So the amount that may be necessary or may be estimated to be necessary to purchase an adequate quantity of green husk that come into the market, must be made available with the Officer in charge of the Industry and he must be instructed to start Co-operative Societies in different Centres and advance adequate amounts to them on the basis of the purchase they make and to take the purchase itself as a security for the money advanced.

This will be something like hire purchase system on the other side or advance on produce. If the officer concerned is satisfied with the money spent on the purchase, it is up to him to see that the soaked husks are made available at reasonable rates to the people who rett the husk and spin the coir. So, this requires a substantial investment and that must be done by Government. What I mean by that is, necessary amounts must be provided by Government for disbursement as loans for this purpose. In other words, a change of conception must be effected as far as advancing of loans are concerned. This is the line of help I would advocate, to be adopted in the case of industries such as handloom and coir.

11 A M.]

In the case of minor industries or cottage industries, I have more than once expressed in this House that it is not a question of relieving unemployment in full but it is rather providing partial employment among our people that has to be considered. If you look at the last Census figures we will see that out of one hundred persons only 29 persons are self supporting. That is the figure published in the last Census Report and that more or less comes very near the All-India figure too. Of the remaining 71 persons, a few are partially dependent and the rest are fully dependent. Partial employment is the major problem before us. Supplementary employment is what we want. Herein comes the role of cottage industry. In this context the point I want to bring to the notice of the House is about the high percentage of partially dependent people of this industry. That leads to the high figure in unemployment. Therefore unless we are able to find a suitable avocation for those people who are partially dependent the economic future of the country cannot be improved.

At the presents moment unless that is done, the ills of our country cannot be cured. The Indian national movement brought in Charka as a supplementry source of income for the partially employed in the Indian Continent. In the same way we have to think practically for a scheme like that. Very often we hear of the Japanese method of industrial decentralisation to make the cottagers fully employed with their homes as centres of production. What we had already done in the line is a very little indeed. The Officer in charge of small scale industries should plan for the erection of one or two plants for small scale industry to produce consumer goods. He must try to design machinery using cheap power available in the country, to manufacture useful articles. If he is able to devise or design such machinery costing only small amounts, such machines can be ordered in bulk and distributed under the hire purchase system to people engaged in cottage industries. The finished product can be collected together and a market can be found for them. So the point I want to emphasise is, unless a decentralisation on these lines is brought into effect, no good future will come to that branch of industry. That is the direction in which we have to move in the future.

One other point, Sir. In this age of mechanisation we speak of wages for labour. The cost of living has gone high and we say the wage level also should rise to a corresponding degree. But what is the out-turn that we get with the help of the age old implements. Take for instance the case of a carpenter. With his age old implements he was using centuries and working for 8 hours a day, he is producing the same quantity he produced 50 years ago. But his wages have increased by four times during this period. That is the experience we have. The cost of production of a chair is four times of that four decades ago, because wages have increased to that extent; but the quantom of labour is the same. So if we want to raise production and the wage level in industries, we must improve the implement used by the artisan. Attention of Government has to be bestowed on this aspect of the matter. In the Smithy also primitive implements are being used. In spite of the advances in science and technology, our artisans are still using the age old implements. That has to be rectified by substituting modern implements. Then alone can the artisan class increase their productive capacity. As I said, if the carpenter and the blacksmith are equipped with modern implements on hire purchase system, he is bound to increase his production and thereby get better wages and the investment can be realised from him in very easy instalments. That is one of the ways in which we can approach the unemployment problem to solve it. These are matters which ought to engage the Industrial Department and for effectively doing that, there must be advice and direction at all its different levels. Now a responsibility rests with the Joint Director of small scale industries to plan on these lines. In the same way a similar responsibility is placed with the Joint Director for Handlooms for the improvement of that industry. He has to improve

[Shri P. S. Nataraja Pillai]

the looms and shuttles and see to the marketing process and to manufacture satandardised articles. Coir industry is a major one. The Special Officer concerned with it must be made responsible for rehabilitating that industry so as to give full benefit to the workers in the field. Over and above all these, there must be higher co-ordination for the factory industries and they may be grouped together for purposes of management under an officer who will be an expert adviser to Government as well. Government should not interfere or take upon itself the responsibility of administering the day to day affairs of the major factory industries. Administrative matters pertaining to a factory industry should be carried on by a manager of the factory concerned and the general control must be with an officer who will be able to plan to co-ordinate and give directions as to the future policy and development of major industries in the State. He must be an adviser who will advise on commercial and industrial matters as to the lines in which the development in our country should take. He will be the brain cell as it were for the industry concerned. He must be efficiently aided by a group of experts who can plan for the future. That is the kind of set up which I envisage for the management of the industries in the State. As far as budget provisions are concerned, amounts have been provided under almost all heads. Whether the receipts from the industries concerned will be greater from next year onwards, I do not venture to say now. At the same time I may say, receipts from the various industries are not very bad even now, as represented by my friends here. From the figures given on the receipt account, you can see that it is not so bad. I do not mean to say thereby that it is all well with the industries. The receipt is comparatively better last year. Whatever it be, the Government are getting certain returns. I have it. The main proposition I have to suggest is, more money should be made available by Government for disbursement as loans. That is the most important thing. I hope I will be excused when I reiterate the proposition namely when advancing loan to the cottage and small scale industries, a radically different approach is absolutely necessary, that is from fixed assets to productive capacity. With these words I resume my seat.

ശ്രീ. കെ. കരുണാകരൻ: സർ ഇവിടെ ബഡ്ജററിനെ ഒററിച്ചുള്ള പൊതു ചർച്ചയിലും ധനാഭ്യർത്ഥനകളെ ഒററിച്ചുള്ള വാദപ്രതിവാദങ്ങളിലും എല്ലാം പ്രധാനമായി ആക്ഷേപിക്കപ്പെട്ടിട്ടുള്ള ഒരു സംഗതി ഈ ബഡ്ജററ് തയ്യാറാക്കിയതിലും, ഈ ഗവണ്മെൻറിൻെറ പ്രവർത്തനങ്ങളും ഒരു സോഷ്യലിസ്റ്റ് പാററേൺ ആഫ് സൊസൈററി എന്നുള്ള കാൺഗ്രസ്സിൻെറ പ്രഖ്യാപിതലക്ഷ്യത്തെ വച്ചുകൊണ്ടല്ല എന്നുള്ളതാണ്. ഏതടിസ്ഥാനത്തിലാണ്, ഏതു പശ്ചാത്തലത്തിലാണ് കാൺഗ്രസ്സ് ഈ നയം പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വിസ്മരിച്ചുകൊണ്ടാണോ വിമർശനം നടത്തുന്നതെന്ന് ഞാൻ സംശയിക്കുന്നു. നമ്മുടെ രാഷ്ട്രത്തിൻെറ പുരോഗതിക്കാവശ്യമായി സ്വീകരിച്ചിട്ടുള്ള ആദ്യത്തെ പഞ്ചവത്സരപദ്ധതി ജലസേചനപദ്ധതികൾക്കും, വൈദ്യുതീകരണത്തിനും മുൻഗണ നകൊടുത്തിട്ടുള്ളതാണ് എല്ലാവരും സമ്മതിക്കും. ആ കാര്യം സാധിച്ചുകഴിഞ്ഞതാണ് പിന്നെ ഈ

രാജ്യത്തെ തുറിച്ചു നോക്കിക്കൊണ്ടിരിക്കുന്ന ഒരതിപ്രധാന പ്രശ്നമായ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വ്യവസായീകരണത്തെപ്പററി ചിന്തിക്കുന്ന രണ്ടാം പഞ്ചവത്സരപദ്ധതിയുടെ കാലഘട്ടത്തിലാണ് നമ്മുടെ സാമ്പത്തിക നയം എന്താണെന്ന് വ്യക്തമാക്കിക്കൊണ്ട് കാൺഗ്രസ്സ് പ്രഖ്യാപനം ചെയ്തിട്ടുള്ളതെന്ന് കാണാൻ യാതൊരു വിഷമവും ഇല്ല. ആ പ്രഖ്യാപനം പ്രായോഗികമാകുന്നതു് അടുത്ത ബഡ്ജററവർഷം മുതല്ക്കാണ്. അപ്പോൾ ഈ വർഷത്തിൽ സോഷ്യലിസ്റ്റ് പാററേണല്ല എന്ന് ആളുകളുടെ ഇടയിൽ ആശയക്കുഴപ്പം ഉണ്ടാക്കുന്നതിനുവേണ്ടിയാണ് ഇത്തരം വിമർശനങ്ങൾ നടത്തുന്നതെന്നു ഞാൻ പറയുമ്പോൾ മററുള്ളവർ ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു.

ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഇൻഡസ്ട്രീസ് ഡിമാൻറിനെക്കുറിച്ചുള്ള ചർച്ചയിൽ പ്രധാനമായി എനിക്കു പറയുവാനുള്ളതു് ഇന്നത്തെ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനങ്ങളേയും വ്യവസായനയത്തേയും സംബന്ധിച്ചുള്ള ചിലന്യൂനതകളാണ്. മിനിഞ്ഞാന്ന് അപ്രോപ്രിയേഷൻബില്ലിനെക്കുറിച്ചുള്ള ചർച്ചാവേളയിൽ ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇന്നു വ്യവസായഡിപ്പാർട്ടുമെൻറും വ്യവസായവും തമ്മിലുള്ള ബന്ധം കടലും കടലാടിയും തമ്മിലുള്ള ബന്ധംപോലയേ ഉള്ളൂ. വ്യവസായസ്ഥാപനങ്ങളെ ഉപദേശിക്കുന്നതിനോ, നിയന്ത്രിക്കുന്നതിനോ വ്യവസായഡിപ്പാർട്ടുമെൻറിന് ഇന്ന് അധികാരമില്ല. സർക്കാർ സ്ഥാപനങ്ങളെ ഒഴിച്ചുനിറുത്തിക്കൊണ്ടാണ് ഞാൻ ഇതു പറയുന്നതു്. നമ്മുടെ സംസ്ഥാനത്തുള്ള വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം അവയുടെ നടത്തിപ്പിനുവേണ്ടി പല നിയമനിർമ്മാണങ്ങളും നടത്തേണ്ടതായിട്ടുണ്ട്. ഇൻഡസ്ട്രീസ്സ്കൂളുകളുടെ കാര്യത്തിലാണെങ്കിൽ അവയുടെ പ്രവർത്തനരീതി തന്നെ വ്യവസായത്തെ സംബന്ധിച്ചിടത്തോളം ഉള്ള പഠനത്തിനും വ്യവസായീകരണത്തിന് ആവശ്യമായിട്ടുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനും സഹായകമായ ഒരു രീതിയല്ലെന്നാണ് എൻെറ അഭിപ്രായം. അതുപോലെതന്നെ സംസ്ഥാനത്തുള്ള കമ്മേഴ്സ്യൽസ്കൂളുകളിൽ നിയമിക്കപ്പെടുന്ന അദ്ധ്യാപകന്മാരെ സംബന്ധിച്ചാണെങ്കിൽ സീനിയാറിട്ടിയുടേയോ, അല്ലെങ്കിൽ ശമ്പളക്കൂടുതലിൻെറയോ, മാനദണ്ഡത്തിലായിരിക്കും നിയമനം നടത്തുന്നതു്. അതായതു് ഒരു ആർട്ട്സ്കൂളിൻെറ തലവനായി ഒരു ടെക്സ്റ്റയിൽ വിദഗ്ദ്ധനെയായിരിക്കും നിയമിക്കുന്നതു്. ടെക്സ്റ്റയിൽ ഇൻസ്റ്റിട്യൂട്ടിൽ നിയമിക്കുന്നതു ഒരു ചിത്രകലാവിദഗ്ദ്ധനേയുംആയിരിക്കും. ഇങ്ങനെ നിയമനത്തിലുണ്ടാകുന്നവൈരുദ്ധ്യം മൂലം പ്രസ്തുത സ്ഥാപനങ്ങൾക്ക് പുരോഗമനമല്ലാതുണ്ടാകുന്നതു്, അതിനുപകരം അധോഗതിയിലേക്കാണ് പോകുന്നതു്. ഓരോവകുപ്പിനും വിദഗ്ദ്ധജ്ഞാനമുള്ള വ്യക്തികളെനിയമിച്ച് അവരെ പ്രോത്സാഹിപ്പിച്ചിരുന്നുവെങ്കിൽ നമ്മുടെ പ്രതീക്ഷയിൽക്കവിഞ്ഞ നന്മകളാണുണ്ടാകുന്നതു്. വ്യവസായഡിപ്പാർട്ടുമെൻറിന്, നമ്മുടെ രാജ്യം എപ്രകാരം വ്യാവസായികമായി അഭിവൃദ്ധിപ്പെടണം എന്നുള്ളതിലേയ്ക്ക് ഇതുവരെ യാതൊന്നും സംഭാവനചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇൻഡസ്ട്രിയൽ ഡയറക്ടർ എന്ന പേരു കേൾക്കുമ്പോൾ തന്നെ ഗവണ്മെൻറു നടത്തുന്ന വ്യവസായസ്ഥാപനങ്ങളിലെ മേലുദ്യോഗസ്ഥൻ എന്നാണ് ജനങ്ങൾ മനസ്സിലാക്കുന്നതു്. ഡയറക്ടർക്ക് വളരെ അധികം കമ്മിററികളിൽ പങ്കെടുക്കാൻ ഉള്ളതുകൊണ്ട് വ്യവസായം

[ശ്രീ. കെ. കരുണാകരൻ]

സംബന്ധിച്ച് പുരോഗമനപരമായ യാതൊരു പരിപാടിയും കൊണ്ടുവരാനുള്ള സമയം ഇല്ലെന്നാണ് തോന്നുന്നത്. ഒരു ബോർഡിൽ അദ്ദേഹം അറ്റൻഡുചെയ്തിട്ട് തിരിയെവരുമ്പോൾ മറ്റൊരു ബോർഡിന്റെ സന്നിഹിതനാകേണ്ടതായിവന്നുചേരുന്നു. ഇങ്ങനെ എപ്പോഴും ഓരോകമ്മിററിയിലോ, ബോർഡിലോ പോകേണ്ടതായിട്ടാണിരിക്കുന്നത്.

മറ്റൊരുകാര്യം, നമ്മുടെരാജ്യം വ്യാവസായികമായി ഏതുതരത്തിൽ മുന്നോട്ടുകൊണ്ടുപോകാം എന്നുള്ളതിലേയ്ക്ക് ഈ ഡിപ്പാർട്ടുമെന്റ് ഒന്നും ചെയ്തിട്ടില്ല. നമുക്ക് ധാരാളം അസംസ്കൃതസാധനങ്ങൾ ഉണ്ട്. ആ സാധനങ്ങൾ എങ്ങനെയെല്ലാം ഉപയോഗപ്പെടുത്താമെന്നും അവയിൽ നിന്നും എത്രത്തോളം ആദായംകിട്ടുമെന്നും മററും അറിയുന്നതിന് യാതൊരു പരീക്ഷണവും നടത്തുന്നതിനുവേണ്ടി മുൻകൈ എടുത്തു പ്രവർത്തിക്കുന്നില്ല. സ്വകാര്യവ്യവസായികളുടെ കാര്യമാണെങ്കിൽ അവർ വ്യവസായങ്ങൾക്ക് കൂടുതൽ മുതൽ മുടക്കാത്തതു് തൊഴിൽപരമായി രാജ്യത്തെ കുഴപ്പംകൊണ്ടാണെന്നാണ് പറയുന്നത്. അതു മുഴുവൻ ശരിയാണെന്ന് എനിക്കഭിപ്രായമില്ല. രാജ്യത്തുള്ള മുതലാളിമാരും, തൊഴിലാളികളും ആത്മാർത്ഥമായി സഹകരിച്ചു പ്രവർത്തിക്കാമെങ്കിൽ നമ്മുടെ രാജ്യത്തുള്ള അസംസ്കൃതസാധനങ്ങളെക്കൊണ്ട് നല്ലനല്ല വ്യവസായങ്ങൾ നടത്താനുള്ള സാദ്ധ്യതയുണ്ടാകുമെന്നുള്ളതിനു തർക്കമില്ല. ഇൻഡ്യയിൽ ആകെ ഉണ്ടാകുന്ന റബ്ബറിന്റെ 82ശതമാനം നമ്മുടെ സംസ്ഥാനത്താണ് ഉണ്ടാകുന്നത്. പക്ഷെ സുശക്തമായ ഒരു വ്യവസായനയം നമുക്കില്ലാത്തതുകൊണ്ട് മുഴുവൻ റബ്ബറും കയററുമതിചെയ്തുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ കൃഷിയെ സംബന്ധിച്ചിടത്തോളം അവയിൽനിന്നും കിട്ടുന്ന സ്റ്റാർച്ചുകൊണ്ട് പലസാധനങ്ങളും ഉണ്ടാക്കാമെന്നുണ്ടെങ്കിലും അവയും കയററുമതി ചെയ്തുകൊണ്ടിരിക്കുകയാണ്. ഇങ്ങനെ നോക്കുകയാണെങ്കിൽ, നമ്മുടെ രാജ്യത്തുതന്നെ ഉണ്ടാകുന്ന സാധനങ്ങൾ ഉപയോഗിച്ച് നമ്മുടെ രാജ്യത്തുതന്നെ പലതരത്തിലുള്ള വ്യവസായങ്ങൾ നടത്തുന്നതിനുള്ള പരിസരം ഉണ്ടായിരിക്കെ അവയെല്ലാം അവഗണിച്ചുകൊണ്ട് മുമ്പോട്ടുപോകുന്നഒരു രീതിയാണ് കാണുന്നത്. സർ, തൊഴിലാളികൾ വ്യവസായത്തെ സംബന്ധിച്ചിടത്തോളം സഹായിക്കാനും, സഹകരിക്കാനും മുന്നോട്ടുവരുമെന്ന് എനിക്ക് ഉറപ്പുപറയാൻ കഴിയും. ഷെയർ എടുക്കാൻപോലും അവർ സന്നദ്ധരാണ്. പക്ഷെ, പെട്ടെന്ന് ഒരു ഷെയർ ക്യാപ്പിററൽ ഉണ്ടാക്കുന്ന കാര്യത്തിൽ അവർക്ക് ശക്തിയില്ല. അവരെ സഹായിക്കണം. എങ്ങനെയ്യാൽ പല വ്യവസായങ്ങൾക്കും ഫൈനാൻസ് കോർപ്പറേഷനിൽ നിന്നോ സ്റ്റേററ് എയിഡഡ് ഇൻഡസ്ട്രീസ് ബോർഡിൽനിന്നോ വ്യവസായികൾക്ക് സഹായധനം നൽകുന്നതുപോലെ തൊഴിലാളികൾക്കും സഹായധനം കൊടുക്കേണ്ടതാണ്. പക്ഷെ, വ്യവസായികൾക്ക് കൊടുക്കുന്നഅടിസ്ഥാനത്തിലല്ല ഇവർക്ക് കൊടുക്കേണ്ടതു്. തൊഴിലാളികൾക്ക് സഹായധനം കൊടുക്കുന്നതു് തൊഴിലാളികളുടെ അദ്ധ്വാനശക്തിയെ മൂലധനമാക്കികൊടുക്കുകയും, ശമ്പളത്തിൽനിന്നോ ബോണസ്സ് തുടങ്ങിയ മററു ആനുകൂല്യങ്ങളിൽനിന്നോ പിരിച്ചെടുക്കാവുന്നതോതിൽ കൊടുക്കാൻ തയ്യാറാണെങ്കിൽ തൊഴിലാളികൾ ഷെയറുകൾ എടുക്കാനും തയ്യാറാണ്. ഗവണ്മെന്റ് ഏറെറടുത്തു നടത്തുന്നവ്യവസായസ്ഥാപനങ്ങൾ ആയിരുന്നാലും ഞാൻ മുമ്പുപറഞ്ഞ അടിസ്ഥാനത്തിൽ തൊഴിലാളികൾ സഹകരിക്കാൻ മുമ്പോട്ടുവരും. വ്യവസായം കാര്യക്ഷമമായിനടത്താനും പ്രതീക്ഷയിൽക്കവിഞ്ഞുള്ള ആദായം ഉണ്ടാക്കാനും ഇതു സഹായകമാകും.

ശ്രീ. ടി. വി. തോമസ്: ഇന്നത്തെ വ്യവസ്ഥയിൽ തൊഴിലാളികൾ വ്യവസായശാലകൾ നടത്തിയാൽ വൻകിടമുതലാളിമാരുടെ കാമ്പെററിഷനെ എതിരിടാൻതക്ക കഴിവുണ്ടാകുമോ ?

ശ്രീ. കെ. കരുണാകരൻ: ഗവണ്മെൻറിന്റെ സഹായം ഉണ്ടെങ്കിൽ അതു സാധിക്കും. അതായതു്, മാനേജ്മെൻറ് കാര്യക്ഷമമായി ഇരുന്നാൽ എതിരിടാൻ സാധിക്കുമെന്നാണ് എന്റെ അഭിപ്രായം. ഏതു വ്യവസായമായിരുന്നാലും അതിന്റെ അഭിവൃദ്ധി അവയ്ക്കുള്ള തൊഴിലാളികളുടെയും മാനേജ്മെൻറിന്റെയും ആത്മാർത്ഥമായ പ്രവർത്തനത്തെ ആശ്രയിച്ചാണിരിക്കുന്നതു്. ഉദാഹരണമായി സീതാറാം മില്ലിന്റെ കാര്യം നോക്കാം. സർ, സീതാറാംമിൽ കടബാദ്ധ്യത നിമിത്തം പൂട്ടിയിടുകയുണ്ടായി. പൂട്ടിയിട്ട ആ ഒരു കൊല്ലത്തിൽ ഏഴു ലക്ഷത്തിൽ ചിലപ്പോൾ രൂപയാണ് നഷ്ടമുണ്ടായിരുന്നതു്. തന്മൂലം ജോലിക്കാർക്കു ജോലിയും ഇല്ലാതായിത്തീർന്നു. ഈ കാര്യം ഗവണ്മെൻറിന്റെ ഗാഢമായ ശ്രദ്ധയിൽപ്പെട്ടതിന്റെ ഫലമായി ഗവണ്മെൻറ് ആ മില്ല് ഏറ്റെടുത്തു നടത്താൻ മുന്നോട്ടുവന്നു. അതിൻപ്രകാരം ഒരു സമർത്ഥനായ ഉദ്യോഗസ്ഥനെ നിയമിക്കുകയുണ്ടായി. യഥാർത്ഥത്തിൽ അദ്ദേഹം നല്ല കഴിവുള്ള ഒരു വ്യക്തിയായിരുന്നതുകൊണ്ടു് തൊഴിലാളികളുടെ സഹകരണം അദ്ദേഹത്തിനു ലഭിച്ചു. അങ്ങനെ മിൽ വളരെ ഭംഗിയായി കാര്യക്ഷമമായി പ്രവർത്തനം തുടങ്ങി. കുറെ കഴിഞ്ഞപ്പോൾ പ്രതിവർഷം ഏഴു ലക്ഷം രൂപ നഷ്ടമുണ്ടായ സ്ഥാനത്തു് ചുരുങ്ങിയ തോതിൽ ലാഭമുണ്ടാക്കാൻ സാധിച്ചു. എന്തുകൊണ്ടെന്നാൽ തൊഴിലാളികളുടെ സഹകരണമാണ് പരാജയത്തിൽനിന്നും വിജയത്തിലേക്ക് വലിച്ചതു്. സർ, എന്നാൽ അവിടെ നിന്നും നമുക്കു ഒരു പടികൂടി മുന്നോട്ടു കടക്കാം. അതായതു്, വ്യവസായസ്ഥാപനങ്ങളുടെ മാനേജ്മെൻറുകളിത്തതന്നെ തൊഴിലാളികൾക്കു പങ്കാളിത്തം കൊടുക്കുക. അങ്ങനെയാണെങ്കിൽ മുൻപു പറഞ്ഞതിനെക്കാൾ വളരെ വളരെ ലാഭകരമായ പ്രവർത്തനമായിരിക്കും ഉണ്ടാകുന്നതു്. ഇന്നു സീതാറാം മിൽ ഒരു കോടതിയുടെ ജഡ്ജിമെൻറിനു വിധേയമായി വിൽക്കാൻ പോകുകയാണ്. ഗവണ്മെൻറ് പത്തു ലക്ഷം രൂപ പ്രവർത്തനമൂലധനം കൊടുത്തു നടത്തുന്ന ഈ മിൽ ലേലത്തിൽ വിൽക്കാൻ പോകുകയാണ്. 36 ലക്ഷം രൂപ കിട്ടാനുണ്ടെന്നു കടക്കാരും, 30 ലക്ഷത്തോളം രൂപ കിട്ടാനുണ്ടെന്നു തൊഴിലാളികളും അന്യായപ്പെട്ടിരിക്കുകയാണ്. യഥാർത്ഥത്തി 36 ലക്ഷം രൂപ കടക്കാർക്ക് കിട്ടാനുള്ളതല്ലെന്നും അവർ തൊഴിലാളികളെയും, രാജ്യത്തെയും വഞ്ചിക്കുന്നതിനുവേണ്ടി ചെയ്തിട്ടുള്ള ഒരു അടവാണെന്നും, ഞാൻ തന്നെ പലപ്പോഴും പരാതിപ്പെട്ടിട്ടുള്ളതാണ്.

Shri Panampilli Govinda Menon: One of the questions before the Court is whether these debts are true or not and I wish to remind you, Sir, that any discussion on that may kindly be curtailed.

ശ്രീ. കെ. കരുണാകരൻ: സർ, അതിന്റെ മെരിട്ടിനെക്കുറിച്ചല്ലാം ഞാൻ പറയുന്നതു്. സീതാറാം മിൽ ലേലത്തിൽ വിൽക്കാൻ പോകുകയാണ്. ഒരു കാരണവശാലും അങ്ങനെയൊരു സംഭവം ഉണ്ടാകാൻ പാടില്ലെന്നാണ് എന്റെ അപേക്ഷ. സർക്കാരിന്റെ നിയന്ത്രണത്തിൽ നിന്നും വിട്ടുപോകാതെ സർക്കാർതന്നെ ഏറ്റെടുത്തു നടത്തുകയാണെങ്കിൽ,

[ശ്രീ. കെ. കരുണാകരൻ]

ഇന്നു ഉണ്ടായിട്ടുള്ള പുരോഗതിയെക്കാൾ കൂടുതൽ പുരോഗതി ഉണ്ടാകുന്നതിനുള്ള സാദ്ധ്യതകൾ ഉണ്ടെന്നു തെളിഞ്ഞു കഴിഞ്ഞിരിക്കുന്ന സ്ഥിതിയ്ക്കു് ഗവണ്മെൻറ് അവഗാഢമായി ചിന്തിച്ചു് വേണ്ടനടപടികൾ സ്വീകരിക്കണമെന്നാണു് ഞാൻ പറയുന്നതു്.

ശ്രീമതി കെ. ആർ. ഗൗരി: ഈ വ്യവസായശാലയിൽ മുതലാളികളുടെ മൂലധനമുടക്കു് എന്തുമാത്രം ഉണ്ടെന്നു പറയാമോ?

ശ്രീ. കെ. കരുണാകരൻ: കോടതിയിൽ കിടക്കുന്ന ഒരു കേസ്സാണു്, മില്ലിലെ ഷെയർ ക്യാപ്പിറ്റലിനെ സംബന്ധിച്ചിടത്തോളവും നിശ്ചിതമായ ഒരു കണക്കു പറയാൻ നിവൃത്തിയില്ല. ഏതായാലും ഈ അവസരത്തിൽ ഗവണ്മെൻറ് അലസമനോഭാവം പ്രകടിപ്പിക്കാതിരുന്നാൽ തീർച്ചയായും ഗവണ്മെൻറിന്റെ പിന്നിൽ തൊഴിലാളികളുടെ പരിപൂർണ്ണമായ സഹകരണം ഉണ്ടായിരിക്കുന്നതാണു്.

ശ്രീമതി കെ. ആർ. ഗൗരി: ഇപ്പോൾ ഉള്ള കടത്തിനെക്കാൾ കൂടുതൽ മൂലധനം മുടക്കുണ്ടോ?

ശ്രീ. കെ. കരുണാകരൻ: കടം നിശ്ചിതമായി തീരുമാനിക്കാതെ കടത്തേക്കാൾ മൂലധനം ഉണ്ടോ എന്നു് എങ്ങനെ പറയാനാണു്!

ശ്രീമതി കെ. ആർ. ഗൗരി: കടത്തിനെ സംബന്ധിച്ചു ഏകദേശ തീരുമാനം ചെയ്തു കഴിഞ്ഞ സ്ഥിതിക്കു് പറയാമല്ലോ?

ശ്രീ. കെ. കരുണാകരൻ: കടത്തിനെക്കാൾ കൂടുതൽ മൂലധന മുടക്കു ഇല്ലെന്നാണു് തോന്നുന്നതു്.

സർ, ഈ സ്ഥാപനം ഗവണ്മെൻറ് ഏറ്റെടുക്കുന്നതിനോടൊപ്പം തന്നെ സംസ്ഥാനത്തു നേരിട്ടിരിക്കുന്ന തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനുവേണ്ടി പൂട്ടിയിട്ടിരിക്കുന്ന വ്യവസായശാലകൾകൂടി ഗവണ്മെൻറിന്റെ നിയന്ത്രണത്തിൽ നടത്തുന്നതായാൽ ആണ്ടിനാൽ വലിയൊരു വരുമാനമായിരിക്കും കിട്ടുന്നതു്. നമ്മുടെ സംസ്ഥാനത്തു ഓട്ടു ഫാക്ടറികൾ, കശുഅണ്ടി ഫാക്ടറികൾതുടങ്ങി പലതും പ്രവർത്തനമാന്ദ്യമായിരിക്കുകയാണു്. നിലവിലുള്ള ഫാക്ടറി ഉടമകൾ കാര്യക്ഷമമായി പ്രവർത്തിക്കാൻ മുന്നോട്ടു വരുന്നില്ലെങ്കിൽ പ്രവർത്തനരഹിതമായി കിക്കുന്ന എല്ലാ ഫാക്ടറികളും ഗവണ്മെൻറ് നേരിട്ടു നടത്താൻ സുധീരമായ ഒരു നടപടി കൈക്കൊള്ളേണ്ടതാണു്.

ശ്രീ. ടി. വി. തോമസ്: പൂട്ടിയിട്ടിരിക്കുന്ന വ്യവസായശാലകൾ ഗവണ്മെൻറ് ഏറ്റെടുക്കുമ്പോൾ ഇൻഫ്ളേറ്റഡ് ഫിഗറുകാരനു് നഷ്ടം ഉണ്ടാകാത്തവിധത്തിൽ എന്തു നിർദ്ദേശമാണുള്ളതു്?

ശ്രീ. കെ. കരുണാകരൻ: നമുക്കു പരിശോധിക്കാം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവണ്മെൻറ് ഈ കമ്പനി ഏറ്റെടുക്കുകയാണെങ്കിൽ കടവും ആയി ഗവണ്മെൻറിനു യാതൊരു ബന്ധവും ഉണ്ടായിരിക്കയില്ല. എന്തുകൊണ്ടെന്നാൽ കോടതിയിൽ ലിക്വിഡേഷൻ പ്രൊസീഡിംഗ്സ് നടക്കുകയാണു്. അതനുസരിച്ചു് കമ്പനി എന്തു വിലയ്ക്കു് എടുക്കുന്നോ ആ സംഖ്യ മാത്രമേ ഓഹരിക്കാർക്കു് വീതിച്ചു കൊടുക്കാൻ കോടതിക്കു സാധിക്കുകയുള്ളു. ആ സ്ഥിതിയ്ക്കു് കമ്പനിയുടെ കടം ഗവണ്മെൻറിനെ ബാധിക്കുകയില്ല

ശ്രീ. കെ. കരുണാകരൻ: സർ, അതുകൊണ്ടു് ഈവക കാര്യങ്ങളിൽ ഗവണ്മെൻറിൻെറ സ്വഭാവശ്രദ്ധ പതിയണമെന്നു് അപേക്ഷിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

Shri K. Balakrishnan : I support the cut motion moved by Dr. Sukumaran. In supporting that motion, in tune with the general tone of discussion today, I would also like to concentrate my talks on the industrial policy of the State. Sir, the discussion here was mainly concentrated on Government-owned industries and industries in which Government have interest. I would also like to discuss, in general, certain aspects of the State-owned industries and industries run by Joint Stock Companies in which the State has got vital interests.

Sir, the industrial history of this State is not a long one. In fact, we seriously began thinking about industrialisation only after the last war. Governments were not taking active interest in the industrialisation of the country and so India as a whole is far behind the other nations of the world in the matter of industrialisation, and figures go to show that Travancore-Cochin is still far behind. Sir, I would, in this connection, request the hon. Minister in-charge of Industries to look up a book of Sir M. Visweswarayya—"Prosperity through Industry"—which deals at length with the industrial possibilities of this country. As at present, we have about 6 concerns owned by the State and nearly 30 concerns in which the Government have got interest; concerns which are managed by Joint Stock Companies. On a perusal, it is found that the Government interest in industries managed by Joint Stock Companies varies from 7 to 63 per cent. Of these industries in which the Government have got interest, very few are located in Cochin. Perhaps, the only State-owned industry in former Cochin area is the Stoneware Factory in Chalakkudy which I learn is out of order now. It appears that the Cochin Government was mostly concerned with the development of the Cochin Port area and the Cochin Government does not seem to have pursued the policy of industrialisation as activity as the then Travancore Government.

Sir, as we attempt to examine the industrial position of this State, we will have to admit that the Governments that have come and gone did not have an industrial policy. Here, I do not want to stoop down to petty attacks or small games on political crossing. It is a known fact that we never had an industrial policy for this State. When Sir C. P. Ramaswamy Iyer was the Diwan of the State, the first push towards industrialisation of the State was ushered in by him. There were many reasons why Sir Ramaswamy Iyer thought of industrialisation. Definitely, he might have had the interest of the country at heart. But more than that, we had certain power projects that were getting completed. Electricity was going to be generated in comparatively large quantities and there were no industries that could consume the electricity thus produced. Government therefore had to find out ways and means to utilise the power

[Shri K. Balakrishnan]

generated. The Government had to take the initiative in this attempt at industrialisation. When the Government took the initiative, the capital which was otherwise shy of investment here, began flowing into the State. Sir, at that time, there was a struggle for independence going on in the State and there was a feeling that some of these industrial concerns have been started with certain political motives. Not being able to probe into the details of these industrial concerns, the then President of the Travancore State Congress, made an announcement that the then Government were making certain commitments with certain companies outside the State and that when a people's Government came into being it might fall upon that Government to examine the activities of Government in these new industrial enterprises. Sir, that announcement of the leader of the major political organisation that was likely to come into power, did have its effect in the industrial world of India. The industrialists who had invested money, were expecting that when people's representatives came into the administration, the administration might go into details of these industries, or at least would find out the defects, would try to rectify them and would revolutionise perhaps the whole attitude of Government towards industries in the State. Sir, time and again, ever since the people's representatives took up the reins of administration, there had been severe criticism in the legislature about the chronic state of destitution in which our industries stand. Member after member wanted the Government to constitute a Committee to go into the details of these industrial organisations, find out the defects and place before this Legislature a White Paper; and if the matter is to be discussed in confidence, to place the matter before a Session of this Legislature in camera. I do not know whether it is callous indifference or lack of understanding that prevented Government from seriously considering those suggestions made on the floor of this House. It was not a suggestion made by the Opposition alone. That suggestion was made even by members representing the party in power.

Sir, I took some pains to go into the details of the State-owned industries and industries run by Joint Stock Companies in which the Government have vital financial interests. As my friend, Dr. Sukumaran, remarked here, it was not easy to get into details especially of the State-owned industries. Sir, we have made a considerable investment on industries, though it is not very huge in view of the momentous developments taking place here and elsewhere in India. the Government, the party that keeps them in power, and the Opposition, have no right not to be seriously concerned with the affairs of our industries. I place before this Government these aspects of the State-owned and State-controlled industries from facts collected at random which I do not claim to be absolutely true; and when I build up my case on the basis of the data before me if I present before the House and before the Treasury Benches data that stand to correction, I shall always be prepared to correct myself.

Sir, as I said at the outset, we have six concerns directly owned by Government. My friends who were discussing cut motions on industries here have already discussed at length certain aspects of the management of these concerns owned by Government. Much of my task has thus been divided and taken up by members belonging to this section of the House and that section of the House as well.

Sir, a survey reveals that on the whole, the industrial concerns of the State absorb a total labour force in the near-abouts of one lakh of men. Of these, Government-owned industries alone absorb about 10,000 people. It is a very sorrowful figure in the light of the appalling state of unemployment in our State. We have abundant natural resources, man-power and exceptional facilities for power generation. We ought to be ashamed to note that the State has been able to provide only for 10,000 people through industries owned by the State. Sir, of the one lakh of people absorbed by industries of the State, it appears the cashew industry provides for about 40,000, the coir industry provides for about 16,000 and the plantation industry for about 6,000 people. I am speaking on the basis of figures I have collected from a report that has been published by a very eminent industrialist who came for a survey of the industrial affairs of this State. Sir, a perusal of these figures reveals that the number of workmen absorbed by organised industries where heavy machinery is required is very, very small. Of the State-owned industries, the Ceramic Factory at Kundara, and the Plywood Factory at Punalur came in for discussion and criticism here. I shall also try to go through some of the things I have been able to collect regarding the working of these concerns.

My friend Dr. Sukumaran was wondering what would be the extent of the commitment that the State has in the Kundara Ceramic Factory. As far as I have been able to collect, the State investment as it stands today is in the region of Rs. 40-45 lakhs. The original investment was about Rs. 13 lakhs and later, for improvement in machinery another Rs. 30 lakhs appears to have been expended. This Ceramic Factory absorbs on the whole about 512 workers a day. I do not know whether I am giving correct figures—I repeat I stand subject to correction. It has been suggested here that this Ceramic Factory has at no stage in the history of its production made any profits. Is it not correct, Sir ?

In the years 1946-47 and 1947-48, the Ceramic Factory at Kundara was making profits, but proper accounts were not being kept by that Factory at that time. A real profit and loss account was prepared by them only in 1951, and if my information is correct, there is no profit and loss account prepared after 1951. Sir, this is an Industrial Concern in which the Government have directly invested an amount to the tune of 45 lakhs of rupees, absorbed from the revenues of this State. The factory naturally belongs to the people of this country. I learn that the opinions of certain expert men sent by the Government of India

[Shri K. Balakrishnan]

